# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2024 ജൂൺ 21, വെള്ളി

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 194 –നമ്പർ 6

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

2024 ജൂൺ 21, വെള്ളി

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണകുമാർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. കെ. ബി. ഗണേഷ് കുമാർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. ബി. രാജേഷ് |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| തുറമുഖ-സഹകരണ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

## വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

**ശ്രീ. പിണറായി വിജയൻ: മുഖ്യമന്ത്രി**

പൊതുഭരണം

അഖിലേന്ത്യാ സർവ്വീസുകൾ

ആസൂത്രണവും സാമ്പത്തിക കാര്യവും

ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരിസ്ഥിതി

മലിനീകരണ നിയന്ത്രണം

സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ

പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ്

തെരഞ്ഞെടുപ്പ്

ഇന്റഗ്രേഷൻ

ഇൻഫർമേഷൻ ടെക്നോളജി

സൈനികക്ഷേമം

ദുരന്തനിവാരണം

ദുരിതാശ്വാസം

സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി

എയർപോർട്ട്സ്

മെട്രോ റെയിൽ

അന്തർസംസ്ഥാന നദീജലം

കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ

കേരള സ്റ്റേറ്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്

നോർക്ക

ആഭ്യന്തരം

വിജിലൻസ്

അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആന്റ് ക്രിമിനൽ ജസ്റ്റിസ്

അഗ്നിശമനം

ജയിലുകൾ

അച്ചടിയും സ്റ്റേഷനറിയും

നയപരമായി പ്രധാനപ്പെട്ട എല്ലാ വിഷയങ്ങളും

മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

**ശ്രീ. വി. അബ്ദുറഹിമാൻ: ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി**

ന്യൂനപക്ഷക്ഷേമം

കായികം

വഖഫും ഹജ്ജ് തീർത്ഥാടനവും

കമ്പിത്തപാൽ

റെയിൽവേ

**ശ്രീ. ജി. ആർ. അനിൽ: ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി**

ഭക്ഷ്യവും സിവിൽ സപ്ലൈസും

ഉപഭോക്തൃകാര്യം

ലീഗൽ മെട്രോളജി

**ശ്രീ. കെ. എൻ. ബാലഗോപാൽ: ധനകാര്യ വകുപ്പുമന്ത്രി**

ധനകാര്യം

നാഷണൽ സേവിംഗ്സ്

സ്റ്റോർ പർച്ചേസ്

വാണിജ്യനികുതി

കാർഷികാദായ നികുതി

ട്രഷറികൾ

ലോട്ടറി

സ്റ്റേറ്റ് ഓഡിറ്റ്

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

സ്റ്റേറ്റ് ഇൻഷ്വറൻസ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

സ്റ്റാമ്പ് ആന്റ് സ്റ്റാമ്പ് ഡ്യൂട്ടി

**ഡോ. ആർ. ബിന്ദു: ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി**

കോളേജ് വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസം

സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ, ഡിജിറ്റൽ

സർവ്വകലാശാലകൾ ഒഴികെ)

പ്രവേശന പരീക്ഷകൾ

എൻ.സി.സി.

അസാപ് (ASAP)

സാമൂഹ്യനീതി

**ശ്രീമതി ജെ. ചിഞ്ചുറാണി: മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി**

മൃഗസംരക്ഷണം

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

മൃഗശാലകൾ

വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല

**ശ്രീ. കെ. ബി. ഗണേഷ് കുമാർ: ഗതാഗത വകുപ്പുമന്ത്രി**

റോഡ് ഗതാഗതം

മോട്ടോർ വാഹനങ്ങൾ

ജലഗതാഗതം

**ശ്രീ. കെ. കൃഷ്ണൻകുട്ടി: വൈദ്യുതി വകുപ്പുമന്ത്രി**

വിദ്യുച്ഛക്തി

അനെർട്ട്

**ശ്രീ. പി. എ. മുഹമ്മദ് റിയാസ്: പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി**

പൊതുമരാമത്ത്

വിനോദസഞ്ചാരം

**ശ്രീ. പി. പ്രസാദ്: കൃഷി വകുപ്പുമന്ത്രി**

കൃഷി

സോയിൽ സർവ്വേ

സോയിൽ കൺസർവേഷൻ

കാർഷിക സർവ്വകലാശാല

വെയർഹൗസിംഗ് കോർപ്പറേഷൻ

**ശ്രീ. കെ. രാജൻ: റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി**

ലാന്റ് റവന്യൂ

സർവ്വെയും ലാന്റ് റെക്കോർഡ്സും

ലാന്റ് റിഫോംസ്

ഭവനനിർമ്മാണം

**ശ്രീ. പി. രാജീവ്: നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി**

നിയമം

വ്യവസായം (സഹകരണ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെ)

വാണിജ്യം

മൈനിംഗ് ആന്റ് ജിയോളജി

കൈത്തറിയും ടെക്സ്റ്റൈൽസും

ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്

കയർ

കശുവണ്ടി വ്യവസായം

പ്ലാന്റേഷൻ ഡയറക്ടറേറ്റ്

**ശ്രീ. എം. ബി. രാജേഷ്: തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി**

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ടൗൺ പ്ലാനിംഗ്

പ്രാദേശിക വികസന അതോറിറ്റികൾ

കില

എക്സൈസ്

**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി**

രജിസ്ട്രേഷൻ

കാഴ്ചബംഗ്ലാവുകൾ

പുരാവസ്തു

പുരാരേഖ

**ശ്രീ. റോഷി അഗസ്റ്റിൻ: ജലവിഭവ വകുപ്പുമന്ത്രി**

ജലസേചനം

കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി

ഭൂജല വകുപ്പ്

ശുദ്ധജലവിതരണവും ശുചീകരണവും

**ശ്രീ. സജി ചെറിയാൻ: മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി**

മത്സ്യബന്ധനം

ഹാർബർ എഞ്ചിനീയറിംഗ്

ഫിഷറീസ് സർവ്വകലാശാല

സാംസ്കാരികം
കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ

കേരള ചലച്ചിത്ര അക്കാദമി

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്
യുവജനകാര്യം

**ശ്രീ. എ. കെ. ശശീന്ദ്രൻ: വനം-വന്യജീവി വകുപ്പുമന്ത്രി**

വനം
വന്യജീവി സംരക്ഷണം

**ശ്രീ. വി. ശിവൻകുട്ടി: പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി**

പൊതുവിദ്യാഭ്യാസം

സാക്ഷരതാ മിഷൻ

തൊഴിൽ

തൊഴിലും പരിശീലനവും

നൈപുണ്യം

പുനരധിവാസം

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ്

ഇൻഡസ്ട്രിയൽ ട്രിബ്യൂണൽസ്

ലേബർ കോടതികൾ

**ശ്രീ. വി. എൻ. വാസവൻ: തുറമുഖ-സഹകരണ വകുപ്പുമന്ത്രി**

തുറമുഖം

സഹകരണം

**ശ്രീമതി വീണാ ജോർജ്: ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി**

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

മെഡിക്കൽ സർവ്വകലാശാല

ഇൻഡിജിനസ് മെഡിസിൻ

ആയുഷ്

ഡ്രഗ്സ് കൺട്രോൾ

വനിത-ശിശു ക്ഷേമം

ഭക്ഷ്യസുരക്ഷ

# ഉള്ളടക്കം


പേജ്

**I. ചോദ്യോത്തരങ്ങൾ**

വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ
അനുബന്ധം II-ആയി ചേർത്തിട്ടുണ്ട്) ....

**II. ശ്രദ്ധ ക്ഷണിക്കൽ**

ചെമ്മീൻ പീലിംഗ് മേഖലയിലെ സ്ത്രീ തൊഴിലാളികൾ
നേരിടുന്ന പ്രശ്നങ്ങൾ
- ശ്രീ. എച്ച്. സലാം ....

**III. സബ്മിഷൻ**

(1) ആലപ്പാട് കടൽത്തീരത്ത് പുലിമുട്ട് നിർമ്മാണം
- ശ്രീ. സി. ആർ. മഹേഷ് ....

(2) എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിലെ
വെള്ളക്കെട്ട് പരിഹരിക്കുന്നതിന് നടപടി
- ശ്രീ. ടി. ജെ. വിനോദ് .....

(3) ആല കോതപ്പറമ്പ്, ആമണ്ടൂർ, പനങ്ങാട് നോർത്ത്
സ്കൂളുകൾക്ക് സ്വന്തം കെട്ടിടം
-ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ....

(4) പാലക്കാട് എസ്.സി./എസ്.ടി. സംവരണം
പാലിച്ച് റേഷൻ കട അനുവദിക്കൽ
- ശ്രീമതി ശാന്തകുമാരി കെ. ....

## IV. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ടിന്റെ പരിഗണന ....

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങൾ:

(i) 2024-ലെ കേരള ഗിഗ് പ്ലാറ്റ്ഫോം തൊഴിലാളി ക്ഷേമനിധി ബിൽ ....
(ഡോ. എൻ. ജയരാജ് നോട്ടീസ് നൽകിയത്)

(ii) 2024-ലെ കേരള ആൾക്കൂട്ട കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, വർഗ്ഗീയ കൊലപാതകങ്ങൾ, ദുരഭിമാന കൊലപാതകങ്ങൾ നിയന്ത്രിക്കലും അതിവേഗ വിചാരണ നടത്തി വിധി പുറപ്പെടുവിക്കുന്നതും ഉറപ്പാക്കൽ ബിൽ ....
(ശ്രീ. ചാണ്ടി ഉമ്മൻ നോട്ടീസ് നൽകിയത്)

(iii) 2024-ലെ കേരള ഹരിതകർമ്മസേന ക്ഷേമനിധി ബിൽ ....
(ശ്രീ. ജി. സ്റ്റീഫൻ നോട്ടീസ് നൽകിയത്)

(iv) 2021-ലെ കേരള സംസ്ഥാന പാഴ്വസ്തു ശേഖരണ തൊഴിലാളി ക്ഷേമനിധി ബിൽ
(ശ്രീമതി സി. കെ. ആശ നോട്ടീസ് നൽകിയത്) ....

(v) 2021-ലെ കേരള കാർഷിക ഉൽപ്പന്നങ്ങൾക്ക് അർഹമായ തറവില ഉറപ്പാക്കൽ ബിൽ
(ശ്രീ. കുറുക്കോളി മൊയ്തീൻ നോട്ടീസ് നൽകിയത്)....

**(3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങളുടെ തുടർ ചർച്ച:**

(i) 2021-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപെക്സ് കൗൺസിൽ രൂപീകരണ ബിൽ
(ശ്രീമതി ഒ. എസ്. അംബിക നോട്ടീസ് നൽകിയത്) ....

(ii) 2021-ലെ കേരള ഉച്ചഭാഷിണി വെളിച്ചസംവിധാന തൊഴിലാളി ക്ഷേമനിധി ബിൽ
(ശ്രീ. ടി. ജെ. വിനോദ് നോട്ടീസ് നൽകിയത്) ....

(iii) 2021-ലെ കേരള അന്ധവിശ്വാസ അനാചാര നിർമ്മാർജ്ജന ബിൽ
(ശ്രീ. കെ. ഡി. പ്രസേനൻ നോട്ടീസ് നൽകിയത്) ....

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

2024 ജൂൺ 21, വെള്ളി

---

വാല്യം 194} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 6

---

നിയമസഭ 2024 ജൂൺ മാസം 21-ാം തീയതി വെള്ളിയാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

മി. സ്പീക്കർ: ഓർഡർ......ഓർഡർ...... ചോദ്യം നമ്പർ (*151)

**കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ**

1 (*151) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ ചുമതലപ്പെടുത്തിയതുപ്രകാരം
(ശ്രീ. എം. വിജിൻ):
ശ്രീ. പി. പി. സുമോദ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ചുമതലപ്പെടുത്തിയതുപ്രകാരം
(ശ്രീ. എൻ. കെ. അക്ബർ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) രൂപീകരിക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കാമോ;

(ബി) കെ-സോട്ടോയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ഇതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ മരണാനന്തര അവയവദാനവും ജീവിച്ചിരിക്കുന്നവരിലെ അവയവദാനവും എത്രവീതം നടന്നിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) സ്വകാര്യ ആശുപത്രികളിലെ ബന്ധുവേതര അവയവമാറ്റം ഏതെല്ലാം നിയമത്തിന്റെയും നിബന്ധനകളുടെയും അടിസ്ഥാനത്തിലാണ് നടത്തുന്നതെന്ന് വിവരിക്കാമോ;

(ഇ) ബന്ധുവേതര അവയവദാനത്തിൽ അവയവദാതാവും സ്വീകർത്താവും തമ്മിൽ പണമിടപാട് ഇല്ലെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം പരിശോധനകളും നിയന്ത്രണങ്ങളുമാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ,

(എ) 1994-ൽ പാർലമെന്റ് പാസ്സാക്കിയ മനുഷ്യാവയവ കൈമാറ്റ നിയമം അടിസ്ഥാനമാക്കി 2012-ൽ സംസ്ഥാനത്ത് തുടക്കംകുറിച്ച മരണാനന്തര അവയവദാന പദ്ധതിയാണ് കേരള നെറ്റ്‌വർക്ക് ഫോർ

ഓർഗൻ ഷെയറിംഗ് - മൃതസഞ്ജീവനി. മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു 'മൃതസഞ്ജീവനി' പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിട്ടിരുന്നത്. ചികിത്സയുമായി ബന്ധപ്പെട്ടുള്ള മനുഷ്യ അവയവങ്ങളുടെയും ടിഷ്യൂകളുടെയും നീക്കം ചെയ്യൽ, സംഭരണം, മാറ്റിവയ്ക്കൽ എന്നിവ നിയന്ത്രിക്കുന്നതിനും ഇവയിലെ വാണിജ്യ ഇടപാടുകൾ തടയുന്നതിനുമായി പുറപ്പെടുവിച്ച 2014-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആൻഡ് ടിഷ്യൂസ് റൂൾസിലെ ചട്ടം 31 പ്രകാരം സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷനായി പ്രവർത്തിക്കുന്നതിനും നാഷണൽ ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് പ്രോഗ്രാമിന്റെ നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ DDMOTP (Deceased Donor Multi Organ Transplantation Programme) എന്ന പദ്ധതിയുടെ നടത്തിപ്പിനും അവയവദാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനും ഒരു കുടക്കീഴിലാക്കുന്നതിനും വേണ്ടിയാണ് 2021-ൽ കെ-സോട്ടോ സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചത്.

(ബി) കെ-സോട്ടോയുടെ പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്:

1. മരണാനന്തര അവയവദാന ക്യാമ്പയിനുകൾ വിവിധ സ്ഥലങ്ങളിൽ സംഘടിപ്പിക്കുക, ട്രാൻസ്പ്ലാന്റ് സെന്ററുകളിൽ അവയവമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യങ്ങളുണ്ടോയെന്ന് പരിശോധിച്ച് ലൈസൻസ് നൽകുക.
2. മരണാനന്തര അവയവദാനങ്ങൾ ഏകോപിപ്പിക്കുകയും അതുവഴി അവയവങ്ങൾ മരണാനന്തരം രോഗികൾക്ക് ദാനം ചെയ്യുകയും ചെയ്യുക.
3. THOT ACT (The Transplantation of Human Organs and Tissues Act), 1994 പ്രകാരം അപ്രോപ്രിയേറ്റ് അതോറിറ്റിയുടെ ഓഫീസായി പ്രവർത്തിക്കുക.
4. സ്റ്റേറ്റ് പോലീസ് ചീഫിന്റെ സഹായത്തോടെ ആവശ്യമെങ്കിൽ അവയവങ്ങൾ എയർ ലിഫ്റ്റ് ചെയ്യുന്നതിന് ഹെലികോപ്റ്റർ സംവിധാനം ഒരുക്കുക.

5. മെഡിക്കൽ/പാരാമെഡിക്കൽ സ്റ്റാഫുകൾക്കായി ട്രെയ്നിംഗ് സംഘടിപ്പിക്കുക.
6. ജില്ലാതല ഓതറൈസേഷൻ കമ്മിറ്റി അംഗങ്ങൾക്ക് ട്രെയ്നിംഗ് നൽകുക.
7. ബ്രെയിൻ സ്റ്റെം ഡെത്ത് സർട്ടിഫിക്കേഷനുവേണ്ടി ഡോക്ടർമാരെ എംപാനൽ ചെയ്യുന്നതിനുള്ള ട്രെയ്നിംഗ് നടത്തുക.
8. മരണാനന്തര അവയവദാനം ഏകോപിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
9. ഒരു റെഗുലേറ്ററി ഏകോപന സമിതി എന്ന നിലയിൽ അവയവദാന പ്രവർത്തനങ്ങളിൽ സഹായിക്കാനും ഉപദേശിക്കാനും എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കുക. ക്രമക്കേടുകൾ പരിശോധിച്ച് ശ്രദ്ധയിൽപ്പെട്ടാൽ അതിനെതിരെ അച്ചടക്കനടപടി കൈക്കൊള്ളുക.
10. ലൈവ് ഓർഗൻ ട്രാൻസ്പ്ലാന്റ് സംബന്ധിച്ച വിഷയത്തിൽ ആരോഗ്യ അധികാരികളുമായി സഹകരിച്ച് പതിവ് ഓഡിറ്റുകളും പരിശോധനയും ഉൾപ്പെടെയുള്ളവ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. അവയവം

മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള പ്രോട്ടോക്കോളുകൾ കാര്യക്ഷമമാക്കുക.

11.പ്രവർത്തനങ്ങളിലെ പൂർണ്ണ സുതാര്യത വെബ്സൈറ്റ്, മീഡിയ മുതലായവയിലൂടെ പൊതുജനങ്ങളിൽ എത്തിക്കുക.

12.അവയവദാനവും മാറ്റിവയ്ക്കലും നിലവിലുള്ള പ്രോട്ടോക്കോളുകൾ പാലിച്ചാണോ നടക്കുന്നതെന്ന് ഉറപ്പുവരുത്തുക.

പേഷ്യന്റ് രജിസ്ട്രേഷൻ, അവയവ വിന്യാസം തുടങ്ങിയ അവയവദാനം സംബന്ധിച്ച എല്ലാ വിവരങ്ങളും ഒറ്റ ക്ലിക്കിൽ ലഭ്യമാക്കുന്നതിനായി എൻ.ഐ.സി.-യുടെ സഹായത്തോടെ www.ksotto.kerala.gov.in എന്ന വെബ്സൈറ്റ് 2023 ജൂൺ മാസം ആരംഭിച്ചിട്ടുണ്ട്. ഈ വെബ്സൈറ്റ് വഴി മരണാനന്തര അവയവദാന സമ്മതപത്രം സമർപ്പിക്കാവുന്നതാണ്. അവയവമാറ്റ ശസ്ത്രക്രിയാനന്തര ഓഡിറ്റ് കെ-സോട്ടോയുടെ നേതൃത്വത്തിൽ നടത്തിവരുന്നു.

കെ-സോട്ടോയുടെ അനുദിനപ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും വിലയിരുത്തുന്നതിനുമായി ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി

ചെയർമാനായ എക്സിക്യൂട്ടീവ് കമ്മിറ്റിയും നയപരമായ കാര്യങ്ങൾക്ക് മേൽനോട്ടം നിർവ്വഹിക്കുന്നതിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി അധ്യക്ഷയായ ഗവേർണിംഗ് ബോഡിയും നിലവിലുണ്ട്. ഈ കമ്മിറ്റികൾ കെ-സോട്ടോയുടെ പ്രവർത്തന പുരോഗതി നിശ്ചിത ഇടവേളകളിൽ വിലയിരുത്തിവരുന്നു.

(സി) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ഡി&ഇ) ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് ആക്ട് 1994, ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് റൂൾസ് 2014, 19-11-2010-ലെ 14931/എസ്2/2009/ആ.കു.വ. വിജ്ഞാപനം എന്നിവ പ്രകാരമാണ് ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവമാറ്റം നടക്കുന്നത്. ബന്ധുവേതര അവയവദാനത്തിൽ, ജില്ലാതല ഓതറൈസേഷൻ കമ്മിറ്റി അവയവദാതാവും സ്വീകർത്താവും തമ്മിൽ പണമിടപാട് നടന്നില്ലെന്ന് ഉറപ്പുവരുത്തുവാനായി ദാതാവിന്റെയും സ്വീകർത്താവിന്റെയും കഴിഞ്ഞ 3 വർഷത്തെ ബാങ്ക് ഇടപാടുകൾ പരിശോധിക്കാറുണ്ട്. കൂടാതെ, അവർ തമ്മിലുള്ള അവയവമാറ്റത്തിൽ

+ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.

പണമിടപാടുകളൊന്നും ഇല്ലെന്നും സംയുക്ത അപേക്ഷയിൽ പറയുന്നതുപോലെയുള്ള ബന്ധം അവർ തമ്മിലുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നതിനും ബന്ധപ്പെട്ട റവന്യൂ അധികാരികളിൽനിന്നോ ജനപ്രതിനിധികളിൽനിന്നോ ഉള്ള സർട്ടിഫിക്കറ്റും പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റും കമ്മിറ്റി മുമ്പാകെ ഹാജരാക്കേണ്ടതായിട്ടുണ്ട്. ബന്ധുവേതര അവയവദാനത്തിൽ ദാതാവും സ്വീകർത്താവും തമ്മിലുള്ള ബന്ധം സ്ഥാപിക്കുന്നതിനുള്ള ഒരു സാക്ഷ്യപത്രം എന്ന നിലയിലാണ് ജനപ്രതിനിധികളിൽനിന്നുള്ള സർട്ടിഫിക്കറ്റ് കമ്മിറ്റി പരിഗണിക്കുന്നത്. ഇതിനുപുറമെ അവയവദാതാവിനെയും സ്വീകർത്താവിനെയും അവരുടെ ഏറ്റവും അടുത്ത ബന്ധുക്കളെയും കമ്മിറ്റി നേരിൽ കേൾക്കുകയും പണമിടപാടുകളൊന്നും തന്നെയില്ലെന്നും ജീവകാരുണ്യപരമായ കാരണങ്ങളാലാണ് അവയവദാനം നടത്തിയതെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. അവയവദാന ശസ്ത്രക്രിയയിൽ ഉൾപ്പെട്ടിരിക്കുന്ന സങ്കീർണ്ണതകളെയും അവയവദാനത്തിനുശേഷം പുലർത്തേണ്ട ജീവിതശൈലി എന്നിവയെക്കുറിച്ചും ദാതാവിനെയും അവരുടെ അടുത്ത

ബന്ധുക്കളെയും ബോധ്യപ്പെടുത്തുന്നതുമാണ്. കൂടാതെ, കമ്മിറ്റിയുടെ പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും ആവശ്യമെങ്കിൽ പുന:പരിശോധന നടത്തുന്നതിനുംവേണ്ടി കമ്മിറ്റിയുടെ നടപടിക്രമങ്ങളും അഭിമുഖങ്ങളും വീഡിയോ റെക്കോഡിംഗ് ചെയ്ത് സൂക്ഷിക്കുന്നു. ഇപ്രകാരം സൂക്ഷ്മപരിശോധന നടത്തിയശേഷം മാത്രമാണ് കമ്മിറ്റി അവയവദാന ശസ്ത്രക്രിയയ്ക്ക് അനുവാദം നൽകുന്നത്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, കെ-സോട്ടോ രൂപീകരിച്ചതിനുശേഷം അവയവദാനരംഗത്ത് സംസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

ശ്രീമതി വീണാ ജോർജ്: സർ, 1994-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് ആക്റ്റിന്റെ ചട്ടങ്ങൾ രൂപീകരിച്ചത് 2014-ലാണ്. പ്രസ്തുത ചട്ടത്തിനനുസൃതമായി ഓരോ സംസ്ഥാനത്തും ദേശീയതലത്തിലെ ഓർഗനൈസേഷന് സമാന്തരമായ ഒരു ഓർഗനൈസേഷൻ ഉണ്ടാകണമെന്നതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് കെ-സോട്ടോ രൂപീകരിച്ചത്. ഈ സർക്കാരിന്റെ

കാലഘട്ടത്തിലാണ് കെ-സോട്ടോ രൂപീകരിച്ചത്. 1995-ലെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് പ്രകാരമാണ് ഇത് രജിസ്റ്റർ ചെയ്തിരിക്കുന്നത്. കെ-സോട്ടോ രൂപീകൃതമാകുന്നതിന് മുൻപ് കെനോസ് (കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗ്) ആണ് നിലവിലുണ്ടായിരുന്നത്. ഇത് മരണാനന്തര അവയവമാറ്റവുമായി ബന്ധപ്പെട്ട് ആശുപത്രികളെ ഏകോപിപ്പിക്കുന്നതിന് വേണ്ടിയുള്ളതായിരുന്നു. നിലവിലെ അവയവമാറ്റ പ്രക്രിയയിൽ പ്രത്യേകിച്ചും മരണാനന്തര അവയവദാനം, ജീവിച്ചിരിക്കുന്നവരിൽ നിന്നുള്ള അവയവദാനം തുടങ്ങിയ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന ഒരു സംവിധാനമാണ് കെ-സോട്ടോ. പ്രസ്തുത പദ്ധതി നിലവിൽ വന്നതിനുശേഷം അവയവമാറ്റ സെന്ററുകൾക്ക് സമയബന്ധിതമായി ഇൻസ്പെക്ഷൻ നടത്തി ലൈസൻസ് നൽകാൻ സാധിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് 49 ആശുപത്രികളാണ് അവയവമാറ്റ സെന്ററുകളായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. അവയവദാനത്തിന്റെ ഭാഗമായി 2023 ജൂൺ മാസത്തിൽ ഒരു പ്രത്യേക വെബ്സൈറ്റ് രൂപീകരിച്ചിട്ടുണ്ട്. ഈ വെബ്സൈറ്റിൽ അവയവമാറ്റവുമായി ബന്ധപ്പെട്ട

എല്ലാ വിവരങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാണ്. ഇതുകൂടാതെ രോഗികൾക്ക് ആശുപത്രികളിലേക്ക് അവരുടെ വിവരങ്ങൾ ലോഗിൻ ചെയ്യാനുള്ള സൗകര്യവുമുണ്ട്. എല്ലാ ആശുപത്രികളും ഈ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ലൈസൻസ് എടുത്തിട്ടുണ്ടെന്നും ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. ദേശീയതലത്തിൽ ഇപ്പോഴും ഇതിനൊരു രജിസ്ട്രിയില്ല, എന്നാൽ സംസ്ഥാനത്ത് രജിസ്ട്രിയുണ്ട്. നിലവിൽ 49 ആശുപത്രികളും ഈ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ പ്രസ്തുത മേഖലയിൽ കൃത്യമായ ട്രെയ്നിംഗ് നൽകാൻ സാധിച്ചിട്ടുണ്ട്. അത് തുടർന്നും നൽകിവരുന്നുണ്ട്. ജില്ലാതല ഓതറൈസേഷൻ കമ്മിറ്റിയാണ് ബന്ധുവേതര അവയവദാനത്തിന് അംഗീകാരം നൽകുന്നത്. ജില്ലാതല ഓതറൈസേഷൻ കമ്മിറ്റിക്ക് പരിശീലനം നൽകുക, മസ്തിഷ്ക മരണ സ്ഥിരീകരണത്തിനായി ഡോക്ടർമാരെ പരിശീലിപ്പിക്കുക, ട്രാൻസ്പ്ലാന്റ് ഡോക്ടർമാർക്ക് ട്രെയിനിംഗ് സംഘടിപ്പിക്കുക തുടങ്ങിയവയും കെ-സോട്ടോ നിർവ്വഹിക്കുന്ന ഉത്തരവാദിത്വങ്ങളാണ്. ഇതിനുപുറമെ കെ-സോട്ടോ വിവിധ സ്ഥലങ്ങളിൽ മരണാനന്തര അവയവദാന ക്യാമ്പുകൾ സംഘടിപ്പിക്കുകയും

സമയബന്ധിതമായി ഓഡിറ്റിംഗ്കൂടി നിർവ്വഹിക്കുകയും ചെയ്യുന്നുണ്ട്. കെ-സോട്ടോയുടെ വെബ്സൈറ്റിൽകൂടി അവയവദാന സമ്മതപത്രം അപ്‌ലോഡ് ചെയ്യാൻ സാധിക്കും. കേരളത്തിൽ മരണാനന്തര അവയവദാനം ഏകോപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അതോടൊപ്പം നിയമം അനുശാസിക്കുന്ന നിലയിൽ ജീവിച്ചിരിക്കുന്നവരിൽ നിന്നുള്ള അവയവദാന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനുമാണ് നിലവിൽ കെ-സോട്ടോ ശ്രമിക്കുന്നത്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, അവയവദാനവുമായി ബന്ധപ്പെട്ട് ഇന്ന് നമ്മുടെ സമൂഹത്തിൽ ധാരാളം തെറ്റിദ്ധാരണകളും അജ്ഞതകളും നിലനിൽക്കുന്നുണ്ട്. ഇതിനെതിരായ ബോധവത്കരണം കെ-സോട്ടോയുടെ പ്രവർത്തന പരിധിയിലുൾപ്പെടുത്തിയിട്ടുണ്ടോ; അത്തരം ബോധവത്കരണം ഈ പദ്ധതിയുടെ ഭാഗമായി നടത്താൻ സാധിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, വളരെ പ്രധാനപ്പെട്ടൊരു വിഷയമാണിത്. സമീപകാലത്ത് മരണാനന്തര അവയവദാനവുമായി ബന്ധപ്പെട്ട് തെറ്റിദ്ധരിപ്പിക്കുന്ന പല പ്രചാരണങ്ങളും നടത്തുന്നുണ്ട്. വളരെ

കരുതലോടെയും ജാഗ്രതയോടെയും ഇടപെടേണ്ട ഒരു മേഖലയാണിത്. ഒരു രോഗിയുടെ മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നത് ഒരു കമ്മിറ്റിയാണ്. ഏതെങ്കിലും ഒരാശുപത്രിയിൽ ഒരു മസ്തിഷ്കമരണം സംഭവിച്ചാൽ അത് സ്ഥിരീകരിക്കേണ്ടത് രോഗിയെ ചികിത്സിച്ച ഡോക്ടറും ആ ആശുപത്രിയിലെ സൂപ്രണ്ടും അവിടുത്തെ ന്യൂറോളജിസ്റ്റും മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിന് എംപാനൽ ചെയ്ത ഈ ആശുപത്രിക്ക് പുറത്തുനിന്നുള്ള ഡോക്ടറും അടങ്ങുന്ന സംഘമാണ്. മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിനുള്ള പ്രോട്ടോക്കോൾ പ്രകാരം ആറ് മണിക്കൂർ ഇടവിട്ട് ഈ പരിശോധനകൾ നടത്തണം. മസ്തിഷ്കമരണം ആണോയെന്ന് പരിശോധിക്കണമെന്നുമാത്രമല്ല, ഈ പ്രക്രിയകൾ മുഴുവൻ വീഡിയോയിൽ റെക്കോർഡ് ചെയ്യുകയും വേണം. നിലവിൽ ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ചില വ്യവഹാരങ്ങളുൾപ്പെടെയുള്ളവ മരണാനന്തര അവയവദാനത്തെ നിരുത്സാഹപ്പെടുത്തുന്ന നിലയിലേയ്ക്ക് മാറുന്ന ഒരു സാഹചര്യമുണ്ടായിട്ടുണ്ട്. വാസ്തവത്തിൽ മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. ഹൃദയസ്തംഭനം സംഭവിച്ച ഒരാളുടെ

ശരീരത്തിലെ മറ്റ് അവയവങ്ങൾ ഏതാനും മിനിറ്റുകൾക്കുള്ളിൽ പ്രവർത്തനരഹിതമാകുമെന്നതിനാൽ ഹൃദയസ്തംഭനംമൂലം മരിച്ച ഒരാളിൽനിന്ന് അവയവങ്ങൾ മാറ്റുന്നതിനോ ദാനം ചെയ്യുന്നതിനോ കഴിയുകയില്ല. അതേസമയം, മസ്തിഷ്കമരണം സംഭവിച്ചാൽ മസ്തിഷ്കം ചലനരഹിതമാകുകയും മറ്റ് അവയവങ്ങൾ പ്രവർത്തിക്കുകയും ചെയ്യും. ഈ സാഹചര്യത്തിലാണ് ശാസ്ത്രലോകം അംഗീകരിച്ച അവയവദാനം പ്രോത്സാഹിപ്പിക്കപ്പെടുന്നത്. സംസ്ഥാനത്ത് നടക്കുന്ന അവയവദാനങ്ങളിൽ പത്ത് ശതമാനത്തിൽ താഴെ മാത്രമേ മരണാനന്തര അവയവദാനമുള്ളൂ. ബാക്കിയെല്ലാം ലിവിംഗ് ഡോണേഴ്സിൽനിന്നുള്ള അവയവദാനമാണ് നടക്കുന്നത്. അതിനാൽ ഇത്തരത്തിലുള്ള തെറ്റായ പ്രചാരണങ്ങളെ അതിജീവിക്കുന്നതിനുവേണ്ടി ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളും നിയമപരമായ നിരീക്ഷണങ്ങളും ഈ മേഖലയിൽ സംസ്ഥാന സർക്കാർ കെ-സോട്ടോയിലൂടെ നടത്തുന്നുണ്ട്.

ശ്രീ. എം. വിജിൻ: സർ, രോഗികൾക്കും ആശുപത്രികൾക്കും പൊതുജനങ്ങൾക്കും വിവരങ്ങൾ ലഭിക്കുന്നതിനും അവയവദാന പദ്ധതിയുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും സഹായകമാകുന്ന രീതിയിൽ അതിന്റെ നടത്തിപ്പും മേൽനോട്ടവും നിർവ്വഹിക്കുന്ന കെ-സോട്ടോ വെബ്സൈറ്റ് പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട പരിശോധന നടത്തുമോ?

ശ്രീമതി വീണാ ജോർജ്: സർ, അവയവദാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും വെബ്സൈറ്റിൽ ദൃശ്യമാക്കിയിട്ടുണ്ട്. 2023 ജൂൺ മാസത്തിലാണ് വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തത്. അവയവദാനവുമായി ബന്ധപ്പെട്ട പ്രധാന നിയമങ്ങൾ, ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, പ്രധാന പ്രോട്ടോക്കോളുകൾ, സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറുകൾ എന്നിവ വെബ്സൈറ്റിൽ ലഭ്യമാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ, ആശുപത്രിയിലേയ്ക്ക് പേഷ്യന്റിന് ലോഗിൻ ചെയ്യുന്നതിനുവേണ്ടിയുള്ള സാങ്കേതിക പിന്തുണയും ഈ വെബ്സൈറ്റിലുണ്ട്. കൂടുതൽ കാര്യങ്ങൾ ഇതിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള പരിശ്രമമാണ് നടക്കുന്നത്. രാജ്യത്ത് NOTTO (National Organ and Tissue Transplant

Organization)-യുമായി ബന്ധപ്പെട്ട് രജിസ്ട്രിയില്ല. കേരളത്തിനാണ് അത്തരമൊരു രജിസ്ട്രിയുള്ളത്. ഇത് കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ തുടർച്ചയായി നടത്തുന്നുണ്ട്.

ശ്രീ. പി. പി. സുമോദ്: സർ, കേരളത്തിൽ ഇപ്പോൾ മസ്തിഷ്ക മരണങ്ങൾ വർദ്ധിച്ചുവരികയാണ്. പലപ്പോഴും വാഹനാപകടങ്ങളിൽപ്പെടുന്നവർക്ക് മസ്തിഷ്ക മരണമാണ് സംഭവിക്കുന്നത്. മസ്തിഷ്ക മരണം സർട്ടിഫൈ ചെയ്യുന്നതിന് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ?

ശ്രീമതി വീണാ ജോർജ്: സർ, രാജ്യത്ത് അവയവദാന പ്രക്രിയ നടക്കുന്നത് 1994-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് ആക്റ്റിന്റെ അടിസ്ഥാനത്തിലാണ്. 2014-ലാണ് അതിന്റെ ചട്ടങ്ങൾ രൂപീകരിക്കുന്നത്. ആ ചട്ടങ്ങൾക്കനുസൃതമായാണ് രാജ്യത്ത് ട്രാൻസ്പ്ലാന്റേഷൻ നടപടികൾ നടക്കുന്നത്. അതിൽത്തന്നെ മസ്തിഷ്ക മരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. മസ്തിഷ്ക മരണം എങ്ങനെ സർട്ടിഫൈ ചെയ്യണമെന്നത് സംബന്ധിച്ച് ചട്ടങ്ങളിൽത്തന്നെ സ്പെസിഫൈ ചെയ്തിട്ടുണ്ട്. അക്കാര്യങ്ങൾ ഞാൻ

നേരത്തെ സൂചിപ്പിച്ചതിനാൽ ആവർത്തിക്കുന്നില്ല. ചികിത്സിക്കുന്ന ആശുപത്രിക്ക് പുറത്തുനിന്നുള്ള എംപാനൽ ചെയ്ത ഒരു ഡോക്ടർ മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്ന സംഘത്തിലുണ്ടാകണമെന്നുള്ളതും അതിന്റെ മുഴവൻ പ്രക്രിയകളും വീഡിയോ റെക്കോർഡിംഗ് നടത്തണമെന്നുള്ളതും കേരളം കൊണ്ടുവന്ന മാനദണ്ഡമാണ്. പിന്നീടൊരു ലീഗൽ ഇഷ്യൂ ഉണ്ടായാൽ അത് പരിശോധിക്കുന്നതിനും സ്വാഭാവികമായ മസ്തിഷ്ക മരണമാണെന്നുള്ളത് സ്ഥിരീകരിക്കുന്നതിനും അത് തെളിയിക്കുന്നതിനും ഈ വീഡിയോ റെക്കോർഡിംഗ് ഉൾപ്പെടെയുള്ളവ അനിവാര്യമാണ്. 6 മണിക്കൂർ ഇടവിട്ട് രണ്ട് പരിശോധനകളും നടത്തേണ്ടതായിട്ടുണ്ട്. അതുകൂടാതെ രോഗിയുടെ ബന്ധുക്കൾ ഉൾപ്പെടെയുള്ളവരെ കാര്യങ്ങൾ ബോധ്യപ്പെടുത്തുന്നതോടൊപ്പം ചട്ടം അനുശാസിക്കുന്ന നിശ്ചിത ഫോമിൽ അവരുടെ സമ്മതവും എഴുതിവാങ്ങേണ്ടത് അനിവാര്യമാണ്. രാജ്യത്ത് നിലനിൽക്കുന്ന നിയമത്തിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ പ്രവർത്തനങ്ങൾ നടത്തുന്നത്.

ശ്രീ. എൻ. കെ. അക്ബർ: സർ, ഓട്ടിസം ബാധിച്ച മകനെ പരിചരിക്കുന്ന ഒരു മാതാവിന് ഗുരുതരമായ വൃക്കരോഗം ബാധിച്ചിരിക്കുകയാണ്. വൃക്ക മാറ്റിവയ്ക്കാതെ ഈ മാതാവിന്റെ ജീവൻ രക്ഷിക്കാനാകില്ല. എന്നാൽ ദാതാവ് ബന്ധുവല്ല എന്ന കാരണത്താൽ ഇവരുടെ അപേക്ഷ നിരസിച്ചിരിക്കുകയാണ്. ഇത്തരം കേസുകൾക്ക് പ്രത്യേക പരിഗണന നൽകുമോ; വിവിധ അവയവങ്ങൾക്കായി സംസ്ഥാനത്ത് എത്ര പേർ കാത്തിരിക്കുന്നുണ്ട്?

ശ്രീമതി വീണാ ജോർജ്: സർ, മരണാനന്തര അവയവദാനം (Cadaver transplantation), ജീവിച്ചിരിക്കുന്ന ദാതാവിൽനിന്നുള്ള അവയവദാനം എന്നിങ്ങനെ രണ്ട് തരത്തിലുള്ള അവയവദാനമാണുള്ളത്. ഇതിൽ ജീവിച്ചിരിക്കുന്ന ദാതാവിൽനിന്നുള്ള അവയവദാനംതന്നെ രണ്ട് തരത്തിലുണ്ട്. ഒന്ന്, ബന്ധുക്കൾ മുഖേനയുള്ള അവയവദാനം, രണ്ട്, ബന്ധുവേതര അവയവദാനം. അച്ഛൻ, അമ്മ, സഹോദരൻ, സഹോദരി, മകൻ, മകൾ, മുത്തച്ഛൻ, മുത്തശ്ശി എന്നിവരാണ് ബന്ധുക്കൾ എന്ന കാറ്റഗറിയിൽ ഉൾപ്പെടുന്നത്. ഫസ്റ്റ് കസിൻസ് ആണെങ്കിലും

ഭാര്യ/ഭർത്താവിന്റെ പിതാവോ മാതാവോ ആണെങ്കിലും നിയമപരമായി ബന്ധുവേതര വിഭാഗത്തിൽ മാത്രമാണ് കണക്കാക്കപ്പെടുന്നത്. ബന്ധുവേതര അവയവദാനത്തിന് അനുമതി നൽകുന്നത് ഡിസ്ട്രിക്ട് ലെവൽ ഓതറൈസേഷൻ കമ്മിറ്റി (DLAC) ആണ്. DLAC-കൾ മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ, ഫോറൻസിക് വിഭാഗത്തിന്റെ എച്ച്.ഒ.ഡി., ഡി.എച്ച്.എസ്.-ന്റെ പ്രതിനിധി, ഒരു വനിതാ പ്രതിനിധി എന്നിവരടങ്ങുന്നതാണ് ഡിസ്ട്രിക്ട് ലെവൽ ഓതറൈസേഷൻ കമ്മിറ്റി. ബഹുമാന്യനായ അംഗം ഇവിടെ സൂചിപ്പിച്ചത് ഒരു പ്രത്യേക വിഷയമാണ്. ബന്ധുവേതര അവയവദാനത്തിൽ പണമിടപാടുകളും ചൂഷണവുമില്ല എന്നുള്ളത് ഉറപ്പാക്കണം. അതിനുവേണ്ടി നിരവധി രേഖകൾ ഹാജരാക്കുന്നതുൾപ്പെടെ വലിയൊരു പ്രോസ്സസ്തന്നെ ഉണ്ട്. DLAC-യാണ് ഇക്കാര്യം തീരുമാനിക്കുന്നത്. DLAC നിരസിച്ചാൽ അഡീഷണൽ ചീഫ് സെക്രട്ടറിക്കോ പ്രിൻസിപ്പൽ സെക്രട്ടറിക്കോ അപ്പീൽ കൊടുക്കുന്നതിനുള്ള അവസരം അവയവം സ്വീകരിക്കുന്ന വ്യക്തിക്കും കുടുംബത്തിനുമുണ്ട്. പ്രസ്തുത അപ്പീലും നിരസിക്കപ്പെട്ടാൽ നിലവിലെ

സാഹചര്യത്തിൽ അവയവദാനം നടക്കില്ല. പണമിടപാടുകളും ചൂഷണവും നടക്കുന്നില്ലെന്ന് ഉറപ്പാക്കുക എന്നതാണ് DLAC-യുടെ കർത്തവ്യം. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയത്തിൽ DLAC അനുവാദം നിഷേധിച്ചുവെന്നാണ് മനസ്സിലാകുന്നത്. DLAC-യുടെ പ്രോസസ്സുകളെല്ലാം വീഡിയോയിൽ റെക്കോർഡ് ചെയ്യുന്നതാകയാൽ ഇക്കാര്യം പരിശോധിക്കാം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കിഡ്നി ട്രാൻസ്പ്ലാന്റേഷനുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളുടെ സർട്ടിഫിക്കറ്റിനായി വ്യക്തികൾ നമ്മെ സമീപിക്കാറുണ്ട്. ചിലപ്പോൾ ദാതാവ് ഏതെങ്കിലുമൊരു പ്രദേശത്തുള്ള വ്യക്തിയായിരിക്കും. ഉദാഹരണമായി, കിഡ്നി സ്വീകരിക്കുന്നയാൾ എന്റെ നിയോജകമണ്ഡലത്തിലുള്ള വ്യക്തിയാണെങ്കിൽ അയാളെ സംബന്ധിച്ച് എനിക്കറിയാം. പക്ഷേ ദാതാവിനെക്കുറിച്ച് എനിക്ക് പറയാൻ കഴിയില്ല. പലപ്പോഴും സർട്ടിഫിക്കറ്റിനായി ജനപ്രതിനിധികളെ സമീപിക്കുന്ന വ്യക്തികൾ ദാതാവിനെക്കുറിച്ച് അറിയാമെന്ന് പറയുമ്പോഴും ഇതിന് ഇടനിലക്കാർ സ്വീകരിക്കുന്ന നടപടികളും അതിൽ നടക്കുന്ന ചൂഷണവും

നമുക്ക് അറിയാൻ സാധിക്കുകയില്ല. ദാതാവിന്റെ നിയോജകമണ്ഡലത്തിലെ എം.എൽ.എ. ആണ് ദാതാവിനെക്കുറിച്ചുള്ള വിവരങ്ങൾ നൽകേണ്ടത്. അവയവം നൽകുന്നതിനായി രജിസ്റ്റർ ചെയ്തിട്ടുള്ളയാൾ അവയവം മാറ്റുന്നതിന് മുമ്പുതന്നെ മരണപ്പെടുന്ന സാഹചര്യമുണ്ടായാൽ അവരുടെ രജിസ്ട്രേഷൻ ഫീസ് ഉൾപ്പെടെയുള്ളവ തിരിച്ചുനൽകാൻ നടപടി സ്വീകരിക്കുന്നുണ്ടോ?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, ബഹുമാന്യനായ അംഗം ഇവിടെ സൂചിപ്പിച്ച ആദ്യത്തെ കാര്യം എല്ലാ ജനപ്രതിനിധികളും നേരിടുന്നൊരു വിഷയമാണ്. വാസ്തവത്തിൽ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് ആക്റ്റിന്റെ ചട്ടങ്ങളിൽ എം.എൽ.എ.-മാരെക്കുറിച്ച് പ്രതിപാദിക്കുന്നില്ല. ദാതാവും സ്വീകർത്താവും തമ്മിൽ പണമിടപാടുകളോ മറ്റേതെങ്കിലും ബന്ധങ്ങളോ ഉണ്ടോ എന്നുള്ള കാര്യമാണ് DLAC പരിശോധിക്കുന്നത്. എല്ലാ ജനപ്രതിനിധികൾക്കും പലപ്പോഴും ഇതിൽ പ്രശ്നമുണ്ടാകുന്നുണ്ട്. അതുകൊണ്ട് നിയമപരമായി എം.എൽ.എ.-മാരെ ഒഴിവാക്കി മറ്റൊരു സംവിധാനത്തിലൂടെ അത് സർട്ടിഫൈ ചെയ്യാൻ

കഴിയുമോ എന്നുള്ള കാര്യം നിലവിൽ പരിശോധിക്കുന്നുണ്ട്. ഇത്തരം അവയവദാനവുമായി ബന്ധപ്പെട്ട് ഏകദേശം 13 മുതൽ 15 രേഖകൾവരെ ഹാജരാക്കണം. ഐഡന്റിറ്റി തെളിയിക്കുന്നതിന് ആധാർ കാർഡ്, ലൈസൻസ്, റേഷൻ കാർഡ് തുടങ്ങി നിരവധി രേഖകൾ ഹാജരാക്കേണ്ടതുണ്ട്. ഇത് സിംഗിൾ ഐഡന്റിറ്റി കാർഡായി ചുരുക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. ഈ രീതിയിലുള്ള മാറ്റം കൊണ്ടുവരുന്നതിനാണ് ആലോചിക്കുന്നത്. ഒരു നിയോജകമണ്ഡലത്തിലെ ഏതെങ്കിലുമൊരു വ്യക്തിയായിരിക്കും രോഗം മൂർച്ഛിച്ച അവസ്ഥയിൽ നമ്മുടെ മുന്നിലെത്തുന്നത്. അവരോട് തടസ്സം പറഞ്ഞാൽ പ്രശ്നമാകുമെന്ന സങ്കോചവും ജനപ്രതിനിധികൾക്കുണ്ടാകും. ജനപ്രതിനിധികൾക്ക് ഇത്തരത്തിലുള്ള നിരവധി ബുദ്ധിമുട്ടുകൾ ഉണ്ടാകും. നമുക്കത് പരിശോധിക്കാൻ കഴിയില്ല. അതിനാൽ ജനപ്രതിനിധികളെ ഒഴിവാക്കി ഒരു നിശ്ചിത മാനദണ്ഡത്തിൽ അത് സർട്ടിഫൈ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അത് നടപ്പിലാക്കുന്നതാണ്. അവയവം ദാനം ചെയ്യാനായി രജിസ്റ്റർ ചെയ്ത വ്യക്തിയുടെ മരണം സംബന്ധിച്ച് അറിയുകയോ അല്ലെങ്കിൽ അത്രത്തോളം

രോഗം മൂർച്ഛിച്ച അവസ്ഥയോ അറിയുമ്പോൾ മാത്രമെ അവയവദാനം ചെയ്യാൻ സാധിക്കുകയുള്ളൂ. അല്ലാത്ത സാഹചര്യങ്ങളിൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയം ആലോചിക്കാവുന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ജീവിച്ചിരിക്കുന്ന ദാതാവിൽനിന്ന് അവയവം സ്വീകരിക്കുമ്പോഴാണ് പ്രധാന സാങ്കേതിക പ്രശ്നങ്ങൾ നേരിടേണ്ടി വരുന്നത്. സംസ്ഥാനത്തും സംസ്ഥാനത്തിന് പുറത്തും ശക്തമായ മാഫിയകൾ ഈ രംഗത്ത് പ്രവർത്തിക്കുകയാണ്. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുടെ ദാരിദ്ര്യം മുതലെടുത്താണ് അവയവക്കച്ചവടത്തിന് മാഫിയകൾ പ്രേരിപ്പിക്കുന്നത്. ഇതുസംബന്ധിച്ച് ധാരാളം വാർത്തകൾ പുറത്തുവരുന്നുണ്ട്. ഇത്തരം അവയവക്കച്ചവടത്തെ ശക്തമായി നേരിടാനും ഒഴിവാക്കാനും ആരോഗ്യ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

ശ്രീമതി വീണാ ജോർജ്: സർ, 2021-ലാണ് സംസ്ഥാനത്ത് കെ-സോട്ടോ പ്രവർത്തനം ആരംഭിച്ചത്. മരണാനന്തര അവയവദാനത്തിൽ കൂടുതൽ ശ്രദ്ധയും ഊന്നലും ബോധവൽക്കരണ പ്രവർത്തനങ്ങളും

നടത്തുമ്പോഴും ജീവിച്ചിരിക്കുന്ന ദാതാവിൽനിന്നുള്ള അവയവദാനവുമായി ബന്ധപ്പെട്ട് ഒരു ഓഡിറ്റിംഗ് നടത്താനാണ് നിലവിൽ കെ-സോട്ടോയ്ക്ക് കഴിയുന്നത്. മുൻ സാഹചര്യത്തിൽനിന്നും വ്യത്യസ്തമായി ഇപ്പോൾ ഓരോ ആശുപത്രിയിലും നടക്കുന്ന അവയവദാനത്തിന്റെ കണക്കുകൾ ആശുപത്രി അധികൃതർ ഉടൻതന്നെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനാൽ ഔദ്യോഗികമായി നമുക്ക് ഈ വിവരങ്ങൾ പരിശോധിക്കാൻ സാധിക്കും. ഇതിൽ ഇടനിലക്കാരുണ്ടോ, ചൂഷണങ്ങൾ നടന്നിട്ടുണ്ടോ എന്നുള്ള വിവരങ്ങൾ ഡിസ്ട്രിക്ട് ലെവൽ ഓതറൈസേഷൻ കമ്മിറ്റി അന്വേഷിച്ചതിനുശേഷമാണ് അനുമതി നൽകുന്നത്. അവയവദാനവുമായി ബന്ധപ്പെട്ട് യാതൊരു പണമിടപാടുകളും ഇല്ലായെന്നും ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ് അവയവദാനം നടത്തുന്നതെന്നുമാണ് DLAC-യുടെ മുമ്പാകെ എല്ലാവരും വ്യക്തമാക്കിയിട്ടുള്ളത്. മറിച്ചൊരു പരാതി ഔദ്യോഗികമായി കെ-സോട്ടോയ്ക്ക് ലഭിച്ചിട്ടില്ല എന്നാണ് മനസ്സിലാകുന്നത്. ഇത്തരം വാർത്തകൾ പ്രചരിക്കുന്ന സാഹചര്യത്തിൽ 49 ഇൻസ്റ്റിറ്റ്യൂഷനുകളിലും ഓഡിറ്റിംഗ് ശക്തമാക്കിയിട്ടുണ്ട്. അതിനപ്പുറത്തേയ്ക്ക്

മനുഷ്യക്കടത്ത് പോലുള്ള കാര്യങ്ങളിൽ പോലീസ്തന്നെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

ശ്രീ. എച്ച്. സലാം: സർ, സർക്കാർ മെഡിക്കൽ കോളേജുകളിൽ നിരവധി അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടന്നിട്ടുണ്ട്. അവിടെ ബന്ധുക്കളുടെ അവയവം മാത്രമാണ് മാറ്റിവയ്ക്കപ്പെടുന്നത്. ബന്ധുകൾ അല്ലാത്തവരുടെ അവയവം മാറ്റിവയ്ക്കുന്നതിന് തടസ്സങ്ങളുണ്ടാകുന്നതിനാൽ അക്കാര്യം  പരിശോധിച്ച് സാങ്കേതിക തടസ്സങ്ങൾ മാറ്റുന്നതിനാവശ്യമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, ബഹുമാനപ്പെട്ട അംഗം പ്രതിനിധാനം ചെയ്യുന്ന അമ്പലപ്പുഴ മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ആലപ്പുഴ മെഡിക്കൽ കോളേജിൽ ഇതുവരെ മരണാനന്തര അവയവദാനങ്ങൾ മാത്രമാണ് നടത്തിയിട്ടുള്ളത്.  സർക്കാർ മേഖലയിൽ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടക്കുന്നത് തിരുവനന്തപുരത്തും കോട്ടയത്തും കോഴിക്കോടുമാണ്. അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ വളരെ സങ്കീർണ്ണവും ഭാരിച്ച ചെലവ് വരുന്നതുമാണ്. അതുകൊണ്ടാണ് സർക്കാർ ഈ മേഖലയിൽ ഇടപെടൽ

നടത്താൻ തീരുമാനിച്ചത്. സർക്കാർ മേഖലയിൽ ട്രാൻസ്പ്ലാന്റേഷനുവേണ്ടിയിട്ടുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് എന്നത് ജനകീയ ഇടപെടലാണ്. 40-45 ലക്ഷത്തോളം രൂപയാണ് അവയവമാറ്റത്തിനായി ചെലവഴിക്കേണ്ടിവരുന്നത്. ആയിരം രൂപ ഒന്നിച്ചെടുക്കാൻ ശേഷിയില്ലാത്ത ഒരു വ്യക്തിക്ക് ലിവർ ട്രാൻസ്പ്ലാന്റ് ചെയ്യേണ്ട സാഹചര്യം സംജാതമായാൽ ലക്ഷക്കണക്കിന് രൂപ എവിടെനിന്ന് കണ്ടെത്തും? അതുകൊണ്ടാണ് ഇക്കാര്യത്തിൽ ഒരു ഇടപെടൽ നടത്തുന്നതിന് സർക്കാർ തീരുമാനിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ഒരു ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ മറ്റ് നടപടിക്രമങ്ങൾ നടന്നുവരികയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കൂടുതൽ അവയവമാറ്റ ശസ്ത്രക്രിയകൾ സർക്കാർ ആശുപ്രതികളിൽ നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, സംസ്ഥാനത്ത് അവയവമാറ്റ ശസ്ത്രക്രിയകൾ വളരെ കൂടുതലായി നടക്കുന്നുണ്ട്. കിഡ്നി

സംബന്ധമായ അസുഖങ്ങളും കരൾ രോഗങ്ങളും വർദ്ധിച്ചുവരുന്ന സംസ്ഥാനമാണ് കേരളം. അതായത് 10 വർഷം മുമ്പുണ്ടായിരുന്നതിനേക്കാൾ കൂടുതലായി ഇത്തരം അസുഖങ്ങൾ വർദ്ധിക്കുകയും അതൊരു പ്രത്യേക സ്ഥിതിയിലാകുകയും ചെയ്യുമ്പോൾ ട്രാൻസ്പ്ലാന്റേഷൻ അല്ലാതെ വേറെ നിവൃത്തിയില്ലാതാകുകയാണ്. ബന്ധുക്കളുടെ അവയവങ്ങൾ യോജിച്ചതല്ലെങ്കിൽ പുറത്തുനിന്ന് ഡോണറെ ലഭിക്കണമെന്നതാണ് ട്രാൻസ്പ്ലാന്റേഷൻ നടത്തുമ്പോഴുള്ള പ്രധാന വെല്ലുവിളി. പക്ഷേ വ്യാജ വാർത്തകൾ വ്യാപകമായി പ്രചരിപ്പിക്കപ്പെടുന്നതോടുകൂടി ഒരു ഡോണറെ ലഭിക്കാത്ത അവസ്ഥയിൽ പല രോഗികളും ടെർമിനൽ സ്റ്റേജിലെത്തി നിൽക്കുകയാണ്. ഇത് വളരെ ഗൗരവത്തോടുകൂടി നോക്കിക്കാണേണ്ട വിഷയമാണ്. ട്രാൻസ്പ്ലാന്റേഷൻ അല്ലാതെ മറ്റൊരു ഓപ്ഷൻ അവരുടെ മുന്നിലില്ല. ഞാൻ ഇന്നിവിടെ വരുന്നതിനുമുമ്പ് ഇതുപോലൊരു വിഷയം എന്റെ മുമ്പിൽ വന്നിരുന്നു. സംസ്ഥാനത്ത് വ്യാപകമായി ഉയർന്നുവന്നുകൊണ്ടിരിക്കുന്ന ഇത്തരം വാർത്തകളുടെ പശ്ചാത്തലത്തിൽ ഡോണർമാരെ ലഭിക്കാത്ത അപകടകരമായ അവസ്ഥ

സംജാതമായിരിക്കുകയാണ്. ഇക്കാര്യം സർക്കാർ ഗൗരവതരമായി പരിഗണിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, നമ്മൾ നേരിടുന്ന വളരെ ഗൗരവതരമായ വിഷയമാണ് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചത്. സംസ്ഥാനത്ത് കിഡ്നി ട്രാൻസ്പ്ലാന്റേഷനുവേണ്ടി 2265 പേരും ലിവർ ട്രാൻസ്പ്ലാന്റേഷനുവേണ്ടി 408 പേരുമാണ് കാത്തിരിക്കുന്നത്. ലിവർ ട്രാൻസ്പ്ലാന്റേഷനുവേണ്ടി അപേക്ഷകൾ ലഭിച്ചാൽ ഡിസ്ട്രിക്ട് ലെവൽ ഓതറൈസേഷൻ കമ്മിറ്റി മണിക്കൂറുകൾക്കകം തീരുമാനമെടുത്തില്ലെങ്കിൽ രോഗിക്ക് സർവൈവ് ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണ്. ഹാർട്ട് ട്രാൻസ്പ്ലാന്റേഷനുവേണ്ടി 71 പേരും കൈ മാറ്റിവയ്ക്കുന്നതിനുവേണ്ടി 11 പേരും പാൻക്രിയാസിനുവേണ്ടി 10 പേരും ചെറുകുടൽ മാറ്റിവയ്ക്കുന്നതിന് 3 പേരുമാണ് കാത്തിരിക്കുന്നത്. ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. ആന്തരികാവയവങ്ങൾക്കുണ്ടാകുന്ന ഗുരുതരമായ രോഗങ്ങൾ ജീവിതശൈലി രോഗത്തിന്റെ മറ്റൊരു ഘട്ടമാണ്. മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനാണ് കെ-സോട്ടോ

ശ്രമിക്കുന്നത്. മരണാനന്തര അവയവദാനത്തിൽ ഗണ്യമായ കുറവ് സംസ്ഥാനത്തുണ്ടായിട്ടുള്ളതായി കണക്കുകൾ പരിശോധിച്ചാൽ കാണാൻ സാധിക്കും. സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ 96 മരണാനന്തര അവയവ ദാനങ്ങൾ മാത്രമാണ് നടന്നത്. രാജ്യത്ത് നിലനിൽക്കുന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇതിന് സമഗ്രമായ പ്രോട്ടോക്കോളുണ്ട്. അവയവദാനം പ്രോത്സാഹിപ്പിക്കുകയും അവബോധം സൃഷ്ടിക്കുകയും ചൂഷണങ്ങൾ ഒഴിവാക്കുകയും ചെയ്യുകയെന്നത് വളരെ പ്രധാനമാണ്. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ സർക്കാർ നടത്തുന്നുണ്ടെങ്കിലും പൊതുബോധം സൃഷ്ടിക്കുന്നതിന് നമുക്കൊരുമിച്ച് പരിശ്രമിക്കാം.

**മൃതസഞ്ജീവനി പദ്ധതി**

2 (*152)ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. പി. മമ്മിക്കുട്ടി ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവദാനം മഹാദാനം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിൽ മൃതസഞ്ജീവനി പദ്ധതി എത്രമാത്രം വിജയിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സ്വകാര്യ ആശുപത്രിയിൽ അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്നതിന് പാലിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് പോലീസ് ക്ലിയറൻസും മെഡിക്കൽ ബോർഡിന്റെ അനുമതിയും നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സുതാര്യവും നിയമവിധേയവുമാക്കുന്നതിനായി നിയമ നിർമ്മാണത്തിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ,

(എ) മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി ഏറ്റവും ഉയർന്ന നിരക്കിലുള്ള മരണാനന്തര അവയവദാനം നടന്ന സംസ്ഥാനമാണ് കേരളം. മരണാനന്തര അവയവദാനത്തിനായി സമഗ്ര പ്രോട്ടോക്കോളും SOP-യും

തയ്യാറാക്കിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനം കേരളമാണ്. മസ്തിഷ്ക മരണം നിർണ്ണയിക്കുന്നതിനും മസ്തിഷ്ക മരണം സ്ഥിരീകരിച്ചശേഷം അവയവദാനം തിരഞ്ഞെടുക്കാത്ത അവസരങ്ങളിൽ രോഗികൾക്ക് വെന്റിലേറ്റർ സപ്പോർട്ട് നിർത്തിവയ്ക്കുന്നതിനുമുള്ള മാതൃകാപരമായ ഉത്തരവ് ആദ്യം നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. പക്ഷേ 2016-നുശേഷം പൊതു സമൂഹത്തിൽ ചില തെറ്റായ പ്രചാരണങ്ങൾ ശക്തിപ്രാപിക്കുകയും ഇതുമൂലം പൊതുജനങ്ങൾക്കിടയിൽ അവയവദാനത്തെക്കുറിച്ച് ആശങ്ക ജനിപ്പിക്കാൻ ഇടയാക്കുകയും ചെയ്തു. ഇതിന്റെ ഫലമായി മസ്തിഷ്ക മരണാനന്തര അവയവദാനത്തിൽ കുറവുണ്ടാകുകയും ചെയ്തു. ഇതിനുള്ള പരിഹാര നടപടിയായി കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) രൂപീകരിക്കുകയും നേരത്തെ ഉണ്ടായിരുന്ന കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗിനെ ഇതിൽ ലയിപ്പിക്കുകയും ചെയ്തു. അവയവദാന പ്രക്രിയ കൂടുതൽ സുതാര്യവും നിഷ്പക്ഷവും ആക്കുന്നതിനുവേണ്ടിയാണ് കെ-സോട്ടോ രൂപീകരിച്ചത്. മരണാനന്തര അവയവദാനത്തിന്റെ മഹത്തായ മാനവിക മൂല്യത്തെക്കുറിച്ച്

പൊതുസമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിൽ കെ-സോട്ടോ വലിയ പങ്കുവഹിക്കുന്നുണ്ട്. കെ-സോട്ടോയുടെ അനുദിന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും വിലയിരുത്തുന്നതിനുമായി ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായ എക്സിക്യൂട്ടീവ് കമ്മിറ്റിയും നയപരമായ കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി അധ്യക്ഷയായ ഗവേർണിംഗ് ബോഡിയും നിലവിലുണ്ട്. ഈ കമ്മിറ്റികൾ കെ-സോട്ടോയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിവരുന്നു.

(ബി) ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് ആക്ട് 1994, ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് റൂൾസ് 2014, 19-11-2010-ലെ 14931/എസ്2/2009/ ആ.കു.വ. നമ്പർ വിജ്ഞാപനം എന്നിവ പ്രകാരമാണ് ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവമാറ്റം നടക്കുന്നത്. ബന്ധുവേതര അവയവദാനത്തിൽ അവയവദാതാവും സ്വീകർത്താവും തമ്മിൽ പണമിടപാടില്ലെന്ന് ഉറപ്പുവരുത്തുവാനായി ജില്ലാതല ഓതറൈസേഷൻ കമ്മിറ്റി ദാതാവിന്റെയും

സ്വീകർത്താവിന്റെയും കഴിഞ്ഞ 3 വർഷത്തെ ബാങ്ക് ഇടപാടുകൾ പരിശോധിക്കാറുണ്ട്. കൂടാതെ അവർ തമ്മിലുള്ള അവയവമാറ്റത്തിൽ പണമിടപാടുകളൊന്നും ഇല്ലായെന്നും സംയുക്ത അപേക്ഷയിൽ പറയുന്നതുപോലുള്ള ബന്ധം അവർ തമ്മിലുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നതിനും ബന്ധപ്പെട്ട റവന്യൂ അധികാരികളിൽനിന്നോ ജനപ്രതിനിധികളിൽനിന്നോ ഉള്ള സർട്ടിഫിക്കറ്റും പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റും കമ്മിറ്റി മുമ്പാകെ ഹാജരാക്കേണ്ടതായിട്ടുണ്ട്. ബന്ധുവേതര അവയവദാനത്തിൽ ദാതാവും സ്വീകർത്താവും തമ്മിലുള്ള ബന്ധം സ്ഥാപിക്കുന്നതിനുള്ള ഒരു സാക്ഷ്യപത്രം എന്ന നിലയാണ് ജനപ്രതിനിധികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് കമ്മിറ്റി പരിഗണിക്കുന്നത്. ഇതിനുപുറമെ അവയവദാതാവിനെയും സ്വീകർത്താവിനെയും അവരുടെ അടുത്ത ബന്ധുക്കളേയും കമ്മിറ്റി നേരിൽ കേൾക്കുകയും പണമിടപാടുകളൊന്നും തന്നെയില്ലെന്നും ജീവകാരുണ്യപരമായ കാരണങ്ങളാലാണ് അവയവദാനം എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. അവയവദാന ശസ്ത്രക്രിയയിൽ ഉൾപ്പെട്ടിരിക്കുന്ന

സങ്കീർണ്ണതകളെക്കുറിച്ചും അവയവദാനത്തിനുശേഷം പുലർത്തേണ്ട ജീവിതശൈലിയെക്കുറിച്ചും ദാതാവിനേയും അവരുടെ അടുത്ത ബന്ധുക്കളേയും ബോധ്യപ്പെടുത്തുന്നതാണ്. കൂടാതെ കമ്മിറ്റിയുടെ പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും ആവശ്യമെങ്കിൽ പുന:പരിശോധന നടത്തുന്നതിനുംവേണ്ടി കമ്മിറ്റിയുടെ നടപടിക്രമങ്ങളും അഭിമുഖങ്ങളും വീഡിയോ റെക്കോർഡ് ചെയ്ത് സൂക്ഷിക്കുന്നു. ഇപ്രകാരം സൂക്ഷ്മ പരിശോധന നടത്തിയശേഷം മാത്രമാണ് കമ്മിറ്റി ശസ്ത്രക്രിയയ്ക്ക് അനുവാദം നൽകുന്നത്.

(സി) അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ നിലവിൽ സുതാര്യവും നിയമവിധേയവുമാണ്. ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആക്ട് 1994, ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആൻഡ് ടിഷ്യൂസ് റൂൾസ് 2014, 19-11-2010-ലെ 14931/എസ്2/2009/ആ.കു.വ. നമ്പർ വിജ്ഞാപനം എന്നിവ പ്രകാരമാണ് ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവമാറ്റം നടക്കുന്നത്. ആയതിനാൽ പുതിയ നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഇന്ത്യയിൽ ഏറ്റവുമധികവും സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനമാണ് കേരളം. കേന്ദ്ര സർക്കാർ നൽകുന്ന 'ആരോഗ്യ മന്ഥൻ' പുരസ്കാരം തുടർച്ചയായി നമ്മുടെ സംസ്ഥാനമാണ് നേടുന്നത്. അതുമാത്രമല്ല, കേന്ദ്ര സർക്കാർ ചികിത്സാ ധനസഹായത്തിനായി മാറ്റിവയ്ക്കുന്ന തുകയുടെ പതിന്മടങ്ങാണ് കേരള സർക്കാർ ജനങ്ങൾക്ക് നൽകുന്നത്. അതിനെ ഞാൻ അഭിനന്ദിക്കുന്നു. സർക്കാർ മേഖലയിലുള്ള മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്നതിനുള്ള സൗകര്യങ്ങൾ എവിടെയൊക്കെയുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീമതി വീണാ ജോർജ്: സർ, നിലവിൽ തിരുവനന്തപുരം, കോട്ടയം, കോഴിക്കോട്, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ ട്രാൻസ്പ്ലാന്റേഷൻ നടക്കുന്നുണ്ട്. അടുത്തിടെ കോട്ടയം മെഡിക്കൽ കോളേജിൽ പത്താമത്തെ ഹാർട്ട് ട്രാൻസ്പ്ലാന്റേഷൻ നടന്നു. ലിവർ ട്രാൻസ്പ്ലാന്റേഷൻ സങ്കീർണ്ണവും ഭാരിച്ച ചെലവ് വരുന്നതുമാണ്. ഈ സർക്കാരിന്റെ കാലത്ത് നമുക്കത് ആരംഭിക്കാൻ കഴിഞ്ഞുവെന്നത് വളരെ സന്തോഷമുള്ള കാര്യമാണ്.

കോട്ടയം മെഡിക്കൽ കോളേജിൽ ആറും ഏഴും ലിവർ ട്രാൻസ്പ്ലാന്റേഷനുകളാണ് നടന്നത്. അതിൽ മിക്കതും സൗജന്യമായി അല്ലെങ്കിൽ ഏറ്റവും മിതമായ നിരക്കിൽ നടത്തുന്നതിന് സാധിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലും ലിവർ ട്രാൻസ്പ്ലാന്റേഷൻ ആരംഭിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിൽ മികച്ച നിലയിൽ കിഡ്നി ട്രാൻസ്പ്ലാന്റേഷൻ നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ ട്രാൻസ്പ്ലാന്റേഷന് മാത്രമായി ഒരു ഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോട് ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതൊരു ജനകീയ ഇടപെടലാണ്. ഈ മേഖലയിൽ നിലനിൽക്കുന്ന ചൂഷണങ്ങളെയും സാമ്പത്തിക പ്രതിസന്ധികളെയും അതിജീവിക്കുന്നതിന് ജനങ്ങൾക്ക് സഹായകമാകുന്ന ഒരു ബൃഹദ് പദ്ധതിയാണിത്. അതിന്റെ പ്രവർത്തനങ്ങൾ സർക്കാർ മുന്നോട്ടുകൊണ്ടുപോകുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കിഡ്നി, ലിവർ ട്രാൻസ്പ്ലാന്റേഷനും ആലപ്പുഴ മെഡിക്കൽ കോളേജിൽ കിഡ്നി ട്രാൻസ്പ്ലാന്റേഷനും കോട്ടയം മെഡിക്കൽ കോളേജിൽ കിഡ്നി,

ഹാർട്ട്, ലിവർ ട്രാൻസ്പ്ലാന്റേഷനും കോഴിക്കോട് മെഡിക്കൽ കോളേജിൽ കിഡ്നി ട്രാൻസ്പ്ലാന്റേഷനും നടത്തുന്നുണ്ട്. കൂടാതെ കോർണിയ ശസ്ത്രക്രിയയും ഇവിടെയെല്ലാം നടക്കുന്നുണ്ട്. രാജ്യത്താദ്യമായി ഒരു ജില്ലാതല ആശുപത്രിയിൽ കിഡ്നി ട്രാൻസ്പ്ലാന്റേഷൻ നടത്തിയത് എറണാകുളം ജനറൽ ആശുപത്രിയിലാണ്. കഴിഞ്ഞ വർഷമാണ് അത് നടത്തിയത്. ഇപ്പോൾ അവിടെ ഹാർട്ട് ട്രാൻസ്പ്ലാന്റേഷനുള്ള തയ്യാറെടുപ്പുകൾ നടത്തിവരികയാണ്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, കേരളത്തിൽ 1956 മുതൽ 1980 വരെയുള്ള കാലഘട്ടത്തിലെ ആരോഗ്യരംഗത്തെ പ്രവർത്തനമാണ് കേരളാ മോഡൽ എന്ന് വിശേഷിപ്പിക്കപ്പെടുന്നത്. ആരോഗ്യരംഗത്ത് അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്ന ആർദ്രം-I, II, പൊതുജനാരോഗ്യ കേഡർ, പൊതുജനാരോഗ്യ നിയമം 2023 തുടങ്ങിയവ കേരളത്തിലെ ആരോഗ്യരംഗത്ത് നിലനിൽക്കുന്ന പുതിയ പ്രശ്നങ്ങളെ നേരിടുവാനുള്ള മറ്റൊരു കേരളാ മോഡലാകുകയാണ്. അതിനെ ഞാൻ അഭിനന്ദിക്കുന്നു. അവയവദാന മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

ഓർഗൻ ട്രാൻസ്പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

ശ്രീമതി വീണാ ജോർജ്: സർ, പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിനെ സംബന്ധിച്ചാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്. ഇതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും പ്രോജക്ടിന്റെ ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ കോഴിക്കോട് ത്വക്ക് രോഗാശുപത്രി പ്രവർത്തിക്കുന്ന സ്ഥലത്താണ് ഈ സ്ഥാപനത്തിനുവേണ്ടിയുള്ള സ്ഥലം കണ്ടെത്തിയിട്ടുള്ളത്. എല്ലാവിധത്തിലുമുള്ള അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളും അവിടെ നടത്തുക എന്നതിനോടൊപ്പം അവയവം മാറ്റിവയ്ക്കുന്ന ഘട്ടത്തിലേയ്ക്ക് കടക്കുന്നതിനുമുമ്പ് അതൊഴിവാക്കുന്നതിന് ആധുനിക ചികിത്സ ഉറപ്പാക്കുകയെന്നുള്ളതും ഈ സ്ഥാപനത്തിന്റെ ലക്ഷ്യമായിരിക്കും. സർക്കാർ മേഖലയിൽ ഇങ്ങനെയൊരു സംവിധാനമുണ്ടാവുകയെന്നത് പരമപ്രധാനമാണ്. കണക്കുകൾ പരിശോധിച്ചാൽ സംസ്ഥാനത്ത് നടക്കുന്ന അവയവമാറ്റ ശസ്ത്രക്രിയകളിൽ വളരെ കുറച്ച് ശതമാനം മാത്രമെ സർക്കാർ മേഖലയിൽ നടപ്പാക്കാൻ

കഴിയുന്നുള്ളൂവെന്ന് കാണാൻ സാധിക്കും. ഭൂരിഭാഗം അവയവമാറ്റ ശസ്ത്രക്രിയകളും നടക്കുന്നത് സ്വകാര്യ മേഖലയിലാണ്. സർക്കാരിന്റെ കീഴിലുള്ള അവയവ മാറ്റിവയ്ക്കൽ ഇൻസ്റ്റിറ്റ്യൂട്ട് വളരെ വേഗം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, അവയവ മാറ്റത്തിൽ ഏറ്റവും കൂടുതൽ ആവശ്യമായി വരുന്നത് കിഡ്നി, ലിവർ, മജ്ജപോലുള്ള അവയവങ്ങളാണ്. ഒരു രോഗിക്ക് കിഡ്നി മാറ്റിവയ്ക്കേണ്ടിവരുന്ന സന്ദർഭത്തിൽ ബന്ധുവിന്റെ കിഡ്നി മാച്ച് ചെയ്യാതെ വരുമ്പോൾ അവർ മറ്റൊരു ലിവിംഗ് ഡോണറിനെ സമീപിക്കേണ്ടിവരുന്നു. അത്തരമൊരു ഘട്ടത്തിൽ അവർ ആവശ്യപ്പെടുന്നത് ഭീമമായ തുകയായിരിക്കും. അതിനായി ഇടനിലക്കാരായ ഏജന്റുമാരുമുണ്ടാകും. ലിവിംഗ് ഡോണർ അവയവദാനത്തിന് വിസമ്മതിച്ചാൽ ഈ രോഗിക്ക് അവയവം ലഭിക്കാത്ത സാഹചര്യം സംജാതമാകും. അത്തരം സന്ദർഭങ്ങളിൽ ഡി.എൽ.എ.സി. എന്ത് നടപടിയാണ് സ്വീകരിക്കുക; ബന്ധുക്കൾതന്നെ അവയവം നൽകണമെന്ന് നിർബന്ധിക്കാൻ കഴിയുമോ; ചെറുപ്പക്കാരായ രോഗികൾക്ക് അവയവം മാറ്റിവയ്ക്കുന്നതുസംബന്ധിച്ച് തീരുമാനമെടുക്കാൻ ഗവൺമെന്റിന്/ഡോക്ടർമാർക്ക് കഴിയുമോ; എന്നാൽ ഒരു ഘട്ടം കഴിഞ്ഞ്,

അതായത് 70-80 വയസ്സ് കഴിഞ്ഞവർക്ക് അവയവം മാറ്റിവയ്ക്കേണ്ടതിന്റെ ആവശ്യകതയുണ്ടോയെന്ന കാര്യം പരിശോധിക്കുമോ; ഇതുസംബന്ധിച്ച് ആവശ്യമായ ബോധവൽക്കരണം നടത്താൻ സർക്കാർ തയ്യാറാകുമോ?

ശ്രീമതി വീണാ ജോർജ്: സർ, ലിവിംഗ് ഡോണർ അവയവം നൽകുമ്പോൾ രണ്ട് രീതിയാണ് പിന്തുടരുന്നത്. ബന്ധുക്കൾ എന്ന വിഭാഗത്തിൽ അച്ഛനും അമ്മയും മകനും മകളും സഹോദരനും സഹോദരിയും മുത്തച്ഛനും മുത്തശ്ശിയുമാണ് ഉൾപ്പെടുന്നത്. മറ്റുള്ളവരെല്ലാം  ബന്ധുവേതര വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. ബന്ധുക്കൾ എന്ന വിഭാഗത്തിലുള്ളവർക്ക് ഡി.എൽ.എ.സി.-യുടെ മുമ്പാകെ ഹാജരാകേണ്ടതില്ല. ഏത് ആശുപത്രിയിലാണോ അവയവം മാറ്റിവയ്ക്കുന്നത് ആ ആശുപത്രിയിൽത്തന്നെ ബന്ധുക്കളാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയാൽ മതിയാകും. പക്ഷെ ബന്ധുവേതര അവയവദാനം വരുമ്പോഴാണ് DLAC മുമ്പാകെ അപേക്ഷകർ ഹാജരാകേണ്ടത്. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പണമിടപാട് ഇതിൽ ഒരു കാരണവശാലും നിയമപരമായി അനുവദിക്കപ്പെടുന്നതല്ല. പണമിടപാട് നടന്നിട്ടുണ്ടെങ്കിൽ അത് കുറ്റകരമാണ്. ഏതെങ്കിലും ആശുപത്രിയിൽ അങ്ങനെ പണമിടപാട് നടന്നതായിട്ടോ അല്ലെങ്കിൽ ഇടനിലക്കാർ ഉള്ളതായോ തെളിഞ്ഞാൽ ആ ആശുപത്രിയുടെ

അവയവ മാറ്റിവയ്ക്കലിനുള്ള ലൈസൻസ് റദ്ദ് ചെയ്യുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. അതുകൊണ്ട് പണമിടപാടും ഇടനിലക്കാരും ഒരു കാരണവശാലും ഉണ്ടാകാൻ പാടില്ല. എവിടെയെങ്കിലും അങ്ങനെ നടന്നതായി റിപ്പോർട്ടുചെയ്താൽ അതിനെതിരെ നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്. 70-80 വയസ് കഴിഞ്ഞവർക്ക് അവയവം മാറ്റിവയ്ക്കേണ്ടതിന്റെ ആവശ്യകതയുണ്ടോയെന്ന കാര്യം പരിശോധിക്കണമെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. അതൊരു വ്യക്തിയുടെ അവകാശമാണ്. അതുസംബന്ധിച്ച് അഭിപ്രായം പറയാൻ ഒരു സർക്കാരിനും കഴിയില്ല. ബന്ധുവേതര അവയവദാനവുമായി ബന്ധപ്പെട്ട് ഈ മാനദണ്ഡങ്ങൾക്കുള്ളിൽനിന്നുകൊണ്ട് നിർവ്വഹിക്കുന്നതിനാണ് DLAC-കൾ ശ്രമിക്കുന്നത്.

ശ്രീ. എം. എസ്. അരുൺകുമാർ: സർ, അവയവദാനം ഏറ്റവും മഹത്തായ പ്രവൃത്തിയാണ്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഒപ്പം അവയവദാനം ചെയ്യുന്നവർക്കും സ്വീകരിക്കുന്നവർക്കും ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീമതി വീണാ ജോർജ്: സർ, അവയവം നൽകുന്നവർക്കും സ്വീകരിക്കുന്നവർക്കുമുള്ള പരിശീലനം കെ-സോട്ടോ വഴിയാണ് നൽകുന്നത്. കെ-സോട്ടോയുടെ പ്രധാന ഉത്തരവാദിത്വങ്ങളിലൊന്നാണിത്. അതുകൂടാതെ മസ്തിഷ്ക മരണമുൾപ്പെടെ സ്ഥിരീകരിക്കുന്നതിനുവേണ്ടി ഡോക്ടർമാരുടെ ഒരു ടീമിനെ എംപാനൽ ചെയ്തിട്ടുണ്ട്. അവർക്കും കൃത്യമായ പരിശീലനം നൽകിയതിനുശേഷമാണ് ഈ ടീമിനെ കെ-സോട്ടോ ഉത്തരവാദിത്വം ഏൽപ്പിക്കുന്നത്. കൂടാതെ, നേരത്തെ സൂചിപ്പിച്ചതുപോലെ വലിയ രീതിയിലുള്ള തെറ്റായ പ്രചാരണങ്ങൾക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കെ-സോട്ടോയുടെ നേതൃത്വത്തിൽ ശക്തമായ ശ്രമങ്ങൾ നടത്തുന്നുണ്ട്. ഇതിനായുള്ള വെബ്സൈറ്റ് പരിശോധിച്ചാൽ അവയവദാനം എങ്ങനെയാണ് നടത്തേണ്ടതെന്നതുസംബന്ധിച്ച എല്ലാ വിവരങ്ങളും ലഭ്യമാകും. അവയവദാനവുമായി ബന്ധപ്പെട്ട് വളരെ സുതാര്യമായി കാര്യങ്ങൾ നടപ്പാക്കുന്നതിനും കൃത്യമായ അവബോധം ജനങ്ങളിൽ എത്തിക്കുന്നതിനുംവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് കെ-സോട്ടോ നടത്തുന്നത്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, അവയവദാന ചൂഷണം ഇതിവൃത്തമാക്കി മലയാളത്തിൽ റിലീസ് ചെയ്ത രണ്ട് സിനിമകളാണ് നിർണ്ണയവും ജോസഫും.

അവയവദാനത്തിലെ ചൂഷണം സംബന്ധിച്ച പരാതിയിന്മേൽ ഏതെങ്കിലും തരത്തിലുള്ള കൺവിക്ഷൻ ഇതുവരെ ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീമതി വീണാ ജോർജ്: സർ, ഇതുസംബന്ധിച്ച് സർക്കാരിനോ കെ-സോട്ടോയ്ക്കോ ഒരു പരാതിയും ലഭിച്ചിട്ടില്ല. എന്നാൽ പല രീതിയിലുമുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കെ-സോട്ടോയ്ക്ക് നടപടി സ്വീകരിക്കാൻ സാധിക്കും. കെ-സോട്ടോ ഒരു സ്റ്റേറ്റ് ഓർഗനൈസേഷനാണ്. കെ-സോട്ടോയ്ക്ക് നിയമപരമായി ചെയ്യാൻ കഴിയുന്നത് ഓഡിറ്റിംഗ് നടത്തുകയെന്നതാണ്, അത് കൃത്യമായി നടത്തുന്നുമുണ്ട്. ഇടനിലക്കാരെ സംബന്ധിച്ച് വ്യക്തികൾ യാഥാർത്ഥ്യം വെളിപ്പെടുത്താത്തിടത്തോളംകാലം അവർക്കെതിരെ നിയമ നടപടി സ്വീകരിക്കാൻ കഴിയില്ല. എന്നിരുന്നാലും ഇത്തരം വാർത്തകളിന്മേൽ പരിശോധനകൾ നടത്തുന്നതിനുള്ള നിർദ്ദേശമാണ് കെ-സോട്ടോയ്ക്ക് നൽകിയിരിക്കുന്നത്. പരിശോധന നടത്തി, അതിന്മേലുള്ള കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും തരത്തിലുള്ള പിഴവുകൾ വരുത്തിയിട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടാൽ നടപടികൾ സ്വീകരിക്കുകതന്നെ ചെയ്യും. ചൂഷണം സംബന്ധിച്ച പരാതിയിന്മേൽ ഇതുവരെ കൺവിക്ഷൻ ഉണ്ടായിട്ടില്ല.

ഡോ. കെ. ടി. ജലീൽ: സർ, അവയവദാനം മഹാദാനമാണ്. പക്ഷെ അവയവദാനത്തിലുണ്ടാകുന്ന കുറവ് അവയവ മാഫിയാ സംഘങ്ങൾ തഴച്ച് വളരുന്നതിന് കാരണമായിട്ടുണ്ട്. സ്വന്തക്കാർക്കും ബന്ധുക്കൾക്കുംവരെ മറ്റുള്ളവരുടെ അവയവങ്ങൾ പണം കൊടുത്ത് വാങ്ങിവയ്ക്കുകയെന്നുള്ള ഒരു രീതിയും ശീലവുമാണ് ഇപ്പോൾ നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നത്. സത്യത്തിൽ ഒരാൾ ജീവിക്കേണ്ടതുണ്ടോയെന്ന് തീരുമാനിക്കേണ്ടത് നമ്മുടെ കുടുംബക്കാരും ബന്ധുക്കളുമാണ്. നമ്മൾ ജീവിക്കേണ്ടതില്ലെന്നുള്ള വസ്തുതയാണ് ബന്ധുക്കൾ അവയവങ്ങൾ ദാനം ചെയ്യാൻ വിസമ്മതിക്കുന്നതിലൂടെയും പണം കൊടുത്ത് മറ്റുള്ളവരിൽനിന്നും അവയവങ്ങൾ വാങ്ങിവയ്ക്കുന്നതിലൂടെയും വ്യക്തമാകുന്നത്. അതിനാൽ ഈ രംഗത്ത് വലിയൊരു ബോധവൽക്കരണം അനിവാര്യമാണ്. മുൻകാലങ്ങളിൽ രക്തം ദാനം ചെയ്യാൻ സ്വന്തക്കാർ തയ്യാറാകുമായിരുന്നില്ല. ജനങ്ങളിൽ വലിയ ബോധവൽക്കരണം നടത്തിയതിനുശേഷമാണ് ആ രംഗത്ത് വലിയ കുതിച്ചുചാട്ടമുണ്ടായത്. അതുപോലെ അവയവ ദാനവുമായി ബന്ധപ്പെട്ട് മറ്റൊരു ക്യാമ്പയിൻ നടത്തേണ്ടത് അനിവാര്യമാണ്. ഇതുമായി ബന്ധപ്പെട്ട് ദാതാവിന്റെ ദാരിദ്ര്യവും

കഷ്ടപ്പാടും ചൂഷണം ചെയ്യാൻ പാടില്ല. ഇതിനായി ശക്തമായൊരു ക്യാമ്പയിൻ നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീമതി വീണാ ജോർജ്: സർ, ബഹുമാനപ്പെട്ട അംഗം പങ്കുവെച്ചത് നമ്മുടെയെല്ലാം പൊതുവികാരമാണ്. കാരണം ഇത്തരം തെറ്റായ ധാരണകൾക്കും പ്രചാരണങ്ങൾക്കുമെതിരെ ശക്തമായ ബോധവൽക്കരണം നടത്തുന്നതിനുള്ള ക്യാമ്പയിൻ നടത്തിയിരുന്നു. കൂടാതെ കൂടുതൽ ജനകീയമായ മറ്റൊരു ക്യാമ്പയിൻകൂടി നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ എല്ലാവരും നേരിട്ടും അല്ലാതെയും ഒപ്പമുണ്ടാകുമെന്ന് ഉറപ്പാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വളരെ ഹൃദയസ്പർശിയായ ഒരനുഭവം ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒരച്ഛന് പ്രായപൂർത്തിയാകാത്ത മകൾ അവയവം ദാനം ചെയ്യുന്നതിന് തീരുമാനിച്ചു. ഈ വിഷയം സർക്കാരിന്റെ മുന്നിൽ വന്നപ്പോൾ, ആ കുട്ടി പ്രായപൂർത്തിയാകാത്തതിനാൽ തീരുമാനമെടുക്കാൻ കഴിഞ്ഞില്ല. പക്ഷെ അവർ ഈ ആവശ്യവുമായി കോടതിയെ സമീപിച്ചു. എന്നാൽ അച്ഛന് അവയവം ദാനം ചെയ്യാൻ കോടതി മകളെ അനുവദിച്ചു. ഇപ്പോൾ അവർ രണ്ടുപേരും സുഖമായിരിക്കുന്നുണ്ട്. അത്തരത്തിലുള്ള വളരെ സ്നേഹവും ആർദ്രതയുമുള്ള ഇടപെടലുകളും ബന്ധങ്ങളുമുണ്ട്. തീർച്ചയായും ഇതുമായി ബന്ധപ്പെട്ട്

ശക്തമായൊരു ബോധവൽക്കരണ പ്രവർത്തനം ആവശ്യമുണ്ടെന്നുള്ളതാണ് സർക്കാർ നിലപാട്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, അവയവദാനം സംബന്ധിച്ച് അതത് മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ ബോർഡ് യോഗം ചേരാറുണ്ട്. സമയബന്ധിതമായി തീരുമാനമെടുത്ത് രോഗിക്ക് അവയവം മാറ്റി വയ്ക്കുന്നൊരു സാഹചര്യം ഉണ്ടാകുന്നില്ല. ഇത് സമയബന്ധിതമായി തീർപ്പാക്കാൻ സാധിക്കുമോ?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, ഇതും പ്രധാനപ്പെട്ട വിഷയമാണ്. എല്ലാ ആഴ്ചയിലും ഒരു നിശ്ചിത ദിവസം അതത് മെഡിക്കൽ കോളേജുകളിൽ DLAC-കൾ കൂടണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. അത് കൃത്യമായി നടക്കുന്നുണ്ട്. ലിവർ ട്രാൻസ്പ്ലാന്റേഷന് അപേക്ഷ ലഭിച്ചാൽ നിശ്ചിത ദിവസം കമ്മിറ്റി കൂടുന്നത് പ്രായോഗികമല്ല. കാരണം മണിക്കൂറുകൾക്കകം ലിവർ ട്രാൻസ്പ്ലാന്റേഷൻ നടത്തിയില്ലെങ്കിൽ രോഗിയുടെ നില ഗുരുതരാവസ്ഥയിലാകും. എന്നാൽ കിഡ്നി ട്രാൻസ്പ്ലാന്റേഷനും മറ്റ് ട്രാൻസ്പ്ലാന്റേഷനുകളും ഈ രീതിയിലാണ് നടക്കുക. നേരത്തെ ഈ

കമ്മിറ്റികളിലെല്ലാം പ്രിൻസിപ്പൽ സെക്രട്ടറിയോ അഡീഷണൽ ചീഫ് സെക്രട്ടറിയോ നേരിട്ട് പങ്കെടുക്കണമായിരുന്നു. തിരുവനന്തപുരത്തുനിന്നും ഓരോ മെഡിക്കൽ കോളേജിലും പോയി DLAC-കളിൽ പങ്കെടുക്കുക എന്നത് പ്രായോഗികമായി സാധ്യമല്ലാത്ത സാഹചര്യത്തിൽ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അല്ലെങ്കിൽ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഒരു പ്രതിനിധി എന്ന നിലയിലേയ്ക്ക് അത് മാറ്റിയിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിലാണ് അപ്രകാരമൊരു മാറ്റം നടപ്പിലാക്കിയത്. ആ രീതിയിൽ എല്ലാ ആഴ്ചയിലും ഏത് കമ്മിറ്റിയിലും പ്രതിനിധികൾക്ക് പങ്കെടുത്ത് കൃത്യമായി തീരുമാനം എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ കഴിയും. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഇതുമായി ബന്ധപ്പെട്ട് സമയബന്ധിതമായി തീരുമാനമെടുത്ത് മുന്നോട്ട് പോകുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

ശ്രീമതി കെ. കെ. രമ: സർ, സംസ്ഥാനത്ത് ബ്രെയിൻ ഡെത്ത് സ്ഥിരീകരിക്കുന്നതുമായി ബന്ധപ്പെട്ട നിയമങ്ങളെയും ചട്ടങ്ങളെയും കുറിച്ച് നേരത്തെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. 2017-ലെ സർക്കാർ

ഉത്തരവുപ്രകാരം ബ്രെയിൻ ഡെത്ത് സ്ഥിരീകരിക്കുന്ന നാല് ഡോക്ടർമാരിൽ ഒരാൾ സർക്കാർ ഡോക്ടറായിരിക്കണമെന്നാണ്. പക്ഷേ ഇങ്ങനെയല്ലാതെ ഒരു ഹോസ്പിറ്റലിലെതന്നെ ഡോക്ടർമാർ ബ്രെയിൻ ഡെത്ത് സ്ഥിരീകരിച്ച റിപ്പോർട്ടുകൾ തെളിവുസഹിതം പുറത്തുവന്നിട്ടുണ്ട്. ഇത്തരം കേസുകൾക്കെതിരെ നടപടി സ്വീകരിക്കുമോ; ഇത്തരം കേസുകൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

ശ്രീമതി വീണാ ജോർജ്: സർ, രാജ്യത്ത് നിലനിൽക്കുന്ന നിയമവും ചട്ടവും അനുസരിച്ചുള്ള മാനദണ്ഡങ്ങളിൽനിന്ന് ഒരു പടികൂടി കടന്നാണ് ചികിത്സിക്കുന്ന ആശുപത്രിക്ക് പുറത്തുനിന്നുള്ള ഡോക്ടർകൂടി സംഘത്തിൽ ഉണ്ടാകണമെന്ന് സംസ്ഥാന സർക്കാർ നിഷ്കർഷിക്കുന്നത്. അതായത് Kerala State Organ and Tissue Transplant Organization (K-SOTTO) എംപാനൽ ചെയ്ത ഡോക്ടർ തന്നെ ഉണ്ടാകണം. അതല്ലാതെയുള്ള കൺഫർമേഷനുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ കെ-സോട്ടോ പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഡോ. സുജിത് വിജയൻപിള്ള: സർ, കേരളത്തിൽ അവയവമാറ്റ ശസ്ത്രക്രിയകൾ കൂടുതൽ നടക്കുന്നത് സ്വകാര്യ ആശുപത്രികളിലാണ്. പക്ഷേ സോഷ്യൽ മീഡിയയിലൂടെയുള്ള നിരക്കുകൾ കാണുമ്പോൾ ഇതിലൊരു ഏകീകരണമില്ലെന്ന പൊതുബോധം സംജാതമായിട്ടുണ്ട്. അവയവം മാറ്റാൻ സാധിക്കുമോ എന്നതുസംബന്ധിച്ചുള്ള ടെസ്റ്റുകളാണ് പ്രത്യേകിച്ചും ആദ്യഘട്ടത്തിൽ ചെയ്യുന്നത്. അടിയന്തരമായി 5 ലക്ഷം രൂപ വേണം എന്നുള്ള രീതിയിൽ പൊതുജനങ്ങളെ, അല്ലെങ്കിൽ ബന്ധുക്കളെ പറഞ്ഞ് മനസ്സിലാക്കിക്കുമ്പോൾ അക്കാര്യം ജനപ്രതിനിധികളുടെ അടുത്തെത്തുന്നത് സ്വാഭാവികമാണ്. ഇതിനൊരു ഏകീകരണമുണ്ടാക്കാൻ സർക്കാർ ഇടപെടുമോ; അതുപോലെത്തന്നെ അവയവമാറ്റ ശസ്ത്രക്രിയ നടത്തിയ രോഗികൾക്ക് immunosuppressants അടക്കമുള്ള മരുന്നുകൾ ജീവിതകാലം മുഴുവൻ കഴിക്കേണ്ടിവരും. പ്രസ്തുത മരുന്നുകൾ മിതമായ വിലയ്ക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീമതി വീണാ ജോർജ്: സർ, കേരള നിയമസഭ പാസ്സാക്കിയ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ ആൻഡ് റെഗുലേഷൻ) ആക്ട് പ്രകാരം ഒരു ആശുപത്രിയിൽ നൽകുന്ന സേവനങ്ങൾക്ക് ഈടാക്കുന്ന ചാർജ്ജുകൾ അവിടെ പ്രദർശിപ്പിക്കണമെന്നുള്ളതാണ്. പക്ഷേ, പ്രസ്തുത ആക്ടിനെതിരെ 2017-ൽത്തന്നെ കോടതിയിൽനിന്ന് സ്റ്റേ വാങ്ങിയൊരു സമീപനമാണ് ഉണ്ടായിട്ടുള്ളത്. പൊതുജന ആവശ്യാർത്ഥം ഏറ്റവും അനിവാര്യമായൊരു കാര്യമെന്ന നിലയിൽത്തന്നെയാണ് സർക്കാർ ഇതിനെ കാണുന്നത്. ഇതിനൊരു ഏകീകൃത സ്വാഭാവം ഉണ്ടാക്കുന്നതിനുവേണ്ടി, പ്രത്യേകിച്ച് ഭാരിച്ച തുക ചെലവ് വരുന്ന പരിശോധനകൾ അനിവാര്യമാകുന്ന സാഹചര്യത്തിൽ അതിന് സാധിക്കുമോ എന്നുള്ളത് പരിശോധിക്കണം. ഒരു ആശുപത്രിയിൽ നൽകുന്ന സേവനങ്ങൾക്ക് ഈടാക്കുന്ന ചാർജ്ജുകൾ നിയമപ്രകാരം പ്രദർശിപ്പിക്കണം. സ്വകാര്യ ആശുപത്രികൾ തീർച്ചയായും നിയമപ്രകാരംതന്നെ ചെയ്യേണ്ടൊരു കാര്യമാണത്. അതോടൊപ്പം അവയവമാറ്റ ശസ്ത്രക്രിയ നടത്തിയ രോഗികൾക്ക് subsidised ആയി

മരുന്നുകൾ നൽകാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇപ്പോൾ ഭൂരിപക്ഷം ജില്ലാ പഞ്ചായത്തുകളും അതിനുള്ള തുക വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നുണ്ട്. കാൻസറിനുവേണ്ടിയുള്ള zero profit stores ഈ ജൂലൈ മാസത്തിൽത്തന്നെ ആരംഭിക്കും. Subsidised റേറ്റിൽ ഈ മരുന്നുകൾക്കൂടി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ സർക്കാർ ആലോചിക്കുന്നുണ്ട്.

ശ്രീ. യു. എ. ലത്തീഫ്: സർ, മഞ്ചേരി മെഡിക്കൽ കോളേജിൽ രാത്രികാല പോസ്റ്റ്മോർട്ടം നടത്താമെന്ന് ബഹുമാനപ്പെട്ട മന്ത്രി എനിക്ക് ഉറപ്പുനൽകിയിരുന്നു. എന്നാൽ ഇന്നുവരെ അത് ആരംഭിച്ചിട്ടില്ല. മോർച്ചറി നവീകരിക്കുന്നതിനുവേണ്ടി എം.എൽ.എ. ഫണ്ടിൽനിന്നും 25 ലക്ഷം രൂപ ഞാൻ നൽകിയിട്ടുണ്ട്. അടിയന്തരമായി രാത്രികാല പോസ്റ്റ്മോർട്ടം നടത്താൻ അനുമതി നൽകുമോ?

ശ്രീമതി വീണാ ജോർജ്: സർ, ഇതിന് സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമില്ല. ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കിയാലും 4 മണി കഴിഞ്ഞാൽ പോസ്റ്റ്മോർട്ടം നടത്താത്തൊരു അവസ്ഥയാണ് ഇപ്പോൾ പലയിടത്തും കാണുന്നത്. ഈ കാലഘട്ടത്തിൽ അങ്ങനെയാകാൻ പാടില്ല,

രാത്രികാലത്തും പോസ്റ്റ്മോർട്ടം നടത്തണമെന്നുള്ളതാണ്. ഇതുസംബന്ധിച്ച് വകുപ്പിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്തിട്ടുണ്ട്. ഈ രീതിയിലുള്ള ക്രമീകരണങ്ങൾ ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള നടപടികൾ ഏകദേശം പൂർത്തിയായിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിലും രാത്രികാല പോസ്റ്റ്മോർട്ടം അനിവാര്യംതന്നെയാണ്. അതിന് ഒരു പ്രത്യേക നിർദ്ദേശത്തിന്റെ ആവശ്യമില്ല. അതവിടെ നടക്കുന്നുവെന്നത് നമുക്ക് ഉറപ്പാക്കാം.

**തീരപരിപാലന നിയമം**

3 (*153) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര തീരപരിപാലന നിയമത്തിലെ ചില വ്യവസ്ഥകൾമൂലം സംസ്ഥാനത്തെ തീരദേശവാസികൾക്ക് നേരിടേണ്ടി വന്ന ബുദ്ധിമുട്ടുകൾ

പരിഹരിക്കുന്നതിനായി നടത്തിയ ഇടപെടലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനെത്തുടർന്ന് തീരപരിപാലന നിയമത്തിലെ വ്യവസ്ഥകളിൽ എന്തെല്ലാം ഇളവുകൾ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) തീരദേശ ജനതയുടെ ആവാസ വ്യവസ്ഥയ്ക്കും സൗഹൃദാന്തരീക്ഷത്തിനും കോട്ടം തട്ടാത്തവിധം തീരപരിപാലന നിയമം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) സി.ആർ.ഇസഡ്. നിയമപരിധിമൂലം സംസ്ഥാനത്ത് തീരപ്രദേശങ്ങളിൽ വീടുകൾക്ക് നമ്പർ ലഭിക്കാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ-സി) 2011-ലെ തീരദേശ പരിപാലന നിയമത്തിൽ കൂടുതൽ ഇളവുകൾ ലഭിക്കുന്ന വിധമുള്ള ഭേദഗതി വിജ്ഞാപനം 18-01-2019-ൽ കേന്ദ്ര

സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. ഇതുപ്രകാരം ലഭ്യമാകുന്ന ഇളവുകൾ സംസ്ഥാനത്തിന് പൂർണ്ണമായും ഉപകാരപ്പെടുംവിധം പഠിച്ച് ശിപാർശകൾ സമർപ്പിക്കാൻ പരിസ്ഥിതി വകുപ്പ് സെക്രട്ടറി ചെയർമാനായി ഒരു മൂന്നംഗ വിദഗ്ധ സമിതിയെ സർക്കാർ നിയോഗിച്ചു. തുടർന്ന് വിദഗ്ധ സമിതിയുടെ റിപ്പോർട്ടുകൂടി പരിഗണിച്ച് കേന്ദ്ര സർക്കാരുമായി വിശദമായ ചർച്ചകൾക്കുശേഷം തീരദേശവാസികൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി. ഇതിന്റെ ഭാഗമായി പത്ത് തീരദേശ ജില്ലകളിലും 2023 മാർച്ച്-ജൂൺ കാലഘട്ടത്തിൽ പബ്ലിക് ഹിയറിംഗ് നടത്തി. ഏകദേശം 33,000 അഭിപ്രായങ്ങളും പരാതികളുമാണ് ലഭിച്ചത്. ഇവ ക്രോഡീകരിച്ച് കരട് പ്ലാനിൽ മാറ്റം വരുത്തുന്നതിനായി ചെന്നൈയിലെ നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റിന് (NCSCM) 07-02-2024-ന് അംഗീകാരത്തിനായി കൈമാറിയിട്ടുണ്ട്.

കരട് തീരദേശ പരിപാലന പ്ലാൻ കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥ വ്യതിയാന മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് ചുവടെ ചേർക്കും വിധമുള്ള പുതിയ ഇളവുകൾ സംസ്ഥാനത്ത് ലഭ്യമാകും.

1. 66 തീരദേശ ഗ്രാമപഞ്ചായത്തുകളെ CRZ -III ഗണത്തിൽനിന്നും കൂടുതൽ ഇളവുകൾ ലഭ്യമായ CRZ II-ലേയ്ക്ക് മാറ്റപ്പെടും.

2. പൊക്കാളി പാടങ്ങളേയും അതിന്റെ അനുബന്ധ പ്രദേശങ്ങളേയും CRZ നിയമത്തിന്റെ പരിധിയിൽനിന്ന് പൂർണ്ണമായും ഒഴിവാക്കും.

3. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 1000 ച.മീ. കൂടുതൽ വിസ്തൃതിയിൽ സ്ഥിതി ചെയ്യുന്ന കണ്ടൽകാടുകളുടെ ചുറ്റുമുണ്ടായിരുന്ന ബഫർ സോൺ പൂർണ്ണമായും ഒഴിവാക്കും.

4. തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന ഉൾനാടൻ ജലാശയങ്ങളുടെ നിർമ്മാണ നിരോധിത മേഖല 100 മീറ്ററിൽനിന്നും 50 മീറ്ററായി കുറയും.

(ഡി) തീരദേശത്തെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അനുമതി നിലവിലെ സി.ആർ.ഇസഡ്. വ്യവസ്ഥകൾക്ക് വിധേയമായി നൽകിവരുന്നുണ്ട്. പുതിയ പരിപാലന പ്ലാൻ നടപ്പാകുന്ന മുറയ്ക്ക് 300 ച.മീ.

വരെയുള്ള വീടുകൾക്കുള്ള അനുമതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാനാകും.

ശ്രീ. കെ. ജെ. മാക്സി: സർ, തീരദേശ പരിപാലന നിയമം തീരദേശ കെട്ടിട നിർമ്മാണം, ടൂറിസം മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് സാധാരണഗതിയിൽ വലിയ പ്രയാസങ്ങളുണ്ട്. കരട് തീരദേശ പരിപാലന പ്ലാൻ അനുവദിച്ചുകിട്ടുന്ന മുറയ്ക്ക് പ്രസ്തുത പ്രദേശങ്ങളിൽ കാര്യമായ ഇളവ് നൽകാനാകും.

ശ്രീ. കെ. ജെ. മാക്സി: സർ, സർക്കാരിന്റെയും സ്വകാര്യ വ്യക്തികളുടെയും ഉടമസ്ഥതയിലുള്ള കണ്ടൽകാടുകൾക്ക് ചുറ്റുമുള്ള ബഫർ ഏരിയകൾക്ക് ഇളവുകൾ അനുവദിക്കുന്നത് വ്യവസ്ഥയിലുണ്ടോ; നിലവിൽ ബഫർ വിസ്തൃതിയിൽ കുറവുണ്ടാക്കുമോ; വ്യക്തമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, 2019-ലെ വിജ്ഞാപന പ്രകാരം 1000 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കണ്ടൽകാടുകൾക്ക് 50 മീറ്റർ ബഫർ സോൺ ഡീമാർക്കേറ്റ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. 2019-ലെ തീരദേശ പരിപാലന പ്ലാനിൽ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കണ്ടൽകാടുകൾക്ക് ചുറ്റുമുണ്ടായിരുന്ന ബഫർ ഏരിയ പൂർണ്ണമായും നീക്കം ചെയ്യുന്നതിനാവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അക്കാര്യം ഉത്തരത്തിൽ ഞാൻ വ്യക്തമായി സൂചിപ്പിച്ചിരുന്നു. പുതിയ പ്ലാൻ നിലവിൽ വരുന്നതോടെ കണ്ടൽകാടുകളുടെ ബഫർ വിസ്തൃതി 4300 ഹെക്ടറിൽനിന്നും 2500 ഹെക്ടറായി കുറയും.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, കണ്ടൽകാടുകളുടെ വിസ്തൃതി ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ മാത്രമാണോ നിശ്ചയിച്ചിട്ടുള്ളത്?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ മാത്രമല്ല, റവന്യൂ, വനം വകുപ്പുകൾ ഫിസിക്കൽ വെരിഫിക്കേഷൻ, ഗ്രൗണ്ട് ട്രൂത്തിംഗ് എന്നിവയെല്ലാം നടത്തിയാണ് വിസ്തൃതി നിശ്ചയിച്ചിട്ടുള്ളത്.

ശ്രീ. എം. മുകേഷ്: സർ, തീരദേശ പരിപാലന അതോറിറ്റിയുടെ മുൻകൂർ അനുമതി വാങ്ങാതെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതിൽ ഇളവുകൾ ലഭിക്കുന്ന മുറയ്ക്ക് അക്കാര്യങ്ങളിൽ ഫലപ്രദമായ നടപടി സ്വീകരിക്കാനാകും. അതിവേഗതയിൽത്തന്നെ പ്രസ്തുത നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, 2014-ൽ എന്റെ മണ്ഡലത്തിലെ വെസ്റ്റ് ഹിൽ കടപ്പുറത്ത് വേലിയേറ്റരേഖയിൽനിന്ന് 30 മീറ്ററിനുള്ളിൽ 85 വീടുകളും 41 കുടിലുകളും 50 മീറ്ററിനുള്ളിൽ 65 വീടുകളും 41 കുടിലുകളും അന്നത്തെ ഗവൺമെന്റ് ഹൗസിംഗ് ബോർഡ് മുഖേന നിർമ്മിച്ചിട്ടുണ്ട്. ആകെ 293 പേരാണ് ഈ പുറമ്പോക്കിൽ താമസിക്കുന്നത്. ഗവൺമെന്റ് നിർമ്മിച്ചുകൊടുത്ത വീടായതുകൊണ്ട് അതിന് പട്ടയം ലഭിക്കുന്നില്ല. അനധികൃത നിർമ്മാണമായതുകൊണ്ട് അവർ മൂന്നിരട്ടി ടാക്സ് അടയ്ക്കുകയും വേണം. അവർ വല്ലാത്തൊരു പ്രതിസന്ധിഘട്ടത്തിലാണ്. ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അതിന് സാങ്കേതികമായ പ്രശ്നങ്ങൾ ഉണ്ടാകും. ഏതായാലും, നിയമവിധേയമായി അനുമതി നൽകാൻ കഴിയുന്ന കാര്യങ്ങളിൽ അതിവേഗം നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ജോയി: സർ, ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ മിക്കതും കടലിനോടും കായലിനോടും ചേർന്നാണ് സ്ഥിതിചെയ്യുന്നത്. സ്വാഭാവികമായും അവിടെ വരുന്ന റെസ്റ്റോറന്റുകൾ, ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവയുടെയെല്ലാം നിർമ്മാണം CRZ-ലെ നിയന്ത്രണങ്ങളുടെ ഇന്നത്തെ സാഹചര്യംവച്ച് നടത്താൻ സാധിക്കില്ല, എന്നാൽ ചിലതെല്ലാം നടത്താൻ കഴിഞ്ഞിട്ടുമുണ്ട്. ഇത്തരം സംവിധാനങ്ങൾക്ക് താൽക്കാലിക അനുമതി നൽകാൻ സാധിക്കുമോ? CRZ III-ൽ നിന്നും CRZ II-ലേയ്ക്ക് 66 തീരദേശ ഗ്രാമപഞ്ചായത്തുകളെ മാറ്റിയതായി അങ്ങിവിടെ സൂചിപ്പിച്ചു. എന്നാൽ കൂടുതൽ ഗ്രാമപഞ്ചായത്തുകളെ CRZ II-ലേയ്ക്ക് ഉൾപ്പെടുത്തുന്നതിന് സാധ്യതയുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, 175 തീരദേശ ഗ്രാമപഞ്ചായത്തുകളെ CRZ III-ൽ നിന്നും CRZ II-ലേയ്ക്ക് മാറ്റണമെന്നാണ് ഇതുസംബന്ധിച്ച വിദഗ്ധ

സമിതിയും സർക്കാരും ശിപാർശ ചെയ്തത്. എന്നാൽ അനുമതി ലഭ്യമായത് 66 തീരദേശ ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമാണ്. അവശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി ഉൾപ്പെടുത്തുന്നതിന് നല്ല ശ്രമം നടത്താവുന്നതാണ്. ഇതിന്റെ ഭാഗമായി അനുഭവിക്കുന്ന ചില പ്രയാസങ്ങളെക്കുറിച്ചാണ് ബഹു. അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത്. ടൂറിസം മേഖലയെ ഇത് ചെറിയതോതിൽ ബാധിക്കുന്നുണ്ട്. ഏതായാലും 66 തീരദേശ ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ നല്ല രീതിയിലുള്ള ഇളവ് ഇപ്പോൾ ലഭിക്കുന്നതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, 2019 ജനുവരി മാസം നിലവിൽവന്ന രണ്ടാമത്തെ CRZ നോട്ടിഫിക്കേഷൻ പ്രകാരം കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ സമർപ്പിക്കാൻ കഴിഞ്ഞത് 2024-ൽ മാത്രമാണ്, തൽഫലമായി അതിന്റെ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിന് കാലതാമസം നേരിട്ടു. Island Management Plan ഇതുവരെയും തയ്യാറാക്കിയിട്ടില്ലെന്നതാണ് ഇപ്പോഴത്തെ പ്രശ്നം. 50 മീറ്റർ എന്നത് 20 മീറ്റർ ആയി കുറയ്ക്കുന്നതാണ് Island Management Plan-ൽ ലഭ്യമാകുന്ന ആനുകൂല്യം. പക്ഷേ ഇതുവരെയും

പ്രസ്തുത പ്ലാൻ തയ്യാറാക്കാത്തതുകൊണ്ട് ഇതുസംബന്ധിച്ച് ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ രണ്ടാം നോട്ടിഫിക്കേഷൻ വന്ന് ഇത്രകാലമായിട്ടും ലഭിച്ചിട്ടില്ല. Island Management Plan എത്രയും വേഗം സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതുമായി ബന്ധപ്പെട്ട പഠനം നേരത്തേതന്നെ നടക്കുന്നുണ്ടായിരുന്നു, ഇപ്പോൾ റിപ്പോർട്ടും ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചതിനുശേഷമാണ് ചെന്നൈയിലെ ഏജൻസിയെ ഇതിന്റെ കാര്യങ്ങൾ പഠിക്കാൻ ചുമതലപ്പെടുത്തിയത്. അതുംകൂടി ലഭ്യമായശേഷം മാത്രമേ അനുമതിക്കായി കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ കഴിയുകയുള്ളൂ. ഇത്തരം നടപടിക്രമങ്ങൾക്കുള്ള കാലതാമസമാണ് സംഭവിച്ചിരിക്കുന്നത്. Island Management Plan തയ്യാറാക്കുന്നത് സംബന്ധിച്ച് പ്രത്യേകം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**അവയവക്കടത്തുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ**

4 (*154) ശ്രീ. കെ. ആൻസലൻ:
ശ്രീ. എ. സി. മൊയ്തീൻ ചുമതലപ്പെടുത്തിയതുപ്രകാരം

(ശ്രീ. പി. ടി. എ. റഹീം):
ശ്രീ. പി. വി. അൻവർ ചുമതലപ്പെടുത്തിയതുപ്രകാരം
(ശ്രീമതി കാനത്തിൽ ജമീല):
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം
(ശ്രീ. കടകംപള്ളി സുരേന്ദ്രൻ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവക്കടത്ത് സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ട് ആരെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) അവയവദാന റാക്കറ്റുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഇതുവരെ ആരെയെല്ലാം അറസ്റ്റുചെയ്തിട്ടുണ്ടെന്നും ഇതുസംബന്ധിച്ച് എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവരുന്നതായും അറിയിക്കാമോ;

(സി) അവയവദാന റാക്കറ്റിൽ അകപ്പെടുകയും കബളിപ്പിക്കപ്പെടുകയും ചെയ്യപ്പെട്ട എത്രപേരുടെ വിവരങ്ങളാണ് ഇതുവരെ അന്വേഷണ ഏജൻസികൾക്ക് ലഭിച്ചിട്ടുള്ളതെന്നും അവർ ആരെല്ലാമാണെന്നും വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) എറണാകുളത്തെ രണ്ട് ആശുപത്രികൾക്ക് അന്താരാഷ്ട്ര അവയവ കടത്തുമായി ബന്ധമുണ്ടെന്ന് ആരോപിച്ചുള്ള മലപ്പുറം സ്വദേശിയുടെ പരാതിയും തിരുവനന്തപുരത്ത് അനധികൃത അവയവമാറ്റ ശസ്ത്രക്രിയ നടന്നു എന്നാരോപിച്ചുള്ള പരാതിയും ലഭിച്ചിട്ടുണ്ട്. ആദ്യ പരാതി നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 544/2024 നമ്പർ ക്രൈം കേസിന്റെ പരിധിയിൽ ഉൾപ്പെടുത്തി അന്വേഷിച്ചുവരുന്നു. രണ്ടാമത്തെ പരാതിയിൽ തിരുവനന്തപുരം പൂജപ്പുര പോലീസ് സ്റ്റേഷനിൽ പ്രാഥമിക അന്വേഷണം നടത്തിവരുന്നു.

(ബി&സി) നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നം.544/2024 പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ സാബിത്ത് നാസർ, സജിത്ത് ശ്യാം, ബെല്ലംകൊണ്ട രാമപ്രസാദ് എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ റാക്കറ്റിന്റെ സൂത്രധാരനായ മധു ജയകുമാർ എന്നയാൾക്കെതിരെ 'ബ്ലൂ കോർണർ' നോട്ടീസ് പുറപ്പെടുവിക്കുന്നതിന് ഇന്റർപോൾ മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. നെടുമ്പാശ്ശേരി പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ 13

അംഗ അന്വേഷണ സംഘത്തെ നിയോഗിച്ച് കൂടുതൽ വിശദമായ അന്വേഷണം നടത്തിവരുന്നു.

ശ്രീ. കെ. ആൻസലൻ: സർ, അവയവക്കടത്തുമായി ബന്ധപ്പെട്ട കേസിന്റെ അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിന് പോലീസ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ മികച്ച നടപടികളാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത കേസിലെ ഒന്നാം പ്രതിയായ ജയകുമാർ 18-02-2021 മുതൽ 20-05-2024 വരെ നടത്തിയ വൻസാമ്പത്തിക ഇടപാടുകൾ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. 2015 മുതൽ 2024 വരെ മറ്റൊരു ബാങ്ക് അക്കൗണ്ടിലും സമാനമായ സാമ്പത്തിക ഇടപാടുകൾ നടന്നതായി അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. രണ്ടാം പ്രതിയായ സാബിത്ത് നാസറിന്റെ സാമ്പത്തിക ഇടപാടുകളിൽ ഈ രണ്ട് പ്രതികളും തമ്മിൽ നടത്തിയ സാമ്പത്തിക ഇടപാടുകളുടെ വിവരങ്ങളും ലഭിച്ചിട്ടുണ്ട്. കാശ്മീരിലെയും പഞ്ചാബിലെയും അവയവ സ്വീകർത്താക്കൾക്കുവേണ്ടി തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ്, കേരളം

എന്നീ സംസ്ഥാനങ്ങളിലെ നിർധനരായ വ്യക്തികളെ കണ്ടെത്തി അവയവകച്ചവടം നിയമവിധേയമാണെന്ന് തെറ്റിദ്ധരിപ്പിച്ച് വൻതുക വാഗ്ദാനംചെയ്ത് വിദേശ രാജ്യങ്ങളിലേയ്ക്കടക്കം കടത്തിക്കൊണ്ടുപോയതായി വിവരങ്ങൾ ലഭിച്ചിട്ടുണ്ട്. ഒരു ആന്ധ്രാ സ്വദേശിക്ക് ഇത്തരത്തിൽ അവയവ കച്ചവടവുമായി ബന്ധമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. വിശദമായ അന്വേഷണത്തിനായി സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഒരു അന്വേഷണ സംഘത്തെ 18-06-2024-ൽ ഹൈദരബാദിലേയ്ക്ക് അയച്ചിട്ടുണ്ട്.

ശ്രീ. കെ. ആൻസലൻ: സർ, സംസ്ഥാനത്ത് നടക്കുന്ന നിയമവിധേയമല്ലാത്ത അവയവദാനം സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ക്രൈംബ്രാഞ്ചിന്റെ കണ്ടെത്തലുകൾ വിശദമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, നിയമപ്രകാരമല്ലാത്ത അവയവദാനം സംബന്ധിച്ച് അന്വേഷിക്കുന്നതിനായി ക്രൈംബ്രാഞ്ച് എ.ഡി.ജി.പി.-യെ ചുമതലപ്പെടുത്തിയിരുന്നു. അന്വേഷണ പരിധിയിൽ വിവിധ പ്രദേശങ്ങളിലെ അവയവദാതാക്കളും സ്വീകർത്താക്കളും ആശുപത്രി അധികൃതരുമുണ്ട്.

ഇവരിൽനിന്നുള്ള വിശദാംശങ്ങൾ ക്രൈംബ്രാഞ്ച് ശേഖരിച്ചുവരികയാണ്. ഇതുവരെ നടത്തിയ അന്വേഷണത്തിൽ അനുമതിയില്ലാതെ അവയവ കൈമാറ്റം നടന്നതായ വിവരങ്ങൾ ഒന്നുംതന്നെ വെളിവായിട്ടില്ല.

ശ്രീ. പി. ടി. എ. റഹീം: സർ, രാജ്യാന്തര ബന്ധമുള്ള അവയവ റാക്കറ്റിന്റെ കണ്ണികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; ഇവരുടെ പ്രവർത്തനങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഉത്തരത്തിന്റെ ആദ്യഭാഗത്ത് അക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ദാതാക്കളായി നിരവധിപേർ വിദേശത്ത് പോയതായി പോലീസിന്റെ അന്വേഷണത്തിൽ അറിവായിട്ടുണ്ട്. പാലക്കാട് സ്വദേശിയായ ഷമീർ ഇറാനിൽ പോയി കിഡ്നി നൽകിയതായി വിവരം ലഭിച്ചിട്ടുണ്ട്. പ്രതികളായി കണ്ടെത്തിയ മൂന്ന് പേരെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ റാക്കറ്റിന്റെ സൂത്രധാരനായ മധു ജയകുമാർ എന്ന വ്യക്തിയെക്കുറിച്ച് നേരത്തെ ഞാൻ സൂചിപ്പിച്ചിരുന്നു. ഈ വ്യക്തിക്കെതിരെ 'ബ്ലൂകോർണർ' നോട്ടീസ് പുറപ്പെടുവിക്കുന്നതിന് ഇന്റർപോൾ മുഖേന നടപടി

സ്വീകരിച്ചിട്ടുണ്ട്. അവയവ റാക്കറ്റുകളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് ശക്തമായ നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ Transplantation of Human Organs and Tissues Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് കർശന നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി കാനത്തിൽ ജമീല: സർ, രോഗികൾക്ക് ആശ്വാസമാകുംവിധം നിയമവിധേയമായിട്ടുള്ള അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യം ചോദ്യോത്തര വേളയുടെ ആദ്യഭാഗത്ത് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി വിശദമായി പ്രതിപാദിച്ചിട്ടുണ്ട്, അതിനാൽ ഞാൻ ഇക്കാര്യം ആവർത്തിക്കുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നേരത്തെ ചോദിച്ചത് വളരെ പ്രസക്തമായ ഒരു ചോദ്യമാണ്. അതിൽ രണ്ടുവശമുണ്ടെന്നതിനാൽ അത് പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടുള്ള സമീപനം മാത്രമേ സ്വീകരിച്ചുപോകാൻ

കഴിയുകയുള്ളൂ. അതേസമയം തെറ്റായ ഒരു കാര്യവും അംഗീകരിക്കാനും കഴിയില്ല.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, കെ-സോട്ടോ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചിരുന്നു. നിലവിൽ കെ-സോട്ടോയ്ക്ക് അവയവദാനത്തിൽ വളരെ പ്രധാനപ്പെട്ട സ്ഥാനമാണുള്ളത്. ഇതിന്റെ ഭാഗമായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, പ്രസ്തുത വിഷയം ഡോ. കെ. ടി. ജലീൽ നേരത്തെ ഉന്നയിക്കുകയും ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി വിശദമായ മറുപടി നൽകുകയും ചെയ്തതാണ്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വളരെ നല്ലരീതിയിലുള്ള ബോധവൽക്കരണം നടത്താവുന്നതാണ്.

<u>മി. സ്പീക്കർ</u>: ഓർഡർ....ഓർഡർ...ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(രേഖാമൂലം നൽകിയ ചോദ്യങ്ങളുടെ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)+

+ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്

**10.00 am]**

**II ശ്രദ്ധക്ഷണിക്കൽ**

ചെമ്മീൻ പീലിംഗ് മേഖലയിലെ സ്ത്രീ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. എച്ച്. സലാം: സർ, സംസ്ഥാനത്തിന് ഏറ്റവുമധികം വിദേശനാണ്യം നേടിത്തരുന്ന മത്സ്യ കയറ്റുമതി മേഖലയിലെ പ്രധാന ജോലി നിർവ്വഹിക്കുന്നവരാണ് പീലിംഗ് തൊഴിലാളികൾ. ഏതാണ്ട് 99 ശതമാനത്തോളം സ്ത്രീതൊഴിലാളികൾ ജോലിയെടുക്കുന്ന ഈ മേഖലയിലെ തൊഴിലാളികളുടെ ജീവിതം വളരെ പ്രയാസകരമായ സാഹചര്യത്തിലൂടെയാണ് കടന്നുപോകുന്നത്. ചെമ്മീൻ, കണവ (കൂന്തൽ) തുടങ്ങിയ കയറ്റുമതി പ്രാധാന്യമുള്ള മത്സ്യയിനങ്ങൾ സംസ്കരിക്കുന്ന ജോലിയിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് മണിക്കൂറുകളോളം ഐസ് വെള്ളത്തിലും മത്സ്യത്തിന്റെ അവശിഷ്ടങ്ങളിലും നിരന്തരം സമ്പർക്കം പുലർത്തേണ്ട സാഹചര്യമാണുള്ളത്. ഇതുമൂലം പലപ്പോഴും ഇവരുടെ കൈവിരലുകൾ അഴുകിപൊട്ടുന്ന സാഹചര്യവുമുണ്ടാകുന്നുണ്ട്. പല തൊഴിലിടങ്ങളിലും നിന്നുകൊണ്ടും നിലത്തിരുന്നുകൊണ്ടും ജോലികൾ

നിർവ്വഹിക്കേണ്ടിവരുന്നതിന്റെ ഫലമായി കൈ-കാൽ മുട്ടുകൾക്കും നട്ടെല്ലിനും വേദനയുൾപ്പെടെ നിരവധി പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഇവർക്കുണ്ടാകുന്നുണ്ട്. കൂടാതെ, ഇതിന്റെ ഭാഗമായി സ്ത്രീതൊഴിലാളികൾക്ക് ഗർഭാശയ സംബന്ധമായ രോഗങ്ങൾക്കുള്ള സാദ്ധ്യത വർദ്ധിക്കുന്നതുൾപ്പെടെയുള്ള കടുത്ത ആരോഗ്യപ്രശ്നങ്ങൾ നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. മാത്രമല്ല, പല സ്ഥലത്തും പല നിരക്കിലാണ് ഇവർക്ക് കൂലി ലഭിക്കുന്നത്. ചില സ്ഥലങ്ങളിൽ ചെമ്മീൻ പീലിംഗിന്റെ അളവ് വ്യത്യസ്തമാണ്. ഒരു കിലോയുടെയും ഒന്നരക്കിലോയുടെയും അളവുപാത്രങ്ങളുണ്ട്. ചിലയിടങ്ങളിൽ ഒരു കിലോയ്ക്ക് 19 രൂപയും ഒന്നരക്കിലോയ്ക്ക് 28 രൂപയുമാണ്. പി.ഡി.-യാണെങ്കിൽ ഒന്നരക്കിലോയ്ക്ക് 30 രൂപ എന്ന നിരക്കിൽ പരിമിതമായ കൂലിയാണ് നൽകുന്നത്. കേരളം മിനിമം വേതനം നടപ്പാക്കപ്പെട്ട സംസ്ഥാനമാണെങ്കിലും ഈ മേഖലയിലെ തൊഴിലാളികൾക്ക് പരിമിതമായ കൂലിയാണ് ഇപ്പോഴും നൽകിക്കൊണ്ടിരിക്കുന്നത്. ഈ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ശരിയായ ബോണസോ ഇ.എസ്.ഐ. ആനുകൂല്യമോ യാതൊന്നുംതന്നെ

ലഭിക്കുന്നില്ല. ആലപ്പുഴ ജില്ലയിൽമാത്രം ഒരു ലക്ഷത്തിൽപ്പരം തൊഴിലാളികൾ ഈ മേഖലയിൽ ജോലി ചെയ്യുന്നുണ്ട്. അരൂർ, ചേർത്തല, ആലപ്പുഴ, പുന്നപ്ര, നീർക്കുന്നം, അമ്പലപ്പുഴ, പുറക്കാട്, തോട്ടപ്പള്ളി, തൃക്കുന്നപ്പുഴ, ആറാട്ടുപുഴ, കരുനാഗപ്പള്ളി തുടങ്ങിയ തീരദേശങ്ങളിലെ ആയിരക്കണക്കിന് തൊഴിലാളികളാണ് ഈ മേഖലയിൽ ജോലി ചെയ്യുന്നത്. കൂലിപ്പണി ചെയ്ത് ജീവിക്കുന്ന കുടുംബങ്ങളിലെ സ്ത്രീ തൊഴിലാളികൾ പ്രധാനപ്പെട്ടൊരു ജീവിതമാർഗ്ഗമായി കണ്ടെത്തിയ തൊഴിൽ മേഖലയാണിത്. അവരുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുകയെന്നത് വളരെ പ്രധാനമാണ്. ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെ ജോലി ചെയ്യുന്ന ഈ മേഖലയെക്കുറിച്ച് ശരിയായ പഠനം നടത്തണം. തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കാനും ആരോഗ്യപ്രശ്നങ്ങൾ കണക്കിലെടുത്ത് തൊഴിൽ സാഹചര്യം മെച്ചപ്പെടുത്താനുമുള്ള നിലപാട് ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് ഏറ്റവും പ്രധാനമായി സൂചിപ്പിക്കാനുള്ളത്. ഗവൺമെന്റ് തലത്തിൽ ആവശ്യമായ പരിശോധന നടത്തി പീലിംഗ് തൊഴിലാളികളുടെ കൂലി

വർദ്ധിപ്പിക്കാനും അവർക്ക് ഇ.എസ്.ഐ., ബോണസ് ഉൾപ്പെടെയുള്ള ആനുകൂല്യം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

കയറ്റുമതി മുതലാളിമാർ നേരിട്ട് പണിയെടുപ്പിക്കുന്നതിനുപകരം ചെറുകിടക്കാരായ വ്യക്തികളെ ഉപയോഗിച്ചാണ് പീലിംഗ് ജോലി ചെയ്യിപ്പിക്കുന്നത്. കയറ്റുമതി മുതലാളിമാർക്ക് നേരിട്ട് ഉത്തരവാദിത്വം ഇല്ലാത്തതുകൊണ്ടാണ് തൊഴിലാളികൾക്ക് ന്യായമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭ്യമാകാത്ത സാഹചര്യമുണ്ടാകുന്നത്. അതുകൊണ്ടുതന്നെ കയറ്റുമതിക്കാർ സമ്പന്നരാവുകയും പീലിംഗ് ജോലി ചെയ്യുന്നവരുടെയും തൊഴിലാളികളായ സാധാരണക്കാരുടെയും ജീവിതം കൂടുതൽ പ്രയാസകരമായ സാഹചര്യത്തിലേയ്ക്ക് നീങ്ങുകയും ചെയ്യുന്നു. ഇക്കാര്യങ്ങളെല്ലാം കണക്കിലെടുത്ത് കേരളത്തിലെ പീലിംഗ് തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ, അവരുടെ കൂലി, മറ്റ് ആനുകൂല്യങ്ങൾ, തൊഴിൽ സാഹചര്യം ഇതെല്ലാം ഗൗരവമായി പരിശോധിച്ച് കൂടുതൽ മെച്ചപ്പെട്ട സാഹചര്യം സംജാതമാക്കാൻ നടപടി സ്വീകരിക്കണം. ഇക്കാര്യത്തിൽ

കുറച്ചുകൂടി ആഴത്തിൽ പഠനം നടത്താനാവശ്യമായ ഒരു കമ്മീഷനെ നിശ്ചയിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സംസ്ഥാനത്തെ പാവങ്ങളിൽ പാവങ്ങളായ പീലിംഗ് തൊഴിലാളികളെ സംബന്ധിച്ചുള്ള വിഷയമാണ് ബഹുമാനപ്പെട്ട അംഗം ശ്രദ്ധക്ഷണിക്കലിലൂടെ ഇവിടെ അവതരിപ്പിച്ചത്. സംസ്ഥാനത്തെ ചെമ്മീൻ പീലിംഗ് മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുൾപ്പെടെ ഫിഷ് പീലിംഗ്, ഫിഷ് കാനിംഗ്, ഫ്രീസിംഗ് തുടങ്ങിയ മത്സ്യവിഭവ കയറ്റുമതി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് 02-08-2018-ലെ തൊഴിൽ വകുപ്പ് വിജ്ഞാപന പ്രകാരം സർക്കാർ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. നിലവിൽ കേരളത്തിലെ 84 മേഖലകളിൽ മിനിമം വേതനം നടപ്പിലാക്കിവരികയാണ്. ഇത്രയും മേഖലകളിൽ മിനിമം വേതനം നടപ്പിലാക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനം കേരളം മാത്രമാണെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്രസ്തുത വിജ്ഞാപനപ്രകാരമുള്ള മിനിമം വേതനം ഉറപ്പുവരുത്തൽ, തൊഴിൽ സാഹചര്യം സൃഷ്ടിക്കൽ എന്നീ കാര്യങ്ങളിൽ

സ്ക്വാഡ് പരിശോധനകൾ നടത്തി ആവശ്യമായ നടപടി വകുപ്പ് സ്വീകരിച്ചുവരികയാണ്. മിനിമം വേതനം ലഭിക്കാത്തതും മറ്റ് തൊഴിൽ നിയമലംഘനങ്ങളുമായും ബന്ധപ്പെട്ട് പരാതികൾ ലഭിക്കുന്നമുറയ്ക്ക് തൊഴിൽ വകുപ്പ് പ്രസ്തുത വിഷയത്തിൽ ഇടപെടുകയും ആവശ്യമായ നിയമനടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. പ്രസ്തുത മേഖലയിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ശിപാർശകൾ സമർപ്പിക്കുന്നതിനായി 12-4-2023-ലെ തൊഴിൽ വകുപ്പ് വിജ്ഞാപനപ്രകാരം മിനിമം വേതന ഉപദേശക സമിതിയ്ക്കുകീഴിൽ രൂപീകരിച്ചിട്ടുള്ള ഉപസമിതികളിലെ ഒന്നാമത്തെ ഉപസമിതിയെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ട്രോളിംഗ് നിരോധനമേർപ്പെടുത്തുന്ന സമയം മത്സ്യങ്ങളുടെ ലഭ്യതക്കുറവ് ഈ മേഖലയിൽ തൊഴിൽനഷ്ടം സൃഷ്ടിക്കുകയും തൊഴിലാളികളുടെ ജീവിതം ദുഃസ്സഹമാക്കുകയും ചെയ്യുന്നുണ്ട്.

കേരളത്തിൽ മത്സ്യസംസ്കരണ മേഖലയിൽ സ്ത്രീകളുൾപ്പെടെ നിരവധി ആളുകൾ ജോലി ചെയ്തുവരുന്നു. ബഹുമാനപ്പെട്ട അംഗം ഇവിടെ

സൂചിപ്പിച്ചതുപോലെ സംസ്ഥാനത്ത് ഈ മേഖലയിൽ കയറ്റുമതി ബിസിനസ്സാണ് കൂടുതലായി നടന്നുവരുന്നത്. മത്സ്യ സംസ്കരണശാലകളെല്ലാം ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന്റെ പരിധിയിൽ വരുന്നതാണ്. ഫാക്ടറി ചട്ടങ്ങൾപ്രകാരം രജിസ്റ്റർ ചെയ്തിരിക്കുന്ന പീലിംഗ് ഫാക്ടറികളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്കുവേണ്ടി നിയമപ്രകാരം ഏർപ്പെടുത്തേണ്ട അടിസ്ഥാനസൗകര്യങ്ങളായ മൂത്രപ്പുര, ക്രഷ്, റസ്റ്റ് റൂം മുതലായ സൗകര്യങ്ങളും, സ്വയംരക്ഷാ ഉപകരണങ്ങളായ ഗ്ലൗസ്, മാസ്ക്, ബൂട്ട്സ് എന്നിവയും തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടെന്ന് ഫാക്ടറി ഇൻസ്പെക്ടർമാർ അവരുടെ പരിശോധന സമയത്ത് ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ, 2017-18 സാമ്പത്തിക വർഷത്തിൽ ചെമ്മീൻ പീലിംഗ് മേഖലയിൽ തൊഴിൽജന്യ രോഗനിർണ്ണയ സർവ്വേ വകുപ്പിനുകീഴിലുള്ള ഒക്യുപ്പേഷണൽ ഹെൽത്ത് റിസർച്ച് സെന്ററിന്റെ (OHRC) ആഭിമുഖ്യത്തിൽ നടത്തുകയും പ്രസ്തുത ഫാക്ടറികളിലെ തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന ശിപാർശകൾ നൽകുകയും ചെയ്തിട്ടുണ്ട്.

1. ആരോഗ്യപരിരക്ഷ ഉപകരണങ്ങൾ (മുഖ്യമായും കൈയ്യുറ പോലെയുള്ളവ) എല്ലാ തൊഴിലാളികളും ഉപയോഗിക്കേണ്ടതാണ്. ആയത് വഴി ത്വക്ക് രോഗങ്ങൾ നിയന്ത്രിക്കാൻ സാധിക്കുന്നതാണ്.

2. തുടർച്ചയായി ഒരേ രീതിയിലുള്ള പ്രവർത്തന പരിസ്ഥിതി ഒഴിവാക്കുന്നത് വഴി പേശിസംബന്ധമായ രോഗങ്ങൾ നിയന്ത്രിക്കാൻ സാധിക്കുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന കാര്യം ഫാക്ടറി ഇൻസ്പെക്ടർമാർ വഴി പരിശോധന നടത്തി നടപടി സ്വീകരിച്ചുവരുന്നു.

ശ്രീ. എച്ച്. സലാം: സർ, സംസ്ഥാനത്തെ ചെമ്മീൻ പീലിംഗ് മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ നേരിടുന്ന പ്രതികൂല സാഹചര്യങ്ങൾ നേരിട്ട് പരിശോധിക്കുന്നതിനും അവരുടെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും അന്വേഷിച്ചറിയുന്നതിനും ഇതുസംബന്ധിച്ച് സമഗ്ര പഠനം നടത്തുന്നതിനുമായി ഒരു കമ്മീഷനെ നിയോഗിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഈ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾ നിരവധി പ്രയാസങ്ങളും കഷ്ടപ്പാടുകളും അനുഭവിക്കുന്നുണ്ട്. കയറ്റുമതി മുതലാളിമാർക്ക് ഈ മേഖലയിൽ നിന്നും വൻ ലാഭം ലഭിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ഈ മേഖലയിൽ ജോലി ചെയ്യുന്നതിലൂടെ പ്രത്യേകതരം രോഗങ്ങൾ ഇവരെ ബാധിക്കുന്നുണ്ടെന്നത് വസ്തുതയാണ്. ഇവർ സാമ്പത്തികമായും വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. അതുകൊണ്ടുതന്നെ ഇവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ചെമ്മീൻ പീലിംഗ് അടക്കം സംസ്ഥാനത്ത് മത്സ്യ സംസ്കരണ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് നേരിൽക്കണ്ട് പഠിക്കുന്നതിനും അവരുടെ തൊഴിൽ, ജീവിത, സാമ്പത്തിക, ആരോഗ്യനിലവാരം എന്നിവ മെച്ചപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഒരു പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ട്. ലേബർ കമ്മീഷണർ, ഇ.എസ്.ഐ. ഡയറക്ടർ, ഫിഷറീസ് ഡയറക്ടർ,

തൊഴിലാളി സംഘടനകളിൽ നിന്നുള്ള ഓരോ പ്രതിനിധി എന്നിവർ അംഗങ്ങളായി രൂപീകരിക്കുന്ന സമിതി മൂന്ന് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കും. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭ്യമായതിനുശേഷം ഇതുസംബന്ധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ഓർഡർ............ ഓർഡർ........, ഇന്നത്തെ കാര്യവിവരപ്പട്ടികയിലെ ശ്രദ്ധക്ഷണിക്കലിൽ രണ്ടാമതായി ചേർത്തിട്ടുള്ള ശ്രീ. യു. എ. ലത്തീഫ് നോട്ടീസ് നൽകിയ വിഷയത്തിന്മേൽ ഒന്നിലധികം വകുപ്പുകളുമായി ബന്ധപ്പെട്ട് വിശദമായ മറുപടി തയ്യാറാക്കേണ്ടതുണ്ട്. അതിനാൽ പ്രസ്തുത മറുപടി തയ്യാറാക്കുന്നതിന് സാവകാശം വേണമെന്ന് ബന്ധപ്പെട്ട മന്ത്രിമാർ അറിയിച്ച സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗം യു. എ. ലത്തീഫിന്റെ താല്പര്യംകൂടി പരിഗണിച്ച് പ്രസ്തുത ശ്രദ്ധക്ഷണിക്കൽ നോട്ടീസിന്റെ പരിഗണന ജൂൺ 24-ാം തീയതി തിങ്കളാഴ്ചയിലേയ്ക്ക് മാറ്റിയിരിക്കുന്നു.

**10.10 am]**

**III. സബ്മിഷൻ**

1. ആലപ്പാട് കടൽത്തീരത്ത് പുലിമുട്ട് നിർമ്മാണം

ശ്രീ. സി. ആർ. മഹേഷ്: സർ, 2004-ലുണ്ടായ സുനാമി ദുരന്തത്തിൽ തകർന്നുപോയ പ്രദേശമാണ് ആലപ്പാട് പഞ്ചായത്ത്. ടി.എസ്. കനാലിനും അറബിക്കടലിനുമിടയിലായി പതിനേഴ് കിലോമീറ്റർ നീളത്തിൽ നേർത്ത റിബൺപോലെ കിടക്കുന്ന പ്രദേശവും കടലും കായലും തമ്മിൽ പല സ്ഥലങ്ങളിലും ഇരുപത് മീറ്റർ മാത്രം വ്യത്യാസമുള്ള സ്ഥലവുമാണിത്. തുടർച്ചയായുണ്ടാകുന്ന രൂക്ഷമായ കടലാക്രമണംമൂലം നിർധനരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ഓരോ വർഷവും കടൽ കയറുമ്പോൾ ഇവിടത്തെ സർക്കാർ ഓഫീസുകളും റോഡുകളും ആരാധനാലയങ്ങളും തകർന്നുപോകുന്നുവെന്നത് നിത്യസംഭവമാണ്. ടി പ്രദേശത്ത് വർഷങ്ങളായി IREL (Indian Rare Earths Ltd.) നടത്തുന്ന ഖനനപ്രവത്തനങ്ങൾ കടലാക്രമണത്തിന് ആക്കം കൂട്ടുന്നു. ഇതിന്റെയും ഇരകളാകുന്നത് പാവപ്പെട്ട മത്സ്യത്തൊഴിലാളികളാണ്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ വളരെ കാര്യക്ഷമമായി ഇടപെടുകയും ആവശ്യമായ

നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. അക്കാര്യത്തിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുന്നു. കേരളത്തിൽ അതിരൂക്ഷ കടലാക്രമണം നേരിടുന്നതായി സർക്കാർ കണ്ടെത്തിയ പത്ത് ഹോട്ട് സ്പോട്ടുകളിൽ ആലപ്പാടും ഉൾപ്പെട്ടിട്ടുണ്ട്. കിഫ്ബി ഫണ്ടുപയോഗിച്ച് സമഗ്ര പുലിമുട്ട് പദ്ധതി നടപ്പിലാക്കുമെന്ന് സർക്കാർ പ്രഖ്യാപിക്കുകയും അതുമായി ബന്ധപ്പെട്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. 172.5 കോടി രൂപയുടെ എസ്റ്റിമേറ്റ് അടങ്ങുന്ന സർക്കാർ ഉത്തരവ് 17-04-2023-ൽ ലഭിക്കുകയുണ്ടായി. ഇത് കിഫ്ബിയുടെ സാമ്പത്തികാനുമതിക്കായി സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ അംഗീകാരം ആവശ്യമാണെന്ന് അറിയിക്കുകയും പ്രസ്തുത ഫയൽ അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മന്ത്രിസഭയുടെ അംഗീകാരം എത്രയുംവേഗം നൽകുന്നതിനും നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയും സർക്കാരും തയ്യാറാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. 2021-22-ലെ റിവൈസ്ഡ് ബജറ്റ് പ്രസംഗത്തിലാണ് തീരദേശ പരിരക്ഷാ നടപടി രൂപകൽപ്പന ചെയ്ത് നടപ്പിലാക്കുന്നതിനുള്ള ബൃഹത് പദ്ധതി പ്രഖ്യാപിച്ചത്. ആയതിന് 5,300 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ലോകബാങ്ക്, എ.ഡി.ബി. (ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്), കിഫ്ബി തുടങ്ങി വിവിധ സ്രോതസ്സുകളിലൂടെ ഈ പദ്ധതിക്ക് ധനസഹായം ലഭിക്കും. അതനുസരിച്ച് ദുർബല പ്രദേശങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി 1,500 കോടി രൂപ കിഫ്ബി നൽകുമെന്നും പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അതിരൂക്ഷ കടലാക്രമണം നേരിടുന്ന പത്ത് ഹോട്ട് സ്പോട്ടുകൾ ഇറിഗേഷൻ വകുപ്പ് തെരഞ്ഞെടുത്തതിൽ ഒന്ന് ആലപ്പാടാണ്. അതിന്റെ ഭാഗമായി ജലസേചന വകുപ്പ് കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടി ചെന്നൈ ആസ്ഥാനമായ National Centre for Coastal Research (NCCR) എന്ന സ്ഥാപനത്തെ സമീപിച്ചു. ആലപ്പാട് കടൽത്തീരത്തെ വിഷയവുമായി ബന്ധപ്പെട്ട് ചെറിയഴീക്കൽ 1600 മീറ്റർ

നീളത്തിലും കുഴിത്തുറയിൽ 1591 മീറ്റർ നീളത്തിലും ശ്രായിക്കാട് 1581 മീറ്റർ നീളത്തിലും ഭദ്രൻമുക്കിൽ 606 മീറ്റർ നീളത്തിലും ടെട്രാപോഡ് ഉപയോഗിച്ച് സംരക്ഷണം നടത്തുന്നതിനുള്ള പദ്ധതിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കടലാക്രമണപ്രശ്നം പരിഹരിക്കുന്നതിന് അടിയന്തര ഇടപെടൽ നടത്തേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് രൂപരേഖ പരിശോധനയ്ക്കും അംഗീകാരത്തിനുമായി NCCR-ലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. NCCR അംഗീകരിച്ച രൂപരേഖ പ്രകാരമുള്ള ടെട്രാപോഡ് ഉപയോഗിച്ചുള്ള ആലപ്പാട് തീരസംരക്ഷണ പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ടും എസ്റ്റിമേറ്റും സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ പത്ത് ഹോട്ട് സ്പോട്ടുകളായിരുന്നു സർക്കാർ അന്ന് തെരഞ്ഞെടുത്തത്. ശംഖുമുഖം, കൊല്ലംകോട്, ആലപ്പാട്, ചെല്ലാനം, ഒറ്റമശ്ശേരി, കയ്പമംഗലം, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ എന്നിവയാണവ. ഇതിൽ ചെല്ലാനം മാത്രമാണ് ആദ്യഘട്ടത്തിൽ ചെയ്യാൻ സാധിച്ചത്. അതിന്റെ സെക്കന്റ് റീച്ച് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. വളരെ പെട്ടെന്നുതന്നെ ഇത്തരം കാര്യങ്ങൾ നടപ്പാക്കണമെന്ന ആഗ്രഹത്തോടുകൂടി

കഴിയുന്നത്രയും വേഗത്തിൽ NCCR റിപ്പോർട്ട് ലഭ്യമാക്കാൻ സാധിച്ചു. അങ്ങനെ ശംഖുമുഖം, കൊല്ലംകോട്, ഒറ്റമശ്ശേരി, കയ്പമംഗലം തുടങ്ങിയ സ്ഥലങ്ങളുമായി ബന്ധപ്പെട്ട NCCR റിപ്പോർട്ട് ആലപ്പാടിനോടൊപ്പംതന്നെ ലഭ്യമായിട്ടുണ്ട്. ഇതിന്റെ ഡി.പി.ആർ.-ഉം തയ്യാറാക്കിക്കഴിഞ്ഞു. ഇവിടെ സൂചിപ്പിച്ച സ്ഥലങ്ങളെ ഒരുമിച്ച് ചേർത്തുകൊണ്ട് എത്രയും വേഗം ഈ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. 172.50 കോടി രൂപയുടെ എസ്റ്റിമേറ്റാണ് ആലപ്പാട് പദ്ധതിക്കുവേണ്ടി സർക്കാരിലേയ്ക്ക് ലഭ്യമായിരിക്കുന്നത്. പ്രസ്തുത പദ്ധതി എത്രയും വേഗം നടപ്പാക്കുന്നതിന് ഗവൺമെന്റ് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

## 2. എറണാകുളം കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് നടപടി

ശ്രീ. ടി. ജെ. വിനോദ്: സർ, എറണാകുളം കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡിന്റെ ശോചനീയാവസ്ഥയാണ് ഈ സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ പ്രത്യേക താൽപ്പര്യമെടുക്കുന്നതിൽ അതിയായ

സന്തോഷമുണ്ട്. 1968-ൽ കേരള മുഖ്യമന്ത്രിയായിരുന്ന സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടും ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയായിരുന്ന ഇ. കെ. ഇമ്പിച്ചിബാവയും ചേർന്നാണ് എറണാകുളം കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡ് ഉദ്ഘാടനം ചെയ്തത്. ഈ ബസ്സ്റ്റാൻഡിന്റെ നിലവിലെ ശോചനീയാവസ്ഥയെക്കുറിച്ച് പ്രത്യേകം പരാമർശിക്കേണ്ട കാര്യമില്ല. ഒരു മഴ പെയ്താൽ ബസ്സ്റ്റാൻഡിനുള്ളിൽ യാത്രക്കാർക്ക് നിൽക്കാൻപോലും കഴിയാത്ത അവസ്ഥയാണ്. ബസ്സ്റ്റാൻഡ് ഗ്യാരേജിനേക്കാൾ താഴ്ന്ന് നിൽക്കുന്നതിനാൽ ഒരു ചെറിയ മഴ പെയ്താൽപ്പോലും ജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ട് അനുഭവപ്പെടും. പത്ര-ദൃശ്യ സാമൂഹിക മാധ്യമങ്ങൾ ഇതുമായി ബന്ധപ്പെട്ട് രൂക്ഷവിമർശനമാണ് ഉയർത്തുന്നത്. ഞാൻ അവരെ കുറ്റപ്പെടുത്തുന്നില്ല, കാരണം, ടി ബസ്സ്റ്റാൻഡിന്റെ ശോചനീയാവസ്ഥയാണ് യഥാർത്ഥത്തിൽ അവർ അതിലൂടെ വിവരിക്കുന്നത്. ഒരു ദിവസം അവിടെനിന്നും ഏകദേശം 89 ബസുകൾ ഓപ്പറേറ്റ് ചെയ്യുകയും 479 ബസുകൾ സ്റ്റാൻഡിൽ വന്നുപോകുകയും ചെയ്യുന്നുണ്ട്. ഇവിടെ 940-ഓളം ട്രിപ്പുകളുമുണ്ട്. ഏകദേശം 25000-ത്തോളം ആളുകൾ ഈ ബസ് സ്റ്റാൻഡ്

ഉപയോഗിക്കുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പ്രസ്തുത ബസ്സ്റ്റാൻഡ് നവീകരിക്കുന്നതിന് കൊച്ചി സ്മാർട്ട് സിറ്റി മിഷൻ പദ്ധതിയുടെ ഭാഗമായി പന്ത്രണ്ട് കോടി രൂപ സ്മാർട്ട് സിറ്റി ബോർഡ് അനുവദിച്ചു. ഗതാഗത വകുപ്പുമന്ത്രിയുടെയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെയും നിയമ വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ കഴിഞ്ഞ ജനുവരി മാസം 29-ാം തീയതി ഒരു MoU (Memorandum of Understanding) ഒപ്പുവയ്ക്കുകയും ഫെബ്രുവരി മാസത്തിൽ തറക്കല്ലിടണമെന്ന തീരുമാനമെടുക്കുകയും ചെയ്തു. എന്നാൽ അവിടെ ഇതുവരെയും ഒരു കല്ലുപോലും വയ്ക്കാൻ കഴിഞ്ഞിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഇതുമായി ബന്ധപ്പെട്ട പ്രോജക്ടിന്റെ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. ടി. ജെ. വിനോദ്: സർ, മേൽപ്പറഞ്ഞ പദ്ധതിയുമായി ബന്ധപ്പെട്ട് NATPAC (National Transportation Planning and Research Centre) ട്രാഫിക് പഠനം നടത്തിയിട്ടുണ്ട്. പദ്ധതിയുടെ മേൽനോട്ട ചുമതല വൈറ്റില

മൊബിലിറ്റി ഹബ്ബിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ആവശ്യമായ എഞ്ചിനീയറിംഗ് സ്റ്റാഫില്ലാത്തതിനാൽ പ്രവർത്തനം നടത്താൻ കഴിയുന്നില്ലെന്നാണ് അവർ സൂചിപ്പിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇക്കാര്യങ്ങളെല്ലം നേരിട്ട് അറിയാവുന്നതാണെന്ന് മാത്രമല്ല, ഈ വിഷയത്തിൽ അദ്ദേഹം ഇടപെടാമെന്ന് അറിയിച്ചിട്ടുള്ളതുമാണ്. കൊച്ചി സ്മാർട്ട് സിറ്റി മിഷന്റെ പദ്ധതി പ്രവർത്തനം ജൂൺ മാസം അവസാനിക്കുമെന്ന വാർത്തയാണ് കേൾക്കുന്നത്. അതുകൊണ്ട് പന്ത്രണ്ട് കോടി രൂപ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകാതിരിക്കാനും കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇടപെടുമോയെന്നാണ് ചോദിക്കാനുള്ളത്.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>): സർ, വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. എറണാകുളം കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡിനെക്കുറിച്ച് പത്ര-ദൃശ്യ സാമൂഹിക മാധ്യമങ്ങളടക്കം എല്ലായിടത്തും പരിഹാസ പരാമർശങ്ങൾ

ഉയർത്തുകയാണ്. അതുകൊണ്ടുതന്നെ ഇവിടത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം രണ്ട് കാര്യങ്ങളാണ് ഇവിടെ സൂചിപ്പിച്ചത്. സ്മാർട്ട് സിറ്റി മിഷനുമായി ബന്ധപ്പെട്ട പദ്ധതിയിൽ കെ.എസ്.ആർ.ടി.സി.-യല്ല നിർമ്മാണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത്. അത് മറ്റൊരു കോമ്പൗണ്ടിലാണ്. അവിടേയ്ക്ക് പോകുന്നതിനുള്ള വഴി ലഭിക്കുന്നതിനുവേണ്ടിയാണ് MoU ഒപ്പിട്ടത്. ആ സ്ഥലം കൈമാറുകയും ചെയ്തിട്ടുണ്ട്. ശ്രീ. ഹൈബി ഈഡൻ, എം.പി.-യുടെ ഫണ്ടുപയോഗിച്ച് അവിടെയൊരു കെട്ടിടം നേരത്തെ നിർമ്മിച്ചിരുന്നു. കെ.എസ്.ആർ.ടി.സി.-യിലെ എഞ്ചിനീയർമാരാണ് അന്ന് ആ കെട്ടിടം നിർമ്മിച്ചത്. ഞാൻ ഗതാഗത വകുപ്പുമന്ത്രിയായി ചുമതലയേറ്റതിനുശേഷം കെ.എസ്.ആർ.ടി.സി.-യുടെ സിവിൽ എഞ്ചിനീയറിംഗ് വിംഗ് ആ പ്രവൃത്തി അവസാനിപ്പിക്കുകയുണ്ടായി. കെ.എസ്.ആർ.ടി.സി.-യുടെ കെട്ടിടങ്ങളെല്ലാം പി.ഡബ്ല്യൂ.ഡി. (ബിൽഡിംഗ്സ്) വിഭാഗം പണിയുന്നതിനുള്ള ധാരണയിലെത്തിയിട്ടുണ്ട്. ഈ രീതിയിലായിരിക്കും ഇനിയുള്ള കെട്ടിട നിർമ്മാണങ്ങൾ നടത്തുന്നത്. സ്മാർട്ട് സിറ്റി മിഷനുവേണ്ടി നിർമ്മാണ

പ്രവൃത്തികൾ നടത്തേണ്ടത് മറ്റൊരു ഏജൻസിയാണ്. ശ്രീ. ഹൈബി ഈഡൻ, എം.പി.-യുടെ ഫണ്ടിൽനിന്ന് ഏകദേശം 75 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ഈ കെട്ടിടം തറനിരപ്പിൽനിന്ന് താഴ്ന്നുപോയി. മണ്ണ് പരിശോധന നടത്താതെയാണ് അന്ന് കെട്ടിട നിർമ്മാണമാരംഭിച്ചത്. ഇതുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പ് അന്വേഷണം നടത്തുകയും കെട്ടിടം പൊളിച്ചുമാറ്റാൻ അനുവാദം നൽകണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കത്ത് നൽകുകയും അദ്ദേഹം അത് വിജിലൻസ് ഡയറക്ടറെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിജിലൻസിന്റെ ക്ലിയറൻസ് ലഭിച്ചാലുടൻതന്നെ MoU അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടക്കും. നിലവിൽ കെട്ടിടം തറയിൽനിന്ന് രണ്ടര അടി താഴ്ചയിലാണ് സ്ഥിതി ചെയ്യുന്നത്. നാളെ ഉച്ചയ്ക്കുശേഷം ഏകദേശം 3.30-ഓടുകൂടി ഉദ്യോഗസ്ഥരോടും ഐ.ഐ.ടി.-യിൽനിന്നുള്ള എഞ്ചിനീയർമാരോടുമൊപ്പം ഞാൻ പ്രസ്തുത സ്ഥലം സന്ദർശിക്കുന്നതാണ്. ടി ബസ്സ്റ്റാന്റിൽ വെള്ളം കയറാത്ത രീതിയിൽ എങ്ങനെ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന് പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കാം. ഇക്കാര്യത്തിൽ

ആവശ്യമെങ്കിൽ എം.എൽ.എ. ഫണ്ട് ലഭ്യമാക്കാൻ ബന്ധപ്പെട്ട എം.എൽ.എ. തയ്യാറാകണം. ആ ഫണ്ടുകൂടി ഉൾപ്പെടുത്തി പ്രശ്നം പരിഹരിക്കാം. നിലവിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് മറ്റൊരു വ്യവസായ സംരംഭത്തിന് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് KIIFCON Pvt. Ltd നടത്തിയ പഠനത്തിൽ ആരും താല്പര്യം പ്രകടിപ്പിച്ചില്ല. അതിനാൽ കെ.എസ്.ആർ.ടി.സി.-തന്നെ നേരിട്ട് പ്രശ്നം പരിഹരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ എം.എൽ.എ.-യുടെ സഹായമുണ്ടാകണം. നാളത്തെ സന്ദർശനം സംബന്ധിച്ച് എം.പി.-ക്കും കോർപ്പറേഷൻ മേയർക്കും ഇന്നുതന്നെ അറിയിപ്പ് നൽകുന്നതായിരിക്കും. വിവേകാനന്ദ തോട്ടിൽനിന്ന് വെള്ളം കയറുന്ന പ്രശ്നവുമായി ബന്ധപ്പെട്ട് ആ ഭാഗത്തെ ആഴംകൂട്ടി പ്രശ്നപരിഹാരത്തിന് ശ്രമിക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി. ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ (സി.എം.ഡി.) ശ്രീ. പി. എസ്. പ്രമോജ് ശങ്കർ പ്രസ്തുത സ്ഥലം സന്ദർശിച്ചിരുന്നു. പിന്നീട് കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥരും സ്ഥലം സന്ദർശിച്ചു. എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ നാളെ നേരിട്ട് സ്ഥല പരിശോധന നടത്തി പ്രശ്നപരിഹാരവുമായി ബന്ധപ്പെട്ട

അന്തിമ തീരുമാനമെടുത്ത് ഉടൻതന്നെ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## 3. ആല കോതപ്പറമ്പ്, ആമണ്ടൂർ, പനങ്ങാട് നോർത്ത് സ്കൂളുകൾക്ക് സ്വന്തം കെട്ടിടം

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഒട്ടേറെ ക്രിയാത്മകമായ ഇടപെടലുകളിലൂടെ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഉണർവ്വുണ്ടാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അതിലേറ്റവും പ്രധാനപ്പെട്ടത് വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങളിൽ വമ്പിച്ച മാറ്റമുണ്ടാക്കാൻ സാധിച്ചുവെന്നതാണ്. കയ്പമംഗലം നിയോജകമണ്ഡലത്തിലെ ഏറെക്കുറെ എല്ലാ ഗവൺമെന്റ് വിദ്യാലയങ്ങളും ഇത്തരത്തിൽ വികസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ നിരന്തരമായ ഇടപെടൽ നടത്തിയിട്ടും 1931-ൽ സ്ഥാപിച്ച ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ വാർഡ് VI-ൽ സ്ഥിതിചെയ്യുന്ന ജി.എൽ.പി.എസ്. പനങ്ങാട് നോർത്തിന്റെ അറ്റകുറ്റപ്പണിപോലും നടത്താൻ കഴിയാത്തവിധം പ്രശ്നബാധിതമായി നിൽക്കുകയാണ്. അതോടൊപ്പംതന്നെ തൊട്ടടുത്തുള്ള വിദ്യാലയമായ ജി.എം.എൽ.പി.എസ്. ആല കോതപ്പറമ്പും ഇതേ അവസ്ഥ നേരിടുകയാണ്.

ഈ രണ്ട് സ്കൂളുകളും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലാണ്. എന്നാൽ ഈ സ്ഥലങ്ങളുടെ ശരിയായ ഉടമസ്ഥൻ ആരാണെന്നുള്ളത് നിലവിലെ രേഖകൾ പ്രകാരം വ്യക്തത വരുത്താൻ സാധിച്ചിട്ടില്ല. യഥാർത്ഥ ഉടമസ്ഥരില്ലാത്തതിലുള്ള മറ്റ് പല വിഷമതകളും ഈ സ്കൂളുകൾ ഇപ്പോൾ അനുഭവിക്കുകയാണ്. അതുപോലെതന്നെ ശ്രീനാരായണപുരം പഞ്ചായത്തിൽ വാർഡ് VIII-ൽ 1925-ൽ സ്ഥാപിച്ച ജി.എം.എൽ.പി.എസ്. ആമണ്ടൂർ ജുമാ മസ്ജിദിന്റെ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്കൂൾ കെട്ടിടത്തിന് 28,644/- രൂപ വാടകയായി സർക്കാർ നൽകുന്നുണ്ടെങ്കിലും ഈ തുക സ്കൂളിന്റെ അറ്റകുറ്റപ്പണിക്ക് പര്യാപ്തമല്ല. വലിയ ആസ്തിയൊന്നുമില്ലാത്ത പള്ളികമ്മിറ്റിക്ക് കാര്യമായ അറ്റകുറ്റപ്പണി നടത്താൻ കഴിയുന്നില്ല. സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പരിഹാരം കാണാനും ഈ മൂന്ന് വിദ്യാലയങ്ങളിലെയും കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. ടി സ്കൂളുകളിൽ വിദ്യാർത്ഥികൾ കൂടുതലായെത്തുന്നുണ്ടെങ്കിലും സ്കൂളിന്റെ ഭാവിയെ സംബന്ധിച്ചുള്ള പ്രശ്നം നിലനിൽക്കുകയാണ്. അതിനാൽ ഈ മൂന്ന്

വിദ്യാലയങ്ങളുടെ കാര്യത്തിലും വേണ്ടത്ര ഇടപെടൽ നടത്താൻ തയ്യാറാകണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, നൂറ് വർഷത്തിലേറെ പഴക്കമുള്ളതും പതിനാല് സെന്റ് ഭൂമിയിൽ സ്ഥിതിചെയ്യുന്നതുമായ ജി.എം.എൽ.പി.എസ്. ആല കോതപ്പറമ്പിന്റെ മതിലും ഗേറ്റും നിലനിന്നിരുന്ന മുൻഭാഗം എൻ.എച്ച്.66-ന്റെ പ്രവർത്തനത്തിനായി ഗവൺമെന്റ് ഏറ്റെടുത്തിരുന്നു. വിദ്യാലയത്തിൽ 21 പ്രീപ്രൈമറി കുട്ടികളുൾപ്പെടെ 30 കുട്ടികളും പ്രധാന അധ്യാപകനുൾപ്പെടെ അഞ്ച് അധ്യാപകരുമാണ് ഈ അധ്യയനവർഷത്തിലുള്ളത്. നിലവിൽ സ്കൂൾ പ്രവർത്തിക്കുന്നത് നാഷണൽ ഹൈവേയുടെ കാനയുടെ സമീപമായതിനാൽ ചുറ്റുമതിൽ നിർമ്മിക്കാൻ സാധിക്കുന്നില്ല. മാത്രമല്ല, കുട്ടികൾക്ക് കളിസ്ഥലവും ലഭ്യമല്ല. മറ്റ് പാഠ്യേതര പ്രവർത്തനങ്ങൾക്കുള്ള സൗകര്യക്കുറവും സ്കൂൾ കെട്ടിടത്തിന്റെ കാലപ്പഴക്കവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉടമസ്ഥരായ കോതപറമ്പ് ജുമാ മസ്ജിദ് മഹൽ കമ്മിറ്റിക്ക് ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് കണ്ടിജന്റ് ഫണ്ടിൽനിന്നും

വർഷംതോറും 3,600/- രൂപ വാടക നൽകിവരുന്നുണ്ട്. ശ്രീനാരായണപുരം പഞ്ചായത്തിലുൾപ്പെടുന്ന ജി.എൽ.പി.എസ്. പനങ്ങാട് നോർത്ത് നിലവിൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ നാളിതുവരെ കെട്ടിടത്തിന്റെ ഉടമസ്ഥൻ ആരാണെന്ന് കണ്ടെത്താൻ കഴിയാത്തതിനാൽ വാടകയിനത്തിൽ ആർക്കുംതന്നെ തുക നൽകിയിട്ടില്ല. പൂവത്തുംകടവിൽ ഭാഗ്യനാഥൻ പി.എസ്. എന്ന വ്യക്തി ഉടമസ്ഥാവകാശം ഉന്നയിച്ച് വിദ്യാലയത്തിലെയും പഞ്ചായത്തിലെയും ബന്ധപ്പെട്ട അധികാരികളെ സമീപിച്ചെങ്കിലും അത് തെളിയിക്കാൻ നാളിതുവരെ അദ്ദേഹത്തിന് കഴിഞ്ഞിട്ടില്ല. 2015-നുശേഷം ഉടമസ്ഥാവകാശം ഉന്നയിച്ച് ആരുംതന്നെ വന്നിട്ടുമില്ല. ടി വിദ്യാലയത്തിൽ നിലവിൽ 27 കുട്ടികൾ എൽ.പി. വിഭാഗത്തിലും 7 കുട്ടികൾ പ്രീപ്രൈമറി വിഭാഗത്തിലും ഈ അധ്യയനവർഷം പഠിക്കുന്നുണ്ട്. പ്രധാന അധ്യാപകനുൾപ്പെടെ നാല് അധ്യാപകരും ഒരു പി.റ്റി.സി.എം.-മാണ് ഈ സ്കൂളിലുള്ളത്. തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ഉപജില്ലയിൽ എസ്.എൻ.പുരം പഞ്ചായത്തിലെ VIII-ാംവാർഡിലാണ് ജി.എം.എൽ.പി.എസ്. ആമണ്ടൂർ സ്ഥിതിചെയ്യുന്നത്. ഊമൻകുളം

മസ്ജിദിനോട് ചേർന്ന് കിടക്കുന്ന കോൺക്രീറ്റ് വാടകകെട്ടിടത്തിലാണ് നിലവിൽ സ്കൂൾ പ്രവർത്തിക്കുന്നത്. വാടകയിനത്തിൽ എസ്.എൻ.പുരം പഞ്ചായത്ത് വർഷംതോറും 28,644/- രൂപ പള്ളിക്കമ്മിറ്റിക്ക് നൽകിവരികയാണ്. 1925-ൽ സ്കൂൾ ആരംഭിച്ചപ്പോൾ ഓലമേഞ്ഞ ക്ലാസ്സ് മുറികളായിരുന്നുവെങ്കിൽ 1995 മുതൽ ഏഴ് ക്ലാസ്സ് മുറികൾ ഉൾക്കൊള്ളുന്ന കോൺക്രീറ്റ് കെട്ടിടത്തിലാണ് വിദ്യാലയം പ്രവർത്തിക്കുന്നത്. വിദ്യാലയത്തിനോട് ചേർന്നുള്ള അടുക്കളയുടെയും ശുചിമുറിയുടെയും നവീകരണം എം.എൽ.എ. ഫണ്ടുപയോഗിച്ച് നടത്തിയിട്ടുണ്ട്. കുട്ടികൾക്ക് കളിക്കാനും കായിക പരിശീലനം നടത്താനും കാർഷിക ആവശ്യങ്ങൾക്കുമായി പള്ളി കോമ്പൗണ്ട് തന്നെയാണ് ഉപയോഗിക്കുന്നത്. വിദ്യാലയത്തിൽ 27 പ്രീപ്രൈമറി കുട്ടികളുൾപ്പെടെ 38 കുട്ടികളും പ്രധാന അധ്യാപകനുൾപ്പെടെ നാല് അധ്യാപകരുമാണ് ഈ അധ്യയന വർഷത്തിലുള്ളത്. സ്കൂളുകളുടെ കാലപ്പഴക്കം, സുഗമമായ പ്രവർത്തനത്തിനുള്ള സ്ഥലപരിമിതി, വാടക കുടിശ്ശികയിനത്തിൽ സർക്കാരിനുണ്ടാകുന്ന ഭീമമായ സാമ്പത്തികബാധ്യത എന്നിവ കണക്കിലെടുത്ത് ഗ്രാമപഞ്ചായത്ത് മുഖേന

ടി സ്കൂളുകൾക്ക് സ്ഥലം ലഭ്യമാക്കുമോയെന്ന് പരിശോധിക്കുന്നതാണ്. സ്ഥലം ലഭിക്കുന്നമുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ മന്ത്രിതലത്തിൽ ബന്ധപ്പെട്ടവരുടെ ഒരു യോഗം അടിയന്തരമായി ചേരാനും തീരുമാനിച്ചിട്ടുണ്ട്.

## 4. പാലക്കാട് എസ്.സി./എസ്.ടി. സംവരണം പാലിച്ച് റേഷൻകട അനുവദിക്കൽ

ശ്രീമതി ശാന്തകുമാരി കെ.: സർ, സിവിൽസപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ടൊരു വിഷയമാണ് ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. പൊതുവിതരണ ശൃംഖലയിൽ സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് റേഷൻ കടകൾക്കുള്ള ലൈസൻസ് അനുവദിക്കുന്നതിൽ സർക്കാരും വകുപ്പും സ്വീകരിച്ച ശ്ലാഘനീയമായ നടപടികളെ ആദ്യമായി അഭിനന്ദിക്കുന്നു. പാലക്കാട് ജില്ലയിൽ 934 റേഷൻ കടകളിൽ പത്ത് ശതമാനം എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് സംവരണം ചെയ്തിട്ടുണ്ട്. ഇതിൽ നിയമനടപടികൾക്ക് വിധേയമായിട്ടോ മറ്റ് പല കാരണങ്ങളാൽ ലൈസൻസിതന്നെ ഉപേക്ഷിച്ചുപോവുകയോ ചെയ്ത റേഷൻ കടകൾ അനവധിയാണ്. മറ്റ്

കടകളോടൊപ്പം അറ്റാച്ച് ചെയ്ത രീതിയിലുള്ള റേഷൻ കടകളാണ് നിലവിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുവേണ്ടി വിജ്ഞാപനം ചെയ്തിട്ടുള്ളത്. അറ്റാച്ച് ചെയ്ത കടകൾ ലൈസൻസികളുടെ ബന്ധുക്കൾക്ക് കൊടുക്കാൻ പാടില്ലെന്നുള്ള നിബന്ധനയും നിയമപരമായി നിലവിലുണ്ട്. എന്നാൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുവേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ട പല സെന്ററുകളും ചില ബാഹ്യശക്തികളുടെ ഇടപെടൽമൂലം നിലവിൽ കോടതി വ്യവഹാരങ്ങളിൽ കുടുങ്ങിക്കിടക്കുകയാണ്. ഉദാഹരണത്തിന് പാലക്കാട് ജില്ലയിൽ ചെർപ്പുളശ്ശേരി, മാനന്തൂർ, ഒറ്റപ്പാലം താലൂക്കുകളിൽ ഇതുപോലെ വിജ്ഞാപനം ചെയ്ത നിരവധി റേഷൻ കടകൾ നിലവിൽ കോടതി വ്യവഹാരത്തിൽപ്പെട്ടിരിക്കുകയാണ്. ഒറ്റപ്പാലം താലൂക്കിൽ ARD No.96 എന്ന റേഷൻകട എസ്.സി. വിഭാഗത്തിനുവേണ്ടി 2022 മേയ് മാസം വിജ്ഞാപനം ചെയ്തതാണ്. റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചു. അതായത്, ട്രഷറിയിൽ സെക്യൂരിറ്റി തുകയായ 50,000/- രൂപ കെട്ടിവച്ചു, D.S.O (District Supply Officer)-യുടെ പേരിൽ അതുമായി ബന്ധപ്പെട്ട് 5,000/-

രൂപ ഡെപ്പോസിറ്റ് ചെയ്തു, ലൈസൻസ് ഫീ ഇനത്തിൽ 1,000/- രൂപയും മണ്ണെണ്ണ പെർമിറ്റിന് നിശ്ചിത തുകയും കെട്ടിവച്ചു. ഇത്തരം നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ചശേഷം റേഷൻ കട അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പരിശോധന നടക്കുമ്പോഴാണ് ഉടൻ നിർത്തി വയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ചില ബാഹ്യ ഇടപടലുകൾ വന്നത്. യഥാർത്ഥത്തിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് നിയമപരമായി ലഭിക്കേണ്ട പല ആനുകൂല്യങ്ങളും ഇത്തരം ബാഹ്യശക്തികളുടെ ഇടപെടൽമൂലം തടസ്സപ്പെടുകയാണ്. നേരത്തെ സൂചിപ്പിച്ച കടയുടെ കാര്യത്തിൽ ഇത്രയും തുക കെട്ടിവച്ച് അനുമതി നൽകുന്നതിനുള്ള നടപടികളിലേയ്ക്ക് കടന്നപ്പോഴാണ് തുടർ നടപടി നിർത്തിവയ്ക്കേണ്ടിവരികയും പിറ്റേദിവസം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും സ്റ്റേ ഓർഡർ വരികയും ചെയ്തത്. എസ്.സി/എസ്.ടി. വിഭാഗക്കാർക്കായി റിസർവേഷൻ സംവിധാനമുൾപ്പെടെ ശ്ലാഘനീയമായ ഇത്രയധികം പ്രവർത്തനങ്ങൾ ഈ മേഖലയിൽ നാളിതുവരെ ഉണ്ടായിട്ടില്ല. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന

ഇത്തരം പാവപ്പെട്ട മനുഷ്യരെ കോടതി വ്യവഹാരങ്ങളിലേയ്ക്ക് വലിച്ചിഴയ്ക്കുന്നതിലൂടെ അവർക്ക് നിയമപരമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ സമയബന്ധിതമായി അനുവദിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിലിടപെട്ട് ഇത്തരം കേസുകൾ അടിയന്തരമായി ഒത്തുതീർക്കുകയും പാവപ്പെട്ടവർക്ക് റേഷൻ കട ലൈസൻസ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ വിശദീകരിച്ച 96-ാം നമ്പർ റേഷൻ കടയെ സംബന്ധിച്ചുള്ള വിഷയം വളരെ ഗൗരവമായി പരിശോധിക്കുന്നതാണ്. പാലക്കാട് ജില്ലയിൽ നിലവിൽ 935 റേഷൻ കടകളാണുള്ളത്. 09-05-2022-ലെ സർക്കാർ ഉത്തരവ് (കൈ)നം.161/2022/ഭ.പൊ.വി.വ പ്രകാരം പട്ടികജാതി വിഭാഗക്കാർക്ക് എട്ട് ശതമാനവും പട്ടികവർഗ്ഗ വിഭാഗത്തിന് രണ്ട് ശതമാനവും ഭിന്നശേഷി വിഭാഗത്തിന് അഞ്ച് ശതമാനവും വനിതാ വിഭാഗങ്ങൾക്ക് ഇരുപത് ശതമാനവുമെന്ന രീതിയിൽ ആകെ 35 ശതമാനമാണ് സംവരണ വിഭാഗങ്ങൾക്കായി

മാറ്റിവച്ചിരിക്കുന്നത്. പാലക്കാട് ജില്ലയിൽ നിലവിൽ 42 എസ്.സി. വിഭാഗക്കാരും 10 എസ്.ടി. വിഭാഗക്കാരും 13 ഭിന്നശേഷി വിഭാഗക്കാരും ലൈസൻസിയായി പ്രവർത്തിച്ചുവരുന്നുണ്ട്. ജില്ലയിൽ സംവരണതത്വം പാലിക്കണമെങ്കിൽ എസ്.സി. -4%, എസ്.ടി. -1%, ഭിന്നശേഷി -4%, വനിത-12% എന്നിങ്ങനെക്കൂടി ലൈസൻസി നിയമനം നടത്തേണ്ടതുണ്ട്. പാലക്കാട് ജില്ലയിൽ ലൈസൻസ് റദ്ദ് ചെയ്ത മറ്റ് റേഷൻകടകളിൽ അറ്റാച്ച് ചെയ്ത് പ്രവർത്തിക്കുന്ന 47 റേഷൻ കടകളിലേയ്ക്ക് പട്ടികജാതി, പട്ടികവർഗ്ഗ, ഭിന്നശേഷി, വനിതവിഭാഗങ്ങളിൽനിന്നും പുതിയ ലൈസൻസികളെ നിയമിക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കാൻ 2022-ൽ അനുമതി നൽകിയിരുന്നു. പൂർണ്ണമായും സംവരണ വിഭാഗത്തിനാണ് ഇതുപ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചത്. പ്രസ്തുത വിജ്ഞാപനപ്രകാരം 17 റേഷൻ കടകളിൽ (SC-15, ST-1, PH-1) ലൈസൻസി നിയമനം നടത്തിയിട്ടുണ്ട്. ബാക്കിയുള്ള 30 റേഷൻ കടകളിൽക്കൂടി ലൈസൻസിയെ നിയമിക്കേണ്ടതുണ്ട്. എന്നാൽ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ വിജ്ഞാപനം നടത്തിയ റേഷൻ കടകളിലെ മുൻ

സെയിൽസ്മാന്മാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനാലും മൂന്ന് തവണ വിജ്ഞാപനം നടത്തിയിട്ടും അതത് സംവരണ വിഭാഗത്തിൽ നിന്നുള്ള അപേക്ഷകൾ ലഭ്യമാകാത്തതിനാലും റൊട്ടേഷൻ ചാർട്ട് പ്രകാരം വീണ്ടും വിജ്ഞാപനം നടത്തേണ്ടിവരുന്നു. ഇത് സംവരണ വിഭാഗങ്ങൾക്കുള്ള ലൈസൻസി ഒഴിവുകൾ നികത്തുന്നതിന് കാലതാമസം സൃഷ്ടിക്കുന്നുണ്ട്. ഇതുകൂടാതെ 13 റേഷൻ കടകൾക്കുകൂടി സംവരണപ്രകാരം വിജ്ഞാപനം നടത്തുന്നത് സർക്കാർ പരിശോധിച്ചുവരികയാണ്. അതിൽ അന്തിമ തീരുമാനമാകുന്നമുറയ്ക്ക് സംവരണതത്വം പൂർണ്ണമായും പാലിച്ചുകൊണ്ട് ടി ഒഴിവുകളിലേയ്ക്ക് വിജ്ഞാപനം നടത്തുന്നതാണ്. പാലക്കാട് ജില്ലയിൽ മാത്രമല്ല സംസ്ഥാനമൊട്ടാകെതന്നെ സംവരണതത്വം പാലിക്കണമെന്നതാണ് സർക്കാർ നിലപാട്. ഈ സർക്കാർ അധികാരമേൽക്കുമ്പോൾ എസ്.സി., എസ്.ടി, ഭിന്നശേഷി, വനിത വിഭാഗങ്ങളിൽ യഥാക്രമം 334, 57, 61, 3196 എന്നിങ്ങനെ റേഷൻകടകളാണുണ്ടായിരുന്നത്. ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് ആകെ 180 ലൈസൻസി നിയമനമാണ് നടത്തിയത്. ഇതിൽ

എസ്.സി., എസ്.ടി, ഭിന്നശേഷി, വനിത വിഭാഗങ്ങൾക്കായി യഥാക്രമം 119, 18, 41, 2 എന്നിങ്ങനെ പൂർണ്ണമായും സംവരണ വിഭാഗത്തിലാണ് കടകൾ അനുവദിച്ചിട്ടുള്ളതെന്ന കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

10.32 am]

## IV. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### (1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ടിന്റെ പരിഗണന

ശ്രീ. പ്രമോദ് നാരായൺ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

### (2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങൾ:

#### (i) 2024-ലെ കേരള ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളി ക്ഷേമനിധി ബിൽ

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, 2024-ലെ കേരള ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്നത്തെ സഭാ സമ്മേളനം 12.30-ന് അവസാനിപ്പിക്കേണ്ടതിനാൽ ബഹുമാനപ്പെട്ട അംഗങ്ങൾ സമയക്ലിപ്തത പാലിച്ച് സംസാരിക്കണം.

ഡോ. എൻ. ജയരാജ്: സർ, വളരെ മാതൃകാപരമായ ഒട്ടേറെ നിയമനിർമ്മാണങ്ങൾക്ക് സാക്ഷ്യംവഹിച്ച കേരള നിയമസഭയിൽ നീതി നിഷേധത്തിന്റെയും തൊഴിൽ ചൂഷണത്തിന്റെയുമിടയിൽ ഒതുങ്ങിപ്പോകുന്ന ഒരു വലിയ ജനവിഭാഗമായ ഗിഗ് തൊഴിലാളികളുടെ ജീവിതത്തിന് സുരക്ഷിതത്വം ഉറപ്പുനൽകണമെന്ന ആവശ്യത്തോടുകൂടിയുള്ള ഒരു സ്വകാര്യ ബിൽ നിയമസഭയിൽ അവതരിപ്പിക്കാൻ സാഹചര്യമുണ്ടാക്കിയതിനും അതിന് അനുവാദം നൽകിയതിനും ചെയറിനോട് പ്രത്യേക നന്ദി രേഖപ്പെടുത്തുന്നു.

തൊഴിൽ മേഖലയിൽ പരമ്പരാഗത മുതലാളി-തൊഴിലാളി ബന്ധത്തിനപ്പുറം സമീപകാലത്തായി, പ്രത്യേകിച്ച് ഉദാരവൽക്കരണത്തിന്റെ കാലഘട്ടത്തിനുശേഷം ഡിജിറ്റൽ പ്ലാറ്റ്ഫോം ഉൾപ്പെടെ സൃഷ്ടിക്കപ്പെടുന്ന സാഹചര്യത്തിൽ വളരെ വ്യത്യസ്തമായ ചില കാഴ്ചപ്പാടുകളും കാഴ്ചകളുമാണ് നമ്മൾ കാണുന്നത്. അത്തരം സാഹചര്യത്തിലാണ് ഗിഗ് തൊഴിലാളികളെന്ന പേരിൽ ഒരു പുതിയ തൊഴിൽ സംസ്കാരത്തിന്റെ ഉടമകളായ വ്യക്തികൾ കടന്നുവരുന്നത്. ഒരുപക്ഷെ ഇത്രയും ചൂഷണം നടക്കുന്ന മറ്റൊരു മേഖലയുമില്ല. ആ മേഖലയിലെ പിന്നാമ്പുറങ്ങളിൽ നടക്കുന്ന ചൂഷണം പലപ്പോഴും ലോകം അറിയാതെ പോകുന്നുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. നിലവിൽ കേരളത്തിൽ രണ്ടര ലക്ഷത്തോളവും ഇന്ത്യയിൽ 77 ലക്ഷത്തോളവും ഗിഗ് തൊഴിലാളികളുണ്ട്. അഞ്ച് വർഷത്തിനുള്ളിൽ അത് രണ്ടര കോടിയായി വർദ്ധിക്കുമെന്നാണ് നീതി ആയോഗ് കണക്കാക്കിയിട്ടുള്ളത്. കേരളത്തിലെ അവസ്ഥയും വ്യത്യസ്തമല്ല. ബിരുദവും ബിരുദാനന്തര ബിരുദവുമുള്ള ചെറുപ്പക്കാരാണ് നിലവിൽ ഗിഗ് തൊഴിലാളികളായി ജോലി ചെയ്യുന്നത്. 'പരമ്പരാഗത മുതലാളി-തൊഴിലാളി

ബന്ധത്തിനപ്പുറത്ത് തൊഴിൽ കണ്ടെത്തുകയോ തൊഴിലെടുക്കുകയോ ചെയ്യുന്ന വ്യക്തി' എന്നാണ് 2020-ൽ കേന്ദ്ര ഗവൺമെന്റ് ഇറക്കിയ സാമൂഹ്യ സുരക്ഷാ കോഡിൽ ഗിഗ് വർക്കറെ നിർവ്വചിച്ചിരിക്കുന്നത്. എന്നാൽ വെബിന്റെയും ലൊക്കേഷന്റെയും അടിസ്ഥാനത്തിൽ ഗിഗ് മേഖലയെ രണ്ടായി തിരിക്കാം. ഇതിൽ ഒന്നാമത്തേതിൽ ഐ.ടി. മേഖലയിലെ സ്വതന്ത്ര സേവന ദാതാക്കളാണ് ഉൾപ്പെടുന്നത്. കേരളത്തിലുൾപ്പെടെ പ്രശസ്തമായ ഗുരു-ആപ്പ് വർക്ക് പോലുള്ള കമ്പനികൾ ഇത്തരം ജോലി വാഗ്ദാനം ചെയ്യുന്നവരാണ്. പലപ്പോഴും സ്വന്തം വീട്ടിലിരുന്ന് ജോലി ചെയ്യാമെന്നതിനാൽ ഇത്തരം കമ്പനികളിൽ ജോലി ചെയ്യുന്നവരെ ഗിഗ് തൊഴിലാളികളായി പൊതുജനത്തിന് തിരിച്ചറിയാൻ സാധിക്കില്ല. ലൊക്കേഷൻ അടിസ്ഥാനമാക്കിയുള്ള തൊഴിലാളികളെക്കാൾ ഇവർക്ക് പ്രതിഫലവും കൂടുതലാണ്. വാസ്തവത്തിൽ ഇവരാണ് ഗിഗ് വ്യവസ്ഥയിലെ 'വൈറ്റ് കോളർ' തൊഴിലാളികൾ. ലൊക്കേഷൻ അടിസ്ഥാനമാക്കിയുള്ള ഗിഗ് മേഖലയിൽ പ്രധാനമായും മൂന്നുതരം സേവന ദാതാക്കളാണുള്ളത്. Ride sharing അഥവാ ഗതാഗത മേഖലയിൽ Uber, OLA തുടങ്ങിയ

കമ്പനികളും വിതരണ മേഖലയിൽ Swiggy, Zomato തുടങ്ങിയ കമ്പനികളും വീട്ടുജോലികൾക്കുവേണ്ടി JOBOY ആപ്പുമാണുള്ളത്. ഇതിൽ യൂണിഫോമുള്ള തൊഴിലാളികൾ ഡെലിവറി വർക്കർ അഥവാ വിതരണക്കാർ മാത്രമാണ്. അതുകൊണ്ടുതന്നെ ഇവർ മാത്രമാണ് ഗിഗ് തൊഴിലാളികൾ എന്നൊരു തെറ്റിദ്ധാരണ നിലനിൽക്കുന്നുണ്ട്. സ്ഥാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഈ മൂന്ന് ഗണത്തിൽ വരുന്ന തൊഴിലാളികളുടെ പ്രതിഫലം താരതമ്യേന കുറവും അസ്ഥിരവുമാണ്. ഗിഗ് മേഖലയിൽ കൂടുതൽ ചൂഷണം ചെയ്യപ്പെടുന്നതും ഇവരാണ്. കേരളത്തിൽ ഒരു പുതിയ സംസ്കാരം വളർന്നുവരുമ്പോൾ, പഠനത്തോടൊപ്പം ഒരു തൊഴിൽ എന്ന നിലയിൽ ഒട്ടേറെ വിദ്യാർഥികൾ ഈ രംഗത്ത് പ്രവർത്തിക്കുന്നു. സത്യത്തിൽ അവരുടെ ബയോഡാറ്റയിൽപോലും അത് രേഖപ്പെടുത്താൻ തയ്യാറാകുന്നില്ല. ഒരു തൊഴിലാളിക്ക് സ്വന്തം സൗകര്യമനുസരിച്ച് തൊഴിൽ സമയം തീരുമാനിക്കാമെന്നതാണ് ഗിഗ് മേഖലയുടെ പ്രധാനപ്പെട്ട ആകർഷണം. എന്നാൽ തൊഴിലുടമ-തൊഴിലാളി ബന്ധമോ കരാറോ നിലവിലില്ലാത്തതിനാൽ ഗിഗ് തൊഴിലാളികൾക്ക് തൊഴിൽ

ദാതാക്കളുമായോ തിരിച്ചോ വിധേയത്വമില്ല. Zomato, Swiggy തുടങ്ങിയ ഭക്ഷണവിതരണ ശൃംഖലയിൽ ജോലിയെടുക്കുന്നവർക്ക് കൂടുതൽ തൊഴിൽ ലഭിക്കുന്ന ദിവസം 2,000 രൂപ വരെയും Uber, OLA തുടങ്ങിയവയിലെ ഡ്രൈവർമാർക്ക് 6,000 രൂപ വരെയും ചിലപ്പോൾ പ്രതിഫലം ലഭിക്കാറുണ്ട്. എന്നാൽ ഈ പണലഭ്യതയ്ക്ക് ഒരു ഉറപ്പുമില്ലെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ചുരുക്കത്തിൽ ഇവരുടെ സാമ്പത്തികനേട്ടം തീർത്തും പ്രവചനാതീതമാണ്. തൊഴിൽദാതാക്കളായ കമ്പനികൾ തൊഴിലാളികൾക്ക് നൽകുന്ന നിരക്കിലും പലപ്പോഴും വ്യത്യാസം വരുത്തിക്കൊണ്ടിരിക്കും. പ്രതിഫലത്തേക്കാൾ ലഭിക്കുന്ന ഇൻസെന്റീവാണ് ഈ മേഖലയിലെ പ്രധാന ആകർഷണം. തൊഴിൽ/വരുമാനലഭ്യത ഇവരുടെ റേറ്റിംഗിനെ അടിസ്ഥാനപ്പെടുത്തിയാണ് നിശ്ചയിക്കപ്പെടുന്നത്.

ശ്രീ. ഡി. കെ. മുരളി: സർ, പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധിയും ക്ഷേമവും സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കുന്നത്. എന്നാൽ ഈ മേഖലയിൽ ഉപഭോക്താക്കൾ അനുഭവിക്കുന്ന കുറച്ച് അനീതികൾകൂടിയുണ്ട്. പലപ്പോഴും ഓർഡർ ചെയ്യുന്ന

സാധനത്തിന്റെ ക്വാണ്ടിറ്റിയും ക്വാളിറ്റിയുംപോലും കൃത്യമായി ലഭ്യമാകാത്ത അനുഭവങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. കൺസ്യൂമർ ഓർഡർ ചെയ്ത സാധനം വന്നാൽ ആ ബില്ലിലുള്ള തുക നൽകി വിടുകയാണ് ചെയ്യുന്നത്. പിന്നെ ഉപയോഗിക്കാൻ നോക്കുമ്പോഴാണ് അതിന്റെ കുറവും മറ്റ് കാര്യങ്ങളും മനസ്സിലാകുന്നത്. അതുകൂടി പരിഹരിക്കത്തക്ക നിലയിലുള്ള ഒരു നിയമനിർമ്മാണത്തിലേയ്ക്ക് പോകേണ്ടതില്ലേ?

ഡോ. എൻ. ജയരാജ്: സർ, അങ്ങയുടെ നിർദേശം തീർച്ചയായും സ്വാഗതാർഹമാണ്. ഈ മേഖലയിലെ തൊഴിലാളികളോടൊപ്പം ഉപഭോക്താക്കളും പലപ്പോഴും ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. ഏതായാലും ഈ രംഗത്ത് വലിയ ചൂഷണം നടക്കുന്നുണ്ട്. ഇത് യഥാർത്ഥത്തിൽ തൊഴിൽ മേഖലയിലും സമ്പദ് വ്യവസ്ഥയിലുമുണ്ടായിട്ടുള്ള സ്വഭാവമാണ്. Uber-ന്റെ കാര്യമെടുത്താൽ, ഇത് ഡാറ്റാ രൂപത്തിലുള്ള ഒരു ട്രാൻസ്പോർട്ട് ലോജിസ്റ്റിക്സ് ഇന്റലിജൻസ് സംവിധാനത്തിലാണ് രൂപപ്പെടുത്തിയിട്ടുള്ളത്. ഡിജിറ്റൽ പ്ലാറ്റ്ഫോമിന്റെ ഒരു മൊണോപ്പോളി ഇവരുടെ കൈവശമുണ്ട്. അതുകൊണ്ട് ഈ

പ്ലാറ്റ്ഫോം ഉപയോഗിക്കുന്നവരിൽനിന്നും വാടക ഈടാക്കുകയാണ് ചെയ്യുന്നത്. തൊഴിലാളികളിൽനിന്ന് പ്രത്യേക ആപ്പ് വഴിയാണ് കമ്മീഷൻ ഈടാക്കുന്നത്. ഒരു തൊഴിലാളിയെന്ന ഐഡന്റിറ്റി അവർക്കില്ലാത്തതുകൊണ്ട് ചൂഷണത്തിന്റെ സാധ്യതകളും വളരെ കൂടുതലാണ്. വാസ്തവത്തിൽ Uber എന്നത് ഒരു ട്രാൻസ്പോർട്ടിംഗ് കമ്പനിയല്ല. മാത്രമല്ല, കാർ ഉപയോഗിക്കുന്ന വ്യക്തികൾക്ക് യാതൊരു നിയന്ത്രണവും ഈ ആപ്പിലില്ല. ആപ്പ് ഉപയോഗിക്കുന്ന വ്യക്തികൾ കൃത്യമായ കമ്മീഷൻ കൊടുക്കുന്നുവെന്നുമാത്രം. അതുകൊണ്ട് സ്വാഭാവികമായും തൊഴിലാളികളെന്ന മാനദണ്ഡത്തിൽ അവർ വരുന്നില്ല. ഈ രംഗത്തുണ്ടാകുന്ന തൊഴിൽ അരക്ഷിതത്വവും കരാറുകളില്ലാത്തതുകൊണ്ടുള്ള സുരക്ഷിതത്വമില്ലായ്മയും വളരെ പ്രധാനപ്പെട്ട വിഷയമാണ്. ഇതുമായി ബന്ധപ്പെട്ട് രണ്ടുകാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഒന്ന്, ഇന്ത്യയിലെ കുറച്ച് സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ ചില നിലപാടുകളെടുത്തിട്ടുണ്ട് എന്നതാണ്. ഇതുമായി ബന്ധപ്പെട്ട നിയമനിർമ്മാണത്തിന് ഈ സംസ്ഥാനങ്ങൾ അടുത്തകാലത്ത്

തയ്യാറായിട്ടുണ്ട് എന്നതാണ് അതിൽ ഏറ്റവും പ്രധാനം. അതിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട് പാർലമെന്റ് 2020-ൽ പാസ്സാക്കിയ സോഷ്യൽ സെക്യൂരിറ്റി കോഡിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അതിലെ വകുപ്പ് 2 (35) പ്രകാരം പരമ്പരാഗത തൊഴിലുടമ-തൊഴിലാളി ബന്ധമില്ലാത്തവരാണെന്ന് സൂചിപ്പിക്കുന്നുണ്ട്. പക്ഷേ അങ്ങനെയൊരു സോഷ്യൽ സെക്യൂരിറ്റി കോഡ് ഉണ്ടെങ്കിൽപ്പോലും അത് ഇതുവരെ നടപ്പാക്കിയിട്ടില്ലെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇതുമായി ബന്ധപ്പെട്ട നിയമനിർമ്മാണത്തിന് കർണ്ണാടക ഗവൺമെന്റ് തയ്യാറായിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മറ്റു ചില സംസ്ഥാനങ്ങളും അതിന് തയ്യാറായിട്ടുണ്ട് എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഈ രംഗത്ത് കേരളം ഇനിയും അമാന്തിച്ചുനിൽക്കേണ്ടതില്ല. നേരത്തെ ഗിഗ് വർക്കർമാരുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് സഭയിൽ ഉന്നയിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, നിയമനിർമ്മാണത്തിനുവേണ്ടി ആലോചിക്കുന്നുണ്ടെന്നും ഇതിന്റെ സമഗ്ര പഠനത്തിന് 'കില'-യെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നുമാണ് പരാമർശിച്ചത്.

യഥാർത്ഥത്തിൽ എത്ര വ്യക്തികൾ ഈ രംഗത്ത് പ്രവർത്തിക്കുന്നു എന്നത് സംബന്ധിച്ച് കൃത്യമായൊരു ഡാറ്റാപോലും നമ്മുടെ കൈവശമില്ലെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. അതുകൊണ്ട് ഈ ബില്ലുമായി ബന്ധപ്പെട്ട് മുന്നോട്ടുവയ്ക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയം....

ശ്രീ. പി. ഉബൈദുള്ള: സർ, uber, zomato മേഖലകളിൽ ജോലിചെയ്യുന്ന വ്യക്തികൾ യഥാർത്ഥത്തിൽ മികച്ച സേവനമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇന്ന് നമുക്കൊരു ഭക്ഷണസാധനം വേണമെന്നുതോന്നിയാൽ ഫോൺ വിളിക്കുമ്പോൾതന്നെ അത് നമ്മുടെ റൂമിലോ, വീട്ടിലോ എത്തും. നിലവിൽ നമ്മുടെ യാത്രാ സൗകര്യങ്ങൾ ഏറെ വർദ്ധിച്ചുവരുന്നു. ഇപ്രകാരം സമൂഹത്തിൽ വലിയ സേവനം ചെയ്തുകൊണ്ടിരിക്കുന്ന ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ക്ഷേമനിധിയില്ല എന്ന വളരെ പ്രധാനപ്പെട്ട വിഷയമാണ് ഡോ. എൻ. ജയരാജ് ഇവിടെ അവതരിപ്പിച്ചത്. ഒരുപക്ഷേ ഇത്രയൊന്നും സേവനം ചെയ്യാത്ത വ്യക്തികൾക്കുപോലും ക്ഷേമനിധിയുള്ള ഒരു സംസ്ഥാനമാണ് കേരളം.

അതുകൊണ്ട് ഇത് വളരെ ഗൗരവത്തിലെടുക്കുകയും ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഡോ. എൻ. ജയരാജ്: സർ, യഥാർത്ഥത്തിൽ ഈ രംഗത്ത് ധാരാളം തൊഴിൽ സമരങ്ങൾ നടക്കുന്നുണ്ട്. സി.ഐ.റ്റി.യു.-ന്റെ നേതൃത്വത്തിൽ ഇതുമായി ബന്ധപ്പെട്ട് ഒരു സമരം മുമ്പുണ്ടായിട്ടുണ്ടെങ്കിലും സംഘടിതമേഖല അല്ലെന്നത് ഒരു പ്രധാന വിഷയമാണ്. ബില്ലിലുള്ള ഒന്നുരണ്ട് പ്രധാന കാര്യങ്ങൾ ഞാൻ സൂചിപ്പിക്കുകയാണ്. ബില്ലിലെ ഖണ്ഡം 3(കേരള ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളി ക്ഷേമനിധി), ഉപഖണ്ഡം 5(i)-ൽ 'ക്ഷേമനിധിയിൽ അംഗമായിട്ടുള്ളതും അഞ്ച് വർഷത്തിൽ കുറയാതെ അംശദായം ഒടുക്കിയിട്ടുള്ളതും അറുപത് വയസ്സ് പൂർത്തിയാകുകയും ചെയ്ത തൊഴിലാളി അംഗത്തിന്, ഒടുക്കിയ അംശദായത്തിന്റെയും വർഷത്തിന്റെയും അടിസ്ഥാനത്തിൽ പദ്ധതിപ്രകാരം നിശ്ചയിക്കുന്ന നിരക്കിൽ പെൻഷൻ നൽകുന്നതിന്'- എന്നതാണ് ഞാൻ മുന്നോട്ടുവയ്ക്കുന്ന ഒരു ആശയം. ഉപഖണ്ഡം 5(ii)-ൽ 'തൊഴിൽ അവസാനിപ്പിച്ചതോ അല്ലെങ്കിൽ അനാരോഗ്യംമൂലം ജോലിയിൽ തുടരാൻ സാധിക്കാത്തതോ ആയതും അഞ്ചുവർഷത്തിൽ

കുറയാതെ അംശദായം അടച്ചിട്ടുള്ളതുമായ ഒരു അംഗത്തിന് അയാൾ അംശദായം അടച്ച വർഷങ്ങളെ അടിസ്ഥാനപ്പെടുത്തി പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള നിരക്കുകളിൽ നിശ്ചിത തുകയും പെൻഷനും നൽകുന്നതിന്"- എന്നതാണ് രണ്ടാമത്തെ ആശയം. ഇതിൽ മറ്റുചില പ്രധാന കാര്യങ്ങളും സൂചിപ്പിച്ചിട്ടുണ്ട്. ഉപഖണ്ഡം 5(iii)-ൽ ഏഴുവർഷത്തിൽ കുറയാത്ത കാലത്തേയ്ക്ക് അംശദായം അടച്ചിട്ടുള്ള ഒരംഗം മരണപ്പെട്ടാൽ കുടുംബപെൻഷൻ നൽകണമെന്നും 5(iv)-ൽ അസുഖം അല്ലെങ്കിൽ അപകടംമൂലം ഒരംഗം മരണപ്പെട്ടാൽ സാമ്പത്തിക സഹായം നൽകണമെന്നും 5(v)-ൽ, ഗുരുതരരോഗം ബാധിച്ച അംഗങ്ങളുടെ വൈദ്യ ശുശ്രൂഷയ്ക്കുള്ള ചെലവിനായി സാമ്പത്തിക സഹായം നൽകണമെന്നും 5(vi)-ൽ വനിതാ അംഗങ്ങളുടെയും അംഗങ്ങളുടെ പെൺമക്കളുടെയും വിവാഹം, വനിതാ അംഗങ്ങളുടെ പ്രസവം എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകണമെന്നും 5(vii)-ൽ അംഗങ്ങളായവരുടെയും അവരുടെ മക്കളുടെയും പഠനാവശ്യത്തിന് പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകണമെന്നും 5(viii)-ൽ ഇരുപത്തിയഞ്ച് വർഷം അംശദായം അടച്ചിട്ടുള്ള

അംഗങ്ങൾക്ക് പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടുന്ന നിരക്കിൽ ഒരു നിശ്ചിത തുക ഒറ്റത്തവണയായി നൽകണമെന്നും 5(ix)-ൽ അംഗങ്ങൾക്കുണ്ടാകുന്ന അപകടവും മരണവും പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന അപകടവും മരണവും, ശാരീരിക അവശതകൾ ഉൾപ്പെടെയുള്ള കഷ്ടനഷ്ടങ്ങൾക്ക് അംഗങ്ങൾക്കോ ആശ്രിതരായ കുടുംബാംഗങ്ങൾക്കോ അതത് സംഗതിപോലെ നഷ്ടപരിഹാരം നൽകണമെന്നുമുള്ള നിരവധി നിർദേശങ്ങളാണ് ഇതുമായി ബന്ധപ്പെട്ടുള്ളത്. ഈ രംഗത്ത് നിയമനിർമ്മാണമുണ്ടാകുന്നതിന് അനുകൂലമായ ഒരു തീരുമാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഗിഗ് മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ സുരക്ഷിതത്വവും അവകാശവും സംരക്ഷിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ ബിൽ അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളികൾ സമൂഹത്തിന്റെ ഒരു ഭാഗമായി ഇപ്പോൾ മാറിയിരിക്കുകയാണ്. ഇന്ത്യയിലെ എല്ലാ പ്രദേശത്തും പ്രത്യേകിച്ച് നഗരപ്രദേശങ്ങളിൽ ഗിഗ് മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളെ

ധാരാളമായി കാണാൻ കഴിയും. എല്ലാവരും ഏതാണ്ട് 40 വയസ്സിന് താഴെയുള്ള വിദ്യാസമ്പന്നരായ ചെറുപ്പക്കാരും ചെറുപ്പക്കാരികളുമാണ്. ആധുനിക ശാസ്ത്ര-സാങ്കേതികവിദ്യ ജീവിതത്തിന്റെ നാനാതുറകളിലും പരീക്ഷിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിലും തൊഴിലാളികൾക്കൊരു പരാതിയുണ്ടെങ്കിൽ അത് ബോധിപ്പിക്കുന്നതിന് ആളില്ലെന്നതാണ് അവർ അനുഭവിക്കുന്ന ഏറ്റവും പ്രധാന പ്രശ്നം. അവർക്കൊരു മുതലാളിയെ കാണാൻ കഴിയുന്നില്ല. അവരുടെ കാര്യങ്ങളെല്ലാം സാങ്കേതികവിദ്യയുടെ സഹായത്താൽ മുന്നോട്ടുപോകുകയാണ്. തലസ്ഥാന നഗരിയിൽ പാളയത്തിനുചുറ്റും ആയിരത്തോളം ചെറുപ്പക്കാരും ചെറുപ്പക്കാരികളും ഭക്ഷണ ഓർഡർ സ്വീകരിക്കുന്നതിനുവേണ്ടി ഇരുചക്രവാഹനങ്ങളുമായി ഹോട്ടലുകളുടെ പരിസരത്ത് നിൽക്കുന്ന കാഴ്ച കാണാൻ സാധിക്കും. ഇത് കേരളത്തിന്റെ മാത്രം വിഷയമല്ല, അന്തർദേശീയ വിഷയംകൂടിയാണ്. മൂന്നുമാസങ്ങൾക്കുമുമ്പ് ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളികളുടെ ഒരു സമ്മേളനം ഇറ്റലിയിൽവച്ച് നടന്നു. നോൺ ഗവൺമെന്റൽ ഓർഗനൈസേഷൻ

(എൻ.ജി.ഒ.) നടത്തിയൊരു സമ്മേളനമാണത്. ആ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി കേരളത്തിലെ ലേബർ കമ്മീഷണർ ശ്രീ. അർജ്ജുൻ പാണ്ഡ്യൻ ഐ.എ.എസ്.-നെ അയച്ചിരുന്നു. ആ സമ്മേളനത്തിൽ ഉയർന്നുവന്നതും പൊതുവിൽ ലോകത്താകമാനം ഇന്ന് ചർച്ച ചെയ്യപ്പെടുന്നതുമായ കാര്യങ്ങളെല്ലാം രേഖപ്പെടുത്തിയിട്ടുണ്ട്. ഇവിടെ പലതരത്തിലുള്ള തൊഴിൽ പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. അതിൽ ചില വിഷയങ്ങളിന്മേൽ ലേബർ കമ്മീഷണർതന്നെ ഇടപെട്ട് പരിഹാരം കാണുന്നതിന് ശ്രമിച്ചിട്ടുണ്ട്. ഈ മേഖലയിലെ തൊഴിലാളികളെല്ലാം സംഘടിച്ചാൽ വലിയൊരു സഖ്യമുണ്ടാക്കാൻ സാധിക്കും. തൊഴിലാളികളുടെ ഇത്തരം ആവശ്യങ്ങളിൽ ഇടപെടാൻ കേന്ദ്രഗവൺമെന്റിന് യാതൊരു താൽപ്പര്യവുമില്ലെന്ന വിവരം ബഹുമാനപ്പെട്ട അംഗത്തിന് അറിയാമല്ലോ? കാരണം അവർ നിലവിലുള്ള നിയമങ്ങൾതന്നെ വെട്ടിക്കുറയ്ക്കുകയാണ്. കേന്ദ്രത്തിൽ പുതിയ ഗവൺമെന്റ് സത്യപ്രതിജ്ഞ ചെയ്ത് രണ്ടുദിവസം കഴിഞ്ഞപ്പോൾതന്നെ പുതിയ കോഡ് നടപ്പാക്കുന്നത്

സംബന്ധിച്ച് സംസ്ഥാനത്തിന്റെ നിലപാട് എന്താണെന്ന് ആരാഞ്ഞുകൊണ്ട് കേന്ദ്ര ലേബർ സെക്രട്ടറിയുടെ കത്ത് വന്നു. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഇതുസംബന്ധിച്ച് വ്യക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ സാഹചര്യത്തിൽ തൊഴിലാളിവിരുദ്ധ നിലപാടുകൾ ഒഴിവാക്കിക്കൊണ്ടുമാത്രമേ കേന്ദ്രം പാസ്സാക്കിയ നിയമം കേരളത്തിൽ നടപ്പാക്കാൻ സാധിക്കുകയുള്ളൂവെന്ന നിലപാട് കേരള ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അത് ഞങ്ങൾ കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുമുണ്ട്. ഇപ്പോൾ കേന്ദ്രഗവൺമെന്റ് സ്വീകരിച്ച നിലപാടെന്താണ്; വിദ്യാഭ്യാസ രംഗത്തും തൊഴിൽ രംഗത്തും സ്വീകരിക്കുന്ന ജനകീയമല്ലാത്ത നിലപാടുകൾ നമ്മൾ അംഗീകരിച്ചില്ലെങ്കിൽ കേന്ദ്രം ഫണ്ട് കട്ട് ചെയ്യും. ഫണ്ടിന്റെ പേരിലാണ് സംസ്ഥാനങ്ങളെ ഇപ്പോൾ ഭീഷണിപ്പെടുത്തുന്നത്. ഇത് ശ്രീ. നരേന്ദ്ര മോദിയുടെയോ അല്ലെങ്കിൽ കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രിയുടെയോ ഫണ്ടല്ല. ഇത് രാജ്യത്തെ ജനങ്ങളുടെ ഫണ്ടാണ്. അത് ഇന്ത്യയിലെ എല്ലാ

സംസ്ഥാനങ്ങളിലെയും ജനങ്ങൾക്ക് അവകാശപ്പെട്ടതാണെന്ന കാര്യത്തിൽ സംശയമില്ല. യഥാർത്ഥത്തിൽ ഇന്ത്യാ ഗവൺമെന്റ് ഇക്കാര്യത്തിൽ മുൻകൈ എടുക്കേണ്ടതാണ്. ഇന്ത്യാഗവൺമെന്റിന്റെ ഭരണസിരാകേന്ദ്രമായ ഡൽഹിയിൽ പതിനായിരക്കണക്കിന് ഗിഗ്, പ്ലാറ്റ്ഫോം വർക്കേഴ്സിനെയാണ് കാണാൻ സാധിക്കുന്നത്. ഈ സമൂഹത്തിൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർ വളരെ കഷ്ടപ്പെടുകയാണ്. രാവിലെ ഇരുചക്രവാഹനങ്ങളുമായി ഇറങ്ങിയാൽ അർധരാത്രി പന്ത്രണ്ട്, ഒരുമണിവരെ കാത്തുനിന്നാൽ ചിലപ്പോൾ ഓർഡർ ലഭിക്കുകയോ ലഭിക്കാതിരിക്കുകയോ ചെയ്യാം. അങ്ങനെയുള്ള സാഹചര്യവും നിലവിലുണ്ട്. ബഹുമാനപ്പെട്ട ശ്രീ. ഡി. കെ. മുരളി സൂചിപ്പിച്ചതുപോലെ, ഇവർ കൊണ്ടുവരുന്ന ആഹാരത്തിന്റെ ക്വാളിറ്റിയുടെ പ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്. ഓർഡർ ചെയ്യുന്ന ഹോട്ടലിലെ ഭക്ഷണം മോശമാണെങ്കിൽ അടുത്ത പ്രാവശ്യം ആ ഹോട്ടലിൽ ബുക്ക് ചെയ്യാതെ മറ്റേതെങ്കിലും ഹോട്ടലിൽ ബുക്ക് ചെയ്യുക എന്നതാണ് ഇതിനുള്ള ഏക പരിഹാരം. അതുസംബന്ധിച്ച്

അങ്ങനെയൊരു നിലപാട് മാത്രമേ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ പൊതുവിൽ വളരെ സഹായകരമായ നിലപാടാണ് ഇക്കൂട്ടർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സമൂഹത്തിൽനിന്ന് ഇവരെ മാറ്റിനിർത്താൻ സാധിക്കാത്തവിധം ചെറുപ്പക്കാരുടെ വലിയൊരു ശക്തിയായി മാറിയ സാഹചര്യമാണ് നിലവിലുള്ളത്. അതിനാൽ അവരുടെ ജീവിത സാഹചര്യം, വിദ്യാഭ്യാസം, അവർ നടത്തുന്ന സേവനം തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് കേരളംപോലൊരു സംസ്ഥാനത്ത് ഒരുകാരണവശാലും തൊഴിൽ നിയമങ്ങൾ ലംഘിക്കുന്നത് അനുവദിക്കാൻ പാടില്ല. അവർക്ക് അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കേണ്ടതുണ്ട്. കേരളത്തിൽ നിലവിൽ പതിനാറ് വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ ഏതാണ്ട് 72 ലക്ഷം തൊഴിലാളികൾ അംഗങ്ങളുമാണ്. ഇത്രയും ക്ഷേമനിധി ബോർഡുകൾ ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും കാണാൻ സാധിക്കില്ല. അതാണ് കേരളത്തിന്റെ പ്രത്യേകത. ക്ഷേമനിധി ബോർഡുകൾ മാതൃകാപരമായി

പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം. ക്ഷേമനിധി ബോർഡുകളുടെ എണ്ണം കുറയ്ക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടെങ്കിലും ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തിക്കൊണ്ട് അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഒരു ബിൽ കൊണ്ടുവരാൻ സംസ്ഥാന ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. തൊഴിൽ വകുപ്പ് ആ ബില്ലിന്റെ പണിപ്പുരയിലാണെന്ന കാര്യംകൂടി അറിയിക്കുന്നു. അതുകൊണ്ട് അങ്ങയുടെ ഉപക്ഷേപം പിൻവലിക്കുന്നതിൽ തെറ്റില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. എൻ. ജയരാജ്, അങ്ങ് ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, ബഹുമാനപ്പെട്ട ഗവൺമെന്റും മന്ത്രിയും സ്വീകരിച്ച പോസിറ്റീവ് നിലപാടിൽ നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ ഉപക്ഷേപം പിൻവലിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഉപക്ഷേപം പിൻവലിച്ചിരിക്കുന്നു.

(ii) 2024-ലെ കേരള ആൾക്കൂട്ട കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, വർഗ്ഗീയ കൊലപാതകങ്ങൾ, ദുരഭിമാന

<u>കൊലപാതകങ്ങൾ നിയന്ത്രിക്കലും അതിവേഗ വിചാരണ നടത്തി വിധി പുറപ്പെടുവിക്കുന്നതും ഉറപ്പാക്കൽ ബിൽ</u>

<u>ശ്രീ. ചാണ്ടി ഉമ്മൻ</u>: സർ, 2024-ലെ കേരള ആൾക്കൂട്ട കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, വർഗ്ഗീയ കൊലപാതകങ്ങൾ, ദുരഭിമാന കൊലപാതകങ്ങൾ നിയന്ത്രിക്കലും അതിവേഗ വിചാരണ നടത്തി വിധി പുറപ്പെടുവിക്കുന്നതും ഉറപ്പാക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, ശ്രീ. ചാണ്ടി ഉമ്മൻ എം.എൽ.എ.യായതിനുശേഷമുള്ള ആദ്യത്തെ സ്വകാര്യ ബില്ലാണിത്. അതുകൊണ്ട് അദ്ദേഹം സംസാരിച്ചതിനുശേഷം ഞാൻ മറുപടി നൽകാം.

<u>ശ്രീ. ചാണ്ടി ഉമ്മൻ</u>: സർ, കേരളത്തിൽ ആൾക്കൂട്ട കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, വർഗ്ഗീയ കൊലപാതകങ്ങൾ, ദുരഭിമാന കൊലപാതകങ്ങൾ എന്നിവ മുമ്പില്ലാത്തവിധം ക്രമാതീതമായി വർധിച്ചുവരുന്നു. പൊതുസ്ഥലങ്ങളിലുണ്ടാകുന്ന നിസ്സാര

വാക്കുതർക്കങ്ങൾപോലും ആക്രമണത്തിലേയ്ക്കും കൊലപാതകത്തിലേയ്ക്കും നയിക്കപ്പെടുന്ന ഗുരുതര സാഹചര്യമാണ് നാം കണ്ടുവരുന്നത്. ജാതിയുടെയോ മതത്തിന്റെയോ പേരിൽ നടക്കുന്ന ദുരഭിമാന കൊലപാതകങ്ങൾ കേരളത്തിന് പുറത്തുനടക്കുന്ന സംഭവങ്ങളായാണ് നമ്മൾ വായിച്ചിരുന്നത്. കേരളം ജാതിരഹിത മതേതര ഭൂമിയായിട്ടാണ് വിശേഷിക്കപ്പെടുന്നത്. ഉത്തരേന്ത്യയിലും അയൽ സംസ്ഥാനങ്ങളിലും ദുരഭിമാന കൊലകൾ (honor killing) അഥവാ ജാതിക്കൊലകൾ നടക്കുമ്പോൾ പുരോഗമന കേരളം അത്ഭുതത്തോടെയും ഞെട്ടലോടെയുമാണ് വീക്ഷിച്ചിരുന്നത്. എന്നാൽ ഇപ്പോൾ കേരളത്തിലും ദുരഭിമാനക്കൊലകളും ജാതിമർദ്ദനങ്ങളുമുണ്ടാകുന്നു. 2019 ഫെബ്രുവരി 22-ന് ആൾക്കൂട്ട ആക്രമണത്താൽ കൊല്ലപ്പെട്ട മധുവിന്റെ മരണത്തോടുകൂടിയാണ് ആൾക്കൂട്ട കൊലപാതകങ്ങൾ നാം ശ്രദ്ധിക്കുന്നത്. മോഷണക്കുറ്റം ആരോപിച്ചാണ് മധുവിനെ കൊലപ്പെടുത്തിയത്. പക്ഷേ, ആദ്യത്തെ ആൾക്കൂട്ട കൊലപാതകം അതല്ല; ഷഹീദ് ബാബ കൊലക്കേസാണ് ഇതിൽ ആദ്യത്തേത്. എട്ട് വർഷത്തിനുശേഷമാണ് ആ കേസിന്റെ വിധി വന്നത്. ആൾക്കൂട്ട

കൊലപാതകങ്ങൾക്കെതിരെ ഒരു പ്രത്യേക നിയമം ആവശ്യമാണെന്ന് കോടതിതന്നെ തദവസരത്തിൽ നിരീക്ഷിക്കുകയുണ്ടായി. തിരുവനന്തപുരം സ്വദേശി അനീഷ്, കൊട്ടാരക്കര സ്വദേശി അനിൽ കുമാർ എന്നിങ്ങനെ നീളുന്ന ആൾക്കൂട്ട കൊലപാതകത്തിന്റെ ലിസ്റ്റ്. റാഗിങ്ങിന് ഇരയായി കൊല്ലപ്പെട്ട പൂക്കോട് വെറ്ററിനറി കോളേജ് വിദ്യാർഥി സിദ്ധാർഥന്റെ മരണവും ഒരു വിധത്തിൽപ്പറഞ്ഞാൽ ആൾക്കൂട്ട കൊലപാതകം തന്നെയാണ്. സിദ്ധാർഥനെ പ്രതികൾ ആൾക്കൂട്ട വിചാരണ നടത്തിയെന്ന് സി.ബി.ഐ. കുറ്റപത്രത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. സിദ്ധാർഥന് മൂന്ന് ദിവസം വെള്ളമോ ഭക്ഷണമോ നൽകാതെ ഈ സംഘം അദ്ദേഹത്തെ മരണത്തിന് കീഴ്പ്പെടുത്തുകയായിരുന്നു. അതുപോലെതന്നെ മൂവാറ്റുപുഴ വാളകത്ത് അരുണാചൽ പ്രദേശ് സ്വദേശി അശോക് ദാസിനെയും ആൾക്കൂട്ടം കൊലചെയ്യുകയായിരുന്നു. ആൾക്കൂട്ട കൊലപാതകങ്ങൾ നടത്തുന്നവർ ഒറ്റയ്ക്കാകുമ്പോൾ യാതൊരു പ്രതികരണവുമില്ലാത്തവരും കൂട്ടംചേരുമ്പോൾ ഏത് തരത്തിലുള്ള ക്രൂരകൃത്യം ചെയ്യാൻ മനക്കട്ടിയുള്ളവരുമായി മാറുന്നു. ഇവരിൽ പലരും വിദ്യാസമ്പന്നരും

സമൂഹത്തിൽ മാന്യന്മാരെന്ന് അവകാശപ്പെടുന്നവരുമാണ്. ആൾക്കൂട്ടത്തിന്റെ വിധ്വംസക സ്വാഭാവത്തെക്കുറിച്ച് 'ഫാസിസത്തിന്റെ ആൾക്കൂട്ട മനഃശാസ്ത്രം' എന്ന വിഖ്യാത ഗ്രന്ഥത്തിൽ വിൽഹം റീഹ് (Wilhelm Reich) വിശദമാക്കിയിട്ടുണ്ട്. മാനുഷിക മൂല്യങ്ങൾക്കെതിരായ കടന്നുകയറ്റമാണ് ആൾക്കൂട്ട കൊലപാതകങ്ങൾ. എതിരാളികളെ കൂട്ടംചേർന്ന് ആക്രമിച്ച് കീഴടക്കുന്ന പ്രാചീന മനുഷ്യനിലേയ്ക്കുള്ള തിരിച്ചുപോക്കാണിത്. രാഷ്ട്രീയ കൊലപാതകങ്ങളെക്കുറിച്ച് കൂടുതൽ ചർച്ച ചെയ്യേണ്ട ആവശ്യമില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2022 ഏപ്രിൽ വരെ 53 രാഷ്ട്രീയ കൊലപാതകങ്ങൾക്കാണ് കേരളം സാക്ഷ്യം വഹിച്ചത്. 2016-ൽ 15-ഉം 2017-ൽ 5-ഉം 2018-ൽ 4-ഉം 2019-ൽ 4-ഉം 2020-ൽ 4-ഉം 2021-ൽ 5-ഉം രാഷ്ട്രീയ കൊലപാതകങ്ങളാണ് നടന്നത്. 2000 മുതൽ 2017 വരെ 172 പേരാണ് സംസ്ഥാനത്ത് രാഷ്ട്രീയത്തിന്റെ പേരിൽ കൊല ചെയ്യപ്പെട്ടത്. ചില രാഷ്ട്രീയ കൊലപാതകങ്ങൾകൂടി പ്രത്യേകം ചൂണ്ടിക്കാണിക്കാതെ ഈ അവസരത്തിൽ മുന്നോട്ടുപോകാൻ സാധിക്കില്ല. കെ. ടി. ജയകൃഷ്ണൻ മാസ്റ്ററുടെ കൊലപാതകമാണ് എന്റെ ജീവിതത്തിൽ ഞാൻ ആദ്യമായി

ശ്രദ്ധിച്ച രാഷ്ട്രീയ കൊലപാതകം. അദ്ധ്യാപകനായ അദ്ദേഹത്തെ ക്ലാസ് മുറിയിൽ വച്ച് വെട്ടിക്കൊലപ്പെടുത്തുകയായിരുന്നു. ഈ കൊലപാതകം ആ അദ്ധ്യാപകന്റെയും അദ്ദേഹത്തിന്റെ കുടുംബത്തിന്റെയും ജീവിതത്തെ മാത്രമല്ല ക്ലാസിലുണ്ടായിരുന്ന വിദ്യാർഥികളുടെ ജീവിതത്തെക്കൂടി ബാധിച്ചു. ആ വിദ്യാർഥികൾക്ക് സൈക്കോളജിക്കൽ ട്രീറ്റ്മെന്റുകേണ്ടി വന്നു. ഇത്തരം കാര്യങ്ങൾ വീണ്ടും അനുവദിക്കാൻ സാധിക്കുമോ? അതുപോലെ ടി. പി. ചന്ദ്രശേഖരൻ; അദ്ദേഹം 51 വെട്ടേറ്റാണ് കൊല്ലപ്പെടുന്നത്. ആ കൊല ആസൂത്രണം ചെയ്തവർ മറ്റൊരു പരിപാടികൂടി ഒപ്പിച്ചു. 'മാഷാ അല്ലാഹ്' എന്ന് കാറിൽ എഴുതി ഈ കൊലപാതകത്തിന് മറ്റൊരു നിറം നൽകാനുള്ള ശ്രമംകൂടി നടത്തി. അരിയിൽ ഷുക്കൂർ എന്ന വ്യക്തിയെ പാർട്ടി കോടതികൂടി കൊലപ്പെടുത്തി. കംഗാരു കോർട്ടെന്ന് പറഞ്ഞുകേട്ടിട്ടേയുള്ളൂ, ആദ്യമായി കാണാനുള്ള അവസരം അപ്പോഴാണുണ്ടായത്. അതുപോലെ കൃപേഷും ശരത് ലാലും ഷുഹൈബും കൊല്ലപ്പെട്ടപ്പോൾ അവരവരുടെ വീടിന്റെ മാത്രമല്ല നാടിന്റെകൂടി പ്രതീക്ഷകളാണ് നഷ്ടപ്പെട്ടത്. രാഷ്ട്രീയ കൊലപാതകമോ സംഘർഷമോ ഉണ്ടെങ്കിൽ ഇടതുണ്ടെന്ന സാഹചര്യം മാറ്റാൻ നിങ്ങൾ

ശ്രമിക്കണമെന്ന് ഈ അവസരത്തിൽ ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. ഒരാൾപോലും രാഷ്ട്രീയത്തിന്റെ പേരിൽ കൊലയ്ക്കിരയാകാതിരിക്കട്ടെ; കുറ്റകൃത്യങ്ങളുടെ അന്വേഷണം, വിചാരണ എന്നിവയിലുണ്ടാകുന്ന കാലതാമസം കുറ്റവാളികൾ സാക്ഷികളെ സ്വാധീനിക്കുന്നതിനും സാക്ഷികൾ പിന്മാറുന്നതിനും തെളിവുകൾ ദുർബലപ്പെടുത്തുന്നതിനും ഇടയാക്കുകയും തൽഫലമായി ന്യായമായ ശിക്ഷ ലഭിക്കേണ്ട കേസുകളിൽപ്പോലും പ്രതികൾ വെറുതെ വിടപ്പെടുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. അങ്ങനെ പ്രതികൾ വെറുതെ വിടപ്പെടുന്നതും മറ്റും സമൂഹത്തിൽ തെറ്റായ സന്ദേശം നൽകുകയും കുറ്റകൃത്യങ്ങളുടെ എണ്ണം കൂടുന്നതിന് കാരണമാകുകയും ചെയ്യുന്നുണ്ട്. മറ്റ് രാജ്യങ്ങളിലുള്ളതുപോലെ സാക്ഷി സംരക്ഷണ നിയമം നിലവിലില്ലാത്തതാണ് ഇവിടത്തെ പ്രശ്നം. പക്ഷേ ഭാരതീയ നാഗരിക് സുരക്ഷാ സംഹിത നിലവിൽ വന്നിരിക്കുന്നു, അതിലെ 398-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്നത്, 'Every State Government shall prepare and notify a Witness Protection Scheme for the State with a view to ensure

protection of the witnesses'എന്നാണ്. അതുകൊണ്ട് നമുക്കൊരു വിറ്റ്നെസ് പ്രൊട്ടക്ഷൻ സ്കീം ഉണ്ടാക്കേണ്ടത് അനിവാര്യമാണ്. സംസ്ഥാനത്ത് 2016 മേയ് 25 മുതൽ 2021 മേയ് 3 വരെ 29 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നുവെന്നും അതിൽ ശിക്ഷിക്കപ്പെട്ട ഒരു കേസൊഴികെ മറ്റെല്ലാ കേസുകളും വിചാരണയിലാണെന്നുമാണ് നിയമസഭാ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി നൽകിയത്. ഇത്തരം കേസുകൾ തീർപ്പാക്കാനുള്ള കാലതാമസമാണ് ഇത് സൂചിപ്പിക്കുന്നത്. കേസ് നടത്തിപ്പിന് വരുന്ന ഭീമമായ ചെലവാണ് മറ്റൊരു പ്രധാന പ്രശ്നം. പെരിയ ഇരട്ടക്കൊലക്കേസിനും ഷുഹൈബ് വധക്കേസിനും മാത്രമായി 1,74,40,000/- രൂപയാണ് ഫീസിനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹാജരായ അഭിഭാഷകർക്ക് നൽകിയിരിക്കുന്നത്. മറ്റ് പതിനാല് കേസുകൾക്കുവേണ്ടി ഹൈക്കോടതിയിൽ ഹാജരായ അഭിഭാഷകരുടെ താമസത്തിനും യാത്രകൾക്കുമായി 13,67,172/- രൂപ ചെലവാക്കി. സുപ്രീം കോടതിയിലെ കേസുകൾക്ക് 46 ലക്ഷത്തോളം രൂപ ചെലവഴിച്ചു. പ്രതികളെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് പ്രസ്തുത തുക

ചെലവഴിച്ചത്. സംസ്ഥാനത്തെ വിവിധ ക്ഷേമപദ്ധതികൾക്ക് വിനിയോഗിക്കേണ്ട തുക കൊലക്കേസിലെ പ്രതികൾക്കുവേണ്ടി ചെലവഴിച്ചിരിക്കുന്നു. ഇത് എത്രത്തോളം ഹീനമാണെന്ന് നമുക്കാലോചിക്കാവുന്ന കാര്യമാണ്. ഇത്തരത്തിൽ എത്ര രൂപയാണ് ഖജനാവിൽനിന്നും ചെലവാകുന്നത്. പ്രതികൾക്ക് രക്ഷപ്പെടാനുള്ള അവസരമൊരുക്കുന്നതിനുവേണ്ടിയാണ് രാഷ്ട്രീയ കൊലപാതകങ്ങൾ സംബന്ധിച്ച കേസ്സുകളിന്മേലുള്ള വിധികൾ വൈകിപ്പിക്കുന്നത്. അതുതന്നെയാണ് സർക്കാരിന്റെ ലക്ഷ്യം. അക്കാര്യത്തിൽ ഒരു സംശയവുമില്ല. ഇത്തരം പ്രതികൾക്ക് രാഷ്ട്രീയത്തിനതീതമായി അർഹിക്കുന്ന ശിക്ഷ കഴിവതും വേഗം വിധിച്ച് അത് നടപ്പാക്കാൻ ശ്രമിക്കേണ്ടതാണ്. എങ്കിൽ മാത്രമേ നിയമവ്യവസ്ഥയെ ജനങ്ങൾ മാനിക്കുകയുള്ളൂ. മാത്രമല്ല, പെട്ടെന്ന് ശിക്ഷ ലഭിക്കുമെന്ന് കണ്ടാൽ കുറ്റകൃത്യങ്ങൾ സ്വാഭാവികമായും കുറയുകയും കുറ്റം ചെയ്യുന്നവർക്ക് മറ്റ് സ്വാധീനങ്ങൾ ചെലുത്താനുള്ള സാവകാശം ലഭിക്കുകയുമില്ല. ഇപ്രകാരമുള്ള കുറ്റകൃത്യങ്ങൾക്ക് വേഗത്തിലുള്ള വിചാരണയും കുറ്റസ്ഥാപനവും ശിക്ഷ

ഉറപ്പാക്കലും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ. സ്വാഭാവികമായും ഇത് നിയമമാക്കിയാൽ അതിവേഗ കോടതികൾ രൂപീകരിക്കുന്നതുവഴി സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ചെലവ് വരാം. പക്ഷേ അല്ലാതെതന്നെ സഞ്ചിത നിധിയിൽനിന്നും ചെലവുവരുന്ന സാഹചര്യം ഞാൻ നേരത്തെ വ്യക്തമാക്കിയതാണ്. പ്രതികൾക്ക് അർഹമായ ശിക്ഷ നേടിക്കൊടുക്കാനാണ് ചെലവ് വരുന്നതെന്ന് കാണാവുന്നതാണ്. അതുകൊണ്ട് ഈ ബിൽ സർക്കാർ അംഗീകരിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാൻ നേരത്തെ വഴങ്ങുമോയെന്ന് ചോദിച്ചത് അദ്ദേഹത്തിന്റെ പൊളിറ്റിക്കൽ പരാമർശത്തിന് മറുപടി നൽകാനല്ല. ഞാൻ ചോദിച്ചത്, ഇന്ത്യൻ പീനൽകോഡും ക്രിമിനൽ പ്രൊസീഡ്യുവർ കോഡും എവിഡൻസ് ആക്റ്റും ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. അതിവേഗ കോടതികളും നിയമ സംവിധാനത്തിൽ സ്ഥാപിച്ചിട്ടുണ്ട്. അപ്പോൾ എങ്ങനെയാണ് ഈ ബില്ലിന് പ്രസക്തി വരുന്നതെന്ന സംശയമാണ് ഞാൻ അദ്ദേഹത്തോട് ചോദിക്കുന്നത്.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ആൾക്കൂട്ട കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, വർഗ്ഗീയ കൊലപാതകങ്ങൾ, ദുരഭിമാന കൊലപാതകങ്ങൾ എന്നിവ നിയന്ത്രിക്കുക എന്നതാണ് ശ്രീ. ചാണ്ടി ഉമ്മൻ അവതരിപ്പിച്ച ഈ ബില്ലിന്റെ പ്രധാന ഉദ്ദേശ്യം. സംസ്ഥാനത്ത് അത്തരത്തിലുള്ള ഒരു സാമൂഹ്യാന്തരീക്ഷമല്ല നിലനിൽക്കുന്നത്. ചില ഒറ്റപ്പെട്ട സംഭവങ്ങൾ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ടെന്നത് വസ്തുതയാണ്. എന്നാൽ അവ ഫലപ്രദമായി നേരിടുന്നതിനും കുറ്റവാളികളെ നിയമത്തിന് മുമ്പിൽ കൊണ്ടുവന്ന് ശിക്ഷ ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ബിൽ സംബന്ധിച്ച് പറയുമ്പോൾ, ഭാരതീയ ന്യായ സംഹിത പ്രകാരമോ ഇന്ത്യൻ പീനൽ കോഡ് പ്രകാരമോ കുറ്റകൃത്യങ്ങളായി അനുശാസിച്ചിട്ടുള്ളവയിൽനിന്നും അപ്രകാരമുള്ള കുറ്റകൃത്യങ്ങൾക്ക് നിയമപ്രകാരം ചുമത്തിയിട്ടുള്ള ശിക്ഷകളിൽനിന്നും വ്യത്യസ്തമായ കുറ്റകൃത്യങ്ങളോ ശിക്ഷകളോ അവതരണാനുമതി തേടുന്ന ബില്ലിൽ

കാണുന്നില്ല. ഇന്ത്യൻ പീനൽ കോഡോ ഭാരതീയ ന്യായ സംഹിതയോ വിഭാവന ചെയ്യുന്നതിൽനിന്നും വ്യത്യസ്തമല്ലായെന്ന കാരണത്താൽ ഒരു നിയമനിർമ്മാണമെന്ന നിലയിൽ അവ ആവശ്യമില്ലാത്തതും അപ്രസക്തവുമാകുമ്പോൾ ഒരു പുതിയ നിർമ്മാണത്തിനുവേണ്ടിയുള്ള ഈ ബിൽ അവതരിപ്പിക്കുന്നതിന്റെ ആവശ്യകതയോ ഔചിത്യമോ ഇല്ലെന്നുള്ള കാര്യത്തിൽ സംശയമില്ല. ബില്ലിൽ പ്രതിപാദിച്ചിട്ടുള്ള പ്രധാന കാര്യങ്ങൾ അതിനേക്കാൾ ഫലപ്രദമായി നടപ്പാക്കാനും കേസുകളിൽ അന്വേഷണവും കോടതി നടപടികളും സമയബന്ധിതമായി തീർപ്പാക്കാനും ഇരകൾക്ക് നഷ്ടപരിഹാരം നൽകാനുമുള്ള അതീവ ഫലവത്തും ആധികാരികവുമായ മാർഗ്ഗനിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ മൂന്നംഗ ബഞ്ച് Tehseen S. Poonawalla vs. Union Of India എന്ന കേസിൽ 17-7-2018-ലെ വിധിന്യായം വഴി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് എല്ലാ ജില്ലകളിലും ജില്ലാ പോലീസ് മേധാവിയുടെ റാങ്കിലുള്ള ഉദ്യോഗസ്ഥനെ നോഡൽ ഓഫീസർമാരായി

നിയമിച്ചിട്ടുള്ളകാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇക്കാരണങ്ങളാൽ ഈ ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ലെന്ന് വ്യക്തമാക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ചാണ്ടി ഉമ്മൻ, അങ്ങയുടെ ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ചാണ്ടി ഉമ്മൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .........

ഉപക്ഷേപം സഭ നിരാകരിച്ചിരിക്കുന്നു.

(iii) 2024-ലെ കേരള ഹരിത കർമ്മസേന ക്ഷേമനിധി ബിൽ

ശ്രീ. ജി. സ്റ്റീഫൻ: സർ, 2024-ലെ കേരള ഹരിത കർമ്മസേന ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കേരളത്തിലെ മാലിന്യസംസ്കരണ രംഗത്തെ ജനകീയ മുഖമാണ് ഹരിത കർമ്മസേന. കുടുംബശ്രീ പ്രസ്ഥാനത്തിൽനിന്ന് ഒരു തൊഴിൽ സംരംഭമായി പ്രവർത്തനമാരംഭിച്ച ഹരിത കർമ്മസേനയ്ക്ക് ഇന്ന് സംസ്ഥാനത്ത് ഏതാണ്ട് മുപ്പത്തിയാറായിരത്തിലധികം അംഗങ്ങളുണ്ട്. ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ എല്ലാ പിന്തുണയും സംവിധാനങ്ങളും സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നൽകിവരുന്നുണ്ട്. നിശ്ചിത പ്രതിമാസ വരുമാനം ഉറപ്പുവരുത്തുന്നതിനുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട്, മാലിന്യ ശേഖരണത്തിനുള്ള സംവിധാനങ്ങൾ, മാലിന്യ സംഭരണത്തിനും സംസ്കരണത്തിനുമുള്ള സംവിധാനങ്ങൾ, യൂണിഫോം, ആരോഗ്യ പരിരക്ഷാ സംവിധാനങ്ങൾ, ആരോഗ്യ ഇൻഷ്വറൻസ് തുടങ്ങിയ എല്ലാ സംവിധാനങ്ങളും ഹരിത കർമ്മസേനയ്ക്ക് നൽകുന്നുണ്ട്. കൂടാതെ, 59 വയസ്സുവരെയുള്ള ഹരിത കർമ്മസേനാംഗങ്ങൾക്ക് അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം

എടുക്കാവുന്നതുമാണ്. ഒരു വർഷമെങ്കിലും അംശദായം അടയ്ക്കുന്നവർക്ക് ധനസഹായം ലഭിക്കുന്നതാണ്. വ്യക്തമായ മാർഗ്ഗരേഖയോടെ പ്രവർത്തിക്കുന്ന ഒരു ക്ഷേമനിധി ബോർഡ് നിലവിലുള്ളതിനാൽ ഈ ബില്ലിൽ പ്രതിപാദിക്കുന്നതുപോലെ പുതിയ ഒരു ബോർഡ് രൂപീകരിക്കുന്നതിന് പ്രസക്തിയില്ല. അവതരിപ്പിക്കാനുദ്ദേശിക്കുന്ന പ്രസ്തുത ബില്ലിലെ ലക്ഷ്യങ്ങൾ നിലവിലുള്ള സംവിധാനംവഴിതന്നെ പരിഹരിക്കപ്പെടുന്നതിനാൽ ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല.

ശ്രീ. ജി. സ്റ്റീഫൻ: സർ, സംസ്ഥാനത്തെ രൂക്ഷമായ മാലിന്യപ്രശ്നത്തിന് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് രൂപീകരിച്ച സംവിധാനമാണ് ഹരിത കർമ്മസേന. സംസ്ഥാന സർക്കാർ കഴിഞ്ഞ എട്ട് വർഷമായി ശുചിത്വ/മാലിന്യ സംസ്കരണ രംഗത്ത് ഒട്ടേറെ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്ന നിലയിലാണ് ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' എന്ന സാമൂഹിക ബോധമാണ് സമൂഹത്തിൽ നാം പുതുതായി വളർത്തിയെടുക്കേണ്ടത്. ഹരിത

കേരളം മുന്നോട്ടുവച്ച 'ശുചിത്വകേരളം' എന്ന ക്യാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന രൂപീകരിച്ചത്. ഹരിത കേരള മിഷൻ, ശുചിത്വമിഷൻ, കുടുംബശ്രീ മിഷൻ, ക്ലീൻ കേരള കമ്പനി, തൊഴിലുറപ്പ് മിഷൻ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ സഹായത്തോടുകൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. 250 വീടിന് ഒരാൾ എന്ന നിലയിൽ കുടുംബശ്രീ അംഗങ്ങളിൽ നിന്നാണ് ഹരിത കർമ്മസേനാംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. വീടുകളുടെ എണ്ണമനുസരിച്ചാണ് ഓരോ വാർഡിലെയും ഹരിത കർമ്മസേനാംഗങ്ങളുടെ എണ്ണം നിശ്ചയിക്കുന്നത്. ഹരിത കർമ്മസേനാംഗങ്ങൾ വീടുകളിൽ നിന്ന് ശേഖരിക്കുന്ന അജൈവമാലിന്യം മിനി എം.സി.എഫ്.-ലേയ്ക്കും അവിടെനിന്ന് എം.സി.എഫ്.-ലേയ്ക്കും തുടർന്ന് ക്ലീൻ കേരള കമ്പനിയിലേയ്ക്കും മറ്റ് അംഗീകൃത പ്രൈവറ്റ് ഏജൻസികൾക്കും കൈമാറുകയാണ് ചെയ്യുന്നത്. 2024 മാർച്ച് മാസത്തെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 36510 ഹരിത കർമ്മസേനാംഗങ്ങൾ ജോലി ചെയ്തുവരുന്നുണ്ട്. ഇതിൽ 90 ശതമാനത്തിന്

മുകളിൽ വനിതകളാണ്. കൂടുതൽ അംഗങ്ങളും 18-65 വയസ്സിനിടയിൽ പ്രായമുള്ളവരാണ്. 941 ഗ്രാമപഞ്ചായത്തുകളിലും 87 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും ഹരിത കർമ്മസേന പ്രവർത്തിക്കുന്നുണ്ട്. 87 ശതമാനം വീടുകളിൽനിന്നും അജൈവമാലിന്യം ശേഖരിക്കുന്നത് ഹരിത കർമ്മസേനയാണ്. സംസ്ഥാനത്ത് 17393 മിനി എം.സി.എഫ്.-കളും 1247 എം.സി.എഫ്.-കളും 164 ആർ.ആർ.എഫ്.-കളും പ്രവർത്തിക്കുന്നുണ്ട്. 2023-24 സാമ്പത്തിക വർഷം ഹരിത കർമ്മസേനയിൽനിന്ന് 47548 ടൺ മാലിന്യം ക്ലീൻ കേരള കമ്പനിയും 5380 ടൺ മാലിന്യം പ്രൈവറ്റ് ഏജൻസികളും ശേഖരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ആകെ 52928 ടൺ മാലിന്യം ശേഖരിച്ചിട്ടുണ്ട്. ഒരു ഹരിത കർമ്മസേനാംഗത്തിന് പതിനായിരം രൂപയെങ്കിലും വരുമാനം ലഭിക്കത്തക്ക രീതിയിൽ വേതനം/ഓണറേറിയം ക്രമീകരിക്കേണ്ടതായിട്ടുണ്ട്. ലഭ്യമായ കണക്കുകൾ പ്രകാരം 14705 ഹരിത സേനാംഗങ്ങൾക്ക് 10,000 രൂപയും അതിന് താഴെയുമാണ് വരുമാനം. 15058 ഹരിത സേനാംഗങ്ങൾക്ക് പതിനായിരം രൂപയ്ക്ക് മുകളിലും 626 ഹരിത കർമ്മസേനാംഗങ്ങൾക്ക് 25,000 രൂപയ്ക്ക് മുകളിലും വരുമാനം ലഭിക്കുന്നുണ്ട്.

ഹരിത കർമ്മസേനാംഗങ്ങൾ നാടിന് നൽകുന്ന സംഭാവന വിലമതിക്കാനാകാത്തതാണ്. കഴിഞ്ഞ വർഷം ശേഖരിച്ച 53000 ടൺ മാലിന്യം ശേഖരിക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ ഈ മാലിന്യം മണ്ണിനടിയിലോ ജലസ്രോതസ്സുകളിലോ നിക്ഷേപിക്കുമായിരുന്നു. ഇത് സൃഷ്ടിക്കുന്ന പാരിസ്ഥിതിക മലിനീകരണം എത്രമാത്രമാണെന്ന് ഊഹിക്കാവുന്നതേയുള്ളൂ. കാലാവസ്ഥ വ്യതിയാനം നമ്മെ എത്രമാത്രം ബുദ്ധിമുട്ടിക്കുന്നുണ്ടെന്ന കാര്യം ഇന്നത്തെ കാലഘട്ടത്തിൽനിന്നും വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ഹരിത കർമ്മസേനയെ ശക്തിപ്പെടുത്തേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമായതിനാൽ സാധ്യമായ എല്ലാ വഴികളും ഈ സർക്കാർ നടത്തുന്നുണ്ട്.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, ഹരിത കർമ്മസേനാംഗങ്ങളുടെ പ്രവർത്തനത്തെ സംബന്ധിച്ച് ഇവിടെ വിശദീകരിച്ചു. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വമാണെന്ന് സംസ്ഥാന ഗവൺമെന്റ് വ്യക്തമാക്കുന്നുണ്ട്. വീടുകളിൽനിന്നും ഹരിത കർമ്മസേന വാങ്ങുന്ന യൂസർ ഫീ അമിതമാണെന്ന് പറഞ്ഞ് അവരുടെ പ്രവർത്തനത്തെ

നിരുത്സാഹപ്പെടുത്തുന്ന ചില പ്രവണതകൾ ഇപ്പോൾ കേരളത്തിൽ കണ്ടുവരുന്നുണ്ട്. മാലിന്യം തോട്ടിലും പുഴയോരത്തും കൂട്ടിയിട്ട് കത്തിക്കുന്നവരും പൊതുയിടങ്ങളിൽ വലിച്ചെറിയുന്നവരും അതിനുവേണ്ടി തുക ചെലവഴിക്കുന്ന ആളുകളും ഹരിത കർമ്മസേനാംഗങ്ങൾക്ക് കൊടുക്കേണ്ട യൂസർ ഫീ കൊടുക്കാതെ ഇവർക്കെതിരെ തെറ്റായ സന്ദേശം പ്രചരിപ്പിക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനെതിരെ ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കേണ്ടതല്ലേ?

ശ്രീ. ജി. സ്റ്റീഫൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ, യൂസർ ഫീ കളക്ട് ചെയ്യുന്ന കാര്യത്തിൽ ചില ഒറ്റപ്പെട്ട വീടുകളിൽനിന്നോ സ്ഥാപനങ്ങളിൽനിന്നോ വ്യത്യസ്ത നിലപാടുകളുണ്ടാകുന്നുവെന്ന വാർത്തകൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. അജൈവ മാലിന്യങ്ങൾ ഉല്പാദിപ്പിക്കുന്ന എല്ലാവരും ഹരിതകർമ്മ സേനാംഗങ്ങളോട് ഉത്തരവാദിത്വബോധത്തോടെ സഹകരിക്കേണ്ടതാണെന്ന അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. കേരളാ പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പാലിറ്റി നിയമം എന്നിവ

കാലാനുസൃതമായി പരിഷ്കരിച്ച് ശക്തമായ പിഴയും ശിക്ഷാനടപടികളും ചുമത്തിക്കൊണ്ട് ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങളുടെ ശക്തി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇവർ വളരെ ശക്തമായ പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ, ഫീൽഡുതലത്തിൽ ചില ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതിനെ സംബന്ധിച്ച വാർത്തകൾ മാധ്യമങ്ങളിൽ സജീവമായി പ്രത്യക്ഷപ്പെടാറുണ്ട്. എല്ലാ സൗകര്യങ്ങളോടും കൂടിയ എം.സി.എഫ്.-കൾ നിർമ്മിക്കുന്നതിൽ ചില ഗ്രാമപഞ്ചായത്തുകൾ നിലവിൽ വിമുഖത കാണിക്കുന്നത് സർക്കാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അത്തരത്തിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും എം.സി.എഫ്.-കൾ നിർമ്മിക്കണമെന്ന് നിഷ്കർഷിക്കേണ്ടത് ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് അനിവാര്യമാണ്. മിനി എം.സി.എഫ്.-കളുടെ അഭാവം ഫീൽഡുതലത്തിൽ ധാരാളം ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. പലപ്പോഴും റോഡരികിൽ നിക്ഷേപിക്കുന്ന മാലിന്യം സൂക്ഷിക്കേണ്ടതായിട്ടുള്ള സാഹചര്യങ്ങളുണ്ടാകാറുണ്ട്. മാലിന്യ

ശേഖരണത്തിനായുള്ള കൈയുറകൾ, സഞ്ചികൾ, ബൂട്ടുകൾ എന്നിവയുടെ കുറവ് ചില സ്ഥലങ്ങളിൽ അനുഭവപ്പെടുന്നുണ്ട്. ഹരിതകർമ്മ സേനാംഗങ്ങളുടെ ക്ഷേമം ഉറപ്പാക്കുകയെന്നതാണ് ഏറ്റവും പ്രധാനം.

തൊഴിലാളികളെ എക്കാലവും സംരക്ഷിക്കുന്ന ഒരു സർക്കാരാണ് നമ്മുടെ സർക്കാർ. തൊഴിലുറപ്പ് തൊഴിലാളികൾക്കുവേണ്ടി രൂപീകരിച്ച ക്ഷേമനിധി ബോർഡുപോലെ സമൂഹത്തിനുവേണ്ടി വിലമതിക്കാനാവാത്ത സേവനം ചെയ്യുന്ന ഹരിത കർമ്മസേനയ്ക്കുവേണ്ടി ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നത് വളരെ ഗുണകരമായിരിക്കും. ഇതിനുവേണ്ടിയാണ് ഈ ബിൽ ഞാൻ കൊണ്ടുവന്നത്. ഇതോടൊപ്പം ഹരിതകർമ്മ സേനയ്ക്കുമാത്രമായി ഒരു ഇൻഷ്വറൻസ് പദ്ധതി രൂപീകരിക്കുന്നതും വളരെ സഹായകരമായിരിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ജി. സ്റ്റീഫൻ, അങ്ങ് ചർച്ച തുടരുന്നുണ്ടോ... അതോ അവസാനിപ്പിക്കുകയാണോ?

ശ്രീ. ജി. സ്റ്റീഫൻ: സർ, ഞാൻ ചർച്ച തുടരുന്നു. ഒരു മിനിറ്റ് സമയംകൂടി അനുവദിക്കണം. ജനസംഖ്യാനുപാതികമായി തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ എം.എസി.എഫ്.-കളും മിനി എം.എസി.എഫ്.-കളും നിർബന്ധിത പദ്ധതികളായി ഉൾപ്പെടുത്തണമെന്ന് സർക്കാർ നിർദ്ദേശിക്കേണ്ടതാണ്. നിലവിലുള്ള എം.എസി.എഫ്.-കൾ ഹരിതകർമ്മ സേനാംഗങ്ങൾക്ക് എല്ലാവിധ അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാക്കുന്നുണ്ടെന്ന കാര്യത്തിൽ ഉറപ്പ് വരുത്തേണ്ടതാണ്. ഇവരുടെ സേവനത്തിന്റെ മൂല്യം അളന്ന് തിട്ടപ്പെടുത്താൻ കഴിയില്ല. തൊഴിൽ സ്ഥിരത ഇല്ലാത്തതിനാലും മതിയായ വരുമാനമില്ലാത്തതിനാലും മറ്റ് നിരവധി കാരണങ്ങളാലും ഇവർ ബുദ്ധിമുട്ടുകളനുഭവിക്കുന്നു. ഇവരുടെ പ്രയാസങ്ങളും വിഷമതകളും പരിഹരിക്കുന്നതിനും ഇവർക്ക് ആശ്വാസം നൽകുന്നതിനും ഇവരുടെ ക്ഷേമം, പെൻഷൻ, മക്കളുടെ വിദ്യാഭ്യാസം, ചികിത്സാ സഹായം എന്നിവ ലഭ്യമാക്കുന്നതോടൊപ്പം ഇവരുടെ ഭാവി ജീവിതം സംരക്ഷിക്കുന്നതിന് ഒരു ക്ഷേമനിധി രൂപീകരിക്കണമെന്ന ഉദ്ദേശ്യത്തോടുംകൂടിയാണ് ഈ ബിൽ അവതരിപ്പിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

## (iv) 2021-ലെ കേരള സംസ്ഥാന പാഴ്വസ്തു ശേഖരണ തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീമതി സി. കെ. ആശ: സർ, 2021-ലെ കേരള സംസ്ഥാന പാഴ്വസ്തു ശേഖരണ തൊഴിലാളി ക്ഷേമനിധി ബില്ലിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം കൊണ്ടുവന്ന ബില്ലിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങൾക്ക് പ്രസക്തിയുണ്ടെങ്കിലും നിലവിൽ അതിന് സമാനമായിട്ടുള്ള മറ്റൊരു ബോർഡ് പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ പാഴ്വസ്തു ശേഖരണ തൊഴിലാളികളുടെ ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തുന്നത് വ്യവസ്ഥ ചെയ്യുന്നതിലേയ്ക്കാണ് പ്രസ്തുത ബിൽ കൊണ്ടുവന്നിട്ടുള്ളത്.

2016-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ മറ്റ് ക്ഷേമപദ്ധതികളിൽ അംഗമല്ലാത്ത പാഴ്വസ്തു ശേഖരണ തൊഴിലാളികൾക്കും അംഗമാകുന്നതിനുള്ള എല്ലാ സാധ്യതകളുമുള്ളതിനാൽ അവർക്ക് അതിൽ അംഗമാകാം. തൊഴിൽ വകുപ്പിനുകീഴിലെ ഏറ്റവും

പ്രധാനപ്പെട്ട ഒരു ബോർഡാണിത്. കേരളാ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് മുഖാന്തരം പ്രസ്തുത പദ്ധതിയിലെ അംഗങ്ങൾക്ക് റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര സഹായം, അപകട ആനുകൂല്യങ്ങൾ തുടങ്ങി എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ആവശ്യങ്ങളെല്ലാം ഈ ബോർഡിന് നിറവേറ്റാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതാണ് ഇതിന്റെ നിജസ്ഥിതി. ബഹുമാനപ്പെട്ട അംഗത്തിന് ഇക്കാര്യത്തിൽ കുറച്ചുകൂടി വ്യക്തത ആവശ്യമുണ്ടെങ്കിൽ ചർച്ച തുടരുന്നതിൽ തെറ്റില്ല.

ശ്രീമതി സി. കെ. ആശ: സർ, കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിൽ പാഴ്വസ്തു ശേഖരണ തൊഴിലാളികൾക്കും അംഗമാകാമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്. പക്ഷേ നാളിതുവരെ അവരുടെ രജിസ്ട്രേഷനോ അവർക്ക് തൊഴിൽ കാർഡ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നൽകാനോ തൊഴിൽ വകുപ്പിനോ തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങൾക്കോ സാധിച്ചിട്ടില്ലെന്നതാണ് വസ്തുത. അതുകൊണ്ട് തീർച്ചയായും അവർക്കുവേണ്ടി ഒരു പ്രത്യേക ക്ഷേമനിധി ബോർഡ് രൂപീകരിക്കേണ്ടത് അനിവാര്യമായതിനാൽ ഞാൻ ഈ ചർച്ച തുടരാൻ ആഗ്രഹിക്കുന്നു.

സംസ്ഥാന നിയമസഭ ഒട്ടേറെ നിയമനിർമ്മാണങ്ങൾക്ക് വേദിയായ ഒരു ഇടമാണെന്ന് നമുക്കറിയാം. അടിസ്ഥാന തൊഴിലാളി വർഗ്ഗം എന്ന നിലയിൽ പാഴ്‌വസ്തു ശേഖരിക്കുന്നവരുടെ സംരക്ഷണത്തിനുവേണ്ടിയാണ് ഞാൻ ഈ ബിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. സംസ്ഥാനത്ത് അനേകം പേർ പാഴ്‌വസ്തു ശേഖരണ തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ട്. അവർക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമ പെൻഷൻ, മക്കളുടെ വിദ്യാഭ്യാസം, അവരുടെയും കുടുംബാംഗങ്ങളുടെയും ചികിത്സാ സഹായം എന്നിവ നൽകുന്നതിനുംവേണ്ടി ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നത് അത്യാവശ്യമാണെന്ന് നമുക്കെല്ലാവർക്കും അറിയാം. മേൽപ്പറഞ്ഞ ഉദ്ദേശ്യം നിറവേറ്റപ്പെടുന്നതിനുവേണ്ടിയുള്ളതാണ് ഈ ബിൽ.

വീടുകളിലും പറമ്പുകളിലും പൊതുസ്ഥലങ്ങളിലുമെല്ലാം നിത്യേന ധാരാളം മാലിന്യങ്ങൾ ഉണ്ടാകുന്നുണ്ട്. ഈ മാലിന്യങ്ങളിൽനിന്നും ഖരമാലിന്യങ്ങൾ വേർതിരിച്ച് സംസ്കരിക്കാനുള്ള വഴികളേറെയുണ്ടെങ്കിലും നാം അതിന് ശ്രമിക്കുന്നുണ്ടോ എന്ന ആത്മപരിശോധന ഓരോരുത്തരും നടത്തേണ്ടതുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങളും പഴയ വീട്ടുപകരണങ്ങളും പാത്രങ്ങളും അതിലേറെ ഇ-മാലിന്യങ്ങളും ഒരുപോലെ വലിച്ചെറിയുന്നവരാണ് നമ്മളിൽ പലരും. എന്നാൽ ഇത്തരം മാലിന്യങ്ങളിൽനിന്നും പ്രകൃതിയെ ഒരു പരിധിവരെ മോചിപ്പിക്കുന്നവരാണ് പാഴ്വസ്തു ശേഖരണ തൊഴിലാളികൾ. നമ്മൾ പലപ്പോഴും അവർക്ക് യാതൊരു പരിഗണനയും നൽകാതെ അവരെ അവഹേളിക്കുകയും തുച്ഛമായ തുകയ്ക്കുവേണ്ടി അവരോട് കലഹിക്കുകയും ചെയ്യുന്നു. പ്രകൃതിയിൽ കുന്നുകൂടിക്കിടക്കുന്ന മാലിന്യങ്ങളെ യഥാവിധത്തിൽ സംസ്കരിക്കുന്നതെങ്ങനെയെന്ന് നാം മനസ്സിലാക്കേണ്ടതാണ്. നിലവിൽ പ്രകൃതിയെ സംരക്ഷിക്കുന്നതിനുള്ള ത്യാഗോജ്ജ്വല കർമ്മത്തിൽ ഏർപ്പെട്ടിരിക്കുന്നത് പാഴ്വസ്തു ശേഖരണ തൊഴിലാളികളാണ്.

അതുകൊണ്ടാണ് അവർക്കൊരു ക്ഷേമനിധി ബോർഡ് വേണമെന്ന് ആഗ്രഹിക്കുന്നത്. ഈ മേഖലയിലെ തൊഴിലാളികൾ ഒരു ദിവസം പണി മുടക്കിയാൽ നാടിന്റെ അവസ്ഥ എന്താകുമെന്ന് ചിന്തിച്ചിട്ടുണ്ടോ; അത് ഒരാഴ്ചയോ ഒരു മാസക്കാലമോ നീണ്ടുപോയാൽ വഴിയരികിൽ പ്ലാസ്റ്റിക് കുപ്പികളും കവറുകളും കുമിഞ്ഞുകൂടും. മഴക്കാലത്താണെങ്കിൽ അവ നഗരങ്ങളിലൂടെ ഒഴുകിനടക്കുകയും ജനവാസകേന്ദ്രങ്ങൾക്ക് ഭീഷണിയായി വെള്ളം കെട്ടിനിൽക്കുകയും മാരകരോഗങ്ങളാൽ ആരോഗ്യമേഖലയെ പ്രതിസന്ധിയിലാക്കുകയും ചെയ്യും. വീടുകളിലെ പഴയ സാധനങ്ങൾ വലിച്ചെറിയുന്നത് സമൂഹത്തെ വൃത്തിഹീനമായ സാഹചര്യങ്ങളിലേയ്ക്ക് നയിക്കുമെന്ന കാര്യത്തിൽ ആർക്കും സംശയമില്ല.

മാലിന്യ നിർമ്മാർജ്ജനത്തിന് സർക്കാർ മേഖലയിൽ നിരവധി സംവിധാനങ്ങളുണ്ടെങ്കിലും അതിലെത്രയെണ്ണം പ്രയോജനപ്പെടുന്നുണ്ടെന്ന് നാം പരിശോധിക്കണം. മാലിന്യ നിർമ്മാർജ്ജനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എത്ര കോടി രൂപയാണ് വർഷാവർഷം ചെലവിടുന്നത്. പാഴ്‌വസ്തു ശേഖരണ തൊഴിലാളികൾ ഈ തൊഴിൽ

ചെയ്യുന്നതുമൂലം സർക്കാരിനും നേട്ടമുണ്ട്. ഒരു രൂപപോലും പ്രതിഫലം വാങ്ങാതെയാണ് ഇവർ പൊതുയിടങ്ങൾ ശുചീകരിക്കുന്നത്. നമ്മൾ എന്താണ് ചെയ്യുന്നതെന്ന് പരിശോധിക്കാം; ആക്രി സാധനങ്ങൾ വേർതിരിച്ചുവയ്ക്കുന്ന ശീലം നമുക്കാർക്കും തന്നെയില്ല. അത് പറമ്പിലും പൊതുയിടങ്ങളിലും ജലാശയങ്ങളിലും വലിച്ചെറിഞ്ഞ് വൃത്തികേടാക്കുകയാണ്. ഈ തൊഴിലാളികൾ ഇത്തരം സാധനങ്ങളെല്ലാം ശേഖരിച്ചശേഷം വീട്ടുകാരുമായി വിലപേശേണ്ടിവരുന്നു. അതുവരെയും പറമ്പിൽ ആർക്കും വേണ്ടാതെയും ഭൂമിക്ക് ഭീഷണിയായും രോഗങ്ങളുടെ ഉറവിടമായും മാലിന്യ കൂമ്പാരമായും കിടക്കുന്ന വസ്തുക്കൾക്ക് നാം അപ്പോൾ ഭയങ്കര വിലയാണ് നിശ്ചയിക്കുന്നത്. തൊഴിലാളികളോട് നമ്മൾ കലഹിക്കുകയും തുച്ഛമായ കാശിനുവേണ്ടി വില പേശുകയും ഒടുവിൽ ലഭിക്കാവുന്ന നല്ല വിലയ്ക്ക് നമ്മൾ അവർക്ക് നൽകുകയുമാണ് ചെയ്യുന്നത്. മാലിന്യ നിർമ്മാർജ്ജനത്തിൽ നമ്മുടെ പങ്ക് അതാണെങ്കിൽ യാതൊരു പ്രതിഫലേച്ഛയും കൂടാതെ വളരെ തുച്ഛമായ പ്രതിഫലത്തിനുവേണ്ടി പാഴ്വസ്തുക്കൾ ശേഖരിക്കുന്ന മഹത്തായ സേവനമാണ് ഈ തൊഴിലാളികൾ

നാടിനുവേണ്ടി ചെയ്യുന്നത്. അവരുടെ സേവനം ലഭ്യമല്ലെങ്കിൽ നമ്മുടെ ഭാവി അപകടത്തിലാകുമെന്ന യാഥാർത്ഥ്യംകൂടി നാം മനസ്സിലാക്കണം. അവരെ സംരക്ഷിക്കുന്നതിനാവശ്യമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തരമായി ഉണ്ടാകേണ്ടതുണ്ട്. വൃത്തിഹീനമായ സാഹചര്യത്തിൽ പണിയെടുക്കുന്നവർക്ക് വേണ്ടത്ര പ്രതിഫലമോ ആരോഗ്യസംരക്ഷണ ഉപാധികളോ ആനുകൂല്യങ്ങളോ ഇതുവരെ ലഭ്യമായിട്ടില്ല. അവർ അസംഘടിത വിഭാഗമായി തുടരുകയാണ്. നേരത്തെ ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ ഉൾപ്പെടെയുള്ള സംഘടനകൾ തൊഴിൽ സംരക്ഷണത്തെ സംബന്ധിച്ച് ഒട്ടേറെ കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ നടപ്പാക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഈ മേഖലയിലെ തൊഴിലാളികൾക്ക് പെൻഷൻ ആനുകൂല്യങ്ങളോടൊപ്പം ഈ ബില്ലിൽ വിഭാവന ചെയ്തിട്ടുള്ള കാര്യങ്ങളും നടപ്പാക്കി ഇവരുടെ സേവനത്തിന് അംഗീകാരം നൽകണം. മാലിന്യ മുക്തമായ ഭൂമി വരും തലമുറയോടുള്ള നമ്മുടെ പ്രതിബദ്ധതയാണ്. അതിനാൽ പാഴ്വസ്തു ശേഖരണ തൊഴിലാളികളുടെ നിലനിൽപ്പ് അത്യന്താപേക്ഷിതമാണ്.

ബില്ലിൽ പരാമർശിച്ചിട്ടുള്ള ആവശ്യങ്ങൾ ഗവൺമെന്റ് അംഗീകരിക്കുകവഴി ഈ വിഭാഗത്തിന് സാമൂഹ്യമായ മുന്നേറ്റത്തിന് അവസരം ലഭിക്കും. ഈ ബിൽ തുടർചർച്ചയ്ക്കായി മാറ്റി വയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(v) 2021-ലെ കേരള കാർഷിക ഉൽപ്പന്നങ്ങൾക്ക് അർഹമായ തറവില ഉറപ്പാക്കൽ ബിൽ

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, 2021-ലെ കേരള കാർഷിക ഉൽപ്പന്നങ്ങൾക്ക് അർഹമായ തറവില ഉറപ്പാക്കൽ ബില്ലിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, സംസ്ഥാനത്തെ കാർഷിക വിളകളുടെ വിലയിലുണ്ടാകുന്ന അസ്ഥിരത പരിഹരിക്കാൻ നിലവിൽ സർക്കാർ വിവിധങ്ങളായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ട്. കാർഷിക വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കർഷകർ ഉൽപ്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ എന്നിവ പൂർണ്ണമായും വിപണനം

ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ശ്രീ. കുറുക്കോളി മൊയ്തീൻ ഈ ബില്ലിൽ സൂചിപ്പിക്കുന്നുണ്ട്. 16 ഇനം പഴം, പച്ചക്കറികൾക്ക് സർക്കാർ അടിസ്ഥാന വില നിശ്ചയിക്കുകയും കാർഷികവിളകളുടെ വില പിടിച്ചുനിർത്തുന്നതിനും വിലയിടിയുന്ന സാഹചര്യത്തിൽ കർഷകരെ സഹായിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നെല്ലിന് കേന്ദ്ര സർക്കാരിന്റെ എം.എസ്.പി.(മിനിമം സപ്പോർട്ട് പ്രൈസ്)-യും സംസ്ഥാന സർക്കാരിന്റെ ഇൻസെന്റീവ് ബോണസ്സും ചേർത്ത് ഉയർന്ന സംഭരണ വില നൽകുന്നുണ്ട്. നാളികേരത്തിന് സംസ്ഥാന സർക്കാർ ഉയർന്ന സംഭരണ വിലയാണ് നൽകുന്നത്. റബ്ബറിന് ഉൽപ്പാദന ഇൻസെന്റീവ് സ്കീം നടപ്പാക്കുന്നുണ്ട്. ഈ പദ്ധതികളെല്ലാം കാര്യക്ഷമമായി സർക്കാർ നടപ്പാക്കിവരുന്നുണ്ട്. സാമ്പത്തികമായി വളരെ ബുദ്ധിമുട്ടിൽ നിൽക്കുന്ന അവസരത്തിലും ആർ.പി.ഐ. സ്കീം മുഖേന കഴിഞ്ഞവർഷം 180 കോടി രൂപ ഉൾപ്പെടെ 2,054 കോടി രൂപ സർക്കാർ റബ്ബർ കർഷകർക്ക് ഇൻസെന്റീവായി നൽകിയിട്ടുണ്ട്. നെല്ല് കിലോഗ്രാമിന് 28 രൂപ 20 പൈസയും മില്ലിംഗ് കൊപ്ര ക്വിന്റലിന് 11,160 രൂപയും ഉണ്ട കൊപ്ര

ക്വിന്റലിന് 12,000 രൂപയും പച്ച തേങ്ങ കിലോഗ്രാമിന് 34 രൂപയുമാണ് ഇപ്പോൾ സംഭരണം നടത്തുന്നത്. ഈ സംഭരണ പ്രവർത്തനങ്ങൾവഴി വിപണിയിലെ വിലത്തകർച്ചയിൽനിന്നും ഈ വിളകളെയെല്ലാം സംരക്ഷിക്കാൻ സാദ്ധ്യമാകുന്നുണ്ട്. 16 ഇനം പഴം, പച്ചക്കറികൾക്ക് അടിസ്ഥാന വില നിശ്ചയിച്ച് സംഭരിക്കുന്ന ആദ്യ സംസ്ഥാനമാണ് കേരളം. സുഗന്ധവ്യഞ്ജനങ്ങളുടെ കാര്യത്തിൽ കുറഞ്ഞ താങ്ങുവില നടപ്പാക്കേണ്ടത് കേന്ദ്ര സർക്കാരാണ്. ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയെങ്കിലും അനുകൂല നടപടി ഇതുവരെയും സ്വീകരിച്ചിട്ടില്ല. ഉൽപ്പാദനത്തിലും പരിരക്ഷയിലും കേരള സർക്കാർ നടത്തുന്ന ഇടപെടലുകൾ ഈ മേഖലയിലുള്ള കർഷകർക്ക് നല്ല പിന്തുണയാകുന്നുണ്ട്. നെൽകൃഷി, നാളികേര കൃഷി, പച്ചക്കറി കൃഷി തുടങ്ങിയവയ്ക്ക് സർക്കാരിന്റെ ഭാഗത്തുനിന്നും പ്രഥമ പരിഗണനയും ആവശ്യമായ പിന്തുണയും സബ്സിഡിയും നൽകുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ 95.1 കോടി രൂപയും നാളികേര കൃഷി പ്രോത്സാഹിപ്പിക്കാൻ 68.95 കോടി രൂപയും പച്ചക്കറി

കൃഷി പ്രോത്സാഹിപ്പിക്കാൻ 77.2 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കർഷകരുടെ വരുമാന വർദ്ധനവ് സർക്കാരിന്റെ പ്രഥമ പരിഗണനയിലുള്ള വിഷയമാണ്. കർഷകരുടെ വരുമാനം 50 ശതമാനം വർദ്ധിപ്പിക്കാൻ സർക്കാർ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ട്. കർഷകരുടെ കൂട്ടായ്മ സൃഷ്ടിക്കുകയെന്നത് മുഖ്യലക്ഷ്യങ്ങളിലൊന്നാണ്. ഇതിന്റെ ഭാഗമായി കൃഷിക്കൂട്ടങ്ങളും കൃഷിക്കൂട്ടങ്ങൾ ചേർന്നുള്ള ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷനുകളും (എഫ്.പി.ഒ.) രൂപീകൃതമായിട്ടുണ്ട്. വിപണിയെയും വിപണി വിലയെയും വിലയിരുത്തിക്കൊണ്ട് ഉൽപ്പാദനം നിശ്ചയിക്കാനും അധിക ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റാനും എഫ്.പി.ഒ.-കൾക്ക് ഇപ്പോൾ സാധ്യമാകുന്നുണ്ട്. കാർഷിക മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് പരമാവധി വില ലഭ്യമാക്കാൻ ഈ കൂട്ടായ്മകളുടെ പ്രവർത്തനങ്ങൾവഴി സാധിക്കുന്നുണ്ട്. എഫ്.പി.ഒ.-കൾ, കൃഷിക്കൂട്ടങ്ങൾ തുടങ്ങിയവയ്ക്ക് മൂല്യവർദ്ധിത മേഖലയിൽ ഇടപെടുന്നതിനാവശ്യമായ ഉപദേശങ്ങൾ നൽകാൻ കേരള അഗ്രോ ബിസിനസ്സ് കമ്പനി (കാബ്കോ) കേരളത്തിൽ ആദ്യമായി

രൂപീകൃതമായിട്ടുണ്ട്. കർഷകർക്കും കർഷകരുടെ കൂട്ടായ്മകൾക്കും പൊതുജനങ്ങൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും ഓഹരി പങ്കാളിത്തമുള്ള പ്രസ്തുത കമ്പനി പൂർണ്ണതോതിൽ പ്രവർത്തിക്കുന്നതോടെ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് ദേശീയ/അന്തർദേശീയ വിപണി കണ്ടെത്താനും കർഷകരുടെ വരുമാനം ഉയർത്താനും സാധിക്കും. മേൽനടപടികളിലൂടെ കേരളത്തിലെ കർഷകരുടെ വരുമാനവർദ്ധനവിൽ ഇടപെടുന്നതോടൊപ്പം ആവശ്യമായ സബ്സിഡികൾ ഉൾപ്പെടെയുള്ള മറ്റ് പിന്തുണകളും നൽകി കർഷകരെ സഹായിക്കുന്നുമുണ്ട്. പ്രതികൂല കാലാവസ്ഥയിലോ സാമ്പത്തിക പ്രയാസംമൂലമോ ബുദ്ധിമുട്ടനുഭവിക്കുന്ന കർഷകർക്ക് വിളവെടുക്കുന്നതിനാവശ്യമായ സബ്സിഡി സംസ്ഥാന സർക്കാർ കർഷകർക്ക് നേരിട്ട് നൽകുന്നതിനും കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് ബില്ലിൽ സൂചിപ്പിച്ചിട്ടുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇതെല്ലാം നടപ്പാക്കുന്ന കാര്യങ്ങളാണ്. കർഷകന് ന്യായ വില ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ്

ഇക്കാര്യങ്ങൾ പ്രാവർത്തികമാക്കിയത്. കാർഷിക ഉൽപ്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിനും ആഴ്ച ചന്തകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും ബില്ലിൽ പരാമർശിക്കുന്നുണ്ട്. ഇത്തരത്തിൽ കേരളത്തിൽ ഏകദേശം അഞ്ഞൂറ്റി അൻപതോളം സംഭരണ സംവിധാനങ്ങളും VFPCK, PACS എന്നീ സംവിധാനങ്ങളും ഇപ്പോൾ നിലവിലുണ്ട്. ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അടിസ്ഥാന വില നിശ്ചയിക്കുന്നതിനെക്കുറിച്ചും അത് കാലാകാലങ്ങളിൽ പുതുക്കുന്നതിനെ സംബന്ധിച്ചും ബില്ലിൽ പരാമർശിക്കുന്നുണ്ട്. അതിനെല്ലാം പ്രൈസസ് ബോർഡിനെ ചുമതലപ്പെടുത്തുകയും വിപണി അല്ലെങ്കിൽ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് കുറവ് നേരിടുന്ന അവസരങ്ങളിലെല്ലാം കൃത്യമായി ഇടപെടുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങളെല്ലാം സംസ്ഥാന സർക്കാർ ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അവ കാലതാമസമുണ്ടാകാതെ നടപ്പാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

കർഷകരുടെ കാര്യത്തിൽ പ്രത്യേക താൽപ്പര്യമെടുത്ത് ചെയ്യേണ്ടതാണെന്നുള്ളതുകൊണ്ട് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കുവേണ്ടി വാല്യൂ ആഡഡ് അഗ്രികൾച്ചറൽ മിഷനും കേരള അഗ്രോ ബിസിനസ്സ് കമ്പനിയും രൂപീകരിച്ചിട്ടുണ്ട്. കൃഷിക്കൂട്ടങ്ങൾ കേന്ദ്രീകരിച്ചും എഫ്.പി.ഒ.-കൾ കേന്ദ്രീകരിച്ചും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നവീന ഇടപെടലുകൾകൂടി നടപ്പാക്കികൊണ്ടിരിക്കുന്നു. ആ സാഹചര്യത്തിൽ ഇത്തരമൊരു ബില്ലിന്റെ ആവശ്യകതയില്ല. അതുകൊണ്ട് ഈ ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, നമ്മുടെ നാട്ടിലെ കർഷകരുടെ സ്ഥിതി അതിദയനീയമാണ്. കാർഷിക പ്രശ്നങ്ങളും കർഷകരുടെ വിഷയങ്ങളും ശരിയായ രീതിയിൽ ചർച്ചയ്ക്കെടുക്കാൻപോലും ആരും തയ്യാറാകുന്നില്ലെന്നതാണ് വസ്തുത. കർഷകരുടെ യഥാർത്ഥ സ്ഥിതി വിലയിരുത്തുന്നതിൽ ഭരണകൂടങ്ങൾപോലും പരാജയപ്പെട്ടിരിക്കുകയാണ്. കാർഷികമേഖലയിൽ നടത്തുന്ന ഇടപെടലുകളെക്കുറിച്ച് ബഹുമാനപ്പെട്ട

കൃഷി വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പച്ചക്കറി, നാളികേരം, നെല്ല് എന്നിവയുടെ സംഭരണത്തെക്കുറിച്ചെല്ലാം അദ്ദേഹം പരാമർശിച്ചു. ഇത് എത്രമാത്രം നടക്കുന്നുവെന്നതിനെക്കുറിച്ചും പരിശോധിക്കേണ്ടതുണ്ട്. എപ്പോഴെങ്കിലുമൊരിക്കൽ, വെളുത്തവാവിനോ കറുത്തവാവിനോ കുറച്ച് പച്ചക്കറികൾ സംഭരിച്ചുവെന്നതുകൊണ്ട് നാട്ടിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരൊക്കെ രക്ഷപ്പെടുമെന്നാണോ വിചാരം. അതുപോലെ ആണ്ടിലൊരിക്കൽ നാളികേരത്തിന്റെ സംഭരണം നടന്നാൽ മതിയോ; നെല്ല് സംഭരിക്കുന്നുണ്ടെന്ന് പറഞ്ഞതുകൊണ്ട് കാര്യങ്ങൾ അവസാനിക്കുമോ; റബ്ബറിന്റെ സംഭരണത്തിനുവേണ്ടി നീക്കിവച്ച തുകപോലും പൂർണ്ണമായി നൽകാൻ കഴിയുന്നുണ്ടോ; ഈ വസ്തുതകളൊക്കെ നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. കർഷകരുടെ ഈ ദയനീയാവസ്ഥമൂലമാണ് പുതിയ തലമുറ കാർഷിക രംഗത്തേയ്ക്ക് കടന്നുവരാൻ വിമുഖത കാണിക്കുന്നത്. ഒരുകാലത്ത് നമ്മുടെ നാടിനെ ജീവിപ്പിച്ചതും നാട്ടിലെ എല്ലാ സംരംഭങ്ങളും വിജയിപ്പിച്ചതും നാട്ടിൽ അത്യാവശ്യം മെച്ചപ്പെട്ട ജീവിതം നയിച്ചിരുന്നതും കർഷകരാണ്. എന്നാൽ ഇന്ന് നമ്മൾ ആ കർഷകരെക്കുറിച്ച് ചിന്തിക്കാൻ

തയ്യാറാകുന്നുണ്ടോ? നാട്ടിൽ അമ്പലങ്ങളും പള്ളികളും ഉയർന്നതിലും നേർച്ചകളും പൂരങ്ങളും ആഘോഷങ്ങളും നടത്തിയതിലും മുമ്പിലുണ്ടായിരുന്നത് കർഷകരാണ്. രാഷ്ട്രീയ പാർട്ടികൾ സംഭാവനയ്ക്കായി പോയിരുന്നത് കർഷകരുടെ അടുത്തേയ്ക്കാണ്. പുതിയ പ്രമാണിമാരും ആളുകളുമൊക്കെയുള്ള ഒരു കാലഘട്ടമാണിതെന്ന് നമുക്കറിയാം. എന്നാൽ കർഷകർ അധഃപതനത്തിലേയ്ക്ക് നീങ്ങിയത് എന്തുകൊണ്ടാണ് എന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. കർഷകർ നടത്തുന്ന സേവനങ്ങളുടെ മഹത്വം നമ്മൾ തിരിച്ചറിയണം. ഈ നിമയസഭാ ഹാളിനകത്ത് അസംബ്ലിക്കുവേണ്ടി സേവനം ചെയ്യുന്ന ജീവനക്കാരുണ്ട്. ഇതിനകത്തുള്ള കാര്യങ്ങൾ മാത്രമേ അവർക്ക് ചെയ്യേണ്ടതുള്ളൂ. ആരോഗ്യമേഖലയിലും തൊഴിൽരംഗത്തും വിദ്യാഭ്യാസ രംഗത്തും സേവനം ചെയ്യുന്ന വ്യക്തികളുണ്ട്. അവർക്കൊക്കെ അതത് തലങ്ങളിലെ കാര്യങ്ങൾ മാത്രമേ ചിന്തിക്കേണ്ടതും പ്രവർത്തിക്കേണ്ടതുമുള്ളൂ. എന്നാൽ അതിനേക്കാൾ വിപുലമായ ഉത്തരവാദിത്വവും ഗൗരവമേറിയ ചുമതലയുമാണ് നാട്ടിലെ കർഷകർ ചെയ്യുന്നതെന്ന് തിരിച്ചറിയാൻ നമുക്ക് സാധിക്കണം.

നാടൊന്നിച്ച് ആദരിക്കേണ്ടൊരു വിഭാഗവും സേവന മേഖലയുമാണ് കാർഷിക രംഗം. നമ്മുടെ ജീവിതത്തിനുമാത്രമല്ല, ഈ പരിസ്ഥിതിയുടെ സംരക്ഷണത്തിനും മുഴുവൻ ജീവജാലങ്ങളുടെ നിലനിൽപ്പിനും കർഷകരുടെ അധ്വാനം പ്രധാനമാണ്. കർഷകർ ചേറ്റിലിറങ്ങിയാലേ നമുക്ക് ചോറ്റിൽ കൈവയ്ക്കാൻ സാധിക്കുകയുള്ളൂവെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. കർഷകരെ എങ്ങനെ സഹായിച്ചുവെന്നാണ് സൂചിപ്പിക്കുന്നത്? കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ വെട്ടിച്ചുരുക്കാനല്ലേ നമ്മൾ ശ്രമിക്കുന്നത്; കഴിഞ്ഞദിവസം കേന്ദ്ര ഗവൺമെന്റ് സംഭരണ വില വർദ്ധിപ്പിച്ചുവെന്ന് പത്രങ്ങളിലൂടെ നമ്മളറിഞ്ഞു. എല്ലാവർഷവും ഇത് ചെയ്യുന്നുണ്ട്. നെൽകർഷകർക്ക് അല്ലെങ്കിൽ ഒരുവിഭാഗം കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ ചുരുക്കിച്ചുരുക്കി കൊണ്ടുവരുന്ന ഒരൊറ്റ സർക്കാർ മാത്രമേ ഇന്ത്യയിലുള്ളൂ, അത് കേരളത്തിലെ ഈ സർക്കാരാണ്. 2021-2022 വർഷത്തിൽ നെൽകർഷകർക്ക് നൽകിയിരുന്ന ഇൻസെന്റീവിൽനിന്നും 40 പൈസ ബജറ്റിലൂടെ കുറച്ചു.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, അവാസ്തവമായ കാര്യങ്ങൾ നിയമസഭയിൽ ഉന്നയിക്കുന്നത് ശരിയാണെന്ന് തോന്നുന്നില്ല. കാരണം ഇന്ത്യാ രാജ്യത്ത് നെല്ലിന് ഏറ്റവും കൂടുതൽ വില നൽകുന്ന ഏകസംസ്ഥാനം കേരളമാണ്. ഒരു കിലോ നെല്ലിന് 28.20 രൂപ നൽകുന്ന ഏതെങ്കിലുമൊരു സംസ്ഥാനം ഇന്ത്യാ രാജ്യത്തുണ്ടോയെന്ന് ചൂണ്ടിക്കാണിക്കാൻ താങ്കൾ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ആ സ്റ്റേറ്റ്മെന്റ് പിൻവലിക്കണം.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ആ സ്റ്റേറ്റ്മെന്റിന് ഞാൻ ഒന്നുകൂടി അടിവരയിടുന്നു. ഞാൻ വിശദീകരിച്ചുപറയാം, അങ്ങ് കേൾക്കാനിരിക്കണം. 2021-22-ൽ നാം നൽകിയിരുന്ന ഇൻസെന്റീവിൽനിന്നും 40 പൈസ ആദ്യമായി വെട്ടിക്കുറച്ചു. പിന്നീട് 2022-23-ൽ 20 പൈസ വർദ്ധിപ്പിക്കുന്നുവെന്ന് പ്രചാരണം നടത്തി. 2022-23 വർഷത്തിൽ കേന്ദ്രം ഒരുരൂപ അധികമായി നെല്ലിന് നൽകാൻ തീരുമാനിച്ചു. ആ വില സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചില്ല. ഇവിടത്തെ ഇൻസെന്റീവിൽ അത് കുറച്ചു. 2023-24-ൽ 1 രൂപ 43 പൈസ കേന്ദ്രം വർദ്ധിപ്പിച്ചു. അത് ഇവിടത്തെ ഇൻസെന്റീവിൽനിന്നും വീണ്ടും കുറവുവരുത്തി. ഈ വർഷം ഒരുകിലോഗ്രാം

നെല്ലിന് 117 പൈസ വർദ്ധിപ്പിച്ചിരിക്കുന്നു. ഈ സർക്കാർ അത് കുറയ്ക്കുമോ അതോ കർഷകർക്ക് തിരിച്ചുകൊടുക്കുമോ എന്ന് അറിയേണ്ടതുണ്ട്. ഇതാണ് ഇവിടത്തെ സേവനം. നിങ്ങൾ ചെയ്യുന്ന കാര്യങ്ങൾ ഞാൻ ഓരോന്നായി വിശദീകരിക്കാം. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പരാമർശിച്ച സംഭരണം ഈ രീതിയിലാണ് നടക്കുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കർഷകരുടെ സേവനങ്ങളെക്കുറിച്ച് ഞാൻ പരാമർശിച്ചു. കേരളത്തിന്റെ വലിയ സേവനരംഗമായി കാർഷിക മേഖലയെ നമ്മൾ കാണണം. നമ്മളെ ജീവിപ്പിക്കുന്നതിനും ജീവജാലങ്ങളെ നിലനിർത്തികൊണ്ട് പോകുന്നതിനും കർഷകർ അധ്വാനിക്കുകയാണ്. കാർഷികോല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തതുകൊണ്ട് ഈ മേഖലയിൽനിന്നും കർഷകർ പിന്തിരിഞ്ഞുകൊണ്ടിരിക്കുകയാണ്. 8 വർഷംമുമ്പ് നാളികേരത്തിന് ലഭിച്ചിരുന്ന വിലയുടെ പകുതി മാത്രമേ ഇന്ന് ലഭിക്കുന്നുള്ളൂവെന്ന് നമ്മളോർക്കണം. 18 വർഷങ്ങൾക്കുമുമ്പ് കുരുമുളകിന് ലഭിച്ചിരുന്ന വില ഇപ്പോൾ മൂന്നിലൊന്നായി ചുരുങ്ങി.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. കുറുക്കോളി മൊയ്തീൻ, അങ്ങ് ചർച്ച തുടരുകയാണോ അതോ അവസാനിപ്പിക്കുകയാണോ?

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഞാൻ ചർച്ച തുടരാൻ ആഗ്രഹിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങനെയെങ്കിൽ ചർച്ച കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, രണ്ടുമിനിട്ട്... അതുപോലെ 242 രൂപയ്ക്ക് റബ്ബർ വിറ്റതാണ്. ഇപ്പോൾ അതിന്റെ വില 200 രൂപയോട് അടുത്തു. 82 രൂപയിലേയ്ക്ക് എത്തിയൊരു കാലഘട്ടവുമുണ്ടായിരുന്നു. ഈ കർഷകരുടെ അവസ്ഥയൊന്ന് ആലോചിച്ച് നോക്കൂ. ജനങ്ങളുടെ ജീവിത ചെലവ് വർദ്ധിച്ചുവരികയാണ്. അത് കർഷകർക്കുമുണ്ട്. നാൽപ്പത്-അമ്പത് വർഷങ്ങൾക്കുമുമ്പ് ജീവനക്കാർക്ക് ലഭിച്ചിരുന്ന ശമ്പളത്തിന്റെ നാലോ അഞ്ചോ ഇരട്ടിയാണ് ഇന്നവർ ശമ്പളമായി കൈപ്പറ്റുന്നത്. അവരുടെ ജീവിതച്ചെലവും അതുപോലെ വർദ്ധിച്ചിട്ടുണ്ട്. എന്നാൽ കർഷകർക്ക് ലഭിച്ചിരുന്ന വരുമാനം അഞ്ചിലൊന്നായി ചുരുങ്ങിപ്പോയി എന്നതാണ് വസ്തുത. ഇത്തരം ദയനീയ സാഹചര്യത്തിൽനിന്നും കർഷകരെ സംരക്ഷിക്കണമെങ്കിൽ കാർഷികോല്പന്നങ്ങൾക്ക് മതിയായ വില നൽകി

സംഭരിക്കാൻ സന്നദ്ധമാകണം. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് 150 ശതമാനം വില നിശ്ചയിച്ച് സംഭരിക്കാൻ സംവിധാനമുണ്ടാക്കുമെന്ന് ഈ സർക്കാർ ജനങ്ങളോട് പറഞ്ഞതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.... കൺക്ലൂഡ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അദ്ദേഹത്തിന് സംസാരിക്കാൻ സമയം നൽകണം..... (മൈക്ക് ഓഫ്)....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.. പ്ലീസ്......ശ്രീ. എൻ. ഷംസുദ്ദീൻ ഇരിക്കൂ... അംഗത്തിനും മന്ത്രിക്കും ഉൾപ്പെടെയാണ് 12 മിനിട്ട് സമയം. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി 4 മിനിട്ട് സംസാരിച്ചു. ശ്രീ. കുറുക്കോളി മൊയ്തീൻ, അങ്ങ് ഈ ബില്ലിന്മേലുള്ള ചർച്ച അവസാനിപ്പിക്കുകയാണെങ്കിൽ പ്രസംഗം തുടരാം. തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുകയാണെങ്കിൽ ഈ ബിൽ ചർച്ച ചെയ്യാൻ ഇനിയും അവസരം ലഭിക്കും.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത് പൂർത്തിയാക്കാം. ഉല്പാദനച്ചെലവിന്റെ 150 ശതമാനം വില നിശ്ചയിച്ച് മുഴുവൻ കാർഷികോല്പന്നങ്ങളും സംഭരിക്കാൻ സംവിധാനമുണ്ടാക്കുമെന്നാണ് 2014-ൽ

കേന്ദ്ര സർക്കാരും 2016-ൽ സംസ്ഥാന സർക്കാരും ജനങ്ങളോട് പറഞ്ഞത്. ഇത് രണ്ടും നടന്നിട്ടില്ലെന്നതാണ് വസ്തുത. ഇന്ത്യയിൽ ഏറ്റവും കൂടുതൽ തുക നൽകി നെല്ല് സംഭരിക്കുന്ന സംസ്ഥാനം കേരളമാണെന്ന് അറിയാമോയെന്ന് പ്രിയങ്കരനായ ഒരംഗം ചോദിച്ചു. അതെനിക്ക് നല്ലതുപോലെ അറിയാം. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ കർഷകർക്ക് ചെലവാകുന്ന കൃഷി ചെലവിന്റെ മൂന്നിരട്ടി തുക ഇവിടെ ചെലവാകുന്നുവെന്ന വസ്തുത അങ്ങേയ്ക്ക് അറിയാമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ആ ചെലവ് നികത്താനുള്ള തുക കാർഷികോല്പന്നങ്ങളുടെ വിറ്റുവരവിൽനിന്നാണ് ലഭിക്കേണ്ടത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്.....തുടർചർച്ചയിൽ അങ്ങേയ്ക്ക് ഇനിയും സംസാരിക്കാൻ അവസരം ലഭിക്കും.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ അവസാനിപ്പിക്കാം. കർഷകർ ജീവിക്കണം, അവരുടെ ആവശ്യങ്ങൾ നിറവേറ്റണം. അതിനുവേണ്ട മതിയായ വില നിശ്ചയിച്ച്, സർക്കാർ പ്രഖ്യാപിച്ചതുപോലെ 150 ശതമാനം വില നിശ്ചയിച്ചുകൊണ്ട് മുഴുവൻ കാർഷികോല്പന്നങ്ങളും

സംഭരിക്കാനുള്ള പ്രഖ്യാപിത പരിപാടി നടപ്പിലാക്കാൻ തയ്യാറാകേണ്ടതുണ്ട്. ഈ ബില്ലിന് തുടർ ചർച്ചയ്ക്കുള്ള അവസരം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചുരുക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങളുടെ തുടർചർച്ച:

(i) 2021-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ ബിൽ

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി ഒ. എസ്. അംബിക 2021 ആഗസ്റ്റ് മാസം 6-ാം തീയതി ഈ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുകയും ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ഉപക്ഷേപത്തെ എതിർക്കുകയും ചർച്ച പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുകയും ചെയ്തിരുന്നു. ശ്രീമതി ഒ. എസ്. അംബികയ്ക്ക് ചർച്ച തുടരാവുന്നതാണ്.

ശ്രീമതി ഒ. എസ്. അംബിക: സർ, 2021-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ ബില്ലിന്റെ തുടർ ചർച്ചയാണിത്. സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ മികച്ച പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. എന്നാൽ ഇവ തമ്മിൽ ഏകോപനമില്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. അതിനാൽ സമീപപ്രദേശത്ത് സ്ഥിതി ചെയ്യുന്ന ടൂറിസം കേന്ദ്രങ്ങളെ ഏകോപിപ്പിക്കാൻ സാധിക്കുന്നില്ല. സമീപത്തെ ടൂറിസം കേന്ദ്രങ്ങൾ ക്രമീകരിച്ച് ടൂറിസം സർക്യൂട്ടുകൾ സ്ഥാപിക്കാനും ജീവനക്കാർക്ക് മെച്ചപ്പെട്ട സൗകര്യമൊരുക്കാനും അടിസ്ഥാന സൗകര്യ വികസനത്തിനും അപ്പെക്സ് കൗൺസിലുകൾ സഹായകരമാണ്. സമഗ്രവും ഏകോപിതവുമായ സംവിധാനത്തിലൂടെ സംസ്ഥാന ടൂറിസം വികസനത്തിനുള്ള വലിയ സാധ്യതകൾ യാഥാർത്ഥ്യമാക്കുന്നതിനും ഒരു ജില്ലയിലെ മികച്ച ജീവനക്കാരെ മറ്റ് ജില്ലകളിൽ സേവനത്തിനായി നിയോഗിക്കുന്നതിനും സാധിക്കും. പ്രൊഫഷണൽ നിലവാരം ഉയർത്താനും ടൂറിസത്തിന്റെ സർവ്വമേഖലകളുടെയും വളർച്ചയ്ക്ക് സഹായിക്കുന്ന നിലപാടുകൾ

രൂപീകരിക്കാൻ ശേഷിയുള്ള വ്യക്തിത്വങ്ങളെ ഈ പദ്ധതി തയ്യാറാക്കാൻ ചുമതലപ്പെടുത്താനും ജില്ലാതലത്തിൽ മാത്രം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിലൂടെയുണ്ടാകുന്ന പരിമിതികളെ അതിജീവിക്കാനും ഒരു പുതിയ ടൂറിസം സംസ്കാരത്തിന് പിന്തുണ നൽകാനും ഇതിലൂടെ സാധിക്കും. നിലവിലെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഇപ്പോഴും ശൈശവദശയിലാണ്. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥ പല ജില്ലകളിലും വ്യത്യസ്തമാണ്. ഇത് ജീവനക്കാരിൽ അരക്ഷിത ബോധമുണ്ടാക്കുന്നുണ്ട്. ഏകോപനമുണ്ടാക്കുകയും അപ്പെക്സ് കൗൺസിൽ രൂപീകരിക്കുകയും ചെയ്താൽ ഇത് പരിഹരിക്കാൻ സാധിക്കും. എല്ലാ ഡി.ടി.പി.സി.-കളിലും ജില്ലാതല മോണിറ്ററിംഗ് സംവിധാനത്തിനായി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പക്ഷേ ഏകോപനമില്ലാത്തതും പല മോണിറ്ററിംഗ് കമ്മിറ്റികളുടെയും പ്രവർത്തനം സജീവമല്ലാത്തതും ഏറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ബിൽ ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കുന്നതിനായി സമർപ്പിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സംസ്ഥാനത്തിന്റെ വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും പ്രാദേശികതലത്തിൽ ഏകോപനം സാധ്യമാക്കുന്നതിനും വേണ്ടിയാണ് 28-07-1988-ലെ സർക്കാർ ഉത്തരവുപ്രകാരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ നിലവിൽ വന്നത്. എല്ലാ ജില്ലയിലും അതത് ജില്ലാ കളക്ടറുടെ അധ്യക്ഷതയിലാണ് 1955-ലെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റുപ്രകാരം ഡി.ടി.പി.സി.-കൾ രജിസ്റ്റർ ചെയ്യപ്പെട്ടത്. കൗൺസിൽ രൂപീകരിച്ച ഉത്തരവിനോടൊപ്പം മാതൃകാ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും നിയമാവലിയും ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ഇതിൽനിന്നും വ്യത്യസ്തമായ മെമ്മോറാണ്ടവും നിയമാവലിയും സഹിതമാണ് പല ജില്ലകളും ഡി.ടി.പി.സി.-കൾ രജിസ്റ്റർ ചെയ്യപ്പെട്ടത്. ജീവനക്കാരുടെ ഘടന, സേവന-വേതന വ്യവസ്ഥകൾ എന്നിവ വ്യത്യസ്തമാകുന്നതിനുള്ള കാരണം ഇതാണ്. ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ഡി.ടി.പി.സി.-കളുടെ ഏകോപന സമിതിയെന്ന നിലയിൽ

1991-ൽ സർക്കാർ ഉത്തരവുപ്രകാരം സംസ്ഥാന ടൂറിസം പ്രൊമോഷൻ കൗൺസിൽ (എസ്.ടി.പി.സി.) രൂപീകൃതമായെങ്കിലും ഇക്കാര്യത്തിൽ തുടർനടപടിയൊന്നും ഉണ്ടായിരുന്നില്ല. ഡി.ടി.പി.സി. രൂപീകരിച്ച 1988-ലും എസ്.ടി.പി.സി. രൂപീകരിച്ച 1991-ലും വിനോദസഞ്ചാര വകുപ്പിൽ ജില്ലാതലത്തിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംവിധാനമുണ്ടായിരുന്നില്ല. എന്നാൽ പിൽക്കാലത്ത് വിനോദസഞ്ചാര വകുപ്പിന് കീഴിൽ ജില്ലകൾതോറും ഡെപ്യൂട്ടി ഡയറക്ടർമാരുടെയും മേഖലാതലത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ജോയിന്റ് ഡയറക്ടർമാരുടെയും നേതൃത്വത്തിൽ പൂർണ്ണതോതിലുള്ള ഓഫീസുകൾ പ്രവർത്തനമാരംഭിച്ചു. ഇതോടെ വിനോദസഞ്ചാര മേഖലയിൽ ഒട്ടേറെ നൂതന പദ്ധതികൾ ആവിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കാൻ പര്യാപ്തത നേടി. നിലവിൽ ജില്ലാ കളക്ടർമാരുടെ അധ്യക്ഷതയിലുള്ള 14 ഡി.ടി.പി.സി.-കളും സ്വയംഭരണ സ്ഥാപനങ്ങളായിട്ടാണ് പ്രവർത്തിക്കുന്നത്. ഈ 14 ഡി.ടി.പി.സി.-കളിലെയും ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

ഏകീകൃതമാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ കരട് ചട്ടങ്ങൾ തയ്യാറായിട്ടുമുണ്ട്. അതുകൂടാതെ അതത് ജില്ലയുടെ പരിധി നിശ്ചയിച്ചുകൊണ്ടാണ് ഓരോ ഡി.ടി.പി.സി.-യും രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതിനാൽ എസ്.ടി.പി.സി. രൂപീകരിക്കാൻ 14 ഡി.ടി.പി.സി.-കളുടെയും ഭരണസമിതികളുടെ അഭിപ്രായ സമന്വയം അനിവാര്യമായി വരും. ഒന്നിലേറെ ഡി.ടി.പി.സി.-കളുടെ ഏകോപനം ആവശ്യമായി വരുന്ന പദ്ധതികളിൽ ഇപ്പോൾ ഡെപ്യൂട്ടി ഡയറക്ടർമാരുടെയും ജോയിന്റ് ഡയറക്ടർമാരുടെയും നേതൃത്വത്തിൽ ഏകോപനത്തിന് സാധ്യത നിലനിൽക്കുന്നുണ്ട്. അതിന് ഡയറക്ടറേറ്റും സുസജ്ജമാണ്. മാത്രമല്ല, ഈ ബില്ലിൽ നിർദ്ദേശിക്കപ്പെട്ട രീതിയിൽ ലോക്സഭാ-നിയമസഭാംഗങ്ങൾ അംഗങ്ങളായി വരുന്ന അപെക്സ് കൗൺസിലിന്റെ അതേ ഘടനയാണ് നിലവിൽ ഡി.ടി.പി.സി.-കളുടെ ഭരണസമിതി രൂപീകരണത്തിൽ സ്വീകരിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ ബിൽ പരിഗണിക്കേണ്ടതില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീമതി ഒ. എസ്. അംബിക, അങ്ങ് ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

## (ii) 2021-ലെ കേരള ഉച്ചഭാഷിണി വെളിച്ചസംവിധാന തൊഴിലാളി ക്ഷേമനിധി ബിൽ

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ടി. ജെ. വിനോദ് 2021 ആഗസ്റ്റ് 6-ാം തീയതി ഈ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുകയും ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ബഹുമാനപ്പെട്ട മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ഉപക്ഷേപത്തെ എതിർക്കുകയും ചർച്ച പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുകയും ചെയ്തിരുന്നു. ശ്രീ. ടി. ജെ. വിനോദിന് ചർച്ച തുടരാവുന്നതാണ്.

ശ്രീ. ടി. ജെ. വിനോദ്: സർ, കേരളത്തിലെ ഉച്ചഭാഷിണി വെളിച്ച സംവിധാന തൊഴിലാളികളുടെ പ്രശ്നം വളരെ ഗുരുതരമാണ്. അവർ അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്നവരാണ്. അതുകൊണ്ടുതന്നെ

അവർക്കൊരു ക്ഷേമനിധിയുണ്ടാക്കി ജീവിതം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ ബില്ലിലൂടെ പ്രധാനമായും ഉദ്ദേശിക്കുന്നത്. ഈ മേഖലയിൽ പണിയെടുക്കുന്നവരുമായി കേരളത്തിലെ പൊതുപ്രവർത്തകരായ നമ്മൾ നിരന്തരം ബന്ധപ്പെടാറുണ്ട്. പൊതുപ്രവർത്തകരെ സംബന്ധിച്ചിടത്തോളം ഇവരെ ഒഴിവാക്കി ഒരു പ്രവൃത്തിയും ചെയ്യാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. നിലവിൽ കേരളത്തിൽ ഈ മേഖലയിൽ 25000 സംരംഭകരുണ്ട്. അതിൽ വൻകിടക്കാർ, ചെറുകിടക്കാർ, മധ്യവർത്തികൾ എന്നിങ്ങനെ വിവിധ മേഖലയിലുള്ളവരുണ്ട്. അവർക്ക് ഒരു സ്ഥിര വരുമാനമില്ല, അവരുടെ വരുമാനം സീസണലാണ്. നേരിട്ടും അല്ലാതെയും അവരെ ആശ്രയിച്ച് ഏകദേശം രണ്ടരലക്ഷത്തിനും മൂന്ന് ലക്ഷത്തിനുമിടയിലുള്ള തൊഴിലാളികൾ പ്രവർത്തിക്കുന്നുണ്ട്. ഒരു സീസണിൽ ഒരു സംരംഭകന്റെകൂടെ വർക്ക് ചെയ്താൽ അടുത്ത സീസണിൽ വേറൊരു സംരംഭകന്റെ കൂടെയായിരിക്കും വർക്ക് ചെയ്യുന്നത്. അവരുടെ തൊഴിലിന് സുരക്ഷയും സംരക്ഷണവും ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നതിൽ ഒരിക്കലും അവരെ തെറ്റുപറയാൻ

സാധിക്കില്ല. ഇവർ അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്നവരാണെന്ന കാര്യത്തിൽ സംശയമില്ല. 1960-ലെ കേരള ഷോപ്പ് ആൻഡ് കൊമേഴ്ഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇവർ അംഗങ്ങളാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി അന്ന് നൽകിയ മറുപടിയിൽ സൂചിപ്പിച്ചത്. കഴിഞ്ഞ കോവിഡ് കാലത്ത് ജീവിക്കാൻ മാർഗ്ഗമില്ലാതെ നാലഞ്ച് തൊഴിലാളികൾ ആത്മഹത്യ ചെയ്യേണ്ടിവന്ന ഒരു സംസ്ഥാനമാണിത്. നമുക്ക് അവരെ കാര്യമായി സഹായിക്കാനായില്ല. ക്ഷേമനിധി ബോർഡിൽ അംഗങ്ങളായാൽ ആനുകൂല്യം ലഭിക്കുമെന്ന പ്രതീക്ഷയുണ്ടായിരുന്നെങ്കിലും ഒരു ആനുകൂല്യവും അവർക്ക് ലഭിക്കാനുള്ള സാഹചര്യമുണ്ടായില്ല. അവരെ സംബന്ധിച്ച് വളരെ ദുരിതപൂർണ്ണമായ സാഹചര്യമാണുണ്ടായിരിക്കുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പൊതുപ്രവർത്തകരുമായി വളരെ അടുത്ത് പ്രവർത്തിക്കുന്ന ഒരു വിഭാഗമാണ് ലൈറ്റ് ആൻഡ് സൗണ്ട് പന്തൽ തൊഴിലാളികൾ. കേരളത്തിലാണ് ഏറ്റവും കൂടുതൽ ക്ഷേമനിധി ബോർഡുകൾ രൂപീകരിച്ചിട്ടുള്ളത്. ഏകദേശം ഇരുപത്തിയൊൻപതോളം ക്ഷേമനിധി ബില്ലുകൾ പാസ്സാക്കിയ

സഭയാണിത്. പതിനാറോളം ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്ന സംസ്ഥാനമാണിതെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഇവിടെ ടോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് എന്ന ക്ഷേമനിധി ബോർഡുണ്ട്. അതിൽ രണ്ടായിരത്തിലധികം തൊഴിലാളികളുണ്ട്. എന്നാൽ അസംഘടിതരായ മൂന്ന് ലക്ഷത്തോളം തൊഴിലാളികളുള്ള ലൈറ്റ് ആൻഡ് സൗണ്ട് പന്തൽ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടി എന്തുകൊണ്ടാണ് ഒരു ക്ഷേമനിധി രൂപീകരിക്കാൻ സാധിക്കാത്തത്? വളരെ അപകടകരവും അധ്വാനം നിറഞ്ഞതും രാപ്പകൽ മഞ്ഞും വെയിലുംകൊണ്ട് കഷ്ടപ്പെടുന്നതുമായ ഒരു വിഭാഗം തൊഴിലാളികളാണ് ഈ മേഖലയിൽ പണിയെടുക്കുന്നത്. ഒരിക്കലും ഒരു സ്ഥാപനത്തിൽ സ്ഥിരമായി ജോലി ചെയ്യാൻ ഇവർക്ക് സാധിക്കില്ല. എന്നാൽ വിവിധ സ്ഥാപനങ്ങളിൽ ഈ മേഖലയിൽ ജോലി ചെയ്യുന്നവരുണ്ട്. അതിനാൽ ഉടമയുടെ ശിപാർശയില്ലാതെ നേരിട്ട് ക്ഷേമനിധിയിൽ അംഗമാകാൻ പലപ്പോഴും അവർക്ക് സാധിക്കാറില്ലായെന്നതാണ് യാഥാർത്ഥ്യം. ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിലെ തൊഴിലാളികൾ നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്.

തൊഴിൽ മേഖലയെ ബാധിക്കുന്ന അശാസ്ത്രീയ നിയമങ്ങൾ ഒരു കാരണമാണ്. രാത്രി 10 മണി കഴിഞ്ഞാൽ മൈക്ക് ഉപയോഗിക്കാൻ സാധിക്കില്ല. അത് സ്വാഭാവികമായും ഈ മേഖലയിൽ പ്രതിസന്ധിയുണ്ടാക്കും. മുമ്പ് വാഹനങ്ങളിൽ മൈക്ക് കെട്ടി കൊമേഴ്സ്യൽ സ്ഥാപനങ്ങളുടെ പരസ്യങ്ങൾ ചെയ്യുന്നതിന് തടസ്സമുണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ എൻ.ഒ.സി. വേണമെന്ന നിബന്ധനയുണ്ട്. അതിനാൽ അവർക്ക് കൊമേഴ്സ്യൽ സ്ഥാപനങ്ങളുടെ പരസ്യം ചെയ്യാനുള്ള തടസ്സം വളരെ ഗുരുതരമായി നിൽക്കുകയാണ്. ആ മേഖലയിൽ അവർക്ക് ലഭിച്ചുകൊണ്ടിരുന്ന വരുമാനവും ഇപ്പോൾ നിലച്ചിരിക്കുകയാണ്. അതുപോലെ പ്രൈവറ്റ് വാഹനങ്ങളിൽ ജനറേറ്ററുകൾ ഘടിപ്പിച്ച് പ്രവർത്തിപ്പിക്കാനുള്ള അവസരമുണ്ടായിരുന്നു. ഇപ്പോൾ ടാക്സി പെർമിറ്റുള്ള വാഹനങ്ങളിൽ മാത്രമേ ജനറേറ്ററുകൾ ഘടിപ്പിക്കാൻ പാടുള്ളൂ എന്ന നിബന്ധന വന്നതിനെത്തുടർന്ന് നിരവധി സാമ്പത്തിക ബാധ്യത ഈ മേഖലയിൽ പണിയെടുക്കുന്ന ആളുകൾക്കുണ്ടായിരിക്കുന്നു. പുതിയ നിയമങ്ങളും നടപടിക്രമങ്ങളും ഈ

മേഖലയിലെ ജനങ്ങളെ ഗുരുതര പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഇപ്പോൾ ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിൽ വലിയ ഇൻവെസ്റ്റ്മെന്റാണ് വേണ്ടിവരുന്നത്. സാധാരണരീതിയിലുള്ള ലൈറ്റ് ആൻഡ് സൗണ്ട് അറേഞ്ച്മെന്റുകൾ ചെയ്താൽ ആരും ശ്രദ്ധിക്കാത്ത സാഹചര്യമാണിപ്പോഴുള്ളത്. അതിനാൽ പുതിയ രീതികളെ സംബന്ധിച്ചുള്ള പരിശീലനം ആ മേഖലയിലെ തൊഴിലാളികൾക്ക് ലഭ്യമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അത്തരമൊരു സാഹചര്യം നിലനിൽക്കുന്ന ഈ സന്ദർഭത്തിൽ അതിനുവേണ്ടി യാതൊരു നടപടിയും സ്വീകരിക്കുന്നില്ലെന്നതാണ് യാഥാർത്ഥ്യം. അതിനാൽ അവരുടെ ജീവിതം അനുദിനം ദുഃസ്സഹമായിക്കൊണ്ടിരിക്കുകയാണ്. അവർക്ക് സീസണലായി മാത്രമേ ജോലി ചെയ്യാൻ സാധിക്കുകയുള്ളൂ. ഒരു സീസണിൽ ഒരു മുതലാളിയുടെകൂടെ ജോലി ചെയ്താൽ അടുത്ത സീസണിൽ മറ്റൊരാളുടെകൂടെ ജോലി ചെയ്യേണ്ടിവരുന്നു. കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ക്ഷേമനിധിയിൽ പലപ്പോഴും അവരുടെ മുതലാളിമാരുടെ

ശിപാർശയുടെ അടിസ്ഥാനത്തിൽ അംശദായം അടച്ച് തൊഴിലാളികളെ ചേർക്കാൻ തയ്യാറാകാതെ വരുന്ന ഒരു സാഹചര്യമുണ്ട് എന്നത് യാഥാർത്ഥ്യമാണ്. അതുകൊണ്ട് ഈ മേഖലയിലെ തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി രൂപീകരിക്കണമെന്നാണ് ഈ ബില്ലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്ന മെമ്പർമാരായ തൊഴിലാളികളുടെയും അവരുടെ ആശ്രിതരുടെയും വിദ്യാഭ്യാസം, വിവാഹം, ആരോഗ്യപരിരക്ഷ, മരണാനന്തര സഹായം എന്നിവയ്ക്ക് സാമ്പത്തിക സഹായം ലഭ്യമാക്കണം. ഈ തൊഴിൽ മേഖലയിൽ എല്ലാ അംഗങ്ങൾക്കും നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുക എന്നതാണ് മറ്റൊരു ആവശ്യം. ക്ഷേമനിധിയുടെ പ്രവർത്തനത്തിന് സഹായകരമല്ലാത്ത നിലപാടുകൾ എവിടെ നിന്നുണ്ടായാലും അതിൽ ഇടപെടുവാനും നിയമപരമായ പരിഹാരം കാണുവാനും എല്ലാ അധികാരവും അവകാശവും ക്ഷേമനിധി ബോർഡിന് ഉണ്ടായിരിക്കണമെന്നതാണ് മറ്റൊരു പ്രധാന ആവശ്യം.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഇലക്ട്രിസിറ്റിയും മൈക്ക് സെറ്റ് ഉപകരണങ്ങളും ഉപയോഗിച്ചാണ് സൗണ്ട് സിസ്റ്റം പ്രവർത്തിപ്പിക്കുന്നത്. പക്ഷെ അങ്ങനെ പ്രവർത്തിപ്പിക്കുമ്പോൾ ഏതെങ്കിലും തരത്തിൽ മൈക്ക് കേടായിപ്പോയാൽ ഉടമയ്ക്കെതിരെ പോലീസ് നടപടിയെടുക്കുന്നത് ശരിയാണോ; അങ്ങനെ നടപടിയെടുക്കുമ്പോൾ അവർക്ക് സംരക്ഷണം നൽകാനുള്ള വ്യവസ്ഥകൾകൂടി ഈ ബില്ലിൽ ഉൾപ്പെടുത്താൻ ബഹുമാനപ്പെട്ട അംഗത്തിന് ആഗ്രഹമില്ലേ?

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. സമൂഹം പലപ്പോഴും ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഒരു വിഷയമാണിത്. മീറ്റിംഗുകൾക്കിടയിലും മറ്റുപല സന്ദർഭങ്ങളിലും മൈക്ക് കേടാകുമ്പോഴുണ്ടാകുന്ന അസ്വാരസ്യം, ബന്ധപ്പെട്ട ഉടമയ്ക്കെതിരെ പോലീസ് കേസെടുക്കുന്നതുമൂലം അവർക്കുണ്ടാകുന്ന ബുദ്ധിമുട്ട് എന്നിവയിൽ നിന്നെല്ലാം സംരക്ഷണം നൽകണമെന്ന അങ്ങയുടെ നിർദ്ദേശം പൂർണ്ണമായും ഈ ബില്ലിൽ ഉൾപ്പെടുത്തേണ്ടതാണ്. തൊഴിലാളികളുടെ പ്രവർത്തനങ്ങളിൽ കാര്യക്ഷമമായ ഇടപെടൽ

നടത്താനും അവരെ സഹായിക്കാനും സാധിക്കണം. സംസ്ഥാനത്ത് ധാരാളം ക്ഷേമനിധികളുള്ള സന്ദർഭത്തിൽ.....

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ചർച്ച അവസാനിപ്പിക്കുകയാണോ അതോ തുടരുകയാണോ?

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ ചർച്ച അവസാനിപ്പിക്കുകയാണ്. സംസ്ഥാനത്ത് ധാരാളം ക്ഷേമനിധികളുള്ള സന്ദർഭത്തിൽ ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിലും പന്തൽ നിർമ്മാണ മേഖലയിലും ജോലി ചെയ്യുന്ന തൊഴിലാളികൾക്കുതകുന്ന വിധത്തിൽ ക്ഷേമനിധി ബോർഡ് രൂപീകരിക്കണമെന്നാണ് ഈ പ്രൈവറ്റ് ബിൽ അവതരിപ്പിച്ചുകൊണ്ട് ഞാൻ ആവശ്യപ്പെടുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, കേരളത്തിൽ ഉച്ചഭാഷിണി-വെളിച്ചസംവിധാനം ഒരുക്കൽ, പന്തൽ-കമാനം ഒരുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് പ്രത്യേക ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിനുവേണ്ടിയാണ് 2021-ലെ കേരള ഉച്ചഭാഷിണി വെളിച്ച സംവിധാന തൊഴിലാളി ക്ഷേമനിധി ബിൽ

ഉദ്ദേശിച്ചിട്ടുള്ളത്. വെളിച്ചം, ഉച്ചഭാഷിണി, പന്തൽ തുടങ്ങിയ സേവനം നൽകുന്ന സ്ഥാപനങ്ങൾ 1960-ലെ കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ പരിധിയിൽപ്പെട്ടതാണ്. അംഗമാകുന്ന തൊഴിലാളികൾക്ക് കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. പ്രതിമാസ പെൻഷനായി 1,600 രൂപയും, കുടുംബ പെൻഷനായി 800 രൂപയും, വിവാഹ ആനുകൂല്യമായി വനിതാ അംഗത്തിന് 7,500 രൂപയും പുരുഷ അംഗത്തിന് 5,000 രൂപയും, പ്രസവാനുകൂല്യമായി വനിത അംഗത്തിന് 15,000 രൂപയും, ഗർഭഛിദ്രത്തിന് 2,500 രൂപയും നൽകി വരുന്നു. ഇതുകൂടാതെ അംഗങ്ങളുടെ മക്കൾക്ക് പഠനകാലയളവിൽ ധനസഹായവും നൽകുന്നു. പഠനത്തിൽ മികച്ച വിജയം നേടുന്നവർക്ക് പ്രത്യേക ധനസഹായവും കലാ-കായിക-സാംസ്കാരിക രംഗത്ത് പ്രാഗത്ഭ്യം തെളിയിക്കുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് സ്കോളർഷിപ്പിനുള്ള ധനസഹായവും ലഭിക്കുന്നു. സർക്കാർ ആശുപത്രികളിലെ കിടത്തി ചികിത്സയ്ക്ക് 3 വർഷം അംശദായം അടച്ച

ബോർഡിലെ അംഗത്തിനും കുടുംബത്തിനും പരമാവധി 10,000 രൂപ വരെ ചികിത്സാസഹായമായും 3 വർഷം അംശദായം അടച്ച അംഗം മരണപ്പെട്ടാൽ 5,000 രൂപ മുതൽ പരമാവധി 20,000 രൂപ വരെ സർവ്വീസ് ദൈർഘ്യം അനുസരിച്ച് മരണാനന്തര ധനസഹായവും അംഗത്തിന്റെ കുടുംബാംഗങ്ങൾക്ക് 5,000 രൂപ മരണാനന്തര ചെലവും ലഭിക്കുന്നതാണ്. 60 വയസ്സ് പൂർത്തിയാകുന്ന തൊഴിലാളികൾക്കും മരണാനന്തര സഹായം ലഭിക്കാൻ അർഹതയില്ലാതെ മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്കും രണ്ട് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചശേഷം സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ തൊഴിൽ ലഭിച്ച അംഗങ്ങൾക്കും അടച്ച അംശദായത്തിന്റെ തുക തിരിച്ചുനൽകും. മേൽ വിവരിച്ച പ്രകാരം വിവിധ ആനുകൂല്യങ്ങൾ നൽകുന്ന സാഹചര്യത്തിൽ ഉച്ചഭാഷിണി, വെളിച്ചസംവിധാനം, പന്തൽ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി ഒരു പ്രത്യേക ക്ഷേമനിധി രൂപീകരിക്കേണ്ട സാഹചര്യമില്ല. ഇക്കാരണത്താൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നവിധം കേരള ഉച്ചഭാഷിണി വെളിച്ചസംവിധാന

തൊഴിലാളി ക്ഷേമനിധി ബില്ലിന് പ്രസക്തിയില്ല. ആയതിനാൽ ബില്ലിന്റെ ആവശ്യം അംഗീകരിക്കേണ്ടതില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ടി. ജെ. വിനോദ്, അങ്ങയുടെ ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ടി. ജെ വിനോദ് അവതരിപ്പിച്ച ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

(iii) 2021-ലെ കേരള അന്ധവിശ്വാസ-അനാചാര നിർമ്മാർജ്ജന ബിൽ

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. ഡി. പ്രസേനൻ 2021 ആഗസ്റ്റ് 6-ാം തീയതി ഈ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ഉപക്ഷേപത്തെ എതിർക്കുകയും ചെയ്തിരുന്നു. 2021 ഒക്ടോബർ 8-ാം തീയതി തുടർ ചർച്ച നടക്കുകയും ചർച്ച

പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ തുടർചർച്ചയ്ക്കായി മാറ്റി വയ്ക്കുകയും ചെയ്തിരുന്നു. ശ്രീ. കെ. ഡി. പ്രസേനന് ചർച്ച തുടരാവുന്നതാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഇത്തരമൊരു ബില്ലിന്റെ പ്രസക്തിയെ സംബന്ധിച്ച് ആർക്കും സംശയമോ തർക്കമോ ഉണ്ടാകാൻ സാധ്യതയില്ല. ഇപ്പോൾ കേരളീയർ ആധുനിക സമൂഹത്തിലെത്തിയെന്ന് അഹങ്കരിച്ച് നടക്കുകയാണ്. ആധുനിക ഉപകരണങ്ങളും റോഡുകളും മറ്റനുബന്ധ സൗകര്യങ്ങളും ചൂണ്ടിക്കാണിച്ചാണ് ആധുനികരായി എന്ന് സ്വയം മേനിനടിക്കുന്നത്. അതേസമയം അവബോധപരമായി ആധുനികതയെ തിരസ്കരിക്കുന്ന ഒരു സമൂഹമായി കേരളം മാറുന്നുണ്ടോയെന്ന ഭയമാണ് പ്രസ്തുത ബില്ലിലേയ്ക്ക് എന്നെ നയിച്ചത്. പാരമ്പര്യത്തിന്റെ പരിവേഷത്തിനുള്ളിൽ മാനവികത, സമത്വം, ജനാധിപത്യം, സാഹോദര്യം എന്നീ ആധുനിക മൂല്യങ്ങളെ തിരുകിക്കയറ്റി പാരമ്പര്യത്തിന്റെ ഭാഗമായിരുന്ന അനാചാരങ്ങളെ മറികടക്കാൻ സമൂഹത്തെ സഹായിക്കുകയാണ് നവോത്ഥാന പ്രസ്ഥാനങ്ങളും നവോത്ഥാന നായകരുമെല്ലാം ചെയ്തിരുന്നത്. അതാണ് ഇന്ത്യൻ നവോത്ഥാനത്തിന്റെ

ചരിത്രം. മഹാത്മാഗാന്ധിയും ശ്രീനാരായണഗുരുവുമെല്ലാം ഇക്കാര്യത്തിൽ ഏറ്റവും ജനകീയ ഇടപെടൽ നടത്തിയവരാണ്. പാരമ്പര്യത്തിന്റെ പരിവേഷത്തിനകത്തേയ്ക്ക് മാനവികതയെയും ആധുനിക മൂല്യങ്ങളെയും അവർ കയറ്റിവിടുകയാണ് ചെയ്തത്. സാമൂഹികനീതിക്കും അഹിംസയ്ക്കുംവേണ്ടി മഹാത്മാഗാന്ധി ഗീതോപദേശത്തെ ഉപയോഗപ്പെടുത്തി. ഒരു ഘട്ടത്തിൽ പ്രസിദ്ധ ചരിത്രകാരൻ ശ്രീ. ഇർഫാൻ ഹബീബ് അതിനെ സംബന്ധിച്ച് പറഞ്ഞത്, ഗീതയിൽ ഇല്ലാത്തതെല്ലാം മഹാത്മാവ് ഗീതയിൽ ഉൾച്ചേർത്തു എന്നാണ്. അത്രമാത്രം അവധാനതയോടുകൂടിയാണ് ഈ സമൂഹത്തിന്റെ പ്രശ്നങ്ങളെ മറികടക്കാൻ അവർ പരിശ്രമിച്ചിരുന്നത്. എന്നാൽ വർത്തമാനകാലത്തിൽ ചെയ്യുന്നതെന്താണ്; ആധുനികതയുടെ പരിവേഷത്തിനകത്ത് എല്ലാവിധ പാരമ്പര്യ ആചാര സങ്കൽപ്പങ്ങളേയും യാഥാസ്ഥിതികതയെയും പിന്തിരിപ്പൻ മൂല്യങ്ങളേയും ജാതീയ അസമത്വ ചിന്തകളേയും കുത്തിനിറച്ച് സമൂഹത്തെ അനാചാരങ്ങളുടെ ആർഭാടകേന്ദ്രമാക്കി മാറ്റാൻ പരിശ്രമിക്കുകയാണ്. അതിന് ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം. ഗണപതിയുടെ തല

പ്ലാസ്റ്റിക് സർജറിയിലൂടെ ഘടിപ്പിച്ചതാണെന്ന പ്രചരണത്തിന് ഇന്ത്യയുടെ ഉന്നത ഭരണകൂടംതന്നെ നേതൃത്വം കൊടുക്കുന്ന കാഴ്ച നമുക്ക് കാണേണ്ടിവരുന്നു. കമ്പ്യൂട്ടർ ജാതകം അതിന്റെ ചെറിയ വേർഷൻ മാത്രമാണ്. ഇതാണ് നമ്മുടെ രാജ്യത്തിനകത്തും സമൂഹത്തിനകത്തും ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം അപകടകരമായ സാമൂഹിക അവബോധത്തിലെ തിന്മ നിറഞ്ഞ വളർച്ചയെ തടയുന്നതിനും നിയമപരമായ പരിരക്ഷ ഉറപ്പുവരുത്തുന്നതിനും ഈ ബിൽ അനിവാര്യമാണെന്ന് ആവർത്തിക്കുന്നു.

മാനവരാശിയുടെ ദിശാബോധവും നേർകാഴ്ചകളും നഷ്ടപ്പെടുത്തി മനുഷ്യരെ മായാക്കാഴ്ചകൾക്കകത്ത് ഒതുക്കി ജീവിത കുരുതിക്കളത്തിലേയ്ക്ക് ആനയിക്കുന്ന ദുർമന്ത്രവാദികൾക്കും ദുരാചാര കച്ചവടക്കാർക്കും എതിരായിട്ടാണ് നിയമം നിർമ്മിക്കേണ്ടത്. വിശ്വാസി സമൂഹത്തിന് എതിരായിട്ടാണ് ഇത്തരം ബില്ലുകൾ വരികയെന്ന് തെറ്റിദ്ധരിപ്പിക്കാൻ ഒരുകൂട്ടർ പരിശ്രമിക്കുന്നുണ്ട്. ഇന്ത്യയിലും കേരളത്തിലുമുള്ള യഥാർത്ഥ ദൈവവിശ്വാസികൾക്കോ മതവിശ്വാസികൾക്കോ എതിരായി

ഒരുതരത്തിലുമുള്ള നിലപാടുകൾ സ്വീകരിക്കാതെതന്നെ ഇത്തരത്തിലുള്ള ദുരാചാരങ്ങളെ എതിർക്കാൻ കഴിയും. ആദിമമനുഷ്യൻ വേട്ടയാടി ജീവിച്ചിരുന്ന കാലഘട്ടത്തിൽപ്പോലും ഇത്രയേറെ അന്ധതയുണ്ടായിരുന്നോയെന്ന് ഇപ്പോൾ സംശയിക്കുകയാണ്. പിന്നീട് മനുഷ്യൻ ഗോത്രസംസ്കൃതിയിലേയ്ക്കും ഫ്യൂഡലിസത്തിലേയ്ക്കും എത്തിപ്പെട്ടതോടെ അന്ധതയുടെ കരിനിഴൽ കൂടിവരുന്നതായി മാനവചരിത്രം രേഖപ്പെടുത്തുന്നുണ്ട്. ആദിമമനുഷ്യൻ കണ്ടും കേട്ടും സ്പർശിച്ചും രുചിച്ചും മണത്തും അറിഞ്ഞ വസ്തുക്കൾ അവർ പ്രയോജനപ്പെടുത്താനും തിരസ്കരിക്കാനുമുള്ള തിരിച്ചറിവിലേയ്ക്ക് നടന്നു കയറിയ ചരിത്രമാണ് മാനവ സമൂഹത്തിന്റെ മുന്നേറ്റചരിത്രമെന്ന് പറയുന്നത്. എന്നാൽ ഇന്ന് അന്ധവിശ്വാസിയായ മനുഷ്യൻ അവന്റെ കാഴ്ചകളും അനുഭവങ്ങളും അന്ധവിശ്വാസത്തെ തിരുത്താൻവേണ്ടി പ്രയോജനപ്പെടുത്തുന്നില്ലെന്നതാണ് വസ്തുത.

കുറെ വർഷങ്ങൾക്ക് മുമ്പ് നടന്ന ഒരു സംഭവം ഞാൻ വിശദീകരിക്കാം. താൻ ഇന്നദിവസം ഇന്നസമയത്ത് മരണപ്പെടുമെന്നും അങ്ങനെ

സ്വർഗ്ഗപ്രവേശം നേടാൻ കഴിയുമെന്നും അന്ധവിശ്വാസിയായ ഒരു മനുഷ്യനെ ജ്യോത്സ്യൻ വിശ്വസിപ്പിച്ചിരുന്നു. കുറച്ചുനാളുകൾക്കുശേഷം അയാളുടെ ജീവിതത്തിൽ ആ ദിവസം/സമയം വന്നുചേർന്നു. അദ്ദേഹം മരിച്ചതായി സ്വയം കരുതുകയും ചെയ്തു. വീട്ടുകാരും നാട്ടുകാരുമെല്ലാം അദ്ദേഹത്തെ വിളിക്കുകയും താങ്കൾ മരിച്ചിട്ടില്ലെന്ന് അറിയിക്കുകയും ചെയ്തു. പക്ഷേ അദ്ദേഹമത് കേൾക്കാൻ സന്നദ്ധനായില്ല. അവസാനം മതപുരോഹിതന്മാരെ കൊണ്ടുവന്നു. താങ്കൾ മരിച്ചിട്ടില്ലെന്ന് മതപുരോഹിതർ അദ്ദേഹത്തെ അറിയിച്ചെങ്കിലും അദ്ദേഹം അത് സ്വീകരിക്കാൻ തയ്യാറായില്ല. മൂന്നാമത്തെ ദിവസം അദ്ദേഹം അപകടകരമായ അവസ്ഥയിലേയ്ക്ക് നീങ്ങിയപ്പോൾ വീട്ടുകാരും നാട്ടുകാരുമെല്ലാം ചേർന്ന് ഒരു ഡോക്ടറെ അവിടെ എത്തിച്ചു. താങ്കൾ മരിച്ചിട്ടില്ലെന്ന് ഡോക്ടർ അദ്ദേഹത്തെ അറിയിച്ചെങ്കിലും അദ്ദേഹം എഴുന്നേൽക്കാൻ തയ്യാറായില്ല. ഡോക്ടർ ഉടനെതന്നെ ആംബുലൻസ് വരുത്തി അദ്ദേഹത്തെ അടുത്തുള്ള ആശുപത്രിയിലെ മോർച്ചറിയിൽ കൊണ്ടുപോയി കിടത്തിയശേഷം തൊട്ടപ്പുറത്തെ ബെഡ്ഡിൽ

പോസ്റ്റ്മോർട്ടത്തിനായി കിടത്തിയിരുന്ന ഒരാളുടെ ബോഡിയിൽ ബ്ലേഡുകൊണ്ട് മുറിവ് ഉണ്ടാക്കി. മരിച്ചുമണിക്കൂറുകൾ പിന്നിട്ട ബോഡിയായതുകാരണം ആ ശരീരത്തിൽനിന്നും ഒരുതുള്ളി രക്തംപോലും വരുന്നുണ്ടായിരുന്നില്ല. അതിനുശേഷം മരിച്ചുവെന്ന് കരുതിയിരിക്കുന്ന അന്ധവിശ്വാസിയായ ആ മനുഷ്യന്റെ ശരീരത്തിൽ ഡോക്ടർ അതേ ബ്ലേഡുകൊണ്ട് മുറിവുണ്ടാക്കിയപ്പോൾ രക്തം വരികയും ചെയ്തു. താങ്കൾക്ക് ഇപ്പോൾ എന്താണ് ബോധ്യപ്പെട്ടതെന്ന് ഡോക്ടർ അദ്ദേഹത്തോട് ചോദിച്ചു. മരിച്ചാലും ചിലരുടെ ശരീരത്തിൽനിന്ന് രക്തം വരുമെന്ന് എനിക്ക് ബോധ്യപ്പെട്ടുവെന്നാണ് അന്ധവിശ്വാസിയായ ആ മനുഷ്യൻ മറുപടി നൽകിയത്. അതാണ് അന്ധവിശ്വാസത്തിന്റെ ശക്തിയെന്ന് പറയുന്നത്. ഇത്ര ഭീകരമായ അവസ്ഥയിലേയ്ക്ക് കേരളീയ സമൂഹം പോകുകയാണോയെന്ന് ഞാൻ ഭയപ്പെടുകയാണ്.

ആധുനിക കാലത്തെ കണക്കുകൾപ്രകാരം ലോകത്തെ എൺപതുശതമാനത്തോളം ഫ്ലാറ്റ് സമുച്ചയങ്ങളിലും പതിമൂന്നാമത്തെ നില രേഖപ്പെടുത്തിയിട്ടില്ലായെന്നാണ് കാണുന്നത്. ചില ഹോട്ടലുകളിലും

ആശുപത്രികളിലും പതിമൂന്നാം നമ്പർ റൂംതന്നെ ഇല്ല. ഇത്തരം കാഴ്ചകൾ കേരളത്തിലും കാണേണ്ടിവരികയെന്നത് സങ്കടകരമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പതിമൂന്നാം നമ്പർ വാഹനം മുൻ മന്ത്രി ഡോ. ടി. എം. തോമസ് ഐസക്ക് ഉപയോഗിച്ചിരുന്നു. നിലവിൽ കൃഷി വകുപ്പുമന്ത്രി ശ്രീ. പി. പ്രസാദാണ് പതിമൂന്നാം നമ്പർ വാഹനം ഉപയോഗിക്കുന്നത്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, പതിമൂന്നാം നമ്പർ വാഹനം ഉപയോഗിച്ച ബഹുമാനപ്പെട്ട അംഗം ഒരു കുഴപ്പവുമില്ലാതെ കൃത്യമായി ഭരണ നിർവ്വഹണം നടത്തുന്നു. പക്ഷേ പതിമൂന്നാം നമ്പർ നിലയും റൂമുമില്ലാത്ത ഫ്ളാറ്റുകളും ആശുപത്രികളും ഹോട്ടലുകളുമുള്ള നാടായി കേരളം മാറാൻ പാടുണ്ടോ; അതിന് നമ്മൾ സമ്മതം നൽകാൻ പാടുണ്ടോ? ഇത്തരത്തിലുള്ള എന്തെല്ലാം പ്രതികരണങ്ങളാണ് ഉയർന്നുവരുന്നത്?

ചിലർ പുറത്തുപോകാൻ ഇറങ്ങുമ്പോൾ മുമ്പിൽ കറുത്ത പൂച്ചയെയോ ഒറ്റ മൈനയെയോ കണ്ടാൽ നിലവിളിച്ചുകൊണ്ട് തിരികെ വീട്ടിൽ കയറുന്നതുകാണാം. ഇതെല്ലാം കാലഘട്ടത്തിന്റെ സാമൂഹികാവസ്ഥയിൽ രൂപപ്പെട്ടുവരുന്ന ചില പ്രതികരണങ്ങളായിരുന്നു. കറുത്ത പൂച്ചയുടെ കാര്യം

എന്താണെന്നുവച്ചാൽ, വൈദ്യുതിയില്ലാത്ത കാലത്ത് കാളവണ്ടിയിലാണ് മനുഷ്യൻ യാത്ര ചെയ്തിരുന്നത്. അപ്പോൾ ഇരുട്ടുമൂടിയ പ്രദേശത്ത് കറുത്ത പൂച്ചയുടെ കണ്ണിലെ തിളക്കം കാണുമ്പോൾ ഉരുക്കൾ ഭയപ്പെടും. അതുകാരണം യാത്ര നിർത്തിവയ്ക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. ഡി. പ്രസേനൻ, അങ്ങ് ചർച്ച തുടരുന്നുണ്ടോ?

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ ചർച്ച തുടരുന്നില്ല. അവസാനിപ്പിക്കാൻ പോകുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രസംഗം കൺക്ലൂഡ് ചെയ്യൂ.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ പ്രസംഗം കൺക്ലൂഡ് ചെയ്യാം. ആ ഒരു അവസ്ഥയിലാണ് അവർ യാത്ര നിർത്തിവച്ചത്. എന്നാൽ നിലവിൽ ഇക്കാര്യം അന്ധവിശ്വാസത്തിന്റെ ഭാഗമായി മാറ്റുകയാണ്.

ശ്രീ. എം. രാജഗോപാലൻ: സർ, വളരെ പ്രസക്തമായ അവതരണമാണ് ഇവിടെ നടക്കുന്നത്. അതീവ സങ്കീർണ്ണമായ സാംസ്കാരിക, സാമൂഹിക ചുറ്റുപാടിലാണ് ഈ അനൗദ്യോഗിക ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യുന്നത്.

നവീനശാസ്ത്ര യുഗത്തിൽ മതത്തെയും രാഷ്ട്രീയത്തെയും കൂട്ടിക്കലർത്തി മതത്തെ വർഗ്ഗീയവൽക്കരിച്ച്, വിശ്വാസത്തെ വിൽപ്പന ചരക്കാക്കി മാറ്റുകയാണ്. അന്ധവിശ്വാസം, അനാചാരം എന്നിവയ്ക്കെതിരെ നിലപാട് സ്വീകരിക്കേണ്ട മതേതര ഭൗതിക രാഷ്ട്രത്തിൽ സിലബസ് പരിഷ്കാരവുമായി ബന്ധപ്പെട്ട് അന്ധവിശ്വാസത്തിലധിഷ്ഠിതമായ പ്രവർത്തനങ്ങൾ നടത്തുകയാണ്. ചാൾസ് ഡാർവിന്റെ പരിണാമ സിദ്ധാന്തം നിഷേധിക്കുകയും മറ്റു പലവിശ്വാസങ്ങൾ മുൻനിർത്തിയുള്ള ഇടപെടലുകൾ ഇപ്പോൾ നടത്തികൊണ്ടിരിക്കുകയുമാണ്. ടി വിഷയത്തെ എങ്ങനെയാണ് വിലയിരുത്തുന്നത്? അതോടൊപ്പം കേരളത്തിലെ മാധ്യമങ്ങളും ചില സമീപനങ്ങൾ സ്വീകരിക്കുന്നുണ്ട്. വലംപിരി ശംഖുമായി ബന്ധപ്പെട്ട പരസ്യങ്ങൾ ചില മാധ്യമങ്ങളിൽ കണ്ടുവരാറുണ്ട്. മനുഷ്യന്റെ നിസ്സഹായവസ്ഥ വർദ്ധിക്കുമ്പോഴാണ് അന്ധവിശ്വാസങ്ങൾ കൂടി വരുന്നത്. ഇതിനെല്ലാം സഹായകരമായ രീതിയിലുള്ള പ്രചാരണങ്ങൾ ശക്തമായി കെട്ടഴിച്ചുവിടുന്ന വർത്തമാനകാലത്തെക്കുറിച്ച് അങ്ങയുടെ പ്രതികരണം എന്താണ്?

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ആധുനിക വൈദ്യശാസ്ത്രം അതിന്റെ അനന്തസാധ്യതയിലേയ്ക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ്. അവയവമാറ്റ ശസ്ത്രക്രിയകളിൽ സർക്കാർ നേരിട്ട് ഇടപെടുന്നതുവഴി ആരോഗ്യരംഗത്ത് മികച്ച മുന്നേറ്റമാണ് കേരളം കൈവരിച്ചുകൊണ്ടിരിക്കുന്നത്. വ്യക്തികളുടെ താൽപ്പര്യങ്ങൾക്കനുസരിച്ച് വിവിധ ചികിത്സാ രീതികൾ തിരഞ്ഞെടുക്കപ്പെടുന്നു. എന്നാൽ കോവിഡ് മഹാമാരി നമ്മുടെ രാജ്യത്ത് കടന്നുവന്നപ്പോൾ ശരീരത്തിൽ ചാണകം തേയ്ക്കണമെന്നും ടോർച്ചടിക്കണമെന്നും കിണ്ണം കൊട്ടണമെന്നുമുള്ള അന്ധവിശ്വാസങ്ങൾ ഉയർന്നുവന്നു. അതുപോലെ ഉത്തർപ്രദേശിൽ ഒരമ്മ അഞ്ചുവയസ്സുള്ള ബ്ലഡ് ക്യാൻസർ ബാധിതനായ മകനെ ഗംഗാനദിയിൽ മുക്കുകയുണ്ടായി. കുട്ടി അസുഖത്തിൽനിന്ന് രക്ഷപ്പെടുമെന്ന അന്ധവിശ്വാസത്താലാണ് നാട്ടുകാർ നോക്കിനിൽക്കെ കുട്ടിയെ വെള്ളത്തിൽ മുക്കിയത്. അവസാനം കുട്ടി മരണപ്പെടുകയാണുണ്ടായത്. അന്ധവിശ്വാസങ്ങൾ കേരളത്തിലും നടക്കാൻ സാധ്യതയുണ്ട്. അതിനാൽ ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്ത് അവസാനിപ്പിക്കേണ്ടതാണെന്ന് താങ്കൾക്ക് അഭിപ്രായമുണ്ടോ?

<u>ശ്രീമതി യു. പ്രതിഭ:</u> സർ, അനൗദ്യോഗികാംഗങ്ങളുടെ കാര്യമാണെങ്കിലും ഈ കാലഘട്ടത്തിന് യോജിച്ച ഏറ്റവും പ്രസക്തമായ ഒരു കൂട്ടം ബില്ലുകളാണ് ഇന്ന് ഈ നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. ശ്രീ. കെ. ഡി. പ്രസേനൻ തുടർ ചർച്ചയിലേയ്ക്ക് പോകുന്നില്ലെന്ന് സൂചിപ്പിച്ചെങ്കിലും തുടർ ചർച്ച അനിവാര്യമായൊരു വിഷയമാണിത്. കൂടാതെ പ്രത്യേക നിയമനിർമ്മാണങ്ങൾ ആവശ്യമായ വിഷയവുമാണിത്. പക്ഷേ ഒരു കാര്യം പരാമർശിക്കാതിരിക്കാൻ സാധിക്കില്ല. വെള്ളിയാഴ്ച ദിവസമായ ഇന്ന് തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തിയുള്ള ഒട്ടേറെ ബില്ലുകൾ ചർച്ചയ്ക്ക് വന്നു. പക്ഷേ അംഗങ്ങൾ ഈ ബില്ലുകളിന്മേൽ ഗൗരവം കാണിക്കുന്നില്ല. കഴിഞ്ഞ സഭയിൽ നാൽപത് മിനിട്ടുവരെ സമയമെടുത്ത് ബില്ലുകളിന്മേൽ ചർച്ച നടത്തിയത് ഞാൻ ഓർക്കുന്നു. നിയമനിർമ്മാണം നടത്തുന്നതിനാണ് നമ്മളെല്ലാവരും തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. 365 ദിവസത്തിൽ 100 ദിവസത്തിനുള്ളിൽമാത്രമേ നിയമസഭാ സമ്മേളനം നടക്കുന്നുള്ളൂ. നിയമനിർമ്മാണ ചർച്ചയുടെ ഗൗരവം

നഷ്ടപ്പെടാതിരിക്കുന്നതിനുള്ള ശക്തമായ ഇടപെടലുകൾ വേണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: തീർച്ചയായും, വെള്ളിയാഴ്ച എന്നത് അനൗദ്യോഗികാംഗങ്ങളുടെ ദിവസമാണ്. എം.എൽ.എ.-മാർ ആ ഗൗരവം കാണിക്കുന്നില്ലെന്നുള്ള അംഗത്തിന്റെ അഭിപ്രായത്തോട് ചെയർ യോജിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ: നിയമനിർമ്മാണ ചർച്ച തുടരണമെന്നുള്ള ആഗ്രഹം പൊതുവായി വരാറുണ്ട്. അത് എന്തുകൊണ്ടാണെന്നത് അവസാനം പരാമർശിക്കാം. അംഗങ്ങളെല്ലാം ഭയപ്പെടുന്ന ഒരു അവസ്ഥാ വിശേഷം കേരളത്തിലെത്തിയിട്ടില്ലെന്ന് നിങ്ങൾ കരുതണ്ട, അത് കേരളത്തിലെത്തിയിട്ടുണ്ട്. അത് പ്രബലമാകുന്നതിന്റെ വിവിധ സൂചനകൾ വരുന്നുണ്ട്. പക്ഷേ അതിനെ മറച്ചുപിടിക്കാൻ നമ്മൾ ശ്രമിക്കുന്നത് വീണ്ടും അപകടത്തിലേയ്ക്ക് കൊണ്ടുപോകും. എന്റെ വ്യക്തിപരമായ ചില അനുഭവങ്ങൾകൂടി പരാമർശിച്ചുകൊണ്ട് അവസാനിപ്പിക്കാം. കുറച്ച് വർഷങ്ങൾക്ക് മുമ്പ് ഞാൻ ഒരു ആശുപത്രിയിൽ നിൽക്കുമ്പോൾ

പ്രസവത്തിന് ഒരു സ്ത്രീയെ അഡ്മിറ്റ് ചെയ്തിരുന്നു. നോർമൽ പ്രസവം നടത്താൻ കൂട്ടുനിൽക്കുന്ന ഡോക്ടറാണ് അവിടെയുള്ളത്. എന്നാൽ ആ സ്ത്രീയുടെ ഭർത്താവ് സിസേറിയൻ നടത്താൻ നിർബന്ധിക്കുകയാണ്. നിങ്ങൾ നിർബന്ധമായി സിസേറിയൻ നടത്തണം അല്ലെങ്കിൽ ഞാൻ എന്റെ ഭാര്യയുമായി പോകും. അവസാനം ഭയങ്കര ബഹളം നടന്നു. ഇന്ന ദിവസം നിശ്ചിത സമയത്ത് കുട്ടിയെ പുറത്തെടുത്താൽ ഏറ്റവും മികച്ച നാള് തന്നെ തന്റെ കുട്ടിക്ക് ലഭിക്കും എന്നാണ് പറയുന്നത്. അതിനുവേണ്ടി സ്വന്തം ഭാര്യ മരിച്ചാലും വിരോധമില്ല, സിസേറിയൻ നടത്തണമെന്ന് നിർബന്ധം പിടിക്കുന്ന മനുഷ്യനെ കാണേണ്ടി വന്ന ഒരു വ്യക്തിയാണ് ഞാൻ. അതുപോലെതന്നെ ഈ ബിൽ അവതരിപ്പിച്ച ദിവസത്തെ അനുഭവംകൂടി ഞാൻ വ്യക്തമാക്കാം. ഗവൺമെന്റ് വളരെ ഗൗരവമായാണ് ഈ ബില്ലിലെ ആശയത്തെ കാണുന്നതെന്നും ഒരു ബിൽ ഔദ്യോഗികമായി കൊണ്ടുവരാനുള്ള പണിപ്പുരയിലാണെന്നും അതുകൊണ്ട് ഔദ്യോഗിക ബില്ലായി ഇത് സ്വീകരിക്കേണ്ടതില്ലെന്നും അറിയിച്ചു. അത് ഞാൻ അഡ്മിറ്റ് ചെയ്തു. പക്ഷേ അന്ന് പുറത്തിറങ്ങി 24 മണിക്കൂറിനുള്ളിൽ രാത്രി വരെയും

നിരന്തരമായ ഫോൺകോളുകളായിരുന്നു. ആ ഫോൺകോളുകളെല്ലാം ഈ ബില്ലിനെതിരായിരുന്നു. വിവിധ സമുദായത്തെയും സംഘടനകളെയും പ്രതിനിധീകരിക്കുന്ന വ്യക്തികൾ അതിലുണ്ട്. പലരും ഭീഷണി സ്വരത്തിലായിരുന്നു സംസാരിച്ചത്. ഈ ബിൽ തങ്ങളുടെ സമുദായത്തെയും മതവിശ്വാസത്തെയും ബാധിക്കുന്നതാണെന്നും താങ്കൾ മറ്റുള്ളവർക്കുവേണ്ടി സംസാരിക്കണമെന്നുമാണ് അവർ ഓരോരുത്തരും പറഞ്ഞത്. ഒരോരുത്തരും ബില്ലിലെ ഓരോ ഭാഗങ്ങൾ ചൂണ്ടിക്കാണിച്ച് അതത് വിഭാഗത്തിന്റെ വിശ്വാസത്തിന് എതിരാണെന്ന് സമർത്ഥിക്കുകയും ചെയ്തു. ഞാൻ എല്ലാ ഫോൺകോളുകളും attend ചെയ്തു. ബില്ലിന് അനുകൂലമായി പരിമിതമായ ഫോൺകോളുകളാണ് വന്നത്. എന്നാൽ വിവിധ ദുരഭിമാന കൊലകൾ നടന്നതിനുശേഷം ഈ ബില്ലിനെക്കുറിച്ച് അറിയാൻ നിരവധി ആളുകൾ/ പുരോഗമനവാദികൾ എന്നെ പല പ്രാവശ്യം വിളിക്കുകയും വിവിധ സെമിനാറുകളിലേയ്ക്ക് ക്ഷണിക്കുകയും ചെയ്തു. അപ്പോൾ യഥാസമയം അതിനോട് പ്രതികരിക്കാൻ നമ്മൾ തയ്യാറാകുന്നില്ല. ഇലന്തൂരിൽ നരബലി നടന്നപ്പോഴാണ് ഇത്തരം അനുഭവമുണ്ടായത്. ഇത്തരത്തിലുള്ള അവസ്ഥയല്ല

ഉണ്ടാകേണ്ടത്. ഇത്തരം വിഷയങ്ങളെ പരിഗണിച്ച് വളരെ ഗൗരവത്തിൽ ഈ ബില്ലിനെ സമീപിക്കണം. ഗവൺമെന്റ് ഉചിത തീരുമാനത്തിലേയ്ക്ക് എത്തിച്ചേരുമെന്ന പ്രതീക്ഷയോടെ ഞാൻ ചർച്ച ചുരുക്കുകയാണ്.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതനുസരിച്ച് പൊതുവിദ്യാഭ്യാസ–തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രീ. കെ. ഡി. പ്രസേനൻ, എം.എൽ.എ. നോട്ടീസ് നൽകിയ 2021-ലെ കേരള അന്ധവിശ്വാസ-അനാചാര നിർമ്മാർജ്ജന ബിൽ വർദ്ധിച്ചുവരുന്ന അന്ധവിശ്വാസ പ്രവർത്തികളും അനാചാരങ്ങളും അതുമായി ബന്ധപ്പെട്ട ചൂഷണങ്ങളും ഇല്ലാതാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇത്തരമൊരു നിയമനിർമ്മാണത്തോട് പൊതുവിൽ യോജിപ്പാണുള്ളത്. അന്ധവിശ്വാസവും അനാചാരങ്ങളും സംബന്ധിച്ച് ജനങ്ങളിൽ ശരിയായ അവബോധം സൃഷ്ടിക്കുന്നതിനും മനുഷ്യത്വരഹിതമായ ദുരാചാര പ്രവൃത്തികൾ തടയുന്നതിനും ഇത്തരം ദുരാചാരങ്ങൾ വഴിയുള്ള ചൂഷണം ഇല്ലാതാക്കുന്നതിനുമുള്ള ഒരു നിയമനിർമ്മാണം നടത്തുന്നതിന് നിയമപരിഷ്കാര കമ്മീഷൻ ശിപാർശ ചെയ്തിരിക്കുന്നു. പ്രസ്തുത ശിപാർശയുടെ

അടിസ്ഥാനത്തിലുള്ള നടപടികൾ സർക്കാരിന്റെ പരിശോധനയിലാണ്. സംസ്ഥാനത്ത് നിലനിൽക്കുന്ന സാംസ്കാരികവും സാമൂഹികവുമായ വൈവിദ്ധ്യങ്ങളും തുടർന്നുവരുന്ന ആചാരങ്ങളും ഉൾക്കൊണ്ടുകൊണ്ടും എല്ലാ വിഭാഗങ്ങളുടെയും അഭിപ്രായങ്ങൾക്കൂടി തേടിയതിനുശേഷവും മാത്രമേ പ്രായോഗികവും സമഗ്രവുമായ നിയമനിർമ്മാണം ഇക്കാര്യത്തിൽ സാധ്യമാവുകയുള്ളൂ. നിയമപരിഷ്കാര കമ്മീഷന്റെ ശിപാർശ സർക്കാരിന്റെ പരിശോധനയിലുള്ള വിഷയമായതിനാൽ ഈ ബിൽ പരിഗണിക്കേണ്ടതില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. ഡി. പ്രസേനൻ, അങ്ങ് ഉപക്ഷേപം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഓർഡർ....ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ജൂൺ മാസം 24-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 12.15-ന് പിരിഞ്ഞു.)

*****

**അനുബന്ധം - I**

ചോദ്യം നമ്പർ (*151)-ന്റെ 'സി' പിരിവിന്റെ മറുപടി

**അവയവദാനം സംബന്ധിച്ച കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകൾ താഴെച്ചേർക്കുന്നു (ജീവിച്ചിരിക്കുന്നവരിലെ അവയവദാനം ആശുപത്രികൾ നൽകിയ കണക്ക് പ്രകാരം)**

**ജീവിച്ചിരിക്കുന്നവരിലെ അവയവദാനം**

| **വൃക്ക** | | | | | |
|---|---|---|---|---|---|
| **വർഷം** | 2019 | 2020 | 2021 | 2022 | 2023 |
| **എണ്ണം** | 936 | 815 | 1053 | 1332 | 1033 |
| **കരൾ** | | | | | |
| **വർഷം** | 2019 | 2020 | 2021 | 2022 | 2023 |
| **എണ്ണം** | 153 | 197 | 279 | 331 | 343 |

**മരണാനന്തര അവയവദാനം**

| **വർഷം** | 2019 | 2020 | 2021 | 2022 | 2023 |
|---|---|---|---|---|---|
| **അവയവങ്ങളുടെ എണ്ണം** | 54 | 70 | 50 | 55 | 62 |

**അനുബന്ധം – II**

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സ്മാർട്ട് സിറ്റി പദ്ധതി

5 (*155) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന സ്മാർട്ട് സിറ്റി പദ്ധതികളുടെ വിശദാംശം നൽകുമോ?

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ 50:50 അനുപാതത്തിൽ തുല്യമായ ഫണ്ടുകൾ ലഭ്യമാക്കുന്ന കേന്ദ്രാവിഷ്കൃത നഗരവികസന പദ്ധതിയാണ് സ്മാർട്ട് സിറ്റി. സ്മാർട്ട് സിറ്റീസ് മിഷൻ നടപ്പാക്കാൻ രൂപീകരിച്ച സ്പെഷ്യൽ പർപ്പസ് കമ്പനിയായ കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് (സി.എസ്.എം.എൽ.)

കൊച്ചിൻ നഗരസഭയുടെ വിഹിതമുൾപ്പെടെ 1,070 കോടി രൂപയുടെ പദ്ധതികളും സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് (എസ്.സി.ടി.എൽ.) തിരുവനന്തപുരം നഗരസഭയുടെ വിഹിതമുൾപ്പെടെ 1,135 കോടി രൂപയുടെ പദ്ധതികളുമാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്.

സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡിന് കീഴിൽ 373.87 കോടി രൂപയുടെ 79 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ 677.76 കോടി രൂപയുടെ 48 പദ്ധതികളുടെ പൂർത്തീകരണ പ്രവർത്തനം പുരോഗമിക്കുന്നു. കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡിന് കീഴിൽ 283.02 കോടി രൂപയുടെ 31 പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. 523.07 കോടി രൂപയുടെ 38 വിവിധ പദ്ധതികളുടെ പണികൾ പുരോഗമിക്കുന്നു.

അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ശുചിത്വമുള്ള സുസ്ഥിര ചുറ്റുപാടുകൾക്കുള്ള നൂതന പരിഹാരം നൽകി ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് സമഗ്ര ഗതാഗത സംവിധാനങ്ങൾ, പശ്ചാത്തല സൗകര്യ വികസനം എന്നീ വിഷയത്തിൽ ഊന്നി സ്മാർട്ട് സിറ്റീസ് മിഷൻ എല്ലാ പദ്ധതികളും വിഭാവനം ചെയ്തിരിക്കുന്നത്.

പദ്ധതിയുടെ കീഴിൽ സ്മാർട്ട് റോഡുകൾ, പാർക്കുകളുടെ നവീകരണം, ട്രാഫിക് കമാൻഡ് കൺട്രോൾ സെന്റർ, ബഹുനില പാർക്കിംഗ് സമുച്ചയങ്ങൾ, ഇ-മൊബിലിറ്റി, സോളാർ സിറ്റി, നഗര സൗന്ദര്യവൽക്കരണം, സ്മാർട്ട് ക്ലാസ് റൂമുകൾ, വിവര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട പദ്ധതികൾ (ഇന്റലിജന്റ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം (ITMS)), ഇന്റഗ്രേറ്റഡ് കമാന്റ്, കൺട്രോൾ ആന്റ് കമ്മ്യൂണിക്കേഷൻ സെന്റർ (IC4), കൊച്ചി ജനറൽ ഹോസ്പിറ്റലിൽ കാൻസർ കെയർ സെന്റർ, പൊതു ഇടങ്ങളുടെ നിർമ്മാണം, മറൈൻ ഡ്രൈവ് വാക് വേ, ഓപ്പൺ എയർ തീയറ്റർ, റൂഫ് ടോപ് സോളാർ പദ്ധതി തുടങ്ങിയവയാണ് പ്രധാന പദ്ധതികൾ.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്ന ഓരോ നഗരത്തിന്റെയും വികസന പദ്ധതി രേഖ ലഭ്യമാക്കുമോ?

സ്മാർട്ട് സിറ്റീസ് മിഷനുകീഴിൽ സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ്, കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് എന്നിവയുടെ വികസന പദ്ധതി രേഖ (Proposal submitted to MoHUA for inclusion of Trivandrum

and Kochi in Smart Cities Mission project) യഥാക്രമം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) സ്മാർട്ട് സിറ്റി പദ്ധതിയിലുൾപ്പെടുത്തിയ പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2017-2022 വരെയുള്ള അഞ്ചുവർഷക്കാലയളവായിരുന്നു സ്മാർട്ട് സിറ്റി പദ്ധതികൾ പൂർത്തീകരണത്തിന് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ സ്മാർട്ട് സിറ്റീസ് മിഷന്റെ കാലാവധി 30-06-2024 വരെ MoHUA ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+. സ്മാർട്ട് സിറ്റീസ് മിഷന്റെ പദ്ധതികൾ എല്ലാംതന്നെ നടപ്പാക്കുന്നത് നഗരത്തിന്റെ വളരെ തിരക്കേറിയ മേഖലകളിലും ജനസാന്ദ്രത ഏറിയ പ്രദേശങ്ങളിലുമാണ്. അതിനാൽ പദ്ധതി നടത്തിപ്പിനായി ഉദ്ദേശിച്ചതിലും അധികം സമയം വേണ്ടിവരുന്നതായി കാണപ്പെടുന്നുണ്ട്. അപ്രതീക്ഷിതമായ കോവിഡ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മഹാമാരിമൂലം പ്രവർത്തികൾ ഏകദേശം 18 മാസം മുടങ്ങിയിരുന്നു. കരാറുകാരുടെ അനാസ്ഥമൂലവും പുതുതായി തിരഞ്ഞെടുത്ത പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ വന്ന കാലതാമസവും പല പദ്ധതികളും നിരവധി തവണ റീ-ടെൻഡർ ചെയ്യേണ്ട സാഹചര്യവും ഉണ്ടായതിനാലും തുടരെ ഉണ്ടായ പ്രതികൂല കാലാവസ്ഥാ ഘടകങ്ങളും കാരണമാണ് പദ്ധതി പ്രതീക്ഷിച്ച സമയം പൂർത്തീകരിക്കാൻ കഴിയാതിരുന്നത്. ചില പദ്ധതികൾ നടപ്പാക്കുന്ന പ്രദേശങ്ങളിൽ പുരാവസ്തു വകുപ്പ്, ജയിൽ വകുപ്പ് എന്നീ വകുപ്പുകളുടെ അനുവാദം, CRZ ക്ലിയറൻസ് എന്നിവ ലഭിച്ചതിനുശേഷമാണ് നിർമ്മാണം തുടങ്ങാൻ സാധിച്ചത്. ഇതെല്ലാം പദ്ധതിയുടെ പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്. പ്രദേശവാസികളുടെ എതിർപ്പ് കാരണം ചില പദ്ധതികൾ ഒഴിവാക്കി പുതിയ പദ്ധതികൾ എടുക്കേണ്ടതായും വന്നിട്ടുണ്ട്. പദ്ധതികൾ കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കാനുള്ള കോൺട്രാക്ടർമാരുടെ അഭാവം പദ്ധതിയുടെ നടത്തിപ്പിനെ കാര്യമായി ബാധിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിയും അവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ്, കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് എന്നിവയുടെ കീഴിലെ പദ്ധതികളുടെ പൂർത്തീകരണ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ഹൃദയ ശസ്ത്രക്രിയ പുനരാരംഭിക്കാൻ നടപടി**

6 (*156) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും ജനറൽ ആശുപത്രികളിലും ഹൃദയ ശസ്ത്രക്രിയകൾ നിലച്ചിരിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഹൃദയ ശസ്ത്രക്രിയാ ഉപകരണ വിതരണക്കാർക്ക് പണം നൽകാത്തതാണോ ഈ പ്രതിസന്ധിക്ക് കാരണമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള ആശുപത്രികളിൽ നടന്നുവന്നിരുന്ന ഹൃദയശസ്ത്രക്രിയകൾ നിർത്തിവയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. കാർഡിയോ വാസ്കുലാർ തൊറാസിക് വിഭാഗത്തിൽ കൊറോണറി ആർട്ടറി ബൈപ്പാസ് സർജറി, വാൽവ് റീപ്ലെയ്സ്മെന്റ് സർജറി, പെരിഫെറൽ വാസ്കുലാർ സർജറി, ലങ് സർജറി തുടങ്ങിയവ മുടക്കം കൂടാതെ നടന്നുവരുന്നുണ്ട്. കാർഡിയോളജി വിഭാഗങ്ങളിൽ Angioplasty with Stenting, Pacemaker Implantation, ICD Implantation, Device Closure of ASD, VSD and PDA, Balloon Mitral Valvotomy, Peripheral Angioplasty തുടങ്ങിയവയും കാര്യക്ഷമമായി നടന്നുവരുന്നുണ്ട്.

എന്നാൽ, കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ കാർഡിയോ വാസ്കുലാർ തൊറാസിക് സർജറി ഓപ്പറേഷൻ തിയേറ്ററിൽ അറ്റകുറ്റപ്പണികൾ നടന്നുവരുന്നതിനാൽ നിലവിൽ ഓപ്പറേഷനുകൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. 2024 ജൂലൈ മാസത്തോടെ പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് ഓപ്പറേഷൻ തിയേറ്റർ അണുവിമുക്തമാക്കാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുകൊണ്ട് ശസ്ത്രക്രിയകൾ പുനരാരംഭിക്കുന്നതാണ്.

ആരോഗ്യ വകുപ്പിനുകീഴിലുള്ള തിരുവനന്തപുരം ജനറൽ ആശുപത്രി, കൊല്ലം ജില്ലാ ആശുപത്രി, പത്തനംതിട്ട ജനറൽ ആശുപത്രി, കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, തൃശ്ശൂർ ജനറൽ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി, കോഴിക്കോട് ജനറൽ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി എന്നിവിടങ്ങളിലാണ് ഹൃദയ സംബന്ധമായ പ്രൊസീജറുകൾ നടത്തി വരുന്നത്. വയനാടും കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഫണ്ട് അനുവദിക്കാത്തതിനാൽ ചികിത്സ മുടങ്ങുന്ന സാഹചര്യം നിലവിലില്ല.

**റോബോട്ടിക് സർജറി**

7 (*157) **ശ്രീ. പി. മമ്മിക്കുട്ടി:**
**ശ്രീമതി ദെലീമ:**
**ശ്രീ. ജി. സ്റ്റീഫൻ:**
**ശ്രീ. കെ. പ്രേംകുമാർ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്)

സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈടെക് ചികിത്സാ സാങ്കേതിക വിദ്യ സാധാരണക്കാർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച റോബോട്ടിക് സർജറി സംവിധാനത്തിന്റെ പുരോഗതി വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഹൈടെക് ചികിത്സാ സാങ്കേതിക വിദ്യ സാധാരണക്കാർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി മലബാർ കാൻസർ സെന്റർ, റീജിയണൽ കാൻസർ സെന്റർ എന്നിവിടങ്ങളിൽ റോബോട്ടിക് ശസ്ത്രക്രിയ രീതി ഉപയോഗിച്ചുള്ള ചികിത്സാ രീതി ആരംഭിച്ചിട്ടുണ്ട്. റോബോട്ടിക് സർജറി എന്നത് സർജറി രംഗത്തെ

ഏറ്റവും നൂതനമായ ചികിത്സാരീതിയാണ്. താക്കോൽ ദ്വാര ശസ്ത്രക്രിയ രീതി അവലംബിച്ച് കൂടുതൽ സുരക്ഷിതമായും ഫലപ്രദമായും ചെയ്യുവാൻ സാധിക്കുന്നു എന്നതാണ് റോബോട്ടിക് ശസ്ത്രക്രിയയുടെ മേന്മ. പ്രോസ്റ്റേറ്റ് ഗ്രന്ഥിയുടെ കാൻസറിനുള്ള ശസ്ത്രക്രിയ, മലാശയ കാൻസറിനുള്ള ശസ്ത്രക്രിയ, വൃക്കയിലെ കാൻസറിന് വൃക്ക സംരക്ഷിച്ചുകൊണ്ടുള്ള ശസ്ത്രക്രിയ, ശ്വാസകോശ കാൻസറിനുവേണ്ട ശസ്ത്രക്രിയ തുടങ്ങിയവയിൽ ലാപ്രോസ്കോപ്പി ഉപയോഗിച്ച് സാധ്യമല്ലാത്ത പല ശസ്ത്രക്രിയകളിലും റോബോട്ട് ഉപയോഗിച്ച് താക്കോൽദ്വാര ശസ്ത്രക്രിയ ചെയ്യാൻ സാധിക്കുന്നു. ശസ്ത്രക്രിയ യൂണിറ്റ് ഒരുക്കുന്നതിന്റെ ഭാഗമായി പ്രത്യേക സംവിധാനങ്ങളോടു കൂടിയ ഓപ്പറേഷൻ തിയേറ്റർ മലബാർ കാൻസർ സെന്റർ-പി.ജി.ഐ.ഒ.എസ്.ആർ.-ൽ സജ്ജമാക്കിയിട്ടുണ്ട്. ഇതുകൂടാതെ റോബോട്ടിക് ഉപകരണങ്ങൾ സ്റ്റെറിലൈസ് ചെയ്യുന്നതിനായി പുതിയ പ്ലാസ്മ സ്റ്റെറിലൈസർ വാങ്ങിയിട്ടുള്ളതു കൂടാതെ റോബോട്ടിക് സർജറി സംബന്ധിച്ച് ഡോക്ടർമാർക്കും ശസ്ത്രക്രിയ അനുബന്ധ ജീവനക്കാർക്കും ആവശ്യമായ പരിശീലനവും നൽകിവരുന്നു. മലബാർ കാൻസർ സെന്ററിൽ

വൻകുടൽ, മലാശയം, വൃക്ക, ഗർഭാശയം തുടങ്ങിയ അവയവങ്ങളുടെ അർബുദം നീക്കം ചെയ്യുന്നതിന് റോബോട്ടിക് ശസ്ത്രക്രിയ രീതി ഉപയോഗിച്ചുള്ള ചികിത്സാ രീതി ആരംഭിച്ചിട്ടുണ്ട്. സമീപ ഭാവിയിൽ ഇത് പ്രോസ്റ്റേറ്റ്, അന്നനാളം, ശ്വാസകോശം, പാൻക്രിയാസ്, ആമാശയം എന്നിവയ്ക്കുവേണ്ടി ഉപയോഗിക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി, തിരുവനന്തപുരത്തെ റീജിയണൽ കാൻസർ സെന്ററിൽ റോബോട്ടിക് ശസ്ത്രക്രിയാ യൂണിറ്റ് 30 കോടി രൂപ ചെലവിൽ 15-01-2024-ൽ ആരംഭിച്ചു. കേരളത്തിലെ ആദ്യത്തെയും ദക്ഷിണ ഇന്ത്യയിലെ നാലാമത്തേതുമായ ഡബിൾ കൺസോൾ റോബോട്ടിക് സിസ്റ്റമാണ് റീജിയണൽ കാൻസർ സെന്ററിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. ഒരേ സമയം രണ്ട് സർജന്മാർക്ക് ഈ സിസ്റ്റം ഉപയോഗിക്കാവുന്നതാണ്.

21-02-2024-ൽ കിഡ്നിയിൽ ക്യാൻസർ ബാധിച്ച രണ്ട് രോഗികൾക്ക് ആർ.സി.സി.-യിലെ ആദ്യത്തെ റോബോട്ടിക് ശസ്ത്രക്രിയ നടത്തി. നാളിതുവരെ കിഡ്നി, പ്രോസ്റ്റേറ്റ്, എൻഡോമെട്രിയം, കോളൻ, റെക്റ്റം

എന്നീ കാൻസറുകൾക്കായി 13 റോബോട്ടിക് സർജറികളാണ് ആർ.സി.സി.-യിൽ നടത്തിയിട്ടുള്ളത്.

ഓപ്പൺ സർജറിയെ അപേക്ഷിച്ച് റോബോട്ടിക് സർജറി രോഗികൾക്ക് ലഭ്യമാക്കുന്ന പ്രധാന നേട്ടങ്ങൾ ആശുപത്രിയിലെ താമസം കുറയ്ക്കുന്നു, രോഗിയുടെ വേദനയും അസ്വസ്ഥതയും കുറയുന്നു, വേഗത്തിലുള്ള വീണ്ടെടുക്കൽ സമയംമൂലം സാധാരണ പ്രവർത്തനങ്ങളിലേയ്ക്ക് ചുരുങ്ങിയ സമയംകൊണ്ട് മടങ്ങിവരാൻ സഹായിക്കുന്നു, മുറിവുകൾ പരമ്പരാഗത ശസ്ത്രക്രിയയെക്കാൾ ചെറുതായതിനാൽ അണുബാധയ്ക്കുള്ള സാധ്യത കുറയുന്നു, രക്തസ്രാവവും രക്തനഷ്ടവും കുറയ്ക്കുന്നു എന്നിവയാണ്.

ആഴമേറിയതും ബുദ്ധിമുട്ടുള്ളതുമായ ശരീരഭാഗങ്ങളുടെ മികച്ച ദൃശ്യവൽക്കരണവും മാഗ്നിഫിക്കേഷനും മെച്ചപ്പെടുത്തിയ വൈദഗ്ധ്യവും കൂടുതൽ കൃത്യതയും ഉറപ്പുവരുത്തി മിനിമലി ഇൻവേസീവ് അല്ലെങ്കിൽ ലാപ്രോസ്കോപ്പിക് (ചെറിയ മുറിവ്) ശസ്ത്രക്രിയയുടെ വിപുലമായ രൂപമാണ് റോബോട്ടിക് സർജറി. ഒരു കമ്പ്യൂട്ടർ നിയന്ത്രിത റോബോട്ടിലൂടെ ശസ്ത്രക്രിയ

നിർവ്വഹിക്കുന്നതിനാൽ സാധാരണയായി കാണപ്പെടുന്ന പോരായ്മകൾ ഇല്ലാതാക്കി ശസ്ത്രക്രിയയെ കൂടുതൽ കൃത്യതയുള്ളതാക്കുന്നു.

റോബോട്ടിന്റെ "കൈകൾക്ക്" ഉയർന്ന അളവിലുള്ള വൈദഗ്ധ്യമുള്ളതിനാൽ, ശരീരത്തിലെ വളരെ ഇടുങ്ങിയ സ്ഥലങ്ങളിൽ ചെറിയ മുറിവിലൂടെ പ്രവർത്തിക്കാൻ ശസ്ത്രക്രിയാ വിദഗ്ധരെ സഹായിക്കുന്നു.

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ആദ്യമായി തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ സർജിക്കൽ റോബോട്ട് സ്ഥാപിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന സർക്കാരിന്റെ ബജറ്റിൽ 29 കോടി രൂപ വകയിരുത്തുകയും ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുമുണ്ട്.

(ബി) സംസ്ഥാനത്ത് ഏതെല്ലാം സർക്കാർ ആശുപത്രികളിലാണ് റോബോട്ടിക് സർജറി ആരംഭിച്ചിട്ടുള്ളത്; ഇതിനാവശ്യമായ തുക കണ്ടെത്തിയത് എപ്രകാരമാണ്; വിശദമാക്കാമോ?

മലബാർ കാൻസർ സെന്റർ-തലശ്ശേരി, റീജിയണൽ കാൻസർ സെന്റർ-തിരുവനന്തപുരം എന്നിവിടങ്ങളിലാണ് റോബോട്ടിക് സർജറി

ആരംഭിച്ചിട്ടുള്ളത്. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് വഴി അനുവദിച്ച തുക ഉപയോഗിച്ചാണ് പ്രസ്തുത സ്ഥാപനങ്ങളിൽ റോബോട്ടിക് ശസ്ത്രക്രിയ രീതി ആരംഭിച്ചത്.

റീജിയണൽ കാൻസർ സെന്ററിൽ, റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി 30 കോടി രൂപ ചെലവിൽ 15-01-2024-ൽ റോബോട്ടിക് ശസ്ത്രക്രിയാ യൂണിറ്റ് ആരംഭിച്ചു. കേരളത്തിലെ ആദ്യത്തെയും ദക്ഷിണ ഇന്ത്യയിലെ നാലാമത്തേതുമായ ഡബിൾ കൺസോൾ റോബോട്ടിക് സിസ്റ്റമാണിത്. ഒരേ സമയം രണ്ട് സർജന്മാർക്ക് ഈ സിസ്റ്റം ഉപയോഗിക്കാവുന്നതാണ്.

റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി റോബോട്ടിക് സംവിധാനം ഒരുക്കുന്നതിനായി 05-05-2023-ലെ സ.ഉ.(സാധാ)നം. 169/2023/പി&ഇ.എ പ്രകാരം മലബാർ കാൻസർ സെന്റർ-പി.ജി.ഐ.ഒ.എസ്.ആർ.-ന് 29.30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് ടെൻഡറുകൾ ക്ഷണിക്കുകയും ടെൻഡർ നടപടികൾ പൂർത്തിയാക്കുകയും INTUITIVE എന്ന കമ്പനിക്ക് പർച്ചേസ് ഓർഡറുകൾ

നൽകുകയും ചെയ്തു. പ്രസ്തുത ഉപകരണം 28-05-2024-ൽ മലബാർ കാൻസർ സെന്ററിൽ സ്ഥാപിച്ച് ശസ്ത്രക്രിയകൾ നടത്തിവരുന്നു.

(സി) രാജ്യത്ത് മറ്റൊരിടത്തും സർക്കാർ മേഖലയിൽ റോബോട്ടിക് സർജറി ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

രാജ്യത്ത് സർക്കാർ മേഖലയിലെ പ്രിമിയർ കാൻസർ സ്ഥാപനങ്ങളിൽ റോബോട്ടിക് ശസ്ത്രക്രിയ സംവിധാനം ആരംഭിച്ചിട്ടുണ്ട്.

(ഡി) റോബോട്ടിക് ശസ്ത്രക്രിയാ യൂണിറ്റ് സംസ്ഥാനത്തെ മറ്റേതെല്ലാം സർക്കാർ ആശുപത്രികളിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ?

തുടർവർഷങ്ങളിൽ ഘട്ടംഘട്ടമായി മറ്റു മെഡിക്കൽ കോളേജുകളിൽക്കൂടി ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നു.

## നോ ടു ഡ്രഗ്സ് കാമ്പയിൻ

8 (*158) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>)

സദയം മറുപടി നൽകുമോ:

(എ) 'നോ ടു ഡ്രഗ്സ്' കാമ്പയിനിന്റെ ഫലമായി സംസ്ഥാനത്ത് ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ?

'നോ ടു ഡ്രഗ്സ്' കാമ്പയിനിന്റെ ഫലപ്രാപ്തിയെക്കുറിച്ച് പഠനം നടത്തുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിനെ ചുമതലപ്പെടുത്തിയിരുന്നു. 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെയും നവംബർ 14 മുതൽ 2023 ജനുവരി 26 വരെയും രണ്ട് ഘട്ടമായി നടത്തിയ 'നോ ടു ഡ്രഗ്സ്' കാമ്പയിനിന്റെയും 2022-23 കാലയളവിലെ വിമുക്തി ബോധവൽക്കരണ പരിപാടിയുടെ ഫലപ്രാപ്തിയും സംബന്ധിച്ച് പഠനം നടത്തുന്നതിനാണ് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിന് അനുമതി നൽകിയിരുന്നത്. ടി കോളേജ് കരട് റിപ്പോർട്ട് സമർപ്പിക്കുകയും ആയത് എക്സൈസ്/വിമുക്തി മിഷൻ പരിശോധിച്ച് വരികയുമാണ്.

(ബി) സ്ഥിരം ലഹരിക്കടത്തുകാരെ കരുതൽ തടങ്കലിലാക്കാൻ പട്ടിക തയ്യാറാക്കിയിരുന്നോ; ഇപ്രകാരം കരുതൽ തടങ്കലിൽ ആക്കിയവരുടെ വിശദാംശം നൽകാമോ?

സ്ഥിരം ലഹരി കടത്തുകാരെ കരുതൽ തടങ്കലിലാക്കുന്നതിനായി 62 പേർ ഉൾപ്പെടുന്ന ശിപാർശ ആഭ്യന്തര വകുപ്പിന് സമർപ്പിച്ചിരുന്നു. എന്നാൽ WPC(CH)No.426/2023-നമേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 04-07-2023-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ശിപാർശ കൂടുതൽ രേഖകൾ സഹിതം പുതിയ പ്രൊഫോർമയിൽ സമർപ്പിക്കുന്നതിനായി ആഭ്യന്തര വകുപ്പ് എക്സൈസ് വകുപ്പിന് മടക്കി നൽകിയിരുന്നു. തുടർന്ന് മേൽ നിർദ്ദേശാനുസരണം രണ്ടുപേർ ഉൾക്കൊള്ളുന്ന പ്രൊപ്പോസൽ ആഭ്യന്തര വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

(സി) തുടർച്ചയായി ലഹരിക്കേസുകളിൽ പ്രതിയാകുന്നവർക്ക് കടുത്ത ശിക്ഷ ഉറപ്പാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ഒരു വ്യക്തിയെ മയക്കുമരുന്ന് കേസിൽ കോടതി ശിക്ഷിക്കുകയും തുടർന്ന് അപ്പീലിലൂടെ ജാമ്യം ലഭിക്കുകയുമാണെങ്കിൽ, ടി വ്യക്തിയെക്കൊണ്ട് മൂന്ന് വർഷത്തിലധികംവരാത്ത കാലയളവിലേയ്ക്ക് മേൽ കുറ്റം ആവർത്തിക്കുകയില്ലെന്ന് ബോണ്ട് വയ്പ്പിക്കുന്നതിനും വീണ്ടും മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യം ആവർത്തിച്ചാൽ ജാമ്യത്തിലിറങ്ങുന്നത് തടയുന്നതിനും അധിക ശിക്ഷ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മയക്കുമരുന്ന് സംബന്ധിച്ച കുറ്റകൃത്യത്തിൽ ആവർത്തിച്ച് ഏർപ്പെടുന്ന വ്യക്തിയെ പരമാവധി രണ്ടുവർഷംവരെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിന് PIT NDPS Act പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൊമേഴ്സ്യൽ ക്വാണ്ടിറ്റി NDPS കേസുകളിൽ ഉൾപ്പെടുന്ന പ്രതികൾ ജുഡീഷ്യൽ കസ്റ്റഡിയിൽ തുടരവെതന്നെ കുറ്റപത്രം സമർപ്പിച്ച് ജാമ്യം നേടാതിരിക്കുന്നതിനും ജുഡീഷ്യൽ കസ്റ്റഡിയിൽ വച്ചുതന്നെ വിചാരണ നടത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) പുതിയ അധ്യയനവർഷം ആരംഭിച്ചതിനാൽ വിദ്യാലയ പരിസരങ്ങളിൽ ലഹരി വിൽപ്പന തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

എക്സൈസ് വകുപ്പ്, മറ്റ് സർക്കാർ വകുപ്പുകൾ, പൊതുജനങ്ങൾ, വിവിധ സാമൂഹിക സന്നദ്ധ സംഘടനകൾ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണത്തോടെ നടപ്പിലാക്കിവരുന്ന 'നോ ടു ഡ്രഗ്സ്' കാമ്പയിൻ ഈ അധ്യയന വർഷവും നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി ഓരോ റെയ്ഞ്ച് ഓഫീസിന്റേയും പരിധിയിൽ വരുന്ന ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളുടെ പട്ടിക എക്സൈസ് സർക്കിൾ ഓഫീസുകൾക്ക് നൽകി, എല്ലാ സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

സ്കൂൾ പരിസരത്തെ കച്ചവട സ്ഥാപനങ്ങളിൽ പരിശോധന നടത്തി പുകയില ഉൽപ്പന്നങ്ങളോ മറ്റ് ലഹരി വസ്തുക്കളോ സൂക്ഷിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾ പരിസരം,

പ്രവർത്തനമില്ലാതെ അടച്ചിട്ടിരിക്കുന്ന കെട്ടിടങ്ങൾ, മറ്റുള്ളവരുടെ ശ്രദ്ധയിൽപ്പെടാതെ മറഞ്ഞിരിക്കാൻ സാധിക്കുന്ന ഇടങ്ങൾ, കുറ്റിക്കാടുകൾ, ഒറ്റപ്പെട്ട സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പരിശോധന നടത്തുന്നതിനും നിർദേശം നൽകിയിട്ടുണ്ട്. സ്കൂളിലെ ക്ലാസ്സുകൾ ആരംഭിക്കുന്നതിന് അരമണിക്കൂർ മുമ്പ് തുടങ്ങി ക്ലാസ്സ് ആരംഭിച്ച് അരമണിക്കൂർ വരെയും വൈകിട്ട് സ്കൂളിലെ ക്ലാസ്സ് അവസാനിക്കുന്നതിന് അരമണിക്കൂർ മുമ്പ് തുടങ്ങി ക്ലാസ്സ് കഴിഞ്ഞ് അരമണിക്കൂർ വരെയും സ്കൂൾ പരിസരങ്ങളിൽ പട്രോളിംഗ് നടത്തുന്നതിനും പോലീസ്, മോട്ടോർ വാഹന വകുപ്പ് തുടങ്ങി മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് സ്കൂൾ പരിസരത്ത് വാഹന പരിശോധന നടത്തുന്നതിനും നിർദേശം നൽകിയിട്ടുണ്ട്.

**രജിസ്ട്രേഷൻ ഇല്ലാത്ത ഹോട്ടലുകൾക്കെതിരെ നടപടി**

9 (*159) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്)

സദയം മറുപടി നൽകുമോ:

(എ) ഭക്ഷണപദാർത്ഥങ്ങൾ വിൽക്കുന്ന ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, തട്ടുകടകൾ, ഇതര സ്ഥാപനങ്ങൾ എന്നിവയ്ക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം/സംഭരണം/വിതരണം/വിൽപ്പന തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ ഭക്ഷ്യ സംരംഭകരും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതാണ്. പ്രതിവർഷം 12 ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള ഭക്ഷ്യസംരംഭകർ ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷനും 12 ലക്ഷം രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ള ഭക്ഷ്യ സംരംഭകർ ഭക്ഷ്യ സുരക്ഷാ ലൈസൻസും എടുത്തിരിക്കേണ്ടതാണ്. കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയുടെ വെബ്സൈറ്റായ foscos.fssai.gov.in എന്ന വെബ്സൈറ്റ് മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഇപ്രകാരം ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് യോഗ്യമാണെങ്കിൽ അപേക്ഷകന് ഭക്ഷ്യ സുരക്ഷാ വിഭാഗത്തിൽ നിന്നും ലൈസൻസ്/രജിസ്ട്രേഷൻ

ലഭ്യമാക്കുന്നു. ആയതിനായി അപേക്ഷകൻ ഭക്ഷ്യ സുരക്ഷാ ഓഫീസിൽ എത്തേണ്ട ആവശ്യമില്ല.

ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷന് 100/- രൂപയും ലൈസൻസിന് 2,000/- രൂപയുമാണ് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി ഫീസായി നിശ്ചയിച്ചിരിക്കുന്നത്.

(ബി) സംസ്ഥാനത്ത് രജിസ്ട്രേഷൻ ഇല്ലാത്ത നിരവധി ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

വകുപ്പ് നടത്തി വരുന്ന ഭക്ഷ്യ പരിശോധനകളിൽ സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷൻ/ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഭക്ഷ്യ സ്ഥാപനങ്ങൾ കണ്ടെത്തുന്ന മുറയ്ക്ക് നോട്ടീസ് നൽകുകയും ലൈസൻസ്/ രജിസ്ട്രേഷൻ എടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. കൂടാതെ ഓപ്പറേഷൻ ഫോസ്കോസ് പോലുള്ള സ്പെഷ്യൽ ഡ്രൈവുകൾ നടത്തി എല്ലാ ഭക്ഷ്യ സംരംഭകരെയും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ വകുപ്പിന്റെ ഭാഗത്തുനിന്നും നടത്തി വരുന്നു.

(സി) രജിസ്ട്രേഷൻ ഇല്ലാത്ത ഹോട്ടലുകളിൽ നിന്നും ഭക്ഷ്യ വിഷബാധയുണ്ടായത് ഗൗരവപൂർവ്വം കാണുന്നുണ്ടോ;

(ഡി) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ പരിശോധനകളിലെ വീഴ്ചകളാണോ ഇത്തരത്തിൽ ഭക്ഷ്യവിഷബാധ ഉണ്ടാകുന്നതിനുള്ള പ്രധാന കാരണമെന്ന് വ്യക്തമാക്കുമോ?

(സി & ഡി) രജിസ്ട്രേഷനില്ലാത്ത ഹോട്ടലുകളിൽനിന്നും ഭക്ഷ്യ വിഷബാധ ഉണ്ടായത് ഗൗരവപൂർവ്വം കണ്ട് നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് ചെറുവത്തൂർ ഷവർമ ഭക്ഷ്യ വിഷബാധയുണ്ടായ സംഭവത്തിൽ സ്ഥാപനത്തിനെതിരെ പ്രോസിക്യൂഷൻ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ വകുപ്പ് വീഴ്ച കൂടാതെ ഇത്തരത്തിലുള്ള സംഭവങ്ങൾ തടയുന്നതിന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് ഷവർമ്മ പരിശോധനകൾ, ബോധവൽക്കരണ ക്ലാസുകൾ എന്നിവ നടത്തിവരുന്നു. ഗുരുതര വീഴ്ചകൾ വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ പിഴ ചുമത്തൽ, അടച്ചുപൂട്ടൽ, പ്രോസിക്യൂഷൻ, അഡ്ജ്യൂഡിക്കേഷൻ എന്നീ നടപടികൾ കൈക്കൊള്ളുന്നു.

**ഹോട്ടലുകൾക്ക് ഹൈജീനിക് റേറ്റിംഗ്**

10 (*160) ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന

ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ ക്രമക്കേടുകൾ നടക്കുന്നതായ പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ ഉദുമ ഭക്ഷ്യ സുരക്ഷാ ഓഫീസർ ഭക്ഷ്യ സാമ്പിളുകൾ ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് ക്രമക്കേട് നടത്തിയതായി കാസർഗോഡ് ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർക്ക് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി പ്രസ്തുത ഉദ്യോഗസ്ഥനെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്ത് കുറ്റാരോപണ പത്രിക നൽകി അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഹോട്ടലുകളിൽ നിന്നും പരിശോധനയ്ക്കായി എടുക്കുന്ന സാമ്പിളുകളുടെ യഥാർത്ഥ പരിശോധനാഫലം മൂടിവയ്ക്കുന്നതായും അത് നൽകുന്നതിൽ കാലതാമസം വരുത്തുന്നതായും കണ്ടെത്തിയിട്ടുണ്ടോ?

ഹോട്ടലുകളിൽ നിന്നും ശേഖരിക്കുന്ന സ്റ്റാറ്റ്യൂട്ടറി/സർവ്വയിലൻസ് സാമ്പിളുകൾ യഥാസമയം ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലാബുകളിൽ പരിശോധനയ്ക്ക് നൽകി പരിശോധനാ ഫലം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം പരിശോധനാ ഫലം നിശ്ചിത സമയപരിധിക്കുള്ളിൽത്തന്നെ ലഭ്യമാക്കുന്നതിന് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ ലാബുകൾക്കും കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് സാമ്പിൾ ശേഖരണം നടത്തുന്ന വേളകളിൽ സാമ്പിളുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതിനാൽ പരിശോധനാ ഫലം ലഭിക്കുന്നതിൽ കാലതാമസം പരിഹരിക്കുന്നതിനായി NABL അക്രെഡിറ്റേഷനുള്ള സ്വകാര്യ ലാബുകളിൽ കൂടി പരിശോധന നടത്തി പരിശോധനാ ഫലം സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഭക്ഷ്യസുരക്ഷാ ലൈസൻസുകൾ എടുത്തവർ റിട്ടേൺ ഫയൽ ചെയ്യാൻ നിയമം അനുശാസിക്കുന്നുണ്ടോ; എങ്കിൽ യഥാസമയം റിട്ടേൺ ഫയൽ ചെയ്യാത്തവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യസുരക്ഷാ ലൈസൻസുകൾ എടുത്ത മാനുഫാക്ചറിങ്, റീപായ്ക്കർ, റീലേബലർ വിഭാഗങ്ങളിൽപ്പെടുന്നവർ വാർഷിക റിട്ടേൺ ഫയൽ ചെയ്യാൻ നിയമം അനുശാസിക്കുന്നുണ്ട്. Food safety and Standards (Licensing and Registration of Food Business) Regulations 2011, റെഗുലേഷൻ 2.1.13(3) പ്രകാരം റിട്ടേൺ ഫയൽ ചെയ്യാൻ വൈകുന്ന ഓരോ ദിവസവും പ്രതിദിനം 100 രൂപ ക്രമത്തിൽ പരമാവധി 15,000 രൂപവരെ ഓരോ വർഷവും പിഴ ഈടാക്കുന്നതാണ്. ഭക്ഷ്യ സംരംഭകർക്ക് foscos.fssai.gov.in എന്ന വെബ്സൈറ്റ് മുഖേന നേരിട്ട് വാർഷിക റിട്ടേൺ ഫയൽ ചെയ്യുന്നതിനും പിഴ അടയ്ക്കുന്നതിനും സാധിക്കുന്നതാണ്. ഈ വർഷം മുതൽ Annual Return ഫയൽ ചെയ്തില്ലെങ്കിൽ ലൈസൻസ് പുതുക്കുന്നതിന് കഴിയുന്നതല്ല.

(ഡി) ഹോട്ടലുകൾക്ക് ഹൈജീനിക് റേറ്റിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഭക്ഷ്യ വ്യാപാര സ്ഥാപനങ്ങളിലെ ശുചിത്വ നിലവാരം മെച്ചപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമാണ് ഹൈജീൻ റേറ്റിംഗ്. ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ബേക്കറികൾ എന്നിവയ്ക്കാണ് നിലവിൽ ഹൈജീൻ റേറ്റിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്. FSSAI അംഗീകൃത ഏജൻസി ഇത്തരത്തിലുള്ള സ്ഥാപനങ്ങളിൽ ശുചിത്വ നിലവാരം പരിശോധിച്ച് ഒന്ന് മുതൽ അഞ്ച് വരെയുള്ള റേറ്റിംഗ് നൽകുന്നു. ഇതുവഴി ഉപഭോക്താക്കൾക്ക് അവർ ആശ്രയിക്കുന്ന സ്ഥാപനങ്ങളുടെ ശുചിത്വ നിലവാരം മനസ്സിലാക്കുവാനും മെച്ചപ്പെട്ട ഇടം തിരഞ്ഞെടുക്കുവാനും കഴിയുന്നു. ഇതിലൂടെ 3078 ഹോട്ടലുകൾ/റെസ്റ്റൊറന്റുകൾക്ക് റേറ്റിംഗ് നൽകാൻ കഴിഞ്ഞിട്ടുണ്ട്.

**സംസ്ഥാനത്തിന് ലഭിച്ച അവാർഡുകളും അംഗീകാരങ്ങളും**

11 (*161) <u>ശ്രീ. പി. ടി. എ. റഹീം:</u>
<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:</u>

ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) 2016-ലെ സർക്കാരിന്റെ ആരംഭകാലത്തെ കടുത്ത സാമ്പത്തിക പ്രതിസന്ധിയും തുടർന്നുണ്ടായ കോവിഡ് മഹാമാരിയും പ്രളയങ്ങളും സൃഷ്ടിച്ച പ്രതിസന്ധികളും നിലവിലെ സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ നയങ്ങളുടെയും സംസ്ഥാന സർക്കാരിനോട് പുലർത്തുന്ന വിവേചനപരമായ സമീപനത്തിന്റേയും ഫലമായി സംസ്ഥാനത്ത് ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യമായ ധൂർത്തും ചെലവുകളും ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും തരണം ചെയ്യുവാനാണ് മുൻസർക്കാരും ഈ സർക്കാരും ശ്രമിച്ചുവരുന്നത്.

പ്രകൃതി ദുരന്തങ്ങളേയും പകർച്ചവ്യാധികളേയും മഹാമാരിയേയും കേരളം അതിശക്തമായ വികേന്ദ്രീകരണ ജനാധിപത്യ സംവിധാനത്തിലൂടെയും പങ്കാളിത്തത്തോടെയുമാണ് നേരിട്ടത്. പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് ജില്ലകളിലെ എല്ലാ വകുപ്പുമേധാവികളെയും ഉൾപ്പെടുത്തി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ യോഗങ്ങൾ ചേരുകയും തുടർനടപടികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലാ അധികാരികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ ദുരന്ത സാധ്യത ലഘൂകരിക്കുന്നതിലേക്കായുള്ള നടപടികൾ ദുരന്തനിവാരണ അതോറിറ്റിയുടെ യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ ചേർന്ന് വിലയിരുത്തിവരുന്നു. ദുരന്ത സാധ്യത മുന്നറിയിപ്പുകൾ എല്ലാവരിലേക്കും എത്തിക്കുന്നതിന് സർക്കാർ കവചം (KaWaCHaM - Kerala Warnings, Crisis and Hazard Management System) എന്ന സംവിധാനം വികസിപ്പിച്ചു. സുരക്ഷാവബോധം വളർത്തുന്നതിന്, സ്കൂളുകളിലേയും ജീവിക്കുന്ന പ്രദേശത്തെയും ദുരന്തസാധ്യത മനസ്സിലാക്കി അവ ദൂരികരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നതിന് കുട്ടികളെ

പ്രാപ്തരാക്കുന്ന സ്കൂൾ ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറാക്കുന്നതിനായി 'ഉസ്കൂൾ' എന്ന ആപ്പ് രൂപീകരിച്ചു. സംസ്ഥാനത്ത് പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനായി തയ്യാറാക്കിയ മാർഗ്ഗരേഖാ പുസ്തകമായ ഓറഞ്ച് ബുക്ക് അനുസരിച്ചുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുന്നു.

കോവിഡ് മഹാമാരി പൊതുജനാരോഗ്യ മേഖലയിൽ സൃഷ്ടിച്ച പ്രതിസന്ധികൾ കൂട്ടായ പ്രവർത്തനങ്ങളിലൂടെ കേരളം നേരിട്ടു. പ്രസ്തുത കാലഘട്ടത്തിൽ സ്ഥിരം ആരോഗ്യ സംവിധാനങ്ങൾക്ക് പുറമെ കേരളം നടപ്പിലാക്കിയ കോവിഡ് ചികിത്സാ കേന്ദ്രങ്ങൾ (Domiciliary Care Centre, CFLTC, CSLTC) എന്നിവ മാതൃകാപരമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്.

കോവിഡ് മഹാമാരി കാലത്ത് വിവിധ സാമ്പത്തിക/മാനവശേഷി പ്രതിസന്ധികൾക്കിടയിലും നടത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ ആരോഗ്യമേഖലയെ താഴെപ്പറയുന്ന മേഖലകളിൽ ശാക്തീകരിച്ചിട്ടുണ്ടെന്നാണ് വിലയിരുത്തിയിട്ടുള്ളത്.

- ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം - കെട്ടിടങ്ങൾ, ഉപകരണങ്ങൾ, ഓക്സിജൻ സൗകര്യങ്ങൾ, സുരക്ഷാ ക്രമീകരണങ്ങൾ
- ആധുനിക ലബോറട്ടറി പരിശോധനാ സംവിധാനങ്ങൾ
- അത്യാഹിത മെഡിക്കൽ സേവനം, തീവ്രപരിചരണം, മെച്ചപ്പെട്ട ചികിത്സാ നിലവാരം, ഇൻഫെക്ഷൻ കൺട്രോൾ എന്നിവയിലുള്ള മാനവശേഷി വികസനം
- ആരോഗ്യ സേവനങ്ങൾ കൂടുതൽ പ്രാപ്യമാക്കുന്നതിനും അവലോകനം ചെയ്യുന്നതിനും ഡിജിറ്റൽ സാങ്കേതികവിദ്യകളുടെ ഉപയോഗം
- സ്വകാര്യ ആരോഗ്യമേഖലയുമായുള്ള സഹകരണം

(ബി) പ്രസ്തുത പ്രതിസന്ധിക്കിടയിലും സർക്കാർ വിവിധ തലങ്ങളിൽ ഉണ്ടാക്കിയ ഭരണനേട്ടത്തിന് ലഭിച്ച അവാർഡുകളും അംഗീകാരങ്ങളും എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കുമോ;

(സി) ഈ സർക്കാരിന്റെ ഇതുവരെയുള്ള ഭരണമികവിന് ലഭിച്ച അംഗീകാരങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

(ബി & സി)

1. നീതി ആയോഗിന്റെ സുസ്ഥിര വികസനലക്ഷ്യ സൂചികയിൽ തുടർച്ചയായി നാലാം തവണയും കേരളം ഒന്നാമതാണ്.
2. ഇന്ത്യാ ടുഡെ സർവ്വേയിൽ മികച്ച സംസ്ഥാനമായി കേരളം തിരഞ്ഞെടുക്കപ്പെട്ടു.
3. ട്രാൻസ്പരൻസി ഇന്റർനാഷണൽ ഇന്ത്യയും ലോക്കൽ സർക്കിൾസും ചേർന്നുനടത്തിയ ഇന്ത്യാ കറപ്ഷൻ സർവേയിലും 2019-ൽ രാജ്യത്തെ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളം തിരഞ്ഞെടുക്കപ്പെട്ടു.
4. പാസ്പോർട്ട് അപേക്ഷകളുടെ പരിശോധനയിലെ കൃത്യതയ്ക്ക് കേന്ദ്രവിദേശകാര്യ മന്ത്രാലയം നൽകുന്ന അംഗീകാരത്തിന് കേരള പോലീസ് 2019-ൽ അർഹമായി.

5. നീതി ആയോഗ് ആരോഗ്യമേഖലയ്ക്കായി തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ട് പ്രകാരം കേരളത്തിന് തുടർച്ചയായ രണ്ടുവർഷങ്ങളിൽ ഒന്നാം സ്ഥാനം ലഭിച്ചു.

6. ശിശുമരണ നിരക്കും അഞ്ചുവയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണനിരക്കും ഏറ്റവും കുറവ് കേരളത്തിലാണ്.

7. ഏറ്റവും മികച്ച പ്രതിരോധകുത്തിവയ്പ്പ് നൽകുന്ന സംസ്ഥാനം എന്ന ബഹുമതി കേരളത്തിന് ലഭിച്ചു.

8. നാഷണൽ ഫാമിലി ഹെൽത്ത് സർവെയിൽ കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചു.

9. മാതൃമരണ നിരക്ക് കുറഞ്ഞ സംസ്ഥാനത്തിനുള്ള പ്രധാനമന്ത്രി സുരക്ഷാ മാതൃത്വ അഭിയാൻ അവാർഡ് 2019-ൽ ലഭിച്ചു.

10. 2019-ൽ ഇന്ത്യയിലെ ഏറ്റവും മികച്ച പ്രാഥമികാരോഗ്യ കേന്ദ്രമായി കയ്യൂർ കുടുംബാരോഗ്യ കേന്ദ്രം മാറി.

11. 2019-ലെ ഭിന്നശേഷി ശാക്തീകരണ പ്രവർത്തനങ്ങളിൽ ഏറ്റവും

മികച്ച സംസ്ഥാനത്തിനുള്ള പുരസ്കാരം കേരളത്തിന് ലഭിച്ചു.

12. 'ഭിന്നശേഷിനയം 2016' നടപ്പിലാക്കുന്നതിൽ മികവ് പുലർത്തിയ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കേന്ദ്ര സർക്കാർ സാമൂഹ്യ നീതി വകുപ്പ് നൽകുന്ന 2018-ലെ ദേശീയ അവാർഡ്.

13. സംസ്ഥാന വികലാംഗ കോർപ്പറേഷന് NHFDC-യുടെ അംഗീകാരം ലഭിച്ചു.

14. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ (എഫ്.എസ്.എസ്.എ.ഐ) ആദ്യ ഭക്ഷ്യ സുരക്ഷാ സൂചികയിൽ (സ്റ്റേറ്റ് ഫുഡ് സേഫ്റ്റി ഇൻഡക്സ്) കേരളം ഒന്നാം നിരയിലെത്തി.

15. 2018-19, 2019-20 വർഷങ്ങളിൽ വനിതാ ശാക്തീകരണത്തിനുവേണ്ടി നടത്തിയ പ്രവർത്തനത്തിൽ ഏറ്റവും മികച്ച ചാനലൈസിംഗ് ഏജൻസിക്കുള്ള ദേശീയ അവാർഡ് വനിതാ വികസന കോർപ്പറേഷന് ലഭിച്ചു.

16. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്കൂൾ വിദ്യാഭ്യാസ നിലവാരം വിലയിരുത്തുന്ന സ്കൂൾ എഡ്യൂക്കേഷൻ കേന്ദ്ര വിദ്യാഭ്യാസ വികസന സൂചികയിൽ കേരളം ഒന്നാമതെത്തി.

17. പെൺകുട്ടികൾക്ക് പഠന സൗകര്യം ഉറപ്പാക്കുന്നതിൽ ദേശീയ തലത്തിൽ കേരളം ഒന്നാമതാണ്.

18. 2019-ലെ രാജ്യത്തെ മികച്ച സർക്കാർ വിദ്യാലയങ്ങളുടെ പട്ടികയിൽ കോഴിക്കോട് നടക്കാവ് സ്കൂളിന് രണ്ടാം സ്ഥാനം ലഭിച്ചു.

19. സമഗ്രശിക്ഷാ പ്രവർത്തനങ്ങളുടെ സൂചികയിൽ കേരളം 2018-19, 2019-20 വർഷങ്ങളിൽ ഒന്നാം ഗ്രേഡിൽ എത്തി.

20. പ്രധാനമന്ത്രി സ്വച്ഛ്ഭാരത് പദ്ധതിയിൽ കേരളം ഒന്നാമതാണ്.

21. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മികച്ച നേട്ടം കൈവരിച്ച സംസ്ഥാനം കേരളമാണ്.

22.തൊഴിലുറപ്പ് പദ്ധതിയിൽ മികവുറ്റ ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് രാജ്യത്ത് ഒന്നാം സ്ഥാനം കേരളത്തിനാണ്.

23.ഐക്യരാഷ്ട്രസഭയുടെ ഏറ്റവും വലിയ പരിസ്ഥിതി പുരസ്കാരമായ 'ചാമ്പ്യൻ ഓഫ് എർത്ത്'-ന് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിനെ തിരഞ്ഞെടുത്തു.

24. 2019-20-ൽ ടെക്നോപാർക്കിന് ക്രിസിൽ - എ റേറ്റിങ് ക്രിസിൽ - എ സ്റ്റേബിൾ റേറ്റിങ് ലഭിച്ചു.

25. കേന്ദ്ര നഗരഭവന മന്ത്രാലയത്തിന്റെ നഗര ബസ് സേവന പദ്ധതിക്കുള്ള പുരസ്കാരം കേരളത്തിന് ലഭിച്ചു. 'അനസ്യൂതയാത്ര കൊച്ചി' എന്ന പദ്ധതിക്കാണ് അവാർഡ്.

26. 2019-ലെ നാഷണൽ എനർജി കൺസർവേഷൻ അവാർഡ് - കേരളത്തിലെ എനർജി മാനേജ്മെന്റ് സെന്ററിനാണ് ലഭിച്ചത്.

27. ഫോറസ്റ്റ് സർവ്വേ ഓഫ് ഇൻഡ്യാ റിപ്പോർട്ട് അനുസരിച്ച് വനവിസ്തൃതി വർദ്ധിപ്പിച്ച സംസ്ഥാനങ്ങളിൽ കേരളം മുൻനിരയിലാണ്.

28. മികച്ച പ്രവർത്തനങ്ങൾക്ക് ദേശീയ പട്ടികജാതി വികസന കോർപ്പറേഷൻ ഏർപ്പെടുത്തിയ പുരസ്കാരം സംസ്ഥാന പട്ടികജാതി - പട്ടികവർഗ വികസന കോർപ്പറേഷന് ലഭിച്ചു.

29. 2021 പബ്ലിക് അഫയേഴ്സ് സെന്റർ പ്രസിദ്ധീകരിച്ച പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ വലിയ സംസ്ഥാനങ്ങളിൽ ഏറ്റവും മികച്ച ഭരണം കാഴ്ചവച്ച സംസ്ഥാനമാണ് കേരളം.

30. നീതി ആയോഗിന്റെ ദേശീയ മൾട്ടി ഡയമൻഷണൽ ദാരിദ്ര്യ സൂചികയിൽ കുറവ് ദാരിദ്ര്യമുള്ള സംസ്ഥാനം കേരളം.

31. അഴിമതി വിമുക്ത പോലീസ് സേവനത്തിൽ കേരളം ഒന്നാമതെന്ന് ഇന്ത്യൻ പോലീസ് ഫൗണ്ടേഷൻ.

32. ആരോഗ്യ മേഖലയ്ക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ.എ.എസ്) അംഗീകാരം.

33. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ ലഭ്യമാക്കിയ സർക്കാർ ആശുപത്രിക്കുള്ള അവാർഡ് കോട്ടയം സർക്കാർ മെഡിക്കൽ കോളേജിന്.

34. രാജ്യത്തെ മികച്ച കോവിഡ് വാക്സിനേഷൻ ഡ്രൈവ് കേരളത്തിൽ: ഇന്ത്യ ടുഡേയുടെ ഹെൽത്ത് ഗിരി അവാർഡ്

35. കേരള ടൂറിസത്തിന് അന്താരാഷ്ട്ര പുരസ്കാരം: അയ്മനം മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമം പദ്ധതിക്ക് വേൾഡ് ട്രാവൽ മാർക്കറ്റ് ഇന്ത്യൻ റെസ്പോൺസിബിൾ ടൂറിസം വൺ ടു വാച്ച് അന്താരാഷ്ട്ര പുരസ്കാരം

36. മത്സ്യബന്ധന മേഖലയിലെ ഏറ്റവും മികച്ച അർദ്ധസർക്കാർ സ്ഥാപനമായി മത്സ്യഫെഡിനെ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് തിരഞ്ഞെടുത്തു.

37. വയോജനപരിപാലനത്തിന് കേന്ദ്ര സർക്കാരിന്റെ വയോ ശ്രേഷ്ഠ പുരസ്കാരം.

38. കേന്ദ്ര ഭവനനഗരകാര്യ മന്ത്രാലയത്തിന്റെ സിറ്റി വിത്ത് ദി മോസ്റ്റ് സസ്റ്റെയിനബിൾ ട്രാൻസ്പോർട്ട് സിസ്റ്റം അവാർഡ്

39. പറമ്പിക്കുളം കടുവ സംരക്ഷണ ഫൗണ്ടേഷന് നാറ്റ് വെസ്റ്റ് ഗ്രൂപ്പ് ഇന്ത്യ (മുൻ ആർ.ബി.എസ്. ഇന്ത്യ) 11-ാമത് നാറ്റ് വെസ്റ്റ് എർത്ത് ഗാർഡിയൻ അവാർഡ്.

40. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഭക്ഷ്യസുരക്ഷാ സൂചികയിൽ രണ്ടാം സ്ഥാനം.

41. നീതി ആയോഗ് ആദ്യമായി തയ്യാറാക്കിയ നഗര സുസ്ഥിര വികസന ലക്ഷ്യ സൂചികയിൽ തിരുവനന്തപുരവും കൊച്ചിയും മികച്ച നഗരങ്ങളുടെ പട്ടികയിൽ.

42. പുരപ്പുറ സോളാർ പദ്ധതിക്ക് EQ International Magazine പുരസ്കാരം. ദേശീയ ഊർജ്ജ കാര്യക്ഷമതാ സൂചികയിൽ കേരളത്തിന് രണ്ടാം സ്ഥാനം.

43. ഇ-സഞ്ജീവനി, കാരുണ്യ ബെനവലന്റ് ഫണ്ട് സംരംഭങ്ങൾക്ക് ഗവേർണൻസ് നൗവിന്റെ നാലാമത് ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ പുരസ്കാരം.

44. ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങളിൽ സിൽവർ കാറ്റഗറിയിൽ പുരസ്കാരം.

45. ദേശീയതലത്തിൽ മികച്ച ആശുപത്രികൾക്കുള്ള നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡിൽ ആദ്യ പന്ത്രണ്ടും കേരളത്തിൽ നിന്നുള്ള

കുടുംബാരോഗ്യകേന്ദ്രങ്ങളാണ്. സംസ്ഥാനത്തെ 55 കുടുംബാരോഗ്യ കേന്ദ്രങ്ങൾ NQAS അംഗീകാരം നേടി.

46. വയോജനസംരക്ഷണത്തിന് കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ അവാർഡ്.

47. ദേശീയ ഊർജ്ജ കാര്യക്ഷമതാ സൂചികയിൽ കേരളത്തിന് രണ്ടാം സ്ഥാനം.

48. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന് ഫാക്ടറീസ് ആന്റ് ബോയിലേഴ്സിന്റെ 2020-ലെ സുരക്ഷാ അവാർഡ്.

49. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന് Certificate of Appreciation from Bureau of Indian Standards, മികച്ച നിലയിൽ കമ്പനിയിൽ കൃഷി രീതികൾ നടപ്പാക്കിയതിന് കൃഷി വകുപ്പിൽ നിന്നുള്ള ഒന്നാം സമ്മാനം, സംസ്ഥാന കർഷക അവാർഡ് 2020, BIS Certification എന്നീ പുരസ്കാരങ്ങൾ.

50. കേരള സംസ്ഥാന ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ "നിഷിദ്ധോ" എന്ന ചിത്രത്തിന് കേരള സംസ്ഥാന ചലച്ചിത്ര

പുരസ്കാരവും ഒട്ടാവ ഇൻഡ്യൻ ഫിലിം അവാർഡും ചിത്രത്തിന്റെ സംവിധായികയ്ക്ക് 26-ാമത് IFFK-യിൽ മികച്ച ഇൻഡ്യൻ നവാഗത സംവിധായികയ്ക്കുള്ള FFSI K. R. Mohanan അവാർഡും ലഭിച്ചു. കേരള സംസ്ഥാന ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ തിരുവനന്തപുരം കൈരളി തിയേറ്ററിന് 26-ാമത് IFFK-യിൽ മികച്ച സാങ്കേതിക സൗകര്യങ്ങൾക്കുള്ള തിയേറ്റർ എന്ന അംഗീകാരം ലഭിച്ചു.

51. 2021-ലെ ദേശീയ ഇ-ഗവേണൻസ് അവാർഡ് കേരള പൊലീസിന് ലഭിച്ചു.

52. ആരോഗ്യ രംഗത്തെ മികച്ച പ്രകടനം കാഴ്ചവെച്ച സംസ്ഥാനത്തിനുള്ള ഇന്ത്യാ ടുഡേ 2022 അവാർഡ് കേരളത്തിന്.

53. ലോകത്തിലെ ഏറ്റവും വലിയ ട്രാവൽ ഷോയായ വേൾഡ് ട്രാവൽ മാർക്കറ്റിന്റെ ജലസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾക്കുള്ള 2022-ലെ അന്താരാഷ്ട്ര പുരസ്കാരം ഉത്തരവാദിത്ത ടൂറിസം മിഷന്റെ വാട്ടർ സ്ട്രീറ്റ് പദ്ധതിക്ക്.

54. കേരളം നടപ്പാക്കുന്ന പങ്കാളിത്ത സൗഹൃദ കാരവൻ ടൂറിസം പദ്ധതിയായ 'കാരവൻ കേരളയ്ക്ക്' ഇന്ത്യ ടുഡേ മാഗസിന്റെ പുരസ്കാരം. "ബെസ്റ്റ് എമർജിങ് സ്റ്റേറ്റ് ഇൻ ഇന്നൊവേഷൻ" വിഭാഗത്തിലാണ് കാരവൻ ടൂറിസം എഡിറ്റേഴ്സ് ചോയ്സ് പുരസ്കാരത്തിന് അർഹമായത്.

55. 2023 ജനുവരിയിൽ ന്യൂയോർക്ക് ടൈംസ് തിരഞ്ഞെടുത്ത ലോകത്ത് കണ്ടിരിക്കേണ്ട 22 ടൂറിസം കേന്ദ്രങ്ങളിൽ കേരളവും ഉൾപ്പെട്ടിട്ടുണ്ട്.

56. 2023-ലെ മാനേജ്മെന്റ് ഇഫക്റ്റീവ്നെസ് ഇവാലുവേഷൻ ഓഫ് ടൈഗർ റിസർവ് ഇൻ ഇന്ത്യ, റിപ്പോർട്ട് പ്രകാരം 94.36 സ്കോർ നേടി പെരിയാർ ടൈഗർ റിസർവ് 1-ാം സ്ഥാനത്തെത്തി.

57. തൊഴിലുറപ്പ് പദ്ധതിയിൽ സമ്പൂർണ സോഷ്യൽ ഓഡിറ്റിംഗ് കൈവരിച്ച ആദ്യ സംസ്ഥാനമായി കേരളം.

58. ദീൻ ദയാൽ അന്ത്യോദയ യോജന ദേശീയ നഗര ഉപജീവന ദൗത്യം (എൻ.യു.എൽ.എം.) മികച്ച രീതിയിൽ നടപ്പാക്കുന്ന സംസ്ഥാനങ്ങൾക്ക് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം ഏർപ്പെടുത്തിയ 2021-22-ലെ സ്പാർക്ക് റാങ്കിംഗിൽ കേരളം രണ്ടാം സ്ഥാനം.

59. 2023-ലെ ദേശീയ പഞ്ചായത്ത്‌രാജ് അവാർഡുകളിൽ കേരളത്തിന് അഞ്ച് അവാർഡുകൾ. ആലപ്പുഴ ജില്ലയിലെ ചെറുതന ഗ്രാമപഞ്ചായത്തിന് രാജ്യത്തെ ഏറ്റവും മികച്ച ശിശുസൗഹൃദ ഗ്രാമപഞ്ചായത്തിനുള്ള ഒന്നാം റാങ്കും വീയപുരം ഗ്രാമപഞ്ചായത്തിന് അടിസ്ഥാന സൗകര്യങ്ങളിൽ സ്വയംപര്യാപ്തതയ്ക്കുള്ള രാജ്യത്തെ ഒന്നാം റാങ്കും ലഭിച്ചു. മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ഗ്രാമപഞ്ചായത്തിന് ജലലഭ്യതയിൽ സ്വയംപര്യാപ്തതയ്ക്കുള്ള രാജ്യത്തെ രണ്ടാം റാങ്കും, തൃശ്ശൂർ ജില്ലയിലെ അളഗപ്പനഗർ ഗ്രാമപഞ്ചായത്തിന് സദ്ഭരണത്തിനുള്ള മൂന്നാം റാങ്കും ലഭിച്ചു.

60. 2020-21 സാമ്പത്തിക വർഷത്തെ സ്പാർക്ക് റാങ്കിംഗിൽ ദേശീയ തലത്തിൽ കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചു. പദ്ധതി നിർവ്വഹണത്തിന്റെ മികവ് പരിഗണിച്ച് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയമാണ് സംസ്ഥാനങ്ങൾക്ക് സ്പാർക്ക് റാങ്കിംഗ് അവാർഡുകൾ നൽകിവരുന്നത്.

61. കോവിഡ് കാലത്ത് രാജ്യത്ത് ഏറ്റവും മികച്ച രീതിയിൽ ഓൺലൈൻ വിദ്യാഭ്യാസം നടപ്പാക്കി കേരളം. ആനുവൽ സ്റ്റാറ്റസ് ഓഫ് എജ്യൂക്കേഷൻ റിപ്പോർട്ട് പ്രകാരം കേരളം മുൻപന്തിയിൽ. ഗ്രാമങ്ങളിലെ 91 ശതമാനം കുട്ടികൾക്കും ഓൺലൈൻ വിദ്യാഭ്യാസം ലഭ്യമാക്കി.

62. ലോകത്തെ ഏറ്റവും മികച്ച പബ്ലിക് ബിസിനസ്സ് ഇൻകുബേറ്റർ അംഗീകാരം കേരള സ്റ്റാർട്ടപ്പ് മിഷന് ലഭിച്ചു. സ്വീഡിഷ് ഗവേഷണ സ്ഥാപനമായ യു.ബി.ഐ. ഗ്ലോബൽ പ്രസിദ്ധീകരിക്കുന്ന വേൾഡ് ബഞ്ച്മാർക്ക് സ്റ്റഡിയിലാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ ഈ നേട്ടം കൈവരിച്ചത്.

63. കേരള സംസ്ഥാന വന വികസന കോർപ്പറേഷൻ ദേശീയ പട്ടിക ജാതി ധനകാര്യ വികസന കോർപ്പറേഷന് നൽകുന്ന National Award for Performance Excellence for the Channelising Agencies (NAPA) അവാർഡ് ലഭിച്ചു.

64. ഏറ്റവും ഒടുവിൽ കേന്ദ്ര സർക്കാരിന്റെ ഭരണപരിഷ്കാര-പൊതു പരാതി വകുപ്പ് തയ്യാറാക്കിയ നാഷണൽ ഇ-ഗവേണൻസ് ഡെലിവറി അസസ്സ്മെന്റ് പ്രകാരം കേരളം രാജ്യത്ത് ഒന്നാം സ്ഥാനത്താണ്.

65. 2019-20, 2020-21 വർഷങ്ങളിൽ ഹോമിയോപ്പതി വകുപ്പിന്റെ AHiMS software-ന് ഇ-ഗവേണൻസ് അവാർഡ് രണ്ടാം സ്ഥാനം e-health e-medicine വിഭാഗത്തിൽ ലഭിച്ചു.

66. ഹോമിയോപ്പതി വകുപ്പിലെ 64 സ്ഥാപനങ്ങൾക്ക് 2023-24 വർഷത്തിൽ NABH അംഗീകാരവും ലഭിച്ചിട്ടുണ്ട്.

67. 2023-24 കാലയളവിൽ 150 ആയുഷ് ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകൾക്ക് NABH എൻട്രി ലെവൽ സർട്ടിഫിക്കേഷൻ നേടിയിട്ടുണ്ട്.

68. ആയുഷ്ഗ്രാമം പദ്ധതികൾ വിജയകരമായി നടപ്പാക്കിയതിനുള്ള സ്കോച്ച് സിൽവർ അവാർഡ് NAM-ന് ലഭിച്ചു.

69. യോഗയും പ്രകൃതിചികിത്സയുംവഴി ആയുഷ് വെൽനെസ് സെന്ററിന്റെ പിന്തുണയോടെ മുഹമ്മ ഗ്രാമപഞ്ചായത്തിനെ സമ്പൂർണ യോഗ ഗ്രാമമായി പ്രഖ്യാപിച്ചു.

70. 2018, 2019-20, 2020-21 വർഷങ്ങളിൽ നീതി ആയോഗ് പ്രസിദ്ധീകരിച്ച SDG India Index-ൽ കേരളം ഒന്നാമതായി തിരഞ്ഞെടുക്കപ്പെട്ടിരുന്നു.

71. 2023-ൽ നീതി ആയോഗ് പ്രസിദ്ധീകരിച്ച നാഷണൽ മൾട്ടിഡൈമെൻഷണൽ പോവർട്ടി ഇൻഡക്സിൽ കേരളം ഒന്നാമതാണ് (0.55%).

(ഡി) ഓരോ അംഗീകാരവും ഓരോ അനുഭവവും അവസരങ്ങളുമായി കണ്ട് കൂടുതൽ ജാഗ്രതയോടും മികവാർന്ന പ്രവർത്തനത്തോടെയും മുന്നേറാൻ ആവശ്യമായ തീരുമാനങ്ങൾ സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. 2030-ഓടെ എല്ലാ രാജ്യങ്ങളിലും വികസനം ലക്ഷ്യമിട്ടുകൊണ്ട് ഐക്യരാഷ്ട്ര സംഘടന വിഭാവനം ചെയ്തിട്ടുള്ള "സുസ്ഥിര വികസന ലക്ഷ്യങ്ങൾ" എന്ന പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ നടത്തിവരുന്നു. സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിനായി നിയോഗിക്കപ്പെട്ടിരിക്കുന്ന നോഡൽ ഡിപ്പാർട്ടുമെന്റുകളുടെ നേതൃത്വത്തിൽ സംസ്ഥാനത്തിന്റെ റാങ്കിംഗ്

മെച്ചപ്പെടുത്തുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും തദ്ദേശസ്വയംഭരണം, കൃഷി എന്നീ വകുപ്പുകളുടെ നേതൃത്വത്തിലുള്ള വികസന ലക്ഷ്യങ്ങളുടെ യോഗങ്ങൾ ഇതിനോടകം പൂർത്തീകരിച്ചുകഴിഞ്ഞു.

**ലോക്കൽ ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച്**

12 (*162) ശ്രീമതി യു. പ്രതിഭ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എം. വിജിൻ:
ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ആഗോള താപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും മാറ്റങ്ങൾമൂലമുള്ള ദുരന്തങ്ങൾ ചെറുക്കുന്നതിന് വിവിധ വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികൾ രാജ്യത്തിനുതന്നെ മാതൃകയാക്കാവുന്നതാണെന്ന് പൊതു അഭിപ്രായമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ദീർഘവീക്ഷണത്തോടെ ദുരന്ത സാഹചര്യങ്ങളെ വിലയിരുത്തുകയും ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും മാറ്റങ്ങൾ മൂലമുള്ള ദുരന്തങ്ങൾ നേരിടാൻ സർക്കാരിനെ സജ്ജമാക്കുന്നതിന് കേരള

ദുരന്തനിവാരണ അതോറിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കേരളത്തിന്റെ ദുരന്ത ലഘൂകരണ പദ്ധതിയും ദുരന്തസാധ്യതാ മേഖലകളിൽ നിന്ന് കുടുംബം ഒന്നിന് 10 ലക്ഷം രൂപ നൽകി ജനങ്ങളെ സുരക്ഷിത മേഖലകളിലേക്ക് മാറ്റാനുള്ള പദ്ധതിയും സർക്കാർ നടപ്പിലാക്കി വരുന്നു. കേരളത്തിലെ കാലാവസ്ഥാ വ്യതിയാന പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനുമായി കേരള സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷൻ (Kerala State Climate Change Adaptation Mission – KSCCAM) രൂപീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി രാജ്യത്തെ ആദ്യത്തെ സംയോജിത ക്ലൗഡ് അധിഷ്ഠിത ദുരന്തസാധ്യതാ വിശകലന-മുന്നറിയിപ്പ് സംവിധാനമായ 'കവചം' വികസിപ്പിച്ചു. ദുരന്ത സാധ്യതയുണ്ടെന്ന് കാണുന്ന പ്രദേശത്തെ മൊബൈൽ ഫോണുകളിലേക്ക് കേന്ദ്രീകൃതമായി ദുരന്ത മുന്നറിയിപ്പുകൾ എത്തിക്കുന്നതിന് സന്ദേശങ്ങൾ ലഭ്യമാക്കുന്ന Common Alert Protocol സംവിധാനം, 126 സ്ഥലങ്ങളിൽ സയറണുകൾ, സ്ട്രോബ് ലൈറ്റുകൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സാമൂഹിക മാധ്യമ സംവിധാനങ്ങളിലും വെബ്സൈറ്റിലും 1070, 1079, 1077 എന്നീ നമ്പറുകളിൽ നിന്നും കേരളത്തിലെ മഴ, ചൂട്, ഇടിമിന്നൽ, പ്രളയം, അണക്കെട്ടുകളിലെ ജലനിരപ്പ്, പുഴയിലെ ജലനിരപ്പ്, കടൽ സ്ഥിതി, കടലിലെ കാറ്റിന്റെ ശക്തി, ചുഴലിക്കാറ്റ് മുന്നറിയിപ്പ് എന്നിവയും അവയോട് അനുബന്ധിച്ച് പൊതുജനങ്ങൾ സ്വീകരിക്കേണ്ട മുന്നൊരുക്ക നടപടികളും വിശദമായി ദൈനംദിനം നല്കിവരുന്നു.

സംസ്ഥാന ജലസേചന വകുപ്പും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും സംയുക്തമായി പെരിയാർ നദിയുടെ പ്രളയ മുന്നറിയിപ്പ് സംവിധാനം വികസിപ്പിച്ചിട്ടുണ്ട്.

ദുരന്ത നിവാരണം തദ്ദേശതലത്തിൽ എത്തിക്കുന്നതിന് ആരംഭിച്ച 'നമ്മൾ നമുക്കായി' പദ്ധതിയുടെ പ്രവർത്തനം കൂടുതൽ സാങ്കേതിക വിവരങ്ങളോടുകൂടി കിലയും, ദുരന്ത നിവാരണ അതോറിറ്റിയും ചേർന്ന് നടപ്പിലാക്കി വരുന്നു.

തദ്ദേശ വകുപ്പ് വികസിപ്പിക്കുന്ന ദുരന്ത-കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ പ്രവർത്തന നിരീക്ഷണ software ആവശ്യമായ തദ്ദേശ സ്ഥാപനങ്ങളുടെ ദുരന്ത സാധ്യതാ റാങ്കിംഗ്, തദ്ദേശതല കാലാവസ്ഥാ വ്യതിയാന വിവരം എന്നിവ തയ്യാറാക്കി നൽകിവരുന്നു. വയനാട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി നടപ്പാക്കുന്ന മഴ നിരീക്ഷണ-ദുരന്ത മുന്നറിയിപ്പ് സംവിധാനം, പത്തനംതിട്ട ജില്ലയിലെയും കോട്ടയം ജില്ലയിലെ മീനച്ചിലെയും മഴ-പുഴ നിരീക്ഷണ ശൃംഖല എന്നിവ നടപ്പിലാക്കി.

വിവിധ കാലഘട്ടങ്ങളിലെ പ്രളയ ആവർത്തന സാധ്യതാപ്രദേശങ്ങളുടെ സൂക്ഷ്മ ഭൂപടങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. രാജ്യത്ത്, കേരളത്തിൽ മാത്രമാണ് വികേന്ദ്രീകൃത ദുരന്ത ലഘൂകരണ ഭരണ-മേൽനോട്ട സംവിധാനം നിലവിലുള്ളത്. സ്കൂൾ ദുരന്ത നിവാരണ പ്ലാനുകൾ എല്ലാ സ്കൂളുകളിലും നടപ്പിലാക്കുന്നതിനായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും യൂണിസെഫും സംയുക്തമായി വികസിപ്പിച്ച 'ഉസ്കൂൾ' ആപ്പ് പ്രകാശനം ചെയ്യുകയുണ്ടായി. കേരളത്തെയാണ് രാജ്യത്ത് ആദ്യമായി മൊത്തത്തിൽ Civil Defence സംസ്ഥാനമായി പ്രഖ്യാപിക്കുന്നത്.

കേരളത്തിൽ ശരാശരി 100 വ്യക്തികൾക്ക് ഒരു സന്നദ്ധ പ്രവർത്തകൻ എന്ന നിലയിൽ 3.4 ലക്ഷം പേരുള്ള സാമൂഹിക സന്നദ്ധ സേന പ്രവർത്തിക്കുന്നു. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മേൽനോട്ടത്തിൽ ആപതാ മിത്ര പദ്ധതി ഉപയോഗിച്ച് കോട്ടയം ജില്ലയിൽ 200 പേരുടെ ഒരു സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണസേന രൂപീകരിച്ചു.

(ബി) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ നേതൃത്വത്തിലുള്ള ലോക്കൽ ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച് പരിശീലനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കാലാവസ്ഥ വ്യതിയാന കർമ്മ പദ്ധതിയുടെ രീതിശാസ്ത്രം കില മറ്റ് സ്ഥാപനങ്ങളുമായി സഹകരിച്ച് 2018-ൽ തയ്യാറാക്കുകയും 11 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൈലറ്റ് അടിസ്ഥാനത്തിൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2018-ലെ മഹാപ്രളയത്തിനുശേഷം ആരംഭിച്ച കേരള പുനർനിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് 2021-ൽ കേരള സർക്കാരും വേൾഡ് ബാങ്ക് കൺസോർഷ്യവുമായി ഒപ്പുവച്ച ഉടമ്പടി പ്രകാരം പമ്പാനദീതട ജില്ലകളിൽ കാലാവസ്ഥാ വ്യതിയാന പ്രവർത്തനങ്ങൾ

കാര്യക്ഷമമാകുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാലാവസ്ഥ വ്യതിയാന കർമ്മപദ്ധതി തയ്യാറാക്കി. ഇതിനകം 266 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടുന്ന പമ്പാനദീതടത്തിൽ, 217 തദ്ദേശസ്ഥാപനങ്ങൾ കാലാവസ്ഥ വ്യതിയാന കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പമ്പാനദീതട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കില പരിശീലനം നൽകിയിട്ടുണ്ട്. ഇവ കൂടാതെ മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിലും തൃശ്ശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിലും കാലാവസ്ഥ വ്യതിയാന കർമ്മ പദ്ധതി തയ്യാറാക്കി വരുന്നു. കൂടാതെ ദുരന്ത നിവാരണവും കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട് കർമ്മ പദ്ധതികളുടെ ഘടനയും പ്രാധാന്യവും ഉൾപ്പെടുത്തികൊണ്ടുള്ള ബോധവൽക്കരണം കില നടത്തുന്നുണ്ട്. 2021-2024 കാലയളവിൽ 170 പരിശീലനങ്ങൾ നടത്തി. ഇതിൽ 8519 പേർ പങ്കെടുത്തു.

കാലാവസ്ഥാ വ്യതിയാനവും ദുരന്ത സാധ്യത ലഘൂകരണവുമായി ബന്ധപ്പെട്ട് ഡി-കാറ്റ് ടൂൾ (D-CAT tool, ഡിസാസ്റ്റർ ആൻഡ് ക്ലൈമറ്റ് ആക്ഷൻ ട്രാക്കിംഗ്) കില വികസിപ്പിച്ചു. തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിലെ കാലാവസ്ഥാ വ്യതിയാന പ്രവർത്തനങ്ങൾക്കായുള്ള കാര്യശേഷി പടിപടിയായി ഉയർത്തുന്നതിന്റെ ഭാഗമായി പമ്പാനദീതട ജില്ലകളായ ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിൽ D-CAT വിലയിരുത്തൽ നടത്തിയിട്ടുണ്ട്.

**(സി) നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി ഹരിത കേരള മിഷൻ നേതൃത്വം നൽകുന്ന ജല സമൃദ്ധി, നെറ്റ് സീറോ കാർബൺ കാമ്പയിൻ പദ്ധതികളുടെ വിശദാംശം നൽകുമോ?**

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് 227 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ 208 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിക്കുന്നു. നീർച്ചാലുകൾ ഉൾപ്പെടുന്ന നീർച്ചാൽ ശൃംഖലകൾ പൂർണ്ണമായും വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കുന്നതിനായി 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' എന്ന പേരിൽ ഒരു കാമ്പയിൻ ഹരിതകേരള മിഷന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. മാപ്പിംഗ് പൂർത്തീകരിച്ച സ്ഥലങ്ങളിൽ നീർച്ചാൽ വീണ്ടെടുക്കുന്ന പ്രവർത്തനം

ആരംഭിച്ചിട്ടുണ്ട്. നാളിതുവരെ 1044 കി.മീ. നീർച്ചാലുകൾ ഇതിന്റെ ഭാഗമായി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 'നീരുറവ് പദ്ധതി' നടപ്പിലാക്കി വരുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി 32757 കിലോമീറ്റർ തോടുകളും 3350 കുളങ്ങളും മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിച്ചു. കൂടാതെ 4982 കുളങ്ങളും 17179 കിണറുകളും നിർമ്മിക്കുകയും 8576 കിണറുകളിൽ റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തോട് പുനരുജ്ജീവിപ്പിക്കുന്നതിനോടൊപ്പം 59743 താൽക്കാലിക തടയണകളും 538 സ്ഥിരം തടയണകളും നിർമ്മിച്ചിട്ടുണ്ട്. പുനരുജ്ജീവിപ്പിക്കുന്ന തോടുകളുടെ പാർശ്വസംരക്ഷണം കയർ ഭൂവസ്ത്രമുപയോഗിച്ച് ബലപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതുകൂടാതെ 22.1 കി.മീ പുഴകളും പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.

ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് 2050-ൽ നെറ്റ് സീറോ കാർബൺ അവസ്ഥയിലെത്താനുള്ള പ്രവർത്തനങ്ങൾക്കായി നവകേരളം

കർമ്മപദ്ധതി-II ഹരിതകേരള മിഷന്റെ നേതൃത്വത്തിൽ "നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ" കാമ്പയിൻ നടന്നുവരികയാണ്. സംസ്ഥാനത്തെ 92 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് ആദ്യഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചത്. എനർജി മാനേജ്മെന്റ് സെന്റർ, വേൾഡ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ട്, അനെർട്ട്, സി.ഡബ്ല്യു.ആർ.ഡി.എം, കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് തുടങ്ങിയവയുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് രൂപീകരിച്ച് ഇത്തരം ഏജൻസികളുടെ സംയോജനം ഉറപ്പുവരുത്തിക്കൊണ്ടാണ് കാമ്പയിൻ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നത്. നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങൾക്ക് സാങ്കേതിക പിന്തുണ നൽകാനായി എല്ലാ ജില്ലകളിലും പരിസ്ഥിതി രംഗത്തെ വിദഗ്ധർ, പരിസ്ഥിതി പ്രവർത്തകർ, ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടുന്ന കോർ ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. തിരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതഗൃഹ വാതകങ്ങളുടെ ആദ്യഘട്ട കാർബൺ എമിഷൻ കണക്കാക്കൽ പൂർത്തിയാക്കിയിട്ടുണ്ട്. പൊതുസ്ഥാപനങ്ങളിലെ ഊർജ്ജം

(ഗതാഗത മേഖല ഉൾപ്പെടെ), മാലിന്യം, കൃഷി തുടങ്ങിയ സ്രോതസ്സുകളിൽ നിന്നുമുള്ള എമിഷനാണ് ആദ്യഘട്ടത്തിൽ കണക്കാക്കിയിട്ടുള്ളത്. മാലിന്യത്തിൽ നിന്നുള്ള എമിഷൻ പൂർണമായും ഒഴിവാക്കാനുള്ള പ്രവർത്തനങ്ങൾ കാമ്പയിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു. പച്ചത്തുരുത്ത്, ഹരിത സമൃദ്ധി വാർഡ്, തരിശുരഹിത ഗ്രാമം, ദേവഹരിതം, വ്യവസായ സ്ഥാപനങ്ങളിലെ കൃഷി എന്നീ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നത് വഴി പരമാവധി കാർഷികോത്പാദനം വർദ്ധിപ്പിച്ച് കാർബൺ സംഭരണം കൂട്ടുന്നതിനുള്ള കാമ്പയിനുകളും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. "നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ" പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എനർജി മാനേജ്മെന്റ് സെന്ററുമായി യോജിച്ച് ഊർജ്ജ സംരക്ഷണ മേഖലയിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തുനടപ്പിലാക്കി വരുന്നു. ഇതിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലുമായി സംസ്ഥാനത്തെ 2395 അങ്കണവാടികളിൽ 'അംഗൻജ്യോതി' പദ്ധതി നടപ്പിലാക്കുന്നു. ഈ അങ്കണവാടികളിൽ

തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പദ്ധതികൾ വഴിയും മറ്റു സ്രോതസ്സുകളിലൂടെയും ഫണ്ട് കണ്ടെത്തി സോളാർ പാനലുകൾ സ്ഥാപിച്ച് അവയെ പൂർണമായും നെറ്റ് സീറോ കാർബൺ സ്ഥാപനങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. സർക്കാർ സ്ഥാപനങ്ങളുടെ ഊർജ്ജം ഓഡിറ്റ് നടത്തുന്നതിനും ഊർജ കാര്യക്ഷമതാ പ്രവർത്തനങ്ങൾ നടത്തുന്നതിനും വേണ്ടി "നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ" കാമ്പയിൻ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 1534 സർക്കാർ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. എല്ലാ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിലും സോളാർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി ഉൽപാദനം ലക്ഷ്യമിടുന്നു.

(ഡി) പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് രൂപപ്പെടുത്തിയ സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച് ഉൾപ്പെടെയുള്ള പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

സംസ്ഥാന കാലാവസ്ഥാ വ്യതിയാന കർമ്മ പദ്ധതി (SAPCC 2.0)-ക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരം 16 ഫെബ്രുവരി 2024-ൽ ലഭിക്കുകയുണ്ടായി. തുടർന്ന് കേരള കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു.

SAPCC Implementation-ന്റെ ഭാഗമായ Outcome 6-ൽ പ്രതിപാദിച്ചിട്ടുള്ള Establishment of Statewide Climate Data Collection and database systems-ന്റെ ഭാഗമായ "GHG Monitoring Mechanism" എന്ന പദ്ധതി നടപ്പിലാക്കി. സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ള ഹരിതഗൃഹ വാതക ബഹിർഗമനം നിർണ്ണയിക്കുകയും ആയതിന്റെ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. ഇതുകൂടാതെ പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു വെബ് പോർട്ടലും പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെയും വെബ് പോർട്ടലിന്റെയും പ്രകാശനം ജൂൺ 2024 ലോക പരിസ്ഥിതി ദിനാചരണ ചടങ്ങിൽ മുഖ്യമന്ത്രി നിർവഹിക്കുകയും ചെയ്തു. കൂടാതെ നിലവിൽ തയ്യാറാക്കിയിട്ടുള്ള ഹരിത ഗൃഹ വാതക ബഹിർഗമന

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 2050-ഓടെ കാർബൺ ന്യൂട്രലാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള കരട് കർമ്മ പദ്ധതി തയ്യാറാക്കുകയും ചെയ്തു. പ്രസ്തുത കർമ്മ പദ്ധതി അന്തിമമാക്കുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചു വരുന്നുണ്ട്.

Outcome 6-ൽ പ്രതിപാദിച്ചിട്ടുള്ള Establishment of Statewide Climate Data Collection and database systems-ന്റെ ഭാഗമായി Survey of India യുമായി ചേർന്ന് നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ പ്രാരംഭ ഘട്ടത്തിൽ കോഴിക്കോട് ബേപ്പൂരിൽ sea level monitoring system സ്ഥാപിക്കുന്നതിനുള്ള നടപടികൾ Survey of India നിലവിൽ സ്വീകരിച്ചു വരുന്നു. അടുത്ത ഘട്ടത്തിൽ കൊച്ചിയിലെയും വിഴിഞ്ഞത്തെയും Sea Level Monitoring System-ന്റെ Standardisation നും upgradation-നും നടത്തി Global Sea Level Observing System (GLOSS) Standard അനുസൃതമാക്കുന്നതിനുള്ള ചർച്ചകൾ നടത്തി വരുന്നു.

സംസ്ഥാനത്തിലെ പ്രധാന സെക്ടറുകളിൽ വരുന്ന വകുപ്പുകളോട് കാലാവസ്ഥ അനുകൂലനത്തിനായി നടപ്പിലാക്കി വരുന്നതും SAPCC 2.0-യിൽ

വിഭാവനം ചെയ്യിക്കുന്നതുമായ പദ്ധതികളുടെ അതിവേഗ നടത്തിപ്പ് ഉറപ്പ് വരുത്തുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

**പരസ്യ ബോർഡുകൾക്ക് പെർമിറ്റും ലൈസൻസും**

13 (*163) ഡോ. എം. കെ. മുനീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) പാതയോരങ്ങളിലും പൊതുസ്ഥലങ്ങളിലും പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

പാതയോരങ്ങളിലും പൊതുസ്ഥലങ്ങളിലും പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ 17-03-2023-ലെ G.O.(Rt)639/2023/LSGD നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയത് അനുബന്ധം - I ആയി

ചേർക്കുന്നു+. പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് നിലവിൽ പ്രസ്തുത ബോർഡുകളും ബാനറുകളും മറ്റും സ്ഥാപിക്കുന്നതും നീക്കം ചെയ്യുന്നതും.

(ബി) പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് പെർമിറ്റും ലൈസൻസും നിർബന്ധമാക്കാനും അക്കാര്യം പ്രസ്തുത ബോർഡിൽ പ്രദർശിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) അനധികൃതമായി സ്ഥാപിച്ചതും സുരക്ഷാഭീഷണി നേരിടുന്നതുമായ പരസ്യ ബോർഡുകൾ കണ്ടെത്തുന്നതിനും അവ നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ?

(ബി & സി) സ്വീകരിച്ചുവരുന്നുണ്ട്.

**കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ആരോഗ്യം**

14 (*164) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീമതി സി. കെ. ആശ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന കാണുന്ന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന മുഖ്യ പൊതുജനാരോഗ്യ പ്രശ്നങ്ങളിലൊന്നാണ് പരിസ്ഥിതി വ്യതിയാനംമൂലമുണ്ടാകുന്ന പുതിയ പകർച്ചവ്യാധികളെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

പരിസ്ഥിതി വ്യതിയാനത്തിന്റെ ദൂഷ്യഫലങ്ങൾ കേരളത്തിലെ പൊതുജനാരോഗ്യ മേഖലയിലും പ്രകടമാണ്. കാലാവസ്ഥാവ്യതിയാനം മൂലമുണ്ടാകുന്ന മാറ്റങ്ങൾ സൂക്ഷ്മ ജീവികളുടേയും രോഗവാഹകരുടേയും വ്യാപനത്തിനുതകുന്ന രീതിയിലാണ്. ഇത് പകർച്ചവ്യാധികളുടെ വ്യാപനത്തിനും പുതിയവയുടെ ഉത്ഭവത്തിനും കാരണമാകുന്നു.

തീവ്രമായ കാലാവസ്ഥാ വ്യതിയാനത്താൽ ഉണ്ടാകുന്ന പ്രളയം, വരൾച്ച മൂലമുള്ള ജലദൗർലഭ്യം തുടങ്ങിയവ പകർച്ചവ്യാധികൾക്ക് കാരണമാകുന്നത് തടയുന്നതിനായി അത്തരം പ്രദേശങ്ങൾ നേരത്തെതന്നെ മനസ്സിലാക്കി പ്രതിരോധ നടപടികൾ എടുത്തുവരുന്നു.

(ബി) ദുർബല ജനവിഭാഗങ്ങൾക്ക് ആതുരസേവനം ഉറപ്പാക്കുന്നതിനും പകർച്ചവ്യാധികളുടെ വ്യാപനം തടയുന്നതിനും ജീവിതശൈലീ രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തി പ്രതിരോധിക്കുന്നതിനും ചികിത്സിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ദുർബല ജനവിഭാഗങ്ങൾക്ക് ആതുരസേവനം ഉറപ്പാക്കുന്നതിന് ശക്തമായ ഒരു പ്രാഥമികാരോഗ്യ ശൃംഖല നമുക്കുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ/സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ/കുടുംബാരോഗ്യ കേന്ദ്രങ്ങൾ/ ഹെൽത്ത് & വെൽനെസ് സെന്റർ എന്നിവയിലൂടെ പകർച്ചവ്യാധികൾ പ്രതിരോധിക്കാനും ചികിത്സിക്കാനും ആവശ്യമെങ്കിൽ റഫറൽ സേവനം നൽകാനും കഴിയുന്നു. താലൂക്ക്, ജില്ലാ, ജനറൽ, മെഡിക്കൽ കോളേജ് ആശുപത്രികളിലൂടെ സ്പെഷ്യാലിറ്റി/വിദഗ്ധ സേവനങ്ങളും ലഭ്യമാക്കുന്നു. ദുർബല ജനവിഭാഗങ്ങൾക്ക് ആതുരസേവനം ഉറപ്പാക്കുന്നതിന് സ്വീകരിച്ച പ്രധാന നടപടികൾ ചുവടെ ചേർക്കുന്നു:

- നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും ഒ.പി. സമയം ഉൾപ്പടെയുള്ള സേവനങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തു.
- കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലാബ് പരിശോധനാ സംവിധാനങ്ങൾ കൂടുതൽ പ്രാപ്യമാക്കുവാൻ Hub and Spoke സംവിധാനം മുഖേന സാമ്പിളുകൾ ശേഖരിക്കുന്ന പ്രക്രിയ നടപ്പിലാക്കി വരുന്നു.
- ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകൾ ഉൾപ്പെടെ വിവിധ ലാബുകൾക്ക് പകർച്ചവ്യാധി പരിശോധന കിറ്റുകൾ ലഭ്യമാക്കിയിട്ടുണ്ട്.
- അവശ്യ മരുന്നുകളുടെ ലഭ്യത എല്ലാ സർക്കാർ ആശുപത്രികളിലും ഉറപ്പാക്കിയിട്ടുണ്ട്. അർഹരായ ജനവിഭാഗങ്ങൾക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖേന സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു.

പകർച്ചവ്യാധികളുടെ വ്യാപനം തടയുന്നതിനും ജീവിതശൈലീ രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തി പ്രതിരോധിക്കുന്നതിനും

ചികിത്സിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർക്കുന്നു+.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രാഥമികാരോഗ്യ മേഖലയിൽ നവീന പദ്ധതികൾ തയ്യാറാക്കാനും ഏറ്റെടുത്ത പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകാനും ആരോഗ്യവകുപ്പിന്റെ പൂർണ്ണ പിന്തുണ ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉറപ്പുവരുത്തിയിട്ടുണ്ട്. പ്രാഥമികാരോഗ്യ മേഖലയുമായി ബന്ധപ്പെട്ട നവീന പദ്ധതികൾ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുന്നത് വഴി ആരോഗ്യ വകുപ്പിന്റെ പരിപൂർണ്ണ പിന്തുണ ഉറപ്പാക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നുണ്ട്.

ആർദ്രം പദ്ധതിയുടെ ഭാഗമായ വൺ ഹെൽത്ത് പ്രോഗ്രാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു. Kerala Institute of Local Administration (KILA)-യുടെ പിന്തുണയോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, സെക്രട്ടറിമാർ, മറ്റ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മിഷനുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകളിൽ നിന്നുള്ള പ്രതിനിധികൾ എന്നിവർക്കായി പരിശീലന പരിപാടികൾ നടത്തിവരുന്നു.

(ഡി) കുടുംബാരോഗ്യ കേന്ദ്രങ്ങളിലെയും ജനകീയാരോഗ്യ കേന്ദ്രങ്ങളിലെയും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ, അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ എന്നിവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 2022 ഏപ്രിൽ മാസം 1-നാണ് കേരളത്തിൽ ആദ്യമായി അർബൻ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റേഴ്സ് പ്രവർത്തനം ആരംഭിച്ചത്. 2024 ജൂൺ 14 വരെയുള്ള കണക്കുകളനുസരിച്ച് സംസ്ഥാനത്ത് 380 അർബൻ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ അനുവദിച്ചതിൽ 215 എണ്ണം പ്രവർത്തനക്ഷമമാണ്. എൻ.എച്ച്.എം. ജില്ലാ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ് ഓരോ മാസവും ഇത്തരം കേന്ദ്രങ്ങളുടെ അവലോകന യോഗം നടത്തി പ്രവർത്തന പുരോഗതി വിലയിരുത്തി വരുന്നുണ്ട്. പ്രസ്തുത യോഗങ്ങളിൽ വെൽനെസ്സ് സെന്ററുകളിലെ ജീവനക്കാരുടെ ലഭ്യത, മരുന്ന്, മറ്റു ഉപകരണങ്ങൾ, ലബോറട്ടറി സേവനം, പുതുതായി കൂട്ടിച്ചേർക്കേണ്ട

പ്രവർത്തനങ്ങൾ, നിലവിലെ പോരായ്മകൾ, അടിയന്തരമായി തീരുമാനമെടുക്കേണ്ട വിഷയങ്ങൾ എന്നിവ യോഗം ചർച്ച ചെയ്ത് ഉടനടി തീരുമാനമെടുക്കാറുണ്ട്.

എല്ലാ ജില്ലകളിലെയും അർബൻ ഹെൽത്ത് കോ-ഓർഡിനേറ്റർമാർ അവരുടെ പ്രതിമാസ സന്ദർശന പരിപാടിയുടെ ഭാഗമായി അർബൻ സെന്റർ നേരിട്ട് സന്ദർശിച്ച് പുരോഗതി വിലയിരുത്തുന്നു. സംസ്ഥാന ഓഫീസിലെ ഉദ്യോഗസ്ഥരും ഇത്തരം ജില്ലാ സന്ദർശനത്തിലൂടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. അർബൻ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകളുടെ പ്രവർത്തനത്തിന്റെ പ്രധാന പങ്കാളി അതത് പ്രദേശത്തെ നഗരസഭകളാണ്. നഗരസഭകളും ഈ അവലോകന പരിപാടികളിൽ സജീവ ഭാഗമാകുന്നുണ്ട്. ഓരോ അർബൻ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററിന്റെ ഭാഗമായി രൂപീകരിക്കപ്പെട്ടിരിക്കുന്ന ജനകീയ ആരോഗ്യ സമിതികൾ (JAS) യോഗം ചേർന്ന് പുരോഗതി വിലയിരുത്തുന്നു.

കൂടാതെ, ഇത്തരം കേന്ദ്രങ്ങളുടെ ദൈനംദിന പ്രവർത്തനം വിലയിരുത്തുന്നതിന് സർക്കാർതന്നെ രൂപകൽപ്പന ചെയ്ത വെബ്

പോർട്ടലുകൾ ജില്ലാ/സംസ്ഥാന യൂണിറ്റുകൾക്ക് വെൽനെസ്സ് സെന്ററുകളുടെ പ്രവർത്തന പുരോഗതി നേരിട്ട് അവലോകനം ചെയ്യാൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

ജനകീയ ആരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളും സന്ദർശിച്ച് സംസ്ഥാന, ജില്ലാ, ബ്ലോക്ക് തല ഉദ്യോഗസ്ഥർ സപ്പോർട്ടീവ് സൂപ്പർവിഷൻ പതിവായി നടത്തുന്നു.

നഗരസഭകളിലെ അർബൻ ഹെൽത്ത് & വെൽനസ്സ് സെന്ററുകളുടെ പ്രവർത്തന പുരോഗതി ജില്ലാ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്നും കൂടാതെ ജില്ലാ തലത്തിലും കൃത്യമായ ഇടവേളകളിൽ അവലോകനം നടത്തി പുരോഗതി വിലയിരുത്തി വരികയും മതിയായ നിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നുണ്ട്. ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റികളും പ്രവർത്തനം വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ മന്ത്രിതലത്തിലും ആരോഗ്യ

വകുപ്പ് സെക്രട്ടറിതലത്തിലും ഇടയ്ക്കിടെ യോഗം ചേർന്ന് പ്രവർത്തനം അവലോകനം ചെയ്യുന്നുണ്ട്.

**ഐ.ടി. നിക്ഷേപ സംരംഭങ്ങൾ**

15 (*165) ശ്രീ. ലിന്റോ ജോസഫ്:
ഡോ. കെ. ടി. ജലീൽ:
ശ്രീ. വി. ജോയി:
ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ഐ.ടി. പോലുള്ള വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുന്നതിന് അനുസൃതമായ നയരേഖ 2016 സർക്കാരിന്റെ കാലത്ത് അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

2017-ൽ സർക്കാർ വിവരസാങ്കേതിക വിദ്യാ നയം രൂപീകരിച്ചിരുന്നു. പ്രസ്തുത നയത്തിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എല്ലാവർക്കും ഇന്റർനെറ്റ് സൗകര്യം ഉറപ്പുവരുത്തുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് കെ-ഫോൺ പദ്ധതി പര്യാപ്തമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

നിലവിൽ, 21529 സർക്കാർ സ്ഥാപനങ്ങളിലും ഓഫീസുകളിലും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 5699 വീടുകളിൽ സൗജന്യമായും 10721 ഉപഭോക്താക്കൾക്ക് വാണിജ്യാടിസ്ഥാനത്തിലും കെ-ഫോൺ മുഖേന ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സൗജന്യമായി കണക്ഷൻ നൽകുന്നതിനുള്ള നടപടി വേഗത്തിലാക്കാൻ ആവശ്യമായ നിർദേശം നൽകിയിട്ടുണ്ട്. എല്ലാവരിലേക്കും ഇന്റർനെറ്റ് എത്തിക്കുന്ന നടപടികളുടെ ഭാഗമായാണ് തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ, പാലക്കാട് ജില്ലയിലെ അട്ടപ്പാടി എന്നീ സ്ഥലങ്ങളിൽ കെ-ഫോൺ മുഖേന ഇന്റർനെറ്റ് ലഭ്യമാക്കിയത്. കൂടുതൽ കണക്ഷനുകൾ നൽകി ഇന്റർനെറ്റ് സൗകര്യം എല്ലാവരിലേക്കും എത്തിക്കാനുള്ള ലക്ഷ്യം നിറവേറ്റാൻ കെ-ഫോൺ പദ്ധതിക്ക് സാധിക്കും.

(സി) രാജ്യത്താദ്യമായി ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ചതും കെ-ഫോൺ പദ്ധതിയും ഐ.ടി. മേഖലയിൽ കേരളത്തിന്റെ യശസ്സ് വർദ്ധിപ്പിക്കാനും അതിലൂടെ സംസ്ഥാനത്തേയ്ക്ക് വലിയതോതിൽ ഐ.ടി. നിക്ഷേപസംരംഭങ്ങൾ കടന്നുവരുന്നതിനും സഹായകമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ?

ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ചുകൊണ്ട് കെ-ഫോൺ പദ്ധതിയിലൂടെ എല്ലാവരിലേക്കും ഇന്റർനെറ്റ് സൗകര്യം എത്തിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇന്റർനെറ്റ് ലഭ്യത സാർവത്രികമാക്കുന്നതിലൂടെ ഡിജിറ്റൽ സാക്ഷരത കൈവരിക്കാനാകും. വിജ്ഞാന സമ്പദ്‌വ്യവസ്ഥയ്ക്ക് ആവശ്യമായ തൊഴിൽ നൈപുണ്യം പ്രദാനം ചെയ്യാനും സ്വകാര്യ ടെലികോം കമ്പനികളെ അപേക്ഷിച്ച് സംരംഭകർക്ക് കുറഞ്ഞ ചെലവിൽ സേവനം ലഭിക്കുന്നതിനും ഐ.ടി. പാർക്കുകളിലും മറ്റും 5 ജി സേവനവും ലഭ്യമാക്കാനും ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, ഇന്റർനെറ്റ്-ഓഫ്-തിംഗ്സ് എന്നിവയുടെ വളർച്ചയ്ക്കും കെ-ഫോൺ പ്രയോജനപ്പെടും. ഇപ്രകാരം കെ-ഫോൺ പദ്ധതിയിലൂടെ കൈവരിക്കുന്ന

സൗകര്യങ്ങൾ സംസ്ഥാനത്തേയ്ക്ക് കൂടുതൽ ഐ.ടി. നിക്ഷേപ സംരംഭങ്ങൾ കടന്നു വരുന്നതിനും സഹായകമാകും.

**മദ്യനയം സംബന്ധിച്ച് ചീഫ് സെക്രട്ടറി വിളിച്ച യോഗം**

16 (*166) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) 2024 ജനുവരി മാസത്തിൽ ചീഫ് സെക്രട്ടറി വിളിച്ച യോഗത്തിൽ മദ്യനയ മാറ്റം ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്തിരുന്നോ?

ഇല്ല. 2024-25-ലെ മദ്യനയവുമായി ബന്ധപ്പെട്ട വിഷയങ്ങളൊന്നും ചർച്ച ചെയ്തിട്ടില്ല.

(ബി) പ്രസ്തുത യോഗത്തിൽ മദ്യനയത്തിൽ ഉൾപ്പെടുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് എക്സൈസ് വകുപ്പ് നിർദേശങ്ങൾ എന്തെങ്കിലും നൽകിയിരുന്നോ?

ഇല്ല.

(സി) എങ്കിൽ എന്തൊക്കെ നിർദേശങ്ങളാണെന്ന് വ്യക്തമാക്കുമോ?

ബാധകമല്ല.

**കെ- സോട്ടോ**

17 (*167) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) രൂപീകരിക്കാനിടയായ സാഹചര്യം വ്യക്തമാക്കാമോ?

1994-ൽ പാർലമെന്റ് പാസാക്കിയ മനുഷ്യാവയവ കൈമാറ്റ നിയമം അടിസ്ഥാനമാക്കി 2012-ൽ സംസ്ഥാനത്ത് തുടക്കം കുറിച്ച മരണാനന്തര അവയവദാന പദ്ധതിയാണ് കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിങ്-മൃതസഞ്ജീവനി. മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു മൃതസഞ്ജീവനി പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിട്ടിരുന്നത്. ചികിത്സയുമായി ബന്ധപ്പെട്ടുള്ള മനുഷ്യ അവയവങ്ങളുടെയും ടിഷ്യൂകളുടെയും നീക്കം ചെയ്യൽ, സംഭരണം, മാറ്റിവെയ്ക്കൽ എന്നിവ നിയന്ത്രിക്കുന്നതിനും ഇവയിലെ വാണിജ്യ ഇടപാടുകൾ തടയുന്നതിനുമായി പുറപ്പെടുവിച്ച 2014-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആൻഡ് ടിഷ്യൂസ് റൂൾസിലെ ചട്ടം 31 പ്രകാരം സ്റ്റേറ്റ് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷനായി പ്രവർത്തിക്കുന്നതിനും നാഷണൽ ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് പ്രോഗ്രാമിന്റെ നിർവഹണ ഏജൻസിയായി പ്രവർത്തിക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ DDMOTP (Deceased Donor Multi Organ Transplantation Program) എന്ന പദ്ധതിയുടെ നടത്തിപ്പിനും

അവയവദാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനും ഒരു കുടകീഴിലാക്കുന്നതിനുംവേണ്ടി 2021-ൽ കെ-സോട്ടോ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചു.

(ബി) കെ-സോട്ടോയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ഇതുവരെ നടത്തിയ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കെ-സോട്ടോയുടെ പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.

1. മരണാനന്തര അവയവദാന കാമ്പയിനുകൾ വിവിധ സ്ഥലങ്ങളിൽ സംഘടിപ്പിക്കുക, ട്രാൻസ്‌പ്ലാന്റ് സെന്ററുകളിൽ അവയവമാറ്റ ശസ്ത്രക്രിയക്കുള്ള സൗകര്യങ്ങളുണ്ടോ എന്ന് പരിശോധിച്ച് ലൈസൻസ് നൽകുക.

2. മരണാനന്തര അവയവദാനങ്ങൾ ഏകോപിപ്പിക്കുകയും അതുവഴി അവയവങ്ങൾ മരണാനന്തരം രോഗികൾക്ക് ദാനം ചെയ്യുകയും ചെയ്യുക.

3. THOT ACT പ്രകാരമുള്ള അപ്രോപ്രിയേറ്റ് അതോറിറ്റിയുടെ ഓഫീസ് ആയി പ്രവർത്തിക്കുക.

4. സ്റ്റേറ്റ് പൊലീസ് ചീഫിന്റെ സഹായത്തോടെ ആവശ്യമെങ്കിൽ അവയവങ്ങൾ എയർ ലിഫ്റ്റ് ചെയ്യുന്നതിന് ഹെലികോപ്റ്റർ സംവിധാനം ഒരുക്കുക.

5. മെഡിക്കൽ/പാര മെഡിക്കൽ സ്റ്റാഫുകൾക്കായി ട്രെയിനിങ് സംഘടിപ്പിക്കുക.

6. ജില്ലാതല ആതറൈസേഷൻ കമ്മിറ്റി അംഗങ്ങൾക്ക് ട്രെയിനിംഗ് നൽകുക.

7. ബ്രെയിൻ സ്റ്റം ഡെത്ത് സർട്ടിഫിക്കേഷനുവേണ്ടി ഡോക്ടർമാരെ എംപാനൽ ചെയ്യുന്നതിനുള്ള ട്രെയിനിങ് നടത്തുക.

8. മരണാനന്തര അവയവദാനം ഏകോപിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

9. ഒരു റെഗുലേറ്ററി ഏകോപന സമിതി എന്ന നിലയിൽ അവയവദാന പ്രവർത്തനങ്ങളിൽ സഹായിക്കാനും ഉപദേശിക്കാനും എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കുക. ക്രമക്കേടുകൾ പരിശോധിച്ച് ശ്രദ്ധയിൽപ്പെട്ടാൽ അതിനെതിരെ അച്ചടക്കനടപടി കൈക്കൊള്ളുക.

10.ലൈവ് ഓർഗൻ ട്രാൻസ്പ്ലാന്റ് സംബന്ധിച്ച വിഷയത്തിൽ ആരോഗ്യ അധികാരികളുമായി സഹകരിച്ച് പതിവ് ഓഡിറ്റുകളും പരിശോധനയും ഉൾപ്പെടെയുള്ളവ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. അവയവ മാറ്റിവെക്കൽ ശസ്ത്രക്രിയക്ക് അംഗീകാരം നൽകുന്നതിനുള്ള പ്രോട്ടോക്കോളുകൾ കാര്യക്ഷമമാക്കുക.

11.പ്രവർത്തനങ്ങളിലെ പൂർണ്ണ സുതാര്യത പൊതുജനങ്ങളിൽ വെബ് സൈറ്റ്/മീഡിയ മുതലായവയിലൂടെ എത്തിക്കുക.

12.അവയവദാനവും മാറ്റിവെയ്ക്കലും നിലവിലുള്ള പ്രോട്ടോക്കോളുകൾ പാലിച്ചാണോ നടക്കുന്നതെന്ന് ഉറപ്പുവരുത്തുക.

പേഷ്യന്റ് രജിസ്ട്രേഷൻ, അവയവ വിന്യാസം തുടങ്ങിയ അവയവദാനം സംബന്ധിച്ച എല്ലാ വിവരങ്ങളും ഒറ്റ ക്ലിക്കിൽ ലഭ്യമാക്കുന്നതിനായി എൻ.ഐ.സി.-യുടെ സഹായത്തോടെ www.ksotto.kerala.gov.in എന്ന വെബ് സൈറ്റ് കെ-സോട്ടോ ജൂൺ 2023-ൽ ആരംഭിച്ചിട്ടുണ്ട്. ഈ വെബ് സൈറ്റ് വഴി മരണാനന്തര അവയവദാന സമ്മതപത്രം

സമർപ്പിക്കാവുന്നതാണ്. അവയവമാറ്റ ശസ്ത്രക്രിയാനന്തര ആഡിറ്റ് കെ-സോട്ടോയുടെ നേതൃത്വത്തിൽ നടത്തിവരുന്നു.

കെ-സോട്ടോയുടെ അനുദിന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും വിലയിരുത്തുന്നതിനുമായി ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായ എക്സിക്യൂട്ടീവ് കമ്മിറ്റിയും നയപരമായ കാര്യങ്ങൾക്ക് മേൽനോട്ടം നിർവഹിക്കുന്നതിന് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി അധ്യക്ഷയായ ഗവേർണിംഗ് ബോഡിയും നിലവിലുണ്ട്. ഈ കമ്മിറ്റികൾ കെ-സോട്ടോയുടെ പ്രവർത്തന പുരോഗതി നിശ്ചിത ഇടവേളകളിൽ വിലയിരുത്തി വരുന്നു.

(സി) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ മരണാനന്തര അവയവദാനവും ജീവിച്ചിരിക്കുന്നവരിലെ അവയവദാനവും എത്ര വീതം നടന്നിട്ടുണ്ടെന്ന് അറിയിക്കാമോ?

വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) സ്വകാര്യ ആശുപത്രികളിലെ ബന്ധുവേതര അവയവദാനം ഏതെല്ലാം നിയമത്തിന്റെയും നിബന്ധനകളുടെയും അടിസ്ഥാനത്തിലാണ് നടത്തപ്പെടുന്നതെന്ന് വിശദമാക്കാമോ;

(ഇ) ബന്ധുവേതര അവയവദാനത്തിൽ അവയവദാതാവും സ്വീകർത്താവും തമ്മിൽ പണമിടപാട് ഇല്ലെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം കർശന നിയന്ത്രണങ്ങളും പരിശോധനകളുമാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ?

(ഡി & ഇ) ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് ആക്ട് 1994, ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് റൂൾസ് 2014, 19-11-2010-ലെ 14931/എസ്2/2009/ആ.കു.വ നമ്പർ വിജ്ഞാപനം എന്നിവ പ്രകാരമാണ് ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവമാറ്റം നടക്കുന്നത്. ബന്ധുവേതര അവയവദാനത്തിൽ, ജില്ലാതല ആതറൈസേഷൻ കമ്മിറ്റി അവയവ ദാതാവും സ്വീകർത്താവും തമ്മിൽ പണമിടപാട് ഇല്ലെന്ന് ഉറപ്പുവരുത്തുവാനായി ദാതാവിന്റെയും സ്വീകർത്താവിന്റെയും കഴിഞ്ഞ 3 വർഷത്തെ ബാങ്ക് ഇടപാടുകൾ

പരിശോധിക്കാറുണ്ട്. കൂടാതെ അവർ തമ്മിലുള്ള അവയവമാറ്റത്തിൽ പണമിടപാടുകളൊന്നും ഇല്ലായെന്നും സംയുക്ത അപേക്ഷയിൽ പറയുന്നതുപോലെയുള്ള ബന്ധം അവർ തമ്മിൽ ഉണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നതിനും ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നോ, ജനപ്രതിനിധികളിൽ നിന്നോ ഉള്ള സർട്ടിഫിക്കറ്റും പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റും കമ്മിറ്റി മുമ്പാകെ ഹാജരാക്കേണ്ടതായിട്ടുണ്ട്. ബന്ധുവേതര അവയവദാനത്തിൽ ദാതാവും സ്വീകർത്താവും തമ്മിലുള്ള ബന്ധം സ്ഥാപിക്കുന്നതിനുള്ള ഒരു സാക്ഷ്യപത്രം എന്ന നിലയിലാണ് ജനപ്രതിനിധികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് കമ്മിറ്റി പരിഗണിക്കുന്നത്. ഇതിനുപുറമെ അവയവദാതാവിനെയും സ്വീകർത്താവിനെയും അവരുടെ അടുത്ത ബന്ധുക്കളേയും കമ്മിറ്റി നേരിൽ കേൾക്കുകയും പണമിടപാടുകളൊന്നും തന്നെയില്ലെന്നും ജീവകാരുണ്യപരമായ കാരണങ്ങളാലാണ് അവയവദാനം എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. അവയവദാന ശസ്ത്രക്രിയയിൽ ഉൾപ്പെട്ടിരിക്കുന്ന സങ്കീർണ്ണതകളേയും അവയവദാനത്തിനുശേഷം പുലർത്തേണ്ട

ജീവിതശൈലി എന്നിവയെക്കുറിച്ചും ദാതാവിനേയും അവരുടെ അടുത്ത ബന്ധുക്കളേയും ബോധ്യപ്പെടുത്തുന്നതാണ്. കൂടാതെ കമ്മിറ്റിയുടെ പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും ആവശ്യമെങ്കിൽ പുന:പരിശോധന നടത്തുന്നതിനുംവേണ്ടി കമ്മിറ്റിയുടെ നടപടിക്രമങ്ങളും അഭിമുഖങ്ങളും വീഡിയോ റെക്കോഡ് ചെയ്ത് സൂക്ഷിക്കുന്നു. ഇപ്രകാരം സൂക്ഷ്മ പരിശോധന നടത്തിയ ശേഷം മാത്രമാണ് കമ്മിറ്റി ശസ്ത്രക്രിയക്ക് അനുവാദം നൽകുന്നത്.

**തെരുവുനായ്ക്കളെ നിയന്ത്രിക്കാൻ നടപടി**

18 (*168) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) ആക്രമണകാരികളായ തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി ഇടപെടുന്നില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ?

ABC പ്രോഗ്രാമും വാക്സിനേഷൻ പ്രോഗ്രാമും നടപ്പിലാക്കുവാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആക്രമണകാരികളായ തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. പൊതുജനങ്ങളുടെ ഭാഗത്തുനിന്ന് ABC കേന്ദ്രങ്ങൾ, ഷെൽട്ടറുകൾ എന്നിവ ഒരുക്കുന്നതിനെതിരായി ശക്തമായ എതിർപ്പാണ് പ്രധാന തടസ്സമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചൂണ്ടിക്കാണിക്കുന്നത്.

(ബി) തെരുവുനായ്ക്കളുടെ വന്ധ്യംകരണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

തദ്ദേശസ്വയംഭരണ വകുപ്പും മൃഗസംരക്ഷണ വകുപ്പും സംയുക്തമായി എ.ബി.സി. പ്രവർത്തനം നടത്തിവരുന്നു. പ്രസ്തുത പ്രവർത്തനത്തിനായി

മൃഗസംരക്ഷണ വകുപ്പ് സാങ്കേതിക സഹായം നൽകി വരുന്നു. നിലവിൽ സംസ്ഥാനത്ത് 15 എ.ബി.സി. കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. പുതിയ 9 കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടികൾ നടന്നുവരുന്നു.

എ.ബി.സി. പ്രോഗ്രാമിന് പദ്ധതി തുക വകയിരുത്തി ജില്ലാ പഞ്ചായത്തിന് കൈമാറുന്നു. തദ്ദേശസ്ഥാപനത്തിൽനിന്ന് വിവരം നൽകുന്നതിന്റെ അടിസ്ഥാനത്തിൽ അതത് ജില്ലകളിലെ എ.ബി.സി. കേന്ദ്രത്തിൽ വന്ധ്യംകരണം നടത്തി വരുന്നു. കണ്ണൂർ ഒഴികെയുള്ള കോർപ്പറേഷനുകളിലും വന്ധ്യംകരണം നടത്തി വരുന്നു.

(സി) തെരുവുനായ്ക്കളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

തെരുവുനായ്ക്കളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് ജസ്റ്റിസ് സിരി ജഗൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്.

2023-24 വർഷങ്ങളിൽ കമ്മിറ്റി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം വിതരണം ചെയ്ത തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സർക്കാരിന്റെ 29-03-2023-ലെ ജി.ഒ.(ആർ.റ്റി)746/2023/LSGD നമ്പർ ഉത്തരവ് പ്രകാരം 80 വ്യക്തികൾക്കായി 87,47,857/- രൂപയും പലിശയിനത്തിൽ 31,78,227/- രൂപയും ഉൾപ്പെടെ ആകെ 1,19,26,084/- രൂപ നൽകിയിട്ടുണ്ട്.

24-01-2023-ലെ ജി.ഒ.(ആർ.റ്റി) 203/2023/LSGD നമ്പർ ഉത്തരവ് പ്രകാരം 123 വ്യക്തികൾക്കായി 87,51,458/- രൂപയും പലിശയിനത്തിൽ 23,47,032/- രൂപയും ഉൾപ്പെടെ ആകെ 1,10,98,490/- രൂപ നൽകിയിട്ടുണ്ട്.

22-02-2024-ലെ ജി.ഒ.(ആർ.റ്റി) 425/2024/LSGD നമ്പർ ഉത്തരവ് പ്രകാരം 31 വ്യക്തികൾക്കായി 39,39,858/- രൂപയും പലിശയിനത്തിൽ 6,12,552/- രൂപയും ഉൾപ്പെടെ ആകെ 45,52,410/- രൂപ നൽകിയിട്ടുണ്ട്.

(ഡി) തെരുവുനായ്ക്കളെ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

തെരുവുനായകളുടെ ആക്രമണംമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ചും എന്നാൽ ജനങ്ങൾക്ക് മൃഗങ്ങളോടുള്ള ക്രൂരത തടയുക എന്നുള്ള ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടും ടി വിഷയത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും ഉത്തരവുകളുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് സർക്കാരിന് സാധ്യമായ എല്ലാ നടപടികളും ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.

പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തര പ്രാധാന്യത്തോടെ വിഷയം കൈകാര്യം ചെയ്യുകയും പ്രതിരോധ പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും വാക്സിനേഷൻ ഡ്രൈവുൾപ്പെടെയുള്ള പ്രതിരോധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**അവയവദാന ശസ്ത്രക്രിയകൾ**

19 (*169) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി

(ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അവയവദാന ശസ്ത്രക്രിയകളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കെ-സോട്ടോ എക്സിക്യൂട്ടീവ് കമ്മിറ്റി അവയവദാന പദ്ധതിയുടെ പുരോഗതി നിശ്ചിത ഇടവേളകളിൽ വിലയിരുത്താറുണ്ട്. പ്രസ്തുത വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതുകൂടാതെ അവയവദാന രംഗത്തെ വിവിധ മേഖലകളെക്കുറിച്ച് കെ-സോട്ടോയുടെ നേതൃത്വത്തിൽ പഠനങ്ങൾ നടത്തി വരുന്നു. മരണാനന്തര അവയവദാനം, ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവദാനം എന്നിങ്ങനെ രണ്ട് വിധത്തിലാണ് അവയവമാറ്റ ശസ്ത്രക്രിയകളുള്ളത്. ജീവിച്ചിരിക്കുന്നവർ തമ്മിലും മരണാനന്തരവും നടന്ന അവയവദാനം (2012 മുതൽ 2023 വരെ) യഥാക്രമം 12639-ഉം 1083-ഉം ആണ്. ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവദാനം മരണാനന്തര അവയവദാനത്തേക്കാൾ വളരെ കൂടുതലായതിനാൽ മരണാനന്തര

അവയവദാനത്തിന് കൂടുതൽ സന്നദ്ധത സമൂഹത്തിൽ ഉണ്ടാകുന്നതിനായി വിപുലമായ പ്രചാരണ പരിപാടികൾ കെ-സോട്ടോ ആവിഷ്കരിച്ച് വരുന്നു.

(ബി) മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും അത് സുതാര്യവും നിയമവിധേയവും ആക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

മരണാനന്തര അവയവദാനംമൂലം ലഭിക്കുന്ന അവയവങ്ങളുടെ വിന്യാസം സുതാര്യവും നിയമാനുസരണവുമാണ് നടക്കുന്നത്. ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആക്ട് 1994-ന്റെയും 2014-ലെ ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് മരണാനന്തര അവയവദാനം നിയന്ത്രിക്കപ്പെടുന്നത്. ഇതിന് പുറമെ മരണാനന്തര അവയവദാനവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

- മസ്തിഷ്ക മരണം നിർബന്ധമായും സ്ഥിരീകരിക്കുന്നതിനും പ്രഖ്യാപിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 04-02-2012-ലെ സ.ഉ (കൈ) നം. 36/2012/ആ.കു.വ

- മസ്തിഷ്ക മരണം സംഭവിച്ചതായി പ്രഖ്യാപിക്കുന്നതിനുള്ള മെഡിക്കൽ ബോർഡിൽ രോഗി ചികിത്സ തേടുന്ന ആശുപത്രിയുടെ പുറത്തു നിന്നുള്ള ഡോക്ടർ വേണമെന്ന നിബന്ധന ഉൾപ്പെടുത്തിയ 18-09-2012-ലെ സ.ഉ (കൈ) നം. 304/2012/ആ.കു.വ.

- മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്ന ഡോക്ടർമാരുടെ സംഘത്തിൽ ഒരാൾ സർക്കാർ സർവീസിലുള്ള എംപാനൽ ചെയ്യപ്പെട്ട ഡോക്ടർ ആകണമെന്നും വീഡിയോഗ്രാഫി വേണമെന്നുമുള്ള നിബന്ധന ഉൾപ്പെടുത്തിയ 01-02-2017- ലെ സ.ഉ (കൈ) നം. 16/2017/ആ.കു.വ.

- മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനായുള്ള Standard Opeprating Procedure നിർദ്ദേശിച്ചുകൊണ്ടുള്ള 03-04-2018-ലെ സ.ഉ (കൈ) നം. 53/2018/ആ.കു.വ.

- മസ്തിഷ്ക മരണ സ്ഥിരീകരണത്തിനുള്ള മാർഗനിർദേശങ്ങൾ ഉൾപ്പെടുത്തിയ 19-01-2020-ലെ സ.ഉ (കൈ) നം. 7/2020/ആ.കു.വ

(സി) ജീവിച്ചിരിക്കുന്ന അവയവദാതാക്കളിൽ ബന്ധു-ബന്ധുവേതര അവയവദാനങ്ങളിൽ ഓരോന്നിലും സ്വീകരിച്ചുവരുന്ന മാർഗനിർദേശങ്ങളും പിന്തുടരുന്ന നിയമങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് ആക്ട് 1994, ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് റൂൾസ് 2014, 19-11-2010-ലെ 14931/S2/2009/H&FWD എന്നിവ പ്രകാരമാണ് ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവമാറ്റം നടക്കുന്നത്. ബന്ധുവേതര അവയവദാനത്തിൽ, ജില്ലാതല ഓതറൈസേഷൻ കമ്മിറ്റി അവയവ ദാതാവും സ്വീകർത്താവും തമ്മിൽ പണമിടപാട് ഇല്ലെന്ന് ഉറപ്പ് വരുത്തുവാനായി ദാതാവിന്റെയും സ്വീകർത്താവിന്റെയും കഴിഞ്ഞ 3 വർഷത്തെ ബാങ്ക് ഇടപാടുകൾ പരിശോധിക്കാറുണ്ട്. കൂടാതെ അവർ തമ്മിലുള്ള അവയവമാറ്റത്തിൽ പണമിടപാടുകളൊന്നും ഇല്ലായെന്നും സംയുക്ത അപേക്ഷയിൽ പറയുന്നതു പോലെയുള്ള ബന്ധം അവർ തമ്മിൽ ഉണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നതിന് ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നോ, ജനപ്രതിനിധികളിൽ നിന്നോ ഉള്ള സർട്ടിഫിക്കറ്റും പോലീസ്

വെരിഫിക്കേഷൻ സർട്ടിഫിക്കറ്റും കമ്മിറ്റി മുമ്പാകെ ഹാജരാക്കേണ്ടതായിട്ടുണ്ട്. ബന്ധുവേതര അവയവദാനത്തിൽ ദാതാവും സ്വീകർത്താവും തമ്മിലുള്ള ബന്ധം സ്ഥാപിക്കുന്നതിനുള്ള ഒരു സാക്ഷ്യപത്രം എന്ന നിലയിലാണ് ജനപ്രതിനിധികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് കമ്മിറ്റി പരിഗണിക്കുന്നത്. ഇതിനുപുറമെ അവയവദാതാവിനെയും സ്വീകർത്താവിനെയും അവരുടെ അടുത്ത ബന്ധുക്കളേയും കമ്മിറ്റി നേരിൽ കേൾക്കുകയും പണമിടപാടുകളൊന്നും തന്നെയില്ലെന്നും ജീവകാരുണ്യപരമായ കാരണങ്ങളാലാണ് അവയവദാനമെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. അവയവദാന ശസ്ത്രക്രിയയിൽ ഉൾപ്പെട്ടിരിക്കുന്ന സങ്കീർണ്ണതകളേയും അവയവദാനത്തിനുശേഷം പുലർത്തേണ്ട ജീവിതശൈലി എന്നിവയെക്കുറിച്ചും ദാതാവിനേയും അവരുടെ അടുത്ത ബന്ധുക്കളേയും ബോധ്യപ്പെടുത്തുന്നതാണ്. കൂടാതെ കമ്മിറ്റിയുടെ പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും ആവശ്യമെങ്കിൽ പുന:പരിശോധന നടത്തുന്നതിനും വേണ്ടി കമ്മിറ്റിയുടെ നടപടിക്രമങ്ങളും അഭിമുഖങ്ങളും വീഡിയോ റെക്കോർഡ് ചെയ്ത് സൂക്ഷിക്കുന്നു. ഇപ്രകാരം

സൂക്ഷ്മ പരിശോധന നടത്തിയ ശേഷം മാത്രമാണ് കമ്മിറ്റി ശസ്ത്രക്രിയക്ക് അനുവാദം നൽകുന്നത്.

(ഡി) അവയവദാന ശസ്ത്രക്രിയകൾ കുറ്റമറ്റ രീതിയിലും നിയമവിധേയമായും നടത്തുന്നതിന് എന്തെല്ലാം കർശന നിയമങ്ങളും നിയന്ത്രണങ്ങളുമാണ് പിന്തുടരുന്നതെന്ന് വെളിപ്പെടുത്തുമോ?

ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് ആക്ട് 1994-ഉം ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് റൂൾസ് 2014-ഉം ആണ് അവയവദാന ശസ്ത്രക്രിയകൾ കുറ്റമറ്റ രീതിയിൽ നടത്തുന്നതിനുള്ള നിലവിലെ നിയമങ്ങൾ. ഇതിനെ ആസ്പദമാക്കിക്കൊണ്ടുള്ള 19-11-2010-ലെ 14931/എസ്2/2009/ആ.കു.വ വിജ്ഞാപനം പ്രകാരം ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവദാന കൈമാറ്റ ശസ്ത്രക്രിയകൾ നടത്തിവരുന്നു. മരണാനന്തര അവയവ ദാതാവിൽ നിന്നുള്ള അവയവങ്ങളുടെ വിന്യാസം എങ്ങനെയാവണമെന്ന് നിശ്ചയിച്ചുകൊണ്ട് 04-02-2012-ലെ സ.ഉ (കൈ) നം. 37/2012/ആ.കു.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മസ്തിഷ്ക മരണ സ്ഥിരീകരണവുമായി ബന്ധപ്പെട്ട്

രാജ്യത്തുതന്നെ ആദ്യമായി മാതൃകാ പ്രവർത്തന നടപടിക്രമങ്ങൾ പുറപ്പെടുവിച്ചത് 19-01-2020-ലെ സ.ഉ.(കൈ) നം. 07/2020/ആ.കു.വ പ്രകാരമാണ്.

**ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി**

20 (*170) ശ്രീമതി സി. കെ. ആശ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷയുടെ കാര്യത്തിൽ വിട്ടുവീഴ്ചയില്ലാത്ത നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷയുടെ കാര്യത്തിൽ വിട്ടുവീഴ്ചയില്ലാത്ത നടപടികളാണ് സ്വീകരിച്ചുവരുന്നത്. സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷ

ഉറപ്പാക്കേണ്ടതിന് ചുവടെ വിവരിക്കുന്ന പ്രകാരം മൂന്ന് രീതിയിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ.**

ഭക്ഷണവുമായി ബന്ധപ്പെട്ട ജോലികളിൽ ഏർപ്പെട്ടിട്ടുള്ളവർക്കുള്ള പരിശീലനം.

**പൊതുജനങ്ങൾക്കുള്ള ബോധവൽക്കരണ പരിപാടികൾ.**

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അതുവഴി സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. ഇത്തരം സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്കുപുറമെ ഓണം, റംസാൻ, ക്രിസ്മസ് തുടങ്ങിയ ആഘോഷവേളകളിലും ശബരിമല മണ്ഡല/മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർപൂരം തുടങ്ങിയ ഉത്സവ സീസണുകളിലും പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കൂടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ

രൂപീകരിച്ചും പരിശോധനകൾ നടത്തി വരുന്നു. ഇത് കൂടാതെ പരാതികളുടെ അടിസ്ഥാനത്തിലുള്ള പരിശോധനകൾ നടത്തുകയും തുടർനടപടികൾ കർശനമായി സ്വീകരിച്ച് വരികയും ചെയ്യുന്നു. ഇത്തരം പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

വഴിയോര കച്ചവടക്കാർ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ, ബീച്ചുകൾ എന്നിവ കേന്ദ്രീകരിച്ച് വില്പനയ്ക്കായി വച്ചിട്ടുള്ള ഉപ്പിലിട്ട പഴവർഗ്ഗങ്ങൾ (മാങ്ങ, പൈനാപ്പിൾ, നെല്ലിക്ക മുതലായവ) വിൽക്കുന്ന കടകൾ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തുകയും അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. 2006-ലെ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, കാറ്ററിംഗ് യൂണിറ്റുകൾ, തട്ടുകടകൾ, മറ്റു ഭക്ഷ്യ ഉൽപ്പാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കും ഭക്ഷ്യ സംരംഭകർക്കും കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്ന FoSTaC Training (Food Safety Training and

Certification) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. നാളിതുവരെ 1292 ട്രെയിനിംഗുകളിലായി ആകെ 43470 ഭക്ഷ്യ സംരംഭകർക്ക് പരിശീലനം നൽകുകയുണ്ടായി.

ഭക്ഷ്യ സുരക്ഷ സംബന്ധിച്ച IEC പ്രവർത്തനങ്ങളുടെ ഭാഗമായി ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതിന്റെ ദൂഷ്യവശങ്ങൾ വിശദീകരിച്ചുകൊണ്ട് ഭക്ഷ്യ സുരക്ഷാ വകുപ്പ് നിരവധി അവബോധന ക്ലാസുകൾ സംഘടിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ഈ വിഷയത്തിൽ ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള എളുപ്പ മാർഗ്ഗങ്ങൾ സംബന്ധിച്ച് ഒരു ഡോക്യുമെന്ററി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ടി ഡോക്യുമെന്ററി ബോധവൽക്കരണത്തിന്റെ ഭാഗമായി സഞ്ചരിക്കുന്ന ഭക്ഷ്യ സുരക്ഷാ ലബോറട്ടറികൾ മുഖേന പ്രദർശിപ്പിച്ച് വരുന്നു. കൂടാതെ സിവിൽ സപ്ലൈസ് വകുപ്പിന്റെ ആവശ്യപ്രകാരം പൊതുജന ബോധവൽക്കരണത്തിനായി ടി ഡോക്യുമെന്ററിയുടെ പകർപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പംതന്നെ സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ ഭക്ഷ്യ സുരക്ഷ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ആവിഷ്കരിച്ച്

നടപ്പിലാക്കി വരുന്ന SNF@School പദ്ധതിയിലും പൊതുജന ബോധവൽക്കരണത്തിനായി Model Grama Panchayath പദ്ധതിയിലും ടി ഡോക്യുമെന്ററി ഉപയോഗിച്ച് വരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ 97 സ്കൂളുകളിൽ SNF@School എന്ന പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു.

സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ഗ്രാമപഞ്ചായത്ത് എന്ന പദ്ധതിയിലൂടെ പഞ്ചായത്തുകളിലെ എല്ലാ ഭക്ഷ്യ സംരംഭകരെയും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനും ഭക്ഷ്യ സുരക്ഷ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും ടി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ 24 പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കുടിവെള്ള പരിശോധന, ഭക്ഷ്യ വസ്തുക്കളിലെ മായം ഇവ പെട്ടെന്ന് പരിശോധിക്കുന്നതിനും പൊതുജനങ്ങൾക്ക് ഭക്ഷ്യ സുരക്ഷ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ

നിയന്ത്രണത്തിൽ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ സുരക്ഷാ ലാബുകൾ (Food Safety on wheels) പ്രവർത്തിച്ച് വരുന്നു. ടി ലാബുകളിൽ ഭക്ഷ്യ വസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള Quick Adulteration Test-കൾ നടത്തിവരുന്നു.

നിയമപ്രകാരമുള്ള ലൈസൻസ്, രജിസ്ട്രേഷൻ എന്നിവയില്ലാതെ പ്രവർത്തിക്കുന്ന ഭക്ഷണശാലകൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം/സംഭരണം/വിതരണം/ വിൽപ്പന തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ ഭക്ഷ്യ സംരംഭകരും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതാണ്. പ്രതിവർഷം 12 ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള ഭക്ഷ്യസംരംഭകർ ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷനും 12 ലക്ഷം രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ള ഭക്ഷ്യ സംരംഭകർ ഭക്ഷ്യ സുരക്ഷാ ലൈസൻസും എടുത്തിരിക്കണമെന്ന് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിച്ചിട്ടുണ്ട്. കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയുടെ (FSSAI) വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നവർക്കാണ് ഭക്ഷ്യ സുരക്ഷാ

വിഭാഗത്തിൽ നിന്നും ലൈസൻസ്/രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നൽകുന്നത്. കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയുടെ വെബ്സൈറ്റായ foscos.fssai.gov.in മുഖാന്തരം അപേക്ഷ സമർപ്പിക്കുകയും ആയത് പരിശോധിച്ച് യോഗ്യമാണെങ്കിൽ അപേക്ഷകന് ഭക്ഷ്യ സുരക്ഷാ വിഭാഗത്തിൽ നിന്നും ലൈസൻസ്/രജിസ്ട്രേഷൻ നൽകുകയും ചെയ്യുന്നു.

ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് എത്തിക്കുന്ന മത്സ്യം, മാംസം എന്നിവയുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് മത്സ്യം, മാംസം എന്നിവയുടെ പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് വില്പനയ്ക്കെത്തുന്ന മത്സ്യങ്ങളിൽ വ്യാപകമായി മായം ചേർക്കുന്നതായുള്ള വാർത്തകളുടെയും പൊതുജനങ്ങളിൽ നിന്നും ലഭ്യമായ പരാതികളുടെയും അടിസ്ഥാനത്തിൽ മത്സ്യങ്ങളിലെ മായം കണ്ടെത്തുന്നതിനായി ‘ഓപ്പറേഷൻ മത്സ്യ’ എന്ന ഒരു പദ്ധതിക്ക് രൂപം നൽകുകയും 2022 ഏപ്രിൽ 18 മുതൽ സംസ്ഥാന വ്യാപകമായി അന്യ

സംസ്ഥാനങ്ങളിൽ നിന്നും ചെക്ക് പോസ്റ്റുകൾ വഴി സംസ്ഥാനത്തേയ്ക്ക് എത്തുന്നതുൾപ്പെടെയുള്ള മത്സ്യം പരിശോധിക്കുന്നതിന് ശക്തമായ ക്രമീകരണങ്ങൾ ഭക്ഷ്യ സുരക്ഷാ വകുപ്പ് ഒരുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനും നിലവിലുള്ള പ്രവർത്തനങ്ങളിലെ പോരായ്മകൾ വിലയിരുത്തുന്നതിനും ന്യൂനതകൾ പരിഹരിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായിട്ടുള്ള എൻഫോഴ്സമെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി 2023-2024 സാമ്പത്തിക വർഷത്തിൽ 65432 ഭക്ഷ്യ പരിശോധനകൾ നടത്തുകയുണ്ടായി. ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങി മാംസാഹാരം വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾ പരിശോധിക്കുന്നതിനായി രൂപീകരിച്ച സ്പെഷ്യൽ ഡ്രൈവുകളിൽ ഒന്നാണ് ഓപ്പറേഷൻ ഷവർമ്മ. ഷവർമ്മ വിൽപ്പന നടത്തുന്ന ഭക്ഷ്യ സ്ഥാപനങ്ങൾ സർക്കാർ അടുത്ത കാലത്ത് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി

രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന ഷവർമ്മ ട്രക്കുകൾ, ഷവർമ്മ വിൽപ്പന നടത്തുന്ന മറ്റ് ഭക്ഷ്യസ്ഥാപനങ്ങൾ എന്നിവ സ്ഥിരമായി പരിശോധിച്ച് വരുന്നു.

വഴിയോരത്തുള്ള തട്ടുകടകൾ വൃത്തിയുള്ള രീതിയിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എല്ലാ സർക്കിൾ തലത്തിലും പ്രത്യേക പരിശോധനകൾ നടന്നുവരുന്നു. വഴിയോരക്കടകളുടെ ഭക്ഷ്യ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി രാത്രികാല പരിശോധനകളും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചും പരിശോധനകൾ നടത്തി വരുന്നു.

സംസ്ഥാനത്തെ പഴം, പച്ചക്കറി മാർക്കറ്റുകളിൽ സുരക്ഷിതവും ഗുണനിലവാരമുള്ളതും ശുചിത്വമുള്ളതുമായ ഭക്ഷ്യവ്യാപാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് Clean and Fresh Fruits and Vegetable Market.

FSSAI-യുടെ സഹായത്തോടെ 14 ജില്ലകളിലെ ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കഫറ്റേരിയകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് റേറ്റിംഗ് നൽകി അംഗീകാരം നൽകുകയും അതോടൊപ്പം ജനങ്ങളെ

ആകർഷിക്കുകയും ചെയ്യുന്നതിലേക്കായി Hygiene Rating എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ 3078 ഹോട്ടലുകൾ/റെസ്റ്റോറന്റുകൾക്ക് റേറ്റിംഗ് നല്കാൻ സാധിച്ചിട്ടുണ്ട്.

(സി) ഭക്ഷ്യസുരക്ഷ മുൻനിർത്തി ചെറുധാന്യങ്ങൾ ഭക്ഷണത്തിന്റെ ഭാഗമാക്കുന്നതിനുള്ള ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ജനപിന്തുണ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2023 വർഷം അന്താരാഷ്ട്ര ചെറുധാന്യ വർഷമായി ആചരിച്ചതിന്റെ ഭാഗമായി കേരള ഭക്ഷ്യ സുരക്ഷാ വകുപ്പിൽ പൊതുജനങ്ങളെ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം 47 പ്രോഗ്രാമുകൾ സംഘടിപ്പിക്കുകയുണ്ടായി. ടി പ്രോഗ്രാമുകളിൽ പൊതുജനങ്ങളെ ഉൾപ്പെടുത്തി സെമിനാറുകൾ, സ്കൂൾ കോളേജ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി മില്ലറ്റ് ക്വിസ് മത്സരങ്ങൾ, റെസിപ്പി കോമ്പറ്റീഷൻ, യോഗ, ബൈക്കത്തോൺ, വാക്കത്തോൺ, മില്ലറ്റ് എക്സിബിഷൻ എന്നിവ നടത്തുകയുണ്ടായി. ആയതിൽ നല്ലരീതിയിലുള്ള പൊതുജന പങ്കാളിത്ത പിന്തുണയും ഉണ്ടായിരുന്നു.

പൊതുജനങ്ങൾക്കിടയിൽ ഇക്കാര്യത്തിൽ വർദ്ധിച്ച അവബോധം സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുള്ളതായി വകുപ്പ് വിലയിരുത്തിയിട്ടുണ്ട്.

**പൊതുവിപണിയിലെ വിലക്കയറ്റ നിയന്ത്രണം**

21 (*171) ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നൽകിവരുന്ന ഭക്ഷ്യധാന്യങ്ങൾ വെട്ടിക്കുറയ്ക്കുന്നതിന്റെ ഫലമായി സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കാനിടയാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ?

ഇല്ല. സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു കമ്മിറ്റി 23-11-2023-ലെ സ.ഉ.(സാധാ) നം.470/2023/ഭ.പൊ.വി.വ പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത കമ്മിറ്റി

നാല് മാസത്തിലൊരിക്കൽ യോഗംകൂടി സ്ഥിതി വിലയിരുത്തുകയും ജില്ലാ കളക്ടർമാർ ഭക്ഷ്യ-കൃഷി വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥരുമായി എല്ലാ മാസവും യോഗങ്ങൾകൂടി റിപ്പോർട്ട്, ശിപാർശകൾ സഹിതം ഭക്ഷ്യ പൊതുവിതരണ കമ്മീഷണറെ അറിയിക്കുകയും ഭക്ഷ്യ പൊതുവിതരണ കമ്മീഷണർ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ ഉന്നതതല യോഗത്തിൽ സമർപ്പിക്കുകയും ചെയ്തുവരുന്നു.

(ബി) പൊതുവിപണിയിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

പൊതുവിപണിയിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സപ്ലൈകോ വിൽപ്പന ശാലകൾ വഴി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിൽപ്പന നടത്തിവരുന്നു. 2016 മുതൽ പ്രാബല്യത്തിൽ വന്ന സബ്സിഡി നിരക്ക് 2024 ഫെബ്രുവരി 20 വരെ വർദ്ധിപ്പിച്ചിരുന്നില്ല. പൊതു വിപണിയേക്കാൾ 28 മുതൽ 74 ശതമാനംവരെ വിലക്കുറവിലാണ് സപ്ലൈകോ ഈ 13 ഇനം സബ്സിഡി സാധനങ്ങൾ വിൽപ്പന നടത്തിയിരുന്നത്. പ്രതിമാസം ശരാശരി 35 ലക്ഷത്തിലധികം റേഷൻ

കാർഡുടമകൾ ഈ സബ്സിഡി പദ്ധതി പ്രയോജനപ്പെടുത്തിയിരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ ആകെ 585.97 കോടി രൂപയുടെ (പ്രതിമാസം ശരാശരി 48.83 കോടി രൂപയുടെ) പ്രയോജനം സബ്സിഡിയുടെ രൂപത്തിൽ സപ്ലൈകോ ഉപഭോക്താക്കളായ റേഷൻ കാർഡ് ഉടമകൾക്ക് ലഭിച്ചിരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ ഇത് 346.534 കോടി രൂപയാണ് (പ്രതിമാസം ശരാശരി 28.88 കോടി രൂപ). വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

16-02-2024-ലെ സ.ഉ.(കൈ)നം.3/2024/F&CS പ്രകാരം 13 ഇനം സബ്സിഡി സാധനങ്ങളുടെ വിൽപ്പന വില കാലാനുസൃതമായി പരിഷ്ക്കരിക്കുകയുണ്ടായി. കൂടുതൽ ജനങ്ങൾക്ക് സബ്സിഡി ആനുകൂല്യം ലഭ്യമാക്കുവാൻ ഇതുമൂലം സാധിക്കുന്നതാണ്. പൊതുവിപണിയിലെ വില വ്യതിയാനങ്ങൾക്കനുസൃതമായി സബ്സിഡി വിലയും കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സബ്സിഡി നിരക്കിൽ വിൽപ്പന നടത്തി വരുന്ന 13 ഇനം അവശ്യ സാധനങ്ങളുടെ പട്ടികയും അവയുടെ നിലവിലെ വിൽപ്പന വിലയും ഒരു

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റേഷൻ കാർഡിന് പ്രതിമാസം അനുവദനീയമായ പരമാവധി അളവും അനുബന്ധമായി ചേർക്കുന്നു[+].

സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി വെളിച്ചെണ്ണ സബ്സിഡി നിരക്കിലുള്ള 500 മില്ലി ലിറ്ററും സബ്സിഡി ഇതര 500 മില്ലി ലിറ്ററും ഒറ്റ പായ്ക്കറ്റിലാക്കിയാണ് നൽകിവരുന്നത്. ആയതിന്റെ 2024 ജൂൺ മാസത്തെ വിൽപ്പന വില 142.80 രൂപയാണ് .

പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ നല്ലയിനം അരി ലഭ്യമാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ മുഖേന ശബരി കെ-റൈസ് എന്ന ബ്രാൻഡിലാണ് സബ്സിഡി നിരക്കിൽ ജയ അരി, കുറുവ അരി, മട്ട അരി എന്നിവ വിതരണം ചെയ്യുന്നത്.

ശബരി കെ-റൈസ് വിൽപ്പന വിലകൾ ചുവടെ ചേർക്കുന്നു:-

ശബരി കെ-റൈസ് (ജയ അരി) – 1 കി.ഗ്രാമിന് 29 രൂപ

ശബരി കെ-റൈസ് (കുറുവ അരി) – 1 കി.ഗ്രാമിന് 30 രൂപ

ശബരി കെ-റൈസ് (മട്ട അരി) – 1 കി.ഗ്രാമിന് 30 രൂപ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ റേഷൻ കാർഡ് ഒന്നിന് പ്രതിമാസം 5 കിലോഗ്രാം വീതമാണ് ശബരി കെ-റൈസ് വിതരണം ചെയ്യുന്നത്. കൂടാതെ ലഭ്യതയ്ക്കനുസരിച്ച് കാർഡൊന്നിന് 5 കി.ഗ്രാം പച്ചരിയും നൽകുന്നുണ്ട്.

സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 41 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു.

ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, മഞ്ഞൾപ്പൊടി, ആട്ട, മട്ട (ഉണ്ട) അരി, കുറുവ അരി എന്നിവ സപ്ലൈകോ-യുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു.

ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും FMCG ഉൽപ്പന്നങ്ങളും MRP യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു.

സപ്ലൈകോ സ്വീകരിച്ച ഈ നടപടികൾമൂലം പൊതു വിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്ന് ഉറപ്പാക്കാൻ സാധിക്കുന്നു.

(സി) ഉത്സവകാലത്ത് പൊതുവിപണിയിലുണ്ടാകാനിടയുള്ള വിലക്കയറ്റം നിയന്ത്രിക്കുന്നതിനും അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ നൽകുന്നതിനും എന്തെല്ലാം മുൻ കരുതലാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്സവകാലത്ത് പൊതുവിപണിയിൽ ഉണ്ടാകാനിടയുള്ള വിലക്കയറ്റം നിയന്ത്രിക്കുന്നതിനും അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിനുംവേണ്ടി സപ്ലൈകോ പ്രത്യേക ഫെയറുകൾ നടത്തി വരുന്നു. ഉത്സവകാലത്ത് കൂടുതൽ അവശ്യ സാധനങ്ങൾ വാങ്ങി അവ സപ്ലൈകോ വിൽപ്പന ശാലകൾ വഴി മിതമായ നിരക്കിൽ വിതരണം ചെയ്തുവരുന്നു. ഇതിനുപുറമേ ഉത്സവകാലങ്ങളിൽ ഫെയറുകളിലും സപ്ലൈകോ വിൽപ്പനശാലകളിലും സപ്ലൈകോയുടെ തിരഞ്ഞെടുക്കപ്പെട്ട

ശബരി ഉൽപ്പന്നങ്ങൾക്കും എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾക്കും പ്രത്യേക ഡിസ്കൗണ്ട്/ഓഫറുകൾ നൽകി വരുന്നു.

(ഡി) പൊതുവിപണിയിൽ വിതരണം നടത്തുന്ന അവശ്യ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; അവ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ?

സപ്ലൈകോ വില്പനശാലകൾ വഴി വില്പന നടത്തുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കർശന ഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്. സപ്ലൈകോ വാങ്ങുന്ന മാവേലി, നോൺ മാവേലി സാധനങ്ങൾക്കെല്ലാം ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സപ്ലൈയർമാർ ഡിപ്പോകളിൽ എത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഈ സാധനങ്ങൾ പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളുള്ളതാണെന്ന് ഉറപ്പുവരുത്തിയശേഷമാണ് സ്വീകരിക്കുന്നത്. ഇതിനാവശ്യമായ

പരിശോധനാ സംവിധാനങ്ങൾ എല്ലാ ഡിപ്പോകളിലും ഒരുക്കിയിട്ടുണ്ട്. Chemical Test ആവശ്യമുള്ള സന്ദർഭങ്ങളിൽ FQM ലാബ് CFRD, Government Analytical Lab, മറ്റ് സ്വകാര്യ NABL Accredited Lab-കൾ എന്നിവയിൽ സാമ്പിളുകൾ അയച്ച് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇപ്രകാരം സ്വീകരിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഗോഡൗണിൽ ശാസ്ത്രീയമായി സംഭരിക്കുകയും വില്പന ശാലകൾ വഴി വിതരണം നടത്തുകയും ചെയ്യുന്നു. ആവശ്യമെങ്കിൽ കീടനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. സപ്ലൈകോയുടെ വില്പനശാലകൾ വഴി വില്ക്കുന്ന പായ്ക്കറ്റ് വസ്തുക്കൾക്ക് ISO 22000/HACCP/AGMARK/FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലേയും ക്വാളിറ്റി അഷ്വറൻസ് ഓഫീസർ സപ്ലൈകോ വില്പനശാലകളിൽ നിന്ന് ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാ മാസവും റാൻഡമായി ശേഖരിച്ച് FQML CFRD-യിൽ ഗുണനിലവാര പരിശോധന നടത്തുന്ന കർശന ഗുണനിലവാര നിയന്ത്രണസംവിധാനവും നിലവിലുണ്ട്. ടെസ്റ്റുകളിൽ പരാജയപ്പെടുന്ന ഭക്ഷ്യവസ്തുക്കളുടെ വില്പന നിർത്തിവയ്ക്കുന്നതിനും വിപണിയിൽ നിന്നും പിൻവലിക്കുന്നതിനുമുള്ള

അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം സപ്ലൈയർക്കെതിരെ Barring from Supplies, Penalty, Blacklisting എന്നിങ്ങനെ കർശന നടപടികളും സ്വീകരിച്ചുവരുന്നു. കാലാകാലങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാര മാനദണ്ഡങ്ങളിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ വരുത്തുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പരിശോധനകൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

**ശിശുക്ഷേമ സമിതിയുടെ പ്രവർത്തനങ്ങൾ**

22 (*172) ശ്രീമതി ഒ. എസ്. അംബിക:
ശ്രീമതി യു. പ്രതിഭ:
ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ- നിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്)

സദയം മറുപടി നൽകുമോ:

(എ) ഉപേക്ഷിക്കപ്പെടുന്ന ശിശുക്കൾക്ക് അഭയ കേന്ദ്രമൊരുക്കുന്നതിനും അവരെ ഉത്തമ പൗരന്മാരായി വളർത്തിയെടുക്കുന്നതിനും വനിതാ ശിശു വികസന വകുപ്പ് നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

2015-ലെ ബാലനീതി നിയമം പ്രധാനമായും പരിഗണന നൽകുന്നത് ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ളതും നിയമവുമായി പൊരുത്തപ്പെടാത്ത വരുമായ കുട്ടികൾക്കാണ്. ഉപേക്ഷിക്കപ്പെടുന്ന കുട്ടി ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള വിഭാഗത്തിലുള്ള കുട്ടിയായതിനാൽ ഇത്തരം കുട്ടികൾക്ക് സ്ഥാപനസംരക്ഷണവും സ്ഥാപനേതര സംരക്ഷണവും മിഷൻ വാത്സല്യ പദ്ധതി പ്രകാരം നൽകി വരുന്നു. ജെ.ജെ. ആക്ട് നിഷ്കർഷിക്കുന്നതുപ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ പുനരധിവാസം സംബന്ധിച്ച് പരിശോധന നടത്തി തീരുമാനം എടുക്കുന്നതിനായി ജില്ലാ ശിശു സംരക്ഷണ യൂണിറ്റിലെ ഉദ്യോഗസ്ഥരുടെ സഹായസഹകരണങ്ങളോടെ ഓരോ ജില്ലയിലും ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. ഉപേക്ഷിക്കപ്പെട്ട കുട്ടികളെ സുരക്ഷിതമായി സംരക്ഷിക്കുന്നതിന് ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത സർക്കാർ നേരിട്ട് നടത്തുന്ന 16 ചിൽഡ്രൻസ് ഹോമുകളും സന്നദ്ധ സംഘടനകളുടെ കീഴിൽ പ്രവർത്തിക്കുന്ന 472 ചിൽഡ്രൻസ് ഹോമുകളും 6 വയസ്സിൽ താഴെയുള്ള കുട്ടികളെ സംരക്ഷിക്കുന്ന 14 അംഗീകൃത ദത്തെടുക്കൽ

സ്ഥാപനങ്ങളും (SAA) നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഉപേക്ഷിക്കപ്പെട്ട 0 മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് കുടുംബാന്തരീക്ഷം, സുരക്ഷ, സംരക്ഷണം, പുനരധിവാസം ഇവ കൃത്യമായും ഉറപ്പാക്കുന്നതിനായി ബാലനീതി നിയമപ്രകാരം ദത്തെടുക്കൽ, പോറ്റി വളർത്തൽ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കുടുംബാന്തരീക്ഷം ഉറപ്പാക്കാൻ സാധിക്കാതെ വിവിധ ഹോമുകളിൽ കഴിയുന്ന 16-നും 18 വയസ്സിനും ഇടയിലുള്ള കുട്ടികളുടെ അഭിരുചിക്കനുസരിച്ച് വിവിധ പരിശീലനങ്ങൾ നൽകി സ്വയംപ്രാപ്തി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 18 വയസ്സ് പൂർത്തിയായിട്ടും മറ്റൊരു ആശ്രയവുമില്ലാത്തവർക്ക് ആഫ്റ്റർ കെയർ ഹോമുകളിൽ തുടർന്നും സംരക്ഷണവും വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

ഉപേക്ഷിക്കപ്പെടുന്ന കുട്ടിക്കൾക്ക് മാത്രമല്ല ബാലനീതി നിയമത്തിലെ 2(14)-ൽ നിഷ്കർഷിക്കുന്ന ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള നിയമവുമായി പൊരുത്തപ്പെടാത്തതുമായ എല്ലാ കുട്ടികളുടെയും സുരക്ഷ,

സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിന് വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മുഖാന്തരം വിവിധ പദ്ധതികൾ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വരുന്നു.

(ബി) ശിശുക്ഷേമ സമിതിയുടെ നിലവിലെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ?

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസിഡന്റും ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ഒന്നാം വൈസ് പ്രസിഡന്റുമായ കേരള സംസ്ഥാന ശിശുക്ഷേമ സമിതി സംസ്ഥാനത്തെ കുട്ടികളുടെ ക്ഷേമത്തിനായി ഒട്ടനവധി പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. 'ബാലസൗഹൃദ കേരളം' എന്ന കേരള സർക്കാരിന്റെ ലക്ഷ്യപ്രാപ്തീകരണത്തിനായി സ്നേഹവാത്സല്യവും കരുതലും വിദ്യാഭ്യാസവും വിനോദവും കുട്ടികളുടെ ജന്മാവകാശമാണ് എന്ന തിരിച്ചറിവോടെ അവരുടെ അവകാശങ്ങൾ ഉറപ്പുവരുത്തി അവർക്കിണങ്ങിയ ലോകം പടുത്തുയർത്തുന്നതിനായി സമിതി പ്രവർത്തിച്ചുവരുന്നു.

അനാഥരോ അശരണരോ ആയിത്തീരാവുന്ന കുരുന്നുകൾക്ക് പരിചരണവും സംരക്ഷണവും നൽകുകയും ദത്തെടുക്കൽ മുഖേന ശോഭനമായ ഭാവി ഉറപ്പുവരുത്തുകയും ചെയ്യുകയാണ് സമിതി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനം. നിലവിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ സമിതിക്ക് കീഴിൽ അംഗീകൃത ദത്തെടുക്കൽ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ എറണാകുളം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ ശിശുപരിചരണ കേന്ദ്രങ്ങളുമുണ്ട്.

ആറ് വയസ്സിനുമേൽ പ്രായമുള്ള പെൺകുട്ടികൾക്കായി ദേശീയ തലത്തിൽത്തന്നെ മികച്ച ആധുനിക സൗകര്യങ്ങളുള്ള പരിചരണ കേന്ദ്രം പ്രവർത്തിച്ചുവരുന്നു.

നവംബർ 14 ശിശുദിനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ശിശുദിന പരിപാടികൾ സംഘടിപ്പിക്കുന്നത് ശിശുക്ഷേമ സമിതിയുടെ മേൽനോട്ടത്തിലാണ്.

സമിതിയുടെ നേതൃത്വത്തിൽ ശിശുദിനത്തോടനുബന്ധിച്ച് എല്ലാ ജില്ലകളിലും നഴ്സറി, എൽ.പി., യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ കലോത്സവം വിപുലമായ നിലയിൽ സംഘടിപ്പിക്കാറുണ്ട്. എല്ലാ വർഷവും ശിശു ദിനത്തോടനുബന്ധിച്ച് ശിശു ദിന സ്റ്റാമ്പ് അച്ചടിച്ച് വിതരണം നടത്തി വരുന്നു.

കണ്ണൂർ പിണറായിയിൽ ബാലഭവൻ പ്രവർത്തിച്ചു വരുന്നു.

തൃശ്ശൂരിൽ ഓട്ടിസം കുട്ടികൾക്കായി ഓട്ടിസം സ്കൂൾ പ്രവർത്തിച്ച് വരുന്നു.

സമിതിയുടെ കീഴിൽ വിവിധ ജില്ലകളിലായി നിലവിൽ 144 ക്രഷുകൾ പ്രവർത്തിക്കുന്നു.

ദത്തെടുക്കൽ പ്രോത്സാഹിപ്പിക്കുന്നതിനും ദത്തെടുക്കലിന്റെ നിയമ നടപടികൾ പൊതുസമൂഹത്തിലേക്ക് എത്തിക്കുന്നതിനുമായി ദത്തെടുക്കൽ അവബോധപരിപാടികൾ സംഘടിപ്പിച്ച് വരുന്നു.

കുട്ടികളെ വഴിവക്കിലും മറ്റും ഉപേക്ഷിക്കാതെ വ്യക്തികളുടെ സ്വകാര്യത സംരക്ഷിച്ചുകൊണ്ട് കുഞ്ഞുങ്ങളെ സുരക്ഷിതമായി ഏൽപ്പിച്ചുനൽകാൻ പര്യാപ്തമായ രീതിയിൽ അമ്മത്തൊട്ടിലുകൾ സ്ഥാപിച്ച് പരിപാലിച്ചു വരുന്നു.

അതിദരിദ്ര വിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി. പാസ്സായ കുട്ടികൾക്കും, ആദിവാസി വിഭാഗത്തിൽപ്പെട്ട കുഞ്ഞുങ്ങൾക്കും പഠന സഹായം എത്തിക്കുന്നതിന് ശിശുക്ഷേമം സ്കോളർഷിപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് നിലവിൽ എവിടെയെല്ലാമാണ് അമ്മത്തൊട്ടിൽ ഉള്ളതെന്നും ഈ സർക്കാർ വന്നതിനുശേഷം അമ്മത്തൊട്ടിൽ വഴി എത്ര ശിശുക്കളെ ലഭിച്ചുവെന്നും വ്യക്തമാക്കാമോ?

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, കോട്ടയം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ നിലവിൽ അമ്മത്തൊട്ടിലുകൾ പ്രവർത്തിച്ചുവരുന്നു. കോഴിക്കോട് ജില്ലയിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ബീച്ച് ഹോസ്പിറ്റലിൽ അമ്മത്തൊട്ടിൽ നിർമ്മാണം നടന്നു വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചുവടെ പറയും പ്രകാരം 42 കുട്ടികളെയാണ് അമ്മത്തൊട്ടിൽ മുഖാന്തരം ലഭ്യമായിട്ടുള്ളത്.

2021 മുതൽ ഇതുവരെ അമ്മത്തൊട്ടിൽ മുഖേന ഓരോ ജില്ലയിലും ലഭ്യമായ കുട്ടികളുടെ എണ്ണം

| ജില്ല | 2021 | 2022 | 2023 | 2024 | ആകെ |
|---|---|---|---|---|---|
| തിരുവനന്തപുരം | 4 | 7 | 9 | 6 | 26 |
| കൊല്ലം | 3 | - | 1 | - | 4 |
| പത്തനംതിട്ട | 1 | 1 | - | - | 2 |
| ആലപ്പുഴ | 1 | 3 | - | 1 | 5 |
| കോട്ടയം | - | - | - | 1 | 1 |
| എറണാകുളം | - | - | 1 | 1 | 2 |
| തൃശ്ശൂർ | - | - | 1 | - | 1 |
| മലപ്പുറം | 1 | - | - | - | 1 |

(ഡി) നിലവിലെ നിയമങ്ങൾ കുട്ടികളെ ദത്തെടുക്കുന്ന നടപടികളെ കൂടുതൽ സങ്കീർണ്ണമാക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലവിൽ പരാതികൾ ലഭ്യമായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കൂടുതൽ സുതാര്യതയും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന തരത്തിൽ ദത്തെടുക്കൽ പ്രക്രിയ മെച്ചപ്പെടുത്തുന്നതിന് നിയമ ഭേദഗതി ആവശ്യമുണ്ടോ; എങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ?

ദത്തെടുക്കൽ മേഖല സുതാര്യമാക്കുന്നതിന്റെ ഭാഗമായി സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റി ദത്തെടുക്കൽ പ്രക്രിയ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിൽ നടപ്പിലാക്കി വരുന്നു. 2015-ലെ ബാലനീതി നിയമം 56(1) പ്രകാരം അനാഥരും ഉപേക്ഷിക്കപ്പെട്ടവരും ഏൽപ്പിച്ച് കൊടുക്കപ്പെട്ടവരുമായ കുട്ടികളെ ദത്തെടുക്കൽ പദ്ധതി മുഖാന്തരം കുടുംബങ്ങളിലേക്ക് പുനരധിവസിപ്പിക്കുന്നത് സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റി പുറപ്പെടുവിച്ച അഡോപ്ഷൻ റഗുലേഷൻ പ്രകാരമാണ്. ദത്തെടുക്കൽ നടപടിക്രമം വേഗത്തിലാക്കുന്നതിന്റെ ഭാഗമായി കോടതിയുടെ അധികാര പരിധിയിൽ നിന്ന് ജില്ലാ മജിസ്ട്രേറ്റിന്റെ അധികാര പരിധിയിലേക്ക് മാറ്റി നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ദത്തെടുക്കൽ പ്രക്രിയയിൽ നിയമ ഭേദഗതി വരുത്തുന്നതിനുള്ള പൂർണ്ണാധികാരം ബാലനീതി നിയമപ്രകാരം സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിയിൽ നിക്ഷിപ്തമാണ്.

**നഗരാസൂത്രണ പദ്ധതികൾ**

23 (*173) <u>ശ്രീ. വി. ശശി:</u>
<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u>

ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വേഗതയേറിയ വികസന അന്തരീക്ഷത്തിൽ മികച്ച രീതിയിൽ ആസൂത്രണം ചെയ്ത നഗരങ്ങൾ കാലഘട്ടത്തിന്റെ ആവശ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ നഗരപ്രദേശങ്ങളുടെ ആസൂത്രിത വികസനത്തിനായി 'മാസ്റ്റർപ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കൽ' എന്ന സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി 93 നഗരസഭകൾക്കുമായി മാസ്റ്റർപ്ലാനുകൾ തയ്യാറാക്കി വരികയാണ്. കേന്ദ്ര പദ്ധതിയായ അമൃത് 1.0-ന്റെ ഉപപദ്ധതിയായ 'അമൃത് പട്ടണങ്ങളുടെ ജി.ഐ.എസ്. അധിഷ്ഠിത മാസ്റ്റർ പ്ലാനുകളുടെ തയ്യാറാക്കലിന് കീഴിൽ സംസ്ഥാനത്തെ ആറ് കോർപ്പറേഷനുകൾക്കും മൂന്ന് നഗരസഭകൾക്കുമായി മാസ്റ്റർപ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ

അമ്പതിനായിരത്തിലധികം ജനസംഖ്യയുള്ള 49 പട്ടണങ്ങൾക്കായി അമൃത് 2.0-ന്റെ ഉപപദ്ധതിയായ 'ജി.ഐ.എസ്. അധിഷ്ഠിത മാസ്റ്റർ പ്ലാനുകളുടെ തയ്യാറാക്കലിൻ' കീഴിൽ മാസ്റ്റർപ്ലാനുകൾ തയ്യാറാക്കാൻ ആരംഭിച്ചിട്ടുണ്ട്. ആധുനിക കാലത്തെ നഗരസാധ്യതകളെക്കുറിച്ച് പഠിച്ച് സംസ്ഥാനത്തിന്റെ ഭാവി സുസ്ഥിര നഗരവൽക്കരണത്തിലൂടെ സുരക്ഷിതമാക്കാൻ കേരള നഗരനയ കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) പുതിയ നഗരങ്ങളുടെ വികസനത്തിനും നിലവിലുള്ളവയിലെ സേവനങ്ങളുടെ ആധുനികീകരണത്തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 2015-ൽ രൂപീകരിച്ച പുതിയ നഗരങ്ങളുടെ ആസൂത്രിത വികസനത്തിനായി 'മാസ്റ്റർപ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കൽ' എന്ന സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി മാസ്റ്റർപ്ലാനുകൾ തയ്യാറാക്കാൻ ആരംഭിച്ചതിൽ 6 മാസ്റ്റർപ്ലാനുകൾ അംഗീകരിക്കുകയും മൂന്ന് എണ്ണം പ്രസിദ്ധീകൃതമാക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്നവയുടെ തയ്യാറാക്കൽ വിവിധ ഘട്ടങ്ങളിലായി

പുരോഗമിച്ച് വരികയാണ്. നിലവിലുള്ള നഗരങ്ങളിലെ സേവനങ്ങളുടെ ആധുനികീകരണത്തിനുവേണ്ടി സങ്കേതം, IBPMS, K-SMART തുടങ്ങിയ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻസ് പ്രയോജനപ്പെടുത്തി വരുന്നുണ്ട്. കൂടാതെ കേരള നഗരനയ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

(സി) നഗരങ്ങളിലെ ജനജീവിതം സുഗമമാക്കുന്നതോടൊപ്പം അവരുടെ വികസനത്തിന് സഹായകമാകുംവിധം പദ്ധതികളും നയങ്ങളും ആവിഷ്കരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. തിരക്കേറിയ നഗരഹൃദയങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും സൗന്ദര്യവൽക്കരിക്കുന്നതിനും ജനജീവിതം സുഗമമാക്കുന്നതിനും ലോക്കൽ ഏരിയ പ്ലാൻ തയ്യാറാക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയിൽ തയ്യാറാക്കി വരികയാണ്. നിലവിൽ AMRUT Reforms incentive fund ഉപയോഗിച്ച് കൊല്ലം, കൊച്ചി, പാലക്കാട്, തൃശ്ശൂർ കോഴിക്കോട് എന്നീ അഞ്ച് നഗരങ്ങളിലും സംസ്ഥാന പദ്ധതിയുടെ കീഴിൽ

ആലപ്പുഴ നഗരത്തിനായും ലോക്കൽ ഏരിയ പ്ലാൻ തയ്യാറാക്കാൻ ആരംഭിച്ചിട്ടുണ്ട്.

വൻനഗരങ്ങളുടെ ജീവിത പരിതസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ബഹുജന പൊതു ഗതാഗത മാർഗ്ഗങ്ങളായ മെട്രോ റെയിൽ, ബസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം മുതലായവ ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ജനങ്ങളെ ഇതിലേക്ക് ആകർഷിക്കാനും നഗരവികസനം transit corridor-കളെ കേന്ദ്രീകരിച്ച് വികസിപ്പിക്കുന്നതിനും ഉതകുന്ന ഘടകങ്ങളെ വ്യക്തമാക്കിക്കൊണ്ടുള്ള 'Transit Oriented Development Policy' സംസ്ഥാനത്തിനായി രൂപീകരിച്ചിട്ടുണ്ട്.

റിസ്ക് ഇൻഫോംഡ് മാസ്റ്റർ പ്ലാൻ, Disaster Reduction and Climate Action Tracker (D-CAT) തുടങ്ങിയ നൂതന കാര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്നുണ്ട്. പുതിയ സാധ്യതകൾ കേരള നഗരനയ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

(ഡി) ഭാവിയെ മുൻകൂട്ടിക്കണ്ട് നഗരാസൂത്രണ പദ്ധതികൾ ക്രിയാത്മകമായും ത്വരിതഗതിയിലും നടപ്പിലാക്കുവാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ആവിഷ്കരിച്ചിട്ടുണ്ട്. കേരള നഗരഗ്രാമാസൂത്രണ ആക്ട് 2016-ന്റെ കീഴിൽ തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുകളിൽ വിവിധ വികസന മേഖലകളെ സംബന്ധിക്കുന്ന പഠനങ്ങളുടെയും വികസനങ്ങളുടെയും അടിസ്ഥാനത്തിൽ പദ്ധതികൾ രൂപീകരിക്കാറുണ്ട്. കേരള നഗരഗ്രാമാസൂത്രണ ആക്ട് 2021-ലെ ഭേദഗതിയിലൂടെ, ഒരു മാസ്റ്റർപ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള പ്രധാന പദ്ധതികളും പ്രോജക്ടുകളോടുമൊപ്പം കേന്ദ്ര-സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള വികസന മുൻഗണനകളും കണക്കിലെടുത്ത് സ്ഥലപര വികസനം സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ആവശ്യമെന്ന് കരുതാവുന്ന ഹ്രസ്വ, ഇടത്തര, ദീർഘകാല മേഖലാ പരിപാടികളും പ്രോജക്ടുകളും പദ്ധതികളും നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുടെ ഘട്ടങ്ങളും മുൻഗണനാ ക്രമങ്ങളും അടങ്ങുന്ന 'മുൻഗണനാ പ്രവർത്തന പ്ലാൻ' ഇവയ്ക്കായുള്ള സാമ്പത്തിക ആവശ്യങ്ങളും വിഭവ

സമാഹരണ നിർദ്ദേശങ്ങളും ഉൾപ്പെടുത്തണമെന്ന വ്യവസ്ഥ കൊണ്ടുവന്നിട്ടുണ്ട്. ഇതിലൂടെ നഗരാസൂത്രണ പദ്ധതികൾ ക്രിയാത്മകമായി നടപ്പിലാക്കാൻ സാധിക്കുന്നതാണ്. ഇതിനനുസരിച്ചുള്ള നിർദ്ദേശങ്ങൾ മാസ്റ്റർപ്ലാനുകളിൽ ഉൾപ്പെടുത്തിവരുന്നു. ഭാവിയിൽ വൈജ്ഞാനിക സമ്പദ് വ്യവസ്ഥയുടെയും സർഗ്ഗാത്മക സമ്പദ് വ്യവസ്ഥയുടെയും സാദ്ധ്യതകൾ മുന്നിൽകണ്ടുകൊണ്ട് സമാധാന നഗരം, ജൈവവൈവിധ്യ നഗരം, Cities of Peace, Biodiversity, Design, Learning, Literature, Folk arts and crafts എന്നീ വ്യത്യസ്ത സർഗ്ഗാത്മക മേഖലകളെ നഗരാസൂത്രണത്തിലൂടെയും നഗരഭരണത്തിലൂടെയും ശാക്തീകരിക്കാൻ ശ്രമിച്ചുവരുന്നു.

**ബാറുടമകൾക്കിടയിലെ പണപിരിവ് സംബന്ധിച്ച അന്വേഷണം**

24 (*174) ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്‌കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാർ ഉടമകൾക്ക് അനുകൂലമായി മദ്യനയം നടപ്പാക്കുന്നതിനായി ബാറുടമകൾക്കിടയിൽ പണപിരിവ് നടത്തി എന്ന

തരത്തിൽ ബാറുടമകളുടെ സംഘടനാ നേതാവിന്റെ ശബ്ദസന്ദേശം പുറത്തുവന്നതായ സംഭവത്തിൽ ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ക്രൈം ബ്രാഞ്ച് അന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) ചില മാധ്യമങ്ങളിൽ ശബ്ദസന്ദേശം പ്രചരിച്ചതായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, വിശദമായ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് ബഹു. തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി 24-05-2024-ൽ അന്വേഷണം ആവശ്യപ്പെട്ട് കത്ത് നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ക്രൈംബ്രാഞ്ച് എ.ഡി.ജി.പി.-ക്ക് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകി. ക്രൈംബ്രാഞ്ച് മേധാവിയുടെ മേൽനോട്ടത്തിൽ പോലീസ് അന്വേഷണം കാര്യക്ഷമമായി നടന്നുവരുന്നു. ക്രൈംബ്രാഞ്ച് തിരുവനന്തപുരം യൂണിറ്റ് പോലീസ്

സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘമാണ് പ്രാഥമിക അന്വേഷണം നടത്തിവരുന്നത്.

(സി) പ്രസ്തുത കേസ് അട്ടിമറിക്കാനാണ് ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മികവുറ്റ കുറ്റാന്വേഷണത്തിന്റെ കാര്യത്തിൽ രാജ്യത്ത് ഒന്നാംസ്ഥാനമാണ് ഇന്ന് കേരള പോലീസിനുള്ളത്. സ്വതന്ത്രവും നീതിയുക്തവുമായ അന്വേഷണമാണ് പോലീസ് നടത്തിവരുന്നത്.

**ഓൺലൈൻ തട്ടിപ്പുകളെക്കുറിച്ച് ബോധവൽക്കരണം**

25 (*175) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന

ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിമാസം പതിനഞ്ച് കോടിയോളം രൂപ ഓൺലൈൻ തട്ടിപ്പിലൂടെ നഷ്ടപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

കണ്ടെത്തിയിട്ടുണ്ട്. 2023 ഡിസംബർ മുതൽ 2024 മേയ് വരെയുള്ള കാലയളവിൽ രജിസ്റ്റർ ചെയ്ത FIR പ്രകാരം ഇത്തരത്തിൽ നഷ്ടപ്പെട്ട തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ഓൺലൈൻ തട്ടിപ്പുകളെക്കുറിച്ച് സമൂഹത്തിൽ ബോധവൽക്കരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

അനുദിനം മാറിക്കൊണ്ടിരിക്കുന്ന വിവര സാങ്കേതിക വിദ്യയുടെ വ്യാപനം നിമിത്തം കുറ്റകൃത്യങ്ങളുടെ സ്വഭാവത്തിലുണ്ടായ മാറ്റം വളരെ വലുതാണ്.

ലോകത്തിന്റെ ഏതുകോണിലിരുന്നും ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടാമെന്നത് അന്വേഷണ സംവിധാനങ്ങൾക്ക് വലിയ വെല്ലുവിളിയാണ് സൃഷ്ടിക്കുന്നത്. ഇന്ത്യയിലൊട്ടാകെ സൈബർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുറ്റകൃത്യങ്ങൾ വലിയതോതിൽ വർദ്ധിച്ചുവരുന്ന പ്രവണതയാണ് നിലനിൽക്കുന്നത്.

ഡാർക്ക് വെബ്ബിലൂടെ നടക്കുന്ന ഇത്തരം കുറ്റകൃത്യങ്ങൾ വർദ്ധിച്ച സാഹചര്യത്തിലാണ് സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റവാളികളെ അതിവേഗം കണ്ടെത്തുന്നതിനുമായി പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഒരു സൈബർ പോലീസ് ഡിവിഷൻ ആരംഭിച്ചത്.

കുറ്റാന്വേഷണത്തോടൊപ്പം പോലീസിന്റെ സോഷ്യൽ മീഡിയ സെന്റർ വഴി ടെലിവിഷൻ ചാനലുകളിലൂടെയും പോലീസിന്റെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ മുഖാന്തരവും ആവശ്യമായ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്.

ഓൺലൈൻ തട്ടിപ്പുകളും ചതിക്കുഴികളും സംബന്ധിച്ച നിരവധി പോസ്റ്റുകളും വീഡിയോകളും ഇതിനകം ജനങ്ങളിലേക്കെത്തിച്ചിട്ടുണ്ട്.

വിവിധ മേഖലകളിൽ ഓൺലൈൻ ക്ലാസുകൾ കേരള പോലീസിന്റെയും സ്റ്റേറ്റ് പോലീസ് മീഡിയ സെന്ററിന്റെയും ഫേസ് ബുക്ക് അക്കൗണ്ടിലൂടെ തൽസമയം സംപ്രേഷണം ചെയ്തുവരുന്നു.

സൈബർ പോലീസ് ഡിവിഷൻ നിർമ്മിച്ച നാല് ലഘുചിത്രങ്ങൾ പ്രകാശനം ചെയ്ത് സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രദർശിപ്പിക്കുന്നു. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തംഗങ്ങൾക്കും എല്ലാ ജില്ലകളിലെയും സൈബർ വോളണ്ടിയർമാർക്കും വാട്സാപ്പിലൂടെ പൊതുജനങ്ങളുടെ അറിവിലേക്ക് പ്രചരിപ്പിക്കുന്നതിനായി ഇവ നൽകിവരുന്നു.

(സി) ഓൺലൈൻ തട്ടിപ്പുകൾ തടയുന്നതിനായി പോലീസ് സൈബർ സെല്ലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഓൺലൈൻ ലോൺ തട്ടിപ്പുകളെക്കുറിച്ച് വിവരം നൽകുന്നതിനായി കേരള പോലീസിന്റെ 9497980900 എന്ന വാട്സ്ആപ്പ് നമ്പറും 1930 എന്ന ടോൾ ഫ്രീ നമ്പറും 24 മണിക്കൂറും ലഭ്യമാണ്.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അംഗീകരിച്ച നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ കോർപ്പറേഷൻ ലിസ്റ്റിൽ ഉൾപ്പെട്ട ലോൺ ആപ്പുകളെക്കുറിച്ചും ഓൺലൈൻ ലോൺ തട്ടിപ്പുകളെക്കുറിച്ചും ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിന് മുഖ്യധാരാ മാധ്യമങ്ങളിലൂടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും പ്രചരണ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

സൈബർ ഓപ്പറേഷൻസ് വിഭാഗവും സൈബർ ഡോം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് യൂണിറ്റുകളും സൈബർ പട്രോളിംഗ് നടത്തി സൈബർ തട്ടിപ്പ് സംഘങ്ങളെ കണ്ടെത്തി സൈബർ സ്പേസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നതാണ്.

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി നാഷണൽ സൈബർ ക്രൈം പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. 1930 എന്ന നമ്പരിൽ നിന്നും പോർട്ടൽ മുഖേന (www.cybercrime.gov.in) ഓൺലൈനായും പൊതുജനങ്ങൾക്ക് പരാതി അറിയിക്കാവുന്നതാണ്. സാമ്പത്തിക തട്ടിപ്പുകളുമായി ബന്ധപ്പെട്ട് അന്വേഷണ ഏജൻസികൾ ബാങ്കുകൾ, RBI, സാമ്പത്തിക ഇടനിലക്കാർ, പേയ്മെന്റ് വാലറ്റുകൾ, NPCI മുതലായവ ഒരുമിച്ച് പ്രവർത്തിക്കുന്ന ഒരു പൊതു

സംയോജിത പ്ലാറ്റ്ഫോമാണ് നാഷണൽ സൈബർ ക്രൈം പോർട്ടൽ. തട്ടിപ്പുകാരിലേക്ക് പോകുന്ന പണത്തിന്റെ ഒഴുക്ക് തടയുന്നതിന് ദ്രുതഗതിയിലുള്ള നടപടി സ്വീകരിക്കാൻ ഇതുവഴി കഴിയുന്നു.

കൂടാതെ സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥരെ സജ്ജരാക്കുന്നതിനായി പോലീസ് ട്രെയിനിംഗ് കോളേജിലും സൈബർ ക്രൈമുമായി ബന്ധപ്പെട്ട കോഴ്സുകൾ നിരന്തരം നടത്തി വരുന്നു. സൈബർ ഇടപാടുകളിലെ ചതിക്കുഴികളെ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരണം നടത്തുന്നതിലേയ്ക്കായി പത്ര-ദൃശ്യമാധ്യമങ്ങൾ വഴി അറിയിപ്പുകൾ നൽകുകയും വിവിധ സാമൂഹ്യ സംഘടനകൾ, ക്ലബ്ബുകൾ, സ്കൂളുകൾ, കോളേജുകൾ, റസിഡൻസ് അസോസിയേഷനുകൾ മുതലായവയുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികളും ക്ലാസുകളും നടത്തി വരികയും ചെയ്യുന്നു.

**അജൈവ മാലിന്യം സംസ്കരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ**

26 (*176) <u>ശ്രീ. എം. എം. മണി:</u>
<u>ശ്രീ. ടി. ഐ. മധുസൂദനൻ:</u>

ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അജൈവ മാലിന്യം സംസ്കരിക്കുന്നതിനായി എന്തെല്ലാം മാർഗ്ഗങ്ങളാണ് തദ്ദേശസ്വയംഭരണ വകുപ്പ് വഴി നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള അജൈവ പാഴ്വസ്തു പരിപാലന പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഹരിതകർമ്മസേന രൂപീകരണം പൂർത്തിയാക്കുകയും ഇവർ മുഖേനയുള്ള വാതിൽപ്പടി പാഴ്വസ്തു ശേഖരണം നടത്തി വരുകയും ചെയ്യുന്നു. പാഴ്വസ്തു ശേഖരണം നിരീക്ഷിക്കുന്നതിനുള്ള ഓൺലൈൻ മോണിറ്ററിങ് സംവിധാനമായ ഹരിതമിത്രം മൊബൈൽ ആപ്ലിക്കേഷൻ 80

ശതമാനത്തോളം തദ്ദേശ സ്ഥാപനങ്ങൾ ഉപയോഗിച്ചുവരുന്നു. മാലിന്യമുക്തം നവകേരളം കാമ്പയിന്റെ ഭാഗമായി പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കി വരുന്നു. ചില പൊതുഇടങ്ങളിൽ ഉണ്ടായിരുന്ന മാലിന്യ കൂമ്പാരങ്ങൾ നീക്കംചെയ്ത് പാതയോരത്തെ മനോഹരമായി പരിപാലിക്കുന്നതിന് നാഷണൽ സർവീസ് സ്കീമിന്റെ സഹായത്തോടെ 3000 സ്നേഹാരാമങ്ങൾ നിർമ്മിക്കുകയുണ്ടായി. യുവജനങ്ങളിൽ മാലിന്യ സംസ്കരണത്തിലെ ശരിയായ ശീലങ്ങൾ വളർത്തുക എന്ന ലക്ഷ്യവും ഈ പ്രവർത്തനത്തിന് പിന്നിലുണ്ട്.

കൃത്യമായ പാഴ്വസ്തു പരിപാലനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വാർഡുതല മിനി എം.സി.എഫ്., തദ്ദേശസ്ഥാപന തലത്തിൽ എം.സി.എഫ്.-കൾ, ബ്ലോക്ക് തല ആർ.ആർ.എഫ്.-കൾ എന്നിവ ഒരുക്കിയിട്ടുണ്ട്. കൂടാതെ അജൈവ പാഴ്വസ്തു പരിപാലനത്തിനായി തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ക്ലീൻ കേരള

കമ്പനിയുടെ പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പുന:ചംക്രമണ യോഗ്യമായ പാഴ്‌വസ്തുക്കളുടെ ശേഖരണവും വിപണനവും നിഷ്ക്രിയ മാലിന്യങ്ങളുടെ ശേഖരണം, ശാസ്ത്രീയ സംസ്കരണം, ആർ.ആർ.എഫ്. യൂണിറ്റുകളുടെ പ്രവർത്തന പരിപാലനം, ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകളുടെ ഉല്പ്പാദനം, വിതരണം, ഇ-വേസ്റ്റ് മാലിന്യ ശേഖരണം, സ്ക്രാപ്പ്, ചില്ല് മാലിന്യങ്ങൾ, തുണി എന്നിവയുടെ ശേഖരണം, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് റീ സൈക്ലിംഗ് ഗ്രീൻ പാർക്കുകളുടെ നിർമ്മാണം എന്നീ പ്രവർത്തനങ്ങളും ക്ലീൻ കേരള കമ്പനിയുടെ അഭിമുഖ്യത്തിലും മേൽനോട്ടത്തിലും നടക്കുന്നുണ്ട്.

(ബി) ഹരിത കർമ്മസേന വഴി സംസ്കരണത്തിന് വിധേയമാക്കിയ അജൈവ മാലിന്യത്തിന്റെ അളവ് സംബന്ധിച്ച് വിശദമാക്കാമോ?

ഇതുസംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | മാലിന്യ ശേഖരണം (മൊത്തം)കി.ഗ്രാം | തരംതിരിച്ച മാലിന്യം കി.ഗ്രാം | തിരസ്കൃത മാലിന്യം കി.ഗ്രാം | ഇ-മാലിന്യം കി.ഗ്രാം | സ്ക്രാപ് കി.ഗ്രാം |
|---|---|---|---|---|---|
| 2020-21 | 1,12,14,318 | 6,10,899 | 1,01,47,202 | 1,39,072 | - |
| 2021-22 | 2,18,38,762 | 44,14,808 | 1,71,91,426 | 2,18,512 | - |

| | | | | | |
|---|---|---|---|---|---|
| 2022-23 | 3,02,17,421 | 84,62,818 | 1,97,82,165 | 2,90,461 | 32,825 |
| 2023-24 | 4,75,48,698 | 1,30,90,281 | 3,06,06,346 | 2,47,173 | 2,00,587 |
| 2024-25 | 31,66,267 | 9,05,449 | 20,59,964 | 4,932 | 32,665 |

(സി) മാലിന്യങ്ങൾ തരംതിരിക്കുന്ന മെറ്റീരിയൽ കളക്ഷൻ സെന്ററുകളും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ പൊടിച്ച് പുനരുപയോഗത്തിന് സജ്ജമാക്കുന്ന റിസോർഴ്സ് റിക്കവറി ഫെസിലിറ്റികളും എത്ര വീതം ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് അറിയിക്കാമോ?

അജൈവ മാലിന്യങ്ങൾ തരംതിരിക്കുന്നതിനായി 1209 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകളും (MCF) പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ പൊടിച്ച് പുനരുപയോഗത്തിന് സജ്ജമാക്കുന്ന 141 റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകളും (RRF) ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ഡി) ഇതിലൂടെ എത്രമാത്രം പ്ലാസ്റ്റിക്ക് പുനരുപയോഗം നടത്താൻ കഴിഞ്ഞുവെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

നാളിതുവരെ ക്ലീൻ കേരള കമ്പനി കരാർ വച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ MCF/RRF-കളിൽ നിന്നും പുനരുപയോഗം നടത്താൻ കഴിഞ്ഞ പ്ലാസ്റ്റിക്കിന്റെ അളവ്

| | |
|---|---|
| 2020-21 (ജനവരി മുതൽ മാർച്ച് വരെ ) | 6,10,899 കി ഗ്രാം |
| 2021-22 | 44,14,808 കി ഗ്രാം |
| 2022-23 | 84,62,818 കി ഗ്രാം |
| 2023-24 | 1,30,90,281 കി ഗ്രാം |
| 2024-25 (April) | 9,05,449 കി ഗ്രാം |
| | 2,74,84,255 കി ഗ്രാം |

**റേഷൻ കാർഡ് മുൻഗണനാ പട്ടിക**

27 (*177) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അർഹമായ അപേക്ഷകളിൽ റേഷൻ കാർഡുകൾ അനുവദിക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പുതിയ കാർഡിനും കാർഡ് തരം മാറ്റലിനുമായി ആവശ്യമായ രേഖകൾ സഹിതം അക്ഷയ സെന്ററുകൾ മുഖേനയോ സിറ്റിസൺ ലോഗിൻ മുഖേനയോ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഫീൽഡ് പരിശോധന ആവശ്യമില്ലാത്തവയിൽ 24 മണിക്കൂറിനുള്ളിൽ പുതിയ കാർഡ് അനുവദിക്കുന്നു. അപേക്ഷകൾ സമർപ്പിക്കുന്നത് സംബന്ധിച്ച് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ പൊതുജനങ്ങൾക്ക് യഥാസമയം അറിയിപ്പ് നൽകുന്നു.

പട്ടികയിലുൾപ്പെട്ട അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ അർഹരെ ഉൾപ്പെടുത്താനാകൂ എന്നതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നതോടൊപ്പം തരം മാറ്റലിനായി ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് അർഹരായവരെ പട്ടികയിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് മുൻഗണനയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ 460956 കാർഡുകൾ പുതുതായി അനുവദിച്ചിട്ടുണ്ട്.

മുൻഗണന - 104237

പൊതുവിഭാഗം സബ്സിഡി - 348927

പൊതുവിഭാഗം നോൺ സബ്സിഡി - 7792

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ആകെ 422215 കാർഡുകൾ തരം മാറ്റി നൽകിയിട്ടുണ്ട്.

എ.എ.വൈ. - 42905

മുൻഗണന - 379310

(ബി) മുൻഗണനാ വിഭാഗത്തിലേക്ക് മാറുന്നതിനായി താലൂക്ക് സപ്ലൈ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് കുറ്റമറ്റ രീതിയിൽ മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിന്റെ ഭാഗമായി, ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ട് വരാത്ത പൊതുവിഭാഗം കാർഡുകൾ മുൻഗണനയിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷകൾ ഓൺലൈൻ മുഖേന സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ഓൺലൈൻ മുഖേന ലഭ്യമാകുന്ന അപേക്ഷകൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കിയും ആവശ്യമെങ്കിൽ ഫീൽഡ് പരിശോധന നടത്തിയും മുപ്പതോ അതിലധികമോ മാർക്ക് ലഭിക്കുന്നവരെ മാർക്കിന്റെ അടിസ്ഥാനത്തിൽ സപ്ലിമെന്ററി പട്ടികയിൽ ഉൾപ്പെടുത്തി മുൻഗണനാ പട്ടിക തയ്യാറാക്കുകയും പരിശോധനയ്ക്ക് വിധേയമാക്കി അംഗീകരിച്ച് മുൻഗണനാ പട്ടിക തയ്യാറാക്കുകയും ചെയ്യുന്നു. പട്ടിക പ്രസിദ്ധീകരിച്ചശേഷം ഓരോ താലൂക്കിനുമുള്ള ഒഴിവുകൾ അലോട്ട് ചെയ്യുന്ന മുറയ്ക്ക് റാങ്ക് ലിസ്റ്റിലെ സീനിയോറിറ്റി പ്രകാരം കാർഡുകൾ സമയബന്ധിതമായി മുൻഗണനയിലേക്ക് തരം മാറ്റി നൽകുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ആകെ 422215 കാർഡുകൾ തരം മാറ്റി നൽകിയിട്ടുണ്ട്.

എ.എ.വൈ - 42905

മുൻഗണന - 379310

കൂടാതെ 19817 കാർഡുകൾ മുൻഗണനയിലേക്ക് മാറ്റുന്നതിന് അനുമതി നൽകിയിട്ടുമുണ്ട്.

(സി) മാരക രോഗം ബാധിച്ചവർ, ഭിന്നശേഷിക്കാർ, ഓട്ടിസം ബാധിച്ച കുട്ടികൾ, മറ്റ് അവശത അനുഭവിക്കുന്നവർ എന്നിവർ ഉൾപ്പെടുന്ന കുടുംബങ്ങൾക്ക് മുൻഗണനാ കാർഡ് നൽകുന്നതിന് പ്രത്യേക പരിഗണന നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 18-09-2017-ലെ സ.ഉ(സാധാ)നം.320/2017/ഭ.പൊ.വി.വ പ്രകാരമുള്ള ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടുവരാത്ത, ഗുരുതര ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾ അടങ്ങുന്ന കുടുംബങ്ങളുടെ കാർഡുകൾ പരിശോധിച്ച് മുൻഗണനയിലേക്ക് മാറ്റുന്നുണ്ട്. ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടുവരുന്ന കുടുംബങ്ങളിൽ ആർക്കെങ്കിലും ഗുരുതര ശാരീരിക/മാനസിക വെല്ലുവിളികളുണ്ടെങ്കിലോ അടിയന്തര ശസ്ത്രക്രിയ ആവശ്യമെങ്കിലോ അപ്രകാരമുള്ള ഓരോ

കേസിന്റെയും മെരിറ്റ് പരിശോധിച്ച് അർഹതയുള്ള പക്ഷം, ചികിത്സാർത്ഥം ടി കുടുംബത്തിന്റെ റേഷൻ കാർഡ് മുൻഗണനയിലേക്ക് മാറ്റുന്നതിന് 27-10-2020-ലെ സ.ഉ(സാധാ)നം.319/2020/ഭ.പൊ.വി.വ പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതുപ്രകാരം എല്ലാ മാസവും ചികിത്സാർത്ഥം ഗുരുതര രോഗമുള്ളവർ ഉൾപ്പെടുന്ന റേഷൻ കാർഡ് തരംമാറ്റുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് യോഗ്യരായവരുടെ കാർഡുകൾ മുൻഗണനയിലേക്ക് മാറ്റി വരുന്നു.

**ദേശീയ ജലപാതയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ**

28 (*178) ശ്രീ. പി. നന്ദകുമാർ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. പശ്ചിമതീര ജലപാതയുടെ തൃശ്ശൂർ മുതൽ കോഴിക്കോട് വരെയുള്ള ഭാഗം ദേശീയ ജലപാത-3 ആയി പ്രഖ്യാപിച്ചുവെങ്കിലും പല ഭാഗങ്ങളിലും ദേശീയ ജലപാതയുടെ നിലവാരത്തിലേക്ക് ഉയർത്തപ്പെട്ടിട്ടില്ല. തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ മുതൽ അണ്ടത്തോട് വരെയുള്ള കനാലിന്റെ ഏകദേശം 60 കിലോമീറ്റർ ദൈർഘ്യമുള്ള ഭാഗത്ത് ദേശീയ ജലപാതയുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ഏകദേശം 11-ഓളം പാലങ്ങൾ പുതുക്കി പണിയേണ്ടതായുണ്ട്. എന്നാൽ പ്രസ്തുത ഭാഗത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തേണ്ടത് Inland Waterways Authority of India (IWAI) യുടെ ചുമതലയിൽപ്പെട്ട കാര്യമാണ്. ടി ഭാഗത്തെ വികസന പ്രവൃത്തികൾക്കായി DPR IWAI തയ്യാറാക്കിയിട്ടുണ്ടെങ്കിലും അതിൻപ്രകാരമുള്ള പ്രവൃത്തികൾക്ക് ഇതുവരെ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമായിട്ടില്ല.

കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാത (NW-3) -യിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ജലഗതാഗത യോഗ്യമാണ്. ഇതിലുൾപ്പെട്ട ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഭാഗത്ത് IWAI-യുടെ ഡെപ്പോസിറ്റ് ഫണ്ട് ഉപയോഗിച്ച് ഒരു നാവിഗേഷൻ ലോക്ക് കം

ബ്രിഡ്ജിന്റെ പണികൾ ഉൾനാടൻ ജലഗതാഗത വകുപ്പ് നടത്തിവരുന്നു. ഏകദേശം 59%-ത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാന ഉൾനാടൻ ജലഗതാഗത വകുപ്പ് കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ. ദൈർഘ്യമുള്ള ദേശീയ ജലപാതയിൽ കൊടുങ്ങല്ലൂർ കോട്ടപ്പുറം മുതൽ, ചാവക്കാട് അണ്ടത്തോട് വരെ 68 കി.മീറ്റർ ദൈർഘ്യത്തിൽ വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനവുമായി ബന്ധപ്പെട്ട് കനാൽ ആഴം കൂട്ടി ജലഗതാഗതത്തിന് സജ്ജമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന ഇടങ്ങളിൽ ആഴം കൂട്ടുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ജലഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന ഉയരം കുറവുള്ളതും കേടുപാടുകൾ സംഭവിച്ചതുമായ പാലങ്ങൾ IWAI നിഷ്കർഷിക്കുന്ന മാനദണ്ഡ പ്രകാരം പുനർ നിർമ്മിക്കുന്നതിനുള്ള ഡിസൈൻ ലഭ്യമാക്കുന്നതിനായി നിർദ്ദിഷ്ട പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ നടത്തി ആയതിന്റെ തുടർനടപടികൾ നടന്നുവരുന്നു. ദേശീയ ജലപാത വികസനവുമായി ബന്ധപ്പെട്ട് ജില്ലയിൽ ഇരിങ്ങാലക്കുട ഠാണക്കടവ്, തൃപ്രയാർ, ഏനാമാവ് എന്നിവിടങ്ങളിൽ ബോട്ടുജെട്ടികൾ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികളുടെ ടെൻഡർ നടപടികൾ

നടന്നുവരികയുമാണ്. കൂടാതെ ടി ഭാഗത്ത് വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് അതിർത്തി നിർണ്ണയിച്ച് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും നടന്നു വരുന്നു.

ചേറ്റുവ–കല്ലായി റീച്ചിൽ പൊന്നാനിയിലെ വെളിയംകോട് ഭാഗത്ത് NW-3-ൽ നബാർഡിന്റെ ധനസഹായത്തോടുകൂടി 29.87 കോടി രൂപ ചെലവിൽ വെളിയംകോട് ലോക്ക്-കം-ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി ഉൾനാടൻ ജലഗതാഗത വകുപ്പ് നടത്തിവരുന്നു. 2025 ഡിസംബറോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. പൊന്നാനി ചേറ്റുവ കനാലിന്റെ 12.334 കി.മീ. ദൈർഘ്യമുള്ള ഭാഗത്തായി ജലഗതാഗതം സുഗമമാക്കുന്നതിനുവേണ്ടി 2.17 കോടി രൂപയുടെ ഡ്രഡ്ജിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അതോടൊപ്പം തവനൂർ നിയോജകമണ്ഡലത്തിൽ കുട്ടായി ഭാഗത്ത് നബാർഡിന്റെ ധനസഹായത്തോടുകൂടി 44.3 കോടി രൂപ ചെലവിൽ കുട്ടായി ലോക്ക് കം ബ്രിഡ്ജ് നിർമ്മാണത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ ഏതെല്ലാം ജലപാതകളെയാണ് വികസിപ്പിച്ച് നിർദ്ദിഷ്ട ദേശീയ ജലപാതയുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നതെന്നും അവ ഓരോന്നിന്റെ പ്രവർത്തനപുരോഗതിയും വെളിപ്പെടുത്താമോ?

കേരളത്തിന്റെ തീരദേശത്തിന് സമാന്തരമായി കായലുകളേയും പുഴകളേയും ബന്ധിപ്പിച്ച് കോവളം മുതൽ ബേക്കൽവരെ 616 കി.മീ. നീളത്തിലാണ് സംസ്ഥാനത്ത് പശ്ചിമതീര ജലപാത (വെസ്റ്റ് കോസ്റ്റ് കനാൽ) വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ സംസ്ഥാന ജലപാത കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ ബേക്കൽ വരെയുമാണ്. കോവളം മുതൽ കൊല്ലം വരെയുള്ള സംസ്ഥാന ജലപാത ക്ലാസ്സ്-3 സ്റ്റാൻഡേർഡിലേയ്ക്ക് വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിൽ കോവളം മുതൽ അഷ്ടമുടികായൽ മൗത്ത് വരെയുള്ള (74.18 കി.മീ.) ഭാഗത്തെ 51 കി.മീ. ഗതാഗതയോഗ്യമാണ്.

അഷ്ടമുടികായൽ മൗത്ത് മുതൽ കായംകുളം വരെയുള്ള ഭാഗം ഗതാഗത യോഗ്യവും ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. ദേശീയ

ജലപാതയുടെ ഭാഗമായ കോട്ടപ്പുറം-ചാവക്കാട് ജലപാതയിൽ തൃശ്ശൂർ-കാട്ടൂർ, മധുരംപള്ളി ഭാഗത്ത് 5 കി.മീ. ദൂരത്തിൽ ആഴവും വീതിയുംകൂട്ടി ദേശീയ ജലപാത നിലവാരത്തിലേക്ക് എത്തിച്ചു. പൊന്നാനി ചേറ്റുവ കനാലിന്റെ 12.334 കി.മീ. ദൈർഘ്യമുള്ള ഭാഗത്തായി ജലഗതാഗതം സുഗമമാക്കുന്നതിനുവേണ്ടി 2.17 കോടി രൂപയുടെ ഡ്രഡ്ജിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കോഴിക്കോട് മുതൽ ബേക്കൽ വരെയുള്ള സംസ്ഥാന ജലപാതയിലുൾപ്പെട്ട കല്ലായി മുതൽ ഇരഞ്ഞിക്കൽ വരെയുള്ള ഏകദേശം 11.2 കി.മീ. ദൂരത്തിലുള്ള കനോലി കനാലിന്റെ വികസനത്തിനായി "കോഴിക്കോട് കനാൽ സിറ്റി പ്രോജക്ട്" എന്ന പേരിൽ 1,118 കോടി രൂപയുടെ കിഫ്ബി ധനസഹായ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകുകയും കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV)-നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയതിലേക്കുള്ള DPR തയ്യാറാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ KWIL സ്വീകരിച്ചുവരുന്നു. ഇരഞ്ഞിക്കൽ-കോരപ്പുഴ ഭാഗത്തെ ആഴം കൂട്ടുന്നതിനുള്ള ഡ്രഡ്ജിംഗും പയ്യോളി കനാലിന്റെ നവീകരണവും

പുരോഗമിക്കുന്നു. 17.61 കി.മീ. ദൈർഘ്യമുള്ള വടകര-മാഹി കനാലിന്റെ 9.28 കി.മീ. ദൂരം ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. മാഹി-വളപട്ടണം റീച്ചിന്റെ 26 കി.മീ. ദൂരം വരുന്ന കനാൽ നിർമ്മാണ പ്രവൃത്തിക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. 2025 ഡിസംബറോടുകൂടി ഈ പ്രവൃത്തി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. തലശ്ശേരി, ധർമ്മടം എന്നീ പുഴകളെ വികസിപ്പിച്ച് ദേശീയ ജലപാത നിലവാരത്തിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. വളപട്ടണം, കുപ്പം പുഴകളെ വികസിപ്പിച്ച് നിർദ്ദിഷ്ട ജലപാതയുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കാസർഗോഡ് ജില്ലയിൽ കൊറ്റി മുതൽ നീലേശ്വരം-കോട്ടപ്പുറം വരെ 22.63 കി.മീ. ജലപാത ഗതാഗതയോഗ്യമാണ്. നീലേശ്വരം-കോട്ടപ്പുറം മുതൽ ബേക്കലിനുസമീപം ചിത്താരി വരെ (21.92 കി.മീ.) ജലപാത നീട്ടുന്നതിനുള്ള പദ്ധതി തയ്യാറായിട്ടുണ്ട്. ഇതിൽ 6.5 കി.മീ ദൂരത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നീലേശ്വരം-ബേക്കൽ നിർദ്ദിഷ്ട ജലപാതയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ടി പാത

വികസിപ്പിക്കുന്നതിനായി കവ്വായി-തലിച്ചാലം, കവ്വായി-മടക്കര, മടക്കര-മയ്യിച്ച, കോട്ടപ്പുറം-പെരുമ്പട്ട എന്നീ ഫീഡർ കനാൽ ബന്ധിപ്പിക്കേണ്ടതുണ്ട്. ഇതിൽ കവ്വായി-മടക്കര ഫീഡർ റൂട്ടിൽ തടസ്സമായി നിൽക്കുന്ന മാടക്കൽ, ഇടയിലക്കാട്, തെക്കെക്കാട് എന്നീ ബണ്ടുകൾ പൊളിച്ചുനീക്കി പാലം പണിയുന്നതിന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) പ്രസ്തുത ദേശീയ ജലപാതയിൽ ഉൾപ്പെട്ട കോട്ടപ്പുറം മുതൽ കല്ലായി വരെയുള്ള ഭാഗം നാഷണൽ വാട്ടർ വേ ആയി പ്രഖ്യാപിച്ച് കേന്ദ്ര സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ ഇതിനായുള്ള ഫണ്ട് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

2016-ലെ നാഷണൽ വാട്ടർവേയ്സ് ആക്റ്റ് പ്രകാരം കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള ഭാഗംകൂടി ഉൾപ്പെടുത്തി കൊല്ലം-കോഴിക്കോട് ജലപാതയെ ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ട്. ദേശീയ ജലപാതയായ NW-3 IWAI-യുടെ അധീനതയിൽ വരുന്നതാണ്. കോട്ടപ്പുറം മുതൽ കല്ലായി വരെയുള്ള ഭാഗം നാഷണൽ വാട്ടർ വേ ആയി

പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ദേശീയ ജലപാതയുടെ നിഷ്കർഷിച്ചിട്ടുള്ള നിലവാരത്തിലേയ്ക്ക് വീതിയും ആഴവും വർദ്ധിപ്പിച്ച് വികസിപ്പിക്കുന്നതിലേയ്ക്ക് നാളിതുവരെ കേന്ദ്രസർക്കാർ ഫണ്ട് അനുവദിച്ചിട്ടില്ല.

എന്നാൽ ടി ഭാഗത്ത് മലപ്പുറം ജില്ലയിൽ പൊന്നാനി നിയോജക മണ്ഡലത്തിൽ വെളിയംകോട് ഭാഗത്ത് 29.87 കോടി രൂപ ചെലവിൽ വെളിയംകോട് ലോക്ക്-കം-ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി നബാർഡിന്റെ ധനസഹായത്തോടുകൂടി സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്. പ്രവൃത്തി മുപ്പത്തിയഞ്ച് ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. അതോടൊപ്പം മലപ്പുറം ജില്ലയിൽ തവനൂർ നിയോജകമണ്ഡലത്തിൽ കൂട്ടായി ഭാഗത്ത് നബാർഡിന്റെ ധനസഹായത്തോടുകൂടി 44.3 കോടി രൂപ ചെലവിൽ കൂട്ടായി ലോക്ക്-കം-ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി നടപ്പാക്കുന്നതിനും നടപടികൾ നടന്നു വരുന്നു.

(ഡി) രണ്ടാം ഘട്ടത്തിൽ വിഭാവനം ചെയ്ത പദ്ധതികളുടെ എത്ര ശതമാനം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ദേശീയ ജലപാതാ

നിർമ്മാണം ആകെ എത്ര കിലോമീറ്റർ പൂർത്തിയായിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

സംസ്ഥാന ജലപാതയായ കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ ബേക്കൽ വരെയുള്ള ഭാഗങ്ങൾ ജലഗതാഗത യോഗ്യമാക്കുന്നതിന് രണ്ടാം ഘട്ടത്തിൽ വിഭാവനം ചെയ്ത പദ്ധതികളിൽ ഏകദേശം 53%-ത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ദേശീയ ജലപാത (NW-3) ആയി പ്രഖ്യാപിച്ചിട്ടുള്ള IWAI-യുടെ അധീനതയിലുള്ള കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള 328 കി.മീ. ഭാഗത്ത് 168 കി.മീ. ദൈർഘ്യം വരുന്ന കൊല്ലം കോട്ടപ്പുറം ഭാഗം ഗതാഗത യോഗ്യമാണ്. 160 കി.മീ. വരുന്ന കോട്ടപ്പുറം മുതൽ കോഴിക്കോട് കല്ലായി വരെയുള്ള ഭാഗം ഭാഗികമായി ഗതാഗത യോഗ്യമാണ്. 168 കിലോമീറ്ററിൽ ഉൾപ്പെട്ട ആലപ്പുഴ, തൃക്കുന്നപ്പുഴയിൽ IWAI-യുടെ ഡെപ്പോസിറ്റ് ഫണ്ട് ഉപയോഗിച്ച് ലോക്ക്-കം-ബ്രിഡ്ജിന്റെ പ്രവൃത്തി ഉൾനാടൻ ജലഗതാഗത വകുപ്പ് ഏറ്റെടുത്ത് 59%-ത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. ദേശീയ ജലപാതയുടെ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കിലോമീറ്ററിൽ ഉൾപ്പെട്ട

ഭാഗങ്ങളിൽ കൊടുങ്ങല്ലൂർ കോട്ടപ്പുറം മുതൽ, ചാവക്കാട് അണ്ടത്തോട് വരെയുള്ള 68 കി.മീറ്റർ ദൈർഘ്യമുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനവുമായി ബന്ധപ്പെട്ട്, നിലവിൽ ആഴംകൂട്ടി സംസ്ഥാന ഉൾനാടൻ ജലഗതാഗത വകുപ്പ് ജലഗതാഗതത്തിന് സജ്ജമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന ഇടങ്ങളിൽ ആഴം കൂട്ടുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ജലഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന ഉയരം കുറവുള്ളതും കേടുപാടുകൾ സംഭവിച്ചതുമായ പാലങ്ങൾ IWAI നിഷ്കർഷിക്കുന്ന മാനദണ്ഡ പ്രകാരം പുനർനിർമ്മിക്കുന്നതിനുള്ള ഡിസൈൻ ലഭ്യമാക്കുന്നതിനായി നിർദ്ദിഷ്ട പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ നടത്തി ആയതിന്റെ തുടർനടപടികൾ നടന്നുവരുന്നു. ദേശീയ ജലപാത വികസനവുമായി ബന്ധപ്പെട്ട് ജില്ലയിൽ ഇരിങ്ങാലക്കുട ഠാണക്കടവ്, തൃപ്രയാർ, ഏനാമാവ് എന്നിവിടങ്ങളിൽ ബോട്ടുജെട്ടികൾ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികളുടെ ടെൻഡർ നടപടികൾ നടന്നുവരികയുമാണ്. കൂടാതെ ടി ഭാഗത്ത് വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട

അതിർത്തി നിർണ്ണയിച്ച് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും നടന്നു വരുന്നു.

ചേറ്റുവ-കല്ലായി റീച്ചിൽ പൊന്നാനിയിലെ വെളിയംകോട് ഭാഗത്ത് NW-3-ൽ നബാർഡിന്റെ ധനസഹായത്തോടുകൂടി 29.87 കോടി രൂപ ചെലവിൽ വെളിയംകോട് ലോക്ക്-കം-ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി ദ്രുതഗതിയിൽ ഉൾനാടൻ ജലഗതാഗത വകുപ്പ് നടത്തിവരുന്നു. 2025 ഡിസംബറോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. പൊന്നാനി ചേറ്റുവ കനാലിന്റെ 12.334 കി.മീ. ദൈർഘ്യമുള്ള ഭാഗത്ത് ജലഗതാഗതം സുഗമമാക്കുന്നതിനുവേണ്ടി 2.17 കോടി രൂപയുടെ ഡ്രഡ്ജിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അതോടൊപ്പം മലപ്പുറം ജില്ലയിൽ തവനൂർ നിയോജകമണ്ഡലത്തിൽ കൂട്ടായി ഭാഗത്ത് നബാർഡിന്റെ ധനസഹായത്തോടുകൂടി 44.3 കോടി രൂപ ചെലവിൽ കൂട്ടായി ലോക്ക്-കം-ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

## രക്തദാനത്തിലുണ്ടായ കുറവ്

29 (*179) ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്)

സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് മഹാമാരിക്കുശേഷം സർക്കാർ ആശുപത്രികളിൽ രക്തദാനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഈ കുറവുമൂലം മെഡിക്കൽ കോളേജുകളിൽ ചികിത്സയ്ക്ക് എത്തുന്ന രോഗികളിൽ ഉണ്ടായിരിക്കുന്ന ആശങ്കകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ&ബി) കോവിഡ് മഹാമാരിക്കുശേഷം രക്തദാനത്തിൽ കുറവുണ്ടായിട്ടില്ല. രക്തബാങ്കുകളിൽ കോവിഡ് കാലത്ത് രക്തദാനം കുറച്ച് കുറഞ്ഞെങ്കിലും അതിനുശേഷമുള്ള വർഷങ്ങളിൽ രക്തദാനം പൂർവ്വ സ്ഥിതി പ്രാപിച്ചിട്ടുണ്ട്. സന്നദ്ധ സംഘടനകൾ വിവിധ മെഡിക്കൽ കോളേജുകളിൽ

ക്യാമ്പുകൾ നടത്തി രക്തദാനം നടത്തുന്നുണ്ട്. കൂടാതെ പുറത്തുവച്ചു നടത്തുന്ന ക്യാമ്പുകളിലൂടെയും രക്തശേഖരണം നടത്തിവരുന്നു.

ബോധവൽക്കരണ ക്ലാസ്സുകൾ സാമൂഹ്യമാധ്യമങ്ങൾ വഴിയും അല്ലാതെയും നൽകിയിരുന്നു. കൂടാതെ രക്തദാനത്തിന്റെ ആവശ്യകതയെപ്പറ്റി ബോധവൽക്കരണം നടത്തുകയും സന്നദ്ധ സംഘടനകൾക്ക് പ്രോത്സാഹനവും അംഗീകാരങ്ങളും നൽകുകയും ചെയ്തു. രക്തദാതാ ദിനം, രക്തദാന ദിനം എന്നീ ദിനങ്ങളിൽ രക്തദാന സംഘടനകളെയും സന്നദ്ധ രക്തദാതാക്കളെയും ആദരിക്കുകയും രക്തദാനത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സന്ദേശം ഉൾക്കൊള്ളിച്ച് വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കേരളത്തിൽ രക്തത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനും സന്നദ്ധരക്തദാനം പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി കേരള സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ മുഖേന സന്നദ്ധ രക്തദാന ക്യാമ്പുകൾ നടത്തിവരുന്നു. കഴിഞ്ഞ വർഷം സംസ്ഥാനത്ത് 5454 സന്നദ്ധ രക്തദാന ക്യാമ്പുകൾ നടത്തുകയുണ്ടായി. കേരള പൊലീസുമായി ചേർന്ന് പോൾ ബ്ലഡ്

പദ്ധതിയിലൂടെ (നാഷണൽ സർവ്വീസ് സ്കീം ഹയർ സെക്കൻഡറി വിഭാഗം) 568 ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. വിവിധ സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ-യുവജന സംഘടനകൾ, കോർപ്പറേറ്റ് കമ്പനികൾ എന്നിവരുമായി ചേർന്ന് രക്തത്തിന്റെ ലഭ്യത, സന്നദ്ധ രക്തദാനം എന്നിവ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

**ഹോട്ടൽ ഭക്ഷണത്തിന്റെ ഗുണനിലവാര പരിശോധന**

30 (*180) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോട്ടലുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഹോട്ടലുകളിൽ നിന്നും നൽകുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി ഹോട്ടലുകളിൽ പരിശോധന നടത്തുകയും റെക്ടിഫിക്കേഷൻ നോട്ടീസും കോമ്പൗണ്ടിംഗ് നോട്ടീസും നൽകുകയും ഗുരുതരമായ പ്രശ്നങ്ങൾ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസ് നൽകുകയും ചെയ്തുവരുന്നു. കൂടാതെ ഹോട്ടലുകളിൽ നിന്ന് സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്ക് നൽകി, പരിശോധനാ ഫലം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രോസിക്യൂഷൻ കേസുകളും അഡ്ജ്യൂഡിക്കേഷൻ കേസുകളും വിവിധ കോടതികളിൽ ഫയൽ ചെയ്തു വരുന്നു. ഷവർമ്മ വിൽപ്പന നടത്തുന്ന ഭക്ഷ്യ സ്ഥാപനങ്ങൾ സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിനായി രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന ഷവർമ്മ ട്രക്കുകൾ, ഷവർമ്മ വിൽപ്പന നടത്തുന്ന മറ്റ് ഭക്ഷ്യ സ്ഥാപനങ്ങൾ എന്നിവ സ്ഥിരമായി പരിശോധിച്ച് വരുന്നു. ഷവർമ്മയുമായി ബന്ധപ്പെട്ട് ഒട്ടേറെ പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനകളിൽ ഷവർമ്മയുടെ

ഒപ്പം നൽകുന്ന മയോണൈസ് പച്ച മുട്ട ഉപയോഗിച്ച് നിർമ്മിക്കുന്നതിനാൽ സൂക്ഷ്മാണുക്കൾ ഉണ്ടാകാനുള്ള സാധ്യത കൂടുതലാണെന്നതിനാൽ പച്ച മുട്ട ഉപയോഗിച്ചുള്ള മയോണൈസ് സംസ്ഥാനത്തുടനീളം നിരോധിച്ചുകൊണ്ട് ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഉത്തരവായിട്ടുണ്ട്. വെജ് മയോണൈസ് അല്ലെങ്കിൽ പാസ്ച്യുറൈസ്ഡ് മുട്ട ഉപയോഗിച്ച് മാത്രമേ മയോണൈസ് നിർമ്മിക്കുവാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഹൈ റിസ്ക് ഫുഡ് വാങ്ങി കൂടുതൽ സമയം സൂക്ഷിച്ചുവച്ച് ഉപയോഗിക്കുന്നതായി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പാഴ്സൽ പായ്ക്കറ്റുകളിൽ പായ്ക്ക് ചെയ്ത തീയതിയും സമയവും, കൂടാതെ അവ ഉപയോഗിക്കാവുന്ന സമയം എന്നിവ രേഖപ്പെടുത്തണമെന്ന് കാണിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് പരിശോധിച്ച് വരികയും ചെയ്യുന്നു.

ഹോട്ടലുകളിൽ നിന്നും പൊതുജനങ്ങൾക്ക് നൽകുന്ന ഭക്ഷണം ഗുണനിലവാരമുള്ളതും ശുദ്ധവും വൃത്തിയുള്ളതുമാണെന്ന് ഉറപ്പുവരുത്തുന്നതിനായി FSSAI-യുടെ സഹായത്തോടെ 14 ജില്ലകളിൽ ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കഫേകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക്

റേറ്റിംഗ് നൽകി അംഗീകാരം നൽകുകയും അതോടൊപ്പം ജനങ്ങളെ ആകർഷിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഹൈജീൻ റേറ്റിംഗ്. ഇതിലൂടെ 3078 ഹോട്ടലുകൾ/ റെസ്റ്റോറന്റുകൾക്ക് റേറ്റിംഗ് നൽകാൻ സാധിച്ചിട്ടുണ്ട്.

2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, തട്ടുകടകൾ, മറ്റു ഭക്ഷ്യ ഉൽപ്പാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കും ഭക്ഷ്യസംരംഭകർക്കും കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്ന FoSTaC Training (Food Safety Training and Certification) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. എല്ലാ ഹോട്ടലുകളിലും ഭക്ഷണം കൈകാര്യം ചെയ്യുന്നവർക്ക് മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) ഭക്ഷണത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥർ കുറവാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ബി&സി) നിലവിലുള്ള ജീവനക്കാരെ പൂർണ്ണമായും ഉപയോഗപ്പെടുത്തി കാര്യക്ഷമമായി പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ഭക്ഷ്യസുരക്ഷാ വകുപ്പിൽ പ്രവർത്തി പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് ഉൾപ്പെടെയുള്ള ശിപാർശകൾ പരിശോധിച്ച് വരുന്നു.

**(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

**തമിഴ് ഭാഷാ ന്യൂനപക്ഷങ്ങളുടെ ക്ഷേമം**

1 (1998) ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ് ഭാഷാ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകാൻ നിയമിക്കപ്പെട്ട ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) 1950-ന് മുമ്പ് കേരളത്തിലേക്ക് വന്നുതാമസിച്ച തമിഴ് ഭാഷാ ന്യൂനപക്ഷങ്ങൾക്ക് മാത്രമേ ജാതി സർട്ടിഫിക്കറ്റ് ലഭിക്കുവാൻ സാധിക്കുകയുള്ളൂവെന്ന നിയമം ഭേദഗതി വരുത്തി 1975-ന് മുമ്പ് കേരളത്തിൽ സ്ഥിരം താമസമാക്കിയവർക്കും ജാതി സർട്ടിഫിക്കറ്റ് നൽകുവാനുള്ള കമ്മീഷൻ ശിപാർശയിന്മേൽ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

(എ & ബി) ശിപാർശകൾ  പരിശോധിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തമിഴ് ഭാഷാ ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

എസ്.എസ്.എൽ.സി. പരീക്ഷക്ക് മലയാളം അല്ലാത്ത മറ്റൊരു ഭാഷ ഒന്നാം ഭാഷയായിട്ടുള്ള ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയുടെ റിക്രൂട്ട്മെന്റിൽ വ്യവസ്ഥകൾക്ക് വിധേയമായി മലയാളം ടൈപ്പ് റൈറ്റിംഗ് യോഗ്യത ഒഴിവാക്കിക്കൊണ്ടുള്ള 11-05-1977-ലെ G.O.(P)No.139/77/GAD ഉത്തരവ്

പ്രകാരമുള്ള ആനുകൂല്യം വിവിധ സർക്കാർ കമ്പനി/ കോർപ്പറേഷൻ/ബോർഡുകളിലെ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയ്ക്കുകൂടി ബാധകമാക്കിക്കൊണ്ട് 26-10-2019-ലെ G.O.(P)No.16/2019/GAD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തമിഴ് ഭാഷാ ന്യൂനപക്ഷങ്ങൾക്കായി പ്രത്യേകമായി ക്ഷേമപദ്ധതികൾ നടപ്പാക്കിയിട്ടില്ല.

(ഡി) തമിഴ് ഭാഷാ ന്യൂനപക്ഷവിദ്യാർത്ഥികളുടെ കലയും സംസ്കാരവും കാത്തുസൂക്ഷിക്കുവാനും വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുവാനും ഇടുക്കി ജില്ലയിൽ ഒരു തമിഴ് അക്കാദമി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

(ഇ) തമിഴ് ഭാഷാ ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായുള്ള സംസ്ഥാനതല യോഗങ്ങൾ കഴിഞ്ഞ എട്ട് വർഷത്തിനിടയിൽ എത്രതവണയാണ് കൂടിയത്; വിശദമാക്കാമോ?

01-08-2017, 26-11-2018 എന്നീ തീയതികളിലായി രണ്ട് തവണ സംസ്ഥാനതല ഭാഷാന്യൂനപക്ഷ യോഗങ്ങൾ കൂടിയിട്ടുണ്ട്.

**നവകേരള സദസ്സിന്റെ വരവ്-ചെലവ്**

2 (1999) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സ് സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് നാളിതുവരെ സംസ്ഥാന സർക്കാർ എന്തു തുക ചെലവഴിച്ചിട്ടുണ്ട്; ഓരോ വകുപ്പിൽ നിന്നും എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

(ബി) നവകേരള സദസ്സ് സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് തദ്ദേശസ്ഥാപനങ്ങൾ അനുവദിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിശദാംശം അറിയിക്കാമോ?

(സി) നവകേരള സദസ്സ് സംഘടിപ്പിക്കുന്നതിനും പരിപാടിയുടെ മറ്റ് ആവശ്യങ്ങൾക്കുമായി സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും എന്തു തുക സ്വരൂപിച്ചിട്ടുണ്ട്?

(ഡി) ഇക്കാര്യത്തിനായി സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ കമ്പനികൾ, ബോർഡുകൾ,

സഹകരണസ്ഥാപനങ്ങൾ എന്നിവ എന്തു തുക വീതം നൽകിയിട്ടുണ്ട്; സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

(എ–ഡി) മണ്ഡലാടിസ്ഥാനത്തിൽ രൂപീകരിച്ച സംഘാടക സമിതികൾ സ്പോൺസർഷിപ്പിലൂടെയും മറ്റുമാണ് പരിപാടി സംഘടിപ്പിച്ചത്. ഇത് സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല.

**അരൂർ മണ്ഡലത്തിലെ റീ ബിൽഡ് കേരള പദ്ധതി**

3 (2000) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാം എന്ന് വിശദമാക്കാമോ?

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ നിർമ്മാണ പുരോഗതി വിലയിരുത്താമോ?

(എ & ബി) അരൂർ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പദ്ധതികളും

അവയുടെ നിലവിലെ പുരോഗതി ഉൾപ്പെടെയുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു+.

**മാവേലിക്കര മണ്ഡലത്തിൽ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി**

4 (2001) <u>ശ്രീ. എം. എസ്. അരുൺ കുമാർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെട്ടിട്ടുള്ള തട്ടാരമ്പലം-കൊച്ചാലുമ്മൂട്-മാങ്കാംകുഴി-പന്തളം റോഡ് നവീകരിക്കുന്നതിന്റെ നിലവിലെ സ്ഥിതി വിവരം അറിയിക്കാമോ?

(എ & ബി) മാവേലിക്കര നിയോജക മണ്ഡലത്തിൽ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പദ്ധതികളും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അവയുടെ നിലവിലെ പുരോഗതി ഉൾപ്പെടെയുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു+.

തട്ടാരമ്പലം-കൊച്ചാലുമ്മൂട്-മാങ്കാംകുഴി-പന്തളം റോഡ് നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത പദ്ധതിയിൻകീഴിൽ നടപ്പിലാക്കുന്ന മാവേലിക്കര താലൂക്ക് ഓഫീസ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിവരം അറിയിക്കുമോ?

കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

**കാസർകോഡ് ജില്ലയിലെ നവകേരള സദസ്സ്**

5 (2002) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണ ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കാസർകോഡ് ജില്ലയിൽനിന്നും നവകേരള സദസ്സുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചുവെന്ന് മണ്ഡലവും വകുപ്പും തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പരാതികളിൽ പരിഹരിച്ചവയും പരിഹരിക്കാത്തവയും എത്രയെണ്ണം വീതമെന്ന് മണ്ഡലവും വകുപ്പും തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇതുവരെ പരിഹരിക്കാത്ത പരാതികളിന്മേൽ ഇനി എന്തെങ്കിലും നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം നൽകാമോ?

(എ-സി) 14714 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 14430 എണ്ണം തീർപ്പാക്കി. അപേക്ഷകളിൽ പലതും പൊതുസ്വഭാവമുള്ളവയായതിനാൽ അത്തരം വിഷയങ്ങളിൽ പൊതുവായ തീരുമാനങ്ങൾ എടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു. നിലവിലെ ഉത്തരവുകളിലോ ചട്ടങ്ങളിലോ മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ അത്തരം കാര്യങ്ങൾകൂടി പരിശോധിച്ച് നടപടിക്രമങ്ങൾ ലഘൂകരിച്ച് പൊതുപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ആവശ്യമായ രേഖകളോ മറ്റ് വിവരങ്ങളോ

ഉൾപ്പെടുത്താതെ നൽകിയ അപേക്ഷകളിൽ അവ ലഭ്യമാക്കിയാൽ മാത്രമേ അന്തിമ തീരുമാനം എടുക്കാൻ കഴിയൂ.

**സർക്കാർ ഡോക്ടറെ ചികിത്സയ്ക്കായി വീട്ടിലേക്ക് വിളിച്ചുവരുത്തിയ സംഭവം**

6 (2003) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഡോക്ടറെ ചികിത്സയ്ക്കായി വീട്ടിലേക്ക് വിളിച്ച വരുത്താൻ അധികാരമുള്ളവർ ആരൊക്കെയാണ്; ഐ.എ.എസ്. ഉദ്യോഗസ്ഥർക്ക് ഇതിന് അധികാരമുണ്ടോ; ഇതുസംബന്ധിച്ച ഉത്തരവുകൾ ലഭ്യമാക്കുമോ?

അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥന് വീട്ടിൽ ചികിത്സ സ്വീകരിക്കാവുന്നത് സംബന്ധിച്ച ആൾ ഇന്ത്യാ സർവ്വീസ് (മെഡിക്കൽ അറ്റൻഡൻസ്) റൂൾസ് 1954 ലെ ചട്ടം 7(1)ന്റേയും 8(1)ന്റേയും പകർപ്പുകൾ യഥാക്രമം അനുബന്ധം (1), അനുബന്ധം (2) ആയി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) തിരുവനന്തപുരം ജില്ലാ കളക്ടർ സർക്കാർ ഡോക്ടറെ ചികിത്സയ്ക്കായി വീട്ടിലേക്ക് വിളിച്ചുവരുത്തിയ സംഭവത്തിൽ റവന്യൂ സെക്രട്ടറിയും ആരോഗ്യ വകുപ്പ് സെക്രട്ടറിയും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; ഇവയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഡോക്ടറെ ചികിത്സയ്ക്കായി വീട്ടിൽ വിളിച്ചുവരുത്തിയ കളക്ടർക്കെതിരെ എന്തെങ്കിലും നടപടികൾ ചീഫ് സെക്രട്ടറി സ്വീകരിച്ചിട്ടുണ്ടോ; നടപടിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്നറിയിക്കുമോ?

(ബി & സി) റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ഡി) ഐ.എ.എസ്. ഉദ്യോഗസ്ഥർക്ക് സർക്കാർ ഡോക്ടർമാരെ ചികിത്സയ്ക്കായി വിളിച്ചുവരുത്താം എന്ന തരത്തിൽ ചട്ടങ്ങൾ വ്യാഖ്യാനിച്ച് ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥൻ ഒരു മാധ്യമത്തിൽ ലേഖനം എഴുതിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## മങ്കട നിയോജകമണ്ഡലത്തിലെ നവകേരള സദസ്സ്

7 (2004) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിൽ ആകെ എത്ര അപേക്ഷകൾ/പരാതികൾ ലഭിച്ചിട്ടുണ്ട്; ഏതെല്ലാം വകുപ്പുകളുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ/പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര എണ്ണം പരിഹരിച്ചിട്ടുണ്ടെന്നും പരിഹരിക്കാൻ ബാക്കിയുള്ളത് എത്രയെന്നും വകുപ്പ് തിരിച്ച് അറിയിക്കാമോ;

(ബി) മങ്കട നിയോജകമണ്ഡലത്തിൽ നടന്ന നവകേരള സദസ്സിൽ ആകെ എത്ര അപേക്ഷകൾ/പരാതികൾ ലഭിച്ചിട്ടുണ്ട്; ഏതെല്ലാം വകുപ്പുകളുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ/പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര എണ്ണം പരിഹരിച്ചിട്ടുണ്ടെന്നും പരിഹരിക്കാൻ ബാക്കിയുള്ളത് എത്രയെന്നും വകുപ്പ് തിരിച്ച് അറിയിക്കാമോ?

(എ&ബി) 643104 അപേക്ഷകളിൽ 542801 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. മറ്റുള്ളവയിൽ നടപടി സ്വീകരിച്ചുവരുന്നു. ചില പരാതികൾ ഒന്നിലധികം വകുപ്പുമായി ബന്ധപ്പെട്ടവയാണ്. ഇവ അതത് വകുപ്പുകൾക്ക് നടപടികൾക്കായി പ്രത്യേകം നൽകുമ്പോൾ നടപടിയെടുക്കേണ്ട വിഷയങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുണ്ട്. നിവേദനങ്ങൾ യാന്ത്രികമായി തീർപ്പാക്കരുതെന്നും വ്യക്തമായ കാരണങ്ങളില്ലാതെ പരാതികൾ നിരസിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. നിവേദനങ്ങൾ സമയബന്ധിതമായും ഫലപ്രദമായും തീർപ്പുകൽപ്പിക്കുന്നതിനാവശ്യമായ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുസ്വഭാവമുള്ള പരാതികൾ തരംതിരിച്ച് അതിൽ പൊതുതീരുമാനം കൈക്കൊള്ളുന്നതാണ്. നിലവിലുള്ള ചട്ടങ്ങളിലോ, ഉത്തരവുകളിലോ മാറ്റങ്ങൾ അനിവാര്യമാണെങ്കിൽ അക്കാര്യവും പരിഗണിക്കുന്നതാണ്.

മങ്കട നിയോജകമണ്ഡലത്തിൽ നിന്നും 4172 പരാതികൾ ലഭിച്ചതിൽ 3452 പരാതികൾ പരിഹരിച്ചിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടില്ല.

(സി) നവകേരള സദസ്സിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ/പരാതികൾ എത്ര ദിവസത്തിനകം തീർപ്പാക്കുമെന്നാണ് അറിയിച്ചിരുന്നത്; സമയപരിധി കഴിഞ്ഞിട്ടും പല പരാതികളിലും അപേക്ഷകളിലും തീരുമാനം കൈക്കൊള്ളാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ജില്ലാതല ഉദ്യോഗസ്ഥർ പരിശോധിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ അന്തിമ തീരുമാനം കൈക്കൊള്ളണമെന്നും നിവേദകർക്ക് വിശദമായ മറുപടി നൽകി വിവരം ഓൺലൈൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യണമെന്നും നിർദേശിച്ചിട്ടുണ്ട്. കൂടുതൽ നടപടിക്രമങ്ങളും കൂടുതൽ സമയവും ആവശ്യമുള്ള പരാതികൾ പരമാവധി നാല് ആഴ്ചയ്ക്കകം തീർപ്പാക്കണമെന്നാണ് നിർദേശിച്ചിട്ടുള്ളത്.

നിവേദനങ്ങൾ പലതും പൊതുസ്വഭാവം ഉള്ളവയായതിനാൽ അത്തരം വിഷയങ്ങളിൽ പൊതുവായ തീരുമാനങ്ങളെടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു. നിലവിലെ ഉത്തരവുകളിലോ ചട്ടങ്ങളിലോ മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ അത്തരം കാര്യങ്ങൾകൂടി പരിശോധിച്ച് നടപടിക്രമങ്ങൾ

ലഘൂകരിച്ചുകൊണ്ട് പൊതുപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഇത്തരം നിവേദനങ്ങളിൽ തീരുമാനമെടുക്കുന്നതിന് കൂടുതൽ സമയം ആവശ്യമായി വരും. ഇതിനുപുറമെ ആവശ്യമായ രേഖകളോ മറ്റ് വിവരങ്ങളോ ഉൾപ്പെടുത്താതെ നൽകിയ അപേക്ഷകളിൽ അവ ലഭ്യമാക്കിയാൽ മാത്രമേ അന്തിമ തീരുമാനമെടുക്കാൻ കഴിയൂ.

**വാമനപുരം മണ്ഡലത്തിലെ നവകേരള സദസ്സ്**

8 (2005) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നവകേരള സദസ്സുമായി ബന്ധപ്പെട്ട് വാമനപുരം മണ്ഡലത്തിൽനിന്ന് ആകെ എത്ര പരാതികൾ/അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്ര എണ്ണം തീർപ്പാക്കിയിട്ടുണ്ടെന്നും ഇനി എത്ര എണ്ണം തീർപ്പാക്കാനുണ്ടെന്നും വകുപ്പ് തിരിച്ച് വിശദാംശങ്ങൾ നൽകാമോ?

4667 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ 4195 എണ്ണം തീർപ്പാക്കി. ചില പരാതികൾ ഒന്നിലധികം വകുപ്പുമായി ബന്ധപ്പെട്ടവയാണ്. ഇവ

അതത് വകുപ്പുകൾക്ക് നടപടികൾക്കായി പ്രത്യേകം നൽകുമ്പോൾ നടപടിയെടുക്കേണ്ട വിഷയങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുണ്ട്. നിവേദനങ്ങൾ യാന്ത്രികമായി തീർപ്പാക്കരുതെന്നും വ്യക്തമായ കാരണങ്ങളില്ലാതെ പരാതികൾ നിരസിക്കരുതെന്നും നിർദേശിച്ചിട്ടുണ്ട്. നിവേദനങ്ങൾ സമയബന്ധിതമായും ഫലപ്രദമായും തീർപ്പു കൽപ്പിക്കുന്നതിനാവശ്യമായ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുസ്വഭാവമുള്ള പരാതികൾ തരംതിരിച്ച് അതിൽ പൊതുതീരുമാനം കൈക്കൊള്ളുന്നതാണ്. നിലവിലുള്ള ചട്ടങ്ങളിലോ, ഉത്തരവുകളിലോ മാറ്റങ്ങൾ അനിവാര്യമാണെങ്കിൽ അക്കാര്യവും പരിഗണിക്കുന്നതാണ്. വകുപ്പ് തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടില്ല.

**നവകേരള സദസ്സ്-ഒറ്റപ്പാലം മണ്ഡലം**

9 (2006) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സുമായി ബന്ധപ്പെട്ട് ഒറ്റപ്പാലം മണ്ഡലത്തിൽ നിന്നും എത്ര പരാതികൾ ലഭിച്ചെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ;

(ബി) പരാതികളിൽ എത്രയെണ്ണം തീർപ്പാക്കി എന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വിശദമാക്കാമോ;

(സി) ബാക്കിയുള്ള പരാതികൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) ഏതെങ്കിലും പരാതികൾ നിരസിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(എ-ഡി) 46 അപേക്ഷകളിൽ 4261 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ള പരാതികൾ വിവിധ തലങ്ങളിൽ പരിശോധിച്ചു വരികയാണ്. പൊതുസ്വഭാവമുള്ള വിഷയങ്ങളിൽ പൊതുവായ തീരുമാനങ്ങൾ എടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു. നിലവിലെ ഉത്തരവുകളിലോ ചട്ടങ്ങളിലോ മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ അത്തരം കാര്യങ്ങൾകൂടി പരിശോധിച്ച് നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

ആവശ്യമായ രേഖകളോ മറ്റ് വിവരങ്ങളോ ഉൾപ്പെടുത്താതെ നൽകിയ ധാരാളം അപേക്ഷകളിൽ ആവശ്യമായ രേഖകൾ ലഭ്യമാക്കിയാൽ മാത്രമേ അന്തിമ തീരുമാനം എടുക്കാൻ കഴിയൂ.

മണ്ഡലാടിസ്ഥാനത്തിൽ നടത്തിയ നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ പഞ്ചായത്ത്/മുൻസിപ്പാലിറ്റി തിരിച്ച് ശേഖരിച്ചിട്ടില്ല.

**വർക്ക് നിയർ ഹോം സ്റ്റേഷൻ**

10 (2007) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർക്ക് നിയർ ഹോം സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് ഏതൊക്കെ സ്ഥാപനങ്ങളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്; ഏതൊക്കെ സ്ഥലങ്ങളിലൊക്കെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (KSITIL) SPV ആയും KIIFB-യുടെ ധനസഹായത്തോടെയും സംസ്ഥാനത്ത് വർക്ക് നിയർ ഹോം സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കെ-ഡിസ്കിനാണ് പ്രസ്തുത പദ്ധതിയുടെ നിർവഹണ ചുമതല.

പദ്ധതിയുടെ പൈലറ്റ് ഘട്ടത്തിലെ വിശദമായ രൂപരേഖ തയ്യാറാക്കുന്നതിന് Uralungal Labour Contract Co-operative Society Ltd-UL Insight, Inner Space Co-working എന്നീ സ്ഥാപനങ്ങളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. പൈലറ്റ് ഘട്ടത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ പ്രഥമ പരിഗണനയിലുള്ള സ്ഥലങ്ങളുടെ പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

| | |
|---|---|
| 1. | Kannur-Thaliparamba-KINFRA PARK building |
| 2. | Kozhikode-Kozhikode Corporation |
| 3. | Kozhikode-Ramanattukara-KINFRA PARK building |
| 4 | Kollam-Kollam Corporation-Corporation owned Building |
| 5. | Pathanamthitta-Thiruvalla-KSRTC Building |
| 6. | Thrissur-Thrissur Corporation- |

| | |
|---|---|
| | Corporation owned building |
| 7. | Kollam-Kottarakkara-BSNL Building |
| 8. | Malappuram-Manjeri-BSNL Building |
| 9 | Ernakulam-Kaloor-BSNL Building |

(ബി) കെ-ഡിസ്കിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ഇന്നോവെറ്റേഴ്സ് പ്രോഗ്രാം ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സ്കൂൾ, കോളേജ്, ഗവേഷണ തലങ്ങളിലെ വിദ്യാർത്ഥികൾക്കായി കെ-ഡിസ്കിന്റെ ആഭിമുഖ്യത്തിൽ 2018 മുതൽ നടത്തുന്ന യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാമിൽ (വൈ.ഐ.പി.) ആലപ്പുഴ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നുമുള്ള വിദ്യാർത്ഥികളുടെയും പങ്കാളിത്തമുണ്ട്.

നിത്യജീവിത പ്രശ്നപരിഹാരത്തിന് ഇന്നൊവേഷൻ പ്രോത്സാഹിപ്പിക്കുന്ന യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാമിൽ ആലപ്പുഴ ജില്ലയിൽ നിന്നുള്ള 469 വിദ്യാഭ്യാസ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏറ്റവും ഒടുവിൽ നടന്ന പരിപാടിയുടെ ആറാം പതിപ്പായ വൈ.ഐ.പി. 6.0 (YIP 6.0)-യിൽ ആലപ്പുഴയിൽ നിന്നുള്ള 707 വിദ്യാർത്ഥി കൂട്ടായ്മകൾ ആശയ

സമർപ്പണം നടത്തിയിട്ടുണ്ട്. ഇവയുടെ പ്രാഥമിക മൂല്യനിർണ്ണയം നടന്നുവരുന്നു.

**സിൽവർ ലൈൻ പദ്ധതി**

11 (2008) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിൽവർ ലൈൻ പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച നയം വ്യക്തമാക്കുമോ?

സിൽവർ ലൈൻ പദ്ധതിയുടെ നിക്ഷേപപൂർവ്വ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് തത്വത്തിലുള്ള അംഗീകാരം കേന്ദ്ര റെയിൽ മന്ത്രാലയത്തിൽ നിന്നും ലഭിച്ചിരുന്നു. തുടർന്ന് സിൽവർ ലൈൻ പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ട് കെ.ആർ.ഡി.സി.എൽ. പൂർത്തീകരിക്കുകയും സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടുകൂടി 17-06-2020-ന് റെയിൽവേ മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തു. കൂടാതെ റെയിൽവേ മന്ത്രാലയം ആവശ്യപ്പെട്ട അധിക വിവരങ്ങൾക്ക് സ്പഷ്ടീകരണം നൽകുകയും ചെയ്തിട്ടുണ്ട്.

നിലവിൽ വിശദ പദ്ധതി റിപ്പോർട്ട് റെയിൽവേ ബോർഡിന്റെ പരിശോധനയിലാണ്. റെയിൽവേയിൽനിന്നും അന്തിമാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സിൽവർ ലൈൻ പദ്ധതിക്കായി ഭൂമി വിട്ടുനൽകുന്നതിന് ദക്ഷിണ റെയിൽവേയുടെ അനുമതിപത്രം ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

സിൽവർലൈൻ പദ്ധതിക്കാവശ്യമായ റെയിൽവേ ഭൂമി സംബന്ധിച്ച വിശദാംശങ്ങൾ റെയിൽവേക്ക് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ റെയിൽവേയുമായി കത്തിടപാടുകൾ നടന്നുവരികയാണ്.

**ഓൺലൈനായി പൊതു സ്ഥലംമാറ്റം**

12 (2009) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിൽ 2017-ലെ സർക്കാർ ഉത്തരവ് പാലിച്ചുകൊണ്ട് ഓൺലൈനായി പൊതു സ്ഥലംമാറ്റം നടത്തുന്ന എത്ര വകുപ്പുകൾ നിലവിലുണ്ട്?

46 വകുപ്പുകൾ ഓൺലൈനായി പൊതുസ്ഥലംമാറ്റം നടത്തുന്നുണ്ട്.

(ബി) ഇനിയും ഓൺലൈനായി പൊതു സ്ഥലംമാറ്റം നടപ്പിലാക്കാത്ത വകുപ്പുകൾക്ക് ആയത് നടപ്പിലാക്കുവാൻ സർക്കാർ നിർദ്ദേശം നൽകുമോ?

നിർദ്ദേശം നൽകിയിട്ടുണ്ട്.

**സർക്കാർ ഓഫീസുകളിലെ പ്രവൃത്തി ദിന പരിഷ്കരണം**

13 (2010) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ, കേന്ദ്ര പൊതുമേഖല/ധനകാര്യ സ്ഥാപനങ്ങളുടെ മാതൃകയിൽ സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിലെ പ്രവൃത്തി ദിനങ്ങൾ അഞ്ച് ദിവസമാക്കി പരിഷ്കരിക്കുന്നതിന് ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവൃത്തി ദിനങ്ങളിലെ വർക്കിംഗ് ടൈം ആനുപാതികമായി വർദ്ധിപ്പിച്ച് പ്രവൃത്തി ദിനങ്ങൾ അഞ്ച് ദിവസമാക്കി മാറ്റിയ കേന്ദ്ര സർക്കാർ നയം ഗുണകരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ & ബി) നിലവിൽ പരിഗണനയിലില്ല.

**ശമ്പള പരിഷ്കരണ കമ്മീഷൻ**

14 (2011) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും 2024 ജൂലൈ 1 മുതൽ നൽകേണ്ട ശമ്പളം പരിഷ്കരിക്കുന്നതിനായുള്ള കമ്മീഷനെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ ശമ്പള പരിഷ്കരണ നടപടികൾ നിർത്തലാക്കുവാൻ ആലോചനയുണ്ടോ;

(സി) 2019-ലെ ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശിക എന്നത്തേക്ക് നൽകാനാകുമെന്ന് വ്യക്തമാക്കുമോ?

(എ-സി) സംസ്ഥാന സർക്കാരിന് അർഹതപ്പെട്ട സാമ്പത്തിക വിഹിതം നിഷേധിച്ചും വായ്പാ പരിധിയിൽ കുറവ് വരുത്തിയും കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നടപടികളുടെ ഭാഗമായി സംസ്ഥാനം സാമ്പത്തിക പ്രയാസം നേരിടുകയാണ്. ഇത് കാരണമാണ് സർക്കാർ ജീവനക്കാർക്ക് അർഹമായ ആനുകൂല്യം അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ളത്.

ചെലവുകൾ ക്രമീകരിച്ചും തനത് വരുമാനം വർദ്ധിപ്പിച്ചും സാമ്പത്തിക ഞെരുക്കത്തെ നേരിടുവാനുള്ള ശക്തമായ നടപടികളാണ് സംസ്ഥാന സർക്കാർ കൈക്കൊണ്ടുവരുന്നത്.

ജീവനക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ അനുഭാവപൂർണ്ണമായ നിലപാട് സമയബന്ധിതമായി സർക്കാർ സ്വീകരിക്കുന്നതാണ്.

**മന്ത്രിമാരുടെ വിദേശയാത്രകൾ**

15 (2012) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നിയമസഭാ സമ്മേളന കാലയളവിനുശേഷം മുഖ്യമന്ത്രി ഉൾപ്പെടെ എത്ര മന്ത്രിമാർ വിദേശയാത്ര നടത്തിയിട്ടുണ്ട്; ഇതിൽ ഏതൊക്കെ മന്ത്രിമാരാണ് കുടുംബാംഗങ്ങളോടൊപ്പം യാത്ര നടത്തിയതെന്നും ഏതൊക്കെ രാജ്യങ്ങളിലാണ് യാത്ര നടത്തിയതെന്നും അറിയിക്കാമോ;

(ബി) ഇപ്രകാരം യാത്ര നടത്തുമ്പോൾ മറ്റ് ഉദ്യോഗസ്ഥരോ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫോ അനുഗമിച്ചിട്ടുണ്ടോ; എങ്കിൽ അവരുടെ പേരുവിവരങ്ങൾ നൽകാമോ;

(സി) പ്രസ്തുത യാത്രകളിൽ സ്വകാര്യ സന്ദർശനങ്ങളോ പരിപാടികളോ ഉണ്ടായിരുന്നോ; വിശദമാക്കാമോ?

(എ-സി) കഴിഞ്ഞ നിയമസഭാ സമ്മേളന കാലയളവിനുശേഷം നാളിതുവരെ മുഖ്യമന്ത്രി ഉൾപ്പെടെ 9 മന്ത്രിമാർ വിദേശയാത്ര നടത്തിയിട്ടുണ്ട്. ഇതിൽ സഹകരണ–രജിസ്ട്രേഷൻ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ ജോർദ്ദാനിലേക്ക് നടത്തിയ യാത്ര ഒഴികെ മറ്റ് മന്ത്രിമാരുടെ യാത്രകളെല്ലാം സ്വകാര്യ സന്ദർശനങ്ങളായിരുന്നു.

(ഡി) പ്രസ്തുത യാത്രകൾക്കായി എത്ര തുകയാണ് ചെലവിട്ടിട്ടുള്ളത്; സ്വകാര്യ യാത്രകൾക്കായുള്ള ചെലവ് വഹിച്ചത് ആരാണെന്ന് വിശദമാക്കാമോ?

ഔദ്യോഗിക യാത്രക്ക് സർക്കാരിൽ നിന്നും നാളിതുവരെ തുകയൊന്നും അനുവദിച്ച് നൽകിയിട്ടില്ല.

(ഇ) അനുമതി നേടിയശേഷമാണോ പ്രസ്തുത യാത്രകൾ നടത്തിയത്; അനുമതി തേടിയെങ്കിലും അത് ലഭിക്കുന്നതിനുമുമ്പ് യാത്ര നടത്തിയിട്ടുണ്ടോ; എങ്കിൽ അനുമതി തേടാതെയും അനുമതി ലഭിക്കും മുമ്പും ഏതൊക്കെ മന്ത്രിമാരാണ് ഇപ്രകാരം യാത്ര നടത്തിയത്?

അനുമതി നേടിയിരുന്നു.

**ദേവികുളം മണ്ഡലത്തിലെ നവകേരള സദസ്സ്**

16 (2013) <u>ശ്രീ. എ. രാജ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ നടത്തിയ നവകേരള സദസ്സിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ഇതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയെന്നുമുള്ള വിവരം അറിയിക്കാമോ?

9569 പരാതികൾ ലഭിച്ചതിൽ 6305 പരാതികൾ ഇതിനോടകം തീർപ്പാക്കിയിട്ടുണ്ട്.

ചില പരാതികൾ ഒന്നിലധികം വകുപ്പുമായി ബന്ധപ്പെട്ടവയാണ്. ഇവ അതത് വകുപ്പുകൾക്ക് നടപടികൾക്കായി പ്രത്യേകം പ്രത്യേകം

നൽകുമ്പോൾ നടപടിയെടുക്കേണ്ട വിഷയങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുണ്ട്. നിവേദനങ്ങൾ യാന്ത്രികമായി തീർപ്പാക്കരുതെന്നും വ്യക്തമായ കാരണങ്ങളില്ലാതെ പരാതികൾ നിരസിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. നിവേദനങ്ങൾ സമയബന്ധിതമായും ഫലപ്രദമായും തീർപ്പുകൽപ്പിക്കുന്നതിനാവശ്യമായ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുസ്വഭാവമുള്ള പരാതികൾ തരംതിരിച്ച് അതിൽ പൊതുതീരുമാനം കൈക്കൊള്ളുന്നതാണ്. നിലവിലുള്ള ചട്ടങ്ങളിലോ, ഉത്തരവുകളിലോ മാറ്റങ്ങൾ അനിവാര്യമാണെങ്കിൽ അക്കാര്യവും പരിഗണിക്കുന്നതാണ്.

(ബി) മണ്ഡലത്തിൽ പൗര പ്രമുഖരുമായി നടത്തിയ സംവാദത്തിൽ ഉന്നയിക്കപ്പെട്ട ആവശ്യങ്ങളിൽ തീർപ്പ് കല്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പൗര പ്രമുഖരുമായി നടത്തിയ സംവാദത്തിൽ ലഭിച്ച വിവിധ നിർദേശങ്ങളും ആശയങ്ങളും പ്രായോഗികമാക്കുന്നതിനുള്ള വിശദമായ പരിശോധന നടന്നുവരുന്നു.

## പൂഞ്ഞാർ മണ്ഡലത്തിലെ നവകേരള സദസ്സ്

17 (2014) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിൽ പൂഞ്ഞാർ മണ്ഡലത്തിൽനിന്നും എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; അതിന്റെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പരാതികളിൽ എത്രയെണ്ണം തീർപ്പാക്കി എന്ന് പഞ്ചായത്ത്/മുൻസിപ്പാലിറ്റി തിരിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ നിന്ന് ലഭിച്ച പരാതികളിൽ ഇനി എത്രയെണ്ണം തീർപ്പാക്കാനുണ്ടെന്നും അവ എന്ന് തീർപ്പാക്കുമെന്നും അറിയിക്കാമോ;

(ഡി) ലഭിച്ച പരാതികളിൽ ഏതെങ്കിലും പരാതികൾ നിരസിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(എ-ഡി) 4883 അപേക്ഷകളിൽ 4208 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ള പരാതികൾ വിവിധ തലങ്ങളിൽ പരിശോധിച്ചുവരികയാണ്.

പൊതുസ്വഭാവമുള്ള വിഷയങ്ങളിൽ പൊതുവായ തീരുമാനമെടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു. നിലവിലെ ഉത്തരവുകളിലോ ചട്ടങ്ങളിലോ മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ അത്തരം കാര്യങ്ങൾക്കൂടി പരിശോധിച്ച് നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ആവശ്യമായ രേഖകളോ മറ്റ് വിവരങ്ങളോ ഉൾപ്പെടുത്താതെ നൽകിയ ധാരാളം അപേക്ഷകളിൽ ആവശ്യമായ രേഖകൾ ലഭ്യമാക്കി മാത്രമേ അന്തിമ തീരുമാനം എടുക്കാൻ കഴിയൂ.

മണ്ഡലാടിസ്ഥാനത്തിൽ നടത്തിയ നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ പഞ്ചായത്ത്/മുൻസിപ്പാലിറ്റി തിരിച്ച് ശേഖരിച്ചിട്ടില്ല.

**വയനാട് പാക്കേജ്**

18 (2015) <u>ശ്രീ. ഒ. ആർ. കേളു:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് പാക്കേജിൽ അനുവദിക്കപ്പെട്ടിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കുമായി അനുവദിച്ച തുകയും പദ്ധതിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

(എ & ബി) വയനാട് വികസന പാക്കേജിൽ ഉൾപ്പെടുത്തി 2022-23-ൽ സമർപ്പിച്ച 75.00 കോടി രൂപയുടെ പദ്ധതികളിൽ 68.58 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ ലിസ്റ്റ്, ഓരോ പ്രവൃത്തിക്കുമായി അനുവദിച്ച തുക, പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(സി) വയനാട് ജില്ലയുടെ സമഗ്ര വികസനത്തിന് വയനാട് പാക്കേജിൽ ഉൾപ്പെടുത്തി കൂടുതൽ പദ്ധതികൾ അനുവദിക്കുന്ന കാര്യം അനുഭാവപൂർവം പരിഗണിക്കാമോ?

വയനാട് ജില്ലയുടെ സമഗ്ര വികസനത്തിനായി ഓരോ വർഷവും വയനാട് വികസന പാക്കേജിലുൾപ്പെടുത്തി ബജറ്റിൽ തുക വകയിരുത്തി പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകി വരുന്നു.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി**

19 (2016) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> താഴെക്കാണുന്ന ചോദ്യത്തിന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞങ്ങാട് മണ്ഡലത്തിൽ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ്, സി.എം.എൽ.ആർ.ആർ. എന്നീ പദ്ധതികളിലുൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ നിർമ്മാണ പുരോഗതിയും വിശദമാക്കാമോ?

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ്, സി.എം.എൽ.ആർ.ആർ.പി. എന്നിവയ്ക്ക് കീഴിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പദ്ധതികളും അവയുടെ നിലവിലെ പുരോഗതി ഉൾപ്പെടെയുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു+.

## ചവറയിൽ സിറ്റി ഗ്യാസ് പദ്ധതി

20 (2017) <u>ഡോ. സുജിത് വിജയൻപിള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ചവറയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന സിറ്റി ഗ്യാസ് പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ഇതുവരെ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സിറ്റി ഗ്യാസ് പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു.

(ബി) ഇതിന്റെ ഭാഗമായുള്ള സംഭരണ ടാങ്ക് നിർമ്മിക്കുന്നതിനായി കെ.എം.എം.എൽ-ന്റെ സ്ഥലം പാട്ടത്തിന് എടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉണ്ട്. കെ.എം.എം.എൽ-ന്റെ സ്ഥലം പാട്ടത്തിന് നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കെ.എം.എം.എൽ-ഉം എ.ജി.പി. സിറ്റി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമ ഘട്ടത്തിലാണ്.

പൈപ്പ് ലൈനുകൾ സ്ഥാപിക്കേണ്ട ചുമതല കൊല്ലം ജില്ലയിലെ authorized City Gas Distribution കമ്പനിയായ എ.ജി.പി. സിറ്റി ഗ്യാസ്

പ്രൈവറ്റ് ലിമിറ്റഡിനാണ്. പൈപ്പ് സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

LNG സംഭരണ പ്ലാന്റും അനുബന്ധ സി.എൻ.ജി. സ്റ്റേഷനും 2025 മാർച്ചോടുകൂടി പ്രവർത്തനം ആരംഭിക്കുവാനും 2028-ഓടെ പദ്ധതി പൂർത്തീകരിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**പൂഞ്ഞാർ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി പ്രവൃത്തികൾ**

21 (2018) **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി പൂഞ്ഞാർ മണ്ഡലത്തിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി നൽകിയിട്ടുള്ള ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി വിശദമാക്കാമോ;

(സി) ഇനി ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകാനുള്ളതെന്ന് അറിയിക്കാമോ?

(എ-സി) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

**പതിനാലാം പഞ്ചവത്സര പദ്ധതി**

22 (2019) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചവത്സര പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോയെന്ന് അറിയിക്കാമോ?

നടപ്പിലാക്കി വരുന്നു.

(ബി) എങ്കിൽ പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഊന്നൽ നൽകുന്ന മേഖലകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഊന്നൽ നൽകുന്ന മേഖലകൾ ചുവടെ ചേർക്കുന്നു.

- പൊതുനിക്ഷേപം (ആരോഗ്യം, സ്കൂൾ വിദ്യാഭ്യാസം, പാർപ്പിടം), സാമൂഹ്യക്ഷേമം, സാമൂഹ്യനീതി, ലിംഗനീതി എന്നീ മേഖലകളിൽ ആർജ്ജിച്ച കരുത്ത് കൂടുതൽ ബലപ്പെടുത്തുക.
- മാനവശേഷിയുടെ കരുത്തിലൂന്നി ഒരു വിജ്ഞാന സമൂഹം കെട്ടിപ്പടുക്കുകയും സമ്പദ്ഘടനയിലെ ഉൽപ്പാദനശക്തികളുടെ വളർച്ച ദ്രുതഗതിയിലാക്കുകയും ചെയ്യുക.
- വിവരസാങ്കേതിതവിദ്യ, വിനോദസഞ്ചാരം, ചെറുകിടവ്യാപാരം എന്നിവയടങ്ങുന്ന വരുമാനദായകസേവനങ്ങൾ, കൃഷിയും അനുബന്ധപ്രവർത്തനങ്ങളും, ആധുനിക വ്യവസായം, പശ്ചാത്തലസൗകര്യ വികസനം എന്നിവയുടെ വളർച്ച മെച്ചപ്പെടുത്തുന്നതിനായി ശാസ്ത്രം, സാങ്കേതികവിദ്യ, ആധുനിക നിപുണതകൾ എന്നിവ ഉപയോഗപ്പെടുത്തുക.

- ആധുനികവും ഉയർന്ന തൊഴിൽ സാധ്യതയുള്ളതും ഉൽപ്പാദനക്ഷമവുമായ സമ്പദ്ഘടന കെട്ടിപ്പടുക്കുക.
- ഉന്നതവിദ്യാഭ്യാസ സമ്പ്രദായം ആധുനികവൽക്കരിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക.
- യുവതലമുറയ്ക്ക് ആധുനിക സമ്പദ്ഘടനയിലെ ഏറ്റവും മികച്ച തൊഴിൽ നൽകുക, അതിദാരിദ്ര്യം ഇല്ലാതാക്കുക, മാലിന്യ നിർമ്മാർജ്ജനത്തിന് സമഗ്രവും നൂതനവുമായ സമ്പ്രദായങ്ങൾ സ്ഥാപിക്കുക, വളർച്ചയുടെ ചാലകശക്തികളായി മാറാൻ പ്രാദേശിക സർക്കാരുകളെ സഹായിക്കുക.
- എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു വികസന നയം പ്രോത്സാഹിപ്പിക്കുക.

(സി) പ്രസ്തുത മേഖലകളുടെ വികസനത്തിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും വകയിരുത്താൻ ഉദ്ദേശിക്കുന്ന തുക എത്രയാണെന്നും അറിയിക്കാമോ?

പഞ്ചവത്സര പദ്ധതിയിൽ ഊന്നൽ നൽകുന്ന മേഖലകളുടെ അടിസ്ഥാനത്തിലാണ് വാർഷികപദ്ധതി രൂപീകരിക്കുന്നത്. പദ്ധതികൾ നടപ്പിലാക്കുന്നതിന് തുക അതത് സാമ്പത്തികവർഷം ബജറ്റിൽ വകയിരുത്തുന്നതാണ്.

**കാസർഗോഡ് വികസന പാക്കേജ്**

23 (2020) **ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:**

**(എ) കാസർഗോഡ് വികസന പാക്കേജിലുൾപ്പെട്ട പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർക്ക് കുടിശ്ശിക നൽകാനുണ്ടോയെന്ന് വ്യക്തമാക്കാമോ?**

ഉണ്ട്.

**(ബി) എങ്കിൽ കുടിശ്ശിക ഇനത്തിൽ എത്ര രൂപയാണ് നൽകാനുള്ളതെന്നും ആയത് എത്ര കാലത്തെ കുടിശ്ശികയാണെന്നും വ്യക്തമാക്കാമോ;**

**(സി) പ്രവൃത്തികൾ പൂർത്തിയാക്കിയ കരാറുകാർക്ക് തുക നൽകാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;**

(ഡി) 2023 ഡിസംബർ മുതലുള്ള ബില്ലുകളിന്മേൽ തുക അനുവദിക്കാത്തത് ഫണ്ട് തീർന്നതുകൊണ്ടാണോയെന്ന് വ്യക്തമാക്കാമോ;

(ഇ) അതിനുശേഷം കെ.ഡി.പി.-ക്ക് സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ബില്ലുകൾ പ്രകാരമുള്ള തുക അനുവദിക്കാത്തതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത പാക്കേജിൽ നിലവിൽ എത്ര ഫണ്ടുണ്ടെന്നും കരാറുകാർക്ക് കൊടുത്തുതീർക്കാനുള്ള ബില്ലുകളുടെ തുക എത്രയാണെന്നും വ്യക്തമാക്കാമോ?

(ബി-എഫ്) 2024 ജനുവരി മുതൽ ഇതുവരെ 25,23,75,709/- രൂപ കുടിശ്ശികയായി അനുവദിക്കാനുണ്ട്. അനുവദിച്ച പദ്ധതികളുടെ ഭരണാനുമതി പുതിയ ശീർഷകത്തിലുൾപ്പെടുത്തി ഭേദഗതി ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകാത്തതിനാലാണ് തുക അനുവദിക്കാൻ സാധിക്കാത്തത്.

2024-25 സാമ്പത്തികവർഷം ബജറ്റിൽ അനുവദിച്ച 70 കോടി രൂപയുടെ 20% ആയ 14 കോടി രൂപ ബജറ്റ് പരിധിയായി നൽകിയിട്ടുണ്ട്.

## റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി

24 (2021) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ?

പ്രളയദുരന്തത്തിൽനിന്നുള്ള അതിജീവനം എന്നത് ഒരു വെല്ലുവിളിയായി കണ്ട്, ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്ന വിധം കരുത്തോടെയും പ്രകൃതിസൗഹൃദപരമായും കേരളത്തെ പുനർനിർമ്മിക്കുക എന്നതാണ് കേരള പുനർനിർമാണ പദ്ധതി ലക്ഷ്യമിടുന്നത്.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇതിൽ ഈ സർക്കാരിന്റെ കാലത്ത് നിർമ്മാണം പൂർത്തീകരിച്ച പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ ഏതെല്ലാം പ്രവൃത്തികളാണ് പുരോഗമിച്ചുകൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ;

(ഇ) ഇനിയും പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തവയുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ പൂർത്തീകരണത്തിന് അടിയന്തര നടപടി സ്വീകരിക്കാമോ?

(ബി-ഇ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വർക്കല മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

25 (2022) **ശ്രീ. വി. ജോയി:** താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർക്കല മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി പ്രകാരം ഏതെല്ലാം പ്രവൃത്തികളാണ് നടന്ന് വരുന്നതെന്നും ഓരോ പ്രവൃത്തികളുടെയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

**തൊടുപുഴ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

26 (2023) ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) തൊടുപുഴ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

**ദേവികുളം മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

27 (2024) <u>ശ്രീ. എ. രാജ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതി പ്രകാരം ദേവികുളം മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള കാരണം വിശദമാക്കാമോ?

(എ&ബി) ദേവികുളം നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ നടപ്പിലാക്കിയതും നടപ്പിലാക്കുന്നതുമായ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി**

28 (2025) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഏതൊക്കെ പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശാസ്ത്ര സാങ്കേതിക വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്കൂൾ ഓഫ് മാത്തമാറ്റിക്സിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന്റെ ഭാഗമായി ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി കാമ്പസിൽ ഹോസ്റ്റൽ ബ്ലോക്ക് നിർമ്മാണത്തിന് ആദ്യഘട്ടമായി 456 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇന്റഗ്രേറ്റഡ് എം.എസ്.സി.- പി.എച്ച്.ഡി. പ്രോഗ്രാമിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളുടെയും ഇൻസ്റ്റിറ്റ്യൂട്ടിലെ പി.എച്ച്.ഡി. വിദ്യാർത്ഥികളുടെയും താമസ സൗകര്യം ഒരുക്കുന്നതിനുവേണ്ടിയാണ് ഹോസ്റ്റൽ ബ്ലോക്ക് നിർമ്മാണം ലക്ഷ്യമിടുന്നത്.

(ബി) ഏതൊക്കെ പ്രവൃത്തികൾക്ക് എത്ര രൂപ വീതമുള്ള ഭരണാനുമതിയാണ് ലഭ്യമാക്കിയിട്ടുള്ളത്; പ്രവൃത്തികൾ ടെണ്ടർ ചെയ്ത് കരാറുകാരെ ഏൽപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റെ ഹോസ്റ്റൽ ബ്ലോക്ക് നിർമ്മാണത്തിനായി 8-9-2021-ലെ സ.ഉ.(കൈ)നം.32/2021/എസ്&റ്റി.ഡി. പ്രകാരം 500 ലക്ഷം രൂപയും 21-8-2022-ലെ സ.ഉ (കൈ) നം. 16/2022/എസ് & റ്റി.ഡി. പ്രകാരം 476 ലക്ഷം രൂപയും 21-7-2023-ലെ സ.ഉ.(കൈ)നം.9/2023/എസ് &റ്റി. ഡി. പ്രകാരം 309 ലക്ഷം രൂപയും 31-05-2024-ലെ സ.ഉ.(കൈ) നം.5/2024/എസ് & റ്റി.ഡി. പ്രകാരം 309 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 15.94 കോടി രൂപയ്ക്ക് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ 2021-2022 സാമ്പത്തിക വർഷം 336 ലക്ഷം രൂപയും 2022-2023 സാമ്പത്തിക വർഷം 120 ലക്ഷം രൂപയും മാത്രമേ ഈ ആവശ്യത്തിനായി അനുവദിച്ച് നൽകിയിട്ടുള്ളൂ. ആയതിൽ 2,47,043/- രൂപ DPR തയ്യാറാക്കൽ, മണ്ണ് പരിശോധന, സ്ഥല പരിശോധന തുടങ്ങിയവയ്ക്കായി ചെലവായിട്ടുണ്ട്. ബാക്കി തുകയായ 453.53 ലക്ഷം രൂപ സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റെ കെട്ടിട

നിർമ്മാണത്തിനായി ബാക്കിയുണ്ട്. ആയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് ഈ സാമ്പത്തിക വർഷം ഇതിനായി വകയിരുത്തിയിട്ടുള്ള തുക അനുവദിക്കുന്നതാണ്.

2024-2025 സാമ്പത്തിക വർഷം കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിന് ലൈബ്രറി വികസനത്തിനായി 45 ലക്ഷം രൂപയും സയിന്റിഫിക്ക് ഇൻഫ്രാസ്ട്രക്ച്ചർ വികസനം, ഭൗതിക സാഹചര്യ വികസനം എന്നിവയ്ക്കായി യഥാക്രമം 55 ലക്ഷം രൂപയും 60 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്.

സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റെ ഹോസ്റ്റൽ ബ്ലോക്ക് നിർമ്മാണത്തിനായി കരാർ ഒപ്പിടുവാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

**നിർമ്മാണസാമഗ്രികളുടെ ദൗർലഭ്യം**

29 (2026) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണസാമഗ്രികളുടെ ദൗർലഭ്യംമൂലം വികസന പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) റോഡുകൾ, കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണസാമഗ്രികൾ ലഭ്യമാക്കുന്നതിന് ഖനനാനുമതിയുടെ ഭാഗമായുള്ള പാരിസ്ഥിതികാനുമതി നൽകുന്നതിൽ കാലതാമസം വന്നിട്ടുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ദേശീയപാത വികസനവുമായി ബന്ധപ്പെട്ട പാരിസ്ഥിതിക അനുമതിക്കായി ദേശീയപാത അതോറിറ്റി ശിപാർശ ചെയ്യുന്ന അപേക്ഷകൾക്ക് മുൻഗണന നൽകി സമയബന്ധിതമായി സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ അംഗീകാരം നേടുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## തീരദേശ പരിപാലന നിയമം

30 (2027) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമത്തിന്റെ കുരുക്കിൽപ്പെട്ട് മഞ്ചേശ്വരം, മംഗൽപാടി, കുമ്പള പഞ്ചായത്തുകളിൽ നിരവധി വീടുകൾക്ക് കെട്ടിട നമ്പർ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സി.ആർ.ഇസഡ് മേഖലയിൽ നടക്കുന്ന കെട്ടിട നിർമ്മാണങ്ങൾക്ക് തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി ആവശ്യമാണ്. തീരദേശത്തെ നിലവിലെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് സി.ആർ.ഇസഡ്. വിജ്ഞാപനം 2011-ലെ വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി വരുന്നുണ്ട്.

(ബി) പ്രസ്തുത പഞ്ചായത്തുകൾ സി.ആർ.ഇസഡ്.-ന്റെ ഏത് മേഖലകളിലാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, മംഗൽപാടി, കുമ്പള പഞ്ചായത്തുകൾ സി.ആർ.ഇസഡ്. III മേഖലയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. നിലവിലെ തീരദേശ പരിപാലന വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രകാരം സി.ആർ.ഇസഡ് III മേഖലയിൽ കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്റർ ദൂരപരിധിവരെയും കായലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 100 മീറ്റർ ദൂരപരിധിവരെയും വികസന നിഷിദ്ധ മേഖലയായി നിശ്ചയിച്ചിട്ടുണ്ട്.

(സി) തീരദേശ പ്ലാൻ സംസ്ഥാനം കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2019-ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരം സംസ്ഥാനത്ത് കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി പത്ത് തീരദേശ ജില്ലകളിലും പബ്ലിക് ഹിയറിംഗ് പൂർത്തീകരിച്ചു. തുടർന്ന് പബ്ലിക് ഹിയറിംഗിൽ ലഭിച്ച പരാതികളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് ആവശ്യമായ മാറ്റങ്ങൾ കരട് പ്ലാനിൽ വരുത്തുന്നതിനായി നാഷണൽ സെന്റർ ഫോർ സസ്റ്റെയിനബിൾ കോസ്റ്റൽ മാനേജ്മെന്റ്

(NCSCM)-ന് 07-02-2024-ന് കൈമാറി. സംസ്ഥാനം സ്വീകരിക്കേണ്ട എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചാണ് നാഷണൽ സെന്റർ ഫോർ സസ്റ്റെയിനബിൾ കോസ്റ്റൽ മാനേജ്മെന്റ് (NCSCM)-ന് നൽകിയിട്ടുള്ളത്. തുടർന്ന് NCSCM നിർദ്ദേശിച്ച പ്രകാരമുള്ള ഭേദഗതികളും അധിക വിവരങ്ങളും കരട് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. NCSCM-ലെ നടപടികൾ പൂർത്തിയായതിനുശേഷം കരട് പ്ലാൻ കേരള തീരദേശ പരിപാലന അതോറിറ്റിയുടെയും സംസ്ഥാന സർക്കാരിന്റെയും അനുമതിക്ക് വിധേയമായി കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന് അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. കരട് പ്ലാനിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് CRZ വിജ്ഞാപനം 2019-ലെ വ്യവസ്ഥകൾ സംസ്ഥാനത്ത് നിലവിൽ വരുന്നതാണ്.

(ഡി) തീരദേശ നിയമത്തിലെ കൂടുതൽ ഇളവുകളുള്ള കാറ്റഗറിയിലേക്ക് മഞ്ചേശ്വരം, മംഗൽപാടി, കുമ്പള എന്നീ പഞ്ചായത്തുകളെ മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

മഞ്ചേശ്വരം, മംഗൽപാടി, കുമ്പള എന്നിവയുൾപ്പെടെയുള്ള 175 കോസ്റ്റൽ പഞ്ചായത്തുകളെ CRZ III-യിൽ നിന്നും CRZ II കാറ്റഗറിയായി തരം മാറ്റുന്നതിനുള്ള അനുവാദം ലഭ്യമാക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ CRZ III യിൽ നിന്നും CRZ II ലേയ്ക്ക് തരം തിരിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ച 66 ഗ്രാമപഞ്ചായത്തുകളിൽ ഈ പഞ്ചായത്തുകളെ ഉൾപ്പെടുത്തിയില്ല.

**പെരിയാറിലെ മാലിന്യം**

31 (2028) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പെരിയാറിലെ ജലം മലിനമാകുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പഠനമനുസരിച്ച് 2018-ൽ നടത്തിയ മലിനീകരിക്കപ്പെട്ട നദീഭാഗങ്ങളിൽ കേരളത്തിലെ 21

നദീഭാഗങ്ങൾ ഉൾപ്പെട്ടിരുന്നു. അതിൽ പെരിയാറിന്റെ ആലുവ-ഏലൂർ മുതൽ കളമശ്ശേരി വരെയുള്ള ഭാഗവും ഉൾപ്പെടുന്നു. ഈ നദികളെ മാലിന്യ മുക്തമാക്കുന്നതിനും അവയിലെ ജലം കുളിക്കുന്നതിന് അനുയോജ്യമാക്കും വിധം ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കാൻ ബഹു. ദേശീയ ഹരിത ട്രൈബ്യൂണൽ 20-09-2018–ലെ OA No. 673/2018 നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. കർമ്മ പദ്ധതി തയ്യാറാക്കാനായി DLTC രൂപീകരിക്കുകയും പരിശോധനകൾ നടത്തുകയും ചെയ്തു.

പെരിയാറിലെ നദീഭാഗങ്ങൾ മലിനീകരിക്കപ്പെടാൻ ഇടയാകുന്ന സാഹചര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. നദീതടത്തിലെ പ്രധാനമായും നഗരപ്രദേശങ്ങളിൽ നിന്നും ജൈവ-അജൈവ മാലിന്യങ്ങൾ നദിയിലേയ്ക്ക് എത്തിച്ചേരുന്നത്

2.വ്യവസായങ്ങൾ/സ്ഥാപനങ്ങൾ/വാണിജ്യ സമുച്ചയങ്ങൾ /ഫ്ലാറ്റുകൾ/ഹോട്ടലുകൾ തുടങ്ങിയവയിൽ നിന്നുള്ള മലിന ജലം നദിയിലേക്ക് എത്തിചേരുന്നത്.

3. പുഴയിലേക്ക് മാലിന്യം തള്ളുന്നത്.

4. രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കുന്ന കൃഷിസ്ഥലങ്ങളിൽ നിന്നുള്ള Surface run off നദിയിലേക്ക് എത്തിച്ചേരുന്നത്.

5. എക്കൽ മണ്ണുകൊണ്ട് മൂടുന്നത്

6. നദീതീരത്തെ കളകളും പുല്ലുകളും അഴുകുന്നതുമൂലം ഇടമുളയിൽ പെരിയാറുമായി ചേരുന്ന ത്തുമ്പുങ്കൽ തോട് ഉയർന്ന ഓർഗാനിക്ക് ലോഡിംഗ് വഹിക്കുന്നത്.

**പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ**

32 (2030) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

(എ) മുൻ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പി.എസ്.സി. മുഖേന പോലീസ് വകുപ്പിൽ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

മുൻ സർക്കാർ അധികാരമേറ്റശേഷം പി.എസ്.സി. മുഖേന പോലീസ് വകുപ്പിൽ 20014 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. വർഷം തിരിച്ചുള്ള വിവരം താഴെ പറയുന്നു.

| | |
|---|---|
| 2016 | 1143 (25.05.2016 മുതൽ 31.12.2016 വരെ) |
| 2017 | 4736 |
| 2018 | 1313 |
| 2019 | 295 |
| 2020 | 4985 |
| 2021 | 1735 |
| 2022 | 404 |
| 2023 | 4450 |
| 2024 | 953 (01.01.2024 മുതൽ 15.06.2024 വരെ) |

(ബി) 2016 മുതൽ നാളിതുവരെ സംസ്ഥാനത്ത് പി.എസ്.സി. മുഖേന വിവിധ വകുപ്പുകളിൽ നടത്തിയ നിയമനങ്ങളുടെ എണ്ണം വർഷം തിരിച്ച് വ്യക്തമാക്കാമോ?

2016 മുതൽ 2024 ഏപ്രിൽ വരെ പി.എസ്.സി. മുഖേന നടത്തിയ നിയമന ശിപാർശ എണ്ണം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | ശിപാർശ |
|---|---|---|
| 1 | 2016 | 26141 |
| 2 | 2017 | 35911 |
| 3 | 2018 | 28025 |
| 4 | 2019 | 35422 |
| 5 | 2020 | 25914 |
| 6 | 2021 | 26724 |
| 7 | 2022 | 22393 |
| 8 | 2023 | 34110 |
| 9 | 2024 (ഏപ്രിൽ വരെ) | 12659 |

(സി) കേരളത്തിലെ പി.എസ്.സി. നിയമനങ്ങളുടെ എണ്ണം മറ്റ് സംസ്ഥാനങ്ങളിലെ പി.എസ്.സി. നിയമനങ്ങളും കേന്ദ്ര സർക്കാർ നിയമനങ്ങളുമായി താരതമ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**യൂണിവേഴ്സിറ്റി എൽ.ജി.എസ്. ഒഴിവുകൾ പി.എസ്.സി.-യ്ക്ക്**

**റിപ്പോർട്ട് ചെയ്യാൻ നടപടി**

33 (2032) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 29-09-2015-ലെ കേരള ഹൈക്കോടതി ഉത്തരവുപ്രകാരം പി.എസ്.സി.-ക്ക് വിട്ടുകൊണ്ട് ഉത്തരവായിട്ടുള്ളതും കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക ഒഴിവുകളിൽ ഉൾപ്പെട്ടതുമായ എൽ.ജി.എസ്. തസ്തികകളിലേക്കുള്ള ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 29-09-2015-നുശേഷം നിലവിൽവന്ന ഒഴിവുകളും ഈ തീയതിക്കുശേഷം സ്ഥിരപ്പെടുത്തിയ താൽക്കാലിക നിയമനങ്ങളും ഉൾപ്പെടെ ഏതൊക്കെ തസ്തികകളിലായി, യൂണിവേഴ്സിറ്റി എൽ.ജി.എസ്. പരിധിയിൽ വരുന്ന തസ്തികകളിലേക്കുള്ള എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ?

(എ&ബി) കേരള സർവ്വകലാശാലയിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ തിട്ടപ്പെടുത്തി P.S.C.-യിലേക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എം.ജി. സർവകലാശാലയിലെ നിലവിലെ ഓഫീസ് അറ്റൻഡന്റ് (ലോവർ ഗ്രേഡ്) തസ്തികയിലുള്ള മുഴുവൻ ഒഴിവുകളും (60) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കാലിക്കറ്റ് സർവകലാശാലയിലെ ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ ഓഫീസ് അറ്റൻഡന്റ്/വാച്ച്മാൻ തസ്തികയിലെ 20 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കണ്ണൂർ സർവകലാശാലയിൽ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽ ഓഫീസ് അറ്റൻഡന്റ്/വാച്ച്മാൻ തസ്തികയാണ് നിലവിലുള്ളത്. ഓഫീസ് അറ്റൻഡന്റ്/ വാച്ച്മാൻ വിഭാഗത്തിൽ 36 അംഗീകൃത തസ്തികകളാണുള്ളത്. ടി തസ്തികയിൽ നിലവിലുള്ള 23 ഒഴിവുകളിൽ 22 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലേക്ക് പ്രൊമോഷൻ അനുവദിച്ചതിനെത്തുടർന്ന് 04-05-2024-ൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിൽവന്ന ഒരു ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് അറ്റൻഡന്റ്/

വാച്ച്മാൻ തസ്തികയിൽ 29-09-2015-ന് ശേഷം സ്ഥിരനിയമനം നടത്തിയിട്ടില്ല.

കുസാറ്റിൽ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ലാസ്റ്റ് ഗ്രേഡ് തസ്തികകളിലേക്ക് നിയമിക്കപ്പെടുന്നതിനുവേണ്ട യോഗ്യതകൾ, നിയമനരീതി, ശമ്പള സ്കെയിൽ എന്നിവ സംബന്ധിച്ച വിഷയം സർവ്വകലാശാല ഭരണസമിതിയായ സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്.

കുസാറ്റിൽ താത്കാലിക നിയമനങ്ങൾ സ്ഥിരപ്പെടുത്തിയിട്ടില്ല. ഒഴിവുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികകൾ ചുവടെ ചേർക്കുന്നു :

1. സ്വീപ്പർ കം ക്ലീനർ – 43

2. ഓഫീസ് അറ്റൻഡന്റ് - 3

3. ലാസ്കർ – 1

4. ബോട്ട്മാൻ – 1

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ ലാസ്റ്റ് ഗ്രേഡിലെ എല്ലാ തസ്തികകളും ഓഫീസ് അറ്റൻഡന്റ് തസ്തികകളാണ്. നിലവിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 15 ഒഴിവുകളുണ്ട്. അതിൽ 13 ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു ഒഴിവ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നടത്തുന്നതിന് മാറ്റിവച്ചിട്ടുണ്ട്. കൂടാതെ സർവ്വകലാശാലയിലെ ഓഫീസ് അറ്റൻഡന്റ് തസ്തികകളുടെ എണ്ണം പുനഃനിശ്ചയിച്ചിട്ടുള്ളതിനാൽ മുമ്പ് പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ സംബന്ധിച്ച് പി.എസ്.സി.-യിൽ നിന്നും അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് ബാക്കിയുള്ള ഒരൊഴിവ് റിപ്പോർട്ട് ചെയ്യുന്നതാണ്. ടി ഒഴിവുകൾ കൂടാതെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ 10 ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 29-09-2015-ന് ശേഷം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടില്ല.

നുവാൽസിൽ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് എന്ന് തസ്തികകൾ നാമകരണം ചെയ്തിട്ടില്ലാത്തതിനാൽ ലാസ്റ്റ് ഗ്രേഡ് എന്ന പേരിൽ ഒഴിവുകൾ റിപ്പോർട്ട്

ചെയ്തിട്ടില്ല. എന്നാൽ സ്വീപ്പർ-കം-ക്ലീനർ എന്ന തസ്തികയിൽ നിലവിലുള്ള ഒരു ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിൽ എൽ.ജി.എസ്. വിഭാഗത്തിൽ സ്ഥിരം തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ നിലവിൽ ഒഴിവുകളില്ല. മലയാള സർവ്വകലാശാലയിൽ കരാർ/ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരായ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.

എ.പി.ജെ. അബ്ദുൾകലാം ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിൽ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽ സർവ്വകലാശാല ആസ്ഥാനത്ത് 8-ഉം സർവ്വകലാശാല ക്യാമ്പസ്സിൽ 5-ഉം തസ്തികകളാണ് നിലവിലുള്ളത്. 01-01-2006-ലെ G.O.(Ms)No.1/2006/Hedn നമ്പർ ഉത്തരവുപ്രകാരം, പ്രസ്തുത തസ്തികകളിലേയ്ക്കുള്ള നിയമനം നടത്തുന്നത് ഔട്ട് സോഴ്സിംഗ് മുഖേനയായതിനാൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നിർവ്വാഹമില്ല.

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ സ്ഥിരം നിയമനത്തിന് എൽ.ജി.എസ്. ഒഴിവുകൾ സൃഷ്ടിച്ചിട്ടില്ല. എം.ടി.എസ്. തസ്തികയിൽ താൽക്കാലികമായി 10 ഒഴിവുകൾ മാത്രമാണുള്ളത്.

കേരള ആരോഗ്യശാസ്ത്ര സർവകലാശാലയ്ക്ക് അനുവദിച്ചിട്ടുള്ള 17 ഓഫീസ് അറ്റൻഡന്റ് തസ്തികകളും പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള ഫിഷറീസ്-സമുദ്രപഠന സർവ്വകലാശാലയിലെ ലാസ്റ്റ് ഗ്രേഡ് കാറ്റഗറിയിൽപ്പെടുന്ന 4 ഓഫീസ് അറ്റൻഡന്റ് തസ്തികകളിലെ ഒഴിവുകളും ബസ് അറ്റൻഡന്റിന്റെ ഒരു ഒഴിവും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലാസ്റ്റ് ഗ്രേഡ് തസ്തികകളിലെ താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നടത്തിയിട്ടുള്ളത്. നിയമന കാലാവധിക്കുശേഷം ജീവനക്കാരെ വിടുതൽ ചെയ്തിട്ടുമുണ്ട്. ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.

കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയിലെ എൽ.ജി.എസ്. തസ്തികയിൽ നേരിട്ടുള്ള നിയമനം നടത്തേണ്ട ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർവ്വകലാശാലയിൽ ടി തസ്തികയിലെ താത്കാലിക നിയമനങ്ങൾ സ്ഥിരപ്പെടുത്തിയിട്ടില്ല. 29-09-2015-നശേഷം ടി തസ്തികയിലെ 53 ഒഴിവുകൾ മേൽപ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള കാർഷിക സർവ്വകലാശാലയിലെ എൽ.ജി.എസ്. വിഭാഗത്തിലുള്ള 271 തസ്തികകളിൽ കെ.എ.യു. സ്റ്റാറ്റ്യൂട്ട് പ്രകാരം 50% നേരിട്ടുള്ള നിയമനം വഴിയും 50% ആഭ്യന്തര നിയമനം വഴിയും നികത്തേണ്ടവയാണ്. അതനുസരിച്ച് 271 തസ്തികകളിൽ 136 തസ്തികകൾ നേരിട്ടുള്ള നിയമനത്തിനുള്ളതാണ്. കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ആറ് ഒഴിവുകൾ അല്ലാതെ നേരിട്ടുള്ള നിയമനത്തിനായി നീക്കിവച്ച മറ്റെല്ലാ ഒഴിവുകളിലും അപ്രകാരം നിയമിക്കപ്പെട്ടവർ തന്നെയാണ് നിലവിൽ ജോലി ചെയ്തുവരുന്നത്. എൽ.ജി.എസ്. വിഭാഗത്തിലെ ആറ് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയിൽ താൽക്കാലിക നിയമനം നൽകിയ ആർക്കുംതന്നെ സ്ഥിര നിയമനം നൽകിയിട്ടില്ല.

## സി.പി.ഒ. റാങ്ക് ലിസ്റ്റ്

34 (2033) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) 13-04-2023-ന് പ്രസിദ്ധീകരിച്ച കാറ്റഗറി നമ്പർ 530/2019 സി.പി.ഒ. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടന്നിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എത്ര പേരുടെ നിയമനം നടന്നിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കാറായി എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കാലാവധി തീരും മുമ്പ് പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-ഡി) പൊലീസ് സേനയിലെ നിയമനത്തിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി ഒരു വർഷമാണ്. 13-04-2023-ലെ പട്ടികയുടെ കാലാവധി 12-04-2024-ൽ അവസാനിച്ചു. കാറ്റഗറി നമ്പർ 530/2019 റാങ്ക് ലിസ്റ്റിൽ നിന്ന് മാത്രമായി 4783 നിയമന ശിപാർശകൾ ലഭിക്കുകയുണ്ടായി.

ഇതിൽ പരിശീലനം പൂർത്തിയാക്കിയ 3114 പേർ സേനയുടെ ഭാഗമായി. ഇനിയും ചേരാനുള്ളവരിൽ മെഡിക്കൽ പരിശോധനയും പൊലീസ് വെരിഫിക്കേഷനും പൂർത്തിയായ 721 പേർക്ക് പരിശീലനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത റാങ്ക് പട്ടികയിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചത്. 15-04-2024-ന് പുതിയ റാങ്ക് പട്ടിക നിലവിൽ വന്നു.

**സ്പെഷ്യൽ ഡിസെബിലിറ്റി ലീവ്**

35 (2034) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ. പാർട്ട് ഒന്നിലെ ചട്ടം 97, 98 പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സ്പെഷ്യൽ ഡിസെബിലിറ്റി ലീവ് അനുവദിക്കുന്നത് ഏതെല്ലാം സാഹചര്യങ്ങളിലാണെന്നും ലീവ് അനുവദിക്കാൻ എന്തെല്ലാം രേഖകൾ സമർപ്പിക്കണമെന്നും വിശദമാക്കാമോ;

(ബി) ഡ്യൂട്ടിക്കായി ജോലി സ്ഥലത്തേക്ക് വരുമ്പോഴും ഡ്യൂട്ടിക്കിടയിലും ഡ്യൂട്ടി കഴിഞ്ഞ് വാസസ്ഥലത്തേക്ക് തിരികെ

പോകുമ്പോഴും ജീവനക്കാർക്കുണ്ടാകുന്ന അപകടങ്ങൾ ഡ്യൂട്ടിക്കിടയിൽ സംഭവിച്ച അപകടമായി പരിഗണിച്ച് സ്പെഷ്യൽ ഡിസെബിലിറ്റി ലീവ് അനുവദിക്കുന്നതിന് പ്രസ്തുത ചട്ടങ്ങൾ പ്രകാരം തടസ്സമുണ്ടോയെന്നും പ്രസ്തുത അവധി സംസ്ഥാന സർക്കാരിന്റെ എല്ലാ വകുപ്പുകളിലേയും ജീവനക്കാർക്ക് ലഭിക്കുമോയെന്നും വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാന ജീവനക്കാർക്ക് ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിൽ മനഃപൂർവ്വം ഏൽപ്പിക്കപ്പെട്ട ക്ഷതത്താലുണ്ടാകുന്ന അവശതയ്ക്ക് കെ.എസ്.ആർ. ഭാഗം 1 ചട്ടം 97 പ്രകാരമുള്ള പ്രത്യേക അവശതാവധി അനുവദനീയമാണ്. എന്നാൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ യാദൃശ്ചികമായി സംഭവിക്കുന്ന അപകടങ്ങൾമൂലമുണ്ടാകുന്ന അവശതയ്ക്ക് കെ.എസ്.ആർ. ഭാഗം I, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാവധിയാണ് അനുവദനീയമായിട്ടുള്ളത്.

ഡ്യൂട്ടിക്കിടയിലാണ് അപകടം നടന്നത് എന്നത് സംബന്ധിച്ച് മേലധികാരി നൽകുന്ന സാക്ഷ്യപത്രത്തിന്റെയും ചട്ടപ്രകാരമുള്ള മെഡിക്കൽ

സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിലാണ് ടി അവധിയുടെ അർഹത സംബന്ധിച്ച തീരുമാനമെടുക്കുന്നത്.

(സി) സ്പെഷ്യൽ ഡിസെബിലിറ്റി ലീവ് സംബന്ധിച്ച് ധനകാര്യ (റൂൾസ്-ബി) വകുപ്പ് 30-07-2020-ൽ പുറപ്പെടുവിച്ച 42/2020 നമ്പർ സർക്കുലർ റദ്ദാക്കിക്കൊണ്ട് അതേ വകുപ്പ് 16-8-2022-ൽ 70/2022 നമ്പർ സർക്കുലർ പുറപ്പെടുവിച്ചതിനുശേഷം പുതിയ സർക്കുലറുകളോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഇല്ല.

**സെക്രട്ടേറിയറ്റ് ഓഫീസ് അറ്റൻഡന്റ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

36 (2035) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് ഓഫീസ് അറ്റൻഡ് ജീവനക്കാരുടെ നിലവിലെ ശമ്പളം, ജീവിത ചെലവുകൾ നടത്തി മുന്നോട്ടുപോകാൻ പര്യാപ്തമല്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സെക്രട്ടേറിയറ്റ് ഓഫീസ് അറ്റൻഡന്റിനും എൽ.ജി.എസ്.-നും ഒരേ ശമ്പള സ്കെയിലാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സെക്രട്ടേറിയറ്റ് ഓഫീസ് അറ്റൻഡന്റിനും പൊതുവിഭാഗത്തിലെ ഓഫീസ് അറ്റൻഡന്റിനും ഒരേ ശമ്പള സ്കെയിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സെക്രട്ടേറിയറ്റ് ഓഫീസ് അറ്റൻഡന്റ് ജീവനക്കാരുടെ ശമ്പള സ്കെയിൽ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സെക്രട്ടേറിയറ്റ് ഓഫീസ് അറ്റൻഡന്റ് ജീവനക്കാരുടെ ശമ്പള സ്കെയിൽ പരിഷ്കരിക്കുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഓഫീസ് അറ്റൻഡന്റ് ജീവനക്കാരുടെ വിദ്യാഭ്യാസ യോഗ്യത ഉയർത്തി സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെടുത്തിയതുമൂലം അവർക്ക് എന്തെങ്കിലും പുതിയ ആനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ടോയെന്നും ഏതെങ്കിലും ആനുകൂല്യങ്ങൾ നഷ്ടമായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

പുതിയ ആനുകൂല്യങ്ങൾ ലഭ്യമായിട്ടില്ല. സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുകയും ടി തസ്തികയെ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ നിന്നും ഒഴിവാക്കുകയും ചെയ്തതുമൂലം സെക്രട്ടേറിയറ്റിലെ SSLC യോഗ്യതയുള്ള ഓഫീസ് അറ്റൻഡന്റ്മാർക്ക് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ തസ്തികമാറ്റം വഴിയുള്ള നിയമനമായ ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയിലേയ്ക്ക് അപേക്ഷിക്കുവാൻ സാധിക്കാതെ വന്നിട്ടുണ്ട്. സീനിയോറിറ്റി, പ്രൊബേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ലാസ്റ്റ് ഗ്രേഡ് സർവീസ് സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾ ബാധകമാക്കികൊണ്ട് ഒരു Saving Clause ലാസ്റ്റ് ഗ്രേഡ് സർവീസ് സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരുന്നു.

**സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായവർക്കുള്ള സർവ്വീസ് ആനുകൂല്യങ്ങൾ**

37 (2036) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥിര ജീവനക്കാർക്കുള്ള സർവീസ് ആനുകൂല്യങ്ങളായ റഗുലറൈസേഷൻ, ഇൻക്രിമെന്റ്, ഗ്രേഡ് പ്രൊമോഷൻ, ആശ്രിത നിയമനം എന്നിവ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായവർക്ക് നൽകാറുണ്ടോ; ഇക്കാര്യത്തിൽ കോടതി വിധികൾ പരിഗണിക്കാറുണ്ടോ; വിശദമാക്കാമോ;

(ബി) ഏതെങ്കിലും വകുപ്പുകളിൽ പത്ത് വർഷത്തിലധികമായി താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നവരെ സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പും വിശദാംശവും ലഭ്യമാക്കാമോ;

(സി) സൂപ്പർ ന്യൂമററിയായി 2013-ൽ പുനർനിയമിച്ച അംഗപരിമിതരായവരെ ഇതുവരെയും റെഗുലറൈസ് ചെയ്തിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പത്ത് വർഷത്തിലേറെയായി ജോലി ചെയ്തുവരുന്ന ഭിന്നശേഷിക്കാരായവരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഇക്കാര്യമുന്നയിച്ച് നിവേദനങ്ങളോ ശിപാർശകളോ ലഭിച്ചിട്ടുണ്ടെങ്കിൽ അവയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ഏതെങ്കിലും സർക്കാർ വകുപ്പുകളിൽ സൂപ്പർ ന്യൂമററിയായി ജോലിയിൽ പ്രവേശിച്ചവരെ 2016-നുശേഷം റെഗുലറൈസ് ചെയ്യുകയോ അവർക്ക് ഗ്രേഡ് പ്രൊമോഷൻ തുടങ്ങിയ സർവ്വീസ് ആനുകൂല്യങ്ങൾ അനുവദിക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**കെ.പി.എസ്.സി. ജീവനക്കാരനായ ജോൺസൻ ജി.-യുടെ സീനിയോറിറ്റി**

38 (2037) <u>ശ്രീ. തോമസ് കെ. തോമസ്:</u>
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പി.എസ്.സി. ജീവനക്കാരനായ ജോൺസൻ ജി.-യുടെ അസിസ്റ്റന്റ് തസ്തികയിലെ സീനിയോറിറ്റി കെ.എസ്.ആൻഡ് എസ്.എസ്.ആർ. റൂൾ 8 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനഃസ്ഥാപിച്ചതിന്റെ പ്രോസീഡിംഗ്സ് നാളിതുവരെ പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) കോടതികളുടെയും സർക്കാരിന്റെയും ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ജീവനക്കാരന് സീനിയോറിറ്റി മുഴുവൻ പുനഃസ്ഥാപിച്ചുകൊണ്ട് കെ.പി.എസ്.സി. സെക്രട്ടറി ഉത്തരവിട്ട എസ്റ്റ്.III(3)/34872/ജി.ഡബ്ല്യു. നമ്പർ ഫയൽ കഴിഞ്ഞ പതിനാറ് മാസക്കാലം ഏതൊക്കെ ഉദ്യോഗസ്ഥർ കൈവശം വച്ചിരുന്നുവെന്ന് തീയതി സഹിതം വ്യക്തമാക്കുമോ?

(എ & ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ അറ്റൻഡറായ ശ്രീ. ജോൺസൺ-ന്, ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലെ കെ.എസ്. ആൻഡ് എസ്.എസ്.ആർ. ചട്ടം 8 പ്രകാരമുള്ള സീനിയോറിറ്റി 28-04-2022-ലെ ഉത്തരവിൻപ്രകാരം പുന:സ്ഥാപിച്ചുനൽകിയിട്ടുണ്ട്. അസിസ്റ്റന്റ് തസ്തികയിലെ സീനിയോറിറ്റി പുന:സ്ഥാപിക്കുന്ന വിഷയം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത ഫയലിന്മേൽ കെ.പി.എസ്.സി. സെക്രട്ടറി അവസാനം പുറപ്പെടുവിച്ച ഉത്തരവുപ്രകാരമുള്ള പ്രോസീഡിംഗ്സ് എന്നത്തേക്ക് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഇക്കാര്യത്തിൽ നിയമോപദേശം തേടുന്നതിനുള്ള നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചുവരുന്നു.

**ആശ്രിത നിയമനത്തിലെ വ്യവസ്ഥകൾ**

39 (2038) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആശ്രിത നിയമനത്തിലെ വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനായി തയ്യാറാക്കിയ കരട് മാർഗനിർദ്ദേശങ്ങൾ സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചുവരുന്നു.

**വിരമിക്കൽമൂലമുണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-യെ അറിയിക്കാൻ നടപടി**

40 (2039) <u>ശ്രീ. ചാണ്ടി ഉമ്മൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ വിരമിക്കൽ മുൻകൂട്ടി മനസ്സിലാക്കി ഒഴിവുകൾ പി.എസ്.സി.-യെ അറിയിക്കുന്നതിനായി നിലവിൽ

എന്തെങ്കിലും സംവിധാനങ്ങളുണ്ടോ; എങ്കിൽ ഈ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

സർക്കാർ വകുപ്പുകളിലും/സ്ഥാപനങ്ങളിലും ഓരോ തസ്തികകളിലും തൊട്ടടുത്ത കലണ്ടർ വർഷം ഉണ്ടായേക്കാവുന്ന പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി കേരള പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ വർഷവും വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിവരുന്നുണ്ട്. 2024 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ 26-10-2023-ലെ ഉപ.സി3/150/2023/പി&എ.ആർ.ഡി നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 31-05-2024-ൽ സംസ്ഥാനത്ത് ആകെ വിരമിച്ച സർക്കാർ ജീവനക്കാർ എത്ര പേരാണ്; ഇവരുടെ വിരമിക്കൽ വഴി എത്ര തസ്തികകൾ ഉണ്ടായിട്ടുണ്ടെന്നും അവയിലേയ്ക്ക് സ്ഥിരനിയമനത്തിനുള്ള നടപടികൾ സ്വീകരിച്ചോയെന്നും കണക്കുകൾ സഹിതം വിശദമാക്കുമോ?

2024 മെയ് മാസം സർക്കാർ സർവ്വീസിൽ നിന്ന് വിരമിച്ചവരുടെ കൃത്യമായ എണ്ണം സമാഹരിച്ചിട്ടില്ല. പ്രസ്തുത തീയതിയിൽ വിരമിച്ചവരുടെ എൻട്രി കേഡർ തസ്തികകളിൽ ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു. അപ്രകാരമുള്ള ഒഴിവുകളിൽ നിയമന ശിപാർശകൾ നൽകുന്നതിന് പി.എസ്.സി. നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം സ്ഥിരനിയമനങ്ങൾക്ക് പകരം താൽക്കാലിക നിയമനങ്ങൾ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ നിയമനാധികാരികൾക്കും നിലവിൽ നിർദേശമുണ്ട്. ലഭ്യമായ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. പി.എസ്.സി. ലിസ്റ്റ് നിലനിൽക്കെ മറ്റുതരത്തിലുള്ള നിയമനങ്ങൾ പാടില്ലെന്ന നിർദേശം നിലവിലുണ്ട്.

**പത്ര പ്രവർത്തക ക്ഷേമ പെൻഷൻ**

41 (2040) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പത്ര പ്രവർത്തക ക്ഷേമ പെൻഷൻ വർധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വർധനവ് എത്രയെന്നും എന്നു മുതൽ ആയത് നടപ്പിലാക്കുമെന്നും അറിയിക്കാമോ;

(ബി) 2020-21 ബജറ്റിൽ പ്രഖ്യാപിച്ച പെൻഷൻ വർദ്ധനവ് പൂർണ്ണ തോതിൽ നൽകുന്നുണ്ടോയെന്ന് അറിയിക്കാമോ?

(എ&ബി) പത്രപ്രവർത്തക-പത്രപ്രവർത്തകേതര ജീവനക്കാർക്കായി സംസ്ഥാന സർക്കാർ മികച്ച നിലയിൽ നടത്തിവരുന്ന ക്ഷേമപദ്ധതിയാണ് പത്രപ്രവർത്തക-പത്രപ്രവർത്തകേതര ക്ഷേമ പെൻഷൻ പദ്ധതി. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലം മുതൽ പെൻഷൻ തുകയിൽ കാലാനുസൃതമായ വർധനവ് വരുത്തിവരുന്നുണ്ട്. ഏറ്റവും ഒടുവിൽ 2020-21-ൽ പെൻഷൻ തുകയിൽ 1,000 രൂപയുടെ വർധനവ് വരുത്തുവാൻ തീരുമാനിച്ചു. നിലവിൽ 500 രൂപയുടെ വർധനവാണ് നടപ്പാക്കിയിട്ടുള്ളത്.

ഇതുപ്രകാരം 10,500 രൂപ വീതം പ്രതിമാസ പെൻഷൻ ലഭ്യമാകും. മുൻ തീരുമാനപ്രകാരമുള്ള 1,000 രൂപയുടെ വർധനവ് 2024 ജൂലൈ മാസത്തോടെ വർധിപ്പിച്ച് 11,000 രൂപ പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് എത്ര പത്ര പ്രവർത്തകർക്കാണ് പൂർണ്ണ തോതിൽ പെൻഷൻ നൽകുന്നതെന്നും എത്ര പേർക്കാണ് പകുതി പെൻഷൻ നൽകുന്നതെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 676 പേർക്ക് പൂർണ്ണ തോതിലുള്ള പെൻഷനും 28 പേർക്ക് 50% പെൻഷനും നൽകി വരുന്നു.

(ഡി) പത്ര പ്രവർത്തകരിൽ നിന്ന് അംശദായം വാങ്ങുന്നത് നിർത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; ഇപ്രകാരം പെൻഷൻ നൽകാൻ പ്രതിമാസം എത്ര രൂപ ചെലവിടുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഇല്ല. പത്രപ്രവർത്തക പെൻഷനായി 2024 ജൂൺ മാസം മാത്രം 79,81,750/- രൂപ അനുവദിച്ചിട്ടുണ്ട്.

(ഇ) പെൻഷൻ ഫണ്ടിലേക്ക് പത്ര ഉടമകൾ വിഹിതം നൽകുന്നുണ്ടോ; എങ്കിൽ ഏതെല്ലാം ഉടമകളെന്നും നാളിതുവരെ എത്ര തുക നൽകിയെന്നും അറിയിക്കാമോ?

മൂന്ന് ഘടകങ്ങൾ ചേർന്നതാണ് ഈ പെൻഷൻ പദ്ധതിയെന്നാണ് ചട്ടത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്. അംഗങ്ങളുടെ അംശദായം, മാധ്യമസ്ഥാപനങ്ങളുടെ വിഹിതം, സർക്കാർ വിഹിതം എന്നിവയാണവ. എന്നാൽ നാളിതുവരെ ഒരു മാധ്യമസ്ഥാപനവും തങ്ങളുടെ തൊഴിലാളി ക്ഷേമത്തിനായി നടത്തുന്ന ഈ പദ്ധതിക്കായി പ്രത്യേക വിഹിതം മാറ്റിവച്ചിട്ടില്ല. സർക്കാർ നിധിയിലേക്ക് തുക ലഭ്യമാക്കിയിട്ടുമില്ല. അവരുടെ കൂടി വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് ഈ പദ്ധതി കൂടുതൽ വിപുലപ്പെടുത്താനാകും.

**ജീവനക്കാരുടെ കാര്യക്ഷമത ഉയർത്തുന്നതിന് സംസ്ഥാന പരിശീലന നയം**

42 (2041) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ കാര്യക്ഷമത ഉയർത്തുന്നതിനായി സംസ്ഥാന പരിശീലന നയം രൂപപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) 13-07-2017-ലെ സ.ഉ.(അച്ചടി)നം. 9/2017/ഉ.ഭ.പ.വ. പ്രകാരമുള്ള സംസ്ഥാന പരിശീലന നയം ഇപ്പോഴും പ്രാബല്യത്തിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

(എ & ബി) ഉണ്ട്. 2004-ൽ രൂപീകരിച്ച സംസ്ഥാന പരിശീലന നയം 13-07-2017-ലെ സ.ഉ.(അച്ചടി)നം.9/2017/ഉഭപവ പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്.

(സി) സംസ്ഥാന പരിശീലന നയം അടിസ്ഥാനമാക്കി ഐ.എം.ജി. 2023-24 സാമ്പത്തിക വർഷത്തിൽ എത്ര പരിശീലന പരിപാടികളാണ് ആസൂത്രണം ചെയ്തതെന്നും അതിൽ എത്ര പരിപാടികളാണ് നടപ്പിലാക്കിയതെന്നും വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന പരിശീലന നയം കൃത്യമായി നടപ്പിലാക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

(സി&ഡി) 2023-24 സാമ്പത്തിക വർഷത്തിൽ 1251 പരിശീലനങ്ങളാണ് ആസൂത്രണം ചെയ്തത്. അതിൽ 381 പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്.

(ഇ) ജീവനക്കാർക്ക് പരിശീലനം ഉറപ്പാക്കി സർക്കാർ സേവനത്തിന്റെ കാര്യക്ഷമത ഉയർത്താൻ പുതുതായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാന പരിശീലന പരിപാടികൾക്ക് ഉപരിയായി വകുപ്പുതലത്തിലും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. പരിശീലകർക്കുള്ള പരിശീലന പരിപാടികളും നടത്തി വരുന്നു.

**പാർലമെന്റ് ഇലക്ഷൻ ഡ്യൂട്ടി ചെയ്ത എസ്.പി.ഒ.-മാരുടെ വേതനം**

43 (2042) <u>ശ്രീമതി ഉമ തോമസ്</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2024 ഏപ്രിൽ മാസം നടന്ന പാർലമെന്റ് ഇലക്ഷനുമായി ബന്ധപ്പെട്ട് ഡ്യൂട്ടി ചെയ്ത എസ്.പി.ഒ.-മാർക്ക് ഇതുവരെയും വേതനം ലഭിച്ചിട്ടില്ലായെന്ന

വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വേതനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എത്രയും വേഗം വേതനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വോട്ടർ പട്ടിക ഏകീകരണം**

44 (2043) <u>ശ്രീ. പി. ഉബൈദുള്ള:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വോട്ടർ പട്ടിക പുതുക്കുമ്പോൾ എകീകൃത വോട്ടർ പട്ടിക ഉപയോഗിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസം നിലവിലുണ്ടോ; എങ്കിൽ വിശദമാകുമോ;

(ബി) ഇക്കഴിഞ്ഞ ലോകസഭ തിരഞ്ഞെടുപ്പിനായി തയ്യാറാക്കിയ വോട്ടർ പട്ടികയിലെ പുതിയ വോട്ടർമാരെ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നിയമസഭ, ലോകസഭ വോട്ടർ പട്ടികകൾ എകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർപട്ടികയാണ് ഉപയോഗിക്കുന്നത്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി വാർഡ് നിയോജക മണ്ഡലത്തിലെ ബൂത്തടിസ്ഥാനത്തിലുള്ള വോട്ടർപട്ടിക കാലാകാലങ്ങളിൽ പുതുക്കിയാണ് തിരഞ്ഞെടുപ്പിനായി ഉപയോഗിക്കുന്നത്. നിയമസഭ, ലോക്സഭ തിരഞ്ഞെടുപ്പുകൾക്കുള്ള വോട്ടർ പട്ടിക കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ, അസംബ്ലി മണ്ഡലത്തിന്റെ ബൂത്ത് അടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നത്. ഒരു അസംബ്ലി മണ്ഡലത്തിലെ ബൂത്തുപ്രദേശത്ത് പഞ്ചായത്ത്/മുനിസിപ്പാലിറ്റിയിലെ ഒന്നോ അതിലധികമോ വാർഡുകൾ ഭാഗികമായോ പൂർണ്ണമായോ ഉൾപ്പെട്ടുവരാം. അതിനാൽ അസംബ്ലി മണ്ഡലത്തിലെ ബൂത്തുതല വോട്ടർ പട്ടിക അതേപടി പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പിന് ഉപയോഗിക്കാൻ കഴിയില്ല. അസംബ്ലി വോട്ടർപട്ടികയിൽ വോട്ടർമാരുടെ വാർഡ് നമ്പരും വീട്ടുനമ്പരും അപ്ഡേറ്റ് ചെയ്യാത്തതിനാൽ ഫീൽഡ് വെരിഫിക്കേഷൻ നടത്താതെ

അവ പഞ്ചായത്ത്/മുനിസിപ്പാലിറ്റി വാർഡുകളിലേയ്ക്ക് ക്രമീകരിക്കുന്നതിന് സാങ്കേതിക തടസ്സമുണ്ട്.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ കെ-ഫോൺ കണക്ഷനുകൾ**

45 (2044) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഇതുവരെ എത്ര ഓഫീസുകൾക്കും വീടുകൾക്കും കെ-ഫോൺ കണക്ഷൻ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ 123 സർക്കാർ ഓഫീസ് /സ്ഥാപനങ്ങളിലും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 85 കുടുംബങ്ങൾക്ക് സൗജന്യമായും 47 ഉപഭോക്താക്കൾക്ക് വാണിജ്യാടിസ്ഥാനത്തിലും കെ-ഫോൺ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) മണ്ഡലത്തിൽ 100 വീടുകൾക്ക് സൗജന്യ കെ-ഫോൺ കണക്ഷൻ നൽകുന്ന പദ്ധതി പ്രകാരം നൽകിയ കണക്ഷനുകളുടെ വിശദാംശം നൽകാമോ?

സൗജന്യമായി കണക്ഷൻ നൽകിയ കുടുംബങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

**സി-ഡിറ്റിന്റെ നവീകരണം**

46 (2045) ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിന്റെ നവീകരണത്തിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

സി-ഡിറ്റിന്റെ നവീകരണത്തിനായി 2024-25 വർഷത്തെ വാർഷിക ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. ആഗ്മെന്റ് റിയാലിറ്റി/വെർച്ചൽ റിയാലിറ്റി മേഖലയിൽ മികവിന്റെ കേന്ദ്രം സ്ഥാപിക്കൽ
2. സെക്യൂരിറ്റി ഡോക്യുമെന്റ് പരിശോധനയ്ക്കായി ഫോറൻസിക് ലാബ് സ്ഥാപിക്കൽ.
3. ഇലക്ട്രോണിക് രേഖകൾ ആർക്കൈവ് ചെയ്യുന്നതിനുള്ള സംവിധാനം.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4. നിർമ്മിത ബുദ്ധി അധിഷ്ഠിതമായ ഡാറ്റാ അനലറ്റിക്സ് സംവിധാനം.

5. സോഫ്റ്റ്‌വെയർ വികസനം, സെക്യൂരിറ്റി ഓഡിറ്റ് സംവിധാനം എന്നിവയിലെ ശേഷി വികസനത്തിനും സെക്യൂരിറ്റി ഡാറ്റാ/നെറ്റ് വർക്ക് സജ്ജീകരണങ്ങൾ.

6. മലയാള ഭാഷയിൽ വിവരാധിഷ്ഠിത വെബ് ആപ്ലിക്കേഷൻ തയ്യാറാക്കലും ഗവേഷണ പ്രവർത്തനങ്ങളും

7. വെബ് ചാനൽ/വീഡിയോ ചിത്ര നിർമ്മാണ സംവിധാനങ്ങളുടെ ശേഷി വികസനം.

(ബി) സി-ഡിറ്റിനായി പട്ടത്ത് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തിരുവനന്തപുരം പട്ടത്ത് സി-ഡിറ്റിന്റെ പുതിയ ഐ.സി.റ്റി. കെട്ടിടത്തിന്റെ നിർമ്മാണം ഈ വർഷം പൂർത്തിയാക്കി തുറന്നുകൊടുക്കുന്നതിന് ലക്ഷ്യമിടുന്നു. ബി.എസ്.എൻ.എൽ. (സിവിൽ വിഭാഗം) മുഖേന നടന്നുവരുന്ന കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളിൽ

നിലവിൽ സിവിൽ വർക്കുകൾ 98 ശതമാനവും ഇലക്ട്രിക്കൽ വർക്കുകൾ 65 ശതമാനവും പൂർത്തിയായിട്ടുണ്ട്.

**സി-ഡിറ്റ് ഏറ്റെടുത്ത പ്രവൃത്തികൾ**

47 (2046) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റ് ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ & ബി) സി-ഡിറ്റ് ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കഴക്കൂട്ടം-കൊല്ലം ഐ.ടി. ഇടനാഴി**

48 (2047) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23-ലെ ബജറ്റിൽ പ്രഖ്യാപിച്ച കഴക്കൂട്ടം-കൊല്ലം ഐ.ടി. ഇടനാഴി പദ്ധതിയുടെ രൂപീകരണ പുരോഗതി അറിയിക്കുമോ?

ഐ.ടി. വ്യവസായത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നത് മുന്നിൽ കണ്ട് സംസ്ഥാനത്ത് നാല് ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുമെന്ന് 2022-23-ലെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഐ.ടി.ഐ.എൽ-നെ ലാന്റ് അക്വിസിഷൻ ഏജൻസിയായി നിയമിക്കുകയുണ്ടായി. നാല് ഐ.ടി. ഇടനാഴികളിലുമായി, 76 ലാന്റ് പാർസലുകളിലായി ഏകദേശം 4980 ഏക്കർ ഭൂമി കണ്ടെത്തുകയുണ്ടായി. സർക്കാർ നിയമിച്ച കമ്മിറ്റി പ്രസ്തുത സ്ഥലങ്ങൾ പരിശോധിക്കുകയും 46 ലാന്റ് പാർസലുകളിലായി ഏകദേശം 1699 ഏക്കറോളം ഭൂമി ഐ.ടി. വ്യവസായത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയും ചെയ്തു. ഇതിൽ ആദ്യ ഇടനാഴിയിൽ (ടെക്നോപാർക്ക് ഫേസ്-III മുതൽ കൊല്ലം വരെ) ആറ് സ്ഥലങ്ങളിലായി കണ്ടെത്തിയ 200 ഏക്കർ ഭൂമിയിൽ ഐ.ടി. വ്യവസായം തുടങ്ങുന്നതിനായി കോ-ഡെവലപ്പേഴ്സിനെ കണ്ടെത്തുന്നതിന് കെ.എസ്.ഐ.ടി.ഐ.എൽ.

താൽപര്യം പ്രകടിപ്പിക്കൽ പത്രം ക്ഷണിച്ചിട്ടുണ്ട്. തുടർനടപടികൾ പുരോഗമിച്ചുവരുന്നു.

കൂടാതെ, കൊല്ലം ജില്ലയിൽ പുതുതായി ഒരു ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിലേയ്ക്കായി നഗരപരിധിയിൽ മൂന്ന് ലാന്റ് പാർസലുകൾ കണ്ടെത്തിയിട്ടുണ്ട്. അതിൽ ഏറ്റവും അനുയോജ്യമായ ഒരെണ്ണം തിരഞ്ഞെടുക്കുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനുമായുള്ള നടപടികൾ പുരോഗമിക്കുന്നു. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ഐ.ടി. പാർക്കിന്റെ വിശദമായ രൂപരേഖ തയ്യാറാക്കുന്ന നടപടിയിലേയ്ക്ക് കെ.എസ്.ഐ.ടി.ഐ.എൽ. കടക്കുന്നതാണ്.

(ബി) ഇതിനായി ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കഴക്കൂട്ടം-കൊല്ലം ഐ.ടി. ഇടനാഴി പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവായിട്ടില്ല.

**ആലത്തൂർ മണ്ഡലത്തിലെ അക്ഷയ സെന്ററുകൾ**

49 (2048) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ നിലവിൽ എത്ര അക്ഷയ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകളിലാണെന്നും വിശദമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ നിലവിൽ 18 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. അക്ഷയ കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതിയ അക്ഷയ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉണ്ട്. ആലത്തൂർ മണ്ഡലത്തിലെ മേലാർകോട് ഗ്രാമപഞ്ചായത്തിലെ കല്ലമ്പാട്, കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ ചിതലപാലം, കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ കണിയമംഗലം എന്നീ ലൊക്കേഷനുകളിലെ അക്ഷയ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്രങ്ങളിലേയ്ക്ക് പുതിയ സംരംഭകരെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**സി-ഡിറ്റ് രജിസ്ട്രാർ നിയമനം**

**50** (2049) **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ ജി. ജയരാജിനെ സി-ഡിറ്റ് രജിസ്ട്രാറായി നിയമിച്ചതിൽ ക്രമക്കേടുണ്ടെന്ന് കാണിച്ച് പ്രസ്തുത സ്ഥാപനത്തിലെ ഒരു ഉദ്യോഗസ്ഥൻ 2024 മാർച്ചിൽ പരാതി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയുടെ പകർപ്പ് നൽകുമോ;

(ബി) പ്രസ്തുത പരാതിയിൽ രജിസ്ട്രാർ നിയമനത്തിൽ എന്തൊക്കെ അപാകതകൾ സംഭവിച്ചുവെന്നാണ് ചൂണ്ടിക്കാട്ടിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ&ബി) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

പരാതിയിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) സി-ഡിറ്റ് രജിസ്ട്രാർ തസ്തിക സൃഷ്ടിച്ച 11-05-1990-ലെ ജി.ഒ. (എം.എസ്.) നം 14/90/സി.എ.ഡി. പ്രകാരവും സി-ഡിറ്റ് സർവീസ് റൂൾസ് പ്രകാരവും സി.എസ്.ഐ.ആർ/യു.ജി.സി. പേ സ്കെയിലുള്ള പ്രസ്തുത തസ്തികയിലെ നിയമനത്തിന് സി.എസ്.ഐ.ആർ./യു.ജി.സി. നിഷ്കർഷിക്കുന്ന യോഗ്യതകൾ വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; അതുപ്രകാരം സി-ഡിറ്റ് രജിസ്ട്രാർ നിയമനത്തിനുവേണ്ട വിദ്യാഭ്യാസ യോഗ്യതകൾ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ഇ) പ്രസ്തുത വിദ്യാഭ്യാസയോഗ്യതകൾ ശ്രീ. ജി. ജയരാജിന് ഉണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സി-ഡിറ്റ് ചട്ടങ്ങൾ പ്രകാരം രജിസ്ട്രാർ തസ്തികയിൽ നിയമനത്തിന് ആവശ്യമായ യോഗ്യതകൾ ശ്രീ. ജി. ജയരാജിനുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വിവരസാങ്കേതികവിദ്യാ മേഖലയിൽ കേരളത്തിന്റെ വളർച്ച**

51 (2050) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി ശശി:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക ഉൽപ്പാദനക്ഷമതയും ഗവേഷണ പ്രവർത്തനവും മെച്ചപ്പെടുത്തുന്നതിന് വരുംതലമുറയെ വിവര സാങ്കേതികവിദ്യാ മേഖലയിൽ വൈദഗ്ധ്യമുള്ളവരാക്കി മാറ്റേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിന്റെ വൈജ്ഞാനിക സമ്പദ് വ്യവസ്ഥയെ മെച്ചപ്പെടുത്തേണ്ണതിന് വരും തലമുറയെ വിവരസാങ്കേതിക വിദ്യ മേഖലയിൽ വൈദഗ്ധ്യമുള്ളവരാക്കുന്നതിനുതകുന്ന വിവിധങ്ങളായ ആധുനിക കോഴ്സുകൾ ഡിജിറ്റൽ യൂണിവേഴ്സിറ്റി നടത്തിവരുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സൈബർ സെക്യൂരിറ്റി, ഡാറ്റാ അനലിറ്റിക്സ്, ജിയോസ്പേഷ്യൽ അനലിറ്റിക്സ് തുടങ്ങിയവയിലേക്കുള്ള കോർ

റിസർച്ചിനോടൊപ്പം ബ്ലോക്ക്ചെയിൻ, ലാംഗ്വേജ് കമ്പ്യൂട്ടിംഗ്, ജി.ഐ.എസ്., അഗ്രികൾച്ചർ, അനിമൽ ഹസ്ബെൻഡറി, അസ്സസ്സീവ് മെഡിസിൻ, ന്യൂറോ ഇമേജിംഗ് & കമ്പ്യൂട്ടിംഗ്, ചിപ്പ് ഡിസൈൻ തുടങ്ങിയ മേഖലകളിൽ വൈദഗ്ധ്യമുള്ളവരെ വാർത്തെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ നടന്നുവരുന്നു.

ഐ.ടി. വികസനത്തിന് കമ്പനികളെയും ഗവേഷകരെയും ഒരേ പ്ലാറ്റ്ഫോമിൽ കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെ 15000 ചതുരശ്ര അടി വിസ്തൃതിയിൽ 1,215 കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന ഡിജിറ്റൽ സയൻസ് പാർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ടെക്നോപാർക്ക് ഫേസ് IV-ൽ ആരംഭിച്ചു. പഠനഗവേഷണവും വ്യവസായവും ഏകോപിപ്പിക്കുന്നതിനായി വിവിധ മികവിന്റെ കേന്ദ്രങ്ങൾ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. സെന്റർ ഫോർ ഡിജിറ്റൽ ഇന്നവേഷൻ പ്രോഡക്ട് വികസനത്തിനായിട്ടും എറണാകുളത്തുള്ള 'മേക്കർ വില്ലേജ്' ഇൻഡ്യയിലെ ഏറ്റവും വലിയ ഹാർഡ് വെയർ ഇൻകുബേറ്ററായും പ്രവർത്തിച്ചുവരുന്നു.

വ്യവസായ രംഗത്ത് ഈ നൂറ്റാണ്ടിന്റെ മൂലകമായി അറിയപ്പെടുന്ന ഗ്രാഫീൻ വികസനത്തിനായി ഇന്ത്യ ഇന്നവേഷൻ സെന്റർ ഫോർ ഗ്രാഫീൻ-ന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഇതിന്റെ പൈലറ്റ് പ്ലാന്റ് 10 ഏക്കർ വിസ്തൃതിയിൽ 60000/- ചതുരശ്ര അടി കെട്ടിടത്തോടൊപ്പം പാലക്കാട്ട് സജ്ജമായിക്കൊണ്ടിരിക്കുന്നു.

ബ്ലോക്ക്ചെയിൻ വിദ്യാഭ്യാസത്തിനും റിസർച്ചിനുമായി സ്ഥാപിക്കപ്പെട്ട കേരള 'ബ്ലോക്ക് ചെയിൻ അക്കാഡമി' മികവിന്റെ കേന്ദ്രമാണ്. തൊഴിൽ സാധ്യതക്ക് ഊന്നൽ നൽകി നടത്തുന്ന കോഴ്സുകളിൽ 66 രാജ്യങ്ങളിൽ നിന്നും 36000 വിദ്യാർത്ഥികൾക്ക് ബ്ലോക്ക്ചെയിൻ ടെക്നോളജിയിൽ ട്രെയിനിംഗ് നൽകിക്കഴിഞ്ഞു.

സ്കൂൾ പാഠ്യപദ്ധതിയിൽ ഐ.ടി. സമന്വയിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള "ഐടി@സ്കൂൾ" പ്രോജക്ട് പോലുള്ള സംരംഭങ്ങളും വിവിധ നൈപുണ്യവികസന പരിപാടികളും യുവാക്കളെ ഡിജിറ്റൽ യുഗത്തിലേക്ക് സജ്ജമാക്കുന്നതിനുള്ള നടപടികളാണ്. ഡിജിറ്റൽ യൂണിവേഴ്സിറ്റിയും ഐ.സി.ഫോസ്, (ICFOSS) ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ

ടെക്നോളജി അക്കാദമി ഓഫ് കേരള (ICTAK) മുതലായ സ്ഥാപനങ്ങളും വ്യവസായങ്ങളിൽ നിന്ന് തുടർച്ചയായി ഫീഡ്ബാക്ക് ശേഖരിക്കുകയും അതിനെ അടിസ്ഥാനമാക്കി ബിരുദധാരികൾക്ക് തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതിനായി കോഴ്സുകൾ രൂപകൽപ്പന നടത്തുകയും ചെയ്യുന്നു.

വിവരസാങ്കേതിക വിദ്യാമേഖലയിൽ വിദഗ്ധ പരിശീലനം നൽകുന്നതിനുവേണ്ടി സി-ഡിറ്റ് 2002 മുതൽ എഡ്യുക്കേഷൻ പാർട്ണർഷിപ്പ് പ്രോഗ്രാം നടപ്പിലാക്കിവരുന്നു.

ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമി ഓഫ് കേരള (ICTAK) അടുത്ത തലമുറയെ തൊഴിൽ സജ്ജരാക്കാൻ ഉതകുന്ന നൈപുണ്യ വികസന പരിപാടികളും ദീർഘകാല കോഴ്സുകളും നടത്തി വരുന്നു. ഡാറ്റ സയൻസ്, സൈബർ സെക്യൂരിറ്റി, സോഫ്റ്റ്‌വെയർ ടെസ്റ്റിംഗ് തുടങ്ങിയ വിവിധ ഐ.ടി. ഡൊമെയ്നുകളിൽ ഇൻഡസ്ട്രിക്ക് അഭികാമ്യമായ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ നടത്തിവരുന്നു. 20000-ത്തിലധികം അധ്യാപകരെ പരിശീലിപ്പിച്ചുകൊണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മെച്ചപ്പെട്ടതും കാലികവുമായ ഐ.ടി. നൈപുണ്യ പരിപാടികൾ

എത്തിക്കുന്നു. 300-ലധികം ഐ.ടി. കമ്പനികളെ പങ്കാളികളായി ഉൾപ്പെടുത്തുകവഴി വിദ്യാർത്ഥികളെ നേരിട്ട് തൊഴിലുടമകളുമായി ബന്ധിപ്പിക്കുന്നു.

(ബി) വിവരസാങ്കേതികവിദ്യാ മേഖലയിൽ കേരളം അതിഗംഭീരമായ വളർച്ച കൈവരിച്ചിട്ടുണ്ടോ; വിദ്യാർഥികൾ, സ്ത്രീകൾ, പ്രൊഫഷണലുകൾ, ഗവേഷകർ തുടങ്ങിയവർക്ക് ഐ.ടി. സംരംഭങ്ങൾ ആരംഭിക്കുന്നതിന് സജ്ജീകരണങ്ങളൊരുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വിവരസാങ്കേതിക വിദ്യ മേഖലയിൽ കേരളം ഗണ്യമായ വളർച്ച കൈവരിച്ചിട്ടുണ്ട്.

വിവിധ മേഖലയിലുള്ളവർക്ക് സാങ്കേതിക വിദ്യ സംരംഭം തുടങ്ങുന്നതിന് കേരള സ്റ്റാർട്ടപ്പ് മിഷൻ പ്രോത്സാഹനവും സഹായവും നൽകിവരുന്നു. നിലവിൽ 5400 ലധികം സ്റ്റാർട്ടപ്പുകളാണ് കേരളത്തിലുള്ളത്. അതിൽ ബഹുഭൂരിപക്ഷവും വിവരസാങ്കേതിക വിദ്യ ഉപയോഗിക്കുന്ന സംരംഭങ്ങളാണ്.

1. സംസ്ഥാനത്തുടനീളമുള്ള എഞ്ചിനീയറിംഗ്, ആർട്സ് ആന്റ് സയൻസ്, പോളിടെക്നിക് കോളേജുകളിലായി 481 ഇന്നവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് സെന്ററുകൾ (IEDC) സ്ഥാപിച്ചിട്ടുണ്ട്. അതിലൂടെ വിദ്യാർത്ഥികൾക്ക് സാങ്കേതികത്വത്തിലും സംരംഭകത്വത്തിലും പ്രോത്സാഹനം നൽകുന്ന വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിലൂടെ വിദ്യാർത്ഥികൾ സംരംഭകരായി മാറുന്നു. കൂടാതെ 'ഫെയിൽ ഫാസ്റ്റ് ഓർ സക്സീഡ്' എന്ന പരിപാടിയുടെ പ്രീ ഇങ്കുബേഷൻ പരിപാടിയും IEDC -കളിലൂടെ സംഘടിപ്പിച്ചുവരുന്നു.

2. വിവിധ ഗവേഷണ വികസന സ്ഥാപനങ്ങളുമായി ശൃംഖല സ്ഥാപിച്ച് ഗവേഷണ വികസന പ്രവർത്തനങ്ങളിലൂടെ ഉരിത്തിരിയുന്ന ഉല്പന്നങ്ങളെ ഡെമോ ഡേ (demo day)-കളിലൂടെ പ്രദർശിപ്പിക്കുകയും അത് വിപണിയിലെത്തിക്കുന്ന സംരംഭകർക്ക് സാങ്കേതിക കൈമാറ്റത്തിലൂടെ ഉൽപ്പന്നം ലഭ്യമാക്കുന്നതുമായ പ്രവർത്തനങ്ങൾ 'റിസർച്ച് ഇന്നവേഷൻ നെറ്റ് വർക്ക് കേരള' എന്ന പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു.

3. സംരംഭം തുടങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് അതിനാവശ്യമായ സ്ഥല സൗകര്യം ലഭ്യമാക്കുന്നതിനായി കേരളത്തിലുടനീളം ലീപ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം തുടർന്നുവരുന്നു. നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കാസർഗോഡ്, കണ്ണൂർ എന്നിവിടങ്ങളിൽ ലീപ് സെന്റർ സ്ഥാപിച്ചിട്ടുണ്ട്.

4. വനിതകളിൽ സാങ്കേതികതയും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ വർഷവും വനിതാ സ്റ്റാർട്ടപ്പ് സമ്മിറ്റ് സംഘടിപ്പിച്ചുവരുന്നു.

5. നൂതന ആശയം ആദ്യ മാതൃകയായി വികസിപ്പിക്കുന്നതിന് ഇന്നവേഷൻ ഗ്രാന്റ് പദ്ധതിയിലൂടെ ഐഡിയ ഗ്രാന്റ് നൽകി വരുന്നു. ഇതിലൂടെ ഉരുത്തിരിയുന്ന ഉൽപ്പന്നങ്ങൾ സംരംഭമായി മാറും. സംരംഭം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നവർക്ക് ആവശ്യമായ മെന്റർഷിപ്പ് നൽകുന്നതിനും കമ്പനി രജിസ്ട്രേഷൻ തുടങ്ങിയ സേവനങ്ങൾ നൽകുന്നതിന് 'സ്റ്റാർട്ടപ്പ് കോമൺസ്'' എന്ന പദ്ധതിയും നിലവിലുണ്ട്.

6. വനിതാ സംരംഭകർക്ക് പ്രീ ഇങ്കുബേഷൻ നൽകുന്ന വി സ്റ്റാർട്ട് എന്ന പദ്ധതിയും നിലവിലുണ്ട്.

ഈ നേട്ടങ്ങളുടെ ഫലമായി 2023-24 വർഷത്തെ ഏറ്റവും മികച്ച സ്റ്റാർട്ടപ്പ് സംസ്ഥാനമായി ഇന്ത്യാ ഗവൺമെന്റ് കേരളത്തെ അംഗീകരിച്ചിട്ടുണ്ട്.

സർക്കാർ പാർക്കുകളുടെ മേഖലയിൽ 2022-23 സാമ്പത്തിക വർഷത്തിൽ, ടെക്നോപാർക്ക് മുൻവർഷത്തെ അപേക്ഷിച്ച് 19%-വും ഇൻഫോപാർക്കിൽ 9%-വും വളർച്ച രേഖപ്പെടുത്തി. ഇൻഫോപാർക്കിൽ സ്ത്രീ-പുരുഷ അനുപാതം 40:60-ഉം ടെക്നോപാർക്കിലെ സ്ത്രീ-പുരുഷ അനുപാതം 45:55-ഉം ആണ്, ഇത് ദേശീയ ശരാശരിയേക്കാൾ വളരെ ഉയർന്നതും ശ്രദ്ധേയമായ നേട്ടവുമാണ്. അടുത്ത നാല് വർഷത്തിനുള്ളിൽ ടെക്നോപാർക്കിൽ 41 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ബിൽറ്റ്-അപ്പ് സ്പേസ് വികസിപ്പിക്കുകയും 30000 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. ഇൻഫോപാർക്കിൽ ഇത് 15

ലക്ഷവും 20000-വും ആയിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതിനാവശ്യമായ പദ്ധതികൾ പുരോഗമിക്കുകയാണ്.

(സി) ഐ.ടി. വ്യവസായാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും പശ്ചാത്തല സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഐ.ടി വ്യവസായാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും പശ്ചാത്തല സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇന്ത്യയിലെ വലിയ ഐ.ടി. പാർക്കുകളിലൊന്നായ തിരുവനന്തപുരത്തെ ടെക്നോപാർക്ക് പുതിയ ഘട്ടങ്ങളും (Phases) അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണവും നടത്തി വിപുലീകരിച്ചിട്ടുണ്ട്. കോഴിക്കോട് സൈബർപാർക്കും കൊച്ചിയിലും മറ്റ് പ്രധാന നഗരങ്ങളിലും സംയോജിത ഐ.ടി. പാർക്കുകളും വിപുലികരിച്ചു വരുന്നു.

ഐ.ടി. രംഗത്ത് നൂതന ആശയങ്ങൾ, സംരംഭകത്വം എന്നിവ പരിപോഷിപ്പിക്കുന്നതിനും നിക്ഷേപം ആകർഷിക്കുന്നതിനുമായി പുതുക്കിയ ഐ.ടി. നയം രൂപീകരിക്കുന്നതിന്റെ അന്തിമ ഘട്ടത്തിലാണ്.

ഐ.ടി. മേഖലയിൽ പ്രോത്സാഹനങ്ങളും ഇൻകുബേഷൻ സൗകര്യങ്ങളുമുള്ള വളർന്നുവരുന്ന സാങ്കേതിക സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിനായി ഒരു സ്റ്റാർട്ടപ്പ് നയം ആരംഭിച്ചു. ഐടി മേഖലയ്ക്ക് കഴിവുള്ള തൊഴിലാളികളെ സൃഷ്ടിക്കുന്നതിന് നൈപുണ്യ വികസന പരിപാടികൾക്ക് ഊന്നൽ നൽകുന്നു. ഐ.ടി. മേഖലയിൽ നവീകരണവും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻകുബേറ്ററുകളും ആക്സിലറേറ്ററുകളും സ്ഥാപിച്ചു. കൂടാതെ വിവിധ ടെക് ഇവന്റുകൾ, ഹാക്കത്തണുകൾ, മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചു.

ഭരണപരമായ പ്രക്രിയകൾ കാര്യക്ഷമമാക്കുന്നതിനും സേവന വിതരണം മെച്ചപ്പെടുത്തുന്നതിനുമായി ഇ-ഗവേണൻസ് സംരംഭങ്ങൾ നടപ്പിലാക്കി.

ഐ.ടി. മേഖലയിലെ നിക്ഷേപങ്ങളും സഹകരണവും ആകർഷിക്കുന്നതിനായി പ്രമുഖ ഐ.ടി. സ്ഥാപനങ്ങളുമായും അസോസിയേഷനുകളുമായും പങ്കാളിത്തം രൂപീകരിച്ചു. അന്താരാഷ്ട്ര വിപണന പ്രചാരണങ്ങളിലൂടെയും വ്യാപാര ദൗത്യങ്ങളിലൂടെയും കേരളത്തെ

ആഗോള ഐ.ടി. ലക്ഷ്യസ്ഥാനമായി ഉയർത്തി. ഇന്ത്യയിലെ ഒരു മത്സരാധിഷ്ഠിത ഐ.ടി. ഹബ്ബായി കേരളത്തെ പ്രതിഷ്ഠിക്കുക എന്നതാണ് ഈ സംരംഭങ്ങൾ കൂട്ടായി ലക്ഷ്യമിടുന്നത്.

2022-23-ലെ ബജറ്റിൽ സംസ്ഥാനത്ത് 4 ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഐ.ടി.ഐ.എൽ-നെ ലാന്റ് അക്വിസിഷൻ ഏജൻസിയായി നിയമിക്കുകയുണ്ടായി. നാല് ഐ.ടി. കോറിഡോറിലുമായി, 46 ലാന്റ് പാർസലുകളിലായി ഏകദേശം 1699 ഏക്കറോളം ഭൂമി ഐ.ടി. വ്യവസായത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയുണ്ടായി. ഈ കണ്ടെത്തിയ ഭൂമിയിൽ ഐ.ടി. വ്യവസായം തുടങ്ങുന്നതിനുള്ള കോ-ഡെവലപ്പേഴ്സിനെ കണ്ടെത്തുന്നതിനായി കെ.എസ്.ഐ.ടി.ഐ.എൽ. താൽപ്പര്യം പ്രകടിപ്പിക്കൽ പത്രം ക്ഷണിച്ചിട്ടുണ്ട്. തുടർ നടപടികൾ നടന്നു വരുന്നു.

കേരളത്തിലുടനീളം എല്ലാ ജില്ലകളിലും ലോഞ്ച്, എംപവർ, ആക്സിലറേറ്റ്, പ്രോസ്പർ (LEAP) സെന്ററുകൾ കേരള സ്റ്റാർട്ടപ്പ് മിഷന്റെ നേതൃത്വത്തിൽ തുടങ്ങുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ ശക്തവും കാര്യക്ഷമവും ആക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കെ-ഫോൺ. സുശക്തമായ ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സംസ്ഥാനത്താകെ സ്ഥാപിക്കുന്നതാണ് പ്രസ്തുത പദ്ധതി. അതുവഴി അതിവേഗ ഇന്റർനെറ്റ് കണക്ഷൻ വീടുകളിലും ഓഫീസുകളിലും നൽകുന്നതാണ്. ഈ പദ്ധതി വഴി സംസ്ഥാനത്തെ 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഭവനങ്ങളിലേക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഇന്റർനെറ്റ് ലഭ്യമാകും. സംസ്ഥാന സർക്കാരിന്റെയും മറ്റ് സ്വകാര്യ ടെലകോം സർവ്വീസ് പ്രൊവൈഡറിന്റെയും നിലവിലുള്ള ബാന്റ് വിഡ്ത്ത് പരിശോധിച്ച് അതിന്റെ അപര്യാപ്തത മനസ്സിലാക്കുകയും അത് പരിഹരിച്ച് ഭാവിയിലേക്ക് ആവശ്യമായ ബാന്റ് വിഡ്ത്ത് സജ്ജമാക്കുന്ന രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

ബഹിരാകാശ മേഖലയും അനുബന്ധ വൈമാനിക പ്രതിരോധ മേഖലകളുമായി ബന്ധപ്പെട്ട് വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി കേരള സ്പേസ് പാർക്ക് (കെ സ്പേസ്) രൂപകൽപ്പന ചെയ്തു. ആദ്യ ഘട്ടത്തിൽ തിരുവനന്തപുരം ടെക്നോസിറ്റിയിൽ രണ്ട് ലക്ഷം സ്ക്വയർ ഫീറ്റിൽ സാമൂഹിക സൗകര്യ കേന്ദ്രം (CFC), ഗവേഷണവും വികസന കേന്ദ്രവും (RDC) എന്നിവയുള്ള കെട്ടിടങ്ങൾ 2024 സെപ്റ്റംബർ മാസം നിർമ്മാണം ആരംഭിക്കുന്നതാണ്.

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ ഐ.ടി. മേഖലയിൽ ദേശീയ-അന്തർദേശീയ കമ്പനികളുടെ നിക്ഷേപ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഐ.ടി. മേഖലയിൽ, ദേശീയ-അന്തർദേശീയ കമ്പനികളുടെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി സംരംഭങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ദേശീയ-അന്തർദേശീയ കമ്പനികളെ ആകർഷിക്കുന്നതിനും ഐ.ടി. നിക്ഷേപങ്ങളുടെ ഇഷ്ട കേന്ദ്രമെന്ന നിലയിൽ കേരളത്തിന്റെ സാധ്യതകൾ പ്രദർശിപ്പിക്കുന്നതിനുമായി ആഗോള ഐ.ടി. കോൺക്ലേവുകളും

ഉച്ചകോടികളും സംഘടിപ്പിച്ചു വരുന്നു. ഐ.ടി.-യിലെ കേരളത്തിന്റെ കരുത്ത് ഉയർത്തിക്കാട്ടുന്നതിനും നിക്ഷേപം നടത്താൻ ദേശീയ-അന്തർദേശീയ കമ്പനികളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി ആഭ്യന്തരമായും അന്തർദേശീയമായും ടാർഗറ്റഡ് നിക്ഷേപ പ്രോത്സാഹന കാമ്പയിനുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നു.

സംസ്ഥാനത്ത് നിക്ഷേപം നടത്താൻ തയ്യാറുള്ള ദേശീയ-അന്തർദേശീയ കമ്പനികൾക്ക് പ്രോത്സാഹനങ്ങളും ഇളവുകളും വാഗ്ദാനം ചെയ്ത് ബിസിനസ് സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി ഐ.ടി. നയം പരിഷ്കരിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. തിരുവനന്തപുരത്തെ ടെക്നോപാർക്ക്, കോഴിക്കോട് സൈബർപാർക്ക് തുടങ്ങിയ ഐ.ടി. പാർക്കുകൾ വികസിപ്പിക്കുകയും നവീകരിക്കുകയും ബഹുരാഷ്ട്ര കമ്പനികളെ ഉൾക്കൊള്ളാൻ ലോകോത്തര സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു.

വ്യവസായ ആവശ്യങ്ങൾക്ക് യോഗ്യമായ വിദഗ്ധ തൊഴിലാളികളെ വാർത്തെടുക്കുകയും വ്യവസായ, വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി

സഹകരിച്ച്, ദേശീയ-അന്തർദേശീയ കമ്പനികൾക്ക് കഴിവുള്ള പ്രൊഫഷണലുകളെ നൽകുകയും ചെയ്യുന്നു. ഭരണപരമായ പ്രക്രിയകൾ സുഗമമാക്കി കേരളത്തിൽ ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുകയും ചെയ്യുന്നു.

ഐ.ടി. മേഖലകളിൽ സ്പെഷ്യലൈസ് ചെയ്ത ദേശീയ-അന്തർദേശീയ കമ്പനികളിൽ നിന്ന് നിക്ഷേപം ആകർഷിക്കുന്നതിനായി എ.ഐ., ബ്ലോക്ക് ചെയിൻ, സൈബർ സുരക്ഷ തുടങ്ങിയ വളർന്നുവരുന്ന സാങ്കേതികവിദ്യകളിൽ സെക്ടർ-നിർദ്ദിഷ്ട സംരംഭങ്ങളും പ്രോഗ്രാമുകളും ആരംഭിക്കുന്നു. മൊത്തത്തിൽ, വിദ്യാഭ്യാസം, ഇൻഫ്രാസ്ട്രക്ച്ചർ, ഇന്നൊവേഷൻ ഇക്കോസിസ്റ്റം എന്നിവയിലെ കരുത്ത് പ്രയോജനപ്പെടുത്തി, ദേശീയ-അന്തർദേശീയ കമ്പനികളുടെ ഐ.ടി. നിക്ഷേപങ്ങൾക്കായി കേരളത്തെ മത്സരപരവും ആകർഷകവുമായ ഒരു ലക്ഷ്യസ്ഥാനമാക്കി മാറ്റാനാണ് ലക്ഷ്യമിടുന്നത്.

സംസ്ഥാനത്തിന്റെ ഭാവി ഐ.ടി. വ്യവസായത്തിന്റെ പുരോഗതി മുന്നിൽ കണ്ടുകൊണ്ട് ഈ സർക്കാർ പ്രഖ്യാപിച്ച ഐ.ടി. കോറിഡോർ

പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം നാല് ഇടനാഴികളിലായി ഏകദേശം 1699 ഏക്കറോളം ഭൂമി ഐ.ടി. വ്യവസായത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയുണ്ടായി. കണ്ടെത്തിയ ഭൂമിയിൽ ഐ.ടി. വ്യവസായം ആരംഭിക്കുന്നതിനായി പ്രമുഖ ദേശീയ-അന്തർദേശീയ കമ്പനികളുടെ നിക്ഷേപം ലഭ്യമാക്കുന്നതിനായി ഒരു താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. തുടർനടപടികൾ നടന്നുവരുന്നു.

**സി-ഡിറ്റ് എംപ്ലോയീസ് ഓർഗനൈസേഷന്റെ നിവേദനം**

52 (2051) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായ വിഷയങ്ങളിന്മേൽ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ട് സി-ഡിറ്റ് എംപ്ലോയീസ് ഓർഗനൈസേഷൻ 01-12-2020-ലെ സി.ഇ.ഒ/2020/31 നമ്പർ പ്രകാരം നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനത്തിൽ ഏതൊക്കെ വിഷയങ്ങളിന്മേലാണ് വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(എ-സി) നിവേദനം സർക്കാർ പരിശോധിച്ചുവരുന്നു.

**സി-ഡിറ്റിൽ നിന്ന് വിരമിച്ചവർ**

53 (2052) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 മേയ് 31-ന് സി-ഡിറ്റിൽ നിന്ന് വിരമിച്ചവരുടെ വിശദാംശം ലഭ്യമാക്കുമോ?

ശ്രീമതി കല എം. ഐ., ശ്രീ സുഭാഷ് കെ. കെ. എന്നീ രണ്ട് ജീവനക്കാരാണ് 2024 മേയ് 31-ന് സി-ഡിറ്റിൽ നിന്നും വിരമിച്ചത്.

(ബി) സർക്കാർ പെൻഷൻ പ്രായം ഉയർത്തിയാൽ തിരിച്ച് സർവ്വീസിൽ പ്രവേശിക്കാം എന്ന വ്യവസ്ഥയോടെ ഇപ്രകാരം വിരമിച്ചവരിൽ ആരെയെങ്കിലും റിലീവ് ചെയ്ത് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് നടപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയിലെ സ്റ്റാർട്ടപ്പുകൾ**

54 (2053) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയിൽ സംസ്ഥാനത്ത് എത്ര സ്റ്റാർട്ടപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയിൽ 186 സ്റ്റാർട്ടപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. പട്ടിക അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത മേഖലയിലേയ്ക്ക് യുവാക്കളെയും വിദ്യാർത്ഥികളെയും ആകർഷിക്കുന്നതിനും അവർക്ക് വിദഗ്ധ പരിശീലനം നൽകുന്നതിനും എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് എഞ്ചിനീയറിംഗ്/ആർട്സ് ആൻഡ് സയൻസ്/പോളിടെക്നിക്/പ്രൊഫഷണൽ കോളേജുകളിൽ നിലവിലുള്ള ഇന്നവേഷൻ ഡവലപ്മെന്റ് സെന്ററുകളിലൂടെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പടെയുള്ള ആധുനിക സാങ്കേതിക വിദ്യകളിൽ വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

**സ്റ്റാർട്ട് അപ് മേഖലയിലെ തൊഴിലവസരങ്ങളും നിക്ഷേപവും**

55 (2054) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ സംസ്ഥാനത്ത് എത്ര സ്റ്റാർട്ട് അപ്പുകൾ ആരംഭിക്കാൻ കഴിഞ്ഞുവെന്നും അതിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചുവെന്നും വ്യക്തമാക്കാമോ?

2016 മുതൽ സംസ്ഥാനത്ത് 5166 സ്റ്റാർട്ടപ്പുകൾ ആരംഭിക്കുകയും അതിലൂടെ 52000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ കാലയളവിൽ സ്റ്റാർട്ട് അപ്പ് മേഖലയിൽ എത്ര കോടി രൂപയുടെ നിക്ഷേപം ലഭ്യമാക്കാൻ കഴിഞ്ഞുവെന്ന് വിശദമാക്കാമോ?

ഈ കാലയളവിൽ സ്റ്റാർട്ടപ്പ് മേഖലയിൽ 5,400 കോടി രൂപയുടെ നിക്ഷേപം ലഭ്യമായിട്ടുണ്ട്.

**കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച തുക**

56 (2055) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 2022-23, 2023-24 വർഷങ്ങളിൽ കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ അനുവദിച്ച തുക വ്യക്തമാക്കാമോ?

മണ്ഡലാടിസ്ഥാനത്തിൽ അനുവദിച്ച തുക എത്രയാണെന്ന് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) സി.എം.ഡി.ആർ.എഫ്.-ൽനിന്നും സഹായം ലഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ലോകസഭ തിരഞ്ഞെടുപ്പിന്റെ മാതൃകാ പെരുമാറ്റച്ചട്ടം നിലനിന്ന കാലഘട്ടത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനുള്ള അപേക്ഷകളിൽ തീരുമാനമെടുക്കാൻ കഴിയാതിരുന്നതിനാൽ കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ആവശ്യമായ രേഖകൾ അപേക്ഷകൻ സമർപ്പിക്കാത്ത കേസുകളിൽ വീണ്ടും രേഖകൾ സമർപ്പിക്കുന്നതിന് സമയം അനുവദിക്കുമ്പോഴും കാലതാമസം വരാറുണ്ട്. ധനസഹായം ലഭിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകൾ യഥാസമയം തീർപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**സി.എം.ഡി.ആർ.എഫ്. നിന്നും അധിക തുക അനുവദിക്കൽ**

57 (2056) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുതര രോഗം ബാധിച്ചവർക്ക് സി.എം.ഡി.ആർ.എഫ്.-ൽ നിന്നും അധികമായി തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഒരിക്കൽ ധനസഹായം ലഭിച്ചവർ രണ്ട് വർഷത്തിനുശേഷം വീണ്ടും അപേക്ഷിക്കുന്നപക്ഷം രോഗത്തിന്റെ തീവ്രതയും മെഡിക്കൽ സർട്ടിഫിക്കറ്റിലെ ചികിൽസാ ചെലവും പ്രത്യേക സാഹചര്യവും പരിഗണിച്ച് വീണ്ടും ധനസഹായം അനുവദിച്ചു വരുന്നുണ്ട്. കൂടാതെ കിഡ്നി, കരൾ തുടങ്ങിയ അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാവുന്ന രോഗികൾക്ക് മേൽപ്പറഞ്ഞ കാലാവധി പരിഗണിക്കാതെതന്നെ ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ, മുമ്പ് അനുവദിച്ച തുക ഉൾപ്പെടെ പരമാവധി മൂന്നുലക്ഷം രൂപ വരെയുള്ള ധനസഹായം അനുവദിച്ചുവരുന്നു.

**ജൈവ വൈപ്പിൻ പദ്ധതി**

58 (2057) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 36 കോടി രൂപ നബാർഡ് ധനസഹായത്തോടെയുള്ളതും കൃഷിക്കും മത്സ്യബന്ധനത്തിനും ഉപയുക്തവുമായിരുന്ന ജൈവ വൈപ്പിൻ പദ്ധതി വിവിധ വകുപ്പുകളുടെ പരസ്പര സഹകരണമില്ലാത്ത

പ്രവർത്തനങ്ങളാലും കെ.സി.ഇസഡ്.എം.എ.-യുടെ അനുമതി സമയബന്ധിതമായി ലഭ്യമാകാത്തതിനാലും നഷ്ടപ്പെടാനുണ്ടായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സാഹചര്യം പരിഗണിച്ച് തീരദേശ മണ്ഡലമായ വൈപ്പിൻകരയിൽ വേലിയേറ്റ സമയത്ത് ജനവാസമേഖലകളിൽ വെള്ളം കയറുന്നതിനാലുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് വേമ്പനാട് കായലിന്റെ കൈവഴിയായ വീരൻപുഴയിൽ പ്രളയത്തിൽ അടിഞ്ഞുകൂടിയ എക്കലും ചെളിയും നീക്കം ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിക്കുന്നതിനും തുക അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) ജൈവ വൈപ്പിൻ പദ്ധതിയിൽപ്പെട്ട വീരൻപുഴയിലും ഒമ്പത് തോടുകളിലും അടിഞ്ഞുകൂടിയ മണ്ണ് മാറ്റുന്നതിനുള്ള പദ്ധതിയിൽ 70 ശതമാനം desilting പ്രവൃത്തിയാണുൾപ്പെട്ടിരുന്നത്. നബാർഡ് മാനദണ്ഡങ്ങൾ പ്രകാരം പദ്ധതി തുകയുടെ 15 ശതമാനം മാത്രമേ desilting പ്രവൃത്തിക്ക് അനുവദിക്കാൻ കഴിയുകയുള്ളൂ. അതിനാൽ ഈ പ്രവൃത്തി ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ പരിഗണിക്കാൻ കഴിയില്ലെന്ന് നബാർഡ്

അറിയിച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട നിലവിലെ തടസങ്ങൾ പരിഹരിക്കുന്നതിനും ഇതര സാമ്പത്തിക സ്രോതസ് ലഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനും കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന് നിർദേശം നൽകിയിട്ടുണ്ട്.

**കടലാക്രമണത്തിൽനിന്നും സംരക്ഷണം**

59 (2058) ശ്രീ. എം. വിജിൻ:
ശ്രീമതി ദെലീമ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായുണ്ടാകുന്ന കടലാക്രമണത്തിൽനിന്നും തീരദേശ ജനതയുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും തീരസംരക്ഷണവും തീരദേശവികസനവും ഉറപ്പാക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കാമോ?

കേരളത്തിന്റെ തീരപ്രദേശത്ത് മുൻകാലങ്ങളെ അപേക്ഷിച്ച് രൂക്ഷമായ കടലാക്രമണവും ഇതുകാരണമുണ്ടാകുന്ന കടൽക്ഷോഭം, സ്വത്തിന്റെ നാശം

തുടങ്ങിയ പ്രതിസന്ധികളും വർദ്ധിച്ചുവരികയാണ്. 40-60 വർഷങ്ങൾക്കുമുമ്പ് നിർമ്മിച്ച കടൽഭിത്തികളിൽ പലതും അവയുടെ സ്വാഭാവിക ആയുസ് അവസാനിക്കുന്ന ഘട്ടത്തിലാണ്. ചില സന്ദർഭങ്ങളിൽ തീരദേശ പ്രദേശങ്ങൾക്ക് ടി കടൽഭിത്തികൾ നൽകുന്ന സംരക്ഷണം വളരെ കുറവാണ്. ആയതിനാൽ, ചെലവ് കുറഞ്ഞതും നൂതനവുമായ തീരസംരക്ഷണ പരിഹാരമാർഗ്ഗങ്ങൾ നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്.

IDRB-യുടെ കീഴിലുള്ള KERI-ൽനിന്ന് ലഭ്യമായ തീരദേശ ഡാറ്റയുടെ സഹായത്തോടെ, കേരളത്തിലെ ഒമ്പത് തീരദേശ ജില്ലകളിലെ അടിയന്തര ഇടപെടൽ ആവശ്യമുള്ള 10 ദുർബല പ്രദേശങ്ങൾ (ഹോട്ട് സ്പോട്ട്) ജലസേചന വകുപ്പ് കണ്ടെത്തുകയും ടി പ്രദേശങ്ങളിൽ ശാസ്ത്രീയവും സമഗ്രവുമായ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി വിപുലമായ വിവരശേഖരണവും വിശകലനവും നടത്തി ഓരോ പ്രദേശത്തിനും അനുയോജ്യമായ രൂപകൽപ്പന ഉൾപ്പെടെ നടത്തുന്നതിന് ചെന്നൈ ആസ്ഥാനമായുള്ള "നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച്" (NCCR) എന്ന സ്ഥാപനവുമായി കേരള സർക്കാർ 25-11-2021-ൽ ധാരണാപത്രം

ഒപ്പുവച്ചിട്ടുണ്ട്. ഈ ഹോട്ട്സ്പോട്ടുകളിൽ നിലവിൽ ചെല്ലാനം പ്രദേശത്ത് ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും ഡിസൈൻ പൂർത്തീകരിച്ച് നിർമ്മാണം KIIDC-ന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ, കൊല്ലംകോട്ടും ആലപ്പാട്ടും ശംഖുമുഖത്തും പ്രൊപ്പോസൽ തയ്യാറാക്കി KIIFB ഫണ്ട് ലഭിക്കുന്നതിലേയ്ക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. കാപ്പാട് തീരസംരക്ഷണവുമായി ബന്ധപ്പെട്ട് NCCR ലഭ്യമാക്കിയിട്ടുള്ള ഡിസൈൻ ആൻഡ് മോഡൽ സ്റ്റഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ. തയ്യാറാക്കിവരുന്നു. പൊന്നാനി, കൊടുങ്ങല്ലൂർ, വലിയപറമ്പ, തലശ്ശേരി എന്നീ സ്ഥലങ്ങളുടെ ഡിസൈൻ ആൻഡ് മോഡൽ സ്റ്റഡി NCCR-ൽ പുരോഗമിച്ചുവരുന്നു.

വേൾഡ് ബാങ്ക് പ്രോഗ്രാം ഫോർ റിസൾട്ട്സ് (PforR) എന്ന പദ്ധതിയുടെ കീഴിൽവരുന്ന അഡീഷണൽ ഫിനാൻസ് (AF) പദ്ധതിയുടെ വിവിധ Disbursement linked indicator (DLI)-കളിൽ DLI 10-ന്റെ കീഴിലാണ് തീരസംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. DLI

10-ന്റെ പ്രധാന ലക്ഷ്യം സംസ്ഥാനത്തിന് വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി ഒരു ദീർഘകാല തീരദേശ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുക എന്നതാണ്. ടി പ്ലാനിലെ ശിപാർശകളുടെ അടിസ്ഥാനത്തിലാകണം കേരളത്തിലെ തീരസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത്. നിലവിൽ തീരദേശ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) 2016 മുതൽ നടപ്പിലാക്കിവരുന്ന പരമ്പരാഗതവും ആധുനിക രീതിയിലുമുള്ള കടൽ സംരക്ഷണ ഭിത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

2021-2022 സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച അഞ്ച് വർഷംകൊണ്ട് പൂർത്തീകരിക്കാൻ കഴിയുന്ന 5,300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1,500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയുണ്ടായി. പരിസ്ഥിതിക്കനുയോജ്യമായ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനുവേണ്ടി NCCR എന്ന വിദഗ്ധ

സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്താൻ, കടലാക്രമണം ഏറ്റവും കൂടുതൽ രൂക്ഷമായി ബാധിക്കുന്ന കൊല്ലംകോട്, ശംഖുമുഖം, ആലപ്പാട്, ചെല്ലാനം, ഒറ്റമശ്ശേരി, കൊടുങ്ങല്ലൂർ (കയ്പമംഗലം), പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ എന്നീ പ്രദേശങ്ങൾ ഹോട്ട്സ്പോട്ടുകളായി തിരഞ്ഞെടുക്കുകയുണ്ടായി. ഇതിൽ 2017-ലെ ഓഖി ചുഴലിക്കാറ്റിനുശേഷം ശക്തമായ കടലാക്രമണം നേരിടുന്ന പ്രദേശമായ ശംഖുമുഖത്ത് കടലാക്രമണം പ്രതിരോധിക്കുന്നതിനായി National Centre for Coastal Research (NCCR)-നെ ചുമതലപ്പെടുത്തി പഠനം നടത്തിയിരുന്നു. ആയതിന്റെയടിസ്ഥാനത്തിൽ ശംഖുമുഖം തീരത്തിന് സമാന്തരമായി കടലിനുള്ളിൽ തീരത്തുനിന്നും 150 മീറ്റർ മാറി Offshore break water system നിർമ്മിക്കുന്നതിനുള്ള ഡിസൈൻ ലഭ്യമായതനുസരിച്ച് 120 മീറ്റർ നീളമുള്ള ആറ് ബ്രേക്ക് വാട്ടറുകൾ 80 മീറ്റർ അകലത്തിൽ കടലിൽ നിർമ്മിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ശംഖുമുഖം ബീച്ചിന്റെ ഇരുവശത്തും (റോഡുൾപ്പെടെ) സംരക്ഷിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇതുകൊണ്ട് 1120 മീറ്റർ നീളത്തിൽ

തീരപ്രദേശം സംരക്ഷിക്കാൻ സാധിക്കും. ടി പ്രവൃത്തിയുടെ 71.50 കോടി രൂപയുടെ ഡി.പി.ആർ. സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

കടലാക്രമണം ഏറ്റവും രൂക്ഷമായ മറ്റൊരു പ്രദേശമായ ചെല്ലാനത്ത് NCCR പഠനം നടത്തി ഒരു ഹൈബ്രിഡ് പദ്ധതി (സംയോജിത കടൽ ഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമ്മാണം) അവലംബിക്കുകയും പ്രസ്തുത ഡിസൈൻ പ്രകാരമുള്ള പ്രവൃത്തിയുടെ നിർമ്മാണം കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ഐ.ഐ.ഡി.സി.) മുഖേന കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കിവരുന്നു. NCCR-ന്റെ ഡിസൈൻ പ്രകാരം കൊല്ലംകോട്, ആലപ്പാട് എന്നീ പ്രദേശങ്ങളിൽ ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. കോഴിക്കോട് ജില്ലയിലെ കാപ്പാട് പ്രദേശത്ത് NCCR-ൽനിന്നും ഡിസൈൻ ആൻഡ് മോഡൽ സ്റ്റഡി റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടെട്രാപോഡ് ഉപയോഗിച്ചുള്ള പുലിമുട്ട്

നിർമ്മാണത്തിനായി 76.26 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു. മറ്റ് ഹോട്ട്സ്പോട്ട് പ്രദേശങ്ങളായ കൊടുങ്ങല്ലൂർ, (കയ്പമംഗലം), പൊന്നാനി, തലശ്ശേരി, വലിയപറമ്പ പ്രദേശങ്ങളിൽ അനുയോജ്യമായ നിർമ്മിതികളുടെ ഡിസൈൻ NCCR-ന്റെ സഹായത്തോടെ പുരോഗമിച്ചുവരുന്നു. ഇതുകൂടാതെ തിരുവനന്തപുരം ജില്ലയിലെ പനത്തുറക്കര പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിന് NCCR-ന്റെ ഡിസൈൻ പ്രകാരമുള്ള 70 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. കൂടാതെ കടൽത്തീര സംരക്ഷണത്തിന് അടിയന്തര പരിഹാരമെന്ന നിലയിൽ താൽക്കാലിക സംരക്ഷണോപാധിയായി ജിയോ ബാഗ് ഉപയോഗിച്ചുള്ള പ്രവൃത്തികളും Corewall, Rubble mount wall എന്നിവ കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തികളും വകുപ്പിന് അനുവദിക്കുന്ന Plan/Non plan ശീർഷകങ്ങളിൽപ്പെടുത്തി നടപ്പിലാക്കാറുണ്ട്. തീരസംരക്ഷണത്തിനായി കിഫ്ബി ധനസഹായത്തോടെ ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. ആലപ്പുഴ ജില്ലയിലും എറണാകുളം ജില്ലയിലും

തീരസംരക്ഷണ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ആലപ്പുഴ ജില്ലയിൽ ഏകദേശം 15.8 കിലോമീറ്ററും എറണാകുളം ജില്ലയിൽ ഏകദേശം 7.3 കിലോമീറ്ററും തീരസംരക്ഷണമാണ് നടപ്പിലാക്കിവരുന്നത്. കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമ്മാണത്തിനാവശ്യമായ ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള ഡിസൈൻ ഐ.ഐ.ടി. മദ്രാസ്, നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (എൻ.സി.സി.ആർ.) എന്നിവയിൽനിന്നും ലഭ്യമാക്കിയാണ് നിർമ്മാണം നടപ്പിലാക്കിവരുന്നത്. KIIDC മുഖേന നടത്തിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) ചെന്നൈ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് തയ്യാറാക്കിയ രൂപരേഖപ്രകാരം നിർമ്മിച്ച ചെല്ലാനത്തെ ടെട്രാപോഡ് ഭിത്തിയുടെ നിർമ്മാണരീതി, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ടെട്രാപോഡുകൾ ഉപയോഗിച്ച് 6.64 കിലോമീറ്റർ കടൽഭിത്തിയുടെ നിർമ്മാണം, ബസാർ ഭാഗത്ത് സുരക്ഷയൊരുക്കുന്നതിന് ആറ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുലിമുട്ടുകളടങ്ങിയ ശൃംഖലയുടെ നിർമ്മാണം (660 മീറ്റർ സംരക്ഷണം), 6.64 കിലോമീറ്റർ നടപ്പാത നിർമ്മാണം എന്നിവയാണ് ചെല്ലാനം ഒന്നാംഘട്ട പദ്ധതി ഘടകങ്ങൾ. നിശ്ചിത ഗ്രേഡുകളിലുള്ള കല്ലുകൾകൊണ്ട് നിർമ്മിക്കുന്ന ഉൾകാമ്പിനും രണ്ടാം കവചത്തിനും മേലെ വ്യത്യസ്ത മേഖലകളിലായി യഥാക്രമം 2 ടൺ, 3.5 ടൺ, 5 ടൺ ഭാരം വരുന്ന ഷഡ്ഭുജാകൃതിയിലുള്ള (Hexagonal Shaped) ടെട്രാപോഡുകൾ ഉപയോഗിച്ചാണ് കടൽഭിത്തിയും പുലിമുട്ടുകളും നിർമ്മിക്കുന്നത്. ചാർട്ട് ഡാറ്റത്തിൽനിന്ന് 6.1 മീറ്റർ ഉയരത്തിലാണ് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തിയുടെ ഉയരം. നിലവിൽ ചെല്ലാനം ഒന്നാംഘട്ട പദ്ധതിക്കായി 267.49 കോടി രൂപ (315.64 കോടി രൂപ ജി.എസ്.ടി. ഉൾപ്പെടെ) ചെലവഴിച്ചിട്ടുണ്ട്. വർഷങ്ങളായി കടലാക്രമണംമൂലമുള്ള ദുരിതങ്ങൾ നേരിട്ടിരുന്ന ഈ പ്രദേശത്ത് ഇപ്രാവശ്യം കടൽഭിത്തിയുള്ള പ്രദേശങ്ങളിൽ സുരക്ഷയൊരുക്കാൻ ഈ പദ്ധതിമൂലം സാധിച്ചു. പദ്ധതി പൂർത്തിയാകുന്നതോടെ ചെല്ലാനം ഗ്രാമവാസികൾക്ക് ശക്തമായ കടൽക്ഷോഭത്തിൽനിന്നും ശാശ്വത പരിഹാരം ലഭിക്കും.

(ഡി) ടെട്രാപോഡ് ഭിത്തി വിജയകരമാണെന്നതിനാൽ നിരന്തരം കടൽക്ഷോഭമുണ്ടാകുന്ന സ്ഥലങ്ങളിലേയ്ക്ക് അവ വ്യാപിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കടലാക്രമണത്തിനിരയാകുന്ന തീരപ്രദേശങ്ങൾ പഠനവിധേയമാക്കി ഡിസൈൻ അനുസരിച്ചുള്ള നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള പ്രതിരോധപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് പുരോഗമിച്ചുവരുന്നത്. ആയതിനാൽ വിശദമായ പഠനങ്ങൾ നടത്തി അനുയോജ്യമായ പ്രദേശങ്ങളിൽ ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി/പുലിമുട്ട് നിർമ്മാണം അവലംബിക്കാവുന്നതാണ്.

**അത്യുഷ്ണംമൂലം മരണപ്പെട്ടവർക്ക് നഷ്ടപരിഹാരം**

60 (2059) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ വേനൽക്കാലത്ത് സംസ്ഥാനത്ത് അനുഭവപ്പെട്ട അത്യുഷ്ണംമൂലം മരണപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

മരണപ്പെട്ടവരുടെ ആശ്രിതർക്ക് ആശ്വാസധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അത്യുഷ്ണംമൂലം സ്വത്തുവകകൾക്കുണ്ടായിട്ടുള്ള നാശനഷ്ടം സംബന്ധിച്ച് വകുപ്പുതല റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ; വിശദമാക്കാമോ?

വരൾച്ചമൂലമുണ്ടായ കൃഷിനാശം വിലയിരുത്തുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ്, ബ്ലോക്ക് തല കൃഷി വിജ്ഞാന കേന്ദ്രത്തിലെ കാർഷിക സർവകലാശാല പ്രതിനിധി എന്നിവരുൾപ്പെടുന്ന വിദഗ്ധ സംഘം രൂപീകരിച്ചു. സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലെയും വരൾച്ച ബാധിത കൃഷിയിടങ്ങൾ സംഘം സന്ദർശിക്കുകയും കാർഷിക വിളകൾക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം സംസ്ഥാനത്തുടനീളം 23021 ഹെക്ടറിൽ നേരിട്ട് കൃഷിനാശം

സംഭവിച്ചതായും 257 കോടി രൂപയുടെ നഷ്ടമുണ്ടായതായും കണക്കാക്കിയിട്ടുണ്ട്. പരോക്ഷമായി 23569 ഹെക്ടറിൽ 118.69 കോടി രൂപയുടെ നഷ്ടവും കണക്കാക്കിയിട്ടുണ്ട്. 56947 കർഷകരെ വരൾച്ച ബാധിച്ചു. ഇടുക്കി, വയനാട്, പാലക്കാട്, തൃശ്ശൂർ ഉൾപ്പെടെ എല്ലാ ജില്ലകളിലും അതിരൂക്ഷമായ വരൾച്ചയും ഉഷ്ണതരംഗവുംമൂലം പ്രധാന ഭക്ഷ്യവിളകളായ നെല്ല്, വാഴ, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ മുതലായവയ്ക്കും ഏലം, കുരുമുളക്, കാപ്പി, കൊക്കോ, അടക്ക, തെങ്ങ് ഉൾപ്പെടെയുള്ള നാണ്യ തോട്ടവിളകൾക്കും കനത്ത നാശനഷ്ടം സംഭവിച്ചു. പ്രധാന വിളകളിൽ നെല്ല് 1854 ഹെക്ടർ, വാഴ 2091 ഹെക്ടർ, കുരുമുളക് 1251 ഹെക്ടർ, തെങ്ങ് 160 ഹെക്ടർ, ഏലം 16229 ഹെക്ടർ എന്നിവയ്ക്ക് നേരിട്ടുള്ള നാശനഷ്ടം സംഭവിച്ചു. ഇടുക്കി മേഖലയിൽ ഏലത്തിന് വ്യാപകമായ നാശനഷ്ടം സംഭവിച്ചു. 15731 ഹെക്ടറിലെ ഏലം കൃഷി പൂർണ്ണമായും നശിച്ചുപോയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**പ്രകൃതി ദുരന്തങ്ങളെ നേരിടുന്നതിന് നടപടികൾ**

61 (2060) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിനുശേഷം മഴക്കെടുതികളെയും പ്രകൃതിദുരന്തങ്ങളെയും നേരിടുന്നതിനായി സംസ്ഥാനം ഏതെല്ലാം തരത്തിൽ സജ്ജമായിട്ടുണ്ടെന്ന് വിശദമാക്കുമോ; മഴക്കെടുതികളും വെള്ളപ്പൊക്കവും മറ്റ് പ്രകൃതിദുരന്തങ്ങളും നിരന്തരം ആവർത്തിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ദുരന്ത വിശകലന വിദഗ്ധരുടെ അഭിപ്രായത്തിൽ കേരള സംസ്ഥാനം ബഹുമുഖ അപകട സാധ്യത സോണിലാണ് ഉൾപ്പെട്ടുവരുന്നത്. Geological Survey of India 2018 പ്രളയാനന്തരം കേരളത്തിലെ മലയോര മേഖലയിലെ അപകടകരമായ വീടുകൾ കണ്ടെത്തി പ്രസ്തുത വിവരം ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾക്ക് കൈമാറിയിട്ടുണ്ട്. ഈ വീടുകളുടെ ഉടമസ്ഥർക്ക് പ്രസ്തുത സ്ഥലത്തുനിന്നും താമസം മാറ്റാനായി ആറ് ലക്ഷം രൂപവരെ സ്ഥലം വാങ്ങാനും നാല് ലക്ഷം രൂപ വീട് നിർമ്മിക്കാനും അനുവദിക്കുന്ന പദ്ധതി

നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാന തലത്തിൽ ദുരന്തങ്ങളെ നേരിടുന്നതിനായുള്ള "കാലവർഷ തുലാവർഷ മുന്നൊരുക്ക ദുരന്തപ്രതികരണ മാർഗ്ഗരേഖ" ദുരന്തപ്രവർത്തനങ്ങളിൽ സമയോചിതമായ ജാഗ്രതാ സന്ദേശ പ്രചാരണത്തിന്റെ പ്രാധാന്യം മനസ്സിലാക്കി Kerala Warnings, Crisis and Hazards Management (KaWaCHaM) System ഇന്ത്യയിലെ ആദ്യത്തെ സംയോജിത ക്ലൗഡ് അധിഷ്ഠിത മുൻകൂർ മുന്നറിയിപ്പ് സംവിധാനമൊരുക്കിയിട്ടുണ്ട്. മുന്നറിയിപ്പുകൾ, ദുരന്ത പ്രതിസന്ധി കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ്, പ്രതികരണശേഷി ഉറപ്പാക്കുക, അറിവ് പ്രചരിപ്പിക്കുക എന്നിവ ചട്ടക്കൂടിനുകീഴിൽ കൊണ്ടുവരികയാണ് കവചം പദ്ധതി ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം സൈറണുകളും സ്ട്രോബ് ലൈറ്റുകളും വിന്യസിച്ചിട്ടുണ്ട്. കേരളത്തിലെ കാലാവസ്ഥ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ ജില്ലകളിലും യുവി റേഡിയോ മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതോടൊപ്പം സംസ്ഥാനത്തുടനീളം IMD 100 ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ (AWS) സ്ഥാപിച്ചിട്ടുണ്ട്. ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെ പദ്ധതികളായ

ദേശീയ ചുഴലിക്കാറ്റ് ദുരന്ത സാധ്യതാ ലഘൂകരണ പദ്ധതി (NCRMP) Phase III, ദേശീയ മണ്ണിടിച്ചിൽ ദുരന്തസാധ്യതാ ലഘൂകരണ പദ്ധതി (NLRMP), ആപ്ദമിത്ര Phase II, സെൻഡായ് ചട്ടക്കൂട് (Sendai Framework), നീതി ആയോഗ് അഭിലാഷ ജില്ലാ പ്രോഗ്രാം (Niti Aayog Aspirational Districts Programme), കോമൺ അലർട്ട് പ്രോട്ടോകോൾ (CAP), എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം (ERSS 112) എന്നിവ നടപ്പാക്കിവരുന്നു. റീബിൽഡ് കേരള പ്രോഗ്രാമിൽ PforR–DLI5-കാലാവസ്ഥ വ്യതിയാന വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ് പ്ലാനുകളുമായി സംയോജിപ്പിച്ചിട്ടുണ്ട്. സെന്റർ ഫോർ ഡിസാസ്റ്റർ റിസിലിയൻസ്, റെഡ് ക്രോസ് റെഡ് ക്രെസന്റ് ക്ലൈമറ്റ് സെന്റർ, നെതർലാൻഡിലെ ദി റോയൽ നെതർലാൻഡ്സ് മെറ്റീരിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ബാങ്കോക്കിലെ ഏഷ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ഏഷ്യൻ ഡിസാസ്റ്റർ പ്രിപ്പയേഡ്നെസ് സെന്റർ, നോർവേയിലെ നോർവീജിയൻ ജിയോ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് (NGI), നാൻസൻ റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ

തുടങ്ങി ലോകമെമ്പാടുമുള്ള ദുരന്തനിവാരണ രംഗത്തെ സ്ഥാപനങ്ങളുമായി ശാസ്ത്രീയ-സാങ്കേതിക സഹകരണം ആരംഭിച്ചിട്ടുണ്ട്. ഇൻഡോ-നോർവീജിയൻ ഇന്റർനാഷണൽ പദ്ധതിയായ കേരളത്തിന്റെ തീരദേശ ആവാസ വ്യവസ്ഥയിൽ കാലാവസ്ഥാ വ്യതിയാന ആഘാതം (C3-eKerala) എന്ന അഞ്ചുവർഷത്തെ പദ്ധതി ഔദ്യോഗികമായി 2023 ഡിസംബറിൽ ആരംഭിച്ചു. സുരക്ഷിത സ്കൂളുകൾക്കായി UNICEF-മായി സഹകരിച്ച് "USchoolApp" എന്ന വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് സ്കൂൾ സുരക്ഷാ പദ്ധതികൾ തയ്യാറാക്കുന്നതിൽ അധ്യാപകർക്ക് സഹായകമായി പ്രവർത്തിക്കുന്നു. സ്കൂൾ സുരക്ഷയ്ക്കും UschoolApp-നുമുള്ള പരിശീലനം ജില്ലകൾക്ക് നൽകിയിട്ടുണ്ട്.

(ബി) 2018-ലെ പ്രളയത്തിനുശേഷം മഴക്കെടുതികളെയും പ്രകൃതിദുരന്തങ്ങളെയും നേരിടുന്നതിനായി എന്തെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോയെന്നും ഇതിനായി ഏതെങ്കിലും കമ്മിറ്റികളെ നിയോഗിച്ചിട്ടുണ്ടോയെന്നും പ്രസ്തുത കമ്മിറ്റികൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) പ്രകൃതിദുരന്തങ്ങളെ നേരിടുന്നതിനായി സംസ്ഥാനത്ത് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച വിദേശമാതൃകകളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

(ബി&സി) 2018-ലെ അതി തീവ്രമഴ, പ്രളയം, ഉരുൾപൊട്ടൽ, കാലാവസ്ഥ വ്യതിയാനം എന്നിവയെ സംബന്ധിച്ച് പഠിക്കാൻ ശാസ്ത്രസാങ്കേതിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഒരു സമിതിയെ നിയോഗിച്ചു. പ്രസ്തുത സമിതി ഇതിന്മേൽ വിശദമായ പഠനം നടത്തുകയും അനിവാര്യമായ ശിപാർശകളടങ്ങിയ റിപ്പോർട്ട് സംസ്ഥാന സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു. യു.എൻ.ഇ.പി., യു.എൻ. ഗ്രിഡ്, CIMA Foundation, ഇറ്റലി എന്നിവരുടെ സഹായത്തോടെ 10, 25, 50, 100, 200, 500 വർഷ പ്രളയ ആവർത്തന സാധ്യത പ്രദേശങ്ങളുടെ സൂക്ഷ്മ ഭൂപടങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സെന്റർ ഫോർ ഡിസാസ്റ്റർ റെസിലിയൻസ്, റെഡ് ക്രോസ് റെഡ് ക്രെസന്റ് ക്ലൈമറ്റ് സെന്റർ, നെതർലാൻഡിലെ ദി റോയൽ നെതർലാൻഡ്സ് മെറ്റീരിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ബാങ്കോക്കിലെ ഏഷ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി,

ഏഷ്യൻ ഡിസാസ്റ്റർ പ്രിപേർഡ്നെസ് സെന്റർ, നോർവേയിലെ നോർവീജിയൻ ജിയോ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് (NGI), നാൻസൻ റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ തുടങ്ങി ലോകമെമ്പാടുമുള്ള ദുരന്തനിവാരണ രംഗത്തെ സ്ഥാപനങ്ങളുമായി KSDMA ശാസ്ത്രീയ-സാങ്കേതിക സഹകരണം ആരംഭിച്ചിട്ടുണ്ട്.

**റോഡുകളുടെ നിർമ്മാണ കാലാവധി ദീർഘിപ്പിക്കൽ**

62 (2061) ശ്രീ. മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തിരുവല്ല മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണത്തിനായി ദുരന്തനിവാരണ വകുപ്പിൽനിന്നും 22-02-2021-ലെ 269/2021/ഡി.എം.ഡി. ഉത്തരവ് പ്രകാരം തുക അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ നിർമ്മാണ കാലാവധി ദീർഘിപ്പിക്കുന്നതിനായി നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

22-02-2021-ലെ സ.ഉ. (സാധാ) നം. 269/2021/ഡി.എം.ഡി. പ്രകാരം ഭരണാനുമതി നൽകിയിരുന്ന തിരുവല്ല നിയോജകമണ്ഡലത്തിലുൾപ്പെട്ട 19

റോഡ് പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിക്കുന്നതിനായി 20-02-2023-ൽ പത്തനംതിട്ട ജില്ലാ കളക്ടറേറ്റിൽ ലഭിച്ച അപേക്ഷ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

i) ആറ് റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചു.

ii) നാല് പ്രവൃത്തികൾക്ക് ആസ്തി രജിസ്റ്റർ പ്രകാരം പേരുകളിൽ തിരുത്തൽ വരുത്തുകയും പുതുക്കിയ നിർവഹണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

iii) ശേഷിക്കുന്ന പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനമെടുത്തിട്ടില്ല.

**നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം**

63 (2062) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിട്ടി താലൂക്കിൽ കണിച്ചാർ പഞ്ചായത്തിലെ പൂളക്കുറ്റിയിൽ 2022-ലെ ഉരുൾപൊട്ടലിലുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് മേഖല തിരിച്ച് നിജപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നാശനഷ്ടങ്ങൾക്കായി ഇനം

തിരിച്ച് നൽകിയിട്ടുള്ള നഷ്ടപരിഹാര സംഖ്യ എത്രയാണെന്ന് അറിയിക്കാമോ?

ഇരിട്ടി താലൂക്കിലെ കണിച്ചാർ പഞ്ചായത്തിലെ വിവിധ മേഖലകളിൽ 2022 ആഗസ്റ്റ് മാസമുണ്ടായ ഉരുൾപൊട്ടലിൽ ഏകദേശം 35 കോടി രൂപയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. പ്രകൃതിക്ഷോഭത്തിൽ വീടിന് നാശനഷ്ടം സംഭവിച്ചതുമായി ബന്ധപ്പെട്ട് കണിച്ചാർ വില്ലേജിൽനിന്നും ലഭിച്ച 62 അപേക്ഷകളിൽ ആകെ 23,13,700/- രൂപ സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും ധനസഹായം അനുവദിച്ചിട്ടുണ്ട്. 07-06-2023-ലെ സ.ഉ. (സാധാ) നം. 5/2023/ഡി.എം.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കണിച്ചാർ വില്ലേജിലുണ്ടായ ഉരുൾപൊട്ടൽ പ്രത്യേക ദുരന്തമായി കണക്കാക്കി 2018-19-ലെ പ്രളയത്തിൽ അനുവദിച്ചതുപോലെ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുകൂടി ധനസഹായം ലഭ്യമാക്കി പൂർണ്ണമായി നഷ്ടപ്പെട്ട വീടുകൾക്ക് ആകെ നാല് ലക്ഷം രൂപയും ഭാഗികനാശം സംഭവിച്ച കേസുകളിൽ നാശനഷ്ട തോതനുസരിച്ചുള്ള ധനസഹായവും ദുരന്തത്തിൽ മരണപ്പെട്ടവരുടെ

ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഒരുലക്ഷം രൂപയും അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ആയതുപ്രകാരം വീട് നഷ്ടപ്പെട്ടവർക്ക് (പൂർണ്ണമായും ഭാഗികമായും) അനുവദിക്കേണ്ട 44,01,300/- രൂപയും മരണപ്പെട്ട മൂന്നുപേരുടെ ആശ്രിതർക്ക് 3,00,000/- രൂപയും ചേർത്ത് ആകെ 47,01,300/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്നതിന് ഉത്തരവായിട്ടുള്ളതും തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ ഉരുൾപൊട്ടലിനെത്തുടർന്ന് മാറിതാമസിച്ച 104 കുടുംബങ്ങൾക്ക് തൊഴിൽനഷ്ട ദുരിതാശ്വാസമായി ആകെ 15,97,640/- രൂപ അനുവദിച്ചിട്ടുണ്ട്. ഉരുൾപൊട്ടലിൽ തകർന്ന സെമിനാരി വില്ല തോടിന്റെ പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തിക്ക് 66 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും തോടിന്റെ പാർശ്വഭിത്തി പുനർനിർമ്മിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് എക്സിക്യൂട്ടിവ് എഞ്ചിനീയർ, ചെറുകിട ജലസേചന വിഭാഗത്തിന് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ

ഉരുൾപൊട്ടലിനെത്തുടർന്ന് വിവിധ വകുപ്പുകൾക്ക് കീഴിലുണ്ടായിട്ടുള്ള നാശനഷ്ടത്തിന്റെ തോത് കണക്കാക്കി നഷ്ടപരിഹാരത്തിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് വിവിധ വകുപ്പ് മേധാവികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) നാശനഷ്ടങ്ങൾക്കനുസൃതമായിട്ടുള്ള നഷ്ടപരിഹാരം നൽകിയിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം അർഹമായ ദുരിതാശ്വാസ ധനസഹായം അനുവദിച്ചിട്ടുണ്ട്.

**കാലവർഷക്കെടുതിക്കിരയായവർക്കുള്ള നഷ്ടപരിഹാരം**

64 (2063) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-ൽ കാലവർഷക്കെടുതിയിൽ സംസ്ഥാനത്ത് എത്രപേർ മരണപ്പെട്ടുവെന്നും എത്ര വീടുകൾ പൂർണ്ണമായും ഭാഗികമായും തകർന്നുവെന്നും സ്വത്തുവകകളുൾപ്പെടെയുള്ള മറ്റ് നാശനഷ്ടങ്ങൾ

എന്തൊക്കെയാണെന്നുമുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

2023-ൽ കാലവർഷക്കെടുതിയിൽ മരണപ്പെട്ടവരുടെയും പൂർണ്ണമായും ഭാഗികമായും തകർന്ന വീടുകളുടെയും സ്വത്തുവകകൾ ഉൾപ്പെടെയുള്ള മറ്റ് നാശനഷ്ടങ്ങളുടെയും ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(ബി) കാലവർഷക്കെടുതിയിൽ എന്തൊക്കെ നാശനഷ്ടങ്ങൾക്കാണ് ധനസഹായം നൽകുന്നതെന്നും ഇതിലേക്കായി ഏതൊക്കെ ഫണ്ടാണ് ഉപയോഗിക്കുന്നതെന്നും പ്രസ്തുത ഫണ്ട് ജില്ലകൾക്ക് അനുവദിക്കുന്നതാരാണെന്നും ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്നും വ്യക്തമാക്കുമോ; ഇപ്രകാരം അനുവദിച്ച ഫണ്ടുകളുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ?

മരണപ്പെടുന്നവരുടെ ആശ്രിതർക്കും ഭവനനാശം സംഭവിക്കുന്നവർക്കും സംസ്ഥാന ദുരന്ത പ്രതികരണനിധി/ദേശീയ ദുരന്ത പ്രതികരണനിധി എന്നിവയിൽനിന്നും ധനസഹായം അനുവദിക്കുന്നതിനായി കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ദുരിതാശ്വാസ ധസസഹായത്തിനുള്ള മാനദണ്ഡങ്ങളുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 18-06-2023-ലെ സ.ഉ.(കൈ.) നം. 6/2023/ഡി.എം.ഡി. പ്രകാരം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുമാണ് കാലവർഷക്കെടുതിയിലുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ധനസഹായം നൽകുന്നത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ഫണ്ട് അനുവദിക്കുന്നത് സർക്കാർ തലത്തിലാണ്. ഇപ്രകാരം അനുവദിച്ച ഫണ്ടുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(സി) കാലവർഷക്കെടുതിമൂലം മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കുള്ള നഷ്ടപരിഹാരം, വീടുകൾ ഭാഗികമായും പൂർണ്ണമായും തകർന്നവർക്കുള്ള നഷ്ടപരിഹാരം, സ്വത്തുവകകൾ നഷ്ടപ്പെട്ടതിനുള്ള നഷ്ടപരിഹാരം എന്നീ ഇനങ്ങളിൽ 2021 മുതൽ നാളിതുവരെ എത്ര തുക വീതം എത്രപേർക്ക് നൽകിയെന്നും ഇനി എത്രപേർക്ക് തുക നൽകാൻ ബാക്കിയുണ്ടെന്നുമുള്ളതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) കാലവർഷക്കെടുതിക്കുപുറമേ 2023-ലെ തുലാവർഷക്കെടുതിമൂലം എത്രപേർ മരണപ്പെട്ടുവെന്നും എത്രപേരുടെ വീടുകൾക്ക് നാശനഷ്ടം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംഭവിച്ചുവെന്നും സ്വത്തുവകകൾക്ക് എത്ര നാശനഷ്ടം സംഭവിച്ചുവെന്നുമുള്ള വിവരങ്ങളും നാശനഷ്ടത്തിന്റെ തുകയുടെ ജില്ല തിരിച്ചുള്ള കണക്കുകളും ലഭ്യമാക്കാമോ?

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

**മഴയിലും കാറ്റിലുമുണ്ടായ നാശനഷ്ടങ്ങൾക്കുള്ള ധനസഹായം**

65 (2064) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 മേയ് 10 മുതൽ ജൂൺ 3 വരെയുണ്ടായ ശക്തമായ മഴയിലും കാറ്റിലും സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

2024 മേയ് 10 മുതൽ ജൂൺ 3 വരെയുണ്ടായ ശക്തമായ മഴയിലും കാറ്റിലും സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത കാലയളവിലുണ്ടായ മഴയിലും കാറ്റിലും സംസ്ഥാനത്ത് എത്രപേർ മരണപ്പെട്ടുവെന്നും പൂർണ്ണമായും ഭാഗികമായും എത്ര വീടുകൾക്ക് നാശനഷ്ടം സംഭവിച്ചുവെന്നും എന്തൊക്കെ സഹായങ്ങളാണ് ഇവരുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുടുംബങ്ങൾക്ക് നൽകിയതെന്നുമുള്ള വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

പ്രസ്തുത കാലയളവിലുണ്ടായ മഴയിലും കാറ്റിലും സംസ്ഥാനത്ത് മരണപ്പെട്ടവരുടെയും പൂർണ്ണമായും ഭാഗികമായും നാശനഷ്ടം സംഭവിച്ച വീടുകളുടെയും ജില്ല തിരിച്ചുള്ള വിവരം, ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, അനുബന്ധമായി ചേർക്കുന്നു.+ മരണപ്പെട്ടവരുടെ ആശ്രിതർക്കും നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്കും ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഡിസാസ്റ്റർ മാനേജ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്താൻ നടപടി**

66 (2065) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കവും മിന്നൽ പ്രളയവും ഉൾപ്പെടെയുള്ള മറ്റ് പ്രകൃതി ദുരന്തങ്ങൾപോലുള്ള സാഹചര്യങ്ങളെ ഫലപ്രദമായി നേരിടുന്നതിനും പ്രസ്തുത സാഹചര്യങ്ങളാൽ ജനങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ സമയോചിതമായി പരിഹരിക്കുന്നതിനും ഡിസാസ്റ്റർ മാനേജ്മെന്റ് വിഭാഗത്തെ കൂടുതൽ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ദുരന്തനിവാരണ നിയമം 2005 അനുസരിച്ച് നിലവിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, അതോറിറ്റിയുടെ Crisis Management കമ്മിറ്റികൾ, ഉപദേശക സമിതികൾ, ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾ, സംസ്ഥാന അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രം, സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ, റിസ്ക് ലാബ്, ഐ. ടി. വിഭാഗം, ആസൂത്രണ വിഭാഗം, കാര്യശേഷി വർദ്ധിപ്പിക്കൽ വിഭാഗം, ജില്ലാ അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രങ്ങൾ, താലൂക്ക് അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രങ്ങൾ, അടിയന്തര ദുരന്ത പ്രതികരണ സേന (ERT) എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാന തലത്തിൽ ദുരന്ത സാഹചര്യങ്ങളുടെ അപഗ്രഥനം, വിവരശേഖരണം, മുന്നറിയിപ്പ് നൽകൽ, കേന്ദ്ര-സംസ്ഥാന പ്രതികരണ സേനകളുടെ ഏകോപനം എന്നിവ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി

നിർവഹിച്ചുവരുന്നു. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. ഈ സംവിധാനങ്ങൾ 24 മണിക്കൂറും പ്രവർത്തിക്കുന്നവയാണ്.

സംസ്ഥാനതലത്തിൽ ദുരന്തങ്ങളെ നേരിടുന്നതിനായുള്ള കാലവർഷ തുലാവർഷ മുന്നൊരുക്ക ദുരന്തപ്രതികരണ മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ തദ്ദേശ/പ്രാദേശിക തലത്തിൽ ദുരന്തനിവാരണ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇവ പ്രാദേശികതലത്തിൽ വാർഷിക പദ്ധതിരേഖ സമർപ്പണത്തിന് മുന്നോടിയായി പുതുക്കിവരുന്നു. ദേശീയ-സംസ്ഥാന തലത്തിൽ നടപ്പാക്കുന്ന പദ്ധതിയായ "ദുരന്ത നിവാരണത്തിൽ ഭിന്നശേഷിക്കാരുടെ ശാക്തീകരണം"-ന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ഭിന്നശേഷിക്കാർക്ക് സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും ചേർന്ന് പരിശീലനം നൽകിയിട്ടുണ്ട്.

കേരളത്തിലെ ആദിവാസി ഊരുകൾ ദുരന്തനിവാരണശേഷി ഊരുകളായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി വയനാട് ജില്ല തയ്യാറാക്കിയ

ആദിവാസി ദുരന്തനിവാരണ പദ്ധതികൾ മാതൃകയാക്കി, കേരളത്തിലെ എല്ലാ ജില്ലകൾക്കും മൂന്നുവർഷ കാലയളവിനുള്ളിൽ ആദിവാസി ദുരന്തനിവാരണ പദ്ധതി തയ്യാറാക്കുന്നതിനുള്ള മാതൃക രൂപരേഖ പ്രകാശനം ചെയ്തിട്ടുണ്ട്. ഇതോടൊപ്പം വയനാട് ജില്ലയിൽ ദുരന്തനിവാരണത്തിനായി ഒരു വെബ്സൈറ്റ് വികസിപ്പിച്ച് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. സിവിൽ സൊസൈറ്റി സംഘടനകളും സർക്കാരിതര സംഘടനകളും ദുരന്തനിവാരണത്തിൽ പ്രധാന പങ്കുവഹിക്കുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഇന്റർ ഏജൻസി ഗ്രൂപ്പ് (IAG) അഥവാ സന്നദ്ധ സംഘടനകളുടെ ഔദ്യോഗിക കൂട്ടായ്മ ആരംഭിച്ചിട്ടുണ്ട്. KSDMA വികസിപ്പിച്ച കവചം (Kerala Warnings, Crisis and Hazards Management system - KaWaCHaM) ഇന്ത്യയിലെ ആദ്യത്തെ സംയോജിത ക്ലൗഡ് അധിഷ്ഠിത മുൻകൂർ മുന്നറിയിപ്പ് സംവിധാനമാണ്. മുന്നറിയിപ്പുകൾ, ദുരന്ത പ്രതിസന്ധി സമയോചിതമായി കൈകാര്യം ചെയ്യുക, പ്രതികരണശേഷി ഉറപ്പാക്കുക, അറിവ് പ്രചരിപ്പിക്കുക എന്നിവ ദുരന്ത നിവാരണത്തിന്റെ ചട്ടക്കൂടിനുകീഴിൽ നിന്നുകൊണ്ട് ചെയ്യുകയാണ് കവചം പദ്ധതി ലക്ഷ്യമിടുന്നത്. ഇതിന്റെ

ഭാഗമായി സംസ്ഥാനത്തുടനീളം സൈറണുകളും സ്ട്രോബ് ലൈറ്റുകളും വിന്യസിച്ചിട്ടുണ്ട്. ഈ മുൻകൂർ മുന്നറിയിപ്പ് സംവിധാനംവഴി നിലവിലുള്ള ക്രമീകരണങ്ങളേക്കാൾ വളരെ നേരത്തെതന്നെ പ്രകൃതിക്ഷോഭങ്ങളെക്കുറിച്ച് പൊതുജനങ്ങളെ അറിയിക്കാനും അതുമൂലം സമയബന്ധിതമായി അവരെ സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് മാറ്റാനും സാധിക്കുന്നു. കൂടാതെ, എല്ലാ വിദൂര സ്ഥലങ്ങളും SEOC തമ്മിലുള്ള ടു-വേ തത്സമയ ഓഡിയോ-വീഡിയോ സഹകരണത്തോടെ, രക്ഷാപ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാനും കഴിയുന്നു. അപകട തീവ്രതയുടെ അടിസ്ഥാനത്തിൽ ജാഗ്രതാ മുന്നറിയിപ്പ് സന്ദേശങ്ങൾ കോമൺ അലർട്ട് പ്രോട്ടോകോൾ (CAP) വഴി ജനങ്ങളിലേയ്ക്കെത്തിക്കുന്നു.

കേരളത്തിലെ കാലാവസ്ഥ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ ജില്ലകളിലും UV റേഡിയോമീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതോടൊപ്പം സംസ്ഥാനത്തുടനീളം കേന്ദ്രകാലാവസ്ഥാ നിരീക്ഷണ കേന്ദ്രം, KSDMA-യുടെ സഹായത്തോടെ 100 ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ (AWS) സ്ഥാപിച്ചിട്ടുണ്ട്. ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെ പദ്ധതികളായ

ദേശീയ ചുഴലിക്കാറ്റ് ദുരന്ത സാധ്യതാ ലഘൂകരണ പദ്ധതി (NCRMP) Phase-III, ദേശീയ മണ്ണിടിച്ചിൽ ദുരന്തസാധ്യതാ ലഘൂകരണ പദ്ധതി (NLRMP), ആപ്ദമിത്ര Phase-II, സെൻഡായ് ചട്ടക്കൂട് (Sendai Framework), നീതി ആയോഗ് അഭിലാഷ ജില്ലാ പ്രോഗ്രാം (Niti Aayog Aspirational Districts Programme), കോമൺ അലർട്ട് പ്രോട്ടോകോൾ (CAP), എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം (ERSS 112) എന്നിവ കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ കീഴിൽ നടപ്പിലാക്കിവരുന്നു. ദേശീയ ദുരന്ത നിവാരണ അതോറിറ്റി "ആപ്ദ മിത്ര" എന്നപേരിൽ ആരംഭിച്ച സാമൂഹിക വികസന പരിശീലന പരിപാടി സംസ്ഥാനത്തുടനീളം നടപ്പിലാക്കുകയും 4300 സാമൂഹിക സന്നദ്ധപ്രവർത്തകർക്കായി ദുരന്ത പ്രതികരണത്തിലും രക്ഷാപ്രവർത്തനങ്ങളിലും പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. രക്ഷാപ്രവർത്തന സമയങ്ങളിൽ ആവശ്യമായ ടൂൾകിറ്റും ആപ്ദ മിത്ര ടീമിന് വിതരണം ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽനിന്ന് തിരഞ്ഞെടുത്ത 500 ആപ്ദ മിത്ര സന്നദ്ധപ്രവർത്തകരിൽ പ്രകൃതിക്ഷോഭം രൂക്ഷമായ നിലമ്പൂർ മേഖലയിലെ 102 ആദിവാസികൾ പ്രത്യേക പരിശീലനവും

നൽകിയിട്ടുണ്ട്. മുങ്ങിമരണങ്ങൾ ലഘൂകരിക്കുന്നതിനായി സംസ്ഥാനമൊട്ടാകെ ജലസുരക്ഷാ ക്യാമ്പയിനും നടത്തിയിട്ടുണ്ട്.

കാലാവസ്ഥാ വ്യതിയാന സാഹചര്യങ്ങളെ അടിസ്ഥാനമാക്കി കോർഡിനേറ്റഡ് റീജിയണൽ ക്ലൈമറ്റ് ഡൗൺസ്കേലിംഗ് എക്സ്പെരിമെന്റ് (CORDEX) ഉപയോഗിച്ച്, 2040, 2060, 2099 എന്നീ വർഷങ്ങളിൽ ദിനാന്തരീക്ഷ ചൂടും മഴയുടെ തീവ്രതയും ഏതെല്ലാം തരത്തിൽ മാറുമെന്ന വിവരം ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിലെ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. തുടർന്ന് ഈ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ അതത് പ്രദേശങ്ങളിൽ സ്വീകരിക്കേണ്ട കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരവും അതോറിറ്റി ലഭ്യമാക്കിയിട്ടുണ്ട്.

സെന്റർ ഫോർ ഡിസാസ്റ്റർ റിസിലിയൻസ്, റെഡ് ക്രോസ് റെഡ് ക്രെസന്റ് ക്ലൈമറ്റ് സെന്റർ, നെതർലാൻഡിലെ ദി റോയൽ നെതർലാൻഡ്സ് മെറ്റീരിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ബാങ്കോക്കിലെ ഏഷ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ഏഷ്യൻ ഡിസാസ്റ്റർ

പ്രിപേർഡ്നെസ് സെന്റർ, നോർവേയിലെ നോർവീജിയൻ ജിയോ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് (NGI), നാൻസൻ റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ തുടങ്ങിയ ലോകമെമ്പാടുമുള്ള ദുരന്തനിവാരണ രംഗത്തെ സ്ഥാപനങ്ങളുമായി KSDMA ശാസ്ത്രീയ-സാങ്കേതിക സഹകരണം ആരംഭിച്ചിട്ടുണ്ട്. സുരക്ഷിത സ്കൂളുകൾക്കായി KSDMA UNICEF-മായി സഹകരിച്ച് "USchoolApp" എന്ന വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് സ്കൂൾ സുരക്ഷാ പദ്ധതികൾ തയ്യാറാക്കുന്നതിൽ അധ്യാപകർക്ക് സഹായകമായി പ്രവർത്തിക്കുന്നു. സ്കൂൾ സുരക്ഷയ്ക്കും UschoolApp-നുമുള്ള പരിശീലനം ജില്ലകൾക്ക് നൽകിയിട്ടുണ്ട്.

ദുരന്ത ലഘൂകരണത്തിന്റെ ഭാഗമായി KSDMA-യുടെ ആഭിമുഖ്യത്തിൽ താഴെപ്പറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹീറ്റ് ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള പൈലറ്റ് പദ്ധതികൾ- (1) "കോഴിക്കോട് ജില്ലയിലെ Heat resilient മൂടാടി പഞ്ചായത്ത്" (2)

"പത്തനംതിട്ട ജില്ലയിലെ വെച്ചൂച്ചിറ പഞ്ചായത്തിലെ Heat resilient അങ്കണവാടി"

2. "ചുഴലിക്കാറ്റ് ഷെൽട്ടറുകളിൽ ശിശുസൗഹൃദ ഇടങ്ങൾ" KSDMA-യും UNICEF-ഉം സഹകരിച്ചുള്ള പദ്ധതി.

3. സുരക്ഷിതമായ നിർമ്മാണ മാർഗ്ഗനിർദ്ദേശങ്ങളിൽ ചൂട്, വരൾച്ച, ചുഴലിക്കാറ്റ്, മിന്നൽ എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഉൾപ്പെടുത്തുന്നത്.

4. ഇപ്പോൾ നിലവിലുള്ള സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിനുപുറമെ സെക്രട്ടേറിയറ്റിൽ ഒരു alternate അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം (Alternate State Emergency Operations Centre) സ്ഥാപിക്കുന്ന പദ്ധതി പുരോഗമിച്ചുവരുന്നു.

5. റോപ്പ്‌വേയ്ക്കായുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമം തയ്യാറാക്കുക.

6. 2022-ൽ പ്രകൃതിക്ഷോഭത്തിൽ ഏറ്റവും കൂടുതൽ നാശനഷ്ടമുണ്ടായിട്ടുള്ള കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തിന്

ദുരന്തപ്രതിരോധശേഷി വർദ്ധിപ്പിക്കാനുള്ള ബൃഹത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**പ്രകൃതിക്ഷോഭം നേരിട്ടവരുടെ പുനരധിവാസം**

67 (2066) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിൽ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് അപകട ഭീഷണിയുള്ള പ്രദേശങ്ങളിൽനിന്നും എത്ര കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇനി എത്ര കുടുംബങ്ങളെ മാറ്റിപാർപ്പിക്കാനുണ്ടെന്നും അതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ നിലവിലെ സ്ഥിതിയെന്താണെന്നും വ്യക്തമാക്കാമോ?

(എ&ബി) 15 കുടുംബങ്ങളെ അപകടഭീഷണിയുള്ള പ്രദേശങ്ങളിൽനിന്നും മാറ്റിപാർപ്പിക്കുന്നതിനായി സംയുക്ത സ്ഥലപരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. കോങ്ങാട്

മണ്ഡലത്തിലെ പുനരധിവാസം സംബന്ധിച്ച കേസുകളിൽ ഓറഞ്ച് പുസ്തകം 2023-ലെ ചെക്ക് ലിസ്റ്റ് പ്രകാരം സ്കോറിന്റെ അടിസ്ഥാനത്തിൽ പാലക്കയം വില്ലേജിലെ ആറ് കുടുംബങ്ങളെ മാറ്റിപാർപ്പിക്കുന്നതിന് ജില്ലാ കളക്ടർക്ക് ശിപാർശ നൽകിയിട്ടുണ്ട്. ഇതിൽ സ്കോർ 35-ൽ താഴെയുള്ള ശ്രീമതി സിനി W/o. സജി, പതിനാറ് പാറയിൽ വീട് എന്നയാളെ പുനരധിവസിപ്പിക്കുന്നവരുടെ പട്ടികയിലുൾപ്പെടുത്തി സ്ഥലം വാങ്ങാനും വീട് വയ്ക്കാനും ധനസഹായം അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്കോർ 35-ന് മുകളിലുള്ള ബാക്കി അഞ്ച് കുടുംബങ്ങളുടെ പുനരധിവാസം സംബന്ധിച്ച റിപ്പോർട്ടുകൾ പരിഗണനയിലാണ്.

**ഒറ്റപ്പാലം മണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി**

68 (2067) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കുമോ?

(എ&ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിക്കുകീഴിൽ നടപ്പിലാക്കിയതും നടപ്പിലാക്കുന്നതുമായ പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ സൂക്ഷ്മതല ഉരുൾപൊട്ടൽ സാധ്യതാ പഠനം**

69 (2068) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ കോടശ്ശേരി ഗ്രാമപഞ്ചായത്തിൽ മണ്ണിടിച്ചിൽ സാധ്യതയുള്ളതായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി കണ്ടെത്തിയ പ്രദേശങ്ങളിൽ സൂക്ഷ്മതല ഉരുൾപൊട്ടൽ സാധ്യതാ പഠനം നടത്തുന്നതിന് ജിയോളജിക്കൽ സർവെ ഓഫ് ഇന്ത്യയോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആവശ്യപ്പെട്ടിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) ജിയോളജിക്കൽ സർവെ ഓഫ് ഇന്ത്യ ഇക്കാര്യത്തിൽ സന്നദ്ധത അറിയിച്ചിട്ടുണ്ടോയെന്നും പഠനം ആരംഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ?

കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ സൂക്ഷ്മതല ഉരുൾപൊട്ടൽ സാധ്യതാ പഠനം (Micro Zonation study) 2024-25-ലെ ഫീൽഡ് സീസൺ പ്രോഗ്രാമിലുൾപ്പെടുത്തിയതായും പ്രാഥമിക നടപടികൾ ആരംഭിച്ചതായും ജിയോളജിക്കൽ സർവെ ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്.

(സി) സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ഉരുൾപ്പൊട്ടൽ ഉപദേശക സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചില പ്രദേശങ്ങളിൽ നിർമ്മാണങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതുമൂലം പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള പ്രയാസം കണക്കിലെടുത്ത് ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിക്കുമോ?

ജിയോളജിക്കൽ സർവെ ഓഫ് ഇന്ത്യയിൽനിന്നും ലഭിക്കുന്ന പഠന റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

## കാലവർഷക്കെടുതിയിൽപെടുന്നവർക്ക് നഷ്ടപരിഹാരം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

70 (2069) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലവർഷക്കെടുതിയിൽപ്പെടുന്ന കർഷകർക്കും പൊതുജനങ്ങൾക്കും നഷ്ടപരിഹാരം നൽകിവരുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത മാനദണ്ഡം ഏറ്റവും ഒടുവിൽ പരിഷ്കരിച്ചതെന്നാണെന്നും ഇതുപ്രകാരമുള്ള പുതുക്കിയ നിരക്കുകളെത്രയാണെന്നും അറിയിക്കാമോ?

(എ&ബി) കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച കർഷകർക്കും പൊതുജനങ്ങൾക്കും സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും ധനസഹായം അനുവദിച്ചുവരുന്നു. 18-06-2023-ലെ സ.ഉ. (കൈ) നം. 6/2023/ഡി.എം.ഡി. ഉത്തരവുപ്രകാരം പ്രസ്തുത മാനദണ്ഡം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) നഷ്ടപരിഹാരം ലഭിക്കുന്നതിനായി നൽകിയ മുൻവർഷ അപേക്ഷകളിൽ ഇനി എത്രപേർക്ക് നഷ്ടപരിഹാരം നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ഡി) നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് സമയബന്ധിതമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2022-2023 മുതൽ 2025-26 വരെ രാജ്യത്താകെ ബാധകമായ നിരക്കുകൾ കേന്ദ്ര ആഭ്യന്തര മന്ത്രാലയം പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിലാണ് നിരക്കുകൾ പരിഷ്കരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. നിലവിലെ മാനദണ്ഡപ്രകാരം ലഭ്യമാകുന്ന തുക അപര്യാപ്തമാകയാൽ കൂടുതൽ തുക അനുവദിച്ച് പുതുക്കിയ മാനദണ്ഡം അനുവദിക്കണമെന്ന് 07-08-2023-ലെ ഡി.എം.എ.1/248/2022-ഡി.എം.ഡി.

നമ്പർ കത്തുപ്രകാരം സംസ്ഥാന സർക്കാർ കേന്ദ്ര ദുരന്തനിവാരണ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**പ്രകൃതിക്ഷോഭം നേരിട്ടവർക്കുള്ള നഷ്ടപരിഹാരം**

71 (2070) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം നാളിതുവരെ സംസ്ഥാനത്തുണ്ടായിക്കൊണ്ടിരിക്കുന്ന ശക്തമായ മഴയിലും കാറ്റിലും ഉരുൾപൊട്ടലിലും പ്രകൃതിക്ഷോഭങ്ങളിലുമുണ്ടായ നാശനഷ്ടങ്ങൾ, മരണങ്ങൾ, വീട് നഷ്ടപ്പെട്ടവർ, കൃഷിനാശം സംഭവിച്ചവർ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ നിലവിൽ വന്നശേഷം നാളിതുവരെ സംസ്ഥാനത്തുണ്ടായിക്കൊണ്ടിരിക്കുന്ന ശക്തമായ മഴയും കാറ്റും ഉരുൾപൊട്ടലും പ്രകൃതിക്ഷോഭവുംമൂലം 324 മരണങ്ങളും 34158 പേർക്ക് ഭവന നാശവും 552478 പേർക്ക് കൃഷിനാശവും സംഭവിച്ചിട്ടുണ്ട്.

(ബി) ഇതുമൂലം സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക ബാധ്യത എത്രയെന്നും ഇതുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ കേന്ദ്രസഹായം അഭ്യർഥിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) ആവശ്യപ്പെട്ട പ്രകാരമുള്ള കേന്ദ്രസഹായം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അത് ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

(ബി&സി) ജില്ലാകളക്ടർ ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെയും വിവിധ വകുപ്പുകൾ കണക്കാക്കി നൽകുന്ന നാശനഷ്ടത്തിന്റെയും അടിസ്ഥാനത്തിൽ സാമ്പത്തിക ബാധ്യത തിട്ടപ്പെടുത്തിവരുന്നു. അംഗീകൃത ദുരന്തങ്ങൾ സംഭവിച്ചാൽ മാത്രമേ കേന്ദ്ര ദുരന്തപ്രതികരണ നിധിയിൽനിന്ന് ധനസഹായം ആവശ്യപ്പെട്ട് സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാരിനെ സമീപിക്കാൻ സാധിക്കുകയുള്ളൂ.

(ഡി) ഈ സർക്കാർ വന്നശേഷം നാളിതുവരെ ദുരന്തനിവാരണ ഇനത്തിൽ നഷ്ടപരിഹാരമായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഈ സർക്കാർ വന്നശേഷം നാളിതുവരെ ദുരന്തനിവാരണ പ്രവർത്തങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്ന് ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | തുക (കോടിയിൽ) |
|---|---|
| 2021-22 | 749.49 |
| 2022-23 | 459.71 |
| 2023-24 | 166.27 |
| 2024-25 | 10.66 |

(ഇ) കേന്ദ്ര സഹായത്തിൽനിന്നും ഈയിനത്തിൽ ലഭ്യമായ തുകയിൽ ഇനി എത്ര തുക വിതരണം ചെയ്യാനുണ്ടെന്ന് വെളിപ്പെടുത്താമോ?

സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ കേന്ദ്ര വിഹിതവും (75%) സംസ്ഥാന വിഹിതവും (25%) ചേർത്ത് നിലവിൽ നീക്കിയിരിപ്പുള്ള തുക 384.32 കോടി രൂപയാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡ പ്രകാരമുള്ള ധനസഹായം അപേക്ഷകൾ ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ജില്ലാ കളക്ടർമാർ മുഖേന വിതരണം ചെയ്തുവരുന്നു.

## ശബരിമല എയർപോർട്ട് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി

72 (2071) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല എയർപോർട്ടിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കാവശ്യമായ വിവിധ ഏജൻസികളുടെ അനുമതി ലഭിക്കാനുള്ള കാലതാമസം പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ശബരിമല അന്താരാഷ്ട്ര വിമാനത്താവളം എരുമേലിയിൽ സ്ഥാപിക്കുന്നതിന് കേന്ദ്ര വ്യോമയാന മന്ത്രാലയം (MoCA), 2023 ഏപ്രിൽ 13-ന് 'സൈറ്റ് ക്ലിയറൻസ്'' അനുമതിയും കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ ഡിഫൻസ് ക്ലിയറൻസ് 2023 ജൂൺ

30-നും കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ 'സെക്യൂരിറ്റി ക്ലിയറൻസ്'' 2024 മെയ് 20-നും ലഭ്യമായിട്ടുണ്ട്.

പരിസ്ഥിതി അനുമതിക്കായുള്ള 'ടേംസ് ഓഫ് റഫറൻസ്' (TOR) പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം (MoEF) 2023 ജൂലൈ 28-ന് അംഗീകരിച്ചു. തുടർന്ന് പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് (EIA Report) തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന നടത്തേണ്ട പബ്ലിക് ഹിയറിംഗ് കഴിഞ്ഞാലുടൻതന്നെ റിപ്പോർട്ട് മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതിക്കായി സമർപ്പിക്കുന്നതാണ്. പാരിസ്ഥിതികാനുമതി ലഭിക്കുന്നമുറയ്ക്ക് ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

കോട്ടയം കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക്, മണിമല എന്നീ വില്ലേജുകളിലായി ഏകദേശം 1000 ഹെക്ടർ ഭൂമിയാണ് ശബരിമല അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണത്തിനായി ഏറ്റെടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് 2013-ലെ ഭൂമി

ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 11-ാം വകുപ്പ് 1-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി, 2024 മാർച്ച് 13-ന്, എസ്.ആർ.ഒ. നമ്പർ 278/2024 പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. ഇതിനെതിരെ പ്രസ്തുത പദ്ധതി പ്രദേശമടങ്ങുന്ന ഭൂമി നിലവിൽ കൈവശം വച്ചിരിക്കുന്ന അയന ചാരിറ്റബിൾ ട്രസ്റ്റ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു റിട്ട് ഹർജി ഫയൽ ചെയ്യുകയും 2024 ഏപ്രിൽ 25-ന് ഹൈക്കോടതി രണ്ട് മാസത്തേക്ക് സ്റ്റേ അനുവദിക്കുകയും ചെയ്തു. സ്റ്റേ നീക്കിയെടുക്കാനുള്ള നടപടികളുമായി ബഹുമാനപ്പെട്ട കോടതിയെ സമീപിക്കാൻ അഡ്വക്കേറ്റ് ജനറലിന് നിർദേശം നൽകിയിട്ടുണ്ട്.

**കോഴിക്കോട് മെട്രോ റെയിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതി**

73 (2072) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെട്രോ റെയിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

ഉണ്ട്. കോഴിക്കോട് മെട്രോ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് വിശദ പദ്ധതിരേഖ തയ്യാറാക്കുന്നതിലേയ്ക്കായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് നഗരത്തിന്റെ സമഗ്ര മൊബിലിറ്റി പ്ലാൻ [Comprehensive Mobility Plan (CMP)] തയ്യാറാക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം നടത്തുകയുണ്ടായി. പ്രസ്തുത സ്റ്റേക്ക് ഹോൾഡേഴ്സ് യോഗത്തിലെ നിർദേശം പരിഗണിച്ച് സമഗ്ര മൊബിലിറ്റി പ്ലാൻ, ആൾട്ടർനേറ്റീവ് അനാലിസിസ് റിപ്പോർട്ട് (Alternative Analysis Report) എന്നിവ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് തയ്യാറാക്കി വരികയാണ്.

(ബി) പ്രസ്തുത പദ്ധതി വേഗത്തിൽ പ്രാവർത്തികമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

2017-ലെ പുതുക്കിയ മെട്രോ നയത്തിനനുസൃതമായി വിശദ പദ്ധതിരേഖ [Detailed Project Report (DPR)] രൂപപ്പെടുത്തുന്നതിലേയ്ക്കായി സമഗ്ര മൊബിലിറ്റി പ്ലാൻ, ആൾട്ടർനേറ്റീവ് അനാലിസിസ് റിപ്പോർട്ട് (Alternative Analysis Report) എന്നിവ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് തയ്യാറാക്കി വരികയാണ്.

(സി) പ്രസ്തുത പദ്ധതിയോടൊപ്പം മൊബിലിറ്റി ഹബ്ക്കൂടി സ്ഥാപിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

**കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത നിർമ്മാണം**

74 (2073) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയുടെ നിർമ്മാണം പൂർത്തിയാകുമ്പോൾ ചരക്കുമായിവരുന്ന യാനങ്ങൾക്ക് അടുക്കുന്നതിനായി ചവറ ജംഗഷന് സമീപത്ത് വാർഫ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ ആവശ്യത്തിനായി

ഏറ്റെടുത്തിട്ടുള്ള സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുമോയെന്ന് വ്യക്തമാക്കുമോ?

ദേശീയ ജലപാതയിൽ ചവറ ഭാഗത്ത് ഇൻലാൻഡ് വാട്ടർ ട്രാൻസ്പോർട്ട് ടെർമിനൽ നിർമ്മാണത്തിന് നടപടി സ്വീകരിക്കേണ്ടത് ദേശീയ ജലപാത അതോറിറ്റി (ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ-IWAI) ആണ്. അതിനായി IWAI ഭൂമി ഏറ്റെടുത്തിട്ടുണ്ടെങ്കിലും ആവശ്യകതയ്ക്കനുസരിച്ച് രണ്ടാം ഘട്ടമായി മാത്രമേ ടെർമിനൽ നിർമ്മാണം പരിഗണിക്കുകയുള്ളൂവെന്നാണ് അറിയിച്ചിട്ടുള്ളത്.

**ദേശീയ ജലപാത വികസനം**

75 (2074) **ശ്രീ. കടകംപള്ളി സുരേന്ദ്രൻ:**
**ശ്രീ. എം. നൗഷാദ്:**
**ശ്രീമതി കാനത്തിൽ ജമീല:**
**ശ്രീ. എം. രാജഗോപാലൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമതീര കനാൽ (വെസ്റ്റ് കോസ്റ്റ് കനാൽ) വികസനത്തിന്റെ ഭാഗമായ പുനരധിവാസ പാക്കേജിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ പാക്കേജ് പ്രകാരം തിരുവനന്തപുരം ജില്ലയിൽ വർക്കല ഭാഗത്ത് 316 പേർക്ക് പുനരധിവാസ പാക്കേജ് തുകയായ 11 ലക്ഷം രൂപവീതവും ഇതിലുൾപ്പെട്ട 145 കുടുംബങ്ങൾക്ക് ബിൽഡിംഗ് വാല്യൂവേഷൻ ഒന്നാം ഗഡു തുകയും നൽകിയിട്ടുണ്ട്. കഠിനംകുളം ഭാഗത്ത് 110 പേർക്ക് പുനരധിവാസ പാക്കേജ് തുകയായ 11 ലക്ഷം രൂപവീതവും ഇതിലുൾപ്പെട്ട 67 കുടുംബങ്ങൾക്ക് ബിൽഡിംഗ് വാല്യൂവേഷൻ ഒന്നാം ഗഡു തുകയും നൽകിയിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷനിലെ 12 കുടുംബങ്ങൾക്ക് പുനരധിവാസ പാക്കേജ് തുകയായ 11 ലക്ഷം രൂപവീതം കൈമാറിയിട്ടുണ്ട്.

(ബി) ദേശീയ ജലപാതയുടെയും അനുബന്ധ ജലപാതയുടെയും വികസനത്തിനായി എവിടെയെല്ലാമാണ് ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നതെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് പഞ്ചായത്തിൽ കടകം, തെക്കേ അരയതുരുത്ത്, വടക്കേ അരയതുരുത്ത് എന്നീ ഭാഗങ്ങളിൽ അപ്രോച്ച് റോഡോടുകൂടിയ പാലം നിർമ്മാണത്തിനായി ഭൂമിയേറ്റെടുക്കൽ

നടപടികൾ നടന്നുവരുന്നു. കനാൽ വികസനത്തിനായി വർക്കല ഭാഗത്ത് കനാൽ തീരത്ത് പട്ടയമുള്ള ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കോവളം മുതൽ കഠിനംകുളം വരെ ഭൂമിയേറ്റെടുക്കൽ പ്രവൃത്തി നടന്നുവരുന്നു. കോഴിക്കോട് ജില്ലയിൽ പശ്ചിമത്തീര കനാലിന്റെ ഭാഗമായ വടകര-മാഹി കനാലിന്റെ ഒന്നാം റീച്ചിലും അഞ്ചാം റീച്ചിലും ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. കണ്ണൂർ ജില്ലയിൽ അഞ്ചരക്കണ്ടി പുഴ മുതൽ വളപട്ടണം പുഴ വരെയും കുയ്യാലി മുതൽ മണ്ണയാട് വരെയുമുള്ള ഭാഗത്ത് ഭൂമി ഏറ്റെടുക്കൽ പ്രാഥമിക ഘട്ടത്തിലാണ്. കാസർഗോഡ് ജില്ലയിൽ നീലേശ്വരം (കോട്ടപ്പുറം)-ബേക്കൽ ജലപാത വികസനത്തിന്റെ ഭാഗമായി 6.65 കിലോമീറ്റർ കൃത്രിമ കനാൽ നിർമ്മിക്കുന്നതിന് 105.90 ഏക്കർ സ്ഥലവും നമ്പ്യാർക്കല്ലിൽ ഡൈവേർഷൻ കനാൽ നിർമ്മിക്കുന്നതിന് 3.23 ഏക്കർ സ്ഥലവും ഏറ്റെടുക്കേണ്ടതുണ്ട്. ഇതിനായി കിഫ്ബിയിൽനിന്നും 178.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട്, ഹോസ്ദുർഗ്, അജാനൂർ, ബല്ല എന്നീ വില്ലേജുകളിലായി

സ്ഥലം ഏറ്റെടുക്കേണ്ടതിൽ ബല്ല ഒഴികെയുള്ള വില്ലേജുകളിൽ 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) ഓരോ റീച്ചിലും ഏറ്റെടുക്കേണ്ടിവരുന്ന ഭൂമിയുടെ വിശദാംശം ലഭ്യമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് പഞ്ചായത്തിൽ അപ്രോച്ച് റോഡോടുകൂടിയ പാലം നിർമ്മാണത്തിനായി കടകം ഭാഗത്ത് ഏകദേശം 0.156 ഹെക്ടർ തെക്കേ അരയതുരുത്ത്, ഏകദേശം 0.161 ഹെക്ടർ വടക്കേ അരയതുരുത്ത് ഏകദേശം 0.1351 ഹെക്ടർ എന്നിങ്ങനെ ഭൂമിയേറ്റെടുക്കൽ നടപടികൾ നടന്നുവരുന്നു. വർക്കല ഭാഗത്ത് കനാൽ തീരത്ത് പട്ടയമുള്ള ഭൂമികളുടെ ലിസ്റ്റ് തയ്യാറാക്കിവരുന്നു. ആയത് പൂർത്തീകരിച്ചാൽ മാത്രമേ ടി ഭാഗത്തെ വിസ്തീർണ്ണം അറിയാൻ സാധിക്കുകയുള്ളൂ. കോഴിക്കോട് ജില്ലയിൽ വടകര–മാഹി കനാലിന്റെ ഒന്നാം റീച്ചിൽ 20.81 ഏക്കറും അഞ്ചാം റീച്ചിൽ 34.99 ഏക്കറും കാസർഗോഡ് ജില്ലയിൽ നീലേശ്വരം ബേക്കൽ ജലപാതയിൽ 109.13 ഏക്കർ സ്ഥലവും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

(ഡി) എവിടെയെല്ലാമാണ് നടപ്പാത നിർമ്മാണം, സൗന്ദര്യവൽക്കരണം, ലാൻഡ് സ്കേപ്പിംഗ് അടക്കമുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ അഞ്ചുതെങ്ങ് പഞ്ചായത്തിലെ കായിക്കരകടവ്, വക്കം പഞ്ചായത്തിലെ പണയിൽകടവ്, ചെറുന്നിയൂർ പഞ്ചായത്തിലെ പുത്തൻകടവ്, കഠിനംകുളം പഞ്ചായത്തിലെ കഠിനംകുളം കടവ് എന്നീ ഭാഗങ്ങളിൽ ബോട്ടുജെട്ടിയും അതിനോടനുബന്ധിച്ച് സൗന്ദര്യവൽക്കരണ പ്രവൃത്തികളും നടന്നുവരികയാണ്. തിരുവനന്തപുരം ഭാഗത്ത് കഠിനംകുളം കായൽ മുഖത്ത് ബോട്ടുജെട്ടി നിർമ്മാണം, നടപ്പാത നിർമ്മാണം എന്നിവ പൂർത്തിയായിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കി വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നമുറയ്ക്ക് സൗന്ദര്യവൽക്കരണം, കനാൽ ലാൻഡ് സ്കേപ്പിംഗ് എന്നിവയ്ക്കുള്ള സ്ഥലങ്ങൾ നിശ്ചയിക്കുന്നതാണ്. വർക്കലയിൽ അരിവാളത്തിനും തൊട്ടിൽപാലത്തിനും ഇടയിലുള്ള കനാൽതീരത്ത് നടപ്പാതനിർമ്മാണം, കനാൽ സൗന്ദര്യവൽക്കരണം,

ലാൻഡ് സ്കേപ്പിംഗ് എന്നീ പ്രവൃത്തികൾക്ക് തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്.

(ഇ) ദേശീയ ജലപാത വികസനവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ സംസ്ഥാനത്തെ ടൂറിസം വികസനത്തിനുതകുന്ന തരത്തിൽ രൂപപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉൾനാടൻ ജലഗതാഗത മാർഗ്ഗങ്ങൾ വികസിപ്പിക്കുക എന്നതിനൊപ്പം സംസ്ഥാനത്തെ ടൂറിസം വികസനംകൂടി സാധ്യമാകുന്ന രീതിയിലാണ് നിലവിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്.

**എറണാകുളം നഗരത്തിലെ കനാൽ റിജുവനേഷൻ പദ്ധതി**

76 (2075) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നഗരത്തിന് അനുവദിച്ച കനാൽ റിജുവനേഷൻ പദ്ധതിയുടെ തൽസ്ഥിതി വെളിപ്പെടുത്തുമോ?

കൊച്ചി നഗരത്തിലെ ആറ് കനാലുകൾ പുനരുജ്ജീവിപ്പിക്കുന്നതിനായി ഇന്റഗ്രേറ്റഡ് അർബൻ റീ-ജനറേഷൻ & വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം

(IURWTS) പ്രോജക്ട് 1,528.27 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെ.എം.ആർ.എൽ.) മുഖേന നടപ്പാക്കുന്നതിന് 2021-ൽ തത്വത്തിലുള്ള ഭരണാനുമതി നൽകിയിരുന്നു. ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഇടപ്പള്ളി കനാലിലും ചിലവന്നൂർ കനാലിലും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ പദ്ധതിയുടെ ഭാഗമായി നടപ്പാക്കാനുദ്ദേശിച്ചിരുന്ന സ്വീവേജ് ശൃംഖല വിപുലപ്പെടുത്തി കൊച്ചി നഗരത്തിനുള്ള സമഗ്രമായ ഒരു സ്വീവേജ് ശൃംഖലയായി നടപ്പിലാക്കുന്നകാര്യം പരിശോധിച്ചുവരുന്നു. എളംകുളം, പേരണ്ടൂർ, മുട്ടാർ, വെണ്ണല എന്നീ സ്ഥലങ്ങളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകി നടപ്പാക്കിവരുന്നു. നാളിതുവരെ 2,060.32 കോടി രൂപയുടെ ധനസഹായത്തിന് കിഫ്ബിയിൽനിന്നും അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ചിലവന്നൂർ ടാങ്ക് ബണ്ട് റോഡ് പാലത്തിന്റെ നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) ഏതെല്ലാം കനാലുകളാണ് ഈ പദ്ധതിയിലുൾപ്പെട്ടിട്ടുള്ളത്; പദ്ധതിയിലുൾപ്പെട്ടിട്ടുള്ള ഓരോ കനാലുകളുടെയും നിലവിലെ വീതിയും പദ്ധതിക്കുശേഷമുണ്ടാകുന്ന വീതിയും എത്രയെന്ന് വെളിപ്പെടുത്തുമോ?

1. ഇടപ്പള്ളി കനാൽ - നിലവിലെ വീതി 5 മീറ്റർ മുതൽ 180 വരെ. പദ്ധതിക്കുശേഷം ലക്ഷ്യമിടുന്ന ഏറ്റവും ചുരുങ്ങിയ വീതി 16.50 മീറ്റർ.
2. ചിലവന്നൂർ കനാൽ - നിലവിലെ വീതി 2 മീറ്റർ മുതൽ 300 മീറ്റർ വരെ പദ്ധതിക്കുശേഷം ലക്ഷ്യമിടുന്ന ഏറ്റവും ചുരുങ്ങിയ വീതി 16.50 മീറ്റർ.
3. പേരണ്ടൂർ കനാൽ - നിലവിലെ വീതി 2 മീറ്റർ മുതൽ 110 മീറ്റർ വരെ. പദ്ധതിക്കുശേഷം ലക്ഷ്യമിടുന്ന ഏറ്റവും ചുരുങ്ങിയ വീതി 16.50 മീറ്റർ.
4. തേവര കനാൽ - നിലവിലെ വീതി 13 മീറ്റർ മുതൽ 25 മീറ്റർ വരെ. പദ്ധതിക്കുശേഷം ലക്ഷ്യമിടുന്ന ഏറ്റവും ചുരുങ്ങിയ വീതി 16.50 മീറ്റർ.
5. മാർക്കറ്റ് കനാൽ - നിലവിലെ വീതി 2 മീറ്റർ മുതൽ 20 മീറ്റർ വരെ. ഇവിടെ തൽസ്ഥിതി തുടരുന്നതിനാൽ നിലവിലെ വീതിയിൽ മാറ്റമുണ്ടാവുകയില്ല.

6. കോന്തുരുത്തി കനാൽ - നിലവിലെ വീതി 2 മീറ്റർ മുതൽ 20 മീറ്റർ വരെ. പദ്ധതിക്കുശേഷം ലക്ഷ്യമിടുന്ന ഏറ്റവും ചുരുങ്ങിയ വീതി 16.50 മീറ്റർ.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പുനരധിവാസം ക്രമപ്പെടുത്തിയിട്ടുള്ളത് എങ്ങനെയാണെന്ന് വിശദമാക്കാമോ?

പ്രസ്തുത പദ്ധതിക്കുവേണ്ടി കനാൽ പുറമ്പോക്ക് നിർണ്ണയിക്കുന്ന നടപടിക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ആയതിനാൽ പ്രത്യേക പുനരധിവാസ പാക്കേജൊന്നും നാളിതുവരെ രൂപപ്പെടുത്തിയിട്ടില്ല.

(ഡി) പദ്ധതിയുടെ ഭാഗമായ പുഴകളിലൂടെ യാത്രാ ബോട്ട് ഉൾപ്പെടെയുള്ള സർവീസുകൾ ആരംഭിക്കുമോ; വിശദമാക്കാമോ?

ഇടപ്പള്ളി കനാൽ ഉടനീളത്തിൽ ബോട്ട് ഗതാഗതത്തിന് യോഗ്യമാക്കുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിടുന്നത്. മാർക്കറ്റ് കനാലിൽ ബോട്ട് ഗതാഗതം വിഭാവനം ചെയ്തിട്ടില്ല. ബോട്ടുകളുടെ സഞ്ചാരത്തിനായി റെയിൽവേ പാലങ്ങൾ ഉയർത്തുന്നത് പ്രായോഗികമല്ലാത്തതിനാൽ ബാക്കിയുള്ള കനാലുകളിൽ ജല ഗതാഗതം വിഭാവനം ചെയ്തിട്ടില്ല.

(ഇ) പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ?

മുഴുവൻ ഭൂമിയും പദ്ധതി നിർവഹണ ഏജൻസിയായ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് കൈമാറിയതിനുശേഷം 36 മാസംകൊണ്ട് നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**അരൂക്കുറ്റി, പെരുമ്പളം ദ്വീപ് എന്നിവടങ്ങളിലേയ്ക്ക്**
**കൊച്ചി വാട്ടർ മെട്രോ**

77 (2076) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി വാട്ടർ മെട്രോ നിലവിൽ ഏതൊക്കെ പ്രദേശങ്ങളിൽ സർവീസ് നടത്തുന്നുണ്ടെന്ന് വിശദമാക്കാമോ?

ഫോർട്ട് കൊച്ചി, ഹൈകോർട്ട്, വൈപ്പിൻ, ബോൾഗാട്ടി, മുളവുകാട്, സൗത്ത് ചിറ്റൂർ, ചേരാനല്ലൂർ, ഏലൂർ, വൈറ്റില, കാക്കനാട് എന്നീ പത്ത് പ്രദേശങ്ങളിൽ കൊച്ചി വാട്ടർ മെട്രോ നിലവിൽ സർവീസ് നടത്തുന്നുണ്ട്.

(ബി) എറണാകുളത്തിന്റെ ഉപഗ്രഹ നഗരമായ അരൂരിലെ അരൂക്കുറ്റി, പെരുമ്പളം ദ്വീപ് എന്നീ പ്രദേശങ്ങളിലേയ്ക്ക് വാട്ടർ മെട്രോ സർവീസ് നീട്ടുന്നതിന് നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**പ്രവാസി പുനരധിവാസത്തിനായി സ്വാശ്രയ സംഘങ്ങൾ**

78 (2077) <u>ശ്രീ. മുരളി പെരുനെല്ലി:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിൽ തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി രൂപീകരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര സ്വാശ്രയ സംഘങ്ങൾ മണലൂർ മണ്ഡലത്തിലുണ്ടെന്ന് അറിയിക്കാമോ?

നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിവരങ്ങൾ ലഭ്യമല്ല.

(ബി) അവയ്ക്ക് ഗ്രൂപ്പടിസ്ഥാനത്തിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് നൽകിയ സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കുടുംബശ്രീക്ക് നൽകുന്നതുപോലുള്ള ആനുകൂല്യങ്ങൾ ഇത്തരത്തിലുള്ള സ്വയംസഹായ സ്വാശ്രയ സംഘങ്ങൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

'പ്രവാസി സംഘങ്ങൾക്ക് സഹായം' പദ്ധതിയുടെ മാനദണ്ഡങ്ങളനുസരിച്ച് പ്രവർത്തിക്കുന്ന പ്രവാസി സംഘങ്ങൾക്ക് നിലവിൽ

മൂന്ന് ലക്ഷം രൂപയുടെ (രണ്ടുലക്ഷം രൂപ മൂലധനം, ഒരുലക്ഷം രൂപ ഷെയർ പാരിറ്റി) ഒറ്റത്തവണ ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

**വിദേശ ഭാഷാ ലാബ് സ്ഥാപിക്കുന്നതിന് നടപടി**

79 (2078) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നോർക്കയുടെ കീഴിൽ വിദേശ ഭാഷകളിൽ പരിശീലനം നൽകുന്നതിന് വിദേശ ഭാഷാ ലാബ് സ്ഥാപിക്കുന്നതിന് ആലപ്പുഴ നിയോജകമണ്ഡലത്തിൽനിന്നും ലഭിച്ച അപേക്ഷയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ?

നോർക്കയുടെ കീഴിൽ ബഹുഭാഷാ പരിശീലനം നൽകുന്നതിനും മൈഗ്രേഷൻ ഫെസിലിറ്റേഷൻ ഉറപ്പുവരുത്തുന്നതിനുമായി ആരംഭിച്ച നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജസ്-ന്റെ സാറ്റ്ലൈറ്റ് സെന്റർ ആലപ്പുഴ ഉൾപ്പടെ വിവിധ ജില്ലകളിൽ ആരംഭിക്കുന്നതിനുള്ള താൽപ്പര്യപത്രം നോർക്ക റൂട്ട്സ് ക്ഷണിച്ചിട്ടുണ്ട്. ആലപ്പുഴ നിയോജകമണ്ഡലത്തിൽനിന്നും ലഭിച്ച അപേക്ഷ പരിശോധിച്ചുവരുന്നു.

## ഒ.കെ.എച്ച്.ഐ.എൽ. – ടൂറിസം, പശ്ചാത്തല സൗകര്യങ്ങൾ, വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നടപടി

80 (2079) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ.കെ.എച്ച്.ഐ.എൽ. എന്ന കമ്പനിയുടെ കീഴിൽ ടൂറിസം, പശ്ചാത്തല സൗകര്യങ്ങൾ, വ്യവസായങ്ങൾ എന്നിവ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്?

ഒന്നാം ലോക കേരള സഭയുടെ ശിപാർശ പ്രകാരം 2019-ൽ നോർക്ക വകുപ്പിന്റെ കീഴിൽ പ്രവാസി മലയാളികളുടെ തൊഴിൽ വൈദഗ്ധ്യവും നിക്ഷേപസാധ്യതകളും പ്രയോജനപ്പെടുത്തി കേരളത്തിൽ വികസന പ്രവർത്തനങ്ങൾ സാധ്യമാക്കുന്നതിനായി 100 ശതമാനം സർക്കാർ കമ്പനിയായ ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ് രൂപീകരിച്ചു. അന്താരാഷ്ട്ര നിലവാരത്തിലുള്ള ദേശീയ/സംസ്ഥാന പാതയോരത്തെ വിശ്രമകേന്ദ്രങ്ങൾ (വേസൈഡ് അമിനിറ്റീസ് പ്രോജക്ട്) ഒ.കെ.ഐ.എച്ച്.എൽ.-ന്റെ കീഴിൽ

നിർമ്മിക്കാനാണുദ്ദേശിക്കുന്നത്. റെസ്റ്റ് സ്റ്റോപ് എന്നപേരിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

(ബി) പ്രസ്തുത കമ്പനിയുടെ കീഴിലുള്ള റെസ്റ്റ് സ്റ്റോപ്പ് സെന്റർ നിർമ്മാണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

റെസ്റ്റ് സ്റ്റോപ് പ്രോജക്ടിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ തലപ്പാടിയിൽ ടാക്സസ് വകുപ്പിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന ഒമ്പത് ഏക്കർ ഭൂമിയിൽനിന്നും 5.5 ഏക്കർ ഭൂമി ഒ.കെ.ഐ.എച്ച്.എൽ.-ന്റെ ഉടമസ്ഥതയിലേയ്ക്ക് മാറ്റാനുള്ള തീരുമാനമായിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ അതിവിശാലമായ പാർക്കിംഗ് സൗകര്യങ്ങളോടുകൂടി 50000 സ്ക്വയർ ഫീറ്റിൽ യാത്രക്കാർക്ക് വഴിയോര വിശ്രമത്തിനായി സൗകര്യങ്ങളൊരുക്കുന്നതാണ്. റെസ്റ്റ് സ്റ്റോപ് പ്രോജക്ടിൽ ഇന്റർനാഷണൽ നിലവാരത്തിലുള്ള ഫുഡ് കോർട്ടുകൾ, സ്റ്റോറുകൾ, പെട്രോൾ സ്റ്റേഷനുകൾ, വാഹന അറ്റകുറ്റപ്പണി കേന്ദ്രങ്ങൾ, പോലീസ് എയ്ഡ് പോസ്റ്റുകൾ, ചെറിയ ക്ലിനിക്കുകൾ, വാഷ്റൂമുകൾ തുടങ്ങിയവ ഉൾപ്പെടുന്നു. അന്താരാഷ്ട്ര സവിശേഷതകളും

സൗകര്യങ്ങളുമുള്ള റെസ്റ്റ് സ്റ്റോപ് സെന്ററുകളുടെ ഡിസൈൻ അന്താരാഷ്ട്ര ആർക്കിടെക്ചറൽ കമ്പനിവഴി വികസിപ്പിച്ചെടുത്തിട്ടുണ്ട്.

**ലോക കേരള സഭ**

81 (2080) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ലോക കേരള സഭയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ?

നാടിന്റെ വികസനത്തിൽ നിർണ്ണായക പങ്കുവഹിക്കുന്ന പ്രവാസികളെ ഭരണനിർവഹണത്തിനൊപ്പം ചേർത്തുനിർത്തുന്ന ജനാധിപത്യ പ്രക്രിയയാണ് ലോക കേരള സഭ. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലും ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള പ്രവാസി കേരളീയരുടെ കൂട്ടായ്മയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും കേരളീയ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക വികസനത്തിനായി പ്രവാസികളെ സംസ്ഥാനവുമായി സമന്വയിപ്പിക്കുന്നതിനും ക്രിയാത്മകമായ നിർദേശങ്ങളും സംഭാവനകളും നൽകുന്നതിനും അവരുടെ പ്രശ്നങ്ങൾ ചർച്ച

ചെയ്യുന്നതിനുമായി കേരളത്തിലെ ജനപ്രതിനിധികളോടൊപ്പമുള്ള ഒരു പൊതുവേദിയായാണ് ലോക കേരള സഭ വിഭാവനം ചെയ്തിട്ടുള്ളത്. ലോക കേരള സഭയുടെ താൽപ്പര്യവൃത്തത്തിൽ വരുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും ഇന്ത്യൻ ഭരണഘടനയ്ക്കും ആതിഥേയ രാജ്യങ്ങളിലെ ഭരണവ്യവസ്ഥകൾക്കും അന്താരാഷ്ട്ര കരാറുകൾക്കും ഉഭയകക്ഷി ഉടമ്പടികൾക്കും വിരുദ്ധമാകാത്തതും പൊതുസമ്മതമായ തീരുമാനങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനും അനുഭാവപൂർണ്ണമായ നടപടികൾ ശിപാർശ ചെയ്യുന്നതിനും ലോക കേരള സഭ പ്രയത്നിക്കുന്നു.

(ബി) നാളിതുവരെ എത്ര ലോക കേരള സഭകൾ കൂടിയിട്ടുണ്ടെന്നും ആയത് സമ്മേളിച്ചത് എവിടെയെല്ലാമായിരുന്നുവെന്നും ഓരോ സഭയ്ക്കും ചെലവായ തുക സഹിതം അറിയിക്കുമോ?

ലോക കേരള സഭയുടെ നാല് സമ്മേളനങ്ങളാണ് നാളിതുവരെ സംഘടിപ്പിച്ചിട്ടുള്ളത്. നിയമസഭയിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ വച്ചാണ് നാല് സമ്മേളനങ്ങളും ചേർന്നിട്ടുള്ളത്. ലോക

കേരള സഭയുടെ ഒന്നാം സമ്മേളനത്തിനായി 2,03,21,861/- രൂപയും രണ്ടാം സമ്മേളനത്തിനായി 1,21,68,733/- രൂപയും മൂന്നാം സമ്മേളനത്തിനായി 1,14,49,533/- രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. നാലാം സമ്മേളനത്തിന് ചെലവായ തുക കണക്കാക്കിവരുന്നു.

(സി) ലോക കേരള സഭയിലൂടെ പ്രവാസികൾ ഉന്നയിച്ച സുപ്രധാന ആവശ്യങ്ങളും അതിന്മേൽ സ്വീകരിച്ച നടപടികളെന്തെല്ലാമായിരുന്നുവെന്നും വെളിപ്പെടുത്തുമോ;

(ഡി) ഇത്തരത്തിൽ ലോക കേരള സഭ നടത്തിയതുകൊണ്ട് പ്രവാസികൾക്കുണ്ടായ നേട്ടങ്ങളെന്തെല്ലാമായിരുന്നുവെന്ന് അറിയിക്കുമോ?

(സി&ഡി) നൂറോളം രാജ്യങ്ങളിലെ പ്രവാസി മലയാളികളെ സർക്കാരുമായി ബന്ധിപ്പിക്കാൻ ലോക കേരള സഭയ്ക്ക് കഴിഞ്ഞു. അടിയന്തര രക്ഷാപ്രവർത്തനങ്ങളോ ഏകോപനങ്ങളോ നടത്തേണ്ടിവരുന്ന സാഹചര്യങ്ങളിൽ അതത് രാജ്യങ്ങളിലുള്ള പ്രവാസി മലയാളികളിലേക്ക് അതിവേഗം എത്തിച്ചേരാനും സഹായമെത്തിക്കാനും ലോക കേരള സഭ അംഗങ്ങളിലൂടെ സാധിക്കുന്നു. സർക്കാർ പ്രവാസികൾക്കായി നൽകുന്ന

ക്ഷേമപദ്ധതികൾ അർഹരായ പ്രവാസി മലയാളികളിലേക്കെത്തിക്കാൻ സാധിക്കുന്നു. കൂടാതെ, മലയാളി പ്രവാസികളുമായും സംഘടനകളുമായും നിരന്തര ആശയവിനിമയത്തിനുള്ള സംവിധാനം രൂപപ്പെടുത്താനും സാധിച്ചു. ലോക കേരള സഭയിൽ പ്രവാസികൾ ഉന്നയിച്ച വിഷയങ്ങളിൽ താഴെക്കാണുന്നവയിൽ നടപടി സ്വീകരിച്ചു.

1. കേരളത്തിന്റെ പുരോഗതിക്കുതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കാൻ മുഖ്യമന്ത്രി ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് ലിമിറ്റഡ് രൂപവൽക്കരിച്ചു. പ്രസ്തുത കമ്പനിയുടെ പ്രഥമ സംരംഭമാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള ദേശീയ/സംസ്ഥാന പാതയോരത്തെ way side amenities പ്രോജക്ട്. Reststop എന്നപേരിൽ SPV രൂപീകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

2. പ്രവാസികളായ കേരളീയരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ നിരവധി നൂതന

കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന പ്രവാസിക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 എന്നപേരിൽ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

3. വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിത കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ.ആർ.കെ. വനിതാ സെൽ രൂപീകരിച്ചു.

4. നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട് ഹൈ പവർ കമ്മിറ്റി രൂപീകരിച്ചു.

5. കുടിയേറ്റവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും CENTRE FOR DEVELOPMENT STUDIES (CDS)-ൽ അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രം സ്ഥാപിച്ചു. ഇതിന്റെ പ്രവർത്തനം CDS-ൽ നടന്നുവരുന്നു.

6. പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം 'ലോക മലയാളം' എന്നപേരിൽ ആരംഭിച്ചു.

7. പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായി എല്ലാ ജില്ലയിലും ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

8. പ്രവാസികളുടെ റവന്യൂ-സർവെ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട അപേക്ഷകളും പരാതികളും നിവേദനങ്ങളും സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പ് പ്രവാസിമിത്രം പോർട്ടൽ ആരംഭിച്ചു.

9. മൂന്നാം ലോക കേരള സഭയിലുയർന്ന നിർദേശങ്ങളിലൊന്നായ കേരള മൈഗ്രേഷൻ സർവെ 2023 സംഘടിപ്പിച്ചു.

10. ലോക മലയാളികൾക്ക് സംവദിക്കാൻ ഒരു ഡിജിറ്റൽ ഇടം എന്ന നിരന്തര നിർദേശം പരിഗണിച്ച് സർക്കാർ 'ലോക കേരളം ഓൺലൈൻ' എന്ന പോർട്ടൽ രൂപീകരിച്ചു.

11. പ്രവാസി യുവസംരംഭകർക്ക് കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിക്കാനായി സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി എന്ന പദ്ധതി

ആരംഭിച്ചു. വിദേശ മലയാളികളെ സംരംഭകത്വത്തിലേക്ക് ആകർഷിക്കുക, ഉയർന്ന സാമ്പത്തികശേഷിയുള്ള വിദേശ ഇന്ത്യക്കാരിൽനിന്നും കേരളത്തിൽ സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപം ലഭ്യമാക്കുക, കേരളത്തിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് അവരുടെ ബിസിനസ് സംബന്ധമായ ആവശ്യങ്ങൾക്ക് വിദേശരാജ്യങ്ങൾ സന്ദർശിക്കുമ്പോൾ പ്രവർത്തന സ്ഥലവും ഉപഭോക്താക്കളെ ബന്ധപ്പെടുന്നതിനുള്ള സൗകര്യവും ലഭ്യമാക്കുക തുടങ്ങിയ ഉദ്ദേശ്യലക്ഷ്യങ്ങളോടെ ആരംഭിച്ച പദ്ധതിയുടെ ആദ്യഘട്ടമായി ദുബായിൽ കേന്ദ്രം പ്രവർത്തനമാരംഭിച്ചു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത കേന്ദ്രത്തിൽ 10 സ്റ്റാർട്ടപ്പുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. ബെൽജിയം സർക്കാർ അധീനതയിലുള്ള 'ഹബ്ബ് ബ്രസൽസ്' സൗജന്യമായി നൽകിയ സ്ഥലത്ത് 'സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെന്റർ, ബെൽജിയം' ആരംഭിച്ചിട്ടുണ്ട്. ഓസ്ട്രേലിയയിൽ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെന്റർ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവച്ച് പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**ബോംബ് നിർമ്മാണവും ആക്രമണങ്ങളും**

82 (2081) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് അനധികൃതമായി ബോംബ് നിർമ്മാണം നടത്തിയിരുന്ന വ്യക്തികൾക്കും കൂട്ടായ്മകൾക്കുമെതിരെ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് 21-05-2021 മുതൽ 31-05-2024 വരെ സംസ്ഥാനത്ത് അനധികൃത ബോംബ് നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിലായി 6 കേസുകൾ രജിസ്റ്റർ ചെയ്യുകയും 23 പ്രതികളെ അറസ്റ്റ് ചെയ്ത് ശക്തമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ ബോംബ് നിർമ്മാണത്തിനിടയിൽ ആളുകൾ കൊല്ലപ്പെട്ട സംഭവങ്ങൾ അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടിയെടുത്തതിന്റെ വിശദവിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ഇത്തരത്തിൽ ഒരു സംഭവം 05-04-2024-ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസിൽ അന്വേഷണം നടത്തി എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്ത് നിയമ നടപടിക്ക് വിധേയമാക്കിയിട്ടുണ്ട്.

(സി) അനധികൃതമായി ബോംബ് നിർമ്മിക്കുന്നതും സ്ഫോടകവസ്തുക്കൾ ശേഖരിക്കുന്നതും കണ്ടെത്തി നടപടിയെടുത്തിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) ബോംബാക്രമണവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ എണ്ണമെത്രയാണെന്ന വിവരം ലഭ്യമാക്കാമോ;

(ഇ) ബോംബ് നിർമ്മാണം, സ്ഫോടകവസ്തുക്കളുടെ ശേഖരണം, ബോംബാക്രമണം എന്നിവയുമായി ബന്ധപ്പെട്ട് പ്രസ്തുത കാലയളവിൽ രജിസ്റ്റർ ചെയ്ത കേസുകളിൽ എത്രപേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

(സി-ഇ) 21-05-2021-മുതൽ 31-05-2024 വരെയുള്ള കാലയളവിൽ ബോംബ് നിർമ്മാണവുമായി ബന്ധപ്പെട്ട് 6 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പൊലീസ് നടത്തിയ വ്യാപക പരിശോധനയെത്തുടർന്ന് സ്ഫോടകവസ്തുക്കളുടെ ശേഖരണവുമായി ബന്ധപ്പെട്ട് 254 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 94 കേസുകൾ അന്വേഷണാവസ്ഥയിലാണ്. കോടതി വിചാരണയിൽ തീർപ്പായ 30 കേസുകളിലെ 54 പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്. ബോംബാക്രമണവുമായി ബന്ധപ്പെട്ട 74 കേസുകളിൽ 19 കേസുകൾ അന്വേഷണാവസ്ഥയിലാണ്. 15 കേസുകൾ ബഹുമാനപ്പെട്ട കോടതികളിൽ വിചാരണയിലാണ്. ബാക്കിയുള്ളവ UD ആയി തീർപ്പായിട്ടുള്ളതാണ്.

(എഫ്) ബോംബ് നിർമ്മാണം, സ്ഫോടകവസ്തുക്കളുടെ ശേഖരണം എന്നിവ തടയുന്നതിന് സ്വീകരിക്കുന്ന മുൻകരുതലുകളും മറ്റ് നടപടികളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് എല്ലാ ജില്ലകളിലും BDDS-ന്റെ സഹായത്തോടെ പ്രധാന സ്ഥലങ്ങളിൽ റെയ്ഡുകൾ നടത്തുകയും എക്സ്പ്ലോസീവ് ലൈസൻസുകളും

Arms ലൈസൻസുകളും Ware House-കളും പാറമടകളും കൃത്യമായ ഇടവേളകളിൽ പരിശോധനക്ക് വിധേയമാക്കുകയും കൂടാതെ സ്റ്റേഷൻ പരിധികളിൽ പട്രോളിംഗ് ശക്തമാക്കിയിട്ടുള്ളതും സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിച്ചും ബോംബ് സ്ക്വാഡിന്റെയും ഡോഗ് സ്ക്വാഡിന്റെയും സഹായത്തോടെ പരിശോധനകൾ നടത്തിയും അനധികൃത ബോംബ് നിർമ്മാണം, സ്ഫോടക വസ്തുക്കളുടെ ശേഖരണം എന്നിവ തടയുന്നതിനാവശ്യമായ ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ആദിവാസി ഭൂമി കൈയേറ്റ റിപ്പോർട്ട്**

83 (2082) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അട്ടപ്പാടിയിലെ ആദിവാസി ഭൂമി കൈയേറ്റവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസും പൊലീസും എന്തെങ്കിലും റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്; റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

അട്ടപ്പാടിയിലെ ആദിവാസി ഭൂമി കൈയേറ്റവുമായി ബന്ധപ്പെട്ട പരാതി വിഷയത്തിൽ വിജിലൻസ് ഡയറക്ടറിൽനിന്നും 19-06-2024-ൽ ലഭ്യമായ പ്രാഥമികാന്വേഷണ റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്.

**ക്രമസമാധാന പരിപാലനം**

84 (2083) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രമസമാധാന പരിപാലനത്തിൽ ഏറ്റവും മികച്ച സംസ്ഥാനമായി കേരളം തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ക്രമസമാധാന പാലനത്തിന് ദേശീയതലത്തിൽ പ്രത്യേകം അവാർഡുകൾ ഏർപ്പെടുത്തിയിട്ടില്ല. ഇന്ത്യൻ പൊലീസ് ഫൗണ്ടേഷൻ നടത്തിയ സർവെ പ്രകാരം അഴിമതിയില്ലാത്ത പൊലീസ് സേനയെന്ന ബഹുമതി കേരള പോലീസിന് ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മെച്ചപ്പെട്ട ക്രമസമാധാന നിലയുള്ളതുകൊണ്ടാണ് ഇത്തരം സർവെകളിൽ കേരളത്തിന് മികച്ച സ്ഥാനം നേടാൻ സാധിക്കുന്നത്.

(ബി) നാഷണൽ ക്രൈം ബ്യൂറോയുടെ കണക്കനുസരിച്ച് ഓരോ സംസ്ഥാനത്തെയും കുറ്റകൃത്യങ്ങളുടെ വിവരം നൽകാമോ?

നാഷണൽ ക്രൈം ബ്യൂറോയുടെ കണക്കനുസരിച്ച് ഓരോ സംസ്ഥാനത്തെയും കുറ്റകൃത്യങ്ങളുടെ വിവരം (2020-2022) ഇതോടൊപ്പം അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.+

(സി) സംസ്ഥാനത്ത് ഗുണ്ടകളെ നിയന്ത്രിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഗുണ്ടകളെയും സാമൂഹ്യവിരുദ്ധരെയും അമർച്ച ചെയ്യുന്നതിനും പൊതുസമാധാന സുരക്ഷ ഉറപ്പുവരുത്തുന്നതിനും കുറ്റവാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും ഓപ്പറേഷൻ ആഗ് സ്പെഷ്യൽ ഡ്രൈവ് നടത്തിയിട്ടുണ്ട്. കൂടാതെ മയക്കുമരുന്ന് വിപണനം തടയുന്നതിനായി ഓപ്പറേഷൻ ഡി-ഹണ്ട് എന്നപേരിൽ സ്പെഷ്യൽ ഡ്രൈവ് നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധരെയും അമർച്ച ചെയ്യുന്നതിനും അവർക്കെതിരെ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിനുമായി 'ഓപ്പറേഷൻ കാവൽ' എന്നപേരിൽ ഒരു പദ്ധതി എല്ലാ ജില്ലകളിലും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആരംഭിച്ചിട്ടുണ്ട്. ഇതുപ്രകാരം ഓരോ പൊലീസ് സ്റ്റേഷൻ പരിധിയിലും ഗുണ്ടാ-സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിലേർപ്പെട്ട് വരുന്നവരെ കണ്ടെത്തി സമയബന്ധിതമായി അവർക്കെതിരെ കാപ്പാ നിയമം ഉൾപ്പെടെയുള്ള കരുതൽ നടപടികളും മറ്റ് നിയമനടപടികളും സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് ഗുണ്ടകൾ, മയക്കുമരുന്ന് സംഘങ്ങൾ തുടങ്ങിയവരുടെ സംഘടിത പ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്യുന്നതിനായി 16-12-2021-ലെ സംസ്ഥാന പൊലീസ് മേധാവിയുടെ സർക്കുലർ നം. 34/2021/PHQ ഉത്തരവ് പ്രകാരം എല്ലാ പൊലീസ് ജില്ലകളിലെയും പൊലീസ് മോധാവിമാരുടെ മേൽനോട്ടത്തിൽ Special Action Group against Organised Crimes (SAGOC) രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഓരോ പൊലീസ് സ്റ്റേഷനുകളിലും Anti-Organised Crimes Cell (AOCC) ആരംഭിക്കാനും നിർദേശം നൽകിയിട്ടുണ്ട്. ആയതുപ്രകാരം സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നേതൃത്വത്തിൽ രണ്ട് പോലീസുദ്യോഗസ്ഥർ ഉൾക്കൊള്ളുന്ന പ്രസ്തുത AOCC അതത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും സസൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ നിയമനടപടികൾ

കുറ്റവാളികൾക്കെതിരെ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാരും അവരവരുടെ സ്റ്റേഷൻ പരിധിയിൽ നടക്കുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങളെ ഇല്ലാതാക്കുന്നതിന് സദാ ജാഗരൂകരായിരിക്കാനും കൃത്യമായ പട്രോളിംഗ് നടത്തി ആവശ്യമായ മേൽനടപടികൾ സ്വീകരിക്കാനും നിർദേശം നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് മയക്കുമരുന്ന് ഉപയോഗം തടയുന്നതിന് പൊലീസ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മയക്കുമരുന്ന് ഉപയോഗവും വിതരണവും തടയുന്നതിനായി ഓപ്പറേഷൻ ആഗ് മുഖേന സ്പെഷ്യൽ ഡ്രൈവ് നടത്തിയിട്ടുണ്ട്. ലഹരി മാഫിയ സംഘങ്ങളെ അമർച്ച ചെയ്യാനും ലഹരി കടത്ത് തടയാനുമായി ജില്ലാ പൊലീസ് മേധാവിമാരുടെ കീഴിൽ DANSAF രൂപീകരിച്ച് റെയിൽവെ സ്റ്റേഷൻ കേന്ദ്രീകരിച്ച് ട്രെയിനുകളിലും പ്രധാന ബസ് സ്റ്റാന്റ്/സ്റ്റോപ്പുകൾ, ചെക്ക്പോസ്റ്റുകൾ എന്നിവിടങ്ങളിലും പരിശോധനകളും റെയ്ഡുകളും നടത്തിവരുന്നുണ്ട്. 14-05-2024-ലെ സംസ്ഥാന സർക്കാരിന്റെ വിജ്ഞാപനം

എസ്.ആർ.ഒ. നം. 434/2024 പ്രകാരം DANSAF-ലുള്ള സബ് ഇൻസ്പെക്ടർ റാങ്കിനുമുകളിലുള്ള ഉദ്യോഗസ്ഥർക്കും ജില്ലകളിലെ നാർക്കോട്ടിക് സെല്ലിലെയും സി ബ്രാഞ്ചിലെയും പൊലീസ് ഇൻസ്പെക്ടർക്കും ഡിവൈ.എസ്.പി.-ക്കും NDPS ആക്ടിലെ സെക്ഷൻ 42, 67 പ്രകാരമുള്ള അധികാരം നൽകിയിട്ടുണ്ട്. 9995966666 (യോദ്ധാവ്) എന്ന ഫോൺ നമ്പരിലൂടെ നേരിട്ട് പൊതുജനങ്ങൾക്ക് ലഹരിയുടെ ഉപയോഗം, വിൽപ്പന എന്നിവയെ സംബന്ധിച്ച പരാതി നൽകാവുന്നതാണ്. ഇക്കാര്യത്തിൽ ജനമൈത്രി പോലീസിനെ ഉപയോഗിച്ച് ശക്തമായ ബോധവത്കരണവും നടത്തിവരുന്നുണ്ട്. സ്ഥിരമായി ലഹരി കേസുകളിലുൾപ്പെടുന്ന കുറ്റവാളികൾക്കെതിരെ Prevention of Illicit Trafficking in NDPS Act 1988 (PIT NDPS) നടപടി സ്വീകരിച്ചുവരുന്നുണ്ട്. മയക്കുമരുന്ന് ഉപയോഗവും വിതരണവും തടയുന്നതിനായി കോളേജുകൾ, സ്കൂളുകൾ, യുവജന ക്ലബ്ബുകൾ എന്നീ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ജനമൈത്രീ പോലീസിന്റെ സഹായത്തോടെ ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നു.

## കുറ്റകൃത്യങ്ങളുടെയും ക്രൈം കേസുകളുടെയും വിവരങ്ങൾ

85 (2084) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജനുവരി മുതൽ 2024 മാർച്ച് വരെയുള്ള ഐ.പി.സി. കേസുകൾ, കൊലപാതകം, കൊലപാതകശ്രമം, കവർച്ച, ആക്രമിച്ച് കവർച്ച, ആക്രമിക്കൽ, സ്ത്രീപീഡനം, സ്ത്രീകളോടും കുട്ടികളോടുമുള്ള അതിക്രമം, പോക്സോ കേസുകൾ, ഗുണ്ടാ ആക്രമണങ്ങൾ എന്നീ കുറ്റകൃത്യങ്ങളുടെയും ക്രൈം കേസുകളുടെയും വിവരങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കുമോ?

2016 ജനുവരി മുതൽ 2024 മാർച്ച് വരെയുള്ള ഐ.പി.സി. കേസുകൾ, കൊലപാതകം, കൊലപാതകശ്രമം, കവർച്ച, ആക്രമിച്ച് കവർച്ച, ആക്രമിക്കൽ, സ്ത്രീപീഡനം, സ്ത്രീകളോടും കുട്ടികളോടുമുള്ള അതിക്രമം, പോക്സോ കേസുകൾ, ഗുണ്ടാ ആക്രമണങ്ങൾ എന്നീ കുറ്റകൃത്യങ്ങളുടെയും ക്രൈം കേസുകളുടെയും വർഷം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇക്കാലയളവിൽ പോലീസുകാർ പ്രതികളായ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; ഇതിൽ കുറ്റപത്രം സമർപ്പിച്ചത് എത്ര; ശിക്ഷിക്കപ്പെട്ടവർ എത്ര എന്നീ വിവരങ്ങൾ പട്ടികയായി ലഭ്യമാക്കുമോ?

രജിസ്റ്റർ ചെയ്ത 1184 കേസുകളിൽ പൊലീസ് ഉദ്യോഗസ്ഥർ പ്രതികളായി ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 921 കേസുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. വിചാരണ പൂർത്തിയായ 56 കേസുകളിലെ പൊലീസ് ഉദ്യോഗസ്ഥരെ ബഹുമാനപ്പെട്ട കോടതി ശിക്ഷിച്ചിട്ടുണ്ട്.

## നവകേരള യാത്രയോടനുബന്ധിച്ച് പ്രതിഷേധക്കാർക്കെതിരെ എടുത്ത കേസുകൾ

86 (2085) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള യാത്രയോടനുബന്ധിച്ച് കരിങ്കൊടി പ്രതിഷേധത്തിനിടെ പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തകന് പൊലീസ് അകമ്പടി വാഹനം ഇടിച്ച് പരിക്കേറ്റ സംഭവത്തിൽ കേസെടുക്കുന്നതിന് കോടതി ഉത്തരവിടുകയുണ്ടായോ?

ഉണ്ട്.

(ബി) എങ്കിൽ ഇതിന്റെയടിസ്ഥാനത്തിൽ പൊലീസ് കേസെടുത്തിട്ടുണ്ടോയെന്നും ആർക്കെല്ലാമെതിരെ ഏതൊക്കെ വകുപ്പുകൾ ചുമത്തിയാണ് കേസെടുത്തിട്ടുള്ളതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

കാട്ടാക്കട പൊലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 95/2024 u/s 279, 337, 338 IPC & 134(a), (b) of MV Act പ്രകാരം വാഹനത്തിന്റെ ഡ്രൈവറെ പ്രതിയാക്കി കേസെടുത്തിട്ടുണ്ട്.

(സി) പ്രസ്തുത കേസ് എന്നാണ് രജിസ്റ്റർ ചെയ്തതെന്നും കേസിന്റെ നിലവിലെ സ്ഥിതിയെന്താണെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

23-01-2024-ൽ രജിസ്റ്റർ ചെയ്ത കേസ് അന്വേഷണ ഘട്ടത്തിലാണ്.

(ഡി) നവകേരള യാത്രയോടനുബന്ധിച്ച് പ്രതിഷേധക്കാർക്കെതിരെ ആകെ എത്ര കേസുകളാണ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളത്?

നവകേരള യാത്രയോടനുബന്ധിച്ച് ജനാധിപത്യപരമായി പ്രതിഷേധിച്ചതിന്റെ പേരിൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. അതിനിടയിൽ

ചില ഭാഗങ്ങളിൽ സംഭവിച്ച നിയമലംഘനങ്ങളുമായി ബന്ധപ്പെട്ട് 349 കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുകയുണ്ടായി.

(ഇ) നവകേരള യാത്രയിൽ പങ്കെടുത്ത വാഹന ഡ്രൈവർമാരും സുരക്ഷാ ഉദ്യോഗസ്ഥരുമുൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്കെതിരെ ആകെ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്; ഇതിൽ എത്ര പരാതികളാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; കേസെടുത്ത പരാതികളിൽ കോടതി നിർദേശപ്രകാരമെടുത്ത കേസുകളെത്ര; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

എട്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്ത ആറ് കേസുകളിൽ ബഹുമാനപ്പെട്ട കോടതി നിർദേശം ലഭിച്ചിട്ടുണ്ട്.

**സി.എ.എ-എൻ.ആർ.സി. പ്രതിഷേധ സമരവുമായി ബന്ധപ്പെട്ട കേസുകൾ**

87 (2086) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എ.എ.-എൻ.ആർ.സി. പ്രതിഷേധ സമരവുമായി ബന്ധപ്പെട്ട് കേരള പൊലീസ് എടുത്ത എത്ര കേസുകൾ സംസ്ഥാന സർക്കാർ ഇതിനോടകം പിൻവലിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സമരവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ നിലവിലുണ്ടെന്ന കണക്ക് ജില്ല തിരിച്ച് വിശദമാക്കുമോ?

(എ&ബി) പൗരത്വനിയമ ഭേദഗതി ബില്ലിനെതിരെ നടന്ന പ്രതിഷേധ സമരവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്നിട്ടുള്ള വിവിധ സംഭവങ്ങളിൽ ഗുരുതരമായ ക്രിമിനൽ സ്വഭാവമില്ലാത്ത കേസുകൾ പിൻവലിക്കുന്നതിന് 26-02-2021-ലെ സ.ഉ. (കൈ) നം. 70/2021/ആഭ്യന്തരം പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. പൊതു ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊലീസ് തുടർനടപടി അവസാനിപ്പിച്ചതും സർക്കാർ നിരാക്ഷേപപത്രം നൽകിയ 551 കേസുകളും ഉൾപ്പെടെ 640 കേസുകൾ ബഹുമാനപ്പെട്ട കോടതിയിൽ തീർപ്പായിട്ടുണ്ട്. അവശേഷിക്കുന്ന 194 കേസുകൾ കോടതിയുടെ പരിഗണനയിലാണ്. ഇതിൽ 84 കേസുകളിൽ സർക്കാർ നിരാക്ഷേപപത്രം നൽകിട്ടുണ്ട്. ഒരു കേസ് അന്വേഷണ ഘട്ടത്തിലാണ്. കേസുകൾ പിൻവലിക്കുന്നത് കോടതികളാണ്. അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ജാമ്യം ലഭിക്കാൻ അർഹതയുള്ളതുമായ കേസുകൾ പരിശോധിച്ച് ക്രിമിനൽ നടപടിക്രമം 321 പ്രകാരം ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും

നിർദേശം നൽകിയിട്ടുണ്ട്. കേസുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

**വാടാനപ്പള്ളി പൊലീസ് സ്റ്റേഷന് പുതിയ കെട്ടിടം**

88 (2087) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പൊലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പൊലീസ് സ്റ്റേഷന്റെ കെട്ടിടനിർമ്മാണം നിലവിൽ ഏതുഘട്ടത്തിലാണ്; വിശദാംശം നൽകാമോ?

(എ&ബി) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പൊലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്ക് 2,55,93,000/- (രണ്ട് കോടി അമ്പത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റിമൂന്നായിരം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ 2022-23 വർഷത്തിൽ 50 ലക്ഷം രൂപയും 2023-24 വർഷത്തിൽ 20 ലക്ഷം രൂപയും ഉൾപ്പെടെ 70 ലക്ഷം രൂപ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റേഷന്റെ 25 ശതമാനത്തോളം നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ?

നിർമ്മാണ പ്രവൃത്തികൾ എത്രയുംവേഗം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കൊച്ചി സിറ്റി ഹിൽപാലസ് പൊലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം**

89 (2088) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സിറ്റി ഹിൽ പാലസ് പൊലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 464/2023-ന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് അറിയിക്കാമോ;

(ബി) ഈ കേസിൽ മർദ്ദനത്തിനിരയായവർ നിലവിൽ നേരിടുന്ന വലിയ രീതിയിലുള്ള ശാരീരിക ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത

കേസിൽ മർദ്ദനത്തിനിരയായവർക്ക് നീതി ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) കൊച്ചി സിറ്റി ഹിൽ പാലസ് പൊലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം. 464/2024 U/s 452, 341, 120(b), 506, 34 IPC നമ്പർ കേസിൽ കുറ്റമറ്റരീതിയിൽ അന്വേഷണം നടത്തുകയും ടി കേസിന്റെ അന്വേഷണം പൂർത്തിയാക്കി ബഹുമാനപ്പെട്ട തൃപ്പൂണിത്തുറ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ആയത് CC-190/2024 നമ്പരായി നിലവിൽ വിചാരണ നടന്നുവരുന്നതുമാണ്.

**കോതമംഗലം പൊലീസ് ക്വാർട്ടേഴ്സുകളുടെ ശോചനീയാവസ്ഥ**

90 (2089) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്ത് സ്ഥിതിചെയ്യുന്ന പൊലീസ് ക്വാർട്ടേഴ്സുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പൊലീസ് ക്വാർട്ടേഴ്സുകളുടെ അറ്റകുറ്റപ്പണികൾ നടത്തി ക്വാർട്ടേഴ്സുകൾ താമസയോഗ്യമാക്കുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. കോതമംഗലം പൊലീസ് സ്റ്റേഷൻ പരിധിയിൽ പൊലീസ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് സംസ്ഥാന പൊലീസ് മേധാവി സമർപ്പിച്ച 5,29,26,100/- രൂപയുടെ (അഞ്ച് കോടി ഇരുപത്തിയൊൻപത് ലക്ഷത്തി ഇരുപത്തിയാറായിരത്തി ഒരുന്നൂറ്) പ്രൊപ്പോസൽ പ്രത്യേക പദ്ധതിയിൽ (Scheme for Special Assistance to States for Capital Investments 2023-24 – Housing for Police Personnel and below the rank of DySPs) ഉൾപ്പെടുത്തി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. അതിൽ അനുമതി ലഭ്യമായിട്ടില്ല.

**കൊല്ലം തുറമുഖത്തിന്റെ സുരക്ഷയ്ക്കായി സുരക്ഷാ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നടപടി**

91 (2090) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം തുറമുഖത്തിലെ ഇമിഗ്രേഷൻ പ്രവർത്തനങ്ങൾക്കായി പൊലീസിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും തുറമുഖത്തിന്റെ സുരക്ഷയ്ക്കായി സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സിൽനിന്നും സുരക്ഷാ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എപ്രകാരമാണ് പുരോഗമിക്കുന്നത്; ഇക്കാര്യത്തിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ബ്യൂറോ ഓഫ് ഇമിഗ്രേഷനിലേക്ക് (കൊല്ലം തുറമുഖം) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന് സന്നദ്ധത പ്രകടിപ്പിച്ച 43 പൊലീസ് ഉദ്യോഗസ്ഥരുടെ അപേക്ഷകളും ബന്ധപ്പെട്ട രേഖകളും 30-11-2022-ൽ പൊലീസ് മേധാവി ഇമിഗ്രേഷൻ ഡയറക്ടർക്ക് അയച്ചിട്ടുണ്ട്. അസിസ്റ്റന്റ് ഡയറക്ടർ, ഇമിഗ്രേഷൻ ബ്യൂറോ തിരുവനന്തപുരം 09-01-2024-ലെ കത്ത് പ്രകാരം ഡെപ്യൂട്ടേഷന് തിരഞ്ഞെടുക്കുന്നതിനായി പൊലീസുകാരുടെ അഭിമുഖം നടത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. ബ്യൂറോ ഓഫ് ഇമിഗ്രേഷൻ

തിരഞ്ഞെടുക്കപ്പെട്ടവരുടെ പാനൽ സമർപ്പിക്കുന്നമുറയ്ക്ക് ഡെപ്യൂട്ടേഷൻ അനുമതി നൽകുന്നതാണ്.

കേരള മാരിടൈം ബോർഡിന്റെ നിയന്ത്രണത്തിലുള്ള കൊല്ലം തുറമുഖം കേന്ദ്ര ആഭ്യന്തര മന്ത്രാലയം മുഖേന ഒരു ഇമിഗ്രേഷൻ ചെക്ക് പോയിന്റായി പ്രഖ്യാപിക്കുന്നതിന് സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് (SISF)-ൽ നിന്നും സുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിക്കുന്നത് സംബന്ധിച്ച് സെക്യൂരിറ്റി ആഡിറ്റ് നടത്തുകയുണ്ടായി. തുറമുഖം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുമ്പോൾ മതിയായ സുരക്ഷ ഉറപ്പുനൽകുന്നതിന് 40 സേനാംഗങ്ങളുടെ മുഴുവൻ സമയസേവനം ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്.

09-01-2020-ലെ സ.ഉ. (കൈ) നം.7/2020/ആഭ്യന്തരം പ്രകാരം SISF-ന് ആവശ്യമായ തസ്തിക അനുവദിച്ചിട്ടുണ്ട്. നിലവിലെ നിരക്കനുസരിച്ചുള്ള Bill of Cost ഉൾപ്പെടെയുള്ള SISF-ന്റെ സുരക്ഷാസേവനം സംബന്ധിച്ച നിബന്ധനകൾ അംഗീകരിച്ച് തുറമുഖ അധികാരികൾ ധാരണാപത്രം

ഒപ്പുവയ്ക്കുന്നമുറയ്ക്ക് സുരക്ഷാ ജീവനക്കാരെ SISF-ൽനിന്നും നിയോഗിക്കാൻ സാധിക്കും.

കൊല്ലം തുറമുഖത്തിന് ISPS സ്റ്റാറ്റസ് ലഭ്യമാക്കി കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അന്താരാഷ്ട്ര കപ്പൽ ഗതാഗതം പൂർണ്ണതോതിൽ ആരംഭിക്കുന്നമുറയ്ക്ക് എസ്.ഐ.എസ്.എഫ്. ചുമതലയിൽ സെക്യൂരിറ്റി സംവിധാനം ഏർപ്പെടുത്താമെന്ന ഉറപ്പിലാണ് ഇത് ലഭ്യമായിട്ടുള്ളത്. ഇതിനാവശ്യമായ പൊലീസ് ഉദ്യോഗസ്ഥരെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കാൻ വേണ്ട നടപടികൾ കേരള മാരിടൈം ബോർഡും സംസ്ഥാന-കേന്ദ്ര സർക്കാരുകളും എടുത്തുകഴിഞ്ഞിട്ടുണ്ട്.

**ബോംബ് സ്ഫോടന കേസിലെ പ്രതികൾ**

92 (2091) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ജൂൺ ആറിന് കണ്ണൂർ ജില്ലയിലെ പാനൂർ ചെറ്റകണ്ടി കൊക്രാട്ട് കുന്നിൽ നടന്ന സ്ഫോടനത്തിൽ കൊല്ലപ്പെട്ട ഷൈജു, സുബീഷ് എന്നിവർക്കെതിരെ പൊലീസ് കേസ് ഫയൽ ചെയ്യുകയുണ്ടായോ;

(ബി) ഏത് രാഷ്ട്രീയ കക്ഷിയിൽപ്പെട്ട ആളുകളാണ് കേസിലുൾപ്പെട്ടിട്ടുള്ളതെന്നും ഓരോരുത്തരുടെയും പേരുവിവരങ്ങളും ഇവർക്കെതിരെ ചുമത്തിയിട്ടുള്ള കുറ്റകൃത്യങ്ങളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) കേസിന്റെ നിലവിലെ സ്ഥിതിയെന്താണെന്നും കേസ് അന്വേഷണം പൂർത്തീകരിക്കുകയുണ്ടായോയെന്നും കേസ് അന്വേഷിച്ചതിൽ ആരെയൊക്കെയാണ് കുറ്റവാളികളായി കണ്ടെത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ?

(എ-സി) കൊളവല്ലൂർ പൊലീസ് സ്റ്റേഷൻ Cr. No. 489/2015 ആയി രജിസ്റ്റർ ചെയ്ത കേസിൽ ഷിജു, സുബീഷ് എന്നിവരുൾപ്പെട്ടിരുന്നു. ഇവർക്കുപുറമേ രതീഷ് (3), നിജീഷ് വി. കെ. (4), വി. എം. ചന്ദ്രൻ (5), ബിജിത് ലാൽ (6), നിർമ്മല (7), എം. സി. ബിനു (8) ജിഷ്ണു (9)

വടക്കെകാരൽ കുമാരൻ (10) എന്നിവരും പ്രതികളായി ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 7-ഉം 10-ഉം പ്രതികൾക്കെതിരെ IPC 201 പ്രകാരവും മറ്റ് പ്രതികൾക്കെതിരെ IPC 304, Sec.3, 4 and 5 of ES Act എന്നീ വകുപ്പുകൾ പ്രകാരവുമാണ് കേസ് രജിസ്റ്റർ ചെയ്തത്. പൊലീസ് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കോടതി വിചാരണ പൂർത്തിയാക്കി വിധി പുറപ്പെടുവിക്കുന്നമുറയ്ക്ക് മാത്രമേ വിവരം ലഭ്യമാകുകയുള്ളൂ.

**കൊടും ക്രിമിനലുകളുമായി പൊലീസ് സേനാംഗങ്ങൾക്കുള്ള ചങ്ങാത്തം**

93 (2092) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊലീസ് സേനാംഗങ്ങൾ പുരാവസ്തു തട്ടിപ്പ്, സാമ്പത്തിക തട്ടിപ്പ്, മണൽ, ക്വാറി, മണ്ണ് എന്നീ മേഖലകളിലെ അനധികൃത പ്രവർത്തനങ്ങൾ, ഗുണ്ട, ക്വട്ടേഷൻ പ്രവർത്തനങ്ങൾ തുടങ്ങി ദേശവിരുദ്ധ പ്രവർത്തനങ്ങളിലേർപ്പെടുന്ന കൊടും ക്രിമിനലുകളുമായി ചങ്ങാത്തം കൂടുന്നത് പരിശോധിച്ചിട്ടുണ്ടോ; ഇത്തരം സന്ദർഭങ്ങളിൽ സിവിൽ പൊലീസുകാരെ

സർവ്വീസിൽനിന്നും പിരിച്ചുവിടുകയും കൂടുതൽ ഉത്തരവാദിത്തവും ജാഗ്രതയും കാണിക്കേണ്ട ഉന്നത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നതെന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

പരിശോധിച്ചിട്ടുണ്ട്. ക്രിമിനൽ ബന്ധങ്ങൾ സ്ഥാപിച്ചതായി കണ്ടെത്തിയ ഉന്നത ഉദ്യോഗസ്ഥരുൾപ്പെടെ വിവിധ ശ്രേണിയിലുള്ള പൊലീസുദ്യോഗസ്ഥർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് ക്രിമിനൽ നിയമപ്രകാരമുള്ള നടപടികളും ഒപ്പം വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നു. കഴിഞ്ഞ 8 വർഷത്തിനുള്ളിൽ 108 പൊലീസുദ്യോഗസ്ഥരെ സർവ്വീസിൽനിന്നും നീക്കം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കാര്യത്തിൽ മുൻ പൊലീസ് മേധാവി നേരിട്ടോ അന്വേഷണ സംഘത്തെക്കൊണ്ടോ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; റിപ്പോർട്ടിന്മേൽ എന്തൊക്കെ തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വിവിധ പൊലീസുദ്യോഗസ്ഥരെ സംബന്ധിച്ച രഹസ്യ റിപ്പോർട്ടുകൾ സംസ്ഥാന പൊലീസ് മേധാവിക്ക് ലഭിക്കാറുണ്ട്. അവയിൽ ഉചിതമായ തുടർനടപടികൾ സ്വീകരിക്കാറുണ്ട്.

### വനിതാ പൊലീസ് കോൺസ്റ്റബിൾമാരുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി

94 (2093) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ പൊലീസ് കോൺസ്റ്റബിൾമാരുടെ അംഗബലം വർദ്ധിപ്പിക്കുക എന്നത് ഈ സർക്കാരിന്റെ പ്രഖ്യാപിത നയമായി അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ലക്ഷ്യപ്രാപ്തിക്കായി ഇതുവരെ സ്വീകരിച്ച നടപടികളെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വനിതാ പൊലീസ് കോൺസ്റ്റബിൾമാരുടെ അംഗബലം വർദ്ധിപ്പിക്കുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പൊലീസ് സേനയിൽ വനിതാ പ്രാതിനിധ്യം

ഉയർത്തുന്നതിന്റെ ഭാഗമായി ഒരു വനിതാ ബറ്റാലിയൻ ഇതിനോടകം രൂപീകരിച്ചിട്ടുണ്ട്. നിലവിലുണ്ടായിരുന്ന 10 വനിതാ പൊലീസ്സ്റ്റേഷനുകൾക്കുപുറമേ നാല് വനിതാ പൊലീസ് സ്റ്റേഷനുകൾ പത്തനംതിട്ട, പാലക്കാട്, ഇടുക്കി, കാസർഗോഡ് എന്നിവിടങ്ങളിൽ ആരംഭിച്ചു. കൂടാതെ പുതുതായി രൂപീകരിച്ച KAP-VI ബറ്റാലിയനിൽ ആദ്യഘട്ടത്തിൽ സൃഷ്ടിച്ച 100 പൊലീസ് കോൺസ്റ്റബിൾ തസ്തികകളിൽ 25 എണ്ണം വനിതകൾക്കായി അനുവദിച്ചിട്ടുണ്ട്.

**(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന പൊലീസ് സേനയിൽനിന്നും നാളിതുവരെ വിരമിച്ചവരുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ?**

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന പൊലീസ് സേനയിൽനിന്നും 14-06-2024 വരെ 4732 പേർ സർവീസിൽനിന്നും വിരമിച്ചിട്ടുണ്ട്.

**(സി) ഇക്കാലയളവിൽ പരിശീലനം പൂർത്തിയാക്കി പൊലീസ് സേനയിൽ നിയമിതരായവർ എത്രയാണെന്ന് അറിയിക്കുമോ?**

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊലീസ് സേനയിൽ പരിശീലനം പൂർത്തിയാക്കി നിയമനം നൽകിയവരുടെ എണ്ണം 5401 ആണ്.

(ഡി) പൊലീസ് സേനയിലെ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പൊലീസ് സേനയിൽ ഒഴിവുകളുണ്ടാകുന്നമുറയ്ക്ക് യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കേന്ദ്രീകൃത സംവിധാനം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) പരിശീലനകാലയളവിൽ സേനാംഗങ്ങൾക്ക് ഏതെല്ലാം തരത്തിലുള്ള പരിശീലനങ്ങളാണ് നൽകിവരുന്നത്; വിശദമാക്കാമോ?

പരിശീലന കാലയളവിൽ സേനാംഗങ്ങൾക്ക് നൽകിവരുന്ന പരിശീലനങ്ങൾ താഴെ പറയുംപ്രകാരമാണ്.

•Physical Training

• Stress management & Yoga

• Drill with Arms

- Drill without Arms
- One minute drill.
- Company drill & ceremonial drill
- Guards & sentries
- Riot control – Mob operations
- Lathy drill – street lining
- Field craft, tactics and Map reading
- Unarmed combat
- Swimming
- Driving
- Games
- Cross country/Long distance run
- Route march
- BDDS course
- Disaster management

• Traffic management

• Weapon training & Firing

• Police Station visit

• Court visit

• Medical college visit (postmortem)

• Commando course

• Coastal Station visit

• High Altitude training

• Jungle training

• Indoor classes (Various Law & Service rules)

**പൊലീസ് സേനയിലെ ജോലി സമ്മർദ്ദംമൂലമുള്ള ആത്മഹത്യ പ്രവണത**

95 (2094) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊലീസ് സേനയിലെ ജോലി സമ്മർദ്ദം കാരണം ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

കഴിഞ്ഞ കുറേക്കാലമായി ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള ഊർജ്ജ്വസ്വലരായ ചെറുപ്പക്കാരാണ് സേനയിലേക്ക് കടന്നുവരുന്നത്. സാങ്കേതികവിദ്യകളിൽ കഴിവും യോഗ്യതയുമുള്ള ധാരാളം വനിതകളും ഇക്കൂട്ടത്തിലുണ്ട്. ഇത്തരം സാങ്കേതിക യോഗ്യതകൾക്കുപുറമേ, സാമൂഹിക, മാനസിക പക്വത കൈവരിച്ചവരാണ് അധികവും. തികച്ചും പ്രൊഫഷണൽ രീതിയിൽ പെരുമാറുന്ന തരത്തിൽ പൊലീസ് സംവിധാനത്തെ മാറ്റിയെടുക്കാനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. തുറന്ന മനസ്സോടെ സേനാംഗങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി എല്ലാ തുറകളിലുമുള്ളവരുമായി സഹകരിക്കുന്ന മികച്ച തൊഴിൽ അന്തരീക്ഷമാണ് സേനയ്ക്കാവശ്യമായിട്ടുള്ളത്. അതിനുള്ള ശ്രമങ്ങൾ നിതാന്ത ജാഗ്രതയോടെ തുടരും. ജോലിസമ്മർദ്ദം കാരണം ആത്മഹത്യ ചെയ്തതായി പൂർത്തിയായ ഇത്തരം കേസന്വേഷണങ്ങളിൽ കണ്ടെത്തിയിട്ടില്ല.

(ബി) പൊലീസുകാരുടെ ആത്മഹത്യയും സ്വയം വിരമിക്കലും ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഗവേഷണം നടത്തി പരിഹാരം കണ്ടെത്തുന്നതിനായി പൊലീസ് അക്കാദമിയിൽ തുടങ്ങിയ പൊലീസ് റിസർച്ച് സെന്ററിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

സേനയിൽ ജോലി നോക്കിയിരുന്നതും ആത്മഹത്യ ചെയ്തിട്ടുള്ളതുമായ പൊലീസുദ്യോഗസ്ഥരുടെ വിവരശേഖരണം കേരള പൊലീസ് അക്കാദമി നടത്തിയിരുന്നു. പൊലീസുദ്യോഗസ്ഥരുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട കാരണങ്ങളെ സംബന്ധിച്ച് ഒരു പൈലറ്റ് സ്റ്റഡി നടത്തുന്നതിനുവേണ്ടിയാണ് റിസർച്ച് & പബ്ലിക്കേഷൻ വിംഗിന്റെ നേതൃത്വത്തിൽ വിവരശേഖരണം നടത്തിയിട്ടുള്ളത്. ആയതുസംബന്ധിച്ച ഗവേഷണ നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

(സി) ജോലി സമ്മർദ്ദം കാരണം ആത്മഹത്യ ചെയ്ത പൊലീസുകാരുടെ കുടുംബത്തിന് സർക്കാർ എന്തൊക്കെ നഷ്ടപരിഹാരങ്ങൾ നൽകിവരുന്നുണ്ടെന്ന് അറിയിക്കാമോ?

സർവീസിലിരിക്കെ മരണപ്പെടുന്ന പോലീസുദ്യോഗസ്ഥർക്ക് നൽകുന്ന എല്ലാ സർവീസ് ആനുകൂല്യങ്ങളും ആത്മഹത്യ ചെയ്ത ഉദ്യോഗസ്ഥന്റെ കുടുംബത്തിനും നൽകിവരുന്നു.

**ഇടുക്കി ജില്ലയിലെ പൊലീസുദ്യോഗസ്ഥരുടെ നിയമവിരുദ്ധ ഭക്ഷണശാലകൾ**

96 (2095) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ പൊലീസുദ്യോഗസ്ഥർ മൂന്നാർ, അടിമാലി, തൊടുപുഴ, പീരുമേട്, കട്ടപ്പന, നെടുങ്കണ്ടം എന്നിവിടങ്ങളിൽ പൊതുജനങ്ങൾക്കുകൂടിവേണ്ടി നിയമവിരുദ്ധമായി ഭക്ഷണശാലകൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

പൊലീസുദ്യോഗസ്ഥർക്കുവേണ്ടി മാത്രമായി പ്രവർത്തനമാരംഭിക്കുകയും പിന്നീട് പൊതുജനങ്ങൾക്കും കൂടി പ്രവേശനം അനുവദിക്കുകയും ചെയ്തിരുന്നു. ജില്ലയിലെ പൊതുജനങ്ങൾക്ക് തുറന്ന് നൽകിയ എല്ലാ പൊലീസ് ഭക്ഷണശാലകളും പ്രവർത്തനം അവസാനിപ്പിക്കുകയുണ്ടായി.

(ബി) ഇപ്രകാരം ഭക്ഷണശാലകൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലങ്ങൾക്ക് നടത്തിപ്പുകാർ പൊതുമരാമത്ത് വകുപ്പിനെക്കൊണ്ട് സ്ഥലം അളന്നുതിരിച്ച് തറവാടക നിർണ്ണയിച്ചതിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ച തറവാടക അവർ ഖജനാവിലേക്ക് മാസംതോറും അടയ്ക്കുന്നുണ്ടോയെന്ന വിവരം ലഭ്യമാക്കുമോ?

നിലവിൽ ടി ഭക്ഷണശാലകൾ പ്രവർത്തിച്ചിരുന്ന കെട്ടിടങ്ങൾ അളന്ന് തിട്ടപ്പെടുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്.

(സി) ഈ ക്രമക്കേടുകളെക്കുറിച്ച് മുല്ലപ്പെരിയാർ ഡിവൈ.എസ്.പി. നടത്തിയ ഔദ്യോഗിക അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) കുടുംബശ്രീ യൂണിറ്റുകൾ നിലവിലുള്ളപ്പോൾ അതിനെ ആശ്രയിക്കാതെ പൊലീസുകാർ തങ്ങളുടെ ഔദ്യോഗിക ജോലികൾ ഉപേക്ഷിച്ച് ഇടുക്കി ജില്ലയിൽ നിയമവിരുദ്ധമായി നടത്തുന്ന ഇത്തരം പൊതുഭക്ഷണശാലകളിൽനിന്നുള്ള ലാഭവിഹിതം സംസ്ഥാന ഖജനാവിൽ അടച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) നിയമ പരിപാലനം നടത്തേണ്ട പൊലീസുദ്യോഗസ്ഥർ സർക്കാർ ശമ്പളം വാങ്ങുന്നതോടൊപ്പം അനധികൃതമായി ഇത്തരം ഭക്ഷണശാലകൾ നടത്തി അതിൽനിന്നും അധികമായി വാങ്ങുന്ന പണം തിരികെ പിടിക്കാനുദ്ദേശമുണ്ടോ; അത്തരത്തിൽ പണം തിരികെ പിടിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കണക്കുകൾ ലഭ്യമാക്കുമോ?

(സി-ഇ) ഇതുസംബന്ധിച്ച അന്വേഷണം നടന്നുവരുന്നതാണ്.

**പൊലീസ് സേനയ്ക്കാനുപാതികമായി മിനിസ്റ്റീരിയൽ ജീവനക്കാർ**

97 (2096) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പൊലീസ് വകുപ്പിൽ ഓഫീസർമാരുൾപ്പെടെയുള്ള സേനാംഗങ്ങളുടെയും മിനിസ്റ്റീരിയൽ ജീവനക്കാരുടെയും എണ്ണം എത്രയാണെന്ന് പ്രത്യേകം വ്യക്തമാക്കുമോ;

(ബി) 05-10-1994-ലെ ജി.ഒ. (എം.എസ്.) നം. 159/94/ഹോം നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള 1:42 റേഷ്യോ അടിസ്ഥാനത്തിൽ

എക്സിക്യൂട്ടീവ്, മിനിസ്റ്റീരിയൽ തസ്തികകൾ പൊലീസ് വകുപ്പിൽ നിലവിലുണ്ടോ, വിശദമാക്കുമോ?

(എ&ബി) ഓഫീസർമാർ ഉൾപ്പെടെ സേനാംഗങ്ങളുടെ (വിജിലൻസ് വകുപ്പിലെ ഡെപ്യൂട്ടേഷൻ തസ്തികകൾ ഒഴികെ) അംഗബലം 58983-ഉം മിനിസ്റ്റീരിയൽ ജീവനക്കാരുടെ അംഗബലം 2201-ഉം ആണ്. റേഷ്യോ സംബന്ധിച്ച പരാമർശം 5-10-1994-ലെ ഉത്തരവിലില്ല.

(സി) പൊലീസ് വകുപ്പിൽ പുതുതായി സൃഷ്ടിച്ചതും നിലവിലുള്ളതുമായ എക്സിക്യൂട്ടീവ് തസ്തികകൾക്കാനുപാതികമായി 1:42 റേഷ്യോ അടിസ്ഥാനത്തിൽ മിനിസ്റ്റീരിയൽ തസ്തികകൾ സൃഷ്ടിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് 2012-ൽ പി.&എ.ആർ.ഡി. നടത്തിയ വർക്ക് സ്റ്റഡി റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(സി&ഡി) പൊലീസ് വകുപ്പിലെ ജോലിഭാരം സംബന്ധിച്ച് 2012-ൽ പി.&എ.ആർ.ഡി. ഒരു വർക്ക് സ്റ്റഡി നടത്തിയിരുന്നു. ഇതിന്റെ

അടിസ്ഥാനത്തിൽ പൊലീസ് ഡിപ്പാർട്ട്മെന്റിൽ 337 മിനിസ്റ്റീരിയൽ തസ്തികകൾ (Sr. A.A. - 1, S.S. - 16, J.S. - 46, Store Accountant - 1, Clerk - 244, Typist - 25, O.A. - 4, Total - 337) സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന പൊലീസ് മേധാവി സർക്കാരിൽ നിർദേശം സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**തിരുവല്ലം പൊലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിലെ തുടർനടപടി**

98 (2097) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലം പൊലീസ് സ്റ്റേഷനിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ 08-05-2024-ന് രജിസ്റ്റർ ചെയ്ത 0479 നമ്പർ പ്രഥമവിവര റിപ്പോർട്ടിന്മേലെടുത്ത തുടർനടപടികൾ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവല്ലം പൊലീസ് സ്റ്റേഷനിൽ പരാതിക്കാരിയുടെ മൊഴി കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലെന്നും പരാതിയിൽ പരാമർശിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുകൾ കൃത്യമായി ചാർജ് ചെയ്തിട്ടില്ലെന്നും

കാണിച്ച് 06-05-2024-ലും 24-05-2024-ലും പ്രസ്തുത പരാതിക്കാരി തിരുവനന്തപുരം ഡെപ്യൂട്ടി കമ്മീഷണർ ഓഫ് പൊലീസിന് നിവേദനം നൽകിയതിന്മേലുള്ള തുടർനടപടികൾ വിശദമാക്കുമോ;

(സി) കോടതി ഉത്തരവുപ്രകാരം സംരക്ഷണം ലഭിച്ചിട്ടുള്ള പരാതിക്കാരിക്ക് പ്രസ്തുത സംരക്ഷണം നൽകാൻ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നുമുണ്ടായ പെരുമാറ്റം ഗൗരവമായി കണ്ട് കേസന്വേഷണം ത്വരിതപ്പെടുത്താനുള്ള നടപടികളെടുക്കുമോ?

(എ-സി) പരാതി ലഭിച്ചതിനെത്തുടർന്ന് 08-05-2024-ൽ തിരുവല്ലം പൊലീസ് സ്റ്റേഷൻ ക്രൈം നം. 479/2024 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 12-06-2024-ൽ ആവലാതിക്കാരിയുടെ മൊഴി രേഖപ്പെടുത്തിയതിന്റെയടിസ്ഥാനത്തിൽ SC/ST (POA) Act പ്രകാരമുള്ള വകുപ്പുകൾകൂടി ഉൾപ്പെടുത്തി തിരുവനന്തപുരം ഫോർട്ട് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ അന്വേഷണം നടത്തിവരുന്നു.

**റെഡ് ബട്ടൺ പദ്ധതിക്ക് ചെലവഴിച്ച തുക**

99 (2098) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പൊലീസ് നടപ്പിലാക്കിയ പൊതുജനാരോഗ്യ സുരക്ഷയ്ക്കായുള്ള റെഡ് ബട്ടൺ പദ്ധതിക്ക് 2024 മാർച്ചുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര റെഡ് ബട്ടണുകൾ എവിടെയെല്ലാം സ്ഥാപിച്ചിട്ടുണ്ടെന്നും നിലവിൽ എത്രയെണ്ണം പ്രവർത്തന സജ്ജമാണെന്നും അറിയിക്കാമോ; ഈ പദ്ധതിവഴി 2024 മാർച്ചുവരെ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം അറിയിക്കാമോ?

(എ&ബി) അങ്കമാലി ആർ-ബട്ടൻ ടെക്നോളജീസ് ആൻഡ് സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് (CSR Fund) ഉപയോഗിച്ചാണ് സ്ഥാപിച്ചിട്ടുള്ളത്. റെഡ് ബട്ടൺ സ്ഥാപിച്ച വകയിൽ സർക്കാർ ഫണ്ടുകൾ ചെലവായിട്ടില്ല.

കവടിയാർ, കഴക്കൂട്ടം, നെടുമ്പാശ്ശേരി, ആലുവ, കാലടി സിഗ്നൽ ജംഗ്ഷൻ, കാലടി പ്രൈവറ്റ് ബസ് സ്റ്റാൻഡ്, കാലടി മട്ടൂർ ജംഗ്ഷൻ, തൃശ്ശൂർ എം.ഒ. റോഡ്, തൃശ്ശൂർ ശക്തൻ നഗർ എന്നിവിടങ്ങളിൽ റെഡ് ബട്ടൺ സ്ഥാപിച്ചിട്ടുണ്ട്. സംവിധാനത്തിന്റെ നിലവിലെ പ്രവർത്തനക്ഷമത പ്രത്യേകം വിലയിരുത്തിയിട്ടില്ല. കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള പരാതി സംവിധാനമായല്ല, ആപൽസൂചന അറിയിക്കുന്നതിനായാണ് റെഡ് ബട്ടൺ വിഭാവനം ചെയ്തിട്ടുള്ളത്.

**പാറശ്ശാല മണ്ഡലത്തിൽ പൊലീസ് എയ്ഡ്പോസ്റ്റ്**

100 (2099) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ ധനുവച്ചപുരം, അമ്പൂരി ഗ്രാമപഞ്ചായത്തിലെ അമ്പൂരി ജംഗ്ഷൻ എന്നിവിടങ്ങളിൽ പൊലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ പൊലീസ് എയ്ഡ്പോസ്റ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) പാറശ്ശാല മണ്ഡലത്തിലെ ധനുവച്ചപുരത്ത് എയ്ഡ്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നിർദേശം അംഗീകരിച്ചിരുന്നില്ല. അമ്പൂരി ജംഗ്ഷനിൽ എയ്ഡ്പോസ്റ്റ് സ്ഥാപിക്കുന്നകാര്യം നിലവിൽ പരിഗണനയിലില്ല.

(സി) നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന മാരായമുട്ടം പൊലീസ് സ്റ്റേഷനുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മാരായമുട്ടം പൊലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമാക്കുന്നതിന്റെ ഭാഗമായി കണ്ടെത്തിയിട്ടുള്ള പെരുങ്കടവിള വില്ലേജിൽ ബ്ലോക്ക് നമ്പർ 25-ൽ റീസർവെ നമ്പർ 645/2-ലുൾപ്പെട്ട 9 ആർ സ്ഥലം പൊലീസ്

വകുപ്പിന് വിട്ടുനൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാന പൊലീസ് മേധാവിക്ക് നിർദേശം നൽകിയിട്ടുണ്ട്.

**വിതുര പൊലീസ് സ്റ്റേഷനിലെ കേസിന്റെ പുരോഗതി**

101 (2100) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിതുര പൊലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ. നമ്പർ 0482/2024 കേസിലെ പ്രതികളെ നാളിതുവരെ അറസ്റ്റ് ചെയ്യാത്തതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസ് രജിസ്റ്റർ ചെയ്തതിലും തുടരന്വേഷണത്തിലും പൊലീസിന്റെ ഭാഗത്തുനിന്ന് കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സുതാര്യവും സത്യസന്ധവുമായ അന്വേഷണം സമയബന്ധിതമായി നടത്തി യഥാർത്ഥ പ്രതികൾക്കെതിരെ പൊലീസ് കുറ്റപത്രം സമർപ്പിക്കുമെന്ന് ഉറപ്പുവരുത്തുമോ?

(എ-സി) വിതുര പൊലീസ് സ്റ്റേഷൻ ക്രൈം 482/2024-ാം നമ്പർ കേസിൽ പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമം സെക്ഷൻ 3(1) (r)(s) വകുപ്പുകൾ പ്രകാരം നെടുമങ്ങാട് ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ അന്വേഷണം നടന്നുവരുന്നു. മതിയായ തെളിവുകൾ ലഭിക്കുന്നതിനനുസരിച്ച് കുറ്റകൃത്യം ചെയ്തതായി ആരോപിക്കപ്പെടുന്നവരെ അറസ്റ്റ് ചെയ്ത് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇതിലേയ്ക്കായി ഊർജ്ജിത അന്വേഷണം നടന്നുവരുന്നു.

**അഴിമതി നിരോധന നിയമപ്രകാരം കേസ്**

102 (2101) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാറുടമകൾ അവർക്കനുകൂലമായി മദ്യനയം നടപ്പാക്കുന്നതിന് പണം നൽകിയെന്ന സംഘടനാ നേതാവിന്റെ ശബ്ദസന്ദേശം പുറത്തുവന്നതായി പറയപ്പെടുന്ന സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ അഴിമതി നിരോധന നിയമത്തിലെ വകുപ്പുകളുൾപ്പെടുത്തി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

(എ&ബി) ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി 24-05-2024-ൽ പരാതി നൽകിയിരുന്നു. ഈ പരാതിയുടെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ക്രൈംബ്രാഞ്ച് എ.ഡി.ജി.പി.-ക്ക് സംസ്ഥാന പൊലീസ് മേധാവി നിർദേശം നൽകിയിട്ടുണ്ട്. ക്രൈംബ്രാഞ്ച് മേധാവിയുടെ മേൽനോട്ടത്തിൽ പൊലീസ് അന്വേഷണം കാര്യക്ഷമമായി നടന്നുവരുന്നു. ക്രൈംബ്രാഞ്ച് തിരുവനന്തപുരം

യൂണിറ്റ് പൊലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ, ക്രൈംബ്രാഞ്ച് തിരുവനന്തപുരം റെയ്ഞ്ച് ഡെപ്യൂട്ടി പൊലീസ് സൂപ്രണ്ട്, സൈബർ ഡിവിഷനിൽനിന്നുള്ള ഇൻസ്പെക്ടർ, മറ്റുദ്യോഗസ്ഥർ എന്നിവരടങ്ങുന്ന പ്രത്യേക അന്വേഷണ സംഘമാണ് പ്രാഥമിക അന്വേഷണം നടത്തിവരുന്നത്.

**സർഫാസി നിയമം ദുരുപയോഗപ്പെടുത്തി ബാങ്ക് വായ്പ തട്ടിപ്പ്**

103 (2102) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർഫാസി നിയമം ദുരുപയോഗപ്പെടുത്തി ബാങ്കുദ്യോഗസ്ഥനും റിയൽ എസ്റ്റേറ്റ് മേഖലയിലെ ചിലരും ചേർന്ന് നടത്തിയ ബാങ്ക് വായ്പാ തട്ടിപ്പിനിരയായി ജപ്തി നടപടികൾ നേരിടുന്ന വൈപ്പിൻ മണ്ഡലത്തിലെ വല്ലാർപാടം, പുതുവൈപ്പ് ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ 17 സാധാരണ കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വായ്പാ തട്ടിപ്പിനിരയായ 17 കുടുംബങ്ങളിൽ 11 പേർ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരാണ്. ഇവരിൽ ഒമ്പത് പേർക്ക് പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം അനുവദനീയമായ ആശ്വാസ ധനസഹായം നൽകിയിട്ടുണ്ട്. തട്ടിപ്പിനിരയായവരുടെ പരാതിയുടെ അടിസ്ഥാനത്തിൽ കൊച്ചി സിറ്റി പൊലീസ് സ്റ്റേഷൻ പരിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പതിനൊന്ന് കേസുകളിൽ മൂന്ന് കേസുകൾ ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്. ക്രൈംബ്രാഞ്ചിന് കൈമാറിയ കേസുകളുൾപ്പെടെ എല്ലാ കേസുകളിലും അന്വേഷണം പൂർത്തിയാക്കി കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. വായ്പാ തട്ടിപ്പുമായി ബന്ധപ്പെട്ട കേസുകളുടെ അപ്പീൽ ഇപ്പോൾ കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ബി) പ്രസ്തുത തട്ടിപ്പ് സംബന്ധിച്ച് ആന്റി സർഫാസി മൂവ്മെന്റ് ജനറൽ കൺവീനർ വി. സി. ജെന്നി, എം.എൽ.എ. മുഖാന്തരം 15-11-2023-ന് മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ

എസ്.എൽ.ബി.സി. കൺവീനറോട് സമർപ്പിക്കാനാവശ്യപ്പെട്ട അടിയന്തര റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(ബി&സി) പ്രസ്തുത നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന വിഷയങ്ങളായ സർഫാസി നിയമം പിൻവലിക്കൽ, സർഫാസി നിയമത്തിൽ നിർദേശിച്ചിരിക്കുന്ന ഭേദഗതികൾ തുടങ്ങിയവ എസ്.എൽ.ബി.സി.-യുടെ പ്രവർത്തന പരിധിയിൽനിന്നുകൊണ്ട് ചെയ്യാൻ സാധിക്കാത്തതാണ്.

**മദ്യനയത്തിനായി പണപ്പിരിവ്**

104 (2103) **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):**
**ശ്രീ. എം. വിൻസെന്റ്:**
**ശ്രീ. അൻവർ സാദത്ത്:**
**ശ്രീമതി കെ. കെ. രമ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ ഉടമകൾക്കനുകൂലമായി മദ്യനയം നടപ്പാക്കുന്നതിന് സംസ്ഥാനത്തെ ഓരോ ബാറുടമയും രണ്ടര ലക്ഷം രൂപവീതം കോഴ

നൽകാൻ ആവശ്യപ്പെട്ടുകൊണ്ടുള്ളതായി പറയപ്പെടുന്ന ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽസ് അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റിന്റെ ശബ്ദസന്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെയടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സംഭവത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ അന്വേഷണങ്ങളാണ് നടക്കുന്നത്; അന്വേഷണ പുരോഗതി വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ ബാർ ഉടമകൾക്കനുകൂലമായി മദ്യനയം നടപ്പാക്കുന്നതിനായി ബാറുടമകൾക്കിടയിൽ പണപ്പിരിവ് നടത്തിയെന്ന തരത്തിൽ ബാറുടമകളുടെ സംഘടനാ നേതാവിന്റെ ശബ്ദസന്ദേശം പുറത്തുവന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം നടത്തണമെന്ന് കേരള സംസ്ഥാന തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി 24-05-2024-ൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന പൊലീസ് മേധാവി വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി.-ക്ക് നിർദേശം നൽകിയിട്ടുണ്ട്. പരാതിയിലും പുറത്തുവന്ന

ശബ്ദസന്ദേശത്തിലും പറയുന്ന കാര്യങ്ങളെക്കുറിച്ച് പ്രാഥമികാന്വേഷണം ക്രൈംബ്രാഞ്ച് നടത്തിവരുന്നു.

**ടി. പി. വധകേസ് പ്രതികൾക്ക് പരോൾ അനുവദിച്ച നടപടി**

105 (2104) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീമതി കെ. കെ. രമ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പത്ത് പ്രതികൾക്ക് പരോൾ അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വധക്കേസിലെ പ്രതികൾക്ക് മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ രണ്ടായിരത്തിലേറെ ദിവസങ്ങൾ പരോൾ നൽകിയെന്നത് വസ്തുതയാണോ;

(സി) ഇത്തരത്തിലുള്ള കുറ്റവാളികൾക്ക് അനധികൃതമായി പരോൾ അനുവദിക്കുന്നത് സമൂഹത്തിന് തെറ്റായ സന്ദേശം നൽകുമെന്ന വസ്തുത ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ?

(ബി&സി) അല്ല. 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളനുസരിച്ചും കോവിഡ് വ്യാപനം തടയുന്നതുമായി ബന്ധപ്പെട്ട സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും ജയിൽ അന്തേവാസികൾക്ക് പൊതുവെ അനുവദിച്ച പ്രത്യേക അവധി ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് അവധി, പരോൾ എന്നിവ അനുവദിച്ചിട്ടുള്ളത്.

**സ്ഫോടകവസ്തു എറിഞ്ഞ സംഭവത്തിൽ അന്വേഷണം**

106 (2105) ശ്രീ. റോജി എം. ജോൺ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര കരുവഞ്ചേരിയിൽ പ്രമുഖ രാഷ്ട്രീയ പാർട്ടിയിലെ നേതാക്കളുടെ വീടിനുനേരെ സ്ഫോടകവസ്തു എറിഞ്ഞ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

(എ&ബി) ഇതുസംബന്ധിച്ച് പയ്യോളി പൊലീസ് സ്റ്റേഷനിൽ ക്രൈം നം. 333/24 U/s 436, 447, 506 IPC & Sec. 3, 5 of Explosive Substance Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസിന്റെ അന്വേഷണം പയ്യോളി പൊലീസ് സ്റ്റേഷൻ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഒമ്പത് അംഗങ്ങളുള്ള പ്രത്യേക ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ച് ഊർജ്ജിതമായി നടത്തിവരികയാണ്.

**തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജ് വനിതാ ഹോസ്റ്റലിൽ അജ്ഞാതൻ കയറിയ സംഭവം**

107 (2107) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജ് വനിതാ ഹോസ്റ്റലിൽ അജ്ഞാതൻ കടന്നുകയറിയത് സംബന്ധിച്ച് മേയ് 14-ന് കോളേജ് പ്രിൻസിപ്പൽ തമ്പാനൂർ പൊലീസിൽ നൽകിയ പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

തിരുവനന്തപുരം ആയുർവേദ കോളേജ് വനിതാ ഹോസ്റ്റലിൽ അജ്ഞാതൻ കടന്നുകയറിയതുമായി ബന്ധപ്പെട്ട് കോളേജ് പ്രിൻസിപ്പാൾ

14-05-2024-ൽ നൽകിയ പരാതിയിൽ തമ്പാനൂർ പൊലീസ് CCTV ദൃശ്യങ്ങളുൾപ്പെടെ പരിശോധിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ട്. മോഷണശ്രമമോ മറ്റ് നാശനഷ്ടങ്ങളോ ഒന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലാത്തതിനാൽ നിലവിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) ഇയാൾ ഇതേവർഷം മൂന്നുതവണ കടന്നുകയറിയതായുള്ള സി.സി.ടി.വി. ദൃശ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇയാളെ പിടികൂടുന്നതിൽ പൊലീസിന്റെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായിട്ടുണ്ടോ; ആയുർവേദ കോളേജ് ഹോസ്റ്റലുകളിൽ സുരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിലേക്കായി സ്ഥലത്ത് പൊലീസ് പട്ടാബുക്ക് സ്ഥാപിച്ചിട്ടുള്ളതും രാത്രികാല ഭേദമന്യേ പട്രോളിംഗ് ഡ്യൂട്ടി നടത്തിവരികയും ചെയ്യുന്നു. കൂടാതെ ഗേറ്റ് അസമയങ്ങളിൽ തുറന്നിടരുതെന്ന് ഹോസ്റ്റൽ വാർഡന് നിർദേശം നൽകിയിട്ടുമുണ്ട്.

**വാഴക്കാട് സ്വദേശിനിയുടെ മരണം അന്വേഷിക്കാൻ നടപടി**

108 (2108) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ഫെബ്രുവരി മാസത്തിൽ മലപ്പുറം ജില്ലയിലെ വാഴക്കാട് പൊലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട ചാലിയാർ പുഴയോടുചേർന്ന് വട്ടക്കാട് സിദ്ദിഖ് മാസ്റ്ററുടെ 17 വയസുള്ള മകൾ മരണപ്പെട്ടതായി കാണപ്പെട്ട സംഭവത്തിലെ അന്വേഷണം ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അന്വേഷണം ക്രൈംബ്രാഞ്ചിന് വിട്ടിട്ടുണ്ടോ; എങ്കിൽ അന്വേഷണം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) 2024 ഫെബ്രുവരി 19-ന് വാഴക്കാട് പൊലീസ് സ്റ്റേഷൻ ക്രൈം 191/24 U/s 174 CrPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ് Sec. 305 IPC ആയി ആൾട്ടർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും തുടർന്ന് കേസ് തുടരന്വേഷണത്തിനായി ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുമുണ്ട്. കേസ് നിലവിൽ കോഴിക്കോട് ക്രൈം ബ്രാഞ്ച് ഡിവൈ.എസ്.പി.- 1 അന്വേഷണം നടത്തിവരുന്നു. അന്വേഷണത്തിൽ മരണപ്പെട്ട കുട്ടിയുടെ

കരാട്ടെ മാസ്റ്റർ ആയ സിദ്ദിഖലി എന്നയാളിനെ പ്രതിയായി കണ്ടെത്തി അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസിലേയ്ക്ക് ശാസ്ത്രീയ തെളിവുകൾ ശേഖരിച്ച് അന്വേഷണം നടത്തിവരുന്നു.

**കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി**

109 (2109) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ അയിരൂർപ്പാടം ആമിന അബ്ദുൾഖാദർ കൊലപാതക കേസുമായി ബന്ധപ്പെട്ട അന്വേഷണ പുരോഗതി വിശദമാക്കുമോ;

(ബി) ക്രൈംബ്രാഞ്ച് അന്വേഷണം വേഗത്തിലാക്കി കുറ്റക്കാരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) കോതമംഗലം മണ്ഡലത്തിലെ അയിരൂർ ആമിന അബ്ദുൾഖാദർ കൊലപാതക കേസുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത് ക്രൈം ബ്രാഞ്ചിൽ അന്വേഷണത്തിലിരിക്കുന്ന Cr. 257/CB/EKM/R/2021 U/s

302, 397 IPC നമ്പർ കേസിലെ കുറ്റകൃത്യത്തിൽ പങ്കുണ്ടെന്ന് സംശയിച്ചിരുന്നയാൾ മരണപ്പെട്ടിട്ടുള്ളതാണ്. ഈ കേസിലെ കുറ്റകൃത്യത്തിലുൾപ്പെട്ടിട്ടുണ്ടെന്ന് സംശയിക്കുന്ന രണ്ടുപേരെ നാർക്കോ അനാലിസിസ് പരിശോധന നടത്തുന്നതിനായി ബഹുമാനപ്പെട്ട കോടതിയിൽനിന്ന് ഉത്തരവ് വാങ്ങിയിട്ടുള്ളതും തുടർന്നുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നതുമാണ്. സംശയിക്കുന്ന മറ്റ് രണ്ടുപേരുടെ പോളിഗ്രാഫ് പരിശോധന നടത്തുന്നതിനായുള്ള നടപടിയും സ്വീകരിച്ചു.

**കുറ്റ്യാടി ഗോൾഡ് പാലസ് ജ്വലറി നിക്ഷേപ തട്ടിപ്പ്**

110 (2110) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടിയും സമീപപ്രദേശങ്ങളും കേന്ദ്രീകരിച്ച് നടത്തിയ ഗോൾഡ് പാലസ് ജ്വലറി നിക്ഷേപ തട്ടിപ്പ് സംബന്ധിച്ച കേസിന്റെ നിലവിലെ അവസ്ഥ അറിയിക്കാമോ?

കുറ്റ്യാടിയും സമീപപ്രദേശങ്ങളും കേന്ദ്രീകരിച്ച് നടത്തിയ ഗോൾഡ് പാലസ് ജ്വലറി നിക്ഷേപ തട്ടിപ്പ് സംബന്ധിച്ച് 19 കേസുകൾ റിപ്പോർട്ട്

ചെയ്തിട്ടുണ്ട്. ഒമ്പത് കേസുകളിന്മേൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ടി കേസുകൾ വിചാരണയിലുമാണ്. രണ്ട് കേസുകൾ Mistake of Fact ആയി തീർപ്പാക്കിയിട്ടുള്ളതാണ്. രണ്ട് കേസുകൾ സിവിൽ സ്വഭാവത്തിലുള്ളതാണ്. ബാക്കിയുള്ള ആറ് കേസുകൾ അന്വേഷണാവസ്ഥയിലാണ്.

(ബി) പ്രസ്തുത നിക്ഷേപ തട്ടിപ്പിലെ മുഴുവൻ തൊണ്ടിമുതലുകളും കണ്ടെടുക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടെന്ന് തട്ടിപ്പിനിരയായവർ അറിയിച്ച സാഹചര്യത്തിൽ കേസ് പുനരന്വേഷണത്തിനായി ക്രൈം ബ്രാഞ്ചിന് നൽകുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഗോൾഡ് പാലസ് ജൂവലറി നിക്ഷേപ തട്ടിപ്പിന് ഇരയായവർക്ക് നീതി ലഭിക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

(ബി&സി) ഗോൾഡ് പാലസ് ജൂവലറി നിക്ഷേപ തട്ടിപ്പിന് ഇരയായവർക്ക് നീതി ലഭിക്കുന്നതിനായി അന്വേഷണത്തിലിരിക്കുന്ന ആറ് കേസുകളിലും അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കാനുള്ള

ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പ്രസ്തുത കേസുകളിൽ BUDS ACT കൂട്ടിച്ചേർത്ത് തുടരന്വേഷണം നടത്താനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കുറ്റ്യാടിയും സമീപപ്രദേശങ്ങളും കേന്ദ്രീകരിച്ച് നടത്തിയ ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ് സംബന്ധിച്ച് 19 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതിൽ ആറ് കേസുകളൊഴികെ ബാക്കി കേസുകളിൽ അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. അതിനാൽ ഈ കേസുകൾ ക്രൈം ബ്രാഞ്ച് പുനരന്വേഷണം നടത്തേണ്ടതില്ല.

**ആത്മഹത്യ സംബന്ധിച്ച ക്രൈംബ്രാഞ്ച് അന്വേഷണം**

111 (2111) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പരവൂർ കോടതിയിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടറായിരുന്ന എസ്. അനീഷ്യയുടെ ആത്മഹത്യ സംബന്ധിച്ച് ക്രൈംബ്രാഞ്ച് നടത്തിവരുന്ന അന്വേഷണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

ആത്മഹത്യയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത പരവൂർ പൊലീസ് സ്റ്റേഷൻ ക്രൈം നം. 119/2024 U/s 174 CrPC പ്രകാരമുള്ള കേസ് 13-03-2024 മുതൽ ക്രൈംബ്രാഞ്ചിൽ ക്രൈം നം. 86/CB/TVM/2024 പ്രകാരം റീ രജിസ്റ്റർ ചെയ്ത്, CrPC Sec 174 ഭേദഗതി ചെയ്ത് 306 & 34 IPC പ്രകാരമുള്ള വകുപ്പുകൾ കൂട്ടിച്ചേർത്ത് കേസന്വേഷണം നടത്തിവരുന്നു.

**(ബി) അനീഷ്യയുടെ 19 പേജുള്ളതും നിലവിൽ ക്രൈംബ്രാഞ്ചിന്റെ കസ്റ്റഡിയിലുള്ളതുമായ ആത്മഹത്യാ കുറിപ്പിൽ കുറ്റാരോപിതരായി പറഞ്ഞിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ കേസ് എടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ?**

കേസ് എടുത്തിട്ടുണ്ട്.

**(സി) ക്രൈംബ്രാഞ്ചിന് നിയമോപദേശം നൽകുന്നതിന് പ്രോസിക്യൂഷൻ ഡിപ്പാർട്ടുമെന്റിൽനിന്നും ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേരും തസ്തികയും വ്യക്തമാക്കാമോ?**

ക്രൈംബ്രാഞ്ചിന് നിയമോപദേശം നൽകുന്നതിന് പ്രോസിക്യൂഷൻ ഡിപ്പാർട്ടുമെന്റിൽനിന്നും ആരെയും പ്രത്യേകം ചുമതലപ്പെടുത്തിയില്ല. ക്രൈം ബ്രാഞ്ചിന് ആവശ്യമായ ലീഗൽ അഡ്വൈസർ തസ്തിക നിലവിലുണ്ട്.

(ഡി) പ്രസ്തുത കേസിലെ കുറ്റാരോപിതനായ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ വീട്ടിൽ കോടതി ഉത്തരവുമായി ക്രൈം ബ്രാഞ്ച് ഉദ്യോഗസ്ഥർ സെർച്ചിന് എത്തിയപ്പോൾ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ഇടപെട്ട് സെർച്ച് ഒഴിവാക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ആഭ്യന്തരവകുപ്പിന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതിയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പരാതിയിൽ പറയുന്ന കാര്യത്തിൽ അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല.

**അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടറായിരുന്ന അനീഷ്യയുടെ ആത്മഹത്യ**

112 (2112) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പരവൂർ കോടതിയിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടറായിരുന്ന അനീഷ്യയുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട തെളിവുകൾ ശേഖരിക്കണമെന്നാവശ്യപ്പെട്ട് കുടുംബാംഗങ്ങളുടെയോ മറ്റ് വ്യക്തികളുടെയോ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അവയിൽ അന്വേഷണം നടത്തുകയും മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. അനീഷ്യയുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത പരവൂർ പൊലീസ് സ്റ്റേഷൻ ക്രൈം നം. 119/2024 U/s 174 CrPC പ്രകാരമുള്ള കേസ് 13-03-2024 മുതൽ ക്രൈംബ്രാഞ്ചിൽ ക്രൈം നം. 86/CB/TVM/2024 പ്രകാരം റീ രജിസ്റ്റർ ചെയ്ത്, CrPC Sec 174 ഭേദഗതി ചെയ്ത് 306 & 34 IPC പ്രകാരമുള്ള വകുപ്പുകൾ കൂട്ടിച്ചേർത്ത് കേസന്വേഷണം നടത്തിവരുന്നു.

(ബി) പ്രസ്തുത ആത്മഹത്യയുമായി ബന്ധപ്പെട്ട് നടന്ന വകുപ്പുതല അന്വേഷണം സംബന്ധിച്ചും അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ നടപടി

ആവശ്യപ്പെട്ടുകൊണ്ടും ആരിൽനിന്നെങ്കിലും പരാതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

വകുപ്പുതല അന്വേഷണം തൃപ്തികരമല്ലെന്ന് അനീഷ്യയുടെ അമ്മയുടെ പരാതിയിലുന്നയിച്ചകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത ആത്മഹത്യയുമായി ബന്ധപ്പെട്ട് നടത്തിയ വകുപ്പുതല അന്വേഷണ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോയെന്നും ഈ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) പ്രസ്തുത ആത്മഹത്യയുമായി ബന്ധപ്പെട്ട് രാഷ്ട്രപതി ഭവനിൽനിന്നും അന്വേഷണ നടപടികൾക്കായി സർക്കാരിന് പരാതികൾ അയച്ചുകിട്ടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത പരാതികളിന്മേൽ കൈക്കൊണ്ട നടപടി വിശദമാക്കാമോ?

ഉണ്ട്. അനീഷ്യയുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട് ടി പരാതികൾ ലഭിക്കുന്നതിന് മുമ്പുതന്നെ ഈ കേസ് ക്രൈംബ്രാഞ്ച് അന്വേഷിച്ചുവരികയാണ്. പ്രസ്തുത പരാതികൾക്ക് മറുപടി നൽകിയിട്ടുണ്ട്.

**ആരോഗ്യ വകുപ്പ് ജീവനക്കാർ പ്രതികളായ കേസുകൾ**

113 (2113) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2016 ഏപ്രിൽ മുതൽ 2024 മേയ് വരെ ചികിത്സാ പിഴവ്, പീഡനം, മറ്റ് അതിക്രമങ്ങൾ എന്നിവമൂലം ആരോഗ്യ വകുപ്പ് ജീവനക്കാർ പ്രതികളായ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ?

ലഭ്യമായ വിവരമനുസരിച്ച് 2016 ഏപ്രിൽ മുതൽ 2024 മേയ് വരെ ചികിത്സാ പിഴവ്, പീഡനം, മറ്റ് അതിക്രമങ്ങൾമൂലം ആരോഗ്യ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ജീവനക്കാർ പ്രതികളായി രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 15 |
| കൊല്ലം | 3 |
| ആലപ്പുഴ | 1 |

| | |
|---|---|
| പത്തനംതിട്ട | 0 |
| കോട്ടയം | 2 |
| എറണാകുളം | 2 |
| തൃശ്ശൂർ | 9 |
| ഇടുക്കി | 2 |
| പാലക്കാട് | 1 |
| വയനാട് | 5 |
| മലപ്പുറം | 8 |
| കോഴിക്കോട് | 9 |
| കണ്ണൂർ | 6 |
| കാസർഗോഡ് | 3 |
| **ആകെ** | **66** |

**കുമ്പള പൊലീസ് സ്റ്റേഷൻ പരിധിയിലെ മോഷണം**

114 (2114) ശ്രീ. എ. കെ. എം. അഷ്‌റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം, കുമ്പള പൊലീസ് സ്റ്റേഷൻ പരിധിയിൽ മോഷണങ്ങൾ വർധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കഴിഞ്ഞ മൂന്ന് വർഷത്തിൽ പ്രസ്തുത സ്റ്റേഷൻ പരിധികളിൽ എത്ര മോഷണ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവയുടെ വിശദവിവരങ്ങളും ലഭ്യമാക്കുമോ?

01-01-2021 മുതൽ 31-05-2024 വരെയുള്ള കാലയളവിൽ മോഷണവുമായി ബന്ധപ്പെട്ട് മഞ്ചേശ്വരം പൊലീസ് സ്റ്റേഷനിലാണ് കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(സി) പ്രസ്തുത കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തതും തൊണ്ടിമുതൽ കണ്ടെത്തിയതുമായ കേസുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

പ്രസ്തുത കേസുകളിൽ പ്രതികളെ ഇതിനകം അറസ്റ്റ് ചെയ്തതും തൊണ്ടിമുതൽ കണ്ടെത്തിയതുമായി മഞ്ചേശ്വരം പൊലീസ് സ്റ്റേഷനിൽ 39 കേസുകളും കുമ്പള പൊലീസ് സ്റ്റേഷനിൽ 21 കേസുകളും ഉൾപ്പെടെ ആകെ 60 കേസുകളുണ്ട്. മോഷണ വസ്തുക്കളെയും പ്രതികളെയും സംബന്ധിച്ച് ക്രൈം കാർഡുകൾ തയ്യാറാക്കി എല്ലാ സ്റ്റേഷനിലേയ്ക്കും അയച്ചുകൊടുത്തും കേരള-കർണ്ണാടക അതിർത്തി പ്രദേശങ്ങളിൽ പരിശോധന കർശനമാക്കിയുമാണ് ഇവ കണ്ടെത്തിയത്.

(ഡി) കാലവർഷക്കാലത്ത് പ്രസ്തുത പ്രദേശങ്ങളിൽ മോഷണം തടയുന്നതിന് ഫലപ്രദമായ എന്ത് നടപടിയാണ് പൊലീസ് സ്വീകരിച്ചിട്ടുള്ളതെന്നും പഞ്ചായത്ത് ജനപ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, സാമൂഹ്യ പ്രവർത്തകർ എന്നിവരുടെ യോഗം വിളിച്ച് പ്രസ്തുത പ്രദേശത്ത് ജാഗ്രത സമിതി രൂപീകരിക്കുന്നതിനും രാത്രികാല പട്രോളിംഗ് കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

മോഷണങ്ങൾ തടയുന്നതിന് രാത്രികാലങ്ങളിൽ ആരാധനാലയങ്ങൾ, ധനകാര്യസ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ഊർജിതമായ പട്രോളിംഗ് നടത്തിവരികയും കൂടാതെ സമാനരീതിയിൽ മോഷണം നടത്തുന്നവരെയും അടുത്തകാലങ്ങളിൽ ജയിൽ മോചിതരായവരെയും നിരീക്ഷിച്ച് അവരുടെ നിലവിലെ അവസ്ഥ പരിശോധിക്കുകയും ചെയ്യുന്നുണ്ട്. മോഷണ കേസുകളിലുൾപ്പെട്ട പ്രതികളെ പിടികൂടുന്നതിനായി മോഷണ വസ്തുക്കളെയും പ്രതികളെയും സംബന്ധിച്ച് ക്രൈം കാർഡുകൾ തയ്യാറാക്കി എല്ലാ സ്റ്റേഷനിലേക്കും അയച്ചുകൊടുത്തും കേരള-കർണ്ണാടക അതിർത്തി പ്രദേശങ്ങളിൽ പരിശോധന കർശനമാക്കിയും ജനമൈത്രി ബീറ്റ്

ഓഫീസർമാരെ ഉപയോഗിച്ച് വിവരശേഖരണം നടത്തിയും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മോഷണ കേസുകൾ തടയുന്നതിനും അന്വേഷിക്കുന്നതിനുമായി ജില്ലാ പൊലീസ് മേധാവിയുടെ കീഴിൽ ക്രൈം സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ പഞ്ചായത്ത് ജനപ്രതിനിധികളുടെ യോഗം എല്ലാ മാസവും വിളിക്കുകയും ജാഗ്രതാ സമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരികയും ചെയ്യുന്നുണ്ട്.

**സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ വ്യാജ പർച്ചേസ്**

115 (2115) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ വ്യാജ പർച്ചേസ് സംബന്ധിച്ച് എറണാകുളം സിറ്റി കടവന്ത്ര പൊലീസ് സ്റ്റേഷൻ എഫ്.ഐ.ആർ. നം. 0262/2024 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; കേസിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) മുൻ ഭക്ഷ്യ വകുപ്പുമന്ത്രിയുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയായിരുന്ന വ്യക്തി പ്രസ്തുത കേസിൽ പ്രതിയാണോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേസിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ?

(എ-സി) കടവന്ത്ര പൊലീസ് സ്റ്റേഷനിൽ ക്രൈം. 262/2024 U/s 468, 469, 471 IPC & 66(c) 66(D) of IT Act പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ഊർജിതമായി അന്വേഷിച്ചുവരികയാണ്. കേസിലെ പ്രതിയും മുൻ ഭക്ഷ്യ വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗവുമായിരുന്നയാളെ 30-05-2024-ന് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും കോടതി പ്രതിയെ റിമാന്റ് ചെയ്യുകയും തുടർന്ന് ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചുവരികയുമാണ്.

**ലഹരി മാഫിയ നടത്തിയ അക്രമസംഭവങ്ങൾ**

116 (2116) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2023 ജനവരി ഒന്ന് മുതൽ 2024 മേയ് 31 വരെയുള്ള കാലയളവിൽ ലഹരി ഉപയോഗം, വിപണനം എന്നിവയുമായി

ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ?

സംസ്ഥാനത്ത് 01-01-2023 മുതൽ 31-05-2024 വരെയുള്ള കാലയളവിൽ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവുമായി (NDPS Cases) ബന്ധപ്പെട്ട് 34540 കേസുകളും ലഹരി പദാർത്ഥങ്ങളുടെ വിപണനവുമായി (NDPS Cases) ബന്ധപ്പെട്ട് 6991 കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത കാലയളവിൽ ലഹരി മാഫിയ നടത്തിയ അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

പ്രസ്തുത കാലയളവിൽ ലഹരി മാഫിയ നടത്തിയ അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് കേസുകളൊന്നുംതന്നെ രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ 01-01-2023 മുതൽ 31-05-2024 വരെയുള്ള കാലയളവിൽ ലഹരി വിപണനം നടത്തുന്നവരും ലഹരി ഉപയോഗിക്കുന്നവർ സംഘം ചേർന്നും നടത്തിയ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് ഒൻപത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേസുകൾ (കൊല്ലം - 01, ആലപ്പുഴ - 07, കോഴിക്കോട് - 01) രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ലഹരി മാഫിയകളുടെ അക്രമങ്ങളെത്തുടർന്ന് 2022 ജനുവരി 1 മുതൽ 2024 മേയ് 31 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് എത്ര കൊലപാതകങ്ങളുണ്ടായിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

2022 ജനുവരി 1 മുതൽ 2024 മേയ് 31 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് ലഹരി മാഫിയകളുടെ അക്രമങ്ങളെത്തുടർന്നുള്ള കൊലപാതക കേസുകളൊന്നുംതന്നെ രജിസ്റ്റർ ചെയ്തിട്ടില്ല.

**പോലീസുദ്യോഗസ്ഥരുടെ ബിനാമി ബിസിനസ്**

117 (2117) ഡോ. എം. കെ. മുനീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നതരായ ചില പോലീസുദ്യോഗസ്ഥർ പലരും ബിനാമി ബിസിനസ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പോലീസ്-ഗുണ്ടാ ബന്ധം നിലനിൽക്കുന്നതിനാൽ ഗുണ്ടകൾക്കെതിരെ നടപടിയെടുക്കുന്നതിലും കാപ്പ നിയമം നടപ്പാക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ടോ?

പോലീസ്-ഗുണ്ടാ ബന്ധം നിലനിൽക്കുന്നതായോ ഗുണ്ടകൾക്കെതിരെ നടപടിയെടുക്കുന്നതിലും കാപ്പ നിയമം നടപ്പിലാക്കുന്നതിലും വീഴ്ചയുണ്ടായതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് ഗുണ്ടകളുടെയും സാമൂഹ്യ വിരുദ്ധരുടെയും അതിക്രമങ്ങൾ തടയുന്നതിനായി രൂപീകരിച്ചിട്ടുള്ള കാപ്പ സെൽ ഫലപ്രദമായി പ്രവർത്തിച്ചുവരുന്നുണ്ട്. സ്ഥിരമായി കുറ്റകൃത്യങ്ങളിലേർപ്പെടുന്ന പ്രതികളെ കരുതൽ തടങ്കലിൽ വയ്ക്കുന്നതിനും അവരുടെ സഞ്ചലനം നിയന്ത്രിക്കുന്നതിനുമായി കാപ്പ പ്രകാരമുള്ള നടപടികൾ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്.

(സി) ഇത്തരം പോലീസുകാരെ കണ്ടെത്തി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ക്രിമിനൽ ബന്ധങ്ങളുണ്ടാക്കിയതായി കണ്ടെത്തുന്ന ഉന്നത ഉദ്യോഗസ്ഥരുൾപ്പെടെ വിവിധ ശ്രേണിയിലുള്ള പൊലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് ക്രിമിനൽ നിയമപ്രകാരമുള്ള നടപടികളും വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. കുറ്റകൃത്യങ്ങളുടെ ഗൗരവത്തിന്റെ അടിസ്ഥാനത്തിലാണ് ശിക്ഷാനടപടികൾ സ്വീകരിക്കുന്നത്. അപ്രകാരം നടപടിക്രമങ്ങൾ പൂർത്തിയാക്കി കഴിഞ്ഞ 8 വർഷത്തിനുള്ളിൽ 108 പോലീസുദ്യോഗസ്ഥരെ സർവീസിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ക്രിമിനലുകളെ കേരള പോലീസിൽ വച്ചുപൊറുപ്പിക്കില്ല എന്നതാണ് സർക്കാർ നയം. ഇത് കൃത്യമായി നടപ്പാക്കിവരുന്നുണ്ട്.

**ജലാശയങ്ങളിലെ അപകട മരണങ്ങൾ**

118 (2118) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ ജലാശയങ്ങളിൽ മുങ്ങി മരണപ്പെട്ടവരുടെ എണ്ണം വർഷവും ജില്ലയും തിരിച്ച് അറിയിക്കാമോ?

2021 മുതൽ 14-06-2024 വരെ ജലാശയങ്ങളിൽ മുങ്ങി മരണപ്പെട്ടവരുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | 2021 | 2022 | 2023 | 2024 (14-06-2024 വരെ) |
|---|---|---|---|---|
| തിരുവനന്തപുരം സിറ്റി | 17 | 41 | 13 | 16 |
| തിരുവനന്തപുരം റൂറൽ | 71 | 79 | 82 | 47 |
| കൊല്ലം സിറ്റി | 37 | 30 | 7 | 15 |
| കൊല്ലം റൂറൽ | 54 | 53 | 54 | 32 |
| പത്തനംതിട്ട | 38 | 41 | 32 | 20 |
| ആലപ്പുഴ | 68 | 83 | 90 | 38 |
| കോട്ടയം | 67 | 75 | 93 | 32 |
| ഇടുക്കി | 62 | 57 | 61 | 23 |
| എറണാകുളം സിറ്റി | 38 | 48 | 51 | 19 |
| എറണാകുളം റൂറൽ | 75 | 112 | 112 | 64 |
| തൃശ്ശൂർ സിറ്റി | 82 | 103 | 106 | 34 |
| തൃശ്ശൂർ റൂറൽ | 75 | 67 | 88 | 36 |
| പാലക്കാട് | 115 | 92 | 94 | 44 |
| മലപ്പുറം | 84 | 120 | 117 | 46 |
| കോഴിക്കോട് സിറ്റി | 13 | 20 | 12 | 14 |
| കോഴിക്കോട് റൂറൽ | 36 | 45 | 11 | 9 |
| വയനാട് | 30 | 22 | 22 | 7 |
| കണ്ണൂർ സിറ്റി | 29 | 42 | 34 | 10 |
| കണ്ണൂർ റൂറൽ | 37 | 40 | 32 | 10 |
| കാസർഗോഡ് | 48 | 69 | 59 | 8 |

| | | | | |
|---|---|---|---|---|
| ആകെ | 1076 | 1239 | 1170 | 524 |

(ബി) പ്രസ്തുത കാലയളവിൽ നടന്ന മുങ്ങിമരണങ്ങളിൽ 18 വയസിനുതാഴെ പ്രായമുള്ള എത്ര കുട്ടികളുൾപ്പെട്ടിട്ടുണ്ടെന്ന വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത കാലയളവിൽ നടന്ന മുങ്ങി മരണങ്ങളിലുൾപ്പെട്ട 18 വയസിനുതാഴെ പ്രായമുള്ള കുട്ടികളുടെ വിവരം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| 2021 | 2022 | 2023 | 2024 (14/06/2024 വരെ) |
|---|---|---|---|
| 142 | 217 | 213 | 77 |

(സി) സ്വകാര്യ പാറമടകൾ, കല്ലുവെട്ടുന്ന കുഴികൾ എന്നിവിടങ്ങളിലെ ജലാശയങ്ങളിൽ കുട്ടികൾ അപകടത്തിൽപ്പെടുന്നത് ഒഴിവാക്കുന്നതിനായി ഇത്തരം സ്ഥലങ്ങളിൽ സംരക്ഷണ വേലി കെട്ടുന്നതിനും ഉപേക്ഷിക്കപ്പെട്ട പാറമടകൾ അപകടമുക്തമാക്കുന്നതിനും നിർദേശം നൽകാൻ നടപടി സ്വീകരിക്കുമോ?

സ്വകാര്യ പാറമടകൾ, കല്ലുവെട്ടുന്ന കുഴികൾ എന്നിവിടങ്ങളിലെ ജലാശയങ്ങളിൽ കുട്ടികൾ അപകടത്തിൽപ്പെടുന്നത് ഒഴിവാക്കുന്നതിനായി സംരക്ഷണവേലി കെട്ടുന്നതിനും ഉപേക്ഷിക്കപ്പെട്ട പാറമടകൾ അപകടമുക്തമാക്കുന്നതിനും ഇവിടങ്ങളിലാവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിനും ജില്ലാ ഭരണകൂടങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

(ഡി) കനാലുകൾ/പുഴകൾ എന്നിവിടങ്ങളിൽ പതിവായി അപകടമുണ്ടാകുന്ന ഭാഗങ്ങളിൽ ആവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിനും സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമായ നിർദേശം നൽകുമോ?

കനാലുകൾ/പുഴകൾ എന്നിവിടങ്ങളിൽ പതിവായി അപകടമുണ്ടാകുന്ന ഭാഗങ്ങളിൽ ആവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. മുന്നറിയിപ്പ് ബോർഡുകളില്ലാത്ത അപകടം നിറഞ്ഞ കടവുകളിൽ ഇവ സ്ഥാപിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

**ഗതാഗത നിയന്ത്രണത്തിന് കൂടുതൽ പൊലീസിനെ നിയമിക്കുന്നതിന് നടപടി**

119 (2119) <u>ശ്രീ. എം. നൗഷാദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ ഹൈവേയുടെ പ്രവൃത്തികൾ നടക്കുന്നതിനാൽ പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ ഗതാഗത നിയന്ത്രണത്തിന് കൂടുതൽ പൊലീസിനെ നിയമിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സംസ്ഥാനത്ത് നാഷണൽ ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതുമൂലം ഗതാഗത പ്രശ്നങ്ങളുണ്ടാകുന്ന പ്രധാന ജംഗ്ഷനുകളിലും മറ്റും ട്രാഫിക് ഡ്യൂട്ടിക്കായി കൂടുതൽ പോലീസിനെ നിയമിച്ചുവരുന്നുണ്ട്.

(ബി) സ്കൂൾ സമയങ്ങളിൽ രൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നതിനാൽ കൂടുതൽ ഹോം ഗാർഡിനെ വിന്യസിക്കുന്നതിനായി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സ്കൂൾ സമയങ്ങളിൽ ഗതാഗതക്കുരുക്ക് ആനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ഹോം ഗാർഡിനെയും പൊലീസുദ്യോഗസ്ഥരെയും നിയോഗിച്ചുവരുന്നു. ഇതിനുപുറമേ അടിയന്തര ഘട്ടങ്ങളിൽ മൊബൈൽ

പട്രോളിംഗ് ടീമിലുള്ള പൊലീസുദ്യോഗസ്ഥരെ വിന്യസിച്ച് ട്രാഫിക് നിയന്ത്രിച്ചുവരുന്നുണ്ട്.

**സൈബർ കേസുകളിലെ നിയമപരിരക്ഷയെക്കുറിച്ചുള്ള അവബോധം**

120 (2120) **ശ്രീ. ചാണ്ടി ഉമ്മൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2020 മുതൽ 2024 വരെയുള്ള ഓരോ വർഷത്തിലും രജിസ്റ്റർ ചെയ്ത സൈബർ കേസുകൾ എത്രയെന്നതിനെ സംബന്ധിച്ച കണക്ക് ലഭ്യമാണോ; എങ്കിൽ അത് അറിയിക്കുമോ?

സംസ്ഥാനത്ത് 2020 മുതൽ 2024 (upto 14-06-2024) വരെയുള്ള ഓരോ വർഷത്തിലും രജിസ്റ്റർ ചെയ്ത സൈബർ (IT Act) കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| സംസ്ഥാനത്ത് 2020 മുതൽ 2024 (upto 14-06-2024) വരെയുള്ള ഓരോ വർഷത്തിലും രജിസ്റ്റർ ചെയ്ത സൈബർ (IT Act) കേസുകളുടെ വിവരം | | | | |
|---|---|---|---|---|
| 2020 | 2021 | 2022 | 2023 | 2024 (UP TO 14-06-2024) |
| 520 | 860 | 906 | 3177 | 1571 |

(ബി) മാനസിക സമ്മർദ്ദം, കേസ് നടത്തിപ്പിലെ ബുദ്ധിമുട്ടുകൾ, കേസ് തീർപ്പാക്കാനെടുക്കുന്ന കാലതാമസം എന്നീ കാരണങ്ങളാൽ തട്ടിപ്പിനിരയാകുന്നവർ ഇത്തരം കുറ്റങ്ങൾക്കെതിരെ പരാതി നൽകാൻ തയ്യാറാവുന്നില്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇത്തരം കേസുകളിലെ നിയമപരിരക്ഷയെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

രാജ്യത്താകമാനം ക്രമാതീതമായി സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യമാണ്. ഇന്റർനെറ്റ് സേവനങ്ങൾ വ്യാപകമാകുകയും ഉപഭോഗം വർദ്ധിക്കുകയും ചെയ്തതോടെ സംസ്ഥാനത്തും ആയതിന്റെ പ്രതിഫലനം കാണാവുന്നതാണ്. കേരള പൊലീസിന്റെ കീഴിൽ സൈബർ ഡിവിഷൻ രൂപീകരിക്കുകയും പൊതുജനങ്ങൾക്ക് സൈബർ സാമ്പത്തിക തട്ടിപ്പ് പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിനായി 24 മണിക്കൂറും സേവനം ലഭ്യമാകുന്ന 1930 എന്ന ഹെൽപ്പ് ലൈൻ നമ്പർ പൊലീസ് ആസ്ഥാനത്ത് സജ്ജീകരിക്കുകയും സംസ്ഥാനത്തെ എല്ലാ പൊലീസ് ജില്ലകളിലും സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി

പ്രത്യേകം സൈബർ പൊലീസ് സ്റ്റേഷനുകൾ ആരംഭിക്കുകയും ചെയ്തതോടെ തട്ടിപ്പിനിരയായവർ പരാതിയുമായി മുന്നോട്ടുവരുന്നത് വർധിച്ചതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പൊലീസിന്റെ സോഷ്യൽ മീഡിയ സെന്റർവഴി ടെലിവിഷൻ ചാനലുകളിലൂടെയും പൊലീസിന്റെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെയും (വാട്സ്ആപ്പ്, ഫേസ് ബുക്ക്, ഇൻസ്റ്റാഗ്രാം) ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നുണ്ട്. ഡാറ്റ വിശകലനം ചെയ്തതിൽനിന്നും ലഭ്യമായ വിവരമനുസരിച്ച് സൈബർ തട്ടിപ്പിന് കൂടുതൽ ഇരയായിട്ടുള്ള വിഭാഗമായ ഡോക്ടർമാർ, എഞ്ചിനീയർമാർ, ഐ.ടി. പ്രൊഫഷണലുകൾ, ബാങ്ക് കസ്റ്റമേഴ്സ്, എൻ.ആർ.ഐ., ബിസിനസ് സമൂഹം എന്നിവരെ കേന്ദ്രീകരിച്ച് അവരുടെ ഗ്രൂപ്പുകളുടെ സഹായത്തോടെ ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നു. കേരള പൊലീസിലെ സോഷ്യൽ മീഡിയ സെന്ററിന്റെ കീഴിൽ ഏഴ് ബോധവൽക്കരണ വീഡിയോകൾ നിർമ്മിച്ച് സോഷ്യൽ മീഡിയ ഗ്രൂപ്പുകളിലൂടെ പ്രദർശിപ്പിച്ചുവരുന്നു. ജില്ലാ മേധാവികളുടെ നേതൃത്വത്തിൽ ഓരോ ജില്ലകളിലും സൈബർ വോളണ്ടിയേഴ്സിനെ രൂപീകരിച്ച്, അവർക്ക്

പരിശീലനം നൽകി അവരിലൂടെ ബോധവൽക്കരണ പരിപാടികൾ ഊർജിതപ്പെടുത്തിവരുന്നു.

(സി) ഓൺലൈൻ സാമ്പത്തിക തട്ടിപ്പിന് ഇരയാകുന്നവർ സമയബന്ധിതമായി പാലിക്കേണ്ട കാര്യങ്ങളെക്കുറിച്ചുള്ള അവബോധമില്ലാത്തതിനാൽ നഷ്ടപ്പെട്ട തുക തിരികെ ലഭിക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

രാജ്യത്താകമാനം സൈബർ കുറ്റകൃത്യങ്ങൾ വർധിച്ചുവരുന്നതിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്തും ആയതിന്റെ പ്രതിഫലനം കാണാവുന്നതാണ്. കേരള പൊലീസിന്റെ കീഴിൽ സൈബർ ഡിവിഷൻ രൂപീകരിച്ചിട്ടുള്ളതും പൊതുജനങ്ങൾക്ക് സൈബർ സാമ്പത്തിക തട്ടിപ്പ് പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിനായി 24x7-ഉം പ്രവർത്തിക്കുന്ന National Cyber Crime Reporting Portal-ന്റെ 1930 NCRP ഹെൽപ്പ് ലൈൻ നമ്പർ പൊലീസ് ആസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നതുമാണ്. ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന പരാതികൾ ബന്ധപ്പെട്ട ബാങ്കുകളുടെ സഹായത്തോടെ നഷ്ടപ്പെട്ട തുക തിരിച്ചുപിടിക്കാനുള്ള നടപടികളും

സ്വീകരിച്ചുവരുന്നു. എന്നാൽ ഇത്തരം കേസുകളിൽ പരാതിക്കാർ സംഭവം നടന്ന് ഉടനടി റിപ്പോർട്ട് ചെയ്യാത്തതിനാൽ പരാതിക്കാരനിൽനിന്ന് നഷ്ടപ്പെട്ട തുക തിരികെ ലഭിക്കാത്ത സാഹചര്യങ്ങളുണ്ട്.

(ഡി) എങ്കിൽ ഇക്കാര്യത്തിൽ ജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

കമ്പ്യൂട്ടർ/ഇന്റർനെറ്റ് അധിഷ്ഠിതമായി ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്ന ഈ കാലഘട്ടത്തിൽ അതുസംബന്ധിച്ച തട്ടിപ്പുകളും കുറ്റകൃത്യങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ ഇത്തരം ചതികളിൽ അകപ്പെടാതിരിക്കാനും സുരക്ഷിതമായി ഇന്റർനെറ്റ് അധിഷ്ഠിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും സഹായകരമായ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. ഇത്തരം തട്ടിപ്പിനിരയാകുന്നവർ അടിയന്തരമായി 1930 എന്ന നമ്പരിൽ വിളിച്ച് NCRP പോർട്ടലിൽ അവരുടെ പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനും ബോധവൽക്കരണം നടത്തിവരുന്നു.

**സംസ്ഥാനത്തെ പൊലീസ് സ്റ്റേഷൻ പരിസരത്തെ വാഹനങ്ങൾ**

121 (2121) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊലീസ് സ്റ്റേഷൻ പരിസരങ്ങളിൽ കൂട്ടിയിട്ടിരിക്കുന്ന പിടിച്ചെടുക്കപ്പെട്ടതും കേസുകളിൽപ്പെട്ടതുമായ വാഹനങ്ങൾ നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

പൊലീസ് പിടിച്ചെടുത്ത് സൂക്ഷിച്ചിരിക്കുന്ന വാഹനങ്ങൾ സമയബന്ധിതമായി ഡിസ്പോസൽ ചെയ്യുന്നതിന്, ക്രിമിനൽ നടപടിക്രമം 451 മുതൽ 457 വരെയുള്ള വകുപ്പുകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചും 11-09-2018-ലെ സ. ഉ. (പി) നമ്പർ 60/2018/ആഭ്യന്തരം പ്രകാരവും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാനത്തെ വിവിധ പൊലീസ് സ്റ്റേഷൻ കോമ്പൗണ്ടുകളിലും പരിസരങ്ങളിലുമായി പൊലീസ് പിടിച്ചെടുത്ത് സൂക്ഷിച്ചിട്ടുള്ള വാഹനങ്ങളിന്മേൽ തീർപ്പ് കൽപ്പിച്ച് ഇ-ലേലം നടത്തി നീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. പൊലീസ് പിടിച്ചെടുത്ത് സൂക്ഷിച്ചിട്ടുള്ള അവകാശികളില്ലാത്തതും സ്ക്രാപ്പ് ഗണത്തിൽപ്പെട്ടതുമായ വാഹനങ്ങൾ MSTC

e-commerce വെബ് പോർട്ടലിലൂടെ ഇ-ലേലം ചെയ്തുവരുന്നു. കുറ്റകൃത്യങ്ങളുടെ ഭാഗമായി പൊലീസ് പിടിച്ചെടുത്ത വാഹനങ്ങളിൽ ഉടമസ്ഥന് വിട്ടുകൊടുക്കാൻ കഴിയുന്ന വാഹനങ്ങൾ ആവശ്യമായ സമയത്ത് ഹാജരാക്കുന്നതിനുള്ള നിർദേശം നൽകി നിയമാനുസരണം വിട്ടുകൊടുക്കുകയും കേസുകളിൽ തെളിവിലേയ്ക്ക് അവിഭാജ്യഘടകമായ വാഹനങ്ങൾ കോടതിയിൽ ഹാജരാക്കുകയും തുടർന്ന് കോടതി നിർദേശപ്രകാരം തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. പൊലീസ് സ്റ്റേഷൻ പരിസരത്ത് സൂക്ഷിച്ചിരിക്കുന്ന തൊണ്ടി മുതലുകളായ വാഹനങ്ങളിന്മേലുള്ള തീർപ്പാക്കൽ സംബന്ധിച്ച് പൊലീസ് ആസ്ഥാനത്തെ സർക്കുലർ നമ്പർ 23/2013 പ്രകാരമുള്ള നടപടികൾ സമയബന്ധിതമായി നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ഇത്തരം വാഹനങ്ങൾ ലേലം ചെയ്തോ ഉടമസ്ഥർക്ക് തിരികെ നൽകിയോ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ക്രൈം കേസുകളിലുൾപ്പെട്ട വാഹനങ്ങൾ അത്യാവശ്യഘട്ടത്തിൽ വാഹനങ്ങളുടെ ഫോട്ടോ എടുത്ത് മഹസറിനോടൊപ്പം ബന്ധപ്പെട്ട

കോടതികളിൽ സമർപ്പിക്കുകയും തുടർന്ന് ഉടമസ്ഥന് വാഹനം രേഖാമൂലം തിരികെ നൽകുകയും ചെയ്തുവരുന്നു. അല്ലാത്ത സാഹചര്യത്തിൽ കോടതിയിൽ ഹാജരാക്കുകയാണെങ്കിൽ ക്രിമിനൽ നടപടിക്രമം പ്രകാരം നിയമപരമായി കൈവശക്കാരന് വാഹനം തിരികെ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഉപേക്ഷിക്കപ്പെട്ട നിലയിൽ കാണപ്പെട്ട് സ്റ്റേഷനിൽ കൊണ്ടുവന്ന് സൂക്ഷിച്ചിട്ടുള്ള വാഹനങ്ങൾ രജിസ്റ്റേർഡ് ഉടമസ്ഥർക്ക് നോട്ടീസ് അയച്ച് വാഹനം എടുത്തുകൊണ്ടുപോകുന്നതിന് ആവശ്യപ്പെടുന്നതും ഉടമസ്ഥർ ടി വാഹനങ്ങൾ തിരികെയെടുക്കാൻ വരാത്ത സാഹചര്യത്തിൽ ഇത്തരം വാഹനങ്ങൾ ലേലം ചെയ്ത് ഒഴിവാക്കുകയും ചെയ്തുവരുന്നു. കേസുകളിലുൾപ്പെട്ട വാഹനങ്ങൾ കോടതിയുടെ അനുമതിയോടുകൂടി വിട്ടുനൽകുകയും അല്ലാത്തവ കോടതിയുടെ അനുമതിയോടെ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിട്ടുനൽകാൻ തടസ്സമുള്ള വാഹനങ്ങൾ സ്റ്റേഷൻ പരിധിയിൽത്തന്നെ സൂക്ഷിച്ചുവരുന്നു.

(സി) പിടിച്ചെടുത്ത വാഹനങ്ങളുടെ വീഡിയോയും ഫോട്ടോയും എടുത്തശേഷം ഉടമസ്ഥർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ?

ക്രിമിനൽ കേസുകളിലുൾപ്പെട്ട് പിടിച്ചെടുക്കപ്പെട്ട വാഹനങ്ങൾ കോടതിയുടെ അനുമതിയോടെയും ഉടമയുടെ ബോണ്ടിന്മേലും ഉടമസ്ഥർക്ക് വിട്ടുനൽകി വരുന്നുണ്ട്.

(ഡി) ഇത്തരത്തിൽ എത്ര വാഹനങ്ങൾ ഓരോ പൊലീസ് സ്റ്റേഷൻ പരിസരത്തും കെട്ടിക്കിടക്കുന്നുവെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് നിലവിൽ പൊലീസ് സ്റ്റേഷൻ പരിസരങ്ങളിൽ കൂട്ടിയിട്ടിരിക്കുന്ന പിടിച്ചെടുക്കപ്പെട്ടതും കേസുകളിൽപ്പെട്ടതുമായ വാഹനങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു.+

**കൊയിലാണ്ടി പൊലീസ് സ്റ്റേഷന് പുതിയ കെട്ടിടം**

122 (2122) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബജറ്റിലുൾപ്പെടുത്തുകയും 20 ശതമാനം തുക അനുവദിക്കുകയും ചെയ്ത കൊയിലാണ്ടി പൊലീസ് സ്റ്റേഷന് പുതിയ കെട്ടിടം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മിക്കുന്ന പദ്ധതിയുടെ പ്ലാനും എസ്റ്റിമേറ്റും കെ.പി.എച്ച്.സി.എസ്. മുഖേന സർക്കാരിൽ സമർപ്പിച്ചിരുന്നത് ഇ 1/58/2023/ഹോം നമ്പർ കത്ത് പ്രകാരം തിരിച്ചയയ്ക്കുകയാണുണ്ടായതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബജറ്റിൽ 20 ശതമാനം പ്രൊവിഷനുള്ള പ്രവൃത്തിയായിട്ടും ഭരണാനുമതി നൽകാതെ തിരിച്ചയയ്ക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

ഉണ്ട്. കൊയിലാണ്ടി പൊലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സംസ്ഥാന പൊലീസ് മേധാവി നൽകിയ പ്രൊപ്പോസൽ സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടെയാണ് ലഭ്യമായത് എന്നതിനാൽ, ബജറ്റ് വിഹിതമനുസരിച്ച് 2024-25 സാമ്പത്തിക വർഷം പരിഗണനയ്ക്കായി സമർപ്പിക്കാൻ സംസ്ഥാന പൊലീസ് മേധാവിക്ക് നിർദേശം നൽകുകയുണ്ടായി. ആയതിനുള്ള തുടർനടപടികൾ സംസ്ഥാന പൊലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ തൽസ്ഥിതി വിശദമാക്കാമോ?

നടപ്പുസാമ്പത്തിക വർഷത്തിൽ പ്രസ്തുത പൊലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ഗുരുവായൂരിൽ ട്രാഫിക് പൊലീസ് സ്റ്റേഷൻ**

123 (2123) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ദക്ഷിണേന്ത്യയിലെ ഒരു പ്രധാന തീർത്ഥാടന കേന്ദ്രമായ ഗുരുവായൂരിൽ ഒരു ട്രാഫിക് പൊലീസ് സ്റ്റേഷൻ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ ട്രാഫിക് കേസുകളുടെ അന്വേഷണ ചുമതല ട്രാഫിക് പൊലീസ് സ്റ്റേഷനുകളിൽനിന്നും ലോക്കൽ പൊലീസ് സ്റ്റേഷനുകളിലേക്കുമാറ്റി, ട്രാഫിക് യൂണിറ്റുകളും ട്രാഫിക് പൊലീസ് സ്റ്റേഷനുകളും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി പുനർനാമകരണം ചെയ്തുകൊണ്ട് 14-07-2018-ലെ സ. ഉ. (കൈ) നം. 116/2018/ആഭ്യന്തരം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ ട്രാഫിക്

എൻഫോഴ്സ്മെന്റ് യൂണിറ്റ് ആരംഭിക്കാനാവില്ലെന്നും ട്രാഫിക് മാനേജ്മെന്റിനായി സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കാനും സംസ്ഥാന പൊലീസ് മേധാവിക്ക് നിർദേശം നൽകിയിട്ടുമുണ്ട്. ആയതിനാൽ ഗുരുവായൂരിൽ പുതുതായി ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് സ്ഥാപിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

**ചാവക്കാട് പൊലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

124 (2124) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ ചാവക്കാട് പൊലീസ് സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

ചാവക്കാട് പൊലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷത്തിൽ ബജറ്റ് ക്രമനമ്പർ 1103 പ്രകാരം 20 ശതമാനം തുക (രണ്ട് കോടി രൂപ) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ ഏതൊക്കെ സൗകര്യങ്ങൾ (Requirements)

ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് ഡിവിഷനിലെ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നും തൃശ്ശൂർ സിറ്റി ജില്ലാ പൊലീസ് മേധാവിക്ക് കത്ത് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിവരങ്ങൾ 15-05-2024-ന് പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത Requirements അനുസരിച്ചുള്ള പ്ലാനും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമാക്കുന്നതനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**പെരുവണ്ണാമൂഴി പൊലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

125 (2125) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവണ്ണാമൂഴി പൊലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ; ഇതിന്റെ ഉദ്ഘാടനം എന്നത്തേക്കുണ്ടാകുമെന്ന് വ്യക്തമാക്കാമോ?

പെരുവണ്ണാമൂഴി പൊലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന്റെ 75 ശതമാനം പണി പൂർത്തിയായിട്ടുണ്ട്. ഈ വർഷം അവസാനത്തോടെയോ

അടുത്ത വർഷം ആദ്യമോ ഉദ്ഘാടനത്തിന് സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത കെട്ടിടത്തിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

സ്റ്റേറ്റ് പ്ലാൻ സ്കീം 2021-22-ൽ പെരുവണ്ണാമൂഴി പൊലീസ് സ്റ്റേഷന്റെ മതിൽ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 4055-00-207-92-Modernisation of Police Department-36 എന്ന ശീർഷകത്തിൽ 24 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ പെരുവണ്ണാമൂഴി പൊലീസ് സ്റ്റേഷൻ കെട്ടിടം നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ പ്രസ്തുത തുക തൊട്ടിൽപാലം സ്റ്റേഷൻ മതിൽ നിർമ്മാണത്തിന് അനുവദിക്കുകയുണ്ടായി. നിലവിൽ പെരുവണ്ണാമൂഴി പൊലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ പണി നടന്നുവരികയാണ്.

**കയ്പമംഗലം, മതിലകം പൊലീസ് സ്റ്റേഷനുകളിലെ അപര്യാപ്തത**

126 (2126) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം പൊലീസ് സ്റ്റേഷന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പുതിയ സ്ഥലം കണ്ടെത്തുന്നതിന്റെയും പുതിയ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന്റെയും പുരോഗതി അറിയിക്കാമോ?

നിലവിൽ കയ്പമംഗലം പൊലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നത് മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ്. പൊലീസ് സ്റ്റേഷന് പുതിയ കെട്ടിടം പണിയുന്നതിലേക്കായി വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള, കയ്പമംഗലം വില്ലേജ് സർവെ നമ്പർ 257/04-ലുൾപ്പെട്ട ഉപയോഗശൂന്യമായി കിടക്കുന്ന 18 സെന്റ് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തൃശ്ശൂർ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരുന്നതും ആയതുസംബന്ധിച്ച് ജില്ലാ കളക്ടർ കൊടുങ്ങല്ലൂർ തഹസിൽദാരോട് (ഭൂരേഖാ) റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്.

(ബി) കയ്പമംഗലം, മതിലകം പൊലീസ് സ്റ്റേഷനുകളിൽ മതിയായ പോലീസുകാരുടെ അപര്യാപ്തത നിലവിലുള്ളതിനാൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

കയ്പമംഗലം പൊലീസ് സ്റ്റേഷനിലേയ്ക്ക് കൂടുതൽ പൊലീസുകാരെ താൽക്കാലികമായി attach അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. മതിലകം പൊലീസ് സ്റ്റേഷനിൽ നിലവിലെ ഒഴിവുകളെല്ലാം നികത്തിയിട്ടുണ്ട്.

**അങ്കമാലിയിൽ ഡിവൈ.എസ്.പി. ഓഫീസ്**

127 (2127) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം ജില്ലയിലെ അങ്കമാലി കേന്ദ്രീകരിച്ച് ഡിവൈ.എസ്.പി. ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് പുതിയ സബ്ഡിവിഷനുകൾ ആരംഭിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**പൊലീസ് സർവീസിൽനിന്നുളള വി.ആർ.എസ്.**

128 (2128) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊലീസ് വകുപ്പിൽനിന്നും സി.പി.ഒ.-മാർ മുതൽ സബ് ഇൻസ്പെക്ടർ തസ്തിക വരെയുള്ള എത്ര ഉദ്യോഗസ്ഥർ 2023-ൽ വി.ആർ.എസ്. വാങ്ങിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

2023-ൽ വി.ആർ.എസ്. വാങ്ങിയ ഉദ്യോഗസ്ഥരുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 2 |
| കൊല്ലം | 5 |
| പത്തനംതിട്ട | 2 |
| ആലപ്പുഴ | 3 |
| കോട്ടയം | 15 |
| ഇടുക്കി | 5 |
| എറണാകുളം | 7 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 1 |
| മലപ്പുറം | 8 |
| കോഴിക്കോട് | 11 |
| വയനാട് | 3 |
| കണ്ണൂർ | 4 |
| കാസർഗോഡ് | 2 |
| **ആകെ** | **70** |

(ബി) 2024-ൽ സി.പി.ഒ.-മാർ മുതൽ സബ് ഇൻസ്പെക്ടർ തസ്തിക വരെയുള്ള എത്രപേർ വി.ആർ.എസ്.-നായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; ലഭ്യമായ കണക്കിൽ കഴിഞ്ഞ 15 വർഷത്തെ ശരാശരിയേക്കാൾ വർധനയുണ്ടോ; എങ്കിൽ ആയതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2024-ൽ വി.ആർ.എസ്.-നായി അപേക്ഷിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 3 |
| കൊല്ലം | 10 |
| പത്തനംതിട്ട | 3 |
| ആലപ്പുഴ | 6 |
| കോട്ടയം | 11 |
| ഇടുക്കി | 7 |
| എറണാകുളം | 9 |
| തൃശ്ശൂർ | 9 |
| പാലക്കാട് | 5 |
| മലപ്പുറം | 5 |
| കോഴിക്കോട് | 2 |
| വയനാട് | 0 |
| കണ്ണൂർ | 2 |

| | |
|---|---|
| കാസർഗോഡ് | 0 |
| **ആകെ** | **72** |

15 വർഷത്തെ ശരാശരി കണക്കാക്കുന്നതിനുള്ള ക്രോഡീകരിച്ച വിവരങ്ങൾ ലഭ്യമല്ല.

**പാവറട്ടി പൊലീസ് സ്റ്റേഷനിലെ സ്റ്റാഫ് പാറ്റേൺ**

129 (2129) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി പൊലീസ് സ്റ്റേഷനിലെ സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ?

| | |
|---|---|
| ഇൻസ്പെക്ടർ ഓഫ് പോലീസ് | 1 |
| സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് | 3 |
| അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് | 2 |
| സീനിയർ സിവിൽ പൊലീസ് ഓഫീസർ | 7 |
| സിവിൽ പൊലീസ് ഓഫീസർ/വനിത സിവിൽ പൊലീസ് ഓഫീസർ | 28 |

(ബി) പ്രസ്തുത പൊലീസ് സ്റ്റേഷനിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും നിലവിലുള്ള ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

നിലവിലുള്ള മൂന്ന് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

**കേരള പോലീസിൽ സേവനമനുഷ്ഠിക്കുന്ന വനിതകൾ**

130 (2130) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന വനിതകളുടെ എണ്ണം എത്രയാണെന്ന് തസ്തിക തിരിച്ച് ലഭ്യമാക്കുമോ?

കേരള പൊലീസ് സേനയിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന വനിതകളുടെ എണ്ണം ഇപ്രകാരമാണ്.

| | |
|---|---|
| ഐ.പി.എസ്. | 11 |
| അസിസ്റ്റന്റ് കമാണ്ടന്റ് | 2 |
| ഇൻസ്പെക്ടർ | 6 |

| | |
|---|---|
| സബ് ഇൻസ്പെക്ടർ | 70 |
| ആംഡ് പൊലീസ് സബ് ഇൻസ്പെക്ടർ | 5 |
| സീനിയർ സിവിൽ പൊലീസ് ഓഫീസർ | 1205 |
| ഹവിൽദാർ | 159 |
| സിവിൽ പൊലീസ് ഓഫീസർ/പൊലീസ് കോൺസ്റ്റബിൾ | 3265 |

(ബി) പൊലീസ് സ്റ്റേഷനുകളിൽ വനിതാ ജീവനക്കാർക്ക് പ്രത്യേകം ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പൊലീസ് സ്റ്റേഷനുകളിൽ വിവിധ പദ്ധതികളിലുൾപ്പെടുത്തി വനിതാ ജീവനക്കാർക്ക് മാത്രമായിട്ടുള്ള വിശ്രമ മുറികൾ, ടോയ്‌ലെറ്റുകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്.

(സി) ഈ സർക്കാരിന്റെ കാലത്ത് പൊലീസ് സേനയിലെ വനിതകൾക്ക് മേലുദ്യോഗസ്ഥരിൽനിന്നോ സഹപ്രവർത്തകരിൽനിന്നോ ജോലി സമയത്ത് പൊതുസമൂഹത്തിൽനിന്നോ നേരിടേണ്ടിവന്ന മാനസികമോ ശാരീരികമോ ആയ അതിക്രമങ്ങളെക്കുറിച്ച് റിപ്പോർട്ട് ചെയ്യുകയോ അപ്രകാരമുള്ള പരാതികൾ ലഭിക്കുകയോ ചെയ്തിട്ടുണ്ടോ;

എങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കാമോ; അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ചില പരാതികൾ ലഭിച്ചിട്ടുണ്ട്. അവ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള എല്ലാ ആക്ഷേപങ്ങളിലും ഇരയോടൊപ്പം നിന്നുകൊണ്ടുള്ള ശക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്.

**തിരുവനന്തപുരം വനം ഡിവിഷനിലെ വനാതിർത്തി വേർതിരിക്കൽ പദ്ധതി**

131 (2131) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം അതിർത്തി നിർണ്ണയത്തിൽ കോടികളുടെ ക്രമക്കേട്, വിജിലൻസ് അന്വേഷണത്തിന് നീക്കം എന്ന 23-04-2022-ലെ ഒരു പ്രമുഖ ദിനപത്രത്തിലെ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2019-20, 2020-21 കാലയളവിൽ തിരുവനന്തപുരം വന ഡിവിഷനിൽ വനാതിർത്തി വേർതിരിക്കൽ പദ്ധതിയുടെ ഭാഗമായ ജണ്ട

നിർമ്മാണത്തിലെ അഴിമതി സംബന്ധിച്ച് എത്ര പരാതികൾ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

ഏഴ് പരാതികൾ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളുടെ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; അന്വേഷണ വേളയിൽ കുറ്റക്കാരായ ചില ഉദ്യോഗസ്ഥരുടെ അനൗദ്യോഗിക ഇടപെടൽ കാരണം അന്വേഷണത്തിന് വിഘാതം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തി പരാതിയിലെ ക്രമക്കേടുകളെക്കുറിച്ച് സ്വതന്ത്രവും നീതിപൂർവകവുമായ അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

(സി&ഡി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിച്ച ഏഴ് പരാതികളിൽ ആറ് പരാതികളിന്മേൽ പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. ഏതെങ്കിലും കാരണത്താൽ അന്വേഷണത്തിന് വിഘാതം സംഭവിച്ചതായി

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്വതന്ത്രവും നീതിപൂർവകവുമായ അന്വേഷണമാണിപ്പോൾ നടന്നുവരുന്നത്.

**കാട്ടാക്കട കോടതി സമുച്ചയ നിർമ്മാണം പൂർത്തീകരിക്കാൻ നടപടി**

132 (2132) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട കോടതി സമുച്ചയത്തിന്റെ മൂന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ എന്തായെന്ന് വ്യക്തമാക്കാമോ; കാട്ടാക്കട കോടതി സമുച്ചയം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

കാട്ടാക്കട കോടതി സമുച്ചയത്തിന്റെ മൂന്നാംഘട്ട നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിനായി 1,340 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഹൈക്കോടതി രജിസ്ട്രാർ സർക്കാരിന് സമർപ്പിച്ചിരുന്നു. ശിപാർശയിൽ ശ്രദ്ധയിൽപ്പെട്ട ചില അപാകതകൾ തിരുത്തി പുനഃസമർപ്പിക്കാൻ ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുതുക്കിയ ശിപാർശ

സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ലോകായുക്തയിലെ ജീവനക്കാരുടെ നിയമനങ്ങൾ**

133 (2133) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകായുക്തയിലെ ജീവനക്കാരുടെ നിയമനങ്ങൾ സ്പെഷ്യൽ റൂൾ പാലിച്ചാണോ നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ലോകായുക്തയിൽ സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽ വന്നിട്ട് എത്ര കാലമായെന്ന് വ്യക്തമാക്കുമോ;

(സി) സ്പെഷ്യൽ റൂൾ പ്രകാരം നിലവിൽ ഡെപ്യൂട്ടേഷനിൽ ലോകായുക്തയിൽ വിവിധ വകുപ്പുകളിൽനിന്നും എത്തി ജോലി ചെയ്യുന്നവരെ എത്ര വർഷം അവിടെ പൂർത്തിയാക്കിയാൽ അവിടെ സ്ഥിരപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ?

(എ-സി) ലോകായുക്ത സർവീസിന്റെ സ്പെഷ്യൽ റൂൾ സർക്കാർ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

(ഡി) നിലവിൽ എത്ര ജീവനക്കാരാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ലോകായുക്തയിൽ ജോലി ചെയ്യുന്നത്; ഏതെല്ലാം വകുപ്പുകളിൽനിന്നാണ് അവർ ഡെപ്യൂട്ടേഷനിൽ എത്തിയതെന്ന് വ്യക്തമാക്കുമോ?

നിലവിൽ 31 ജീവനക്കാർ കേരള ലോകായുക്തയിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തുവരുന്നു. ഇതിൽ 24 ജീവനക്കാർ ബഹു<u>മാനപ്പെട്ട</u> ഹൈക്കോടതി, കീഴ്കോടതി, പി.എസ്.സി., തദ്ദേശസ്വയംഭരണം, പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, സെക്രട്ടേറിയറ്റ്, റവന്യൂ, സാമ്പത്തിക സ്ഥിതിവിവരകണക്ക് എന്നീ വകുപ്പുകളിൽനിന്നും ഏഴുപേർ പൊലീസ് വകുപ്പിൽനിന്നുമാണ് ജോലി ചെയ്തുവരുന്നത്.

**കോഴിക്കോട് ബീച്ച് ഫയർസ്റ്റേഷന് പുതിയ കെട്ടിടം**

134 (2135) <u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ച് ഫയർസ്റ്റേഷൻ കെട്ടിടത്തിന്റെ ഫിറ്റ്നസ് റദ്ദായതിനാൽ പ്രസ്തുത ഫയർസ്റ്റേഷനിലെ ഉദ്യോഗസ്ഥരെ മറ്റ് സ്റ്റേഷനുകളിലേക്ക് വിഭജിച്ചുനൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട് ബീച്ച് ഫയർ സ്റ്റേഷൻ കെട്ടിടം കാലപ്പഴക്കമായതിനെത്തുടർന്ന് പൊതുമരാമത്ത് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ നിലയത്തിലെ രണ്ട് വാഹനങ്ങളും ക്രൂവും ഒഴികെ മറ്റ് ജീവനക്കാരെയും വാഹനങ്ങളും അനുബന്ധ ഉപകരണങ്ങളും കോഴിക്കോട് ജില്ലയിലെ സമീപ നിലയങ്ങളിലേക്ക് മാറ്റിയിട്ടുണ്ട്.

(ബി) പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി എന്ന് തുടങ്ങുമെന്നും ഇതിനായി എത്ര തുകയാണ് അനുവദിച്ചതെന്നും വിശദമാക്കാമോ?

നടപ്പുസാമ്പത്തികവർഷം തുക വകയിരുത്തിയിട്ടില്ല. പുതിയ ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട താൽക്കാലിക ഡ്രോയിംഗ്, സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് എന്നിവ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലാണ്. ആയതിലേയ്ക്കായി 17 കോടി രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പിന്

നൽകിയിരിക്കുകയാണ്. നടപടികൾ പൂർത്തിയായി ഭരണാനുമതി ലഭ്യമാകുന്നമുറയ്ക്ക് പുതിയ കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

**കൊണ്ടോട്ടി കേന്ദ്രമായി ഫയർസ്റ്റേഷൻ**

135 (2136) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി കേന്ദ്രമായി ഫയർ സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യത്തിനുമേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഫയർ സ്റ്റേഷൻ അനുവദിക്കുകയാണെങ്കിൽ സ്ഥലവും കെട്ടിട സൗകര്യവും ചെയ്തുകൊടുക്കാമെന്ന് കൊണ്ടോട്ടി നഗരസഭ അറിയിച്ചിട്ടും ഫയർ സ്റ്റേഷൻ അനുവദിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

(എ&ബി) ദുരന്ത സാധ്യത അടിസ്ഥാനമാക്കി സംസ്ഥാനത്ത് ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് മുൻഗണന നൽകേണ്ട സ്ഥലങ്ങളിൽ അഗ്നിരക്ഷാ നിലയങ്ങൾ ആരംഭിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

ആ സ്ഥലങ്ങളിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനാണ് സർക്കാർ നടപടി സ്വീകരിച്ചുവരുന്നത്. കൊണ്ടോട്ടി ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**ബദിയഡുക്ക നീർച്ചാൽ അഗ്നിരക്ഷാസേനാ നിലയം**

136 (2137) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിലെ ബദിയഡുക്ക പഞ്ചായത്തിൽ നീർച്ചാൽ അഗ്നിരക്ഷാസേനാ നിലയത്തിന് ഭരണാനുമതി വൈകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ദുരന്തസാധ്യത കണക്കിലെടുത്ത് മുൻഗണന നൽകേണ്ട സ്ഥലങ്ങളിൽ പുതിയ അഗ്നിരക്ഷാ നിലയങ്ങൾ ആരംഭിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ തീരുമാനിച്ച സ്ഥലങ്ങളിലാണ് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നത്.

(ബി) പ്രസ്തുത അഗ്നിരക്ഷാ നിലയത്തിന് റവന്യൂ വകുപ്പ് സ്ഥലവും പഞ്ചായത്ത് ഭരണസമിതി താൽക്കാലിക കെട്ടിടം ഉൾപ്പെടെയുള്ള സ്ഥലവും വിട്ടുനൽകാൻ സമ്മതിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എപ്പോഴാണ് ഇപ്രകാരം സമ്മതിച്ചതെന്നും ഇതുസംബന്ധിച്ച രേഖകളോ പ്രമാണങ്ങളോ ഉണ്ടോയെന്നും വ്യക്തമാക്കാമോ; എങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കാമോ?

(ബി&സി) ബദിയഡുക്ക പഞ്ചായത്തിലെ ബേള വില്ലേജിലുള്ള പഴയ ആയുർവേദ ഡിസ്പെൻസറി കെട്ടിടം വാടകയില്ലാതെ നൽകുന്നതിന് ബദിയഡുക്ക ഗ്രാമപഞ്ചായത്ത് സമ്മതിച്ചിരുന്നു. ബദിയഡുക്ക ഗ്രാമപഞ്ചായത്ത് സാധാരണ മീറ്റിംഗിലെ തീരുമാനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+ റവന്യൂ ഭൂമി അനുവദിച്ചിട്ടില്ല.

(ഡി) 2018-ൽ സംസ്ഥാനത്ത് നിർദേശിക്കപ്പെട്ട പട്ടികയിൽ എത്ര അഗ്നിരക്ഷാസേനാ നിലയങ്ങളുണ്ടായിരുന്നുവെന്ന് ക്രമനമ്പർ, നിലയങ്ങളുടെ പേര് എന്നിവ സഹിതം അറിയിക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) പ്രസ്തുത പട്ടികയിൽ എത്രാമത്തെ സ്ഥാനമായിരുന്നു ബദിയഡുക്ക ഫയർ സ്റ്റേഷനെന്ന് വ്യക്തമാക്കാമോ?

(ഡി&ഇ) 2019-ൽ പുതിയ ഫയർ സ്റ്റേഷനുകൾ തുറക്കുന്നതിനായി ഫയർ & റെസ്ക്യൂ വകുപ്പുതലത്തിൽ തയ്യാറാക്കിയ 33 സ്ഥലങ്ങളുടെ ചുവടെ ചേർത്തിരിക്കുന്ന പട്ടിക വകുപ്പ് മേധാവി സർക്കാരിൽ സമർപ്പിച്ചിരുന്നു.

1. തൊണ്ടർനാട് (വയനാട്)
2. വൈത്തിരി (വയനാട്)
3. പുൽപ്പള്ളി (വയനാട്)
4. വണ്ണപ്പുറം (ഇടുക്കി)
5. പന്തളം (പത്തനംതിട്ട)
6. ആറന്മുള (പത്തനംതിട്ട)
7. കോഴഞ്ചേരി (പത്തനംതിട്ട)
8. ബദിയഡുക്ക (കാസർഗോഡ്)
9. കല്ലമ്പലം (തിരുവനന്തപുരം)
10. നേര്യമംഗലം (എറണാകുളം)

11. കടയ്ക്കാവൂർ (തിരുവനന്തപുരം)

12. കൊല്ലങ്കോട് (പാലക്കാട്)

13. മാവൂർ (കോഴിക്കോട്)

14. കൊണ്ടോട്ടി (മലപ്പുറം)

15. വളാഞ്ചേരി (മലപ്പുറം)

16. മണലൂർ (തൃശ്ശൂർ)

17. ഓയൂർ (കൊല്ലം)

18. കുളത്തുപ്പുഴ (കൊല്ലം)

19. എരുമേലി (കോട്ടയം)

20. ഏറ്റുമാനൂർ (കോട്ടയം)

21. പട്ടാമ്പി (പാലക്കാട്)

22. ചേളന്നൂർ (കോഴിക്കോട്)

23. ചീമേനി (കാസർഗോഡ്)

24. തേഞ്ഞിപ്പാലം (മലപ്പുറം)

25. അട്ടപ്പാടി (പാലക്കാട്)

26. തൃത്താല (പാലക്കാട്)

27. കാലടി (എറണാകുളം)

28. പുതുപ്പാടി (കോഴിക്കോട്)

29. പാലോട് (തിരുവനന്തപുരം)

30. ഒറ്റപ്പാലം (പാലക്കാട്)

31. കുമരകം (കോട്ടയം)

32. വെള്ളരിക്കുണ്ട് (കാസർഗോഡ്)

33. വെള്ളറട (തിരുവനന്തപുരം)

(എഫ്) പ്രസ്തുത പട്ടികയിലുണ്ടായിരുന്ന ഏതെല്ലാം നിലയങ്ങൾക്ക് ഭരണാനുമതി ലഭിച്ചുവെന്ന് ലിസ്റ്റിലുള്ള സ്ഥാനമനുസരിച്ച് അറിയിക്കാമോ?

പട്ടാമ്പി (21), കൊല്ലങ്കോട് (12), കല്ലമ്പലം (9) എന്നിവിടങ്ങളിൽ പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയും തൊണ്ടർനാട് (1), മാവൂർ (13), ചീമേനി (23), വൈത്തിരി (2), ആറന്മുള (6), പാലോട് (29), നേര്യമംഗലം (10) എന്നിവിടങ്ങളിൽ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയും ഉത്തരവായിട്ടുണ്ട്.

(ജി) ബദിയഡുക്ക അഗ്നിരക്ഷാ സേനാനിലയം എപ്പോൾ യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കാമോ?

തത്വത്തിൽ അനുമതി നൽകിയ ഫയർ സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചതിനുശേഷം മറ്റ് ഫയർ സ്റ്റേഷനുകൾക്കുള്ള നിർദേശങ്ങൾ പരിശോധിക്കാൻ സാധിക്കുകയുള്ളൂ.

**മാവേലിക്കര അഗ്നിരക്ഷാ നിലയത്തിന് പുതിയ കെട്ടിടം**

137 (2138) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര അഗ്നിരക്ഷാ നിലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ തുക അനുവദിച്ച് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. മാവേലിക്കര നിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി സ്റ്റേഷൻ നിലവിൽ പ്രവർത്തിക്കുന്ന മാവേലിക്കര വില്ലേജിൽ ബ്ലോക്ക് നം. 10 റീ-സർവെ നം. 17/18-ൽ 15.90 ആർ സ്ഥലം അഗ്നിരക്ഷാ സേവന വകുപ്പിന് കൈമാറി ഉത്തരവായിട്ടുണ്ട്. സ്ഥലത്ത്

പുതിയ ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി അഞ്ച് കോടി രൂപ വരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്നു.

**മലപ്പുറം ജില്ലാ ഫയർ ഓഫീസ് നവീകരണം**

138 (2139) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മുണ്ടുപറമ്പിലെ അഗ്നിരക്ഷാ നിലയത്തോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ജില്ലാ ഫയർ ഓഫീസ് നവീകരണത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) 2021-22 വർഷം മലപ്പുറം ജില്ലാ ഫയർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 1,16,00,000/- രൂപയുടെ റീകാൽക്കുലേറ്റ് ചെയ്ത റഫ് കോസ്റ്റ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഇതിനായി മറ്റ് ഫണ്ട് എന്തെങ്കിലും അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ജില്ലാ ഫയർ ഓഫീസർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണം ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്താൻ സത്വരനടപടി സ്വീകരിക്കാമോ?

(എ-സി) മലപ്പുറം ജില്ലാ ഫയർ ഓഫീസ് നവീകരണം, ക്വാർട്ടേഴ്സ് നിർമ്മാണം എന്നിവ ഇപ്പോൾ വകുപ്പിന്റെ പരിഗണനയിലില്ല.

**കാലടിയിൽ പുതിയ ഫയർ സ്റ്റേഷൻ**

139 (2140) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അങ്കമാലി നിയോജകമണ്ഡലത്തിൽ കാലടി കേന്ദ്രീകരിച്ച് ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യത്തിൽ വകുപ്പിന്റെ പരിശോധന പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഇവിടെ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് മുൻഗണന നൽകേണ്ട സ്ഥലങ്ങളിൽ അഗ്നിരക്ഷാ നിലയങ്ങൾ ആരംഭിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങളിൽ ഫയർ സ്റ്റേഷൻ

ആരംഭിക്കുന്നതിനാണ് സർക്കാർ നടപടിയെടുത്തുവരുന്നത്. കാലടി കേന്ദ്രീകരിച്ച് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നകാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**കയ്പമംഗലം മണ്ഡലത്തിലെ ദുരന്തനിവാരണ ബോധവത്കരണം**

140 (2141) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം മണ്ഡലത്തിലെ നിരന്തര കടൽക്ഷോഭങ്ങളും മറ്റ് പ്രകൃതി ദുരന്തങ്ങളും നേരിടുന്നതിനായി ക്ലബുകൾ, വിദ്യാലയങ്ങൾ, മറ്റ് സാംസ്കാരിക സംഘങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ഫയർ & റെസ്ക്യൂ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

കയ്പമംഗലം മണ്ഡലത്തിലെ കൊടുങ്ങല്ലൂർ അഗ്നിരക്ഷാ നിലയത്തിന്റെ പരിധിയിൽ ഏറിയാട്, എടവിലങ്ങ്, എസ്.എൻ. പുരം, മതിലകം എന്നീ പഞ്ചായത്തുകളാണുൾപ്പെട്ടിരിക്കുന്നത്. മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ കടൽക്ഷോഭവുമായി ബന്ധപ്പെട്ട് അഗ്നിരക്ഷാ സേനാംഗങ്ങൾ സന്ദർശിക്കുകയും ജനപ്രതിനിധികളും നാട്ടുകാരുമായും സംസാരിക്കുകയും

ചെയ്തു. അപകടത്തിൽപ്പെട്ടതും അപകടാവസ്ഥയിൽ നിൽക്കുന്നതുമായ മരങ്ങൾ റവന്യൂ വകുപ്പിന്റെയും പഞ്ചായത്തിന്റെയും ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ മുറിച്ചുമാറ്റി. കൂടാതെ തീരസംരക്ഷണ സേനയുടെ ആഭിമുഖ്യത്തിൽ ഏറിയാട് പഞ്ചായത്തിൽ ക്ലാസെടുത്തു. ഏറിയാട് ഹാർമണി ക്ലാസുമായും സിവിൽ ഡിഫൻസുമായും ചേർന്ന് ബോധവത്കരണ ക്ലാസ് കാലവർഷം തുടങ്ങുന്നതിനുമുമ്പ് നടത്തിയിട്ടുണ്ട്. നാട്ടിക നിലയത്തിനുകീഴിൽ കയ്പമംഗലം മണ്ഡലത്തിലുൾപ്പെടുന്ന ഗവൺമെന്റ് എച്ച്.എസ്.എസ്. ചാമക്കാല, എച്ച്.എസ്.എസ്. ചെന്ത്രാപ്പിന്നി, ഗവൺമെന്റ് ഫിഷറീസ് എച്ച്.എസ്.എസ്. എന്നീ സ്കൂളുകളിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പ്രകൃതി ദുരന്തങ്ങളുണ്ടാകുമ്പോൾ നേരിടേണ്ട മാർഗ്ഗങ്ങളെക്കുറിച്ചും അഗ്നി സുരക്ഷയെപ്പറ്റിയും ബോധവൽക്കരണ ക്ലാസുകൾ നൽകിയിട്ടുണ്ട്. കയ്പമംഗലം പഞ്ചായത്തിൽ ഹരിതകർമ്മ സേനാംഗങ്ങൾക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകി.

(ബി) പ്രസ്തുത മണ്ഡലത്തിൽ നടത്തപ്പെടുന്ന തനത് വിദ്യഭ്യാസ പദ്ധതിയായ 'സ്വരക്ഷ'യുമായി ബന്ധപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് വകുപ്പ് നടത്താനുദ്ദേശിക്കുന്നത്?

സ്കൂളുകളിൽ സുരക്ഷ സംബന്ധിച്ച ബോധവൽക്കരണ ക്ലാസുകൾ നൽകുന്നതിന് അഗ്നിരക്ഷാ സേവന വകുപ്പ് ഉദ്ദേശിക്കുന്നു. കൂടാതെ കയ്യൂർമംഗലം പഞ്ചായത്തുമായി സഹകരിച്ച് പഞ്ചായത്തിലെ സ്കൂളുകളിൽ നീന്തൽ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പയ്യന്നൂർ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനിൽ പുതിയ സ്റ്റാഫ് ക്വാർട്ടേഴ്സ്**

141 (2142) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**കോഴിക്കോട് സബ് ജയിൽ മാറ്റിസ്ഥാപിക്കൽ**

142 (2143) <u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സബ് ജയിൽ മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ജയിൽ മാറ്റിസ്ഥാപിക്കുന്നതിനുള്ള പുതിയ സ്ഥലം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ?

(എ&ബി) സ്ഥലപരിമിതിമൂലം കോഴിക്കോട് ജില്ലാ ജയിലിലെ ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിച്ചിട്ടുള്ള നിവേദനത്തിൽ ജയിൽ മേധാവിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

**ചീമേനി തുറന്ന ജയിലിലെ വികസന പ്രവർത്തനങ്ങൾ**

143 (2144) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ പ്രവർത്തിക്കുന്ന തുറന്ന ജയിലിൽ 2016 മുതൽ നാളിതുവരെ നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ?

അനുബന്ധം I ആയി ചേർക്കുന്നു.+

(ബി) പ്രസ്തുത ജയിലിലെ ഭക്ഷണ വിതരണത്തിലൂടെയും പെട്രോൾ പമ്പ് വഴിയും 2021 മുതൽ പ്രതിവർഷം എത്ര രൂപയുടെ അധിക വരുമാനം ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കാമോ?

അനുബന്ധം II ആയി ചേർക്കുന്നു.+

**ടി.പി. വധക്കേസ് പ്രതിയുടെ ചികിത്സ**

144 (2145) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ടി. പി. ചന്ദ്രശേഖരൻ വധക്കേസിൽ ശിക്ഷിക്കപ്പെട്ട ജ്യോതി ബാബുവിനെ ചികിത്സാർത്ഥം ആശുപത്രിയിലേക്ക് മാറ്റുകയുണ്ടായോ; എങ്കിൽ എന്നുമുതലാണ് ആശുപത്രിയിലേക്ക് മാറ്റിയത്; നിലവിൽ പ്രതിയെ എവിടെയാണ് പാർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രതിക്ക് നിലവിൽ ഏതൊക്കെ രോഗങ്ങളുള്ളതായാണ് സ്ഥിരീകരിച്ചിട്ടുള്ളതെന്നും എന്തൊക്കെ ചികിത്സകളാണ് നൽകിവരുന്നതെന്നും അറിയിക്കാമോ?

(എ&ബി) ജ്യോതിബാബുവിന്റെ ഹൈപ്പർടെൻഷൻ, ഡയബറ്റിസ്, വൃക്ക രോഗം എന്നിവ സംബന്ധിച്ച് മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് 03-04-2024 മുതൽ ചികിത്സാർത്ഥം കണ്ണൂർ ജില്ലാ ആശുപത്രിയിലേക്ക് മാറ്റുകയുണ്ടായി. നിലവിൽ പരിയാരം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിഞ്ഞുവരികയാണ്.

(സി) നിലവിലെ ചട്ടങ്ങൾ പ്രകാരം ജയിൽ ശിക്ഷയ്ക്ക് വിധിക്കപ്പെട്ട കുറ്റവാളികളെ ചികിത്സാർത്ഥം ആശുപത്രിയിലേക്ക് കൊണ്ടുപോകുമ്പോഴും

ആശുപത്രിയിലായിരിക്കുമ്പോഴും പാലിച്ചിരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവഹണം) ചട്ടത്തിലെ അദ്ധ്യായം 42 പ്രകാരമാണ് ജയിൽ ശിക്ഷയ്ക്ക് വിധിക്കപ്പെട്ട കുറ്റവാളികൾക്ക് ചികിത്സ നൽകുന്നത്. അതിലെ ചട്ടങ്ങൾ പ്രകാരം രോഗമുണ്ടെന്ന് പരാതിപ്പെടുകയോ അല്ലെങ്കിൽ രോഗമുള്ളതായി കാണപ്പെടുകയോ ചെയ്യുന്ന ഓരോ തടവുകാരനെയും ജയിൽ മെഡിക്കൽ ഓഫീസറുടെ പരിശോധനയ്ക്കായി ഉടനടി ആശുപത്രിയിൽ അയക്കേണ്ടതും തുടർചികിത്സ ആവശ്യമുള്ളപക്ഷം അത് നൽകേണ്ടതുമാണ്.

ജയിൽ മെഡിക്കൽ ഓഫീസർ വിശദ ചികിത്സയ്ക്ക് റഫർ ചെയ്യുന്ന തടവുകാരെ മതിയായ പൊലീസ് എസ്കോർട്ടോടെ ആശുപത്രിയിലേക്ക് ചികിത്സയ്ക്കായി അയക്കുകയും അഡ്മിറ്റാകുന്ന അവസരങ്ങളിൽ മുഴുവൻ സമയവും പൊലീസ് ബന്തവസിൽത്തന്നെ ആശുപത്രിയിൽ കഴിയുകയും ചെയ്യുന്നു. പൊലീസ് എസ്കോർട്ട് ലഭ്യമല്ലാത്ത അടിയന്തരഘട്ടങ്ങളിൽ ജയിൽ ജീവനക്കാരെ ഉപയോഗിച്ചും ഇത്തരം ഡ്യൂട്ടികൾ ചെയ്തുവരുന്നുണ്ട്.

(ഡി) ഡയാലിസിസ്പോലെ തുടർച്ചയായി ലഭ്യമാക്കേണ്ട ചികിത്സകൾ ജയിലിനുള്ളിൽത്തന്നെ പ്രതികൾക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ചികിത്സയുടെ പേരിൽ പ്രതികൾ ജയിൽ ശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നത് തടയുന്നതിനായി ഇത്തരം ചികിത്സകൾ ജയിലിനുള്ളിൽത്തന്നെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇല്ല. ഡയാലിസിസ് ആവശ്യമുള്ള തടവുകാരെ ആയതിന് സൗകര്യമുള്ള സർക്കാർ ആശുപത്രിയിലേക്ക് അയച്ച് ചികിത്സ ലഭ്യമാക്കിവരുന്നു.

**സർക്കാർ പ്രസ്സുകളുടെ നവീകരണം**

145 (2146) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സർക്കാർ പ്രസ്സുകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

സർക്കാർ പ്രസ്സുകളുടെ നവീകരണത്തിനായി 3.64 കോടിയിൽപ്പരം വിലവരുന്ന മെഷീനുകൾ പ്രസ്സുകളിൽ സ്ഥാപിച്ചു. കൂടാതെ, 90 ലക്ഷം രൂപ വിനിയോഗിച്ച് മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ കെട്ടിടത്തിന്റെ റൂഫിംഗ് പൂർത്തിയാക്കി. തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ OMR സെക്ഷന്റെ നവീകരണം, സർക്കാർ മുദ്രനിർമ്മാണ ശാലയിലെ അറ്റകുറ്റപ്പണികൾ/ചുറ്റുമതിൽ നിർമ്മാണം, മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ മേൽക്കൂര നിർമ്മാണം, ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിന്റെ നിർമ്മാണ പ്രവൃത്തികൾ/ചുറ്റുമതിൽ നിർമ്മാണം, കണ്ണൂർ ഗവൺമെന്റ് പ്രസ്സിന്റെ അറ്റകുറ്റപ്പണികൾ എന്നീ പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഇതിനായി 2023-24 വർഷത്തെ ബജറ്റിൽ അനുവദിച്ച തുക പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ടോ?

ഇല്ല.

(സി) സർക്കാരിന്റെ അച്ചടി ജോലികൾ പൂർണ്ണമായും ഏറ്റെടുക്കാൻ കഴിയുന്ന വിധം സർക്കാർ പ്രസ്സുകൾ സജ്ജമാണോ; വിശദീകരിക്കാമോ?

ഇതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) സർക്കാർ പ്രസ്സുകളെ ആധുനികവൽക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എല്ലാ സർക്കാർ പ്രസ്സുകളിലെയും കാലപ്പഴക്കം ചെന്ന മെഷിനറികൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ആധുനികവൽക്കരണത്തിന്റെ ഭാഗമായി പഴയ മെഷീനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ദേശീയപാത 66-ലെ ഒറ്റത്തൂൺ മേൽപ്പാലം**

146 (2147) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:</u>
<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു:</u>
<u>ശ്രീ. എം. രാജഗോപാലൻ:</u>
<u>ശ്രീ. കെ. വി. സുമേഷ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ ഒന്നാമത്തെ റീച്ചിൽ കാസർഗോഡ് ജില്ലാ ആസ്ഥാനത്ത് നിർമ്മാണം നടന്നുവരുന്ന ഒറ്റത്തൂൺ മേൽപ്പാലത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ദേശീയപാത 66-ന്റെ ഒന്നാമത്തെ റീച്ചിൽ കാസർഗോഡ് ജില്ലാ ആസ്ഥാനത്ത് നിർമ്മാണം നടന്നുവരുന്ന ഒറ്റത്തൂൺ മേൽപ്പാലത്തിന്റെ പ്രത്യേകതകൾ താഴെപ്പറയുന്നവയാണ്.

- സിംഗിൾ സ്പാൻ ബോക്സ് ഗിർഡർ സ്ട്രക്ചർ
- പൈൽ ഫൗണ്ടേഷൻ
- 40 മീറ്റർ നീളമുള്ള 29 സ്പാനുകൾ
- ആകെ നീളം 1.160 കി.മീ.
- മെയിൻ കാര്യേജ് വേ (MW) വീതി 27.50 m
- നടുക്കുള്ള മീഡിയന്റെ വീതി 0.5 m

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് മേൽനോട്ട സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതിയിൽ ആരെയെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സമിതി എന്തെല്ലാം ഇടപെടലുകളാണ് നടത്തിവരുന്നതെന്നും അറിയിക്കാമോ?

ദേശീയപാതകളുടെ നിർമ്മാണ പുരോഗതി അവലോകനം ചെയ്യുന്നതിന് കൃത്യമായ ഇടവേളകളിൽ മിഷൻ 2025 യോഗം നടത്താറുണ്ട്. വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം സാധ്യമാക്കുന്നതിന് ചീഫ് സെക്രട്ടറി തലത്തിലും മുഖ്യമന്ത്രി തലത്തിലും അവലോകന യോഗങ്ങൾ നടത്താറുണ്ട്. ദേശീയപാത അതോറിറ്റിയും ഇൻഡിപെൻഡന്റ് എഞ്ചിനീയറായ M/s. Lea Associates South Asia Pvt. Ltd.-ഉം ചേർന്ന് പാലത്തിന്റെ നിർമ്മാണത്തിന് മേൽനോട്ടം വഹിക്കുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

**റീബിൽഡ് കേരള, സി.എം.എൽ.ആർ.ആർ.പി. പദ്ധതികൾ**

147 (2148) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള, സി.എം.എൽ.ആർ.ആർ.പി. പദ്ധതികൾ പ്രകാരം സംസ്ഥാനത്ത് ആകെ എത്ര രൂപയുടെ പ്രവൃത്തികളാണ് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതെന്നും ഇതിൽ എത്ര രൂപയുടെ ഭരണാനുമതിയാണ്

നാളിതുവരെ ലഭ്യമാക്കിയിട്ടുള്ളതെന്നുമുള്ള വിവരം ഇനം തിരിച്ച് ലഭ്യമാക്കുമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ വിവിധ തലങ്ങളിലുള്ള കമ്മിറ്റികൾ അംഗീകരിക്കുന്ന പദ്ധതികൾക്കാണ് സർക്കാർ ഭരണാനുമതി നൽകുന്നത്. ഇപ്രകാരം റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ നാളിതുവരെ 8,722.92 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സി.എം.എൽ.ആർ.ആർ.പി. പദ്ധതികൾക്കായി 1,000 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. 980.48 കോടി രൂപയ്ക്കുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം നിലവിൽ പുതിയ പ്രവൃത്തികൾക്ക് അനുമതി നൽകുന്നുണ്ടോയെന്നും പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കുമോ?

ആർ.കെ.ഐ.-യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി വിവിധ വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതികൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവ്

തയ്യാറാക്കിയിട്ടുള്ള പദ്ധതി വിലയിരുത്തൽ മാർഗ്ഗനിർദേശങ്ങൾ (Project Appraisal Guidelines) പ്രകാരം പരിശോധിച്ച് ആർ.കെ.ഐ.- ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ചീഫ് സെക്രട്ടറി അധ്യക്ഷനായുള്ള ആർ.കെ.ഐ. ഉന്നതാധികാര സമിതി (എച്ച്.എൽ.ഇ.സി.) എന്നിവയുടെ ശിപാർശകൾക്ക് വിധേയമായി, സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ച് മന്ത്രിസഭയുടെ അംഗീകാരത്തോടെയാണ് പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നത്. നിലവിൽ തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളതോ, ലോകബാങ്ക്, കെ.എഫ്.ഡബ്ല്യു., എ.എഫ്.ഡി. എന്നിവയുടെ സഹായത്തോടെ നടപ്പിലാക്കിവരുന്ന ആർ.കെ.പി. പ്രോഗ്രാം ഫോർ റിസൾട്ട്സ്-അധികവായ്പാ പദ്ധതിയുടെ (Additional Financing) ഭാഗമായതോ അല്ലാത്ത പുതിയ പദ്ധതികൾക്ക്, ഫണ്ടിന്റെ അപര്യാപ്തത കാരണം ഭരണാനുമതി നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. 2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ തകർന്നതും 14 ജില്ലകളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്നതും എന്നാൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്താത്തതുമായ റോഡുകളുടെ

പുനരുദ്ധാരണമാണ് സി.എം.എൽ.ആർ.ആർ.പി.-ൽ ഭരണാനുമതി നൽകി നടപ്പിലാക്കുന്നത്. ഇതിനായി വകയിരുത്തിയ 1,000 കോടി രൂപയിൽ, 980.48 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ പുതിയ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നത് പരിഗണനയിലില്ല.

(സി) പ്രസ്തുത പദ്ധതികൾ പ്രകാരം വടകര നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നതിനായി അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന വിവരവും അവയുടെ ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകളും ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ പ്രകാരം വടകര നിയോജകമണ്ഡലത്തിൽ ഇനിയും പൂർത്തീകരിക്കാൻ കഴിയാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഇവ പൂർത്തീകരിക്കാൻ കഴിയാത്തതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കുമോ?

(സി&ഡി) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (അനുബന്ധം 17), സി.എം.എൽ.ആർ.ആർ.പി. (അനുബന്ധം 1) എന്നിവ പ്രകാരം വടകര നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ സംബന്ധിച്ച വിവരം, അവയുടെ നിലവിലെ സ്ഥിതി, പൂർത്തീകരിക്കാൻ കഴിയാത്ത പദ്ധതികൾ,

കാരണങ്ങൾ, ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകൾ (അനുബന്ധം 2 മുതൽ 16 വരെ) എന്നിവ അനുബന്ധമായി ചേർക്കുന്നു.+

(ഇ) ഇനിയും പൂർത്തിയായിട്ടില്ലാത്ത പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ നടപ്പിലാക്കുന്ന മിക്കവാറും പദ്ധതികൾ ബഹുവർഷ പദ്ധതികളാണ്. പൂർത്തിയാക്കാൻ അവശേഷിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സി.എം.എൽ.ആർ.ആർ.പി.-ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നവയിൽ പൂർത്തിയാകാനുള്ള നാദാപുരം റോഡ്-റെയിൽ അണ്ടർപാസ് അപ്രോച്ച് റോഡ് പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ദേവികുളം മണ്ഡലത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം**

148 (2149) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ആരോഗ്യ കേന്ദ്രങ്ങളിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ദേവികുളം മണ്ഡലത്തിലെ ഏതൊക്കെ ആരോഗ്യ കേന്ദ്രങ്ങളെയാണ് തിരഞ്ഞെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

ദേവികുളം മണ്ഡലത്തിലെ ചിത്തിരപുരം സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി തിരഞ്ഞെടുത്തിരുന്നത്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം 52.5% പൂർത്തീകരിച്ചിട്ടുണ്ട്. പ്രീ എഞ്ചിനീയറിംഗ് ബിൽഡിംഗ് മെറ്റീരിയൽ ജോലികൾ പൂർത്തീകരിക്കുകയും അതിനോടനുബന്ധമായ പ്രവൃത്തികൾ നിലവിൽ പുരോഗമിക്കുകയുമാണ്.

## കുണ്ടറ മണ്ഡലത്തിലെ ആരോഗ്യ പദ്ധതികൾ

149 (2150) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ മണ്ഡലത്തിന്റെ പരിധിയിലുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ നടത്തിവരുന്ന പദ്ധതികളുടെ വിശദവിവരം നൽകാമോ;

(ബി) വിവിധ പദ്ധതികൾ പ്രകാരം മണ്ഡലത്തിന്റെ പരിധിയിലുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

(എ&ബി) 26-09-2018-ലെ G.O(Rt) No.2964/2018/H&FWD പ്രകാരം കുണ്ടറ താലൂക്കാശുപത്രിയിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മാണ പ്രവൃത്തികൾക്കായി 76.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി.-ആണ് നിർവ്വഹണ ഏജൻസി. 23-11-2020-ൽ ആരംഭിച്ച പുതിയ എട്ടുനില കെട്ടിടത്തിന്റെ പണി ദ്രുതഗതിയിൽ നടന്നുവരികയാണ്. ബേസ്മെന്റും ഏഴാം നില കെട്ടിടത്തിന്റെ വാർപ്പ്, പ്ലാസ്റ്ററിംഗ് പണികൾ

എന്നിവയും പൂർത്തീകരിച്ചിട്ടുള്ളതാണ്. പെയിന്റിംഗ്, ടൈൽ, പ്ലംബിംഗ്, ഇലക്ട്രിക്, ഫയർ വർക്കുകൾ നടന്നുവരുന്നു. കെട്ടിടത്തിന്റെ ഏകദേശം 80 ശതമാനത്തോളം പണി പൂർത്തീകരിച്ചുകഴിഞ്ഞു. കുണ്ടറ താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിലേയ്ക്കായി സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിൽനിന്നും ഏഴ് ഡയാലിസിസ് മെഷീൻ വാങ്ങി നൽകിയിട്ടുണ്ട്. ടി ആശുപത്രിയുടെ ലാബ് സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കൾച്ചർ സാമ്പിൾ, കാൻസർ സ്ക്രീനിംഗ് സാമ്പിൾ തുടങ്ങിയവ ഹബ് & സ്പോക്ക് ലാബ് നെറ്റ്‌വർക്കിംഗ് സംവിധാനത്തിലൂടെ ജില്ലാ ആശുപത്രിയിലെ എ.എം.ആർ. ലാബിലും പി.എച്ച്. ലാബിലും എത്തിച്ച് പരിശോധന നടത്തി റിപ്പോർട്ട് നൽകിവരുന്നു.

നെടുമ്പന സി.എച്ച്.സി. ബ്ലോക്ക് എഫ്.എച്ച്.സി. ആക്കുന്നതിലേയ്ക്കായുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആർദ്രം ഒ.പി.ഡി. ആദ്യ ഘട്ടത്തിൽ ഉൾപ്പെട്ട സ്ഥാപനത്തിൽ 90 ശതമാനം പണികളും പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. എച്ച്.എൽ.എൽ. എന്ന ഏജൻസിയുടെ കീഴിൽ നിർമ്മാണം നടന്നുവരുന്നു. ലാബ്

സൗകര്യങ്ങൾ മെച്ചപ്പെടുത്തി 45-ൽപ്പരം ടെസ്റ്റുകൾ ലാബിൽ ചെയ്യുന്ന രീതിയിൽ സജ്ജമാക്കിയിട്ടുണ്ട്. ജീവിതശൈലീ രോഗനിർണ്ണയ പരിപാടിയായ ശൈലി സർവ്വേയുടെ ഒന്നാംഘട്ടം പൂർത്തീകരിച്ചു. NCD റിസ്ക് സ്ക്രീനിംഗ്, ഓറൽ കാൻസർ സ്ക്രീനിംഗ്, ബ്രെസ്റ്റ് കാൻസർ സ്ക്രീനിംഗ് എന്നിവയും അവയുടെ ബോധവൽക്കരണവും നടന്നുവരുന്നു.

പെരിനാട് എഫ്.എച്ച്.സി.-യുടെ കീഴിലുള്ള വെള്ളിമൺ സബ് സെന്ററിന് ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. പെരിനാട് എഫ്.എച്ച്.സി. ആർദ്രം രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 2021 ജനുവരിയിൽ കുടുബാരോഗ്യ കേന്ദ്രമായി ഉദ്ഘാടനം ചെയ്ത് പ്രവർത്തനമാരംഭിച്ചു. ആർദ്രം മാനദണ്ഡപ്രകാരമുള്ള ഒ.പി.ഡി. ട്രാൻസ്ഫർമേഷൻ, ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവയുടെ ഭാഗമായി ലാബ് ഉപകരണങ്ങൾ വാങ്ങി.

ഇളമ്പള്ളൂർ എഫ്.എച്ച്.സി.-യിൽ വിശാലമായ ഒ.പി.ഡി. സൗകര്യം, കാത്തിരിപ്പ് കേന്ദ്രം, ബ്രെസ്റ്റ് ഫീഡിംഗ് കൗണ്ടർ, Procedure Room എന്നിവ ഉൾപ്പെടുത്തി ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തു. HbA1C

അനലൈസർ, ഹെമറ്റോളജി അനലൈസർ തുടങ്ങിയ ഉപകരണങ്ങൾ ലാബിൽ നൽകിക്കൊണ്ട് രോഗനിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തി. 2022-23 ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് 2024 ജൂണിൽ ഹോർമോൺ അനലൈസർ വാങ്ങുകയും 55 ടെസ്റ്റുകൾ ചെയ്യത്തക്ക രീതിയിൽ ലാബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്തു. ഇളമ്പള്ളൂർ, പെരിനാട്, പേരയം എന്നീ ഫാമിലി ഹെൽത്ത് സെന്ററുകൾക്കനുബന്ധമായി Health & Wellness സെന്റർ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**ഐസോലേഷൻ വാർഡ്**

കോവിഡ്പോലുള്ള പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനായി ഓരോ നിയോജകമണ്ഡലത്തിലും തിരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാർ ആശുപത്രിയിൽ ഐസൊലേഷൻ വാർഡ് എന്ന പദ്ധതിയുടെ ഭാഗമായി കുണ്ടറ നിയോജകമണ്ഡലത്തിലെ നെടുമ്പന സാമൂഹികാരോഗ്യ കേന്ദ്രത്തെ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി തിരഞ്ഞെടുക്കുകയും പ്രസ്തുത ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം പൂർത്തിയാക്കി 17-12-2022-ന് ഉദ്ഘാടനം നടത്തുകയും ചെയ്തു. ഐസൊലേഷൻ വാർഡിൽ ഇലക്ട്രിസിറ്റി

കണക്ഷൻ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. നിലവിലുള്ള ആശുപത്രിയിൽനിന്നും ഐസൊലേഷൻ വാർഡിലേയ്ക്കുള്ള വാട്ടർ കണക്ഷൻ നൽകിയിട്ടുണ്ട്.

**കൊല്ലം വിക്ടോറിയ ആശുപത്രിയിൽ നടപ്പാക്കുന്ന പദ്ധതി**

150 (2151) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം വിക്ടോറിയ ആശുപത്രിയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിന് തടസ്സമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കിഫ്ബി ഫണ്ട് ഉപയോഗിച്ച് കൊല്ലം വിക്ടോറിയ ആശുപത്രിയിൽ ബഹുനില കെട്ടിട നിർമ്മാണത്തിന് 109 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഓട്ടിസം സെന്റർ ആരംഭിക്കുന്നതിന് നടപടി**

151 (2152) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓട്ടിസം ബാധിച്ച മുഴുവൻ കുട്ടികൾക്കും സാമൂഹിക പരിചരണം ഉറപ്പുവരുത്താനും മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ എന്നിവ കേന്ദ്രീകരിച്ച് ഓട്ടിസം സെന്റർ ആരംഭിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഓട്ടിസം ബാധിച്ച മുഴുവൻ കുട്ടികൾക്കും സാമൂഹിക പരിചരണം ഉറപ്പുവരുത്താനും മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ച് ഓട്ടിസം സെന്റർ ആരംഭിക്കാനുള്ള നടപടികളുടെയും ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഓട്ടിസം ബാധിച്ച മുഴുവൻ കുട്ടികൾക്കും സാമൂഹിക പരിചരണം ഉറപ്പ് വരുത്തുന്നതിന് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രോജക്ട് എന്ന നിലയിൽ ഓട്ടിസം സെന്റർ കഴിഞ്ഞ അഞ്ചുവർഷമായി പ്രവർത്തിച്ചുവരുന്നതും കരാർ അടിസ്ഥാനത്തിൽ സ്പീച്ച് തെറാപ്പിസ്റ്റ്, ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ്, ഫിസിയോതെറാപ്പിസ്റ്റ്,

ഡെവലപ്മെന്റൽ തെറാപ്പിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമാക്കി വരുന്നതുമാകുന്നു.

ആലപ്പുഴ മെഡിക്കൽ കോളേജിൽ കേരള സാമൂഹിക സുരക്ഷ മിഷന്റെ ഭാഗമായി 15-10-2018-ന് ഓട്ടിസം/REIC സെന്റർ ആരംഭിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്.

കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയുടെ അനുബന്ധ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ആൻഡ് ചിൽഡ്രൻസ് ഹോസ്പിറ്റലിൽ നിലവിലുള്ള ഓട്ടിസം സെന്റർ തിങ്കൾ മുതൽ ശനി വരെ രാവിലെ 9.00 മണി മുതൽ വൈകിട്ട് 4.00 മണി വരെ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു.

തൃശ്ശൂർ മെഡിക്കൽ കോളേജ് ആർ.ഇ.ഐ.സി. & ഓട്ടിസം സെന്റർ 2018 ആഗസ്റ്റ് മുതൽ ശിശുരോഗവിഭാഗത്തിന്റെ സഹകരണത്തോടുകൂടി കേരള സ്റ്റേറ്റ് സെക്യൂരിറ്റി മിഷന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജിന്റെ അനുബന്ധ ആശുപത്രിയായ മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ റീജിയണൽ ഏർലി ഇന്റർവെൻഷണൽ & ഓട്ടിസം സെന്റർ പ്രവർത്തിക്കുന്നുണ്ട്.

മഞ്ചേരി മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ചുകൊണ്ട് 2019 ഫെബ്രുവരി മാസം മുതൽ അനുയാത്ര ഓട്ടിസം സെന്റർ ശിശുരോഗ വിഭാഗത്തിന്റെ കീഴിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും നിലവിൽ ഓട്ടിസം ബാധിച്ച 300-ൽ കൂടുതൽ കുട്ടികൾക്ക് സേവനം നൽകിവരുന്നതുകൂടാതെ 300-ൽപ്പരം ഭിന്നശേഷി കുട്ടികളുടെ തെറാപ്പി സേവനം നടത്താനും സാധിച്ചിട്ടുണ്ട്. കൗൺസിലിംഗ്, Occupational Therapy, Development Therapy, Physiotherapy, Speech Therapy, Special Education, parental awareness program, Group Therapy, Outreach program തുടങ്ങിയ സേവനങ്ങളും ഓട്ടിസം സെന്ററിൽ നൽകി വരുന്നു.

ഇടുക്കി മെഡിക്കൽ കോളേജ് ആശുപത്രിയിൽ എൻ.എച്ച്.എം., ഡി.ഇ.ഐ.സി. മുഖേന ഓട്ടിസം സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഓട്ടിസം ക്ലിനിക്ക് നിലവിലില്ലായെങ്കിലും ആശുപത്രിയിലെത്തുന്ന ഇത്തരം രോഗികൾക്കാവശ്യമായ ചികിത്സകൾ ശിശുരോഗ വിഭാഗത്തിലും മാനസിക രോഗ വിഭാഗത്തിലും നൽകിവരുന്നു.

കണ്ണൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഓട്ടിസം സെന്റർ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. State initiative on disability-യിൽനിന്നുള്ള ഉദ്യോഗസ്ഥർ സ്ഥല പരിശോധനയ്ക്കായി താമസിയാതെ എത്തിച്ചേരുമെന്ന് അറിയിച്ചിട്ടുണ്ട്. ഇത് പൂർത്തിയായാൽ ഉടൻതന്നെ ഓട്ടിസം സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കൊല്ലം, കോന്നി, വയനാട് മെഡിക്കൽ കോളേജുകളിലും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കാസർഗോഡ് മെഡിക്കൽ കോളേജിലും ഓട്ടിസം സെന്റർ പ്രവർത്തനം തുടങ്ങിയിട്ടില്ല. അതുകൂടാതെ ഓട്ടിസം ബാധിതരായ കുഞ്ഞുങ്ങൾക്ക് നാഷണൽ ഹെൽത്ത് മിഷന്റെ കീഴിൽ ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ

സെന്റർ (DEIC), കേരള സാമൂഹിക സുരക്ഷാ മിഷനുമായി ചേർന്ന് നടപ്പിലാക്കി വരുന്ന മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (അനുയാത്ര പദ്ധതി) എന്നീ രണ്ട് സ്ഥാപനങ്ങളിലൂടെ സേവനം ലഭിക്കുന്നുണ്ട്. രണ്ട് സ്ഥാപനത്തിലും സൈക്കോളജിസ്റ്റിന്റെയും സ്പീച്ച് ആഡിയോ തെറാപ്പിസ്റ്റുകളുടെയും സൗജന്യ സേവനവും ഓട്ടിസം ബാധിതർക്ക് സൗജന്യമായി തെറാപ്പി സൗകര്യവും ലഭ്യമാണ്. കുട്ടികളിലെ വളർച്ചയും വികാസവുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും സമയാധിഷ്ഠിതമായി മെച്ചപ്പെട്ട ചികിത്സ നൽകുന്നതിനും ജില്ലാതല ആശുപത്രിയിൽ പ്രവർത്തിക്കുന്ന പ്രത്യേക സ്ഥാപനമാണ് ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്റർ (ഡി.ഇ.ഐ.സി.). ഡി.ഇ.ഐ.സി.-കളിൽ ഓട്ടിസം ബാധിച്ച 18 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും വിവിധങ്ങളായ തെറാപ്പി ഉൾപ്പെടെയുള്ള ചികിത്സ സൗജന്യമായി ലഭ്യമാണ്. ഓട്ടിസം, എ.ഡി.എച്ച്.ഡി., ഹൈപ്പർ ആക്ടിവിറ്റി തുടങ്ങിയ രോഗങ്ങൾക്കുള്ള വിവിധ ചികിത്സാ സേവനങ്ങൾ ഡി.ഇ.ഐ.സി.-യിൽനിന്നും ലഭ്യമാകുന്നതാണ്. വളർച്ചയിലേയും വികാസത്തിലേയും വിവിധ പ്രശ്നങ്ങൾ കാലേക്കൂട്ടി

കണ്ടെത്തുന്നതിനും ശരിയാംവണ്ണം വിവിധ തെറാപ്പികൾ നൽകി ചികിത്സിക്കുന്നതിനും തുടർചികിത്സ വേണ്ട കുട്ടികളെ ഘട്ടംഘട്ടമായി ചികിത്സിക്കുന്നതിനും പ്രത്യേക ചികിത്സവേണ്ടവർക്ക് സ്പെഷ്യാലിറ്റി സെന്ററിലേയ്ക്ക് റഫർ ചെയ്യുന്നതിനും ഇത്തരം ഡി.ഇ.ഐ.സി. വഴി സാധ്യമാക്കുന്നു. എല്ലാ ഡി.ഇ.ഐ.സി.-കളിലും പീഡിയാട്രിഷ്യൻ, മെഡിക്കൽ ഓഫീസർ, ദന്തൽ സർജൻ, ദന്തൽ ഹൈജീനിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഓഡിയോളജിസ്റ്റ്-കം-സ്പീച്ച് തെറാപ്പിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നീ സ്പെഷ്യലിസ്റ്റുകളെ നിയമിച്ചിട്ടുണ്ട്. സ്കൂൾ-അങ്കണവാടി, ഫീൽഡ് തലത്തിൽ സ്ക്രീൻ ചെയ്യപ്പെട്ട കുട്ടികളിൽ വളർച്ചയിലും വികാസത്തിലും വ്യതിയാനം കണ്ടെത്തുന്നവരെ ഡി.ഇ.ഐ.സി.-ലേക്ക് റഫർ ചെയ്ത് വിവിധങ്ങളായ തെറാപ്പി ഉൾപ്പെടെയുള്ള ചികിത്സാസൗകര്യങ്ങൾ തീർത്തും സൗജന്യമാക്കിയിരിക്കുന്നു. കുട്ടികളുടെ ആശയവിനിമയത്തിലുള്ള അപാകതകൾ സ്പീച്ച് തെറാപിസ്റ്റും മാനസികവും സാമൂഹികവുമായ വികാസത്തിലുള്ള വ്യതിയാനങ്ങൾ സൈക്കോളജിസ്റ്റും പഠന ബൗദ്ധികമായ

വികാസത്തിലെ വ്യതിയാനങ്ങൾ സ്പെഷ്യൽ എഡ്യൂക്കേറ്ററും പരിശോധിക്കുന്നു. കൂടാതെ ഫിസിയോതെറാപ്പിസ്റ്റിന്റെ നേതൃത്വത്തിൽ വൈകല്യങ്ങളുടെ തോത് കുറയ്ക്കാനാവശ്യമായ തെറാപ്പികളും വ്യായാമങ്ങളും വൈകല്യത്തിന്റെ തോതിന് അനുസൃതമായി നടത്തുന്നു.

**കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി**

152 (2153) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിക്കായി (കാസ്പ്) എത്ര കോടി രൂപയാണ് നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ?

കാരുണ്യ സുരക്ഷാ പദ്ധതിക്കായി നാളിതുവരെ 3,482.13 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**

153 (2154) <u>ഡോ. എം. കെ. മുനീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്) പ്രകാരം ചികിത്സ നൽകുന്നതിന് സ്വകാര്യ ആശുപത്രികൾ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) പ്രസ്തുത പദ്ധതിയിൽ സംസ്ഥാനത്തെ വിവിധ സ്വകാര്യ/ സർക്കാർ ആശുപത്രികൾക്ക് നൽകാനുള്ള കുടിശ്ശിക തുക എത്രയെന്ന് ഇനം തിരിച്ച് വിശദമാക്കുമോ?

കുടിശ്ശിക തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

സർക്കാർ ആശുപത്രികൾ -₹9,26,31,23,547/-

സ്വകാര്യ ആശുപത്രികൾ -₹3,29,50,15,352/-

(സി) ഈ വർഷം സംസ്ഥാന ബജറ്റിൽ എത്ര രൂപയാണ് പ്രസ്തുത പദ്ധതിക്കായി ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്കായി ഈ വർഷം സംസ്ഥാന ബഡ്ജറ്റിൽ 678.54 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) ജനങ്ങൾക്ക് സുഗമമായ രീതിയിൽ ചികിത്സ ലഭ്യമാക്കാനായി പ്രസ്തുത പദ്ധതിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

പദ്ധതി ഗുണഭോക്താക്കൾക്ക് സേവനങ്ങൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മൃതസഞ്ജീവനി പദ്ധതി**

154 (2155) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി ആരംഭിച്ച മൃതസഞ്ജീവനി പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും അവയവദാനം സുതാര്യമാക്കുന്നതിനും നടപടിക്രമങ്ങൾ നിഷ്കർഷിക്കുന്നതിനുമായി 2012-ൽ മൃതസഞ്ജീവനി പദ്ധതി ആരംഭിച്ചു. വിപുലമായ ബോധവൽക്കരണ പരിപാടികളിലൂടെയും അവയവദാനവുമായി ബന്ധപ്പെട്ട വിവിധ നടപടിക്രമങ്ങൾ പുറപ്പെടുവിക്കുകവഴിയും ഈ പദ്ധതിക്ക്

പൊതുജനസമ്മിതി ലഭിക്കുകയും അവയവദാനത്തിന് തയ്യാറാകുന്ന വ്യക്തികളുടെ എണ്ണം ക്രമമായി ഉയരുകയും ചെയ്തു. മൃതസഞ്ജീവനി പദ്ധതി മുഖേന മരണാനന്തര അവയവദാനത്തിനായി സമഗ്രമായ പ്രോട്ടോക്കോളുകളും SOP-യും തയ്യാറാക്കിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനം കേരളമാണ്. മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനും അതിനുശേഷം അവയവദാനം തിരഞ്ഞെടുക്കാത്ത അവസരങ്ങളിൽ രോഗികൾക്ക് വെന്റിലേറ്റർ സപ്പോർട്ട് നിർത്തിവയ്ക്കുന്നതിനുമുള്ള മാതൃകാപരമായ ഉത്തരവ് ആദ്യം നടപ്പിലാക്കിയത് ഈ പദ്ധതിയുടെ കീഴിലാണ്. അവയവദാന പ്രക്രിയ കൂടുതൽ സുതാര്യവും നിഷ്പക്ഷവും ആക്കുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) രൂപീകരിക്കുകയും സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് (മൃതസഞ്ജീവനി)-നെ കെ-സോട്ടോയുമായി ലയിപ്പിക്കുകയുണ്ടായി. മരണാനന്തര അവയവദാനത്തിന്റെ മഹത്തായ മാനവിക മൂല്യത്തെക്കുറിച്ച്

പൊതുസമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിപുലമായ ബോധവൽക്കരണ പരിപാടികൾ കെ-സോട്ടോയുടെ കീഴിൽ നടന്നുവരുന്നു.

(ബി) അവയവദാനത്തിന്റെ മറവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അവയവ മാഫിയ സംഘങ്ങളെക്കുറിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഇതുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പിന്റെ കീഴിൽ വിശദമായ അന്വേഷണം നടന്നുവരുന്നു.

(സി) സ്വകാര്യ ആശുപത്രികളിൽ അവയവമാറ്റത്തിന് പൊലീസിന്റെ ക്ലിയറൻസും മെഡിക്കൽ ബോർഡിന്റെ അനുമതിയും ആവശ്യപ്പെട്ട് നിയമനിർമ്മാണം നടത്താൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ നിലവിൽ സുതാര്യവും നിയമവിധേയവുമാണ്. ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആക്റ്റ് 1994, ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആൻഡ് ടിഷ്യൂസ് റൂൾസ് 2014, 19-11-2010-ലെ 14931/

എസ്2/2009/ആ.കു.വ. നമ്പർ വിജ്ഞാപനം എന്നിവ പ്രകാരമാണ് ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവമാറ്റം നടക്കുന്നത്. ആയതിനാൽ നിലവിൽ പുതിയ നിയമനിർമ്മാണത്തിന്റെ ആവശ്യമുള്ളതായി കാണുന്നില്ല.

**ആലത്തൂർ മണ്ഡലത്തിലെ ആരോഗ്യവകുപ്പിന്റെ പദ്ധതികൾ**

155 (2156) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ ഏഴ് പഞ്ചായത്തുകളിലായി 2016 മെയ് മുതൽ 2024 ഏപ്രിൽ വരെ ആരോഗ്യവകുപ്പിന് കീഴിൽ നടന്ന വികസന പ്രവർത്തനങ്ങളും ലഭ്യമാക്കിയ സൗകര്യങ്ങളും പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സമ്പൂർണ്ണ സാർവ്വത്രിക ഇമ്മ്യൂണൈസേഷൻ പരിപാടി

156 (2157) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ സാർവത്രിക ഇമ്മ്യൂണൈസേഷൻ പരിപാടിയുടെ ഭാഗമായി നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

കുട്ടികളെ ബാധിക്കുന്ന 12 രോഗങ്ങളിൽനിന്ന് വാക്സിൻ നൽകി സംരക്ഷിക്കുന്നതിനുള്ള പ്രധാന പരിപാടികളിൽ ഒന്നാണ് സാർവ്വത്രിക ഇമ്മ്യൂണൈസേഷൻ പരിപാടി. ദേശീയ വാക്സിനേഷൻ ഷെഡ്യൂൾ പ്രകാരം, വാക്സിനേഷൻമൂലം പ്രതിരോധിക്കാൻ കഴിയുന്ന 12 രോഗങ്ങൾക്കെതിരെയുള്ള വാക്സിൻ (തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ JE വാക്സിൻ ഉൾപ്പെടെ) എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും നിശ്ചിത ദിവസങ്ങളിൽ സൗജന്യമായി ലഭ്യമാണ്. കൂടാതെ നിശ്ചിത ദിവസങ്ങളിൽ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ, അങ്കണവാടികൾ മുതലായവ

വഴി ബന്ധപ്പെട്ട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെയും ആരോഗ്യ പ്രവർത്തകർ മുഖേന സൗജന്യമായി വാക്സിനേഷൻ നൽകുന്നു. 2022-2023 വർഷത്തിൽ ഒരു വയസ്സുവരെയുള്ള കുട്ടികളിൽ 95 ശതമാനം പേർക്കും 2023-2024 വർഷത്തിൽ ഒരു വയസ്സുവരെയുള്ള കുട്ടികളിൽ 92 ശതമാനം പേർക്കും ദേശീയ രോഗപ്രതിരോധ വാക്സിനേഷൻ പട്ടിക പ്രകാരമുള്ള വാക്സിനുകൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള UHTC/RHTC എന്നിവയിൽ സമ്പൂർണ്ണ സാർവ്വത്രിക ഇമ്മ്യൂണൈസേഷൻ പരിപാടിയുടെ ഭാഗമായി National Immunization Schedule പ്രകാരമുള്ള പ്രതിരോധ കുത്തിവയ്പുകൾ കുട്ടികൾക്കും ഗർഭിണികൾക്കും നൽകി വരുന്നു. വകുപ്പുകളിലെ സബ് സെന്ററുകളുടെ പരിധിയിൽവരുന്ന പ്രദേശങ്ങളിൽ ഓരോ മാസവും നാലുതവണകളിലായി പ്രതിരോധ കുത്തിവയ്പുകൾ നൽകുന്നതിന് ക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ട്. ആയതിലൂടെ ശരിയായ രീതിയിലുള്ള മാതൃ-ശിശു സംരക്ഷണം ഉറപ്പുവരുത്താൻ കഴിയുന്നു. 15 വയസ്സിൽ താഴെയുള്ള കുട്ടികൾക്കായുള്ള രോഗപ്രതിരോധ കുത്തിവയ്പുകളും

മരുന്നുകളും ഈ സ്ഥാപനങ്ങൾ വഴി നൽകി വരുന്നു. മെഡിക്കൽ കോളേജ് ആശുപത്രിയിൽ തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ രാവിലെ ഒമ്പത് മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ പദ്ധതി പ്രകാരമുള്ള കുത്തിവയ്പ്പുകൾ ലഭ്യമാണ്. U-Win Portal വഴി കുത്തിവയ്പ്പ് എടുത്ത കുട്ടികളുടെ വിവരങ്ങൾ രേഖപ്പെടുത്തുകയും RCH Portal വഴി വാക്സിനുകളുടെ due date രക്ഷകർത്താക്കൾക്ക് എസ്.എം.എസ്. മുഖാന്തരം അറിയിക്കുകയും ചെയ്യുന്നു. ന്യൂമോണിയയ്ക്കെതിരെ നൽകിയിരുന്ന PCV-10 എന്ന വാക്സിൻ PCV-14 ആക്കിയതിനാൽ കൂടുതൽ strain-കൾക്ക് എതിരെ പ്രതിരോധശേഷി ആർജിക്കാൻ കഴിയും. പദ്ധതിയിലേയ്ക്ക് സമയാസമയം പുതിയ വാക്സിനുകൾ ചേർക്കപ്പെടുകയും ഏറ്റവും പുതുതായി ജപ്പാൻ ജ്വരത്തിനെതിരെയുള്ള ജാപ്പനീസ് എൻസിഫലൈറ്റിസ് വാക്സിൻ ഒരു ഡോസ് എന്നത് രണ്ട് ഡോസുകളായി ഉയർത്തിയിട്ടുള്ളതുമാകുന്നു. U-win, RCH എന്നീ പോർട്ടൽ വഴി കുത്തിവയ്ക്കപ്പെടുന്നവരുടെ വിവരങ്ങൾ പോർട്ടലിൽ യഥാസമയം രേഖപ്പെടുത്തുകയും വാക്സിനേഷൻ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്താൻ ആഴ്ചതോറും/മാസംതോറും റിവ്യൂകൾ നടത്തുകയും ചെയ്യുന്നു.

RCH പോർട്ടൽ വഴി ഗുണഭോക്താവിന് അടുത്ത വാക്സിനേഷൻ തീയതി sms മുഖേന ലഭിക്കാറുണ്ട്. കൂടാതെ Mission indradhanush-partially vaccinated കുട്ടികളെ കണ്ടെത്തി വാക്സിനേറ്റ് ചെയ്യാനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(ബി) പ്രസ്തുത പരിപാടി എല്ലാ പ്രദേശങ്ങളിലേക്കും ഫലപ്രദമായി വ്യാപിപ്പിച്ച് നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

വാക്സിനേഷൻ പരിപാടി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ദുർഘട പ്രദേശങ്ങളും മറ്റിടങ്ങളും കേന്ദ്രീകരിച്ചുകൊണ്ട് കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ, അങ്കണവാടികൾ മുതലായവ വഴി ബന്ധപ്പെട്ട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെയും ആരോഗ്യ പ്രവർത്തകർ മുഖേന മാസത്തിലൊരിക്കൽ നിശ്ചിത ദിവസങ്ങളിൽ വാക്സിനേഷൻ നൽകുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വനിതാശിശു വികസന വകുപ്പിന്റെയും സഹകരണത്തോടെയാണ് ഈ പരിപാടി നടപ്പിലാക്കി വരുന്നത്. വാക്സിനേഷൻ നൽകുന്ന കേന്ദ്രങ്ങളെപ്പറ്റിയുള്ള വിവരങ്ങളും വാക്സിനേഷൻ സംബന്ധിക്കുന്ന

മറ്റുവിവരങ്ങളും ആശാവർക്കർമാരും മറ്റു ഫീൽഡ് വിഭാഗം ജീവനക്കാരും മുൻകൂട്ടി കുട്ടികളുള്ള വീടുകളിൽ അറിയിക്കുന്നു. വാക്സിൻ എടുക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി മാസ്സ് മീഡിയ വിഭാഗം വിവിധ തലത്തിലും വിവിധ മാധ്യമങ്ങൾ മുഖേനയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും ജില്ലാതലത്തിലും സംസ്ഥനതലത്തിലും നടക്കുന്ന വിവിധ അവലോകന യോഗങ്ങളിൽ വാക്സിനേഷൻ പരിപാടി അവലോകനം ചെയ്യുകയും കൂടുതൽ ഫലപ്രദമായി നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തുവരുന്നു. UHTC/RHTC എന്നിവയുടെ ഫീൽഡ് ഏരിയയിൽ കുട്ടികൾക്കും അമ്മമാർക്കും പ്രതിരോധ കുത്തിവയ്പുകൾ കൃത്യമായി ലഭ്യമാക്കുന്നുണ്ടോയെന്ന് ആശാവർക്കർമാർ വഴി ഉറപ്പുവരുത്തുന്നു. ലഭ്യമാക്കാത്തവരെ കൃത്യമായി ഇമ്മ്യൂണൈസേഷൻ ക്യാമ്പുകളിലെത്തിച്ച് ആയത് നൽകി വരുന്നതിനുള്ള നടപടി സ്വീകരിക്കുന്നു. ആർ.ബി.എസ്.കെ. നഴ്സുമാരുടെ നേതൃത്വത്തിൽ സ്കൂൾ കുട്ടികൾക്ക് കൃത്യമായി പ്രതിരോധ കുത്തിവയ്പുകൾ ലഭ്യമാകുന്നുണ്ടോയെന്ന്

ഉറപ്പുവരുത്തുകയും കുട്ടികളിലെ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്യുന്നു. കുത്തിവയ്പ്പിന്റെ ആവശ്യകത സംബന്ധിച്ച് അവബോധം വളർത്തുകയും ചെയ്യുന്നു. UHTC/RHTC സബ് സെന്ററുകൾ കേന്ദ്രീകരിച്ചും പ്രതിരോധ വാക്സിനേഷൻ നടത്തുന്നുണ്ട്. കുട്ടികൾ, ഗർഭിണികൾ എന്നിവരെ കേന്ദ്രീകരിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ പൂർണ്ണതയിൽ എത്തിക്കുന്നതിനായി ഗൃഹസന്ദർശനം നടത്തി ഇന്റൻസീവ് മിഷൻ ഫോർ ഇന്ദ്രധനസ്സ് എന്ന പേരിലുള്ള പ്രോഗ്രാം നടത്തുകയും ചെയ്തുവരുന്നു. മിഷൻ ഇന്ദ്രധനസ്സിന്റെ ഭാഗമായി പ്രതിരോധ കുത്തിവയ്പ്പിന്റെ കവറേജ് കുറഞ്ഞ സ്ഥലങ്ങളിൽ അത് കൂട്ടുന്നതിനായി അധിക ഇമ്മ്യൂണൈസേഷൻ ക്യാമ്പുകൾ നടത്തുന്നുണ്ട്. ആശാ പ്രവർത്തകർ, വോളണ്ടിയേഴ്സ് എന്നിവരുടെ സേവനത്താൽ ഗുണഭോക്താക്കളെ മുൻകൂട്ടി കണ്ടെത്തി കുത്തിവയ്പ്പ് എടുക്കുന്ന കേന്ദ്രത്തിൽ എത്താൻ നിർദ്ദേശം കൊടുക്കാറുണ്ട്. ആശുപത്രികൾ, അങ്കണവാടികൾ, വായനശാലകൾ, സബ് സെന്ററുകൾ എന്നിവ കേന്ദ്രീകരിച്ച് ഫീൽഡ് തല ഇമ്മ്യൂണൈസേഷൻ (out

reach) കൃത്യമായി ഷെഡ്യൂൾ ചെയ്തുനടത്തുന്നു. അതിന്റെ മോണിറ്ററിംഗ് സ്ഥാപന തലത്തിലും ബ്ലോക്ക്, ജില്ലാ തലങ്ങളിലും നടന്നുവരുന്നു.

**ആർദ്രം മിഷൻ രണ്ടാം ഘട്ടം**

157 (2158) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷൻ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള വ്യക്തികളുടെ അടിസ്ഥാന ആരോഗ്യ വിവരങ്ങൾ ശേഖരിക്കുന്ന പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി അറിയിക്കുമോ?

ആർദ്രം മിഷന്റെ രണ്ടാംഘട്ടത്തിന്റെ ഭാഗമായി 30 വയസ്സിനുമുകളിൽ പ്രായമുള്ള വ്യക്തികളുടെ ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുകയും ഫലപ്രദമായ ചികിത്സ ഉറപ്പാക്കുന്നതിനുമായി 'ശൈലി' ആപ്ലിക്കേഷൻ ഉപയോഗിച്ചുള്ള 'വാർഷിക ആരോഗ്യ പരിശോധന - അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് ' ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ട സർവേയുടെ ഭാഗമായി 15426178 (87.4%) വ്യക്തികളുടെ സർവേ പൂർത്തിയാക്കുകയും ഇതിൽ ജീവിതശൈലി രോഗസാധ്യതയുള്ള 2791063

(18.1%) പേരെ രോഗനിർണ്ണയത്തിന് റഫർ ചെയ്തിട്ടുള്ളതും രക്താതിമർദ്ദമുള്ള 1655455 (10.7%) പേരെയും പ്രമേഹമുള്ള 1337420 (8.7%) പേരെയും രക്താതിമർദ്ദമുള്ളതും പ്രമേഹമുള്ളതും ആയ 626569 (4.1%) പേരെയും കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാൻസർ രോഗ സാധ്യതയുള്ള 913485 (5.9%) പേരെയും ടി ബി സാധ്യതയുള്ള 113033 (0.7%) പേരെയും ശ്വാസകോശ സംബന്ധമായ രോഗമുള്ള 438469 (2.8%) പേരെയും രോഗനിർണ്ണയത്തിനും ചികിത്സ ലഭ്യമാക്കുന്നതിനുമായും അതത് സ്പെഷ്യാലിറ്റികളിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്. രോഗവിവര ശേഖരണത്തിനുപയോഗിക്കുന്ന 'ശൈലി' ആപ്ലിക്കേഷനിൽ പുതിയ പരിഷ്കാരങ്ങൾ വരുത്തുകയും ആദ്യഘട്ടത്തിലെ പരിശോധനകൾക്ക് പുറമേ കുഷ്ഠരോഗം, മാനസികരോഗം, കേൾവിക്കുറവ്, കാഴ്ചക്കുറവ് എന്നീ രോഗങ്ങൾകൂടി കണ്ടെത്തുന്നതിനുള്ള ചോദ്യാവലികൾ ഉൾപ്പെടുത്തുകയും ചെയ്തുകൊണ്ട് ഇതിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിവരശേഖരണത്തിനായി ഏത് വിഭാഗം ജീവനക്കാരെയാണ് നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഗൃഹ സന്ദർശനം നടത്തി 'ശൈലി' എന്ന ആൻഡ്രോയിഡ് മൊബൈൽ ആപ്ലിക്കേഷനിലൂടെ ജീവിതശൈലീ രോഗങ്ങളെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനായി ആശാപ്രവർത്തകരെയാണ് നിയോഗിച്ചിരിക്കുന്നത്. ഓരോ ആശ പ്രവർത്തകരും അവരുടെ അധികാര പരിധിയിലുള്ള വീടുകളിലെ വ്യക്തികളുടെ വിവരശേഖരണമാണ് നടത്തുന്നത്. ആശാപ്രവർത്തകർ റഫർ ചെയ്യുന്ന രോഗികളെ ജനകീയ ആരോഗ്യ കേന്ദ്രത്തിലുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, മിഡിൽ ലെവൽ സർവ്വീസ് പ്രൊവൈഡർ എന്നിവരും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലുള്ള മെഡിക്കൽ ഓഫീസറിന്റെ നേതൃത്വത്തിലുള്ള ആരോഗ്യ പ്രവർത്തകരുമാണ് തുടർപരിശോധനകൾ നടത്തി വരുന്നത്.

**പൂഞ്ഞാർ മണ്ഡലത്തിലെ ആർദ്രം പദ്ധതി**

158 (2159) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആരോഗ്യ സ്ഥാപനങ്ങളിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും ആയതിലേയ്ക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

(എ&ബി) ആർദ്രം പദ്ധതി പ്രകാരം പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഒമ്പത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ സ്ഥാപനത്തിലും ചെലവഴിച്ച തുക, നടപ്പാക്കിയ പ്രവർത്തനങ്ങൾ, അവയുടെ നിലവിലെ സ്ഥിതി തുടങ്ങിയ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പൂഞ്ഞാർ മണ്ഡലത്തിൽ ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകളാക്കി മാറ്റിയ സബ് സെന്ററുകളിലെ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂഞ്ഞാർ നിയോജകമണ്ഡലപരിധിയിൽ വരുന്ന എട്ട് സബ് സെന്ററുകളെയാണ് ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി (ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകൾ) മാറ്റിയിട്ടുള്ളത്. അതിൽ മയിലാഞ്ചിപ്പാറ, കുണ്ടൂർ, മെയിൻ സെന്റർ പൂഞ്ഞാർ, മെയിൻ സെന്റർ ജി വി ആർ പൂഞ്ഞാർ, മെയിൻ സെന്റർ മുണ്ടക്കയം എന്നിവിടങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയിട്ടുണ്ട്. പഴുത്തടം, മുരിക്കും വയൽ, പേരൂർതോട് എന്നിവിടങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**അരൂർ മണ്ഡലത്തിലെ ആർദ്രം പദ്ധതി**

159 (2160) <u>ശ്രീമതി ദെലീമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ താലൂക്ക് ഹോസ്പിറ്റൽ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമിക ആരോഗ്യ കേന്ദ്രം എന്നിവ വഴി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്?

അരൂർ മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ആർദ്രം മിഷൻ വഴി സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി അരൂർ മണ്ഡലത്തിലെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും രണ്ട് ഡോക്ടർമാരുടെ സേവനം ആരോഗ്യ വകുപ്പ് മുഖാന്തരം ഉറപ്പാക്കിയിട്ടുണ്ട്. ഇത് കൂടാതെ ഉച്ചകഴിഞ്ഞുള്ള ഒ.പി. സേവനങ്ങൾ നൽകുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപങ്ങൾ മുഖാന്തരം ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിച്ച് സേവനങ്ങൾ നൽകുന്നുണ്ട്. അരൂർ എഫ്.എച്ച്.സി., അരൂക്കുറ്റി സി.എച്ച്.സി., തൈക്കാട്ടുശ്ശേരി സി.എച്ച്.സി., പള്ളിപ്പുറം എഫ്.എച്ച്.സി. എന്നിവിടങ്ങളിൽ ഉച്ചകഴിഞ്ഞുള്ള ഒ.പി. സേവനങ്ങൾ നടക്കുന്നുണ്ട്. ജീവിതശൈലി രോഗനിർണ്ണയവും കാൻസറിന്റെ ഏർലി ഡിറ്റെക്ഷനുമായി ബന്ധപ്പെട്ട് ശൈലി ആപ്ലിക്കേഷൻ മുഖേന ആശാവർക്കർമാർ വഴി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർവേയും തുടർന്ന് ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ മുഖേന സ്ക്രീനിംഗും തുടർ ചികിത്സയും ഉറപ്പാക്കുന്നുണ്ട്. ഏകാരോഗ്യ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശക്തമായ ഒരു കമ്മ്യൂണിറ്റി ബേസ്ഡ് സർവെയ്‌ലൻസ് ഒരുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ആദ്യഘട്ടമായി വാർഡ് തലത്തിൽ 56 പേരടങ്ങുന്ന ടീമിന് പരിശീലനം നൽകി. കൂടാതെ പഞ്ചായത്ത് തലത്തിൽ വൺ ഹെൽത്ത് കമ്മിറ്റി കൂടുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഹബ്&സ്പോക്ക് ലാബ് നെറ്റ്‌വർക്ക് സിസ്റ്റത്തിന്റെ ഭാഗമായി മണ്ഡലത്തിലെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലേയും സാമ്പിളുകൾ മുകൾത്തട്ടിൽ കൊണ്ടുപോയി പരിശോധന നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എഴുപുന്ന കുടുംബാരോഗ്യ കേന്ദ്രം, അരൂക്കുറ്റി സാമൂഹികരോഗ്യ കേന്ദ്രം എന്നിവയെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**ചാത്തന്നൂർ മണ്ഡലത്തിലെ ആർദ്രം പദ്ധതി**

160 (2161) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ നിലവിൽ ആർദ്രം പദ്ധതി നടപ്പാക്കിയിട്ടുള്ളത് ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളിലാണെന്നും പ്രസ്തുത പദ്ധതി പ്രകാരം ആരോഗ്യ കേന്ദ്രങ്ങളിലോരോന്നിലും എന്തെല്ലാം സൗകര്യങ്ങളാണ് സജ്ജമാക്കിയിട്ടുള്ളതെന്നും വിശദമാക്കാമോ?

ആർദ്രം ഒന്നാം ഘട്ടത്തിൽ തിരഞ്ഞെടുത്ത ചാത്തന്നൂർ പി.എച്ച്.സി.-യെയും രണ്ടാം ഘട്ടത്തിൽ തിരഞ്ഞെടുത്ത പൊഴിക്കര പി.എച്ച്.സി.-യെയും മൂന്നാം ഘട്ടത്തിൽ തിരഞ്ഞെടുത്ത ചിറക്കര പി.എച്ച്.സി.-യെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി. കൂടാതെ കലയ്ക്കോട് സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്ററാക്കി ഉയർത്തി. മൂന്നാം ഘട്ടത്തിൽ തിരഞ്ഞെടുത്ത ആദിച്ചനല്ലൂർ, പാരിപ്പള്ളി പി.എച്ച്.സി.-കളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് വരുന്നു. ആർദ്രം പദ്ധതിയുടെ ഭാഗമായി രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ

കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, പ്രീ-ചെക്കപ്പ്, കൗൺസിലിംഗ് സംവിധാനം, രോഗിയുടെ സ്വകാര്യത ഉറപ്പ് വരുത്തുന്നതിനാവശ്യമായ പരിശോധന മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസ്സിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ്, ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പുമുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം, ദിശാബോർഡ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ ഇമ്മ്യൂണൈസേഷൻ, ശ്വാസ്, ആശ്വാസ്, സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതികൾക്കായി ക്ലിനിക്കുകളും ലഭ്യമാക്കാറുണ്ട്.

(ബി) ചാത്തന്നൂർ മണ്ഡലത്തിൽ ആരംഭിച്ച ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകളുടെ പ്രവർത്തനപുരോഗതി സംബന്ധിച്ചും പ്രസ്തുത

സെന്ററുകളിൽനിന്ന് എന്തെല്ലാം സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭിക്കുന്നതെന്നും അറിയിക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിലെ വെൽനെസ് സെന്ററുകളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+ വെൽനെസ് സെന്ററുകളിൽനിന്ന് ലഭ്യമാകുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.

ജനസൗഹൃദ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഉപആരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിച്ചു. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ജനപങ്കാളിത്തത്തോടെയാണ് ജനകീയാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നത്. രാവിലെ ഒൻപത് മണിമുതൽ വൈകിട്ട് നാലുമണിവരെ എല്ലാ പ്രവൃത്തി ദിനങ്ങളിലും ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ജനകീയ ആരോഗ്യ കേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഒരു മിഡ് ലെവൽ സർവ്വീസ് പ്രൊവൈഡറിന്റെയും (MLSP) സേവനം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ടായിരിക്കുന്നതാണ്. ആശാപ്രവർത്തകർ ഈ ടീമിനുവേണ്ട പിന്തുണ നൽകുകയും സമൂഹവുമായുള്ള കണ്ണിയായി പ്രവർത്തിക്കുകയും ചെയ്യുന്നു. ഇവർ ജനകീയ ആരോഗ്യകേന്ദ്രം മുഖേനയുള്ള വ്യത്യസ്തങ്ങളായ ക്ലിനിക്കുകൾക്ക് നേതൃത്വം നൽകുകയും കമ്മ്യൂണിറ്റിതലത്തിലടക്കം സേവനങ്ങൾ നൽകുകയും ചെയ്യുന്നു. ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനാവശ്യമായ പരിശീലനം JAK ടീമിന് നൽകിവരുന്നു. കൂടാതെ, ജീവിതശൈലി രോഗനിർണ്ണയവും അവയുടെ പരിണിതഫലങ്ങളുടെയും നിർണ്ണയത്തിനുള്ള ക്ലിനിക് (NCD clinic)/വയോജനങ്ങൾക്കുള്ള ക്ലിനിക്, സ്ത്രീകൾക്കുള്ള പ്രത്യേക ക്ലിനിക് (well woman clinic), വിഷയാധിഷ്ഠിത ക്ലിനിക്, ഗ്രൂപ്പ് യോഗങ്ങൾ, ഗൃഹസന്ദർശനം, ടെലി കൺസൾട്ടേഷൻ സേവനം, മെഡിക്കൽ കോളേജ് മുതലായ tertiary ആശുപത്രികളിൽനിന്ന് ഡിസ്ചാർജാകുന്ന ചില രോഗികൾക്ക് സേവനങ്ങൾ നൽകുക, പാലിയേറ്റീവ് ടീമിന്റെ സേവനങ്ങൾക്കുവേണ്ട സഹകരണം നൽകുക, ജനകീയ ആരോഗ്യ ക്ലബ്ബുകൾ മുതലായ സേവനങ്ങൾ ജനകീയ ആരോഗ്യകേന്ദ്രങ്ങൾ വഴി ലഭ്യമാകുന്നു.

**പുനലൂർ താലൂക്ക് ആശുപത്രിയിലെ കാർഡിയോളജിസ്റ്റിന്റെ നിയമനം**

161 (2162) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്ക് ആശുപത്രിയിലെ കൺസൾട്ടന്റ് കാർഡിയോളജി തസ്തികയിലേക്ക് 10-02-2023-ലെ സ.ഉ(സാധാ)നം. 334/ 2023/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം നിയമനം നൽകിയിരുന്ന ഡോക്ടർ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ആശുപത്രിയിലേക്ക് പുതിയതായി കൺസൾട്ടന്റ് കാർഡിയോളജിസ്റ്റിനെ നിയമിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സൂപ്പർ സ്പെഷ്യാലിറ്റി കേഡറിലെ സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനാൽ പ്രസ്തുത കേഡറിലെ യോഗ്യതയുള്ള മെഡിക്കൽ ഓഫീസർമാരുടെ സീനിയോരിറ്റി പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത സീനിയോരിറ്റി പട്ടിക അന്തിമമാകുന്ന മുറയ്ക്ക് പുനലൂർ താലൂക്ക് ആശുപത്രിയിലെ കൺസൾട്ടന്റ് കാർഡിയോളജി തസ്തികയിലെ ഒഴിവിലേക്ക് നിയമനം നടത്തുന്നതിന് സാധിക്കുന്നതാണ്.

(ബി) മന്ത്രിയുടെ 13-11-2023-ലെ പുനലൂർ താലൂക്ക് ആശുപത്രി സന്ദർശനത്തോടനുബന്ധിച്ച് കൂടിയ യോഗത്തിൽ കാത്ത് ലാബിന്റെ അപര്യാപ്തത പരിഹരിക്കുന്നതിനും നിലവിൽ ഒഴിഞ്ഞുകിടക്കുന്ന കാർഡിയോളജിസ്റ്റിന്റെ തസ്തിക ഡെപ്യൂട്ടേഷൻ വഴി നികത്തുന്നതിനും വകുപ്പുമന്ത്രി എ.ഡി.എച്ച്.എസ്.-ന് നൽകിയിരുന്ന നിർദേശത്തിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ?

പുനലൂർ താലൂക്കാശുപത്രിയിൽ നിലവിൽ കാത്ത് ലാബ് സ്ഥാപിച്ചിട്ടില്ല. കൺസൾട്ടന്റ് കാർഡിയോളജി തസ്തികയിലേക്ക് സ്ഥിരനിയമനം നടത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലായതിനാൽ പ്രസ്തുത തസ്തികയിൽ ഡെപ്യൂട്ടേഷൻ വഴി നിയമനം നടത്തേണ്ടതായ സാഹചര്യം നിലവിലില്ല.

(സി) പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിരുന്ന വിവിധ വിഷയങ്ങളിൽ നടപ്പാക്കിയിട്ടുള്ളവ ഏതൊക്കെയെന്നും നടപ്പാക്കാനുള്ളവ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും വിശദമാക്കാമോ?

ഇ-ഹെൽത്ത് ഓൺലൈൻ ടോക്കൺ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. പുനലൂർ താലൂക്കാസ്ഥാന ആശുപത്രിയിലെ ലാബിന്റെ പ്രവർത്തനം സുഗമമാക്കുന്നതിലേക്കായി മറ്റൊരു സ്ഥാപനത്തിൽനിന്നും ജില്ലാ മെഡിക്കൽ ഓഫീസർ പുനലൂർ താലൂക്കാസ്ഥാന ആശുപത്രിയിലേക്ക് ലഭ്യമാക്കിയിരുന്ന ഒരു Three part hematology analyzer ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. ആശുപത്രിയിൽ ലഭ്യമായിട്ടുള്ള മരുന്നുകളുടെ വിവരങ്ങൾ പ്രദർശിപ്പിക്കുന്ന essential drug list രേഖപ്പെടുത്തിയ ബോർഡ് ഫാർമസിയിൽ സ്ഥാപിച്ചിട്ടുണ്ട്. ടി ആശുപത്രിയിലെ വൈദ്യുതി നിരക്ക് കുറയ്ക്കുന്നതിലേയ്ക്കായി സ്ഥാപനത്തിൽനിന്നും ആവശ്യപ്പെട്ട പ്രകാരം സോളാർ പാനൽ സ്ഥാപിക്കുന്നതിലേക്കായി ANERT പ്രായോഗിക പരിശോധന നടത്തിയിരുന്നു.

**സർക്കാർ ആശുപത്രികളിലെ സൗജന്യ മരുന്ന് വിതരണം**

162 (2163) <u>ശ്രീ. ചാണ്ടി ഉമ്മൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ നൽകുന്ന സൗജന്യ മരുന്നുവിതരണത്തിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ; വിശദമാക്കുമോ?

ഇല്ല.

(ബി) ഇപ്രകാരമുള്ള മരുന്നുവിതരണത്തിനായി മരുന്നുകൾ ലഭ്യമാക്കിയ കമ്പനികൾക്ക് ഇനി എത്ര തുക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ?

14-06-2024-ലെ കണക്കുകൾ പ്രകാരം 396,16,98,945/- രൂപ വിവിധ മരുന്ന് കമ്പനികൾക്ക് നൽകാനുണ്ട്. ആയത് കൂടാതെ 2024-25 സാമ്പത്തിക വർഷത്തിൽ 219.09 കോടി രൂപയ്ക്കുള്ള പർച്ചേസ് ഓർഡറുകൾ വിവിധ കമ്പനികൾക്ക് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ 14-06-2024-ലെ കണക്കുകൾ പ്രകാരം കമ്പനികൾക്ക് നൽകാനുള്ള തുക 615.26 കോടി രൂപയാണ്.

(സി) പുതിയ സാമ്പത്തിക വർഷത്തിന്റെ ആദ്യ മാസങ്ങളിൽതന്നെ മരുന്ന് വിതരണത്തിൽ തടസ്സങ്ങൾ നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുടിശ്ശിക തുക കൊടുത്തുതീർക്കാത്തതിനാൽ പ്രമുഖ മരുന്നുകമ്പനികൾ

മരുന്നുവിതരണത്തിനുള്ള ടെണ്ടറിൽ പങ്കെടുക്കാതെ വിട്ടുനിൽക്കുന്ന സാഹചര്യം ഉടലെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

നടപ്പുസാമ്പത്തിക വർഷത്തിന്റെ ആദ്യ മാസത്തിൽ (ഏപ്രിൽ ആദ്യ ആഴ്ച) ജില്ലാ മരുന്നുസംഭരണ കേന്ദ്രങ്ങളിൽ സ്റ്റോക്കെടുപ്പ് സംബന്ധിച്ച് തടസ്സം നേരിടാമായിരുന്നെങ്കിലും ആരോഗ്യ കേന്ദ്രങ്ങളിൽ മുൻകൂറായി മരുന്നുകൾ എത്തിച്ചതിനാൽ മരുന്നുവിതരണത്തിൽ തടസ്സം നേരിടുന്ന സാഹചര്യങ്ങളൊന്നും ഉണ്ടായിട്ടില്ല. കുടിശ്ശിക തുക കൊടുത്തുതീർക്കാത്ത പേരിൽ മരുന്നുകമ്പനികളൊന്നും മരുന്നുവിതരണത്തിനായി ക്ഷണിച്ച ടെൻഡറിൽ പങ്കെടുക്കാത്ത സാഹചര്യമുണ്ടായിട്ടില്ല.

**എറണാകുളം ജനറൽ ആശുപത്രിയിലെ നിയമനം**

163 (2164) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജനറൽ ആശുപത്രിയിൽ കാർഡിയോ തൊറാസിക് സർജൻ, അനസ്തേഷ്യോളജിസ്റ്റ്, പെർഫ്യൂഷണിസ്റ്റ്, സ്റ്റാഫ് നഴ്സ് ഗ്രേഡ് 2

എന്നീ തസ്തികകളിലേക്കുള്ള നിയമനം നടത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ നിയമനം ആവശ്യപ്പെട്ട് ആശുപത്രി സൂപ്രണ്ട് മേലധികാരികൾക്ക് കത്ത് നൽകിയിട്ടുണ്ടോ; അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

(എ&ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**തിരുവനന്തപുരം ജനറൽ ആശുപത്രിയുടെ മാസ്റ്റർ പ്ലാൻ**

164 (2165) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയുടെ മാസ്റ്റർ പ്ലാൻ സംബന്ധിച്ച വിശദാംശങ്ങൾ നിലവിലെ നിർവഹണ പുരോഗതി റിപ്പോർട്ട് സഹിതം ലഭ്യമാക്കാമോ?

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ബഹുനില കെട്ടിട നിർമ്മാണം നടത്തുന്നതിനായി 207.35 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ

അടിസ്ഥാനത്തിൽ നിർവഹണ ഏജൻസിയായ WAPCOS വിശദമായ പദ്ധതി രേഖ തയ്യാറാക്കി ധനാനുമതിക്കായി കിഫ്ബിക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത ശിപാർശ കിഫ്ബി പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത ആശുപത്രിയിലെ മാസ്റ്റർ പ്ലാൻ പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുന്നോടിയായി നടപ്പാക്കുന്ന റീ-ലൊക്കേഷൻ പ്ലാനിന്റെ വിശദാംശങ്ങൾ നിർവഹണ പുരോഗതി റിപ്പോർട്ട് സഹിതം ലഭ്യമാക്കാമോ?

11-ാം വാർഡിന്റെ നവീകരണ പ്രവൃത്തികൾ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന നടന്നുവരുന്നു. ഗവണ്മെന്റ് പേവാർഡ്, ഓഫീസ് കെട്ടിടം, 3, 4 എന്നീ വാർഡുകൾ, സി.എസ്.എസ്.ഡി. എന്നിവയുടെ നവീകരണ പ്രവൃത്തികൾ നിർവഹണ ഏജൻസിയായ WAPCOS മുഖേന നടന്നുവരുന്നു. മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് നിർദിഷ്ട സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

Revised Relocation Plan അനുബന്ധം ആയി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ചങ്ങനാശ്ശേരി ജനറൽ ആശുപത്രി കെട്ടിട നിർമ്മാണം**

165 (2166) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന ബഹുനില കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2022-ൽ ഭരണാനുമതി ലഭ്യമാക്കിയ പദ്ധതിക്ക് കിഫ്ബി മുഖാന്തരം സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാലതാമസം ഒഴിവാക്കി സാമ്പത്തികാനുമതി ലഭ്യമാക്കി നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ, വിശദവിവരം നൽകുമോ?

(എ-സി) ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്നതിന് 80.41 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രസ്തുത പദ്ധതിക്കായി 54.88 കോടി

രൂപയുടെ ധനാനുമതി വ്യവസ്ഥകൾക്ക് വിധേയമായി കിഫ്ബി നൽകുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിക്കാവശ്യം വേണ്ട പ്രവൃത്തികൾ മാത്രം കണ്ടെത്തി അവയ്ക്കാവശ്യമായ തുക ചുരുക്കിക്കൊണ്ട് ഘട്ടംഘട്ടമായി നടപ്പാക്കുന്നത് സംബന്ധിച്ച് നിർവഹണ ഏജൻസി തലത്തിൽ പരിശോധിച്ച് അത്തരത്തിൽ പുതുക്കിയ ശിപാർശ കിഫ്ബിയിൽ സമർപ്പിക്കാൻ ധനാനുമതി ഉത്തരവിൽ കിഫ്ബി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരമുള്ള നടപടികളും ഡിസൈൻ റിവ്യൂ റിപ്പോർട്ടിന്മേൽ കിഫ്ബി ആവശ്യപ്പെട്ട വിശദാംശങ്ങളും നിർവഹണ ഏജൻസി തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് പുതുക്കിയ ധനാനുമതി ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പേരാവൂർ താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം**

166 (2167) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പേരാവൂർ താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം നിർത്തലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

എങ്കിൽ അത്തരം തീരുമാനങ്ങൾക്കെതിരെയുള്ള ജനവികാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം ശക്തിപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

കണ്ണൂർ ജില്ലയിലെ പേരാവൂർ താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടില്ല. 53.77 കോടി രൂപ ചെലവിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ആയതിൽ ലേബർ റൂം, എമർജൻസി ഓപ്പറേഷൻ തിയേറ്റർ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ കെട്ടിടത്തിൽ ആശുപത്രി പ്രവർത്തനസജ്ജമാകുന്ന മുറയ്ക്ക് ഗൈനക്കോളജി വിഭാഗം ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**നേര്യമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാരുടെ അപര്യാപ്തത**

167 (2168) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേര്യമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിൽ ആവശ്യത്തിന് ഡോക്ടർമാർ ഇല്ലാത്തതുമൂലം രോഗികൾ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എറണാകുളം, ഇടുക്കി ജില്ലകളിൽനിന്നുള്ള ആളുകൾ ചികിത്സയ്ക്ക് ആശ്രയിക്കുന്ന ഈ പൊതുജനാരോഗ്യ കേന്ദ്രത്തിൽ ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള അടിയന്തരനടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) നേര്യമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിൽ രണ്ട് അസിസ്റ്റന്റ് സർജൻ തസ്തികയാണുള്ളത്. ഇതിൽ ഒരാൾ 31-05-2024-ൽ വോളണ്ടറി റിട്ടയർമെന്റ് എടുത്തിട്ടുണ്ട്. അനധികൃതമായി ജോലിയിൽനിന്നും വിട്ടുനിൽക്കുന്ന ഡോക്ടറുടെ ഒരൊഴിവ് കൂടി നിലവിലുണ്ട്. ആയത് നികത്തുന്നതുവരെ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ദേശീയാരോഗ്യ ദൗത്യം മുഖേന ഡോക്ടറെ നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. രണ്ടൊഴിവ് നിലനിൽക്കുന്ന സാഹചര്യത്തിൽ നിലവിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ

പല്ലാരിമംഗലം സാമൂഹികാരോഗ്യ കേന്ദ്രത്തിൽനിന്നും ഒരു അസിസ്റ്റന്റ് സർജനെ നിയോഗിക്കുകയും പഞ്ചായത്ത് വഴി ഒരു ഡോക്ടറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥിരം ഒഴിവുകൾ നിലനിൽക്കുന്നുണ്ടെങ്കിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന മുറയ്ക്ക് അതിൽനിന്നും നിയമനം നടത്തുന്നതാണ്.

**കോങ്ങാട് മുച്ചീരി സബ്സെന്ററിൽ പുതിയ കെട്ടിടം**

168 (2169) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിലെ മുച്ചീരി സബ്സെന്ററിൽ പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കോങ്ങാട് മണ്ഡലത്തിലെ മുച്ചീരി സബ്സെന്ററിൽ പുതിയ കെട്ടിടം പണിയുന്നതിനായി NHM, ROP 2022-23-ൽ ഉൾപ്പെടുത്തി 55,50,000/- രൂപയുടെ (അൻപത്തിയഞ്ചുലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിടനിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. നിലവിൽ സ്ട്രക്ച്ചറൽ പ്രവൃത്തികൾ

പൂർത്തീകരിച്ചിട്ടുണ്ട്. പ്ലംബിംഗ്, പെയിന്റിംഗ് തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്.

## കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളുടെ പിന്നോക്കാവസ്ഥ

169 (2170) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളുടെ പിന്നാക്കാവസ്ഥ പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) കുട്ടനാടിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ച് സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ജീവനക്കാരെ ലഭ്യമാക്കുന്നതിനും മരുന്ന് ലഭ്യത ഉറപ്പുവരുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആർദ്രം പദ്ധതിയിലുൾപ്പെടുത്തി കുട്ടനാട് നിയോജകമണ്ഡലം പരിധിയിൽ വരുന്ന വീയപുരം, രാമങ്കരി, തലവടി, കാവാലം, തകഴി, നീലംപേരൂർ എന്നീ ആരോഗ്യ കേന്ദ്രങ്ങളിൽ ഒരു മെഡിക്കൽ ഓഫീസറിനെയും ഒരു നഴ്സിംഗ് ഓഫീസറിനെയും അധികമായി നിയമിച്ചിട്ടുണ്ട്. കൂടാതെ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു മെഡിക്കൽ ഓഫീസറിനെയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാൻ സാധിക്കുന്നതാണ്. എൻ.എച്ച്.എം.-ൽനിന്നും കുട്ടനാട് നിയോജകമണ്ഡലത്തിന്റെ പരിധിയിലുള്ള ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്കായി രണ്ട് മെഡിക്കൽ ഓഫീസർമാർ, നാല് നഴ്സിംഗ് ഓഫീസർമാർ, എട്ട് ആർ.ബി.എസ്.കെ. നഴ്സുമാർ, മൂന്ന് ഫിസിയോതെറാപ്പിസ്റ്റ്, മൂന്ന് ഫാർമസിസ്റ്റ്, മൂന്ന് ലാബ് ടെക്നീഷ്യൻ, ഒരു എ.എഫ്.എച്ച്.സി. കൗൺസിലർ, 58 എം.എൽ.എസ്.പി.മാർ, മൂന്ന് പി.ആർ.ഒ.-മാർ, ഒരു ഡി.ഇ.ഒ. എന്നിവരെ നിയമിച്ചിട്ടുണ്ട്. ചമ്പക്കുളം സി.എച്ച്.സി.-യെ ബ്ലോക്ക് എഫ്.എച്ച്.സി.-ആയി ഉയർത്താൻ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി എപ്പിഡമോളജിസ്റ്റ്,

ലാബ് ടെക്നിഷ്യൻ, ഡി.ഇ.ഒ. എന്നീ തസ്തികകളിൽ ഉടൻ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾ കെ.എം.എസ്.സി.എൽ. വഴി മുടക്കംകൂടാതെ ലഭ്യമാക്കി വിതരണം ചെയ്യുന്നുണ്ട്. കെ.എം.എസ്.സി.എൽ.-ൽ ലഭ്യമല്ലാത്തവ ലോക്കൽ പർച്ചേസ് വഴി വാങ്ങി വിതരണം ചെയ്യുന്നതിന് അനുമതി നൽകിവരുന്നു.

**വൈക്കം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി നിർമ്മാണം**

170 (2171) ശ്രീമതി സി. കെ. ആശ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി നിർമ്മാണത്തിനുള്ള കരാറിന്റെ കാലാവധി പൂർത്തിയാകുന്നത് എന്നാണെന്ന് അറിയിക്കാമോ?

വൈക്കം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ നിർമ്മാണത്തിനുള്ള കരാർ കാലാവധി 31-07-2024-ന് അവസാനിക്കുകയാണ്.

(ബി) എത്ര ശതമാനം ജോലികൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

നിലവിൽ 50 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) അഗ്നിശമന സംവിധാനം, ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവ സംബന്ധിച്ച കരാർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും ആയതിന് തടസ്സങ്ങളെന്തെങ്കിലും ഉണ്ടോയെന്നും വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ കരാർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. മാതൃക പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാൽ യഥാസമയം കരാർ നടപടികൾ സ്വീകരിക്കുന്നതിന് തടസ്സം നേരിട്ടിരുന്നു.

(ഡി) ആശുപത്രിയുടെ നിർമ്മാണം പൂർത്തീകരിച്ച് എന്നത്തേക്ക് ജനങ്ങൾക്ക് തുറന്നുകൊടുക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

പ്രസ്തുത പദ്ധതിയുടെ നിർമ്മാണം 2025 മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**കുട്ടനാട് താലൂക്ക് ആശുപത്രി കെട്ടിടം**

171 (2172) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പുളിങ്കുന്ന് (കുട്ടനാട്) താലൂക്ക് ആശുപത്രിക്ക് പുതിയ ബഹുനില കെട്ടിടം നിർമ്മിക്കുന്നതിനായി 2019-ൽ 144.06 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആശുപത്രി നിലനിന്നിരുന്ന സ്ഥലത്തെ മുഴുവൻ ഭൂമിയും രേഖാമൂലം ആശുപത്രിക്ക് വിട്ടുകിട്ടിയിട്ടുണ്ട്. ആശുപത്രിയിലേയ്ക്ക് മിനിമം ഏഴ് മീറ്റർ വീതിയുള്ള വഴി ഉണ്ടെങ്കിൽ മാത്രമേ കെട്ടിട നിർമ്മാണത്തിന് അനുമതി ലഭിക്കുകയുള്ളൂ എന്നതിനാൽ പുതിയൊരു വഴിക്കായി 1.37 ഏക്കർ ഭൂമി കണ്ടെത്തി ആയത് ആശുപത്രിക്കായി ഏറ്റെടുത്തിട്ടുണ്ട്. നിർദിഷ്ട വഴിക്കായി ഏറ്റെടുത്ത ഭൂമി, തണ്ണീർത്തട നിയമപ്രകാരം പൊതു ആവശ്യത്തിനായി പരിവർത്തനം

ചെയ്യുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട് (സ.ഉ.(കൈ) നം 12/2024/ AGRI തീയതി 29-01-2024). തുടർന്ന് കിഫ്ബി വിദഗ്ധ സംഘം സ്ഥലം പരിശോധിച്ച് തയ്യാറാക്കിയ സാങ്കേതിക റിപ്പോർട്ടിൽ ഉന്നയിച്ച തടസ്സവാദങ്ങൾ പഠിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ എസ്.പി.വി. ആയ ഇൻകൽ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ആശുപത്രിയിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിനും മരുന്ന് ലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ?

പുളിങ്കുന്ന് (കുട്ടനാട്) താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാരിൽ കൺസൾട്ടന്റ് പീഡിയാട്രിക്സ് -ഒന്ന്, നേഴ്സിംഗ് അസിസ്റ്റന്റ് -നാല് എന്നീ ഒഴിവുകൾ മാത്രമാണ് നിലവിലുള്ളത്. കെ.എം.എസ്.സി.എൽ. സപ്ലൈ അനുസരിച്ച് മരുന്ന് ലഭ്യമാണ്. ഇത് കൂടാതെ വെളിയനാട് ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 10 ലക്ഷം രൂപ മരുന്ന് വാങ്ങാനായി അനുവദിച്ചിട്ടുണ്ട്. ആയത് സമയാസമയങ്ങളിൽ ഉപയോഗിച്ച് മരുന്ന് വാങ്ങി നൽകിവരുന്നു.

(സി) പ്രസ്തുത ആശുപത്രിയിൽ ലാബ് ഉൾപ്പെടെ കൂടുതൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ആധുനിക ഫുള്ളി ഓട്ടോമാറ്റിക് ബയോകെമിസ്ട്രി അനലൈസർ, ഹെമറ്റോളജി അനലൈസർ (3 part), ഇലക്ട്രോലൈറ്റ് അനലൈസർ എന്നിവയുള്ള പൂർണ്ണമായും ശീതീകരിച്ചതും കമ്പ്യൂട്ടറൈസ്ഡ് ആയതുമായ ലാബ് സൗകര്യം, എക്സ്റേ സൗകര്യം എന്നിവ പുളിങ്കുന്ന് (കുട്ടനാട്) താലൂക്ക് ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി, ഇ.സി.ജി., ഫിസിയോതെറാപ്പി സെന്റർ, പൊതുജനാരോഗ്യ വിഭാഗം, പാലിയേറ്റീവ് കെയർ യൂണിറ്റിന് ഒ.പി., ഹോം കെയർ സഹായ ഉപകരണ ബാങ്ക് എന്നീ സേവനങ്ങളും ആശുപത്രിയിൽ ലഭ്യമാണ്.

**പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ**

172 (2173) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഏതെല്ലാം താലൂക്ക് ആശുപത്രികളിലാണ് ഡയാലിസിസ് സെന്ററുകളുള്ളതെന്ന് വിശദമാക്കാമോ?

തളിപ്പറമ്പ, കൂത്തുപറമ്പ, പയ്യന്നൂർ, പഴയങ്ങാടി, ഇരിട്ടി, പേരാവൂർ എന്നീ താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ തുടങ്ങാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കെട്ടിട സൗകര്യമില്ലാത്ത ആശുപത്രികളിൽ മൊബൈൽ ഡയാലിസിസ് യൂണിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ട്. പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ മൊബൈൽ ഡയാലിസിസ് യൂണിറ്റ് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**നെടുങ്കണ്ടത്ത് ജില്ലാ ആശുപത്രിയുടെ കെട്ടിട നിർമ്മാണം**

173 (2174) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ നെടുങ്കണ്ടത്ത് പണികഴിപ്പിക്കുന്ന ജില്ലാ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണപുരോഗതി വ്യക്തമാക്കുമോ?

ഉടുമ്പൻചോല മണ്ഡലത്തിലെ നെടുങ്കണ്ടത്ത് സ്ഥിതിചെയ്യുന്ന ജില്ലാ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം കിഫ്ബി മുഖേന ഹൈറ്റ്സ് എന്ന നിർവഹണ ഏജൻസിയാണ് നിർവഹിച്ച് വരുന്നത്. നിലവിൽ നിർമ്മാണം 48% പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണപ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് വ്യക്തമാക്കുമോ; പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) നിർമ്മാണപ്രവൃത്തി മന്ദഗതിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 12-02-2022 ആയിരുന്നു. എന്നാൽ നിർമ്മാണത്തിൽ അപ്രതീക്ഷിതമായ ചില തടസ്സങ്ങൾ നേരിട്ടതിനാൽ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ല. നിർമ്മാണം ത്വരിതഗതിയിലാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 31-10-2024-നകം

പണി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് നിർവഹണ ഏജൻസിയായ ഹൈറ്റ്സ് അറിയിച്ചിട്ടുണ്ട്.

**കോങ്ങാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ്**

174 (2175) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കോങ്ങാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നെങ്കിലും സ്ഥലപരിമിതിമൂലം ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനുള്ള ആദ്യഘട്ട പട്ടികയിൽ പ്രസ്തുത സ്ഥാപനം ഉൾപ്പെട്ടിരുന്നില്ല. കോങ്ങാട് നിയോജകമണ്ഡലത്തിൽ ഐസോലേഷൻ സംവിധാനം സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ നിലവിൽ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത സ്ഥാപനത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലപരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ സ്ഥലപരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. അനുബന്ധമായി ചേർക്കുന്നു.+

**മലമ്പുഴ മണ്ഡലത്തിൽ ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

175 (2176) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലമ്പുഴ മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖാന്തരം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നീ വിശദാംശം അറിയിക്കാമോ?

(എ&ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പേരൂർക്കട മോഡൽ ആശുപത്രിയിൽ ഓഡിയോളജിസ്റ്റ് നിയമനം**

176 (2177) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പേരൂർക്കട മോഡൽ ആശുപത്രിയിൽ ഇ.എൻ.ടി. വിഭാഗം നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ദിവസേന എത്ര രോഗികൾ ചികിത്സക്കായി എത്തുന്നുണ്ട്; നിലവിൽ ഈ ആശുപത്രിയിൽ എത്ര ഇ.എൻ.ടി. സ്പെഷ്യലിസ്റ്റുകളാണുള്ളതെന്ന് അറിയിക്കാമോ?

തിരുവനന്തപുരം പേരൂർക്കട മോഡൽ ആശുപത്രിയിൽ ഇ.എൻ.ടി. വിഭാഗം നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ദിവസേന 100 മുതൽ 150 രോഗികൾ വരെ ചികിത്സക്കായി എത്തുന്നുണ്ട്. നിലവിൽ ഈ ആശുപത്രിയിൽ മൂന്ന് ഇ.എൻ.ടി. സ്പെഷ്യലിസ്റ്റുകളാണുള്ളത്.

(ബി) കേൾവിശക്തി പരിശോധനയുടെ ഭാഗമായി ഓഡിയോഗ്രാം റിപ്പോർട്ട് ആവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത

റിപ്പോർട്ട് നൽകാനുള്ള ഓഡിയോളജിസ്റ്റ് തസ്തിക ആശുപത്രിയിലില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആശുപത്രിയിൽ എല്ലാ ആഴ്ചയും നടത്തുന്ന ഡിസബിലിറ്റി മെഡിക്കൽ ബോർഡിൽ എത്തുന്ന രോഗികളെ ഓഡിയോഗ്രാം റിപ്പോർട്ടിന് വേണ്ടി മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് അയയ്ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആശുപത്രിയിൽ നാഷണൽ ഹെൽത്ത് മിഷൻ വഴി ഓഡിയോളജിസ്റ്റിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; പ്രസ്തുത ആവശ്യം ഉന്നയിച്ച് പേരൂർക്കട മോഡൽ ആശുപത്രി സൂപ്രണ്ട് ജില്ലാ മെഡിക്കൽ ഓഫീസർക്കും നാഷണൽ ഹെൽത്ത് മിഷൻ പ്രോജക്ട് ഓഫീസർക്കും കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

(ബി-ഡി) ഓഡിയോളജിസ്റ്റ് തസ്തിക ആശുപത്രിയിൽ നിലവിലില്ല. ഓഡിയോളജിസ്റ്റിനെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**പാലക്കാട് താലൂക്ക് ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ**

177 (2178) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ആർ.ഐ.ഡി.എഫ്. അനുവദിച്ച എലപ്പുള്ളിയിലെ പാലക്കാട് താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

എലപ്പുള്ളി താലൂക്ക് ആശുപത്രയിൽ പുതിയ കെട്ടിട നിർമ്മാണത്തിനായി നബാർഡ് ട്രാഞ്ചെ XXIX-ൽ ഉൾപ്പെടുത്തി 17-10-2023-ലെ സ.ഉ.(സാധാ)നം.2705/2023/ആ.കു.വ. പ്രകാരം 17.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. നിലവിൽ ആശുപത്രി പ്രവർത്തിച്ചുവരുന്ന പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റേണ്ടതായുണ്ട്. പൊളിച്ചുമാറ്റേണ്ട കെട്ടിടങ്ങളുടെ സർവ്വേ റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിനായി എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റിന് ആരോഗ്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത നടപടിയുടെ നിലവിലെ സ്ഥിതി എന്താണെന്നും എന്നത്തേയ്ക്ക് അംഗീകാരം നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

(ബി&സി) എലപ്പുള്ളി താലൂക്ക് ആശുപത്രിയിൽ പുതിയ കെട്ടിട നിർമ്മാണത്തിനായി നബാർഡ് ട്രാഞ്ചെ XXIX-ൽ ഉൾപ്പെടുത്തി 17.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ആശുപത്രിയിലെ (19/160) JPHN ക്വാർട്ടേഴ്സസ്, (19/161) സ്റ്റാഫ് നഴ്സ് ക്വാർട്ടേഴ്സ്, (19/162) ഫീമെയിൽ വാർഡ് എന്നീ കെട്ടിടങ്ങൾ മാത്രം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആദ്യം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കി (3377 ചതുരശ്ര മീറ്റർ വിസ്തീർണ്ണം) സമർപ്പിച്ചിരുന്ന പ്ലാനിന് അംഗീകാരം നൽകിയിരുന്നു. എന്നാൽ 07-11-2023-ന് ബഹുമാനപ്പെട്ട മലമ്പുഴ എം.എൽ.എ.-യുടെ

അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഓഫീസും കോൺഫറൻസ് ഹാളും ഉൾപ്പെടുന്ന കെട്ടിടം മാത്രം നിലനിർത്തി മറ്റുകെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിന് തീരുമാനിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ആദ്യത്തെ ഡ്രോയിംഗിലെ ചുറ്റുമുള്ള വരാന്ത ഒഴിവാക്കുകയും പുതുക്കിയ ഡ്രോയിംഗിൽ 3192 ച.മീറ്ററായി വിസ്തീർണ്ണം കുറയുകയും ചെയ്തു. പ്ലാൻ റിവൈസ് ചെയ്യുന്നത് സംബന്ധിച്ച് പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറിൽനിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പെരിങ്ങളം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണം**

178 (2179) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ പെരിങ്ങളം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

പെരിങ്ങളം പി.എച്ച്.സി.-യുടെ പുതിയ കെട്ടിട നിർമ്മാണത്തിനായി 2018-19-ലെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി അനുവദിച്ച 50 ലക്ഷം രൂപ ചെലവഴിച്ച് പൊതുമരാമത്ത് വകുപ്പ് തലശ്ശേരി ബിൽഡിംഗ് സെക്ഷൻ

മുഖേന കെട്ടിടത്തിന്റെ സ്ട്രക്ച്ചർ പൂർത്തീകരിക്കുകയും ബാക്കി നിർമ്മാണ പ്രവൃത്തികൾക്കായി വാർഷിക പദ്ധതി 2022-23 മുഖേന ലഭ്യമായ 63 ലക്ഷം രൂപ ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് മുഖേന പ്രവൃത്തികൾ നടന്നുവരികയുമാണ്. നിലവിൽ ഭിത്തികളുടെ പ്ലാസ്റ്ററിംഗ് ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിഫിക്കേഷനാവശ്യമായ വിവരങ്ങൾ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപനത്തിൽ വന്ന് ശേഖരിച്ചിട്ടുണ്ട്.

(ബി) അനുവദിച്ച തുക അപര്യാപ്തമായതിനാൽ കെട്ടിടം പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കാൻ അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

പെരിങ്ങളം പി.എച്ച്.സി.-യുടെ പുതിയ കെട്ടിടം പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കാൻ അധിക തുക ആവശ്യമാണെങ്കിൽ ആയത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭിക്കുന്നതനുസരിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## ഇരവിപുരം മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ

179 (2180) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഇരവിപുരം മണ്ഡലത്തിലെ മയ്യനാട്, പാലത്തറ എന്നീ സി.എച്ച്.സി.-കളെയാണ് ബ്ലോക്ക് എഫ്.എച്ച്.സി.-കളായി ഉയർത്തിയിട്ടുള്ളത്.

(ബി) ഇപ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ ആശുപത്രികളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

പാലത്തറ ബ്ലോക്ക് എഫ്.എച്ച്.സി.-യിൽ നബാർഡ് പദ്ധതി പ്രകാരമുള്ള പുതിയ ഒ.പി. കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. നിലവിലെ പുരോഗതി എട്ട് ശതമാനമാണ്. പാലത്തറ, മയ്യനാട് എന്നീ ബ്ലോക്ക്

എഫ്.എച്ച്.സി.-കളിൽ ആർദ്രം പദ്ധതി പ്രകാരം വിഭാവനം ചെയ്ത ഒ.പി.ഡി. ട്രാൻസ്ഫോർമേഷൻ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

**നിലമ്പൂർ മണ്ഡലത്തിൽ ആരോഗ്യവകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

180 (2181) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ആരോഗ്യവകുപ്പ് നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; പദ്ധതിക്ക് ചെലവായ തുക, നടപ്പാക്കിയ പഞ്ചായത്ത്, സ്ഥാപനം എന്നിവ തിരിച്ച് അറിയിക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

(ബി) നിലമ്പൂർ ജില്ലാ ആശുപത്രിയിൽ കിഫ്ബി മുഖാന്തരം നിർമ്മിക്കാനുദ്ദേശിക്കുന്ന ഒ.പി. ബ്ലോക്കുകൾ, കാഷ്വാലിറ്റി ബ്ലോക്കുകൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ഒ.പി. ബ്ലോക്ക്, കാഷ്വാലിറ്റി ബ്ലോക്ക് എന്നിവ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതിനായി 07-11-2020-ലെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ.ഉ (സാധാ)നം.2091/2020/ആ.കു.വ നമ്പർ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സാമ്പത്തികാനുമതി ലഭിക്കുന്നതിനായി ഡി.പി.ആർ. സമർപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(സി) നിലമ്പൂർ ജില്ലാ ആശുപത്രിയുടെ സ്ഥലപരിമിതിയും ജീവനക്കാരുടെ ദൗർലഭ്യവും രോഗികളുടെ ബാഹുല്യവും കാരണം ഒരു കാർഡിയാക് യൂണിറ്റ് സ്ഥാപിക്കുകയും ഹൃദ്രോഗ വിദഗ്ധനെ നിയമിക്കുകയും വേണമെന്ന സ്ഥലം എം.എൽ.എ.-യുടെ ആവശ്യത്തിന്മേൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

നിലമ്പൂർ ജില്ലാ ആശുപത്രിയിൽ കാർഡിയോളജി വിഭാഗം ആരംഭിക്കുന്നതിനാവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## കായംകുളം മണ്ഡലത്തിൽ റിപ്പോർട്ട് ചെയ്ത പകർച്ചവ്യാധികൾ

181 (2182) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളുടെ പരിധിയിൽ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള പകർച്ചവ്യാധികൾ ഏതൊക്കെയെന്നും എത്ര പേർക്ക് രോഗം ബാധിച്ചുവെന്നുമുള്ള കണക്കുകൾ ആരോഗ്യ കേന്ദ്രം തിരിച്ച് ലഭ്യമാക്കാമോ?

കായംകുളം മണ്ഡലത്തിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളുടെ പരിധിയിൽ 01-01-2024 മുതൽ 18-06-2024 വരെ റിപ്പോർട്ട് ചെയ്തിട്ടുള്ള പകർച്ചവ്യാധികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## കോട്ടയം ജില്ലാ ആശുപത്രിയുടെ നവീകരണം

182 (2183) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കോട്ടയം ജില്ലാ ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണത്തിനായി പഴയ കെട്ടിടങ്ങൾ പൊളിച്ചതുമൂലം അഞ്ചാം വാർഡിന്റെ പ്രവർത്തനം പൂർണ്ണമായും നിലച്ചിരിക്കുകയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുതിയ കെട്ടിടത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കോട്ടയം ജില്ലയിൽ പ്രവർത്തിക്കുന്ന കോട്ടയം ജില്ലാ ആശുപത്രിയുടെ 5-ാം വാർഡ് പ്രവർത്തിക്കുന്ന കെട്ടിടത്തിൽ സീലിംഗ് പ്ലാസ്റ്ററുകൾ പൊട്ടി വീഴുന്നതുമൂലവും തറയിലെ ടൈലുകൾക്ക് കേടുപാട് സംഭവിച്ചതുമൂലവും രോഗികളെ പ്രവേശിപ്പിക്കാൻ സാധിക്കാത്തതിനാലാണ് പ്രസ്തുത വാർഡിന്റെ പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചത്. എച്ച്.എം.സി. അക്കൗണ്ടിൽനിന്നും 18 ലക്ഷം രൂപയും ജില്ലാ പഞ്ചായത്തിൽനിന്നും 50 ലക്ഷം രൂപയും വകയിരുത്തി ഈ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നു. ജില്ലാ പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം നിർവ്വഹണം നടത്തുന്ന ഈ പദ്ധതി 2 മാസത്തിനുള്ളിൽ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കാനാകും.

(ബി) ഇവിടെനിന്ന് നീക്കം ചെയ്യുന്ന മണ്ണ് കോട്ടയം മണ്ഡലത്തിലെ മറ്റ് പ്രവൃത്തികൾക്കായി അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

കോട്ടയം ജനറൽ ആശുപത്രിയിൽ കിഫ്ബി പദ്ധതി പ്രകാരം ബഹുനില കെട്ടിടം പണിയുന്നതിനായി നീക്കം ചെയ്യപ്പെടുന്ന അധിക മണ്ണ് ഏറ്റുമാനൂർ, കോട്ടയം നിയോജകമണ്ഡലത്തിലെ റോഡുകളുടെ വികസനത്തിനായി ഉപയോഗിക്കുന്നതിന് 21-05-2024-ലെ സ.ഉ(സാധാ) നം.1228/2024/H&FWD നമ്പർ പ്രകാരം കോട്ടയം ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

**മലപ്പുറം മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ**

183 (2184) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പൂക്കോട്ടൂർ ബ്ലോക്ക് പ്രാഥമികാരോഗ്യകേന്ദ്രം തുടങ്ങിയവ അപ്ഗ്രേഡ് ചെയ്തിട്ട് വർഷങ്ങൾ പിന്നിട്ടിട്ടും സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആവശ്യമായ

ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ച് നിയമനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

മലപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രി ഉൾപ്പെടെ ജില്ലയിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ ഗ്യാപ് അനാലിസിസ് നടത്തി അനിവാര്യമായ തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. കൂടാതെ മഞ്ചേരി ജനറൽ ആശുപത്രിയിൽനിന്നും ലീൻ ഷിഫ്റ്റ് വഴി ഒരു ഡോക്ടറെ മലപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) പൂക്കോട്ടൂർ പ്രാഥമികാരോഗ്യകേന്ദ്രം ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയ 01-08-2021-ലെ സ.ഉ.(സാധാ) നം. 1633/2020/ ആ.കു.വ. ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) മലപ്പുറം താലൂക്ക് ആശുപത്രി, പൂക്കോട്ടൂർ ബ്ലോക്ക് പ്രാഥമികാരോഗ്യ കേന്ദ്രം, പഞ്ചായത്ത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, മറ്റ് ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ ഒഴിവുകൾ സംബന്ധിച്ച് ഗ്യാപ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനാലിസിസ് നടത്തി തസ്തികകൾ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

മലപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രി ഉൾപ്പെടെ ജില്ലയിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ ഗ്യാപ് അനാലിസിസ് നടത്തി അനിവാര്യമായ തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. കൂടാതെ മഞ്ചേരി ജനറൽ ആശുപത്രിയിൽനിന്നും ലീൻ ഷിഫ്റ്റ് വഴി ഒരു ഡോക്ടറെ മലപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**കുഞ്ചത്തൂർ കുടുംബക്ഷേമ ഉപകേന്ദ്രം**

184 (2185) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം പഞ്ചായത്തിലെ കുഞ്ചത്തൂർ കുടുംബക്ഷേമ ഉപകേന്ദ്രത്തിന്റെ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തി പി.എച്ച്.സി. നിലവാരത്തിലേക്ക് ഉയർത്തണമെന്നാവശ്യപ്പെട്ട് മഞ്ചേശ്വരം

എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

കുഞ്ചത്തൂർ കുടുംബക്ഷേമ ഉപകേന്ദ്രത്തിൽ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. സമർപ്പിച്ച നിവേദനം ആരോഗ്യ വകുപ്പ് ഡയറക്ടർ തലത്തിൽ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത ആരോഗ്യ കേന്ദ്രം പി.എച്ച്.സി. ആയി ഉയർത്തുകയോ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി എല്ലാ ദിവസവും ഉച്ചവരെയെങ്കിലും രോഗികൾക്ക് ചികിത്സ ലഭ്യമാക്കുകയോ ചെയ്യുമോ; വ്യക്തമാക്കാമോ?

മഞ്ചേശ്വരം ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രത്തിൽനിന്നും 5 കിലോ മീറ്റർ താഴെ മാത്രമാണ് കുഞ്ചത്തൂർ കുടുംബക്ഷേമ ഉപകേന്ദ്രത്തിലേയ്ക്കുള്ള ദൂരം. കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ നൽകി വരുന്ന എല്ലാ സേവനങ്ങളും കുഞ്ചത്തൂർ കുടുംബക്ഷേമ ഉപകേന്ദ്രത്തിൽനിന്നും നൽകിവരുന്നുണ്ട്. നിലവിലെ മാനദണ്ഡപ്രകാരം കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ ഡോക്ടറെ

നിയമിക്കാൻ നിർവാഹമില്ല. മെഡിക്കൽ ക്യാമ്പ്, പ്രതിരോധ കുത്തിവയ്പ്പ് ദിവസങ്ങളിൽ ഡോക്ടറുടെ സേവനം ലഭ്യമാണ്.

**കോഴിക്കോട് കോട്ടപ്പറമ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി വികസനം**

185 (2186) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് കോട്ടപ്പറമ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി വികസനത്തിനായുള്ള പുതിയ പ്രൊപ്പോസലുകൾ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കോഴിക്കോട് കോട്ടപ്പറമ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി വികസനത്തിനായി നടപ്പിലാക്കി വരുന്ന നിർമ്മാണ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. ഓക്സിജൻ പ്ലാന്റ് സജ്ജീകരണത്തിനായി 2020-21 സാമ്പത്തിക വർഷം 58.14 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവഹണ

ഏജൻസിയായി HLL-നെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. നിലവിൽ 60 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

2. ടി ആശുപത്രിയിൽ ലാക്ടേഷൻ മാനേജ്മെന്റ് യൂണിറ്റ് സജ്ജീകരണത്തിനായി 2022-23 സാമ്പത്തിക വർഷം 38.62 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവഹണ ഏജൻസിയായി HLL-നെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. നിലവിൽ അഞ്ച് ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

3. കൂടാതെ ആശുപത്രിയിൽ പുതിയ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (STP) സ്ഥാപിക്കുന്നതിന് 2023-24 സാമ്പത്തിക വർഷം 1.8 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർവഹണ ചുമതല IRTC എന്ന ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. നിലവിൽ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി വരികയാണ്.

**പാറശ്ശാല താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ്**

186 (2187) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് വിപുലീകരണത്തിന് തുക അനുവദിച്ചുവെങ്കിലും നാളിതുവരെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഡയാലിസിസ്സ് യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പ്രസ്തുത പ്രവൃത്തി 15-03-2024-ന് കരാർ വച്ച് 25-03-2024-ന് സൈറ്റ് ഹാന്റ് ഓവർ ചെയ്തുവെങ്കിലും പ്രസ്തുത കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിച്ച സ്ഥലത്തുനിന്നും മണ്ണ് നീക്കി റീട്ടെയിനിംഗ് വാൾ നിർമ്മിക്കേണ്ടിയിരുന്നു. കൂടാതെ ഒരു വൈദ്യുതി പോസ്റ്റിന്റെ സ്റ്റേ മാറ്റി സ്ഥാപിക്കേണ്ടതായും വന്നു. ആയതിനാൽ പ്രവൃത്തി ആരംഭിക്കാൻ ഒരു മാസത്തെ കാലതാമസമുണ്ടായി. നിലവിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കുകയും മാറ്റേണ്ടിയിരുന്ന മണ്ണ് നീക്കി റീട്ടെയിനിംഗ് വാൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ ഫൗണ്ടേഷൻ പണികൾ ആരംഭിച്ച് ഫൂട്ടിംഗിനായുള്ള എർത്ത് വർക്കുകൾ നടന്നുവരികയാണ്.

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദവിവരം അറിയിക്കാമോ?

നിലവിൽ തടസ്സങ്ങൾ ഒന്നും തന്നെയില്ല. മാറ്റി സ്ഥാപിക്കേണ്ടിയിരുന്ന വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കുകയും മുറിച്ചുമാറ്റേണ്ടിയിരുന്ന മരം മുറിച്ചു മാറ്റുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

**പയ്യന്നൂർ താലൂക്ക് ആശുപത്രിക്കുള്ള ഫർണിച്ചർ**

187 (2188) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ താലൂക്ക് ആശുപത്രിക്കായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച പുതിയ കെട്ടിടത്തിലേയ്ക്ക് ആവശ്യമായ ഫർണിച്ചർ വിതരണം ചെയ്യുന്ന നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ച പുതിയ കെട്ടിടത്തിലേയ്ക്കാവശ്യമായ 171 മെഡിക്കൽ ഉപകരണങ്ങൾ/ഫർണിച്ചറുകളിൽ 29 എണ്ണം സ്ഥാപിച്ചിട്ടുള്ളതും 104 എണ്ണത്തിന് പർച്ചേസ് ഓർഡർ നൽകിയിട്ടുള്ളതും 40 എണ്ണം വിതരണം ചെയ്തിട്ടുള്ളതുമാണ്. കൂടാതെ പയ്യന്നൂർ താലൂക്ക് ആശുപത്രിയിലെ കെട്ടിട നിർമ്മാണ പദ്ധതിയുടെ എസ്.പി.വി. ആയ HITES പ്രസ്തുത ആശുപത്രിയിലേയ്ക്കാവശ്യമായ ജനറൽ ഫർണിച്ചർ വാങ്ങുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ പരിശോധിച്ചുവരുന്നു.

**വടവുകോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കെട്ടിട നിർമ്മാണം**

188 (2189) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് പദ്ധതി പ്രകാരം

നിർമ്മിക്കുന്ന ഐസൊലേഷൻ വാർഡ്, ആശുപത്രിയുടെ ഒന്നാം നില എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

വടവുകോട് സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനുള്ള തറ കെട്ടി മേൽക്കൂര നിർമ്മിക്കുന്നതിനുവേണ്ടി ട്രസ്സ് ജോലികൾ കഴിഞ്ഞിട്ടുണ്ട്. നിലവിൽ 40 ശതമാനം പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ടി ആശുപത്രിയുടെ ഒന്നാം നിലയിലെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം ഫാൾസ് സീലിംഗ് പൂർത്തീകരിക്കാനാവും.

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

പ്രസ്തുത ആശുപത്രിയുടെ ഒന്നാം നിലയിലെ നിർമ്മാണ പ്രവൃത്തികൾ 2024 ജൂലൈ മാസം 20-ാം തീയതിയോടുകൂടി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## മട്ടന്നൂർ മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ നവീകരണം

189 (2190) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ ഊരത്തൂർ, മാലൂർ, മാങ്ങാട്ടിടം, തില്ലങ്കേരി എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ നവീകരണ പ്രവൃത്തികളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

(എ&ബി)

**ഊരത്തൂർ പ്രാഥമികാരോഗ്യ കേന്ദ്രം**

30 ലക്ഷം രൂപ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ലാബ്, ഫാർമസി, സ്റ്റോർ കെട്ടിടത്തിനായുള്ള പ്രവൃത്തി എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. 50 ലക്ഷം രൂപ എൻ.എച്ച്.എം. ഫണ്ട്, 15 ലക്ഷം രൂപ ആർദ്രം (പ്ലാൻ) ഫണ്ട് എന്നിങ്ങനെ 65 ലക്ഷം രൂപ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

**മാലൂർ പ്രാഥമികാരോഗ്യ കേന്ദ്രം**

എൽ.എസ്.ജി.ഡി., എൻ.എച്ച്.എം. ഫണ്ടുകൾ, ആർദ്രം (പ്ലാൻ) ഫണ്ട് എന്നിങ്ങനെ 112 ലക്ഷം രൂപ ഉപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി ഉത്തരവ് നൽകി തുടർനടപടി സ്വീകരിച്ചുവരുന്നു. 30 ലക്ഷം രൂപ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തിക്കായുള്ള പ്രവൃത്തി ഉത്തരവ് നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**മാങ്ങാട്ടിടം പ്രാഥമികാരോഗ്യ കേന്ദ്രം**

15 ലക്ഷം രൂപ ആർദ്രം (പ്ലാൻ) ഫണ്ട്, 50 ലക്ഷം രൂപ എൻ.എച്ച്.എം. ഫണ്ട് മുഖേനയുള്ള കെട്ടിട നിർമ്മാണത്തിന്റെ ടെണ്ടർ നടപടി പൂർത്തിയാക്കി, നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 30 ലക്ഷം രൂപ എം.എൽ.എ. ഫണ്ടുപയോഗിച്ചും നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതാണ്.

**തില്ലങ്കേരി കുടുംബാരോഗ്യ കേന്ദ്രം**

60 ലക്ഷം രൂപ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണത്തിനായി ഏജൻസി സെലക്ഷൻ നടപടികൾ പുരോഗമിക്കുന്നു.

2022-23 സാമ്പത്തിക വർഷത്തിൽ ഇമ്മ്യൂണൈസേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിച്ചിരുന്നു. പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോട്ടക്കൽ മണ്ഡലത്തിലെ ഐസോലേഷൻ വാർഡ് നിർമ്മാണം**

190 (2191) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ എം.എൽ.എ. ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് കോട്ടക്കൽ മണ്ഡലത്തിൽ ഒരു ഐസൊലേഷൻ വാർഡ് നിർമ്മിക്കാൻ തീരുമാനിച്ചിരുന്നോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏത് ആരോഗ്യ കേന്ദ്രത്തിലാണ് ഐസൊലേഷൻ വാർഡ് നിർമ്മിക്കാൻ തീരുമാനിച്ചിരുന്നതെന്നും പ്രസ്തുത പ്രവൃത്തി നിർവഹിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച തുടർനടപടികളുടെ വിശദാംശവും നിർമ്മാണ പുരോഗതിയും വിശദമാക്കാമോ?

(എ-സി) കോട്ടക്കൽ മണ്ഡലത്തിലെ എഫ്.എച്ച്.സി. വളാഞ്ചേരിയിൽ കെ.എം.എസ്.സി.എൽ.-നെ നിർവഹണ ഏജൻസിയാക്കിക്കൊണ്ട് ഒരു ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നെങ്കിലും സ്ഥല പരിമിതിമൂലം ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനുള്ള ആദ്യഘട്ട പട്ടികയിൽ പ്രസ്തുത സ്ഥാപനം ഉൾപ്പെട്ടിരുന്നില്ല. കോട്ടക്കൽ നിയോജകമണ്ഡലത്തിൽ ഐസോലേഷൻ സംവിധാനം സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ നിലവിൽ പരിശോധിച്ചുവരുന്നു.

**ചെറൂപ്പ സി.എച്ച്.സി.-യിലെ ഒഴിവുകൾ**

191 (2192) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ചെറൂപ്പ സി.എച്ച്.സി.-യിൽ എത്ര അംഗീകൃത തസ്തികകളാണ് നിലവിലുള്ളതെന്നും ഇവ ഏതെല്ലാമാണെന്നും വിശദമാക്കാമോ?

എം.സി.എച്ച്. യൂണിറ്റ് ചെറൂപ്പ ആരോഗ്യ കേന്ദ്രത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 16 തസ്തികകളും ആരോഗ്യ വകുപ്പിന് കീഴിൽ 28 തസ്തികകളുമുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇവയിൽ ഏതൊക്കെ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

നഴ്സിംഗ് ഓഫീസർ-1

പാർട്ട് ടൈം സ്വീപ്പർ-1

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I-1

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II-1

പബ്ലിക് ഹെൽത്ത് നഴ്സ് -1

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാർട്ട് ടൈം സ്വീപ്പർ തസ്തികയിലുള്ള ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

JPHN GR II തസ്തികയുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടി പട്ടിക തയ്യാറാകുന്ന മുറയ്ക്ക് JPHN GR I തസ്തികയിൽ നിലവിലുള്ള ഒഴിവ് സ്ഥാനക്കയറ്റം മുഖേന നികത്തുന്നതാണ്.

PHN തസ്തികയിലെ ഒഴിവ് സ്ഥാനക്കയറ്റം മുഖാന്തരം നികത്തുന്നതാണ്.

JHI Gr- II തസ്തികയിലെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അനധികൃത അവധിയിലായ നഴ്സിംഗ് ഓഫീസർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു.

**താനൂർ ബോട്ട് അപകടത്തിൽപ്പെട്ട കുട്ടികളുടെ ചികിത്സ**

192 (2193) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-ൽ താനൂർ തൂവൽ തീരം ബോട്ട് അപകടത്തെ തുടർന്ന് രക്ഷപ്പെട്ട അരിയല്ലൂർ സ്വദേശി ശ്രീ. മൻസൂറിന്റെ മകൾ ആയിഷ മെഹ്റിൻ, പരപ്പനങ്ങാടി നേടുവ സ്വദേശി കുന്നുമ്മൽ വീട്ടിൽ മുഹമ്മദ് ജാബിറിന്റെ മകൾ ജെർഷ എന്നീ രണ്ട് കുട്ടികളുടെ തുടർ ചികിത്സ സംബന്ധിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ആരോഗ്യ വകുപ്പിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നോ; പ്രസ്തുത റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ആവശ്യപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത കുട്ടികളുടെ ചികിത്സാ ചെലവിനത്തിൽ എത്ര രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

11-05-2023-ലെ സ.ഉ.(കൈ)നം.4/2023/ഡി.എം.ഡി. പ്രകാരം മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ താനൂർ തൂവൽതീരം ബീച്ചിൽ 07-05-2023-നുണ്ടായ ബോട്ടപകടത്തിൽ പരിക്കേറ്റവരുടെ ചികിത്സാചെലവ്, രക്ഷാപ്രവർത്തനങ്ങളുടെ ചെലവ് എന്നിവ വഹിക്കുന്നതിന് 25 ലക്ഷം രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ (SDRF) 2245-80-800-80-Other

Miscellaneans Relief Expenditure - എന്ന ശീർഷകത്തിൽനിന്നും മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാരിന്റെ നിർദ്ദേശപ്രകാരം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽനിന്നും ശ്രീ. മൻസൂർ മകൾ ആയിഷ മെഹ്റിന്റെ ചികിത്സയ്ക്കായി ചെലവായ 34,706/-(മുപ്പത്തി നാലായിരത്തി എഴുന്നൂറ്റി ആറ്) രൂപയുടെ ബില്ലുകൾ സമർപ്പിക്കുകയും ആയത് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) മുഖേന പരിശോധന നടത്തി ജില്ലാ കളക്ടറുടെ നടപടിക്രമപ്രകാരം ടി തുക ഹോസ്പിറ്റലിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കുട്ടികൾക്ക് വിദഗ്ധ ചികിത്സ ആവശ്യമാണെങ്കിൽ സ്വകാര്യ സൂപ്പർ/മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികളുടെ സേവനം പ്രയോജനപ്പെടുത്തുമോ; വ്യക്തമാക്കാമോ?

ശ്രീ. മുഹമ്മദ് ജാബിറിന്റെ മകൾ കുമാരി ജെർഷയ്ക്ക് തിരൂരങ്ങാടി താലൂക്ക് ആശുപത്രിയോട് ചേർന്ന് പ്രവർത്തിച്ചുവരുന്ന DEIC (District Early Intervention Centre)-യിലോ ആരോഗ്യകിരണം പദ്ധതിക്കുകീഴിൽ സ്റ്റേറ്റ്

ഹെൽത്ത് ഏജൻസിയുമായി നിലവിൽ എംപാനൽ ചെയ്തിട്ടുള്ള സർക്കാർ ആശുപത്രികളിലോ, മെഡിക്കൽ കോളേജിലോ സൗജന്യ ചികിത്സ നൽകുന്നതാണ്. ശ്രീ. മൻസൂറിന്റെ മകൾ ആയിഷ മെഹ്റിന്റെ കുടുംബത്തിന് പി.എം.ജെ.എ.വൈ. കാസ്പ് കാർഡ് കിട്ടാനുള്ള യോഗ്യതയുള്ളതിനാൽ എ.ബി.പി.എം.ജെ.എ.വൈ. കാസ്പ് പദ്ധതിക്കുകീഴിൽ എംപാനൽ ചെയ്തിരിക്കുന്ന ആശുപത്രിയിലോ സർക്കാർ ആശുപത്രിയിലോ മെഡിക്കൽ കോളേജിലോ സൗജന്യ ചികിത്സ നൽകുന്നതാണ്.

**ചൂട്മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ**

193 (2194) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വേനൽക്കാലത്ത് എത്ര പേർ സൂര്യാഘാതം, താപാഘാതം, ചൂട് മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ എന്നിവമൂലം മരിച്ചു എന്നതിന്റെ കണക്ക് ലഭ്യമാക്കാമോ; ഏതൊക്കെ ജില്ലയിലാണ് മരണങ്ങളുണ്ടായത്; മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ നൽകാമോ?

സംസ്ഥാനത്ത് ഈ വേനൽക്കാലത്ത് സൂര്യാഘാതംമൂലമെന്ന് സംശയിക്കുന്ന അഞ്ച് മരണങ്ങളാണ് ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. (പാലക്കാട്-2, മലപ്പുറം-1, കോഴിക്കോട്-1, എറണാകുളം-1) ഇതിൽ പാലക്കാട് ജില്ലയിലെ രണ്ടുമരണങ്ങൾക്ക് പോസ്റ്റ്മോർട്ടം വഴി സ്ഥിരീകരണം ലഭ്യമായിട്ടുണ്ട്.

(ബി) ഇത്തരം മരണങ്ങൾ തടയാൻ എന്തെല്ലാം നടപടികളും പ്രചാരണ പരിപാടികളുമാണ് സർക്കാർ സ്വീകരിച്ചത്; ആശുപത്രികളിൽ ഇതിനായി പ്രത്യേക സംവിധാനം ഒരുക്കിയിരുന്നോ?

കാലാവസ്ഥാ വ്യതിയാനംമൂലമുള്ള ആരോഗ്യപ്രശ്നങ്ങളെ നേരിടാൻ നാഷണൽ പ്രോഗ്രാം ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് എന്ന പേരിൽ ഒരു ദേശീയ പദ്ധതി 2019 മുതൽ കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്. ഉയർന്ന താപനിലയും ഉഷ്ണതരംഗങ്ങളുംമൂലമുള്ള ആരോഗ്യപ്രശ്നങ്ങളുടെ പ്രതിരോധവും നിയന്ത്രണവും ചികിത്സയുമാണ് ഈ പദ്ധതിയുടെ പ്രധാനപ്പെട്ട ഒരു പ്രവർത്തന മേഖല. അതിനായി പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങളും ഈ പദ്ധതിയുടെ കീഴിൽ ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിൽ നിലനിൽക്കുന്ന ഉഷ്ണതരംഗ സാധ്യത

മുൻനിർത്തി ഈ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങൾ ജനുവരി-ഫെബ്രുവരി (പ്രീഹീറ്റ് സീസൺ) മാസം മുതൽതന്നെ ആരംഭിച്ചിരുന്നു.

**സ്വീകരിച്ച നടപടികൾ**

1) ആരോഗ്യവകുപ്പ് പൊതുജനാരോഗ്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഹീറ്റ് ഹെൽത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തു.

2) ആരോഗ്യ പ്രവർത്തകർക്കായുള്ള പരിശീലന പരിപാടികൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

3) ഉയർന്ന താപനിലമൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളുമായി എത്തുന്ന രോഗികളുടെ ചികിത്സയ്ക്കായി പ്രത്യേക മാർഗ്ഗനിർദ്ദേശം തയ്യാറാക്കുകയും അതനുസരിച്ച് എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും മരുന്നും മറ്റ് ഭൗതിക സാഹചര്യങ്ങളും ഒരുക്കുകയും ചെയ്തിരുന്നു.

4) ഉഷ്ണകാല രോഗങ്ങളെ തിരിച്ചറിയുന്നതിനും അവയുടെ പ്രതിരോധ മാർഗ്ഗങ്ങളെയും പ്രഥമ ശുശ്രൂഷയെയും സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളും പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിച്ചു.

5) ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടേയും സാമൂഹിക മാധ്യമങ്ങളുടേയും സഹായത്തോടെ പൊതുജനങ്ങൾക്കായി ബോധവൽക്കരണം സംഘടിപ്പിച്ചു. അതിനായി ഡിജിറ്റൽ പോസ്റ്ററുകളും ഷോർട്ട് വീഡിയോകളും നോട്ടീസുകളും തയ്യാറാക്കി.

6) ഉയർന്ന അന്തരീക്ഷ താപനിലയുടെ നേരിട്ടുള്ള ആഘാതംമൂലമുള്ള ആരോഗ്യ പ്രശ്നങ്ങളെ നിരീക്ഷിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനും പ്രത്യേക നിരീക്ഷണ സംവിധാനം (ഹീറ്റ് റിലേറ്റഡ് ഇൽനെസ്സ് സർവയിലൻസ് സിസ്റ്റം) സജ്ജമാക്കി.

(സി) കേരളത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതലുള്ള സർക്കാർ ആശുപത്രികളിൽ ഹീറ്റ് ക്ലിനിക്കുകൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇതുസംബന്ധിച്ച് കേരള ദുരന്തനിവാരണ അതോറിറ്റിയോ മറ്റ് ഏതെങ്കിലും ഏജൻസിയോ വകുപ്പോ ആരോഗ്യ

വകുപ്പിന് പഠന റിപ്പോർട്ടോ ശിപാർശകളോ നൽകിയിട്ടുണ്ടോ; അതിന്റെ വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. ഉഷ്ണതരംഗങ്ങളും ഉയർന്ന അന്തരീക്ഷ താപനിലയും നേരിടുന്നതിനായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനായി കേരള ദുരന്ത നിവാരണ അതോറിറ്റിയുമായി ചർച്ചകൾ നടത്തുകയും അവലോകന യോഗങ്ങളിൽ ആരോഗ്യ വകുപ്പ് പങ്കെടുക്കുകയും ചെയ്തിരുന്നു. പ്രസ്തുത ചർച്ചകളിലെ മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സൂര്യാഘാതം, സൂര്യതാപം, താപശോഷണം മുതലായ ആരോഗ്യ പ്രശ്നങ്ങൾക്ക് കൃത്യമായ ചികിത്സ ഉറപ്പുവരുത്തുക എന്ന ഉദ്ദേശ്യത്തോടെ ആരോഗ്യ സ്ഥാപനങ്ങളിൽ പ്രത്യേക ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചു. ഇത്തരം ക്ലിനിക്കുകളിൽ രോഗികൾക്കായി പ്രത്യേകം കിടക്കകളും മരുന്നുകളും മാർഗ്ഗനിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്ന ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും പ്രത്യേകമായി പരിശീലനം ലഭിച്ച ആരോഗ്യ പ്രവർത്തകരെ ഈ ക്ലിനിക്കുകളിൽ വിന്യസിക്കുന്നതിനും തീരുമാനിച്ചു.

(ഡി) വേനൽക്കാലത്ത് നേരിട്ട് വെയിൽ കൊള്ളുമ്പോൾ മാത്രമല്ല, വീടിനുള്ളിൽ ഇരിക്കുമ്പോഴും അത്യുഷ്ണം ബാധിക്കുമെന്ന പഠനങ്ങളും നിരീക്ഷണങ്ങളും വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെ അത്യുഷ്ണത്തിന്റെ ഇരയായി കിടപ്പുരോഗികൾ ഉൾപ്പെടെ മരിച്ച സംഭവങ്ങളുണ്ടോ; ഇതുസംബന്ധിച്ച് ഏതെങ്കിലും കണക്കെടുപ്പ് നടത്താൻ ആരോഗ്യ വകുപ്പോ വനിതാ-ശിശു വികസന വകുപ്പോ തീരുമാനിച്ചിട്ടുണ്ടോ?

ഉയർന്ന അന്തരീക്ഷ താപനിലയോടൊപ്പംതന്നെ ഉയർന്ന അന്തരീക്ഷ ആർദ്രതയും കേരളത്തിന്റെ സാഹചര്യത്തിൽ വേനൽക്കാലത്ത് ധാരാളം ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കാൻ ഇടയാക്കുന്നതാണ്. ഇത് നേരിട്ടും അല്ലാതെയുമുള്ള ആഘാതങ്ങൾക്ക് കാരണമാകുന്നുണ്ട്. ഗുരുതരമായുള്ള രോഗങ്ങളുള്ളവർ, കിടപ്പുരോഗികൾ, വയോജനങ്ങൾ, ഗർഭിണികൾ, കുട്ടികൾ തുടങ്ങിയ എല്ലാവരിലും നേരിട്ട് സൂര്യപ്രകാശം ഏൽക്കാതെതന്നെ ഉഷ്ണകാലത്ത് ആരോഗ്യ പ്രശ്നങ്ങൾ വരാൻ സാധ്യതയുണ്ട്. അതുകൊണ്ട് തന്നെ വീടിനുള്ളിൽ ഇരിക്കുമ്പോഴും അത്യുഷ്ണംമൂലമുള്ള നിർജ്ജലീകരണം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കാവുന്നതാണ്. അത്യുഷ്ണത്തിന്റെ ഇരയായി

കിടപ്പുരോഗികൾ ആരും മരണപ്പെട്ടതായി ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. അത്യുഷ്ണംമൂലമുള്ള എല്ലാ തരത്തിലുമുള്ള ആരോഗ്യ പ്രശ്നങ്ങളും മരണങ്ങളും റിപ്പോർട്ട് ചെയ്യുന്നതിനായി ഒരു പ്രത്യേക നിരീക്ഷണ സംവിധാനം (ഹീറ്റ് റിലേറ്റഡ് ഇൽനെസ്സ് സർവയിലൻസ് സിസ്റ്റം) നിലവിൽ പൊതുജനാരോഗ്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ ആവിഷ്കരിക്കുകയും എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നുമുണ്ട്. ഈ സംവിധാനം കിടപ്പുരോഗികൾക്കും മറ്റുഗുരുതര രോഗമുള്ളവർക്കുമിടയിൽ അത്യുഷ്ണംമൂലമുള്ള ആരോഗ്യ പ്രശ്നങ്ങളുടെയും മരണങ്ങളുടെയും നിരീക്ഷണത്തിനായി കൂടി ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഇ) വേനൽക്കാലത്തെ രോഗങ്ങൾക്കുള്ള ചികിത്സ സംബന്ധിച്ച് വകുപ്പിന്റെ നേതൃത്വത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തകർക്ക് പരിശീലന പരിപാടികൾ നടത്തിയിരുന്നോ; ഇതിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

ആഗോളതലത്തിലുണ്ടാകുന്ന കാലാവസ്ഥാവ്യതിയാനത്തിന്റെ ആഘാതത്തിന്റെ ഫലമായി കേരളത്തിലും വേനൽക്കാലത്ത് അത്യുഷ്ണവും ഉഷ്ണതരംഗ സാധ്യതയും നിലനിൽക്കുന്നുണ്ട്. അതിനാൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ പ്രാഥമിക കേന്ദ്രങ്ങൾ മുതൽ ഡോക്ടർമാർ ഉൾപ്പടെയുള്ള ആരോഗ്യ പ്രവർത്തകർക്ക് പ്രത്യേക പരിശീലന പരിപാടികൾ നടത്തിവരുന്നു. ഇതിനായി പ്രത്യേക ട്രെയിനിംഗ് മൊഡ്യൂളുകളും കൈപുസ്തകങ്ങളും തയ്യാറാക്കുകയും ജനുവരി-ഫെബ്രുവരി മാസം മുതൽതന്നെ പരിശീലനം നൽകി വരികയും ചെയ്യുന്നുണ്ട്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രത്യേക റിസോഴ്സ് ഗ്രൂപ്പുകൾ ഇതിനായി രൂപീകരിച്ചിട്ടുണ്ട്.

**സർക്കാർ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ്**

194 (2195) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവീസിൽ സേവനം അനുഷ്ഠിക്കുന്ന ഡോക്ടർമാരിൽ ആർക്കൊക്കെ സ്വകാര്യ പ്രാക്ടീസ് അനുവദനീയമാണെന്ന വിവരം ലഭ്യമാക്കാമോ?

ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്ക് 25-10-2005-ലെ സ.ഉ(കൈ) നം. 270/2005/ആകുവ, 27-12-2023-ലെ സ.ഉ(കൈ) നം. 350/2023/ ആകുവ എന്നിവ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശമനുസരിച്ച് സ്വകാര്യ പ്രാക്ടീസ് അനുവദനീയമാണ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഡോക്ടർമാർക്ക് സ്വകാര്യ പ്രാക്ടീസ് അനുവദനീയമല്ല.

(ബി) സ്വകാര്യ പ്രാക്ടീസ് അനുവദിക്കപ്പെട്ട ഡോക്ടർമാർ പാലിക്കേണ്ട നിബന്ധനകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ആശുപത്രി സമയങ്ങളിൽ ഡോക്ടർ അവരുടെ താമസസ്ഥലങ്ങളിൽ രോഗികളെ സ്വീകരിക്കുകയോ പരിശോധിക്കുകയോ ചെയ്യാൻ പാടില്ല. ആശുപത്രി ചികിത്സയിൽ കഴിയുന്ന രോഗികളോ അവരുടെ ബന്ധുക്കളോ ഡോക്ടർമാരുടെ താമസസ്ഥലങ്ങളിൽ രോഗിയുടെ കാര്യവുമായി ബന്ധപ്പെട്ട് സമീപിക്കാൻ പാടില്ല. ഡോക്ടർമാർ ആരോഗ്യ സ്ഥാപനങ്ങൾക്ക് സമീപം

മുറികൾ വാടകയ്ക്കെടുത്ത് പകൽ സമയങ്ങളിൽ മാത്രം താമസിച്ച് രോഗികളെ അനുവദനീയ സമയങ്ങളിൽ ആണെങ്കിൽപ്പോലും പരിശോധിക്കാൻ പാടില്ല. ഇങ്ങനെയുള്ള താവളങ്ങൾ താമസസ്ഥലങ്ങളായി കണക്കാക്കപ്പെടുകയില്ല. സ്വകാര്യ പ്രാക്ടീസ് സ്വന്തം താമസസ്ഥലത്ത് മാത്രമേ അനുവദനീയമായിട്ടുള്ളൂ. ആരോഗ്യ വകുപ്പിലെ സർക്കാർ സർവ്വീസിലുള്ള ഡോക്ടർമാർ സ്വകാര്യ ആശുപത്രികളിൽ പ്രൈവറ്റ് പ്രാക്ടീസ് നടത്തരുത്. താമസസ്ഥലത്ത് രോഗനിർണ്ണയം നടത്തുന്നതിന് ഡോക്ടർ ഏറ്റവും ആവശ്യമായ ഉപകരണങ്ങൾ മാത്രമേ ഉപയോഗിക്കാവൂ. സ്വകാര്യ പ്രാക്ടീസിൽ സഹായിക്കുന്നതിനായി നഴ്സ്, ടെക്നീഷ്യൻ എന്നിവരെ നിയമിക്കാൻ പാടില്ല. ഡോക്ടർ സേവനം അനുഷ്ഠിക്കുന്ന ആശുപത്രിയിൽ ഇൻപേഷ്യന്റ് ആയിട്ടുള്ള ഒരു രോഗിയോ, രോഗിയുടെ ബന്ധുവോ കൺസൾട്ടേഷനുവേണ്ടി വരരുതെന്ന് പ്രസ്താവിക്കുന്ന ഒരു സൈൻ ബോർഡ് കൺസൾട്ടേഷൻ റൂമിൽ പ്രദർശിപ്പിക്കണം.

(സി) പ്രസ്തുത നിബന്ധനകൾ അനുസരിക്കാതെ ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ഡോക്ടർമാർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(സി&ഡി) നിബന്ധനകൾ പാലിക്കാതെ സ്വകാര്യ പ്രാക്ടീസ് നടത്തിയ ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്കെതിരെ 1960-ലെ കെ.സി.എസ്. (സി.സി&എ) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

(ഇ) സ്വകാര്യ പ്രാക്ടീസ് അനുവദനീയമല്ലാത്ത ഡോക്ടർമാർക്ക് നൽകുന്ന നോൺ പ്രാക്ടീസ് അലവൻസ് നിലവിൽ കൈപ്പറ്റുന്ന ഡോക്ടർമാരുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ?

സ്വകാര്യ പ്രാക്ടീസ് അനുവദനീയമല്ലാത്ത ഡോക്ടർമാർക്ക് നൽകുന്ന നോൺ പ്രാക്ടീസ് അലവൻസ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാർക്കാണ് നൽകുന്നത്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 2684 ഡോക്ടർമാർക്കാണ് നോൺ പ്രാക്ടീസ് അലവൻസ് അനുവദിച്ചിട്ടുള്ളത്.

(എഫ്) നോൺ പ്രാക്ടീസ് അലവൻസ് സ്വീകരിക്കുന്ന ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ

അവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

നോൺ പ്രാക്ടീസ് അലവൻസ് കൈപ്പറ്റുന്ന ചില ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നോൺ പ്രാക്ടീസ് അലവൻസ് കൈപ്പറ്റുന്ന ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതായി ആരോപണം ഉയരുന്ന അവസരത്തിൽ ടി ഡോക്ടർമാർക്കെതിരെ അന്വേഷണം നടത്തുകയും അവർ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതായി ബോധ്യപ്പെടുന്ന പക്ഷം പ്രസ്തുത ഡോക്ടർമാർക്കെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തുവരുന്നു. വിശദമായ അന്വേഷണത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്ന ഡോക്ടർമാർക്കെതിരെ Transfer/Censure/Increment bar/ Non Practice Allowance തിരിച്ച് അടപ്പിക്കൽ അടക്കമുള്ള ശിക്ഷാ നടപടികളാണ് സ്വീകരിച്ചുവരുന്നത്.

## ആരോഗ്യ മേഖലയിലെ പ്രധാന പദ്ധതികൾ

195 (2196) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ മേഖലയിൽ നടപ്പിലാക്കിയ പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സർക്കാരിന്റെ നവകേരള കർമ്മ പദ്ധതി, ആർദ്രം മിഷന്റെ ഭാഗമായി ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ആശുപത്രികളെ രോഗീസൗഹൃദമാക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കി. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനും ആശുപത്രികളുടെ അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി കിഫ്ബി, നബാർഡ് തുടങ്ങിയവയുടെ ധനസഹായത്തോടെ കെട്ടിട സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചു. രോഗ

നിയന്ത്രണത്തിനും രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനും നടപടി സ്വീകരിച്ചു. മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രമാക്കുന്നതിനും ജില്ലാ/ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുന്നതിനും താലൂക്ക്തല ആശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുന്നതിനും സാധ്യമായി. ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനും മുൻകൂട്ടി ചികിത്സിക്കുന്നതിനുമായി ജീവിതശൈലീ രോഗ പദ്ധതി, നേത്ര സംബന്ധമായ എല്ലാ അസുഖങ്ങൾക്കും ദേശീയ അന്ധതാ നിവാരണ പദ്ധതി എന്നിവ ആരംഭിച്ചു. ജനസൗഹൃദ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഉപആരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിച്ചു. എൻ.സി.ഡി. ക്ലിനിക്ക്, വെൽ-വിമെൻ ക്ലിനിക്ക് എന്നിവ ആരംഭിച്ചു. കുട്ടികളുടെ കുഷ്ഠരോഗം പ്രാരംഭത്തിൽ കണ്ടുപിടിക്കുന്നതിലൂടെ ചികിത്സ നൽകുന്നതിന് ബാലമിത്ര എന്ന പദ്ധതി ആരംഭിച്ചു. ഗവൺമെന്റ് ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി നാഷണൽ ക്വാളിറ്റി

അഷ്വറൻസ് സ്റ്റാൻഡേർഡ് (NQAS) പദ്ധതി നടപ്പിലാക്കി വരുന്നു. മാതൃശിശു മരണനിരക്ക് കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ലക്ഷ്യ പദ്ധതി നടപ്പിലാക്കി. രോഗികളുടെ സുരക്ഷയും മികച്ച ക്ലിനിക്കൽ ഫലങ്ങളും ഉറപ്പാക്കുന്നതിന് ബയോ മെഡിക്കൽ എക്യുപ്മെന്റ് പ്രോഗ്രാം ആരംഭിച്ചു. ചെവിയും കേൾവിയുമായി ബന്ധപ്പെട്ട രോഗങ്ങൾ നിർണ്ണയിക്കാൻ നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആൻഡ് കൺട്രോൾ ഓഫ് ഡെഫ്നെസ്സ് അഥവാ ദേശീയ ബധിര നിയന്ത്രണ പദ്ധതി നടപ്പിലാക്കി. ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്കാവശ്യമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കാൻ ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റി ലിങ്ക് വർക്കർ പദ്ധതി ആരംഭിച്ചു. കൗമാര ആരോഗ്യ പദ്ധതിയായ രാഷ്ട്രീയ കിഷോർ സ്വാസ്ഥ്യ കാര്യക്രം പദ്ധതി നടപ്പിലാക്കി. സംസ്ഥാന ആശുപത്രികളെ രോഗീസൗഹൃദമാക്കുകയും ഗുണമേന്മയും സൗഹൃദപരമായ ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുന്നതിനുമായി ആർദ്രം പദ്ധതിയും ജനസൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഇ-ഹെൽത്ത് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തന

നിലവാരം മെച്ചപ്പെടുത്തുന്നതിനായി Quality Improvement Programme നടപ്പിലാക്കി. കുട്ടികൾക്ക് ജന്മനായുള്ള ഗുരുതര ഹൃദയ വൈകല്യത്തിനുള്ള ശസ്ത്രക്രിയകൾ ഹൃദ്യം പദ്ധതിവഴി സൗജന്യമായി നടപ്പിലാക്കി. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട്, ആരോഗ്യ കിരണം പദ്ധതി എന്നിവ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) നിപ, കോവിഡ് എന്നിവ പോലുള്ള മാരകമായ പകർച്ചവ്യാധികളുടെ വ്യാപനം ഭാവിയിൽ ഉണ്ടാകാതിരിക്കുന്നതിന് ആവിഷ്കരിച്ച നടപടികൾ വിശദമാക്കാമോ?

പൊതുജനാരോഗ്യ നിയമം പരിഷ്കരിച്ചതുവഴി പകർച്ചവ്യാധികൾ പ്രത്യേകിച്ച് പൊതുജനാരോഗ്യത്തിന് ഭീഷണി ഉണ്ടാക്കുന്നവയുടെ നിയന്ത്രണത്തിന് കൂടുതൽ കരുത്ത് നൽകുന്നു. ജന്തുജന്യ രോഗങ്ങളുടെ പ്രതിരോധത്തിന് ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് പുറമെ ഇതര വകുപ്പുകളുടെ സഹകരണം ഉറപ്പിക്കുന്നതിനായി ഏകാരോഗ്യ പദ്ധതി

നടപ്പിലാക്കുകയും അതിനായി സെന്റർ ഫോർ വൺ ഹെൽത്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

പകർച്ചവ്യാധികളുടെ വ്യാപനം തടയുന്നതിന് സർക്കാർ മെഡിക്കൽ കോളേജിലെ പീഡ് സെൽ ആശുപത്രിയിൽ വരുന്ന രോഗകളിൽ സൂക്ഷ്മ നിരീക്ഷണം നടത്തിവരുന്നു. പീഡ് സെൽ വഴി രോഗലക്ഷണം ഉള്ളവരുടെ വിവരശേഖരണം നടത്തുകയും ഏറ്റവും വേഗം രോഗനിർണ്ണയം നടത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ആശുപത്രി ജീവനക്കാർ പകർച്ചവ്യാധി തടയാനായി സ്റ്റാൻഡേർഡ് പ്രിക്കോഷനും കോവിഡ് പ്രോട്ടോക്കോളും പാലിക്കുന്നുണ്ട്. നിപ, കോവിഡ് 19 പോലുള്ള സാംക്രമിക രോഗങ്ങളെ നേരിടുന്നതിനായി മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഐസോലേഷൻ ഐ.സി.യു.-കളിൽ പ്രത്യേകം ബെഡുകൾ ക്രമീകരിച്ചിട്ടുണ്ട്. നെഗറ്റീവ് പ്രഷർ ഐ.സി.യു., നെഗറ്റീവ് പ്രഷർ ഒ.റ്റി. മുതലായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ആവശ്യമായ എണ്ണം വെന്റിലേറ്ററുകൾ സജ്ജമാക്കിയിട്ടുണ്ട്. ഇൻഫക്ടസ് ഡിസീസ് യൂണിറ്റിന്റെ നിരീക്ഷണത്തിലാണ് പകർച്ചവ്യാധികളുള്ള രോഗികളെ

പരിചരിക്കുന്നത്. നിപ പോലുള്ള രോഗലക്ഷണങ്ങളുള്ള രോഗികളെ പരിചരിക്കുന്നതിനും മറ്റുരോഗികളുമായി സമ്പർക്കത്തിൽ വരാതിരിക്കുന്നതിനും വേണ്ടി ആരോഗ്യ പ്രവർത്തകർക്ക് പ്രത്യേക പരിശീലനം മെഡിക്കൽ കോളേജുകളിൽ നൽകി വരുന്നുണ്ട്. PPE (Personal Protective Equipment) ഉപയോഗിക്കുന്നതിനും ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം സമയാസമയം നൽകുന്നുണ്ട്. അത്യാഹിത വിഭാഗത്തിലെത്തുന്ന രോഗികളെ യെല്ലോ സോണിൽ ഉൾപ്പെടുത്തി മറ്റു രോഗികളുമായി സമ്പർക്കമുണ്ടാകാത്ത രീതിയിൽ പ്രത്യേക വാർഡുകളിലേയ്ക്ക് മാറ്റുന്നതാണ്.

നിപ, കോവിഡ്-19 പോലുള്ള സാംക്രമിക രോഗങ്ങളെ നേരിടുന്നതിനായി കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ 10 കോടി രൂപ ചെലവിൽ infectious disease complex നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നിപ, കോവിഡ് പോലുള്ള മാരകരോഗങ്ങളുടെ വ്യാപനം ഭാവിയിലുണ്ടാകാതിരിക്കാൻ ജില്ലാ ആരോഗ്യ മന്ത്രാലയത്തിന് കീഴിൽ ആരോഗ്യ ബോധവൽക്കരണം, രോഗീ

നിരീക്ഷണം, രോഗനിയന്ത്രണ പ്രവർത്തനങ്ങൾ എന്നിവ ശക്തമാക്കിയിട്ടുണ്ട്. നിപ രോഗത്തെ പ്രതിരോധിക്കുന്നതിൽ സംസ്ഥാനം നടത്തിയ ശ്ലാഘനീയമായ പ്രവർത്തനങ്ങളെ രേഖപ്പെടുത്തുന്നതിനും ഈ രോഗം ഉണ്ടാകുന്ന സാഹചര്യങ്ങൾ പഠിക്കുന്നതിനും നിപ രോഗത്തെ സാമൂഹികമായി പ്രതിരോധിക്കുന്നതിനും രാജ്യത്തിന് അകത്തും പുറത്തും ഈ വിഷയത്തിൽ പ്രാഗൽഭ്യമുള്ള ആളുകളുമായും ഏജൻസികളുമായും ഒത്തുചേർന്ന് പ്രവർത്തിക്കുന്നതിനുമായി കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് ആൻഡ് റേസിലിയൻസ് എന്ന പേരിൽ ഒരു സ്ഥാപനം കോഴിക്കോട് ജില്ലാ കേന്ദ്രീകരിച്ച് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിപ ബാധയുണ്ടായ സമയത്തുതന്നെ (2023 സെപ്റ്റംബർ) കോഴിക്കോട് മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച് ഇതിന് തുടക്കംകുറിക്കുകയും ചെയ്തിട്ടുണ്ട്.

(സി) തോന്നയ്ക്കൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം വിശദമാക്കാമോ?

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ഒരു അന്താരാഷ്ട്ര ഗവേഷണ സ്ഥാപനമായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. വൈറോളജി ഗവേഷണത്തിനും വൈറസ്ജന്യ രോഗനിർണയത്തിനും ആവശ്യമായ അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബുകൾ, ഉപകരണങ്ങൾ, മറ്റു സൗകര്യങ്ങൾ എന്നിവ പ്രവർത്തനസജ്ജമാണ്. നിപ വൈറസ് ഉൾപ്പെടെ 80-ഓളം വൈറസ് രോഗബാധ പരിശോധിക്കാനുള്ള സൗകര്യം ലഭ്യമാണ്. വൈറസ് രോഗനിർണ്ണയത്തിനുള്ള ഒരു സംസ്ഥാനതല റെഫറൽ സംവിധാനമായി നിലവിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി പ്രവർത്തിക്കുന്നു. സംസ്ഥാന ആരോഗ്യ വകുപ്പിന് പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളിലും ആവശ്യമായ സഹായങ്ങൾ IAV നൽകിവരുന്നു. ദേശീയ/അന്തർദേശീയ തലത്തിൽ പരിശീലനം ലഭിച്ച ശാസ്ത്രജ്ഞർ ഉൾപ്പെട്ട സംഘം, വൈറസ് രോഗങ്ങൾക്കുള്ള വാക്സിൻ, മരുന്നുകൾ, മോണോക്ളോണൽ ആന്റിബോഡി എന്നിവ നിർമ്മിക്കാനുള്ള ഗവേഷണ പദ്ധതികൾ IAV-യിൽ നടത്തിവരുന്നു. ദേശീയ/അന്തർദേശീയ

സ്ഥാപനങ്ങളുമായി ചേർന്ന് പുതിയ പരീക്ഷണ പദ്ധതികൾക്കുള്ള ചർച്ചകൾ നടന്നുവരുന്നു.

(ഡി) രോഗനിർണ്ണയ പരിശോധനകൾക്ക് വിദൂര സംസ്ഥാനങ്ങളിലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകളെ സമീപിക്കാതെ സംസ്ഥാനത്തുതന്നെ ഇത്തരത്തിലുള്ള ആധുനിക ലാബുകളും പരിശോധനാ സംവിധാനങ്ങളും സ്ഥാപിക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ; പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പകർച്ചവ്യാധികളുടെ രോഗ നിർണ്ണയത്തിന് കേരളത്തിൽതന്നെ സംവിധാനങ്ങൾ ഒരുക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് Institute of Advanced Virology, State Public Health Lab തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. കൂടാതെ മെഡിക്കൽ കോളേജുകളിലെ ICMR-VRDL ലാബുകളെ SARS-CoV2, Influenza, RSV പരിശോധനയ്ക്ക് സജ്ജമാക്കിയിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലെ ICMR-VRDL ലാബിൽ നിപ പരിശോധനയും നടത്തി വരുന്നു. സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ് ആൻഡ്

ക്ലിനിക്കൽ ലബോറട്ടറിയിൽ സാധാരണ ലബോറട്ടറി പരിശോധനകൾ കൂടാതെ താഴെപ്പറയുന്ന വൈറോളജി/PCR പരിശോധനകളും ലഭ്യമാണ്

1) Viral load testing for Hepatitis B&C

2) Respiratory panel

3) Influenza PCR (H1N1, H2N2, Influenza.B, etc)

4) Neuro panel

5)Scrub typhus PCR

6) Cytomegalo Virus(CMV)PCR

7) Castro Panel (Noro Virus, Roto Virus)etc

8)Leishmania PCR

അപകടകാരികളായ രോഗാണുക്കളെ കൈകാര്യം ചെയ്യാനുള്ള സംവിധാനങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു.

## കാരുണ്യ ഫാർമസി വഴി മരുന്ന് വിതരണം

196 (2197) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എം.എസ്.സി.എൽ. കാരുണ്യ ഫാർമസി വഴി വിതരണം ചെയ്യുന്ന മരുന്നുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല. നിലവിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ പൊതുജനങ്ങൾക്ക് മരുന്നുകൾ കൃത്യമായി നൽകിവരുന്നുണ്ട്.

(ബി) കിഡ്നി മാറ്റിവച്ച രോഗികൾ സ്ഥിരമായി കഴിക്കുന്ന മരുന്നുകൾ ലഭിക്കുന്നതിന് കാലതാമസം വരുന്നതിനാൽ രോഗികൾ അനുഭവിക്കുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കിഡ്നി മാറ്റിവച്ച രോഗികൾക്ക് ഗുണനിലവാരമുള്ള മരുന്നുകൾ EDL/SDL വഴിയും കാരുണ്യ/ കെ.എം.എസ്.സി.എൽ. വഴിയും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിലവിലെ സാഹചര്യത്തിൽ വിവിധ ആശുപത്രികളിൽ

നിന്നും വൃക്ക മാറ്റിവച്ച രോഗികൾക്ക് ചില പ്രത്യേക ബ്രാൻഡ് മരുന്നുകൾ തന്നെ ഉപയോഗിക്കണമെന്ന് ചില ഡോക്ടർമാർ ശിപാർശ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരേ നിലവാരമുള്ള പല ബ്രാൻഡുകളിലെ ഒരേ മരുന്നിന് പല തരത്തിലുള്ള വിലയാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഗുണനിലവാരമുള്ള മരുന്നുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് EDL/SDL വഴിയും കാരുണ്യ/ കെ.എം.എസ്.സി.എൽ. വഴിയും മരുന്ന് ലഭ്യമാക്കുന്നത്. ഇതിനുപുറമേ വിവിധ സ്കീമുകളിലൂടെയും HDS ഫണ്ടുപയോഗിച്ചും മരുന്നുകൾ ലഭ്യമാക്കി വരുന്നുണ്ട്.

(സി) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പണം മുൻകൂർ ലഭ്യമാക്കിയിട്ടും അടച്ച തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കാത്ത വിഷയം അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫണ്ട് ഉപയോഗിച്ച് കെ.എം.എസ്.സി.എൽ.-ന് കീഴിലുള്ള കാരുണ്യ പദ്ധതിയിലൂടെ മരുന്നുകൾ നൽകുന്ന പ്രക്രിയ കൃത്യമായി നടന്നുവരുന്നു.

മുൻകാലങ്ങളിലെ മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾക്ക് വേണ്ടിയുള്ള വിതരണ ഉത്തരവുകളും നൽകിക്കഴിഞ്ഞു. കൊല്ലം കാരുണ്യ മെഡിസിൻ ഡിപ്പോ കേന്ദ്രീകരിച്ച് നിലവിൽ 2024-2025 സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്നുകൾ കൂടി ആരോഗ്യ സ്ഥാപനങ്ങളിലേക്ക് ലഭ്യമാക്കി വരുന്നു.

**അവയവമാറ്റ ശസ്ത്രക്രിയ ആശുപത്രി**

197 (2198) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ആരംഭിക്കുന്ന അവയവമാറ്റ ശസ്ത്രക്രിയ ആശുപത്രിയുടെ പദ്ധതി രേഖയ്ക്ക് അനുമതി നൽകിയിട്ടുണ്ടോ?

ഇല്ല.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; നിർമ്മാണച്ചുമതല ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ; പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ?

പദ്ധതി നടത്തിപ്പിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി HITES (HLL ഇൻഫ്രാടെക് സർവ്വീസസ് ലിമിറ്റഡ്) എന്ന സ്ഥാപനത്തെ നിശ്ചയിച്ചിട്ടുണ്ട്. പൂർണ്ണതോതിലുള്ള അവയവമാറ്റ ആശുപത്രിയുടെ നിർമ്മാണത്തിന് 589 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതുവരെ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ PMSSY ബ്ലോക്കിൽ അവയവമാറ്റ ശസ്ത്രക്രിയ ആശുപത്രിയുടെ പ്രവർത്തനത്തിന് താൽക്കാലിക സംവിധാനം ഒരുക്കുന്നതിന് 17-11-2023-ലെ സ.ഉ.(സാധാ)നം.3026/2023/ആ.കു.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ടി ബ്ലോക്കിൽ രണ്ട് ഓപ്പറേഷൻ തീയേറ്റർ, 20 ബെഡ്ഡുള്ള ഐ.സി.യു., 15 ബെഡ് വീതമുള്ള പുരുഷ-വനിതാ വാർഡുകൾ, അഞ്ച് ഫാക്കൽറ്റി റൂമുകൾ, ഓഫീസ് സംവിധാനം, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ രണ്ട് ഒ.പി. റൂമുകൾ എന്നിവ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

**വയോജന ക്ലിനിക്കുകൾ**

198 (2199) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങളുടെ ക്ഷേമവും ചികിത്സയുമായി ബന്ധപ്പെട്ട് ആശുപത്രികളിൽ വയോജന ക്ലിനിക്കുകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. ദേശീയ ആരോഗ്യ ദൗത്യം പദ്ധതിയുടെ National Programme for Health Care of the Elderly (NPHCE) വഴിയും ആരോഗ്യ വകുപ്പിന് കീഴിലുള്ള വയോജന ആരോഗ്യ പദ്ധതിവഴിയും പ്രധാന ആശുപത്രികളിൽ വയോജന ക്ലിനിക്കുകളും വയോജന സൗഹൃദ വാർഡുകളും സജ്ജീകരിച്ചിട്ടുണ്ട്. ആന്റിസ്കിഡ് ടൈലുകൾ, വയോജന സൗഹൃദ ശൗചാലയങ്ങൾ, റാമ്പുകൾ, റയിലുകൾ, നോ ക്യൂ സംവിധാനം, വയോജനങ്ങൾക്കായി ഇരിപ്പിടങ്ങൾ, കുടിവെള്ള സംവിധാനം എന്നിവയെല്ലാം അടങ്ങുന്നതാണ് ജെറിയാട്രിക് വാർഡുകൾ. ഒരു ഡോക്ടറുടെ നേതൃത്വത്തിൽ സ്റ്റാഫ് നഴ്സിന്റെയും ഫിസിയോതെറാപ്പിസ്റ്റിന്റെയും സേവനം

ഉറപ്പാക്കിക്കൊണ്ട് വയോജനങ്ങൾക്ക് മാത്രമായി സജ്ജീകരിച്ചിട്ടുള്ളതാണ് വയോജന ആരോഗ്യ ക്ലിനിക്കുകൾ. ദേശീയ ആരോഗ്യ ദൗത്യം മുഖേന കരാറടിസ്ഥാനത്തിൽ ഡോക്ടർമാരെയും സ്റ്റാഫ് നഴ്സിനെയും ഫിസിയോതെറാപ്പിസ്റ്റിനെയും ഈ ക്ലിനിക്കുകളിൽ നിയമിച്ചിട്ടുണ്ട്. സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഒരു സ്റ്റാഫ് നഴ്സിനെയും ഫിസിയോതെറാപ്പിസ്റ്റിനെയും വയോജനാരോഗ്യ ക്ഷേമത്തിനായി പ്രത്യേകം നിയോഗിച്ചിട്ടുണ്ട്. കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളായ തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ, വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ വയോജനങ്ങളുടെ ചികിത്സയ്ക്കായി പ്രത്യേക ക്ലിനിക്കുകൾ രൂപീകരിച്ചിട്ടുള്ളതും അതുവഴി വയോജനങ്ങൾക്ക് കൃത്യമായ ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ വയോജന ക്ലിനിക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എറണാകുളം, കാസർഗോഡ് മെഡിക്കൽ കോളേജുകളിൽ വയോജനങ്ങൾക്ക് പ്രത്യേക ഒ.പി. സംവിധാനം ഒരുക്കിയിട്ടുള്ളതാണ്.

(ബി) മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും താലൂക്ക്, ജനറൽ ആശുപത്രികളിലുമായി ഐ.പി. വിഭാഗത്തിൽ ശരാശരി എത്ര വയോജനങ്ങളെയാണ് പ്രതിമാസം ചികിത്സയ്ക്കായി അഡ്മിറ്റ് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ പ്രതിമാസം അഡ്മിറ്റാകുന്ന ശരാശരി വയോജനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| **മെഡിക്കൽ കോളേജ്** | **പ്രതിമാസ ശരാശരി** |
|---|---|
| തിരുവനന്തപുരം | 1800 |
| കോഴിക്കോട് | 3000 |
| തൃശ്ശൂർ | 2975 |
| കണ്ണൂർ | 1200 |
| മഞ്ചേരി | 578 |
| കൊല്ലം | 605 |
| കോന്നി | 90 |
| കോട്ടയം | 2800 |
| എറണാകുളം | 571 |

| | |
|---|---|
| ഇടുക്കി | 245 |
| ആലപ്പുഴ | 1411 |
| വയനാട് | 200 |

ആരോഗ്യ വകുപ്പിന് കീഴിലുള്ള ജെറിയാട്രിക് വാർഡുകളിൽ മാത്രമായി അറുന്നൂറോളം പേർ പ്രതിമാസം അഡ്മിറ്റാകുന്നുണ്ട്.

**മഴക്കാലത്തെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ**

199 (2200) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഴക്കാലത്ത് സാംക്രമിക രോഗങ്ങൾ പ്രതിരോധിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ എടുത്തിരുന്നുയെന്ന് വിശദീകരിക്കാമോ?

മഴക്കാലത്ത് സാംക്രമിക രോഗങ്ങൾ പ്രതിരോധിക്കുന്നതിന് സ്വീകരിച്ചിരുന്ന മുൻകരുതൽ നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മഞ്ഞപ്പിത്ത രോഗബാധ**

200 (2201) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഈ വർഷം സാധാരണയിൽ കവിഞ്ഞ രീതിയിൽ മഞ്ഞപ്പിത്ത രോഗബാധയുണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

ഹെപ്പറ്റൈറ്റിസ്-എ കേസ്സുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വർധനവുണ്ടായിട്ടുണ്ട്. കുടിവെള്ള സ്രോതസ്സുകളിലെ മലിനീകരണം (കക്കൂസ് മാലിന്യം കുടിവെള്ളത്തിൽ കലരാൻ ഇടയാകുന്ന സാഹചര്യം), മലിനജലം, കിണറുകളിലെ വെള്ളം അണുവിമുക്തമാക്കാത്തത്, മലിനമായ ആഹാരം എന്നിവവഴി രോഗവ്യാപനമുണ്ടായിട്ടുണ്ട്. കൂടാതെ വിവാഹം, മരണം തുടങ്ങിയ പൊതുപരിപാടികൾ, ജ്യൂസ് കടകൾ, ഹോട്ടലുകൾ, തട്ടുകടകൾ, ഐസ് ഫാക്ടറികൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന മലിനമായ ജലവും രോഗപ്പകർച്ചയ്ക്ക് കാരണമാകുന്നു.

**ശ്രീ അയ്യപ്പ മെഡിക്കൽ കോളജിന്റെ അംഗീകാരം**

201 (2203) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര വില്ലേജിൽ ശ്രീ അയ്യപ്പ മെഡിക്കൽ കോളജ് ആൻഡ് റിസർച്ച് ഫൗണ്ടേഷൻ എന്ന പേരിൽ ഒരു മെഡിക്കൽ കോളജ് പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാന സർക്കാരിന്റെയോ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയോ അനുമതി പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

(എ&ബി) പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കരയിൽ പുതുതായി ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് NOC-യും എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റും ലഭിക്കുന്നതിനായി ശ്രീ അയ്യപ്പ മെഡിക്കൽ കോളേജ് ആൻഡ് റിസർച്ച് ഫൗണ്ടേഷൻ ചെയർമാൻ അപേക്ഷ സമർപ്പിച്ചിരുന്നു. തുടർന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന നടത്തിയ പരിശോധനയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള അടിസ്ഥാന

സൗകര്യങ്ങൾ ടി സ്ഥാപനത്തിൽ ലഭ്യമല്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല.

(സി) മെഡിക്കൽ കോളേജിന് അനുമതി നൽകുന്നതാരാണെന്ന് അറിയിക്കാമോ; കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അനുമതിയില്ലാതെ മെഡിക്കൽ കോളേജ് എന്ന ബോർഡ് വച്ച് ആശുപത്രി പ്രവർത്തിക്കുന്നത് നിയമാനുസൃതമാണോ എന്ന് വ്യക്തമാക്കാമോ;

(ഡി) അനധികൃതമായി മെഡിക്കൽ കോളേജ് എന്ന് പേര് വച്ച് പൊതുജനങ്ങളെ കബളിപ്പിക്കുന്ന സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കുമോ?

(സി&ഡി) പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്, എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് എന്നിവ സർക്കാരാണ് നൽകുന്നത്. സർക്കാരിന്റെയും NMC-യുടെയും KUHS-ന്റെയും അനുമതിയില്ലാതെ മെഡിക്കൽ കോളേജുകൾ ആരംഭിക്കാനോ പ്രവർത്തിക്കാനോ കഴിയുന്നതല്ല.

(ഇ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സർക്കാർ, സ്വകാര്യ മെഡിക്കൽ കോളേജുകളുടെ പേരു വിവരങ്ങൾ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനം**

202 (2205) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടപ്പാക്കിയിട്ടുള്ള പ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ എന്തെല്ലാമെന്നും അതിനുവേണ്ടി ചെലവാക്കിയ തുക എത്രയാണെന്നും വിശദമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടപ്പാക്കിയിട്ടുള്ള പ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനായി മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ 717.29 കോടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ ഒന്നാംഘട്ടം 33 കോടി രൂപ ചെലവിൽ പൂർത്തീകരിച്ചു. രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

സേവന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി എമർജൻസി മെഡിസിൻ വിഭാഗത്തിന് കീഴിൽ Quality Improvement Initiative എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഐസൊലേഷൻ ബ്ലോക്ക് നിർമ്മിക്കുന്നതിനായി 34 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

മെഡിക്കൽ കോളേജ് ആശുപത്രി ജനസൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഇ-ഹെൽത്ത് സംവിധാനം എല്ലാ വിഭാഗങ്ങളിലേക്കും വ്യാപിപ്പിച്ചു.

ന്യൂക്ലിയാർ മെഡിസിൻ വിഭാഗത്തിൽ PET-CT Scanner സ്ഥാപിക്കുന്നതിനായി 15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി അന്തിമഘട്ടത്തിലാണ്.

SPECT സ്കാനർ പ്രവർത്തനസജ്ജമാകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ന്യൂറോളജി വിഭാഗത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ സ്ട്രോക്ക് ഐ.സി.യു. 0.97 കോടി രൂപ ചെലവിൽ സ്ഥാപിച്ചു.

മസ്തിഷ്കവുമായി ബന്ധപ്പെട്ട രോഗങ്ങളുടെ കൃത്യമായ നിർണ്ണയത്തിന് 4.4 കോടി രൂപ ചെലവിൽ സി.റ്റി. ആൻജിയോഗ്രാം ഉപകരണം പ്രവർത്തനക്ഷമമാക്കി.

ന്യൂറോളജി വിഭാഗത്തിൽ 5.15 കോടി രൂപ ചെലവിൽ ന്യൂറോളജി കാത്ത് ലാബ് സ്ഥാപിച്ചു.

NPPMBI സ്കീം മുഖേന കേന്ദ്ര-സംസ്ഥാന വിഹിതം ഉപയോഗിച്ച് ബേൺസ് യൂണിറ്റ് സ്ഥാപിച്ചു.

പീഡിയാട്രിക് വിഭാഗത്തിൽ ശ്വാസകോശ രോഗങ്ങൾക്ക് ചികിത്സ ലഭ്യമാക്കുന്നതിന് 12 കിടക്കകളുള്ള Semi ICU സജ്ജമാക്കി.

ജനിതക രോഗങ്ങൾ ഗർഭസ്ഥാവസ്ഥയിൽ കണ്ടെത്തുന്നതിനുള്ള ശ്രദ്ധ പദ്ധതി നടപ്പിലാക്കി.

കുട്ടികൾക്ക് ജന്മനായുള്ള ഗുരുതര ഹൃദയവൈകല്യത്തിനുള്ള ശസ്ത്രക്രീയകൾ ഹൃദ്യം പദ്ധതിവഴി സൗജന്യമായി എസ്.എ.റ്റി. ആശുപത്രിയിൽ ചെയ്തുവരുന്നു.

ഹീമോഫീലിയ ബാധിച്ച കുട്ടികൾക്കുവേണ്ടി Comprehensive Hemophilia Centre സജ്ജമാക്കുകയും ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നു.

എസ്.എം.എ. അസുഖബാധിതരായ കുട്ടികളുടെ സമഗ്ര പരിചരണത്തിനായി എസ്.എം.എ. ക്ലിനിക്ക് ആരംഭിച്ചു.

എസ്.എ.റ്റി. ആശുപത്രിക്ക് Centre for excellence rare disease അംഗീകാരം 2022 ലഭിച്ചു.

കുട്ടികളുടെ നിയോനാറ്റോളജി വിഭാഗം വിപുലീകരിച്ചു.

കുട്ടികളുടെ ഗ്യാസ്ട്രോ എന്ററോളജി വിഭാഗം ആരംഭിച്ചു.

ഗൈനക്ക് വിഭാഗത്തിൽ സ്ത്രീ സൗഹൃദം ലക്ഷ്യമിട്ട് ഗർഭിണികൾക്കും രോഗികൾക്കുമായി ആധുനിക സൗകര്യങ്ങളോടുകൂടി പണികഴിപ്പിച്ച ഒ.പി. കെട്ടിടത്തിന്റെ ഫിനിഷിംഗ് ജോലികൾക്കായി 12.38 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

പീഡിയാട്രിക് വിഭാഗത്തിനായി HFO വെന്റിലേറ്റർ 21,36,960/- രൂപ ഉപയോഗിച്ച് സജ്ജമാക്കി.

പ്രോസ്റ്റേറ്റ് ഗ്രന്ഥിയുടെ ചികിത്സയ്ക്കും കിഡ്നി സ്റ്റോൺ ചികിത്സയ്ക്കും ഉപയോഗിക്കുന്ന ലേസർ വിത്ത് 60w ആൻഡ് ഓൾ ആക്സസറീസ് എന്ന ഉപകരണം 48,16,000/- രൂപ ഉപയോഗിച്ച് സ്ഥാപിച്ചു.

കരൾമാറ്റ ശസ്ത്രക്രിയ വീണ്ടും ആരംഭിച്ച് വിജയകരമായി പൂർത്തീകരിച്ചു.

പീഡിയാട്രിക് ഗ്യാസ്ട്രോ, ജനറ്റിക്സ് പീഡിയാട്രിക് ജീറിയാട്രിക്സ്, കാർഡിയോ വാസ്കുലർ തൊറാസിക് സർജറി, ജെറിയാട്രിക്സ്, റുമറ്റോളജി, ഇന്റർവെൻഷണൽ റേഡിയോളജി എന്നീ വിഭാഗങ്ങൾ ആരംഭിച്ചു.

തിരുവനന്തപുരം നഴ്സിംഗ് കോളേജിൽ 100 സീറ്റ് വർധിപ്പിച്ചു.

98 ലക്ഷം രൂപ ചെലവിൽ മെഡിക്കൽ കോളേജ് ആശുപത്രിയിലെ വാർഡ് 7-ഉം 95 ലക്ഷം രൂപ ചിലവിൽ വാർഡ് 8-ഉം 2022 മെയ് മാസത്തിൽ നവീകരിച്ച് പ്രവർത്തനസജ്ജമാക്കി.

കാൻസർ ചികിത്സയ്ക്കുള്ള അത്യാധുനിക ഉപകരണമായ ലീനിയർ അക്സിലറേറ്റർ 18 കോടി രൂപ ചെലവിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്ഥാപിക്കുകയും 2022-ൽ ലൈസൻസ് അപ്രൂവൽ ലഭ്യമായതിനെ തുടർന്ന് പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുകയും ചെയ്തു.

കാൻസർ ചികിത്സയ്ക്ക് ഉപയോഗിക്കുന്ന മറ്റൊരു ഉപകരണമായ ടെലികൊബാൾട്ട് മെഷീൻ 3.58 കോടി രൂപ ചെലവിൽ സ്ഥാപിക്കുകയും 2021-ൽ ലൈസൻസ് അപ്രൂവൽ ലഭ്യമായതിനെ തുടർന്ന് പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുകയും ചെയ്തു.

ഇതുകൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക് വാങ്ങിയ പ്രധാനപ്പെട്ട ഉപകരണങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപകരണത്തിന്റെ പേര് | ഡിപ്പാർട്ട്മെന്റ് | വില |
|---|---|---|

| | | |
|---|---|---|
| Portable USG | Cardiology | 25,00,000/- |
| Refrigerated Centrifuge | Transfusion Medicine | 45,00,000/- |
| Haemodialysis Machine | Nephrology | 59,42,000/- |
| Endobronchial Ultrasound | Pulmonary Medicine | 10,992,658/- |
| Introvascular USG | Cardiology | 70,00,000/- |
| Anaesthesia Work Station | OBG | 56,00,000/- |
| Committed Neonatal Ventilator | Neurology | 23,50,000/- |
| Portable UCG Colar Doppler Type-C | Paediatric Nephrology | 20,61,300/- |

(ബി) എന്തെല്ലാം നൂതന ചികിത്സാ സംവിധാനങ്ങളാണ് പ്രസ്തുത കാലയളവിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ആരോഗ്യ സംരക്ഷണം ഉയർത്തുന്നതിന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ 110 കിടക്കകളുള്ള അത്യാധുനിക പോസ്റ്റ് ഓപ്പറേഷൻ വാർഡുകൾ ക്രമീകരിച്ചു. എമർജൻസി മെഡിസിൻ വിഭാഗം രൂപീകരിച്ചു. അടിയന്തിര ചികിത്സാ സംവിധാനങ്ങൾ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുണ്ട്. സി.റ്റി.സ്കാൻ, കാൻസർ രോഗികൾക്ക്

വേണ്ടിയുള്ള അത്യാധുനിക ചികിത്സാ സംവിധാനമായ ലിനാക് എന്നിവ സ്ഥാപിച്ചു. ന്യൂറോളജി വിഭാഗത്തിൽ പക്ഷാഘാത ചികിത്സയ്ക്കായി കാത്ത് ലാബും തീവ്രപരിചരണ വിഭാഗവും സജ്ജമാക്കിയിട്ടുണ്ട്. ബേൺസ് ചികിത്സാ സംവിധാനം, സ്കിൻ ബാങ്ക് എന്നിവ വിപുലീകരിച്ചു. 100 കിടക്കകളുള്ള തീവ്രപരിചരണ വിഭാഗവും വയോജനങ്ങൾക്കുവേണ്ടി 30 ബെഡ്ഡോടുകൂടി ജെറിയാട്രിക്സ് വാർഡും മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിൽ സജ്ജീകരിച്ചു. ലാബുകളിലെല്ലാം കേന്ദ്രീകൃത സംവിധാനം വ്യാപകമാക്കിയിട്ടുണ്ട്. കൂടാതെ ആശുപത്രികൾ ജനസൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഇ-ഹെൽത്ത് സംവിധാനവും കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുണ്ട്. റോഡപകടങ്ങൾ/മറ്റപകടങ്ങൾ ഉണ്ടായി വരുന്ന രോഗികൾക്ക് സർജറി വിഭാഗം, ഓർത്തോ വിഭാഗം, ഇ.എൻ.റ്റി. വിഭാഗം, മാക്സിലോഫേഷ്യൽ വിഭാഗം സേവനങ്ങൾ ലഭ്യമാക്കുന്നതരത്തിൽ എമർജൻസി വിഭാഗം വിപുലീകരിച്ച് ക്രമീകരിച്ചിട്ടുണ്ട്. രോഗീപരിചരണത്തിന്റെ വിവിധ തലങ്ങളിൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ നടപ്പിലാക്കിക്കഴിഞ്ഞു.

1. എസ്.എ.റ്റി. ആശുപത്രിയിൽ പീഡിയാട്രിക് ഗ്യാസ്ട്രോ എന്റോസ്കോപ്പി യൂണിറ്റ് ആരംഭിക്കാനുള്ള പ്രവർത്തനം അവസാനഘട്ടത്തിലാണ്.

2. എൻ.എച്ച്.എം.-ന്റെ ഭാഗമായി MNCU (Mother and new Born Care Unit)-ന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

3. എൻ.എച്ച്.എം.-ന്റെ ഭാഗമായി CLMC (Comprehensive Lactation Management Centre) ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(സി) സാധാരണ ഒ.പി.-യിലും സൂപ്പർ സ്പെഷ്യാലിറ്റി ഒ.പി.-യിലും ദിവസവുമെത്തുന്ന രോഗികളുടെ ശരാശരി എണ്ണം എത്രയാണെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഒ.പി. വിഭാഗത്തിൽ പ്രതിദിനം ശരാശരി 3000 രോഗികളും സൂപ്പർ സ്പെഷ്യാലിറ്റി ഒ.പി.-ൽ പ്രതിദിനം ശരാശരി 1447 രോഗികളും ചികിത്സ തേടുന്നതിനായി എത്തുന്നുണ്ട്. എസ്.എ.റ്റി. ആശുപത്രിയിൽ 650 സാധാരണ ഒ.പി.-യും പീഡിയാട്രിക് നെഫ്രോളജി, കാർഡിയോളജി, ഗ്യാസ്ട്രോഎന്ററോളജി, ജനറ്റിക്സ് & റെയർ ഡിസീസസ്, പീഡിയാട്രിക് സർജറി, റീപ്രോഡക്ടീവ്

മെഡിസിൻ വിഭാഗങ്ങളിലായി 300-ഓളം ഒ.പി. രോഗികളെയും ശുശ്രൂഷിച്ചുവരുന്നു.

പാങ്ങപ്പാറ ഹെൽത്ത് സെന്ററിൽ സാധാരണ ഒ.പി.-ൽ 480-ഓളം രോഗികൾ പ്രിതിദിനം എത്തുന്നുണ്ട്.

വക്കം റൂറൽ ഹെൽത്ത് സെന്ററിൽ സാധാരണ ഒ.പി.-ൽ 250-ഓളം രോഗികൾ പ്രതിദിനം എത്തുന്നുണ്ട്.

(ഡി) ദരിദ്രവിഭാഗങ്ങൾക്ക് സൗജന്യ ചികിത്സ ഉറപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് സർക്കാർ മെഡിക്കൽ കോളേജുകളിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

മെഡിക്കൽ കോളേജുകളിൽ ചികിത്സയ്ക്കെത്തുന്ന ദരിദ്ര വിഭാഗത്തിലുള്ള (മഞ്ഞ റേഷൻ കാർഡ്) രോഗികൾക്ക് സി.റ്റി., എം.ആർ.ഐ. അൾട്രാസൗണ്ട്, എൻഡോസ്കോപ്പി മുതലായ സ്കാനുകൾ സൗജന്യമായി നൽകി വരുന്നു. രക്ത പരിശോധന ആവശ്യമുള്ളവർക്ക് (മഞ്ഞ, പിങ്ക് റേഷൻ കാർഡ്) യൂസർ ഫീസ് സർക്കാർ ലാബുകളിൽ ഈടാക്കാറില്ല. കൂടാതെ കൂട്ടിരിപ്പുകാരില്ലാത്ത രോഗികൾ, ഡോക്ടർമാർ ശിപാർശ ചെയ്യുന്ന

നിർദ്ധനരായ രോഗികൾ, ഗവൺമെന്റ് കെയർ ഹോമിൽ നിന്നുള്ള രോഗികൾ (ശിക്ഷിക്കപ്പെട്ടവർ ഒഴികെ) എന്നിവർക്കെല്ലാം സൗജന്യമായി ചികിത്സ നൽകിവരുന്നു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, ആരോഗ്യ കിരണം, കാരുണ്യ ബെനവലന്റ് ഫണ്ട്, രാഷ്ട്രീയ ബാൽ സുരക്ഷാ കാര്യക്രം, താലോലം, കാൻസർ സുരക്ഷാ, സുകൃതം, ജനനി ശിശു സുരക്ഷാ കാര്യക്രം, ഹൃദ്യം മുതലായ ചികിത്സാ പദ്ധതികൾ മുഖേനയും ദരിദ്ര വിഭാഗങ്ങളിൽപ്പെട്ടവർക്ക് സൗജന്യ ചികിത്സ നൽകിവരുന്നു. കാഷ്വാലിറ്റിയിലെത്തുന്ന ദരിദ്ര വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് (മഞ്ഞ റേഷൻ കാർഡ്) പൂർണ്ണമായും സൗജന്യ ചികിത്സ നൽകിവരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും സൗജന്യ ചികിത്സ നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

**തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെയും**

**എസ്.എ.ടി ആശുപത്രിയുടെയും നവീകരണം**

203 (2207) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അവയവമാറ്റ ശസ്ത്രക്രിയാ സംവിധാനങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(ബി) ഏതെല്ലാം അവയവമാറ്റ ശസ്ത്രക്രിയാ സംവിധാനങ്ങളാണ് നടപ്പിലാക്കുന്നതെന്നും അവ എന്നത്തേക്ക് പ്രാവർത്തികമാകുമെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ വൃക്ക, കരൾ എന്നീ അവയവമാറ്റ ശസ്ത്രക്രിയയ്ക്കും നേത്രപടല ശസ്ത്രക്രിയയ്ക്കുമുള്ള സൗകര്യങ്ങൾ ലഭ്യമാണ്. പൊള്ളൽ ചികിത്സ വിഭാഗത്തിൽ നിർമ്മാണം പുരോഗമിക്കുന്ന ത്വക്ക് ബാങ്ക് ഉടൻ പ്രവർത്തനക്ഷമമാകുന്നതാണ്.

(സി) പ്രസ്തുത മെഡിക്കൽ കോളേജിലെ വാഹന പാർക്കിംഗ് പ്രശ്നം പരിഹരിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കുമോ?

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ വാഹന പാർക്കിംഗ് പ്രശ്നം പരിഹരിക്കുന്നതിനായി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന് മുന്നിലായി സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി മൾട്ടി ലെവൽ പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ മാസ്റ്റർ പ്ലാനിന്റെ ഭാഗമായി മറ്റൊരു മൾട്ടി ലെവൽ കാർ പാർക്കിംഗ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ കിഫ്ബിയുടെ പരിഗണനയിലാണ്.

(ഡി) തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയെ ആധുനിക നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

എസ്.എ.ടി. ആശുപത്രിയെ ആധുനിക നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:-

- എസ്.എം.എ. അസുഖബാധിതരായ കുട്ടികളുടെ സമഗ്ര പരിചരണത്തിനായി എസ്.എം.എ. ക്ലിനിക് ആരംഭിച്ചു.
- കുട്ടികളുടെ ശ്വാസകോശ ചികിത്സാർത്ഥം 32 കിടക്കകളുള്ള തീവ്ര പരിചരണ വാർഡ് പ്രവർത്തനസജ്ജമാക്കി.
- ഗൈനക്കോളജി വിഭാഗത്തിൽ Advanced Laproscopic ചികിത്സ നൽകിവരുന്നു.
- അമ്മയ്ക്കൊരു കൂട്ട് പദ്ധതി ലേബർ റൂമിൽ നടപ്പിലാക്കി.
- ഹീമോഫീലിയ ബാധിച്ച കുട്ടികൾക്കുവേണ്ടി Comprehensive Haemophilia Centre ക്രമീകരിക്കുകയും അതിനുള്ള ചികിത്സ നൽകി വരികയും ചെയ്യുന്നു.
- കുട്ടികളുടെ ഹൃദയ ശസ്ത്രക്രിയ വിഭാഗം വിപുലീകരിച്ചു. ഹൃദ്യം പദ്ധതി വഴി ഗുരുതര ഹൃദയ വൈകല്യത്തിനുള്ള ശസ്ത്രക്രിയകൾ ചെയ്തുവരുന്നു.
- കുട്ടികളുടെ നിയോനാറ്റോളജി വിഭാഗം വിപുലീകരിച്ചു.
- കുട്ടികളുടെ ഗ്യാസ്ട്രോഎന്ററോളജി വിഭാഗം ആരംഭിച്ചു.

- മാസ്റ്റർ പ്ലാനിന്റെ ഭാഗമായി എസ്.എ.റ്റി. ആശുപത്രിക്കായി പ്രത്യേക ബ്ലോക്ക് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.
- കുട്ടികളുടെ കാർഡിയോ തൊറാസിക് സർജറി വിഭാഗം ആരംഭിച്ചു.
- ജനിതക രോഗങ്ങൾ ഗർഭസ്ഥ അവസ്ഥയിൽ കണ്ടെത്തുന്നതിനുള്ള ശ്രുദ്ധ പദ്ധതി നടപ്പിലാക്കി.
- ഗൈനക്ക് വിഭാഗത്തിൽ സ്ത്രീ സൗഹൃദം ലക്ഷ്യമിട്ട് ഗർഭിണികൾക്കും രോഗികൾക്കുമായി ആധുനിക സൗകര്യങ്ങളോടുകൂടി പണി കഴിപ്പിച്ച ഒ.പി. ബ്ലോക്കിന്റെ ഫർണിഷിംഗ് ജോലികൾക്കായി 12 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി എസ്.എ.റ്റി. ആശുപത്രിക്ക് 2022-ൽ Centre of Excellence for Rare Disease അംഗീകാരം ലഭിക്കുകയുണ്ടായി. കൂടാതെ 2023-ലെ കണക്ക് പ്രകാരം എസ്.എ.റ്റി. ആശുപത്രിയിലെ മെറ്റേണൽ മോർട്ടാലിറ്റി റേറ്റ് അന്തർ ദേശീയ നിലവാരത്തിലേയ്ക്ക് കുറയ്ക്കാൻ സാധിച്ചു. ദേശീയ ഗുണനിലവാര

അംഗീകാരമായ ലക്ഷ്യ സർട്ടിഫിക്കേഷൻ 2024 മാർച്ചിൽ എസ്.എ.റ്റി. ആശുപത്രിക്ക് ലഭിച്ചു.

(ഇ) പ്രസ്തുത ആശുപത്രിയിൽ ഗർഭിണികൾക്കും നവജാത ശിശുക്കൾക്കും ലഭ്യമാകുന്ന ചികിത്സാ സൗകര്യങ്ങൾ അന്തർദേശീയ നിലവാരത്തിലേയ്ക്കെത്തിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഗർഭിണികൾക്കും നവജാത ശിശുക്കൾക്കുമുള്ള ചികിത്സാ സൗകര്യങ്ങൾ അന്തർദേശീയ നിലവാരത്തിലാക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് എസ്.എ.റ്റി. ആശുപത്രിയിൽ നടന്നു വരുന്നത്:-

- പീഡിയാട്രിക് ഗ്യാസ്ട്രോ എൻഡോസ്കോപ്പി യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനം അവസാനഘട്ടത്തിലാണ്.
- NHM-ന്റെ ഭാഗമായി CLMC (Comprehensive Lactation Management Centre) ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

- മാസ്റ്റർ പ്ലാനിന്റെ ഭാഗമായി പുതിയ പീഡിയാട്രിക് ബ്ലോക്ക് സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് അത്യാധുനിക സജ്ജീകരണങ്ങളോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

- ഗൈനക്ക് ഒ.പി. വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ പണികൾ പൂർത്തീകരിക്കുന്നതിനായി 12.38 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി കെട്ടിടം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുന്നതോടുകൂടി ഗർഭിണികളുടെ ചികിത്സ വിപുലപ്പെടുത്താൻ സാധിക്കും.

- ശിശു സൗഹൃദ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി (MusQan) മുസ്കാൻ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ശസ്ത്രക്രിയയ്ക്കുള്ള കാലതാമസം ഒഴിവാക്കാൻ നടപടി**

204 (2208) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ മരുന്നുക്ഷാമം മൂലവും ശസ്ത്രക്രിയ ഉപകരണങ്ങൾ പ്രവർത്തനരഹിതമായതുകൊണ്ടും ശസ്ത്രക്രിയകൾ മുടങ്ങുകയോ മാറ്റിവയ്ക്കുകയോ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഡോക്ടർമാരുടെ കുറവ്, ഉപകരണങ്ങളുടെ ലഭ്യതക്കുറവ് എന്നിവമൂലം ശസ്ത്രക്രിയ നടത്തുന്നതിന് മാസങ്ങളുടെ കാലതാമസം നേരിടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൂടുതൽ ഡോക്ടർമാരെ നിയോഗിച്ചും കൂടുതൽ ശസ്ത്രക്രിയ ഉപകരണങ്ങൾ നൽകിയും പ്രസ്തുത കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) മരുന്ന് ക്ഷാമവും ശസ്ത്രക്രിയ ഉപകരണങ്ങളുടെ പ്രവർത്തന രാഹിത്യവുംമൂലമോ ഡോക്ടർമാരുടെ കുറവ് കാരണമോ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന ആശുപത്രികളിൽ ശസ്ത്രക്രിയ മുടങ്ങുകയോ മാറ്റിവയ്ക്കുകയോ ചെയ്യേണ്ടിവന്നിട്ടില്ല. ഇത്തരത്തിൽ ഒരു പ്രതിസന്ധി നിലവിലില്ല.

**മഞ്ചേരി മെഡിക്കൽ കോളേജിലെ നിർമ്മാണ പ്രവൃത്തികൾ**

205 (2209) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിച്ച മഞ്ചേരി മെഡിക്കൽ കോളേജ് മോർച്ചറി നവീകരണ പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കി, അവിടെ രാത്രികാല പോസ്റ്റ്മോർട്ടം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ബഹുമാനപ്പെട്ട മഞ്ചേരി നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. യു. എ. ലത്തീഫ് അവർകളുടെ 2023-24-ലെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് മോർച്ചറി

നവീകരണത്തിനായി മലപ്പുറം ജില്ലാ കളക്ടറുടെ ഉത്തരവുപ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത തുക ഉപയോഗിച്ച് ഈ സ്ഥാപനത്തിൽ രാത്രികാല പോസ്റ്റ്മോർട്ടം ആരംഭിക്കുന്നതിനായി സിവിൽ പ്രവൃത്തിക്ക് 6,50,000/- രൂപയും ഇലക്ട്രിക്കൽ പ്രവൃത്തിക്ക് 1,90,000/- രൂപയും CCTV സ്ഥാപിക്കുന്നതിന് 1,77,290/- രൂപയും ബന്ധപ്പെട്ട പൊതുമരാമത്ത് വിഭാഗങ്ങളിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. കൂടാതെ മോർച്ചറിയിലേയ്ക്ക് Autopsy table-ഉം അനുബന്ധ ഉപകരണങ്ങളും വാങ്ങിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ രാത്രികാല പോസ്റ്റ്മോർട്ടം ഊർജിതപ്പെടുത്തുന്നതാണ്.

(ബി) മഞ്ചേരി ഗവൺമെന്റ് നഴ്സിംഗ് കോളേജിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ;

(സി) മഞ്ചേരി നഴ്സിംഗ് സ്കൂൾ കെട്ടിടനിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; പ്രസ്തുത നിർമ്മാണ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(ബി&സി) ആരോഗ്യ വകുപ്പിന് കീഴിലുള്ള മഞ്ചേരി ചെരണിയിലെ ടി.ബി. സെന്ററിനോടനുബന്ധിച്ചുള്ള സ്ഥലത്ത് നഴ്സിംഗ് സ്കൂളിനും നഴ്സിംഗ് കോളേജിനുമായി സംയുക്ത കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നഴ്സിംഗ് സ്കൂളിനും നഴ്സിംഗ് കോളേജിനും സംയുക്തമായി കെട്ടിടം പണിയുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ വിശദാംശങ്ങൾ പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. നിർദിഷ്ട സ്ഥലത്തിന്റെ സ്കെച്ച്, കെട്ടിടത്തിന്റെ സ്കെച്ച്, സ്കീം ഡ്രോയിംഗ് എന്നിവ തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

**ആശുപത്രികളിൽ ജീവനക്കാരുടെ ഹാജർ നില**

206 (2210) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള വിവിധ ആശുപത്രികളിൽ ജോലി ചെയ്തുവരുന്ന ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ ഉൾപ്പെടെ വിവിധ വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാർ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നതുമൂലം

ആശുപത്രികളിൽ വരുന്ന ആളുകൾ വിവിധതരം സേവനങ്ങൾക്കായി ബുദ്ധിമുട്ടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിച്ച് ജനങ്ങൾക്ക് മികച്ച സേവനം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ആരോഗ്യ വകപ്പിനുകീഴിൽ ജോലി ചെയ്തുവരുന്ന ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ ഹാജർനില രേഖപ്പെടുത്തുന്നതിന് പഞ്ചിംഗ് സംവിധാനത്തിനുപുറമേ അതത് വിഭാഗങ്ങളിൽ ഹാജർ രേഖപ്പെടുത്തുന്നതിന് അറ്റൻഡൻസ് രജിസ്റ്ററുകൾ ഏർപ്പെടുത്തിയിട്ടുള്ളതും ആയത് വകുപ്പുമേധാവികൾ ഉൾപ്പെടെയുള്ള അധികാരികൾ പരിശോധിച്ചുവരുന്നതുമാണ്. അനധികൃത അവധിയിൽ തുടരുന്ന ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും പകരം സംവിധാനം ഒരുക്കി ആശുപത്രികളുടെ സുഗമമായ പ്രവർത്തനം നടത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു. ആയതിനാൽ അനധികൃതമായി ജീവനക്കാർ ജോലിക്ക് ഹാജരാകാതിരിക്കുന്നതുമൂലമുള്ള പ്രശ്നങ്ങൾ അനുഭവപ്പെടുന്നില്ല. കൂടാതെ മെച്ചപ്പെട്ട രോഗീപരിചരണം

ഉറപ്പുവരുത്തുന്നതിനായി ബോണ്ടഡ് സ്റ്റാഫ് നഴ്സ്, ആശുപത്രി വികസന സമിതി ജീവനക്കാർ, കുടുംബശ്രീ ജീവനക്കാർ, എൻ.എച്ച്.എം. ജീവനക്കാർ, വിവിധ സ്കീമുകളിൽ ജോലി ചെയ്യുന്നവർ എന്നിവരെ ഉപയോഗിച്ചുകൊണ്ട് ആശുപത്രികളിൽ വരുന്ന രോഗികൾക്ക് മികച്ച സേവനം നൽകി വരുന്നുണ്ട്.

**വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സ്റ്റാഫ് പാറ്റേൺ**

207 (2211) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതുമായി ബന്ധപ്പെട്ട് പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിലെ റെസല്യൂഷൻ ഉൾപ്പെടെ സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കാമോ?

(എ&ബി) ആർദ്രം മാനദണ്ഡപ്രകാരം ആശുപത്രികളിലെ ഗ്യാപ് അനാലിസിസ് നടത്തി അനിവാര്യമായ തസ്തികകൾ ഘട്ടംഘട്ടമായി അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

**ആശാവർക്കർമാരുടെ ഓണറേറിയം**

208 (2212) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശാവർക്കർമാർക്ക് നിലവിൽ നൽകുന്ന ഓണറേറിയം എത്രയാണ്; 2016 മുതൽ 2023 വരെയുള്ള കാലഘട്ടത്തിൽ എത്ര തവണ ഓണറേറിയം വർധിപ്പിച്ചിട്ടുണ്ട്?

7,000 രൂപയാണ് നിലവിൽ ആശാ വർക്കർമാർക്ക് ഓണറേറിയമായി നൽകുന്നത്. 2016-ൽ ആശമാരുടെ ഓണറേറിയം 1,500 രൂപയായിരുന്നു. പിന്നീട് 2017-18-ൽ ഇത് 2,000 രൂപയായും 2018-19-ൽ 4,000 രൂപയായും 2019-20-ൽ 4,500 രൂപയായും 2020-21-ൽ 5,000 രൂപയായും 2021-22-ൽ 6,000 രൂപയായും വർധിപ്പിച്ചിട്ടുണ്ട്. 2023 ഡിസംബർ മാസത്തിൽ

ആശമാരുടെ ഓണറേറിയം തുക 1,000 രൂപ വർധിപ്പിച്ച് 7,000 രൂപയാക്കിയിട്ടുണ്ട്.

(ബി) ആശാവർക്കർമാർക്ക് ഡോക്ടർമാർ ഉൾപ്പെടെയുള്ള ആശുപത്രി ജീവനക്കാരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള അവഗണന സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയങ്ങളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ആശാവർക്കർമാർക്ക് അവരുടെ പ്രവർത്തന മേഖലയിലുണ്ടാകുന്ന പരാതികൾ പരിശോധിക്കുന്നതിനായി പ്രാദേശിക തലത്തിലും ജില്ലാ തലത്തിലും പ്രശ്നപരിഹാര കമ്മിറ്റികൾ 02-03-2023-ലെ സ.ഉ(സാധാ)നം. 483/2023/ആ.കു.വ. പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ തീരുമാനിക്കാൻ സാധിക്കാത്ത പരാതികൾ സംസ്ഥാന തലത്തിൽ അപ്പീലായി നൽകാവുന്നതാണ്.

**ആരോഗ്യവകുപ്പിലെ ഡെപ്യൂട്ടി എഡ്യൂക്കേഷൻ & മീഡിയ ഓഫീസർ ഒഴിവുകൾ**

209 (2213) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 ജനുവരി 1 മുതൽ 2024 മെയ് 31 വരെ ആരോഗ്യ വകുപ്പിൽ ഡെപ്യൂട്ടി എഡ്യൂക്കേഷൻ & മീഡിയ ഓഫീസർ, ഹെൽത്ത് എഡ്യൂക്കേഷൻ എക്സ്റ്റൻഷൻ ഓഫീസർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തതെന്ന് വിശദമാക്കാമോ?

2010 ജനുവരി 1 മുതൽ 2024 മെയ് 31 വരെ ഡെപ്യൂട്ടി ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ & മീഡിയ ഓഫീസർ തസ്തികയിൽ 44 ഒഴിവുകളും ഹെൽത്ത് എഡ്യൂക്കേഷൻ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ 2 ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) മേൽ കാലയളവിൽ റിപ്പോർട്ട് ചെയ്തിരുന്ന ഒഴിവുകളിൽ എത്രയെണ്ണത്തിലാണ് വകുപ്പുതല സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വകുപ്പുതല സ്ഥാനക്കയറ്റം 25 ഒഴിവുകളിൽ നൽകിയിട്ടുണ്ട്.

(സി) നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

നിലവിൽ നാല് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത തസ്തികകളിൽ പി.എസ്.സി. നിയമനം നടത്തുന്നതും സ്ഥാനക്കയറ്റം നൽകുന്നതും സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ് നാളിതുവരെയായി കൃത്യമായി പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സർക്കാർ നിർദേശങ്ങൾ കൃത്യമായി പാലിച്ചിട്ടുണ്ട്.

**അസിസ്റ്റന്റ് ഡയറക്ടർ എന്റമോളജി/ഫൈലേറിയ തസ്തികകളിലെ ഒഴിവുകൾ**

210 (2214) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ എന്റമോളജി/ അസിസ്റ്റന്റ് ഡയറക്ടർ ഫൈലേറിയ തസ്തികകളിൽ എത്രകാലമായി ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ?

01-02-2024 മുതൽ ഒരു ഒഴിവ് നിലവിലുണ്ട്.

(ബി) പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് ഡി.പി.സി. ഹയർ യോഗംകൂടി തിരഞ്ഞെടുക്കപ്പെട്ടവരുടെ അന്തിമപട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(ബി&സി) നിലവിലുള്ള ഒരു ഒഴിവ് നികത്തുന്നതിനുള്ള ഡി.പി.സി. ഹയർ യോഗം 28-05-2024-ൽ ചേരുകയും ഡോ. ഷേർലി, വർദ്ധനൻ എന്നിവരെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തു. അന്തിമപട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) അസിസ്റ്റന്റ് ഡയറക്ടർ ഫൈലേറിയ/എന്റമോളജി, സീനിയർ ബയോളജിസ്റ്റ്, ബയോളജിസ്റ്റ്, ജില്ലാ വെക്ടർ ബോൺ ഡിസീസ് കൺട്രോൾ ഓഫീസർ എന്നീ തസ്തികകളുടെ നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവുകൾ പരിഷ്കരിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ ഏതെങ്കിലും തരത്തിലുള്ള പ്രൊപ്പോസലുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

അസിസ്റ്റന്റ് എന്റമോളജിസ്റ്റ്, ബയോളജിസ്റ്റ്, സീനിയർ ബയോളജിസ്റ്റ്/ ജില്ലാ വെക്ടർ ബോൺ ഡിസീസ് കൺട്രോൾ ഓഫീസർ, അസിസ്റ്റന്റ്

ഡയറക്ടർ (മലേറിയ/ഫൈലേറിയ) എന്നിങ്ങനെയുള്ള തസ്തികകളിൽ സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽനിന്നും പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

**ഓഡിയോളജിസ്റ്റ് ആൻഡ് സ്പീച്ച് ലാംഗ്വേജ് പാത്തോളജിസ്റ്റ് തസ്തിക**

211 (2215) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഡിയോളജിസ്റ്റ് ആൻഡ് സ്പീച്ച് ലാംഗ്വേജ് പാത്തോളജിസ്റ്റ് തസ്തിക സർക്കാർതലത്തിൽ ഏതെല്ലാം ആശുപത്രികളിൽ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

ഓഡിയോളജിസ്റ്റ് ആൻഡ് സ്പീച്ച് പാത്തോളജിസ്റ്റ് തസ്തിക മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കൊല്ലം, എറണാകുളം, കോന്നി എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിലുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സംസ്ഥാനത്ത് സ്കൂൾ കുട്ടികൾ ഉൾപ്പെടെ കേൾവി വൈകല്യം ഉള്ളവരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന പ്രൊപ്പോസൽ നിലവിൽ പരിഗണനയിലില്ല.

**ആരോഗ്യമേഖലയിൽ സൃഷ്ടിച്ച നഴ്സ് തസ്തികകൾ**

212 (2216) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യമേഖലയിൽ ധനവകുപ്പിന്റെ അനുമതിയോടെ എത്ര നഴ്സ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഴ്സ് തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

<u>ആരോഗ്യ വകുപ്പ്</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 206 സ്റ്റാഫ് നഴ്സ് (നഴ്സിംഗ് ഓഫീസർ) തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് (സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം 1- ആയി ചേർക്കുന്നു).+

(ബി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്</u>

ബാധകമല്ല.

<u>ആരോഗ്യ വകുപ്പ്</u>

പ്രസ്തുത സ്റ്റാഫ് നഴ്സ് (നഴ്സിംഗ് ഓഫീസർ) തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്.

(സി) സ്പാർക്ക് മുഖേന ശമ്പളം വാങ്ങുന്ന നഴ്സിംഗ് ജീവനക്കാരുടെ കണക്ക് ജില്ല തിരിച്ചും മെഡിക്കൽ കോളേജുകളുടെ അടിസ്ഥാനത്തിലും ലഭ്യമാക്കാമോ?

<u>ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്</u>

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെ ജനറൽ നഴ്സിംഗ്/പബ്ലിക് ഹെൽത്ത് നഴ്സിംഗ് വിഭാഗങ്ങളിലെ അനുവദനീയ തസ്തികകൾ, അനുവദനീയ തസ്തികകളിൽ നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണം സംബന്ധിച്ച ജില്ല/മെഡിക്കൽ കോളേജ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധം 2- ആയി ചേർക്കുന്നു.+

ആരോഗ്യ വകുപ്പ്

ആരോഗ്യ വകുപ്പിലെ ജനറൽ നഴ്സിംഗ്/പബ്ലിക് ഹെൽത്ത് നഴ്സിംഗ് വിഭാഗങ്ങളിലെ അനുവദനീയ തസ്തികകൾ, അനുവദനീയ തസ്തികകളിൽ നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 3- ആയി ചേർക്കുന്നു.+

(ഡി) സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ ഡി.എച്ച്.എസ്.-ന്റെയും ഡി.എം.ഇ.-യുടെയും കീഴിലുള്ള നഴ്സിംഗ് ജീവനക്കാരുടെ കണക്ക് ആശുപത്രികളുടെ അടിസ്ഥാനത്തിൽ ജില്ല തിരിച്ച് ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെയും ആരോഗ്യ വകുപ്പിലെയും നഴ്സിംഗ് വിഭാഗം ജീവനക്കാരുടെ ജില്ല തിരിച്ചുള്ള കണക്ക് ആശുപത്രികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത് യഥാക്രമം അനുബന്ധം-4, അനുബന്ധം-5 ആയി ചേർക്കുന്നു.+

**കായംകുളം മണ്ഡലത്തിലെ നാഷണൽ ഹെൽത്ത് മിഷൻ**

213 (2217) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായംകുളം മണ്ഡലത്തിൽ നാഷണൽ ഹെൽത്ത് മിഷൻ വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

**ചികിത്സാ ധനസഹായം അവകാശിക്ക് കൈമാറുന്നതിന് നടപടി**

214 (2218) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ചികിത്സാ ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് 2016-ൽ എ.ഇ. പൗലോസ്, അരിക്കൽ കൂരൻ വീട്, പൊയ്ക്കാട്ടുശ്ശേരി, ചെങ്ങമനാട് പി.ഒ. എന്ന വ്യക്തി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ അനുവദിച്ച തുക എത്രയാണ്; ചികിത്സയിലിരിക്കെ ടിയാൻ മരണപ്പെട്ടതിനാൽ അവകാശിയായ ഭാര്യ ശ്രീമതി റാണി പൗലോസിന് പ്രസ്തുത തുക അനുവദിക്കണമെന്നുള്ള അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

എ. ഇ. പൗലോസ് 'Society for Medical Assistance to the poor' പദ്ധതി പ്രകാരം ധനസഹായത്തിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും ആയത് പരിഗണിച്ച് ടിയാന് 50,000 രൂപ അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ ടിയാൻ മരണപ്പെട്ടത് അറിയിച്ചതിനാൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ് ആയിരുന്നു ആദ്യം സമർപ്പിച്ചിരുന്നത്. ആയത് തിരിച്ചയച്ച് അനന്തരാവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടിരുന്നു. കോവിഡ് മഹാമാരി കാലഘട്ടമായിരുന്നതിനാൽ ഈ

കാലയളവിൽ തപാലുകൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ സെക്ഷനുകളിൽ ലഭ്യമാകാനും മറ്റും കാലതാമസം നേരിട്ടിരുന്നു. എന്നിരുന്നാലും അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെയും മകളുടെ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ പൗലോസിന്റെ നിയമപരമായ അവകാശിക്ക് തുക അനുവദിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ ഉത്തരവായിരുന്നു. എന്നാൽ ടി തുക ക്രെഡിറ്റ് ചെയ്യാൻ അവകാശിയുടെ ബാങ്ക് അക്കൗണ്ട് ലഭ്യമായിരുന്നില്ല. പദ്ധതിയിൽ DBT (Direct Beneficiary Transfer) മുഖേനയാണ് തുക Credit ചെയ്യുന്നത്. 03-10-2022-ലെ കത്തിൻപ്രകാരം ശ്രീമതി റാണി പൗലോസ് ബാങ്ക് പാസ്സ് ബുക്കിന്റെ മുൻ പേജിന്റെ പകർപ്പ് സമർപ്പിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ് ടു ദി പുവർ പദ്ധതി ഗുണഭോക്താക്കളുടെ ഇരട്ടിപ്പിക്കൽ ഒഴിവാക്കുന്നതിലേയ്ക്കായി KASP പദ്ധതിയിൽ ലയിപ്പിച്ചു. സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ് ടു ദി പുവർ പദ്ധതി പ്രകാരം ചികിത്സാസഹായം ലഭിക്കുന്നതിനായി 2022 ആഗസ്റ്റ് വരെ ലഭിച്ച അപേക്ഷകളിൽ അർഹരായവർക്ക് തുക

അനുവദിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

(ബി) എ. ഇ. പൗലോസ് എന്നിവർക്ക് അനുവദിച്ച തുക അവകാശികൾക്ക് ലഭിക്കാത്തതുമായി ബന്ധപ്പെട്ട E/6475509/22/M (H,W&CD) നമ്പർ അപേക്ഷയിൽ പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

എ. ഇ. പൗലോസിന് 2016-ൽ സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതി പ്രകാരം അനുവദിച്ച 50,000/- രൂപ ടിയാൻ മരണപ്പെട്ടതിനാൽ ടിയാന്റെ അനന്തരാവകാശികൾക്ക് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ആലുവ എം.എൽ.എ. ശ്രീ. അൻവർ സാദത്ത് അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത വിഷയത്തിൽ സ്വീകരിച്ചിരുന്ന നടപടികളെ സംബന്ധിച്ച വിവരം നമ്പർ P3/142/2022-HEALTH തീയതി 04-05-2023 കത്ത് മുഖേന ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.-യും അപേക്ഷകയെയും അറിയിച്ചിട്ടുള്ളതാണ്.

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് അനന്തരാവകാശിയായ മാതാവിന് തുക കൈമാറുന്നതിന് തടസ്സമില്ലെന്ന സ്വന്തം മക്കളുടെ സാക്ഷ്യപത്രം RL560117915IN-നമ്പർ രജിസ്റ്റേഡ് പോസ്റ്റായി 11-03-2020-ന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അയച്ചുനൽകിയിട്ടും 2016-ൽ അനുവദിച്ച തുക നാളിതുവരെ കൈമാറാത്തതിനുള്ള കാരണം വ്യക്തമാക്കാമോ; ആരോഗ്യ വകുപ്പ് ഡയറക്ടർ ഈ വിഷയത്തിൽ നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാകാൻ കാലതാമസം നേരിട്ടതും അവകാശിയുടെ ബാങ്ക് അക്കൗണ്ട് ലഭ്യമല്ലാതിരുന്നതും പദ്ധതിയിൽ ഫണ്ട് ഇല്ലാത്തതും ആണ് തുക ക്രെഡിറ്റ് ചെയ്യാൻ കാലതാമസം നേരിട്ടതിനുള്ള കാരണങ്ങൾ. ആവശ്യമായ രേഖകൾ ഉള്ളടക്കം ചെയ്യാത്ത അപേക്ഷകൾ ലഭിച്ചാൽ, ആവശ്യമായ രേഖകൾ ഉള്ളടക്കം ചെയ്ത് പുന:സമർപ്പിക്കുന്നതിലേയ്ക്കായി അസ്സൽ അപേക്ഷ ഉൾപ്പെടെ അപേക്ഷകർക്ക് തിരിച്ചയയ്ക്കുകയാണ് ചെയ്തിരുന്നത്. പൗലോസിന്റെ

അപേക്ഷയും ഇപ്രകാരം മടക്കിയതിനാൽ കത്തിന്റെ പകർപ്പുകൾ ലഭ്യമല്ല. തുടർന്ന് ലഭിച്ച രേഖകളുടെ അടിസ്ഥാനത്തിൽ എ. ഇ. പൗലോസിന്റെ നിയമപരമായ അവകാശിക്ക് ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് തുക നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്.

(ഡി) അനന്തരാവകാശിയായ ശ്രീമതി റാണി പൗലോസിന് ലഭിക്കേണ്ട തുക അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ചികിത്സാ സഹായം ലഭിക്കുന്നതിനായി 2022 ആഗസ്റ്റ് വരെ ലഭിച്ച അപേക്ഷകളിൽ അർഹരായവർക്ക് തുക അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയത് സർക്കാർ പരിശോധിച്ചുവരികയാണ്.

(ഇ) പ്രസ്തുത തുക അനുവദിക്കുന്നതിലെ കാലതാമസത്തിന് കാരണം ഉദ്യോഗസ്ഥതലത്തിലെ വീഴ്ചയാണോയെന്ന് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത തുക അനുവദിക്കുന്നതിന് കാലതാമസം നേരിട്ടതിന് ഫണ്ട് ലഭ്യതക്കുറവും ആവശ്യമായ രേഖകൾ ലഭ്യമല്ലാതിരുന്നതും കാരണമായിട്ടുണ്ട്.

**ആരോഗ്യ വകുപ്പ് ഫീൽഡ് ജീവനക്കാരുടെ കോൺഫറൻസ്**

215 (2219) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പ് ജീവനക്കാരുടെ വിവിധ തലത്തിലുള്ള യോഗങ്ങളുടെ നടത്തിപ്പിൽ മാറ്റം വരുത്തി 29-01-2020-ൽ സർക്കാർ ഉത്തരവിറക്കിയിട്ടും പ്രസ്തുത ഉത്തരവിന് വിരുദ്ധമായി പഴയ രീതിയിൽതന്നെ ചില ജില്ലകളിൽ കോൺഫറൻസ് തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഫീൽഡ്തല ജീവനക്കാരുടെ പ്രവർത്തനം അവലോകനം ചെയ്യാനായി അവരെ ഉൾപ്പെടുത്തി പി.എച്ച്.സി. തലത്തിൽ പ്രത്യേകം കോൺഫറൻസ് നടത്തുന്നുണ്ടെന്നതിനാൽ ബ്ലോക്കുതല അവലോകന യോഗങ്ങളിൽനിന്ന് അവരെ ഒഴിവാക്കി സർക്കാർ ഉത്തരവിറക്കിയിട്ടും അത്

പാലിക്കാതെ പ്രസ്തുത ജീവനക്കാരെ വീണ്ടും വിളിച്ചുകൂട്ടി പിന്നെയും അവലോകനം ചെയ്യുന്ന സാഹചര്യം ഒഴിവാക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കോൺഫറൻസുകൾക്കായി സർക്കാർ നിശ്ചയിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കും അജണ്ടകൾക്കും വിരുദ്ധമായി ഇപ്പോഴും കോൺഫറൻസുകൾ നടത്തുന്ന ജില്ലകളുടെയും സ്ഥാപനങ്ങളുടെയും പട്ടിക തയ്യാറാക്കുകയും അവർക്ക് കർശന നിർദേശം നൽകുകയും ചെയ്യുമോ;

(ഡി) സർക്കാർ ഉത്തരവിന് വിരുദ്ധമായി കോൺഫറൻസുകൾ നടത്താൻ പാടില്ലെന്ന് വകുപ്പ് മേധാവിക്കും ജില്ലാമേധാവികൾക്കും കർശന നിർദേശം നൽകുമോ എന്ന് വ്യക്തമാക്കാമോ;

(ഇ) ബ്ലോക്കുതല കോൺഫറൻസിൽ ഫീൽഡുതല ജീവനക്കാരെ ഉൾപ്പെടുത്തുന്നത് സർക്കാർ ഉത്തരവിന് വിരുദ്ധമാണെന്നതിനാൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പ് മേധാവിയുടെയോ ജില്ലാമേധാവികളുടെയോ രേഖാമൂലമുള്ള നിർദേശമില്ലാതെ കോൺഫറൻസിൽ പങ്കെടുക്കേണ്ടതില്ലെന്ന് ഫീൽഡ് ജീവനക്കാരോട് നിർദ്ദേശിക്കുമോ?

(എ-ഇ) 29-01-2020-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 217/2020/H&FWD പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ഉപകേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, ബ്ലോക്ക് ലെവൽ സ്ഥാപനങ്ങൾ എന്നിവയുടെ പ്രതിമാസ അവലോകന യോഗങ്ങൾ കൂടുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സാഹചര്യത്തിലും മഴക്കാല രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായും മറ്റുമുള്ള അടിയന്തര സാഹചര്യങ്ങളിൽ പഴയ രീതിയിലുള്ള കോൺഫറൻസുകൾ വിളിച്ചു ചേർക്കേണ്ടതായ സാഹചര്യമുണ്ടാകാറുണ്ട്.

**കോവിഡാനന്തര ആരോഗ്യപ്രശ്നങ്ങൾ**

216 (2220) <u>ശ്രീ. ചാണ്ടി ഉമ്മൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തര ഹൃദയസ്തംഭനം പ്രത്യേകിച്ച് 18-45 പ്രായപരിധിയിലുള്ളവരിൽ കൂടുതലായി കണ്ടുവരുന്നതായി

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്ത് ഇപ്രകാരം ഈ പ്രായപരിധിയിലുള്ള എത്ര പേർ കുഴഞ്ഞ് വീണ് മരണപ്പെട്ടുവെന്ന കണക്കുകൾ നൽകുമോ?

കോവിഡാനന്തര ഹൃദയസ്തംഭനം പ്രായം കുറഞ്ഞവരിലും ഉണ്ടാകുന്നതായി ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നുള്ള പഠനങ്ങൾ സൂചിപ്പിക്കുന്നുവെങ്കിലും 18-45 വയസ്സിനിടയിലുണ്ടാകുന്ന ഹൃദയസ്തംഭനം മൂലമുള്ള മരണങ്ങൾ കോവിഡിന്റെ സങ്കീർണ്ണതകൾകൊണ്ട് സംഭവിച്ചതാണോയെന്ന് തെളിയിക്കുന്നതിനായി പരിശോധനകളൊന്നും തന്നെ സംസ്ഥാനത്തെ ആശുപത്രികളിൽ നിലവിൽ ചെയ്യുന്നില്ല.

(ബി) കോവിഡ് വാക്സിനും കുഴഞ്ഞുവീണുള്ള മരണവും തമ്മിൽ എന്തെങ്കിലും ബന്ധമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് പഠന വിധേയമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

പെട്ടെന്നുണ്ടാകുന്ന മരണങ്ങളും കോവിഡ് വാക്സിനും തമ്മിലുള്ള ബന്ധത്തെപ്പറ്റി ആരോഗ്യ വകുപ്പിൽ പഠനങ്ങളൊന്നും നടന്നിട്ടില്ല. എന്നാൽ ഐ.സി.എം.ആർ. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എപിഡെമിയോളജി

ഇത്തരത്തിലുള്ള ഏഴായിരത്തിലധികം ആളുകളിൽ നടത്തിയിട്ടുള്ള പഠനങ്ങൾ നേരത്തെ കണ്ടെത്താത്തതോ കണ്ടെത്തിയതോ ആയ ജീവിതശൈലി രോഗങ്ങൾ, പൊണ്ണത്തടി, പുകവലി തുടങ്ങിയവയാണ് ഇത്തരത്തിലുള്ള മരണങ്ങൾക്ക് കാരണമാകുന്നതെന്നും കോവിഡ് വാക്സിനേഷൻ ആളുകളെ മരണത്തിൽനിന്നും കൂടുതൽ സംരക്ഷിച്ചിട്ടുണ്ടെന്നുമാണ് കാണിക്കുന്നത്. പോസ്റ്റ് കോവിഡ് എന്ന പ്രതിഭാസം ഉണ്ടാവുകയും അത് തീവ്രമാകുന്നപക്ഷം പെട്ടെന്നുള്ള മരണത്തിന് കാരണമാവുകയും ചെയ്യുന്നതായി റിപ്പോർട്ടുകളുണ്ട്. കോവിഡ് വാക്സിൻ സ്വീകരിക്കുന്നവരിൽ രക്തം കട്ടപിടിക്കുന്നതിനുള്ള സാധ്യത വളരെ വിരളമായെങ്കിലുമുണ്ടാകാമെന്ന് പഠനങ്ങൾ പുറത്തുവന്നിട്ടുണ്ട്.

(സി) കോവിഡാനന്തര ആരോഗ്യപ്രശ്നങ്ങൾക്ക് മതിയായ ചികിത്സയും ആവശ്യമായ ബോധവൽക്കരണവും നടത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ?

കോവിഡാനന്തര ആരോഗ്യപ്രശ്നങ്ങൾ നിരീക്ഷിക്കാനും ചികിത്സ നൽകുന്നതിനുമായി മെഡിക്കൽ കോളേജുകളിലും ആരോഗ്യ

വകുപ്പിനുകീഴിലെ ആശുപത്രികളിലും പോസ്റ്റ് കോവിഡ് ഒ.പി.-കൾ പ്രവർത്തിച്ചിരുന്നു. രോഗലക്ഷണം കണ്ടെത്തുന്ന മുറയ്ക്ക് അവ ചികിത്സിക്കുന്നതിനും ഗുരുതര സ്വഭാവമുള്ള രോഗികളെ തുടർ പരിശോധനയ്ക്കായി ബന്ധപ്പെട്ട സ്പെഷ്യാലിറ്റി ക്ലിനിക്കുകളിലേയ്ക്ക് റഫർ ചെയ്യുന്നതിനും നടപടി സ്വീകരിച്ചിരുന്നു. പോസ്റ്റ് കോവിഡ് രോഗ ലക്ഷണങ്ങളെക്കുറിച്ചും തുടർ ചികിത്സയെക്കുറിച്ചും പൊതുജനങ്ങൾക്കായി ബോധവൽക്കരണവും നടത്തിയിട്ടുണ്ട്.

**തിരുവനന്തപുരം മെഡിക്കൽ കോളേജ് മാസ്റ്റർപ്ലാൻ**

217 (2222) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിനെ എയിംസ് മാതൃകയിലാക്കുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനം ലക്ഷ്യംവച്ചുള്ള വികസന പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഇതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി KIIFB ഫണ്ട് മുഖേന നടപ്പാക്കുന്നതിന് 16-04-2018-ലെ സർക്കാർ ഉത്തരവ് (സാധാ)നം. 1247/ 2018/ആ.കു.വ. പ്രകാരം 717.29 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ബാഹ്യ അടിസ്ഥാന സൗകര്യ വികസനം, രോഗികളുടെ പരിചരണം മെച്ചപ്പെടുത്തൽ, പാർപ്പിട സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ എന്നീ പ്രധാന മേഖലകളിൽ മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തീകരിച്ചു. രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) പ്രസ്തുത ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾക്ക് ദോഷകരമാകുന്ന തരത്തിൽ എസ്റ്റേറ്റ് മാനേജർ പ്രവർത്തിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എസ്റ്റേറ്റ് മാനേജർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ബി&സി) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾക്ക് ദോഷകരമാകുന്ന തരത്തിൽ എസ്റ്റേറ്റ് മാനേജർ പ്രവർത്തിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മെഡിക്കൽ കോളേജ് മാസ്റ്റർപ്ലാൻ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ; ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിയുമോയെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്രവികസനത്തിനായി മാസ്റ്റർപ്ലാൻ പദ്ധതി കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കുന്നതിനായി G.O(Rt)No. 1247/2018/H&FWD dated 16-04-2018 പ്രകാരം 717.29 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. ആയതിന്റെ നിർവ്വഹണ ഏജൻസിയായി ഇൻകലിനെ (M/S. INKEL) നിയമിക്കുകയും ചെയ്തു. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം, രോഗീപരിചരണം മെച്ചപ്പെടുത്തൽ, പാർപ്പിട സൗകര്യങ്ങൾ വർധിപ്പിക്കൽ എന്നീ മേഖലകളിൽ ഊന്നൽ

നൽകിക്കൊണ്ട് ഘട്ടംഘട്ടമായാണ് മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കുന്നത്. ആയതിന്റെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടിരുന്ന റോഡുകൾ, എലിവേറ്റഡ് കോറിഡോർ ഉൾപ്പെടെയുള്ള എക്സ്റ്റേണൽ ഇൻഫ്രാസ്ട്രക്ച്ചർ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മാസ്റ്റർപ്ലാൻ രണ്ടാംഘട്ട നിർമ്മാണപ്രവൃത്തിയിൽ ഉൾപ്പെടുന്ന എം.എൽ.റ്റി. ബ്ലോക്കിന്റെ നിർമ്മാണ പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. 2024 വർഷാവസാനത്തോടെ ഈ നിർമ്മാണപ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. Strengthening of Imageology പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ പുരോഗമിക്കുന്നു. ഈ വിഭാഗത്തിൽ സ്ഥാപിക്കേണ്ട എം.ആർ.ഐ., സി.റ്റി. തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നതിനായി പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. ഇവ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ രണ്ടുമാസത്തിനകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. CCTV/Camera Surveillance system Control room സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒ.റ്റി. ബ്ലോക്കിന്റെ നിർമ്മാണത്തിനുള്ള പുതുക്കിയ ധനാനുമതി കിഫ്ബിയിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ

പൂർത്തിയാക്കി പണി ആരംഭിക്കുന്നതാണ്. 11 നിലകളോടുകൂടി എസ്.എ.റ്റി. ബ്ലോക്കിന്റെ നിർമ്മാണത്തിന് അംഗീകാരം ലഭിച്ച സാഹചര്യത്തിൽ, എസ്റ്റിമേറ്റ് സാങ്കേതിക അനുമതിക്കായി സമർപ്പിച്ച് പണികൾ ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. മൾട്ടി ലെവൽ കാർ പാർക്കിംഗ് സിസ്റ്റത്തിന്റെ എസ്റ്റിമേറ്റ് പുതുക്കി കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്നും പുതുക്കിയ സാമ്പത്തിക അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ പൂർത്തിയാക്കി പണി ആരംഭിക്കുന്നതാണ്. നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) മാസ്റ്റർപ്ലാൻ പ്രകാരം പൂർത്തിയായതും പൂർത്തിയാകാനുള്ളതുമായ പ്രവൃത്തികൾ വിശദമാക്കാമോ?

ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ടിരുന്ന റോഡുകൾ, എലിവേറ്റഡ് കോറിഡോർ ഉൾപ്പെടെയുള്ള പ്രവൃത്തികളും എക്സ്റ്റേണൽ ഇൻഫ്രാസ്ട്രക്ച്ചർ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികളിൽ ഉൾപ്പെടുന്ന എം.എൽ.റ്റി. ബ്ലോക്ക് നിർമ്മാണം, ഇമേജിയോളജി

സംവിധാനം ശക്തിപ്പെടുത്തൽ, സി.സി.ടി.വി. ക്യാമറ സംവിധാനം സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഒ.റ്റി. ബ്ലോക്ക് നിർമ്മാണം, എസ്.എ.റ്റി. പീഡിയാട്രിക് ബ്ലോക്ക് നിർമ്മാണം, മൾട്ടി ലെവൽ കാർ പാർക്കിംഗ് സംവിധാനം, അക്കാദമിക് ബ്ലോക്ക് നിർമ്മാണം, പാർപ്പിട സൗകര്യങ്ങളുടെ നിർമ്മാണം, ഹോസ്റ്റൽ ഫെസിലിറ്റീസ് നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) മാസ്റ്റർപ്ലാൻ പ്രകാരം പൂർത്തിയാക്കേണ്ട പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയാത്തതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത മാസ്റ്റർപ്ലാൻ പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുള്ള മാസ്റ്റർ പ്ലാൻ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനായി കിഫ്ബിയിൽനിന്നും സാമ്പത്തിക അനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിർമ്മാണപ്രവൃത്തികൾ

വേഗത്തിലാക്കുന്നതിനുവേണ്ടി പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിന് അവലോകന യോഗങ്ങൾ കൃത്യമായി ചേരുന്നുണ്ട്.

**തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഒഴിവുകൾ**

218 (2223) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജിൽ ഡോക്ടർ ഉൾപ്പെടെയുള്ള തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച വിശദാംശം നൽകാമോ?

(എ&ബി) തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഡോക്ടർ അടക്കമുള്ള ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ, നിലവിലുള്ള ഒഴിവുകൾ **എന്നിവ** സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലാതല നിയമനത്തിലുള്ള ഒഴിവുകൾ പ്രിൻസിപ്പൽ തലത്തിൽത്തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്. ലിസ്റ്റ് നിലവിലില്ലാത്തതുമൂലം പി.എസ്.സി. മുഖേന ഒഴിവുകൾ നികത്താൻ സാധിക്കാതെ വരികയാണെങ്കിൽ കരാറടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തി വരുന്നുണ്ട്. ലിസ്റ്റ് ലഭിക്കാൻ കാലതാമസമുള്ള അവസരങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകി ജീവനക്കാരുടെ സേവനം ഉറപ്പുവരുത്തുന്നു. നഴ്സുമാരുടെ കുറവ് വരുന്ന പക്ഷം ബോണ്ടഡ് നഴ്സുമാരെ നിയമിച്ച് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ഉറപ്പുവരുത്തുന്നു. വിരമിക്കൽ മുഖേനയുണ്ടായ ഒഴിവുകൾ Anticipatory Vacancy ആയി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രൊമോഷൻ തസ്തികകളിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇ.സി.ജി. ടെക്നീഷ്യൻ തസ്തികയിൽ കോടതി വ്യവഹാരം നിലനിൽക്കുന്നതിനാൽ പി.എസ്.സി. മുഖേനയുള്ള നിയമനം സാധ്യമായിട്ടില്ല. എന്നാൽ ആശുപത്രിയുടെ സുഗമമായ പ്രവർത്തനം

ഉറപ്പുവരുത്തുന്നതിനായി താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ഒഴിവുകളെല്ലാം പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികയിലെ ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത മെഡിക്കൽ കോളേജിൽ വിവിധ ചികിത്സ ഉപകരണങ്ങൾ അറ്റകുറ്റപ്പണി നടത്തുന്നതിനും കേടുപാടുകൾ തീർക്കുന്നതിനും നടപടിയെടുത്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലെ വിവിധ വകുപ്പുകളിൽ വിതരണം ചെയ്തിരിക്കുന്ന ചികിത്സാ ഉപകരണങ്ങളുടെ CAMC/AMC പിരീഡ് കഴിഞ്ഞ് അറ്റകുറ്റപ്പണി ആവശ്യമായി വരുമ്പോൾ ക്വട്ടേഷൻ, എസ്റ്റിമേറ്റ് വാങ്ങി ആയത് നന്നാക്കാനുള്ള നടപടി സ്വീകരിക്കാറുണ്ട്. CAMC/Repair നടത്തുന്നതിനാവശ്യമായ തുക Revamping of Existing Infrastructure and Maintenance of High end Equipments in Medical Colleges സ്കീം വഴിയും 19 M&E Non plan ശീർഷകത്തിൽനിന്നും HDS ഫണ്ടിൽനിന്നും

വകയിരുത്താറുണ്ട്. ഈ സാമ്പത്തിക വർഷം 3,50,00,000/- (മൂന്നരക്കോടി രൂപ) രൂപ revamp ഫണ്ടിൽ അനുവദിച്ചിട്ടുണ്ട്. ആയതിനുള്ള ഭരണാനുമതി അനുവദിക്കുന്ന വിഷയം പരിഗണനയിലാണ്.

**ലിക്വിഡേറ്റഡ് ഡാമേജസ് ഒഴിവാക്കുന്നതിന് നടപടി**

219 (2224) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ഡിസംബറിൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ എം.എസ്.സി. നഴ്സിംഗിന് പ്രവേശനം ലഭിച്ച എറണാകുളം ജില്ലയിലെ തേവര, പെരുമാനൂർ, കളത്തിപ്പറമ്പിൽ കുമാരി ആതിര ഷാജിക്ക് അസുഖംമൂലം പഠനം തുടരാൻ സാധിക്കാത്ത സാഹചര്യമായതിനാൽ നിർദ്ധന കുടുംബാംഗമായ ടിയാൾക്ക് രണ്ടര ലക്ഷം രൂപ വരുന്ന ലിക്വിഡേറ്റഡ് ഡാമേജസ് തുക മാനുഷികപരിഗണന നൽകി ഒഴിവാക്കുന്നതിനും സർട്ടിഫിക്കറ്റ് തിരിച്ചുനൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത സർട്ടിഫിക്കറ്റ് തിരിച്ചുകിട്ടുന്നതിനും ലിക്വിഡേറ്റഡ് ഡാമേജസ് ഒഴിവാക്കി കിട്ടുന്നതിനുമായി 27-02-2023-ന് എം.എൽ.എ. മുഖാന്തരം ആരോഗ്യ വകുപ്പുമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

(എ&ബി) 2022-23 അധ്യയന വർഷം ആലപ്പുഴ ഗവൺമെന്റ് നഴ്സിംഗ് കോളേജിൽ എം.എസ്.സി. നഴ്സിംഗ് പഠനത്തിന് ചേരുകയും ക്ലാസ്സ് ആരംഭിച്ചതിനുശേഷം തുടർപഠനം ഉപേക്ഷിക്കുകയും ചെയ്ത എറണാകുളം സ്വദേശിയായ കുമാരി ആതിര ഷാജി, ലിക്വിഡേറ്റഡ് ഡാമേജസ് തുക ഒഴിവാക്കി തന്റെ സർട്ടിഫിക്കറ്റുകൾ വിട്ടുനൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് എം.എൽ.എ.-യുടെ 27-02-2023-ലെ കത്ത് മുഖാന്തരം സമർപ്പിച്ച നിവേദനം സർക്കാർ പരിശോധിക്കുകയും എറണാകുളം ജില്ലാ കളക്ടറിൽനിന്നും കുട്ടിയുടെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി. 2022-2023 അധ്യയന വർഷത്തെ എം.എസ്.സി. നഴ്സിംഗ് കോഴ്സ് പ്രോസ്പെക്ടസിലെ ക്ലോസ് 16.2 (ബി) പ്രകാരം ക്ലാസ്സ് ആരംഭിച്ചതിനുശേഷം കോഴ്സ് പൂർത്തിയാക്കാതെ വിടുതൽ നേടുന്നവർ

നഷ്ടപരിഹാരത്തുകയായി 2.5 (രണ്ടര) ലക്ഷം രൂപയും കൈപ്പറ്റിയ മുഴുവൻ സ്റ്റൈപന്റ് തുകയും തിരിച്ചടയ്ക്കേണ്ടതുണ്ട്. കുമാരി ആതിര ഷാജിയുടെ ആരോഗ്യപ്രശ്നങ്ങളും കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് ലിക്വിഡേറ്റഡ് ഡാമേജസ് തുക ഒഴിവാക്കി സർട്ടിഫിക്കറ്റുകൾ വിട്ടുനൽകണമെന്ന അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു.

**കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ പുതിയ പി.ജി. കോഴ്സുകൾ**

220 (2225) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിലവിലുള്ള പി.ജി. കോഴ്സുകൾ ഏതൊക്കെയാണ്; എത്ര പി.ജി. സീറ്റുകൾ നിലവിലുണ്ട്; വിശദമാക്കാമോ?

കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിലവിലുള്ള പി.ജി. സീറ്റുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| No. | Course | No. of Seats |
|---|---|---|

| | | |
|---|---|---|
| 1 | MD General Medicine | 4 |
| 2 | MD Dermatology | 3 |
| 3 | MD Paediatrics | 2 |
| 4 | MS General Surgery | 2 |
| 5 | MS Orthopaedics | 2 |
| 6 | MS ENT | 3 |
| 7 | MD Radiodiagnosis | 1 |
| 8 | MD Pulmonary Medicine | 2 |
| 9 | MD Anaesthesiology | 2 |
| 10 | MD22Emergency Medicine | 2 |
| 11 | MD Psychiatry | 2 |
| 12 | MS Opthalmology | 2 |
| 13 | MS Obst&Gynacology | 2 |
| 14 | MD Pathology | 2 |

| | | |
|---|---|---|
| 15 | MD Microbiology | 1 |
| 16 | MD Physiology | 2 |
| 17 | MD Community Medicine | 2 |
| 18 | DM Cardiology | 1 |
| **Total** | | **37** |

(ബി) പ്രസ്തുത മെഡിക്കൽ കോളേജിൽ ഏറ്റവും കുറഞ്ഞ സാമ്പത്തിക ബാധ്യതയിൽ ഏതൊക്കെ പി.ജി. കോഴ്സുകൾ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത മെഡിക്കൽ കോളേജിൽ പുതിയ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിച്ചതിന്റെ ഭാഗമായി ആലപ്പുഴ, എറണാകുളം, കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള പോസ്റ്റ് ഗ്രാജ്വേറ്റ് സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനുള്ള അനുമതി ലഭ്യമാകുകയും കേന്ദ്ര സർക്കാരുമായി MOU ഒപ്പുവച്ചതിന്റേയും അടിസ്ഥാനത്തിൽ കണ്ണൂർ മെഡിക്കൽ കോളേജിൽ ഫോറൻസിക്

മെഡിസിൻ വിഭാഗത്തിൽ പുതുതായി പി.ജി. കോഴ്സ് (ഒരു സീറ്റ്) തുടങ്ങുന്നതിനും താഴെപ്പറയുന്ന നിലവിലുള്ള പി.ജി. കോഴ്സുകളുടെ എണ്ണം വർധിപ്പിക്കുന്നതിനും എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | കോഴ്സ് | വർദ്ധിപ്പിക്കുന്ന സീറ്റുകൾ |
|---|---|---|
| 1 | General Medicine | 2 |
| 2 | Anaesthesiology | 2 |
| 3 | Radiodiagnosis | 2 |
| 4 | Obst&Gynacology | 1 |
| 5 | General Surgery | 1 |
| 6 | Orthopaedics | 1 |
| 7 | Respiratory Medicine | 1 |
| 8 | Emergency Medicine | 2 |
| 9 | Paediatrics | 2 |
| **ആകെ** | | **14** |

നാഷണൽ മെഡിക്കൽ കമ്മീഷന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പി.ജി. സീറ്റുകളിൽ പ്രവേശനം നടത്താൻ കഴിയുന്നതാണ്.

**ആലപ്പുഴ ആയുർവേദ പഞ്ചകർമ്മ ആശുപത്രി നിർമ്മാണം**

221 (2227) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാതിവഴിയിൽ നിർമ്മാണം നിലച്ച ആലപ്പുഴയിലെ ആയുർവേദ പഞ്ചകർമ്മ ആശുപത്രിയുടെ കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ആയുർവേദ പഞ്ചകർമ്മ ആശുപത്രിയുടെ കെട്ടിടനിർമ്മാണം പുനരാരംഭിക്കുന്നതിനായി കെട്ടിടത്തിന്റെ പുനർനിർമ്മാണം നിലവിലുള്ള സ്ട്രക്ച്ചറിൽ തുടങ്ങണമോ അല്ലെങ്കിൽ ഡിമോളിഷ് ചെയ്ത് പുതിയ കെട്ടിടം നിർമ്മിക്കണമോ എന്നുള്ള കാര്യം സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിനായി എക്സിക്യൂട്ടീവ് എൻജിനീയർ (PWD കെട്ടിട വിഭാഗം) എക്സിക്യൂട്ടീവ് എൻജിനീയർ (LSGD), എക്സിക്യൂട്ടീവ് എൻജിനീയർ (ഹാർബർ) എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി 17-05-2024-ൽ ആലപ്പുഴ ജില്ലാകളക്ടർ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി 23-05-2024-ൽ സൈറ്റ് സന്ദർശിക്കുകയും റിപ്പോർട്ട് നൽകുവാനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയുമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2021-ൽ ചേർന്ന ആശുപത്രി സൊസൈറ്റിയുടെ യോഗതീരുമാനപ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; കെട്ടിടനിർമ്മാണം അടിയന്തരമായി

പൂർത്തീകരിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

ഗവൺമെന്റ് ആയുർവേദ പഞ്ചകർമ്മ ആശുപത്രി സൊസൈറ്റിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് 24-02-2021-ൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി അവർകളുടെ അധ്യക്ഷതയിൽ ചേർന്ന ആലപ്പുഴ പഞ്ചകർമ്മ ആശുപത്രി സൊസൈറ്റിയുടെ യോഗതീരുമാനപ്രകാരം താഴെപ്പറയുന്ന നടപടി സ്വീകരിച്ചു.

1. ജി.ഒ.(ആർ.റ്റി)നം. 139/2021/ആയുഷ് 06-3-2021 പ്രകാരം ഹൈ ലെവൽ കമ്മിറ്റി രൂപീകരിച്ച് ടി ഉന്നതതല കമ്മിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് ട്രിവാൻഡ്രം സമർപ്പിച്ച റെക്ടിഫിക്കേഷൻ വർക്ക് റിപ്പോർട്ട് പരിശോധിച്ചു.

2. ഹൈ ലെവൽ കമ്മിറ്റി അംഗങ്ങൾ നാല് പ്രാവശ്യം യോഗം കൂടുകയും രണ്ടുപ്രാവശ്യം സൈറ്റ് സന്ദർശിക്കുകയും ചെയ്തു. റെക്ടിഫിക്കേഷൻ പ്രൊപ്പോസൽ അംഗീകരിച്ചു.

3. ഹൈ ലെവൽ കമ്മിറ്റിയുടെ അപ്രൂവൽ ലഭിച്ച റെക്റ്റിഫിക്കേഷൻ പ്രൊപ്പോസൽ ഹിന്ദുസ്ഥാൻ പ്രീ-ഫാബ് ലിമിറ്റഡിന് നൽകി.

4. റെക്ടിഫിക്കേഷൻ വർക്ക് HPL നടത്തിയില്ല. റെക്ടിഫിക്കേഷൻ വർക്ക് പൂർത്തിയാക്കാൻ സാധിക്കില്ല എന്ന വിവരം 17-03-2022-ന് HPL രേഖാമൂലം അറിയിക്കുകയുണ്ടായി.

5. ഇതേത്തുടർന്ന് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട തുടർ നടപടികൾ എടുക്കുന്നതിനായി 25-03-2022-ൽ ഗവേണിംഗ് ബോഡി കൂടുകയും ടി യോഗ തീരുമാനപ്രകാരം നിയമ നടപടി ഉൾപ്പെടെയുള്ള തുടർ നടപടി സ്വീകരിക്കാൻ തീരുമാനിച്ചു. തുടർന്ന് HPL-ന് 13-07-2022-ൽ കാരണം കാണിക്കൽ നോട്ടീസ് അയച്ചു.

6. റെക്ടിഫിക്കേഷൻ വർക്ക് ചെയ്തു നൽകാത്തതിനാൽ 01-02-2024-ൽ കൂടിയ ഗവേണിംഗ് ബോഡി തീരുമാനപ്രകാരം HPL-നെതിരെ നിയമ നടപടി ത്വരിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആയുർവേദ പഞ്ചകർമ്മ ആശുപത്രിയുടെ കെട്ടിട നിർമ്മാണം പുനരാരംഭിക്കുന്നതിനായി കെട്ടിടത്തിന്റെ പുനർനിർമ്മാണം നിലവിലുള്ള

സ്ട്രക്ചറിൽ തുടങ്ങണമോ അല്ലെങ്കിൽ ഡിമോളിഷ് ചെയ്ത് പുതിയ കെട്ടിടം നിർമ്മിക്കണമോ എന്നുള്ള കാര്യം സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (PWD കെട്ടിട വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയർ (LSGD), എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഹാർബർ) എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി 17-05-2024-ൽ ആലപ്പുഴ ജില്ലാകളക്ടർ രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി 23-05-2024-ൽ സൈറ്റ് സന്ദർശിക്കുകയും റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയുമാണ്.

**മഞ്ചേശ്വരം താലൂക്കിൽ ആയുർവേദ ആശുപത്രി**

222 (2228) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരം താലൂക്കിൽ താലൂക്ക് ആയുർവേദ ആശുപത്രി തുടങ്ങുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

മഞ്ചേശ്വരം താലൂക്കിൽ താലൂക്ക് ആയുർവേദ ആശുപത്രി തുടങ്ങുന്നത് നിലവിൽ പരിഗണനയിലില്ല.

**തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജ് ഹോസ്റ്റലുകളുടെ സുരക്ഷ**

223 (2229) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജിന്റെ രണ്ട് വനിതാ ഹോസ്റ്റലുകളിലും മെൻസ് ഹോസ്റ്റലിലും അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം വ്യക്തമാക്കാമോ; പ്രസ്തുത ഹോസ്റ്റലുകളിലെ സുരക്ഷാ ക്രമീകരണങ്ങൾ വിശദീകരിക്കാമോ?

പൂജപ്പുര മെൻസ് ഹോസ്റ്റലിൽ സർക്കാർ ആയുർവേദ കോളേജ് ആശുപത്രിയിൽനിന്നും ജോലി ക്രമീകരണ വ്യവസ്ഥയിൽ ഒരു വാച്ചർ, ഒരു പാർട്ട് ടൈം സ്വീപ്പർ, ഒരു സാനിട്ടേഷൻ വർക്കർ എന്നിവരെ നിയമിച്ചിട്ടുണ്ട്.

തിരുവനന്തപുരം ലേഡീസ് ഹോസ്റ്റലിൽ സർക്കാർ ആയുർവേദ കോളേജ് ആശുപത്രിയിൽനിന്നും ജോലി ക്രമീകരണ വ്യവസ്ഥയിൽ ഒരു വാച്ചർ, ഒരു സാനിട്ടേഷൻ വർക്കർ എന്നിവരെയും തിരുവനന്തപുരം

സർക്കാർ ആയുർവേദ കോളേജിൽനിന്നും ജോലി ക്രമീകരണ വ്യവസ്ഥയിൽ ഒരു മെയിൽ സർവന്റ്, ഒരു ഫീമെയിൽ സർവന്റ് എന്നിവരെയും നിയമിച്ചിട്ടുണ്ട്.

പൂജപ്പുര ലേഡീസ് ഹോസ്റ്റലിൽ സർക്കാർ ആയുർവേദ കോളേജിൽനിന്നും ജോലി ക്രമീകരണ വ്യവസ്ഥയിൽ ഒരു പാർട്ട് ടൈം സ്വീപ്പറെയും പ്രസ്തുത കാമ്പസിൽ പ്രവർത്തിക്കുന്ന ആയുർവേദ കോളേജിന്റെ അനുബന്ധ സ്ഥാപനങ്ങളിൽനിന്നും വാച്ചർ ജീവനക്കാരെ റൊട്ടേഷൻ വ്യവസ്ഥയിലും നിയമിച്ചിട്ടുണ്ട്.

സുരക്ഷ സംവിധാനങ്ങളുടെ ഭാഗമായി മൂന്ന് ഹോസ്റ്റലുകളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 24 മണിക്കൂറും ഡ്യൂട്ടി വാച്ചറുടെ സേവനം കൃത്യമായി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പൊലീസ് നൈറ്റ് പട്രോളിംഗും നടത്തിവരുന്നുണ്ട്.

(ബി) പ്രസ്തുത കോളേജിലെ വനിതാ ഹോസ്റ്റലിൽ മെയ് 12-ന് അജ്ഞാതൻ കടന്നുകയറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; ഈ

സാഹചര്യത്തിൽ ഹോസ്റ്റലുകളിൽ സുരക്ഷയ്ക്കും മേൽനോട്ടത്തിനും ആവശ്യം വേണ്ട ജീവനക്കാരെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉണ്ട്. തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് വനിത ഹോസ്റ്റലിൽ 12-05-2024-ന് വൈകിട്ട് ഒരു അജ്ഞാതൻ കയറുകയുണ്ടായി. പൊലീസ് തെളിവെടുപ്പ് നടത്തുകയും സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധിക്കുകയും ചെയ്തു. നിലവിൽ ചുറ്റുപാടും പരിസരങ്ങളും നിരീക്ഷിക്കാനായി പൊലീസ് നൈറ്റ് പെട്രോളിംഗ് നടത്തിവരുന്നുണ്ട്.

**ആയുർവേദ ആശുപത്രികളുടെ നവീകരണം**

224 (2230) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആയുർവേദ ആശുപത്രികളുടെ നവീകരണത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ;

ആയുഷ് വകുപ്പിനുകീഴിൽ കേന്ദ്ര പദ്ധതികൾ നടപ്പിലാക്കുന്നത് നാഷണൽ ആയുഷ് മിഷൻ, കേരള മുഖാന്തരമാണ്. നാഷണൽ ആയുഷ് മിഷന്റെ ആയുഷ് സർവ്വീസസ് കംപോണന്റ് മുഖേന സർക്കാർ ആയുർവേദ ആശുപത്രികളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപയുടെയും ഡിസ്പെൻസറികളുടെ നവീകരണത്തിന് 20 ലക്ഷം രൂപയുടെയും ഡിസ്പെൻസറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 30 ലക്ഷം രൂപയുടെയും സ്കീമാണ് നിലവിലുള്ളത്. ആയുഷ് വകുപ്പിന്റെ കീഴിലെ ഭാരതീയ ചികിത്സാ വകുപ്പിനുകീഴിൽ സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിവരം അനുബന്ധം I ആയി ചേർക്കുന്നു.+

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽവരുന്ന ആശുപത്രികളുടെ നവീകരണത്തിനായി പ്രത്യേകമായി കേന്ദ്ര സംസ്ഥാന സർക്കാരിന്റെ ഫണ്ടുകൾ ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ നിലവിലില്ല. എന്നാൽ സർക്കാർ ആയുർവേദ ആശുപത്രികൾ, മറ്റ് അനുബന്ധ സ്ഥാപനങ്ങൾ എന്നിവയുടെ വികസന പ്രവർത്തനങ്ങൾക്കായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എല്ലാ സാമ്പത്തിക വർഷങ്ങളിലും സംസ്ഥാന സർക്കാർ പദ്ധതി ശീർഷകത്തിൽ തുക അനുവദിക്കുന്നുണ്ട്.

(ബി) പട്ടാമ്പി മണ്ഡലത്തിൽ ഏതെല്ലാം ആയുർവേദ ആശുപത്രികളെയാണ് നവീകരണത്തിന് തിരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആശുപത്രികൾക്ക് കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും വിഹിതമായി എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

(ബി&സി) പട്ടാമ്പി മണ്ഡലത്തിൽ ആയുഷ് വകുപ്പിന് കീഴിൽ ആയുർവേദ ആശുപത്രികൾ നിലവിൽ പ്രവർത്തിച്ചുവരുന്നില്ല. എന്നാൽ പട്ടാമ്പി മണ്ഡലത്തിലെ വിളവൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറിയെ നാഷണൽ ആയുഷ് മിഷന്റെ 2023-24 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ആന്വൽ ആക്ഷൻ പ്ലാൻ (SAAP) മുഖേന 30 ലക്ഷം രൂപ അനുവദിച്ച് ഡിസ്പെൻസറികളുടെ നവീകരണത്തിനായുള്ള പദ്ധതിയിൽ

ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കേന്ദ്ര സംസ്ഥാന പദ്ധതിയിലെ 60:40 എന്ന അനുപാതത്തിലാണ്.

**മാവേലിക്കര ഗവൺമെന്റ് ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണം**

225 (2231) <u>ശ്രീ. എം. എസ്. അരുൺ കുമാർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന മാവേലിക്കര ഗവൺമെന്റ് ആയുർവേദ ആശുപത്രിയിലെ പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന മാവേലിക്കര ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ ആശുപത്രി സ്ഥിതിചെയ്യുന്ന സ്ഥലത്തെ മണ്ണ് പരിശോധനയ്ക്കായി 2,18,200/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകി ടെൻഡർ നിജപ്പെടുത്തിയ കോൺട്രാക്ടറുമായി എഗ്രിമെന്റ് വച്ചിരുന്നു. എന്നാൽ ഹരിപ്പാട് പൊതുമരാമത്ത് കെട്ടിട ഉപവിഭാഗം അസിസ്റ്റന്റ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥലം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ആശുപത്രി പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയാൽ മാത്രമേ മണ്ണ് പരിശോധന നടത്താൻ സാധിക്കുകയുള്ളൂവെന്നും സാങ്കേതികാനുമതിക്കായി സൈറ്റ് ക്ലിയർ ചെയ്ത് നൽകണമെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം ഷിഫ്റ്റ് ചെയ്യുന്നതിനും സൈറ്റ് ക്ലിയർ ചെയ്യുന്നതിനും മാവേലിക്കര മുനിസിപ്പാലിറ്റിക്ക് കത്ത് നൽകിയിരിക്കുകയാണ്. 2023-24 സാമ്പത്തിക വർഷം വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം -II (പ്രവൃത്തികളുടെ വിശദവിവരങ്ങൾ)+ വാല്യം II-ൽ (ഭരണാനുമതിയില്ലാത്ത പ്രവൃത്തികൾ) പേജ് 174-ൽ സീരിയൽ നമ്പർ 2667-ൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ വിവിധ ആയുർവേദ ആശുപത്രികളുടെ നവീകരണത്തിനായി അടങ്കൽ തുകയായ 200 ലക്ഷം രൂപയിൽ ടോക്കൺ പ്രൊവിഷനായി 40 ലക്ഷം രൂപ വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ മാവേലിക്കര ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് 550.755 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അംഗീകരിച്ച് ഭരണാനുമതി നൽകുന്നതിനായി ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കെട്ടിട നിർമ്മാണത്തിന് മണ്ണ് പരിശോധനയ്ക്കുള്ള സാങ്കേതികാനുമതി ലഭിക്കുന്നതിന് സൈറ്റ് ക്ലിയർ ചെയ്ത് ലഭിക്കേണ്ടതുണ്ട്. ആയത് ലഭ്യമായശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കെട്ടിട നിർമ്മാണത്തിനായി മുനിസിപ്പാലിറ്റി സ്ഥലം അനുവദിച്ച് നല്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും പ്രസ്തുത സ്ഥലത്ത് നിർമ്മാണം ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനായി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലുള്ള (കാളചന്ത) അനുയോജ്യമായ 25 സെന്റ് സ്ഥലം കണ്ടെത്തി നല്കുന്നതിന് മാവേലിക്കര നഗരസഭാ കൗൺസിലിന്റെ 12-09-2023-ലെ 8-ാം നമ്പർ തീരുമാനപ്രകാരം നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയറെ

ചുമതലപ്പെടുത്തിയിരുന്നു. ഇതിന്റെ തുടർനടപടികൾ സർക്കാർ പരിശോധിച്ചുവരികയാണ്. എന്നാൽ, നിലവിൽ ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്തുതന്നെ കെട്ടിട നിർമ്മാണം നടത്തുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ആയതിനാൽ ടി സ്ഥലത്ത് മണ്ണ് പരിശോധന നടത്തുന്നതിനാണ് കരാറായിട്ടുള്ളത്.

**ഹീമോഫീലിയ മരുന്നിന്റെ അപര്യാപ്തത**

226 (2232) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹീമോഫീലിയ രോഗികൾക്ക് സ്ഥിരമായി ഉപയോഗിക്കേണ്ട മരുന്നിന്റെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽവരുന്ന ആശുപത്രികളിൽ 'ആശാധാര സ്കീം' പ്രകാരം വിതരണം ചെയ്തുവരുന്ന ആന്റി ഹീമോഫീലിയ മരുന്നുകൾക്ക് അപര്യാപ്തത ഉണ്ടായിട്ടില്ല. എന്നാൽ ഹീമോഫീലിയ-എ ചികിത്സയിൽ ഉപയോഗിക്കുന്ന റീകോമ്പിനന്റ് ഫാക്ടർ VIII-ന്റെ ആഗോള

തലത്തിലെ ക്ഷാമം കാരണം 250 iu & 500 iu പോലുള്ള ലോവർ സ്ട്രെങ്ത് ഫാക്ടറുകൾക്ക് അപര്യാപ്തതയുണ്ടാകുന്നുണ്ട്.

(ബി) മരുന്നിന്റെ അപര്യാപ്തതമൂലം ഹീമോഫീലിയ രോഗികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് വിശദമാക്കാമോ?

ഹയർ സ്ട്രെങ്ത് ഫാക്ടറുകളായ 1000 iu & 1500 ഇ മരുന്നുകൾ കൂടുതൽ സംഭരിച്ചുകൊണ്ട് ഈ സാഹചര്യം മറികടക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളുകയും പാഴാകാതിരിക്കാൻ മരുന്നുകളുടെ വിതരണം കേന്ദ്രീകൃതമാക്കുകയും ചെയ്തു. ഹീമോഫീലിയ രോഗികളുടെ ജീവൻ രക്ഷാ ചികിത്സയെ ബാധിക്കാത്ത വിധത്തിൽ ഇക്കാര്യം ഇതുവരെ കൈകാര്യം ചെയ്യാൻ സാധിച്ചു.

**നീതിയുടെ ഉറപ്പ് പദ്ധതി**

227 (2233) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജനറിക് മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കി നൽകുന്ന 'നീതിയുടെ ഉറപ്പ്' പദ്ധതി എന്നാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ജനറിക് മരുന്നുകളുടെ ഗുണമേന്മ ഉറപ്പുവരുത്തി ഏറ്റവും കുറഞ്ഞ വിലയിൽ നീതി മെഡിക്കൽ സ്റ്റോറുകൾ വഴി പാവപ്പെട്ട രോഗികൾക്ക് മരുന്ന് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ കൺസ്യൂമർഫെഡിന്റെ പദ്ധതിയായ 'നീതിയുടെ ഉറപ്പ്' പദ്ധതി നടപ്പിലാക്കുന്നതിനായുള്ള നടപടികൾ കൺസ്യൂമർഫെഡ് സ്വീകരിച്ചുവരുന്നു.

**വനിതാ വികസന കോർപ്പറേഷൻ**

228 (2234) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനിതകൾക്ക് വനിതാ വികസന കോർപ്പറേഷൻ വഴി എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന, സംസ്ഥാനത്തെ വനിതകൾക്കായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.+

**കുട്ടികളെ ദത്തെടുക്കുന്നതിനുള്ള നിയമവ്യവസ്ഥകൾ**

229 (2235)ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളെ ദത്തെടുക്കുന്നതിന് ദാതാക്കളും സ്വീകർത്താക്കളും ഏതെല്ലാം നിയമങ്ങളും നിബന്ധനകളുമാണ് പാലിക്കേണ്ടതെന്നും അതുസംബന്ധിച്ച നിയമവ്യവസ്ഥകളും വിശദമാക്കുമോ?

സംസ്ഥാനത്ത് ദത്തെടുക്കൽ നടപടിക്രമം നടപ്പിലാക്കുന്നത് 2015-ലെ ബാലനീതി നിയമവും 2022-ലെ അഡോപ്ഷൻ റെഗുലേഷൻ പ്രകാരവുമാണ്. അനാഥരും ഉപേക്ഷിക്കപ്പെട്ടവരും ഏൽപ്പിച്ച് കൊടുക്കപ്പെട്ടതുമായ കുട്ടികളെയാണ് സെൻട്രൽ അഡോപ്ഷൻ റിസോഴ്സ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അതോറിറ്റിയുടെ (CARA) മാർഗ്ഗനിർദേശപ്രകാരം ദത്ത് നൽകുന്നത്. അനാഥരും ഉപേക്ഷിക്കപ്പെട്ടവരും ഏൽപ്പിച്ച് കൊടുക്കപ്പെട്ടതുമായ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾ ചൈൽഡ് വെൽഫയർ കമ്മിറ്റി മുമ്പാകെ എത്തിപ്പെടുകയാണെങ്കിൽ CWC ഉത്തരവോടുകൂടി ആറ് വയസ്സിൽ താഴെയുള്ള കുട്ടികളെ അംഗീകൃത ദത്തെടുക്കൽ സ്ഥാപനത്തിലേക്കും ആറ് വയസ്സിന് മുകളിൽ പ്രായമുള്ള കുട്ടികളെ ചിൽഡ്രൻസ് ഹോമിന്റെ സംരക്ഷണയിലേക്ക് മാറ്റുകയുമാണ് ചെയ്യുന്നത്. കുട്ടി സ്ഥാപനത്തിൽ വന്ന് മൂന്ന് പ്രവൃത്തി ദിസത്തിനകം കുട്ടിയെ സംബന്ധിച്ചുള്ള വിവരങ്ങൾ 2022-ലെ അഡോപ്ഷൻ റെഗുലേഷൻ 6(5) പ്രകാരം ദത്തെടുക്കൽ പോർട്ടലിൽ അംഗീകൃത ദത്തെടുക്കൽ സ്ഥാപനം രേഖപ്പെടുത്തേണ്ടതാണ്. ഉപേക്ഷിക്കപ്പെട്ട (Abandoned) നിലയിൽ കണ്ടെത്തിയ കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ കുട്ടിയുടെ ഉത്തമതാൽപ്പര്യപ്രകാരം കുട്ടിയുടെ വിശദവിവരങ്ങളും ചിത്രങ്ങളും വ്യാപക പ്രചാരമുള്ള ദേശീയ പത്രങ്ങളിൽ കുട്ടിയെ സ്വീകരിച്ച ദിവസം മുതൽ മൂന്ന് പ്രവൃത്തി ദിവസങ്ങൾക്കകം പരസ്യപ്പെടുത്തുന്നതിനുള്ള നടപടി ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്

മുഖാന്തരം സ്വീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച് 30 ദിവസത്തിനകം കുട്ടിയെ ആരും അന്വേഷിച്ച് വന്നില്ലായെങ്കിൽ പ്രസ്തുത വിവരം ജില്ലാ ശിശു സംരക്ഷണ യൂണിറ്റും സ്ഥാപനവും ചൈൽഡ് വെൽഫയർ കമ്മിറ്റിയെ അറിയിക്കേണ്ടതാണ്. കുട്ടിയുടെ പ്രായം രണ്ട് വയസ്സിൽ താഴെയാണെങ്കിൽ രണ്ട് മാസത്തിനകവും രണ്ട് വയസ്സിന് മുകളിൽ പ്രായമാണെങ്കിൽ നാല് മാസത്തിനകവും സ്ഥാപനം ചൈൽഡ് വെൽഫയർ കമ്മിറ്റിയിൽ അപേക്ഷ നൽകി ആയതിന്റെ അടിസ്ഥാനത്തിൽ ലീഗലി ഫ്രീ ഫോർ അഡോപ്ഷൻ സർട്ടിഫിക്കറ്റ് ചൈൽഡ് വെൽഫയർ കമ്മിറ്റി അനുവദിക്കുന്നതാണ്.

മാതാപിതാക്കളോ, രക്ഷിതാക്കളോ കുട്ടിയെ സറണ്ടർ ചെയ്യാൻ താൽപര്യപ്പെടുകയാണെങ്കിൽ ബാലനീതി നിയമം 35 പ്രകാരവും ജെ ജെ മോഡൽ റൂൾ ഫോം 23-ന്റെ അടിസ്ഥാനത്തിലും അപേക്ഷ ചൈൽഡ് വെൽഫയർ കമ്മിറ്റിക്ക് നൽകേണ്ടതാണ്. 2022-ലെ അഡോപ്ഷൻ റെഗുലേഷൻ 7 (3) പ്രകാരം ചൈൽഡ് വെൽഫയർ കമ്മിറ്റി മുമ്പാകെ സറണ്ടർ ഡീഡ് ഒപ്പ് വയ്ക്കണം. 60 ദിവസത്തിനകം ടി കുട്ടിയെ അന്വേഷിച്ച്

ആരും വന്നില്ലായെങ്കിൽ ചൈൽഡ് വെൽഫയർ കമ്മിറ്റി കുട്ടിക്ക് ലീഗലി ഫ്രീ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതാണ്.

മേൽ പ്രതിപാദിച്ച കുട്ടികളുടെ ലീഗലി ഫ്രീ സർട്ടിഫിക്കറ്റ് ചൈൽഡ് വെൽഫയർ കമ്മിറ്റി അനുവദിച്ചതിനുശേഷം സ്ഥാപനം കുട്ടിയുടെ ലീഗലി ഫ്രീ സർട്ടിഫിക്കറ്റ് മെഡിക്കൽ എക്സാമിനേഷൻ റിപ്പോർട്ട്, ചൈൽഡ് സ്റ്റഡി റിപ്പോർട്ട് എന്നിവ ദത്തെടുക്കൽ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുകയും സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിയുടെ (CARA) മാർഗ്ഗനിർദേശപ്രകാരം കുടുംബങ്ങളിലേക്ക് ദത്ത് നൽകുകയും ചെയ്യുന്നു.

2022-ലെ അഡോപ്ഷൻ റെഗുലേഷൻ പ്രകാരം ദത്തെടുക്കാൻ ആഗ്രഹിക്കുന്ന അപേക്ഷകർ ദത്തെടുക്കൽ വെബ്പോർട്ടൽ മുഖാന്തരം രജിസ്റ്റർ ചെയ്യുകയും 30 ദിവസത്തിനകം അനുബന്ധ രേഖകളായ ഫോട്ടോഗ്രാഫ്, ജനന സർട്ടിഫിക്കറ്റ്, വിലാസം തെളിയിക്കുന്ന രേഖ, വരുമാന സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. 60 ദിവസത്തിനകം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ നേതൃത്വത്തിലുള്ള ടീം

അപേക്ഷകരുടെ ഹോം സ്റ്റഡി നടത്തി ശിപാർശ അടക്കമുള്ള ഹോം സ്റ്റഡി റിപ്പോർട്ട് സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതാണ്. രജിസ്റ്റർ ചെയ്ത തീയതിയുടെ അടിസ്ഥാനത്തിലുള്ള സീനിയോരിറ്റി ക്രമം അനുസരിച്ചാണ് കുട്ടിയുടെ റഫറൽ അപേക്ഷകർക്ക് ലഭിക്കുന്നത്. റഫറൽ വന്ന് 48 മണിക്കൂറിനകം അപേക്ഷകർ കുട്ടിയുടെ ചൈൽഡ് സ്റ്റഡി റിപ്പോർട്ടും മെഡിക്കൽ എക്സാമിനേഷൻ റിപ്പോർട്ടും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും കുട്ടിയെ ദത്തെടുക്കാൻ തൽപ്പരരുമാണെങ്കിൽ റിസർവ് ചെയ്യേണ്ടതാണ്. റിസർവ് ചെയ്ത് 30 ദിവസത്തിനകം കുട്ടി എവിടെയാണോ നിൽക്കുന്നത് ആ സ്ഥാപനത്തിലെ അഡോപ്ഷൻ കമ്മിറ്റി മുമ്പാകെ ഹാജരായി അഡോപ്ഷൻ കമ്മിറ്റി അംഗീകരിക്കുന്നപക്ഷം കുട്ടിയെ 10 ദിവസത്തിനകം പ്രീ അഡോപ്ഷൻ ഫോസ്റ്റർ കെയർ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ അപേക്ഷകർക്ക് കുട്ടിയെ നൽകുന്നതാണ്. അപേക്ഷകർ സമർപ്പിച്ച രേഖകളും കുട്ടിയെ സംബന്ധിച്ച രേഖകളും അഡോപ്ഷൻ കമ്മിറ്റിയുടെ മിനിട്ട്സും അംഗീകൃത ദത്തെടുക്കൽ സ്ഥാപനം അഞ്ച് ദിവസത്തിനകം ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന് നൽകേണ്ടതും ആയത്

പരിശോധിച്ച് ജില്ലാ മജിസ്‌ട്രേറ്റിന് സമർപ്പിക്കേണ്ടതുമാണ്. രണ്ട് മാസത്തിനകം ജില്ലാ മജിസ്‌ട്രേറ്റ് ദത്തെടുക്കൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ദത്തെടുക്കൽ ഉത്തരവ് പുറപ്പെടുവിച്ച് അഞ്ച് ദിവസത്തിനകം ജനന സർട്ടിഫിക്കറ്റിന് അപേക്ഷ നൽകി കുട്ടിയുടെ ജനന സർട്ടിഫിക്കറ്റ് അപേക്ഷകർക്ക് നൽകേണ്ടതുമാണ്. കുട്ടി പ്രീ അഡോപ്ഷൻ ഫോസ്റ്റർ കെയറിന് പോയി രണ്ട് വർഷത്തേക്ക് ആദ്യ ഫോളോ അപ്പ് മൂന്ന് മാസത്തിനകവും തുടർന്നുള്ള ഫോളോ അപ്പ് ആറുമാസത്തെ ഇടവേളയിലും അംഗീകൃത ദത്തെടുക്കൽ സ്ഥാപനം നടത്തേണ്ടതാണ്.

(ബി) സംസ്ഥാനത്തൊട്ടാകെ കുട്ടികളെ ദത്തെടുക്കുന്നതിനുള്ള എത്ര അപേക്ഷകളാണ് നിലവിൽ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ദത്തെടുക്കലിനായി പോർട്ടലിൽ 1618 അപേക്ഷകരാണ് നിലവിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്.

(സി) നിയമപ്രകാരം ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവർക്ക് ഏതെല്ലാം പ്രായത്തിലുള്ള കുട്ടികളെയാണ് ദത്ത് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ?

2022-ലെ അഡോപ്ഷൻ റെഗുലേഷനിൽ പ്രതിപാദിക്കുന്ന പ്രകാരം ദത്തെടുക്കൽ ആഗ്രഹിക്കുന്ന അപേക്ഷകർ, രണ്ട് വർഷം വൈവാഹിക ബന്ധം പൂർത്തിയായ ദമ്പതികൾ, സിംഗിൾ പാരന്റ് എന്നിവർക്ക് കുട്ടികളെ ദത്തെടുക്കാവുന്നതാണ്. സിംഗിൾ പാരന്റ് പുരുഷനാകുന്ന പക്ഷം പെൺകുട്ടിയെ ദത്തു നൽകാൻ നിയമപ്രകാരം വ്യവസ്ഥയില്ല. ദത്തെടുക്കുന്ന കുട്ടിയും അപേക്ഷകരും തമ്മിൽ 25 വയസ്സിന്റെ പ്രായവ്യത്യാസം ഉണ്ടാവേണ്ടതാണ്. ദത്തെടുക്കുന്ന അപേക്ഷകർക്ക് ശാരീരികമായും മാനസികമായും വൈകാരികമായും സാമ്പത്തികമായും കഴിവുള്ളവരായിരിക്കണം.

ചുവടെ ചേർത്തിട്ടുള്ള പട്ടികപ്രകാരം അപേക്ഷകരുടെ പ്രായത്തിനനുസരിച്ചുള്ള കുട്ടികളെ ദത്ത് നൽകുന്നതാണ്.

| **കുട്ടിയുടെ പ്രായം** | **ദമ്പതികളായ അപേക്ഷകരുടെ പരമാവധി സംയോജിത പ്രായം** | **ഏക രക്ഷിതാവിന്റെ പരമാവധി പ്രായം** |
|---|---|---|
| 2 വയസ്സുവരെ | 85 വയസ്സ് | 40 വയസ്സ് |
| 2- 4 വയസ്സ് | 90 വയസ്സ് | 45 വയസ്സ് |
| 4-8 വയസ്സ് | 100 വയസ്സ് | 50 വയസ്സ് |
| 8-18 വയസ്സ് | 110 വയസ്സ് | 55 വയസ്സ് |

(ഡി) ദത്തെടുക്കൽ നടപടികൾ അതീവ ഗൗരവത്തിലും പരമാവധി വേഗത്തിലും നടപ്പാക്കുന്നതിനും തുടർ നിരീക്ഷണ, നിയന്ത്രണങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ആവശ്യമെങ്കിൽ നിയമഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ?

2015-ലെ ബാലനീതി നിയമം 56(1) പ്രകാരം അനാഥരും ഉപേക്ഷിക്കപ്പെട്ടവരും ഏൽപ്പിച്ച് കൊടുക്കപ്പെട്ടവരുമായ കുട്ടികളെ ദത്തെടുക്കൽ പദ്ധതി മുഖാന്തരം കുടുംബങ്ങളിലേക്ക് പുനരധിവസിപ്പിക്കുന്നത് സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റി പുറപ്പെടുവിച്ച അഡോപ്ഷൻ റെഗുലേഷൻ പ്രകാരമാണ്. ദത്തെടുക്കൽ മേഖല സുതാര്യമാക്കുന്നതിന്റെ ഭാഗമായാണ് സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റി പ്രസ്തുത പ്രക്രിയ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിൽ നടപ്പിലാക്കിവരുന്നത്. ദത്തെടുക്കൽ നടപടിക്രമം വേഗത്തിലാക്കുന്നതിന്റെ ഭാഗമായി കോടതിയുടെ അധികാര പരിധിയിൽനിന്ന് ജില്ലാ മജിസ്ട്രേറ്റിന്റെ അധികാര പരിധിയിലേക്ക് മാറ്റി

നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ദത്തെടുക്കൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസിയും ജില്ലയിൽ ജില്ലാ ശിശു സംരക്ഷണ യൂണിറ്റും പ്രവർത്തിച്ചുവരുന്നുണ്ട്. ദത്തെടുക്കൽ പ്രക്രിയയിൽ നിയമ ഭേദഗതി വരുത്തുന്നതിനുള്ള പൂർണ്ണ അധികാരം ബാലനീതി നിയമപ്രകാരം സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിക്കാണ്.

**കോട്ടയം മണ്ഡലത്തിലെ ഗാന്ധി സേവാകേന്ദ്രം**

230 (2236) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ പ്രത്യേക വികസന നിധി പ്രകാരം തുക അനുവദിച്ച കോട്ടയം മണ്ഡലത്തിലെ ഗാന്ധി സേവാ കേന്ദ്രം (ബിൽഡിംഗ്) ഫയലിന്റെ (വ.ശി.വി.വ-ബി1/334/2023) നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയലിന്മേൽ വനിത ശിശു വികസന വകുപ്പ് ഡയറക്ടറോട് റിപ്പോർട്ട് തേടിയത് എന്നാണ്; പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) വനിത ശിശു വികസന (ബി) വകുപ്പ് പ്രസ്തുത ഫയലിന്മേൽ എത്ര ഓർമ്മക്കുറിപ്പുകൾ നൽകിയിട്ടുണ്ട്, അവസാനമായി ഓർമ്മക്കുറിപ്പയച്ച തീയതി ലഭ്യമാക്കാമോ;

(ഡി) നിലവിൽ ഏത് ഓഫീസറുടെ പരിഗണനയിനാണ് ഫയലുള്ളത്; പ്രസ്തുത ഓഫീസറുടെ കൈവശം എത്രനാളായി ഫയൽ പെന്റിംഗിലാണ്;

(ഇ) ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട റിപ്പോർട്ട് ഇത്രയും നാളായി ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കാമോ ?

(എ-ഇ) കോട്ടയം ജില്ലയിലെ ഗാന്ധി സ്മാരക സേവാ കേന്ദ്രത്തിന്റെ കെട്ടിടം വാടകയ്ക്ക് നൽകിയത് സംബന്ധിച്ച് ബഹുമാനപ്പെട്ട കോട്ടയം എം.എൽ.എ.-യുടെ കത്തും ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിൽ നിന്നും ലഭ്യമായ അനൗദ്യോഗിക കുറിപ്പും വനിതാ ശിശു വികസന (സി)

വകുപ്പിന്റെ WCD-C2/2023-WCD നമ്പർ ഫയൽ മുഖേന 19-10-2023-ന് വനിതാ ശിശു വികസന (ബി) വകുപ്പിൽ ലഭ്യമായി.

പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി അടിയന്തര നടപടി റിപ്പോർട്ട് ലഭ്യമാക്കാൻ 25-10-2023-ലെ WCD-B1/334/2023-WCD നമ്പർ കത്തുപ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു. 25-10-2023-ലെ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.[1] പ്രസ്തുത നടപടി റിപ്പോർട്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ 12-03-2024, 14-06-2024 തീയതികളിൽ ഓർമ്മക്കുറിപ്പ് നൽകിയിരുന്നു.

വനിതാ ശിശു വികസന കാര്യാലയത്തിൽനിന്നും നടപടി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട റിപ്പോർട്ട് നൽകുന്നതാണ്.

**നാദാപുരം മണ്ഡലത്തിലെ അങ്കണവാടികൾ**

231 (2237) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1 നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ ആകെ എത്ര അങ്കണവാടികൾ ഉണ്ടെന്നും അവ ഏതൊക്കെയെന്നും അറിയിക്കാമോ?

നാദാപുരം നിയോജകമണ്ഡലത്തിൽ ആകെ 268 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ലിസ്റ്റ് അനുബന്ധം ആയി ചേർക്കുന്നു.+

(ബി) പ്രസ്തുത മണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത എത്ര അങ്കണവാടികൾ ഉണ്ടെന്ന് അറിയിക്കാമോ?

നാദാപുരം മണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത 15 അങ്കണവാടികൾ ഉണ്ട്.

**കോഴിക്കോട് ബീച്ച് ആശുപത്രിയിലെ അമ്മത്തൊട്ടിൽ നിർമ്മാണം**

232 (2238) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ സ്ഥാപിക്കുന്ന അമ്മത്തൊട്ടിൽ നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അമ്മത്തൊട്ടിൽ നിർമ്മാണം ഏകദേശം പൂർത്തിയായിട്ടുണ്ട്. നിലവിൽ ഇലക്ട്രോണിക് തൊട്ടിൽ ഘടിപ്പിക്കുന്നതിനുള്ള നടപടികൾ മാത്രം ശേഷിക്കുന്നു.

(ബി) പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) അമ്മത്തൊട്ടിൽ അടിയന്തരമായി പ്രവർത്തനസജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലം എം.എൽ.എ. ആയിരുന്ന (2016-2021) ശ്രീ. എ. പ്രദീപ് കുമാർ-ന്റെ പ്രത്യേക ആസ്തി വികസന ഫണ്ടിൽനിന്നും 22 ലക്ഷം രൂപ അമ്മത്തൊട്ടിൽ നിർമ്മാണത്തിനായി അനുവദിച്ചിരുന്നുവെങ്കിലും ആ തുകകൊണ്ട് പണി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ തുടർന്ന് പ്രസ്തുത നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് എം.എൽ.എ.-ആയ ശ്രീ. തോട്ടത്തിൽ രവീന്ദ്രന്റെ ആസ്തി വികസന ഫണ്ടിൽനിന്നും 8.17 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്. ഇനിയും പണി പൂർത്തീകരിക്കാനാവശ്യമായ 1.83

ലക്ഷം രൂപ ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിക്കുന്ന മുറയ്ക്ക് അമ്മത്തൊട്ടിൽ പ്രവർത്തനസജ്ജമാകുന്നതാണ്.

**ഹോട്ടലുകളിൽ ഗുണനിലവാര പരിശോധന**

233 (2239) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ പരിശോധനാ ലാബുകളിലയച്ച് പരിശോധിക്കുകയും ചെയ്യുന്നു. ഇത്തരം പരിശോധനകളിൽ നിലവാരമില്ലാത്തതായി പരിശോധനാ ഫലം ലഭിക്കുകയാണെങ്കിൽ

അഡ്ജ്യൂഡിക്കേഷൻ കേസുകളും ആരോഗ്യത്തിന് ഹാനികരമെന്ന് പരിശോധനാ ഫലം ലഭിക്കുകയാണെങ്കിൽ പ്രോസിക്യൂഷൻ നടപടികളും സ്വീകരിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹോട്ടലുകളിൽനിന്നും പൊതുജനങ്ങൾക്ക് നൽകുന്ന ഭക്ഷണം ഗുണനിലവാരമുള്ളതും ശുദ്ധവും വൃത്തിയുള്ളതുമാണെന്ന് ഉറപ്പുവരുത്തുന്നതിനായി FSSAI-യുടെ സഹായത്തോടെ 14 ജില്ലകളിൽ ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കഫേകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് റേറ്റിംഗ് നൽകി അംഗീകാരം നൽകുകയും അതോടൊപ്പം ജനങ്ങളെ ആകർഷിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഹൈജീൻ റേറ്റിംഗ്. ഇതിലൂടെ 3078 ഹോട്ടലുകൾ/റെസ്റ്റോറന്റുകൾക്ക് റേറ്റിംഗ് നല്കാൻ സാധിച്ചിട്ടുണ്ട്.

2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, തട്ടുകടകൾ, മറ്റു ഭക്ഷ്യ ഉൽപാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കും

ഭക്ഷ്യസംരംഭകർക്കും കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്ന FoSTAC Training (Food Safety Training and Certification) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ആയതിന്റെ ഭാഗമായി 1292 ട്രെയിനിംഗുകളിലായി ആകെ 43470 ഭക്ഷ്യ സംരംഭകർക്ക് പരിശീലനം നൽകുകയുണ്ടായി. ഇനിയും കൂടുതൽ പേർക്ക് പരിശീലനവും ബോധവൽക്കരണവും നടത്താനുള്ള പരിപാടികൾ നടന്നുവരുന്നു. എല്ലാ ഹോട്ടലുകളിലും ഭക്ഷണം കൈകാര്യം ചെയ്യുന്നവർക്ക് മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) ഭക്ഷ്യവിഷബാധപോലുള്ള സംഭവങ്ങൾ ഉണ്ടാകുമ്പോൾ മാത്രമാണ് വകുപ്പ് റെയ്ഡുകൾ അടക്കമുള്ള പരിശോധനകൾ നടത്തുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ ഉറപ്പുവരുത്താനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

(ബി&സി) എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ലൈസൻസ്/രജിസ്ട്രേഷൻ നൽകൽ, നിയമപരമായ സാമ്പിൾ ശേഖരിക്കൽ

അഡ്ജ്യൂഡിക്കേഷൻ/പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യൽ, പഠന സംബന്ധമായ സാമ്പിൾ ശേഖരിക്കൽ, പരാതി അന്വേഷിച്ച് നടപടി സ്വീകരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നിരന്തരം നടന്നുവരുന്നു.

ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി 2023-2024 സാമ്പത്തിക വർഷത്തിൽ 65432 ഭക്ഷ്യ പരിശോധനകൾ നടത്തുകയും പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന 7343 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 9642 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും 4,05,45,150/-രൂപ (നാല് കോടി അഞ്ച് ലക്ഷത്തി നാൽപ്പത്തി അയ്യായിരത്തി ഒരുന്നൂറ്റി അൻപത് രൂപ മാത്രം) പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 10466 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ചതിൽ 1584 സാമ്പിളുകൾ Non Conforming ആയി പരിശോധനാ ഫലം ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് 746

പ്രോസിക്യൂഷൻ കേസുകളും 982 അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) ഭക്ഷ്യയോഗ്യമല്ലാത്ത ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്യാൻ ശ്രമിക്കുന്ന ഹോട്ടലുകളുടെ പേരുവിവരങ്ങൾ പൊതുജനങ്ങളുടെ അറിവിലേക്കായി പരസ്യപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഭക്ഷണത്തിൽ മായം കലർത്തുന്നതും പഴകിയ ഭക്ഷണം നൽകുന്നതും സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ഗ്രിവൻസ് പോർട്ടൽ (www.eatright.foodsafety.kerala.gov.in) പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ ഹോട്ടലുകളെ ശുചിത്വം, ഭക്ഷണ ഗുണനിലവാരം എന്നിവയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരസ്യപ്പെടുത്തുന്ന Hygiene Rating എന്ന ഒരു പദ്ധതി Food Safety and Standards Authority of India (FSSAI) നടപ്പിലാക്കിയിട്ടുണ്ട്. ഇത് പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള ഒരു മൊബൈൽ ആപ്ലിക്കേഷൻ (Eat Right Kerala) രൂപകൽപ്പന ചെയ്തിട്ടുണ്ട്. വകുപ്പ് ശേഖരിക്കുന്ന സാമ്പിളുകൾ ലാബ് പരിശോധനയിൽ Unsafe, Substandard ആകുന്ന

സാഹചര്യങ്ങളിൽ ഇവ സംബന്ധിച്ച വിവരം വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. കൂടാതെ സുരക്ഷിതമല്ലാത്ത ഭക്ഷണം നൽകിയതിന് നടപടികൾ സ്വീകരിക്കുന്ന അവസരത്തിൽ പ്രസ്തുത ഹോട്ടലുകളുടെ പേരുവിവരം ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.

**ഭക്ഷ്യ വിഷബാധ തടയാൻ നടപടി**

234 (2240) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. എം. വിൻസെന്റ്:
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ വിഷബാധ ഏൽക്കുന്ന സംഭവങ്ങൾ കൂടിവരുന്നത് ഗൗരവമായി കാണുന്നുണ്ടോ?

ഭക്ഷ്യ വിഷബാധ വളരെ ഗൗരവത്തോടുകൂടി കണ്ട് ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. നിശ്ചിത ഇടവേളകളിൽ പ്രത്യേക പരിശോധനാ സംഘങ്ങൾ രൂപീകരിച്ച് വിവിധ മേഖലകൾ കേന്ദ്രീകരിച്ച് രാത്രികാലങ്ങളിൽ ഉൾപ്പെടെ പരിശോധനകൾ

കർശനമാക്കിയിട്ടുണ്ട്. കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നു.

(ബി) കോഴിക്കോട് ഒരു കുടുംബത്തിലെ നാല് പേർക്ക് ഭക്ഷ്യ വിഷബാധയേറ്റ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോഴിക്കോട് ജില്ലയിൽ താമസിക്കുന്ന കുടുംബം 29-05-2024-ന് വയനാട് ജില്ലയിൽ പ്രവർത്തിക്കുന്ന ബാംബു ഹോട്ടൽ, വൈത്തിരി എന്ന സ്ഥാപനത്തിൽനിന്നും ഭക്ഷണം കഴിച്ചതിനെത്തുടർന്ന് പനി, ഛർദ്ദി, വയറിളക്കം എന്നിവയുണ്ടായി ആശുപത്രിയിലായി എന്ന വിവരം 30-05-2024-ന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 31-05-2024-ന് രാവിലെ കൽപ്പറ്റ ഭക്ഷ്യ സുരക്ഷാ ഓഫീസർ കൽപ്പറ്റ പരിധിയിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനം പരിശോധിച്ചു. ടി സ്ഥാപനം ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം Schedule-IV വയലേഷനിലാണ് പ്രവർത്തിക്കുന്നതെന്ന് ബോധ്യപ്പെട്ടതിനാൽ കോമ്പൗണ്ടിംഗ് നോട്ടീസ് നൽകി ന്യൂനതകൾ പരിഹരിക്കുന്നതുവരെ സ്ഥാപനം അടച്ചിടാൻ നിർദേശം നൽകി. ടി സ്ഥാപനം ഉടമ ന്യൂനതകളെല്ലാം പരിഹരിച്ചിട്ടുണ്ടെന്ന് കാണിച്ച്

കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 13-06-2024-ന് കൽപ്പറ്റ ഭക്ഷ്യ സുരക്ഷാ ഓഫീസർ സ്ഥാപനം പുനഃപരിശോധിക്കുകയും 14-06-2024-ന് ജില്ലാ ഡെസിഗ്നേറ്റഡ് ഓഫീസർ ഹിയറിംഗ് നടത്തി 10,000/-രൂപ പിഴ ചുമത്തി തുടർന്ന് പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകുകയും ചെയ്തു.

(സി) സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ഭക്ഷ്യ പരിശോധനകൾ നടത്തുന്നുണ്ട്. ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസ്, കോമ്പൗണ്ടിംഗ് നോട്ടീസ് എന്നിവ നൽകി പിഴ ചുമത്തുന്നുണ്ട്. പരിശോധനകളുടെ ഭാഗമായി സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുകയും Unsafe ആയി പരിശോധനാ ഫലം ലഭിക്കുന്ന സാഹചര്യത്തിൽ കുറ്റക്കാർക്കെതിരെ പ്രോസിക്യൂഷൻ കേസുകളും Substandard/Misbranded ആയി പരിശോധനാ

ഫലം ലഭിയ്ക്കുന്ന സാഹചര്യത്തിൽ കുറ്റക്കാർക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്തുവരുന്നു.

2006-ലെ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കാറ്ററിംഗ് യൂണിറ്റുകൾ, തട്ടുകടകൾ, മറ്റു ഭക്ഷ്യ ഉൽപാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കും ഭക്ഷ്യ സംരംഭകർക്കും കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്ന FoSTaC Training (Food Safety Training and Certification) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. നാളിതുവരെ 1292 ട്രെയിനിംഗുകളിലായി ആകെ 43470 ഭക്ഷ്യ സംരംഭകർക്ക് പരിശീലനം നൽകുകയുണ്ടായി.

**അമൃതം പൊടിയുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ നടപടി**

235 (2241) <u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീ. ടി. സിദ്ദിഖ്:</u>
<u>ശ്രീമതി ഉമ തോമസ്:</u>
<u>ശ്രീ. ചാണ്ടി ഉമ്മൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടിയിൽ കുട്ടികൾക്ക് പോഷകാഹാരമായി വിതരണം ചെയ്ത അമൃതം പൊടിയിൽ ചത്ത പല്ലിയെ കണ്ടെത്തിയ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ-ബി) അമൃതം പൊടിയിൽ ചത്ത പല്ലിയെ കണ്ടെത്തിയ സംഭവം ഗൗരവത്തോടെ കാണുന്നു. ജില്ലകളിലെ പ്രോഗ്രാം ആഫീസർമാർ അന്വേഷണം നടത്തുകയും ബന്ധപ്പെട്ട കുടുംബശ്രീ യൂണിറ്റ് സന്ദർശിച്ച് ലാബ് പരിശോധനയ്ക്ക് നിർദേശം നൽകുകയും ചെയ്തു. താൽക്കാലികമായി യൂണിറ്റിന്റെ പ്രവർത്തനം നിർത്തിവയ്ക്കുകയും അപാകത പരിഹരിച്ച് ലാബ് പരിശോധന ഗുണമേന്മ ഫലം ലഭ്യമാക്കിയ ശേഷം മാത്രം പ്രവർത്തന അനുമതി നൽകിയിട്ടുണ്ട്. കൂടാതെ SOP പ്രകാരമാണോ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനായി ശിശു വികസന പദ്ധതി ആഫീസർമാരുടെയും സൂപ്പർവൈസർമാരുടെയും യൂണിറ്റ് സന്ദർശനം കർശനമാക്കിയിട്ടുണ്ട്.

(സി) അമൃതം പൊടിയുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ സ്വീരീകരിച്ച നടപടി വിശദമാക്കുമോ?

അമൃതം പൊടിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് NABL അംഗീകാരമുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിക്കുന്ന റീജിയണൽ അനലറ്റിക്കൽ ലബോറട്ടറികൾ മുഖേന സാമ്പിളുകൾ പരിശോധിക്കുന്നതിനായി നല്കിവരുന്നു. ശിശു വികസന പദ്ധതി ആഫീസർ, സൂപ്പർവൈസർ എന്നിവർ എല്ലാ മാസവും അമൃതം ന്യൂട്രിമിക്സ് യൂണിറ്റ് സന്ദർശിച്ച് ആവശ്യമായ മാർഗ്ഗനിർദേശങ്ങൾ നല്കിവരുന്നുണ്ട്. യൂണിറ്റുകൾ അമൃതം ന്യൂട്രിമിക്സ് പ്രൊഡക്ഷൻ SOP പ്രകാരമാണോ പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തി അല്ലാത്തപക്ഷം പ്രസ്തുത യൂണിറ്റുകളെ ന്യൂട്രിമിക്സ് യൂണിറ്റ് നിർമ്മാണത്തിൽനിന്നും മാറ്റി നിർത്താറുണ്ട്. ഫുഡ് ആൻഡ് സേഫ്റ്റി, കുടുംബശ്രീ, വനിതാ ശിശു വികസന വകുപ്പ് ഉദ്യോഗസ്ഥർ സംയുക്തമായി യൂണിറ്റുകൾ സന്ദർശിച്ച് ഗ്രേഡിംഗ് നടത്തുകയും എ,ബി,സി ഗ്രേഡുകൾ നല്കുകയും സി ഗ്രേഡിലെ യൂണിറ്റുകളെ താൽക്കാലികമായി പ്രവർത്തനത്തിൽനിന്നും മാറ്റി നിർത്തുകയും

യൂണിറ്റിന്റെ അപാകതകൾ പരിഹരിച്ച് മെച്ചപ്പെടുത്തുമ്പോൾ മാത്രം പ്രവർത്തന അനുമതി നൽകിവരുകയും ചെയ്യുന്നു. അങ്കണവാടിയിൽ ഇറക്കുന്ന ന്യൂട്രിമിക്സ് പാക്കറ്റുകളിൽ നിർമ്മാണ തീയതി, കാലഹരണപ്പെടുന്ന തീയതി എന്നിവ നോക്കി ഭക്ഷ്യ യോഗ്യമാണോയെന്ന് ഉറപ്പുവരുത്തുവാൻ അങ്കണവാടി പ്രവർത്തകർക്ക് നിർദേശം നൽകിയിട്ടുണ്ട്. യൂണിറ്റുകൾ ഫുഡ് ആൻഡ് സേഫ്റ്റി/ആരോഗ്യ വകുപ്പ്/കുടുംബശ്രീ/വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിക്കാറുണ്ട്.

**മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി**

236 (2242) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ ഭക്ഷ്യസുരക്ഷാ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വില്പനയ്ക്കെത്തുന്ന മത്സ്യങ്ങളിലെ മായം കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ മത്സ്യ' പദ്ധതിക്ക് രൂപം നൽകുയും 2022

ഏപ്രിൽ 18 മുതൽ സംസ്ഥാന വ്യാപകമായി അന്യസംസ്ഥാനങ്ങളിൽനിന്നും ചെക്ക് പോസ്റ്റുകൾ വഴി സംസ്ഥാനത്തേക്ക് എത്തുന്നതുൾപ്പെടെയുള്ള മത്സ്യം പരിശോധിക്കുന്നതിന് ശക്തമായ ക്രമീകരണങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഹാർബറുകൾ, മത്സ്യലേല മാർക്കറ്റുകൾ, മത്സ്യ മൊത്ത വിപണന കേന്ദ്രങ്ങൾ, മത്സ്യ വിൽപ്പന കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ചെക്ക് പോസ്റ്റുകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യ പരിശോധനകൾ നടത്തിവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ഓപ്പറേഷൻ മത്സ്യയുടെ ഭാഗമായി മാത്രം 6125 പരിശോധനകൾ നടത്തുകയും 401 നോട്ടീസുകളും 213 കോമ്പൗണ്ടിംഗ് നോട്ടീസുകളും നൽകുകയും മത്സ്യത്തിന്റെ 45 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 7037 സർവ്വയിലൻസ് സാമ്പിളുകളും ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്കായി നൽകുകയും ഭക്ഷ്യയോഗ്യമല്ലാത്ത 8450 കിലോഗ്രാം മത്സ്യം നശിപ്പിയ്ക്കുകയും 3,51,000/- രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ പരിശോധനകളുടെ ഭാഗമായി മത്സ്യത്തിന്റെ സർവ്വയിലൻസ് സാമ്പിളുകൾ ശേഖരിച്ച്

ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നുമുണ്ട്. കൂടാതെ, മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളുടെ സേവനം പ്രയോജനപ്പെടുത്തിയും മത്സ്യ പരിശോധനകൾ നടത്തിവരുന്നു.

**ജീവിതശൈലി രോഗ നിയന്ത്രണം**

237 (2243) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലി രോഗങ്ങളെ പ്രതിരോധിക്കുന്നതിനായി ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

ജീവിതശൈലി രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമായി സംസ്ഥാനത്ത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, സബ് സെന്ററുകൾ, ജില്ല/ജനറൽ, താലൂക്ക് ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ ജീവിതശൈലി രോഗനിയന്ത്രണ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു.

രോഗികൾക്ക് ചികിത്സയും മരുന്നുകളും സൗജന്യമായാണ് ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നത്. ഗുരുതര ശ്വാസകോശ രോഗമായ COPD നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ചികിത്സിക്കുന്നതിനുംവേണ്ടി SWAAS (Step Wise Approach for Airway Disease) എന്ന പേരിൽ COPD നിയന്ത്രണ പദ്ധതി ആരംഭിച്ചിട്ടുണ്ട്. 172 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡയബറ്റിക് റെറ്റിനോപ്പതി കണ്ടെത്തുന്നതിനുള്ള നോൺ-മിട്രിയാട്രിക് ക്യാമറകൾ സ്ഥാപിക്കുകയുണ്ടായി. ഡയബെറ്റിസ്, രക്താതിമർദ്ദം എന്നിവ നിയന്ത്രണ നിരക്കിൽ എത്തിക്കുന്നതിനുള്ള ഐ.എച്ച്.സി.ഐ. എന്ന പരിപാടി 14 ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ആശാ പ്രവർത്തകർ ഗൃഹസന്ദർശനത്തിലൂടെ 30 വയസ്സിനുമുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളുടെയും ജീവിതശൈലി രോഗ ഹേതുക്കളുടെ ഒരു പര്യവേഷണം ഇ-ഹെൽത്ത് തയ്യാറാക്കിയ "ശൈലി" എന്ന ആപ്ലിക്കേഷനിലൂടെ നടപ്പിലാക്കുകയുണ്ടായി. ജീവിതശൈലീ രോഗങ്ങൾ വരാതെ ജനങ്ങളെ സംരക്ഷിക്കുന്നതിനാവശ്യമായ വ്യായാമം പ്രോത്സാഹിപ്പിക്കുന്നതിന് ഓപ്പൺ ജിം എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള യു.എച്ച്.ടി.സി., ആർ.എച്ച്.ടി.സി. എന്നിവ വഴി ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിനായി 30 വയസ്സിന് മുകളിൽ പ്രായമുള്ളവരുടെ ഉയരം, ഭാരം എന്നിവ കണ്ടെത്തി BMI കണക്കാക്കുകയും ബി.പി, ഷുഗർ പരിശോധന നടത്തുകയും ചെയ്യുന്നു. രോഗം സംശയിക്കപ്പെടുന്ന വ്യക്തികളെ ആരോഗ്യ കേന്ദ്രത്തിലേക്കയച്ച് വിദഗ്ധ സേവനം നൽകിവരുന്നു. ഇതിനായി ആരോഗ്യ ഉപകേന്ദ്രങ്ങളിൽ നിശ്ചിത ദിവസങ്ങളിലും ആരോഗ്യ കേന്ദ്രങ്ങളിൽ എല്ലാ ദിവസവും ജീവിതശൈലി ചികിത്സാ ക്ലിനിക്കുകൾ നടത്തിവരുന്നു. ജീവിതശൈലി രോഗ ക്ലിനിക്കുകളിൽ ആവശ്യമായ ബോധവൽക്കരണം നൽകിവരുന്നതുകൂടാതെ രോഗികൾ പാലിക്കേണ്ട ആഹാര ശീലങ്ങൾ, വ്യായാമ ശീലങ്ങൾ എന്നിവയെക്കുറിച്ചും ബോധവൽക്കരണം നൽകിവരുന്നു. കൂടാതെ ഓരോ മാസത്തിലും കുറഞ്ഞത് ഒരു തവണയെങ്കിലും വാർഡ് തലത്തിലും NCD ക്ലിനിക്കുകൾ നടത്തി വരുന്നുണ്ട്. ജീവിതശൈലി രോഗങ്ങൾമൂലമുണ്ടാകുന്ന സങ്കീർണ്ണതകളെപ്പറ്റിയും ബോധവൽക്കരണം നടത്തുന്നുണ്ട്. പ്രമേഹം, രക്തസമ്മർദ്ദം എന്നിവമൂലം കണ്ണുകളെയും നാഡികളെയും ബാധിക്കുന്ന

സങ്കീർണ്ണതകൾ നേരത്തേ കണ്ടെത്താനും തടയാനുമുള്ള പരിശോധനകൾ ആശുപത്രികൾ കേന്ദ്രീകരിച്ച് നടത്തിവരുന്നു. അതോടൊപ്പംതന്നെ പ്രമേഹം, രക്തസമ്മർദ്ദം എന്നിവ കാരണമുണ്ടാകുന്ന വൃക്കരോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനുള്ള രക്ത പരിശോധനയും ഹെൽത്ത് ചെക്കപ്പുകളും മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രികളിൽ നടത്തിവരുന്നു. കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ 25 ആശുപത്രികളിലേക്ക് വികസിപ്പിച്ചിട്ടുണ്ട്. വീടുകളിൽവച്ചുതന്നെ ഡയാലിസിസ് ചെയ്യാൻ സാഹചര്യം ഒരുക്കുന്ന പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി സംസ്ഥാന ആരോഗ്യ വകുപ്പ് 14 ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. പക്ഷാഘാതം നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനും സംസ്ഥാനത്തെ പ്രധാന ആശുപത്രികളിൽ സ്ട്രോക്ക് യൂണിറ്റുകളും പ്രവർത്തനസജ്ജമായിട്ടുണ്ട്.

(ബി) ജങ്ക് ഫുഡുകളുടെ ഉപയോഗം കുറയ്ക്കുന്നതിനും വ്യായാമം പ്രോത്സാഹിപ്പിക്കുന്നതിനും ആരോഗ്യ കേന്ദ്രങ്ങൾ വഴി നിർദേശങ്ങൾ നൽകുന്നുണ്ടോ; വിശദമാക്കാമോ?

ആരോഗ്യ കേന്ദ്രങ്ങൾ, ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ എത്തിച്ചേരുന്നവർക്ക് ജങ്ക് ഫുഡുകളുടെ ഉപയോഗം കുറയ്ക്കുന്നതിനും, വ്യായാമം പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ട ബോധവൽക്കരണ പരിപാടികൾ യു.എച്ച്.ടി.സി., ആർ.എച്ച്.ടി.സി.-കളിൽ സംഘടിപ്പിച്ചുവരുന്നു. കൂടാതെ ഒ.പി.-യിൽ എത്തുന്ന വേളയിലും ടി കാര്യങ്ങളെക്കുറിച്ച് വേണ്ട നിർദേശങ്ങൾ നൽകുന്നുണ്ട്.

ജങ്ക് ഫുഡുകളുടെ ഉപയോഗം കുറയ്ക്കുന്നതിനും ശരിയായ ആരോഗ്യ വിദ്യാഭ്യാസം പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനുമായി റൂറൽ ഹെൽത്ത് സെന്റർ/അർബൻ ഹെൽത്ത് സെന്റർ എന്നിവ വഴി ആരോഗ്യ ശുചിത്വ പോഷണ സമിതിയുടെ ആഭിമുഖ്യത്തിൽ എല്ലാ വാർഡുകളിലും മാസത്തിലൊരിക്കൽ ന്യൂട്രീഷ്യൻ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ആരോഗ്യ ദിനങ്ങളോടനുബന്ധിച്ച് സ്കൂളുകൾ, അങ്കണവാടികൾ എന്നിവ കേന്ദ്രീകരിച്ച് ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. കുടുംബശ്രീ യോഗങ്ങൾ, പൊതുസഭകൾ, ഗ്രാമസഭകൾ എന്നിവ വഴി ആരോഗ്യകരമായ ഭക്ഷണ ശീലം ഉറപ്പുവരുത്തുന്നതിന്റെ ആവശ്യകത

സംബന്ധിച്ചുള്ള അവബോധം ജനങ്ങളിൽ സൃഷ്ടിച്ചുവരുന്നു. കൂടാതെ വാർഡ് ഹെൽത്ത് സാനിട്ടേഷൻ സമിതി വഴി നടത്തുന്ന കൂട്ടായ്മകളും ലഘു വ്യായാമ ബോധവൽക്കരണങ്ങളും സംഘടിപ്പിച്ചുവരുന്നു.

കൂടാതെ ജങ്ക് ഫുഡുകളുടെ ഉപയോഗം കുറയ്ക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വൊക്കേഷണൽ ഹയർ സെക്കൻഡറി, ഹയർ സെക്കൻഡറി സ്കൂളുകളിലെ എൻ.എസ്.എസ്. വിഭാഗവുമായി ചേർന്നുകൊണ്ടാണ് ജങ്ക് ഫുഡിനെതിരെയുള്ള ആരോഗ്യ ബോധവൽക്കരണം നടത്തിവരുന്നത്. സ്കൂളുകളിലെ ഹെൽത്ത് ക്ലബ്ബുകൾ മുഖേനയും എൻ.സി.സി., എസ്.പി.സി, സ്കൗട്ട് ആൻഡ് ഗൈഡ് തുടങ്ങിയ യൂണിറ്റുകളിലൂടെയും വ്യായാമത്തെക്കുറിച്ചും ഭക്ഷണരീതിയെക്കുറിച്ചും ലഹരി വിമുക്തിയെക്കുറിച്ചുമുള്ള ബോധവൽക്കരണം നടപ്പിലാക്കിവരുന്നു. അടുക്കള സർവകലാശാല, ജങ്ക് ഫുഡ്, ജങ്ക്‌ലി തുടങ്ങിയ എൻ.എസ്.എസ് യൂണിറ്റുമായിച്ചേർന്ന് നടത്തിയ പ്രത്യേക പരിപാടികൾ കുട്ടികളിലെ ജങ്ക് ഫുഡിന്റെ ഉപയോഗം കുറയ്ക്കുന്നതിന് ഏറെ സഹായിച്ചിട്ടുണ്ട്. വ്യായാമം

പ്രോത്സാഹിപ്പിക്കുന്നതിന് കിച്ചൻ ഗാർഡൻ ഓപ്പൺ ജിം കായിക മത്സരങ്ങൾ എന്നിവ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്നു.

(സി) സ്കൂളുകളിലും സ്കൂളുകൾക്ക് സമീപം ഭക്ഷണവിതരണം നടത്തുന്ന കടകളിലും ജങ്ക് ഫുഡുകളുടെ ഉപയോഗംമൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ പ്രദർശിപ്പിക്കുമോ; ഇതിനായി ആരോഗ്യ വകുപ്പിന്റെ ടീം സ്കൂളുകളിലും ഭക്ഷണ വിതരണ കേന്ദ്രങ്ങളിലും നിശ്ചിത സമയക്രമങ്ങളിൽ പരിശോധനകളും ബോധവൽക്കരണവും നടത്തുമോ; വിശദമാക്കാമോ?

ജങ്ക് ഫുഡ് നിയന്ത്രിക്കുന്നതിന് നിലവിൽ പൊതുജനാരോഗ്യ നിയമങ്ങൾ ഒന്നുംതന്നെ നിലവിലില്ലായെന്നതിനാൽ സ്കൂളുകളിലും സ്കൂളുകൾക്ക് സമീപം ഭക്ഷണ വിതരണം നടത്തുന്ന കടകളിലും ജങ്ക് ഫുഡുകളുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കാൻ നിയമപരമായി സാധ്യമല്ല. അനാരോഗ്യപരമായ ഭക്ഷണം കഴിക്കുന്നതിൽനിന്ന് കുട്ടികളെ പിന്തിരിപ്പിക്കുന്നതിന് നടത്തിവരുന്ന ആരോഗ്യ ബോധവൽക്കരണമാണ് ആരോഗ്യവകുപ്പ് സ്വീകരിച്ചുവരുന്ന നടപടിക്രമം. കൂടാതെ സ്കൂൾ

കാന്റീനുകളിൽ ജങ്ക് ഫുഡ് വിതരണം ചെയ്യരുതെന്നുള്ള നിർദേശം ആരോഗ്യ വകുപ്പ് വിദ്യാഭ്യാസ വകുപ്പിന് നൽകിയിട്ടുള്ളതാണ്.

യു.എച്ച്.ടി.സി., ആർ.എച്ച്.ടി.സി സെന്ററുകൾ സ്കൂളുകളിലും സ്കൂളുകൾക്ക് സമീപം ഭക്ഷണവിതരണം നടത്തുന്ന കടകളിലും ജങ്ക് ഫുഡുകളുടെ ഉപയോഗംമൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ പ്രദർശിപ്പിക്കുകയും വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം നൽകുകയും ചെയ്യുന്നു. ഇതിനായി ആരോഗ്യ വകുപ്പിന്റെ ടീം സ്കൂളുകളിലും ഭക്ഷണ വിതരണ കേന്ദ്രങ്ങളിലും നിശ്ചിത സമയക്രമങ്ങളിൽ പരിശോധനകൾ നടത്തിവരുന്നു. കച്ചവടക്കാർക്കും വിദ്യാർത്ഥികൾക്കും ജങ്ക് ഫുഡ് ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ വ്യക്തമാക്കി കൊടുക്കുകയും ചെയ്യുന്നു.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, ഹെൽത്ത് സൂപ്പർവൈസർമാർ എന്നിവരടങ്ങുന്ന റൂറൽ ഹെൽത്ത് സെന്റർ/അർബൻ ഹെൽത്ത് ട്രെയിനിംഗ് സെന്റർ എന്നിവിടങ്ങളിലെ പ്രവർത്തകരുടെ ടീം കൃത്യമായ ഇടവേളകളിൽ ആശുപത്രിയുടെ പരിധിയിലുള്ള ഭക്ഷണ ഉൽപ്പാദന വിതരണ കേന്ദ്രങ്ങളിൽ പരിശോധന നടത്തുകയും ജലം, ഭക്ഷണ സാധനങ്ങൾ എന്നിവയുടെ

ഗുണമേന്മ ഉറപ്പ് വരുത്തുകയും ചെയ്യുന്നു. കൂടാതെ ഭക്ഷണ സാധനങ്ങൾ കൈകാര്യം ചെയ്യുന്ന ജീവനക്കാരുടെ ആരോഗ്യസ്ഥിതി ഉറപ്പുവരുത്തുകയും ചെയ്യുന്നു.

**ഭക്ഷ്യ വിഷബാധ**

238 (2244) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ പെരിഞ്ഞനത്ത് ഭക്ഷ്യ വിഷബാധയേറ്റ് സ്ത്രീ മരിച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ?

തൃശ്ശൂർ ജില്ലയിലെ കയ്പമംഗലം സർക്കിളിലെ പെരിഞ്ഞനം എന്ന സ്ഥലത്ത് സെയിൻ റെസ്റ്റോറന്റ് എന്ന സ്ഥാപനത്തിലുണ്ടായ ഭക്ഷ്യ വിഷബാധ ഗൗരവമായികണ്ട് സ്ഥാപനത്തിൽ പരിശോധന നടത്തുകയും ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം Schedule-IV നിയമലംഘനങ്ങൾ കണ്ടെത്തിയതിനെത്തുടർന്ന് സ്ഥാപനത്തിന്റെ പ്രവർത്തനം താൽക്കാലികമായി നിർത്തി ഭക്ഷ്യസുരക്ഷാ ലൈസൻസ് സസ്പെൻഡ് ചെയ്തു.

ഭക്ഷ്യ വിഷബാധയെത്തുടർന്ന് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ട വ്യക്തികളുടെ മൊഴികൾ രേഖപ്പെടുത്തി സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലാബിലേയ്ക്ക് നൽകിയിട്ടുണ്ട്. ഭക്ഷ്യ വിഷബാധയെത്തുടർന്ന് മരണപ്പെട്ട വ്യക്തിയുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) എങ്കിൽ സമാന സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ഭക്ഷ്യ പരിശോധനകൾ നടത്തുകയും പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് റെക്റ്റിഫിക്കേഷൻ നോട്ടീസ്, കോമ്പൗണ്ടിംഗ് നോട്ടീസ് എന്നിവ നൽകി പിഴ ചുമത്തുകയും ചെയ്യുന്നു. കൂടാതെ പരിശോധനകളുടെ ഭാഗമായി സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുകയും Unsafe ആയി പരിശോധനാ ഫലം

ലഭിക്കുന്ന സാഹചര്യത്തിൽ കുറ്റക്കാർക്കെതിരെ പ്രോസിക്യൂഷൻ കേസുകളും Substandard/Misbranded ആയി പരിശോധനാ ഫലം ലഭിക്കുന്ന സാഹചര്യത്തിൽ കുറ്റക്കാർക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്തുവരുന്നു.

2006-ലെ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കാറ്ററിംഗ് യൂണിറ്റുകൾ, തട്ടുകടകൾ, മറ്റു ഭക്ഷ്യ ഉൽപ്പാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കും ഭക്ഷ്യ സംരംഭകർക്കും കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്ന FoSTaC Training (Food Safety Training and Certification) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

**സപ്ലൈകോയ്ക്ക് എതിരായ ഹർജി**

239 (2245) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ എത്ര ഔട്ട്‌ലെറ്റുകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്: ഇതിൽ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്ന

എത്രയെണ്ണമുണ്ട്; ഇവയിൽ 2023 ഒക്ടോബറിൽ സബ്സിഡി നിരക്കിൽ നൽകുന്ന 13 ഉൽപ്പന്നങ്ങളും ഉള്ളവ എത്രയെണ്ണം ഉണ്ടായിരുന്നു; നിലവിൽ സബ്സിഡി ഉൽപ്പന്നങ്ങളിൽ ഏതൊക്കെ സ്റ്റോക്കുണ്ട്?

കേരളത്തിലുടനീളം സപ്ലൈകോയുടെ 1628 ഔട്ട്ലെറ്റുകളാണ് പ്രവർത്തിക്കുന്നത്. ആയവയുടെ വിവരം അനുബന്ധം I ആയി ചേർക്കുന്നു.+ 2023 ഒക്ടോബർ മാസത്തിൽ മേൽ വിൽപ്പനശാലകൾ വഴി 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ സബ്സിഡി ഉൽപ്പന്നങ്ങളിൽ ചെറുപയർ, കടല, ഉഴുന്ന്, വൻപയർ, തുവരപരിപ്പ്, മുളക്, മല്ലി, കെ റൈസ്, പച്ചരി, വെളിച്ചെണ്ണ എന്നിവ സ്റ്റോക്കുണ്ട്.

(ബി) സപ്ലൈകോയ്ക്ക് ഭക്ഷ്യസാധനങ്ങളും എഫ്.എം.സി.ജി. ഉല്പന്നങ്ങളും നൽകിയ വിതരണക്കാർക്ക് കഴിഞ്ഞ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ എത്ര തുകയാണ് ബിൽ പ്രകാരം കുടിശ്ശികയുള്ളത്; ഈ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ എത്ര തുകയാണ് കുടിശ്ശിക; വിതരണക്കാരുടെയും കുടിശ്ശിക തുകയുടെയും പട്ടികയുൾപ്പെടെയുള്ള വിശദാംശങ്ങൾ നൽകാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കഴിഞ്ഞ സാമ്പത്തിക വർഷം അവസാനവും ഈ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിലും സപ്ലൈകോയ്ക്ക് ഭക്ഷ്യ ധാന്യങ്ങളും FMCG ഉൽപ്പന്നങ്ങളും നൽകിയ വിതരണക്കാരുടെയും കുടിശ്ശികയുള്ള തുകയുടെയും വിശദാംശങ്ങൾ ഉൾപ്പെടുന്ന പട്ടിക അനുബന്ധം II ആയി ചേർക്കുന്നു. +

(സി) ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് തുക നൽകിയത്; തുക നൽകിയതിൽ മുൻഗണനാക്രമം തെറ്റിച്ചുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് ഏതെങ്കിലും കോടതികളിൽ കേസുണ്ടോ; കോടതികൾ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഈ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ വിതരണക്കാർക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധം III ആയി ചേർക്കുന്നു.+ മുൻഗണനാക്രമം തെറ്റിച്ച് തുക നല്കിയതായുള്ള പരാതി സപ്ലൈകോയിൽ ലഭിച്ചിട്ടില്ല. എന്നാൽ ചില വിതരണക്കാർ മുൻഗണനാക്രമം തെറ്റിച്ച് തുക നൽകി എന്നാരോപിച്ച് ബഹുമാനപ്പെട്ട കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. 14-06-2024-ന് ഇത്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംബന്ധിച്ച് ബഹുമാനപ്പെട്ട കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ പകർപ്പ് അനുബന്ധം IV ആയി ചേർക്കുന്നു.+

ഈ ഉത്തരവുപ്രകാരം സപ്ലൈകോയുടെ വിപണിയിടപെടൽ പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള 205.00 കോടി രൂപ, സപ്ലൈകോയ്ക്ക് അനുവദിക്കാനുള്ള അപേക്ഷ ഭക്ഷ്യ വകുപ്പ് മുഖേന പ്രിൻസിപ്പൽ സെക്രട്ടറി ധനകാര്യ വകുപ്പിന് നൽകി എത്രയും വേഗം തുക നൽകുവാനും തുക കിട്ടുന്ന ഉടൻതന്നെ സപ്ലൈകോ അടിയന്തരമായി അവ വിതരണക്കാർക്ക് വിതരണം ചെയ്യാനും ഉത്തരവായിട്ടുണ്ട്.

(ഡി) സപ്ലൈകോയ്ക്ക് എതിരെ നാഷണൽ കമ്പനി ലോ ട്രൈബ്യൂണലിൽ ഹർജി സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള നോട്ടീസിന് സപ്ലൈകോ മറുപടി നൽകിയോ; എങ്കിൽ എന്ത് മറുപടിയാണ് നൽകിയത്; സപ്ലൈകോ കമ്പനിയാണോ അതോ പൊതുമേഖലാ സ്ഥാപനമാണോ; വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സപ്ലൈകോയ്ക്കെതിരെ നാഷണൽ കമ്പനി ലോ ട്രൈബ്യൂണലിൽ കൊച്ചി ബെഞ്ചിൽ CP(C/ACT)/9/KO8/2024 നമ്പറായി കമ്പനീസ് ആക്ട് പ്രകാരം വിജയകുമാർ മുതലായവർ ഹർജി ബോധിപ്പിച്ചിട്ടുണ്ട്. മേൽ കേസിൽ സപ്ലൈകോയ്ക്ക് വേണ്ടി Supplyco Standing Counsel ഹാജരാവുകയും ചെയ്തിട്ടുണ്ട്. ടി കേസ് 11-06-2024-ൽ ബെഞ്ച് പരിഗണിച്ചിരുന്നു. തുടർന്ന് സപ്ലൈകോയുടെ ആക്ഷേപം ബോധിപ്പിക്കുന്നതിനായി 11-07-2024-ലേക്ക് അവധിക്ക് വയ്ക്കുകയും ചെയ്തിട്ടുണ്ട്.

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് കമ്പനീസ് ആക്ട്, 1956 പ്രകാരം സ്ഥാപിതമായ കമ്പനിയാണ്. ഈ കമ്പനിയുടെ മുഴുവൻ ഓഹരികളും കേരള സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതിനാൽ ഇത് ഒരു സംസ്ഥാന പൊതുമേഖലാ സ്ഥാപനം കൂടിയാണ്.

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം**

240 (2246) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിലക്കയറ്റംകൊണ്ട് ജനം പൊറുതി മുട്ടുന്നതും സാധാരണക്കാരന്റെ ജീവിതം ദുസ്സഹമാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഇന്ധന വില വർദ്ധന, പ്രളയം, വരൾച്ച, കാർഷിക മേഖലയിലെ പ്രശ്നങ്ങൾ, പൊതുവിപണിയിലെ പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയുംമൂലമുള്ള കൃത്രിമ ക്ഷാമം എന്നിങ്ങനെ വിവിധ കാരണങ്ങൾ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിന് കാരണമാകാറുണ്ട്. ഇന്ധന വിലവർദ്ധനവും കാർഷിക മേഖലയിലെ ഉൽപ്പാദന മാന്ദ്യവും നിമിത്തം രാജ്യത്താകമാനം അവശ്യസാധനങ്ങളുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും, താരതമ്യേന ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ താൽക്കാലികമായി നേരിയ വില വർദ്ധന ഉണ്ടായതല്ലാതെ വൻതോതിലുള്ള വിലക്കയറ്റം പ്രകടമായിട്ടില്ല. മുളക് ഉൾപ്പെടെയുള്ള അവശ്യ വസ്തുക്കളുടെ വില കേരളത്തിൽ കുറഞ്ഞുവരുന്നതായി കാണാവുന്നതാണ്.

(ബി) എങ്കിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും കൃത്യമായ വിപണി ഇടപെടൽ നടത്തുന്നതിനും വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇതിൻപ്രകാരം അതത് ജില്ലാ കളക്ടർ, ഭക്ഷ്യ-കൃഷി എന്നീ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ എല്ലാ മാസവും യോഗങ്ങൾ ചേർന്ന് ശിപാർശകൾ സഹിതമുള്ള റിപ്പോർട്ട് ഭക്ഷ്യ പൊതു വിതരണ കമ്മീഷണർക്ക് നൽകുകയും ആയതിന്മേൽ ഭക്ഷ്യ പൊതു വിതരണ കമ്മീഷണറുടെ ശിപാർശകൾ സഹിതം തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഉന്നതതല യോഗത്തിൽ സമർപ്പിക്കുകയും ചെയ്യുന്നു.

ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളം നിത്യോപയോഗ സാധനങ്ങൾക്കായി മറ്റ് സംസ്ഥാനങ്ങളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. സപ്ലൈകോയുടെ ശക്തമായ വിപണി ഇടപെടൽ

വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. സപ്ലൈകോയുടെ വിപുലമായ വിൽപ്പന ശൃംഖല മുഖേന വിതരണം നടത്തുന്ന സബ്സിഡി സാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം സർക്കാർ വിളിച്ച ചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വില നിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്.

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകുവാനുണ്ടായിരുന്ന കുടിശ്ശിക പൂർണ്ണമായും നൽകിയിട്ടുണ്ടോ വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പേരിലുള്ള വ്യാജ കമ്പനി

241 (2247) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പേരിൽ വ്യാജ കമ്പനിയുണ്ടാക്കി ആരെങ്കിലും തട്ടിപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ തട്ടിപ്പാണ് നടത്തിയതെന്ന് വ്യക്തമാക്കാമോ?

സപ്ലൈകോയുടെ പേരിനോട് സാമ്യമുള്ള പേരിട്ട് ഒരു കമ്പനി രൂപീകരിക്കുകയും സപ്ലൈകോയുടെ വ്യാജ ലെറ്റർ ഹെഡ് നിർമ്മിച്ച് വിവിധ കമ്പനികൾക്ക് പർച്ചേസ് ഓർഡർ നൽകിയത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കടവന്ത്ര പൊലീസ് സ്റ്റേഷനിൽ സപ്ലൈകോ പരാതി നൽകുകയും തുടർന്ന് തട്ടിപ്പിന് പിന്നിൽ പ്രവർത്തിച്ച വ്യക്തിയെ പൊലീസ് കണ്ടെത്തുകയും അറസ്റ്റ് രേഖപ്പെടുത്തി തുടർ അന്വേഷണം നടത്തിവരികയും ചെയ്യുന്നു. പ്രസ്തുത വ്യക്തി നടത്തിയ തട്ടിപ്പിലൂടെ സപ്ലൈകോയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല.

## പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താൻ നടപടി

242 (2248) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യഭദ്രതനിയമം, 2013 സംസ്ഥാനത്ത് നടപ്പിൽ വരുത്തിയശേഷം ആകെയുള്ള 3.34 കോടി ഗുണഭോക്താക്കളിൽ 43 ശതമാനം പേർക്ക് താഴെപ്പറയുന്ന വിധത്തിൽ സബ്സിഡി നിരക്കിൽ ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്തുവരുന്നുണ്ട്.

| | |
|---|---|
| എ.എ.വൈ. | 30 Kg അരി, സൗജന്യമായി ഗോതമ്പ്, ആട്ട, റാഗി എന്നിവയുൾപ്പടെ 5 Kg (പരമാവധി 2 പാക്കറ്റ് ആട്ട, 1 പാക്കറ്റ് റാഗി) ആട്ട 7-രൂപ/പാക്കറ്റ്, റാഗി 8-രൂപ/പാക്കറ്റ് നിരക്കിലും |

| | |
|---|---|
| പി.എച്ച്.എച്ച് | കാർഡിലെ ഒരോ അംഗത്തിനും 4 കിലോ അരി വീതം സൗജന്യമായും, 1 Kg ഗോതമ്പ്/ആട്ട/റാഗി (കാർഡിന് പരമാവധി 3 പാക്കറ്റ് ആട്ട അല്ലെങ്കിൽ 1 പാക്കറ്റ് റാഗി) ആട്ട 9-രൂപ/പാക്കറ്റ്, റാഗി 10-രൂപ/പാക്കറ്റ് നിരക്കിലും |

ബാക്കിയുള്ള 57 ശതമാനം കാർഡ് ഹോൾഡർമാരെ താഴെപ്പറയുന്ന രീതിയിൽ തിരിച്ച് അതോടൊപ്പം കൊടുത്തിരിക്കുന്ന നിരക്കിൽ ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്തുവരുന്നു.

| | |
|---|---|
| എൻ.പി.എസ്. | ഓരോ അംഗത്തിനും 2 Kg അരി 4 രൂപ/Kg. |
| എൻ.പി.എൻ.എസ്. | 5 Kg അരി 10.90 രൂപ /Kg (നിലവിലെ വിതരണതോത്). |
| എൻ.പി. ഐ. | 2 Kg അരി 10.90 രൂപ/Kg. |

കേന്ദ്ര സർക്കാർ സബ്സിഡി നൽകുന്നതിന് AAY, PHH വിഭാഗങ്ങൾക്ക് മാത്രമാണ്. കേന്ദ്ര സർക്കാർ 8.30 രൂപ/Kg നിരക്കിൽ നൽകുന്ന tide-over അരിയിൽനിന്നും സംസ്ഥാന സർക്കാർ 4.30-രൂപ/Kg രൂപ സബ്സിഡി വഹിച്ചാണ് NPS വിഭാഗങ്ങൾക്ക് 4-രൂപ/Kg നിരക്കിൽ അരി വിതരണം ചെയ്യുന്നത്.

സംസ്ഥാനത്തെ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് നോൺ പ്രയോറിറ്റി ഇൻസ്റ്റിറ്റ്യൂഷൻ (NPI) കാർഡുകൾ അനുവദിച്ച് ഒരു കാർഡിന് പ്രതിമാസം 2 Kg അരി 10.90/-രൂപ നിരക്കിൽ വിതരണം ചെയ്യുന്നത് വഴി ടി വിഭാഗത്തെ ഭക്ഷ്യസുരക്ഷയുടെ പരിധിയിൽ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ മുൻഗണന വിഭാഗത്തിലെ ഗുണഭോക്താക്കളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി പൊതുവിതരണ സംവിധാനം വഴി ചെറുധാന്യമായ റാഗിയുടെ വിതരണം ആരംഭിച്ചു. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന റാഗി പൊടിച്ച് പാക്കറ്റാക്കി AAY, PHH വിഭാഗത്തിന് വിതരണം ചെയ്തുവരുന്നു.

സംസ്ഥാനത്തെ ആദിവാസി ഗോത്രവർഗ്ഗ മേഖലകളിൽ റേഷൻ ഭക്ഷ്യധാന്യം നേരിട്ടെത്തിക്കുന്നതിന് സഞ്ചരിക്കുന്ന റേഷൻകട പദ്ധതി ആരംഭിച്ചു. നിലവിൽ 10 ജില്ലകളിലായി 19 താലൂക്കുകളിൽ സഞ്ചരിക്കുന്ന റേഷൻകടകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

സംസ്ഥാനത്ത് 'അങ്ങേയറ്റം ദരിദ്രരായ' കിടപ്പുരോഗികളായ റേഷൻ കാർഡുടമകൾക്ക് റേഷൻ കടകളിൽനിന്ന് റേഷൻ സാധനങ്ങൾ അതത് പ്രദേശത്തെ ഓട്ടോ തൊഴിലാളികളുടെ സഹകരണത്തോടെ ഭക്ഷ്യധാന്യങ്ങൾ വീട്ടിലെത്തിക്കുന്നതിനായി 'ഒപ്പം' എന്ന പേരിൽ സർക്കാർ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഒപ്പം പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് അവരുടെ റേഷൻ സാധനങ്ങൾ എല്ലാ മാസവും 10-നുമുമ്പ് സൗജന്യമായി വീട്ടിലെത്തിക്കും.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പട്ടിണി നിർമ്മാർജനം ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടി വിശപ്പുരഹിത കേരളം പദ്ധതി ആരംഭിക്കുകയും പദ്ധതിയുടെ ഭാഗമായി ഒരു നേരത്തെ ഭക്ഷണം മിതമായ നിരക്കിൽ ആവശ്യക്കാർക്ക് നൽകുന്നതിലേക്കായി സുഭിക്ഷാ ഹോട്ടലുകൾ ആരംഭിക്കുകയുമുണ്ടായി. സുഭിക്ഷ ഹോട്ടലുകളിൽ ഉച്ചഭക്ഷണം പാകം ചെയ്ത് വിതരണം ചെയ്യുന്നതിന് കുടുംബശ്രീകൾ, സഹകരണ സംഘങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവരുമായി കരാർ ഉണ്ടാക്കി സർക്കാർ നിർദേശപ്രകാരം 20/- രൂപയ്ക്ക് ഉച്ചഭക്ഷണം

നൽകിവരുന്നു. പ്രതിമാസം ഏകദേശം 3.5 ലക്ഷത്തോളം ജനങ്ങൾക്ക് സുഭിക്ഷ ഹോട്ടലുകളുകളുടെ പ്രയോജനം ലഭിച്ചുവരുന്നു.

മുൻഗണനാ വിഭാഗം കാർഡുകൾ കൈവശംവച്ച് റേഷൻ ആനുകൂല്യങ്ങൾ അനർഹമായി കൈപ്പറ്റുന്നുവെന്ന വ്യാപക പരാതി ലഭിച്ചതിൻപ്രകാരം പൊതുജനങ്ങളുടെ സഹായത്തോടെ മുൻഗണനാ വിഭാഗത്തിലെ അനർഹരെ കണ്ടെത്തി അവരുടെ കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റുന്നതിനും അപ്രകാരമുണ്ടാകുന്ന ഒഴിവുകളിൽ അർഹരായ കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന്റെയും ഭാഗമായിട്ടാണ് 'ഓപ്പറേഷൻ യെല്ലോ' എന്ന പേരിൽ ഒരു പരിശോധനാ പരിപാടി പൊതുവിതരണ വകുപ്പ് ആരംഭിച്ചത്.

പൊതുജനങ്ങൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിലേക്കായി ഭക്ഷ്യ സുരക്ഷാ ശൃഖലകളായ PDS, ICDS, MDMS എന്നീ പദ്ധതികൾ പ്രകാരം വിതരണം നടത്തിവരുന്ന അരി, മൂന്ന് സൂക്ഷ്മ പോഷകങ്ങളായ അയൺ, ഫോളിക് ആസിഡ്, വിറ്റാമിൻ ബി 12 എന്നിവ ചേർത്ത് സമ്പുഷ്ടീകരിച്ച് ലഭ്യമാക്കുന്ന പദ്ധതിയാണ് റൈസ്

ഫോർട്ടിഫിക്കേഷൻ. നിലവിൽ സംസ്ഥാനത്തെ എല്ലാ റേഷൻ കടകൾ വഴിയും ഫോർട്ടിഫൈഡ് അരി വിതരണം ചെയ്യുന്നുണ്ട്.

ആധാർ അധിഷ്ഠിത പൊതുവിതരണ സമ്പ്രദായം സംസ്ഥാനത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ റേഷൻ കാർഡിലെയും അംഗങ്ങളുടെ ആധാർ നമ്പർ റേഷൻ കാർഡുമായി ലിങ്ക് ചെയ്തു. റേഷൻ കടകളിൽ e-PoS മെഷീൻ ഉപയോഗിച്ച് ബയോമെട്രിക് സംവിധാനത്തിലൂടെ റേഷൻ വിതരണം ആരംഭിച്ചതോടെ റേഷൻ ഭക്ഷ്യധാന്യത്തിന്റെ ദുരുപയോഗം പൂർണ്ണമായും ഇല്ലാതാക്കുവാൻ സാധിച്ചു.

സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയെ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കൂടുതൽ ജനോപകാരപ്രദമാക്കി ശക്തിപ്പെടുത്തുന്നതിനായി പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻ കടകളെ ഉൾപ്പെടുത്തിക്കൊണ്ട് കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിലവിൽ റേഷൻ കടകൾ വഴി നല്കിവരുന്ന സേവനങ്ങൾക്ക് പുറമേ സി.എസ്.സി. (CSC) സേവനങ്ങൾ ഉൾപ്പെടെ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും നിത്യോപയോഗ സാധനങ്ങളുടെ വിപണനവും

നടപ്പാക്കുന്നതുവഴി റേഷൻ കട ഉടമകൾക്ക് ഒരു അധിക വരുമാന മാർഗമാണ് കെ-സ്റ്റോർ പദ്ധതികൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.

(ബി) ഇക്കാര്യത്തിലുള്ള കേന്ദ്ര അവഗണന അവസാനിപ്പിക്കാൻ നിയമ നടപടികൾ ഉൾപ്പെടെ സ്വീകരിക്കാൻ തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ പൊതുവിതരണ സംവിധാനത്തെ ദോഷകരമായി ബാധിക്കുന്ന കേന്ദ്രനയങ്ങൾ പുന:പരിശോധിക്കുവാൻ മന്ത്രിതലത്തിലും, സെക്രട്ടറി തലത്തിലും കേന്ദ്രസർക്കാരിനോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടുണ്ട്.

**സ്മാർട്ട് പി.ഡി.എസ്. പദ്ധതി**

243 (2249) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട് പി.ഡി.എസ്. പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

സ്മാർട്ട് പി.ഡി.എസ് പദ്ധതി സംബന്ധിച്ച ധാരണാപത്രം കേന്ദ്ര സർക്കാരും കേരളാ സർക്കാരും തമ്മിൽ 2024 മെയ് മാസം ഒപ്പുവച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിലൂടെ പൊതുവിതരണ രംഗത്തെ കൂടുതൽ ശാക്തീകരിക്കുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ അതിനുള്ള സാധ്യതകൾ വിശദമാക്കുമോ?

സംസ്ഥാനത്ത് പൊതുവിതരണ രംഗത്ത് എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ സ്കീമുകൾ കൊണ്ടുവന്ന് സാങ്കേതികവിദ്യയുടെ നേതൃത്വത്തിലുള്ള പരിഷ്കാരങ്ങൾ നിലനിർത്താനും നിലവിലുള്ള IMPDS സ്കീമിന്റെ പരിഷ്കാരങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും പൊതുവിതരണ സമ്പ്രദായത്തിന്റെ പ്രവർത്തനത്തിൽ ഭാവിയിൽ പുതിയ പരിഷ്കാരങ്ങൾ അവതരിപ്പിക്കാനും ഒരു രാജ്യം ഒരു റേഷൻ കാർഡ് (ONORC) സംവിധാനത്തിന് കീഴിൽ ദേശീയ പോർട്ടബിലിറ്റി ശക്തിപ്പെടുത്തുവാനും ടി പദ്ധതി ഉദ്ദേശിക്കുന്നു. ഗോഡൗൺ തലങ്ങളിൽ പ്രവർത്തനക്ഷമത വർധിപ്പിക്കുന്നതോടൊപ്പം ഭരണവും നിയന്ത്രണവും മെച്ചപ്പെടുത്തുന്നതിനുള്ള മാനുവൽ ഇടപെടൽ കുറയ്ക്കുന്നതിനും ടി പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ സിവിൽ സർവീസ് വകുപ്പ് പദ്ധതികൾ**

244 (2250) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ സിവിൽ സപ്ലൈസ് വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പദ്ധതി വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് മുഖാന്തരം ഒപ്പം പദ്ധതി, സുഭിക്ഷ ഹോട്ടൽ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 09 ഉണഭോക്താക്കൾക്കാണ് ഒപ്പം പദ്ധതി മുഖാന്തരം റേഷൻ വിതരണം നടത്തിവരുന്നത്. കൂടാതെ സുഭിക്ഷ ഹോട്ടലും നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ഒരു കെ-സ്റ്റോറും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

നിലവിൽ റേഷൻ കടകൾ വഴി നൽകിവരുന്ന സേവനങ്ങൾക്ക് പുറമേ മിൽമയുടെ തിരഞ്ഞെടുത്ത ഉൽപ്പന്നങ്ങൾ, IOC-യുടെ ചോട്ടു ഗ്യാസ്, ഇതിനുപുറമേ ഗാർഹിക സിലിണ്ടർ, സപ്ലൈകോയുടെ ശബരി ഉൽപ്പന്നങ്ങൾ, CSC സേവനങ്ങൾ, വ്യവസായ വാണിജ്യ വകുപ്പിനുകീഴിലുള്ള (MSME) ചെറുകിട വ്യവസായ യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ എന്നിവ കെ-സ്റ്റോറുകൾ വഴി നൽകിവരുന്നു.

**അന്ത്യോദയ അന്നയോജന പദ്ധതി**

245 (2251) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അന്ത്യോദയ അന്നയോജനയിൽ ഉൾപ്പെടുന്ന റേഷൻ കാർഡ് ഉടമകൾക്ക് മാസത്തിൽ എത്ര കിലോ അരിയും ഗോതമ്പുമാണ് പൊതുവിതരണ കേന്ദ്രങ്ങളിലൂടെ സൗജന്യമായി ലഭിക്കുന്നത്; വ്യക്തമാക്കാമോ?

അന്ത്യോദയ അന്നയോജന (AAY)-യിൽ ഉൾപ്പെടുന്ന റേഷൻ കാർഡ് ഉടമകൾക്ക് പ്രതിമാസം 30 കി.ഗ്രാം അരിയും 3 കി.ഗ്രാം ഗോതമ്പും 2

പാക്കറ്റ് ആട്ടയും ഉൾപ്പെടെ ആകെ 35 കി.ഗ്രാം ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നുണ്ട്. നിലവിൽ സൗജന്യമായാണ് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നത്. ആട്ടയുടെ പ്രോസസിംഗ് ചാർജ്ജായി പായ്ക്കറ്റൊന്നിന് 7/ രൂപ നിരക്കിൽ ഈടാക്കുന്നുണ്ട്.

**ഒപ്പം പദ്ധതിയുടെ പുരോഗതി**

246 (2252) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒപ്പം പദ്ധതി പ്രകാരം മാവേലിക്കര മണ്ഡലത്തിൽ എത്ര ഗുണഭോക്താക്കൾക്ക് റേഷൻ സാധനങ്ങൾ വീട്ടിൽ എത്തിച്ചു നല്കുന്നുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കുമോ?

നിലവിൽ മാവേലിക്കര മണ്ഡലത്തിൽ പാലമേൽ പഞ്ചായത്തിലെ ഒരു ഗുണഭോക്താവിനാണ് ഒപ്പം പദ്ധതി പ്രകാരം റേഷൻസാധനങ്ങൾ വീട്ടിലെത്തിച്ചുനൽകുന്നത്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്.

1. സുഭിക്ഷ ഹോട്ടൽ - വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി സുഭിക്ഷ ഹോട്ടൽ ആരംഭിച്ച് 20/-രൂപ നിരക്കിൽ ഉച്ചയൂണ് നൽകിവരുന്നു.

2. ഒപ്പം പദ്ധതി - വാർദ്ധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ റേഷൻ കടകളിൽ എത്താൻ കഴിയാത്ത 'അങ്ങേയറ്റം ദരിദ്രരായ' കുടുംബങ്ങൾക്ക് ഓട്ടോറിക്ഷ തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് റേഷൻ വിഹിതം വീടുകളിൽ എത്തിച്ചുനൽകുന്നു.

3. കെ-സ്റ്റോർ-റേഷൻകട വൈവിധ്യവൽക്കരണവുമായി ബന്ധപ്പെട്ട് മാവേലിക്കര താലൂക്കിൽ 8 റേഷൻകടകളെ കെ-സ്റ്റോറുകളായി ഉയർത്തിയിട്ടുണ്ട്.

4. സുജലം പദ്ധതി- ഹില്ലി അക്വാ കുപ്പിവെള്ളം ലിറ്ററിന് 10/-രൂപ നിരക്കിൽ റേഷൻകടകൾ വഴി വിതരണം നടത്തിവരുന്നു.

5. തെളിമ പദ്ധതി- 2021 മുതൽ എല്ലാ വർഷവും നവംബർ 15 മുതൽ ഡിസംബർ 15 വരെ റേഷൻകാർഡിലെ തെറ്റുകൾ തിരുത്തുന്നതിന് കാർഡുടമകൾക്ക് അവസരം നൽകുന്നു.

**ഒപ്പം പദ്ധതി**

247 (2253) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പിലാക്കുന്ന 'ഒപ്പം' പദ്ധതി വിജയകരമായി നടന്നുവരുന്നുണ്ടോ; അതുവഴി എത്ര ഗുണഭോക്താക്കൾക്ക് റേഷൻ വിഹിതം വീടുകളിൽ എത്തിച്ചുനൽകാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കാമോ?

വാർദ്ധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ റേഷൻ കടകളിൽ എത്താൻ കഴിയാത്ത 'അങ്ങേയറ്റം ദരിദ്രരായ' കുടുംബങ്ങൾക്ക് ഓട്ടോറിക്ഷ തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് റേഷൻ വിഹിതം

വീടുകളിൽ എത്തിക്കുന്നതിനാണ് 'ഒപ്പം' പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ഓട്ടോ തൊഴിലാളികളുടെ സമ്പൂർണ്ണ സഹകരണത്തോടുകൂടി നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് അവരുടെ റേഷൻ വിഹിതം എല്ലാ മാസവും 10-ാം തീയതിക്കുമുമ്പ് സൗജന്യമായി വീട്ടിൽ എത്തിക്കും. 2023 ഫെബ്രുവരി 13-ന് തൃശ്ശൂർ ജില്ലയിൽ ആരംഭിച്ച് എല്ലാ ജില്ലകളിലും വിജയകരമായി നടപ്പാക്കിയ പദ്ധതിയിലൂടെ നിലവിൽ 849 ഗുണഭോക്താക്കൾക്ക് റേഷൻസാധനങ്ങൾ വീട്ടിലെത്തിച്ച് നൽകുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**റേഷൻ വിതരണ നടപടികൾ**

248 (2254) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിലെ ഏറ്റവും പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് അർഹതപ്പെട്ട ഭക്ഷ്യധാന്യങ്ങൾ മറ്റുള്ളവർ അനർഹമായി കൈപ്പറ്റുന്ന സാഹചര്യം ഒഴിവാക്കി അർഹരായ ജനവിഭാഗങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉറപ്പാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

അനർഹരെ പൂർണ്ണമായും ഒഴിവാക്കുന്നതിനും അവരുടെ സ്വയം ഒഴിവാകൽ നടപടികൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി അനർഹമായി കൈവശം വച്ചിട്ടുള്ള മുൻഗണനാ റേഷൻ കാർഡുകൾ പിഴ കൂടാതെ സറണ്ടർ ചെയ്യുന്നതിന് 16-06-2021 മുതൽ 15-07-2021 വരെ സമയം അനുവദിച്ചിരുന്നു. അനർഹമായ മുൻഗണനാ കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്യുവാൻ അഭ്യർത്ഥിച്ചുകൊണ്ടുള്ള നോട്ടീസ് എല്ലാ റേഷൻ ഡിപ്പോകളിലും പ്രദർശിപ്പിക്കുകയും അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്തുന്നതിനും അപ്രകാരമുള്ളവരുടെ വിവരങ്ങൾ അറിയിക്കുന്നതിനും മാധ്യമ പ്രചാരണം നടത്തിവരികയും ചെയ്യുന്നു.

പി.ഡി.എസ്. കൺട്രോൾ ഓർഡർ 2015 ക്ലോസ് (13) പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയയാണ്. നേരിട്ടും ടെലിഫോൺ പരാതി സെല്ലിലൂടെയും ലഭിക്കുന്ന പരാതികളിൻമേൽ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസർമാരും റേഷനിംഗ്

ഇൻസ്പെക്ടർമാരും ഫീൽഡ്തല പരിശോധന നടത്തി അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്തി ദുരുപയോഗം ചെയ്ത റേഷൻ സാധനങ്ങളുടെ കമ്പോളവില പിഴയായി ഈടാക്കി കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിവരുന്നു.

ഇതര വകുപ്പുകളുടെ ഡാറ്റയുമായി ആർ.സി.എം.എസ്. ഡാറ്റ വിശകലനം ചെയ്തും ബയോമെട്രിക് ഓതന്റിക്കേഷൻ വഴിയും ഒരംഗം മാത്രമുള്ള കാർഡുകളും ആധാർ ലിങ്ക് ചെയ്യാത്ത മുൻഗണനാ കാർഡുകളും പരിശോധനയ്ക്ക് വിധേയമാക്കിയും അനർഹരെ കണ്ടെത്തി പട്ടികയിൽനിന്നും ഒഴിവാക്കി അർഹരായവർക്ക് അവസരമുറപ്പാക്കുന്ന നടപടികൾ തുടർന്നുവരുന്നു.

മുൻഗണനാ വിഭാഗത്തിലെ കൂടുതൽ അനർഹരെ കണ്ടെത്തുന്നതിലേക്കായി OPERATION YELLOW എന്ന പേരിൽ ഒരു പരിശോധനാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിപ്രകാരം പൊതു ജനങ്ങൾക്ക് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരുടെ പേര് വിവരങ്ങൾ അറിയിക്കുവാൻ അവസരം നൽകിയിട്ടുണ്ട്.

ആയതിലേക്ക് 1987 ടോൾ ഫ്രീ (1800-425-1550), വാട്സ് ആപ്പ് (9188527301) നമ്പരുകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

(ബി) മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി പരിഗണനയിലുള്ള അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കാമോ?

നാളിതുവരെ ലഭ്യമായ എല്ലാ അപേക്ഷകളിന്മേലും പരിശോധന നടത്തി അർഹതയുടെ അടിസ്ഥാനത്തിൽ ഒഴിവുകൾക്കനുസൃതമായി മുൻഗണനാ കാർഡ് നൽകിവരുന്നു. ഓൺലൈൻ മുഖേന ലഭ്യമാകുന്ന അപേക്ഷകൾ സൂക്ഷ്മപരിശോധനക്ക് വിധേയമാക്കിയും ആവശ്യമെങ്കിൽ ഫീൽഡ് പരിശോധന നടത്തിയും മുപ്പതോ അതിലധികമോ മാർക്ക് ലഭിക്കുന്നതുവരെ മാർക്കിന്റെ അടിസ്ഥാനത്തിൽ സപ്ലിമെന്ററി പട്ടികയിൽ ഉൾപ്പെടുത്തി മുൻഗണനാ പട്ടിക തയ്യാറാക്കുകയും ഓരോ താലൂക്കിനുമുള്ള ഒഴിവുകൾ അലോട്ട് ചെയ്യുന്ന മുറയ്ക്ക് റാങ്ക് ലിസ്റ്റിലെ സീനിയോറിറ്റി പ്രകാരം കാർഡുകൾ സമയബന്ധിതമായി മുൻഗണനയിലേക്ക് തരം മാറ്റി നൽകുകയുമാണ് ചെയ്തുവരുന്നത്. ജില്ല തിരിച്ച് വിവരം ശേഖരിക്കാറില്ല.

(സി) സംസ്ഥാനത്തെ അതിഥി തൊഴിലാളികൾക്ക് പൊതുവിതരണ സമ്പ്രദായത്തിലൂടെ ഭക്ഷ്യധാന്യങ്ങൾ നേരിട്ട് നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് നിലവിലുള്ള അന്യസംസ്ഥാന തൊഴിലാളികൾക്ക്- One Nation One Ration Card (ONORC) പദ്ധതി പ്രകാരം റേഷൻ ഭക്ഷ്യധാന്യം നൽകുന്നതുമായി ബന്ധപ്പെട്ട്, ആധാർ കാർഡോ റേഷൻ കാർഡോ ഇല്ലാത്തവർ, ആധാർ കാർഡുണ്ടെങ്കിലും റേഷൻ കാർഡ് ഇല്ലാത്തവർ, ആധാർ കാർഡുള്ളവരും സ്വന്തം സംസ്ഥാനത്ത് റേഷൻ കാർഡുള്ളവർ എന്നിങ്ങനെ മൂന്ന് വിഭാഗമായി തിരിച്ച് അവർക്ക് റേഷൻ കാർഡ് ലഭ്യമാക്കി Ration Rights Card (RRC)നല്കിവരുന്നു.

(ഡി) ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്ത ഇനത്തിൽ റേഷൻ വ്യാപാരികൾക്ക് നൽകാനുള്ള കമ്മീഷൻ പൂർണ്ണമായും വിതരണം ചെയ്തുകഴിഞ്ഞോയെന്ന് വിശദമാക്കാമോ?

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകൾക്ക് 2020 മുതൽ 2021 വരെ റേഷൻ കടകൾ വഴി സൗജന്യ

അതിജീവന കിറ്റുകൾ വിതരണം നടത്തിയതിന് റേഷൻ വ്യാപാരികൾക്ക് 3 തവണകളായി കമ്മീഷൻ നൽകിയിരുന്നു. 2020 ഏപ്രിൽ, മേയ് മാസങ്ങളിലെ കിറ്റ് വിതരണത്തിന് ഒരു കിറ്റിന് 7/-രൂപ നിരക്കിലും 2020 ആഗസ്റ്റ്, സെപ്തംബർ, 2021 മേയ് എന്നീ മാസങ്ങളിൽ ഒരു കിറ്റിന് 5/- രൂപ നിരക്കിലുമാണ് കമ്മീഷൻ വിതരണം നടത്തിയത്.

എന്നാൽ കിറ്റ് വിതരണംചെയ്തു ശേഷിക്കുന്ന മാസത്തേക്കുംകൂടി കമ്മീഷൻ നൽകണമെന്ന് റേഷൻ വ്യാപാരികൾ ആവശ്യപ്പെട്ടിരുന്നു. പ്രതിസന്ധി നേരിട്ടിരുന്ന പൊതുജനങ്ങൾക്ക് ആശ്വാസമായി അതിജീവന കിറ്റ് വിതരണം നടത്തിയതിനാൽ കമ്മീഷൻ നൽകുന്നത് നയപരമായ തീരുമാനമാണെന്നുള്ള സർക്കാർ നിലപാടിനെതിരെ ആറ് റേഷൻ വ്യാപാരികൾ ഹൈക്കോടതിയെ സമീപിക്കുകയും കമ്മീഷൻ കുടിശ്ശിക അനുവദിക്കാൻ ഉത്തരവായതിനെത്തുടർന്ന് ടി റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ അനുവദിക്കുകയും ചെയ്തിരുന്നു. കിറ്റ് വിതരണത്തിന്റെ കമ്മീഷൻ തുക ആവശ്യപ്പെട്ട് 27 ഹർജികളിലായി 6576 റേഷൻ വ്യാപാരികൾ കേസ് നൽകിയിട്ടുള്ളതനുസരിച്ച് ടി ഹർജിക്കാർക്ക് നൽകേണ്ട കമ്മീഷൻ

തുകയുടെ വിവരം ജില്ലകളിൽനിന്നും ക്രോഡീകരിച്ച് പരിശോധിച്ചുവരുന്നു. നിലവിൽ കോടതി വിധി വന്നിട്ടുള്ള 13 കേസിലെ ഹർജിക്കാർക്ക് നൽകാനുള്ള തുകയുടെ വിശദാംശങ്ങൾ ജില്ലകളിൽനിന്നും ശേഖരിച്ചുവരുന്നു.

**റേഷൻ കട ലൈസൻസികൾ**

249 (2255) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ എത്ര റേഷൻ കടകളാണുള്ളത്; 2021-ലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം ക്രമക്കേടുകളുമായി ബന്ധപ്പെട്ട് എത്ര റേഷൻ കടകളുടെ ലൈസൻസികളെ സസ്പെൻഡ് ചെയ്തു; ഇതിൽ എത്ര പേർക്ക് ലൈസൻസ് പിന്നീട് തിരികെ നൽകി?

വിശദാംശങ്ങൾ അനുബന്ധം 1-ആയി ചേർക്കുന്നു.+

(ബി) ഒന്നിൽ കൂടുതൽ റേഷൻ കടകൾ കൈവശം വച്ചുവരുന്ന എത്ര ലൈസൻസികളുണ്ട്; ഇവരുടെ പേരുവിവരങ്ങളും എന്നു മുതൽ, ഏതൊക്കെ കാരണങ്ങളാലാണ് ലൈസൻസ് അനുവദിച്ചു നൽകിയതെന്നുമുള്ള വിവരവും ഉൾപ്പെടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.+

(സി) താൽക്കാലികമായി ലൈസൻസ് സസ്പെൻഡ് ചെയ്ത റേഷൻകടകൾ നിലവിലെ കടകളിലേക്ക് അറ്റാച്ച് ചെയ്ത പ്രവർത്തിച്ചു വരുന്നുണ്ടോ; എങ്കിൽ അവ ഏതൊക്കെ, എവിടെയൊക്കെ, എന്നുമുതൽ എന്നീ വിവരങ്ങൾ ജില്ല തിരിച്ച് നൽകാമോ?

വിശദാംശങ്ങൾ അനുബന്ധം 3-ആയി ചേർക്കുന്നു.+

(ഡി) 2021-നുശേഷം എത്ര റേഷൻ കടകളുടെ ലൈസൻസികളാണ് സ്വമേധയാ സേവനം അവസാനിപ്പിച്ചത്; നഷ്ടം കാരണമാണ് ഇവർ സേവനം അവസാനിപ്പിച്ചതെന്ന് വകുപ്പിനെ അറിയിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് അന്വേഷണമോ പഠനമോ നടത്തിയിട്ടുണ്ടോ; 600-ൽ താഴെ റേഷൻ കാർഡുകളുള്ള ഏതെങ്കിലും ലൈസൻസികൾ നിലവിലുണ്ടോ?

നഷ്ടം കാരണം റേഷൻ കട അവസാനിപ്പിച്ചതായി ആരും അറിയിച്ചിട്ടില്ല. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-4 ആയി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) റേഷൻ കട ലൈസൻസികൾക്ക് ക്ഷേമനിധി പദ്ധതി നിലവിലുണ്ടോ; എങ്കിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത്; ആനുകൂല്യങ്ങൾ കുടിശ്ശികയായിട്ടുണ്ടോ?

ഉണ്ട്. 01-01-2000 മുതൽ പ്രവർത്തനം ആരംഭിച്ച കേരള റേഷൻവ്യാപാരി ക്ഷേമനിധിയിൽനിന്നും പെൻഷൻ, അംശദായം തിരികെ നൽകൽ, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ചികിത്സാധനസഹായം തുടങ്ങിയ ക്ഷേമപദ്ധതികളിലേക്കാണ് ധനസഹായം അനുവദിക്കുന്നത്. സാമ്പത്തിക പ്രതിസന്ധിമൂലം വിവിധ അപേക്ഷകളിൽ നിലവിൽ ധനസഹായ തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. അംശദായം തിരികെ നൽകുന്നതിലേക്ക് 1,01,19,237/-രൂപയും മരണാനന്തരധനസഹായം അനുവദിക്കുന്നതിലേക്ക് 23,42,670/-രൂപയും പെൻഷൻ അരിയർ അനുവദിക്കുന്നതിലേക്ക് 19,92,000/-രൂപയും സർക്കാർ ഉത്തരവ് പുന:ക്രമീകരിച്ചതിലൂടെ പെൻഷൻ ഇനത്തിൽ അധികമായി അനുവദിക്കേണ്ട തുകയായി 19,55,000/-രൂപയും ഉൾപ്പെടെ ആകെ

1,64,08,907/-രൂപയോളം നിലവിൽ പാസാക്കി വച്ചിരിക്കുന്ന അപേക്ഷകളിൽ കടിശ്ശികയായി അനുവദിക്കാനുണ്ട്.

(എഫ്) ലൈസൻസികൾക്കുള്ള വേതന പാക്കേജ് നിലവിൽ വന്നത് എങ്ങനെയാണ്; ഈ പാക്കേജ് പ്രകാരം വിവിധ സ്ലാബുകളിലായി ലഭിക്കുന്ന ആനുകൂല്യങ്ങളും അത് ലഭിക്കുന്നവരുടെ എണ്ണവും വിശദമാക്കാമോ?

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി, 30-11-2018-ലെ സ.ഉ. (കൈ)നം.46/2018/ഭ.പൊ.വി.വ പ്രകാരം റേഷൻ വ്യാപാരികൾക്ക് ഒരു കമ്മീഷൻ പാക്കേജ് നടപ്പിലാക്കി. ടി പാക്കേജ് പ്രകാരം 45 ക്വിന്റൽ വിതരണം നടത്തുന്ന വ്യാപാരികൾക്ക് മുൻപ് ലഭിച്ചിരുന്ന അടിസ്ഥാന കമ്മീഷൻ തുകയായ 16,000/-രൂപയിൽനിന്നും 18,000/-രൂപയായി വർധിപ്പിക്കുകയും സപ്പോർട്ടീവ് പേയ്മെന്റ് തുക 6,100/-രൂപയിൽനിന്നും 8,500/- രൂപയായി വർധിപ്പിക്കുകയുമുണ്ടായി. 44 ക്വിന്റൽ വരെ ഭക്ഷ്യധാന്യ വിൽപ്പന നടത്തുന്നവർക്ക് ക്വിന്റലിന് 220/-രൂപ നിരക്കിൽ കമ്മീഷനും 18,000/-രൂപ അടിസ്ഥാന കമ്മീഷൻ ലഭ്യമാകുന്നതിന് പരമാവധി 8,500/-

രൂപ വരെ സപ്പോർട്ടീവ് പേയ്മെന്റും ലഭ്യമാക്കിയിട്ടുണ്ട്. 45 ക്വിന്റലിനു മുകളിൽ ഭക്ഷ്യധാന്യ വിൽപ്പന നടത്തിയാൽ അടിസ്ഥാന കമ്മീഷനായ 18,000/-രൂപയ്ക്കുപുറമേ വിൽപ്പന നടത്തുന്ന ഓരോ ക്വിന്റലിനും 180/-രൂപ നിരക്കിൽ കമ്മീഷൻ അനുവദിച്ചു. 45 ക്വിന്റൽ വരെ വിൽപ്പന നടത്തുന്ന വ്യാപാരി അടിസ്ഥാന കമ്മീഷൻ ലഭിക്കുന്നതിന് റിക്വയർമെന്റിന്റെ 70 ശതമാനത്തിലധികം വിൽപ്പന നടത്തേണ്ടതാണ്. വിൽപ്പനയിലുണ്ടാകുന്ന കുറവിന് ആനുപാതികമായി കമ്മീഷനിലും കുറവ് ഉണ്ടാവുന്നതാണ്. ആയതുപ്രകാരം 60 ശതമാനത്തിനും 70 ശതമാനത്തിനുമിടയിൽ വിൽപ്പന നടത്തുന്നവർക്ക് സപ്പോർട്ടീവ് പേയ്മെന്റിൽനിന്നും 20 ശതമാനവും 60 ശതമാനത്തിൽ താഴെ വിൽപ്പന നടക്കുമ്പോൾ 40 ശതമാനവും കുറവുണ്ടാകുന്നതാണ്. 2023 ഡിസംബർ മാസത്തെ കമ്മീഷൻ അടിസ്ഥാനമാക്കിയുള്ള വ്യാപാരികളുടെ എണ്ണം അനുബന്ധം-5 ആയി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**നിർധനർക്കും പാവങ്ങൾക്കുമായി ഭക്ഷ്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

250 (2256) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നിർധനർക്കും പാവങ്ങൾക്കുമായി എന്തെല്ലാം പദ്ധതികളാണ് ഭക്ഷ്യ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്?

1. <u>അതിദരിദ്രർക്ക് മുൻഗണനാ റേഷൻ കാർഡ്</u>

ദാരിദ്ര്യനിർമ്മാർജ്ജന നടപടികളുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് റേഷൻ കാർഡില്ലാത്തവരുടെ വിവരങ്ങൾ ശേഖരിച്ച് കാർഡ് അനുവദിക്കുന്നതിന് പൊതുവിതരണ വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നു. മുൻഗണനാ പരിധിയിൽ ഉൾപ്പെടാൻ അർഹതയുണ്ടായിട്ടും മുൻഗണനേതര കാർഡ് ലഭ്യമായവർക്ക് ആയത് മാറ്റി നൽകുന്നതിനും, അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെ യോഗ്യമായ വിഭാഗത്തിൽ ഉൾപ്പെടുത്തി റേഷൻകാർഡ് ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതുപ്രകാരം റേഷൻ കാർഡ് ഇല്ലാത്ത അതിദരിദ്രരായ

7316 പേരുടെ ലിസ്റ്റിൽ നിന്നും 5132 പേർക്ക് റേഷൻ കാർഡ് നല്കിയിട്ടുണ്ട്. ഇതിൽ ജില്ലാ സപ്ലൈ ഓഫീസുകളിൽനിന്നും ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരം യോഗ്യരായ 3940 പേരുടെ റേഷൻ കാർഡ് AAY-യിലേയ്ക്ക് പരിവർത്തനം ചെയ്ത് നല്കിയിട്ടുണ്ട്.

ആധാർ ഇല്ലാത്ത വ്യക്തികളെ കണ്ടെത്തി റവന്യൂ വകുപ്പിന്റെയും അക്ഷയ സെന്ററുകളുടെയും സഹായത്തോടുകൂടി ആധാർ ലഭ്യമാക്കുന്നതിനും തുടർന്ന് റേഷൻ കാർഡ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ക്യാമ്പുകൾ സംഘടിപ്പിക്കുവാനും എല്ലാ അതിദരിദ്രർക്കും റേഷൻ കാർഡ് അനുവദിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ജില്ലാ താലൂക്ക് സപ്ലൈ ഓഫീസർമാർക്കും നിർദേശം നൽകിയിട്ടുണ്ട്.

<u>ഒപ്പം പദ്ധതി</u>

സംസ്ഥാനത്ത് അങ്ങേയറ്റം ദരിദ്രരായ കിടപ്പുരോഗികളായവർക്ക് റേഷൻ കടകളിൽന്ന് റേഷൻ സാധനങ്ങൾ വീട്ടിലെത്തിക്കുന്നതിനായി 'ഒപ്പം' എന്ന പേരിൽ സർക്കാർ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്, അതിലൂടെ,

വാർദ്ധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ റേഷൻ കടകളിൽ എത്താൻ കഴിയാത്ത അങ്ങേയറ്റം ദരിദ്ര കുടുംബങ്ങൾക്ക് അതതു പ്രദേശത്തെ ഓട്ടോറിക്ഷ തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് റേഷൻ വിഹിതം വീടുകളിൽ എത്തിക്കുകയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഓട്ടോ തൊഴിലാളികൾ ഒറ്റയ്ക്കും കൂട്ടായും വിവിധ സംഘടനകളുമായി സഹകരിച്ചും സമൂഹത്തിൽ ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിലും ഓട്ടോ തൊഴിലാളികളുടെ സമ്പൂർണ്ണ പങ്കാളിത്തത്തോടുകൂടി സർക്കാർ തലത്തിൽ പൊതു വിതരണ വകുപ്പ് ഒരു പദ്ധതി നടപ്പിൽ വരുത്തുന്നത് ആദ്യമായാണ്. ഒപ്പം പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് അവരുടെ റേഷൻ സാധനങ്ങൾ എല്ലാ മാസവും 10-നുമുമ്പ് ഓട്ടോറിക്ഷ തൊഴിലാളികൾ സൗജന്യമായി വീട്ടിൽ എത്തിക്കുന്നുണ്ട്. 2023 ഫെബ്രുവരി 13-ന് ടി പദ്ധതി തൃശ്ശൂർ ജില്ലയിൽ ആരംഭിക്കുകയും സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പദ്ധതി വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒപ്പം പദ്ധതിപ്രകാരം നിലവിൽ 849 ഗുണഭോക്താക്കൾക്ക് റേഷൻ സാധനങ്ങൾ വീട്ടിൽ എത്തിച്ചുനല്കുന്നു.

വിശപ്പു രഹിത കേരളം സുഭിക്ഷ പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പട്ടിണി നിർമാർജ്ജനം ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടി വിശപ്പുരഹിത കേരളം പദ്ധതി ആരംഭിക്കുകയും പദ്ധതിയുടെ ഭാഗമായി ഭക്ഷണം മിതമായ നിരക്കിൽ ആവശ്യക്കാർക്ക് നൽകുന്നതിലേക്കായി സുഭിക്ഷാ ഹോട്ടലുകൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

നേരത്തെ സുഭിക്ഷ ഹോട്ടലുകളിൽ ഉച്ചഭക്ഷണം പാകം ചെയ്ത് വിതരണം ചെയ്യുന്നതിന് കുടുംബശ്രീകൾ, സഹകരണ സംഘങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവരുമായി കരാർ ഉണ്ടാക്കി സർക്കാർ നിർദേശപ്രകാരം 20/-രൂപയ്ക്ക് ഉച്ചഭക്ഷണം നൽകിവരുന്നു. ഇപ്രകാരം പാചകം ചെയ്ത് 20/-രൂപ നിരക്കിൽ വിതരണം ചെയ്യുന്ന ഉച്ചഭക്ഷണത്തിന് ഊണൊന്നിന് 5/-രൂപ സർക്കാർ സബ്സിഡിയായി ടി സംഘങ്ങൾക്ക് നൽകുന്നുണ്ട്. ഉച്ചഭക്ഷണത്തിന് പുറമെ മറ്റ് വിഭവങ്ങളും ജില്ലാ സുഭിക്ഷ കമ്മിറ്റികൾ നിശ്ചയിക്കുന്ന നിരക്കിൽ വില്പന നടത്തുന്നുണ്ട്. ഉച്ചഭക്ഷണത്തിന് മാത്രമാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. സുഭിക്ഷ ഹോട്ടലുകൾ

ആരംഭിക്കുന്നതിന് പ്രാരംഭ ചെലവ് ഇനത്തിൽ പരമാവധി 10 ലക്ഷം രൂപ വരെ സർക്കാർ ഉത്തരവുപ്രകാരം അനുവദിച്ച് നൽകുന്നു. സുഭിക്ഷ ഹോട്ടലുകളുടെ തുടർ നടത്തിപ്പിനായി വൈദ്യുതി ചാർജ്, വെള്ളക്കരം, കെട്ടിടവാടക, മാലിന്യനിർമ്മാർജ്ജനം (ആവശ്യമെങ്കിൽ) എന്നിവയും അനുവദിച്ചുനൽകുന്നു.

എല്ലാ നിയോജകമണ്ഡലത്തിലും ഒരു സുഭിക്ഷ ഹോട്ടൽ വീതം തുടങ്ങുക എന്നതാണ് സർക്കാർ പദ്ധതി. ആയതിന്റെ ഭാഗമായി 54 നിയോജകമണ്ഡലങ്ങളിൽ സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുകയും (total 55) അവയിൽ 47 എണ്ണം നിലവിൽ പ്രവർത്തിച്ചുവരികയും ചെയ്യുന്നുണ്ട്. സുഭിക്ഷ ഹോട്ടലുകളുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കുന്നതിനായി ജില്ലകളിൽനിന്നും പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രതിമാസം ഏകദേശം 3.5 ലക്ഷത്തോളം ജനങ്ങൾക്ക് സുഭിക്ഷ ഹോട്ടലുകളുടെ പ്രയോജനം ലഭിച്ചുവരുന്നു.

<u>സഞ്ചരിക്കുന്ന റേഷൻ കട</u>

ഒറ്റപ്പെട്ട മലയോര പ്രദേശങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് അവർക്ക് അർഹതപ്പെട്ട റേഷൻ സാധനങ്ങൾ ചൂഷണത്തിന് വിധേയമാകാതെ അവരുടെ താമസസ്ഥലങ്ങളിൽ നേരിട്ട് എത്തിക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി. ടി പദ്ധതി നിലവിൽ 10 ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ള പ്രദേശങ്ങളിലെ ആദിവാസി കുടുംബങ്ങൾക്ക് എല്ലാ മാസവും അവർക്ക് അർഹതപ്പെട്ട റേഷൻ വിഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ എത്തിച്ച് നൽകുന്നു. ഇതുമൂലം ഒറ്റപ്പെട്ട മേഖലകളിൽ താമസിക്കുന്ന ഗോത്രവർഗ്ഗക്കാർക്ക് ദുർഘടമായ പാതയിലൂടെ കിലോമീറ്ററോളം സഞ്ചരിച്ച് റേഷൻ കടകളിലെത്തി റേഷൻ വാങ്ങുന്ന ബുദ്ധിമുട്ട് ഒഴിവാകുകയും അവർക്ക് അർഹതപ്പെട്ട റേഷൻ വിഹിതം കൃത്യമായി അവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും സാധിക്കുന്നുണ്ട്. കൂടുതൽ ആദിവാസി ഊരുകളിലേക്ക് പദ്ധതി ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലാ സപ്ലൈ ആഫീസർമാരിൽനിന്നും അപേക്ഷകൾ ലഭിക്കുന്നമുറയ്ക്ക് സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ ഉദുമ മണ്ഡലത്തിൽ പുതിയ റേഷൻ ഷോപ്പുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉദുമ മണ്ഡലത്തിൽ ബണ്ടിച്ചാൽ, മരുതടക്കം, ബോവിക്കാനം, മൂന്നു റോഡ്, പെരിയട്ടടുക്കം എന്നീ അഞ്ച് സ്ഥലങ്ങളിൽ പുതിയ റേഷൻ കടകൾക്ക് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഉദുമ മണ്ഡലത്തിൽ മുൻഗണന വിഭാഗത്തിൽ എത്ര കാർഡുകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

2967 എണ്ണം.

**മുൻഗണന റേഷൻ കാർഡ്**

251 (2257) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നവകേരള സദസ്സിൽ ലഭിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ എത്ര കുടുംബങ്ങൾക്ക് മുൻഗണന ആനുകൂല്യം ലഭിക്കുന്ന റേഷൻ കാർഡുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

നവകേരള സദസ്സുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകൾ പരിശോധിച്ച്, ഗുരുതര രോഗബാധിതരടങ്ങുന്ന കുടുംബങ്ങളുടേത് ഉൾപ്പെടെ 6707 റേഷൻകാർഡുകൾ മുൻഗണനാ (PHH) വിഭാഗത്തിലേക്കും 1642 കാർഡുകൾ എ.എ.വൈ വിഭാഗത്തിലേക്കും ഉൾപ്പെടെ ആകെ 8349 കുടുംബങ്ങൾക്ക് റേഷൻ കാർഡുകൾ തരം മാറ്റി നൽകിയിട്ടുണ്ട്.

**കാർത്തികപ്പള്ളി താലൂക്കിൽ മുൻഗണനാകാർഡുകൾ**

252 (2258) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർത്തികപ്പള്ളി താലൂക്കിൽ പുതുതായി മുൻഗണനാകാർഡുകൾ നൽകുന്നതിനുവേണ്ടി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) താലൂക്കിലെ അർഹരായ മുഴുവൻ പേർക്കും മുൻഗണനാകാർഡുകൾ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്ന മുറയ്ക്കുമാത്രമേ അർഹരെ ഉൾപ്പെടുത്താനാകൂ എന്നതിനാൽ മുൻഗണനാ വിഭാഗത്തിലെ അനർഹരെ കണ്ടെത്തി അവരുടെ കാർഡുകൾ തരം മാറ്റുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നു. മുൻഗണനാ കാർഡിനുള്ള അപേക്ഷകൾ നിശ്ചിത സമയപരിധിയിൽ ഓൺലൈനായാണ് സ്വീകരിക്കുന്നത്. 2023 ഒക്ടോബർ മാസത്തിൽ ലഭ്യമായ അപേക്ഷകൾ പരിശോധിച്ച്, കാർത്തികപ്പള്ളി താലൂക്കിൽ അർഹരെന്ന് കണ്ടെത്തിയ 920 കുടുംബങ്ങളുടെ കാർഡുകൾ മുൻഗണനയിലേക്ക് മാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ചികിത്സാർത്ഥം മുൻഗണനാ വിഭാഗത്തിലേക്ക് കാർഡ് തരം മാറ്റുന്നതിനുള്ള അപേക്ഷകൾ താലൂക്ക് സപ്ലൈ ഓഫീസുകളിൽ നേരിട്ട് സമർപ്പിക്കാവുന്നതാണ്. എല്ലാ മാസവും ചികിത്സാർത്ഥം ഗുരുതര രോഗമുള്ളവർ ഉൾപ്പെടുന്ന റേഷൻകാർഡ് തരംമാറ്റുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് യോഗ്യരായവരുടെ കാർഡുകൾ മുൻഗണനയിലേക്ക് മാറ്റി വരുന്നു.

**റേഷൻകാർഡുകളുടെ മുൻഗണന നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

253 (2259) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻകാർഡുകളുടെ മുൻഗണന നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് റേഷൻകാർഡുകളുടെ മുൻഗണന നിശ്ചയിക്കുന്നത് 18-09-2017-ലെ സ.ഉ(സാധാ)നം. 320/2017/ഭ.പൊ.വി.വ പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

ഇതിനുപുറമേ റേഷൻ മുൻഗണനാ ഒഴിവാക്കൽ മാനദണ്ഡം ബാധകമായതും എന്നാൽ ഗുരുതര രോഗം, ഭിന്നശേഷി, സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ എന്നീ കാരണങ്ങളാൽ മുൻഗണനയ്ക്ക് യോഗ്യമാണെന്ന് ബോധ്യപ്പെടുന്ന അപേക്ഷകളിൽ ഉചിത തീരുമാനമെടുത്ത് കാർഡ് തരം മാറ്റുന്നതിന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കാർത്തികപ്പള്ളി താലൂക്കിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി എത്ര അപേക്ഷകളാണ് നിലവിൽ പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ?

കാർത്തികപ്പള്ളി താലൂക്കിൽ ഓൺലൈനായി ലഭിച്ച അപേക്ഷകളിൽ, അർഹമായ 285 കുടുംബങ്ങളുടെ കാർഡുകൾ മുൻഗണനയിലേക്ക് മാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**വടകര താലൂക്കിൽ മുൻഗണനാ കാർഡ് അനുവദിക്കൽ**

254 (2260) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി വടകര താലൂക്കിൽ എത്ര മുൻഗണനാ കാർഡ് (ബി.പി.എൽ.) അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

9585 എണ്ണം.

(ബി) 2023-24 കാലയളവിൽ വടകര താലൂക്കിൽ അനധികൃതമായി കൈവശം സൂക്ഷിച്ച എത്ര ബി.പി.എൽ. കാർഡുകൾ വകുപ്പ് കണ്ടെത്തി ഫൈൻ ഈടക്കിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

301 കാർഡുകൾ അനർഹമാണെന്ന് കണ്ടെത്തി, പിഴ ഇനത്തിൽ 6,14,655/-രൂപ ഈടാക്കിയിട്ടുണ്ട്.

(സി) അർഹരായ ആളുകളെ കണ്ടെത്തി ബി.പി.എൽ. കാർഡ് നൽകുന്നതിന് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ?

മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട അനർഹരെ പൂർണ്ണമായും ഒഴിവാക്കുന്നതിനും അപ്രകാരമുള്ളവരുടെ സ്വയം ഒഴിവാകൽ നടപടികൾ പ്രോത്സാഹിപ്പിക്കുന്നതിനും വിവരങ്ങൾ അറിയിക്കുന്നതിനും മാധ്യമ പ്രചാരണം നടത്തിവരുന്നു.

പി.ഡി.എസ്. കൺട്രോൾ ഓർഡർ 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയയാണ്. നേരിട്ടും ടെലിഫോൺ പരാതി സെല്ലിലൂടെയും ലഭിക്കുന്ന പരാതികളിൻമേൽ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസർമാരും റേഷനിംഗ്

ഇൻസ്പെക്ടർമാരും ഫീൽഡ്തല പരിശോധന നടത്തിയും ഇതര വകുപ്പുകളുടെ ഡാറ്റയുമായി ആർ.സി.എം.എസ്. ഡാറ്റ വിശകലനം ചെയ്തും ബയോമെട്രിക് ഓതന്റിക്കേഷൻ വഴിയും ഒരംഗം മാത്രമുള്ള കാർഡുകളും ആധാർ ലിങ്ക് ചെയ്യാത്ത മുൻഗണനാ കാർഡുകളും പരിശോധനയ്ക്ക് വിധേയമാക്കിയും OPERATION YELLOW പരിശോധനാ പരിപാടിയിലൂടെയും അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്തി ദുരുപയോഗം ചെയ്ത റേഷൻ സാധനങ്ങളുടെ കമ്പോളവില പിഴയായി ഈടാക്കി കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റി അർഹരായവർക്ക് അവസരമുറപ്പാക്കുന്ന നടപടികൾ തുടർന്നുവരുന്നു.

അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരുടെ പേര് വിവരങ്ങൾ പൊതുജനങ്ങൾക്ക് അറിയിക്കുന്നതിന് 1987, ടോൾ ഫ്രീ (1800-425-1550), വാട്സ് ആപ്പ് (9188527301) നമ്പരുകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

ഓൺലൈൻ മുഖേന ലഭ്യമാകുന്ന അപേക്ഷകൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കിയും ആവശ്യമെങ്കിൽ ഫീൽഡ് പരിശോധന നടത്തിയും

മുപ്പതോ അതിലധികമോ മാർക്ക് ലഭിക്കുന്നവരെ മാർക്കിന്റെ അടിസ്ഥാനത്തിൽ സപ്ലിമെന്ററി പട്ടികയിൽ ഉൾപ്പെടുത്തി മുൻഗണനാ പട്ടിക തയ്യാറാക്കുകയും ഓരോ താലൂക്കിനുമുള്ള ഒഴിവുകൾ അലോട്ട് ചെയ്യുന്ന മുറയ്ക്ക് റാങ്ക് ലിസ്റ്റിലെ സീനിയോറിറ്റി പ്രകാരം കാർഡുകൾ സമയബന്ധിതമായി മുൻഗണനയിലേക്ക് തരം മാറ്റി നൽകുകയുമാണ് ചെയ്തുവരുന്നത്. നാളിതുവരെ ലഭ്യമായ എല്ലാ അപേക്ഷകളിന്മേലും പരിശോധന നടത്തി അർഹതയുടെ അടിസ്ഥാനത്തിൽ ഒഴിവുകൾക്ക് അനുസൃതമായി മുൻഗണനാ കാർഡ് നല്കി വരുന്നു.

**കെ-സ്റ്റോർ സ്ഥാപിക്കാൻ നടപടി**

255 (2261) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കെ-സ്റ്റോർ സ്ഥാപിക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുള്ള റേഷൻ കട നം.114-ൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കെ-സ്റ്റോർ ആയി പ്രവർത്തിച്ചുവരുന്ന 114-ാം നമ്പർ റേഷൻ കടയിൽ ശബരി ഉൽപ്പന്നങ്ങൾ, CSC സേവനങ്ങൾ, വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള (MSME) ചെറുകിട വ്യവസായ യൂണിറ്റുകളുടെ നിത്യോപയോഗ സാധനങ്ങൾ, IOC-യുടെ ചോട്ടുഗ്യാസ് (5kg) എന്നിവ വിപണനം ചെയ്തുവരുന്നു.

(ബി) കെ-സ്റ്റോർ പദ്ധതി പൂർണ്ണമായും നടപ്പിലാവുന്നതോടെ എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

നിലവിൽ കെ-സ്റ്റോർ വഴി മിൽമയുടെ തിരഞ്ഞെടുത്ത ഉൽപ്പന്നങ്ങൾ, IOC-യുടെ ചോട്ടുഗ്യാസ് (5kg), സപ്ലൈകോയുടെ ശബരി ഉൽപ്പന്നങ്ങൾ എന്നിവയ്ക്കുപുറമേ ജനസേവന കേന്ദ്രങ്ങൾ മുഖേന നൽകുന്ന അടിസ്ഥാന സേവനങ്ങൾ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. CSC വഴിയുള്ള യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, 10,000/-രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും കെ-സ്റ്റോറുകൾ വഴി നൽകിവരുന്നു. ഇവയ്ക്കുപുറമേ വ്യവസായ/വാണിജ്യ

വകുപ്പിന്റെ കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകളുടെ നിത്യോപയോഗ സാധനങ്ങളും കെ-സ്റ്റോറുകൾ വഴി വിപണനം ചെയ്തുവരുന്നു.

**ചാത്തന്നൂർ മണ്ഡലത്തിൽ പുതിയ റേഷൻ കടകൾ**

256 (2262) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചാത്തന്നൂർ മണ്ഡലത്തിന്റെ വിവിധ പ്രദേശങ്ങളിൽ പുതുതായി റേഷൻ കടകൾ ആരംഭിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിൽ റേഷൻ കടകൾ ആരംഭിക്കുന്നതിനാണ് അപേക്ഷകൾ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്നും പുതിയ റേഷൻ കടകൾ ആരംഭിക്കുന്നത് സംബന്ധിച്ച് വകുപ്പിന്റെ നിലപാട് എന്താണെന്നും വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. ചാത്തന്നൂർ മണ്ഡലത്തിൽ കല്ലുവാതുക്കൽ പഞ്ചായത്തിലെ എഴിപ്പുറം വാർഡ് (XIII), പുതിയപാലം വാർഡ് (IX)

എന്നിവിടങ്ങളിലും പൂതക്കുളം പഞ്ചായത്തിലെ പുന്നേക്കുളം എന്ന സ്ഥലത്തും പുതിയ റേഷൻകട അനുവദിക്കുന്നതിനായി അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

ലഭ്യമായ അപേക്ഷകൾ അന്വേഷണ റിപ്പോർട്ടിനായി കൊല്ലം ജില്ലാ സപ്ലൈ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. ജില്ലാ സപ്ലൈ ഓഫീസറുടെ ശിപാർശയും ജില്ലാ കളക്ടർ സാക്ഷ്യപ്പെടുത്തിയ ലൊക്കേഷൻ സ്കെച്ച്, പ്രൊഫോർമ റിപ്പോർട്ട്, ചെക്ക് ലിസ്റ്റ് എന്നിവ സഹിതം റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

പോർട്ടബിലിറ്റി സംവിധാനം നിലവിലുള്ളതിനാൽ, ഒരു പ്രദേശത്ത് പുതിയ റേഷൻ കടയുടെ ആവശ്യകത, പ്രദേശത്തിന്റെ പ്രത്യേകത, പുതിയ റേഷൻ കടയിൽ ലഭിക്കാവുന്ന കാർഡുകളുടെ എണ്ണം, പുതിയകട അനുവദിക്കുന്നതുകൊണ്ട് ചുറ്റുപാടുമുള്ള റേഷൻ കടകളുടെ വരുമാനത്തെ ബാധിക്കുമോ, സാമ്പത്തികമായി ഗുണകരമാണോ എന്നീ ഘടകങ്ങൾ കണക്കിലെടുത്ത് പരിഗണനാർഹമെങ്കിൽ പുതിയ റേഷൻ കടകൾക്കുള്ള ലൈസൻസ് അനുവദിക്കുന്നതാണ്.

## നിലമ്പൂരിൽ കെ-സ്റ്റോറുകൾ

257 (2263) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-സ്റ്റോറുകൾ ആക്കി മാറ്റുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട നിലമ്പൂർ നിയോജകമണ്ഡലത്തിലെ റേഷൻ ഷോപ്പുകളുടെ വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിലെ മുത്തേടം ഗ്രാമപഞ്ചായത്തിലെ ARD 11 കെ-സ്റ്റോർ ആക്കി മാറ്റുന്നതിനായി തിരഞ്ഞെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ കൂടുതൽ കെ-സ്റ്റോറുകൾ അനുവദിക്കുന്നതിനുവേണ്ടിയുള്ള എത്ര അപേക്ഷകൾ പരിഗണനയിലുണ്ടെന്നും എവിടെയൊക്കെയെന്നും പഞ്ചായത്തുകൾ തിരിച്ച് വിവരം ലഭ്യമാക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിലെ എടക്കര ഗ്രാമപഞ്ചായത്തിലെ ARD 39 കെ-സ്റ്റോർ ആക്കി മാറ്റുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ട്.

(സി) കെ-സ്റ്റോറുകൾ വഴി നൽകുന്ന സേവനങ്ങളും ഉൽപ്പന്ന വിതരണങ്ങളുടെയും വിശദാംശം അറിയിക്കാമോ?

നിലവിൽ റേഷൻ കടകൾ വഴി നൽകിവരുന്ന സേവനങ്ങൾക്കുപുറമേ മിൽമയുടെ തിരഞ്ഞെടുത്ത ഉൽപ്പന്നങ്ങൾ, IOC-യുടെ ചോട്ടുഗ്യാസ്, സപ്ലൈകോയുടെ ശബരി ഉൽപ്പന്നങ്ങൾ, വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ, എന്നിവ വിപണനം ചെയ്യുന്നു. ജനസേവന കേന്ദ്രങ്ങൾ മുഖേന നൽകുന്ന അടിസ്ഥാന സേവനങ്ങൾ, CSC വഴിയുള്ള യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, 10,000 രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും കെ-സ്റ്റോറുകൾ വഴി നൽകിവരുന്നു.

(ഡി) വനത്തോടുചേർന്ന പട്ടികവർഗ്ഗ ആവാസ മേഖലകളിൽ കെ-സ്റ്റോറുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**സഞ്ചരിക്കുന്ന റേഷൻകട പദ്ധതി**

258 (2264) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഞ്ചരിക്കുന്ന റേഷൻകട പദ്ധതി നിലവിൽ ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്; പ്രസ്തുത പദ്ധതി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിച്ച് വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, വയനാട് തുടങ്ങി 10 ജില്ലകളിലാണ് സഞ്ചരിക്കുന്ന റേഷൻകട പദ്ധതി നിലവിൽ നടപ്പിലാക്കിയിട്ടുള്ളത്. കൂടുതൽ ആദിവാസി ഊരുകളിൽ പദ്ധതി ആരംഭിക്കുന്നതിന്, ജില്ലാ സപ്ലൈ ഓഫീസർമാരിൽനിന്ന് ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ചൂന്തൂർ വാർഡിൽ റേഷൻ കട അനുവദിക്കൽ**

259 (2265) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ പുതിയ റേഷൻ കടകൾ തുടങ്ങുന്നതിന് എത്ര പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്; അവ ഏതൊക്കെയാണ്; അവയിൽ ഏതൊക്കെ അനുവദിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ പൊന്മള ഗ്രാമപഞ്ചായത്തിലെ ചൂന്തൂർ വാർഡിൽ റേഷൻകട അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച അപേക്ഷയിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ചൂന്തൂർ പ്രദേശത്തെ ജനങ്ങൾ നിലവിൽ ഏറെ ദൂരം യാത്ര ചെയ്ത് കാടാമ്പുഴ, തലക്കാപ്പ്, മണ്ണഴി, ഇന്ത്യനൂർ എന്നിവിടങ്ങളിലെ റേഷൻ കടകളെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യം കണക്കിലെടുത്ത് പൊന്മള

പഞ്ചായത്തിലെ ചൂന്തൂർ വാർഡിൽ പുതിയ റേഷൻ കട അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ചുന്തൂർ, പണിക്കർകണ്ട്, പിലാത്തറ, വലിയ പറമ്പ് എന്നിവിടങ്ങളിൽ പുതിയ റേഷൻകട അനുവദിക്കുന്നതിനായി 4 പ്രൊപ്പോസലുകൾ ലഭിച്ചതിൽ ഒന്നുംതന്നെ അനുവദിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെപ്പറയുന്നു.

**ചുന്തൂർ-** നിലവിലെ കടയെ ബാധിക്കുന്നതിനാൽ പുതിയ കട അനുവദിക്കാൻ കഴിയില്ല.

**പണിക്കർകണ്ട്-** അടുത്തുള്ള കടകളിലൊന്ന് (FPS 147) ഈ സ്ഥലത്തേയ്ക്ക് മാറ്റി അനുവദിക്കാവുന്നതാണ്.

**പിലാത്തറ**-അപേക്ഷകനോട് ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

**വലിയ പറമ്പ്-** കോട്ടയ്ക്കൽ ടൗണിൽ നിലവിലുള്ള കട, മുനിസിപ്പാലിറ്റിയുടെ അനുമതിയോടെ ഈ സ്ഥലത്തേക്ക് മാറ്റാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## റേഷൻ മണ്ണെണ്ണ ക്വാട്ട

260 (2266) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകൾ വഴി മണ്ണെണ്ണ നൽകി വരുന്നുണ്ടോ; ഇതിന് സബ്സിഡിയുണ്ടോ; പൊതുവിപണി വിലയുമായി വില വ്യത്യാസം എത്രയാണ്; 2021 മുതൽ റേഷൻ മണ്ണെണ്ണ വിലയിലുണ്ടായ വ്യത്യാസത്തിന്റെ പട്ടിക ലഭ്യമാക്കാമോ; റേഷൻ മണ്ണെണ്ണ വില നിശ്ചയിക്കുന്നതിന് ഏതെല്ലാം നികുതികളും സെസ് നിരക്കുകളുമാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചുമത്തുന്നതെന്ന് അറിയിക്കാമോ?

ഉണ്ട്. ഇതിന് സബ്സിഡിയില്ല. പൊതുവിപണിയിൽ നിലവിൽ മണ്ണെണ്ണ ലഭിക്കുന്നില്ല. 2021 മുതൽ റേഷൻ മണ്ണെണ്ണ വിലയിൽ ഉണ്ടായ വ്യത്യാസത്തിന്റെ പട്ടിക അനുബന്ധം-1 ആയി ചേർക്കുന്നു.+ മണ്ണെണ്ണ വില നിശ്ചയിക്കുന്നതിൽ കേന്ദ്ര-സംസ്ഥാന ചരക്ക് സേവന നികുതികളാണ് (CGST-യും SGST-യും) ചുമത്തിയിട്ടുള്ളത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കേന്ദ്രം റേഷൻ മണ്ണെണ്ണ ക്വാട്ട അനുവദിക്കുന്നത് എന്തു മാനദണ്ഡപ്രകാരമാണ്; 2001 മുതൽ ഈ ക്വാട്ടയിൽ വ്യത്യാസം വരുത്തിയത് എപ്രകാരമാണെന്നും ഇതിനെതിരെ സംസ്ഥാനം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ; സബ്സിഡി മണ്ണെണ്ണ വിതരണം നിർത്തണമെന്ന് കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ടോ; ഉത്സവങ്ങൾ ഉൾപ്പെടെ വിശേഷ അവസരങ്ങളിലും പ്രകൃതിദുരന്തങ്ങളിലും പ്രത്യേക മണ്ണെണ്ണ ക്വാട്ട ലഭിക്കാറുണ്ടോ; എങ്കിൽ കേരളത്തിന് 2021 മുതൽ എത്ര തവണ ഇത് ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

വിളക്ക് തെളിക്കുന്നതിനും പാചകാവശ്യത്തിനുമാണ് കാർഡുടമകൾക്കുള്ള മണ്ണെണ്ണ വിഹിതം അനുവദിച്ചുവരുന്നത്. മണ്ണെണ്ണയുടെ മലിനീകരണ സ്വഭാവം, LPG ഉപഭോഗത്തിലുള്ള വർദ്ധനവ്, രാജ്യം ഏകദേശം സമ്പൂർണ്ണ വൈദ്യുതീകരണത്തിലേക്ക് എത്തിയിട്ടുള്ള സാഹചര്യം എന്നിവയ്ക്കനുസൃതമായി മണ്ണെണ്ണയുടെ അലോട്ട്മെന്റ് ക്രമീകരിച്ചിട്ടുണ്ടെന്ന് കേന്ദ്രത്തിൽനിന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ സംസ്ഥാനത്തിനുള്ള മണ്ണെണ്ണ

വിഹിതം വർധിപ്പിക്കണമെന്ന് പല തവണ കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. പ്രകൃതി ദുരന്തങ്ങൾ, ഉത്സവങ്ങൾ, മത്സ്യബന്ധന/കാർഷികാവശ്യങ്ങൾ എന്നിവയ്ക്കായി കേന്ദ്ര സർക്കാർ അനുവദിച്ചുതരുന്ന നോൺ സബ്സിഡി ക്വാട്ട 2021 മുതൽ 8 തവണ ലഭ്യമായിട്ടുണ്ട്.

(സി) 2021 മുതൽ ഓരോ വിഭാഗം റേഷൻ കാർഡിനും എത്ര അളവ് മണ്ണെണ്ണയാണ് നൽകിയിരുന്നത്; ഇതിൽ മാറ്റം വന്നിട്ടുണ്ടോ; 2021 മുതൽ കേന്ദ്രം അനുവദിച്ച മണ്ണെണ്ണ വിഹിതം മുഴുവൻ സംസ്ഥാനം എടുത്തിട്ടുണ്ടോ; അതത് ക്വാർട്ടറുകളിൽ മണ്ണെണ്ണ വിട്ടെടുത്തില്ലെങ്കിലും വിതരണം ചെയ്തില്ലെങ്കിലും അത് ലാപ്സാകുമെന്ന് കേന്ദ്രം അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിബന്ധനകൾ എന്തെല്ലാമാണെന്നും കഴിഞ്ഞ സാമ്പത്തിക വർഷത്തെ വിഹിതം കേരളം ലാപ്സാക്കാൻ കാരണമെന്താണെന്നും വിശദമാക്കാമോ?

ഓരോ സാമ്പത്തിക വർഷത്തിലും മണ്ണെണ്ണയുടെ അലോട്ട്മെന്റ് കുറവുവരുത്തുന്നതിനാൽ വിവിധ കാലയളവിൽ വിവിധ തോതിലാണ്

മണ്ണെണ്ണ വിതരണം നടത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.+

2021 മുതൽ 2023-24 മൂന്നാം പാദം വരെ (2023 ഡിസംബർ വരെ) അനുവദിച്ച മുഴുവൻ ക്വാട്ടയും വിട്ടെടുത്തിട്ടുണ്ട്. ഓരോ ക്വാർട്ടറുകളിലേക്കനുവദിക്കുന്ന മണ്ണെണ്ണ അതതു ക്വാർട്ടറുകളിൽതന്നെ വിട്ടെടുക്കണമെന്ന് കേന്ദ്രം നിർദേശിച്ചിട്ടുണ്ട്. മണ്ണെണ്ണ വിഹിതത്തിൽ വന്നിട്ടുള്ള കുറവ് മൊത്ത വ്യാപാരികൾക്കും റേഷൻ വ്യാപാരികൾക്കും സാമ്പത്തിക നഷ്ടമുണ്ടാക്കുന്ന സാഹചര്യത്തിൽ, ഓയിൽ കമ്പനിയിൽനിന്ന് മണ്ണെണ്ണ വിട്ടെടുക്കുന്നതിന് മൊത്തവ്യാപാരികളും മൊത്ത വ്യാപാര ഡിപ്പോകളിൽനിന്ന് മണ്ണെണ്ണ വിട്ടെടുക്കുന്നതിന് റേഷൻ വ്യാപാരികളും തയ്യാറാകാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഇക്കാരണത്താൽ ഇടുക്കി ജില്ലയിൽ 2023-24 സാമ്പത്തിക വർഷത്തിലെ നാലാം പാദത്തിലേക്കനുവദിച്ച മണ്ണെണ്ണയിൽ 5 ലോഡ് വിട്ടെടുക്കാൻ കഴിയാതെവന്നിട്ടുണ്ട്. ആയതിന് സമയപരിധി ദീർഘിപ്പിച്ച് ലഭിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) സംസ്ഥാനത്ത് 2021 മുതൽ നിലവിലുണ്ടായിരുന്ന മണ്ണെണ്ണ മൊത്തവിതരണ ലൈസൻസികളിൽ എത്ര പേരാണ് നിലവിൽ അവശേഷിക്കുന്നത്; ഇവരുടെ ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് പുതിയ നിബന്ധനകളെന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ചുണ്ടായിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 62 മണ്ണെണ്ണ മൊത്തവിതരണ ലൈസൻസികളാണ് നിലവിലുള്ളത്. ഇവരുടെ ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് പുതിയ നിബന്ധനകളൊന്നും നിലവിലില്ല. എന്നാൽ സ്റ്റോറേജ് ലൈസൻസ് റവന്യൂ വകുപ്പിൽനിന്ന് പുതുക്കി ലഭ്യമായത് ഓയിൽ കമ്പനിയിൽ ഹാജരാക്കിയാൽ മാത്രമേ മണ്ണെണ്ണ വിതരണം ചെയ്യൂവെന്ന് ഓയിൽ കമ്പനികൾ നിബന്ധന വച്ചെങ്കിലും സർക്കാർ തലത്തിൽ നടത്തിയ ഇടപെടലിന്റെ ഭാഗമായി സ്റ്റോറേജ് ലൈസൻസ് ഫീസ് അടവാക്കിയ കേസുകളിൽ മണ്ണെണ്ണ വിതരണം നടത്തണമെന്ന് ഓയിൽ കമ്പനികൾക്ക് നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ മണ്ണെണ്ണ ലഭ്യമാകുന്നുണ്ട്.

(ഇ) മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പ്രത്യേക റേഷൻ മണ്ണെണ്ണ ക്വാട്ട അനുവദിക്കാറുണ്ടോ; എങ്കിൽ ഇപ്രകാരം മണ്ണെണ്ണ ക്വാട്ട ലഭിക്കുന്ന എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളുണ്ടെന്നും ഓരോരുത്തർക്കും ലഭിക്കുന്ന അളവെത്രയെന്നും ഇതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോയെന്നും ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പ്രത്യേക റേഷൻ മണ്ണെണ്ണ ക്വാട്ട അനുവദിക്കുന്നില്ല. എന്നാൽ മത്സ്യബന്ധനയാനങ്ങൾക്ക് അനുവദിച്ചിട്ടുള്ള പെർമിറ്റുകൾക്ക് വിവിധ ആവശ്യങ്ങൾക്കായി അനുവദിക്കുന്ന നോൺ സബ്സിഡി വിഹിതത്തിൽ നിന്നും മണ്ണെണ്ണ അനുവദിക്കുന്നുണ്ട്. മത്സ്യബന്ധന യാനത്തിന്റെ കപ്പാസിറ്റിയനുസരിച്ച് 10 HP മോട്ടോർ ഉള്ള യാനത്തിന് 129 ലിറ്റർ മണ്ണെണ്ണയും 10 മുതൽ 15 HP വരെയുള്ള യാനത്തിന് 136 ലിറ്റർ മണ്ണെണ്ണയും 15 HP-യ്ക്ക് മുകളിലുള്ളതിന് 180 ലിറ്റർ മണ്ണെണ്ണയുമാണ് വിഹിതം നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ലഭ്യത കുറവായതിനാൽ ആവശ്യകതയ്ക്കനുസരിച്ച് വിതരണം നടത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്.

(എഫ്) റേഷൻ കട ഉടമകൾക്ക് മണ്ണെണ്ണ വിതരണത്തിന് ഏതെല്ലാം ലൈസൻസും പെർമിറ്റുമാണ് വേണ്ടത്; സ്റ്റോക്കെടുക്കാൻ കൂടുതൽ ചെലവുള്ളതായി റേഷൻ വ്യാപാരികളുടെ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒരു ലീറ്റർ മണ്ണെണ്ണ വിതരണം ചെയ്യുമ്പോൾ എത്രയാണ് വ്യാപാരികൾക്ക് കമ്മീഷൻ നൽകുന്നതെന്നും ഈ നിരക്ക് നിശ്ചയിച്ചത് എന്നാണെന്നും ഇത് പുതുക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

റേഷൻ വ്യാപാരികൾക്ക് കേരള കെറോസിൻ കൺട്രോൾ (KKC) ഓർഡർ 1968 പ്രകാരമുള്ള ലൈസൻസാണ് വേണ്ടത്. സ്റ്റോക്കെടുക്കാൻ കൂടുതൽ ചെലവ് വരുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് 3.70/-രൂപയാണ് റേഷൻ വ്യാപാരികൾക്ക് നിലവിൽ കമ്മീഷൻ നൽകിവരുന്നത്. 08-11-2022-ലെ സ.ഉ.(സാധാ) നം.415/2022/ഭ.പൊ.വി.വ നമ്പർ സർക്കാർ ഉത്തരവുപ്രകാരം 2022 ഡിസംബർ മുതലാണ് ടി നിരക്ക് അനുവദിച്ചുനൽകിയത്. കമ്മീഷൻ

പുതുക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനങ്ങളൊന്നും നിലവിൽ കൈക്കൊണ്ടിട്ടില്ല.

**റേഷൻ കടകൾ വഴി നിത്യോപയോഗ സാധനങ്ങൾ**

261 (2267) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകൾ വഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

ഉണ്ട്. റേഷൻ കടകൾ വഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട റേഷൻ കടകളെ കെ-സ്റ്റോർ ആയി ഉയർത്തിയിട്ടുണ്ട്.

(ബി) എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതൽ ജനോപകാരപ്രദമാക്കി ശക്തിപ്പെടുത്തുന്നതിനായി പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻ

കടകളെ ഉൾപ്പെടുത്തിക്കൊണ്ട് കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിലവിൽ റേഷൻ കടകൾ വഴി നല്കിവരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും നിത്യോപയോഗ സാധനങ്ങളുടെ വിപണനവും നടപ്പാക്കുന്നതുവഴി റേഷൻ കട ഉടമകൾക്ക് ഒരു അധിക വരുമാന മാർഗ്ഗമാണ് കെ-സ്റ്റോർ പദ്ധതികൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.

കെ-സ്റ്റോറുകൾ വഴി നിലവിൽ താഴെപ്പറയുന്ന സേവനങ്ങൾ ലഭ്യമാക്കി വരുന്നു.

1) ഹില്ലി അക്വ കുപ്പിവെള്ളം (കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഉല്പന്നം)

2) വാണിജ്യ വ്യവസായ വകുപ്പിന് (MSME) കീഴിലുള്ള ഗ്രാമീണ/പിന്നാക്ക/പരമ്പരാഗത ചെറുകിട വ്യവസായ യൂണിറ്റുകൾവഴി പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ

3) മിൽമയുടെ തിരഞ്ഞെടുത്ത ഉൽപ്പന്നങ്ങൾ

4) IOC-യുടെ ചോട്ടു ഗ്യാസ്

5) സപ്ലൈകോയുടെ ശബരി ഉൽപന്നങ്ങൾ

6) CSC വഴിയുള്ള സേവനങ്ങൾ

7) 10,000/-രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം.

(സി) സംസ്ഥാനത്ത് റേഷൻ വിതരണം കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിൽ വരുത്തിയശേഷം ആകെയുള്ള 3.34 കോടി ഗുണഭോക്താക്കളിൽ 43 ശതമാനം പേർക്ക് മാത്രമാണ് താഴെപ്പറയുന്ന വിധത്തിൽ സബ്സിഡി നിരക്കിൽ ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്തുവരുന്നത്.

| | |
|---|---|
| എ.എ.വൈ. | 30Kg അരി സൗജന്യമായി, ഗോതമ്പ്, ആട്ട, റാഗി എന്നിവയുൾപ്പെടെ 5Kg (പരമാവധി 2 പാക്കറ്റ് ആട്ട, 1 പാക്കറ്റ് റാഗി) ആട്ട 7/-രൂപ/ പാക്കറ്റ്, റാഗി 8 രൂപ/പാക്കറ്റ് നിരക്കിലും |
| പി.എച്ച്.എച്ച്. | കാർഡിലെ ഓരോ അംഗത്തിനും 4 കിലോ അരി വീതം സൗജന്യമായും 1Kg ഗോതമ്പ്/ആട്ട/റാഗി (കാർഡിന് പരമാവധി 3 പാക്കറ്റ് ആട്ട അല്ലെങ്കിൽ 1 പാക്കറ്റ് റാഗി) ആട്ട 9/-രൂപ/പാക്കറ്റ്, റാഗി 10/-രൂപ/പാക്കറ്റ് നിരക്കിലും |

ബാക്കിയുള്ള 57 ശതമാനം കാർഡ് ഹോൾഡർമാരെ താഴെപ്പറയുന്ന രീതിയിൽ തിരിച്ച് അതോടൊപ്പം കൊടുത്തിരിക്കുന്ന നിരക്കിൽ ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്തുവരുന്നു.

| | |
|---|---|
| എൻ.പി.എസ്. | ഓരോ അംഗത്തിനും 2Kg അരി 4/-രൂപ/Kg |
| എൻ.പി.എൻ.എസ്. | 5Kg അരി 10.90/-രൂപ/Kg (നിലവിലെ വിതരണതോത്) |
| എൻ.പി. ഐ. | 2 Kg അരി 10.90/-രൂപ/Kg |

കേന്ദ്ര സർക്കാർ സബ്സിഡി നൽകുന്നത് AAY, PHH വിഭാഗങ്ങൾക്ക് മാത്രമാണ്. കേന്ദ്ര സർക്കാർ 8.30/Kg നിരക്കിൽ നൽകുന്ന tide-over അരിയിൽനിന്നും സംസ്ഥാന സർക്കാർ 4.30/Kg രൂപ സബ്സിഡി വഹിച്ചാണ് NPS വിഭാഗങ്ങൾക്ക് 4/Kg നിരക്കിൽ അരി വിതരണം ചെയ്യുന്നത്.

സംസ്ഥാനത്തെ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് നോൺ പ്രയോറിറ്റി ഇൻസ്റ്റിറ്റ്യൂഷൻ (NPI) കാർഡുകൾ അനുവദിച്ച് ഒരു കാർഡിന് പ്രതിമാസം 2Kg അരി 10.90/-നിരക്കിൽ വിതരണം

ചെയ്യുന്നതുവഴി ടി വിഭാഗത്തെ ഭക്ഷ്യസുരക്ഷയുടെ പരിധിയിൽകൊണ്ടുവരുവാൻ സാധിച്ചു. സംസ്ഥാനത്തെ മുൻഗണന വിഭാഗത്തിലെ ഗുണഭോക്താക്കളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി പൊതുവിതരണ സംവിധാനം വഴി ചെറുധാന്യമായ റാഗിയുടെ വിതരണം ആരംഭിച്ചു. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന റാഗി പൊടിച്ച് പാക്കറ്റ് ആക്കി AAY, PHH വിഭാഗത്തിന് വിതരണം ചെയ്തുവരുന്നു.

സംസ്ഥാനത്തെ ആദിവാസി ഗോത്രവർഗ്ഗ മേഖലകളിൽ റേഷൻ ഭക്ഷ്യധാന്യം നേരിട്ടെത്തിക്കുന്നതിന് സഞ്ചരിക്കുന്ന റേഷൻകട പദ്ധതി ആരംഭിച്ചു. നിലവിൽ 10 ജില്ലകളിലായി 19 താലൂക്കുകളിൽ സഞ്ചരിക്കുന്ന റേഷൻകടകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

സംസ്ഥാനത്ത് 'അങ്ങേയറ്റം ദരിദ്രരായ' കുടുംബങ്ങളിലെ കിടപ്പുരോഗികൾക്ക് പൊതുവിതരണ സമ്പ്രദായത്തിന് (PDS) കീഴിലുള്ള കടകളിൽനിന്ന് റേഷൻ സാധനങ്ങൾ വീട്ടിലെത്തിക്കുന്നതിനായി 'ഒപ്പം' എന്ന പേരിൽ സർക്കാർ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഒപ്പം പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് അവരുടെ റേഷൻ സാധനങ്ങൾ എല്ലാ

മാസവും 10-നമുമ്പ് ഓട്ടോറിക്ഷാത്തൊഴിലാളികളുടെ സഹായത്തോടെ സൗജന്യമായി വീടുകളിൽ എത്തിക്കുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പട്ടിണി നിർമ്മാർജനം ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടി വിശപ്പുരഹിത കേരളം പദ്ധതി ആരംഭിക്കുകയും ഒരു നേരത്തെ ഭക്ഷണം മിതമായ നിരക്കിൽ ആവശ്യക്കാർക്ക് നൽകുന്നതിലേക്കായി സുഭിക്ഷാ ഹോട്ടലുകൾ ആരംഭിക്കുകയുമുണ്ടായി. സുഭിക്ഷ ഹോട്ടലുകളിൽ ഉച്ചഭക്ഷണം പാകം ചെയ്ത് വിതരണം ചെയ്യുന്നതിന് കുടുംബശ്രീകൾ, സഹകരണ സംഘങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവരുമായി കരാർ ഉണ്ടാക്കി സർക്കാർ നിർദ്ദേശപ്രകാരം 20/-രൂപയ്ക്ക് ഉച്ചഭക്ഷണം നൽകിവരുന്നു. പ്രതിമാസം ഏകദേശം 3.5 ലക്ഷത്തോളം ജനങ്ങൾക്ക് സുഭിക്ഷ ഹോട്ടലുകളുടെ പ്രയോജനം ലഭിച്ചുവരുന്നു.

മുൻഗണനാ വിഭാഗം കാർഡുകൾ കൈവശം വച്ച് റേഷൻ ആനുകൂല്യങ്ങൾ അനർഹമായി കൈപ്പറ്റുന്നുവെന്ന വ്യാപക പരാതി ലഭിച്ചതിൻപ്രകാരം പൊതുജനങ്ങളുടെ സഹായത്തോടെ മുൻഗണനാ

വിഭാഗത്തിലെ അനർഹരെ കണ്ടെത്തി അവരുടെ കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റുന്നതിനും അപ്രകാരമുണ്ടാകുന്ന ഒഴിവുകളിൽ അർഹരായ കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന്റെയും ഭാഗമായി 'ഓപ്പറേഷൻ യെല്ലോ' എന്ന പേരിൽ ഒരു പരിശോധനാ പരിപാടി പൊതുവിതരണ വകുപ്പ് ആരംഭിച്ചു.

പൊതുജനങ്ങൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിലേക്കായി ഭക്ഷ്യ സുരക്ഷാ ശൃംഖലകളായ PDS, ICDS, MDMS എന്നീ പദ്ധതികൾ പ്രകാരം വിതരണം നടത്തിവരുന്ന അരി മൂന്ന് സൂക്ഷ്മ പോഷകങ്ങളായ അയൺ, ഫോളിക് ആസിഡ്, വിറ്റാമിൻ ബി 12 എന്നിവ ചേർത്ത് സമ്പുഷ്ടീകരിച്ച് ലഭ്യമാക്കുന്ന പദ്ധതിയാണ് റൈസ് ഫോർട്ടിഫിക്കേഷൻ. നിലവിൽ സംസ്ഥാനത്തെ എല്ലാ റേഷൻ കടകൾ വഴിയും ഫോർട്ടിഫൈഡ് അരി വിതരണം ചെയ്യുന്നുണ്ട്.

ആധാർ അധിഷ്ഠിത പൊതുവിതരണ സമ്പ്രദായം സംസ്ഥാനത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ റേഷൻ കാർഡ് അംഗങ്ങളുടെയും ആധാർ നമ്പർ റേഷൻ കാർഡുമായി ലിങ്ക്

ചെയ്തു. റേഷൻ കടകളിൽ e-PoS മെഷീൻ ഉപയോഗിച്ച് ബയോമെട്രിക് സംവിധാനത്തിലൂടെ റേഷൻ വിതരണം ആരംഭിച്ചതോടെ റേഷൻ ഭക്ഷ്യധാന്യത്തിന്റെ ദുരുപയോഗം പൂർണ്ണമായും ഇല്ലാതാക്കുവാൻ സാധിച്ചു.

(ഡി) സംസ്ഥാനത്ത് റേഷൻ വിതരണത്തിനാവശ്യമായ അരി, ഗോതമ്പ്, പഞ്ചസാര എന്നിവ കേന്ദ്രത്തിൽനിന്നും ലഭിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

NFSA, 2013 നടപ്പിലാക്കിയപ്പോൾ സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന ആകെ അലോട്ട്മെന്റിൽ കുറവ് വന്നിരുന്നു. പൊതുവിഭാഗം റേഷൻകാർഡ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി അനുവദിക്കുന്ന Tide-over ഇനത്തിലെ അലോട്ട്മെന്റിലാണ് കുറവ് വന്നിട്ടുള്ളത്. അതിനാൽ tide-over ഇനത്തിൽ അലോട്ട്മെന്റ് വർധിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിൽ നിരവധി തവണ അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും അതിന് അനുകൂല നടപടി നാളിതുവരെ ഉണ്ടായിട്ടില്ല.

Tide-over ഇനത്തിൽ മുൻപ് ഗോതമ്പ് അനുവദിച്ച് നൽകിയിരുന്നു. ടി ഗോതമ്പ് പൊടിച്ച് ആട്ടയാക്കി NPS, NPNS കാർഡുകൾ വിതരണം ചെയ്തിരുന്നു. എന്നാൽ നിലവിൽ tide-over ഇനത്തിൽ ഗോതമ്പ് അനുവദിക്കാത്തതിനാൽ ടി വിഭാഗത്തിന് അരി മാത്രമേ വിതരണം ചെയ്യുവാൻ സാധിക്കുന്നുള്ളൂ. ഗോതമ്പ് അലോട്ട്മെന്റ് പുന:സ്ഥാപിച്ച് നൽകുവാൻ കേന്ദ്ര സർക്കാരിൽ അഭ്യർത്ഥിച്ചെങ്കിലും അനുകൂല നടപടി നാളിതുവരെ ഉണ്ടായിട്ടില്ല.

കേന്ദ്ര സർക്കാർ AAY വിഭാഗത്തിന് പഞ്ചസാര അനുവദിക്കുവാൻവേണ്ടി മാത്രമാണ് സബ്സിഡി നൽകുന്നത്. അതിനാൽ AAY വിഭാഗത്തിന് മാത്രമാണ് പഞ്ചസാര നൽകി വന്നിരുന്നത്.

നിലവിൽ കേന്ദ്ര സർക്കാർ നൽകുന്ന പഞ്ചസാരയുടെ സബ്സിഡിയും വില്പന വില ഇനത്തിൽ ലഭിക്കുന്ന മാർജിനുംകൂടി കണക്കാക്കിയാൽ അത് കമ്പോള വിലയെക്കാൾ കുറവായതിനാൽ സപ്ലൈകോയ്ക്ക് നഷ്ടം സംഭവിക്കുന്നുവെന്നത് പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. ഈ പ്രതിസന്ധി

പരിഹരിച്ച് പഞ്ചസാര വിതരണം സുഗമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഇ) കേന്ദ്രത്തിൽനിന്നും കൃത്യമായി റേഷൻ വിഹിതം ലഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തിന് ആവശ്യമായ അളവിൽ ഭക്ഷ്യധാന്യം അനുവദിച്ച് നൽകുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിരവധി കത്തുകൾ സർക്കാർ തലത്തിൽ നൽകിയിരുന്നു. കൂടാതെ മന്ത്രിതലത്തിലും ബഹുമാനപ്പെട്ട കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രിക്ക് കത്ത് നൽകിയിരുന്നു. ഇതുകൂടാതെ കേന്ദ്ര സർക്കാരിൽനിന്നും ഈ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് MP മാരുടെ കോൺഫറൻസുകളിൽ ഇതുസംബന്ധിച്ച് വിശദമായ കുറിപ്പ് തയ്യാറാക്കി നല്കാറുണ്ട്.

**സ്മാർട്ട് പി.ഡി.എസ്. പദ്ധതി**

262 (2268) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ വിതരണ, സംഭരണ മേഖലയിൽ സ്മാർട്ട് പി.ഡി.എസ്. എന്ന കേന്ദ്ര പദ്ധതി നടപ്പാക്കാൻ കേരളം തീരുമാനിച്ചിട്ടുണ്ടോയെന്നറിയിക്കുമോ; പദ്ധതിയുടെ വിശദാംശങ്ങളും കേന്ദ്ര-സംസ്ഥാന വിഹിതവും സംബന്ധിച്ച കാര്യങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി കേരളം ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; എങ്കിൽ ധാരണാപത്രത്തിലെ വിശദാംശങ്ങൾ നൽകാമോ; കേരളത്തിന്റെ അഭ്യർഥനപ്രകാരം പ്രസ്തുതപദ്ധതിയിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയതെന്നറിയിക്കാമോ?

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് പൊതുവിതരണ രംഗത്ത് എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ സ്കീമുകൾ കൊണ്ടുവന്ന സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള പരിഷ്കാരങ്ങൾ നിലനിർത്താനും നിലവിലുള്ള IMPDS സ്കീമിന്റെ പരിഷ്കാരങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും പൊതു വിതരണ സമ്പ്രദായത്തിന്റെ പ്രവർത്തനത്തിൽ ഭാവിയിൽ പുതിയ പരിഷ്കാരങ്ങൾ അവതരിപ്പിക്കാനും ഒരു രാജ്യം ഒരു റേഷൻ കാർഡ് (ONORC) സംവിധാനത്തിന് കീഴിൽ ദേശീയ പോർട്ടബിലിറ്റി ശക്തിപ്പെടുത്തുവാനും ടി

പദ്ധതി ഉദ്ദേശിക്കുന്നു. ഗോഡൗൺ തലങ്ങളിൽ പ്രവർത്തനക്ഷമത വർധിപ്പിക്കുന്നതോടൊപ്പം ഭരണവും നിയന്ത്രണവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും ടി പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. സ്മാർട്ട് പി.ഡി.എസ് പദ്ധതിയിൽ കേന്ദ്ര-സംസ്ഥാനങ്ങൾ തമ്മിലുള്ള ചെലവ് പങ്കിടൽ വ്യവസ്ഥ പ്രകാരം കേന്ദ്ര-സംസ്ഥാനാനുപാതം 60:40 എന്ന അടിസ്ഥാനത്തിലാണ്. ഇതു സംബന്ധിച്ച ധാരണാ പത്രത്തിൽ കേരളം ഒപ്പുവച്ചിട്ടുണ്ട്. (ധാരണാ പത്രത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)+. സർക്കാർ തലത്തിൽ സ്മാർട്ട് പി.ഡി.എസ്. പദ്ധതിയിൽ മാറ്റം വരുത്തിയിട്ടില്ല.

(സി) സ്മാർട്ട് പി.ഡി.എസ്. പദ്ധതിക്കായി പുറമേ നിന്നുള്ള ഐ.ടി. വിദഗ്ധരെ ഉൾപ്പെടെ ഭക്ഷ്യപൊതുവിതരണ വകുപ്പിൽ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്നും ഇവരെ തിരഞ്ഞെടുത്തത് ഏത് ഏജൻസി വഴിയാണെന്നും അറിയിക്കാമോ; ഭക്ഷ്യപൊതുവിതരണ വകുപ്പിലെ ഐ.ടി. യോഗ്യതയും പ്രവൃത്തിപരിചയവുമുള്ള ജീവനക്കാരെ നിയോഗിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്മാർട്ട് പി.ഡി.എസ്. പദ്ധതിയുമായി ബന്ധപ്പെട്ട് ധാരണാ പത്രത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം പദ്ധതി നടത്തിപ്പിനായി സംസ്ഥാന തലത്തിൽ വിവിധ തസ്തികകളിലായി നിശ്ചിത യോഗ്യതയും പ്രവർത്തി പരിചയവുമുള്ള ആറ് പേരെ NICSI എംപാനൽഡ് ഇ-ഗവേണൻസ് പ്രൊഫഷണൽ സർവ്വീസ്/സ്റ്റേറ്റ് എംപാനൽഡ് ഏജൻസികൾ മുഖാന്തരം നിയമിക്കേണ്ടതായുണ്ട്. ഇതുസംബന്ധിച്ച നടപടികൾ ആരംഭിച്ചിട്ടില്ല.

(ഡി) സ്മാർട് പി.ഡി.എസ്. പദ്ധതി നടപ്പാക്കുമ്പോൾ കേരളത്തിന് ഉണ്ടാകുന്ന പ്രത്യേക മാറ്റങ്ങൾ എന്തൊക്കെയാണ്; സംസ്ഥാനത്തെ റേഷൻ വിഹിതം, വിതരണം, സംഭരണം എന്നിവയിൽ കുറവ് വരുമോ; കേന്ദ്ര വിഹിതം ഏതൊക്കെ രംഗത്താണ് കുറയുക; വിശദാംശം നൽകുമോ?

സ്മാർട്ട് പി.ഡി.എസ്. പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത് റേഷൻ വിതരണവുമായി ബന്ധപ്പെട്ട് നിലവിൽ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യയുടെ നവീകരണവും ഏകീകരണവുമാണ്. നിലവിലുള്ള IMPDS സ്കീമിന്റെ പരിഷ്കാരങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും പൊതുവിതരണ സമ്പ്രദായത്തിന്റെ പ്രവർത്തനത്തിൽ ഭാവിയിൽ പുതിയ പരിഷ്കാരങ്ങൾ

അവതരിപ്പിക്കാനും ഒരു രാജ്യം ഒരു റേഷൻ കാർഡ് (ONORC) സംവിധാനത്തിന് കീഴിൽ ദേശീയ പോർട്ടബിലിറ്റി ശക്തിപ്പെടുത്തുവാനും സ്മാർട്ട് പി.ഡി.എസ്. പദ്ധതി വഴി ഉദ്ദേശിക്കുന്നു. ഗോഡൗണുകളുടെ പ്രവർത്തനക്ഷമത വർധിപ്പിക്കുന്നതോടൊപ്പം ഭരണവും നിയന്ത്രണവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും ടി പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. കേന്ദ്ര സംസ്ഥാനങ്ങൾ തമ്മിലുള്ള ചെലവ് പങ്കിടൽ വ്യവസ്ഥ പ്രകാരം കേന്ദ്ര സംസ്ഥാനാനുപാതം 60:40 എന്ന അടിസ്ഥാനത്തിലാണ്.

**സപ്ലൈകോയിലെ ജീവനക്കാരുടെ എണ്ണം**

263 (2269) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിലെ നിലവിലെ ജീവനക്കാരിൽ താൽക്കാലികം, ദിവസവേതനം, സ്ഥിരം, കരാർ അടിസ്ഥാനം, ഡെപ്യൂട്ടേഷൻ എന്നീ വിഭാഗങ്ങളിലായി എത്ര വീതം ജീവനക്കാരുണ്ടെന്ന് അറിയിക്കാമോ; 2022 സാമ്പത്തിക വർഷത്തിന്റെ അവസാനം സപ്ലൈകോയിൽ പ്രസ്തുത വിഭാഗങ്ങളിലായി ഉണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം വ്യക്തമാക്കാമോ?

സപ്ലൈകോയിലെ വിവിധ വിഭാഗങ്ങളിലെ ജീവനക്കാരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.+

(ബി) സപ്ലൈകോയുടെ അമ്പതാം വാർഷികം ആഘോഷിക്കാൻ സർക്കാരോ ഭക്ഷ്യപൊതുവിതരണ വകുപ്പോ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി തുക നീക്കിവച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സപ്ലൈകോയുടെ അമ്പതാം വാർഷികം ആഘോഷിക്കുവാൻ സപ്ലൈകോ തീരുമാനിച്ചിട്ടുണ്ട്. ഉദ്ഘാടന ചടങ്ങും മറ്റ് പ്രൊമോഷണൽ ആക്ടിവിറ്റികളും നടത്തുന്നതിനും, സപ്ലൈകോയുടെ അമ്പതാം വാർഷികം ആഘോഷിക്കുന്നതുമായി ബന്ധപ്പെട്ട് സപ്ലൈകോയുടെ സെയിൽസ് പ്രൊമോഷന് വേണ്ടിയുള്ള വിവിധ ഡിസ്കൗണ്ട് ഓഫറുകൾ നൽകുന്നത് ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കുവാനും വിവിധ സ്ഥലങ്ങളിൽ സെമിനാറുകൾ ഉൾപ്പെടെയുള്ള പരിപാടികൾ സംഘടിപ്പിക്കുവാനും ഗോഡൗണുകളും ഔട്ട്‌ലെറ്റുകളും ഘട്ടംഘട്ടമായി നവീകരിക്കുന്നതിനും പദ്ധതിയുണ്ട്. തുക നീക്കി വയ്ക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

264 (2270) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം ഉണ്ടാകുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ?

ഇന്ധന വില വർദ്ധനവ്, പ്രളയം, വരൾച്ച, കാർഷിക മേഖലയിലെ പ്രശ്നങ്ങൾ, പൊതുവിപണിയിലെ പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയുംമൂലമുള്ള കൃത്രിമ ക്ഷാമം എന്നിങ്ങനെ വിവിധ കാരണങ്ങൾ നിത്യോപയോഗ സാധനങ്ങളുടെ വില വർധനവിന് കാരണമാകാറുണ്ട്. ഇന്ധന വിലവർധനവും കാർഷിക മേഖലയിലെ ഉല്പാദന മാന്ദ്യവും നിമിത്തം രാജ്യത്താകമാനം അവശ്യസാധനങ്ങളുടെ വിലയിൽ വർധനവ് ഉണ്ടായിട്ടുണ്ടെങ്കിലും താരതമ്യേന ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ താൽക്കാലികമായി നേരിയ വില വർധന ഉണ്ടായതല്ലാതെ വൻ

തോതിലുള്ള വിലക്കയറ്റം പ്രകടമായിട്ടില്ല. മുളക് ഉൾപ്പെടെയുള്ള അവശ്യ വസ്തുക്കളുടെ വില കേരളത്തിൽ കുറഞ്ഞുവരുന്നതായി കാണാവുന്നതാണ്.

(ബി) പൊതുവിപണിയിലെ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ പൊതുവിപണിയിലെ കടകളിൽ പരിശോധനകൾ നടത്തുകയും വിലവിവര പട്ടിക പ്രദർശിപ്പിക്കാത്ത കടകൾക്കെതിരെ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

ഉത്സവ സീസണുകളിൽ പൊതുവിതരണ വകുപ്പ്, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ വകുപ്പ് എന്നീ വകുപ്പുകൾ ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് ശക്തമായ പൊതുവിപണി പരിശോധനകൾ നടത്തുകയും അപ്രകാരം നടത്തുന്ന പരിശോധനയിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിന് ജില്ല/താലൂക്ക് തലത്തിൽ പരിശോധനകൾ നടത്തി ക്രമക്കേടുകൾ കണ്ടെത്തുകയാണെങ്കിൽ അവശ്യസാധന നിയമപ്രകാരം കേസെടുക്കുന്നതിന് കളക്ടർക്ക് ശിപാർശ നല്കുന്നതാണ്.

(സി) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വിപണിയിൽ എതെല്ലാം രീതിയിൽ ഇടപെടുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ?

പൊതുവിപണിയിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സപ്ലൈകോ വില്പനശാലകൾ വഴി 13 ഇനം അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ വില്പന നടത്തിവരുന്നു. 2016 മുതൽ പ്രാബല്യത്തിൽ വന്ന സബ്സിഡി നിരക്ക് 2024 ഫെബ്രുവരി 20 വരെ വർധിപ്പിച്ചിരുന്നില്ല. പൊതുവിപണിയെക്കാൾ 28 മുതൽ 74 ശതമാനം വരെ വിലക്കുറവിലാണ് സപ്ലൈകോ ഈ 13 ഇനം സബ്സിഡി സാധനങ്ങൾ വില്പന നടത്തിയിരുന്നത്. പ്രതിമാസം ശരാശരി 35 ലക്ഷത്തിലധികം റേഷൻ കാർഡുടമകൾ ഈ സബ്സിഡി പദ്ധതി പ്രയോജനപ്പെടുത്തിയിരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ ആകെ 585.97 കോടി രൂപയുടെ

(പ്രതിമാസം ശരാശരി 48.83 കോടി രൂപയുടെ) പ്രയോജനം സബ്സിഡിയുടെ രൂപത്തിൽ സപ്ലൈകോ ഉപഭോക്താക്കളായ റേഷൻ കാർഡ് ഉടമകൾക്ക് ലഭിച്ചിരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ ഇത് 346.534 കോടി രൂപയാണ് (പ്രതിമാസം ശരാശരി 28.88 കോടി രൂപ). വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.+

16-02-2024-ലെ സ.ഉ.(കൈ) നം.3/2024/F&CS നമ്പർ പ്രകാരം 13 ഇനം സബ്സിഡി സാധനങ്ങളുടെ വില്പന വില കാലാനുസൃതമായി പരിഷ്കരിക്കുകയുണ്ടായി. കൂടുതൽ ജനങ്ങൾക്ക് സബ്സിഡി ആനുകൂല്യം ലഭ്യമാക്കുവാൻ ഇതുമൂലം സാധിക്കുന്നതാണ്. പൊതുവിപണിയിലെ വില വ്യതിയാനങ്ങൾക്കനുസൃതമായി സബ്സിഡി വിലയും കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സബ്സിഡി നിരക്കിൽ വില്പന നടത്തിവരുന്ന 13 ഇനം അവശ്യ സാധനങ്ങളുടെ പട്ടികയും അവയുടെ നിലവിലെ വില്പന വിലയും ഒരു റേഷൻ കാർഡിന് പ്രതിമാസം അനുവദനീയമായ പരമാവധി അളവും അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി വെളിച്ചെണ്ണ സബ്സിഡി നിരക്കിലുള്ള 500 മില്ലി ലിറ്ററും സബ്സിഡി ഇതര 500 മില്ലി ലിറ്ററും ഒറ്റ പായ്ക്കറ്റിലാക്കിയാണ് നൽകിവരുന്നത്. ആയതിന്റെ 2024 ജൂൺ മാസത്തെ വില്പന വില 142.80 രൂപയാണ്.

പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ നല്ലയിനം അരി ലഭ്യമാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ മുഖേന ശബരി കെ-റൈസ് എന്ന ബ്രാൻഡിലാണ് സബ്സിഡി നിരക്കിൽ ജയ അരി, കുറുവ അരി, മട്ട അരി എന്നിവ വിതരണം ചെയ്യുന്നത്.

ശബരി കെ- റൈസ് വിൽപ്പന വിലകൾ ചുവടെ ചേർക്കുന്നു.

ശബരി കെ- റൈസ് (ജയ അരി) – 1 കിലോ ഗ്രാമിന് 29 രൂപ

ശബരി കെ- റൈസ് (കുറുവ അരി) – 1 കിലോ ഗ്രാമിന് 30 രൂപ

ശബരി കെ- റൈസ് (മട്ട അരി) – 1 കിലോ ഗ്രാമിന് 30 രൂപ

നിലവിൽ റേഷൻ കാർഡൊന്നിന് പ്രതിമാസം 5 കിലോഗ്രാം വീതമാണ് ശബരി കെ-റൈസ് വിതരണം ചെയ്യുന്നത്. കൂടാതെ ലഭ്യതയ്ക്കനുസരിച്ച് കാർഡൊന്നിന് 5 കിലോഗ്രാം പച്ചരിയും നൽകുന്നുണ്ട്.

സബ്സിഡിയിൽ വിൽക്കുന്ന ഉല്പന്നങ്ങൾ ഉൾപ്പെടെ 41 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയെക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു.

1. ഇതുകൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളകുപൊടി, മഞ്ഞൾപ്പൊടി, ആട്ട, മട്ട (ഉണ്ട) അരി, കുറുവ അരി എന്നീ ഉല്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതു വിപണി വിലയെക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു.
2. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും FMCG ഉല്പന്നങ്ങളും MRP-യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ അഞ്ചുമുതൽ 30 ശതമാനം വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

സപ്ലൈകോ സ്വീകരിച്ച ഈ നടപടികൾമൂലം പൊതു വിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്ന് ഉറപ്പാക്കാൻ സാധിക്കുന്നു.

**സപ്ലൈകോ ഷോപ്പുകളിൽ നിത്യോപയോഗ സാധനങ്ങളുടെ അപര്യാപ്തത**

265 (2271) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ:താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിസ്റ്റോർ, സപ്ലൈകോ, സൂപ്പർ മാർക്കറ്റുകൾ, ലാഭം മാർക്കറ്റുകൾ തുടങ്ങിയവയിൽ നിത്യോപയോഗ സാധനങ്ങളുടെ അപര്യാപ്തത നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മാവേലിസ്റ്റോർ, സപ്ലൈകോ, സൂപ്പർ മാർക്കറ്റുകൾ, ലാഭം മാർക്കറ്റുകൾ തുടങ്ങിയവയിൽ സബ്സിഡി നിരക്കിലുള്ള നിത്യോപയോഗ സാധനങ്ങളിൽ ചില ഉല്പന്നങ്ങളുടെ ലഭ്യതക്കുറവുണ്ടെങ്കിലും സബ്സിഡി ഇതര നിരക്കിലുള്ള അവശ്യ സാധനങ്ങൾ, എഫ്.എം.സി.ജി. ഇനങ്ങൾ, സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി ഉല്പന്നങ്ങൾ എന്നിവ ആവശ്യാനുസരണം ലഭ്യമാക്കിയിട്ടുണ്ട്. സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന 13 ഇനം സാധനങ്ങളെല്ലാം ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇത്തരം സ്ഥാപനങ്ങളിലൂടെ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; അവശ്യസാധനങ്ങളുടെ ദൗർലഭ്യമുണ്ടാകാനുള്ള കാരണം വിശദമാക്കുമോ?

സപ്ലൈകോയുടെ വില്പനശാലകളിൽ സബ്സിഡി, ഫ്രീസെയിൽ നിരക്കുകളിൽ വില്പന നടത്തുന്ന അവശ്യസാധനങ്ങൾ സപ്ലൈകോ ഇ-ടെണ്ടർ/ഇ-ലേലം നടപടികളിലൂടെയാണ് ലഭ്യമാക്കുന്നത്. ഇ-ടെണ്ടർ/ ഇ-ലേലത്തിൽ പങ്കെടുക്കുന്ന വിതരണക്കാർ പർച്ചേസ് ഓർഡർ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഡിപ്പോകളിൽ എത്തിച്ചുനൽകുകയാണ് ചെയ്തുവരുന്നത്. സപ്ലൈകോയുടെ കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം വിതരണക്കാർക്ക് സമയബന്ധിതമായി ബിൽ തുകകൾ നൽകുവാൻ കഴിയാതെവരുന്നു. തന്മൂലം അവർ ഇ-ടെണ്ടർ/ഇ-ലേലത്തിൽ പങ്കെടുക്കുന്നതിൽനിന്ന് വിട്ടുനിൽക്കുകയും വില്പനശാലകളിൽ സാധനങ്ങളുടെ ലഭ്യതക്കുറവുണ്ടാവുകയും ചെയ്യുന്നു. വിതരണക്കാർക്ക് നൽകാനുള്ള കുടിശ്ശിക ഭാഗികമായി കൊടുത്ത് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി സപ്ലൈകോ

നടത്തുന്ന ഇ-ടെണ്ടറുകളിൽ പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി വിതരണക്കാരുമായി ചർച്ചകൾ നടത്തിവരുന്നു. ചില വിതരണക്കാർ ഇ-ടെണ്ടർ/ഇ-ലേലത്തിൽ പങ്കെടുക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്.

(ഡി) സിവിൽസപ്ലൈസ് കോർപ്പറേഷൻ വഴി ലഭ്യമാക്കുന്ന സാധനങ്ങളുടെ വില പൊതുമാർക്കറ്റിലേതിനെക്കാൾ കുറവാണെന്ന് ഉറപ്പു വരുത്താറുണ്ടോയെന്ന് വ്യക്തമാക്കുമോ?

സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി ലഭ്യമാക്കുന്ന സാധനങ്ങളുടെ വില പൊതു മാർക്കറ്റിലേതിനെക്കാൾ കുറവാണെന്ന് ഉറപ്പുവരുത്തുന്നതിനായി സപ്ലൈകോ മേഖലാതലത്തിൽ പൊതുവിപണിയിൽനിന്ന് സാധനങ്ങൾ വാങ്ങി വിലവിവരം പരിശോധിക്കാറുണ്ട്. കേന്ദ്ര കാര്യാലയം നേരിട്ടും ഈ പ്രക്രിയ തുടരുന്നുണ്ട്.

വിലനിർണ്ണയവേളയിൽ ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് പ്രസിദ്ധീകരിച്ചിട്ടുള്ള പൊതുവിപണി വിലയുമായി താരതമ്യം ചെയ്യുകയും സപ്ലൈകോ വിൽപ്പന വില പൊതുവിപണി വിലയേക്കാൾ കുറവാണെന്ന് ഉറപ്പുവരുത്താറുമുണ്ട്. ഏതെങ്കിലും ഇനത്തിന്റെ സപ്ലൈകോ വില്പന വില കൂടുതലാണെന്ന് ആക്ഷേപമുയരുന്നപക്ഷം ടി വില പുന:പരിശോധിക്കാറുമുണ്ട്.

(ഇ) കാലപ്പഴക്കംമൂലം സാധനങ്ങൾ പാഴായിപ്പോകാറുണ്ടോയെന്ന് വ്യക്തമാക്കുമോ?

വില്പനശാലകളിലെ ശരാശരി വില്പനയുടെ അടിസ്ഥാനത്തിൽ indent ചെയ്യുന്ന അളവ് സാധനങ്ങളാണ് ഓരോ മാസവും സപ്ലൈകോ വാങ്ങി വില്പനയ്ക്ക് എത്തിക്കുന്നത്. പതിവ് വില്പനയുള്ളപ്പോൾ ഇവ കേടായി പോകുന്ന സാഹചര്യമില്ല. എന്നാൽ ചുരുക്കം ചില സാഹചര്യങ്ങളിൽ കാലപ്പഴക്കംമൂലം സാധനങ്ങൾ വില്പനയോഗ്യമല്ലാതാകുന്നുണ്ട്. ഈ അവസരത്തിൽ ഭക്ഷ്യേതര ആവശ്യങ്ങൾക്കായി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഇവ നീക്കം ചെയ്യുന്നു.

**സപ്ലൈകോ സ്റ്റോറുകളിലെ അവശ്യസാധനങ്ങളുടെ ക്ഷാമം**

266 (2272) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലും മാവേലി സ്റ്റോറുകളിലും സബ്സിഡി നിരക്കിലുള്ള നിത്യോപയോഗ സാധനങ്ങൾ ആവശ്യാനുസരണം ലഭ്യമാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലും മാവേലി സ്റ്റോറുകളിലും സബ്സിഡി നിരക്കിലുള്ള നിത്യോപയോഗ സാധനങ്ങളിൽ ചില ഉൽപ്പന്നങ്ങളുടെ ലഭ്യതക്കുറവുണ്ടെങ്കിലും സബ്സിഡി ഇതര നിരക്കിലുള്ള അവശ്യ സാധനങ്ങൾ, എഫ്.എം.സി.ജി. ഇനങ്ങൾ, സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി ഉൽപ്പന്നങ്ങൾ എന്നിവ ആവശ്യാനുസരണം ലഭ്യമാക്കിയിട്ടുണ്ട്. സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന 13 ഇനം സാധനങ്ങളെല്ലാം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സപ്ലൈകോയുടെ വിൽപ്പനശാലകളിൽ സബ്സിഡി, ഫ്രീസെയിൽ നിരക്കുകളിൽ വിൽപ്പന നടത്തുന്ന അവശ്യസാധനങ്ങൾ സപ്ലൈകോ ഇ-ടെണ്ടർ/ഇ-ലേലം നടപടികളിലൂടെയാണ് ലഭ്യമാക്കുന്നത്. ഇ-ടെണ്ടർ/ഇ-ലേലത്തിൽ പങ്കെടുക്കുന്ന വിതരണക്കാർ പർച്ചേസ് ഓർഡർ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഡിപ്പോകളിൽ എത്തിച്ചുനൽകുകയാണ് ചെയ്തുവരുന്നത്. സപ്ലൈകോയുടെ കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം ചിലഘട്ടങ്ങളിൽ വിതരണക്കാർക്ക് സമയബന്ധിതമായി ബിൽ തുകകൾ നൽകുവാൻ കഴിയാതെവന്നതുമൂലം അവർ ഇ-ടെണ്ടർ/ഇ-ലേലത്തിൽ പങ്കെടുക്കുന്നതിൽ നിന്ന് വിട്ടുനിൽക്കാറുണ്ട്.

(ബി) നിത്യോപയോഗ സാധനങ്ങളുടെ വിതരണം സുഗമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി വിതരണക്കാരുമായി ചർച്ചകൾ നടത്തുന്നുണ്ട്. സർക്കാരിൽനിന്നും വിപണിയിടപെടലിനായി ലഭ്യമാക്കിയ തുക വിതരണക്കാർക്ക്

നൽകിയതിന്റെ അടിസ്ഥാനത്തിൽ ചില വിതരണക്കാർ ഇ-ടെണ്ടർ/ഇ-ലേലത്തിൽ പങ്കെടുക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്.

**സപ്ലൈകോ കരാറുകാർക്ക് നൽകാനുള്ള തുക**

267 (2273) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്ന കരാറുകാർക്ക് സപ്ലൈകോ നൽകാനുള്ള തുക കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

വിവിധയിനം ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്ന വിതരണക്കാർക്കുള്ള കുടിശ്ശിക തുക സംബന്ധിച്ച് 18-06-2024 പ്രകാരമുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) കുടിശ്ശിക നൽകാത്തത് ഭക്ഷ്യവസ്തുക്കളുടെ ലഭ്യതയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ?

ചില ഘട്ടങ്ങളിൽ തുക വിതരണക്കാർക്ക് നൽകുന്നതിനുണ്ടായ കാലതാമസം ഭക്ഷ്യവസ്തുക്കളുടെ ലഭ്യതയെ ബാധിച്ചിരുന്നു. എന്നിരുന്നാലും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിപണിയിടപെടലിനായി സർക്കാർ നൽകിയ തുക വിതരണക്കാർക്ക് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ചില വിതരണക്കാർ ഇ-ടെൻഡറിൽ പങ്കെടുക്കാൻ സന്നദ്ധത അറിയിച്ചിട്ടുള്ളതും ഭക്ഷ്യ വസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിച്ചു വന്നിട്ടുള്ളതുമാണ്. സപ്ലൈകോയുടെ വിൽപ്പനശാലകളിൽ സബ്സിഡി, ഫ്രീസെയിൽ നിരക്കുകളിൽ വിൽപ്പന നടത്തുന്ന അവശ്യ സാധനങ്ങൾ സപ്ലൈകോ ഇ-ടെൻഡർ/ഇ-ലേലം നടപടികളിലൂടെയാണ് ലഭ്യമാക്കുന്നത്. ഇ-ടെടെൻഡർ/ഇ-ലേലത്തിൽ പങ്കെടുക്കുന്ന വിതരണക്കാർ പർച്ചേസ് ഓർഡർ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഡിപ്പോകളിൽ എത്തിച്ചുനൽകുകയാണ് ചെയ്തുവരുന്നത്.

(സി) സബ്സിഡി നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് സപ്ലൈകോയുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ?

സപ്ലൈകോയുടെ സ്ഥാപിത ലക്ഷ്യം വിപണിയിൽ ഫലപ്രദമായി ഇടപെട്ട് സംസ്ഥാനത്തെ പൊതുവിപണി വില നിയന്ത്രിക്കുക എന്നതാണ്. ആയതിന്റെ ഭാഗമായാണ് സപ്ലൈകോ 13 ഇനം അവശ്യസാധനങ്ങൾ

സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നത്. സപ്ലൈകോയുടെ നിലവിലെ കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം എല്ലാ സബ്സിഡി സാധനങ്ങളും എല്ലാ വില്പനശാലകളിലും ലഭ്യമാക്കുവാൻ ചില ഘട്ടങ്ങളിൽ സാധിക്കുന്നില്ല. എന്നിരുന്നാലും വിതരണക്കാരുമായി ചർച്ച നടത്തി സാധനങ്ങൾ ലഭ്യമാക്കുവാനുള്ള ശ്രമങ്ങൾ തുടരുന്നുണ്ട്. സപ്ലൈകോയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് കൂടുതൽ സബ്സിഡി സാധനങ്ങൾ എത്തിക്കാൻ സാധിക്കുന്നതാണ്.

(ഡി) സബ്സിഡി സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സബ്സിഡി ഉൾപ്പെടെയുള്ള അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി വിതരണക്കാരുമായി ചർച്ചകൾ നടത്തിവരുന്നു. വിതരണക്കാർ ഇ-ടെൻഡർ/ഇ-ലേലത്തിൽ പങ്കെടുക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്. സപ്ലൈകോ വില്പനകേന്ദ്രങ്ങളിൽ സബ്സിഡി സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുവാൻ e-tender/e-auction നടത്തുന്നുണ്ട്.

**സപ്ലൈകോയുടെ ഇ-മെയിൽ ഐഡി. ദുരുപയോഗപ്പെടുത്തി നടത്തിയ പർച്ചേസിൽ വകുപ്പുതല അന്വേഷണം**

268 (2274) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഭക്ഷ്യവകുപ്പ് മന്ത്രിയുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയായിരുന്ന വ്യക്തി സപ്ലൈകോയുടെ ലെറ്റർ ഹെഡ്, സീൽ എന്നിവ വ്യാജമായി നിർമ്മിച്ച് സപ്ലൈകോ ഇ-മെയിൽ ഐഡി. ഉപയോഗിച്ച് മുംബൈ ജീവ ലൈഫ് സ്റ്റൈൽ പ്രൈവറ്റ് ലിമിറ്റഡ്, എസ്.എസ്. എമ്പയർ, രാജസ്ഥാനിലെ പട്ടോഡിയ ബ്രദേഴ്സ് എന്നീ മൂന്ന് സ്ഥാപനങ്ങൾക്ക് ഏഴ് കോടി രൂപയുടെ ചോളത്തിന് ഓർഡർ നൽകിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ സപ്ലൈകോയുടെ ഓർഡറെന്ന് കരുതി സപ്ലൈകോയെ സമീപിച്ചിരുന്നോ; വ്യക്തമാക്കാമോ;

(സി) സപ്ലൈകോയുടെ ഇ-മെയിൽ അടക്കം ദുരുപയോഗപ്പെടുത്തി നടത്തിയ ഈ പർച്ചേസിൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിതരണക്കാർ സപ്ലൈകോയെ സമീപിച്ചിരുന്നു. ടി വിഷയത്തിൽ സപ്ലൈകോ കടവന്ത്ര പൊലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ എൻക്വയറി നടന്നുവരുന്നു.

(ഡി) ഈ പർച്ചേസിന്റെ ബില്ലുകൾ സപ്ലൈകോയുടെ ജി.എസ്.ടി. പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ടോ?

GST Portal-ൽ GSTR-2A/2B-യിൽ മേൽപ്പറഞ്ഞ ഇൻവോയിസുകൾ പ്രതിഫലിച്ചിട്ടുണ്ട്. GST നിയമം അനുസരിച്ച് GST രജിസ്ട്രേഷനുള്ള ഏതൊരു വ്യക്തിയോ സ്ഥാപനമോ മറ്റൊരു രജിസ്റ്റേർഡ് വ്യക്തിക്കോ സ്ഥാപനത്തിനോ B2B ആയി Invoice തയ്യാറാക്കി GST പോർട്ടലിൽ അപ്‌ലോഡ് ചെയ്താൽ ആയത് സ്വീകർത്താവിന്റെ GSTR-2A/2B സ്റ്റേറ്റ്മെന്റിൽ പ്രതിഫലിക്കും. GST റിട്ടേൺ ഫയൽ ചെയ്യുന്ന വേളയിൽ GSTR-2A/2B സ്റ്റേറ്റ്മെന്റിൽ പ്രതിഫലിക്കുന്ന ബില്ലുകളും ബുക്ക്സ് ഓഫ് അക്കൗണ്ട്സിൽ പ്രതിഫലിക്കുന്ന ബില്ലുകളും തമ്മിൽ ഒത്തുനോക്കി നമ്മുടേതല്ലാത്ത ഇൻവോയിസ്/ബില്ലുകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത്

GSTIN ഉപയോഗിച്ച് GST പോർട്ടലിൽനിന്നുതന്നെ പാർട്ടിയെ അറിയിക്കാൻ കഴിയും. അല്ലാതെ, നമ്മുടേതല്ലാത്ത ഇൻവോയിസ്/ബില്ലുകൾ തിരസ്കരിക്കാനുള്ള ഒരു സംവിധാനം GST പോർട്ടലിൽ ലഭ്യമല്ല.

M/s Jeev Life Style Pvt.Ltd. Invoice Unload ചെയ്തിരിക്കുന്നത് 17-04-2024-ലാണ്. സപ്ലൈകോയ്ക്ക് മേയ് മാസത്തെ റിട്ടേൺ ഫയൽ ചെയ്യേണ്ട 20-05-2024-ന് മുൻപേ തന്നെ പാർട്ടി തുക ലഭ്യമാക്കാത്തതിനെ തുടർന്ന് സപ്ലൈകോയെ സമീപിച്ചപ്പോൾതന്നെ ഇത്തരത്തിലുള്ള ഇൻവോയ്സിനെക്കുറിച്ച് അറിയാൻ കഴിഞ്ഞു. ടി വിവരം പാർട്ടിയെ GST Portal മുഖേന അറിയിച്ചിട്ടുണ്ട്. സപ്ലൈകോയുടെ GSTIN ഉപയോഗിച്ച് സപ്ലൈകോ Trade നടത്താത്ത ഉല്പന്നം സപ്ലൈകോയ്ക്ക് Sale നടത്തിയതായി GST Portal-ൽ Upload ചെയ്ത വിവരം Police നെയും GST Commissioner-നെയും അറിയിച്ചിരുന്നു. ടി ഉൽപ്പന്നം (ചോളം) GST ബാധകമല്ലാത്തതിനാൽ Input Tax Credit-നെ ബാധിച്ചിട്ടില്ല. കൂടാതെ ചോളം Exempt Supply ആയതിനാൽ E-Way Bill Poral-ൽ നിന്നും വിവരങ്ങൾ ലഭ്യമല്ല. ഇതുമൂലം സപ്ലൈകോയ്ക്ക് മറ്റ് സാമ്പത്തിക ബുദ്ധിമുട്ടുകൾ ഒന്നുംതന്നെ ഉണ്ടായിട്ടില്ല.

**സപ്ലൈകോയിലെ സാമ്പത്തിക പ്രതിസന്ധി**

269 (2275) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണോയെന്ന് വ്യക്തമാക്കാമോ?

വിവിധ സർക്കാർ പദ്ധതികൾ നടപ്പിലാക്കിയ വകയിൽ ചെലവാകുന്ന തുകയുടെ ക്ലെയിമുകൾ സമയബന്ധിതമായി ലഭിക്കാത്തതുമൂലം സപ്ലൈകോ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ട്. നിലവിൽ ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്ന വിതരണക്കാർക്ക് നൽകുവാനുള്ള കുടിശ്ശിക തുക 538.64 കോടി രൂപയാണ്. സപ്ലൈകോയുടെ നിലവിലെ കടബാധ്യത അനുബന്ധം ആയി ചേർക്കുന്നു.+

(ബി) സപ്ലൈകോയിലെ സാമ്പത്തിക പ്രതിസന്ധി കാരണം മേയ് മാസത്തെ ശമ്പളം മുടങ്ങിയ സാഹചര്യമുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിലെ സാമ്പത്തിക സ്ഥിതിയിൽ മെയ് മാസത്തെ ശമ്പളം നൽകുവാൻ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിലും നാളിതുവരെ ശമ്പളം മുടങ്ങിയിട്ടില്ല.

(സി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ കാര്യക്ഷമമായ ഇടപെടൽ നടത്തുമോയെന്ന് വിശദമാക്കാമോ?

പ്രതിസന്ധി പരിഹരിക്കാനുള്ള കാര്യക്ഷമമായ ഇടപെടൽ നടത്തിവരുന്നുണ്ട്.

**ന്യായവിലക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കാൻ നടപടി**

270 (2276) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിമൂലം സപ്ലൈകോയ്ക്ക് വിപണിയിൽ ഫലപ്രദമായി ഇടപെടാൻ കഴിയാത്ത സാഹചര്യമുണ്ടോയെന്ന് വ്യക്തമാക്കാമോ?

സപ്ലൈകോയുടെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും വിപണി ഇടപെടൽ പ്രവർത്തനങ്ങളുമായി സപ്ലൈകോ മുന്നോട്ടുപോകുന്നുണ്ട്. എന്നാൽ നിലവിൽ സാമ്പത്തിക പ്രതിസന്ധിമൂലം 13 ഇനം സബ്സിഡി സാധനങ്ങളെല്ലാം ആവശ്യാനുസരണം ലഭ്യമാക്കാൻ സാധിക്കുന്നില്ല. വിതരണക്കാരുടെ കുടിശ്ശിക തീർക്കുന്നതിനും ആവശ്യാനുസരണം സാധനങ്ങൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിലക്കയറ്റം പിടിച്ചുനിർത്താനും ന്യായവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

പൊതുവിപണിയിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സപ്ലൈകോ വില്പനശാലകൾ വഴി 13 ഇനം അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ വില്പന നടത്തിവരുന്നു. 2016 മുതൽ പ്രാബല്യത്തിൽ വന്ന സബ്സിഡി നിരക്ക് 2024 ഫെബ്രുവരി 20 വരെ വർധിപ്പിച്ചിരുന്നില്ല. പൊതു വിപണിയേക്കാൾ 28 മുതൽ 74 ശതമാനം വരെ വിലക്കുറവിലാണ് സപ്ലൈകോ ഈ 13 ഇനം സബ്സിഡി സാധനങ്ങൾ വില്പന

നടത്തിയിരുന്നത്. പ്രതിമാസം ശരാശരി 35 ലക്ഷത്തിലധികം റേഷൻ കാർഡുടമകൾ ഈ സബ്സിഡി പദ്ധതി പ്രയോജനപ്പെടുത്തിയിരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ ആകെ 585.97 കോടി രൂപയുടെ (പ്രതിമാസം ശരാശരി 48.83 കോടി രൂപയുടെ) പ്രയോജനം സബ്സിഡിയുടെ രൂപത്തിൽ സപ്ലൈകോ ഉപഭോക്താക്കളായ റേഷൻ കാർഡ് ഉടമകൾക്ക് ലഭിച്ചിരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ ഇത് 346.534 കോടി രൂപയാണ് (പ്രതിമാസം ശരാശരി 28.88 കോടി രൂപ). വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.)+ 16-02-2024-ലെ സ.ഉ.(കൈ) നം.3/2024/F&CS നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 13 ഇനം സബ്സിഡി സാധനങ്ങളുടെ വില്പന വില കാലാനുസൃതമായി പരിഷ്കരിക്കുകയുണ്ടായി. കൂടുതൽ ജനങ്ങൾക്ക് സബ്സിഡി ആനുകൂല്യം ലഭ്യമാക്കുവാൻ ഇതുമൂലം സാധിക്കുന്നതാണ്. പൊതുവിപണിയിലെ വില വ്യതിയാനങ്ങൾക്ക് അനുസൃതമായി സബ്സിഡി വിലയും കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സബ്സിഡി നിരക്കിൽ വില്പന നടത്തിവരുന്ന 13 ഇനം അവശ്യ സാധനങ്ങളുടെ പട്ടികയും അവയുടെ നിലവിലെ വില്പന വിലയും ഒരു റേഷൻ കാർഡിന് പ്രതിമാസം അനുവദനീയമായ പരമാവധി അളവും അനുബന്ധം II ആയി ചേർക്കുന്നു.+

സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി വെളിച്ചെണ്ണ സബ്സിഡി നിരക്കിലുള്ള 500 മില്ലി ലിറ്ററും സബ്സിഡി ഇതര 500 മില്ലി ലിറ്ററും ഒറ്റ പായ്ക്കറ്റിലാക്കിയാണ് നൽകിവരുന്നത്. ആയതിന്റെ 2024 ജൂൺ മാസത്തെ വില്പന വില 142.80 രൂപയാണ്.

പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ നല്ലയിനം അരി ലഭ്യമാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ മുഖേന ശബരി കെ-റൈസ് എന്ന ബ്രാൻഡിലാണ് സബ്സിഡി നിരക്കിൽ ജയ അരി, കുറുവ അരി, മട്ട അരി എന്നിവ വിതരണം ചെയ്യുന്നത്.

ശബരി കെ-റൈസ് വില്പന വിലകൾ ചുവടെ ചേർക്കുന്നു.

ശബരി കെ-റൈസ് (ജയ അരി) – 1 കി.ഗ്രാമിന് 29 രൂപ

ശബരി കെ-റൈസ് (കുറുവ അരി) – 1 കി.ഗ്രാമിന് 30 രൂപ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശബരി കെ-റൈസ് (മട്ട അരി) – 1 കി.ഗ്രാമിന് 30 രൂപ

നിലവിൽ റേഷൻകാർഡ് ഒന്നിന് പ്രതിമാസം 5 കിലോഗ്രാം വീതമാണ് ശബരി കെ-റൈസ് വിതരണം ചെയ്യുന്നത്. കൂടാതെ ലഭ്യതയ്ക്കനുസരിച്ച് കാർഡൊന്നിന് 5 കി.ഗ്രാം പച്ചരിയും നൽകുന്നുണ്ട്.

സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 41 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു.

1. ഇതുകൂടാതെ തേയിലപ്പൊടി, മല്ലിപ്പൊടി, മുളകുപൊടി, മഞ്ഞൾപ്പൊടി, ആട്ട, മട്ട (ഉണ്ട) അരി, കുറുവ അരി എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു.

2. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും FMCG ഉൽപന്നങ്ങളും MRP -യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ അഞ്ചുമുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു.

3. പൊതു വിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്ന് സപ്ലൈകോ സ്വീകരിച്ച ഈ നടപടികൾമൂലം ഉറപ്പാക്കാൻ സാധിക്കുന്നു.

സപ്ലൈകോയുടെ സാമ്പത്തിക പ്രതിസന്ധി മെച്ചപ്പെടുന്ന മുറയ്ക്ക് കൂടുതൽ ജനങ്ങളിലേയ്ക്ക് സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സബ്സിഡി നിരക്കിൽ അരി**

271 (2277) <u>ശ്രീ. വാഴൂർ സോമൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി സബ്സിഡിയായി നൽകിവരുന്ന 5 കിലോ അരി 10 കിലോയാക്കി ഉയർത്തി നൽകുവാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

16-02-2024-ലെ സ.ഉ.(കൈ) നം.3/2024/F&CS നമ്പർ സർക്കാർ ഉത്തരവുപ്രകാരം 13 ഇനം സബ്സിഡി സാധനങ്ങളുടെ വില്പന വില കാലാനുസൃതമായി പരിഷ്കരിക്കുകയുണ്ടായി. ആയതുപ്രകാരം ഒരു റേഷൻ കാർഡിന് പ്രതിമാസം പരമാവധി 10 കിലോഗ്രാം അരിയാണ് സബ്സിഡി നിരക്കിൽ അനുവദനീയമായിട്ടുള്ളത്. നിലവിൽ ലഭ്യതയ്ക്കനുസരിച്ച് ഒരു റേഷൻ കാർഡിന് പ്രതിമാസം 5 കിലോഗ്രാം ശബരി കെ-റൈസും 5 കിലോഗ്രാം പച്ചരിയുമാണ് നൽകിവരുന്നത്. ലഭ്യത കൂടുന്നതനുസരിച്ച് കെ-റൈസ് 10 കിലോഗ്രാമായി ഉയർത്തി നൽകുന്നത് പരിശോധിക്കുന്നതാണ്.

(ബി) സപ്ലൈകോ ഔട്ട്ലെറ്റുകളിൽ പഞ്ചസാരയുടെ ലഭ്യത ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സപ്ലൈകോ വില്പന കേന്ദ്രങ്ങളിൽ പഞ്ചസാരയുടെ ലഭ്യത ഉറപ്പ് വരുത്തുവാൻ e-tender/e-auction നടത്തുന്നുണ്ട്.

(സി) സപ്ലൈകോയിൽ സാധനങ്ങൾ വിതരണം ചെയ്യുന്നവർക്ക് കുടിശ്ശിക തുക നൽകുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

വിപണിയിടപെടൽ പദ്ധതി നടപ്പാക്കുന്ന ഇനത്തിൽ സപ്ലൈകോയ്ക്ക് ഉണ്ടാകുന്ന സബ്സിഡി നഷ്ടം നികത്തുന്നതിനായി 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതമായ 190.80 കോടി രൂപയ്ക്കുപുറമെ 200 കോടി രൂപ കൂടി അധികമായി വകയിരുത്തി നൽകിയിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിപണിയിൽ വിലക്കയറ്റം പിടിച്ചുനിർത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് 2016-21-ലെ സർക്കാർ നയം തന്നെയാണ് പിന്തുടരുന്നത്. പൊതുവിപണിയിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സപ്ലൈകോ വില്പന ശാലകൾ വഴി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ വില്പന നടത്തിവരുന്നു. 2016 മുതൽ

പ്രാബല്യത്തിൽ വന്ന സബ്സിഡി നിരക്ക് 2024 ഫെബ്രുവരി 20 വരെ വർധിപ്പിച്ചിരുന്നില്ല. പൊതു വിപണിയേക്കാൾ 28 മുതൽ 74 ശതമാനം വരെ വിലക്കുറവിലാണ് സപ്ലൈകോ ഈ 13 ഇനം സബ്സിഡി സാധനങ്ങൾ വില്പന നടത്തിയിരുന്നത്. പ്രതിമാസം ശരാശരി 35 ലക്ഷത്തിലധികം റേഷൻ കാർഡുടമകൾ ഈ സബ്സിഡി പദ്ധതി പ്രയോജനപ്പെടുത്തിയിരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ ആകെ 585.97 കോടി രൂപയുടെ (പ്രതിമാസം ശരാശരി 48.83 കോടി രൂപയുടെ) പ്രയോജനം സബ്സിഡിയുടെ രൂപത്തിൽ സപ്ലൈകോ ഉപഭോക്താക്കളായ റേഷൻ കാർഡ് ഉടമകൾക്ക് ലഭിച്ചിരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ ഇത് 346.534 കോടി രൂപയാണ് (പ്രതിമാസം ശരാശരി 28.88 കോടി രൂപ). ആയത് അനുബന്ധം I ആയി ചേർക്കുന്നു.+

16-02-2024-ലെ സ.ഉ.(കൈ) നം.3/2024/F&CS നമ്പർ സർക്കാർ ഉത്തരവുപ്രകാരം 13 ഇനം സബ്സിഡി സാധനങ്ങളുടെ വില്പന വില കാലാനുസൃതമായി പരിഷ്കരിക്കുകയുണ്ടായി. കൂടുതൽ ജനങ്ങൾക്ക് സബ്സിഡി ആനുകൂല്യം ലഭ്യമാക്കുവാൻ ഇതുമൂലം സാധിക്കുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതു വിപണിയിലെ വില വ്യതിയാനങ്ങൾക്ക് അനുസൃതമായി സബ്സിഡി വിലയും കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

പൊതു വിപണിയിൽ മുളകിന്റെ വില്പന വില കുറഞ്ഞ സാഹചര്യത്തിൽ മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 29-05-2024-ലെ സ.ഉ.(സാധാ) നം. 129/2024/F&CS നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് സപ്ലൈകോ 01-06-2024 മുതൽ സബ്സിഡി മുളകിന്റെ വില്പന വില കുറയ്ക്കുകയുണ്ടായി.

സബ്സിഡി നിരക്കിൽ വില്പന നടത്തിവരുന്ന 13 ഇനം അവശ്യ സാധനങ്ങളുടെ പട്ടികയും അവയുടെ നിലവിലെ വില്പന വിലയും ഒരു റേഷൻ കാർഡിന് പ്രതിമാസം അനുവദനീയമായ പരമാവധി അളവും അനുബന്ധം II ആയി ചേർക്കുന്നു.+

സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി വെളിച്ചെണ്ണ സബ്സിഡി നിരക്കിലുള്ള 500 മില്ലി ലിറ്ററും സബ്സിഡി ഇതര 500 മില്ലി ലിറ്ററും ഒറ്റ പായ്ക്കറ്റിലാക്കിയാണ് നൽകിവരുന്നത്. ആയതിന്റെ 2024 ജൂൺ മാസത്തെ വില്പന വില 142.80 രൂപയാണ്. പൊതുജനങ്ങൾക്ക് കുറഞ്ഞ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിലയിൽ നല്ലയിനം അരി ലഭ്യമാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ മുഖേന ശബരി കെ-റൈസ് എന്ന ബ്രാൻഡിലാണ് സബ്സിഡി നിരക്കിൽ ജയ അരി, കുറുവ അരി, മട്ട അരി എന്നിവ വിതരണം ചെയ്യുന്നത്.

**ശബരി കെ– റൈസ് വിൽപന വിലകൾ ചുവടെ ചേർക്കുന്നു.**

ശബരി കെ-റൈസ് (ജയ അരി) കി.ഗ്രാമിന് - 29 രൂപ

ശബരി കെ-റൈസ് (കുറുവ അരി) കി.ഗ്രാമിന് - 30 രൂപ

ശബരി കെ-റൈസ് (മട്ട അരി) കി.ഗ്രാമിന് - 30 രൂപ

നിലവിൽ റേഷൻകാർഡ് ഒന്നിന് പ്രതിമാസം 5 കിലോഗ്രാം വീതമാണ് ശബരി കെ-റൈസ് വിതരണം ചെയ്യുന്നത്. കൂടാതെ ലഭ്യതയ്ക്ക് അനുസരിച്ച് കാർഡൊന്നിന് 5 കി.ഗ്രാം പച്ചരിയും നൽകുന്നുണ്ട്.

സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 41 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു.

ഇതുകൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, മഞ്ഞൾപ്പൊടി, ആട്ട, മട്ട (ഉണ്ട) അരി, കുറുവ അരി എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു.

ഇതിനുപുറമേ മറ്റ് അവശ്യസാധനങ്ങളും FMCG ഉൽപന്നങ്ങളും MRP-യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ അഞ്ചുമുതൽ 30 ശതമാനം വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

സംസ്ഥാനത്തുടനീളമുള്ള സപ്ലൈകോയുടെ 87 മെഡിക്കൽ സ്റ്റോറുകളിലൂടെ ന്യായമായ വിലയിൽ അവശ്യമരുന്നുകൾ ലഭ്യമാക്കുന്നു. മുൻഗണനാ വിഭാഗങ്ങൾക്ക് ഇൻസുലിന് 25% ഡിസ്കൗണ്ടും നൽകിവരുന്നുണ്ട്.

2022-ൽ അരിവിലയിൽ കാര്യമായ വർധനവുണ്ടായ അടിയന്തര സാഹചര്യത്തിൽ സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനത്തിനൊപ്പം നിലവിലെ മൊബൈൽ മാവേലി വാഹനങ്ങൾ അരിവണ്ടി എന്ന പേരിൽ

02-11-2022 മുതൽ 08-11-2022 വരെ 6 ദിവസത്തേക്ക് (06-11-2022 ഞായർ അവധി) എല്ലാ താലൂക്കുകളിലും എത്തിച്ചേരുന്ന വിധത്തിൽ താൽക്കാലികമായി പുനഃക്രമീകരിച്ച് സംസ്ഥാനത്തിലെ റേഷൻകാർഡുടമകൾക്ക് അരിയും മറ്റ് അവശ്യ ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുകയുണ്ടായി. ഒരാഴ്ചകൊണ്ട് 1.31 ലക്ഷം കിലോ അരിയാണ് അരിവണ്ടി മുഖേന സബ്സിഡി നിരക്കിൽ സംസ്ഥാനത്തെ റേഷൻകാർഡുടമകൾക്ക് വിതരണം ചെയ്തത്. സംസ്ഥാനത്തെ വിദൂര പ്രദേശങ്ങളിൽ (remote) ഉൾപ്പെടുന്ന തീരദേശ, മലയോര, ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിയാണ് അരിവണ്ടിയുടെ സേവനം ക്രമീകരിച്ചത്. ഇത്തരത്തിൽ അരി വണ്ടി, മൊബൈൽ മാവേലി, സപ്ലൈകോ വില്പനശാലകൾ എന്നിവ വഴി കുറഞ്ഞ നിരക്കിൽ ആവശ്യാനുസരണം അരി ലഭ്യമാക്കിയതുമൂലം പൊതുജനങ്ങൾക്ക് വലിയൊരളവിൽ ആശ്വാസം നൽകുവാൻ സാധിച്ചു.

ഓണം, ക്രിസ്മസ്, വിഷു, ഈസ്റ്റർ, റംസാൻ മുതലായ ഉൽസവകാലങ്ങളിൽ പ്രത്യേകം ഫെയറുകളും സംഘടിപ്പിച്ചുവരുന്നു.

പൊതു വിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്ന് സപ്ലൈകോ സ്വീകരിച്ച ഈ നടപടികൾമൂലം ഉറപ്പാക്കാൻ സാധിക്കുന്നുണ്ട്.

**മട്ടന്നൂരിൽ പുതിയ സപ്ലൈകോ സ്ഥാപനം**

272 (2278) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മട്ടന്നൂർ നിയോജകമണ്ഡലത്തിൽ പുതുതായി സപ്ലൈകോ സ്ഥാപനങ്ങൾ തുറന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

ഉണ്ട്. മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കൈതേരിയിൽ 02-07-2022-ന് ഒരു മാവേലി സ്റ്റോർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) സപ്ലൈകോ സ്ഥാപനങ്ങൾ വഴി കാര്യക്ഷമമായി വിപണി ഇടപെടൽ നടത്തുന്നതിന് മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്ന നടപടികൾ സ്വീകരിക്കുന്നുണ്ടോ?

ജനപ്രതിനിധികളിൽനിന്നും പൊതുജനങ്ങളിൽനിന്നും പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് ലഭ്യമാകുന്ന അപേക്ഷകളിൽ സാധ്യതാ പഠനം നടത്തി മാവേലി സ്റ്റോറുകൾ തുടങ്ങുവാൻ സൗകര്യമുള്ള സ്ഥലങ്ങളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാടകരഹിതമായി അനുയോജ്യമായ കെട്ടിടം അനുവദിച്ചുതരുന്ന മുറയ്ക്കാണ് മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ സാധിക്കുന്നത്.

**സിവിൽ സപ്ലൈസ് സ്റ്റോറുകൾ ആരംഭിക്കാൻ നടപടി**

273 (2279) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയായ കുട്ടനാടിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് കുട്ടനാട്ടിൽ കൂടുതൽ സിവിൽ സപ്ലൈസ് സ്റ്റോറുകൾ

ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കുട്ടനാട് താലൂക്കിൽ നിലവിൽ 10 വില്പനശാലകൾ പ്രവർത്തിച്ചുവരുന്നുണ്ട്. പുതിയ മാവേലി സ്റ്റോറുകൾ തുടങ്ങാൻ സാധ്യതാ പഠനം നടത്തി കണ്ടെത്തുന്ന സ്ഥലങ്ങളിൽ ബന്ധപ്പെട്ട സ്വയംഭരണ സ്ഥാപനങ്ങൾ വാടകരഹിതമായി കെട്ടിടം അനുവദിച്ചുതരുന്ന പക്ഷം കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതാണ്.

(ബി) കുട്ടനാട്ടിലെ ഒറ്റപ്പെട്ട പ്രദേശങ്ങളിൽ വള്ളങ്ങളിൽ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിന് പ്രത്യേക നിർദേശം നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ സപ്ലൈകോയ്ക്ക് ജലഗതാഗത സൗകര്യം ലഭ്യമല്ല. വൃത്തിയായും സുരക്ഷിതമായും ഭക്ഷ്യധാന്യങ്ങൾ കൈകാര്യം ചെയ്യാവുന്ന വിധത്തിലുള്ള ജലഗതാഗത സൗകര്യം ലഭ്യമാവുന്നപക്ഷം മൊബൈൽ മാവേലി സ്റ്റോർ മാതൃകയിൽ ഭക്ഷ്യധാന്യങ്ങൾ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ലഭ്യമാക്കാൻ സാധിക്കുന്നതാണ്.

## പാറശ്ശാല മണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ

274 (2280) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ നിലവിൽ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

നിലവിൽ എട്ട് മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

1. കുന്നത്തുകാൽ ഗ്രാമ പഞ്ചായത്ത്- കാരക്കോണം മാവേലി സ്റ്റോർ

2. കുന്നത്തുകാൽ ഗ്രാമ പഞ്ചായത്ത്- കുറുവാട് മാവേലി സ്റ്റോർ

3. അമ്പൂരി ഗ്രാമ പഞ്ചായത്ത് – അമ്പൂരി മാവേലി സ്റ്റോർ

4. പാറശ്ശാല ഗ്രാമ പഞ്ചായത്ത് – പാറശ്ശാല മാവേലി സ്റ്റോർ

5. വെള്ളറട ഗ്രാമ പഞ്ചായത്ത് – വെള്ളറട മാവേലി സ്റ്റോർ

6. കള്ളിക്കാട് ഗ്രാമ പഞ്ചായത്ത് - കള്ളിക്കാട് മാവേലി സ്റ്റോർ

7. ഒറ്റശേഖരമംഗലം ഗ്രാമ പഞ്ചായത്ത് –പൂഴനാട് മാവേലി സ്റ്റോർ

8. കൊല്ലയിൽ ഗ്രാമ പഞ്ചായത്ത് – കൊല്ലയിൽ മാവേലി സ്റ്റോർ

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതെങ്കിലും സ്ഥലത്ത് പുതുതായി മാവേലി സ്റ്റോറുകളോ സപ്ലൈകോ ഔട്ട്ലെറ്റുകളോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

അമ്പൂരി ഗ്രാമ പഞ്ചായത്തിൽ കുടപ്പനമൂട് എന്ന സ്ഥലത്ത് ഒരു സൂപ്പർ മാർക്കറ്റ് അനുവദിക്കുന്നതിനായുള്ള നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) മണ്ഡലത്തിലെ ഏതെങ്കിലും മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; നിലവിൽ മണ്ഡലത്തിൽ എത്ര സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; കൂടുതൽ സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

കൊല്ലയിൽ, കാരക്കോണം, പാറശ്ശാല, വെള്ളറട എന്നീ മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. നിലവിൽ പാറശ്ശാല മണ്ഡലത്തിൽ താഴെപ്പറയുന്ന രണ്ട് സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

1. ആര്യൻകോട് ഗ്രാമ പഞ്ചായത്ത് - ഒറ്റശേഖരമംഗലം സൂപ്പർ മാർക്കറ്റ്

2. പെരുങ്കടവിള ഗ്രാമ പഞ്ചായത്ത് - മാരായമുട്ടം സൂപ്പർ മാർക്കറ്റ്

പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് സാധ്യതാപഠനം നടത്തി മാനദണ്ഡങ്ങൾപ്രകാരം സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഡി) സംസ്ഥാനത്തെ സപ്ലൈകോ മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവ വഴി വിവിധ വിഭാഗങ്ങളിലുള്ള റേഷൻ കാർഡ് ഉടമകൾക്ക് നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നുള്ള വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ?

സപ്ലൈകോ വില്പനശാലകൾ വഴി റേഷൻ കാർഡ് ഉടമകൾക്ക് സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ വിതരണം ചെയ്തുവരുന്നു. ടി 13 ഇനം അവശ്യസാധനങ്ങളുടെ പട്ടികയും അവയുടെ നിലവിലെ വില്പന വിലയും ഒരു റേഷൻ കാർഡിന് പ്രതിമാസം അനുവദനീയമായ പരമാവധി അളവും അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ നല്ലയിനം അരി ലഭ്യമാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ മുഖേന ശബരി കെ-റൈസ് എന്ന ബ്രാൻഡിലാണ് സബ്സിഡി നിരക്കിൽ ജയ അരി, കുറുവ അരി, മട്ട അരി എന്നിവ വിതരണം ചെയ്യുന്നത്.

ശബരി കെ-റൈസ് വില്പന വിലകൾ ചുവടെ ചേർക്കുന്നു.

ശബരി കെ-റൈസ് (ജയ അരി) കിലോഗ്രാമിന് – 29 രൂപ

ശബരി കെ-റൈസ് (കുറുവ അരി) കിലോഗ്രാമിന് – 30 രൂപ

ശബരി കെ-റൈസ് (മട്ട അരി) കിലോഗ്രാമിന് – 30 രൂപ

നിലവിൽ റേഷൻകാർഡ് ഒന്നിന് പ്രതിമാസം 5 കിലോഗ്രാം വീതമാണ് ശബരി കെ-റൈസ് വിതരണം ചെയ്യുന്നത്. കൂടാതെ ലഭ്യതയ്ക്കനുസരിച്ച് കാർഡൊന്നിന് 5 കിലോഗ്രാം പച്ചരിയും നൽകുന്നുണ്ട്.

**നെല്ല് സംഭരണത്തിലെ അവ്യക്തതകൾ**

275 (2281) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണത്തിൽ നിലനിൽക്കുന്ന അവ്യക്തതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതുവരെ സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും കർഷകർക്ക് ഉടൻ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിപ്രകാരം കർഷകരിൽനിന്ന് നെല്ല് സംഭരിക്കുവാൻ സംസ്ഥാന സർക്കാർ നിശ്ചയിച്ച നോഡൽ ഏജൻസിയാണ് സപ്ലൈകോ. ഈ പദ്ധതിപ്രകാരം കർഷകരിൽനിന്ന് നെല്ല് സംഭരിച്ച് സപ്ലൈകോയുമായി കരാർ ഒപ്പിട്ടിട്ടുള്ള സ്വകാര്യ മോഡേൺ റൈസ് മില്ലുകളിൽ സംസ്കരിച്ച് അരിയാക്കി സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം വഴി ജനങ്ങൾക്ക് വിതരണം ചെയ്യുന്നു. ടി പദ്ധതിപ്രകാരം നിലവിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമുള്ള കർഷകരിൽനിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരിച്ചുവരുന്നുണ്ട്. നെല്ല് സംഭരണത്തിന് കേന്ദ്ര സർക്കാർ നൽകുന്ന അടിസ്ഥാന താങ്ങുവില (MSP) നെല്ല് സംഭരണം നടക്കുന്ന സമയത്തുതന്നെ ലഭ്യമാകാത്ത സാഹചര്യമുള്ളതുകൊണ്ടാണ് കർഷകർക്ക് നെല്ലിന്റെ

സംഭരണ വില നൽകുന്നതിനുവേണ്ടി സപ്ലൈകോ പി.ആർ.എസ്. വായ്പാപദ്ധതി മുഖാന്തരം തുക നൽകുന്നത്. നിലവിൽ നെല്ല് സംഭരണം നടന്നതിനുശേഷം ടി നെല്ല് സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുള്ള മില്ലുകൾവഴി അരിയാക്കി ആയത് സർക്കാരിന്റെ പൊതുവിതരണ സംവിധാനത്തിലൂടെ AAY, PHH എന്നീ മുൻഗണന വിഭാഗത്തിന് വിതരണം ചെയ്ത് ആയതിന്റെ കണക്കുകൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുമ്പോൾ മാത്രമാണ് MSP ഇനത്തിൽപ്പെട്ട തുക സപ്ലൈകോയ്ക്ക് ലഭ്യമാകുന്നത്. സാധാരണഗതിയിൽ കർഷകരിൽനിന്ന് നെല്ല് സംഭരിച്ച സമയം മുതൽ കേന്ദ്ര സർക്കാരിൽനിന്നും ആയതിന്റെ തുക മേൽ പ്രസ്താവിച്ച രീതിയിൽ സപ്ലൈകോയ്ക്ക് ലഭ്യമാകുമ്പോഴേയ്ക്കും 6 മുതൽ 8 മാസം വരെ സമയം എടുക്കാറുണ്ട്. ഈ കാലതാമസം ഒഴിവാക്കി സംഭരിച്ച നെല്ലിന്റെ വില എത്രയും വേഗത്തിൽ കർഷകർക്ക് ലഭ്യമാക്കുന്നതിനാണ് പി.ആർ.എസ്. (Paddy Receipt Sheet) വായ്പാപദ്ധതി മുഖേന സപ്ലൈകോ സംഭരണ വില നൽകുന്നത്. വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയുടെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന സപ്ലൈകോ നെല്ല്

സംഭരണത്തിനായി സർക്കാർ അനുവദിക്കുന്ന തുകയാണ് ഉപയോഗിക്കുന്നത്. സർക്കാരിൽനിന്ന് തുക ലഭിക്കുന്നതുവരെ കർഷകർക്ക് നെല്ലിന്റെ വില നൽകുന്നതിനായി ബാങ്കുകളുമായി സപ്ലൈകോ കരാറിലേർപ്പെടുന്നു. തുടർന്ന് കരാറിലേർപ്പെട്ടിരിക്കുന്ന ബാങ്കുകൾ മുഖാന്തരം പി.ആർ.എസ്. വായ്പയായി സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. കർഷകർക്ക് നൽകുവാനുള്ള തുകകൾ സമയബന്ധിതമായി ലഭ്യമാകാത്ത സാഹചര്യത്തിൽ ആ വിടവ് നികത്തുന്നതിനുവേണ്ടി മാത്രമാണ് ചില ബാങ്കുകൾ മുഖേന പി.ആർ.എസ്. (PRS- Paddy Receipt Sheet) വായ്പ പദ്ധതി മുഖാന്തരം സപ്ലൈകോ കർഷകർക്ക് സംഭരണ വില നൽകുന്നത്. ആയതിനാൽ സംഭരിച്ച നെല്ലിന്റെ ഉടമസ്ഥനായ കർഷകന് സമയബന്ധിതമായും പൂർണ്ണമായും സംഭരണവില നൽകുന്നതിനുവേണ്ടി മാത്രമാണ് പി.ആർ.എസ്. വായ്പാ പദ്ധതിപ്രകാരം സപ്ലൈകോ കർഷകർക്ക് പണം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്. 2023-24 സീസണിൽ കർഷകരുടെ നെല്ല് പരമാവധി വേഗത്തിൽ സംഭരിച്ച് വില അവരുടെ അക്കൗണ്ടുകളിൽ നൽകുന്നതിന് എസ്.ബി.ഐ, കാനറ

എന്നീ കൺസോർഷ്യം ബാങ്കുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും പി.ആർ.എസ്. വായ്പാ പദ്ധതിപ്രകാരം കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ നെല്ലിന്റെ വില നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. 2023-24 സീസണിൽ ഇതുവരെ (17-06-2024 വരെ) സംസ്ഥാനത്ത് 197673 കർഷകരിൽ നിന്ന് 5.57 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. നിലവിൽ എസ്.ബി.ഐ., കാനറ ബാങ്കുകളിലൂടെ PRS വായ്പ മുഖേനയാണ് കർഷകരുടെ സംഭരണ വില നൽകിവരുന്നത്. ഇതിലേക്കായി 169260 കർഷകർക്ക് നൽകുന്നതിനായി 1,352.37 കോടി രൂപയുടെ ലിസ്റ്റ് ടി ബാങ്കുകളിലേക്കായി സപ്ലൈകോ നൽകിയിട്ടുണ്ട്. ആയതിൽ 140906 കർഷകർക്ക് നെല്ലിന്റെ വിലയായി 1,137.31 കോടി രൂപ മേൽപ്പറഞ്ഞ ബാങ്കുകളിലൂടെ വിതരണം ചെയ്തുകഴിഞ്ഞു. ബാക്കി വരുന്ന കർഷകർക്ക് അടിയന്തരമായി പണം നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്.

## നെല്ല് സംഭരണം

276 (2282) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 കാലയളവിൽ സപ്ലൈകോ മുഖേന എത്ര മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്; നെല്ലിന്റെ നിലവിലെ സംഭരണ വില എത്രയാണെന്ന് വ്യക്തമാക്കാമോ?

2023-24 സീസണിൽ ഇതുവരെ സംസ്ഥാനത്ത് കർഷകരിൽനിന്ന് 5.57 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. 2023-24 സീസണിൽ നെല്ല് സംഭരണത്തിനുള്ള കേന്ദ്ര താങ്ങുവില (MSP) 21.83 രൂപയും സംസ്ഥാന പ്രോത്സാഹന ബോണസ് 6.37 രൂപയും, 0.12 രൂപ നിരക്കിൽ കൈകാര്യ ചെലവും ഉൾപ്പെടെ നെല്ലിന്റെ കർഷകർക്കുള്ള വില 28.32 രൂപ/kg ആണ്.

(ബി) സമയബന്ധിതമായി നെല്ല് സംഭരണം ആരംഭിക്കുന്നതിനും യഥാസമയം കർഷകർക്ക് വില ലഭ്യമാക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

എല്ലാവർഷവും ഒന്നാംവിള നെല്ല് സംഭരണം ആരംഭിക്കുന്നത് സെപ്റ്റംബർ മാസം മുതലാണ്. കേന്ദ്ര സർക്കാർ നെല്ല് സംഭരണം തുടങ്ങാനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്കാണ് നെല്ല് സംഭരണം ആരംഭിക്കുന്നത്. 2023-24 സീസണിൽ സമയബന്ധിതമായി സംഭരണം ആരംഭിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ സപ്ലൈകോ മുഖേന തുടങ്ങിയിരുന്നു. നെല്ല് സംഭരണത്തിൽ പങ്കാളികളാകാൻ താൽപ്പര്യമുള്ള മില്ലുകളെ ക്ഷണിച്ചുകൊണ്ടുള്ള താൽപ്പര്യപത്രം പത്രമാധ്യമങ്ങൾ വഴി പുറപ്പെടുവിച്ചു. നെല്ല് സംഭരണത്തിനായുള്ള രജിസ്ട്രേഷൻ സൈറ്റ് കർഷകർക്കായി ആഗസ്റ്റ് ഒന്നുമുതൽ തുറന്നു കൊടുത്തു. നെല്ല് സംഭരിക്കുന്നതിന് 59 മില്ലുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ട് നെല്ല് സംഭരിച്ചുവരുന്നു. നെല്ല് സംഭരണ പദ്ധതിയിൽ പങ്കാളികളാകുവാൻ താൽപ്പര്യമുള്ള കർഷകർ കൊയ്ത്തിനുമുൻപായി www.supplycopaddy.in എന്ന നെല്ല് സംഭരണ വെബ്സൈറ്റ് വഴി സപ്ലൈകോയിൽ രജിസ്റ്റർ ചെയ്തു. ഇപ്രകാരം രജിസ്റ്റർ ചെയ്ത് കൃഷി ഓഫീസറും, സപ്ലൈകോയുടെ പാഡി മാർക്കറ്റിംഗ് ഓഫീസറും അംഗീകരിച്ച എല്ലാ കർഷകരിൽനിന്നും

സപ്ലൈകോ നെല്ല് സംഭരിച്ച് വരുന്നു. ടി കർഷകരുടെ പാടശേഖരങ്ങളിലെ കൊയ്ത്ത് ആരംഭിക്കുന്നമുറയ്ക്കുതന്നെ നെല്ലെടുക്കാൻ നിയോഗിക്കപ്പെട്ട കരാറിലേർപ്പെട്ട മില്ലുകൾ മുഖാന്തരം നെല്ല് സമയബന്ധിതമായി സംഭരിച്ചുവരുന്നു. കേരളത്തിൽ പ്രവർത്തിക്കുന്ന 59 മില്ലുകളുമായി കരാറിൽ ഏർപ്പെട്ടുകൊണ്ട് 2023-24 സീസണിൽ നെല്ല് സംഭരണം സുഗമമായും കാര്യക്ഷമമായും സമയബന്ധിതമായും നടത്തിവരുന്നു.

2023-24 സീസണിൽ കർഷകരുടെ നെല്ല് പരമാവധി വേഗത്തിൽ സംഭരിച്ച് വില അവരുടെ അക്കൗണ്ടുകളിൽ നൽകുന്നതിന് എസ്.ബി.ഐ, കാനറ എന്നീ കൺസോർഷ്യം ബാങ്കുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും പി.ആർ.എസ്. വായ്പാപദ്ധതി പ്രകാരം കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ നെല്ലിന്റെ വില നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

നിലവിൽ എസ്.ബി.ഐ., കാനറ ബാങ്കുകളിലൂടെ PRS വായ്പ മുഖേനയാണ് കർഷകരുടെ സംഭരണ വില നൽകിവരുന്നത്. ഇതിലേക്കായി 169260 കർഷകർക്ക് നൽകുന്നതിനായി 1,352.37 കോടി രൂപയുടെ ലിസ്റ്റ് ടി

ബാങ്കുകളിലേക്കായി സപ്ലൈകോ നൽകിയിട്ടുണ്ട്. ആയതിൽ 131877 കർഷകർക്ക് നെല്ലിന്റെ വിലയായി 1,054.03 കോടി രൂപ മേൽ പറഞ്ഞ ബാങ്കുകളിലൂടെ വിതരണം ചെയ്തുകഴിഞ്ഞു. ബാക്കി വരുന്ന കർഷകർക്ക് അടിയന്തരമായി പണം നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്. 163401 കർഷകർക്ക് വിതരണം ചെയ്യുവാനുള്ള 1,301.57 കോടി രൂപയുടെ വിവരങ്ങൾ PRS ലോൺ മുഖേന നൽകുന്നതിനായി ബാങ്കിൽ ഹാജരാക്കിയിട്ടുള്ളതും ആയതിൽ 127478 കർഷകർക്ക് 1,013.81 കോടി രൂപ 31/05/2024 വരെ ബാങ്കിൽ നിന്നും പി.ആർ.എസ്. വായ്പാപദ്ധതി പ്രകാരം വിതരണം ചെയ്തിട്ടുള്ളതുമാണ്.

**മാനന്തവാടി സിവിൽ സപ്ലൈസ് പെട്രോൾ ബങ്ക്**

277 (2283) ശ്രീ ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിനുകീഴിൽ അനുവദിച്ച മാനന്തവാടിയിലെ പെട്രോൾ ബങ്ക് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പെട്രോൾ ബങ്കിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ&ബി) വയനാട് ജില്ലയിലെ മാനന്തവാടിയിൽ സപ്ലൈകോ പെട്രോൾ ബങ്ക് ആരംഭിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏതാണ്ട് പൂർത്തീകരിച്ചിട്ടുണ്ട്. ജൂൺ മാസംതന്നെ പ്രസ്തുത പെട്രോൾ ബങ്ക് ഉദ്ഘാടനം നടത്തുന്നതിനുള്ള നടപടികളുമായി വകുപ്പ് മുന്നോട്ടുപോവുകയാണ്.

**സുഭിക്ഷ ഹോട്ടലുകൾ**

278 (2284) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിതരണ വകുപ്പിന്റെ കീഴിൽ ഇതുവരെ എത്ര സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഇതുവരെ 55 സുഭിക്ഷാ ഹോട്ടലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) ആരംഭിച്ചതിനുശേഷം വിവിധ കാരണങ്ങളാൽ പ്രവർത്തനം നിർത്തേണ്ടിവന്ന സുഭിക്ഷ ഹോട്ടലുകളുണ്ടോ; വിശദമാക്കാമോ?

എട്ട് സുഭിക്ഷാ ഹോട്ടലുകൾ വിവിധ കാരണങ്ങളാൽ പ്രവർത്തനം നിർത്തിയിട്ടുണ്ട്.

1. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട നിയോജകമണ്ഡലത്തിലെ സുഭിക്ഷ ഹോട്ടൽ നടത്തിയിരുന്ന ഹരിത കുടുംബശ്രീ യൂണിറ്റ് 2023 ജൂലൈ മാസത്തിനുശേഷം ഹോട്ടൽ നടത്തിപ്പിൽനിന്നും പിൻമാറുകയുണ്ടായി. തുടർന്ന് മറ്റൊരു ഏജൻസിയെ ഹോട്ടലിന്റെ പ്രവർത്തനം പുനരാരംഭിക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്.
2. എറണാകുളം ജില്ലയിലെ, തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ സുഭിക്ഷ ഹോട്ടൽ പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന് നമ്പർ ഇല്ലാതിരുന്നതിനാൽ ലൈസൻസുകൾ എടുക്കാൻ കഴിയാതെ വന്നതിനെത്തുടർന്ന് എറണാകുളം ഗവൺമെന്റ് സെർവന്റ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഹോട്ടൽ നടത്തിപ്പിൽനിന്നും

പിൻമാറുകയുണ്ടായി. കെട്ടിട നമ്പർ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

3. എറണാകുളം ജില്ലയിലെ, കോതമംഗലം നിയോജകമണ്ഡലത്തിലെ സുഭിക്ഷ ഹോട്ടൽ പ്രവർത്തിക്കുന്ന കോതമംഗലം മിനി സിവിൽ സ്റ്റേഷനിലെ വാടക നിരക്ക് വർദ്ധിപ്പിച്ചതിനാൽ പുതുക്കിയ വാടക നിരക്കിൽ പ്രവർത്തനം തുടർന്നുകൊണ്ട് പോകാൻ നിർവാഹമില്ലെന്ന് ഹോട്ടൽ നടത്തിപ്പുകാരായ പവിത്ര കുടുംബശ്രീ അറിയിച്ചിട്ടുണ്ട്.

4. പത്തനംതിട്ട ജില്ലയിലെ ആറന്മുള നിയോജകമണ്ഡലത്തിലെ സുഭിക്ഷ ഹോട്ടൽ പ്രവർത്തിച്ചിരുന്ന പത്തനംതിട്ട കളക്ടറേറ്റ് കോമ്പൗണ്ടിലെ കെട്ടിടം ഒഴിയണമെന്ന് ജില്ലാ കളക്ടർ ആവശ്യപ്പെട്ടതിനെത്തുടർന്ന് 2024 ഫെബ്രുവരി മാസത്തിൽ കെട്ടിടം ഒഴിയേണ്ടിവന്നതിനാൽ സുഭിക്ഷ ഹോട്ടൽ പ്രവർത്തിക്കുന്നില്ല. അനുയോജ്യമായ കെട്ടിടം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. പത്തനംതിട്ട ജില്ലയിലെ റാന്നി നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചിരുന്ന സുഭിക്ഷ ഹോട്ടൽ 2023 ഏപ്രിൽ മാസം വരെയാണ്

പ്രവർത്തിച്ചിരുന്നത്. തുടർന്ന് നടത്താൻ താല്പര്യപ്പെട്ട വ്യക്തി, പ്രാരംഭ ചെലവിനായി 22,915/-രൂപ ആവശ്യപ്പെട്ടുകയുണ്ടായി. ആയത് അനുവദിക്കുന്ന മുറയ്ക്ക് ഹോട്ടൽ പ്രവർത്തനം പുനരാരംഭിക്കുന്നതാണ്.

6. ആലപ്പുഴ ജില്ലയിലെ അരൂർ നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്ന സുഭിക്ഷാ ഹോട്ടൽ, ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിട നവീകരണം അടക്കമുള്ള പ്രവർത്തനങ്ങൾമൂലം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

7. ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ പ്രവർത്തിച്ചിരുന്ന സുഭിക്ഷാ ഹോട്ടലിന് വെള്ളം, വിറക്, ഗ്യാസ്, ബിൽബുക്ക്, തൊഴിലാളി ശമ്പളം എന്നിവയ്ക്കായി വരുന്ന തുകയ്ക്ക് പുറമേ പ്രതിമാസം കെട്ടിട വാടകയിനത്തിൽ 18,000/-രൂപയും വൈദ്യുതി ചാർജ്ജിനത്തിൽ 7,000/-രൂപയും ചെലവ് വരുന്നുവെന്നതിനാൽ ടി സ്ഥാപനം മുന്നോട്ട് കൊണ്ടുപോകാൻ സാധ്യമല്ലായെന്ന് ചൂണ്ടിക്കാട്ടി പ്രവർത്തനം നിർത്തിയിട്ടുണ്ട്.

8. വയനാട് ജില്ലയിലെ വൈത്തിരിയിൽ സുഭിക്ഷ ഹോട്ടൽ പ്രവർത്തിക്കുന്ന കെട്ടിടം ദേശീയ പാതയിൽനിന്നുള്ള നിർദ്ദിഷ്ട ദൂരപരിധി പാലിക്കാത്തതിനാൽ ഹോട്ടൽ പ്രവർത്തനത്തിന് ലൈസൻസ് നൽകുന്നില്ല.

(സി) സംസ്ഥാനത്തെ സുഭിക്ഷ ഹോട്ടലുകൾക്കായി ഇതുവരെ ചെലവാക്കിയ തുക എത്രയാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ സുഭിക്ഷ ഹോട്ടലുകൾക്കായി ഇതുവരെ 5,61,82,183/- രൂപ ചെലവാക്കിയിട്ടുണ്ട്

(ഡി) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം മണ്ഡലങ്ങളിലാണ് സുഭിക്ഷ ഹോട്ടലുകൾ പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം, ആറ്റിങ്ങൽ, കഴക്കൂട്ടം, നെടുമങ്ങാട്, വാമനപുരം, കോവളം എന്നീ മണ്ഡലങ്ങളിലാണ് സുഭിക്ഷാ ഹോട്ടലുകൾ പ്രവർത്തിക്കുന്നത്.

(ഇ) ഒരു നിയോജകമണ്ഡലത്തിൽ ഒന്നിലധികം സുഭിക്ഷ ഹോട്ടലുകൾ അനുവദിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഒരു നിയോജകമണ്ഡലത്തിൽ ഒരു സുഭിക്ഷ ഹോട്ടൽ എന്ന ക്രമത്തിലാണ് അനുവദിക്കുന്നത്. എന്നാൽ നിലവിൽ തൃശ്ശൂർ ജില്ലയിൽ കയ്പമംഗലം നിയോജകമണ്ഡലത്തിൽ എടവിലങ്ങ്, പെരിഞ്ഞനം എന്നീ രണ്ട് സ്ഥലങ്ങളിൽ സുഭിക്ഷാ ഹോട്ടലുകൾ അനുവദിച്ചിട്ടുണ്ട്.

**അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് നടപടി**

279 (2285) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി പൊതുവിപണിയിൽ എന്തെല്ലാം ഇടപെടലുകളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

പൊതുവിപണിയിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സപ്ലൈകോ വില്പനശാലകൾ വഴി 13 ഇനം അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ വില്പന നടത്തിവരുന്നു. 2016 മുതൽ പ്രാബല്യത്തിൽ വന്ന സബ്സിഡി നിരക്ക് 2024 ഫെബ്രുവരി 20 വരെ വർധിപ്പിച്ചിരുന്നില്ല. പൊതു വിപണിയേക്കാൾ 28 മുതൽ 74 ശതമാനം വരെ വിലക്കുറവിലാണ്

സപ്ലൈകോ ഈ 13 ഇനം സബ്സിഡി സാധനങ്ങൾ വില്പന നടത്തിയിരുന്നത്. പ്രതിമാസം ശരാശരി 35 ലക്ഷത്തിലധികം റേഷൻ കാർഡുടമകൾ ഈ സബ്സിഡി പദ്ധതി പ്രയോജനപ്പെടുത്തിയിരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ ആകെ 585.97 കോടി രൂപയുടെ (പ്രതിമാസം ശരാശരി 48.83 കോടി രൂപയുടെ) പ്രയോജനം സബ്സിഡിയുടെ രൂപത്തിൽ സപ്ലൈകോ ഉപഭോക്താക്കളായ റേഷൻ കാർഡ് ഉടമകൾക്ക് ലഭിച്ചിരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ ഇത് 346.534 കോടി രൂപയാണ് (പ്രതിമാസം ശരാശരി 28.88 കോടി രൂപ). (വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു)+

16-02-2024-ലെ സ.ഉ.(കൈ) നം.3/2024/F&CS നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 13 ഇനം സബ്സിഡി സാധനങ്ങളുടെ വില്പനവില കാലാനുസൃതമായി പരിഷ്കരിക്കുകയുണ്ടായി. കൂടുതൽ ജനങ്ങൾക്ക് സബ്സിഡി ആനുകൂല്യം ലഭ്യമാക്കുവാൻ ഇതുമൂലം സാധിക്കുന്നതാണ്. പൊതു വിപണിയിലെ വില വ്യതിയാനങ്ങൾക്കനുസൃതമായി സബ്സിഡി വിലയും കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സബ്സിഡി നിരക്കിൽ വില്പന നടത്തിവരുന്ന 13 ഇനം അവശ്യ സാധനങ്ങളുടെ പട്ടികയും അവയുടെ നിലവിലെ വില്പന വിലയും ഒരു റേഷൻ കാർഡിന് പ്രതിമാസം അനുവദനീയമായ പരമാവധി അളവും അനുബന്ധം II ആയി ചേർക്കുന്നു.+

സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി വെളിച്ചെണ്ണ സബ്സിഡി നിരക്കിലുള്ള 500 മില്ലി ലിറ്ററും സബ്സിഡി ഇതര 500 മില്ലി ലിറ്ററും ഒറ്റ പായ്ക്കറ്റിലാക്കിയാണ് നൽകിവരുന്നത്. ആയതിന്റെ 2024 ജൂൺ മാസത്തെ വില്പന വില 142.80 രൂപയാണ്.

പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ നല്ലയിനം അരി ലഭ്യമാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ മുഖേന ശബരി കെ-റൈസ് എന്ന ബ്രാൻഡിലാണ് സബ്സിഡി നിരക്കിൽ ജയ അരി, കുറുവ അരി, മട്ട അരി എന്നിവ വിതരണം ചെയ്യുന്നത്.

ശബരി കെ-റൈസ് വിൽപ്പന വിലകൾ ചുവടെ ചേർക്കുന്നു.

ശബരി കെ-റൈസ് (ജയ അരി)  കിലോ ഗ്രാമിന് -29 രൂപ

ശബരി കെ-റൈസ് (കുറുവ അരി) കിലോ ഗ്രാമിന് - 30 രൂപ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശബരി കെ-റൈസ് (മട്ട അരി) കിലോ ഗ്രാമിന് - 30 രൂപ

നിലവിൽ റേഷൻകാർഡ് ഒന്നിന് പ്രതിമാസം 5 കിലോഗ്രാം വീതമാണ് ശബരി കെ-റൈസ് വിതരണം ചെയ്യുന്നത്. കൂടാതെ ലഭ്യതയ്ക്കനുസരിച്ച് കാർഡൊന്നിന് 5 കി.ഗ്രാം പച്ചരിയും നൽകുന്നുണ്ട്.

സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 41 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു.

1. ഇതുകൂടാതെ തേയിലപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, മഞ്ഞൾപ്പൊടി, ആട്ട, മട്ട (ഉണ്ട) അരി, കുറുവ അരി എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു.

2. ഇതിനുപുറമേ മറ്റ് അവശ്യസാധനങ്ങളും FMCG ഉൽപന്നങ്ങളും MRP -യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ അഞ്ചുമുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

പൊതു വിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്ന് സപ്ലൈകോ സ്വീകരിച്ച ഈ നടപടികൾമൂലം ഉറപ്പാക്കാൻ സാധിക്കുന്നു. സപ്ലൈകോയുടെ സാമ്പത്തിക പ്രതിസന്ധി മെച്ചപ്പെടുന്ന മുറയ്ക്ക് കൂടുതൽ ജനങ്ങളിലേക്ക് സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കേന്ദ്രസർക്കാർ ഭക്ഷ്യധാന്യങ്ങളുടെ വിഹിതം വെട്ടിക്കുറച്ച നടപടി സാധാരണ ജനങ്ങളെ ബാധിക്കാതിരിക്കാൻ മുൻസർക്കാർ കൺസ്യൂമർഫെഡ് വഴി നടപ്പിലാക്കിയ പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്സവകാലങ്ങളിലുണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി സർക്കാർ സബ്സിഡിയോടുകൂടി സഹകരണ

വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗസാധനങ്ങൾ നിയന്ത്രിതയളവിൽ സബ്സിഡിയോടുകൂടി താൽക്കാലികമായി സഹകരണ വിപണികൾ ആരംഭിച്ച് വില്പന നടത്തുന്നുണ്ട്. ആയതിന് സർക്കാർ 2024-25 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ നോൺ പ്ലാൻ ഇനത്തിൽ ഉത്സവകാല ചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം എന്ന ശീർഷകത്തിൽ 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരമുള്ള അവകാശങ്ങൾ**

280 (2286) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരമുള്ള അവകാശങ്ങൾ ഉപഭോക്താക്കൾക്ക് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

Online Hybrid Sitting എന്ന ഓൺലൈൻ സംവിധാനം വഴി തിങ്കൾ, വെള്ളി ദിവസങ്ങളിൽ virtual ഹിയറിംഗുകൾ സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മിഷനിൽ നടത്തിവരുന്നു. ആയതുവഴി ഉപഭോക്താക്കൾക്കും അവരുടെ പ്രതിനിധികൾക്കും കമ്മീഷനിൽ നേരിട്ട് ഹാജരാകാതെതന്നെ നടപടികളിൽ പങ്കെടുക്കുവാൻ സാധിക്കും.

നിർധനരായ പരാതിക്കാർക്ക് നിയമ സഹായം നൽകുന്നതിന് നിയമ വിദഗ്ധരുടെ പാനലിൽനിന്നും സൗജന്യ നിയമ സഹായം നൽകിവരുന്നു. പ്രസ്തുത കേസുകളിൽ വിദഗ്ധ/അഭിഭാഷക കമ്മീഷണർമാർക്കുള്ള പ്രതിഫലം നിയമ സഹായ ഫണ്ടിൽനിന്നും നൽകിവരുന്നു. പൊതുജനങ്ങൾക്ക് ഓൺലൈനായി പരാതി സമർപ്പിക്കുന്നതിന് സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ് മുഖാന്തരം E-Daakhil സംവിധാനത്തിലൂടെയും കമ്മീഷനുകളിലെ കേസുകളുടെ വിവരങ്ങൾ പരാതിക്കാർക്ക് ലഭ്യമാക്കുന്നതിന് Confonet സംവിധാനത്തിലൂടെയും സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷൻ എറണാകുളത്തുവച്ച് മാസത്തിൽ

ആറ് ദിവസം ക്യാമ്പ് സിറ്റിംഗ് നടത്തിവരുന്നു. ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളും അതത് ജില്ലകളിൽ നിശ്ചിത സ്ഥലങ്ങളിൽ ക്യാമ്പ് സിറ്റിംഗ് നടത്താറുണ്ട്.

(ബി) ഇക്കാര്യത്തിൽ ബോധവൽക്കരണം നടത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇത്തരത്തിലുള്ള ബോധവൽക്കരണ പരിപാടികൾ എത്രത്തോളം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഉപഭോക്തൃ ബോധവൽക്കരണ ശാക്തീകരണ പ്രവർത്തനങ്ങൾ കൂടുതൽ സമഗ്രമായും ഫലപ്രദമായും നടത്തിവരുന്നു. ടി.വി., അച്ചടി മാധ്യമങ്ങൾ, റേഡിയോ എന്നിവയിലൂടെയുള്ള മാസ് മീഡിയ പരസ്യങ്ങളിലൂടെയും പരസ്യ ചിത്രങ്ങൾ, പോസ്റ്ററുകൾ, ചുമർ ചിത്രങ്ങൾ, ബോർഡുകൾ, ഇൻസ്റ്റലേഷനുകൾ, ബുക്ക്‌ലെറ്റ്, നോട്ടീസ് തുടങ്ങിയവ ഉപയോഗിച്ചും ഉപഭോക്തൃ പരാതി പരിഹാര സംവിധാനങ്ങളെക്കുറിച്ചും ഉപഭോക്തൃ അവകാശങ്ങളെക്കുറിച്ചും ഹരിത ഉപഭോഗത്തെക്കുറിച്ചും മറ്റുമുള്ള ഉപഭോക്തൃ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. റസിഡൻസ്

അസോസിയേഷനുകൾ, ഉപഭോക്തൃസന്നദ്ധ സംഘടനകൾ, സ്കൂൾ /കോളേജ് കൺസ്യൂമർ ക്ലബുകൾ, നാഷണൽ സർവീസ് സ്കീം എന്നിവയിലൂടെയും പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ കാര്യാലയത്തിലുള്ള സോഷ്യൽ മീഡിയ ലാബ് വഴിയും പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ പോളിസി മാസികയായ 'ഉപഭോക്തൃകേരളം' വഴിയും ഉപഭോക്തൃ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ ഉപഭോക്തൃ ചൂഷണം അവസാനിപ്പിക്കുന്നതിനായി കൂടുതൽ വ്യാപകമായ ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉപഭോക്തൃതർക്ക പരിഹാരവുമായി ബന്ധപ്പെട്ട കേസുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

2023 മുതൽ കേസുകൾ എത്രയും വേഗം തീർപ്പാക്കുന്നതിനായി സംസ്ഥാന കമ്മീഷനിലും ജില്ലാ കമ്മീഷനുകളിലും മീഡിയേഷൻ സെൽ

രൂപീകരിച്ചിട്ടുണ്ട്. കേസുകൾ റഫർ ചെയ്യുന്നതുപ്രകാരം മീഡിയേഷൻ സെല്ലിൽ പരിചയസമ്പന്നരായ വക്കീലന്മാർ മുഖേന പരാതിക്കാരുടെയും എതിർ കക്ഷികളുടെയും സാന്നിധ്യത്തിൽ കേസുകൾക്ക് പരിഹാരം നടത്തിവരുന്നു. കൂടാതെ ഉപഭോക്തൃ കമ്മീഷനുകളുടെ നേതൃത്വത്തിൽ പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കുകയും കേസുകൾ തീർപ്പാക്കുന്നതിന് മുൻഗണന നൽകുകയും ചെയ്യുന്നു. സംസ്ഥാന, ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകൾ ആഴ്ചയിൽ ഒരു ദിവസം വീതം അദാലത്തുകളും കൂടാതെ പ്രത്യേക അദാലത്തുകളും നടത്തിവരുന്നു.

**ചാത്തന്നൂർ ഗവണ്മെന്റ് എൽ.പി.എസ്. കെട്ടിട നിർമ്മാണം**

281 (2287) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.ജി.ഡി. കൊല്ലം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർവഹണ ചുമതലയിൽ ചാത്തന്നൂർ ഗവൺമെന്റ് എൽ.പി.എസ്.-ന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ?

പ്ലിന്ത് ബീമിന്റെ കമ്പി കെട്ടി അതിന്റെ ഷട്ടറിംഗ് നടന്നുവരികയാണ്. സ്കൂൾ പ്രവൃത്തി ദിവസം അല്ലാത്ത ദിവസം മാത്രമേ കോൺക്രീറ്റ് പ്രവൃത്തി നടത്താൻ സാധിക്കുന്നുള്ളൂ.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് നേരിടുന്ന കാലതാമസം ഒഴിവാക്കി കെട്ടിടത്തിന്റെ ഒന്നാം നിലയുടെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

പ്രവൃത്തിയുടെ രണ്ടാംനിലയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഒന്നാം നിലയുടെ അപ്രൂവ്ഡ് ഡിസൈനും സ്ട്രക്ചറൽ ഡ്രോയിംഗും ആവശ്യമാണെന്ന് പി.ഡബ്ല്യു.ഡി.-യിൽനിന്നും അറിയിച്ചതിനെത്തുടർന്ന് കൊല്ലം ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിൽനിന്നും ഡിസൈൻ അംഗീകരിച്ചതിനുശേഷമാണ് പ്രവൃത്തി ആരംഭിച്ചത് (എൽ.എസ്.ജി.ഡി.-ക്ക് ഡിസൈൻ വിംഗ് ഇല്ലാത്തതിനാൽ ഡിസൈൻ തയ്യാറാക്കിയിരുന്നില്ല.) കൂടാതെ, പ്രവൃത്തിക്ക് ഉപയോഗിക്കുന്ന കമ്പി കൊല്ലം ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിൽനിന്നും ടെസ്റ്റ് ചെയ്ത് കിട്ടുന്നതിനും

കാലതാമസം ഉണ്ടായിട്ടുണ്ട്. മാത്രമല്ല, 2024 മേയ് മാസത്തിലുണ്ടായ ശക്തമായ മഴയും പ്രവൃത്തി തുടരുന്നതിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നിലവിൽ പ്രതികൂല സാഹചര്യം ഒന്നുംതന്നെ ഇല്ല. ആയതിനാൽ, പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനത്തിന്റെ വർഷം തിരിച്ചുള്ള കണക്കുകൾ**

282 (2288) ശ്രീ ഒ. ആർ. കേളു:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എൻ. കെ. അക്ബർ
ശ്രീമതി ശാന്തകുമാരി കെ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുവരുമാനം വർധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുവരുമാനം വർധിപ്പിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വസ്തു നികുതി, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്/അപേക്ഷാ ഫീസ്/സ്ക്രൂട്ടനി ഫീസ്, വിനോദ നികുതി എന്നിവ പരിഷ്കരിച്ചിട്ടുണ്ട്.

22-03-2023-ലെ സ. ഉ(കൈ) 77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരവും നിയമ (നിയമനിർമ്മാണ-എ) വകുപ്പിന്റെ 28-03-2023-ലെ 15(2)/ലെഗ്.എ 2/2023/നിയമം നമ്പർ വിജ്ഞാപന പ്രകാരവും 01-04-2023-നുമുൻപ് നികുതി നിശ്ചയിച്ച കെട്ടിടങ്ങൾക്ക് ഈടാക്കിക്കൊണ്ടിരുന്ന വസ്തു നികുതിയിൽ അഞ്ചുശതമാനം വർധനവ് വരുത്തിയിട്ടുണ്ട്. കൂടാതെ, 05-04-2023-ലെ സ.ഉ(അ) നം. 25/2023/തസ്വഭവ, 05-04-2023-ലെ സ.ഉ(അ) നം. 26/2023/തസ്വഭവ നമ്പർ വിജ്ഞാപനങ്ങൾ പ്രകാരം 01-04-2023 മുതൽ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് ഉപയോഗക്രമമനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതുക്കിയ നികുതി നിരക്കുകൾ ബാധകമാക്കിയിട്ടുണ്ട്.

31-03-2023-ലെ സ.ഉ.(കൈ)നം.85/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്/അപേക്ഷാ ഫീസ്/സ്കൂട്ടിനി ഫീസ് എന്നിവ പരിഷ്കരിച്ചിട്ടുള്ളതാണ്.

31-01-2024-ലെ സ.ഉ.(കൈ)നം.17/2024/തസ്വഭവ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ പ്രദേശങ്ങളിൽ നടക്കുന്ന വിനോദങ്ങൾക്ക് വിനോദ നികുതി ഈടാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവായിട്ടുള്ളതുമാണ്.

(ബി) 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തെ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവയുടെ തനത് വരുമാനത്തെ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തെ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകൾ

എന്നിവയുടെ തനതുവരുമാനം സംബന്ധിച്ച് സഞ്ചയ, കെ-സ്മാർട്ട് പോർട്ടലുകൾ വഴി പരിശോധനകൾ നടത്തിയിട്ടുണ്ട്.

(സി) 2018-19 മുതൽ 2022-2023 വരെയുള്ള ഓരോ സാമ്പത്തിക വർഷത്തെയും തനത് വരുമാനത്തിന്റെ വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

| വർഷം | കോർപ്പറേഷൻ (In Rs) | മുനിസിപ്പാലിറ്റി (In Rs) | പഞ്ചായത്ത് (In Rs) |
|---|---|---|---|
| 2018-19 | 4972504652 | 5043881030 | 7064173525 |
| 2019-20 | 5051761793 | 4949509538 | 6648630119 |
| 2020-21 | 3920648298 | 4858683882 | 6706506719 |
| 2021-22 | 5327554323 | 5394005048 | 7911099812 |
| 2022-23 | 5754827079 | 6460760473 | 9559082083 |

**ലൈഫ് മിഷൻ ഫ്ലാറ്റ് നിർമ്മാണം**

283 (2289) ശ്രീ. എം. നൗഷാദ്:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എ. രാജ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ലഭ്യതക്കുറവ് ലൈഫ് പദ്ധതിയുടെ നടത്തിപ്പിനെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ലഭ്യതയ്ക്കനുസരിച്ച് ചെറുതും വലുതുമായ ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് കൂടുതൽ പേർക്ക് പാർപ്പിടം ഒരുക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി ഭൂമി കണ്ടെത്തുക എന്നത് ഏറെ ശ്രമകരമാണ്. ഭവനനിർമ്മാണത്തിന് അനുയോജ്യമായ ഭൂമിയുടെ ലഭ്യതക്കുറവാണ് ഇതിന് പ്രധാന കാരണം. ജനകീയ ക്യാമ്പയിനിലൂടെ ഇത് സാധ്യമാക്കുവാൻ കഴിയുമെന്ന പ്രതീക്ഷയിലാണ് സംസ്ഥാന സർക്കാർ ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. ക്യാമ്പയിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ ശ്രീ. സുകുമാരൻ വൈദ്യർ സൗജന്യമായി നൽകിയ രണ്ടര ഏക്കർ ഭൂമിയിൽ 114 യൂണിറ്റുകളുള്ള ഭവനസമുച്ചയവും എറണാകുളം ജില്ലയിൽ നെല്ലിക്കുഴി

ഗ്രാമപഞ്ചായത്തിൽ ശ്രീ. സമീർ പൂങ്കുഴി സൗജന്യമായി നൽകിയ സ്ഥലത്ത് 24 യൂണിറ്റുകളുള്ള ഭവനസമുച്ചയത്തിന്റെയും നിർമ്മാണ പ്രവൃത്തികൾ ലൈഫ്മിഷൻ മുഖേന ഏറ്റെടുത്തിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുദാക്കൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥലത്തും കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ സ്ഥലത്തും കൊല്ലം ജില്ലയിലെ കടയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തുമായി 100 വീടുകൾ, ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക് 318-എ എന്ന സംഘടന സൗജന്യമായി നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികളും നടന്നുവരികയാണ്.

(സി) ഭൂരഹിത ഭവനരഹിതർക്കായി ലൈഫ് പദ്ധതി മുഖേന നാളിതുവരെ നിർമ്മിച്ചിട്ടുള്ള ഫ്ലാറ്റ് സമുച്ചയങ്ങളുടെ എണ്ണവും അത് എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ?

ലൈഫ് ഗുണഭോക്താക്കൾക്കായി ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി ലൈഫ് മിഷൻ മുഖേനയും പാർട്ട്ണർഷിപ്പിലൂടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/സംഘടനകൾ മുഖേനയും നിർമ്മാണം

പൂർത്തീകരിച്ച ഭവനസമുച്ചയങ്ങളുടെ വിവരം അനുബന്ധം-1 ആയി ചേർക്കുന്നു.+

(ഡി) പ്രസ്തുത പദ്ധതി മുഖേന നിലവിൽ എവിടെയെല്ലാമാണ് ഫ്ലാറ്റ് സമുച്ചയങ്ങളുടെ നിർമ്മാണം നടന്നുവരുന്നതെന്നും അവയുടെ നിർമ്മാണപുരോഗതിയും വെളിപ്പെടുത്തുമോ?

വിശദാംശം അനുബന്ധം-2 ആയി ചേർക്കുന്നു.+

**മലപ്പുറം മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുള്ള ഒഴിവുകൾ**

284 (2290) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള ഒഴിവുകൾ തസ്തിക തിരിച്ച് വിശദമാക്കാമോ?

| തസ്തിക | ഒഴിവിന്റെ എണ്ണം |
|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| അസിസ്റ്റന്റ് സെക്രട്ടറി | 1 |
| ഓവർസിയർ ഗ്രേഡ് -3 | 2 |
| സെക്രട്ടറി, സീനിയർ സൂപ്രണ്ട് | 3 |

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | |
|---|---|
| ഫീമെയിൽ അറ്റൻഡന്റ് | 1 |
| ക്ലർക്ക് | 1 |

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കുറവുകൾ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ക്ലർക്ക് തസ്തികയിലെ ഒഴിവ് നികത്തുന്നതിനായി നിയമന ഉത്തരവ് നൽകിയിട്ടുള്ളതും മറ്റു തസ്തികകളിലെ ഒഴിവുകൾ സ്ഥലംമാറ്റം, സ്ഥാനക്കയറ്റം എന്നിവ മുഖേനയോ പി.എസ്.സി.-യിൽനിന്ന് നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്കോ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ**

285 (2291) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കർമ്മസേന നടത്തുന്ന മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ രാജ്യമാകെ ചർച്ച ചെയ്യപ്പെടുന്നതായും വരുമാനലബ്ധിക്കപ്പുറം സാമൂഹ്യസേവനത്തിലധിഷ്ഠിതമായ അവരുടെ പ്രവർത്തനം പൊതുസമൂഹം അംഗീകരിച്ചിട്ടുള്ളതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഹരിത കർമ്മസേനയുടെ പ്രവർത്തനത്തെ വരുമാനലബ്ധിക്കപ്പുറം സാമൂഹ്യസേവനത്തിലധിഷ്ഠിതമായ പ്രവൃത്തിയായി പൊതുസമൂഹം അംഗീകരിച്ചിട്ടുള്ളതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഹരിത കർമ്മസേനയ്ക്ക് 2021-22 വർഷം മുതൽ നാളിതുവരെയായി എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും പ്രസ്തുത കാലയളവിൽ സംസ്കരിക്കപ്പെട്ട അജൈവ മാലിന്യങ്ങളുടെ അളവും അതുവഴി വരുമാനമായി ലഭിച്ച തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഹരിത കർമ്മസേന നിലവിൽ സൂക്ഷ്മ സ്വയംതൊഴിൽ സംരംഭ മാതൃകയിലാണ് പ്രവർത്തിക്കുന്നത്. വീടുകൾ, സ്ഥാപനങ്ങൾ

മുതലായവയിൽനിന്ന് ലഭിക്കുന്ന യൂസർ ഫീസ്, പുനരുപയോഗ സാധ്യമായ പാഴ്വസ്തുക്കൾ കൈമാറുന്നതിലൂടെ ലഭിക്കുന്ന വരുമാനം, മറ്റു സംരംഭ പ്രവർത്തനങ്ങൾ എന്നിവയിലൂടെ ലഭിക്കുന്ന തുക ഹരിത കർമ്മസേന കൺസോർഷ്യം അംഗങ്ങൾ എന്നതിന് ആനുപാതികമായി വീതം വയ്ക്കുന്ന രീതിയിലാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ തൊഴിൽദിനങ്ങൾ കണക്കാക്കി നൽകാൻ കഴിയുന്നില്ല. 2021-2022 മുതൽ 2023-2024 വരെ 99603 മെട്രിക് ടൺ മാലിന്യം ശേഖരിച്ചിട്ടുണ്ട്. ടി കാലയളവിൽ 536 കോടി രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്.

**ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ**

286 (2292) ശ്രീ. വി. ജോയി:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മസേന പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും ഹരിതകർമ്മസേന നിലവിൽ വരാത്ത എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നുമുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) നിലവിൽ സംസ്ഥാനത്ത് എത്ര ഹരിത കർമ്മസേനാംഗങ്ങൾ ഉണ്ടെന്നും 2021-22 മുതൽ 2023-24 വരെ ഹരിത കർമ്മസേന വഴി എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് 36510 പേർ ഹരിതകർമ്മ സേനാംഗങ്ങളായി പ്രവർത്തിക്കുന്നു. ഹരിതകർമ്മ സേന നിലവിൽ സൂക്ഷ്മ സ്വയം തൊഴിൽ സംരംഭ മാതൃകയിലാണ് പ്രവർത്തിക്കുന്നത്. വീടുകൾ, സ്ഥാപനങ്ങൾ മുതലായവയിൽനിന്ന് ലഭിക്കുന്ന യൂസർ ഫീസ്, പുനരുപയോഗ സാധ്യമായ പാഴ്വസ്തുക്കൾ കൈമാറുന്നതിലൂടെ ലഭിക്കുന്ന വരുമാനം, മറ്റു സംരംഭ പ്രവർത്തനങ്ങൾ എന്നിവയിലൂടെ ലഭിക്കുന്ന തുക ഹരിത കർമ്മ സേന കൺസോർഷ്യം അംഗങ്ങൾ എന്നതിന് ആനുപാതികമായി വീതം വയ്ക്കുന്ന രീതിയിലാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ തൊഴിൽദിനങ്ങൾ കണക്കാക്കി നൽകാൻ കഴിയുന്നില്ല.

(സി) ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമവും കാലോചിതവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ഹരിതസേനാംഗങ്ങളുടെ ആരോഗ്യ പ്രവർത്തനങ്ങൾക്ക് സഹായങ്ങളും സുരക്ഷാ മാർഗ്ഗങ്ങളും ഇതുമായി ബന്ധപ്പെട്ട സേവനങ്ങളും ലഭ്യമാക്കൽ, ഇതിലേക്കായി പ്രാദേശിക സർക്കാർ ആശുപത്രിയുമായി സഹകരിച്ച് പ്രതിമാസ ആരോഗ്യ പരിശോധനയും ചികിത്സാ സംവിധാനവും ഉറപ്പുവരുത്തുക, സേനയ്ക്കാവശ്യമായ സുരക്ഷാ ഉപകരണങ്ങൾ, ശുചിത്വ ഉപാധികൾ എന്നിവ ലഭ്യമാക്കുക, ഹരിത കർമ്മ സേനയ്ക്കും കൺസോർഷ്യത്തിനും ഓഫീസ് സംവിധാനം ഒരുക്കുക, സേനാംഗങ്ങളെ സഹായിക്കാൻ വാഹനങ്ങൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുക, വാഹനം വാങ്ങി നൽകി ആവർത്തന ചെലവടക്കം വഹിക്കുകയോ, അല്ലാത്തപക്ഷം വാഹനം വാടകയ്ക്ക് എടുത്തു നൽകുക, ഹരിത കർമ്മസേനക്കാവശ്യമായ സ്ഥലസൗകര്യങ്ങൾ,

യന്ത്രസംവിധാനങ്ങൾ എന്നിവ ബന്ധപ്പെട്ട ഘടകങ്ങളിൽ നിന്നും ലഭ്യമാക്കി നൽകൽ തുടങ്ങിയ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

ഹരിതകർമ്മസേനയുടെ മാലിന്യ സംസ്കരണ മേഖലയിലെ ഇടപെടലുകൾ കാര്യക്ഷമമാക്കുന്നതിന് വിവിധ പരിശീലന പരിപാടികളാണ് നൽകിവരുന്നത്. ടി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും വകുപ്പുകളുമായി സഹകരിക്കുന്നതിനും മാലിന്യ സംസ്കരണ മേഖലയിലെ കാര്യക്ഷമമായ പ്രവർത്തനത്തിനും ഏകോപനത്തിനും ഹരിതമിത്രം ആപ്പ് മോണിറ്ററിങ് സംവിധാനം ബ്ലോക്ക്, ജില്ലാ സംസ്ഥാന തലത്തിൽ നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ വാതിൽപ്പടി ശേഖരണത്തിലൂടെ ലഭിക്കുന്ന അജൈവ പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് ബാഗ്, കാർപ്പെറ്റ്, മുതലായവ നിർമ്മിച്ച് സ്വാപ് ഷോപ്പുകളിലൂടെ വിപണനം ചെയ്യുന്നതിനും ശേഖരിക്കുന്ന കേടായ ഇലക്ട്രിക് ഉപകരണങ്ങളും മറ്റും റിപ്പയർ ഷോപ്പുകൾ വഴി റിപ്പയർ ചെയ്ത് വിപണനം നടത്തുന്നതിനും അതിലൂടെ അവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുമാവശ്യമായ പരിശീലനവും നൽകിവരുന്നുണ്ട്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നികുതി കുടിശ്ശിക

287 (2293) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നികുതി കുടിശ്ശിക ഇനത്തിൽ കിട്ടാനുള്ള തുക എത്രയാണെന്ന് വിശദമാക്കാമോ?

| വസ്തു നികുതി 01-04-2024 വരെ | തുക (രൂപയിൽ) |
|---|---|
| കോർപ്പറേഷൻ | 1107,98,68,705.42 |
| മുനിസിപ്പാലിറ്റി | 423,63,81,008.93 |
| ഗ്രാമപഞ്ചായത്ത് | 110,60,84 |

(ബി) മുനിസിപ്പാലിറ്റികൾ, കോർപ്പറേഷൻ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കിട്ടേണ്ട നികുതി കുടിശ്ശികയുടെ വിവരം മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

കോർപ്പറേഷൻ, മുനിസിപ്പാലിറ്റി തിരിച്ചുള്ള നികുതി കുടിശ്ശികയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) നികുതി കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ എണ്ണവും പ്രസ്തുത സ്ഥാപനങ്ങളിൽ നടപടിക്ക് വിധേയമായവയുടെ എണ്ണവും എത്രയാണെന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ തിരിച്ച് വ്യക്തമാക്കാമോ?

സഞ്ചയ, കെ-സ്മാർട്ട് എന്നീ വെബ്പോർട്ടലുകളിലൂടെ ലഭ്യമായ സ്ഥിതി വിവരകണക്കുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നികുതികുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ എണ്ണവും പ്രസ്തുത സ്ഥാപനങ്ങളിൽ നടപടിക്ക് വിധേയമാക്കിയവയുടെ എണ്ണവും കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവ തിരിച്ച് ചുവടെ ചേർക്കുന്നു.

| തദ്ദേശസ്വയംഭരണ സ്ഥാപന വിഭാഗം | നികുതി കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ എണ്ണം | നടപടിക്ക് വിധേയമായ സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| കോർപ്പറേഷനുകൾ | 120557 | 1480 |
| മുനിസിപ്പാലിറ്റികൾ | 217484 | 2223 |
| ഗ്രാമ പഞ്ചായത്തുകൾ | 1991805 | 79820 |

**ഇൻകം ട്രാൻസ്ഫർ ചെയ്യുന്നതിന് ഗ്യാപ് ഫണ്ടിനത്തിൽ അനുവദിച്ച തുക**

288 (2294) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലി ചെയ്യുന്നതിനും വരുമാനം ആർജ്ജിക്കുന്നതിനും നിവൃത്തിയില്ലാത്ത കുടുംബങ്ങൾക്ക് മാസംതോറും ഇൻകം ട്രാൻസ്ഫർ സഹായം ചെയ്യുന്നതിന് ഗ്യാപ്പ് ഫണ്ടിനത്തിൽ 2023-24 വർഷം എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ഏതൊക്കെ ആവശ്യങ്ങൾക്കായിട്ടാണ് ചെലവഴിച്ചിട്ടുള്ളതെന്ന് ഇനം തിരിച്ച് വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത തുകയിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ മുഖേന എത്ര തുകയാണ് നൽകിവരുന്നതെന്ന് മണ്ഡലാടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ സാമൂഹ്യ സുരക്ഷ പെൻഷൻ**

289 (2295) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞങ്ങാട് മണ്ഡലത്തിൽ നിലവിൽ എത്രപേർക്ക് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നുവെന്ന് ഗ്രാമപഞ്ചായത്ത്, നഗരസഭ തിരിച്ച് കണക്കുകൾ നൽകാമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിൽ നിലവിൽ ആകെ 41249 പേർക്ക് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നുണ്ട്.

**ഗ്രാമപഞ്ചായത്ത്, നഗരസഭ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.**

| **ഗ്രാമപഞ്ചായത്ത്/നഗരസഭ** | **ഉപഭോക്താക്കളുടെ എണ്ണം** |
|---|---|
| അജാനൂർ ഗ്രാമ പഞ്ചായത്ത് | 7283 |
| കള്ളാർ ഗ്രാമ പഞ്ചായത്ത് | 2746 |
| കിനാനൂർ കരിന്തളം ഗ്രാമ പഞ്ചായത്ത് | 4481 |
| കോടോംബേളൂർ ഗ്രാമ പഞ്ചായത്ത് | 5394 |
| പനത്തടി ഗ്രാമ പഞ്ചായത്ത് | 3458 |
| ബളാൽ ഗ്രാമ പഞ്ചായത്ത് | 3518 |
| മടിക്കൈ ഗ്രാമ പഞ്ചായത്ത് | 4132 |
| കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി | 10237 |

**തെളിനീരൊഴുകും കേരളം ക്യാമ്പയിന്റെ ഉദ്ദേശലക്ഷ്യങ്ങൾ**

290 (2296) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൂർണ്ണമായും മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ പൂർണ്ണമായും മാലിന്യമുക്തമാക്കുന്നതിലേക്കായി മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഹോട്ടലുകൾ, കച്ചവട സ്ഥാപനങ്ങൾ, കമ്മ്യൂണിറ്റി സെന്ററുകൾ തുടങ്ങി ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സ്, മറ്റിതര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സ്വന്തം നിലയിലോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന

പ്രകാരമോ അവരവരുടെ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ (in situ waste management system) സ്ഥാപിക്കുന്നതിന് ഉത്തരവാകുകയും ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കുന്നതിനാവശ്യമായ ഐ.ഇ.സി. പ്രവർത്തനങ്ങളും കുടുംബശ്രീ സ്വയംസഹായ സംഘങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ബദൽ ഉൽപ്പന്ന മേളകളും സംഘടിപ്പിച്ചിട്ടുള്ളതാണ്. അജൈവ മാലിന്യ ശേഖരണ, സംഭരണ സംവിധാനത്തിനായി എം.സി.എഫ്.-കളും ആർ.ആർ.എഫ്.-കളും സ്ഥാപിച്ചിട്ടുണ്ട്. ഖരമാലിന്യ പരിപാലന ചട്ടം 2016 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തി പിഴ ഈടാക്കുന്നതിലേക്കും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തി നിയമനടപടി സ്വീകരിക്കുന്നതിനും ജില്ലാതലത്തിൽ പ്രത്യേക എൻഫോഴ്സ്മെന്റ് സംവിധാനം പ്രവർത്തിച്ചുവരുന്നു. നിലവിൽ വിവിധ ജില്ലകളിലായുള്ള ഡംപ് സൈറ്റുകളിലെ ലെഗസി മാലിന്യം നീക്കം ചെയ്യുന്നതിന്റെ ഭാഗമായി

തദ്ദേശസ്ഥാപനങ്ങൾ സ്വന്തം നിലയിലും കെ.എസ്.ഡബ്ല്യു.എം.പി. പദ്ധതിയിലൂടെയും ബയോ മൈനിംഗ് നടപ്പിലാക്കിവരുന്നു. സി&ഡി വേസ്റ്റ് മാനേജ്മെന്റ് ഗൈഡ് ലൈൻസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിൽ തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ സി & ഡി സംസ്കരണ പ്ലാന്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ എടയാർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ സി&ഡി പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട് നടത്തിയ തെളിനീരൊഴുകും കേരളം ക്യാമ്പയിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്തെ മുഴുവൻ ജലാശയങ്ങളേയും മാലിന്യമുക്തമായും വൃത്തിയായും സംരക്ഷിക്കുക എന്നതാണ് തെളിനീരൊഴുകും നവകേരളം ക്യാമ്പയിന്റെ മുഖ്യ ലക്ഷ്യം.

**ക്യാമ്പയിന്റെ ഉപലക്ഷ്യങ്ങൾ**

സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ജലാശയങ്ങളുടെ ശുചിത്വ അവസ്ഥ പരിശോധിച്ച് മലിനീകരിക്കപ്പെട്ടിട്ടുള്ള ഇടങ്ങൾ കണ്ടെത്തുക.

പ്രധാനമായും നീർച്ചാലുകൾ, തോടുകൾ, കുളങ്ങൾ തുടർന്ന് വലിയ ജലാശയങ്ങൾ എന്നിവിടങ്ങളിലെ മലിനീകാരികളായ ഉറവിടങ്ങളെ ജനകീയ പങ്കാളിത്തത്തോടെ കണ്ടെത്തി പട്ടിക തയ്യാറാക്കുക. ആയതിനെ അടിസ്ഥാനമാക്കി ഗുരുതര മലിനീകരണം നേരിടുന്ന ഉറവിടങ്ങളിൽ നിന്നുള്ള സാമ്പിളുകൾ പ്രാഥമിക ജലഗുണനിലവാര പരിശോധനക്ക് വിധേയമാക്കി മലിനീകരണ തോത് നിർണ്ണയിക്കുക.

മലിനീകരണം കണ്ടെത്തിയ ഇടങ്ങൾ ജനകീയ ശുചീകരണ യജ്ഞത്തിലൂടെ വൃത്തിയാക്കുക.

മലിനീകാരികളായ ഉറവിടങ്ങളെ നിർത്തലാക്കുന്നതിന് ജനകീയ പങ്കാളിത്തത്തോടെ നടപടി സ്വീകരിച്ച് അത്തരം ഇടങ്ങളിൽ ശാസ്ത്രീയ ബദൽ സംവിധാനം ഒരുക്കുക.

മലിനീകാരികളായ ഉറവിടങ്ങൾ മുഖേനയുള്ള മാലിന്യ നിക്ഷേപം തടയുന്നതിനും അത്തരം ഉറവിടങ്ങളിലെ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനതല കർമ്മ പദ്ധതി രൂപീകരണം.

കർമ്മപദ്ധതിയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അനുബന്ധ ഏജൻസികളുടെ സഹകരണത്തിൽ വിവിധ വകുപ്പുകളുടെ പദ്ധതി സംയോജനത്തിലൂടെയും ജനകീയ പങ്കാളിത്തത്തോടെയും ശാസ്ത്രീയ ഖര-ദ്രവ മാലിന്യ പദ്ധതികൾ ആസൂത്രണം ചെയ്യുക.

ഗാർഹിക-സ്ഥാപന-പൊതുതലങ്ങളിൽ ദ്രവ മാലിന്യ പരിപാലന സംവിധാനങ്ങളൊരുക്കി സുസ്ഥിരത കൈവരിക്കുക, ഖരമാലിന്യത്തോടൊപ്പം ദ്രവമാലിന്യ പരിപാലന സംവിധാനങ്ങളുമൊരുക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സമ്പൂർണ്ണ ശുചിത്വ പദവി കൈവരിക്കുന്നതിന് പ്രാപ്തമാക്കുക.

(സി) സംസ്ഥാനത്തെ മാലിന്യമുക്തമാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പുതിയ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

13-11-2023-ലെ സ.ഉ.(കൈ) നം. 198/2023/LSGD നമ്പർ ഉത്തരവ് പ്രകാരം ചുവടെ പറയുംപ്രകാരമുള്ള പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയ നിർമ്മിതികളിലും യന്ത്ര സംവിധാനങ്ങളിലും ഇനിയും അവശേഷിക്കുന്ന പരിമിതികളും കുറവുകളും പരിഹരിക്കുന്നതിനുള്ള പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും സി&ഡി വേസ്റ്റ്, സാനിറ്ററി മാലിന്യം, അപകടകരമായ ഇ-മാലിന്യങ്ങൾ, ഗാർഹിക മെഡിക്കൽ മാലിന്യം എന്നിവയ്ക്ക് പരിഹാരം കാണുന്നതിനും കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ള ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനുമുള്ള പ്രോജക്ടുകൾ, ഓരോ വാർഡിലും ഉണ്ടാകുന്ന അജൈവ മാലിന്യങ്ങളുടെ

അളവിനനുസരിച്ച് ചെറു അജൈവ മാലിന്യ സംഭരണികൾ (Mini MCF) നിർമ്മിക്കേണ്ടതിനുള്ള പ്രോജക്റ്റുകൾ, ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ഉണ്ടാകുന്ന അജൈവ മാലിന്യത്തിന്റെ അളവ് കൈകാര്യം ചെയ്യാനുള്ള സൗകര്യം നിലവിലുള്ള MCF/RRF-കൾക്ക് ഇല്ലെങ്കിൽ, നിലവിൽ സ്ഥലം ലഭ്യമാണെങ്കിൽ നിലവിലുള്ളത് വിപുലപ്പെടുത്തുന്നതിനും ഇല്ലെങ്കിൽ സ്ഥലം കണ്ടെത്തി അധികമായി ഒന്നോ അതിലധികമോ നിർമ്മിക്കുന്നതിനുമുള്ള പ്രോജക്റ്റുകൾ, നിലവിലുള്ള MCF/RRF ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി മികച്ച അടിസ്ഥാന സൗകര്യം, തരം തിരിക്കുന്നതിനുള്ള കൺവെയർ ബെൽറ്റ്, ഹരിതകർമ്മ സേനയ്ക്ക് ആവശ്യമായ വാഹനം, സുരക്ഷാ ഉപാധികൾ, യൂണിഫോം, പാഴ്വസ്തുക്കൾ സംഭരിക്കുന്നതിനാവശ്യമായ ബാഗ്/ചാക്ക് തുടങ്ങിയവ നൽകുന്നതിനുള്ള പ്രോജക്റ്റുകൾ, പൊതു ശുചീകരണത്തിന്റെ ഭാഗമായി മാലിന്യ കൂനകൾ, ഡംപ് സൈറ്റുകൾ എന്നിവ വൃത്തിയാക്കുന്നതിന് ആവശ്യമായ പ്രോജക്റ്റുകൾ, എല്ലാ നഗരഭരണ സ്ഥാപനങ്ങളിലും സാനിറ്ററി മാലിന്യ സംസ്കരണത്തിനുള്ള പ്ലാന്റ്, പൊതു ശുചിത്വ-മാലിന്യ സംസ്കരണ

സംവിധാനങ്ങളുടെ നടത്തിപ്പിനുള്ള ഓപ്പറേഷൻ & മെയിന്റനൻസ് (O&M) പ്രോജക്ടുകൾ, ഗാർഹിക/സ്ഥാപനതലത്തിൽ ഉറവിട മാലിന്യ സംസ്കരണ ഉപാധികളിലൂടെ ഉൽപാദിപ്പിക്കുന്ന കമ്പോസ്റ്റ് വളം ഗുണനിലവാരം ഉറപ്പാക്കിയശേഷം വില നൽകി തിരികെ എടുത്ത് സമ്പുഷ്ടീകരണം നടത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാർഷിക പ്രോജക്ടിന്റെ ഭാഗമായി കർഷകർക്ക് നൽകുന്ന പ്രോജക്ട്, ഡ്രെയിനേജ്, മാൻഹോൾ എന്നിവയുടെ ക്ലീനിംഗ്, ഡിസ്ലഡ്ജിങ് തുടങ്ങിയ പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന ശുചീകരണ തൊഴിലാളികൾക്ക് സംരക്ഷണ ഉപാധികൾ (Protective gears) ലഭ്യമാക്കുന്ന പ്രോജക്ട്, ദ്രവ മാലിന്യ ശുചീകരണ പ്രവർത്തനങ്ങൾ 'no touch' ആക്കാൻ ഉതകുന്ന മെഷീനുകൾ വാങ്ങുക, കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിനുള്ള പ്ലാന്റ് (FSTP) നിർമ്മാണത്തിനുള്ള ഭൂമി വാങ്ങൽ, പ്ലാന്റ് നിർമ്മാണം എന്നിവയ്ക്കായി പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യകതക്കനുസരിച്ച് ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

## കുടുംബശ്രീ ഈവന്റ് മാനേജ്മെന്റ്

291 (2297) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ നേതൃത്വത്തിൽ ആക്റ്റിവിറ്റി ഗ്രൂപ്പുകളുടെ കീഴിൽ എത്ര ഈവന്റ് മാനേജ്മെന്റ് യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത്; ഓരോ യൂണിറ്റുകളുടെയും പേര് വിവരം, പ്രവർത്തിക്കുന്ന സ്ഥലം, ഏത് മേഖല എന്നിങ്ങനെ വിശദവിവരം ജില്ല തിരിച്ച് വിശദമാക്കാമോ?

കുടുംബശ്രീയുടെ നേതൃത്വത്തിൽ ആക്റ്റിവിറ്റി ഗ്രൂപ്പുകളുടെ കീഴിൽ 80 ഈവന്റ് മാനേജ്മെന്റ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. വിശദവിവരങ്ങൾ അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്.+

(ബി) പ്രസ്തുത ഈവന്റ് മാനേജ്മെന്റ് യൂണിറ്റുകൾക്ക് എത്ര സർക്കാർ പരിപാടികളുടെ ഓർഡറുകൾ ലഭ്യമായിട്ടുണ്ടെന്നും ആയത് ഏത് യൂണിറ്റുകൾക്കാണെന്നും ഇനം തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ?

ഈവന്റ് മാനേജ്മെന്റ് യൂണിറ്റുകൾക്ക് ലഭ്യമായ സർക്കാർ പരിപാടികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മാലിന്യ സംസ്കരണത്തിനായി തയ്യാറാക്കിയ പദ്ധതികൾ

292 (2298) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാലിന്യ സംസ്കരണം ഫലപ്രദമല്ല എന്ന ആക്ഷേപം സർക്കാർ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ മാലിന്യ സംസ്കരണ രംഗത്തെ പ്രശ്നങ്ങൾ സർക്കാർ പരിശോധനക്ക് വിധേയമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി ജനപങ്കാളിത്തത്തോടെ മാലിന്യ മുക്തം നവകേരളം ക്യാമ്പയിൻ ഊർജ്ജിതമായി നടന്നുവരുന്നു.

(ബി) മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

13-11-2023-ലെ സ. ഉ.(കൈ.) നം.198/2023/LSGD നമ്പർ ഉത്തരവ് പ്രകാരം ചുവടെപ്പറയുന്ന പ്രകാരമുള്ള പ്രോജക്ടുകൾ ഏറ്റെടുത്ത്

നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയ നിർമ്മിതികളിലും യന്ത്ര സംവിധാനങ്ങളിലും ഇനിയും അവശേഷിക്കുന്ന പരിമിതികളും കുറവുകളും പരിഹരിക്കുന്നതിനുള്ള പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും സി&ഡി വേസ്റ്റ്, സാനിറ്ററി മാലിന്യം, അപകടകരമായ ഇ-മാലിന്യങ്ങൾ, ഗാർഹിക മെഡിക്കൽ മാലിന്യം എന്നിവയ്ക്ക് പരിഹാരം കാണുന്നതിനും കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ള ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനുമുള്ള പ്രോജക്ടുകൾ, ഓരോ വാർഡിലും ഉണ്ടാകുന്ന അജൈവ മാലിന്യങ്ങളുടെ അളവിനനുസരിച്ച് ചെറു അജൈവ മാലിന്യ സംഭരണികൾ (Mini MCF) നിർമ്മിക്കേണ്ടതിനുള്ള പ്രോജക്ടുകൾ, ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ഉണ്ടാകുന്ന അജൈവ മാലിന്യം കൈകാര്യം ചെയ്യാൻ നിലവിലുള്ള സൗകര്യം അപര്യാപ്തമായ സാഹചര്യത്തിൽ സ്ഥലം ലഭ്യമാണെങ്കിൽ, നിലവിലുള്ള MCF/RRF-കൾ വിപുലപ്പെടുത്തുന്നതിനും

ഇല്ലെങ്കിൽ സ്ഥലം കണ്ടെത്തി അധികമായി ഒന്നോ അതിലധികമോ നിർമ്മിക്കുന്നതിനുമുള്ള പ്രോജക്ടുകൾ, നിലവിലുള്ള MCF/RRF ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി മികച്ച അടിസ്ഥാന സൗകര്യം, തരം തിരിക്കുന്നതിനുള്ള കൺവെയർ ബെൽറ്റ്, ഹരിതകർമ്മ സേനയ്ക്ക് ആവശ്യമായ വാഹനം, സുരക്ഷാ ഉപാധികൾ, യൂണിഫോം, പാഴ്‌വസ്തുക്കൾ സംഭരിക്കുന്നതിനാവശ്യമായ ബാഗ്/ചാക്ക് തുടങ്ങിയവ നൽകുന്നതിനുള്ള പ്രോജക്ടുകൾ, പൊതു ശുചീകരണത്തിന്റെ ഭാഗമായി മാലിന്യ കൂനകൾ, ഡംപ് സൈറ്റുകൾ എന്നിവ വൃത്തിയാക്കുന്നതിനാവശ്യമായ പ്രോജക്ടുകൾ, എല്ലാ നഗരഭരണ സ്ഥാപനങ്ങളിലും സാനിറ്ററി മാലിന്യ സംസ്കരണത്തിനുള്ള പ്ലാന്റ് പൊതു ശുചിത്വ-മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ നടത്തിപ്പിനുള്ള ഓപ്പറേഷൻ & മെയിന്റനൻസ് (O&M) പ്രോജക്ടുകൾ, ഗാർഹിക/സ്ഥാപനതലത്തിൽ ഉറവിട മാലിന്യ സംസ്കരണ ഉപാധികളിലൂടെ ഉൽപാദിപ്പിക്കുന്ന കമ്പോസ്റ്റ് വളം ഗുണനിലവാരം ഉറപ്പാക്കിയശേഷം വില നൽകി തിരികെ എടുത്ത് സമ്പുഷ്ടീകരണം നടത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാർഷിക പ്രോജക്ടിന്റെ ഭാഗമായി

കർഷകർക്ക് നൽകുന്ന പ്രോജക്ട്, ഡ്രെയിനേജ്, മാൻഹോൾ എന്നിവയുടെ ക്ലീനിംഗ്, ഡിസ്ലഡ്ജിങ് തുടങ്ങിയ പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന ശുചീകരണ തൊഴിലാളികൾക്ക് സംരക്ഷണ ഉപാധികൾ (Protective gears) ലഭ്യമാക്കുന്ന പ്രോജക്ട്, ദ്രവ മാലിന്യ ശുചീകരണ പ്രവർത്തനങ്ങൾ "no touch" ആക്കാൻ ഉതകുന്ന മെഷീനുകൾ വാങ്ങുക, കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിനുള്ള പ്ലാന്റ് (FSTP) നിർമ്മാണത്തിനുള്ള ഭൂമി വാങ്ങൽ, പ്ലാന്റ് നിർമ്മാണം എന്നിവയ്ക്കായി പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യകതയ്ക്കനുസരിച്ച് എറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

(സി) കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് ഏതെങ്കിലും വിധത്തിലുള്ള സഹായം എവിടെനിന്നെങ്കിലും ലഭിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന പ്ലാൻ ഫണ്ട്, അമൃത് പദ്ധതി, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), സ്വച്ഛ് ഭാരത് മിഷൻ (അർബൻ) മുതലായ ഫണ്ടുകൾ കേന്ദ്രീകൃത

മാലിന്യ സംസ്കരണത്തിന് ഉപയോഗിച്ച് വരുന്നു. കൂടാതെ ലോക ബാങ്ക്, ഏഷ്യൻ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക് (AIIB) എന്നിവയുടെ സഹായത്തോടെ കേരള ഖര മാലിന്യ പരിപാലന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് മാലിന്യ സംസ്കരണത്തിനായി ഏതെങ്കിലും പദ്ധതികളോ, ഫണ്ടോ കേന്ദ്രസർക്കാരിൽ നിന്നും അനുവദിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കേന്ദ്ര സർക്കാരിൽനിന്നും അമൃത്, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ), സ്വച്ഛ് ഭാരത് മിഷൻ (അർബൻ) എന്നീ ഗ്രാന്റുകൾ സംസ്ഥാനത്തെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി ലഭ്യമാകുന്നുണ്ട്.

**ഹരിത കർമ്മസേനയ്ക്ക് പരിശീലനം നൽകാൻ നടപടി**

293 (2299) ശ്രീ. പി. കെ. ബഷീർ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കർമ്മസേനയുടെ നേതൃത്വത്തിൽ ശേഖരിക്കുന്ന പ്ലാസ്റ്റിക്ക്, അജൈവ മാലിന്യങ്ങൾ എന്നിവ ശേഖരിച്ചാലുടൻതന്നെ നീക്കം ചെയ്യാൻ നിർദ്ദേശം നൽകുമോ?

നിർദേശം നൽകിയിട്ടുണ്ട്.

(ബി) മാലിന്യങ്ങൾ യഥാസമയം തരംതിരിക്കുന്നതിനും അവ നീക്കം ചെയ്യുന്നതിനും ഹരിത കർമ്മസേനയ്ക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

2023 ഏപ്രിലിനുശേഷം 25137 ഹരിത കർമ്മ സേനാംഗങ്ങൾക്ക് മൂന്ന് ദിവസത്തെ പരിശീലനം നൽകിക്കഴിഞ്ഞിട്ടുണ്ട്. ശേഷിക്കുന്നവരുടെ പരിശീലനം നടന്നുവരികയാണ്.

**സ്ത്രീ ശാക്തീകരണത്തിനായി കുടുംബശ്രീ നടപ്പിലാക്കുന്ന പദ്ധതികൾ**

294 (2300) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ ശാക്തീകരണത്തിനായി കുടുംബശ്രീ നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്; വ്യക്തമാക്കാമോ?

## ORGANISATION

അയൽക്കൂട്ടം/ADS/CDS സംഘടന തിരഞ്ഞെടുപ്പ്:-

അയൽക്കൂട്ടങ്ങളെ കാര്യക്ഷമമാക്കുന്നതിനും ജനാധിപത്യ ബോധം വളർത്തിയെടുക്കുന്നതിനും പുതിയ നേതൃത്വനിര വരുന്നതിനും തിരഞ്ഞെടുപ്പ് മൂന്നുവർഷം കൂടുമ്പോൾ നടത്തുന്നു.

പാഠപുസ്തക വിതരണം

ഒന്നുമുതൽ പത്ത് വരെയുള്ള വിദ്യാർത്ഥികൾക്ക് പാഠപുസ്തകം ഇറക്കി, സോർട്ട് ചെയ്ത് എത്തിക്കുന്നത് 300-ഓളം അയൽകൂട്ടം മെമ്പേഴ്സാണ്. ഇത് അവർക്ക് ഒരു ഉപജീവന മാർഗം കൂടെ ആവുന്നു.

എന്നിടം:-

മികവാർന്ന രീതിയിൽ സ്ത്രീകളെ ശക്തിപ്പെടുത്താനും സാമൂഹിക-ഉപജീവന മേഖലകളിൽ നിരവധിയായ ഇടപെടൽ നടത്താനും കാലത്തിനനുസൃതമായി സാഹോദര്യം, മതസൗഹാർദ്ദം, സാംസ്കാരിക

വൈവിദ്ധ്യങ്ങൾ, കേരളീയ സമൂഹത്തിന്റെ മാനസിക ആരോഗ്യം മെച്ചപ്പെടുത്തൽ, ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുക, കലാ-കായിക രംഗത്തെ കഴിവുകളെ പരിപോഷിപ്പിക്കുക എന്നിവയ്ക്കാവശ്യമായ സാമൂഹ്യ പശ്ചാത്തലം സൃഷ്ടിക്കുന്നതിന് എന്നിടം ADS റിക്രിയേഷൻ പ്രോഗ്രാം തുടങ്ങി.

ഓക്സിലറി ഗ്രൂപ്പ് പ്രവർത്തനം/പുനഃസംഘടന

ഒരു കുടുംബത്തിലെ ഒന്നിൽ കൂടുതൽ യുവതികൾക്ക് അംഗമാവാൻ സാധിക്കുന്ന സാമൂഹിക, സാമ്പത്തിക, സ്ത്രീ ശാക്തീകരണം ലക്ഷ്യമിടുന്ന പദ്ധതി. തൊഴിൽ, വിദ്യാഭ്യാസം, സാമൂഹിക പ്രശ്നങ്ങളിലെ ഇടപെടൽ എന്നിവയ്ക്ക് ഇവരെ പ്രാപ്തരാക്കുന്നു.

അരങ്ങ്- കുടുംബശ്രീ കലോത്സവം. കലാപരമായ കഴിവുകളെ പ്രകടിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള ഇടം. ADS, CDS, ബ്ലോക്ക് ക്ലസ്റ്റർ, ജില്ലാ, സംസ്ഥാന തലങ്ങളിലായി മത്സരം നടക്കുന്നു.

തീരശ്രീ, കന്നഡ പ്രോജക്ട്- ഈ പദ്ധതികളിലൂടെ തീരദേശമേഖലയിലും കന്നഡ മേഖലയിലും പ്രത്യേക ഇടപെടലുകൾ

നടത്തുന്നു.

വി.പി.ആർ.പി.- പദ്ധതിയിലൂടെ അയൽക്കൂട്ടതലം മുതൽ താഴെതട്ടിലുള്ളവരുടെ അവകാശങ്ങൾ/ആവശ്യങ്ങൾ ക്രോഡീകരിച്ച് സി.ഡി.എസ്. പ്ലാൻ തയ്യാറാക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാനിൽ ഉൾപ്പെടുത്തുന്നതിനായി പഞ്ചായത്തിന് സമർപ്പിക്കുന്നതിലൂടെ കുടുംബശ്രീ വനിതകളെ ഉദ്ധരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

## AGRICULTURE

കാർഷിക മേഖലയിൽ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളുടെ രൂപീകരണം, കാർഷിക ഉൽപ്പന്നങ്ങൾ വിപണനം, സംയോജിത ഫാർമിംഗ് ക്ലസ്റ്ററുകളുടെ രൂപീകരണം എന്നിവയാണ് കുടുംബശ്രീ വനിതകളുടെ വരുമാനം വർധിപ്പിക്കുന്നതിനുള്ള പദ്ധതികൾ.

## ANIMAL HUSBANDARY

റൂറൽ സി.ഇ.എഫ്, അർബൻ സി.ഇ.എഫ്-

മൃഗസംരക്ഷണ മേഖലയിൽ കർഷകർക്ക് ലഘുവായ്പ സി.ഡി.എസ്. വഴി ലഭ്യമാക്കുന്നു. മൃഗസംരക്ഷണ മേഖലയിൽ വിപണനം

നടത്തുന്നതിനായി പ്രൊഡ്യൂസർ ഗ്രൂപ്പുകളുടെ രൂപീകരണം പ്രോത്സാഹിപ്പിക്കുന്നു. മൃഗസംരക്ഷണ മേഖലയിൽ വാതിൽപ്പടി സേവനങ്ങൾക്കായി പശുസഖി അംഗങ്ങളെ സി.ഡി.എസ്. വഴി തിരഞ്ഞെടുത്ത് പരിശീലനം നൽകി പ്രവർത്തന സജ്ജരാക്കുന്നു.

## KERALA CHICKEN

കുടുംബശ്രീ അംഗങ്ങളായ കോഴികർഷകർക്ക് ഒരു സ്ഥിര വരുമാനം ഉറപ്പാക്കുന്നതിനായി കേരള ചിക്കൻ പദ്ധതി നടപ്പിലാക്കുന്നു.

## MICRO ENTERPRISES

സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം ലക്ഷ്യമിട്ടുകൊണ്ട് വ്യത്യസ്ത ഉപജീവന പ്രവർത്തനങ്ങൾ കുടുംബശ്രീ മിഷൻ നടപ്പിലാക്കിവരുന്നുണ്ട്. ഇതിൽ സുപ്രധാനമായ ഒന്നാണ് സ്വയംതൊഴിൽ സംരംഭങ്ങൾ. കുടുംബശ്രീ വനിതകളോ കുടുംബാംഗങ്ങളോ തങ്ങളുടെ സംരംഭകത്വ വാസനയ്ക്കും തൊഴിൽ പരിജ്ഞാനത്തിനും അനുസരിച്ച് ആന്തരിക വായ്പയിലൂടെയോ ലിങ്കേജ് വായ്പയിലൂടെയോ കുടുംബശ്രീ പദ്ധതികളായ ആർ.എം.ഇ., യുവശ്രീ പദ്ധതികൾ പ്രകാരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംരംഭം തുടങ്ങാൻ

താല്പര്യപ്പെടുന്ന വ്യക്തികൾക്കും തങ്ങളുടെ നിലവിലുള്ള തൊഴിൽ മേഖല വിപുലപ്പെടുത്താൻ ആഗ്രഹിക്കുന്നവർക്കും അവരുടെ വ്യത്യസ്ത ആവശ്യങ്ങൾ പരിഗണിച്ച് പരിശീലനം, സാമ്പത്തിക സഹായം, വിപണന സംവിധാനം, പിന്തുണാസഹായം എന്നിവ കുടുംബശ്രീ മിഷൻ നൽകിവരുന്നുണ്ട്.

## MARKETING

കുടുംബശ്രീ സംരംഭങ്ങളുടെ ഉൽപ്പന്നത്തിന് വിപണി കണ്ടെത്തുന്നതിന് വിവിധ തരത്തിലുള്ള ഇടപെടലുകൾ നടത്തിവരുന്നുണ്ട്.

1) വിവിധതരത്തിലുള്ള വിപണന മേളകൾ സംഘടിപ്പിക്കുന്നു.

2) സ്ഥിര വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നു.

3) കമ്മ്യൂണിറ്റി മാർക്കറ്റിംഗ് സംവിധാനമായ ഹോം ഷോപ്പ് സംവിധാനത്തിലൂടെയുള്ള വിപണനം.

4) ഓൺലൈൻ സംവിധാനത്തിലൂടെയുള്ള വിപണനം.

5) കുടുംബശ്രീ ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണിയിൽ എത്തിക്കുന്നു.

6) സി.ഇ.എഫ്. വായ്പ പദ്ധതികളിലൂടെയുള്ള സാമ്പത്തിക ശാക്തീകരണം.

## TRIBAL

തദ്ദേശീയ മേഖലകളിലെ വനിതകളെ ഉൾപ്പെടുത്തി നഗറുകളിൽ പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും ആവശ്യമായ ഉപജീവന പദ്ധതികളിൽ പിന്തുണ നൽകി സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുകയും ചെയ്യുന്നു. പ്രദേശങ്ങളുടെ വൈവിധ്യം മുൻനിർത്തി ആവശ്യാധിഷ്ഠിതമായി വിവിധ പരിശീലനങ്ങളിലൂടെ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## Social Development

1. ബഡ്സ് സ്ഥാപനങ്ങളിൽ കടന്നുവരുന്ന കുട്ടികളുടെ അമ്മമാർക്കായി ഉപജീവന പദ്ധതി ആരംഭിച്ചു.

2. ഭിന്നശേഷി അയൽക്കൂട്ടങ്ങൾ ആരംഭിച്ചു.

## Micro Finance

1) വിവിധ വായ്പാ പദ്ധതികളിലൂടെയുള്ള സാമ്പത്തിക ശാക്തീകരണം (ബാങ്ക് ലിങ്കേജ് ലോൺ, ബൾക്ക് ലോൺ, ആഭ്യന്തര വായ്പ തുടങ്ങിയവ)

2) ഇൻഷ്വറൻസ് അവബോധം സൃഷ്ടിക്കലും പരിരക്ഷ ഉറപ്പാക്കലും (ജീവൻദീപം ഒരുമ ഇൻഷ്വറൻസ്, പി.എം.ജെ.ജെ.ബി.വൈ., പി.എം.എസ്.ബി.വൈ., എ.പി.വൈ.)

3) വിവിധ ആർ.പി. സംവിധാനത്തിലൂടെ ഉപജീവന ഉപാധി സൃഷ്ടിക്കൽ (ബാങ്ക് സഖി, ബീമാ സഖി, കാസ് ഓഡിറ്റിംഗ് ടീം, എഫ്.എൽ.ആർ.സി.പി.)

**SVEP&RKI-EDP**

കുടുംബശ്രീ അയൽക്കൂട്ട കുടുംബങ്ങളിൽനിന്നും നിലവിൽ സംരംഭം ചെയ്യുന്നവരും പുതുതായി തുടങ്ങുവാൻ ആഗ്രഹിക്കുന്നവരും അടക്കമുള്ളവരെ കണ്ടെത്തി ആവശ്യമായ പരിശീലനങ്ങൾ, വായ്പ, മറ്റ് സാങ്കേതിക പിന്തുണാ സഹായങ്ങൾ എന്നിവ ലഭ്യമാക്കി മികച്ച സംരംഭകരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ ബ്ലോക്ക് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രെണർഷിപ് പ്രോഗ്രാം (SVEP). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി

നടപ്പിലാക്കുന്ന എസ്.വി.ഇ.പി. നിലവിൽ കേരളത്തിലെ 43 ബ്ലോക്കുകളിൽ നടപ്പിലാക്കി വരുന്നു.

**GENDER**

1. ക്രൈംമാപ്പിംഗ് - സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ പ്രാദേശിക തലത്തിൽ മാപ്പ് ചെയ്യുന്നതിനും അവബോധം വർധിപ്പിക്കുന്നതിനുമായി തിരഞ്ഞെടുത്ത സി.ഡി.എസ്സുകളിൽ നടപ്പിലാക്കുന്ന ഗവേഷണാധിഷ്ഠിത പ്രവർത്തനം.

2. ധീരം സ്വയംപ്രതിരോധ പരിശീലനം - സ്ത്രീകളിലെ ശാരീരിക ക്ഷമതയും ആത്മവിശ്വാസവും വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സ്പോർട്സ് കേരള ഫൗണ്ടേഷനുമായി സംയോജിച്ചുകൊണ്ട് എല്ലാ ജില്ലകളിലെയും തിരഞ്ഞെടുത്ത സ്ത്രീകൾക്ക് സ്വയം പ്രതിരോധ പരിശീലനം നല്കുകയും തുടർന്ന് പരിശീലകരാക്കി സംരംഭം വികസിപ്പിച്ചെടുക്കുന്നതിലേക്കുമായി പുരോഗമിക്കുന്ന പദ്ധതി.

3. ജെൻഡർ സെൽഫ് ലേണിംഗ് പ്രോഗ്രാം (ജി.എസ്.എൽ.പി) - ജെൻഡർ അവബോധ വർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് അയൽക്കൂട്ടതലംവരെ

വിവിധ പ്രവർത്തനാധിഷ്ഠിതമായ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

4. തീം ബെയ്സ്ഡ് പ്രോഗ്രാം - കലാ-സാംസ്കാരിക രംഗത്ത് അഭിരുചിയുള്ള സ്ത്രീകളെ പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനം. നിലവിൽ ജില്ലകളിൽ വിവിധ ഐ.ഇ.സി. പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന രംഗശ്രീ തീയറ്റർ ഗ്രൂപ്പുകൾ പ്രവർത്തിച്ചുവരുന്നു.

5. സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്- സമൂഹത്തിൽ വിവിധ പ്രശ്നങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പിന്തുണയും സഹായവും ലഭ്യമാക്കാൻ 24 മണിക്കൂറും എല്ലാ ജില്ലകളിലും അട്ടപ്പാടിയിലും പ്രവർത്തിക്കുന്ന ജെൻഡർ ഹെൽപ്പ് ഡെസ്ക് ആണ് സ്നേഹിത. ദുരിതമനുഭവിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്ന പരിഹാരത്തിനായി താൽക്കാലിക അഭയം, സൗജന്യ നിയമസഹായം, ടെലി കൗൺസിലിംഗ്, കൂടാതെ മറ്റ് വകുപ്പുകൾ, എൻ.ജി.ഒ.-കൾ എന്നിവയുമായി സഹകരിച്ച് പുനരധിവാസം തുടങ്ങിയ സേവനങ്ങൾ സ്നേഹിത നൽകിവരുന്നു. പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മറ്റ് സ്ഥാപന ഏജൻസികളുടെ (ലീഗൽ സർവീസ്

അതോറിറ്റി, പോലീസ് ഡിപ്പാർട്ട്മെന്റ്, വനിതാ ശിശു വികസന വകുപ്പ് മുതലായവ) സേവനവും സ്നേഹിത വഴി ലഭ്യമാക്കുന്നു. 2021-2024 കാലയളവിൽ സ്നേഹിത വഴി നേരിട്ടുള്ള കേസുകളും ടെലി കേസുകളും ഉൾപ്പെടെ 15000 കേസുകൾ കൈകാര്യം ചെയ്യുകയും ഏകദേശം 2000 സ്ത്രീകൾക്കും കുട്ടികൾക്കും അഭയം നൽകുകയും ചെയ്തു.

6. കമ്മ്യൂണിറ്റി കൗൺസിലർ- വിവിധ ലിംഗാധിഷ്ഠിത പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ഉടനടി പിന്തുണ നൽകുന്നതിനായി പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ സംവിധാനമാണ് കമ്മ്യൂണിറ്റി കൗൺസിലർമാർ. ഒരു കമ്മ്യൂണിറ്റി കൗൺസിലർ 2-3 സി.ഡി.എസ്.-കൾ കൈകാര്യം ചെയ്യുന്നു. നിലവിൽ വിവിധ ജില്ലകളിലായി 402 കമ്മ്യൂണിറ്റി കൗൺസിലർമാർ കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്നു.

7. ജെൻഡർ റിസോഴ്സ് സെന്റർ- ലിംഗ വിവേചനം, സാമൂഹിക വാർപ്പുമാതൃകകൾ, ലിംഗാധിഷ്ഠിത അക്രമം, കുറഞ്ഞ ആരോഗ്യപോഷകനില, വിഭവങ്ങളിലേക്കുള്ള പരിമിതമായ ലഭ്യത തുടങ്ങിയ പല രൂപങ്ങളിലുള്ള

ലിംഗ അസമത്വങ്ങൾ പരിഹരിക്കാനുള്ള കുടുംബശ്രീ സി.ഡി.എസ്.തല സംവിധാനമാണ് ജെൻഡർ റിസോഴ്സ് സെന്ററുകൾ. സംസ്ഥാനത്തെ സ്ത്രീകളുടെ സമഗ്ര ശാക്തീകരണത്തിനായി വിവിധ മേഖലകളിൽ പ്രവർത്തിക്കാനും സംസ്ഥാനത്തും സമൂഹത്തിലും ലിംഗഭേദവുമായി ബന്ധപ്പെട്ട എല്ലാ സംരംഭങ്ങൾക്കും പഞ്ചായത്ത് തലത്തിൽ ഒരു നോഡൽ ഏജൻസിയായി ജെൻഡർ റിസോഴ്സ് സെന്ററുകൾ പ്രവർത്തിക്കുന്നു. എല്ലാ ജെൻഡർ റിസോഴ്സ് സെന്ററുകളിലും ഒരു കമ്മ്യൂണിറ്റി കൗൺസിലറുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ 831 ജെൻഡർ റിസോഴ്സ് സെന്ററുകൾ സംസ്ഥാനത്തിലുടനീളം വിവിധ സേവനങ്ങൾ നൽകിവരുന്നു.

8. വിജിലന്റ് ഗ്രൂപ്പ് - സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയുന്നതിനുള്ള വാർഡ്തല സംരക്ഷണ സേനയാണ് വിജിലന്റ് ഗ്രൂപ്പ്. ആളുകൾ കുറ്റകൃത്യങ്ങൾക്ക് ഇരയാകാതിരിക്കാൻ അവരെ സംരക്ഷിക്കുകയും ആവശ്യമെങ്കിൽ പിന്തുണയും സഹായവും നൽകുകയുമാണ് ഗ്രൂപ്പിന്റെ ലക്ഷ്യം. ഒരു വാർഡിലെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും കൈകാര്യം ചെയ്യുന്നതിനും സ്ത്രീകളും പുരുഷൻമാരും

ഉൾപ്പെടെ ഒരു വാർഡിൽനിന്നും അഞ്ച് മുതൽ പത്ത് വരെയുള്ള അംഗങ്ങളാണ് ഒരു വിജിലന്റ് ഗ്രൂപ്പിലുള്ളത്. വിജിലന്റ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സി.ഡി.എസ്. തലത്തിൽ വിജിലന്റ് ഗ്രൂപ്പ് കമ്മിറ്റി പ്രവർത്തിക്കുന്നു. നിലവിൽ സംസ്ഥാനത്തിലുടനീളം 139271 അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് 19,284 വിജിലന്റ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നു.

9. ജെൻഡർ പോയിന്റ് പേഴ്സൺ- വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന ജെൻഡർ പോയിന്റ് പേഴ്സൺ (അയൽക്കൂട്ട തലം, എ.ഡി.എസ്. തലം, സി.ഡി.എസ്. തലം) ലിംഗപദവി സംബന്ധമായ പ്രശ്നങ്ങളിൽ ഇടപെടുകയും അത്തരം പ്രശ്നങ്ങളെ അതിജീവിക്കാനുള്ള സഹായം നൽകുകയും ചെയ്യുന്നു. സംസ്ഥാനമൊട്ടാകെയുള്ള എല്ലാ അയൽക്കൂട്ടങ്ങളിലും ഒരാൾ വീതം ആകെ 3,16,860 ജെൻഡർ പോയിന്റ് പേഴ്സൺമാർ പ്രവർത്തിക്കുന്നു.

**FNHW**

പോഷകാഹാരം, ആരോഗ്യം, വെള്ളം, ശുചിത്വം എന്നീ മേഖലകളുമായി ബന്ധപ്പെട്ട് അവബോധ ക്ലാസുകൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ എക്സിബിഷനുകൾ, ന്യൂട്രീഷൻ മേളകൾ

എന്നിവ ജില്ലാതലത്തിലും സംഘടിപ്പിക്കുകയും ചെയ്യുന്നു. ഇതര വകുപ്പുകളുമായി ചേർന്ന് പോഷകാഹാരം, ആരോഗ്യം, വെള്ളം, ശുചിത്വം എന്നീ മേഖലകളിൽ സംയോജിത പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**NULM**

1. 8.2 ലക്ഷം സ്ത്രീകളെ സംഘടനാ സംവിധാനത്തിന്റെ ഭാഗമാക്കുകയും കാര്യശേഷി വികസനം നൽകുകയും ചെയ്തു.

2. സബ്സിഡി വായ്പകളിലൂടെ 4.48 ലക്ഷം സ്ത്രീകൾക്ക് സാമ്പത്തിക സഹായം.

3. അയൽക്കൂട്ട റിവോൾവിംഗ് ഫണ്ടിലൂടെ 4.9 ലക്ഷം സ്ത്രീകൾക്ക് സാമ്പത്തിക സഹായം.

4. എ.ഡി.എസ്. റിവോൾവിംഗ് ഫണ്ടിലൂടെ 49665 സ്ത്രീകൾക്ക് സാമ്പത്തിക സഹായം.

5. 13,392 സ്ത്രീകൾക്ക് സ്വയംതൊഴിലിലൂടെ ഉപജീവന മാർഗം ഉറപ്പാക്കി.

6. 8,360 യുവതികൾക്ക് നൈപുണ്യ പരിശീലനം നൽകിയതിലൂടെ തൊഴിൽ ഉറപ്പാക്കി.

## PMAY

പി.എം.എ.വൈ (നഗരം)-ലൈഫ് പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഭവനങ്ങളുടെ ഗുണഭോക്താക്കൾ സ്ത്രീകളാണ്. പദ്ധതി ആനുകൂല്യം സ്ത്രീകളുടെ അക്കൗണ്ടിലേക്കാണ് നൽകുന്നത്.

## DDUGKY

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത നൈപുണ്യ പരിശീലന തൊഴിൽദാന പദ്ധതിയാണ് ഡി.ഡി.യു.ജി.കെ.വൈ. കേരളത്തിൽ കുടുംബശ്രീയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഗുണഭോക്താക്കൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതക്കും അഭിരുചിക്കും ഉതകുന്ന പരിശീലനം നൽകി അവർക്ക് അർഹമായ തൊഴിൽ ഈ പദ്ധതിയിലൂടെ ഉറപ്പുവരുത്തുന്നു. ഈ പദ്ധതിപ്രകാരം ഗ്രാമീണ മേഖലയിൽ കണ്ടെത്തുന്ന ദരിദ്ര കുടുംബങ്ങളിലെ 18-നും 35-നും ഇടയിൽ പ്രായമുള്ള അംഗങ്ങളാണ് ഇതിന്റെ ഗുണഭോക്താക്കൾ. സ്ത്രീകൾ, പട്ടികവർഗ്ഗക്കാർ, വൈകല്യമുള്ളവർ

എന്നിവർക്ക് 45 വയസ്സുവരെ ഇളവ് അനുവദനീയമാണ്. നാളിതുവരെ പദ്ധതിയിലൂടെ 84961 പേർക്ക് പരിശീലനം ആരംഭിക്കാനും 75450 പേരുടെ പരിശീലനം പൂർത്തീകരിക്കാനും 53810 പേർക്ക് തൊഴിൽ ലഭ്യമാക്കാനും കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിയിലൂടെ 44261 വനിതകൾക്ക് പരിശീലനം ആരംഭിക്കാനും 39875 വനിതകളുടെ പരിശീലനം പൂർത്തീകരിക്കാനും 27464 വനിതകൾക്ക് തൊഴിൽ ലഭ്യമാക്കാനും കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്.

(ബി) കുടുംബശ്രീ ആരംഭിച്ച ജനകീയ ഹോട്ടലുകൾ തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ?

ജില്ലകളിൽ 1198 ജനകീയ ഹോട്ടലുകൾ പ്രവർത്തനം ആരംഭിച്ചിരുന്നു. ഇതിൽ 993 ജനകീയ ഹോട്ടലുകളാണ് നിലവിൽ പ്രവർത്തിക്കുന്നത്. പ്രവർത്തനം മന്ദീഭവിച്ചുപോയതും/നിർജ്ജീവമായതുമായ ജനകീയ ഹോട്ടലുകളുടെ പുനരുജ്ജീവനം ലക്ഷ്യമിട്ടുകൊണ്ട് വിപുലമായ ക്യാമ്പയിൻ പ്രവർത്തനങ്ങൾ 2024-25 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീ നടത്തിവരുന്നു. കൂടാതെ ജനകീയ ഹോട്ടലുകളെ പ്രവർത്തന മേഖലയിലേക്ക്

എത്തിക്കുവാൻ MEC-മാരുടെ (മൈക്രോ എന്റർപ്രൈസ് കോൺസൾട്ടന്റ്) നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

(സി) കുടുംബശ്രീ എത്ര സംരംഭങ്ങൾ നാളിതുവരെ തുടങ്ങിയിട്ടുണ്ട്?

| | |
|---|---|
| MICRO ENTERPRISES | 78527 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| SVEP & RKI-EDP | 49993 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| Agri | 1259 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| AH | 87147 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| KERALA CHICKEN | 388 ബ്രോയിലർ ഫാമുകളും 129 കേരള ചിക്കൻ ഔട്ട് ലെറ്റുകളും. മൊത്തം 517 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| SD | ഉജ്ജീവനം-632 (അതിദരിദ്ര പദ്ധതിയിലെ ഗുണഭോക്താക്കൾ)<br>ബഡ്സ് പ്രത്യേക ഉപജീവന പദ്ധതി-224 (രക്ഷിതാക്കളും കുട്ടികളും ചേർന്നുള്ള പ്രത്യേക ഉപജീവന സംരംഭം) |
| TRIBAL | നിലവിൽ 3998 സംരംഭങ്ങൾ തദ്ദേശീയ മേഖലയിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ചിട്ടുണ്ട്. |
| NULM | 8673 സംരംഭങ്ങൾ, 13,932 സംരംഭകർ. |

(ഡി) കുടുംബശ്രീയുടെ ഉൽപ്പന്നങ്ങൾ എങ്ങനെയാണ് വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

കുടുംബശ്രീ സംരംഭങ്ങളുടെ ഉൽപ്പന്നത്തിന് വിപണി കണ്ടെത്തുന്നതിന് വിവിധ തരത്തിലുള്ള ഇടപെടലുകൾ നടത്തിവരുന്നുണ്ട്.

1) വിവിധതരത്തിലുള്ള വിപണന മേളകൾ സംഘടിപ്പിക്കുന്നു.

2) സ്ഥിര വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നു.

3) കമ്മ്യൂണിറ്റി മാർക്കറ്റിംഗ് സംവിധാനമായ ഹോം ഷോപ്പ് സംവിധാനത്തിലൂടെയുള്ള വിപണനം.

4) ഓൺലൈൻ സംവിധാനത്തിലൂടെയുള്ള വിപണനം.

5) കുടുംബശ്രീ ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണിയിൽ എത്തിക്കുന്നു.

**ഒറ്റപ്പാലം മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതിയുടെ പുരോഗതി**

295 (2301) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ ഭൂരഹിത, ഭവന രഹിത കുടുംബങ്ങൾക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനുള്ള ലൈഫ് ഭവന പദ്ധതിയുടെ നിർവഹണ പുരോഗതി പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ?

ഒറ്റപ്പാലം മണ്ഡലത്തിൽ ലൈഫ് മിഷൻ മുഖേന ഭവന സമുച്ചയങ്ങളൊന്നും നിലവിൽ ഏറ്റെടുത്തിട്ടില്ല.

(ബി) പ്രസ്തുത മണ്ഡലത്തിൽ ലൈഫ് പദ്ധതിയിൻ കീഴിൽ നാളിതുവരെ എത്ര വീടുകളാണ് നിർമ്മിച്ചിട്ടുള്ളതെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ലൈഫ് പദ്ധതിയിൻ കീഴിൽ 15-06-2024 വരെ 5,627 ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിനായി കരാർ വച്ചതിൽ 3,975 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വിശദവിവരം തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ചുവടെച്ചേർക്കുന്നു.

| നം | തദ്ദേശസ്വയംഭരണ സ്ഥാപനം | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|---|
| 1 | അമ്പലപ്പാറ | 262 | 206 |
| 2 | കടമ്പഴിപ്പുറം | 411 | 339 |
| 3 | കരിമ്പുഴ | 305 | 261 |
| 4 | ലെക്കിടിപേരൂർ | 434 | 291 |
| 5 | ശ്രീകൃഷ്ണപുരം | 199 | 158 |
| 6 | പൂക്കോട്ടുക്കാവ് | 448 | 317 |
| 7 | തച്ചനാട്ടുക്കര | 352 | 247 |
| 8 | ഒറ്റപ്പാലം മുനിസിപ്പാലിറ്റി | 3216 | 2156 |

| | | | |
|---|---|---|---|
| | **ആകെ** | **5627** | **3975** |

**ഒറ്റപ്പാലം മണ്ഡലത്തിലെ കേന്ദ്രീയ വിദ്യാലയം റോഡ്**

296 (2302) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയിട്ടുള്ള ഒറ്റപ്പാലം മണ്ഡലത്തിലെ കേന്ദ്രീയ വിദ്യാലയം റോഡ് നവീകരണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) തദ്ദേശസ്വയംഭരണ വകുപ്പിന് നിർവഹണ ചുമതലയുള്ള പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്നാണ്;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്ക് അയച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അയയ്ക്കുവാൻ എന്തുകൊണ്ടാണ് ഇത്രയും കാലതാമസം വരുന്നത്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

(ബി&സി) അക്രെഡിറ്റഡ് ഏജൻസിയായ M/s.K.E.L. 13-03-2024-ന് തയ്യാറാക്കിയ D.P.R. 31-05-2024-ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ്

എഞ്ചിനീയർക്ക് ലഭ്യമാകുകയും ആയതിന്റെ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു.

**കടമക്കുടി-ചാത്തനാട് പാലം ഗതാഗതയോഗ്യമാക്കുന്നതിനുള്ള പദ്ധതി**

297 (2303) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.സി.ഡി.എ. ധനസഹായത്തോടെ നിർമ്മിക്കുന്ന വലിയ കടമക്കുടി-ചാത്തനാട് പാലം ഗതാഗതയോഗ്യമാക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്ന് വിശദമാക്കുമോ?

ജി.സി.ഡി.എ. ധനസഹായത്തോടെ നിർമ്മിക്കുന്ന വലിയ കടമക്കുടി-ചാത്തനാട് പാലത്തിന്റെ ഇരുവശത്തേയും അപ്രോച്ച് റോഡ്, സർവീസ് റോഡ്, കാന എന്നിവയുടെ നിർമ്മാണമാണ് പൂർത്തീകരിക്കാനുള്ളത്.

(ബി) പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡ് വളവ് ക്രമീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; ഇതിനായി കൂടുതൽ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ടോ; വിശദമാക്കാമോ?

അപ്രോച്ച് റോഡിന്റെ വളവ് സംബന്ധിച്ച് പരിശോധിച്ച് പരിഹാര മാർഗ്ഗങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

വളവ് ക്രമീകരിക്കുന്നതിനായി കൂടുതൽ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. കടമക്കുടി വില്ലേജ് 4/5 സർവ്വേ നമ്പറിൽ ഉൾപ്പെട്ട 1.52 ആർ സ്ഥലംകൂടി ഏറ്റെടുക്കേണ്ടി വരുന്നുണ്ട്. ടി ഉടമയുടെ സമ്മതപത്രം വാങ്ങി നിർമ്മാണ പ്രവർത്തികൾ തടസ്സമില്ലാതെ പൂർത്തീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പാലം എന്നത്തേക്ക് ഗതാഗതത്തിന് തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

അനുയോജ്യമായ കാലാവസ്ഥ ലഭ്യമായാൽ ആറ് മാസത്തിനകം നിർമ്മാണം പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നു കൊടുക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം**

298 (2304) <u>ശ്രീ. ഡി. കെ. മുരളി:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ എവിടെയെല്ലാമാണ് ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നതെന്നും ഓരോ സെന്ററിലും എത്ര കുട്ടികൾ വീതമാണ് നിലവിലുള്ളതെന്നും വിശദമാക്കാമോ?

| **പഞ്ചായത്ത്** | **ബഡ്സ് സ്കൂളിന്റെ എണ്ണം** | **കുട്ടികളുടെ എണ്ണം** |
|---|---|---|
| നെല്ലനാട് | 1 | 32 |
| വാമനപുരം | 1 | 21 |
| പാങ്ങോട് | 1 | 29 |
| പെരിങ്ങമ്മല | 1 | 25 |
| ആനാട് | 1 | 26 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പ്രസ്തുത സ്കൂളുകളിൽ വിവിധ പ്രവർത്തനങ്ങൾക്കായി എത്ര രൂപ ചെലവാക്കിയിട്ടുണ്ടെന്ന് സ്കൂൾ തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

| **സ്കൂൾ** | **ചെലവഴിച്ച തുക** |
|---|---|
| വാമനപുരം | 26,95,376/- |
| പാങ്ങോട് | 20,00,100/- |
| ആനാട് | 23,78,246/- |

| | |
|---|---|
| പെരിങ്ങമ്മല | 19,52,300/- |
| നെല്ലനാട് | 20,32,246/- |

(സി) പ്രവർത്തനാനുമതി ലഭിച്ചിട്ടും ഇതുവരെ പ്രവർത്തനമാരംഭിക്കാത്ത ബഡ്സ് സ്കൂളുകൾ മണ്ഡലത്തിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. നന്ദിയോട് ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ഡി) സംസ്ഥാനത്ത് കൂടുതൽ ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യകത മുൻനിർത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ബഡ്സ് സ്ഥാപനം ആരംഭിക്കുന്നതിനുള്ള പ്രാരംഭാനുമതി ബഡ്സ് ജില്ലാതല ഉപദേശക സമിതി മുഖേന നല്കുന്നതാണ്.

**പാറശ്ശാല മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ., എസ്.എ.ജി.വൈ. പദ്ധതികൾ**

299 (2305) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ പെരുങ്കടവിള, പാറശ്ശാല എന്നീ ബ്ലോക്ക് പഞ്ചായത്തുകളിലായി 2021 മുതൽ നാളിതുവരെ അനുവദിച്ച പി.എം.ജി.എസ്.വൈ., എസ്.എ.ജി.വൈ. പദ്ധതികളുടെ വിശദവിവരങ്ങൾ അറിയിക്കുമോ; പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതി പുരോഗതി ഉൾപ്പെടെയുള്ള വിവരങ്ങൾ അറിയിക്കാമോ?

പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

സാഗി (SAGY) പദ്ധതി പ്രകാരം പ്രവൃത്തികൾ അനുവദിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി പെരുങ്കടവിള, പാറശ്ശാല ബ്ലോക്കുകളിൽ നിന്നും നിർദേശങ്ങൾ ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

പി.എം.ജി.എസ്.വൈ.-യിൽ ബ്ലോക്കുപഞ്ചായത്തിന്റെ നിർദേശങ്ങളല്ല, മറിച്ച് ബന്ധപ്പെട്ട എം.പി.-യുടെ ശിപാർശയും ജില്ലാ പഞ്ചായത്തിന്റെ അംഗീകാരവുമാണ് ആവശ്യമായുള്ളത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാഗി പദ്ധതിയുമായി ബന്ധപ്പെട്ട് പെരുങ്കടവിള, പാറശ്ശാല ബ്ലോക്കുപഞ്ചായത്തുകളിൽനിന്നും നിർദേശങ്ങൾ ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതിക്കുവേണ്ടി റോഡുകൾ തിരഞ്ഞെടുക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

കേന്ദ്ര ഗ്രാമവികസന മന്ത്രാലയം (MoRD) കാലാകാലങ്ങളിൽ പുറത്തിറക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചാണ് പി.എം.ജി.എസ്.വൈ.-യിൽ റോഡുകൾ തിരഞ്ഞെടുക്കുന്നത്. ഇപ്പോൾ നിലവിലുള്ള പി.എം.ജി.എസ്.വൈ. III-ൽ ഉൾപ്പെടുത്തേണ്ട റോഡുകൾ, അപ്ഡേഷൻ ഓഫ് ഡിസ്ട്രിക്ട് റൂറൽ റോഡ് പ്ലാനിൽ ഉൾപ്പെട്ടതായിരിക്കണം. അതിൽ പ്രധാനമായും ഗ്രാമീണ അഗ്രികൾച്ചറൽ മാർക്കറ്റിന്റെയും ഹയർ സെക്കൻഡറി സ്കൂളിന്റെയും ഹോസ്പിറ്റലിന്റെയും സമീപമുള്ള റോഡുകളാണ് തിരഞ്ഞെടുക്കുന്നത്. ഹാബിറ്റേഷനുകളുടെയും ഫെസിലിറ്റികളുടെയും തിരഞ്ഞെടുപ്പ് അതിന് നിശ്ചയിക്കപ്പെട്ട മാർക്ക് പ്രകാരമുള്ള CUCPL (Comprehensive Up gradation cum Consolidation Priority List) റാങ്ക് അടിസ്ഥാനത്തിലാണ് നടത്തുന്നത്. ഒരു ജില്ലയിലെ മുഴുവൻ റൂറൽ

റോഡുകളെയും ബ്ലോക്ക് അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ പ്രോസസ്സിങ്ങ് നടത്തിയാണ് റാങ്ക് നിർണ്ണയിക്കുന്നത്. ഇതിൽ ബന്ധപ്പെട്ട എം.പി.-യുടെ ശിപാർശയും ജില്ലാ പഞ്ചായത്തിന്റെ അംഗീകാരവും ഉൾപ്പെടുന്നു. കർശനമായ മാനദണ്ഡത്തോടെ, ചുരുങ്ങിയത് മൂന്ന് കിലോമീറ്റർ നീളവും 7.5 മീറ്റർ (Through Route)/6 മീറ്റർ (Major Rural Link) വീതിയിൽ മുഴവൻ നീളത്തിലും സ്ഥലലഭ്യത (ഫ്രീ സറണ്ടർ) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ലഭ്യമാക്കേണ്ടതായുമുണ്ട്. ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് ലെവൽ സ്റ്റാൻഡിംഗ് കമ്മിറ്റി (SLSC) അംഗീകരിച്ച്, സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിയുടെ (STA) അംഗീകാരവും ലഭ്യമായതിനുശേഷം കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ (MoRD) അംഗീകാരത്തിനായി സമർപ്പിക്കുന്നു. അവിടെ പ്രീ-എംപവേർഡ് കമ്മിറ്റി, എംപവേർഡ് കമ്മിറ്റി എന്നിവയുടെ അംഗീകാരം ലഭിച്ചതിന് ശേഷമാണ് ഭരണാനുമതി നൽകുന്നത്.

വിവിധ സർക്കാർ പദ്ധതികളുടെ സംയോജനത്തോടെയുള്ള നിർവഹണ രീതിയാണ് സാഗിയിൽ അവലംബിക്കുന്നത്. അനുവദിക്കുന്ന

തുക തികച്ചും ഭരണപരമായ ചെലവുകൾക്കായി ഉപയോഗിക്കുന്നതിനാണ് സാഗി പദ്ധതി മാനദണ്ഡങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ളത്.

**കായംകുളം മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം അനുവദിച്ച വീടുകൾ**

300 (2306) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് ഭവന പദ്ധതിപ്രകാരം കായംകുളം മണ്ഡലത്തിൽ അനുവദിച്ച വീടുകൾ എത്രയെന്നും ഇതിൽ എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത്, നഗരസഭ എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കാമോ?

ലൈഫ് ഭവന പദ്ധതിപ്രകാരം കായംകുളം മണ്ഡലത്തിൽ 3540 വീടുകൾ അനുവദിച്ചതിൽ 2599 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദവിവരം തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ചുവടെച്ചേർക്കുന്നു.

| നം. | തദ്ദേശസ്വയംഭരണ സ്ഥാപനം | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|---|
| 1 | ഭരണിക്കാവ് | 471 | 369 |
| 2 | ചെട്ടികുളങ്ങര | 369 | 243 |
| 3 | ദേവികുളങ്ങര | 301 | 160 |
| 4 | കണ്ടല്ലൂർ | 364 | 212 |
| 5 | കൃഷ്ണപുരം | 412 | 343 |

| | | | |
|---|---|---|---|
| 6 | പത്തിയൂർ | 457 | 286 |
| 7 | കായംകുളം (മുനിസിപ്പാലിറ്റി) | 1166 | 986 |
| | **ആകെ** | **3540** | **2599** |

**സംസ്ഥാനത്തെ അതിദരിദ്രരെ സാധാരണ നിലയിലാക്കാനുള്ള നടപടികൾ**

301 (2307) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശാസ്ത്രീയമായി കണ്ടെത്തിയിട്ടുള്ള അതിദരിദ്രരെ സാധാരണ നിലയിലാക്കാൻ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

അവകാശങ്ങൾക്കുവേണ്ടി ശബ്ദം ഉയർത്താൻപോലും ശേഷിയില്ലാതെ, പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെ അതിതീവ്ര ദാരിദ്ര്യം അനുഭവിക്കുന്നവരെ കണ്ടെത്തി അഞ്ചുവർഷംകൊണ്ട് അവരുടെ അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. സംസ്ഥാനത്ത് ഇത്തരത്തിലുള്ള 64006 കുടുംബങ്ങളിലായി 103099 വ്യക്തികളെ 1032

തദ്ദേശസ്ഥാപനങ്ങളിലായി കണ്ടെത്തിയിട്ടുണ്ട്. ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നീ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് ടി കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്. കാസർഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ അതിദരിദ്രരെ കണ്ടെത്തിയില്ല.

ഇങ്ങനെ കണ്ടെത്തിയ കുടുംബങ്ങളെ അതിദരിദ്രാവസ്ഥയിൽനിന്ന് പുറത്തുകൊണ്ടുവരുന്നതിനായി, ഓരോ കുടുംബത്തിന്റെയും അവസ്ഥ മനസ്സിലാക്കി, അവരുടെകൂടി അഭിപ്രായം കണക്കിലെടുത്ത് പ്രത്യേകം മൈക്രോപ്ലാനുകളും അവ ക്രോഡീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഉപപദ്ധതികളും തയ്യാറാക്കിയിട്ടുണ്ട്. കുടുംബങ്ങളുടെ അതിജീവനത്തിന് അടിയന്തരാവശ്യമുള്ള സേവനങ്ങളും സൗകര്യങ്ങളും ചേർത്ത് ഉടൻ നടപ്പിലാക്കാവുന്ന സർവീസ് പദ്ധതികളും മൂന്ന് മാസംമുതൽ രണ്ട് വർഷക്കാലയളവുകൊണ്ട് പൂർത്തിയാക്കാവുന്ന ഹ്രസ്വകാലത്തേക്കുള്ള പദ്ധതികളും ദീർഘകാല സർക്കാർ ഇടപെടൽ ആവശ്യമുള്ള പദ്ധതികളുമാണ് നടപ്പാക്കുന്നത്. വിവരശേഖരണവേളയിൽ 64006

കുടുംബങ്ങളെ അതിദരിദ്രരായി കണ്ടെത്തിയെങ്കിലും 56821 കുടുംബങ്ങൾക്ക് മാത്രം മൈക്രോ പ്ലാനുകൾ ആവശ്യമായതിനാൽ അത്രയും മൈക്രോ പ്ലാനുകൾ തയ്യാറാക്കുകയും സേവനങ്ങൾ നൽകുന്നത് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ ഒരു കുടുംബത്തിന് അത്യന്താപേക്ഷിതമായ ഭക്ഷണവും ചികിത്സയും ഉറപ്പുവരുത്തുന്നതിനാണ് സർക്കാർ പ്രഥമ പരിഗണന നൽകിയത്. ആകെ 26649 കുടുംബങ്ങളെയാണ് അതിദരിദ്ര പട്ടികയിൽ ഭക്ഷണം ആവശ്യമുണ്ടെന്ന് കണ്ടെത്തിയത്. ഇതിൽ സ്വന്തമായി ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ കഴിയുന്ന 22756 കുടുംബങ്ങൾക്ക് ഭക്ഷ്യ വസ്തുക്കൾ അടങ്ങിയ കിറ്റുകളും അതിന് കഴിയാത്ത 3095 കുടുംബങ്ങൾക്ക് ജനകീയ ഹോട്ടലുകൾ, സാമൂഹ്യ അടുക്കളകൾ എന്നിവ വഴി പാകം ചെയ്ത ഭക്ഷണവും എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ പ്രശ്നങ്ങളാൽ ബുദ്ധിമുട്ടുകൾ നേരിടുന്ന 26481 കുടുംബങ്ങൾക്ക് മരുന്നുകൾ ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും പാലിയേറ്റീവ് ചികിത്സ ആവശ്യമുള്ള 4509 പേർക്ക് അത് നൽകുന്നതിനും

ആരോഗ്യ സുരക്ഷയുമായി ബന്ധപ്പെട്ട സാമഗ്രികൾ ആവശ്യമുള്ള 245 പേർക്ക് ആരോഗ്യ ഉപകരണങ്ങൾ നൽകുവാനും 11 പേർക്ക് അവയവ മാറ്റി വയ്ക്കൽ ചികിത്സയ്ക്ക് വേണ്ട സഹായം നൽകുവാനും കഴിഞ്ഞിട്ടുണ്ട്. ഏകാംഗ കുടുംബങ്ങളിൽ ഉൾപ്പെട്ട 391 പേരെയും മറ്റ് കുടുംബങ്ങളിൽപ്പെട്ട 240 പേരും അലഞ്ഞുതിരിയുന്ന 128 പേരും ഉൾപ്പെടെ ആകെ 759 പേരെ ഷെൽട്ടർ ഹോമുകളിലേക്ക് മാറ്റി അവർക്ക് ആവശ്യമുള്ള സുരക്ഷയും ഭക്ഷണവും മരുന്നുകളും ഉറപ്പാക്കുവാൻ കഴിഞ്ഞു. കൂടാതെ വരുമാനം ഇല്ലാതെ കഷ്ടത അനുഭവിച്ചിരുന്ന 1724 കുടുംബങ്ങൾക്ക് വരുമാനദായക പ്രവർത്തനങ്ങൾക്ക് വേണ്ട ആനുകൂല്യങ്ങൾ നൽകുവാൻ കഴിഞ്ഞു. വരുമാനദായക പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുന്നതിനായി കുടുംബശ്രീ സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ 'ഉജ്ജീവനം' എന്ന പേരിൽ സമഗ്ര പദ്ധതി ആരംഭിച്ചിട്ടുണ്ട്. അടച്ചുറപ്പുള്ള വാസസ്ഥലമില്ലാതെ ബുദ്ധിമുട്ടുന്ന അതിദരിദ്ര കുടുംബങ്ങളിൽ വീട് മാത്രം ആവശ്യമുള്ള 2930 കുടുംബങ്ങളും വസ്തുവും വീടും ആവശ്യമുള്ള 1531 കുടുംബങ്ങളും നേരത്തെതന്നെ ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിരുന്നു. നേരത്തെതന്നെ

ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടാത്ത വീട് മാത്രം ആവശ്യമുള്ള 5670 കുടുംബങ്ങളെയും വസ്തുവും വീടും ആവശ്യമുള്ള 5536 കുടുംബങ്ങളെയും പ്രത്യേക സർക്കാർ ഉത്തരവുപ്രകാരം ഉൾപ്പെടുത്തി അവർക്ക് ആനുകൂല്യം നൽകിവരുന്നു. ഇതിൽ നാളിതുവരെ 1768 വീടുകൾ വിവിധ ഘട്ടങ്ങളിലായി പുരോഗതിയിലാണ്. 1744 വീടുകൾ പൂർത്തിയായിട്ടുണ്ട്. ഇനിയും ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തി വീട് നൽകുന്നതിനായുള്ളവരുടെ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ശേഖരിച്ച് ലൈഫ് മിഷന് കൈമാറുന്നതിനുള്ള നടപടിയും തുടർന്നുവരുന്നുണ്ട്. കൂടാതെ ഭവന പുനരുദ്ധാരണം ആവശ്യമുള്ള 2575 കുടുംബങ്ങൾക്ക് ആയതിനുള്ള ധനസഹായം ലഭ്യമാക്കിയിട്ടുമുണ്ട്.

ഇതോടൊപ്പം, 'അവകാശം അതിവേഗം' യജ്ഞത്തിന്റെ ഭാഗമായി ആധാർ കാർഡ്, റേഷൻ കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ്, ഭിന്നശേഷി കാർഡ്, ബാങ്ക് അക്കൗണ്ട്, തൊഴിൽ കാർഡ് പോലെയുള്ള അവകാശ രേഖകളും, ആരോഗ്യ ഇൻഷ്വറൻസ്, സാമൂഹ്യ സുരക്ഷ പെൻഷൻ

മുതലായ അടിയന്തര സേവനങ്ങളും ലഭ്യമാകാതെയിരുന്ന 21263 കുടുംബങ്ങൾക്ക് ആയവ നൽകുവാൻ സാധിച്ചു.

അർഹരായ കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തുന്ന തുകകൾക്ക് പുറമേ സർക്കാരിന്റെ പ്രത്യേക സഹായധനമായി 50 കോടി രൂപ 2023-24 സാമ്പത്തിക വർഷത്തിൽ അനുവദിച്ചു. ഇതിൽ 45 ലക്ഷം രൂപ ഉയർന്ന ചികിത്സാ ചെലവുകൾ ആവശ്യമായി വരുന്നവർക്കായി വിനിയോഗിക്കുന്നതിനായിട്ടാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ 33.12 കോടി രൂപ അതിദരിദ്രരുടെ ലൈഫ് ഭവന പദ്ധതിക്കായി ലൈഫ് മിഷനും 16.43 കോടി രൂപ കുടുംബശ്രീയുടെ ഉജ്ജീവനം പദ്ധതിയിലുൾപ്പെടുത്തി അതിദരിദ്രർക്ക് വരുമാനദായക പ്രവർത്തനങ്ങളിലൂടെ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനായി കുടുംബശ്രീക്കും അനുവദിച്ചിട്ടുണ്ട്. കൂടാതെ 2024-25 സാമ്പത്തിക വർഷത്തിൽ 50 കോടി രൂപ സർക്കാരിന്റെ പ്രത്യേക ധനസഹായമായി ബജറ്റിൽ വകയിരുത്തിയിട്ടുമുണ്ട്.

2023-24, 2024-25 വർഷത്തിലും പുതിയ അദ്ധ്യയന വർഷാരംഭത്തിലും അതിദരിദ്ര പട്ടികയിലുൾപ്പെട്ട കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, 14 മുതൽ 16 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്കുള്ള പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം, യൂണിഫോം, പഠനോപകരണങ്ങൾ മുതലായവക്കുള്ള ധനസഹായങ്ങൾ, കലാ കായിക പ്രവർത്തനങ്ങൾക്കുള്ള ധനസഹായങ്ങൾ മുതലായ പിന്തുണ സംവിധാനങ്ങൾ ഒരുക്കി പഠന പ്രവർത്തനങ്ങളിൽ ടി കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്നുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അതിദരിദ്ര പട്ടികയിലുൾപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി കെ.എസ്.ആർ.ടി.സി./പ്രൈവറ്റ് ബസുകളിലേക്കുള്ള 1747 യാത്രാപാസ്സുകൾ വിതരണം ചെയ്തിട്ടുണ്ട്. അതിദരിദ്ര പട്ടികയിലുൾപ്പെട്ട അനാഥരായ കുട്ടികൾക്ക് സ്കോളർഷിപ്പ്/സ്റ്റൈപന്റ് നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന സ്നേഹപൂർവ്വം പദ്ധതിയിലുൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2023-24

വർഷത്തിൽ അതിദരിദ്ര പട്ടികയിലുൾപ്പെട്ട പത്താം ക്ലാസ്സ് പാസ്സായ എല്ലാ കുട്ടികൾക്കും തൊട്ടടുത്ത സ്കൂളിൽ +1-ന് അഡ്മിഷൻ ഉറപ്പാക്കിയിട്ടുണ്ട്.

2024-25 വർഷത്തിൽ അതിദരിദ്ര പട്ടികയിലുൾപ്പെട്ട പത്താം ക്ലാസ്സ് പാസ്സായ എല്ലാ കുട്ടികൾക്കും തൊട്ടടുത്ത സ്കൂളിൽ +1-ന് അഡ്മിഷൻ ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ അതിദരിദ്ര പട്ടികയിലുൾപ്പെട്ട പത്താം ക്ലാസ്സ്, +2 എന്നിവയിൽ എല്ലാ വിഷയങ്ങൾക്കും A+ കരസ്ഥമാക്കിയ കുട്ടികളുടെ പട്ടിക ശേഖരിച്ച് പ്രസ്തുത കുട്ടികൾക്ക് അനുമോദനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഫീസ് ഇളവ് നല്കുന്നുണ്ട്.

അതിദരിദ്ര പട്ടികയിലുൾപ്പെട്ട അനാഥരായ കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുന്നതിനായുള്ള നടപടികൾ, വനിതാ ശിശുവികസന വകുപ്പ്, സാമൂഹ്യ സുരക്ഷാ മിഷൻ എന്നീ വകുപ്പുകൾ മുഖാന്തരം നടപ്പിലാക്കിവരുന്നു.

ഭക്ഷണം മാത്രം, ആരോഗ്യം മാത്രം, ഭക്ഷണവും ആരോഗ്യവും മാത്രം എന്നീ മൂന്ന് വിഭാഗങ്ങളിലായി ക്ലേശം അനുഭവിച്ചിരുന്ന 26649 കുടുംബങ്ങളും

ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട് ആനുകൂല്യങ്ങൾ ലഭിക്കുന്ന 2080 കുടുംബങ്ങളും (ആകെ 28,725, 48.47 ശതമാനം) മറ്റ് ക്ലേശഘടകങ്ങൾമൂലം ബുദ്ധിമുട്ട് അനുഭവിച്ചിരുന്ന കുടുംബങ്ങളും ഉൾപ്പെടെ, അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ആകെ കണ്ടെത്തിയതിൽ 47.89 ശതമാനം കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽനിന്ന് മുക്തരാക്കിയതായി 2023 നവംബർ 1-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചു.

2024 നവംബർ 1-ന് മുൻപ് മറ്റ് ക്ലേശഘടകങ്ങൾമൂലം ബുദ്ധിമുട്ടുന്ന കുടുംബങ്ങൾക്ക് ആവശ്യമുള്ള സേവനങ്ങൾ നൽകി അതിദാരിദ്ര്യത്തിൽനിന്ന് മോചിപ്പിക്കപ്പെടുന്നവരുടെ കണക്ക് 90 ശതമാനമാക്കി വർദ്ധിപ്പിക്കുന്നതിനും 2025 നവംബർ 1-നുമുമ്പ് സംസ്ഥാനത്തെ സമ്പൂർണ്ണ അതിദാരിദ്ര്യ മുക്തമാക്കുകയും ചെയ്യുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

ആകെ കണ്ടെത്തിയ 16 അതിദരിദ്രർക്ക് അവരുടെ എല്ലാ ക്ലേശഘടകങ്ങളും മറികടക്കുന്നതിനുവേണ്ട സേവനങ്ങൾ നൽകി,

സംസ്ഥാനത്തെ ആദ്യ അതിദാരിദ്ര്യമുക്ത ഗ്രാമപഞ്ചായത്തായി തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിനെ പ്രഖ്യാപിച്ചു.

(ബി) സംസ്ഥാനത്ത് കണ്ടെത്തിയ അതിദരിദ്രർ എത്രയുണ്ടെന്നും ഇതിനോടകം എത്രപേരെ സാധാരണ നിലയിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് 64006 കുടുംബങ്ങളിലായി 103099 അതിദരിദ്ര വ്യക്തികളെ കണ്ടെത്തിയിട്ടുണ്ട്.

ഭക്ഷണം മാത്രം, ആരോഗ്യം മാത്രം, ഭക്ഷണവും ആരോഗ്യവും മാത്രം എന്നീ 3 വിഭാഗങ്ങളിലായി ക്ലേശം അനുഭവിച്ചിരുന്ന 26649 കുടുംബങ്ങളും ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട് ആനുകൂല്യങ്ങൾ ലഭിക്കുന്ന 2080 കുടുംബങ്ങളും (ആകെ 28,725, 48.47 ശതമാനം) മറ്റ് ക്ലേശഘടകങ്ങൾമൂലം ബുദ്ധിമുട്ട് അനുഭവിച്ചിരുന്ന കുടുംബങ്ങളും ഉൾപ്പെടെ, അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ആകെ കണ്ടെത്തിയതിൽ 47.89 ശതമാനം കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽനിന്ന്

മുക്തരാക്കിയതായി 2023 നവംബർ 1-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചു.

(സി) സംസ്ഥാനത്തെ അതിദരിദ്രരില്ലാത്ത സംസ്ഥാനമായി എന്ന് പ്രഖ്യാപിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

2024 നവംബർ 1-നുമുൻപ് അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കപ്പെടുന്നവരുടെ കണക്ക് 90 ശതമാനമാക്കി വർധിപ്പിക്കുന്നതിനും 2025 നവംബർ 1-നുമുമ്പ് സംസ്ഥാനത്തെ സമ്പൂർണ്ണ അതിദാരിദ്ര്യ മുക്തമാക്കുകയും ചെയ്യുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

**ലൈഫ് ഭവന പദ്ധതി പ്രകാരം കണ്ണൂരിൽ പൂർത്തീകരിച്ച വീടുകൾ**

302 (2308) **ശ്രീ. എം. വിജിൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ നാളിതുവരെ എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്?

ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി 15-06-2024 വരെ കണ്ണൂർ ജില്ലയിൽ 22196 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടതിൽ 18710 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കല്ല്യാശ്ശേരി മണ്ഡലത്തിൽ നാളിതുവരെ എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്?

കല്ല്യാശ്ശേരി മണ്ഡലത്തിൽ 15-06-2024 വരെ 964 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) കല്ല്യാശ്ശേരി മണ്ഡലത്തിൽ ലൈഫ് പദ്ധതിയിലേക്കുള്ള ലിസ്റ്റിൽ എത്ര ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്; വിശദമാക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിൽ ലൈഫ് ഭവനപദ്ധതിയുടെ ലിസ്റ്റിൽ ഭൂമിയുള്ള ഭവനരഹിതരായി 2831 ഗുണഭോക്താക്കളും ഭൂരഹിത ഭവനരഹിതരായി 694 ഗുണഭോക്താക്കളും ഉൾപ്പെട്ടിരുന്നതിൽ 1063 ഭൂമിയുള്ളവർക്കുള്ള ഭവനനിർമ്മാണ ധനസഹായം ലഭ്യമാക്കുകയുണ്ടായി. ഭൂരഹിതരിൽ 146 ഗുണഭോക്താക്കൾക്ക് ഭൂമിയും ലഭിക്കുകയുണ്ടായി.

നിലവിൽ 1768 ഗുണഭോക്താക്കൾ ഭവനരഹിതരുടെ പട്ടികയിലും 548 ഗുണഭോക്താക്കൾ ഭൂരഹിതരുടെ പട്ടികയിലും അവശേഷിക്കുന്നു.

**നെടുമ്പ്രം ഗ്രാമപഞ്ചായത്തിലെ സ്റ്റേഡിയത്തിന്റെ നവീകരണം**

303 (2309) ശ്രീ. മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല മണ്ഡലത്തിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്തിലെ സ്റ്റേഡിയത്തിന്റെ നവീകരണത്തിനായി ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്നറിയിക്കാമോ?

ഉണ്ട്.

(ബി) തദ്ദേശസ്വയംഭരണ വകുപ്പ് ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

സ്റ്റേഡിയം നിർമ്മാണം എന്ന ബജറ്റ് വർക്കുമായി ബന്ധപ്പെട്ട് സർക്കാരിലേക്ക് ഡി.പി.ആർ. തയ്യാറാക്കി നൽകുന്നതിന് നെടുമ്പ്രം ഗ്രാമപഞ്ചായത്ത് കമ്മിറ്റി പദ്ധതി റിവിഷൻ സമയത്ത് പദ്ധതി ഏറ്റെടുക്കുകയും ആയത് 16-02-2024-ൽ ടെൻഡർ നടത്തുകയും തുടർന്ന്

GEOERA Infrastructures എന്ന Structural Engineering Firm പദ്ധതി ടെൻഡറിൽ പങ്കെടുത്ത് കുറഞ്ഞ തുക രേഖപ്പെടുത്തുകയും ചെയ്തു. എന്നാൽ ആയതിന്റെ കമ്മിറ്റി തീരുമാനം ലഭ്യമായി വന്ന അവസരത്തിൽ ലോകസഭ ഇലക്ഷൻ പ്രഖ്യാപിക്കുകയും തുടർന്ന് ജൂൺ 6-ാം തീയതി പ്രസ്തുത പ്രവൃത്തി കരാറിൽ ഏർപ്പെട്ട് നിലവിൽ സ്റ്റേഡിയം ചെയ്യേണ്ട സ്ഥലത്ത് soil investigation survey, total station survey എന്നിവ നടന്നുകഴിഞ്ഞു. ഗ്രാമപഞ്ചായത്ത് തലത്തിൽ സ്റ്റേഡിയവുമായി ബന്ധപ്പെട്ട amenities കൂടെ ചർച്ച നടത്തി ഡി.പി.ആർ. തയ്യാറാക്കി നൽകാമെന്ന് കരാറിൽ ഏർപ്പെട്ട ഏജൻസി അറിയിച്ചിട്ടുണ്ട്.

**കെ-സ്മാർട്ട് സംവിധാനം**

304 (2310) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നടപ്പിലാക്കിയ കെ-സ്മാർട്ട് സംവിധാനത്തിലെ ന്യൂനതകളും അപാകതകളും മുഴുവനായി

പരിഹരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; അടുത്തിടെ വന്ന കോടതി പരാമർശത്തിന്റെ അടിസ്ഥാനത്തിൽ പൊതു ഇടങ്ങൾ, ജലസ്രോതസ്സുകൾ, ഓടകൾ എന്നിവിടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

നഗരസഭകളിൽനിന്ന് ലഭിക്കുന്ന K-SMART പരാതികളും പ്രശ്നങ്ങളും സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. എല്ലാ നഗരസഭകളിലും IKM ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനം ഇതിനായി ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ വികസിപ്പിച്ചുകൊണ്ടിരിക്കുന്ന മൊഡ്യൂളുകൾക്കൂടെ പ്രവർത്തനക്ഷമമാകുന്നതോടെ ന്യൂനതകളും അപാകതകളും മുഴുവനായും പരിഹരിക്കപ്പെടുന്നതാണ്.

പൊതുഇടങ്ങൾ, ജലസ്രോതസുകൾ, ഓടകൾ എന്നിവയിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് 1994-ലെ കേരളപഞ്ചായത്ത് രാജ് നിയമം, കേരളാ മുനിസിപ്പാലിറ്റി നിയമം ഭേദഗതി ചെയ്തിട്ടുള്ളതാണ്. സെപ്റ്റേജ് മാലിന്യം ജലാശയങ്ങളിൽ നിക്ഷേപിക്കുന്നത്, KM ആക്ട് 340 (എ)(ബി), കേരള പഞ്ചായത്ത് രാജ് ആക്ട്

219 (S) (U)എന്നിവ പ്രകാരം 50,000/- രൂപ വരെ പിഴയും ഒരു വർഷം വരെ തടവും ലഭിക്കാവുന്ന കുറ്റമാണ്. കൂടാതെ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള ചെലവും 5,000 രൂപ പിഴയും ടി വാഹനം കണ്ടുകെട്ടുന്നതിനുള്ള നിയമവും വ്യവസ്ഥ ചെയ്യുന്നു. കൂടാതെ KM ആക്റ്റ് 337, KPR ആക്റ്റ് 219 (K) പ്രകാരം ഓടകൾ/കാനകൾ എന്നിവയിലേക്ക് മലിനജലം ഒഴുക്കി വിടുന്നതിന് 5,000/-രൂപയിൽ കുറയാതെയും 50,000/-രൂപയിൽ കവിയാത്തതുമായ പിഴ ചുമത്തുന്നതിനും വ്യവസ്ഥ ചെയ്യുന്നു. നിയമലംഘകർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്. നിയമലംഘനങ്ങൾ കണ്ടെത്തുന്നതിന് ജില്ലാതലത്തിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും തദ്ദേശസ്ഥാപനതലത്തിൽ വിജിലൻസ് സ്ക്വാഡുകളും പ്രവർത്തിക്കുന്നു.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണം, അറ്റകുറ്റപ്പണികൾ, റീ ടാറിംഗ് തുടങ്ങിയ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ടോയെന്ന് വിശദമാക്കാമോ; തിരുവനന്തപുരം നഗരസഭാ

പരിധിയിലുള്ള പ്രധാന റോഡുകൾ പ്രത്യേക പരിഗണന നൽകി ബി.എം. & ബി.സി. നിലവാരത്തിൽ നിലനിർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

നിലവിലുള്ള ഗൈഡ്‌ലൈൻസ് പ്രകാരം ഗുണനിലവാരം ഉറപ്പുവരുത്തേണ്ട ചുമതല നിർവഹണ ഏജൻസിയിൽ നിക്ഷിപ്തമാണ്. IRC specification നിഷ്കർഷിക്കുന്ന പ്രകാരമുള്ള Traffic Density, മണ്ണിന്റെ ഘടന, ഡ്രെയിനേജ്, റോഡിന്റെ പ്രാധാന്യം തുടങ്ങിയവ പരിശോധിച്ചാണ് റോഡിന്റെ ഉപരിതലം നിശ്ചയിക്കുന്നത്. ഇപ്രകാരം BM & BC ആവശ്യമെങ്കിൽ സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) കഴക്കൂട്ടത്തെ സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; തിരുവനന്തപുരം നഗരസഭാ പരിധിയിലുള്ള വാർഡുകളിലെ തെരുവ് വിളക്ക് കത്തിക്കൽ, സ്ഥാപിക്കൽ, പരിപാലനം എന്നിവയുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കഴക്കൂട്ടത്തെ സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

തിരുവനന്തപുരം നഗരസഭ പരിധിയിലെ തെരുവ് വിളക്ക് സ്ഥാപിക്കലും പരിപാലനവും സംബന്ധിച്ച് 27-01-2024 3(E) (82) കൗൺസിൽ തീരുമാനപ്രകാരം മൂന്ന് ഏജൻസികളെ ടെൻഡർ മുഖാന്തരം തിരഞ്ഞെടുത്ത് എഗ്രിമെന്റ്വച്ച് പ്രവൃത്തി ആരംഭിച്ചിട്ടുള്ളതാണ്.

(ഡി) തിരുവനന്തപുരം നഗരത്തിലും സമീപ പ്രദേശങ്ങളിലും ഉണ്ടാകുന്ന വെള്ളപ്പൊക്ക ദുരിതം പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; തിരുവനന്തപുരം നഗരസഭയുടെ ആദ്യത്തെ ബി.എം. & ബി.സി. റോഡായ മുക്കിൽക്കട-ആവുക്കുളം-ഇടത്തറ-ആനന്ദേശ്വരം റോഡിന്റെ പണികൾ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; പ്രസ്തുത റോഡിന്റെ പണികൾ എപ്പോൾ ആരംഭിച്ച് എപ്പോൾ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം നഗരത്തിലും സമീപ പ്രദേശങ്ങളിലും ഉണ്ടാകുന്ന വെള്ളപ്പൊക്ക ദുരിതം പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

മുക്കിൽക്കട-ആവുക്കളം-ഇടത്തറ-ആനന്ദേശ്വരം റോഡിൽ വാട്ടർ അതോറിറ്റിയുടെയും സിറ്റി ഗ്യാസ് കണക്ഷൻ ഡിപ്പാർട്ടുമെന്റിന്റെ ഗാർഹിക ഗ്യാസ് കണക്ഷൻ നൽകലിന്റെയും പ്രവർത്തികൾ നടന്നുവരുന്നു. ടി പ്രവർത്തികളുടെ restoration പൂർത്തീകരിച്ചാൽ മാത്രമേ കോർപ്പറേഷന് പ്രസ്തുത പ്രവർത്തികൾ ആരംഭിക്കുവാൻ കഴിയൂ.

(ഇ) തിരുവനന്തപുരം നഗരസഭയിലെ 11 വാർഡുകളിലെ ജനങ്ങൾക്ക് ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്ന പാങ്ങപ്പാറ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്ക് തിരുവനന്തപുരം നഗരസഭ നൽകിവരുന്ന സഹായങ്ങൾ വിശദമാക്കാമോ; പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനാവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2024-25 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം നഗരസഭ കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ കോളേജ് ഹെൽത്ത് യൂണിറ്റ്, പാങ്ങപ്പാറയുടെ മാനുഷിക വിഭവശേഷി ഉയർത്തുന്നതിനും മറ്റ് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുമായി 76 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. നഗരസഭയിൽനിന്നും നിയമിച്ച മൂന്ന് ഡോക്ടർമാർ ഉൾപ്പെടെ 16 ജീവനക്കാരുടെ വേതനം, മരുന്ന്, മറ്റ് ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

**സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തവർക്കായി ഫ്ലാറ്റ് സമുച്ചയം പദ്ധതി**

305 (2311) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തവർക്കായി ഇതുവരെ എത്ര ഫ്ലാറ്റ് സമുച്ചയങ്ങളാണ് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി ലൈഫ് മിഷൻ മുഖേനയും പാർട്ട്ണർഷിപ്പിലൂടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/സംഘടനകൾ മുഖേനയും നിർമ്മാണം പൂർത്തീകരിച്ച ഭവനസമുച്ചയങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| നം. | ജില്ല | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | യൂണിറ്റുകളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | വെങ്ങാനൂർ | 21 |
| | | കോർപ്പറേഷൻ | 7 |
| 2 | കൊല്ലം | പുനലൂർ മുനിസിപ്പാലിറ്റി | 44 |
| 3 | കോട്ടയം | വിജയപുരം പഞ്ചായത്ത് | 44 |
| 4 | ഇടുക്കി | അടിമാലി പഞ്ചായത്ത് | 217 |
| | | കരിമണ്ണൂർ | 42 |
| 5 | എറണാകുളം | GCDA കോർപ്പറേഷൻ | 83 |
| | | അങ്കമാലി മുനിസിപ്പാലിറ്റി | 12 |
| | | കീഴ്മാട് പഞ്ചായത്ത് | 12 |
| 6 | തൃശ്ശൂർ | പഴയന്നൂർ പഞ്ചായത്ത് | 35 |
| 7 | മലപ്പുറം | പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി | 400 |
| 8 | കണ്ണൂർ | കടമ്പൂർ പഞ്ചായത്ത് | 44 |

| | | |
|---|---|---|
| | **ആകെ** | **961** |

**(ബി) കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന്റെ പ്രവൃത്തി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?**

**ഉണ്ട്.**

**(സി) പ്രസ്തുത ഫ്ലാറ്റിന്റെ പ്രവൃത്തി പൂർത്തീകരിക്കേണ്ട സമയം കഴിഞ്ഞിട്ടും പ്രവൃത്തി ഏറ്റെടുത്ത കരാർ കമ്പനി പ്രവൃത്തി നടത്തുന്നില്ല എന്ന കാര്യം പരിശോധിക്കാമോ;**

**(ഡി) പ്രസ്തുത ഫ്ലാറ്റിന്റെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?**

**(സി&ഡി) പ്രീഫാബ്രിക്കേറ്റഡ് നിർമ്മാണ രീതിയാണ് ഫ്ളാറ്റിന്റെ നിർമ്മാണത്തിന് സ്വീകരിച്ചിരിക്കുന്നത്. കോവിഡ് നിയന്ത്രണംമൂലം ആദ്യഘട്ടത്തിൽ നിർമ്മാണത്തിന് തടസ്സം നേരിട്ടിരുന്നു. ഈ കാലയളവിൽ ഇരുമ്പിനുണ്ടായിരുന്ന വില വർധനവ് കാരണം കരാറുകാരൻ കരാർ തുക വർധനവ് ആവശ്യപ്പെട്ട് നിർമ്മാണം നിർത്തിവച്ചിരിക്കുകയാണ്.**

കരാറുകാരുടെ ആവശ്യത്തിൻമേൽ സാങ്കേതിക സമിതിയുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. നിർമ്മാണം പുനരാരംഭിക്കുവാൻ കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

306 (2312) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2023-24 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം എത്ര തുകയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു.+

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്ററുകൾ**

307 (2313) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്ററുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്ററുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ആസ്തികൾ ഡിജിറ്റലൈസ് ചെയ്യുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ജി.ഐ.എസ്. സംവിധാനത്തിന്റെ സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് ഏറ്റവും നവീനമായ സാങ്കേതികവിദ്യയിലൂടെ ആസ്തി രജിസ്റ്ററിനെ പുതുക്കാൻ നടപടി സ്വീകരിക്കുമോ?

ജി.ഐ.എസ്. സംവിധാനത്തിന്റെ സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് Kerala State Remote Sensing & Environment Centre (KSREC) വികസിപ്പിച്ച R-Track App-ന്റെ സഹായത്തോടെ ആസ്തികളുടെ മാപ്പിംഗിന്റെ ആദ്യ പടിയായി റോഡ് ആസ്തികൾ മൊബൈൽ വഴി സർവെ ചെയ്യുന്ന നടപടികൾ പൂർത്തിയായി വരുന്നു.

**പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ലൈഫ് മിഷന്റെ ഭാഗമായി നിർമ്മിച്ച വീടുകൾ**

308 (2314) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ മണ്ഡലത്തിൽ ലൈഫ് മിഷന്റെ ഭാഗമായി നാളിതുവരെ എത്ര വീടുകൾ അനുവദിച്ചുവെന്നും ഇതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായിയെന്നുമുള്ള വിശദവിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ?

പൂഞ്ഞാർ മണ്ഡലത്തിൽ ലൈഫ് മിഷന്റെ ഭാഗമായി 31-05-2024 വരെ 3616 വീടുകൾ അനുവദിച്ചതിൽ 2706 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വിശദവിവരം തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാത്തിൽ ചുവടെചേർക്കുന്നു.

| നം. | തദ്ദേശസ്വയംഭരണ സ്ഥാപനം | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|---|
| 1 | പൂഞ്ഞാർ | 140 | 107 |
| 2 | പൂഞ്ഞാർ തെക്കേക്കര | 169 | 125 |
| 3 | തീക്കോയി | 184 | 137 |
| 4 | തിടനാട് | 268 | 236 |
| 5 | എരുമേലി | 644 | 339 |

| | | | |
|---|---|---|---|
| 6 | കൂട്ടിക്കൽ | 325 | 238 |
| 7 | മുണ്ടക്കയം | 492 | 385 |
| 8 | പാറത്തോട് | 344 | 278 |
| 9 | കോരുത്തോട് | 424 | 281 |
| 10 | ഈരാറ്റുപേട്ട (മുനിസിപ്പാലിറ്റി) | 626 | 580 |
| | ആകെ | 3616 | 2706 |

**കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതികൾ**

309 (2315) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2023-24 സാമ്പത്തിക വർഷത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തിയ ഇലഞ്ഞിക്കാപ്പിള്ളി-മംഗലത്തുനട എൽ.പി. സ്കൂൾ റോഡിന്റെയും കോട്ടൂർ-പുതൃക്ക-വണ്ടിപ്പേട്ട റോഡിന്റെയും നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ?

ഇലഞ്ഞിക്കാപ്പിള്ളി-മംഗലത്തുനട എൽ.പി. സ്കൂൾ റോഡ് എന്ന പ്രവൃത്തിക്ക് 2023-24 വർഷം 08-06-2023-ൽ കേന്ദ്രസർക്കാരിൽനിന്നും ക്ലിയറൻസ് ലഭിച്ചു. പലതവണ e-tender-ഉം e-quotation-ഉം

നടത്തിയെങ്കിലും ആരും പ്രവൃത്തി ഏറ്റെടുക്കാതിരുന്നതിനാൽ അന്തിമമായി ഒരു പ്രാവശ്യംകൂടി e-quotation ക്ഷണിച്ചപ്പോൾ 22.59% കൂടിയ (above estimate rate) നിരക്കിൽ കരാറുകാരൻ ക്വാട്ട് ചെയ്തതിനാൽ പ്രസ്തുത എസ്റ്റിമേറ്റ് rework ചെയ്യുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

കോട്ടൂർ പുതുക്ക-വണ്ടിപ്പേട്ട റോഡിന്റെ ഇനിഷ്യൽ ലെവൽ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത റോഡിന്റെ ആകെ നീളം 9.301 കി.മീ. ആണ്. ആയതിൽ 3.932 കി.മീ. നീളത്തിൽ ജലജീവൻമിഷൻ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. എന്നാൽ ബാക്കി ഭാഗത്ത് ജലജീവൻമിഷൻ പ്രവൃത്തികൾ നടന്നുവരികയാണ്. 2023 നവംബറിൽ പൂർത്തീകരിക്കേണ്ട ജലജീവൻമിഷൻ പ്രവൃത്തികൾ ഇതുവരെ പൂർത്തിയായിട്ടില്ല. ജലജീവൻ മിഷൻ പ്രവൃത്തികൾ പൂർത്തിയാക്കിയാൽ മാത്രമേ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കൂ.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭൂമി വാങ്ങുന്നതിനുള്ള അനുമതി**

310 (2316) ശ്രീ. പി. എസ് സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്കായി സ്വകാര്യഭൂമി വാങ്ങുന്നത് പഞ്ചായത്ത് രാജ് ആക്ടിലെ ഏതെല്ലാം വകുപ്പ് പ്രകാരമാണെന്ന് വിശദമാക്കാമോ?

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 178-ാം വകുപ്പ് പ്രകാരം പഞ്ചായത്തിന് സ്വകാര്യ ഭൂമി വാങ്ങാവുന്നതാണ്. പ്രസ്തുത വകുപ്പ് പ്രകാരം നിയമാനുസൃതം പഞ്ചായത്തിനെ ഏൽപ്പിച്ചിട്ടുള്ള ചുമതലകളുടെ നിർവഹണത്തോടനുബന്ധിച്ചുള്ള ഒരു പൊതു ഉദ്ദേശത്തിനുവേണ്ടി ഒരു പഞ്ചായത്തിന് ആവശ്യമായേക്കാവുന്ന ഏതെങ്കിലും സ്ഥാവരസ്വത്ത്, 1894-ലെ സ്ഥലമെടുപ്പ് ആക്റ്റിലെ വ്യവസ്ഥകളനുസരിച്ച് വിലയ്ക്കെടുക്കാവുന്നതാണ്. നിലവിൽ മേൽ ആക്റ്റിന് പകരം ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ്, 2013 പ്രകാരമാണ് ഭൂമി വിലയ്ക്കെടുക്കുന്നത്.

(ബി) പ്രസ്തുത ആക്റ്റിൽ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള നിയമത്തിലെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കൈയൊഴിക്കലും) ചട്ടങ്ങൾ പ്രകാരം ഒരു പഞ്ചായത്തിന് അതിന്റെ അതിർത്തി പ്രദേശത്തിനുള്ളിൽപ്പെട്ടതോ പുറത്തുള്ളതോ ആയ ഏതെങ്കിലും വസ്തുവോ കെട്ടിടമോ വാങ്ങൽമൂലമോ അല്ലാതെയോ ഏതെങ്കിലും പൊതുസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ സേവനം നൽകുന്നതിനോ ഉഭയസമ്മത പ്രകാരമോ സൗജന്യമായ വിട്ടുകൊടുക്കൽ പ്രകാരമോ ആർജിക്കാവുന്നതാണ്. അപ്രകാരം വസ്തു ലഭിക്കാത്തപക്ഷം സർക്കാർ അനുമതിയോടുകൂടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ്, 2013 പ്രകാരമുള്ള വ്യവസ്ഥകളും അതിനുകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെ നടപടിക്രമങ്ങളും പാലിച്ച് ഏറ്റെടുക്കാവുന്നതാണ്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്കായി വാങ്ങുന്ന ഭൂമി ആരുടെ പേരിലാണ് രജിസ്റ്റർ ചെയ്യുന്നതെന്ന് അറിയിക്കാമോ?

അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിയുടെ പേരിലാണ് രജിസ്റ്റർ ചെയ്യുന്നത്.

(ഡി) പഞ്ചായത്ത് രാജ് ആക്റ്റിലെ വസ്തു ആർജിക്കലും കൈയൊഴിയലും വ്യവസ്ഥ പ്രകാരമല്ലാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭൂമി വാങ്ങാൻ കഴിയുമോയെന്ന് വിശദമാക്കാമോ?

കഴിയും. 1958-ലെ കേരള ഭൂമി വിട്ടൊഴിയൽ ആക്റ്റ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് (റവന്യൂ വകുപ്പ് മുഖേന) ഭൂമി ആർജ്ജിക്കാവുന്നതാണ്.

(ഇ) ഭൂവുടമയുമായി ഉഭയകക്ഷി കരാർ വ്യവസ്ഥയിൽ ബന്ധപ്പെട്ട തഹസിൽദാർ നൽകിയ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിനെ അടിസ്ഥാനമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് അനുമതി നൽകാനാകുമോ; എങ്കിൽ വിശദമാക്കാമോ?

2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കൈയൊഴിക്കലും) ചട്ടങ്ങൾ, ചട്ടം 5, 2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജിക്കലും കൈയൊഴിക്കലും) ചട്ടങ്ങൾ, ചട്ടം 5, എന്നിവ പ്രകാരം ബന്ധപ്പെട്ട തഹസീൽദാർ/ജില്ലാകളക്ടർ രേഖാമൂലം നിശ്ചയിക്കുന്ന വിലയിൽ കവിയാതെ ഉഭയസമ്മതപ്രകാരം വസ്തു ആർജിക്കാവുന്നതാണ്. 28-05-2022-ലെ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ചട്ടം 5-ലെ വ്യവസ്ഥകൾക്കനുസരിച്ച് ഉഭയസമ്മത പ്രകാരം ഭൂമി ആർജിക്കുന്ന സംഗതിയിൽ റവന്യൂ വകുപ്പ് നിശ്ചയിക്കുന്ന വിലയ്ക്ക് ഭൂമി നൽകാൻ ഉടമസ്ഥർ തയ്യാറാകുന്നില്ലെങ്കിൽ ഉടമസ്ഥർ ആവശ്യപ്പെടുന്ന വിലയും റവന്യൂ വകുപ്പ് നിശ്ചയിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം പരമാവധി റവന്യൂ വകുപ്പ് നിശ്ചയിച്ച വിലയുടെ 30 ശതമാനം വരെ നഷ്ടപരിഹാരം (സൊലേഷ്യം) നൽകാവുന്നതാണ്. എന്നാൽ ഇപ്രകാരം നഷ്ടപരിഹാരം നൽകേണ്ട സാഹചര്യം വിശദീകരിച്ചുകൊണ്ട് ഭരണസമിതി ഏകകണ്ഠമായ പ്രമേയം അംഗീകരിക്കേണ്ടതാണ്.

**കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ സി.എം.എൽ.ആർ.ആർ.പി. പദ്ധതി**

311 (2317) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ സി.എം.എൽ.ആർ.ആർ.പി. പദ്ധതി വഴി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

കൂത്തുപറമ്പ് മണ്ഡലത്തിലെ സി.എം.എൽ.ആർ.ആർ.പി.-യിലുൾപ്പെട്ട പ്രവൃത്തികൾ

1. കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് - 14 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.
2. കൂത്തുപറമ്പ് മുനിസിപ്പാലിറ്റി - 6 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.
3. പാനൂർ ബ്ലോക്ക് പഞ്ചായത്ത് (മൊകേരി ഗ്രാമപഞ്ചായത്ത്) - 4 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.
4. പാനൂർ മുനിസിപ്പാലിറ്റി - 6 പ്രവൃത്തികളിൽ 5 എണ്ണം പൂർത്തീകരിച്ചു, ഒരു പ്രവൃത്തിയുടെ ബിൽ തുക അനുവദിക്കാൻ ബാക്കിയുണ്ട്.

(ബി) പ്രസ്തുത പദ്ധതിപ്രകാരം പുതുതായി അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സി.എം.എൽ.ആർ.ആർ.പി.-യിലുൾപ്പെടുത്തി പുതിയ പ്രവൃത്തികൾ അനുവദിച്ചിട്ടില്ല.

**മാവൂർ പൊൻപാറക്കുന്നിൽ ലൈഫ് ഭവന സമുച്ചയം**

312 (2318) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന സമുച്ചയം നിർമ്മിക്കുന്നതിന് മാവൂർ പൊൻപാറക്കുന്നിൽ ലഭ്യമായ പൊതുമരാമത്ത് വകുപ്പ് സ്ഥലത്ത് ആയതിന്റെ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം വരുന്നതിന് ഇടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ?

മാവൂർ പൊൻപാറക്കുന്നിൽ പി.ഡബ്ല്യു.ഡി.-യുടെ ഉടമസ്ഥതയിലുള്ള 266 സെന്റ് സ്ഥലത്താണ് ലൈഫ് ഭവനസമുച്ചയ നിർമ്മാണത്തിന് കരാർ നൽകിയത്. എന്നാൽ നിർമ്മാണത്തിന് അനുയോജ്യമല്ലാത്ത ചെങ്കൽ ക്വാറിയായിരുന്ന സ്ഥലമാണ് ഭവനനിർമ്മാണത്തിനായി പി.ഡബ്ല്യു.ഡി.

വിട്ടുനൽകിയത്. അതുകാരണം നിർമ്മാണം ആരംഭിക്കാൻ സാധിച്ചില്ല. തുടർന്ന് കരാർ വ്യവസ്ഥകളനുസരിച്ച് ആറ് മാസകാലാവധിക്കകം അനുയോജ്യമായ സ്ഥലം നൽകാൻ സാധിക്കാതിരുന്നതിനാൽ കരാർ അവസാനിപ്പിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ കരാറുകാർ ആരാണ്; പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

M/s. Mitsumi Housing Private Ltd. അഹമ്മദാബാദ് എന്ന സ്ഥാപനമാണ് കരാറെടുത്തത്. ഭവനസമുച്ചയ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം ലഭ്യമാകുന്നമുറയ്ക്ക്, പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**ആലത്തൂർ നിയോജകമണ്ഡലത്തിലെ അങ്കണവാടികൾക്ക്**
**കെട്ടിട നിർമ്മാണം**

313 (2319) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-2023 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 20% ടോക്കൺ പ്രൊവിഷനിൽ അഞ്ചുകോടി രൂപ ഉൾപ്പെടുത്തി എൽ.എസ്.ജി.ഡി. വഴി

നടപ്പിലാക്കുന്ന "ആലത്തൂർ മണ്ഡലത്തിലെ അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണം "എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികളെ തിരഞ്ഞെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

(എ&ബി) 16 അങ്കണവാടികൾക്കുള്ള കെട്ടിട നിർമ്മാണമാണ് ടി പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി എന്ന് ലഭ്യമാക്കുമെന്നതിന്റെ വിവരവും പ്രവൃത്തിയുടെ നിർവഹണത്തിനായി അക്രെഡിറ്റ് ഏജൻസിയെ ഏൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

ടി പ്രവൃത്തി അക്രെഡിറ്റ് ഏജൻസി വഴി നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട ആലത്തൂർ നിയോജകമണ്ഡലം എം.എൽ.എ. 14-12-2023-ന് കത്ത് നൽകിയതിന്റെയടിസ്ഥാനത്തിൽ ബന്ധപ്പെട്ട

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക്, പദ്ധതി നിർവഹണം ഏജൻസി വഴി നടത്തുന്നതിനുള്ള സമ്മതപത്രവും ആസ്തി സാക്ഷ്യപത്രവും സമർപ്പിക്കാൻ പ്രിൻസിപ്പൽ ഡയറക്ടർ നിർദേശം നൽകിയിട്ടുണ്ട്.

**കോഴിക്കോട് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണ പദ്ധതി**

314 (2320) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണ പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കോഴിക്കോട് കോർപ്പറേഷൻ അമൃത് 2.0 പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന മെഡിക്കൽ കോളേജ് 2.1 എം.എൽ.ഡി. പ്ലാന്റ് 05-10-2023-നും 1 എം.എൽ.ഡി. പ്ലാന്റ് 27-02-2024-നും നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് സരോവരം 27 എം.എൽ.ഡി. STP പ്ലാന്റിന് 08-01-2024-ൽ ഭരണാനുമതി ലഭിക്കുകയും ആയതിന്റെ സാങ്കേതിക അനുമതിക്കുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

സോൺ A പാക്കേജ് A (7 MLD) സോൺ A പാക്കേജ് B (6 MLD) എന്നിവ അമൃത് 1.0 പദ്ധതിയിൽ പ്രവൃത്തി ആരംഭിച്ചെങ്കിലും പൊതുജന പ്രതിഷേധവും, കോടതി കേസുമൂലവും സൈറ്റിന്റെ അവസ്ഥയുമായി ഡി.പി.ആർ.-ലുള്ള ചെറിയ മാറ്റങ്ങളും കാരണം വർക്ക് ആരംഭിക്കാൻ കഴിഞ്ഞില്ല. ആയതിനാൽ ടി പദ്ധതി 23-01-2023-ലെ SHPSC-യിൽ അമൃത് 1.0-യിൽനിന്നും ഒഴിവാക്കി അമൃത് 2.0-യിലുൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഈ പ്രവൃത്തികൾ അമൃത് 2.0 ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനായി SLTC-യിൽ സമർപ്പിച്ചെങ്കിലും ഹൗസ് കണക്ഷൻ കോസ്റ്റ് കൂടുതലായതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് SLTC നിർദേശിച്ചിരുന്നു. നിർദേശമനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(ബി) സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഇല്ലാത്തതിന്റെ മറവിൽ ശുചിമുറി മാലിന്യം ഉൾപ്പെടെ, മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) ഉണ്ടെങ്കിൽ അത്തരം വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചത്?

2024-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി നിയമം സെക്ഷൻ 340 (B), 2024-ലെ കേരള പഞ്ചായത്ത്‌രാജ് ഭേദഗതി നിയമം 219(U) എന്നിവ പ്രകാരം വാഹനം പിടിച്ചെടുക്കുന്നതിനും RDO മുമ്പാകെ ഹാജരാക്കി പിഴ ഉൾപ്പെടെ ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മാലിന്യം പൊതുസ്ഥലത്ത് നിക്ഷേപിക്കുന്ന വാഹന ഉടമകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ നിയമം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മാലിന്യം പൊതുസ്ഥലത്ത് നിക്ഷേപിക്കുന്ന വാഹന ഉടമകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ നിയമ ഭേദഗതിയിലൂടെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) നിയമം സെക്ഷൻ 340 എ, ബി, 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) നിയമം 219 എസ്, യു എന്നിവ പ്രകാരം നിയമം കൂടുതൽ ശക്തമാക്കിയിട്ടുണ്ട്.

## കെ-സ്മാർട്ട് പദ്ധതിയുടെ വിലയിരുത്തൽ

315 (2321) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനങ്ങൾ ലഭ്യമാക്കാൻ കെ-സ്മാർട്ട് പദ്ധതി നടപ്പിലാക്കിയതിനുശേഷം ആ മേഖലയിലുണ്ടായ പുരോഗതി വിശദമാക്കാമോ?

നഗരസഭകളിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനം മുഖേന ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. ഇതിനാൽ ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി ഡാഷ് ബോർഡ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഐ.കെ.എം. മുഖേന സ്വീകരിച്ചുവരുന്നു. കെ-സ്മാർട്ട് മുഖേന ലഭ്യമായ 14 ലക്ഷം ഫയലുകളിൽ 10 ലക്ഷം ഫയലുകൾ തീർപ്പാക്കാൻ സാധിച്ചിട്ടുണ്ട്. വിശദമായ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കെ-സ്മാർട്ട് പദ്ധതി ഗ്രാമപഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നഗരസഭകളിൽ കെ-സ്മാർട്ട് വിന്യസിച്ചതിനെതുടർന്ന് ത്രിതല പഞ്ചായത്തുകളിലേക്കുകൂടി കെ-സ്മാർട്ട് വിന്യസിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള ILGMS ഫയലുകൾ കെ-സ്മാർട്ടിലേക്ക് പോർട്ട് ചെയ്യുന്നതിനുള്ള ട്രാൻസിഷൻ പ്ലാൻ ഐ.കെ.എം. മുഖേന തയ്യാറാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷംതന്നെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കെ-സ്മാർട്ട് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആരാധനാലയങ്ങൾ പുതുക്കിപ്പണിയുന്നതിന് അനുമതി**

316 (2322) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡബ്ല്യൂ.പി.(സി) നം. 12767/2021 ഹർജിയിൽ ഹൈക്കോടതി ഡിവിഷൻ ബഞ്ച് പുറപ്പെടുവിച്ച വിധിന്യായത്തിൽ ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനും പുതുക്കിപ്പണിയുന്നതിനും ജില്ലാ കളക്ടർമാർക്കുള്ള

അധികാരം അപ്രസക്തമായെന്ന് നിരീക്ഷിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകാൻ നിർദേശിച്ചിരിക്കുന്ന സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനും പുതുക്കിപ്പണിയുന്നതിനും അനുവാദം നൽകുന്നതിന് നിയമപരമായി തടസ്സമുണ്ടോ; വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനും പുതുക്കിപ്പണിയുന്നതിനും അനുവാദം നൽകുന്നതിന് നിലവിൽ നിയമങ്ങളിലോ ചട്ടങ്ങളിലോ ഭേദഗതികൾ ഒന്നുംതന്നെ വരുത്തിയിട്ടില്ല.

(ബി) എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന അപേക്ഷകൾ ഇപ്പോഴും കളക്ടർക്ക് സമർപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് തൊഴിലാളികളുടെ**
**വേതന കുടിശ്ശിക**

317 (2323) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എം.എൻ.ആർ.ഇ.ജി.എസ്. തൊഴിലുറപ്പ് തൊഴിലാളികൾക്ക് നിലവിൽ എത്രമാസത്തെ വേതന കുടിശ്ശികയാണ് ലഭിക്കാനുള്ളതെന്നും ഇപ്രകാരം ലഭിക്കാനുള്ള വേതന കുടിശ്ശികയുടെ കൃത്യമായ വിശദാംശങ്ങളും ലഭ്യമാക്കാമോ?

നിലവിൽ വേതന കുടിശ്ശികയില്ല.

(ബി) 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ലേബർ ബജറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ?

ഉണ്ട്. 10.50 കോടി തൊഴിൽ ദിനങ്ങൾക്കുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിരുന്നുവെങ്കിലും 6 കോടി തൊഴിൽദിനങ്ങൾക്ക് മാത്രമേ നിലവിൽ അംഗീകാരം ലഭിച്ചിട്ടുള്ളൂ.

(സി) തൊഴിലുറപ്പ് തൊഴിലാളികളുടെ വേതന കുടിശ്ശിക ലഭ്യമാക്കുന്നതിനും അലോട്ട്മെന്റിനുമായി സംസ്ഥാന സർക്കാർ കേന്ദ്ര

സർക്കാരിന് വ്യവസ്ഥാപിത രീതിയുള്ള അപേക്ഷകൾ നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്. കേന്ദ്ര സർക്കാരിൽനിന്നും പദ്ധതി വിഹിതം ലഭ്യമാകുന്നതിനുവേണ്ട അപേക്ഷകളും രേഖകളും കൃത്യമായിതന്നെ സംസ്ഥാന സർക്കാർ സമർപ്പിച്ചുവരുന്നുണ്ട്.

**കെട്ടിട നിർമ്മാണ അനുമതിക്കായുള്ള സോഫ്റ്റ്‌വെയർ**

318 (2324) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ അനുമതിക്കായുള്ള അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാൻ സംസ്ഥാന വ്യാപകമായി ഏകീകൃത സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; ഇതിനായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന സോഫ്റ്റ്‌വെയർ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇത്തരത്തിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുവഴി ലഭിക്കുന്ന പ്രയോജനങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ കെ-സ്മാർട്ട് (K-SMART) സോഫ്റ്റ്‌വെയർ എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വിന്യസിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 21-12-2023-ലെ ത.സ്വ.ഭ.വ-ഇജി1/30/2023/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചതിന്റെയടിസ്ഥാനത്തിൽ കെ-സ്മാർട്ട് (K-SMART- Kerala Solutions for Managing Administrative Reformation and Transformation) സോഫ്റ്റ്‌വെയർ എല്ലാ നഗരസഭകളിലും 2024 ജനുവരി ഒന്നുമുതൽ വിന്യസിച്ചിട്ടുണ്ട്. നിലവിൽ എല്ലാവിധ കെട്ടിട നിർമ്മാണ പെർമിറ്റിനുമുള്ള അപേക്ഷകൾ (സെൽഫ് സർട്ടിഫിക്കേഷന്റെ കീഴിൽവരുന്ന കെട്ടിടങ്ങൾ, മറ്റ് എല്ലാവിധ കെട്ടിടങ്ങൾ, കോമ്പൗണ്ട് വാൾ, കിണറുകൾ, കൂട്ടിച്ചേർക്കലുകൾ, നിലവിലുള്ള കെട്ടിടങ്ങളുടെ മാറ്റങ്ങൾ, ക്രമവൽക്കരണം മുതലായവയെല്ലാം ഉൾപ്പെടെ) കെ-സ്മാർട്ടിലെ ബിൽഡിംഗ് പെർമിഷൻ മോഡ്യൂളിലൂടെയാണ് സമർപ്പിക്കുന്നത്. എല്ലാവിധ കെട്ടിട നിർമ്മാണ പെർമിറ്റിനുമുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിന് എല്ലാ

ഗ്രാമപഞ്ചായത്തുകളിലും മേൽപ്പറഞ്ഞ കെ-സ്മാർട്ട് ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ വിന്യസിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു. അപ്രകാരം പ്രസ്തുത സോഫ്റ്റ്‌വെയർ വിന്യസിച്ച് പ്രവർത്തിക്കുന്നതോടുകൂടി സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഏകീകൃത സോഫ്റ്റ്‌വെയർ മുഖേന കെട്ടിട നിർമ്മാണ അപേക്ഷകൾ കൈകാര്യം ചെയ്യാൻ കഴിയും. ഏകീകൃത സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിലൂടെ ഇതിന്റെ ഉപയോക്താക്കളായ പൊതുജനങ്ങൾക്കും പ്ലാൻ തയ്യാറാക്കുന്ന ലൈസൻസ്ഡ് എഞ്ചിനീയർമാർക്കും നഗര-ഗ്രാമീണ ഭേദമെന്യേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും പ്രയോജനം ലഭിക്കും.

a. പൊതുജനങ്ങൾ.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഒരേ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനാൽ രണ്ടിടത്തുനിന്നും സേവനം ലഭിക്കുന്നതിന് പ്രത്യേകം ആപ്ലിക്കേഷനുകളിൽ പ്രവേശിക്കേണ്ടി വരുന്നില്ല. ഒരു ലോഗിൻ

സൃഷ്ടിച്ചാൽ അതിലൂടെതന്നെ നഗര-ഗ്രാമതല തദ്ദേശസ്ഥാപനങ്ങളുടെ സേവനങ്ങൾ പ്രാപ്യമാകുന്നതാണ്.

b. ലൈസൻസ്ഡ് എഞ്ചിനീയേഴ്സ്

പൊതുജനങ്ങൾക്കെന്നപോലെ ഒറ്റ ലോഗിനിലൂടെ നഗര-ഗ്രാമതല തദ്ദേശസ്ഥാപനങ്ങളുടെ സേവനം പ്രാപ്യമാകും. വിവിധ സാങ്കേതികവിദ്യകൾ പരിശീലിക്കേണ്ടതില്ല.

c. ഉദ്യോഗസ്ഥർ

ഏകീകൃത തദ്ദേശസ്വയംഭരണ സർവീസ് നിലവിൽ വന്നതിനാൽ ഉദ്യോഗസ്ഥർ നഗര-ഗ്രാമ ഭേദമെന്യേ എല്ലാ ഓഫീസിലും ജോലി ചെയ്ത് വരുന്നുണ്ട്. നഗര സ്ഥാപനത്തിന്റെ ഓഫീസിൽ ഉപയോഗിച്ചുവന്നിരുന്ന ഇ-ഗവേണൻസ് സംവിധാനം അതേപോലെതന്നെ ഗ്രാമതല ഓഫീസിലും ഉപയോഗിക്കാൻ കഴിയുമെന്നതിനാൽ സുഗമമായ ഓഫീസ് പ്രവർത്തനം സാദ്ധ്യമാകുന്നു.

## ഹരിതകർമ്മസേന വാങ്ങുന്ന യൂസർ ഫീ

319 (2325) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വീടുകളിൽനിന്നും നേരിട്ടെത്തി മാലിന്യം ശേഖരിക്കുന്ന ഹരിതകർമ്മസേന വാങ്ങുന്ന യൂസർ ഫീയിൽനിന്നും എത്ര രൂപയാണ് ഗ്രീൻ കേരളാ മിഷന് ലഭിക്കുന്നത്; ഗ്രീൻ കേരളാ മിഷന് യൂസർ ഫീ വിഹിതമായി നാളിതുവരെ എത്ര രൂപ ലഭിച്ചു?

ഹരിതകർമ്മസേന ശേഖരിക്കുന്ന യൂസർഫീ തദ്ദേശസ്ഥാപനത്തിന്റെ/ ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ അക്കൗണ്ടിലേക്കാണ് അടയ്ക്കുന്നത്. ഹരിതകർമ്മസേനകൾക്കുള്ള മാസവരുമാനം ടി യൂസർ ഫീയിൽനിന്നുമാണ് ലഭിക്കുന്നത്. ഹരിതകർമ്മസേന ശേഖരിക്കുന്ന യൂസർ ഫീയിൽനിന്നും ക്ലീൻ കേരള കമ്പനിക്ക് വിഹിതം ലഭിക്കുന്നില്ല. സംസ്ഥാനത്ത് മാലിന്യ പരിപാലന മേഖലയിൽ ഗ്രീൻ കേരളാ മിഷൻ എന്ന ഏജൻസി പ്രവർത്തിക്കുന്നില്ല.

(ബി) ഗ്രീൻ കേരള മിഷൻ വേർതിരിച്ച് ശേഖരിച്ച മാലിന്യങ്ങളിൽ നിന്ന് പുനരുപയോഗ യോഗ്യമായവ ഏതെങ്കിലും കമ്പനികൾക്ക് വിൽക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം കമ്പനികൾക്കാണ് വിൽക്കുന്നത്; ഈ ഇനത്തിൽ ഗ്രീൻ കേരള കമ്പനിക്ക് ലഭിച്ച തുക എത്രയാണ്?

സംസ്ഥാനത്ത് മാലിന്യ പരിപാലന മേഖലയിൽ ഗ്രീൻ കേരളാ മിഷൻ എന്ന ഏജൻസി പ്രവർത്തിക്കുന്നില്ല. എന്നാൽ ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. ഹരിതകർമ്മസേന എം.സി.എഫ്.-കളിൽ തരംതിരിക്കുന്ന പുനഃരുപയോഗ/പുനഃചംക്രമണ യോഗ്യമായ പാഴ്വസ്തുക്കൾ വിപണനം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ഏജൻസികളെ എംപാനൽ ചെയ്തിട്ടുണ്ട്. ഏജൻസികളുടെ വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.+ കമ്പനിക്ക് ലഭിച്ച തുക - 10,27,48,338.95 രൂപ (2023-24 സാമ്പത്തിക വർഷം).

(സി) ഗ്രീൻ കേരള കമ്പനിയിൽ എത്ര കരാർ/താൽക്കാലിക ജീവനക്കാർ സേവനം ചെയ്യുന്നുണ്ട്; ഇവർക്ക് നൽകുന്ന മാസശമ്പളം തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് ഗ്രീൻ കേരളാ കമ്പനി എന്ന സ്ഥാപനം പ്രവർത്തിക്കുന്നില്ല. എന്നാൽ ക്ലീൻ കേരള കമ്പനി എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. ക്ലീൻ കേരള കമ്പനിയിൽ കരാർ വ്യവസ്ഥയിലും താൽക്കാലിക വേതന വ്യവസ്ഥയിലുമാണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. ഇവർക്ക് നൽകുന്ന മാസവേതനം അനുബന്ധം- 2 ആയി ചേർക്കുന്നു.+

**ആലത്തൂർ ബൈപ്പാസ് റോഡിന്റെ നിർമ്മാണ പുരോഗതി**

320 (2326) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുവഴി നടപ്പിലാക്കുന്ന ബജറ്റ് പ്രവൃത്തിയായ ആലത്തൂർ ബൈപ്പാസ് റോഡ് നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ടി പ്രവൃത്തിയുടെ ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. ലഭ്യമായ ടെൻഡറുകൾ 03-07-2024-ന് തുറന്ന് പരിശോധിക്കുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**യൂസർ ഫീ പിരിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കൽ**

321 (2327) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പരിസ്ഥിതിക്ക് ദോഷം വരുത്തുന്ന പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉൽപ്പാദനവും വിപണനവും ഒരു വശത്തുകൂടി നടത്തുകയും മറുവശത്തുകൂടി യൂസർ ഫീ പിരിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുകയും ചെയ്യുന്ന രീതിക്ക് മാറ്റം വരുത്തുമോ; വ്യക്തമാക്കുമോ?

2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരം "ക്യാരി ബാഗുകൾ" എന്നത് ഒരു ഉൽപ്പന്നത്തിന്റെ/ചരക്കിന്റെ ഭാഗമാകാത്തതും (അതായത് പാക്കേജിംഗ് അല്ലാത്തത്) എന്നാൽ ഉൽപ്പന്നങ്ങൾ/ചരക്കുകൾ കൊണ്ടുപോകുന്നതിനോ വിതരണം ചെയ്യുന്നതിനോ ഉപയോഗിക്കുന്ന ബാഗുകളാണ്. ഉപയോഗിക്കുന്നതിനുമുമ്പ് സാധനങ്ങൾ സീൽ ചെയ്തിരിക്കുന്ന പാക്കേജിംഗിന്റെ അവിഭാജ്യഘടകമായ ബാഗുകൾ ഈ

വിഭാഗത്തിൽപ്പെടുന്നില്ല. പരിസ്ഥിതി വകുപ്പ് പുറപ്പെടുവിച്ച 27-11-2019-ലെ സ.ഉ.(കൈ)നം.6/2019/പരി, 17-12-2019-ലെ സ.ഉ.(കൈ) നം.07/2019/പരി. എന്നീ ഉത്തരവുകൾ പ്രകാരം ക്യാരിബാഗുകൾ 01-01-2020 മുതൽ സംസ്ഥാനത്ത് കനത്തിന്റെ മാനദണ്ഡമില്ലാതെ നിർമ്മിക്കുകയോ കൊണ്ടുപോകുകയോ സൂക്ഷിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുന്നത് നിരോധിച്ചിട്ടുള്ളതാണ്. ടി ഉത്തരവുകൾപ്രകാരം പരിശോധനകൾ നടത്തുകയും ഫൈൻ ഈടാക്കുകയും ചെയ്തിട്ടുണ്ട്. 21-03-2023-ലെ സ.ഉ. (സാധാ) നം 673/2023/LSGD പ്രകാരം മാലിന്യ സംസ്കരണത്തിലെ ലംഘനം കണ്ടെത്തുന്നതിന് പ്രത്യേക എൻഫോഴ്സ്മെന്റ് ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. ടി സ്ക്വാഡ് പരിശോധനകൾ നടത്തി നിയമലംഘനങ്ങൾ കണ്ടെത്തി കർശനനടപടികൾ കൈക്കൊണ്ടുവരുന്നു. പ്ലാസ്റ്റിക് കോട്ടിംഗുള്ള പേപ്പർ പ്ലേറ്റ്, പേപ്പർ കപ്പ്, മറ്റ് ഉൽപ്പന്നങ്ങളുടെ അനധികൃത ഇറക്കുമതി തടയുന്നതിനുവേണ്ടി കൊച്ചിൻ പോർട്ടിനും കസ്റ്റംസ് ഡിപ്പാർട്ട്മെന്റിനും കത്ത് മുഖാന്തരം നിർദേശം നൽകിയിട്ടുണ്ട്. ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക്കുകൾക്കുള്ള ബദൽ ഉൽപന്ന നിർമ്മാതാക്കളുടെ വിവരങ്ങൾ

മലിനീകരണ നിയന്ത്രണ ബോർഡ് ശേഖരിച്ച് ക്രോഡീകരിച്ച് നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള അംഗീകൃത മാലിന്യശേഖകരായ ഹരിതകർമ്മസേന വീടുകളിൽനിന്നും പ്ലാസ്റ്റിക് പാക്കേജിംഗുകൾ ശേഖരിച്ച് EPR Registration ലഭിച്ചിട്ടുള്ള പ്ലാസ്റ്റിക് മാലിന്യ സംസ്കരണ കമ്പനികൾക്ക് (റീ-സൈക്ലേഴ്സ്/സിമെന്റ് പ്ലാന്റുകൾ) നൽകുകയും ആയത് റീ-സൈക്കിൾ/സിമെന്റ് പ്ലാന്റുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അംഗീകൃത ശേഖകർക്ക് നൽകുന്നതിനാണ് യൂസർ ഫീ ഈടാക്കുന്നത്. ഇപ്രകാരം യൂസർ ഫീ ഈടാക്കാനുള്ള വ്യവസ്ഥ 2016-ലെ ഖരമാലിന്യ ചട്ടങ്ങളിൽ പ്രതിപാദിക്കുന്നു. ടി ചട്ടങ്ങളിലെ ചട്ടങ്ങൾ 3(54) പ്രകാരം യൂസർ ഫീ എന്നത് മാലിന്യം ഉൽപ്പാദിപ്പിക്കുന്നവർ ഖരമാലിന്യ ശേഖരണം, ഗതാഗതം, സംസ്കരണം, നിർമ്മാർജനം എന്നീ സേവനങ്ങൾ നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി ചട്ടങ്ങളിലെ ചട്ടം 4(3) പ്രകാരം എല്ലാ മാലിന്യ

ഉൽപാദകരും ഖരമാലിന്യ സംസ്കരണത്തിന് ഉപഭോക്തൃഫീസ് അടയ്ക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി (ഭേദഗതി)ആക്റ്റ് 2024, കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് 2024 എന്നിവയിലെ യഥാക്രമം 326 (ഡി), 219 (എ.ഡി) സെക്ഷനുകൾ പ്രകാരം മാലിന്യം നീക്കം ചെയ്യുന്നതിന് തദ്ദേശസ്ഥാപനങ്ങൾ നിശ്ചയിക്കുന്ന യൂസർഫീസ് നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. മേൽവസ്തുതകളുടെ അടിസ്ഥാനത്തിൽ യൂസർ ഫീ ഈടാക്കി മാലിന്യം ശേഖരിക്കുന്ന രീതിക്ക് മാറ്റം വരുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**എടരിക്കോട് എഫ്.എച്ച്.സി. കെട്ടിട നിർമ്മാണം**

322 (2328) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.ജി.ഡി. മുഖേന പൂർത്തീകരിക്കുന്ന തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് എഫ്.എച്ച്.സി. കെട്ടിട നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് എഫ്.എച്ച്.സി. കെട്ടിടത്തിന്റെ മൂന്ന് നിലയിൽ രണ്ട് നിലയുടെ സ്ട്രക്ചറും അതിലേക്കുള്ള റോഡിന്റെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നാമത്തെ നിലയും ഫിനിഷിംഗ് പ്രവൃത്തികളും ബാക്കിയുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പൂർത്തീകരണ കാലാവധി സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ കാലാവധി 14-09-2021-ൽ അവസാനിച്ചിരുന്നു. എന്നാൽ അതിർത്തി തർക്കവും സൈറ്റിലെ കണ്ടീഷൻ അനുസരിച്ച് ഡിസൈൻ തയ്യാറാക്കുന്നതിനും, എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുമായി പൂർത്തീകരണ കാലയളവ് വിവിധ ഘട്ടങ്ങളിലായി 04-06-2024 വരെ ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്.

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാതെ നീട്ടിക്കൊണ്ടുപോകുന്നതിനാൽ കരാറുകാരനെതിരെ എന്തെങ്കിലും നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ പൂർത്തീകരണ കാലയളവ് 04-06-2024 വരെ ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്. പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പ്രസ്തുത ആശുപത്രി കെട്ടിട നിർമ്മാണം വൈകുന്നതിനാൽ പൊതുജനങ്ങൾക്കുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ?

പൊതുജനങ്ങൾക്കുള്ള പ്രയാസങ്ങൾ ലഘൂകരിക്കാനായി ആശുപത്രി താൽക്കാലികമായി പ്രവൃത്തിക്കുന്ന കെട്ടിടത്തിലേക്ക് റോഡ് നിർമ്മിച്ച് ഗതാഗത സൗകര്യം സുഗമമാക്കിയിട്ടുണ്ട്.

**ആലത്തൂർ കോർട്ട് റോഡ്-ഗാന്ധി ജംഗ്ഷൻ -തെക്കുമുറി റോഡ്-നവീകരണവും-സൗന്ദര്യവൽക്കരണവും**

323 (2329) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 20% ടോക്കൺ പ്രൊവിഷണിൽ അഞ്ചുകോടി രൂപ ഉൾപ്പെടുത്തി എൽ.എസ്.ജി.ഡി. വഴി നടപ്പിലാക്കുന്ന ആലത്തൂർ കോർട്ട് റോഡ്-ഗാന്ധി

ജംഗ്ഷൻ-തെക്കുമുറി റോഡ്-നവീകരണവും-സൗന്ദര്യവൽക്കരണവും എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ടി പ്രവൃത്തിയുടെ ഭരണാനുമതി നൽകുന്നതിനായുള്ള നടപടികൾ സർക്കാർതലത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിന് അക്രഡിറ്റ് ഏജൻസിയെ തിരഞ്ഞെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇല്ല. തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർമാർ തയ്യാറാക്കിയ ഡി.പി.ആർ. പരിഗണിച്ചാണ് ഭരണാനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്.

**പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ നിരോധനം**

324 (2330) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുനരുപയോഗയോഗ്യമല്ലാത്ത പ്ലാസ്റ്റിക് ഉൽപന്നങ്ങൾ/കവറുകൾ എന്നിവയ്ക്ക് നിരോധനം ഉണ്ടോയെന്നറിയിക്കാമോ; ഇത്തരം നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്ന കമ്പനികൾ

സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

സംസ്ഥാനത്തെ മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി 01-01-2020 മുതൽ സംസ്ഥാനത്ത് 27-11-2019-ലെ സ.ഉ.(കൈ) നം. 6/2019/പരി., 17-12-2019-ലെ സ.ഉ.(കൈ) നം.07/2019/പരി. എന്നീ സർക്കാർ ഉത്തരവുകൾപ്രകാരം ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുകൾക്ക് നിരോധനം ഏർപ്പെടുത്തി. പിന്നീട് 12-08-2021-ലെ കേന്ദ്ര സർക്കാർ നോട്ടിഫിക്കേഷൻ നമ്പർ G.S.R. 571(E) മുഖേന ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക്കിന് നിരോധനം ഏർപ്പെടുത്തുകയും പരിശോധനകൾ നടത്തുകയും ഫൈൻ ഈടാക്കുകയും ചെയ്തിട്ടുണ്ട്. 21-03-2023-ലെ സർക്കാർ ഉത്തരവ് GO No.673/2023/LSGD പ്രകാരം മാലിന്യ സംസ്കരണത്തിലെ ലംഘനം കണ്ടെത്തുന്നതിന് പ്രത്യേക എൻഫോർസ്മെന്റ് സ്ക്വാഡ് രൂപീകരിച്ചു. ടി സ്ക്വാഡ് പരിശോധനകൾ നടത്തി നിയമലംഘനങ്ങൾ കണ്ടെത്തി കർശനനടപടികൾ കൈക്കൊണ്ട് വരുന്നു.

തദ്ദേശസ്ഥാപനതലത്തിൽ വിജിലൻസ് സ്ക്വാഡുകളും പരിശോധന നടത്തി വരുന്നു. പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റുകളെ മലിനീകരണ തോത് കുറവായിട്ടുള്ള വെള്ള കാറ്റഗറിയിലുൾപ്പെടുത്തി കേരളാ സ്റ്റേറ്റ് പോല്യൂഷൻ കൺട്രോൾ ബോർഡ് 15 വർഷത്തെ രജിസ്ട്രേഷൻ നൽകിവരുന്നു.

2022-ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ (അമെൻഡ്മെന്റ്) പ്രകാരം പ്ലാസ്റ്റിക് പാക്കേജിംഗ് ഉൽപന്നങ്ങളുടെ നിർമ്മാതാക്കൾ, ബ്രാൻഡ് ഓണേർസ് ഇറക്കുമതിക്കാർ, പ്ലാസ്റ്റിക് മാലിന്യം സംസ്കരിക്കുന്നവർ എന്നിവർ മേൽചട്ടങ്ങൾ പ്രകാരം (Extended Producer Responsibility) രജിസ്ട്രേഷൻ കരസ്ഥമാക്കേണ്ടതാണ്. ആയതിന്റെ ഫലപ്രദമായ നടത്തിപ്പിനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ഒരു ഓൺലൈൻ പോർട്ടൽ 2022 ജൂലൈ മാസത്തിൽ വികസിപ്പിച്ചിട്ടുള്ളതും ടി പോർട്ടലിൽ സംസ്ഥാനത്തെ പ്ലാസ്റ്റിക് പാക്കേജിംഗ് ഉൽപന്ന നിർമ്മാതാക്കൾ, ഇറക്കുമതിക്കാർ, ബ്രാൻഡ് ഓണേർസ് എന്നിവരുടെ രജിസ്ട്രേഷൻ നടത്തിവരുന്നു. ഇതിനോടകം 119 നിർമ്മാതാക്കൾ, 138 ഇറക്കുമതിക്കാർ, 27 ബ്രാൻഡ് ഓണേർസ്, 23 പ്ലാസ്റ്റിക്ക് മാലിന്യം

സംസ്കരിക്കുന്നവർ എന്നിവർക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. പാൻ ഇന്ത്യ പ്രോഡക്ട്സിനുള്ള രജിസ്ട്രേഷൻ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് നൽകിവരുന്നു.

സംസ്ഥാനത്ത് ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക് ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുകയും GST ഡിപ്പാർട്ട്മെന്റിന്റെ HSN കോഡ് മാറ്റിയും ഉൽപന്നനാമം മാറ്റിയും മാർക്കറ്റിൽ വിതരണം ചെയ്യുന്നുവെന്നും അന്യ സംസ്ഥാനത്തേക്ക് കടത്തുന്നുണ്ടെന്നും ചൂണ്ടിക്കാണിച്ചുകൊണ്ട് കേരള സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് അതത് ജില്ലാ ഓഫീസുകൾക്കും GST ഡിപ്പാർട്ട്മെന്റിനും നിർദേശം നൽകിയിട്ടുണ്ട്. പ്ലാസ്റ്റിക് കോട്ടിംഗുള്ള പേപ്പർ പ്ലേറ്റ്, പേപ്പർ കപ്പ്, മറ്റ് ഉൽപന്നങ്ങളുടെ അനധികൃത ഇറക്കുമതി തടയുന്നതിനുവേണ്ടി കൊച്ചിൻ പോർട്ടിനും കസ്റ്റംസ് ഡിപ്പാർട്ട്മെന്റിനും കത്ത് മുഖാന്തരം നിർദേശം നൽകിയിട്ടുണ്ട്. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിന്റെ കർശന പരിപാലനത്തിനായി മലിനീകരണ നിയന്ത്രണ ബോർഡ് ഇതിനോടകം റെയിൽവേയ്ക്കും നിർദേശം കൊടുത്തിട്ടുണ്ട്. ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക്കുകൾക്കുള്ള ബദൽ ഉൽപ്പന്ന

നിർമ്മാതാക്കളുടെ വിവരങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് ക്രോഡീകരിച്ച് പബ്ലിഷ് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ഉല്പന്നങ്ങൾ സംസ്ഥാനത്തിന് പുറത്തുനിന്ന് വരുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നറിയിക്കാമോ; സർക്കാർ നടപടികൾ ചെറുകിട ഇടത്തരം കച്ചവടക്കാർക്കെതിരെ മാത്രമാക്കാതെ ഇത് നിർമ്മിക്കുകയോ/വൻതോതിൽ സംസ്ഥാനത്തിനകത്തേയ്ക്ക് കൊണ്ടുവരുന്നവർക്കെതിരെകൂടി നടപടിയെടുക്കാൻ തയ്യാറാകുമോയെന്ന് അറിയിക്കാമോ?

പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് തദ്ദേശതലത്തിൽ വിജിലൻസ് സ്ക്വാഡുകളും ജില്ലാ തലത്തിൽ എൻഫോർസ്മെന്റ് സ്ക്വാഡുകളും പരിശോധനകൾ നടത്തി നിയമലംഘനങ്ങൾ കണ്ടെത്തി കർശന നടപടികൾ കൈക്കൊണ്ടുവരുന്നു. പൊതുസ്ഥലത്തും ജലാശയങ്ങളിലും മാലിന്യം വലിച്ചെറിയുന്നത്തിനെതിരെയും ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക് ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുകയും GST

ഡിപ്പാർട്ട്മെന്റിന്റെ HSN കോഡ് മാറ്റിയും ഉൽപന്നനാമം മാറ്റിയും മാർക്കറ്റിൽ വിതരണം ചെയ്യുന്നുവെന്നും അന്യസംസ്ഥാനത്തേക്ക് കടത്തുന്നുണ്ടെന്നും ചൂണ്ടിക്കാണിച്ചുകൊണ്ട് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് അതത് ജില്ലാ ഓഫീസുകൾക്കും GST ഡിപ്പാർട്ട്മെന്റിനും നിർദേശം നൽകിയിട്ടുണ്ട്. പ്ലാസ്റ്റിക് കോട്ടിംഗുള്ള പേപ്പർ പ്ലേറ്റ്, പേപ്പർ കപ്പ്, മറ്റ് ഉൽപന്നങ്ങളുടെ അനധികൃത ഇറക്കുമതി തടയുന്നതിനുവേണ്ടി കൊച്ചിൻ പോർട്ടിനും കസ്റ്റംസ് ഡിപ്പാർട്ട്മെന്റിനും കത്ത് മുഖാന്തരം നിർദേശം നൽകിയിട്ടുണ്ട്. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിന്റെ കർശന പരിപാലനത്തിനായി റെയിൽവേയ്ക്കും നിർദേശം കൊടുത്തിട്ടുണ്ട്. കേരളത്തിനകത്തേയ്ക്കും പുറത്തേയ്ക്കും മാലിന്യങ്ങളുടെ നീക്കം നിരീക്ഷിക്കുന്നതിന് Online Vehicle Tracking System രൂപീകരിച്ചുവരുന്നു. പുനഃചംക്രമണം ചെയ്യാൻ സാധ്യമാകാത്ത പ്ലാസ്റ്റിക്കിനെ സാങ്കേതികമായി നിർമ്മാർജനം ചെയ്യുന്നതിലേക്കായി അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് KSPCB, Malabar Cements Ltd-ന് നിർദേശം നൽകിയിട്ടുള്ളതാണ്. അജൈവമാലിന്യങ്ങൾ ശാസ്ത്രീയമായി

നിർമ്മാർജ്ജനം ചെയ്യുന്നതിലേക്കായി ട്രാൻസ്പോർട്ടേഷൻ പ്ലാൻ, ലിഫ്റ്റിംഗ് പ്ലാൻ എന്നിവ തദ്ദേശതലത്തിൽ നടപ്പിലാക്കി ആയതുനീക്കം ചെയ്യുന്നതിനുള്ള നടപടികൾ ക്ലീൻ കേരള കമ്പനി സ്വീകരിച്ചുവരുന്നു.

**ലൈഫ് ഭവന പദ്ധതിയിൽ നിർമ്മിച്ച വീട് മറിച്ച് വിറ്റ് വാണിജ്യ കെട്ടിടമാക്കിയതിന്മേൽ സ്വീകരിച്ച നടപടി**

325 (2331) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ മൂത്തേടം പഞ്ചായത്തിൽ കാറ്റാടി വാർഡിൽ ലൈഫ് ഭവനപദ്ധതിയിൽ നിർമ്മിച്ച വീട് ഗുണഭോക്താവ് മറിച്ച് വിറ്റ് വാണിജ്യ കെട്ടിടമാക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സംഭവത്തിൽ ഉൾപ്പെട്ട ലൈഫ് ഗുണഭോക്താവിന്റെ പേരും വിലാസവും വാണിജ്യകെട്ടിടം നിർമ്മിച്ച ഉടമയുടെ പേരും വിലാസവും ലഭ്യമാക്കാമോ; ലൈഫ് വീടിനായി ഗുണഭോക്താവ് ഏത് പഞ്ചായത്തിലാണ് അപേക്ഷ സമർപ്പിച്ചതെന്നും ഏത് പഞ്ചായത്താണ് ഗുണഭോക്താവിന്റെ കാട്ടാക്കട മണ്ഡലത്തിലെ സി.എം.എൽ.ആർ.ആർ.പി.

പ്രവൃത്തികൾ വ്യക്തിഗത വിവരങ്ങൾ അന്വേഷിച്ച് റിപ്പോർട്ടാക്കിയതെന്നും ആയതിന്റെ പകർപ്പും അനുവദിക്കാമോ?

ലൈഫ് മിഷൻ ഗുണഭോക്താവിന്റെ പേര് ഷൈല ജോർജ്ജ്, W/o ജോർജ്ജ്, തയ്യിൽ കാറ്റാടി മൂത്തേടം. വാണിജ്യ കെട്ടിടം നിർമ്മിക്കുന്ന ഉടമയുടെ പേര് റെന്നിമോൻ, മൂലംകുന്നത്ത്, താളിപ്പാടം നമ്പൂരിപ്പൊട്ടി പി.ഒ. ലൈഫ് മിഷൻ ഗുണഭോക്താവിനെ തിരഞ്ഞെടുത്തിട്ടുള്ളതും വ്യക്തിഗത വിവരങ്ങൾ അന്വേഷിച്ച് റിപ്പോർട്ടാക്കിയിട്ടുള്ളതും എടക്കര ഗ്രാമപഞ്ചായത്താണ്. ലൈഫ് മിഷൻ ഫെയ്സ് 2 ആപ്ലിക്കേഷനിലെ ട്രാൻസ്ഫർ ഓപ്ഷൻ മുഖേന മൂത്തേടം ഗ്രാമപഞ്ചായത്തിലേക്ക് ട്രാൻസ്ഫർ ചെയ്ത ഗുണഭോക്താവിനെ മൂത്തേടം ഗ്രാമപഞ്ചായത്തിൽ കരാർ ഒപ്പുവച്ച് ധനസഹായം അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. ഗുണഭോക്താവിന്റെ വെരിഫിക്കേഷൻ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത് എടക്കര ഗ്രാമപഞ്ചായത്ത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറാണ്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത സംഭവത്തിൽ സർക്കാർതലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്നറിയിക്കാമോ; അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ റിപ്പോർട്ട് ലഭ്യമാക്കാമോ; പ്രസ്തുത ഫയലിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന തുടർനടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

ഇല്ല. പഞ്ചായത്തിൽനിന്നും സ്ഥല പരിശോധന നടത്തി ലൈഫ് മിഷൻ ഗുണഭോക്താവിനും, വാണിജ്യകെട്ടിടം നിർമ്മിക്കുന്ന ഉടമയ്ക്കും നോട്ടീസ് നൽകിയിട്ടുണ്ട്. നിയമാനുസൃതമല്ലാതെ ലൈഫ് മിഷൻ വീട് വിൽപന നടത്തിയതിന് പദ്ധതി പ്രകാരം അനുവദിച്ച തുക പലിശ സഹിതം തിരിച്ചുപിടിക്കുന്നതിനും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ സ്ഥലത്ത് നിർമ്മിക്കുന്ന കെട്ടിടത്തിനെതിരെ കേരള പഞ്ചായത്ത് രാജ് ആക്റ്റും, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളും പ്രകാരവും നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ലൈഫ് ഭവനപദ്ധതിയിൽ നിർമ്മിച്ച വീടിന്റെ മുകളിൽ വാണിജ്യകെട്ടിടം നിർമ്മിക്കാൻ മൂത്തേടം ഗ്രാമപഞ്ചായത്ത് നിർമ്മാണ

പെർമിറ്റ് നൽകിയിട്ടുണ്ടോ; എങ്കിൽ പെർമിറ്റിന് അപേക്ഷകൻ സമർപ്പിച്ച രേഖകളുടെ പകർപ്പും പെർമിറ്റ് അനുവദിച്ചതിന്റെ രേഖകളുടെ പകർപ്പും ലഭ്യമാക്കാമോ?

കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയിട്ടില്ല.

(ഇ) പ്രസ്തുത സംഭവത്തിൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിച്ചിട്ടുണ്ടോ; ഇത് പരിശോധിച്ച ഉദ്യോഗസ്ഥൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പ്രസ്തുത സംഭവത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം നടന്നിട്ടുണ്ടോയെന്നതിൽ വിശദമായ പരിശോധന നടത്തി റിപ്പോർട്ട് നൽകുന്നതിന് പഞ്ചായത്ത് സാങ്കേതികവിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് സാമ്പത്തിക സഹായം ചെയ്യുന്ന പദ്ധതി

326 (2332) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ?

എല്ലാ വിഭാഗം വൃക്ക രോഗികൾക്കും ഡയാലിസിസ് നടത്തുന്നതിന് ആഴ്ചയിൽ 1,000 രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 4,000 രൂപ ധനസഹായം ബന്ധപ്പെട്ട ആശുപത്രിക്ക് (സർക്കാർ, സ്വകാര്യ ആശുപത്രി) നൽകാൻ, പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനുവർത്തിക്കേണ്ട സബ്സിഡി മാർഗ്ഗരേഖ, 28-05-2022-ലെ സ.ഉ. (കൈ)നം.115/2022/ത.സ്വ.ഭ.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പൊതുവിഭാഗത്തിലും പട്ടികജാതി വിഭാഗത്തിലും ഉൾപ്പെട്ട കുടുംബങ്ങൾക്ക് ഈ സഹായം ലഭിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി

യഥാക്രമം 2 ലക്ഷം രൂപയും 3 ലക്ഷം രൂപയും ആണ്. പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാന പരിധിയില്ല. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കുമാണ് പ്രോജക്ട് എടുക്കാവുന്നത്. ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക്/ജില്ലാപഞ്ചായത്തുകളുടെ വിഹിതംകൂടി സംയോജിപ്പിച്ച് സംയുക്തമായും പദ്ധതി ഏറ്റെടുക്കാവുന്നതാണ്. ജില്ലയ്ക്ക് വെളിയിലുള്ള ആശുപത്രികളിലേയ്ക്കാണെങ്കിലും ഈ തുക നൽകാവുന്നതാണ്.

(ബി) പ്രസ്തുത പദ്ധതി വഴി ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും ഡയാലിസിസ് ചെയ്യുന്ന വൃക്കരോഗികൾക്ക് സഹായം നൽകാനായി തങ്ങളുടെ കീഴിലുള്ള ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസറെ നിർവഹണ ഉദ്യോഗസ്ഥനാക്കി പ്രോജക്ട് തയ്യാറാക്കി വാർഷിക പദ്ധതിയുടെ ഭാഗമാക്കണം. പ്രദേശത്തെ ഡയാലിസിസ് ചെയ്യുന്ന വൃക്ക രോഗികളെ ഉൾപ്പെടുത്തി തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ/വാർഡ് സഭ/വാർഡ് കമ്മിറ്റി അംഗീകരിച്ചതായിരിക്കണം.

അധികമായി ആരെയെങ്കിലും കൂട്ടിചേർക്കേണ്ട അടിയന്തരസാഹചര്യം വന്നാൽ ധനസഹായം നൽകിയതിനുശേഷം തൊട്ടടുത്ത ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കണം. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ പിന്നീട് കൂട്ടിച്ചേർക്കൽ വരുന്ന സാഹചര്യത്തിൽ തൻവർഷം ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽനിന്നും അതിനുള്ള വിഹിതം ലഭ്യമാകുന്നില്ലെങ്കിൽ അത് ഗ്രാമപഞ്ചായത്തുകളുടെ തനതുഫണ്ടിൽനിന്നും വഹിക്കാവുന്നതാണ്. ഗുണഭോക്താക്കളിൽനിന്നും ചികിത്സ സംബന്ധമായ രേഖകളും ഡയാലിസിസ് നടത്തിയതിന്റെ ചെലവുരേഖകളും പരിശോധിച്ച് യഥാർത്ഥ ചെലവ് പരിധിക്ക് വിധേയമായി ബന്ധപ്പെട്ട ആശുപത്രിയിലേക്ക് നൽകുന്നതാണ് നടപടിക്രമം. കാസ്പ്, കാരുണ്യ ബനവലന്റ് ഫണ്ട്, മറ്റ് സർക്കാർ സഹായങ്ങൾ, ഇൻഷ്വറൻസ് എന്നിവ ലഭിക്കുന്നവർക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ടാകില്ല.

**കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നികത്താത്ത ഒഴിവുകൾ**

327 (2333) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതെന്നാണെന്ന് അറിയിക്കുമോ?

അനുബന്ധമായി ചേർക്കുന്നു.+

**കാട്ടാക്കട നിയോജകമണ്ഡലത്തിലെ സി.എം.എൽ.ആർ.ആർ.പി. പ്രവൃത്തികൾ**

328 (2334) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിൽ സി.എം.എൽ.ആർ.ആർ.പി. പദ്ധതി പ്രകാരം അനുമതി ലഭ്യമായ പ്രവൃത്തികൾ, അവയ്ക്ക് അനുവദിച്ച തുക എന്നിവ സംബന്ധിച്ച് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അവയിൽ നാളിതുവരെ നടപ്പിലാക്കാനാകാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

13-10-2023-ലെ സ.ഉ. (കൈ)നം.182/2023/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം സി.എം.എൽ.ആർ.ആർ.പി.-യിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും കാലാവധി 31-03-2024-ന് അവസാനിച്ചിട്ടുണ്ട്. പള്ളിച്ചൽ പഞ്ചായത്തിലെ നിലവിൽ ആരംഭിച്ചിട്ടില്ലാത്ത "കൈരളി നഗർ റോഡ്" എന്ന പ്രവൃത്തിക്ക് ഭരണാനുമതി ഭേദഗതി ചെയ്ത് കാലാവധി നീട്ടി നൽകണമെന്ന ശിപാർശ പരിശോധിച്ചുവരുന്നു.

**കുണ്ടറ നിയോജകമണ്ഡലത്തിലെ റീ-ബിൽഡ് കേരള പദ്ധതി**

329 (2335) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതി പ്രകാരം നടത്തിവരുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും പൂർത്തിയാകാത്ത പ്രവൃത്തികളുണ്ടോ; എങ്കിൽ അത് പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിക്കാൻ കഴിയാതെ നീണ്ടുപോകുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ-സി) പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.+

**സ്പാർക്ക് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി**

330 (2336) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഇന്റഗ്രേഷൻ നടപടി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി വകുപ്പിന്റെ കീഴിലുള്ള മുഴുവൻ ജീവനക്കാരെയും സ്പാർക്ക് സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഇന്റഗ്രേഷൻ നടപടി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി വകുപ്പിന്റെ കീഴിലുള്ള മുഴുവൻ ജീവനക്കാരെയും സ്പാർക്ക്/ജി-സ്പാർക്ക് സംവിധാനത്തിൽ കൊണ്ടുവന്നിട്ടുണ്ട്. സർക്കാരിന്റെ സഞ്ചിത നിധിയിൽനിന്ന് ശമ്പളം മാറുന്ന ഓഫീസുകളായ പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ജില്ലാ ജോയിന്റ് ഡയറക്ടർമാരുടെ ഓഫീസുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് സ്പാർക്ക് മുഖേനയും തനത് ഫണ്ടുകൾ ഉപയോഗിച്ച് ശമ്പളം മാറുന്ന ഓഫീസുകളായ ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ജി-സ്പാർക്ക് മുഖേനയും ശമ്പളം നൽകിവരുന്നു. മുനിസിപ്പൽ കോമൺ സർവീസിലുൾപ്പെട്ടിരുന്ന

ജീവനക്കാർക്ക് പെൻ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലായതിനാൽ സർക്കാരിന്റെ സഞ്ചിത നിധിയിൽനിന്ന് ശമ്പളം മാറുന്ന ഓഫീസുകളായ പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ജില്ലാ ജോയിന്റ് ഡയറക്ടർമാരുടെ ഓഫീസുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന മേൽപരാമർശിച്ച ജീവനക്കാർക്ക് (മുൻ മുനിസിപ്പൽ കോമൺ സർവീസ് ജീവനക്കാർ) പെൻ നമ്പർ ഉപയോഗിച്ച് ശമ്പളം മാറുന്നതിനുപകരം സർക്കാർ നിർദേശപ്രകാരം സ്പാർക്ക് ഐ.ഡി. ഉപയോഗിച്ച് ശമ്പളം മാറിവരുന്നു.

(ബി) സ്പാർക്ക് സംവിധാനം ഇല്ലാത്ത ഒരു വിഭാഗം ജീവനക്കാർക്ക് പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പുരോഗതി അറിയിക്കാമോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

ഉണ്ട്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള എല്ലാ വിഭാഗം ഉദ്യോഗസ്ഥരെയും സ്പാർക്ക് അധിഷ്ഠിത ശമ്പള വിതരണ

സംവിധാനത്തിൽ കൊണ്ടുവരുന്നത് സംബന്ധിച്ച വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്.

**വർക്കല നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

331 (2337) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 ബജറ്റിൽ 20% ഫണ്ട് വകയിരുത്തിട്ടുള്ളതും തദ്ദേശസ്വയംഭരണ വകുപ്പിനെ നിർവഹണ ഏജൻസിയാക്കിയിട്ടുള്ളതുമായ എത്ര പ്രവൃത്തികളാണുള്ളതെന്ന് വിശദമാക്കാമോ?

193

(ബി) പ്രസ്തുത പ്രവൃത്തികളിൽ വർക്കല നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത മണ്ഡലത്തിലെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഹരിതകർമ്മസേനയുടെ യൂസർ ഫീ പിരിവ്

332 (2338) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യശേഖരണ കേന്ദ്രങ്ങളിൽ മാലിന്യങ്ങൾ ഉപഭോക്താക്കൾ കൊണ്ടുചെന്ന് എത്തിച്ചാൽപോലും മാലിന്യശേഖരണം നടത്താതെ വീടുകളിൽനിന്നും നിർബന്ധിത പിരിവ് നടത്താൻ ഹരിതകർമ്മസേനയ്ക്ക് നിർദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

1986-ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെയടിസ്ഥാനത്തിൽ നിലവിൽ വന്ന സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 റൂൾ 4 പ്രകാരം മാലിന്യം ഉൽപാദിപ്പിക്കുന്നവർ യൂസർ ഫീ നൽകേണ്ടതുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്റ്റ് (326 D), കേരള പഞ്ചായത്ത്രാജ് ആക്റ്റ് (219 AD) ഭേദഗതി നിയമപ്രകാരം യൂസർ ഫീ അടയ്ക്കുന്നതിനും ആയതിൽ വീഴ്ച വരുത്തുന്നവർക്ക് വസ്തു നികുതിയോടൊപ്പം കുടിശ്ശിക തുക നിയമപ്രകാരം ഈടാക്കുന്നതിനും നിഷ്കർഷിക്കുന്നു. ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിന് സർക്കാർ വികേന്ദ്രീകൃത മാലിന്യ സംസ്കരണം നടപ്പിൽ

വരുത്തിയിട്ടുണ്ട്. ആയതിന് സബ്സിഡിയോടെ ജൈവമാലിന്യ ഉപാധികൾ തദ്ദേശസ്വയംഭരണ സ്ഥാപങ്ങൾ നൽകിവരുന്നു. അജൈവ മാലിന്യം വീടുകളിൽനിന്നും ശേഖരിക്കുന്ന സംവിധാനമാണ് നിലവിലുള്ളത്. ആയതിന് യൂസർ ഫീ നൽകേണ്ടതുണ്ട്. 12-08-2020-ലെ സ.ഉ(സാധാ)നം.1496/2020/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം വീടുകളിൽനിന്നും അജൈവ മാലിന്യം വാതിൽപ്പടി ശേഖരണം നടത്തുന്നതിന് ഗ്രാമപ്രദേശങ്ങളിൽ 50/- രൂപ വീതവും നഗരപ്രദേശങ്ങളിൽ 70/- രൂപ വീതവും യൂസർ ഫീ പിരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം സ്ഥാപനങ്ങളിൽനിന്ന് അജൈവ മാലിന്യം ശേഖരിക്കുന്നതിന് 100/- രൂപ വീതം യൂസർ ഫീ പിരിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

(ബി) ആൾ താമസമില്ലാത്ത വീടുകൾ/മാലിന്യം ശേഖരിക്കാത്ത വീടുകളിൽ നിന്ന് നിർബന്ധിത പിരിവ് നടത്തുന്ന ഹരിതകർമ്മസേനയുടെ നടപടി ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കേരള പഞ്ചായത്ത് രാജ് (ഭേദഗതി) നിയമം സെക്ഷൻ 219 AD (6), കേരള മുനിസിപ്പാലിറ്റി ഭേദഗതി ആക്റ്റ് 326 D (6), എന്നിവപ്രകാരം സർക്കാരിനോ അല്ലെങ്കിൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദേശങ്ങൾക്കനുസൃതമായി, തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോ ഏതെങ്കിലും മാലിന്യ ഉൽപാദകനെ അല്ലെങ്കിൽ മാലിന്യ ഉൽപാദകരുടെ ഗണത്തെ, അല്ലെങ്കിൽ ആളൊഴിഞ്ഞതോ ഒഴിഞ്ഞു കിടക്കുന്നതോ ആയ കെട്ടിടങ്ങളുടെ ഉടമകളെ അല്ലെങ്കിൽ കൈവശക്കാരെ യൂസർ ഫീ അടയ്ക്കുന്നതിൽനിന്നും പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കെട്ടിടം പൂട്ടിക്കിടക്കുന്നതായും ടി കെട്ടിടത്തിൽ മാലിന്യം ഉൽപാദിപ്പിക്കുന്നില്ലെന്നുള്ള കെട്ടിടം ഉടമയുടെ സ്വയം സാക്ഷ്യപ്പെടുത്തലിന്റെയും തുടർന്നുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിശോധനയുടെയും അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിക്ക് യൂസർ ഫീ ഒഴിവാക്കി നൽകുന്നതിന്

13-12-2023-ലെ സ.ഉ. (സാധാ)നം. 2481/2023/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നിർദേശം നൽകിയിട്ടുണ്ട്.

**കെ-സ്മാർട്ട് പദ്ധതിയുടെ പ്രത്യേകതകൾ**

333 (2339) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-സ്മാർട്ട് പദ്ധതി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും 2024 ജനവരി ഒന്നുമുതൽ കെ-സ്മാർട്ട് നടപ്പാക്കിയിട്ടുണ്ട്. പഞ്ചായത്തുകളിൽ കെ-സ്മാർട്ട് വിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രത്യേകതകൾ വിശദമാക്കുമോ; പദ്ധതി ഏതെല്ലാം രീതിയിലാണ് ഗുണകരമാകുന്നതെന്ന് വ്യക്തമാക്കാമോ?

കെ-സ്മാർട്ട് പദ്ധതി പ്രകാരം Building Permit -13, Civil Registration-121, File Module-81, License Module-6, Property Tax Module-15, Public

Grievance Module-64 എന്നിങ്ങനെ 6 മൊഡ്യൂളുകളിലായി ആകെ 300 സർവീസുകളാണ് ലഭ്യമാക്കിയിട്ടുള്ളത്. കെ-സ്മാർട്ട് ജി.ഐ.എസ് Know Your Land- മൊബൈൽ ആപ്പിലൂടെ ഉപയോക്താവിന് ഒരു സ്ഥലത്ത് ഏതെല്ലാം തരത്തിലുള്ള കെട്ടിടങ്ങളാണ് നിർമ്മിക്കാൻ കഴിയുകയെന്നും, പ്രസ്തുത സ്ഥലം CRZ, Master Plans, Airport Zone, Railway Land, Landslide Zone, High Tide Line area തുടങ്ങി വിവിധ സർക്കാർ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന സ്ഥലപര നിയന്ത്രണങ്ങളുടെ മാപ്പുകളും വിശദാംശങ്ങളും ലളിതമായി പരിശോധിക്കാൻ കഴിയും. ഇതോടൊപ്പം Low risk കാറ്റഗറിയിൽപ്പെടുന്ന കെട്ടിടങ്ങളുടെ പെർമിറ്റ് വേഗത്തിൽ നൽകുന്നതിനും, വധു/വരന്മാർ നേരിട്ട് ഹാജരാകാതെ വീഡിയോ KYC മുഖേന വിവാഹ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിനും കെ-സ്മാർട്ട് മുഖേന സാധിക്കുന്നതാണ്. കൂടാതെ കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിനാവശ്യമായ റൂളുകൾ സംയോജിപ്പിച്ച് EDCR Rule Engine സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. ഈ മൂന്ന് സവിശേഷതകളും ഇന്ത്യയിൽ ആദ്യമായാണ് നടപ്പിലാക്കിയിട്ടുള്ളത്.

**കാട്ടാക്കട നിയോജകമണ്ഡലത്തിലെ തദ്ദേശ റോഡുകൾ**

334 (2340) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിപ്രകാരം അനുമതി ലഭ്യമായ തദ്ദേശറോഡുകൾ ഏതൊക്കെയാണ്; അവയുടെ പ്രവൃത്തിക്ക് അനുവദിച്ച തുക എത്രയാണ്; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണ്; ടെൻഡർ നടപടികൾ കഴിഞ്ഞ് ദീർഘനാളായിട്ടും പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കാനാകാത്തതിന്റെ കാരണം വിശദമാക്കാമോ?

പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.+

**വർക്കല നിയോജകമണ്ഡലത്തിലെ ഗതാഗത യോഗ്യമല്ലാത്ത റോഡുകൾ**

335 (2341) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വർക്കല നിയോജകമണ്ഡലത്തിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള റോഡുകൾ, അവയുടെ പേര്, ദൈർഘ്യം, വീതി എന്നിവ തരംതിരിച്ച് വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം- I ആയി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത റോഡുകളിൽ ഗതാഗത യോഗ്യമല്ലാത്തവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം -II ആയി ചേർത്തിരിക്കുന്നു.+

(സി) ഗതാഗത യോഗ്യമല്ലാത്ത റോഡുകൾ നവീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് വകയിരുത്തിയിട്ടുള്ളവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

(സി) വിശദാംശങ്ങൾ അനുബന്ധം- III ആയി ചേർത്തിരിക്കുന്നു.+

**വർക്കല നിയോജകമണ്ഡലത്തിൽ എം.എൽ.എ ഫണ്ട്**
**വിനിയോഗിച്ചുള്ള പ്രവൃത്തികൾ**

336 (2342) <u>ശ്രീ. വി. ജോയി:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം,എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വർക്കല നിയോജകമണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് വിനിയോഗിച്ചുള്ള ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ടെൻഡർ നടപടി പൂർത്തിയാക്കുവാനുള്ളവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തികളിൽ ടെൻഡർ നടപടി പൂർത്തിയാക്കി കരാറിൽ ഏർപ്പെട്ടിട്ടുള്ള പ്രവൃത്തികളിൽ ആരംഭിക്കുവാനായിട്ടുള്ളത് ഏതെല്ലാമെന്ന് വിശദമാക്കാമോ;

വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത പ്രവൃത്തികളിൽ കരാർ ഉറപ്പിച്ചിട്ടുള്ള പ്രവൃത്തികൾ യഥാസമയം ചെയ്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

**വയനാട് ജില്ലയിലെ പി.എം.ജി.എസ്.വൈ. പദ്ധതി**

337 (2343) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വയനാട് ജില്ലയിൽ നിലവിൽ അനുവദിച്ച പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെട്ട റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) നിർമ്മാണ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്ത റോഡുകൾ ഏതെല്ലാമാണെന്നും ആയത് പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

കേരള വാട്ടർ അതോറിറ്റി-ജൽജീവൻമിഷൻ (KWA-JJM) പൈപ്പിടൽ പ്രവൃത്തിയുള്ള റോഡുകളായ KR 14-29 വെള്ളമുണ്ട-തോട്ടോളിപ്പടി, KR 14-33 വേങ്ങപ്പള്ളി-തെക്കുംതറ റോഡുകളാണ് പ്രധാനമായും സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതിരിക്കുന്നത്. സൈറ്റ് റിക്വയർമെന്റ് അനുസരിച്ച് കൂടുതൽ പ്രവൃത്തികൾ പലയിനങ്ങളിലും വന്നുയെന്നതും ക്വാറികളിൽനിന്നുള്ള ലോറികളുടെ ട്രിപ്പ് വർധിച്ചതുകാരണം എസ്റ്റിമേറ്റ് റിവിഷൻ വേണ്ടിവന്നതും യഥാക്രമം ആദ്യത്തെയും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രണ്ടാമത്തെയും റോഡ് പ്രവൃത്തി ആദ്യഘട്ടങ്ങളിൽ വൈകാൻ കാരണമായിട്ടുണ്ട്. KR 14-37 പിണങ്ങോട്-അച്ചൂർ റോഡ്-നും KWA-JJM പൈപ്പ് ലെയിംഗ് പ്രവൃത്തി കാരണം പ്രതിബന്ധങ്ങളുണ്ടാകുന്നുണ്ട്. പി.എം.ജി.എസ്.വൈ. റോഡുകളുടെ പൂർത്തീകരണം കൂടുതൽ വൈകാതിരിക്കാനായി കാര്യങ്ങൾ KWA-യുടെ ബന്ധപ്പെട്ട അധികാരകേന്ദ്രങ്ങളെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ബില്ലുകൾ**

338 (2344) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ ബില്ലുകളാണ് മാർച്ച് മാസത്തിൽ ക്യൂവിലേക്ക് മാറ്റിയതെന്ന് വിശദമാക്കാമോ;

(ബി) 2024 മാർച്ച് മാസം ഏതുതീയതി മുതൽ ട്രഷറികളിൽ നൽകിയ ബില്ലുകളാണ് ഇപ്രകാരം മാറ്റി വച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ട്രഷറി നിയന്ത്രണത്താൽ 2024 മാർച്ച് മാസത്തിൽ ഏതൊക്കെ ട്രഷറികളാണ് ബില്ലുകൾ സ്വീകരിക്കുകയോ ക്യൂവിൽ ഉൾപ്പെടുത്തുകയോ ചെയ്യാതിരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ക്യൂബില്ലുകൾ 2024-25 സാമ്പത്തിക വർഷത്തിൽ മാറി നൽകിയിട്ടുണ്ടോ;

(ഇ) 2024-25 സാമ്പത്തിക വർഷം പ്രസ്തുത തുക അധിക വിഹിതമായി അനുവദിക്കുമോയെന്നും ഈ സാമ്പത്തിക വർഷത്തെ വിഹിതത്തിൽനിന്നും കുറവ് ചെയ്യുമോയെന്നും വിശദമാക്കാമോ;

(എഫ്) ഈ സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽ കുറവ് ചെയ്താൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതികളെ ദോഷകരമായി ബാധിക്കുമോ; വ്യക്തമാക്കുമോ;

(ജി) ക്യൂവിലാക്കിയ ബില്ലുകൾ പ്രകാരമുള്ള തുക പ്രത്യേക വിഹിതമായി അനുവദിക്കുമോ?

(എ-ജി) വിവരം ശേഖരിച്ചുവരുന്നു.

**തിരുവനന്തപുരം ജില്ലയിലെ ലൈഫ് ഭവന പദ്ധതി**

339 (2345) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ എത്ര ഫ്ലാറ്റുകളാണ് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

മൂന്ന് ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഫ്ലാറ്റുകൾ ഏതെല്ലാം സ്ഥലങ്ങളിലാണെന്നും അവയുടെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതിയും വ്യക്തമാക്കാമോ?

i) പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ മൂന്ന് ബ്ലോക്കുകളിലായി 112 ഭവനങ്ങൾ, രണ്ട് അങ്കണവാടികൾ എന്നിവ ഉൾപ്പെടെ 114 യൂണിറ്റുകളാണ് നിർമ്മിക്കുന്നത്. ഈ പ്രവൃത്തികളുടെ സ്ട്രക്ചറൽ ഡിസൈൻ അംഗീകാരത്തിനായി ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ സമർപ്പിച്ചിരിക്കുകയാണ്.

ii) മടവൂർ ഗ്രാമപഞ്ചായത്തിൽ നാല് നിലകളിലായി 36 ഭവന യൂണിറ്റുകൾ നിർമ്മിക്കുന്നതിന് കെട്ടിടത്തിന്റെ അടിസ്ഥാന നിർമ്മാണം

പൂർത്തീകരിച്ചിട്ടുണ്ട്. കരാർ ഏറ്റെടുത്ത ഏജൻസി കരാർ തുകയിൽ വർധനവ് ആവശ്യപ്പെട്ട് പ്രവൃത്തി നിർത്തിവച്ചിരിക്കുകയാണ്.

iii) അഴൂർ ഗ്രാമപഞ്ചായത്തിൽ നാല് നിലകളിലായി 44 ഭവനങ്ങൾ അടങ്ങിയ ഭവനസമുച്ചയം നിർമ്മിക്കുന്നതിന് 09-02-2020-ൽ കരാർ ഉടമ്പടി നടത്തിയെങ്കിലും റവന്യൂ വകുപ്പിൽനിന്നും ഭവന സമുച്ചയ നിർമ്മാണത്തിന് അഴൂർ ഗ്രാമപഞ്ചായത്തിന് ഭൂമി പാട്ടത്തിന് നൽകുന്ന വിഷയത്തിൽ തീരുമാനം ഇതുവരെ ലഭിക്കാത്തതിനാൽ സ്ഥലം കരാറുകാരന് കൈമാറാൻ സാധിച്ചില്ല. തുടർന്ന് കരാർ ഉടമ്പടി റദ്ദ് ചെയ്യണമെന്ന് കരാറുകാരൻ അപേക്ഷിച്ചതിന്റെയടിസ്ഥാനത്തിൽ 09-05-2024-ന് കരാർ റദ്ദ് ചെയ്തിട്ടുള്ളതാണ്. റവന്യൂ വകുപ്പിൽനിന്നും അനുമതി ലഭിക്കുന്നമുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

**വഴിയോര വിശ്രമകേന്ദ്രങ്ങളുടെ നടത്തിപ്പ്**

340 (2346) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്രക്കാരുടെ സൗകര്യങ്ങൾക്കായി വിഭാവനം ചെയ്ത വഴിയോര വിശ്രമ കേന്ദ്രങ്ങളുടെ നടത്തിപ്പ് ഉദ്ദേശ്യലക്ഷ്യമനുസരിച്ചുള്ള രീതിയിൽ തന്നെയാണോ നടക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. കുടുംബശ്രീ മിഷനും ശുചിത്വ മിഷനും സംയുക്തമായി പരിശോധന നടത്തിയിട്ടുണ്ട്. യാത്രക്കാരുടെ സൗകര്യങ്ങൾക്കായി വിഭാവനം ചെയ്ത ടേക്ക് എ ബ്രേക്ക് വഴിയോര വിശ്രമ കേന്ദ്രങ്ങളുടെ നടത്തിപ്പും പരിപാലനവും കുടുംബശ്രീ മുഖേനയോ, അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയോ മറ്റ് ഏജൻസികൾ മുഖേനയോ ആണ് നടത്തുന്നത്. പുതുതായി പണിക്കഴിപ്പിച്ചവയുടെ നടത്തിപ്പും പരിപാലനവും കുടുംബശ്രീ ഏറ്റെടുത്ത് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പല വിശ്രമകേന്ദ്രങ്ങളും പൂർണ്ണമായും വാണിജ്യാവശ്യങ്ങൾക്ക് മാത്രമാണ് ഉപയോഗിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുപരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൂർത്തിയായശേഷം ഉപയോഗിക്കാത്ത വഴിയോര വിശ്രമ കേന്ദ്രങ്ങൾ കുടുംബശ്രീ മുഖേനയോ സഹകരണ സംഘങ്ങൾ മുഖേനയോ തൊഴിൽരഹിതർക്ക് പ്രത്യേകിച്ചും വനിതകൾക്ക് വരുമാനം ഉണ്ടാകത്തക്ക രീതിയിൽ വഴിയോര വിശ്രമ കേന്ദ്രങ്ങൾക്കൊപ്പം ചെറുകിട സംരംഭങ്ങൾ ഉൾപ്പെടെ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്.

(സി) തിരുവമ്പാടി നിയോജകമണ്ഡലത്തിൽ യാത്രക്കാർക്ക് ഇനിയും സൗകര്യമൊരുക്കാത്ത തദ്ദേശസ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

തിരുവമ്പാടി നിയോജകമണ്ഡലത്തിൽ കാരശ്ശേരി ഗ്രാമപഞ്ചായത്തിൽ ടെൻഡർ നടപടികൾ സ്വീകരിച്ച് വരുന്നതിനാലും, മുക്കം മുനിസിപ്പാലിറ്റിയിൽ അഗസ്ത്യമുഴി ടേക്ക് എ ബ്രേക്ക് പദ്ധതി സംബന്ധിച്ച് ഹൈക്കോടതി കേസ് നിലവിലുള്ളതിനാലും പദ്ധതികൾ ആരംഭിച്ചിട്ടില്ല. മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ പദ്ധതി നിലവിലുണ്ട്.

**റീജിയണൽ കേരള ഇനിഷ്യേറ്റീവ് പദ്ധതി**

341 (2347) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീജിയണൽ കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി എത്ര കോടി രൂപയാണ് സംസ്ഥാനത്ത് വിവിധ മണ്ഡലങ്ങളിലെ റോഡ് നിർമ്മാണത്തിനായി അനുവദിച്ചത്; ഇവയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) സാങ്കേതിക കാരണങ്ങളാൽ ഇനിയും നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതോ, പാതിവഴിയിൽ നിർമ്മാണം മുടങ്ങിയതോ ആയ റോഡുകളുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം റോഡുകളുടെ നിർമ്മാണം ആരംഭിക്കാനും പൂർത്തിയാക്കാതെ കിടക്കുന്ന റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കാനും എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

(എ&ബി) ആസൂത്രണ സാമ്പത്തികകാര്യവകുപ്പ് മുഖേന നടപ്പിലാക്കുന്ന ആർ.കെ.ഐ. പദ്ധതികളിൽ പി.എം.യു. ആർ.കെ.ഐ. പ്രോജക്ട് ഡയറക്ടർ നിർവഹിക്കുന്ന പ്രവൃത്തികൾക്ക് 13-08-2019-ലെ

സ.ഉ.(കൈ)നം.25/2019/ആ.സാ.വ ഉത്തരവ് പ്രകാരം LSG റോഡുകൾക്കായി 488 കോടി രൂപ പ്രഖ്യാപിക്കുകയും 250 കോടി രൂപയുടെ ഫണ്ട് അലോക്കേഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 94 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പ്രോജക്ട് ഡയറക്ടർ, പി.എം.യു. ആർ.കെ.ഐ. മുഖേന നിർവഹിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധം -I ആയും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധം -II ആയും ചേർക്കുന്നു.+ പ്രസ്തുത പ്രവൃത്തികളിൽ പല തവണ ടെൻഡർ/ക്വട്ടേഷൻ ക്ഷണിച്ചിട്ടും മതിയായ പ്രതികരണം ലഭിക്കാത്ത പ്രവൃത്തികൾക്ക് പുതുക്കിയ റേറ്റിൽ ഭരണാനുമതി ലഭ്യമാകുന്നതും സ്ഥല ലഭ്യതക്കുറവ്, NOC ലഭിക്കാത്തവ, ജില്ലകളിൽനിന്ന് മറ്റ് സാങ്കേതിക തടസ്സങ്ങൾ റിപ്പോർട്ട് ചെയ്ത പ്രവൃത്തികൾ എന്നിവ പട്ടികയിൽനിന്ന് ഒഴിവാക്കുന്നതും സംബന്ധിച്ച് ചീഫ് എഞ്ചിനീയറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തദ്ദേശസ്വയംഭരണ വകുപ്പ് 04-11-2020-ലെ സ.ഉ(എം.എസ്) 170/2020/ത.സ്വ.ഭ.വ 06-02-2021-ലെ സ.ഉ.(എം.എസ്) 29/2021/ത.സ്വ.ഭ.വ പ്രകാരം നടപ്പിലാക്കുന്ന റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഭാഗമായ പ്രവൃത്തികൾക്ക് 273 കോടി രൂപയുടെ ഭരണാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. ടി പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധം -III ആയും ചേർക്കുന്നു.+ പ്രസ്തുത പദ്ധതിപ്രകാരം ഭരണാനുമതി കാലാവധി അവസാനിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി പുതുക്കി നൽകുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. കരാറുകാരുടെ വീഴ്ച്ച കാരണം ആരംഭിച്ച് നിർമ്മാണം മുടങ്ങിയ പ്രവൃത്തികളുടെ കരാറുകാരെ ടെർമിനേറ്റ് ചെയ്ത് പ്രവൃത്തി റീ-അറേഞ്ച് ചെയ്യുന്നതിനും, സാങ്കേതികാനുമതി ലഭിക്കാത്തതുകാരണം ആരംഭിക്കാൻ സാധിക്കാത്ത പ്രവൃത്തികൾ സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുന്നതിനും ബന്ധപ്പെട്ടവർക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നിർദേശം നൽകിയിട്ടുണ്ട്.

**ഏകീകൃത തദ്ദേശസ്വയംഭരണ വകുപ് സ്പെഷ്യൽ റൂൾസ്**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ചേർക്കുന്നു.

342 (2348) <u>ശ്രീ. ടി. സിദ്ദിഖ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതിനുമുമ്പ് സർവീസിലുള്ള ജീവനക്കാരുടെ പ്രൊമോഷൻ, സീനിയോരിറ്റി തുടങ്ങിയവ എങ്ങനെയാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പ് സ്റ്റേറ്റ് സർവീസിന്റെയും സബോർഡിനേറ്റ് സർവീസിന്റെയും വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 12 പ്രകാരമാണ് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് നിലവിൽ വരുന്നതിനുമുമ്പ് സർവീസിൽ പ്രവേശിച്ച ജീവനക്കാരുടെ പ്രൊമോഷൻ, സീനിയോരിറ്റി തുടങ്ങിയവ കണക്കാക്കുന്നത്.

(ബി) പ്രസ്തുത സ്പെഷ്യൽ റൂൾസിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് തസ്തിക മാറ്റം വഴിയുള്ള പ്രൊമോഷന്റെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

തദ്ദേശസ്വയംഭരണ വകുപ്പ് സ്റ്റേറ്റ് സർവീസിന്റെ വിശേഷാൽ ചട്ടങ്ങളിൽ Secretary, Local Self Government Institutions കാറ്റഗറിയിലെ Method of Appointment) By transfer from Category 1(a) Group I of LSGD Subordinate Service-ന്റെ യോഗ്യത SSLC or its equivalent എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത സ്പെഷ്യൽ റൂൾസ് പ്രാബല്യത്തിൽ വന്നതിനുശേഷം ഗ്രാമവികസന വകുപ്പിൽനിന്നും ബിരുദ യോഗ്യതയില്ലാത്ത ജീവനക്കാർക്ക് സെക്രട്ടറി തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

വിശേഷാൽ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നതിനുശേഷം, നിലവിലുണ്ടായിരുന്ന ഗ്രാമവികസന വകുപ്പിലെ ബിരുദ യോഗ്യതയില്ലാത്ത ജീവനക്കാർക്ക് സ്റ്റോപ്പ് ഗ്യാപ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ Secretary, Local Self Government Institutions തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത സ്പെഷ്യൽ റൂൾസുമായി ബന്ധപ്പെട്ട പരാതി പരിഹാര സംവിധാനം എന്നാണ് നിലവിൽ വന്നതെന്നും ഇതിന്റെ കാലാവധി എന്നാണ് അവസാനിച്ചതെന്നും അറിയിക്കുമോ; ലഭിച്ച പരാതികളിൽ പരാതി പരിഹാര സെൽ സർക്കാരിന് സമർപ്പിച്ച ശിപാർശകളുടെ പകർപ്പ് നൽകുമോ?

തദ്ദേശസ്വയംഭരണ വകുപ്പ് വിശേഷാൽ ചട്ടങ്ങൾ സംബന്ധിച്ച പരാതി പരിഹാര സംവിധാനം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 09-11-2022-ലെ 1099/B1/PDLSGD/2022 നമ്പർ ഉത്തരവ് പ്രകാരം 27-10-2022 ന് പ്രാബല്യത്തിൽ വന്നു. ടി സെല്ലിന്റെ കാലാവധി വിശേഷാൽ ചട്ടങ്ങൾ പ്രസിദ്ധീകരിച്ചത് 27-10-2022 മുതൽ ഒരു വർഷമായിരുന്നു. ആയതിൻപ്രകാരം കാലാവധി 26-10-2023-ൽ അവസാനിക്കുകയും ചെയ്തിട്ടുള്ളതാണ്. പരാതി പരിഹാര സെല്ലിൽ ലഭിച്ച ആക്ഷേപങ്ങൾ പരിശോധിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചതിനെത്തുടർന്ന് ടി സെല്ലിന്റെ കാലാവധി 27-10-2023

മുതൽ മൂന്ന് മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് 04-11-202-ലെ സ.ഉ. (സാധാ) നം. 2177/2023/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിരുന്നു. 25-01-2024-ന് ചേർന്ന പരാതി പരിഹാര സെൽ, ലഭിച്ച മുഴുവൻ പരാതികളിന്മേലും തീരുമാനം എടുത്തിട്ടുള്ളതായും ആയതിന്മേലുള്ള റിപ്പോർട്ട് ശിപാർശ സഹിതം അടിയന്തരമായി സർക്കാരിൽ സമർപ്പിക്കുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ലൈഫ് പദ്ധതിയിൽ അനുവദിച്ച വീടുകളുടെ എണ്ണം**

343 (2349) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതി ആരംഭിച്ചത് മുതൽ ഓരോ ജില്ലയിലും അനുവദിച്ച വീടുകളുടെ എണ്ണം വർഷം തിരിച്ച് വ്യക്തമാക്കാമോ?

ലൈഫ് ഭവനപദ്ധതി ആരംഭിച്ച 2016 മുതൽ 15-06-2024 വരെ ഓരോ ജില്ലയിലും അനുവദിച്ച വീടുകളുടെ എണ്ണം വർഷം തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഈ പദ്ധതിപ്രകാരം ഓരോ ജില്ലയിലും അനുവദിച്ച വീട്, ഫ്ലാറ്റ് എന്നിവ വർഷം തിരിച്ച് വ്യക്തമാക്കാമോ?

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലൈഫ് ഭവനപദ്ധതി പ്രകാരം ഓരോ ജില്ലയിലും അനുവദിച്ച വീട്, ഫ്ലാറ്റ് എന്നിവ വർഷം തിരിച്ച് യഥാക്രമം അനുബന്ധമായി ചേർക്കുന്നു.+

(സി) നിലവിലുള്ള ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ വീട് അനുവദിക്കാൻ ബാക്കിയുള്ളവർക്ക് എന്നത്തേക്ക് വീട് നിർമ്മിച്ച് നൽകാനാകുമെന്ന് വ്യക്തമാക്കാമോ?

നിലവിലുള്ള ലൈഫ് ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്ന നടപടി പുരോഗമിക്കുകയാണ്. ലൈഫ് ലിസ്റ്റിലെ പട്ടികജാതി/പട്ടികവർഗ്ഗ, ഫിഷറീസ്, അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക പരിഗണന നൽകി ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനോടൊപ്പം പൊതുവിഭാഗത്തിൽപ്പെട്ടവർക്കും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ലഭ്യതയനുസരിച്ച് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള അനുമതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ വീട് അനുവദിക്കാൻ അവശേഷിക്കുന്നവർക്കും ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള വിഭവസമാഹരണ നടപടികൾ ത്വരിതപ്പെടുത്തിവരുന്നു.

**പരിസ്ഥിതി സംവേദ പ്രദേശം സംബന്ധിച്ച**
**റിപ്പോർട്ടിന്മേലുള്ള അഭിപ്രായം**

344 (2350) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ടത്തിലെ പരിസ്ഥിതി സംവേദപ്രദേശം നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് പരിസ്ഥിതി കാലാവസ്ഥാവ്യതിയാന വകുപ്പ് തയ്യാറാക്കിയ കരട് റിപ്പോർട്ട് പരിശോധിച്ചിരുന്നോ; ഇക്കാര്യത്തിൽ വകുപ്പിന്റെ അഭിപ്രായം അറിയിച്ചിരുന്നുവോ; കരട് റിപ്പോർട്ട് പരിശോധിച്ചതിൻപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് രേഖപ്പെടുത്തിയ അഭിപ്രായ കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പരിശോധിച്ചിരുന്നു. സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാവ്യതിയാന വകുപ്പ് ഡയറക്ടർ തയ്യാറാക്കിയ പരിസ്ഥിതി സംവേദപ്രദേശം ഉൾപ്പെടുന്ന വില്ലേജുകളുടെ KML File, Shape File എന്നിവ കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്ററിന് കൈമാറണമെന്നും ഇതുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുന്നതിന് പ്രാഥമികമായി തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറി, പ്രസിഡന്റ്, ടെക്നിക്കൽ സ്റ്റാഫ് എന്നിവരെ ഉൾപ്പെടുത്തി ഓൺലൈൻ മീറ്റിംഗ് സംഘടിപ്പിക്കണമെന്നും പരിസ്ഥിതി സംവേദപ്രദേശം ഉൾപ്പെടുന്ന പഞ്ചായത്തുകൾക്കായി ടെക്നിക്കൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ച് റിപ്പോർട്ട് തയ്യാറാക്കി സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാവ്യതിയാന ഡയറക്ടർക്ക് കൈമാറണമെന്നും ഇതിനുള്ള സാങ്കേതിക സഹായം കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ്& എൻവയോൺമെന്റ് സെന്റർ, പരിസ്ഥിതി കാലാവസ്ഥാവ്യതിയാന ഡയറക്ടർമാർ ലഭ്യമാക്കണമെന്നും 15-05-2024-ൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിരുന്നു.

ആയതിന്റെയടിസ്ഥാനത്തിൽ വർക്ക്ഷോപ്പുകൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. പരിസ്ഥിതി കാലാവസ്ഥാവ്യതിയാന വകുപ്പ് തയാറാക്കിയ കരട് റിപ്പോർട്ട് പരിശോധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ അഭിപ്രായം സഹിതം പരിസ്ഥിതി വകുപ്പിന് നൽകുന്നതിനായി ജില്ലാടിസ്ഥാനത്തിൽ ലഭിച്ച റിപ്പോർട്ട് ക്രോഡീകരിച്ച് സമർപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുള്ളതും നടപടികൾ പുരോഗമിച്ചുവരുന്നതുമാണ്.

(ബി) ഇതിനായി തദ്ദേശസ്വയംഭരണസ്ഥാപന അടിസ്ഥാനത്തിൽ പരിശോധന നടത്തിയിരുന്നുവോയെന്ന് വെളിപ്പെടുത്തുമോ?

പരിസ്ഥിതി കാലാവസ്ഥാവ്യതിയാന വകുപ്പിൽനിന്നും ലഭ്യമാക്കിയിട്ടുള്ള കരട് റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർക്ക് നൽകിയിട്ടുള്ളതും ആയത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കി പരിശോധന നടത്തിയിട്ടുള്ളതുമാണ്.

(സി) തൃശ്ശൂർ ജില്ലയിൽ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് പരിശോധന നടത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; ജില്ലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

തൃശ്ശൂർ ജില്ലയിൽ അതിരപ്പള്ളി ഗ്രാമപഞ്ചായത്ത്, പരിയാരം ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് പരിശോധന നടത്തിയിട്ടുള്ളത്. ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാരുടെ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.+

**സബോർഡിനേറ്റ് സർവീസിലെ ജീവനക്കാരുടെ പ്രൊമോഷൻ**

345 (2351) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വകുപ്പ് ഏകീകരണത്തിന്റെ ഭാഗമായി സബോർഡിനേറ്റ് സർവീസിലെ ജീവനക്കാർക്ക് പ്രൊമോഷൻ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. സബോർഡിനേറ്റ് സർവീസിലെ തസ്തികകളിലേക്ക് ഒടുവിലായി സ്ഥാനക്കയറ്റം അനുവദിച്ചത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത ജീവനക്കാർക്ക് പ്രൊമോഷൻ നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സൂക്ഷിക്കുകയും പരിശോധിക്കുകയും ചെയ്യുന്ന രേഖകൾ ഏതൊക്കെയാണെന്നും ആയതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും വ്യക്തമാക്കാമോ?

ഓരോ തസ്തികയിലും സീനിയോരിറ്റി ലിസ്റ്റ്, ഇൻക്യുബൻസി രേഖകൾ എന്നിവ പരിശോധിച്ചശേഷമാണ് പ്രൊമോഷനുകൾ നൽകിവരുന്നത്. സംസ്ഥാനതലത്തിൽ നടത്തി വരുന്ന പ്രൊമോഷനുകൾക്ക് സെക്ഷൻ ക്ലാർക്ക് മുതൽ വകുപ്പ് മേധാവിവരെ ചുമതലപ്പെട്ട ഉദ്യോഗസ്ഥരാണ്.

**വിനോദ നികുതി ഒഴിവാക്കാൻ നടപടി**

346 (2352) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വിവിധ പൊതു ആവശ്യങ്ങൾക്കായി നടത്തുന്ന കലാകായിക മത്സരങ്ങൾക്ക് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകേണ്ട വിനോദ നികുതി 2023-24 സാമ്പത്തിക വർഷം ഒഴിവാക്കി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഒഴിവാക്കി നൽകിയിട്ടുണ്ട്. 29-04-2023-ലെ സ.ഉ.(സാധാ).945/2023/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്തിലെ ഓർക്കാട്ടേരിയിൽ 2023 മെയ് 6 മുതൽ 13 വരെ നടന്ന അഖിലകേരള വോളിബോൾ ടൂർണ്ണമെന്റിന്റെ വിനോദനികുതി സാന്ത്വന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുമെന്ന വ്യവസ്ഥയോടെ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 27-09-2023-ലെ സ.ഉ.(സാധാ)1913/2023/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ഗ്രീൻ ഫീൽഡ് ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ നടന്ന ICC Mens Cricket World Cup-India 2023 Warm up മത്സരങ്ങളുടെ വിനോദനികുതി ഒഴിവാക്കി ഉത്തരവ്

പുറപ്പെടുവിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് ജില്ലയിലെയും തിരുവനന്തപുരം ജില്ലയിലെയും മേൽപ്പറഞ്ഞ രണ്ട് മത്സരങ്ങൾക്കാണ് വിനോദ നികുതിയിളവ് നൽകിയിട്ടുള്ളത്.

(ബി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ പൂത്തൂർ പള്ളിക്കൽ പൗരസമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന അഖില കേരള സെവൻസ് ഫുട്ബോൾ ടൂർണമെന്റിൽനിന്ന് ലഭിക്കുന്ന വരുമാനം ചാരിറ്റി ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിലേക്കായി വിനോദ നികുതി ഒഴിവാക്കുന്നതിന് നൽകിയ നിവേദനത്തിന്മേൽ ഉത്തരവാകുന്നതിനുവന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

ഉണ്ട്. വിനോദ നികുതിയിളവ് നൽകുന്നത് പ്രത്യേക കേസായി മാത്രമേ പരിഗണിക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ബന്ധപ്പെട്ട നിയമവശങ്ങൾ ഫയലിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട പരിശോധന നടക്കവേ 2024 ലോക്സഭാ ഇലക്ഷന്റെ മാതൃകാ പെരുമാറ്റ ചട്ടം നിലവിൽ വന്നു. ഇളവുകൾ സംബന്ധിച്ച ഫയലുകളിൽ പെരുമാറ്റചട്ടം

പിൻവലിക്കുന്നതുവരെ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയില്ലെന്നതിനാലാണ് കാലതാമസമുണ്ടായത്.

(സി) ഈ വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ആർ.സി. സെക്ഷനിലെ ആർ.സി.2/25/24 നമ്പർ ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ആർ.സി.2/25/2024-ത.സ്വ.ഭ.വ. നമ്പർ ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

**ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിന്റെ പ്രവർത്തന പുരോഗതി**

347 (2353) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ ഇതുവരെയുള്ള പ്രവർത്തന പുരോഗതി വിശദമാക്കാമോ?

ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി 15-06-2024 വരെ 507875 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചതിൽ 404529 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 2017-ലെ ലൈഫ് ലിസ്റ്റിലുൾപ്പെടാനാകാതെപോയ അർഹരായ ഗുണഭോക്താക്കളുടെ പട്ടിക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലൈഫ് 2020 പ്രകാരം 2022 മേയ് 16-ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അന്തിമമാക്കുകയുണ്ടായി. ഈ ലിസ്റ്റിലെ ഭൂമിയുള്ള ഭവനരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ, ഫിഷറീസ് അതിദരിദ്ര വിഭാഗത്തപ്പെട്ടവർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് 15-11-2022-ലെ സ.ഉ. (സാധാ) 2806/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകുകയുണ്ടായി. ടി ലിസ്റ്റിലുൾപ്പെട്ട പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ലഭ്യതയനുസരിച്ച് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതിൻപ്രകാരം ലൈഫ് 2020 ഗുണഭോക്തൃപട്ടികയിലെ 91691 ഗുണഭോക്താക്കൾക്കും അതിദരിദ്ര വിഭാഗത്തിൽപ്പെട്ട 3945 ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ ഭൂരഹിത-ഭവനരഹിതരുടെ പുന:രധിവാസത്തിനായി ആരംഭിച്ച 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിനിലൂടെ ലഭിക്കുന്ന ഭൂമി

ഗുണഭോക്താക്കൾക്ക് ലഭ്യമാക്കി ഭവനനിർമ്മാണ ധനസഹായം അനുവദിക്കുകയും ചെയ്തുവരുന്നു.

(ബി) ലൈഫ് പദ്ധതിയുടെ രണ്ടുഘട്ടങ്ങളിലായി എത്ര ആളുകൾക്ക് വീട് അനുവദിച്ചിട്ടുണ്ട്; അവയിൽ പൂർത്തിയായവയും പൂർത്തിയാക്കാനുള്ളവയും ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

ലൈഫ് പദ്ധതിയുടെ ഭാഗമായി 507875 കുടുംബങ്ങൾക്ക് വീട് അനുവദിച്ചിട്ടുണ്ട്; അവയിൽ പൂർത്തിയായവയും പൂർത്തിയാക്കാനുള്ളവയും ജില്ല തിരിച്ച് വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ഇക്കാലയളവിൽ എത്ര വീടുകൾ അനുവദിച്ചു; അതിനായി എത്ര തുക ചെലവഴിച്ചു; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി 2016 മുതൽ 15-06-2024 വരെ 194262 വീടുകൾ അനുവദിച്ചു. അനുവദിച്ച വീടുകളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+ ജില്ലാടിസ്ഥാനത്തിൽ ചെലവഴിച്ച തുകയുടെ വിവരം തയ്യാറാക്കി വരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**സി.എം.എൽ.ആർ.ആർ.പി. പദ്ധതി റോഡുകൾ**

348 (2354) <u>ശ്രീ. എ. രാജ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ സി.എം.എൽ.ആർ.ആർ.പി. പദ്ധതി പ്രകാരം അനുവദിച്ച റോഡുകൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) ഈ റോഡുകളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(സി) പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ കാരണം വിശദമാക്കാമോ?

(എ-സി) പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.+

**തദ്ദേശസ്ഥാപനങ്ങൾ വഴി നൽകിവരുന്ന ഓൺലൈൻ സേവനങ്ങൾ**

349 (2355) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകിവരുന്ന സേവനങ്ങൾ സീനിയോരിറ്റി പ്രകാരമാണോ തീർപ്പാക്കുന്നത്;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇല്ലെങ്കിൽ ഇത്തരം സേവനങ്ങൾ സീനിയോരിറ്റി പ്രകാരം തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകി വരുന്ന സേവനങ്ങൾ സീനിയോരിറ്റി പ്രകാരമാണ് തീർപ്പാക്കുന്നത്. നഗരസഭകളിൽ വിന്യസിച്ചിട്ടുള്ള കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ, ഗ്രാമപഞ്ചായത്തുകളിൽ വിന്യസിച്ചിട്ടുള്ള ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയർ എന്നിവയിൽ ലഭ്യമാകുന്ന അപേക്ഷകൾ സീനിയോരിറ്റി പ്രകാരമാണ് തീർപ്പാക്കുന്നത്.

(ബി) ഓൺലൈൻ സേവനങ്ങൾക്കായി നൽകിയ വിവിധ അപേക്ഷകൾ നിസ്സാര കാരണങ്ങൾകൊണ്ട് യഥാസമയം അപേക്ഷകരെ വിവരം അറിയിക്കാതെ തദ്ദേശസ്ഥാപനങ്ങളിൽ കെട്ടിക്കിടക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അപേക്ഷകളിൽ അപാകതകളുള്ളപക്ഷം ആയത് അപേക്ഷകരെ അറിയിക്കാറുണ്ട്.

(സി) ഓൺലൈൻ സൗകര്യമില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുജനങ്ങൾ നൽകിയ അപേക്ഷകൾ തീർപ്പാക്കാതെ

കെട്ടിക്കിടക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷകൾ സീനിയോരിറ്റിപ്രകാരം തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇല്ല. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അപേക്ഷകൾ സ്വീകരിക്കുന്നതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയറും നഗരസഭകളിൽ കെ-സ്മാർട്ട് സോഫ്റ്റ്‌വെയറും ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിൽ ഇ-ഓഫീസ് മുഖേനയും അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**ആർ.കെ.എൽ.എസ്. പദ്ധതിപ്രകാരമുള്ള വായ്പയുടെ സബ്സിഡി**

350 (2356) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ വീട് നഷ്ടപ്പെടുകയും അവയുടെ പുനർനിർമ്മാണത്തിന് കുടുംബശ്രീ മുഖേന ആർ.കെ.എൽ.എസ്.

പദ്ധതിപ്രകാരം വായ്പയെടുക്കുകയും ചെയ്ത അപേക്ഷകർക്ക് സബ്സിഡി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കുമോ?

ആർ.കെ.എൽ.എസ്. പദ്ധതിപ്രകാരം വായ്പയെടുത്ത അയൽക്കൂട്ടങ്ങൾക്ക് വിവിധ കാരണങ്ങളാൽ സബ്സിഡി ലഭിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് നിലവിൽ ജില്ലകളിൽ ആർ.കെ.എൽ.എസ്. സബ്സിഡിക്കായി അനുവദിച്ച തുകയിൽനിന്ന് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയിലെ ദേവികുളം നിയോജകമണ്ഡലത്തിലെ ശ്രീമതി ബഷീറാ ബീവി (മീമനാൽ വീട്, അടിമാലി) സമർപ്പിച്ച നിവേദനത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഇടുക്കി ജില്ലയിലെ ദേവികുളം നിയോജകമണ്ഡലത്തിലെ ശ്രീമതി ബഷീറ ബീവി സമർപ്പിച്ച നിവേദനത്തിന്റെയടിസ്ഥാനത്തിൽ ജില്ലയിലെ ആർ.കെ.എൽ.എസ്. സബ്സിഡിക്കായി നൽകിയ തുകയിൽനിന്ന് ശ്രീമതി ബഷീറ ബീവിയുടെ അയൽക്കൂട്ടമായ അനുപമ

അയൽക്കൂട്ടത്തിന് സബ്സിഡി തുക അനുവദിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒഴിവുകൾ**

351 (2357) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽപ്പെട്ട കോട്ടക്കൽ, വളാഞ്ചേരി നഗരസഭകളിലും മാറാക്കര, പൊന്മള, എടയൂർ, കുറ്റിപ്പുറം, ഇരിമ്പിളിയം എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജീവനക്കാരില്ലാതെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതെല്ലാമാണ്; വിശദാംശം നൽകാമോ?

അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത തസ്തികകളിൽ അടിയന്തരമായി നിയമനം നടത്താൻ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നിയമനം നടത്തേണ്ട എൻട്രി കേഡർ തസ്തികകളിൽ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ നിയമന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശിപാർശ ലഭിക്കുന്നമുറയ്ക്ക് നിയമന ഉത്തരവ് നൽകി നികത്തുന്നതാണ്. മറ്റ് ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേനയോ സ്ഥലംമാറ്റം മുഖേനയോ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ജീവനക്കാരുടെ കുറവ് കോട്ടക്കൽ നഗരസഭയിലെ ദൈനംദിന പ്രവർത്തനങ്ങളെയും സേവന പ്രവർത്തനങ്ങളെയും പദ്ധതി പ്രവർത്തനങ്ങളെയും ഏറെ സാരമായി ബാധിക്കുന്നത് കണക്കിലെടുത്ത് നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അടക്കം നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനും മതിയായ ജീവനക്കാരെ നിയമിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിക്കുന്നതാണ്.

**ഞാറക്കൽ ഗ്രാമപഞ്ചായത്തിലെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി**

352 (2358) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) ഒരു കോടി പത്ത് ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കി വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഞാറക്കൽ ഗ്രാമപഞ്ചായത്തിൽ

നടപ്പാക്കുന്ന ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ചെലവ് ഉൾപ്പെടെ 1,12,00,000/- രൂപ അടങ്കൽ തുക കണക്കാക്കി ഞാറക്കൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിക്കാവശ്യമായ തുക കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ വൈപ്പിൻ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 46,00,000/- രൂപ അനുവദിച്ചും ടൂറിസം വകുപ്പിൽനിന്നും 50,00,000/- രൂപ അനുവദിച്ചും ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി 4,00,000/- രൂപയും ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതമായി 4,00,000/- രൂപയും ജില്ലാ പഞ്ചായത്തിന്റെ വിഹിതമായി 8,00,000/- രൂപയും വകയിരുത്തിക്കൊണ്ടും തയ്യാറാക്കിയ ഗ്രാമപഞ്ചായത്തിന്റെ 1,12,00,000/- രൂപയുടെ പ്രൊപ്പോസലിന് അംഗീകാരം നൽകുന്ന വിഷയം വിനോദ സഞ്ചാര വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത പദ്ധതിക്കായി പഞ്ചായത്ത് താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ടോയെന്നറിയിക്കാമോ?

പ്രസ്തുത പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിനായി അക്രഡിറ്റഡ് ഏജൻസികളുമായി കരാർ വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

അക്രഡിറ്റഡ് ഏജൻസികളുമായി കരാർ വച്ചിട്ടില്ല. താൽപ്പര്യപത്രം ക്ഷണിച്ചതുപ്രകാരം Centre for Environment Architecture and Human Settlement, No.148, First Floor, Sixth Cross Road, Girinagar, Kadavanthra, Cochin-20, Kerala എന്ന സ്ഥാപനം സമർപ്പിച്ച താൽപ്പര്യപത്രം അംഗീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. എന്നത്തേക്ക് സമർപ്പിക്കാൻ സാധിക്കുമെന്നും പദ്ധതി നടപ്പിലാക്കുന്നതിന് സി.ആർ.ഇസഡ്. അനുമതി

ആവശ്യമാണോയെന്നും എങ്കിൽ അനുമതി ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടിയെന്തെന്നും വിശദമാക്കാമോ?

അടിയന്തരമായി കരാറിൽ ഏർപ്പെടണമെന്നും ഡി.പി.ആർ. സമർപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത കമ്പനിക്ക് നിർദേശം നൽകിയിട്ടുണ്ട്. ടി പദ്ധതി പ്രദേശം സി.ആർ.ഇസഡ്. മേഖലയിൽ ഉൾപ്പെടുന്നതിനാൽ പദ്ധതിക്ക് കെ.സി.ഇസഡ്.എം.എയുടെ മുൻകൂർ അനുമതി ആവശ്യമാണ്.

## ത്രിതല പഞ്ചായത്ത് രാജ് -നഗരപാലികാസ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ റൂൾസ്

353 (2359) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണത്തിനുശേഷം ജീവനക്കാരുടെ പെൻഷൻ സാംഗ്ഷനിംഗ് അതോറിറ്റി ആരാണ്?

തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണത്തിനുശേഷം ജീവനക്കാരുടെ പെൻഷൻ ഏകീകരണം പൂർത്തിയായിട്ടില്ല. ആയതിനാൽ ഏകീകരണത്തിനുമുമ്പ് എപ്രകാരമാണോ അഞ്ച് മുൻവകുപ്പുകളിലെയും

പെൻഷൻ വിതരണം നടന്നിട്ടുള്ളത് അതേരീതിയാണ് ഇപ്പോഴും തുടർന്നുവരുന്നത്. ആയതുപ്രകാരം ഓരോ വകുപ്പുകളിലെയും പെൻഷൻ സാംഗ്ഷനിംഗ് അതോറിറ്റിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമവികസനം - ഗ്രാമവികസന കമ്മീഷണർ

2. പഞ്ചായത്ത് വകുപ്പ് - പഞ്ചായത്ത് ഡയറക്ടർ

3. എഞ്ചിനീയറിംഗ് വിഭാഗം - ചീഫ് എഞ്ചിനീയർ

4. ടൗൺ പ്ലാനിംഗ് വിഭാഗം - ചീഫ് ടൗൺ പ്ലാനർ

5. നഗരവികസനം - നഗരകാര്യ ഡയറക്ടർ

(ബി) പ്രസ്തുത ഏകീകരണത്തെതുടർന്ന് നഗരസഭകളിൽനിന്നും, കൂട്ടിചേർത്ത മറ്റ് വകുപ്പുകളിലേക്കും, തിരിച്ചും സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ എപ്രകാരം തയ്യാറാക്കി ആർക്കാണ് അംഗീകാരത്തിനായി ലഭ്യമാക്കേണ്ടതെന്ന് അറിയിക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഏകീകരണത്തിനുമുമ്പ് എപ്രകാരമാണോ അഞ്ച് മുൻവകുപ്പുകളിലെയും പെൻഷൻ വിതരണം നടന്നിട്ടുള്ളത് അതേ രീതിയിലാണ് ഇപ്പോഴും തുടർന്നുവരുന്നത്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഏകീകരണത്തെത്തുടർന്ന് മുനിസിപ്പൽ കോമൺസർവീസിലെ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ എപ്രകാരം നൽകണമെന്ന വിഷയത്തിൽ സർക്കാർ നയപരമായ തീരുമാനം എടുക്കുന്നതുവരെ താഴെപ്പറയുന്ന ക്രമീകരണം നടത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(a) തദ്ദേശസ്വയംഭരണ പൊതുസർവീസിൽനിന്നും വിരമിക്കുന്ന ജീവനക്കാരന്റെ വിരമിക്കൽ ആനുകൂല്യങ്ങൾ തദ്ദേശസ്വയംഭരണ പൊതുസർവീസ് രൂപീകൃതമാകുന്നതിനുമുമ്പ് ജീവനക്കാരൻ ജോലി നിർവഹിച്ചിരുന്ന സർവീസിൽനിന്നും അനുവദിക്കേണ്ടതാണ്.

(b) തദ്ദേശസ്വയംഭരണ പൊതുസർവീസ് രൂപീകൃതമാകുന്നതിനുമുമ്പ് മുനിസിപ്പൽ കോമൺസർവീസിൽ അംഗമായിരുന്ന ജീവനക്കാരൻ പൊതുസർവീസിലെ മറ്റേതെങ്കിലും സർവീസിൽ ജോലി ചെയ്താൽ അവിടെനിന്നും 15% തുക പെൻഷൻ കോൺട്രിബ്യൂഷനായി വാങ്ങി മുനിസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ അടയ്ക്കേണ്ടതാണ്. പ്രസ്തുത

നടപടിക്രമം പൂർത്തിയായശേഷം മുനിസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിൽനിന്നും ഇവർക്ക് പെൻഷൻ അനുവദിക്കാവുന്നതാണെന്നും ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ മറ്റ് ഓഫീസുകളിൽ സേവനമനുഷ്ഠിക്കുന്ന മുനിസിപ്പൽ കോമൺസർവീസ് ജീവനക്കാരുടെ NPS വിഹിതം അവർ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നുതന്നെ PRAN account-ൽ ഒടുക്കേണ്ടതുമാണ്.

(c) തദ്ദേശസ്വയംഭരണ പൊതുസർവീസ് രൂപീകൃതമാകുന്നതിനുമുമ്പ് പഞ്ചായത്ത് വകുപ്പിൽ ജോലി ചെയ്തിരുന്ന ജീവനക്കാർ മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകളിൽ ജോലി ചെയ്യുമ്പോൾ അതത് സ്ഥാപനത്തിൽനിന്നും 15% പെൻഷൻ കോൺട്രിബ്യൂഷൻ വാങ്ങി 0071-01-101-97 എന്ന ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

(സി) ഇത്തരത്തിൽ വിരമിച്ച മുൻനഗരസഭ ജീവനക്കാരായിരുന്നവരുടെ പെൻഷൻ ആനുകൂല്യങ്ങൾ കേരള മുനിസിപ്പാലിറ്റി ഡി.സി.ആർ.ജി.റൂൾസ് 1996 പ്രകാരം സെൻട്രൽ പെൻഷൻ ഫണ്ടിൽനിന്നാണോ സർക്കാരിന്റെ പൊതുവരുമാനത്തിൽനിന്നാണോ അനുവദിക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

മുനിസിപ്പൽ കോമൺ സർവീസിൽനിന്നും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ സാംഗ്ഷൻ ചെയ്യുന്നത് സെൻട്രൽ പെൻഷൻ ഫണ്ടിൽനിന്നാണ്.

(ഡി) പ്രസ്തുത ഏകീകരണത്തെത്തുടർന്ന് ത്രിതല പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും നഗരപാലികാസ്ഥാപനങ്ങളിലെ ജീവനക്കാരുടെയും പെൻഷൻ റൂൾസ് ഏകീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ?

ഇല്ല.

(ഇ) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തരനടപടി സ്വീകരിച്ച് 2024 മെയ് 31-ന് സർവീസിൽനിന്നും വിരമിച്ചവർക്ക് കാലതാമസം വരുത്താതെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുമോ?

കാലതാമസം വരുത്താതെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിലേക്കായി തദ്ദേശസ്വയംഭരണ പൊതുസർവീസിൽനിന്നും വിരമിക്കുന്ന ജീവനക്കാരന്റെ വിരമിക്കൽ ആനുകൂല്യങ്ങൾ തദ്ദേശസ്വയംഭരണ പൊതുസർവീസ് രൂപീകൃതമാകുന്നതിനുമുമ്പ് ജീവനക്കാരൻ ജോലി നിർവഹിച്ചിരുന്ന സർവീസിൽനിന്നും

അനുവദിക്കേണ്ടതാണെന്നും തദ്ദേശസ്വയംഭരണ പൊതുസർവീസ് രൂപീകൃതമാകുന്നതിനുമുമ്പ് മുനിസിപ്പൽ കോമൺസർവീസിൽ അംഗമായിരുന്ന ജീവനക്കാരൻ പൊതുസർവീസിലെ മറ്റേതെങ്കിലും സർവീസിൽ ജോലി ചെയ്താൽ അവിടെനിന്നും 15% തുക പെൻഷൻ കോൺട്രിബ്യൂഷനായി വാങ്ങി മുനിസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ അടയ്ക്കേണ്ടതാണെന്നും പ്രസ്തുത നടപടിക്രമം പൂർത്തിയായശേഷം മുനിസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിൽനിന്നും ഇവർക്ക് പെൻഷൻ അനുവദിക്കാവുന്നതാണെന്നും തദ്ദേശസ്വയംഭരണ പൊതുസർവീസ് രൂപീകൃതമാകുന്നതിനുമുമ്പ് പഞ്ചായത്ത് വകുപ്പിൽ ജോലി ചെയ്തിരുന്ന ജീവനക്കാർ മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകളിൽ ജോലി ചെയ്യുമ്പോൾ അതത് സ്ഥാപനത്തിൽനിന്നും 15% പെൻഷൻ കോൺട്രിബ്യൂഷൻ വാങ്ങി 0071-01-101-97 എന്ന ശീർഷകത്തിൽ ഒടുക്കേണ്ടതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

## കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ ഖരമാലിന്യ ശേഖരണം ആരംഭിക്കാൻ നടപടി

354 (2360) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ നിയോജകമണ്ഡലത്തിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന് ഖരമാലിന്യ ശേഖരണത്തിനായി സ്വന്തമായി സ്ഥലമുണ്ടായിട്ടും പ്രസ്തുത സ്ഥലത്ത് ഖരമാലിന്യ ശേഖരണം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പഞ്ചായത്തിൽ എം.സി.എഫ്. പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

(എ&ബി) കാഞ്ഞൂർ പഞ്ചായത്തിന് MCF പണിയുന്നതിന് ഒരു വ്യക്തി 5 സെന്റ് സ്ഥലം സൗജന്യമായി രജിസ്റ്റർ ചെയ്ത് നൽകിയിട്ടുള്ളതാണ്. ആയതിന്റെയടിസ്ഥാനത്തിൽ 2023-2024-ൽ MCF കെട്ടിട നിർമ്മാണത്തിന് പ്രോജക്ട് തയ്യാറാക്കിയിരുന്നു. എന്നാൽ പ്രസ്തുത പ്ലോട്ടിലേക്കുള്ള പ്രവേശനമാർഗ്ഗം നിലവിൽ രണ്ട് മീറ്ററും അതിൽ താഴെയുമാണ്. ഈ വഴി പ്രദേശത്ത് പുറമ്പോക്കുണ്ടോയെന്ന് അളന്ന് തിട്ടപ്പെടുത്തുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എറണാകുളം ജില്ലാ കളക്ടർക്ക്

കൊടുത്തതിന്റെയടിസ്ഥാനത്തിൽ ആലുവ താലൂക്ക് സർവെ ഓഫീസിൽനിന്ന് 2,000/- രൂപ ചെലാൻ അടയ്ക്കാൻ നിർദേശിച്ചതിനാൽ 01-11-2023-ൽ ചെലാൻ അടച്ചെങ്കിലും നാളിതുവരെ താലൂക്കിൽനിന്ന് ടി വഴി അളക്കാൻ വന്നിട്ടില്ലാത്തതാണ്. ആയതിനാൽ 2023-2024 പ്രോജക്ട് ഉപേക്ഷിക്കുകയും 2024-2025-ൽ MCF പണിയുന്നതിന് പുതിയ പ്രോജക്ട് എടുത്തിട്ടുള്ളതുമാണ്. എന്നാൽ വഴി അളന്ന് തിട്ടപ്പെടുത്തി വലിയ വാഹനങ്ങൾ കയറുന്നതിന് ആവശ്യമായ വീതി ഉണ്ടെങ്കിൽ മാത്രമേ ഈ സ്ഥലത്ത് MCF കെട്ടിടം പണിയാൻ സാധിക്കുകയുള്ളൂ. നിലവിൽ പഞ്ചായത്തിനോടുചേർന്ന് ഒരു വ്യക്തിയുടെ സ്ഥലത്ത് താൽക്കാലിക MCF പ്രവർത്തിക്കുന്നുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള ശുദ്ധജല വിതരണം**

355 (2361) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജലക്ഷാമം പരിഹരിക്കാൻ ഏതൊക്കെ ജില്ലകളിൽ എന്തൊക്കെ പദ്ധതികളാണ് അടിയന്തരമായി തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പാക്കിയത്?

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് കളക്ടർമാരുടെ അനുമതിയോടെ ടാങ്കർലോറി വഴി ശുദ്ധജല വിതരണം നടത്തിയതെന്നും ഇതിന് പ്രത്യേക ഫണ്ട് അനുവദിച്ചെങ്കിൽ എത്ര തുകയാണ് അനുവദിച്ചതെന്നും എത്ര നാൾ എത്ര ലിറ്റർ ശുദ്ധജല വിതരണം എത്ര പേർക്ക് നൽകിയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി 19.02.2024-ലെ സ.ഉ(സാധാ)നം.405/2024/LSGD പ്രകാരം ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയ്ക്ക് 31-03-2024 വരെ 6 ലക്ഷം, 12 ലക്ഷം, 17 ലക്ഷം എന്നിങ്ങനെയും 01-04-2024 മുതൽ 31-05-2024 വരെ 12 ലക്ഷം, 17 ലക്ഷം, 22 ലക്ഷം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നിങ്ങനെയും തനത്/വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് പൊതുവായി അനുമതി നൽകിയിട്ടുണ്ട്

വരൾച്ച ബാധിത പ്രദേശമായോ കുടിവെള്ളക്ഷാമമുള്ള പ്രദേശമായോ ജില്ലാ കളക്ടർ/ബന്ധപ്പെട്ട അധികാരികൾ നിശ്ചയിക്കുന്നതിനനുസരിച്ച് ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തീരുമാനമെടുത്ത് കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

ഇതിലേക്കായി പ്രത്യേക ഫണ്ട് അനുവദിച്ചിട്ടില്ല. ഓരോ പ്രദേശത്തെയും വ്യക്തികളുടെയും ആവശ്യകതയ്ക്കനുസരിച്ച് വ്യത്യസ്ത കാലയളവിലാണ് കുടിവെള്ളം വിതരണം ചെയ്യുന്നത്.

സർക്കാർ ഉത്തരവിൽ നിശ്ചയിച്ചതിൽ അധികരിച്ച തുക കുടിവെള്ള വിതരണത്തിന് ചെലവാകുന്ന നടപടി അവശ്യരേഖകളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധൂകരിച്ച നൽകി വരുന്നുണ്ട്.

(സി) ശുദ്ധജല വിതരണത്തിന് അനുമതി നൽകിയ ലോറികളിൽ ജി.പി.എസ്. ഘടിപ്പിച്ചിരുന്നോയെന്ന് പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത പരിശോധന ആരാണ് നടത്തിയത്; വ്യക്തമാക്കാമോ?

പരിശോധിച്ചിട്ടുണ്ട്. കുടിവെള്ള വിതരണം നടത്തിയ തദ്ദേശസ്ഥാപനങ്ങളിൽ തദ്ദേശസ്ഥാപന സെക്രട്ടറി, ജില്ലാ ജോയിന്റ് ഡയറക്ടർ, മോട്ടോർ വാഹന വകുപ്പ് എന്നീ തലത്തിൽ പരിശോധന നടത്തിയിട്ടുണ്ട്.

(ഡി) ശുദ്ധജല വിതരണത്തിന് അനുമതി തേടിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കളക്ടർമാർ അനുമതി നൽകാത്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അനുമതി നൽകാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ പൊതുവഴി ഉൾപ്പെടുത്താൻ നടപടി**

356 (2362) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ കാളികാവ് ബ്ലോക്കിന്റെ കൈവശത്തിൽ ഗ്രാമവികസന വകുപ്പിന്റെ ഉടമസ്ഥതയിൽ കരുവാരക്കുണ്ട് വില്ലേജിലുള്ള ബ്ലോക്ക് നം. 153 ൽ 233/1 സർവെ നമ്പറിലുള്ള 5 മീറ്റർ വീതിയിൽ 36 മീറ്റർ നീളത്തിൽ 30 വർഷത്തിൽ കൂടുതലായി 30-ൽ കൂടുതൽ കുടുംബം പൊതുവഴിയായി ഉപയോഗിക്കുന്ന റോഡ് കരുവാരക്കുണ്ട് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുൾപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇവയിൽ ഓരോ അപേക്ഷയിലും ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

ടി വിഷയത്തിൽ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഇതുവരെ താഴെപ്പറയുന്ന മൂന്ന് പേരുടെ അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

1. ശ്രീമതി സ്മിത അനിൽകുമാർ, മെമ്പർ, വാർഡ് 20, കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്
2. ശ്രീമതി വി. പി. ജസീറ, മലപ്പുറം ജില്ലാ പഞ്ചായത്ത് മെമ്പർ

3. ബഹുമാനപ്പെട്ട വണ്ടൂർ നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. എ. പി. അനിൽകുമാർ

കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വി.ഇ.ഒ. ഓഫീസ് നിലനിന്നിരുന്ന വസ്തുവിൽക്കൂടി വഴിക്കായി സ്ഥലം ഏറ്റെടുക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. വർഷങ്ങളായി പൊതുവഴിയായി ജനങ്ങൾ ഉപയോഗിക്കുന്ന ഈ വഴി ടി വസ്തു കയ്യേറി നിർമ്മിച്ചിട്ടുള്ളതാണെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 01-10-2022-ലെ സി-4459/2016(2) നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച വിഷയം ബ്ലോക്ക് പഞ്ചായത്തിന്റെ പരിഗണനയിലായതിനാൽ ആയത് കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിക്കുന്നമുറയ്ക്ക് ആസ്തിയിലുൾപ്പെടുത്താൻ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത് ഭരണസമിതി 07-11-2022-ലെ 9(1) നമ്പർ ആയി മേൽ അപേക്ഷകളുടെയും അടിസ്ഥാനത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) പുന്നക്കാട് ടൗൺ വി.ഇ.ഒ. പടി പാടം റോഡിന്റെ തുടക്കം 36 മീറ്റർ നീളം പ്രസ്തുത വഴി ആയതിനാലും 30 കുടുംബങ്ങൾ ഗ്രാമപഞ്ചായത്ത്

സ്റ്റേഡിയം, സർക്കാർ ആയുർവേദ ഡിസ്പെൻസറി, പുതുതായി ആരംഭിക്കുന്ന സഹകരണ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി എന്നിവിടങ്ങളിലേയ്ക്കുള്ള ഏകമാർഗ്ഗം പ്രസ്തുത പൊതുവഴി ആയതിനാലും ഇവ നിലനിർത്തി പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താനാവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുമോ; വിശദമാക്കാമോ?

ടി റോഡിനെ സംസ്ഥാന പാതയുമായി ബന്ധിപ്പിക്കുന്ന, ഗ്രാമവികസന വകപ്പിന്റ ഉടമസ്ഥതയിലുള്ളതും കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ളതുമായ ഭാഗം ഒഴിവാക്കിക്കൊണ്ട് കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട മൂന്ന് മീറ്റർ വീതിയും 250 മീറ്റർ നീളവുമുള്ള പുന്നക്കാട് - പാടം പാത്ത്‌വേ-യുടെ (ഐ.ഡി നമ്പർ 190610050000000502) വികസന പ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടത്തിയിട്ടുള്ളതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽപ്പെട്ട ഭാഗം പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട അധികാരികളിൽനിന്നും ഗ്രാമപഞ്ചായത്തിന് കൈമാറി നിർദേശം ലഭിക്കുന്നമുറയ്ക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന്

വിധേയമായും ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**കോതമംഗലം – നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിലെ ലൈഫ് ഫ്ലാറ്റ് സമുച്ചയം**

357 (2363) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം-നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ലൈഫ്ഫ്ലാറ്റ് സമുച്ചയവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലെ സാഹചര്യം വ്യക്തമാക്കുമോ;

(ബി) സാങ്കേതിക തടസ്സങ്ങൾ നീക്കി ഫ്ലാറ്റ് സമുച്ചയങ്ങളുടെ നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന ഭവനസമുച്ചയത്തിന്റെ നിർമ്മാണ നിർവഹണം നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് മുഖേനയാണ്. ഭവനസമുച്ചയ നിർമ്മാണത്തിനായി ഗവൺമെന്റ് അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ

ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ പഞ്ചായത്ത് തിരഞ്ഞെടുത്തിട്ടുണ്ട്. സാങ്കേതിക അനുമതി ലഭ്യമാക്കി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

**എടച്ചേരി രജിസ്ട്രേഷൻ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി അനുവദിക്കൽ**

358 (2364) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എടച്ചേരി രജിസ്ട്രേഷൻ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പഞ്ചായത്ത് വകുപ്പിൽനിന്നും ഭൂമി അനുവദിക്കുന്നതിന് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമി അനുവദിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ-സി) കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്ത് കൈവശമുള്ള 10 സെന്റ് ഭൂമി എടച്ചേരി സബ്‌രജിസ്ട്രാർ ഓഫീസ് നിർമ്മാണത്തിനായി കൈമാറുന്നത് സംബന്ധിച്ച് റൂറൽ ഡയറക്ടറിൽനിന്നും ലഭ്യമായ പ്രൊപ്പോസൽ RC1/53/2019/LSGD നമ്പരായി തുടർനടപടി സ്വീകരിക്കുകയും റവന്യൂ/നിയമ വകുപ്പുകളിൽനിന്നും അഭിപ്രായം തേടുകയും ചെയ്തിരുന്നു. എന്നാൽ ടി ഭൂമി പഞ്ചായത്ത് എപ്രകാരം ആർജിച്ചതാണെന്നത് സംബന്ധിച്ചും അതോടൊപ്പം ഭൂമി പതിച്ചുകൊടുക്കുന്നതിനായി സർക്കാരിലേക്ക് പുനർനിക്ഷിപ്തമാക്കുന്നതിന് കരട് വിജ്ഞാപനവും ലഭ്യമാക്കാൻ RE3/94/2022/LSGD നമ്പർ കത്ത് മുഖേന റൂറൽ ഡയറക്ടർ/പ്രിൻസിപ്പൽ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് അടിയന്തരമായി ലഭ്യമാക്കി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

**പഞ്ചായത്ത് ലേർണിംഗ് സെന്റർ**

359 (2365) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ലേർണിംഗ് സെന്റർ എന്ന പേരിൽ ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ചിട്ടുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കാര്യശേഷി വികസനത്തിൽ വളരെ പ്രധാനപ്പെട്ട പങ്കാണ് അനുഭവങ്ങൾ കൈമാറുന്ന പ്രക്രിയ. വളരെ നല്ലനിലയിൽ പ്രവർത്തനങ്ങൾ കാഴ്ചവച്ചിട്ടുള്ള പഞ്ചായത്തുകൾ എങ്ങനെയാണ് നേട്ടങ്ങൾ കൈവരിച്ചതെന്ന് പറയുന്നത് മറ്റ് പഞ്ചായത്തുകൾക്ക് പല പരിശീലനങ്ങളെക്കാളും ഫലം ചെയ്യുമെന്നതിനാൽ നല്ല നിലയിൽ പ്രവർത്തനങ്ങൾ കാഴ്ചവച്ചിട്ടുള്ള പഞ്ചായത്തുകളെ താൽപ്പര്യമുള്ളപക്ഷം "പഞ്ചായത്ത് ലേണിംഗ് സെന്റർ" എന്ന തലത്തിലേക്ക് അവതരിപ്പിച്ചുകൊണ്ട് മറ്റ് പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നൽകാനുള്ള പദ്ധതിയാണ് പഞ്ചായത്ത് ലേണിംഗ് സെന്റർ. 70 പഞ്ചായത്തുകളെ ഇപ്രകാരം തിരഞ്ഞെടുത്തതിൽ ആദ്യം പരിശീലനം സംഘടിപ്പിക്കാൻ മുന്നോട്ടുവന്ന 19 ഗ്രാമപഞ്ചായത്തുകളിൽ 2024 ജനവരി മുതൽ ഫെബ്രുവരി വരെ ഒരു ബാച്ച് വീതം പരിശീലനം സംഘടിപ്പിച്ചിട്ടുണ്ട്. അതത്

ഗ്രാമപഞ്ചായത്തുകളിൽതന്നെ നടക്കുന്ന ദ്വിദിന റസിഡൻഷ്യൽ പരിശീലനത്തിന്റെ സംഘാടനം, അക്കാദമിക കാര്യങ്ങൾ, മൊഡ്യൂൾ, ഫീൽഡ് വിസിറ്റ് മുതലായവ ആ ഗ്രാമപഞ്ചായത്തുതന്നെ സംഘാടക സമിതി രൂപീകരിച്ച് നടപ്പിലാക്കുന്നു.

(ബി) പ്രതീക്ഷിച്ച നേട്ടം ഇതിലൂടെ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ?

ഉണ്ട്. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച് വിവിധ ദേശീയ സംസ്ഥാന അംഗീകാരങ്ങൾ ലഭിച്ച പഞ്ചായത്തുകളിൽ പഞ്ചായത്ത് ലേർണിംഗ് സെന്റർ ആരംഭിക്കുന്നതുവഴി മറ്റ് പഞ്ചായത്തുകൾക്ക് അനുഭവം പങ്കുവയ്ക്കാനും മികച്ച മാതൃകകൾ നേരിട്ടുകണ്ട് മനസ്സിലാക്കി അവരവരുടെ സ്ഥാപനങ്ങളിലെ പദ്ധതികളിലുൾപ്പെടുത്തുന്നതിനും സാധിച്ചു.

(സി) കൂടുതൽ ഗ്രാമപഞ്ചായത്തുകളിലേക്ക് പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്. ഈ സാമ്പത്തിക വർഷം 250 ഗ്രാമപഞ്ചായത്തുകളിലേക്കുകൂടി ടി പദ്ധതി നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**മാവേലിക്കര നിയോജകമണ്ഡലത്തിൽ ആധുനിക പൊതുശ്മശാനം**

360 (2366) <u>ശ്രീ. എം. എസ്. അരുൺ കുമാർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയ മാവേലിക്കര നിയോജകമണ്ഡലത്തിൽ ആധുനിക പൊതുശ്മശാനം എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

(എ-സി) ആലപ്പുഴ ജില്ലയിലെ മാവേലിക്കര മണ്ഡലത്തിലെ മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്തിലെ ആധുനിക പൊതുശ്മശാനം എന്ന പ്രവൃത്തി ടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 80 സെന്റ് സ്ഥലത്താണ് നടപ്പിലാക്കേണ്ടത്. ആധുനിക ശ്മശാനത്തിന്റെ ബിൽഡിംഗ് ലേഔട്ട്, പ്ലാൻ എന്നിവ തയ്യാറാക്കി തെക്കേക്കര ഗ്രാമപഞ്ചായത്തിൽ

സമർപ്പിക്കുകയും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിക്കായി പ്രാരംഭനടപടി സ്വീകരിച്ചതുമാണ്. എന്നാൽ എഫ്.എസ്.റ്റി.പി.-യുമായി ബന്ധപ്പെട്ട് 01-06-2024-ൽ അംഗീകരിച്ച ഫൈനൽ ഡി.പി.ആർ. പ്രകാരം നിലവിൽ തയ്യാറാക്കിയിരുന്ന ആധുനിക ശ്മശാനത്തിന്റെ ഫൈനൽ ബിൽഡിംഗ് ലേഔട്ടിൽ മാറ്റം വരുത്തേണ്ടതായി വന്നു. ടി തിരുത്തലുകൾ ഉൾക്കൊള്ളിച്ച് പുതുക്കിയ ബിൽഡിംഗ് ലേഔട്ട്, പ്ലാൻ എന്നിവ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് മെയിന്റനൻസ് ഗ്രാന്റ്**

361 (2367) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് 2023-24 വാർഷിക പദ്ധതിയിൽ ബജറ്റ് വിഹിതമായി മെയിന്റനൻസ് ഗ്രാന്റ് (റോഡ് ഇതരം) ഇനത്തിൽ ലഭിച്ച തുക വർധിപ്പിച്ചുനൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

2023-24 വർഷം കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് മെയിന്റനൻസ് ഗ്രാന്റ് (റോഡ് ഇതരം) ഇനത്തിൽ അനുവദിച്ച ആകെ തുക എത്രയാണ്; ഈ തുക നിശ്ചയിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സംരക്ഷണ ഫണ്ട് നിർണ്ണയിക്കുന്നതിനുള്ള ആസ്തി സംബന്ധിച്ച വിഷയങ്ങൾ തീർപ്പാക്കുന്നതിന് കൂടുന്ന എംപവേർഡ് കമ്മിറ്റിയുടെ അടുത്ത യോഗത്തിലെ അജണ്ടയിൽ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് റോഡ് ഇതര സംരക്ഷണ ഫണ്ട് വർധിപ്പിക്കുന്നതുസംബന്ധിച്ച വിഷയം ഉൾപ്പെടുത്താൻ സംസ്ഥാന ആസൂത്രണ ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് റോഡ് ഇതര സംരക്ഷണ ഫണ്ടായി 51,000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഒന്നാം റിപ്പോർട്ടിന്റെ സപ്ലിമെന്റിൽ പ്രാദേശിക സർക്കാരുകൾക്കുള്ള റോഡ് ഇതര സംരക്ഷണ ഫണ്ടിന്റെ വിതരണം അനുബന്ധം 1.4-ൽ വിശദീകരിച്ചിട്ടുള്ള തരത്തിൽ 2023-24 സാമ്പത്തിക വർഷം വിതരണം ചെയ്യണമെന്ന് സർക്കാർ

തീരുമാനിച്ചതിന്റെയടിസ്ഥാനത്തിലാണ് ടി തുക വിതരണം ചെയ്തിരിക്കുന്നത്.

(ബി) കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് 2024-25 വാർഷിക പദ്ധതിയിൽ ബജറ്റ് വിഹിതമായി മെയിന്റനൻസ് ഗ്രാന്റ് (റോഡ് ഇതരം) ഇനത്തിൽ വകയിരുത്തിയ തുക എത്രയാണ്; പ്രസ്തുത തുക നിശ്ചയിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണ് വ്യക്തമാക്കാമോ?

2024-25 സാമ്പത്തിക വർഷം കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് റോഡ് ഇതര സംരക്ഷണ ഫണ്ടായി 57,000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം റോഡ് ഇതര സംരക്ഷണ ഫണ്ട് കണക്കാക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ട വിവിധ സ്ഥാപനങ്ങളുടെ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം സംബന്ധിച്ച വെയിറ്റേജ്, കാലപ്പഴക്കത്തിന് അനുവദിച്ചിട്ടുള്ള അധിക വെയിറ്റേജ്, ഉപഭോക്താക്കളുടെ കാര്യത്തിലുള്ള വെയിറ്റേജ് എന്നിവപ്രകാരം തയ്യാറാക്കിയ ഡാറ്റ പ്രകാരമുള്ള അനുപാതത്തിലാണ് തുക വകയിരുത്തിയിട്ടുള്ളത്.

(സി) മലപ്പുറം ജില്ലയിലെ മറ്റ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷം മെയിന്റനൻസ് ഗ്രാന്റ് (റോഡ് ഇതരം) ഇനത്തിൽ ലഭിച്ച തുക എത്രയാണ്; പ്രസ്തുത തുക നൽകുന്നതിന്റെ നിബന്ധനകൾ എന്തെല്ലാമാണ് വ്യക്തമാക്കാമോ?

മലപ്പുറം ഗ്രാമപഞ്ചായത്തിലെ മറ്റ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് മേൽപ്പറഞ്ഞ നിബന്ധനപ്രകാരം തന്നെയാണ് റോഡ് ഇതര സംരക്ഷണ ഫണ്ട് വകയിരുത്തിയിട്ടുള്ളത്.

| | 2022-23 | 2023-24 |
|---|---|---|
| നിലമ്പൂർ | 11452000 | 11312000 |
| കാളിക്കാവ് | 11044000 | 17650000 |
| വണ്ടൂർ | 8918000 | 20956000 |
| അരിക്കോട് | 9627000 | 35580000 |
| മലപ്പുറം | 7695000 | 3082000 |
| പെരിന്തൽമണ്ണ | 10628000 | 4688000 |
| മങ്കട | 6883000 | 7291000 |
| കുറ്റിപ്പുറം | 8833000 | 17573000 |
| വേങ്ങര | 7744000 | 8349000 |
| തിരൂരങ്ങാടി | 10409000 | 7096000 |
| താനൂർ | 10098000 | 25837000 |
| തിരൂർ | 8103000 | 19737000 |

| | | |
|---|---|---|
| പൊന്നാനി | 4109000 | 15486000 |
| പെരുമ്പടപ്പ് | 5406000 | 3600000 |

**പഞ്ചായത്തുകളുടെ ബജറ്റ് വിഹിതം**

362 (2368) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

കുന്നത്തുനാട് മണ്ഡലത്തിലെ പഞ്ചായത്തുകൾക്ക് 2023-24 സാമ്പത്തിക വർഷം പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ വിവിധ ഹെഡുകളിൽ ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; ആയതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്ന വിവരം പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിലെ പഞ്ചായത്തുകൾക്ക് 2023-24 സാമ്പത്തിക വർഷം പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ വിവിധ ഹെഡുകളിൽ ലഭിച്ച തുകയും നാളിതുവരെ ചെലവഴിച്ച തുകയുടെയും വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കൈപ്പമംഗലം മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

363 (2369) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ ഗ്രാമീണ റോഡുകളിൽ മെച്ചപ്പെട്ടവ, പോരായ്മകളുള്ളവ എന്നിങ്ങനെ പഞ്ചായത്ത് തിരിച്ച് തരംതിരിച്ച് നൽകാമോ;

(ബി) പ്രസ്തുത ഗ്രാമീണ റോഡുകളുടെ നിലവിലെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

(എ&ബി) വിവരങ്ങൾ ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

**ഹരിത കർമ്മസേന**

364 (2370) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തിൽ ഹരിത കർമ്മസേന മുഖേന ശേഖരിച്ച മാലിന്യങ്ങളുടെ കണക്ക് ലഭ്യമാക്കാമോ; ഇതിലൂടെ എത്ര കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ?

2023-24 സാമ്പത്തിക വർഷത്തിൽ ഹരിതകർമ്മസേന മുഖേന 47548 മെട്രിക് ടൺ മാലിന്യം ശേഖരിച്ചിട്ടുണ്ട്. ഇതിലൂടെ 290 കോടി രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്.

(ബി) കോങ്ങാട് നിയോജകമണ്ഡലത്തിൽ എത്ര ഹരിത കർമ്മസേനാംഗങ്ങളുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

കോങ്ങാട് മണ്ഡലത്തിൽ ഗ്രാമപഞ്ചായത്ത് തിരിച്ച് ഹരിതകർമ്മസേന അംഗങ്ങളുടെ എണ്ണം ചുവടെചേർക്കുന്നു.

| ഗ്രാമപഞ്ചായത്ത് | ഹരിതകർമ്മസേന അംഗങ്ങളുടെ എണ്ണം |
|---|---|
| കാഞ്ഞിരപ്പുഴ | 38 |
| കാരാകുറിശ്ശി | 31 |
| തച്ചമ്പാറ | 26 |
| കരിമ്പ | 34 |
| കേരളശ്ശേരി | 16 |
| കോങ്ങാട് | 36 |
| മങ്കര | 28 |
| മണ്ണൂർ | 25 |
| പറളി | 38 |

**പാക്യോയി പാലം നിർമ്മാണം**

365 (2371) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ പ്രളയത്തിൽ ഒലിച്ചുപോയ വാണിമേൽ, നരിപ്പറ്റ ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാക്വോയി പാലത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പാക്വോയി പാലം നിർമ്മാണത്തിലെ മൂന്ന് സ്പാനുകളിൽ രണ്ട് സ്പാനുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും മൂന്നാമത്തെ സ്പാനിന്റെ സ്ലാബിന്റെ നിർമ്മാണം അവസാനഘട്ടത്തിലുമാണ്. വാണിമേൽ, നരിപ്പറ്റ ഭാഗങ്ങളിൽ അപ്രോച്ച് റോഡ് നിർമ്മാണം പൂർത്തീകരിച്ച് പാക്വോയി പാലം 31-12-2024-ൽത്തന്നെ ഗതാഗതയോഗ്യമാക്കുന്നതാണ്.

**2020 മുതൽ 2023 വരെ ജനിച്ച പെൺകുട്ടികളുടെ വിവരം**

366 (2372) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിൽ ആറ് പഞ്ചായത്തുകളിലായി 2020 മുതൽ 2023 വരെ പെൺകുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യപ്പെട്ട വിവരം പഞ്ചായത്ത്, വർഷം എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

| **ഗ്രാമപഞ്ചായത്തിന്റെ പേര്** | **2020** | **2021** | **2022** | **2023** |
|---|---|---|---|---|
| കാട്ടാക്കട ഗ്രാമപഞ്ചായത്ത് | 314 | 405 | 368 | 384 |
| മലയിൻകീഴ് ഗ്രാമപഞ്ചായത്ത് | 0 | 0 | 0 | 1 |
| മാറനല്ലൂർ ഗ്രാമപഞ്ചായത്ത് | 0 | 0 | 0 | 0 |
| പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് | 7 | 14 | 14 | 3 |
| വിളപ്പിൽ ഗ്രാമപഞ്ചായത്ത് | 1 | 0 | 2 | 1 |
| വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് | 0 | 1 | 2 | 0 |

## കുറ്റ്യാടി നിയോജകമണ്ഡലത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഒഴിവുകൾ

367 (2373) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിലെയും രണ്ട് ബ്ലോക്ക് പഞ്ചായത്തുകളിലെയും എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിലനിൽക്കുന്ന ഒഴിവുകൾ സംബന്ധിച്ച വിശദാംശം നൽകാമോ;

| ക്രമ നം | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | ഓവർസിയർ ഗ്രേഡ് 2 | ഓവർസിയർ ഗ്രേഡ് I | അസിസ്റ്റന്റ് എഞ്ചിനീയർ |
|---|---|---|---|---|
| 1 | തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 1 | | |
| 2 | കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് | 1 | | 1 |
| 3 | ആയഞ്ചേരി ഗ്രാമപഞ്ചായത്ത് | | | 1 |
| 4 | കുറ്റ്യാടി ഗ്രാമപഞ്ചായത്ത് | 1 | | |
| 5 | വെള്ളോം ഗ്രാമപഞ്ചായത്ത് | | 1 | 1 |

(ബി) പ്രസ്തുത ഒഴിവുകൾ കാരണം ത്രിതല പഞ്ചായത്തുകളുടെ പദ്ധതികൾ, എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, ഫ്ലഡ് ഫണ്ട്, മറ്റു വിവിധ സ്കീമുകളിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾ എന്നിവയുടെ നിർവഹണത്തെ കാര്യമായി ബാധിക്കുന്നതിനാലും നിരവധി കെട്ടിട നിർമ്മാണ അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് തടസ്സം

നേരിടുന്നതിനാലും പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

മേൽ തസ്തികകളിലെ ഒഴിവുകൾ പി. എസ്.സി.-യിൽനിന്ന് നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്കോ, സ്ഥാനക്കയറ്റം മുഖേനയോ, സ്ഥലം മാറ്റം മുഖേനയോ നികത്തുന്നതാണ്.

**മുനിസിപ്പൽ കോമൺ സർവീസിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ**

368 (2374) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ പൊതുസർവീസിൽ മുനിസിപ്പൽ കോമൺ സർവീസിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് മുനിസിപ്പൽ കോമൺസർവീസ് സ്റ്റാഫ് യൂണിയൻ എൽ.എസ്.ജി.ഡി-ഇ.ആർ.എ 2/53/2023/എൽ.എസ്.ജി.ഡി. നമ്പരായി നൽകിയ നിവേദനത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ആയതിന്റെ ഫയൽ നോട്ടുകളുടെയും കറന്റ് ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ പൊതുസർവീസിൽ മുനിസിപ്പൽ കോമൺ സർവീസിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് മുനിസിപ്പൽ കോമൺസർവീസ് സ്റ്റാഫ് യൂണിയൻ സമർപ്പിച്ച നിവേദനം LSGD-ERA2/53/2023-LSGD നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു. ടി നിവേദനത്തിലെ ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമുള്ള വിഷയങ്ങളിൽ LSGD-ERA2/53/2023-LSGD-Part(1) നമ്പർ ഫയലിൽ നടപടി സ്വീകരിക്കുകയും ആയതിൽ ടി വകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കിയിട്ടുമുണ്ട്. നയപരമായ തീരുമാനം ആവശ്യമുള്ള വിഷയങ്ങളിൽ തുടർനടപടി സ്വീകരിച്ചുവരികയാണ്. പ്രസ്തുത ഫയലുകളുടെ നോട്ട് ഫയലിന്റെയും കറന്റ് ഫയലിന്റെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

**ചാവക്കാട് നഗരസഭയിലെ പുതിയ കെട്ടിട നിർമ്മാണം**

369 (2375) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2023-24 ബജറ്റിൽ അനുവദിച്ച ചാവക്കാട് നഗരസഭ ഓഫീസിനുള്ള പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഇതുവരെ തദ്ദേശസ്വയംഭരണ വകുപ്പ് ഭരണാനുമതി നൽകിയിട്ടില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കെട്ടിട നിർമ്മാണ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) ചാവക്കാട് നഗരസഭ ഓഫീസിനുള്ള കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറോട് അധികവിവരങ്ങൾ ആരാഞ്ഞിരിക്കുകയാണ്. ആയത് അടിയന്തരമായി ലഭ്യമാക്കി പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ലൈഫ് മിഷൻ പദ്ധതി പ്രകാരം കോറോത്ത്**
**അനുവദിച്ച ഫ്ലാറ്റ് സമുച്ചയം**

370 (2376) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷന്റെ കീഴിൽ പയ്യന്നൂർ നഗരസഭയിലെ കോറോത്ത് അനുവദിച്ച ഫ്ലാറ്റ് സമുച്ചയം പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

പയ്യന്നൂർ നഗരസഭയിൽ നാല് നിലകളിലായി 44 യൂണിറ്റുകൾ അടങ്ങിയ ഭവനസമുച്ചയത്തിന്റെ അടിസ്ഥാന നിർമ്മാണം ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഫ്ലാറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

കരാർ തുകയിൽ വർധനവ് ആവശ്യപ്പെട്ട് ടി പദ്ധതിയുടെ നിർമ്മാണം കരാറുകാരൻ നിർത്തിവച്ചിരിക്കുകയാണ്. ഈ വിഷയത്തിൽ കരാറുകാരന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്.

(സി) സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ പരിഗണനയിലുണ്ടോ; അറിയിക്കാമോ?

കോവിഡ്-19 മഹാമാരി നിയന്ത്രണങ്ങൾമൂലം ഭവനസമുച്ചയ നിർമ്മാണം തടസ്സപ്പെടുകയുണ്ടായി. ഈ കാലയളവിൽ ഇരുമ്പിന്റെ കമ്പോള വിലയിലുണ്ടായ വർധനവുകാരണം കരാർ ഉടമ്പടി പ്രകാരമുള്ള തുകയിൽ പൂർത്തീകരിക്കാൻ സാധിക്കുകയില്ലെന്നും ആയതിനാൽ കരാർ തുകയിൽ വർധനവ് നൽകണമെന്നും ആവശ്യപ്പെട്ട് കരാറുകാരനും ഇതേ ടെക്നോളജി ഉപയോഗിച്ച് നിർമ്മാണ കരാർ ഏറ്റെടുത്തിട്ടുള്ള മറ്റ് കരാറുകാരും അപേക്ഷ സമർപ്പിച്ചിരുന്നു. ഈ വിഷയം പരിശോധിക്കുന്നതിന് നിയോഗിച്ച സാങ്കേതിക സമിതിയുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

**കണ്ണൂർ കോർപ്പറേഷൻ പരിധിയിൽ മിനി**
**മാസ്റ്റ്ലൈറ്റ് സ്ഥാപിക്കൽ**

371 (2377) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് എം.എൽ.എ.-യുടെ പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ച് കണ്ണൂർ കോർപ്പറേഷൻ പരിധിയിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

പള്ളിക്കുന്ന് പാലം ജംഗ്ഷൻ, ഡിവിഷൻ നം.13 പുല്ലൂപ്പി ലക്ഷംവീട് കോളനി എന്നിവിടങ്ങളിൽ കണ്ണൂർ നഗരസഭയുടെ കൗൺസിൽ തീരുമാനപ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്നമുറയ്ക്ക് ഏറ്റെടുത്ത് വൈദ്യുതി ചാർജ്ജ് അടവാക്കുന്നതാണെന്നും അഞ്ചുവർഷ വാറന്റി കാലാവധിക്കുശേഷമുള്ള തുടർപരിപാലന ചെലവുകൾ ഏറ്റെടുക്കുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തെ അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് കോർപ്പറേഷന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ;

<u>അനുമതി ലഭിച്ചവ</u>

1. പള്ളിക്കുന്ന് പാലം ജംഗ്ഷൻ

2. ഡിവിഷൻ നം.13 പുല്ലൂപ്പി ലക്ഷം വീട് കോളനി

<u>അനുമതി ലഭിക്കാത്തവ</u>

1. കണ്ണൂർ കോർപ്പറേഷൻ കക്കാട് അരയാൽത്തറ, അത്താഴക്കുന്ന് ശ്മശാനം

(പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം 12-08-2022-ലെ നം.15 പ്രകാരം പ്രസ്തുത സ്ഥലത്ത് മിനിമാസ്റ്റ് ലൈറ്റ് ആവശ്യമില്ലായെന്നും പകരം കോർപ്പറേഷന്റെ 2022-23 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.)

2. മണൽ പള്ളിയാംമൂല പ്രിൻസ് ബേക്കറിക്ക് സമീപം

(എം.പി.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ഹൈ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി നടക്കുന്നതിനാൽ പ്രസ്തുത സ്ഥലത്ത് മിനി മാസ്റ്റ് ലൈറ്റ് ആവശ്യമില്ലായെന്ന് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കൗൺസിലിനെ അറിയിച്ചതിന്റെയടിസ്ഥാനത്തിൽ പള്ളിക്കുന്ന് പാലം ജംഗ്ഷൻ, ഡിവിഷൻ നം.13 പുല്ലൂപ്പി ലക്ഷം വീട് കോളനി എന്നിവിടങ്ങളിൽ മാത്രം മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് കണ്ണൂർ കോർപ്പറേഷൻ കൗൺസിൽ തീരുമാനം 17-06-2023-ൽ നമ്പർ 24, പ്രകാരം അനുമതി നൽകിയിട്ടുണ്ട്.)

3. പൊടിക്കുണ്ട് നെടുവപ്പൻ വയൽ

(പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി പ്രകാരം 16-03-2024-ന് പ്രസ്തുത പ്രവൃത്തി മാറ്റിവയ്ക്കുന്നതിന് തീരുമാനിച്ചു.)

4. കൊറ്റാളി പി.എച്ച്.സി.

(പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി 16-03-2024-ലെ തീരുമാനപ്രകാരം പ്രസ്തുത പ്രവൃത്തി മാറ്റിവയ്ക്കുന്നതിന് തീരുമാനിച്ചു.)

(സി) മണൽ പള്ളിയാംമൂലയിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ?

മണൽ പള്ളിയാംമൂല 4-ാം റോഡ് ജംഗ്ഷനിൽ എം.പി. ലാഡ്സ് 2019-20 പ്രകാരം 27-10-2022-ലെ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെയടിസ്ഥാനത്തിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനും ശേഷം ഇലക്ട്രിസിറ്റി ചാർജ്ജ് അടവാക്കുന്നതിനും വാറന്റി കാലാവധിക്കുശേഷമുള്ള തുടർപരിപാലനത്തിനും അറ്റകുറ്റപ്പണിക്കും സമ്മതമാണെന്നും ഡെപ്യൂട്ടി മാനേജർ കെൽട്രോൺ ലൈറ്റിംഗ് ഡിവിഷൻ കോഴിക്കോടിനെ അറിയിച്ചിട്ടുണ്ട്.)

(ഡി) കൊറ്റാളിയിൽ മിനി മാസ്റ്റ്ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

കണ്ണൂർ കോർപ്പറേഷൻ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി 16-03-2024-ലെ തീരുമാനപ്രകാരം പ്രസ്തുത പ്രവൃത്തി മാറ്റിവയ്ക്കുന്നതിന് തീരുമാനിച്ചു.

**കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ**

372 (2378) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കോർപ്പറേഷൻ പരിധിയിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഏതൊക്കെ കുളങ്ങളുടെയും ക്ഷേത്ര കുളങ്ങളുടെയും നവീകരണ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് കോർപ്പറേഷന്റെ അനുമതി ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) കണ്ണൂർ കോർപ്പറേഷൻ പരിധിയിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് ചാലാട് ശ്രീധർമ്മ ശാസ്താക്ഷേത്ര കുളത്തിന്റെ നിർമ്മാണം ആരംഭിക്കാനുള്ള പരിശോധന നടത്തിവരുന്നു. ടി കുളം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള വാട്ടർ ഷെയറിംഗ് എഗ്രിമെന്റ് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥലത്ത് സാമാന്യം വലിയ കുളമാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നതിനാൽ നിലവിൽ നിർദേശിച്ച തുക അപര്യാപ്തമാണെന്ന സാഹചര്യത്തിൽ തുടർന്ന് അനുമതി ലഭ്യമാകുന്നമുറയ്ക്ക് കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ അംഗീകാരത്തോടെ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ശ്രീ. ഗോപാലകൃഷ്ണക്കുറുപ്പിന്റെ വാർദ്ധക്യകാല പെൻഷൻ**

373 (2379) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയിൽനിന്നും വാർദ്ധക്യകാല പെൻഷൻ വാങ്ങുന്ന ഗോപാലകൃഷ്ണക്കുറുപ്പിന് (പെൻഷൻ ഐ.ഡി. നമ്പർ 101670229681) പെൻഷൻ തുക പൂർണ്ണമായും ലഭ്യമാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

സേവന പെൻഷൻ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ശ്രീ. ഗോപാലകൃഷ്ണക്കുറുപ്പിന് 2015 ഒക്ടോബർ മുതൽ അനുവദിച്ച വാർദ്ധക്യകാല പെൻഷൻ 2017 ഏപ്രിൽ വരെ പൂർണ്ണനിരക്കിൽ ലഭിച്ചിരുന്നതായും, 01-06-2016 മുതൽ കർഷക ക്ഷേമപെൻഷൻ അനുവദിച്ചതായും കാണുന്നു. 06-02-2017-ലെ സ.ഉ. (എം.എസ്) നം. 67/2017/ധന നമ്പർ ഉത്തരവിലെ ഖണ്ഡിക 2(i) പ്രകാരം 06-02-2017-ന് മുമ്പ് സാമൂഹ്യ സുരക്ഷാപെൻഷനും, ബോർഡ് പെൻഷനും വാങ്ങിവരുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ 600/-രൂപ നിരക്കിലും, ബോർഡ് പെൻഷൻ പൂർണ്ണനിരക്കിലും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുമെന്ന നിർദേശപ്രകാരം കർഷക പെൻഷനുമായി ആധാർ ലിങ്ക് ചെയ്തതിന്റെയടിസ്ഥാനത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ 2017 മേയ് മാസം മുതൽ 2023 നവംബർ വരെ 600/- രൂപ നിരക്കിൽ ലഭിച്ചിട്ടുണ്ട്. 06-04-2024-ന് കർഷക ക്ഷേമ പെൻഷൻ റദ്ദ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തീയതിക്കുശേഷം വിതരണം ചെയ്ത 2023

ഡിസംബറിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ 1,600/- രൂപാ നിരക്കിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ടിയാന് ഏത് മാസംവരെ വാർധക്യകാല പെൻഷൻ നൽകിയിട്ടുണ്ടെന്നും എത്ര തുകയാണ് നൽകുന്നതെന്നും വ്യക്തമാക്കുമോ?

ഒക്ടോബർ 2015 മുതൽ ഏപ്രിൽ 2017 വരെ സാമൂഹ്യ സുരക്ഷാ പെൻഷൻ പൂർണ്ണനിരക്കിലും മേയ് 2017 മുതൽ നവംബർ 2023 വരെ 600/- രൂപ നിരക്കിലും ഡിസംബർ 2023-ൽ പൂർണ്ണനിരക്കിലും (1,600 രൂപ) നൽകിയിട്ടുണ്ട്.

(സി) പെൻഷൻ ഐ.ഡി. നമ്പർ 2220012396 പ്രകാരമുള്ള കർഷക ക്ഷേമ പെൻഷൻ റദ്ദ് ചെയ്യുന്നതിനായി അപേക്ഷ നൽകിയിരുന്ന ടിയാന്റെ കർഷകക്ഷേമ പെൻഷൻ റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ റദ്ദ് ചെയ്തുവെന്നും പ്രസ്തുത പെൻഷൻ ഏത് മാസംവരെ നൽകിയെന്നും വ്യക്തമാക്കുമോ?

കർഷകക്ഷേമ പെൻഷൻ 06-04-2024-ന് റദ്ദ് ചെയ്തിട്ടുണ്ട്. പ്രസ്തുത പെൻഷൻ സെപ്റ്റംബർ 2023 വരെ നൽകിയിട്ടുണ്ട്.

(ഡി) കർഷകക്ഷേമ പെൻഷൻ റദ്ദ് ചെയ്തിട്ടുണ്ടെങ്കിൽ സാമൂഹ്യക്ഷേമ പെൻഷൻ ഏത് മാസം മുതൽ പൂർണ്ണമായും അനുവദിക്കുമെന്ന് വ്യക്തമാക്കുമോ?

06-04-2024-ന് ടിയാന്റെ കർഷകക്ഷേമ പെൻഷൻ റദ്ദ് ചെയ്തശേഷം 2024 മെയ് മാസത്തിൽ വിതരണം ചെയ്ത ഡിസംബർ 2023-ലെ സാമൂഹ്യക്ഷേമ പെൻഷൻ പൂർണ്ണനിരക്കിൽ (1,600 രൂപ) നൽകിയിട്ടുണ്ട്.

**കോട്ടക്കൽ നഗരസഭ മാർക്കറ്റ് ആധുനികവൽക്കരണം**

374 (2380) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ നഗരസഭ മാർക്കറ്റ് ആധുനികവൽക്കരണം എന്ന പ്രവൃത്തിയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് ഇംപാക്ട് കേരളയുടെ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ; പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

(എ-സി) നഗരസഭയിൽനിന്നും ലഭ്യമാക്കിയ ഡി.പി.ആർ. ഇംപാക്ട് കേരള മുഖേന കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതും ആയതിന്റെ FS ലഭ്യമായിട്ടുള്ളതുമാണ്. കിഫ്ബിയുടെ design review പൂർത്തീകരിച്ച് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്നും Design review finalise ചെയ്താൽ structural drawings എഞ്ചിനീയറിംഗ് കോളേജിൽ സമർപ്പിച്ച് സൂക്ഷ്മ പരിശോധന നടത്താവുന്നതും അതോടൊപ്പം എസ്റ്റിമേറ്റ് പുതുക്കി സാങ്കേതികാനുമതി നൽകുന്നതിനും സാധിക്കുന്നതാണ്. സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തിയാക്കിയാലുടൻതന്നെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതാണ്.

**കൊല്ലം നഗരത്തിലെ തട്ടുകടകളുടെ പ്രവർത്തനം**

375 (2381) <u>ശ്രീ. എം. നൗഷാദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നഗരത്തിലെ തട്ടുകടകൾ വൃത്തിഹീനമായ സാഹചര്യത്തിലാണ് പ്രവർത്തിക്കുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) ചില തട്ടുകടകളിൽ ഭക്ഷണം പാചകം ചെയ്യാൻ ഗുണനിലവാരം കുറഞ്ഞ സാധനങ്ങളാണ് ഉപയോഗിക്കുന്നതെന്നത് കോർപ്പറേഷന്റെ ആരോഗ്യവിഭാഗം നടത്തിയ പരിശോധനകളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊല്ലം നഗരത്തിലെ ഏതാനും ചില തട്ടുകടകൾ വൃത്തിഹീനമായ സാഹചര്യത്തിലാണ് പ്രവർത്തിക്കുന്നതെന്ന് പരാതി ലഭിച്ചിട്ടുള്ളതിന്റെയടിസ്ഥാനത്തിലും ദൈനംദിന പരിശോധനകളുടെ ഭാഗമായും കൊല്ലം നഗരപരിധിയിൽ പ്രവർത്തിക്കുന്ന തട്ടുകടകളിൽ ഭക്ഷ്യസുരക്ഷാ എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധനകൾ നടത്തുകയും

തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ തട്ടുകടകൾ കേന്ദ്രീകരിച്ച് ഈവനിംഗ് സ്ക്വാഡ്, സ്പെഷ്യൽ ഡ്രൈവുകൾ, ഉത്സവങ്ങൾ എന്നിവയുമായെല്ലാം ബന്ധപ്പെട്ട് പരിശോധനകൾ നടത്തി വരുന്നുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 151 തട്ടുകടകളിൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. ഗുരുതര ന്യൂനതകൾ കണ്ടെത്തിയ 12 തട്ടുകടകളുടെ പ്രവർത്തനം അടിയന്തരമായി നിർത്തിവയ്പിക്കുകയും മറ്റ് ന്യൂനതകൾ കണ്ടെത്തിയ 28 തട്ടുകടകൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. കൊല്ലം പൂരം, രാത്രികാല പരിശോധന എന്നിവയുടെ ഭാഗമായി വിവിധ തട്ടുകടകളിൽനിന്ന് 20 സർവ്വയിലൻസ് സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം അനലിസ്റ്റ്സ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നഗരത്തിലെ ചില തട്ടുകടകൾ മലിനജലം ഒഴുക്കുകയും മാലിന്യ നിക്ഷേപം നടത്തുകയും ചെയ്യുന്നതും വൃത്തിഹീനമായ രീതിയിൽ പ്രവർത്തിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിൽ നിയമപ്രകാരമുള്ള നടപടികൾ കൊല്ലം കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്. ടി

തട്ടുകടകൾക്ക് ന്യൂനതകൾ പരിഹരിക്കുന്നതുസംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ഉചിതമായ രീതിയിൽ പിഴ ഈടാക്കിയിട്ടുള്ളതും പ്രശ്നപരിഹാരത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾക്ക് ഭക്ഷ്യസുരക്ഷാ വകുപ്പിന് യഥാസമയം നിർദേശം നൽകിയിട്ടുണ്ട്.

(സി) ഒട്ടേറെ തട്ടുകടകൾ ലൈസൻസ് എടുക്കുന്നതിനുപകരം രജിസ്ട്രേഷൻ മാത്രം എടുത്ത് പ്രവർത്തിക്കുന്നതായി പരിശോധനകളിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തട്ടുകടകൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സ്ട്രീറ്റ് വെൻഡർ ആക്റ്റ് കൊല്ലം നഗരസഭയിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. തെരുവ് കച്ചവടക്കാർക്ക് പ്രത്യേക വെന്റിംഗ് സോൺ ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് തെരുവ് കച്ചവടക്കാർക്ക് ലൈസൻസ് നൽകുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. രജിസ്ട്രേഷൻ എടുത്ത് പ്രവർത്തിക്കുന്ന ലൈസൻസ് പരിധിയിൽ വരുന്ന തട്ടുകടകൾ

പരിശോധനയിൽ കണ്ടെത്തുന്നപക്ഷം നോട്ടീസ് നൽകി ലൈസൻസിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ട്രിഡയുടെ ശാക്തീകരണം**

376 (2382) ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)-യിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം സാധ്യമാകുന്ന തസ്തികകളുടെ വിശദാംശം ലഭ്യമാക്കുമോ?

തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)-യിൽ സ്റ്റാഫ് പാറ്റേൺ പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതിനാൽ ട്രിഡയുടെ സ്റ്റാഫ് പാറ്റേൺ പുനർനിർണ്ണയിക്കുന്നതുവരെ തൽക്കാലം അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തുന്ന കാര്യം പരിഗണനയിലില്ല.

(ബി) ട്രിഡയെ ശാക്തീകരിക്കുന്നതിനുള്ള പദ്ധതി പരിഗണനയിൽ ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) മറ്റ് പദ്ധതികളുടെ എസ്.പി.വി. എന്ന നിലയിൽ പ്രവർത്തിക്കുന്നതിനുതകുന്ന തരത്തിലുള്ള പുതിയ തസ്തികകൾ ട്രിഡയിൽ അനുവദിക്കുന്ന വിഷയം പരിഗണനയിൽ ഉണ്ടോയെന്ന് അറിയിക്കാമോ?

(ബി&സി) തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

**അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി**

377 (2383) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

വിലയിരുത്തിയിട്ടുണ്ട്. സ്വന്തം അവകാശങ്ങൾക്കുവേണ്ടി ശബ്ദം ഉയർത്താൻപോലും ശേഷിയില്ലാതെ, പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെ അതിദാരിദ്ര്യം അനുഭവിക്കുന്നവരെ കണ്ടെത്തി അഞ്ചുവർഷംകൊണ്ട് അവരുടെ അതിദാരിദ്ര്യം ഇല്ലാതാക്കുകയെന്ന ലക്ഷ്യത്തോടെ നിലവിലെ സർക്കാരിന്റെ ആദ്യ ക്യാബിനറ്റ്

തീരുമാനപ്രകാരം ആരംഭിച്ചതാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. ഭക്ഷണം മാത്രം, ആരോഗ്യം മാത്രം, ഭക്ഷണവും ആരോഗ്യവും മാത്രം എന്നീ മൂന്ന് വിഭാഗങ്ങളിലായി ക്ലേശം അനുഭവിച്ചിരുന്ന 26649 കുടുംബങ്ങളും ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട് ആനുകൂല്യങ്ങൾ ലഭിക്കുന്ന 2080 കുടുംബങ്ങളും (ആകെ 28725) മറ്റ് ക്ലേശഘടകങ്ങൾമൂലം ബുദ്ധിമുട്ട് അനുഭവിച്ചിരുന്ന കുടുംബങ്ങളും ഉൾപ്പെടെ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ആകെ കണ്ടെത്തിയതിൽ 47.89% കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽനിന്ന് മുക്തരാക്കിയതായി 2023 നവംബർ ഒന്നിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചു. 2024 നവംബർ ഒന്നിന് മുമ്പ് മറ്റ് ക്ലേശഘടകങ്ങൾമൂലം ബുദ്ധിമുട്ടുന്ന കുടുംബങ്ങൾക്ക് ആവശ്യമുള്ള സേവനങ്ങൾ നൽകി അതിദാരിദ്ര്യത്തിൽനിന്ന് മോചിപ്പിക്കപ്പെടുന്നവരുടെ കണക്ക് 90% ആക്കി വർധിപ്പിക്കുന്നതിനും, 2025 നവംബർ ഒന്നിന് മുമ്പ് സംസ്ഥാനത്തെ സമ്പൂർണ്ണ അതിദാരിദ്ര്യമുക്തമാക്കുകയും ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ബി) സംസ്ഥാനത്ത് 2016-ലും നിലവിലും ഉള്ള അതിദരിദ്രരുടെ എണ്ണത്തിൽവന്ന വ്യത്യാസം എത്ര ശതമാനമാണെന്നറിയിക്കുമോ?

മുൻ വർഷങ്ങളിൽ നടന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ വിവിധ കാരണങ്ങളാൽ ഒഴിവാക്കപ്പെട്ടവരിൽ അതിദാരിദ്ര്യംമൂലം ക്ലേശങ്ങൾ അനുഭവിക്കുന്ന കുടുംബങ്ങളെയും വ്യക്തികളെയും തിരിച്ചറിയുന്നതിനായി സംസ്ഥാനത്ത് അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള നിർണ്ണയ പ്രക്രിയ 2021 ജൂലൈ മാസത്തിൽ ആരംഭിക്കുകയും 2022 ഫെബ്രുവരി മാസത്തിൽ നിർണ്ണയ പ്രക്രിയ അവസാനിക്കുകയുമാണുണ്ടായത്. ഇതിലൂടെ സംസ്ഥാനത്ത് 64006 അതിദരിദ്ര കുടുംബങ്ങളിലായി 103099 വ്യക്തികളെ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ആദ്യഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി അകെ കണ്ടെത്തിയതിൽ 47.89% (30658) കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്നും മുക്തരാക്കിയതായി 2023 നവംബർ ഒന്നിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചു. 2024 നവംബർ ഒന്നിന് മുൻപ് 90% കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്നും മുക്തരാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അതിദരിദ്രരെ കണ്ടെത്തുന്നതിന് നടത്തിയ സർവെയിൽനിന്നും ലഭിച്ച വിവരങ്ങൾ സൂക്ഷ്മവിശകലനം നടത്തി തയ്യാറാക്കിയ പട്ടികയിലെ വിശദാംശം ലഭ്യമാക്കുമോ?

അതിദരിദ്രരെ കണ്ടെത്തുന്നതിന് നടത്തിയ സർവെയിൽനിന്നും ലഭിച്ച വിവരങ്ങൾ സൂക്ഷ്മവിശകലനം നടത്തി തയ്യാറാക്കിയ പട്ടിക പ്രകാരം സംസ്ഥാനത്ത് 1032 തദ്ദേശസ്ഥാപനങ്ങളിലായി ആകെ 64006 കുടുംബങ്ങളിൽപ്പെട്ട 103099 വ്യക്തികളെ കണ്ടെത്തി.

- ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നീ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ കുടുംബങ്ങളെ കണ്ടെത്തിയത്.
- ഇങ്ങനെ കണ്ടെത്തിയ കുടുംബങ്ങളെ അതിദരിദ്രാവസ്ഥയിൽനിന്ന് പുറത്തുകൊണ്ട് വരുന്നതിനായി, ഓരോ കുടുംബത്തിന്റെയും അവസ്ഥ മനസ്സിലാക്കി, അവരുടെകൂടി അഭിപ്രായം കണക്കിലെടുത്ത് പ്രത്യേകം മൈക്രോപ്ലാനുകളും അവ ക്രോഡീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഉപപദ്ധതികളും തയ്യാറാക്കി.

- 'അവകാശം അതിവേഗം' യജ്ഞത്തിന്റെ ഭാഗമായി ആധാർ കാർഡ്, റേഷൻ കാർഡ്, ഭിന്നശേഷിക്കാർക്കായുള്ള യു.ഡി.ഐ.ഡി. കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ് മുതലായ അവകാശ രേഖകളും, ആരോഗ്യ ഇൻഷുറൻസ്, സാമൂഹ്യ സുരക്ഷ പെൻഷൻ മുതലായ അടിയന്തരസേവനങ്ങളും ലഭ്യമാകാതെയിരുന്ന 21263 കുടുംബങ്ങൾക്ക് ആയവ ലഭ്യമാക്കി.
- ആകെ കണ്ടെത്തിയ അതിദരിദ്രർ - 64006
- മൈക്രോപ്ലാൻ തയ്യാറാക്കിയത് –56821
- 2023 നവംബർ 1 വരെ അതിദാരിദ്ര്യത്തിൽനിന്ന് മുക്തരായത്- 30658
- 2024 മേയ് 14 വരെ അതിദാരിദ്ര്യത്തിൽനിന്ന് മുക്തരായത് – 30923
- സംസ്ഥാനത്ത് ആകെ കണ്ടെത്തിയ 64006 അതിദരിദ്ര കുടുംബങ്ങളിൽ 30658 കുടുംബങ്ങളെ (47.89%) 2023 നവംബർ 1-ന് മുമ്പ് അതിദാരിദ്ര്യത്തിൽനിന്ന് മുക്തരാക്കിയതായി 'കേരളീയം' പരിപാടിയിൽ വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചു.

(ഡി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ സംസ്ഥാനത്ത് കണ്ടെത്തിയ കുടുംബങ്ങളെ അതിദരിദ്രാവസ്ഥയിൽനിന്ന് പുറത്തുകൊണ്ട് വരുന്നതിനായി, ഓരോ കുടുംബത്തിന്റെയും അവസ്ഥ മനസ്സിലാക്കി, അവരുടെകൂടി അഭിപ്രായം കണക്കിലെടുത്ത് പ്രത്യേകം മൈക്രോപ്ലാനുകളും അവ ക്രോഡീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഉപപദ്ധതികളും തയ്യാറാക്കി. 'അവകാശം അതിവേഗം' യജ്ഞത്തിന്റെ ഭാഗമായി ആധാർ കാർഡ്, റേഷൻ കാർഡ്, ഭിന്നശേഷിക്കാർക്കായുള്ള യു.ഡി.ഐ.ഡി കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ് മുതലായ അവകാശ രേഖകളും, ആരോഗ്യ ഇൻഷ്വറൻസ്, സാമൂഹ്യ സുരക്ഷ പെൻഷൻ മുതലായ അടിയന്തര സേവനങ്ങളും ലഭ്യമാകാതെയിരുന്ന 21263 കുടുംബങ്ങൾക്ക് ആയവ ലഭ്യമാക്കി. പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ ഒരു കുടുംബത്തിന് അത്യന്താപേക്ഷിതമായ ഭക്ഷണവും ചികിത്സയും ഉറപ്പ് വരുത്തുന്നതിനാണ് സർക്കാർ പ്രഥമ പരിഗണന നൽകിയത്.

അത്തരത്തിൽ, സംസ്ഥാനത്ത് ആകെ കണ്ടെത്തിയ 64006 അതിദരിദ്ര കുടുംബങ്ങളിൽ 30658 കുടുംബങ്ങളെ (47.89%) 2023 നവംബർ ഒന്നിന് മുമ്പ് അതിദാരിദ്ര്യത്തിൽനിന്ന് മുക്തരാക്കിയതായി 'കേരളീയം' പരിപാടിയിൽ വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചു. 2024 നവംബർ ഒന്നിന് മുമ്പ് ക്ലേശഘടകങ്ങൾമൂലം ബുദ്ധിമുട്ടുന്ന കുടുംബങ്ങൾക്ക് ആവശ്യമുള്ള സേവനങ്ങൾ നൽകി അതിദാരിദ്ര്യത്തിൽനിന്ന് മോചിപ്പിക്കപ്പെടുന്നവരുടെ കണക്ക് 90% ആക്കി വർധിപ്പിക്കുന്നതിനും 2025 നവംബർ ഒന്നിന് മുമ്പ് സംസ്ഥാനത്തെ സമ്പൂർണ്ണ അതിദാരിദ്ര്യമുക്തമാക്കുകയും ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്.

## ഉണർവ് പദ്ധതി

378 (2384) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ നടപ്പിലാക്കുന്ന ഉണർവ് പദ്ധതി വിശദമാക്കാമോ?

വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽത്തന്നെ വിദ്യാർഥികളെ ലഹരി ഉപയോഗിക്കുന്നതിൽനിന്നും പിൻതിരിപ്പിക്കുന്നതിനും സ്കൂളുകളിൽ 'ഉണർവ്' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പഠനം കഴിഞ്ഞുള്ള ഒഴിവ് സമയങ്ങളിൽ വിദ്യാർഥികളുടെ ശ്രദ്ധ മറ്റ് അനഭിലഷണീയ പ്രവണതകളിലേക്ക് പോകാതെ കായികപരമായും കലാപരമായുമുള്ള കഴിവുകളെ പരിപോഷിപ്പിക്കുന്നതിനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ പദ്ധതിയിൽ കലാ-കായിക പരിശീലനത്തിനുള്ള അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുകയും കലാ-കായിക ഉപകരണങ്ങൾ വിതരണം നടത്തുകയും ചെയ്യുന്നു.

(ബി) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്?

സംസ്ഥാനത്ത് ആകെ 30 സ്കൂളുകളിൽ 'ഉണർവ്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഓരോ സ്കൂളിനും എത്ര രൂപയാണ് ഉണർവ് പദ്ധതിയിൽ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തിരഞ്ഞെടുത്ത സ്കൂളിന്റെ പ്രൊപ്പോസൽ പരിശോധിച്ച് പരമാവധി അഞ്ച് ലക്ഷം രൂപ വരെയാണ് ഓരോ സ്കൂളിനും അനുവദിക്കുന്നത്.

**ലഹരി ഉപയോഗത്തിനെതിരെയുള്ള ജാഗ്രതാ നടപടികൾ**

379 (2385) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കുമരുന്നുൾപ്പെടെയുള്ള ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നവരുടെയും അവ വിതരണം ചെയ്യുന്നവരുടെയും എണ്ണം ക്രമാതീതമായി വർധിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

എക്സൈസ് വകുപ്പ് നടത്തിവരുന്ന ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി പിടിച്ചെടുക്കുന്ന മയക്കുമരുന്നുകളുടെയും, കണ്ടെടുക്കുന്ന എൻ.ഡി.പി.എസ്. കേസുകളുടെയും എണ്ണം ക്രമാതീതമായി വർധിക്കുന്നുണ്ട്. ആയതിൽനിന്നും സംസ്ഥാനത്ത് മയക്കുമരുന്ന് ഉൾപ്പെടെയുള്ള ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും വിതരണവും വർധിച്ചുവരുന്നതായി അനുമാനിക്കാവുന്നതാണ്.

(ബി) നിലവിലെ ബോധവൽക്കരണ ജാഗ്രതാ നടപടികൾ ഫലപ്രദമല്ലെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല. മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ടാണ് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി'-ക്ക് രൂപം നൽകിയിട്ടുള്ളത്. വിമുക്തി മിഷൻ മുഖേന എക്സൈസ് വകുപ്പ്, മറ്റ് സർക്കാർ വകുപ്പുകൾ, പൊതുജനങ്ങൾ, സന്നദ്ധ സംഘടനകൾ, യുവജന സംഘടനകൾ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെ സംസ്ഥാന വ്യാപകമായി ശക്തമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഈ

പ്രവർത്തനങ്ങളിലെ പൊതുജനപങ്കാളിത്തം തെളിയിക്കുന്നത് സർക്കാരിന്റെ ബോധവൽക്കരണ ജാഗ്രതാ പ്രവർത്തനങ്ങൾ ഫലപ്രദമാണെന്നാണ്.

(സി) മയക്കുമരുന്ന് വിതരണക്കാരുടെ ഉറവിടം കണ്ടെത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

മയക്കുമരുന്ന് വിതരണക്കാരുടെ ഉറവിടം കണ്ടെത്തുന്നതിന് കേസിന്റെ അന്വേഷണ വേളയിൽ പ്രതികളുടെ ഫോൺ നമ്പരിന്റെ ടവർ ലൊക്കേഷൻ, കോൾ ഡേറ്റാ റിക്കോർഡ്സ്, ബാങ്ക് ഇടപാടുകൾ, വാഹനത്തിന്റെ ട്രിപ്ഷീറ്റ്, ജി.പി.എസ്. തുടങ്ങിയ വിവരങ്ങൾ ശേഖരിച്ച് പ്രതികളുടെ ലഹരി ഇടപാടുകൾ സംബന്ധിച്ചും മയക്കുമരുന്നിന്റെ ഉറവിടം സംബന്ധിച്ചും അന്വേഷണം നടത്തി വരുന്നുണ്ട്. വാട്സ്ആപ്പ്, ഫെയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയ, ഡാർക്ക് വെബ് പോലുള്ള ഓൺലൈൻ സൈറ്റുകൾ മുഖേന രാസലഹരി ഉൾപ്പെടെയുള്ള മയക്കുമരുന്നുകൾ കൈമാറ്റം ചെയ്യുന്നത് കണ്ടെത്തുന്നതിന് എക്സൈസ് സൈബർ സെൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കൊറിയർ സർവീസ് വഴിയുള്ള ലഹരിക്കടത്ത്

തടയുന്നതിനായി ഇത്തരം സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നിരന്തര നിരീക്ഷണവും പരിശോധനകളും നടത്തുന്നുണ്ട്. ആധുനിക വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് സംശയിക്കപ്പെടുന്ന വ്യക്തികളുടെ യാത്രാവിവരങ്ങൾ ശേഖരിച്ചും സാമ്പത്തിക ഇടപാടുകൾ പരിശോധിച്ചും ഫോൺ വിവരങ്ങളും ടവർ ലൊക്കേഷനും ശേഖരിച്ച് അന്വേഷണം നടത്തിയും കേസുകളിൽ കൂടുതൽപേർ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് അറിയുന്നതിനും കണ്ടെത്തുന്നതിനും എക്സൈസ് ഐ.ടി.സെൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അന്തർസംസ്ഥാന ബന്ധമുള്ള കേസുകൾ എക്സൈസ് ക്രൈംബ്രാഞ്ചിന് കൈമാറി അന്വേഷണം വ്യാപിപ്പിക്കാറുണ്ട്. സംസ്ഥാന അതിർത്തി ചെക്ക്പോസ്റ്റുകളിലും ചെക്ക് പോസ്റ്റുകൂടാതെയുള്ള റോഡുകളിലും ശക്തമായ പരിശോധനകൾ നടത്തിവരുന്നുണ്ട്. മയക്കുമരുന്നിന്റെ ഉപയോഗവും വിതരണവും തടയുന്നതിനുവേണ്ടി എക്സൈസ് വകുപ്പ്, പോലീസ്, food and safety, ഡ്രഗ്സ് കൺട്രോൾ, ഹെൽത്ത്, വനം, റവന്യൂ, റെയിൽവേ, പൊലീസ് തുടങ്ങിയ വകുപ്പുകളുമായി സംയുക്ത റെയ്ഡുകളും പരിശോധനകളും നടത്തിവരുകയും ഫീൽഡ് ഓഫീസുകളിൽ

24 മണിക്കൂറും പ്രവർത്തിക്കുന്ന striking force ടീമുകളും ഹൈവേ പട്രോൾ ടീമും പട്രോളിംഗ് നടത്തുകയും സംശയമുള്ള വ്യക്തികളെപ്പറ്റി എക്സൈസ് വകുപ്പിനെ വിവരം അറിയിക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളിലും ഫോൺ നമ്പർ നൽകുകയും ചെയ്തിട്ടുണ്ട്.

**(ഡി) നിരന്തരം മയക്കുമരുന്ന് കേസ്സുകളിൽ പ്രതികളാകുന്നവരെ നിരീക്ഷിക്കാനും വീണ്ടും കുറ്റകൃത്യം ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്താനും നടപടി സ്വീകരിക്കുമോ?**

എൻ.ഡി.പി.എസ്. ആക്റ്റിലെ ഏതെങ്കിലും വകുപ്പ് പ്രകാരം കുറ്റം ചെയ്തതിനോ കുറ്റം ചെയ്യാൻ സഹായിച്ചതിനോ കുറ്റം ചെയ്യുന്നതിനുവേണ്ടി ഗൂഢാലോചന നടത്തിയതിനോ ഏതെങ്കിലും ഒരു കോടതി ശിക്ഷിച്ച കുറ്റവാളി, മേൽപ്രകാരമുള്ള കുറ്റം ആവർത്തിക്കുകയാണെങ്കിൽ ആ കുറ്റവാളിക്ക് അധിക ശിക്ഷ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എൻ.ഡി.പി.എസ്. ആക്റ്റ് പ്രകാരമുള്ള കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെടുന്ന കുറ്റവാളികളെ ബഹുമാനപ്പെട്ട കോടതികളിൽ മേൽക്കുറ്റം ആവർത്തിക്കുകയില്ലെന്ന് മൂന്ന് വർഷത്തിലധികം വരാത്ത കാലയളവിലേക്ക്

എൻ.ഡി.പി.എസ്. ആക്റ്റ് 34 വകുപ്പ് പ്രകാരം ബോണ്ട് വയ്പ്പിക്കുന്നതിനും വീണ്ടും മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യം ആവർത്തിച്ചാൽ അധിക ശിക്ഷ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. എൻ.ഡി.പി.എസ്. ആക്റ്റ് പ്രകാരം അനധികൃതമായി മയക്കുമരുന്ന് സംബന്ധിച്ച കുറ്റകൃത്യത്തിൽ ആവർത്തിച്ച് ഏർപ്പെടുന്ന ഏതൊരു വ്യക്തിയെയും പരമാവധി 2 വർഷം വരെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിന് PIT NDPS Act പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മയക്കുമരുന്ന് ഇടപാടുകളിലൂടെ സമ്പാദിച്ച അനധികൃത സ്വത്ത് എൻ.ഡി.പി.എസ്. ആക്റ്റ് പ്രകാരം കണ്ടുകെട്ടുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

**സംസ്ഥാന അതിർത്തി കടന്നുള്ള ലഹരി വരവ്**

380 (2386) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഞ്ചാവിന്റെയും മയക്കുമരുന്നിന്റെയും വ്യാപനത്തിനെതിരെയും അതിർത്തി സംസ്ഥാനങ്ങളിൽനിന്നും ഇവ കടത്തിക്കൊണ്ട്

വരുന്നതിനെതിരെയും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കഞ്ചാവിന്റെയും മയക്കുമരുന്നിന്റെയും വ്യാപനത്തിനെതിരെയും അതിർത്തി സംസ്ഥാനങ്ങളിൽനിന്നും ഇവ കടത്തിക്കൊണ്ട് വരുന്നതിനെതിരെയും ബന്ധപ്പെട്ട പ്രദേശങ്ങളിലെ പൊതുജനങ്ങളുടെ സഹായത്തോടെയും, എക്സൈസ് വകുപ്പ് സ്വന്തമായും, പൊലീസ് തുടങ്ങിയ മറ്റ് സർക്കാർ സംവിധാനങ്ങളുടെ സഹകരണത്തോടെയും ഫലപ്രദവും ശക്തവുമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. പരിശോധനകളും റെയ്ഡുകളും നടത്തുന്നതിനായി ജില്ലകളിൽ സ്ട്രൈക്കിംഗ് ഫോഴ്സ്, ഹൈവേ പട്രോളിംഗ് ടീമുകൾ, ബോർഡർ പട്രോളിംഗ് ടീമുകൾ, ജില്ലാ സ്ക്വാഡുകൾ, റെയ്ഞ്ച് ഓഫീസുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. ബസ് സ്റ്റേഷനുകൾ, റെയിൽവേ സ്റ്റേഷനുകൾ, അന്തർസംസ്ഥാന ബസ്സുകൾ എന്നിവിടങ്ങളിലും പരിശോധനകൾ നടത്തിവരുന്നു. ഇത്തരത്തിൽ പരിശോധനകൾ നടത്തി വരുന്നതിനോടൊപ്പം, മുൻകാല പ്രതികളുടെ വിശദവിവരങ്ങൾ അടങ്ങിയ ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കി ടിയാൻമാരുടെ

നിലവിലെ പ്രവർത്തനം നിരന്തരം നിരീക്ഷണം നടത്തി വരുന്നു. ബോർഡർ പട്രോൾ ടീം ചെക്ക്പോസ്റ്റുകളിലും ചെക്ക്പോസ്റ്റ് കൂടാതെയുള്ള അതിർത്തി റോഡുകളിൽ കെമു (കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്) തിരുവനന്തപുരം, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലും ശക്തമായി പരിശോധനകൾ നടത്തിവരുന്നുണ്ട്. അപ്രതീക്ഷിത ദിവസങ്ങളിലും, അവധി ദിവസങ്ങളിലും, അപ്രതീക്ഷിത സമയങ്ങളിൽ ജില്ലയിലെ എല്ലാ ഓഫീസുകളും ഏകോപിപ്പിച്ച് കോമ്പിംഗ് ഓപ്പറേഷൻ നടത്തിവരുന്നുണ്ട്. എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ സംസ്ഥാന തലത്തിൽ ഒരു പ്രത്യേക സ്ക്വാഡും (SEES) ഇതിനായി പ്രവർത്തിക്കുന്നുണ്ട്.

**ബാർ ഹോട്ടലുകൾ**

381 (2387) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എത്ര ബാർ ഹോട്ടലുകൾ നിലവിലുണ്ട്; 7 സ്റ്റാർ, 5 സ്റ്റാർ, 4 സ്റ്റാർ, 3 സ്റ്റാർ, 2 സ്റ്റാർ പദവികൾ തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

2017 മുതൽ 2024 മെയ് 31 വരെ എത്ര ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകിയിട്ടുണ്ടെന്നതിന്റെ കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ?

സംസ്ഥാനത്ത് 802 ബാർ ഹോട്ടലുകൾ നിലവിലുണ്ട്. അവയുടെ സ്റ്റാർ ക്ലാസിഫിക്കേഷൻ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.+ 2017 മുതൽ 2024 മേയ് 31 വരെ സംസ്ഥാനത്ത് 302 ഹോട്ടലുകൾക്ക് പുതിയ ബാർ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.+

**എക്സൈസ് വകുപ്പിന്റെ ശാക്തീകരണം**

382 (2388) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ സമീപകാലത്ത് നടന്ന ടെമ്പററി പ്രൊമോഷനുകൾ റെഗുലറൈസ് ചെയ്യുന്നതിനുള്ള നടപടികൾ എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസർ മുതൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ വരെയുള്ള തസ്തികകളിലെ സീനിയോറിറ്റി ലിസ്റ്റ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിവിധ കോടതി വ്യവഹാരങ്ങൾമൂലം പ്രസിദ്ധീകരിക്കാൻ സാധിക്കാത്തതിനാൽ പ്രസ്തുത തസ്തികകളിൽ സർക്കാർ അനുമതിയോടെ താൽക്കാലിക സ്ഥാനക്കയറ്റമാണ് നൽകിവരുന്നത്. ടി കോടതി വ്യവഹാരങ്ങൾ തീർപ്പാക്കുന്നമുറയ്ക്ക് സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും താൽക്കാലിക സ്ഥാനക്കയറ്റം ക്രമീകരിക്കുകയും ചെയ്യുന്നതാണ്.

(ബി) മയക്കമരുന്ന് ഉപയോഗവും വിൽപ്പനയും വ്യാപകമായ സാഹചര്യത്തിൽ ഇതിനെതിരെയുള്ള ഇന്റലിജൻസ് വിവരശേഖരണത്തിനായി ജില്ലാതലത്തിൽ എക്സൈസ് ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തുമോ?

എക്സൈസ് വകുപ്പിൽ ജില്ലാതല ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി 14 സർക്കിൾ ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്നതിനായി എക്സൈസ് കമ്മീഷണർ സമർപ്പിച്ച ശിപാർശ പരിശോധിക്കുകയും 14 സർക്കിൾ ഇൻസ്പെക്ടർ തസ്തിക ഇപ്പോൾ

അനുവദിക്കാനാവില്ലെന്ന വിവരം എക്സൈസ് കമ്മീഷണറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) മയക്കുമരുന്ന് കേസുകൾ വർധിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത കേസുകളിൽ പഴുതടച്ചുള്ള അന്വേഷണം നടത്തുന്നതിനും പ്രതികൾക്ക് അർഹമായ ശിക്ഷ വാങ്ങി നൽകുന്നതിനുമായി മയക്കുമരുന്ന് കേസുകൾ അന്വേഷിക്കാൻ നിലവിലുള്ള ക്രൈംബ്രാഞ്ച് ജില്ലാതലത്തിൽ രൂപീകരിക്കുമോ?

എക്സൈസ് വകുപ്പിൽ രൂപീകരിച്ച ക്രൈംബ്രാഞ്ച് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനായി പതിനാല് ജില്ലകളിലായി 14 ജില്ലാതല എക്സൈസ് ക്രൈംബ്രാഞ്ച് യൂണിറ്റുകൾ രൂപീകരിക്കുന്നതിനായി എക്സൈസ് കമ്മീഷണർ സമർപ്പിച്ച ശിപാർശ പരിശോധിക്കുകയും ആയത് ഇപ്പോൾ പരിഗണിക്കാൻ കഴിയുകയില്ലെന്ന് എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുള്ളതുമാണ്.

## കള്ള് വ്യവസായ മേഖലയിലെ പ്രതിസന്ധി

383 (2389) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ള് വ്യവസായമേഖല വലിയ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ നമ്മുടെ പരമ്പരാഗത തൊഴിൽമേഖല എന്ന പരിഗണന നൽകി കള്ള് വ്യവസായരംഗത്തെ പുനഃരുജ്ജീവിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

കള്ള് വ്യവസായമേഖലയുടെ ഉന്നമനം ലക്ഷ്യമിട്ട് കള്ള് വ്യവസായ വികസന ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ബോർഡിന്റെ നേതൃത്വത്തിൽ കള്ള് വ്യവസായവും കള്ള് വ്യവസായവുമായി ബന്ധപ്പെട്ട തൊഴിലാളികളെയും പുനഃരുജ്ജീവിപ്പിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. കള്ള് ഷാപ്പുകളുടെ വിൽപ്പന സുതാര്യമാക്കുന്നതിനായി 2023-26 വർഷത്തേയ്ക്ക് ഓൺലൈൻ മുഖേനയുള്ള വിൽപ്പനയാണ് നടത്തിയത്. നിലവിൽ കള്ള് ഷാപ്പുകളുടെ വിൽപ്പന മൂന്ന് വർഷക്കാലത്തേക്കാണ് നടത്തുന്നത്. ഇപ്രകാരം കള്ള്ഷാപ്പുകൾ വിൽപ്പനയിൽ ലഭിക്കുന്നവർക്ക് തുടർവിൽപ്പനയിൽ

മുൻഗണന നൽകുന്നു. വിൽപ്പനയിൽ പോകാത്ത കള്ള്ഷാപ്പുകൾ തൊഴിലാളി കമ്മിറ്റികൾക്ക് റെന്റൽ കുറച്ച് ഷാപ്പിന് 500 രൂപ നിരക്കിൽ നൽകുന്നു. നിലവിൽ പ്രവർത്തിച്ചുവരുന്ന കള്ള്ഷാപ്പുകളുടെ ശോചനീയാവസ്ഥയും വൃത്തിഹീനമായ ചുറ്റുപാടുകളും അസൗകര്യങ്ങളും പരിഹരിക്കുന്നതിനായി കള്ള് ഷാപ്പുകൾക്ക് മിനിമം നിലവാരം ഉറപ്പുവരുത്തക്കവിധത്തിൽ പ്രൊഫഷണൽ സഹായത്തോടെ പൊതുവായ ഡിസൈൻ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കള്ള് കേരളത്തിന്റെ പാനീയം എന്ന നിലയിൽ പ്രോത്സാഹിപ്പിക്കുന്നതിന് 'കേരളാ ടോഡി' എന്ന പേരിൽ കേരളത്തിൽ ഉത്പാദിപ്പിക്കുന്ന കള്ള് ബ്രാൻഡ് ചെയ്യുന്നതിന് 2023-24 അബ്കാരി പോളിസിയിൽ തീരുമാനം എടുത്തിട്ടുണ്ട്.

(ബി) കള്ളിന്റെ ഉല്പാദനം വർധിപ്പിക്കുന്നതിനും കള്ള് ചെത്ത് തൊഴിലാളികളുടെ തൊഴിൽസംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ?

2023-24 വർഷത്തെ മദ്യനയത്തിൽ സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും തെങ്ങിൻ തോട്ടത്തിന്റെ അടിസ്ഥാനത്തിൽ കള്ള് ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും ആയതിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കള്ള് വ്യവസായമേഖലയിലെ പ്രതിസന്ധി പരിഹരിക്കുക, തൊഴിലാളികളെ സംരക്ഷിക്കുക, കള്ളിന്റെ ഉൽപ്പാദനം വർധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ കള്ള് വ്യവസായ വികസന ബോർഡ് രൂപീകരിച്ചിട്ടുണ്ട്. വിനോദസഞ്ചാരികളെ ആകർഷിക്കത്തക്കവിധത്തിൽ കള്ളുഷാപ്പുകളെ മാറ്റുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ തൊഴിലവസരങ്ങൾ സംരക്ഷിക്കുന്നതിനും ആയതിന് ഉതകുന്നതരത്തിൽ ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്താനും 2023-24 വർഷത്തെ മദ്യനയത്തിൽ തീരുമാനിച്ചിട്ടുണ്ട്. തെങ്ങിൽനിന്നും പ്രതിദിനം ലഭിക്കുന്ന കള്ളിന്റെ അളവ് നിശ്ചയിക്കപ്പെട്ടിട്ടുള്ള അളവിലും കൂടുതലാണെന്ന് പഠനങ്ങൾ

വ്യക്തമാക്കുന്നതിനാൽ ആയത് ശാസ്ത്രീയമായി പുന:ക്രമീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) കള്ള് ചെത്ത് തൊഴിലാളികളുടെ എണ്ണം ദിനംപ്രതി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ പുതിയ ആളുകളെ ഈ തൊഴിൽ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

കള്ള് ചെത്ത് തൊഴിലാളികളുടെ എണ്ണം ദിനംപ്രതി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ പുതിയ ആളുകളെ ഈ തൊഴിൽമേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മൂന്ന് സ്റ്റാർ ക്ലാസിഫിക്കേഷനോ അതിനുമുകളിലോ ക്ലാസിഫിക്കേഷനുള്ള ഹോട്ടലുകൾക്കും വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകൾക്കും അതത് സ്ഥാപനങ്ങൾക്കുള്ളിലുള്ള വൃക്ഷം ചെത്തി ലഭിക്കുന്ന കള്ള് അവരുടെ അതിഥികൾക്ക് നൽകുന്നതിന് അനുവാദം നൽകി ഉത്തരവായിട്ടുണ്ട്. ടോഡി ബോർഡിന്റെ പ്രവർത്തനം പൂർണ്ണതോതിൽ പ്രാവർത്തികമാകുന്നതോടുകൂടി യുവാക്കളെ കള്ള് ചെത്ത്

മേഖലയിലേക്ക് കൂടുതൽ ആകർഷിക്കുന്നതിനും ശുദ്ധമായ കള്ളും, ഭക്ഷണവും ലഭിക്കുന്ന ഇടങ്ങളായി കള്ള് ഷാപ്പുകളെ മാറ്റുന്നതിനും നിലവിലുള്ള തൊഴിലാളികളെ സംരക്ഷിക്കുന്നതിനും സാധിക്കുന്നതാണ്. ആയതിലൂടെ കൂടുതൽ യുവാക്കൾ കള്ള് ചെത്ത് മേഖലയിലേക്ക് എത്തുമെന്ന് പ്രതീക്ഷിക്കുന്നു.

**വീര്യം കുറഞ്ഞ മദ്യത്തിന്റെ ഉല്പാദനം**

384 (2390) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ മദ്യനയത്തിൽ വൻകിട ഡിസ്റ്റിലറികളെ ഒഴിവാക്കി കാർഷിക ഉൽപന്നങ്ങളിൽനിന്നും പഴച്ചാറുകളിൽനിന്നും തദ്ദേശീയമായി വീര്യം കുറഞ്ഞ മദ്യം ഉൽപ്പാദിപ്പിച്ചുവിതരണം ചെയ്ത് ചെറുകിട കർഷകർക്ക് വരുമാന വർധനവ് ഉണ്ടാകുന്ന പദ്ധതികൾ ആവിഷ്കരിക്കുമെന്ന പ്രഖ്യാപനം പരിഗണനയിലുണ്ടോ?

കേരളത്തിലെ കാർഷികമേഖലയുടെ ഉന്നമനത്തിനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന

ധാന്യങ്ങൾ ഒഴികെയുള്ള കാർഷിക ഉൽപ്പന്നങ്ങളിൽനിന്ന് വൈനും, വീര്യം കുറഞ്ഞ മദ്യവും ഉൽപാദിപ്പിക്കുന്നതിന് അനുമതി നൽകാൻ തീരുമാനമെടുത്തിരുന്നു. അതിന്റെയടിസ്ഥാനത്തിൽ ധാന്യങ്ങൾ ഒഴികെയുള്ള കാർഷിക ഉൽപ്പന്നങ്ങളിൽനിന്നും പഴവർഗ്ഗങ്ങളിൽനിന്നും വീര്യം കുറഞ്ഞ ഹോർട്ടി വൈൻ ഉൽപാദിപ്പിക്കുന്നതിന് അനുമതി നൽകുന്നതിനായി കേരള സ്മാൾ സ്കെയിൽ വൈനറി റൂൾസ് 2022 എന്ന ചട്ടം രൂപീകരിച്ചിട്ടുണ്ട്. പഴവർഗ്ഗങ്ങളിൽനിന്നും വീര്യം കുറഞ്ഞ മദ്യം ഉൽപാദിപ്പിക്കുന്നതിന് അനുമതി നൽകുന്നതിനായി കേരള മൈക്രോ ഡിസ്റ്റിലറി റൂൾസ് എന്ന പേരിൽ ചട്ടനിർമ്മാണത്തിനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്. ഇക്കാര്യത്തിൽ വൻകിട ഡിസ്റ്റിലറികളെ ഒഴിവാക്കുന്നതിന് ആലോചിച്ചിട്ടില്ല.

(ബി) വീര്യം കുറഞ്ഞ മദ്യത്തിന്റെ ഉൽപ്പാദനത്തിനും വിപണനത്തിനും അനുമതി തേടി ബക്കാഡിയ കമ്പനി അപേക്ഷ സമർപ്പിച്ചിരുന്നോ; പ്രസ്തുത അപേക്ഷയിൽ പറയുന്ന വീര്യം കുറഞ്ഞ മദ്യത്തിലെ ആൾക്കഹോൾ അളവ് എത്രയാണ്?

ബക്കാർഡി ഇന്ത്യ ലിമിറ്റഡ് സ്ഥാപനം അവരുടെ ഉൽപ്പന്നമായ ബക്കാർഡി ബ്രീസർ, ബക്കാർഡി പ്ലസ് എന്നീ ലഹരി പാനീയങ്ങൾ കേരളത്തിൽ വില്പന നടത്തുന്നതിനുള്ള അനുമതിക്കായി അപേക്ഷ സമർപ്പിച്ചിരുന്നു. ബക്കാർഡി ബ്രീസറിൽ 4.8% v/v, ബക്കാർഡി പ്ലസിൽ 8% v/v ഈഥൈൽ ആൾക്കഹോളുമാണ് അടങ്ങിയിരിക്കുന്നത്. 2022-23 വർഷത്തെ മദ്യനയത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതുപ്രകാരം 0.5% V/V മുതൽ 20% V/V വരെ ആൾക്കഹോൾ സ്ട്രെംഗ്ത് അടങ്ങിയിട്ടുള്ള മദ്യം വിപണനം നടത്തുന്നതിന് വിദേശമദ്യ ചട്ടത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത മദ്യത്തിന് പ്രത്യേക നികുതി ഏർപ്പെടുത്തണമെന്ന ആവശ്യം കമ്പനി മുമ്പോട്ട് വച്ചിരുന്നോ; പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ?

പ്രത്യേക നികുതി ഏർപ്പെടുത്തണമെന്ന അപേക്ഷ എക്സൈസ് വകുപ്പിൽ ലഭിച്ചിട്ടില്ല.

**യോദ്ധാവ് പദ്ധതിയിലൂടെ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ**

385 (2391) <u>ശ്രീ. കെ. എം. സച്ചിൻദേവ്:</u>
<u>ശ്രീ. പി. പി. സുമോദ്:</u>

ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്താകെ മയക്കമരുന്നിന്റെ ഉപഭോഗവും മയക്കമരുന്ന് ഉപഭോക്താക്കൾ നടത്തിവരുന്ന കുറ്റകൃത്യങ്ങളും അവലോകനം ചെയ്തുവരുന്നുണ്ടോ?

എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മയക്കമരുന്ന് ഉപഭോഗം സംബന്ധിച്ച് അവലോകനം നടത്തി വരുന്നു.

(ബി) സംസ്ഥാനത്തെ മയക്കമരുന്നുപയോഗത്തിന്റെയും അതുമൂലമുള്ള കുറ്റകൃത്യങ്ങളുടെയും തോത് വർധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ എണ്ണം മുൻ വർഷങ്ങളേക്കാൾ വർധിച്ചിട്ടുണ്ട്.

(സി) ആന്റി നാർകോട്ടിക്സ് ടാസ്ക് ഫോഴ്സിന്റെയും ഡിസ്ട്രിക്ട് ആന്റി നാർകോട്ടിക്സ് സ്പെഷ്യൽ ആക്ഷൻ ഫോഴ്സിന്റെയും പ്രവർത്തന പുരോഗതി വിശദമാക്കാമോ?

ആന്റി നാർകോട്ടിക്സ് ടാസ്ക് ഫോഴ്സ്, ഡിസ്ട്രിക്ട് ആന്റി നാർകോട്ടിക്സ് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് എന്നിവ എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ടതല്ല. അവ സംസ്ഥാന പൊലീസ് വകുപ്പുമായി ബന്ധപ്പെട്ടതാണ്.

(ഡി) 'യോദ്ധാവ്' പദ്ധതിയിലൂടെ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ വ്യക്തമാക്കാമോ?

'യോദ്ധാവ്' പദ്ധതി എക്സൈസ് വകുപ്പിന്റെ പരിധിയിൽ വരുന്ന പദ്ധതിയല്ല. ഇത് സംസ്ഥാന പൊലീസ് വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ്.

**വിമുക്തി മിഷന്റെ ബോധവൽക്കരണ പരിപാടികൾ**

386 (2392) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധ്യയന വർഷം ആരംഭിക്കുന്ന അവസരത്തിൽ വിദ്യാർഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിന് വിമുക്തി മിഷൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വിദ്യാർഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനായി സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ പുനഃസംഘടിപ്പിക്കുകയും ക്ലബ്ബുകൾ ഇല്ലാത്ത സ്കൂളുകളിൽ പുതിയ ക്ലബ്ബുകൾ രൂപീകരിക്കുകയും, ഓരോ സ്കൂളിനും വിമുക്തി പ്രവർത്തനങ്ങൾക്കായി ഓരോ എക്സൈസ് ഉദ്യോഗസ്ഥരെ നിയോഗിക്കുകയും, ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്കായി സ്കൂളുകളിൽ ഓരോ അധ്യാപകനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

സ്കൂളുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി യോഗങ്ങൾ സംഘടിപ്പിക്കുകയും പ്രസ്തുത യോഗങ്ങളിൽ, കുട്ടികളിലെ ലഹരി സംബന്ധമായ വിവരങ്ങളും പരാതികളും അറിയിക്കുന്നതിനും, കൗൺസിലിംഗ് സംബന്ധമായ വിവരങ്ങൾക്കും ബന്ധപ്പെടേണ്ട മൊബൈൽ നമ്പരുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജിമാരുടെ അധ്യക്ഷതയിൽ ചേർന്ന regional judicial colloquium-ത്തിന്റെ നിർദേശപ്രകാരം ഒരു Standard Operating Procedure (SOP)-യും സ്കൂളുകളിൽ നടപ്പിലാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഒരു വാർഷിക പദ്ധതിയും

തയ്യാറാക്കിയിട്ടുണ്ട്. ഈ അധ്യയന വർഷാരംഭത്തിൽ ലഹരിവിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ ഉൾപ്പെടുത്തിയ മൂന്ന് ലക്ഷം സ്വാഗത പത്രികകൾ തയ്യാറാക്കി സംസ്ഥാനത്ത് സ്കൂൾ പ്രവേശനവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ബി) വിദ്യാർത്ഥികൾ ലഹരി ഉപയോഗിക്കുന്നതിനെതിരെ രക്ഷകർത്താക്കൾക്ക് മാർഗ്ഗനിർദേശങ്ങൾ വിമുക്തി മിഷൻ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

കുട്ടികൾ ലഹരി ഉപയോഗത്തിലേക്ക് എത്തിപ്പെടാനുള്ള സാഹചര്യങ്ങൾ മനസ്സിലാക്കി അവയെ പ്രതിരോധിക്കാനും, ലഹരി ഉപയോഗത്തിൽ അകപ്പെട്ടുപോയ കുട്ടികളെ തിരിച്ച് കൊണ്ടുവരാനും രക്ഷിതാക്കളെ ബോധവാന്മാരാക്കുകയെന്ന ലക്ഷ്യത്തോടെ പ്രസിദ്ധീകരിച്ച 'കരുതൽ' എന്ന പുസ്തകത്തിന്റെ 50000 പകർപ്പുകൾകൂടി അച്ചടിച്ച് ഈ വർഷം വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. സ്കൂളുകളിൽ നടത്തി വരുന്ന ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി പി.റ്റി.എ. മീറ്റിംഗുകളിൽ

എക്സൈസ് ഉദ്യോഗസ്ഥർ പങ്കെടുത്ത്, രക്ഷിതാക്കൾക്ക് ആവശ്യമായ ബോധവൽക്കരണവും നിർദേശവും നൽകി വരുന്നുണ്ട്.

(സി) വിദ്യാർഥികളെയും രക്ഷകർത്താക്കളെയും ലഹരി ഉപയോഗത്തിനെതിരെ ജാഗരൂകരാക്കുന്നതിന് എന്തെല്ലാം ബോധവൽക്കരണ നടപടികളാണ് ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

വിമുക്തി മിഷൻ മുൻവർഷങ്ങളിൽ നടപ്പിലാക്കിവന്നിട്ടുള്ള ലഹരിവിരുദ്ധ പരിപാടികൾ തുടരുന്നതോടൊപ്പം ചുവടെചേർക്കുന്ന പ്രവർത്തനങ്ങൾ ഈ അധ്യയന വർഷം നടപ്പിലാക്കുന്നതാണ്. ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കിയ 'കരുതൽ', 'കവചം' എന്നീ കൈപ്പുസ്തകങ്ങളുടെ കൂടുതൽ പകർപ്പുകൾ അച്ചടിച്ച് ഈ അധ്യയനവർഷം വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. കുട്ടികളിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിന് വിവിധ സർക്കാർ വകുപ്പുകളുടെയും സംവിധാനങ്ങളുടെയും ഏകോപനത്തോടെ നടപ്പിലാക്കുന്നതിനായി Standard Operating Procedure

(SOP) തയ്യാറാക്കിയിട്ടുള്ളതും ആയത് നടപ്പിലാക്കുന്നതിനുള്ള പരിശീലനം അധ്യാപകർക്ക് നൽകി വരികയുമാണ്. സംസ്ഥാനത്തെ കോളേജ് ക്യാമ്പസുകളിൽ 'നേർക്കൂട്ടം' എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് ലഹരിക്കെതിരായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്കൂൾ/കോളേജ് തലങ്ങളിൽ പ്രവർത്തിച്ചുവരുന്ന ലഹരിവിരുദ്ധ ക്ലബ്ബുകൾ പുനഃസംഘടിപ്പിക്കുകയും ക്ലബ്ബുകൾ ഇല്ലാത്ത വിദ്യാലയങ്ങളിൽ ക്ലബ്ബുകൾ രൂപീകരിക്കുകയും ചെയ്തുവരുന്നു. പ്രസ്തുത ക്ലബ്ബുകളുടെ നേതൃത്വത്തിൽ, വിവിധ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. പഠനം കഴിഞ്ഞുള്ള സമയത്ത് വിദ്യാർഥികളുടെ ശ്രദ്ധ മറ്റ് പ്രചോദനങ്ങളിലേക്ക് പോകാതെ കായികപരമായും കലാപരമായുമുള്ള അവരുടെ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനായി 'ഉണർവ്' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു.

ജില്ലകളിൽ കൗൺസിലിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതിന് സൈക്കോളജി/സോഷ്യോളജി യോഗ്യതയുള്ള എക്സൈസ് ഉദ്യോഗസ്ഥർക്ക്

പരിശീലനം നൽകിയിട്ടുള്ളതും, അവർ വിമുക്തി മെന്റർമാരായി പ്രവർത്തിച്ചുവരികയും ചെയ്യുന്നു. ജീവിത നൈപുണ്യങ്ങൾ ആർജ്ജിക്കുന്നതിലൂടെ ചെറിയ പ്രായം മുതൽക്കുള്ള കുട്ടികൾക്ക് നല്ല ശീലങ്ങൾ വളർത്തുന്നതിനായി പ്രൈമറി സ്കൂൾതലത്തിൽ ആരംഭിച്ച പദ്ധതിയായ 'ബാല്യം അമൂല്യം' പദ്ധതി ഈ അധ്യയന വർഷവും തുടരുന്നതാണ്.

(നക്ഷത്രചിഹ്നമിടാത്ത 2029, 2031, 2106, 2134, 2202, 2204, 2206, 2221, 2226 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ നിമയസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമല്ല.)

----------------